# നിരണം ഗ്രന്ഥവരി

(മലയാളത്തിലെ ആദ്യ ചരിത്രഗ്രന്ഥം)


(മലയാളം)

നിരണം ഗ്രന്ഥവരി

(ചരിത്രം)

പഠനവും സംശോധനവും: എം. കുര്യൻ തോമസ്

| | | |
|---|---|---|
| പ്രസാധകർ | : | സോഫിയാ ബുക്സ്, വടക്കേനട, കോട്ടയം. 686 001 ☎ 303237 |
| ഒന്നാം പതിപ്പ് | : | ഓഗസ്റ്റ് 2000 |
| കോപ്പികൾ | : | 1000 |
| കവർ ഡിസൈൻ | : | ഇക്വേഷൻസ്, കോട്ടയം ☎ 564736 |
| രൂപകല്പന | : | ഐക്കൺസ്, കോട്ടയം ☎ 303237 |
| പ്രിന്റിംഗ് | : | നാഷണൽസിററി ഓഫ്സെറ്റ്, കോട്ടയം |

വില: 100.00

Niranam Grandhavari (The Niranam Chronicle) ❑ Edited with notes and an introduction by M. Kurian Thomas ❑ © Editor ❑ Published by Joice Thottackad on behalf of Sophia Books, Kottayam, India, 686 001 ❑ Price Rs. 100 ❑ August 2000.


www.malankaralibrary.com

# നിരണം ഗ്രന്ഥവരി


**(മലയാളത്തിലെ ആദ്യ ചരിത്രഗ്രന്ഥം)**

**പഠനവും സംശോധനവും:**

**എം. കുര്യൻ തോമസ്**

**സോഫിയാ ബുക്സ്**
**കോട്ടയം**
**വില: 100.00**

നിരണം ഗ്രന്ഥവരി



**എം. കുര്യൻ തോമസ്സ്**

1964 ഡിസംബർ 25 ന് കോട്ടയം ജില്ലയിൽ അരിപ്പറമ്പ് മേലേടത്ത് ഫാ: എം. റ്റി. കുര്യൻ കത്തനാരുടേയും മറിയാമ്മയുടേയും പുത്രനായി ജനിച്ചു. ഫിസിക്സിൽ ബിരുദവും, ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദവും, മാർക്കറ്റിംഗ് മാനേജ്മെന്റിൽ ബിരുദാനന്തര ഡിപ്ലോമായും.

1990 മുതൽ അഡ്വർടൈസിംഗ് ബിസിനസിൽ. അനേകം ലേഖനങ്ങളുടെ കർത്താവാണ്. നൂറിലധികം ടെലിവിഷൻ പരിപാടികൾ സംവിധാനം ചെയ്തു. ഇപ്പോൾ മഹാത്മാഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് സോഷ്യൽ സയൻസിൽ 18–ാം നൂറ്റാണ്ടിലെ കേരള ക്രൈസ്തവരെപ്പറ്റി ഡോക്ടറൽ ഗവേഷണം നടത്തുന്നു. ഭാര്യ: ജയ.

വിലാസം:

5 എം കമ്മ്യൂണിക്കേഷൻസ്
പി. ബി. നമ്പർ 64
കോട്ടയം – 686001

www.malankaralibrary.com

# വാങ്മുഖം

**ഒ**ട്ടേറെക്കാലത്തെ വിവാദങ്ങൾക്കും അഭ്യൂഹങ്ങൾക്കും വിരാമമിട്ടുകൊണ്ട് നിരണം ഗ്രന്ഥവരി പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്. ഒരൊറ്റ കൈയെഴുത്തുപ്രതി കണ്ടും കാണാതെയും കഴിഞ്ഞ ഒരു ദശവത്സരക്കാലമായി നടത്തിവന്ന അന്തമില്ലാത്ത തർക്കവിതർക്കങ്ങൾ അവസാനിപ്പിക്കാൻ ഈ പ്രസിദ്ധീകരണം വഴിതെളിക്കുമെന്ന് പ്രത്യാശിക്കുന്നു.

ചരിത്രപരവും ഭാഷാപരവും മതപരവുമായി അനന്യപ്രാധാന്യമുള്ള ഈ കൃതി കേവലം ഒരു സോഴ്സ് മെറ്റീരിയൽ എന്നതിലുപരി അതിനേക്കുറിച്ചുള്ള സമഗ്രപഠനത്തോടുകൂടി പ്രസിദ്ധീകരിച്ചെങ്കിൽ മാത്രമേ ചരിത്ര – ഭാഷാ പഠിതാക്കൾക്ക് പ്രയോജനമുണ്ടാവുകയുള്ളു. നിരണം ഗ്രന്ഥവരി ഒരാൾക്കു തനിയെ കൈകാര്യം ചെയ്യാവുന്ന ഒന്നല്ല. കാരണം അതു സ്പർശിക്കുന്ന വിഷയവൈവിധ്യം അത്ര വലുതാണ്.

ഈ സാഹചര്യത്തിൽ ഒരു 'വൺമാൻ ഷോ' നടത്തി എഡിറ്റർ എന്ന ഖ്യാതി നേടാൻ ശ്രമിക്കാതെ ഗ്രന്ഥവരി പരാമർശിക്കുന്ന ഓരോ വിഷയത്തെപ്പറ്റിയും അതാതു മേഖലയിലെ വിദഗ്ദ്ധരുടെ പഠനങ്ങൾ ചേർക്കാനാണ് ഞങ്ങൾ ശ്രമിച്ചത്. അതിൽ വിജയിച്ചു എന്നാണ് വിശ്വാസം.

ഈ ഭഗീരഥ പ്രയത്നത്തിൽ നന്ദി അർഹിക്കുന്ന അനേകരുണ്ട്. ഒന്നാമതായി താളിയോലയിലുള്ള ഗ്രന്ഥവരി പൊന്നുപോലെ സൂക്ഷിക്കുകയും ഓറിയന്റൽ മാനുസ്ക്രിപ്റ്റ് ലൈബ്രേറിയിൽ അത് ആധുനിക അക്ഷരങ്ങളിൽ കടലാസിലേക്കു പകർത്തിക്കുകയും അതിന്റെ പ്രസിദ്ധീകരണാവകാശം ഞങ്ങൾക്കു തരികയും ചെയ്ത കണിയാന്ത്ര കുടുംബയോഗത്തിനും വിശിഷ്യാ പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർക്കും.

നിരണം ഗ്രന്ഥവരിയുടെ വിവിധ പാഠങ്ങൾ പഠനത്തിനായി പരിചയപ്പെടുത്തിയ അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ (ചെങ്ങന്നൂർ), ഫാ. ടി. ജി. സഖറിയാ, ഫാ. ഡോ. ജേക്കബ് കുര്യൻ, ശ്രീ. സി. ചെറിയാൻ അക്കര എന്നിവരോട്.

ഈ കൃതിക്ക് പ്രൗഢഗംഭീരമായ ഒരവതാരിക എഴുതുകയും ഇതിന്റെ സംശോധനത്തിനും പഠനത്തിനും വേണ്ട മാർഗനിർദേശങ്ങൾ നൽകുകയും ചെയ്ത ഡോ. എം. ആർ. രാഘവ വാര്യർക്ക്.

ഇതിലെ വിവിധ വിഷയങ്ങളെപ്പറ്റി ഗൗരവമേറിയ പഠനങ്ങൾ തയ്യാറാക്കിത്തന്ന ഫാ. ഡോ. ബേബി വർഗീസ്, ഫാ. ഡോ. എം. ജോൺ പണിക്കർ, ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ. ജോസി ജേക്കബ്, ഡോ. എം. എൻ.



ശശിധരൻ എന്നിവർക്ക്.

ഗ്രന്ഥവരിയിൽ ഉൾപ്പെട്ട, കേരളത്തിലെ പദ്യസാഹിത്യ ചരിത്രത്തെതന്നെ മാറ്റിമറിക്കാവുന്ന വിധം പ്രാധാന്യമർഹിക്കുന്ന, '*മാർ ഈവാനിയോസിന്റെ മെമ്രകൾ*' എന്ന പദ്യങ്ങൾക്ക് ഗഹനമായ ഒരു പഠനം തയ്യാറാക്കിത്തന്ന പ്രൊഫ. മേരി മാത്യുവിനോട്.

നിരണം ഗ്രന്ഥവരിയിൽ പരാമർശിക്കുന്ന തീയതികളെപ്പറ്റി സൂക്ഷ്മമായ പഠനം നടത്തുകയും ഈ ഗവേഷണത്തിൽ ഞങ്ങളെ അത്യധികം സഹായിക്കുകയും ചെയ്ത വർഗീസ് ജോൺ തോട്ടപ്പുഴയ്ക്ക്.

ഈ ഉദ്യമത്തോട് സർവാത്മനാ സഹകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത മഹാത്മാഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിനും വിശിഷ്യാ അതിന്റെ ഡയറക്ടർ ഡോ. രാജൻ ഗുരുക്കൾക്കും.

ഞങ്ങളുടെ ഗവേഷണങ്ങൾക്കു വേണ്ട എല്ലാ പ്രോത്സാഹനവും സഹായവും നൽകുന്ന ഓർത്തഡോക്സ് സെമിനാരി അദ്ധ്യാപകർക്കും വിശിഷ്യാ പ്രിൻസിപ്പൽ ഫാ. ഡോ. കെ. എം. ജോർജിനും.

അവസാനമായി, എന്നാൽ ഏറ്റവും പ്രധാനമായി, ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം ധൈര്യപൂർവ്വം ഏറ്റെടുക്കുകയും അത് ഭംഗിയായി നിർവ്വഹിക്കുകയും ചെയ്ത സോഫിയാ ബുക്സിനും അതിന്റെ സാരഥികളായ ഫാ. ഡോ. കെ. ജെ. ഗബ്രിയേലിനും ഫാ. റ്റി. പി. ഏലിയാസിനും, ജോയ്സ് തോട്ടയ്ക്കാടിനും. ഈ കൈത്താങ്ങൽ ഇല്ലായിരുന്നെങ്കിൽ ഒരുപക്ഷേ നിരണം ഗ്രന്ഥവരി ഒരിക്കലും വെളിച്ചം കാണുകയില്ലായിരുന്നു.

1990 ൽ നിരണം ഗ്രന്ഥവരിയുടെ കൈയ്യെഴുത്തു പ്രതി പഠനത്തിനായി ഈ ലേഖകനെ ഏൽപ്പിച്ച ബഹു. റ്റി. ജി. സഖറിയ അച്ചൻ മലങ്കര സഭാചരിത്ര ഗവേഷണ രംഗത്ത് ഒരു പുതിയ സരണി വെട്ടിത്തുറക്കുകയായിരുന്നു. ആ നൂതന സരണി ദിശാവബോധത്തോടെ ഇത്രയും മുമ്പോട്ടു കൊണ്ടുപോകുവാൻ സാധിച്ചതിൽ ഞങ്ങൾക്കു ചാരിതാർത്ഥ്യമുണ്ട്.

**എം. കുര്യൻ തോമസ്**

www.malankaralibrary.com

# അവതാരിക

## ഡോ. എം. ആർ. രാഘവവാരിയർ

**നി**രണം ഗ്രന്ഥവരി എന്നു പേരിട്ടു പ്രസിദ്ധീകരിക്കുന്ന ഈ കൃതിയിൽ സൃഷ്ടിമുതൽ യേശുമിശിഹായുടെ കാലം വരേയും അവിടം മുതൽ പുതുമയുടെ കാലംവരേയും ഉള്ള കാര്യങ്ങളും ഒടുവിൽ മലയാളത്തിൽ ഉണ്ടായ കാര്യങ്ങളുമാണ് പ്രതിപാദ്യം. മലയാളത്തിൽ ഉണ്ടായ കാര്യങ്ങളിൽ 'മാർഗ്ഗകാര്യങ്ങളും രാജ്യകാര്യങ്ങളും' ഉണ്ടെങ്കിലും മാർഗ്ഗകാര്യങ്ങൾക്കുതന്നെയാണ് മുൻതൂക്കം. ഒരു ചരിത്രപ്രമാണമെന്ന നിലയിൽ പഴമയുടെ ഈടുവെപ്പിൽനിന്നു പുറത്തുവരുന്ന ഈ ഭൂതകാലാഖ്യാനത്തിന്റെ മൂല്യം നിർണ്ണയിക്കാൻ ഈ ഗ്രന്ഥവരിയുടെ ആന്തരസ്വഭാവം അറിഞ്ഞേ കഴിയൂ.

എന്താണ് നിരണം ഗ്രന്ഥവരിയുടെ ആഖ്യാനസ്വഭാവം? ഭൂതകാലാഖ്യാനത്തിനു പല രൂപങ്ങൾ കൈവരിക്കാനാവും. സംഭവങ്ങളും അവയുടെ കാലസൂചനയും മാത്രമടങ്ങുന്ന കാലാനുക്രമണി അത്തരം രൂപങ്ങളിലൊന്നാണ്. അവിടെ സംഭവങ്ങളുടെ പരസ്പരാശ്രിതത്വമോ കാര്യകാരണബന്ധങ്ങളോ ഒന്നും പ്രസക്തമല്ല.

| | | |
|---|---|---|
| 6 -ാം നാൾ | = | ആദവും ഹവ്വയും പിറന്നു. അവർക്കു മക്കൾ കായേൻ, ആബേൽ |
| 130 -ാം വർഷം | = | കായേൻ ആബേലിനെ കൊന്നു |
| 930 -ാം വർഷം | = | ആദം മരിച്ചു |
| 1791 -ൽ | = | നോഹ പിറന്നു |
| 2391 | = | പ്രളയം |

എന്നിങ്ങിനെ രേഖപ്പെടുത്തി പോകുന്നതാണ് അതിന്റെ രീതി.

കാലാനുക്രമണി(chronology)യേക്കാൾ വിസ്തരിച്ചുള്ളതാണ് ദിനവൃത്താന്തം (chronicles). അതിൽ സംഭവങ്ങളുണ്ട്, കാലസൂചനയുണ്ട്. സംഭവങ്ങളുടെ പരസ്പരാശ്രിതത്വവും കാര്യകാരണബന്ധങ്ങളും ഉണ്ട്. എന്നാൽ പ്രമാണവിമർശനമോ വിശ്വാസ്യതയുടെ അടിസ്ഥാനത്തിൽ തെളിവുകളുടെ വർഗ്ഗീകരണമോ ഒന്നുമില്ല. ചുരുക്കത്തിൽ ചരിത്രാഖ്യാനത്തിന്റെ ബാഹ്യരൂപം ദിനവൃത്താന്തങ്ങൾക്കുണ്ട്. പക്ഷേ ചരിത്രാഖ്യാനത്തിന്നു ആവശ്യം വേണ്ട ലക്ഷ്യപരിശോധനയും വിമർശവും ഇല്ല. എന്നാൽ ദിനവൃത്താന്തങ്ങൾക്ക് ഒരു തുടക്കവും ഒടുക്കവും വേണം. കാലാനുക്രമണിക്കും ചരിത്രത്തിനും കൂടി അവകാശപ്പെട്ടതത്രെ ഈ സ്വഭാവം.

തുടക്കവും ഒടുക്കവും നിർണ്ണയിക്കുന്നതോടെ ചരിത്രാഖ്യാനത്തിന് ഒരു



'പ്ലോട്ട്' (ഇതിവൃത്തം) ഉണ്ടായിത്തീരുകയാണ്. ലോകസംഭവങ്ങളുടെ ഗതി സാകല്യേന പരിശോധിച്ചാൽ അവയ്ക്ക് ഇതിവൃത്തഗന്ധിയായ എന്തെങ്കിലും പാറ്റേൺ ഉള്ളതായി തോന്നുകയില്ല. നിയതമായ ഒരു പിന്തുടർച്ചാക്രമമോ വ്യക്തമായ കാര്യകാരണബന്ധങ്ങളോ ഇല്ലാത്ത സംഭവങ്ങൾ ഒരു പ്ലോട്ടിൽ ഏകീഭവിക്കുന്നതോടെയാണ് അവയ്ക്ക് അതുവരെയില്ലാത്ത ഒരർത്ഥം വിടർന്നുവരുന്നത്.

> എന്നാൽ 2391 വൃശ്ചികമാസം 17 നു പ്രളെകം വന്നു. 2392 മാണ്ടു വൃശ്ചികം 27 -ാം തീയതി നൊഹ കപ്പലിൽ നിന്നും ഇറങ്ങി കർത്താവിനു പൂജ കഴിച്ചു. അക്കാലം മനുഷ്യരൊക്കെയും ദുർമ്മാർഗ്ഗത്തെ വിട്ട് ദൈവത്തെ ഭയപ്പെട്ടു നടപ്പാൻ കല്പിച്ചു.

എന്ന പ്രകരണത്തിൽ കാലാനുക്രമണിയിൽ ഇല്ലാത്ത ഒരർത്ഥം കാണാം. ചുരുക്കിപ്പറഞ്ഞാൽ, ഒരു തുടക്കത്തിന്റെയും ഒരു ഒടുക്കത്തിന്റെയും ഇടയ്ക്ക് നിയന്ത്രിച്ചുനിർത്തുന്ന സംഭവങ്ങളുടെ കാര്യകാരണബന്ധത്തോടെയുള്ള വിവരണം എന്ന നിലയിൽ ചരിത്രാഖ്യാനത്തിന് ഇതിവൃത്തരൂപം കൈവരുന്നു. ഈ ഇതിവൃത്തരൂപമാവട്ടെ, ചരിത്രകാരൻ ചരിത്രസംഭവങ്ങളിന്മേൽ ഏല്പിക്കുന്ന അടയാളമാണുതാനും. ചരിത്രവിവരണങ്ങളിൽ ആത്മനിഷ്ഠതയുടെ കലർപ്പുണ്ട് എന്നൊക്കെപ്പറയുന്നത്, സംഭവങ്ങളുടെ ക്രമീകരണത്തിൽ ചരിത്രകാരൻ കൈക്കൊള്ളുന്ന പാറ്റേൺ കൂടിയുണ്ട് എന്നു പറയുന്നതിന്നു തുല്യമാണ്.

നിരണം ഗ്രന്ഥവരിയിൽ കാലസൂചനയോടുകൂടിയ സംഭവപരാമർശങ്ങളുണ്ട്. ആദിമധ്യാന്തങ്ങളുള്ള ഒരാഖ്യാനമെന്ന നിലയിൽ അതിന്ന് ഒരു ഇതിവൃത്തമുണ്ട്. ആ നിലയ്ക്ക് നിരണം ഗ്രന്ഥവരിയിലെ ആഖ്യാനത്തിൽ രചയിതാവിന്റെ ആത്മാംശം കലർന്നിട്ടുണ്ട്. ഗ്രന്ഥവരിയുടെ കർത്താവ് വാസ്തവത്തിൽ ഒരു വ്യവഹാരം രൂപപ്പെടുത്തുകയാണ് ചെയ്യുന്നത് എന്നും പറയാം. മാർഗ്ഗകാര്യങ്ങളും രാജ്യകാര്യങ്ങളുമാണ് ഈ ഗ്രന്ഥവരിയിലെ പ്രതിപാദ്യമെന്നു മുമ്പു പറഞ്ഞു. ഏതു മാർഗ്ഗം? ഏതു രാജ്യം? ആഖ്യാനത്തിലെ ആദ്യത്തെ രണ്ടു ഖണ്ഡങ്ങൾ, 'പഴമയുടെ കാലങ്ങളും' 'പുതുമയുടെ കാലങ്ങളും' ആസ്പദമാക്കുന്നത് ക്രിസ്തീയവേദഗ്രന്ഥമായ ബൈബിളിലെ പഴയനിയമവും പുതിയനിയമവുമാണ്. ക്രിസ്തീയമായ സാംസ്കാരികപശ്ചാത്തലത്തിലാണ് ചരിത്രാഖ്യാനം രൂപംകൊള്ളുന്നതെന്നു സാരം. എന്നാൽ മൂന്നാം ഖണ്ഡമായ 'മലയാളത്തിൽ ഉണ്ടായ കാര്യങ്ങൾ' വിവരിക്കുന്നേടത്ത് ഐതീഹ്യങ്ങളും ലോകചരിത്രവും കേരളചരിത്രവും എല്ലാം പ്രമാണങ്ങളായി വരുന്നുണ്ട്. കേരളചരിത്രം വിവരിക്കലല്ല ഈ ഖണ്ഡത്തിന്റെ ഉദ്ദേശ്യം എന്നു വ്യക്തം. കേരളീയരായ ഒരു ക്രിസ്തീയവിഭാഗത്തിന്റെ കാഴ്ചപ്പാടിൽ ആ വിഭാഗത്തിന്നു സജീവതാല്പര്യമുള്ള സംഭവങ്ങളുടെ വിവരണമാണ് നിരണം ഗ്രന്ഥവരിയുടെ ദൗത്യം എന്നു പറയാം. അതിനുള്ള പശ്ചാത്തലമെന്ന നിലയിലാണ് പഴമയുടെ കാലങ്ങളിലെയും പുതുമയുടെ കാലങ്ങളിലെയും ചരിത്രവിവരണം. കേരളക്രൈസ്തവരുടെ വിശ്വാസങ്ങളിലേക്കും പാരമ്പര്യങ്ങളിലേക്കുമുള്ള ഒരു സിംഹാവലോകനമാണ് ആ പൂർവ്വഭാഗം. കൃതിയിലെ ക്രിസ്തീയവ്യവഹാരത്തിന്നുള്ള ഊക്കേറിയ അടിത്തറയാണതെന്നു സാരം.

കേരളക്രൈസ്തവരെന്നു തൊട്ടുമുമ്പ് പറഞ്ഞതു കല്പിച്ചുകൂട്ടിത്തന്നെ.

www.malankaralibrary.com

കേരളീയ പാരമ്പര്യത്തിലുള്ള സ്വത്വം വിലപ്പെട്ടതെന്നു കരുതുന്നവരുടെ വ്യവഹാരമാണ് നിരണം ഗ്രന്ഥവരി. ആഖ്യാതാവ് ഒരു സന്ദർഭത്തിൽ എഴുതുന്നത് കാണുക:

> എന്നാൽ 81 -മാണ്ട് കടമറ്റത്തിരിക്കുമ്പോൾ ഇപ്പോളത്തെ വർത്തമാനവും, നിരണത്തു കാലം ചെയ്ത അച്ചന്റെ കാര്യവും എഴുതണമെന്നും അതുകൊണ്ടു വളരെ ഉപകാരമുണ്ടെന്നും കല്പിച്ചത്രേ എഴുതിച്ചത്. നിരണത്തുവെച്ച് മനുഷ്യരുടെ ചതിവും നേരുകേടും കൊണ്ടു യാക്കോബായക്കാരെന്നു പേരു പറയുന്നതല്ലാതെ പ്രവൃത്തി ഇല്ലായ്കയാൽ ഏറ്റം താമസം കൂടാതെ ഇംഗ്രേസു മാർഗം ആകുവാൻ എടവരുമെന്നും കല്പിച്ചിട്ടുണ്ട്.

യാക്കോബായക്കാരുടെ യഥാർത്ഥ സ്വഭാവം, ഇപ്പോഴേക്ക് അവർക്കു സംഭവിച്ച അപചയം, അതിന്റെ ഫലം, 'ഇംഗ്രേസു' മാർഗം വന്നാലുള്ള അപായം എന്നിങ്ങിനെ പല ആശയസൂചനകളുള്ള ഈ പ്രകരണം കേരളീയസ്വത്വം മുഖ്യമായിക്കരുതുന്ന ഒരു ക്രിസ്തീയ വിഭാഗത്തിന്റെ 'മാർഗ്ഗ'സംസ്ക്കാരത്തെ പ്രതിനിധാനം ചെയ്യുന്നു. ഈ സ്വത്വബോധം, കോളനിമുക്തമായ നാടുകളിലെ ജീവിതത്തിന്റെ നാനാവ്യവഹാരമേഖലകളിൽ സജീവമായിക്കൊണ്ടിരിക്കുന്ന വിമോചനസംവാദത്തിന്റെ ഒരു മുഖ്യഘടകവുമാകുന്നു. "ഓറിയന്റലിസത്തിന്റെ മുഷ്കി"ൽ നിന്നു വിടുതൽ നേടി അവനവന്റെ തനിമയെ കണ്ടെത്തുന്നതിലും വീണ്ടെടുക്കുന്നതിലും ദത്തശ്രദ്ധമായ ഒരു സമകാല പ്രവണതയുടെ സാംസ്ക്കാരിക സന്ദർഭത്തിൽ മാർഗ്ഗസംസ്ക്കാരത്തിന്റെ ഈ കേരളീയതയ്ക്ക് പ്രത്യേകം പ്രസക്തിയുണ്ട്. ഈ ഗ്രന്ഥവരിയുടെ ചരിത്രമൂല്യവും അതുതന്നെ. ആ നിലയ്ക്ക് ഈ ഗ്രന്ഥവരി അതിന്റെ ഭൂതകാലസംഭവ പരാമർശങ്ങളിലൂടെ സംവദിക്കാൻ ശ്രമിക്കുന്നതു വർത്തമാനകാല സമസ്യകളോടുതന്നെ.

മാർഗ്ഗകാര്യങ്ങളായാലും രാജ്യകാര്യമായാലും നിരണം ഗ്രന്ഥവരിക്ക് വ്യക്തമായ ഒരു കാലബോധമുണ്ട്. ഐതിഹ്യങ്ങൾ പോലും ആ കാലബോധത്തിന്റെ തോതൊപ്പിച്ചത്രേ വിവരിക്കപ്പെടുക. ഗ്രന്ഥവരിയുടെ കാലബോധത്തിൽ മിശിഹായ്ക്കു മുമ്പുള്ളൊരു കാലം, മിശിഹാ കാലം എന്നിവക്കു പുറമെ കൊല്ലവർഷമനുസരിച്ചുള്ള കാലഗണനയുമുണ്ട് എന്നത് കൗതുകകരമാണ്. മലയാളത്തിൽ ഉണ്ടായ കാര്യങ്ങൾ പരാമർശിക്കുന്നതിനു മാത്രമല്ല, സാർവ്വലൗകീകപ്രമേയങ്ങൾ പ്രതിപാദിക്കുന്നതിന്നുപോലും മലയാളം കാലഗണനയും മാസപ്പേരുകളും ഉപയോഗിക്കും:

> ആദം മുതൽ നൊഹവരെയുള്ളവർക്കു തുലാമാസം ആണ്ടുപ്രപ്പു. നൊഹ മുതൽ മിശിഹാവരെയുള്ളവർക്കു മെടമാസം ആണ്ടു പ്രപ്പു. മിശിഹാ മുതൽക്കു മകരമാസം ആണ്ടു പ്രപ്പു. യെവുനായക്കാർക്കു തുലാമാസം ആണ്ടു പ്രപ്പു.

ഈ പ്രകരണത്തിൽ കാലഗണനാപരമായി പല ജനതകൾക്കും പരിഷ്കൃതികൾക്കുമുള്ള വ്യത്യാസങ്ങൾ മലയാളം മാസപ്പേരുകൾകൊണ്ടു വെളിവാക്കിയതു കാണുക. മലയാളികളായ വായനക്കാർക്കു കാര്യമറിയാൻ അവരുടെ വ്യവഹാരങ്ങളിൽ തന്നെ പറഞ്ഞുകൊടുക്കുന്നതിന്റെ നെറി ഒന്നു വേറെ തന്നെ.



പ്രപഞ്ചസൃഷ്ടിയെക്കുറിച്ചും മനുഷ്യവർഗ്ഗത്തിന്റെ ചരിത്രത്തെക്കുറിച്ചും കേരളത്തിലെ ക്രിസ്തീയരുടെ ചരിത്രത്തെപ്പറ്റിയുമെല്ലാമുള്ള ശ്രദ്ധേയമായ വിവരങ്ങൾ രേഖപ്പെടുത്തുകയും കൂടി ഗ്രന്ഥവരിയുടെ ഉദ്ദേശ്യമാണെന്നു തോന്നുന്നു. കടമറ്റത്തച്ചന്മാർ, പകലോമറ്റത്തു മെത്രാന്മാർ, കാട്ടുമങ്ങാട്ടു മെത്രാന്മാർ തുടങ്ങിയവരുടെ ലഘുവിവരവും മറ്റും രേഖപ്പെടുത്തിവെക്കുന്നത് വായനക്കാർക്കു ആവശ്യമുള്ള അറിവിന്റെ ശകലങ്ങൾ ശേഖരിച്ചുവെക്കുന്നത് ആവശ്യമായി വന്നതുകൊണ്ടാവണം. ഇപ്പറഞ്ഞ ചരിത്രവിവരങ്ങളെല്ലാം യഥാർത്ഥത്തിൽ ക്രിസ്തീയ വിശ്വാസത്തിന്റെ കേരളീയമായ ഒരു വ്യവഹാരത്തിന് അനുസരിച്ചുള്ളവയാണെന്നു കൂടി ഈ സന്ദർഭത്തിൽ ഓർക്കേണ്ടതുണ്ട്. മതകാര്യങ്ങൾക്കു പുറമെ "വജ്രലക്ഷണം" പോലെ തികച്ചും വാണിജ്യപ്രധാനമായ കാര്യങ്ങൾക്കൂടി എഴുതി ഗ്രന്ഥവരിയോടൊപ്പം വെച്ചത് എന്തിനാണെന്ന് ആധുനിക പുസ്തകരചനയുടെ സങ്കേതത്തടവിൽപെട്ടവർക്കു തോന്നാം. ആധുനികാൽപൂർവ്വമുള്ള കേരളത്തിലെ ഗ്രന്ഥവരികളിൽ പലതിലും പല പല വിഷയങ്ങൾ സൂചനാരൂപത്തിലോ വിവരണരൂപത്തിലോ കാണുന്നതിന് അർത്ഥം, അവ വായനക്കാരുടെ പലവിധ വിജ്ഞാനാവശ്യത്തെ സന്തർപ്പണം ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളവയാണെന്നു തന്നെയത്രെ.

പദാവലിയിലും ആഖ്യാനഘടനയിലും കാലസൂചനകളിലും ചരിത്രബോധത്തിലുമെല്ലാം പ്രാദേശികസംസ്കൃതിയെ പുരസ്ക്കരിക്കുന്ന ഗ്രന്ഥവരികൾ ചരിത്രരചനയിൽ വ്യത്യസ്തമായ ഒരു വഴിയെ പിന്തുടരുന്നവയാണ്. ആധുനിക ചരിത്രവീക്ഷണം പൊതുവെ പറഞ്ഞാൽ 'ദേശീയത' എന്ന ആദർശത്തെയും അതിന്റെ ആശയങ്ങളെയും അനുസരിക്കുന്നവയാണ്. പത്തൊമ്പതാം നൂറ്റാണ്ടോടെ ലോകചരിത്രത്തിൽ മുമ്പും കയ്യും നേടിവന്ന ദേശരാഷ്ട്രങ്ങളുടെ (nation states) പരികല്പനയിലും പ്രതിഷ്ഠാപനത്തിലും ചരിത്രം വഹിച്ച പങ്ക് ചെറുതല്ല. ഇന്ത്യാ ചരിത്രം, അതിന്റെ ഘട്ടങ്ങൾ, ബ്രിട്ടന്റെ ചരിത്രം, ജർമ്മനിയുടെ ചരിത്രം, ഫ്രാൻസിന്റെ ചരിത്രം, അമേരിക്കയുടെ ചരിത്രം എന്നിങ്ങിനെ രാഷ്ട്രങ്ങളുടെ ചരിത്രം, ചരിത്രത്തിന്റെ നാനാ വ്യവഹാരമേഖലകളെയും പൊതിഞ്ഞുകൊണ്ട് നിലവിൽ ഉണ്ട്. ഈ ദേശരാഷ്ട്രങ്ങളുടെ ആവിർഭാവത്തിനുമുമ്പുള്ള പ്രാദേശികമായ ഒരു ചരിത്രബോധത്തെയാണ് ഗ്രന്ഥവരികൾ, പ്രാദേശിക രേഖകൾ, സ്ഥലപുരാണങ്ങൾ എന്നിവ പ്രതിനിധാനം ചെയ്യുന്നത്. തിരുവല്ലാ ഗ്രന്ഥവരി, കൂടാളി ഗ്രന്ഥവരി, വഞ്ഞേരി ഗ്രന്ഥവരി, കോഴിക്കോടൻ ഗ്രന്ഥവരി എന്നൊക്കെ പറയുമ്പോൾ ദേശീയതയോ അതിന്റെ ചരിത്രബോധമോ ജീവിതവീക്ഷണമോ അല്ല, പ്രാദേശികതയുടെ ലോകബോധവും ജീവിത വ്യവഹാരവും മറ്റുമാണ് പ്രാധാന്യത്തോടെ പുരസ്കരിക്കപ്പെടുന്നത്. നിരണം ഗ്രന്ഥവരിയും ഈ കൈവഴിയെ പിന്തുടരുന്നു. അങ്ങിനെ, നിലവിലുള്ള ചരിത്രരചനാരീതികളിൽ നിന്നു വ്യത്യസ്തമായ ഒരു ചട്ടക്കൂട് അവതരിപ്പിക്കുന്നു എന്നത് ഗ്രന്ഥവരികളുടെ ചെറുതല്ലാത്ത ഒരു സംഭാവനയാണ്.

ഈ പ്രത്യേകതയുടെ പേരിലാണ് നിരണം ഗ്രന്ഥവരി എന്ന ഈ ഗ്രന്ഥം ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുന്നത്. ശ്രീ. എം. കുര്യൻ തോമസിന്റെ പ്രസാധനം നിരണം ഗ്രന്ഥവരിയെ കൂടുതൽ ശ്രദ്ധേയവും പഠനാർഹവും ആക്കുന്നു.

❑

www.malankaralibrary.com

# പ്രസാധകക്കുറിപ്പ്

**മ**ലയാള ഭാഷാ സാഹിത്യ രംഗത്തും മലങ്കര സഭാചരിത്രത്തിലും ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു ഗ്രന്ഥമാണ് നിരണം ഗ്രന്ഥവരി. മലയാള ഭാഷയിലെ ആദ്യ ചരിത്രഗ്രന്ഥമെന്ന നിലയ്ക്കും മലങ്കരസഭയിലെ ആദ്യത്തെ എഴുതപ്പെട്ട ചരിത്രമെന്ന നിലയ്ക്കും ഈ ഗ്രന്ഥത്തിന് അമൂല്യമായ പ്രാധാന്യമുണ്ട്.

താളിയോലകളിൽ നിന്നും പകർത്തപ്പെട്ട കൈയെഴുത്തു പ്രതിയുടെ ഫോട്ടോസ്റ്റാറ്റ് കോപ്പികളിലൂടെയാണ് മലങ്കര സഭാചരിത്രകാരന്മാർ ഈ ഗ്രന്ഥത്തെ ഒരു ദശാബ്ദം മുമ്പ് അറിയുവാനിട വന്നത്. ഇതിന്റെ പ്രസിദ്ധീകരണാവകാശം താളിയോലകളുടെ ഇപ്പോഴത്തെ കൈവശാവകാശികളായ കണിയാന്ത്ര കുടുംബം മലങ്കര ഓർത്തഡോക്സ് ചർച്ച് പബ്ലിക്കേഷൻസിന് (എം. ഒ. സി.) 1989-ൽ നൽകിയിരുന്നു. മലങ്കരസഭാ വ്യവഹാരങ്ങൾക്കിടയിൽ ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത് സഭയ്ക്ക് ദോഷകരമാവും എന്ന ചിലരുടെ ഭയം മൂലം ഈ കൃതി ഇതുവരെ വെളിച്ചം കാണാതെയിരിക്കുകയായിരുന്നു.

അമൂല്യമായ ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെടണമെന്ന ആഗ്രഹത്തോടെ ഇപ്പോൾ സോഫിയാ ബുക്സ് ഇതിന്റെ പ്രസാധനം ഏറ്റെടുക്കുകയാണ്. വേദശാസ്ത്രം, സഭാചരിത്രം, കവിത തുടങ്ങി ഉള്ളടക്കത്തിലെ വൈവിധ്യത്തെ ഉൾക്കൊണ്ടുകൊണ്ട് ഇതിന്റെ എഡിറ്റിംഗ് നിർവ്വഹിക്കുവാൻ ഒരാളെ ഞങ്ങൾക്ക് കണ്ടുപിടിക്കേണ്ടിയിരുന്നു. *18 -ാം നൂറ്റാണ്ടിലെ കേരള ക്രൈസ്തവരെപ്പറ്റി* മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഡോക്ടറൽ പഠനം നടത്തുന്ന എം. കുര്യൻ തോമസിനെയാണ് അവസാനം ഞങ്ങൾ ഇക്കാര്യത്തിനായി കണ്ടെത്തിയത്. അദ്ദേഹത്തിന്റെ അഞ്ചു മാസത്തിലേറെ നീണ്ടുനിന്ന ഭഗീരഥ പ്രയത്നത്തിന്റെ ഫലമായിട്ടാണ് ഈ കൃതി അദ്ധ്യായങ്ങൾ തിരിച്ചും ഉപശീർഷകങ്ങൾ നൽകിയും അടിക്കുറിപ്പുകൾ ചേർത്തും, ഓരോ വിഷയത്തിനും യുക്തമായ പഠനങ്ങൾ ഉൾപ്പെടുത്തിയും പ്രസിദ്ധീകരിക്കുവാനായത്. ഞങ്ങളുടെ ഈ ഉദ്യമത്തിന്റെ ആത്മാർത്ഥത ബോധ്യപ്പെട്ട് ഇതിന്റെ പ്രസിദ്ധീകരണാവകാശം നൽകിയ കണിയന്ത്ര കുടുംബ യോഗത്തോട് നന്ദി രേഖപ്പെടുത്തുന്നു.

കണിയാന്ത്ര കുടുംബത്തിൽ സൂക്ഷിച്ചിരിക്കുന്ന താളിയോല ഗ്രന്ഥത്തിൽ, താളിയോലകളിൽ പലതും സ്ഥലംമാറിയാണ് ഇപ്പോൾ ഇരിക്കുന്നത്. ഇതുമൂലം ഇതിന്റെ കൈയെഴുത്തുപ്രതിയിൽ പലയിടത്തും തുടർച്ച നഷ്ടപ്പെട്ടിരുന്നു. നിരണം ഗ്രന്ഥവരിയെക്കുറിച്ച് വളരെ അഗാധമായി പഠിച്ചിരുന്ന ശ്രീ. കുര്യൻ തോമസിന്, ഗ്രന്ഥവരിയുടെ വിവിധ പാഠങ്ങൾ (അക്കര, ചിത്രമെഴുത്ത് പകർപ്പുകൾ, മാർ ശീമോൻ ദീവന്നാസിയോസിന്റെ നാളാഗമം) താരതമ്യം ചെയ്ത് ഇങ്ങനെ തുടർച്ച നഷ്ടപ്പെട്ട ഭാഗങ്ങൾ കണ്ടുപിടിക്കുവാനും അവിടെ



യഥാർത്ഥത്തിൽ തുടർന്നുവരേണ്ട ഭാഗം ചേർക്കുവാനും സാധിച്ചിട്ടുണ്ട്. വളരെ ക്ലേശകരമായ ഗ്രന്ഥവരിയുടെ പ്രൂഫ് വായനയും അദ്ദേഹം തന്നെയാണ് നിർവ്വഹിച്ചത്.

പതിനൊന്നാം അദ്ധ്യായമായി ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന 'മാർ ഈവാനിയോസിന്റെ മെമ്രാകൾ' എന്ന കവിതാസമാഹാരം 1786 -ൽ കേരളത്തിൽ വന്ന മാർ ഈവാനിയോസിന്റേതാണെന്ന നിഗമനത്തിലെത്തുകയും കൈയെഴുത്തുപ്രതിയിൽ ഗദ്യം പോലെ എഴുതിയിരുന്ന ആ കവിതകൾ, കവിതാരൂപത്തിൽ വരികളിലാക്കുകയും, തുടർച്ച നഷ്ടപ്പെട്ടിരുന്ന ഒട്ടേറെ സ്ഥലത്ത് കൃത്യമായ പിൻഭാഗങ്ങൾ കണ്ടെത്തി ചേർക്കുകയും ചെയ്തതും ശ്രീ. കുര്യൻ തോമസാണ്.

കേരളത്തിലെ പ്രമുഖ ചരിത്രപണ്ഡിതരായ ശ്രീ. എം. ആർ. രാഘവവാരിയർ, ഡോ. രാജൻ ഗുരുക്കൾ, പ്രമുഖ വേദശാസ്ത്ര/സഭാചരിത്ര പണ്ഡിതരായ ഫാ. ഡോ. കെ. എം. ജോർജ്, ഫാ. ഡോ. ബി. വർഗീസ്, ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, ഫാ. ഡോ. ജോൺ പണിക്കർ, ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ. ജോസി ജേക്കബ്, സാഹിത്യ ഗവേഷണ രംഗങ്ങളിൽ ശ്രദ്ധേയരായ പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ, പ്രൊഫ. മേരി മാത്യു, വർഗീസ് ജോൺ തോട്ടപ്പുഴ, ഡോ. എം. എൻ. ശശിധരൻ, ജോർജ് കെ. അലക്സ്, ലജു പി. തോമസ്, അജി കട്ടപ്പന തുടങ്ങി ഒട്ടേറെ പേരുടെ സഹകരണവും പ്രോത്സാഹനവും ഈ സംരംഭത്തിനുണ്ടായി. ഇവരുടെയും മറ്റു പലരുടെയും പ്രോത്സാഹനമാണ് സാമ്പത്തികമായി വെറുമൊരു നഷ്ടക്കച്ചവടം മാത്രമായിത്തീരാവുന്ന ഈ ഗ്രന്ഥപ്രസിദ്ധീകരണം ഏറ്റവും ആധികാരികമായും ഭംഗിയായും ക്രമീകരിക്കുവാൻ ഞങ്ങളെ സഹായിച്ചത്.

സോഫിയാ ബുക്സ് സ്വാഭിമാനം ഈ അമൂല്യഗ്രന്ഥം മലയാള ഭാഷയ്ക്ക് സമർപ്പിക്കുന്നു.

**ഫാ. ഡോ. കെ. ജെ. ഗബ്രിയേൽ**
**ഫാ. റ്റി. പി. ഏലിയാസ്**
**ജോയ്സ് തോട്ടയ്ക്കാട്**

www.malankaralibrary.com

# Abbreviations

| | |
|---|---|
| **കണിയാന്ത്ര താളിയോല** | കണിയാന്ത്ര കുടുംബത്തിൽ സൂക്ഷിച്ചിരിക്കുന്ന നിരണം ഗ്രന്ഥവരി എന്ന കൃതിയുടെ 1998 ൽ ഓറിയന്റൽ മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ അക്ഷരമാറ്റം നടത്തിയ പകർപ്പ്. |
| **അക്കര കൈയെഴുത്ത്** | അക്കര സി. ചെറിയാന്റെ കൈവശമുള്ളതും സി. കുര്യൻ റൈട്ടർ പകർത്തി എഴുതിയതുമായ നിരണം ഗ്രന്ഥവരിയുടെ പകർപ്പ്. |
| **ചിത്രമെഴുത്ത്** | ഫാ. എം. സി. കുറിയാക്കോസ് റമ്പാന്റെ കൈവശമുണ്ടായിരുന്ന ചിത്രമെഴുത്ത് കെ. എം. വർഗ്ഗീസ് എഡിറ്റു ചെയ്ത നിരണം ഗ്രന്ഥവരിയുടെ അപൂർണ പതിപ്പ്. |
| **നാളാഗമം** | കരോട്ടുവീട്ടിൽ മാർ ശീമോൻ ദീവന്യാസ്യോസിന്റെ 1577 പേജുകളുള്ള കൈയെഴുത്ത് ചരിത്രഗ്രന്ഥം. |
| **ഇട്ടൂപ്പ്** | ഇട്ടൂപ്പ് റൈട്ടർ, *മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാ ചരിത്രം*, കോട്ടയം, 1869. |
| **ബർണാദ്** | ബർണാഡ് തോമ. ക.നി.മു.സ. ഫാ., *മാർത്തോമ്മാ ക്രിസ്ത്യാനികൾ*, കോട്ടയം, 1992. |
| **Agur** | Agur, C. M., *Church History of Travancore*, Madras, 1903. |
| **പാറേട്ട് Vol. II** | പാറേട്ട്, ഇസഡ്. എം., *മലങ്കര നസ്രാണികൾ Vol. II*, പുതുപ്പള്ളി, 1966., |
| **പാറേട്ട് Vol. III** | പാറേട്ട്, ഇസഡ്. എം., *മലങ്കര നസ്രാണികൾ Vol III*, കോട്ടയം, 1967. |
| **ഇ. എം. ഫിലിപ്പ്** | ഫിലിപ്പ്, ഇ. എം., *മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സഭ,* ചിങ്ങവനം, 1977. |
| **പൗളിനോസ്** | പൗളിനോസ്, എ, എസ്, |



| | |
|---|---|
| | ബർത്തലോമ്യാ റവ. ഫാ., *പൗരസ്ത്യ ഭാരതത്തിലെ ക്രിസ്തുമതം (Tr. of India Orientalis Christiana)*, കളമശ്ശേരി, 1988. |
| **മാത്തു തരകൻ** | ലോനപ്പൻ, സി. സി., *തച്ചിൽ മാത്തു തരകൻ,* ഇരിഞ്ഞാലക്കുട, 1966. |
| **കെ. ശിവശങ്കരൻ നായർ** | ശിവശങ്കരൻ നായർ, കെ., *മാർത്താണ്ഡവർമ്മ മുതൽ മൺറോ വരെ*, കോട്ടയം, 1996. |
| **തിരുവിതാംകൂർ ചരിത്രം** | ശങ്കുണ്ണി മേനോൻ, പി., *തിരുവിതാംകൂർ ചരിത്രം*, തിരുവനന്തപുരം, 1988. |
| **സഭാ വിജ്ഞാന കോശം** | ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, *മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാന കോശം*,കോട്ടയം,1993. |
| **വർത്തമാന പുസ്തകം** | തൊമ്മൻ കത്തനാർ, പാറേമ്മാക്കൽ, *വർത്തമാന പുസ്തകം*, തേവര, 1977. |
| **Dutch Hegemony** | Poonen, Dr. T. I., *Dutch Hegemony in Malabar and its Collapse,* Trivandrum, 1948. |
| **കൊ. വ.** | കൊല്ല വർഷം |
| **എ. ഡി.** | ക്രിസ്തു വർഷം |
| **സുറി.** | സുറിയാനി |
| **സു. ക.** | സുറിയാനി കണക്ക് |
| **മ. ക.** | മലയാള കണക്ക് |
| **p.** | Page |
| **pp.** | Pages |
| **Op. Cit.** | Opposit site |
| **Tr.** | Transalation |
| **ME** | Malayalam Era |
| **AD** | Christian Era |

www.malankaralibrary.com

## ഉള്ളടക്കം


| | | |
|---|---|---|
| വാങ്മുഖം | | 5 |
| അവതാരിക | - ഡോ. എം. ആർ. രാഘവവാര്യർ | 7 |
| പ്രസാധകക്കുറിപ്പ് | | 11 |
| Abrivations | | 13 |
| **നിരണം ഗ്രന്ഥവരി: ഉപോദ്ഘാതം** | - എം. കുര്യൻ തോമസ് | 16 |
| **നിരണം ഗ്രന്ഥവരി** | | 63 |
| 01. പഴമയുടെ കാലങ്ങൾ | | 64 |
| 02. പുതുമയുടെ കാലങ്ങൾ | | 74 |
| 03. മലയാളത്തിൽ ഉണ്ടായ കാര്യങ്ങൾ | | 82 |
| 04. കടമറ്റത്ത് അച്ചന്മാർ | | 125 |
| 05. ചുരുക്കത്തിൽ വിശ്വാസ കാര്യങ്ങൾ | | 128 |
| 06. മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങൾ | | 145 |
| 07. മാർത്തോമ്മാശ്ലീഹായും കൊടുങ്ങല്ലൂർ ദേവിയും | | 160 |
| 08. പലകൂട്ടം കാര്യങ്ങൾ | | 162 |
| 09. വജ്ര ലക്ഷണം | | 169 |
| 10. ഒരു എഴുത്ത് | | 172 |
| 11. മാർ ഈവാനിയോസിന്റെ മെമ്രാകൾ | | 177 |
| **കുറിപ്പുകൾ** | | 193 |
| **അനുബന്ധങ്ങൾ** | | |
| 1.കണിയാന്ത്ര താളിയോല ഗ്രന്ഥം | പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ | 238 |
| 2. നിരണം ഗ്രന്ഥവരിയിലെ ആഗോളസഭാചരിത്രം | ഫാ. ജോസി ജേക്കബ് | 246 |
| 3. സുറിയാനി സഭാ വിശ്വാസം നിരണം ഗ്രന്ഥവരിയിൽ | ഫാ. ഡോ. എം. ജോൺ പണിക്കർ | 250 |
| 4. മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങൾ - ഒരു മുഖവര | ഫാ. ഡോ. ബേബി വർഗ്ഗീസ് | 258 |
| 5. മനുഷ്യർക്കുള്ളത് - ഒരു പഠനം | ഡോ. എം. എൻ ശശിധരൻ | 260 |
| 6. ഒരു എഴുത്ത് - മുഖവുര | ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ | 265 |
| 7. മാർ ഈവാനിയോസിന്റെ മെമ്രാകൾ - ഒരു പുനർവായന | പ്രൊഫ. മേരി മാത്യു | 270 |
| 8. നിരണം ഗ്രന്ഥവരിയിലെ കാലഗണനയും തീയതികളും | വർഗീസ് ജോൺ തോട്ടപ്പുഴ | 274 |
| Select Biblography | | 281 |
| Glossery | | 284 |


# നിരണം ഗ്രന്ഥവരി: ഉപോദ്ഘാതം


**എം. കുര്യൻ തോമസ്**


### 01. നിരണം ഗ്രന്ഥവരി.

**01. 01. പ്രാരംഭം.** മലയാളികൾ ചരിത്രം രേഖപ്പെടുത്തി വയ്ക്കുന്നതിൽ വിമുഖരായിരുന്നു എന്നാണ് പൊതുവെയുള്ള ധാരണ. ഏതാനും രാജ്യകാര്യവിചാരം ചുരുളുകളും ക്ഷേത്രഗ്രന്ഥവരികളും ഒഴികെ യഥാർത്ഥ രൂപത്തിലുള്ള ഒരു ലിഖിത ചരിത്രം മലയാളികൾക്കുണ്ടായിരുന്നില്ല എന്നായിരുന്നു കരുതപ്പെട്ടിരുന്നത്.

ഈ ധാരണയ്ക്ക് ആദ്യം ലഭിച്ച തിരിച്ചടി 'വെള്ളയുടെ ചരിത്ര' ത്തിന്റെ കണ്ടെത്തലാണ്. മലപ്പുറം ജില്ലയിൽ തിരുനാവായ വെള്ള ഇല്ലത്തെ നമ്പൂതിരി 1781 ൽ എഴുതിയതും 1755 മുതൽ 1780 വരെയുള്ള കാലത്തെ ചരിത്രം - പ്രധാനമായും ഹൈദർ അലിയുടെ മലബാർ പടയോട്ടം - വിവരിക്കുന്നതുമായ ഈ കൃതിയുടെ കണ്ടെത്തൽ 19 -ാം നൂറ്റാണ്ടിനു മുമ്പ് ലിഖിത ചരിത്രഗ്രന്ഥം മലയാളിക്കില്ലായിരുന്നു എന്ന സങ്കൽപ്പം തിരുത്തിക്കുറിച്ചു.

ഏതാണ്ട് അതേ സമയത്തു തന്നെ കേരളത്തിലെ മലങ്കര നസ്രാണികളും തങ്ങളുടെ ചരിത്രരചന നടത്തുന്നുണ്ടായിരുന്നു. ആ നാളാഗമത്തിന്റെ സംഗൃഹീത രൂപമാണ് *'നിരണം ഗ്രന്ഥവരി'* എന്ന പേരിൽ ഇന്നറിയപ്പെടുന്നത്. 179 ഓലകളുടെ രണ്ടു പുറവുമായി എഴുതപ്പെട്ടിട്ടുള്ള നിരണം ഗ്രന്ഥവരി ആലപ്പുഴ ജില്ലയിലെ നിരണത്തുവച്ച് എഴുതി പൂർത്തിയാക്കിയതാവാനാണ് സാദ്ധ്യത. മൂലഗ്രന്ഥം ഇപ്പോൾ തിരുവല്ലയ്ക്കടുത്ത് മേപ്രാലുള്ള കണിയാന്ത്ര കുടുംബത്തിൽ സൂക്ഷിച്ചിരിക്കുന്നു. ഈ കൃതിയിൽ ആ ഗ്രന്ഥത്തെ *'കണിയാന്ത്ര താളിയോല'* എന്നാവും സൂചിപ്പിക്കുക.

നിരണം ഗ്രന്ഥവരി മലങ്കര നസ്രാണികളുടെ ജാതിയ്ക്കു തലവനും മലങ്കര മെത്രാപ്പോലീത്തയുമായിരുന്ന വലിയ മാർ ദിവന്യാസ്യോസ് എഴുതി എന്നാണ് വിശ്വാസം. അതിന്റെ സാധുത പിന്നാലെ പരിശോധിക്കാം.

**01. 02. ദിനവൃത്താന്തം:** മലങ്കര നസ്രാണികളുടെ ജാതിക്കുതലവരായ അർക്കദ്യക്കോൻമാരും അവരെ തുടർന്ന് 1653 മുതൽ മലങ്കര മെത്രാന്മാരും അവിച്ഛിന്നമായ ഒരു ദിനവൃത്താന്ത പുസ്തകം എഴുതി സൂക്ഷിച്ചിരുന്നതായി ഒരു പാരമ്പര്യമുണ്ട്. ഈ ദിനവൃത്താന്ത പുസ്തകത്തെ ആധാരമാക്കിയാണ് വലിയ മാർ ദിവന്യാസ്യോസ് തന്റെ സഭാചരിത്ര ഗ്രന്ഥം - *നിരണം ഗ്രന്ഥവരി* - രചിച്ചതെന്ന് ഡോ. പി. ജെ. തോമസ് രേഖപ്പെടുത്തുന്നു. 1939 -ൽ പ്രസിദ്ധീകരിച്ച

www.malankaralibrary.com

തന്റെ *മലയാള സാഹിത്യവും ക്രിസ്ത്യാനികളും* എന്ന കൃതി രചിക്കുന്ന കാലത്ത് ഈകൃതിയുടെ പകർപ്പുകൾ തെക്കൻ ദിക്കിലുള്ള പല പുരാതന കുടുംബങ്ങളിലും സൂക്ഷിച്ചിരുന്നതായും അദ്ദേഹം രേഖപ്പെടുത്തുന്നു.

**01. 03. വിവിധ പരാമർശനങ്ങൾ:** സി. എം. ആഗൂറിന്റെ *'ചർച്ച് ഹിസ്റ്ററി ഓഫ് ട്രാവൻകൂർ'* എന്ന കൃതിയിൽ സുറിയാനി ക്രിസ്ത്യാനികൾക്ക് *സാങ്കൽപ്പികവും ഐതീഹ്യപരവും എന്നാൽ ചില ചരിത്രാംശങ്ങൾ ചേർത്തതുമായ* ഒരു ചരിത്രം ഉണ്ടെന്നും അതിന്റെ കർത്താവ് വലിയ മാർ ദിവന്യാസ്യോസ് ആണെന്നും പറയുന്നു. ടി. കെ. ജോസഫ് *കേരളാ സൊസൈറ്റി പേപ്പേഴ്സിൽ* മാവേലിക്കര കറുത്തേടത്ത് കുടുംബത്തിൽ സൂക്ഷിച്ചിരിക്കുന്ന രണ്ടു ചരിത്ര കൃതികളെപ്പറ്റി പരാമർശിക്കുന്നുണ്ട്. അവയിൽ ഒന്ന് നിരണം ഗ്രന്ഥവരിയുടെ പകർപ്പാണെന്നു തിരിച്ചറിഞ്ഞിട്ടുണ്ട്.

18 –ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഒന്നോ അതിലധികമോ ചരിത്ര ഗ്രന്ഥങ്ങൾ മലങ്കര നസ്രാണികൾക്ക് ഉണ്ടായിരുന്നു എന്നാണ് ഈ പരാമർശനങ്ങളിൽ നിന്നും മനസിലാക്കേണ്ടത്. ആ കൃതി തന്നെയാണോ *നിരണം ഗ്രന്ഥവരി* എന്നു പിന്നാലെ പരിശോധിക്കാം.

**01. 04. കണിയാന്ത്ര താളിയോല:** കണിയാന്ത്ര കുടുംബത്തിൽ സൂക്ഷിച്ചിരിക്കുന്ന താളിയോല ഗ്രന്ഥമാണ് ഇന്ന് *നിരണം ഗ്രന്ഥവരി* എന്ന പേരിൽ അറിയപ്പെടുന്നത്. ഈ കൃതി 1824 നും 1829 നും ഇടയിൽ എഴുതി പൂർത്തിയാക്കി എന്ന് ആഭ്യന്തര സൂചനകളിൽ നിന്നും മനസിലാക്കാം. അതിനുശേഷം ഒരിക്കലെങ്കിലും ഇത് പകർത്തി എഴുതപ്പെട്ടിരിക്കാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല. രണ്ടു പുറവും തടി ബയന്റിട്ട് ഭംഗിയായി സൂക്ഷിച്ചിരിക്കുന്ന ഈ കൃതിയിലെ ഏതാനും ഓലകൾ നഷ്ടപ്പെട്ടിരിക്കാനും സാദ്ധ്യതയുണ്ട്. 1988 ൽ പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ കണിയാന്ത്രയുടെ ശ്രമഫലമായി തിരുവനന്തപുരം ഓറിയന്റൽ മാനുസ്ക്രിപ്റ്റ് ലൈബ്രറിയിലെ ഭാഷാ വിദഗ്ദർ ഈ താളിയോലഗ്രന്ഥം അക്ഷരമാറ്റം നടത്തി കടലാസിൽ പകർത്തി. ആ പകർപ്പാണ് ഈ പഠനത്തിനടിസ്ഥാനം (കൂടുതൽ വിവരങ്ങൾ അനുബന്ധത്തിലെ പ്രൊഫ. ജോസഫ് കെ. അലക്സാണ്ടറുടെ *കണിയാന്ത്ര താളിയോല* എന്ന ലേഖനത്തിൽ കാണാം).

**01. 04. 01. ഗ്രന്ഥനാമം:** കെ. ജെ. നൈനാൻ കണിയാന്ത്ര തങ്ങളുടെ കുടുംബചരിത്രരചനയ്ക്കാവശ്യമായ ചില കുറിപ്പുകൾ എടുക്കുന്നതിനായി കണിയാന്ത്ര താളിയോല ജോസഫ് ഇടമറുകിനെ കാണിയ്ക്കുകയുണ്ടായി. അദ്ദേഹം ഈ കൃതിയ്ക്ക് *'നിരണം ഗ്രന്ഥവരി'* എന്നു പേർ നൽകി. 1971 –ൽ പ്രസിദ്ധീകരിച്ച തന്റെ *കേരള സംസ്കാരം* എന്ന കൃതിയിൽ പരാമർശിക്കുകയും ഉദ്ധരണികൾ ചേർക്കുകയും ചെയ്തു. അതിനുശേഷമാണ് നിരണം ഗ്രന്ഥവരി എന്ന പേർ പ്രചാരത്തിൽ വരുന്നത്.

**01. 04. 02. ഗ്രന്ഥസ്വരൂപം:** അദ്ധ്യായങ്ങളോ ഖണ്ഡികകളോ തിരിക്കാതെ തുടർച്ചയായി എഴുതപ്പെട്ടിട്ടുള്ള *കണിയാന്ത്ര താളിയോല ഗ്രന്ഥം* ഈ ലേഖകൻ പഠനസൗകര്യാർത്ഥം അദ്ധ്യായങ്ങളും ഖണ്ഡികകളുമായി തിരിക്കുകയും വിഷയബന്ധിതമായ തലക്കെട്ടുകൾ നൽകുകയും ചെയ്തു.

ഇവയിൽ ഒന്നു മുതൽ നാലുവരെ അദ്ധ്യായങ്ങളെ ചരിത്രമായും ബാക്കിയുള്ളവയെ അനുബന്ധ വിവരങ്ങളായും കണക്കാക്കണം. അവയെപ്പറ്റിയുള്ള വിശദമായ പഠനങ്ങൾ പിന്നാലെ ചേർക്കുന്നുണ്ട്.



യഥാർത്ഥത്തിൽ മൂന്നും നാലും അദ്ധ്യായങ്ങൾ മാത്രമാണ് മലങ്കര സഭാചരിത്രം. ഒന്നും രണ്ടും അദ്ധ്യായങ്ങൾ ആ ഭാഗത്തിന് ആദിമുതലുള്ള പശ്ചാത്തലവിവരണം എന്ന നിലയിലാണ് ചേർത്തിട്ടുള്ളത്.

**01. 04. 03. രചനോദ്ദേശ്യം:** ഗ്രന്ഥവരിയിൽ മൂന്നാം അദ്ധ്യായത്തിന്റെ അവസാനഭാഗത്ത് *"…..എന്നാൽ 81 -മാണ്ട് കടമറ്റത്തിരിക്കുമ്പോൾ ഇപ്പോളത്തെ വർത്തമാനവും, നിരണത്തു കാലം ചെയ്ത അച്ചന്റെ കാര്യവും എഴുതണമെന്നും അതുകൊണ്ടു വളരെ ഉപകാരമുണ്ടെന്നും കല്പിച്ചത്രേ എഴുതിച്ചത്………"* എന്ന് രചനോദ്ദേശ്യം വെളിപ്പെടുത്തുന്ന ഒരു വാചകമുണ്ട്

ഈ ഭാഗത്തിൽ നിന്നും വലിയ മാർ ദിവന്യാസ്യോസിന്റെയും, മുൻഗാമി മാർത്തോമ്മാ അഞ്ചാമന്റെയും കാലത്തെ ചരിത്രം എഴുതണമെന്ന് വലിയ മാർ ദിവന്യാസ്യോസ് ആവശ്യപ്പെട്ടതനുസരിച്ചാണ് ഈ കൃതി രചിച്ചതെന്ന് വ്യക്തമാണ്. ഗ്രന്ഥസ്വരൂപവും ഈ പ്രസ്താവന ശരിവയ്ക്കുന്നു. മൂന്നാം അദ്ധ്യായത്തിൽ ഇവർ രണ്ടുപേരുടെയും കാലഘട്ടം വളരെ വിശദമായും, അതിനു മുമ്പും പിമ്പും വളരെ സംഗൃഹീതമായും ആണ് ചേർത്തിരിക്കുന്നത്. ആദിയും അന്ത്യവും യഥാർത്ഥ ചരിത്രത്തിനു – അഞ്ചും ആറും മാർത്തോമ്മാമാരുടെ കാലം – പൂരകങ്ങളായി രചിച്ചതാണെന്നു കാണാം. ഇതേപോലെയുള്ള പശ്ചാത്തല സ്ഥാപനമാണ് ഒന്നും രണ്ടും അദ്ധ്യായങ്ങൾ. ഗ്രന്ഥവരിയുടെ രചനാകാലമായപ്പോഴേക്കും അന്ത്യോഖ്യൻ ഓർത്തഡോക്സ് വേദശാസ്ത്രവും സഭാശാസ്ത്രവും നസ്രാണികൾ ഔദ്യോഗികമായി അംഗീകരിച്ചുകഴിഞ്ഞിരുന്നു. അതിനനുസരിച്ചുള്ള ഒരു ചരിത്രപശ്ചാത്തലം കെട്ടിപ്പടുക്കുകയാണ് ഈ അദ്ധ്യായങ്ങളിൽ.

ആദമിൽ ആരംഭിച്ച് യേശുക്രിസ്തുവിലൂടെയും, തുടർന്ന് അപ്പസ്തോലന്മാർ, പൊതു സുന്നഹദോസുകൾ ഇവയുടെ ചരിത്രം വിവരിച്ച് ഓർത്തഡോക്സ് വിശ്വാസവും പാരമ്പര്യവുമാണ് കലർപ്പില്ലാത്തതും കണ്ണിമുറിയാത്തതും എന്ന് ഗ്രന്ഥകാരൻ സ്ഥാപിക്കുന്നു. ഇതിന് അന്ത്യോഖ്യൻ സഭാചരിത്ര ഗ്രന്ഥങ്ങളെ പൂർണമായും ആശ്രയിക്കുന്നു.

ഇതിനിടയിൽ അന്ത്യോഖ്യൻ ചരിത്രങ്ങളിൽ ഉൾപ്പെടാത്ത മാർത്തോമാ ശ്ലീഹായുടെ കേരളത്തിലെ പ്രേഷിതവൃത്തി, രക്തസാക്ഷിമരണം മുതലായ പാരമ്പര്യങ്ങൾ ചേർത്ത് ആ ഓർത്തഡോക്സ് മുഖ്യധാരയുടെ ഭാഗമാണ് മലങ്കര നസ്രാണികൾ എന്ന് സ്ഥാപിക്കാനും ഗ്രന്ഥകാരൻ ശ്രമിക്കുന്നുണ്ട്. അതിനുശേഷമാണ് മൂന്നാം അദ്ധ്യായത്തിലെ സംഭവങ്ങൾ കൊല്ലവർഷം ഒന്നാം നൂറ്റാണ്ടു മുതൽ ആരംഭിക്കുന്നത്.

**01. 04. 04. സത്യസന്ധത:** എല്ലാ ചരിത്രവും പക്ഷപാതപരമാണെന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ വസ്തുതകളിലല്ല വിശകലനങ്ങളിലാണ് പക്ഷപാതിത്വം പ്രകടമാവുക. വസ്തുതകളെ അതേ കാലഘട്ടത്തിലെ മറ്റു രേഖകൾ – മുഖ്യമായും രചയിതാവിന് അപ്രാപ്യമായ രേഖകൾ – ഉപയോഗിച്ച് പരിശോധിച്ച് അവയുടെ വിശ്വാസ്യത തെളിയിക്കാം. ഇക്കാര്യത്തിൽ നിരണം ഗ്രന്ഥവരി വളരെ ഉയർന്ന സ്ഥാനത്താണ്. മൂലഗ്രന്ഥകർത്താവിന് ഒരു വിധത്തിലും

www.malankaralibrary.com

ലഭ്യമല്ലാത്ത ഡച്ച് ഈസ്റ്റിന്ത്യാ കമ്പനി പോലുള്ള സ്ഥാപനങ്ങളിലെ രേഖകൾ ഗ്രന്ഥവരിയിലെ പരാമർശനങ്ങൾ ശരിവയ്ക്കുന്നുണ്ട്.

വിശകലനങ്ങളുടെ സത്യസന്ധത അവ ബന്ധപ്പെട്ടിരിക്കുന്ന സംഭവങ്ങളുടെ വിശദമായ പുനർപഠനത്തിൽ നിന്നും മനസിലാക്കാവുന്നതാണ്. ഗ്രന്ഥവരിയുടെ കാര്യത്തിൽ അവയിലെ വസ്തുതകൾ പരിശോധിക്കാൻ ഇതര രേഖകൾ ലഭ്യമാണ്.

കൂനൻകുരിശിനു ശേഷം ഏറ്റവും സങ്കീർണ്ണമായ കാലഘട്ടത്തിനു നേതൃത്വം നൽകിയ രണ്ടാളുകളുടെ ചരിത്രം അവരിലൊരാളുടെ താൽപ്പര്യപ്രകാരം എഴുതുമ്പോൾ തീർച്ചയായും അവരോടും അവരുടെ നിലപാടുകളോടും ഒരു ചായ്‌വ് ഗ്രന്ഥകർത്താവിനുണ്ടാകുക സ്വാഭാവികം. പകലോമറ്റം മെത്രാന്മാരുടെ നിലപാടിനോടുള്ള ചായ്‌വ് നിരണം ഗ്രന്ഥവരിയിൽ പ്രകടമാണ്. വിവിധ വിഷയങ്ങളിൽ അവരുടെ നിലപാടുകളിൽ കാലാനുസൃതമായി വന്ന മാറ്റങ്ങൾ ഗ്രന്ഥകർത്താവിലും പ്രതിഫലിക്കുന്നുണ്ട്. പക്ഷേ വിശകലനങ്ങളേക്കാൾ സംഭവങ്ങളുടെ പ്രതിപാദനത്തിൽ കൂടുതൽ ശ്രദ്ധ നൽകുന്ന ഗ്രന്ഥവരിയ്ക്ക് അക്കാലഘട്ടത്തിലെ കേരള ക്രൈസ്തവചരിത്രം പ്രതിപാദിക്കുന്ന ഇതര കൃതികളെക്കാൾ പക്ഷപാതിത്വം കുറവാണ്. മൂലകൃതിയിലെ മൂന്നും നാലും അദ്ധ്യായങ്ങൾക്ക് ലേഖകൻ നൽകിയിരിക്കുന്ന കുറിപ്പുകളിൽ നിന്നും കൂടുതൽ വിവരങ്ങൾ ലഭിക്കും.

**01. 05. ഇതര പകർപ്പുകൾ:** ഈ ലേഖകന്റെ ശ്രമഫലമായി വിവിധ സ്ഥലങ്ങളിൽ സൂക്ഷിച്ചിട്ടുള്ളതോ പരാമർശിക്കപ്പെട്ടവയോ ആയ ചില ഗ്രന്ഥങ്ങൾ ഗ്രന്ഥവരിയുടെ പകർപ്പുകളാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. അവയുടെ ലഘു വിവരണമാണ് താഴെ കൊടുക്കുന്നത്.

**01. 05. 01. അക്കര കൈയെഴുത്ത്:** കണിയാന്ത്ര താളിയോലയുടെ ലഭ്യമായ ഏറ്റവും പുരാതനമായ പകർപ്പ് ഇന്ന് കോട്ടയത്ത് അക്കര കുടുംബത്തിൽ സി. ചെറിയാന്റെ സൂക്ഷിപ്പിലുള്ള ഒരു കടലാസ് പകർപ്പാണ്. അദ്ദേഹത്തിന്റെ പ്രപിതാമഹനും *വെസ്റ്റേൺ സ്റ്റാർ, പശ്ചിമതാരക* എന്നീ ആദ്യകാല പത്രങ്ങളുടെ ഉടമസ്ഥനുമായിരുന്ന സി. കുര്യൻ റൈട്ടർ (1826 – 1886) പകർത്തിയെഴുതിച്ച് സൂക്ഷിച്ചതാണിത്.

കുര്യൻ റൈട്ടറുടെ ജീവിതകാലത്തുതന്നെ തന്റെ സുഹൃത്തും സാഹിത്യകാരനും ഭാഷാ പ്രണയിനിയുമായ ആർച്ച് ഡീക്കൻ കോശിയുടെ കൈയിൽ ഈ പകർപ്പ് എത്തിച്ചേർന്നു. ഇവർ രണ്ടുപേരുടെയും മരണത്തോടെ ഈ പകർപ്പ് വിസ്മൃതിയിലാണ്ടു. പിന്നീട് 1960 കളിൽ ആർച്ച് ഡീക്കൻ കോശിയുടെ പൗത്രന്റെ കൈയിൽനിന്നും ഈ പകർപ്പ് ജോസഫ് ഇടമറുകിനു ലഭിച്ചു. അദ്ദേഹം അത് പകർത്തി എടുക്കുകയും തുടർന്ന് സി. ചെറിയാനെ ഏൽപ്പിക്കുകയും ചെയ്തു. ഈ കൃതിയിൽ നാലാം അദ്ധ്യായം വരെയുള്ള ചരിത്രഭാഗം മാത്രമേയുള്ളു. പകർത്തിയെഴുത്തിൽ വരാവുന്ന അപൂർവം മാറ്റങ്ങളൊഴികെ ഇതിനു കണിയാന്ത്ര താളിയോലയുമായി വ്യത്യാസമൊന്നുമില്ല.

ഒരു മലയാളിയാൽ രചിക്കപ്പെട്ട ആദ്യ മലങ്കര സഭാചരിത്രഗ്രന്ഥം പുകിടിയിൽ ഇട്ടൂപ്പ് റൈട്ടറുടെ *മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രമാണ്*. 1869 – ൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ കൃതിയുടെ രചനയിൽ അദ്ദേഹം



ഗ്രന്ഥവരിയെ വളരെയധികം ആശ്രയിച്ചിട്ടുണ്ടെന്ന് ഉള്ളടക്കത്തിൽ നിന്നും വ്യക്തമാണ്. ഇട്ടൂപ്പ് റൈട്ടർ *പശ്ചിമതാരക*യുടെ പത്രാധിപരായിരുന്നു. അതിനാൽ അദ്ദേഹം തന്റെ ഗ്രന്ഥരചനയ്ക്ക് ഉപയോഗിച്ചത് കുര്യൻ റൈട്ടറുടെ പകർപ്പാണെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല.

**01. 05. 02. ഫാ. കൊറ്റാത്തുവിളയുടെ പകർപ്പ്:** സഭാ ചരിത്രകാരനായ ഇസഡ്. എം. പാറേട്ട് തന്റെ *മലങ്കരനസ്രാണികൾ* എന്ന ചരിത്രഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്തിൽ ഒരു പഴയരേഖയിൽ നിന്നും ദീർഘമായ അഞ്ചു പേജുകൾ ഉദ്ധരിച്ചിട്ടുണ്ട്. ഇത് ഫാ. തോമസ് കൊറ്റാത്തുവിളയുടെ കൈവശമുള്ള ഒരു പഴയ കൈയെഴുത്തു ഗ്രന്ഥത്തിൽ നിന്നും എടുത്തതാണെന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു. ഈ ഭാഗം നിരണം ഗ്രന്ഥവരിയിൽ സമാനഭാഗത്തിന്റെ തനി പകർപ്പാണ്. അതിനാൽ ഫാ. കൊറ്റാത്തുവിളയുടെ കൈവശം ഉണ്ടായിരുന്നത് നിരണം ഗ്രന്ഥവരിയുടെ പകർപ്പായിരുന്നു എന്ന് അനുമാനിക്കാം.

1997 ൽ ഈ ലേഖകൻ ഫാ. കൊറ്റാത്തുവിളയെ ചെന്നിത്തലയിലുള്ള അദ്ദേഹത്തിന്റെ ഭവനത്തിൽ സന്ദർശിച്ചപ്പോൾ തന്റെ കൈവശം അത്തരം ഒരു കൈയെഴുത്തു കൃതി ഉണ്ടായിരുന്നു എന്നും അത് ഇപ്പോൾ ആരുടെ കൈവശമാണെന്ന് അറിയില്ലെന്നും അറിയിച്ചു. അന്ന് 92 വയസുണ്ടായിരുന്ന ആ പുരോഹിതന് അത് എവിടെനിന്നു ലഭിച്ചു എന്നും ഓർമ്മയില്ല. ഈ പകർപ്പ് കണ്ടെടുക്കാനായില്ല.

**01. 05. 03. ചിത്രമെഴുത്തിന്റെ പരിശ്രമങ്ങൾ:** നിരണം ഗ്രന്ഥവരിയുടെ സംശോധനത്തിൽ ഏറ്റവും അധികം പ്രവർത്തിച്ചിട്ടുള്ളത് മാവേലിക്കര പൗവത്തിക്കുന്നേൽ കുടുംബാംഗവും പ്രമുഖ ചിത്രകാരനും സാഹിത്യകാരനും ചരിത്രാഖ്യായികകാരനുമായ ചിത്രമെഴുത്തു കെ. എം. വർഗീസാണ്. അദ്ദേഹത്തിന്റെ തറവാട്ടിൽ പിതാമഹന്റെ കൈവശമുണ്ടായിരുന്ന ഗ്രന്ഥങ്ങളിൽ ഒന്ന് ഏതാനും ഭാഗം നഷ്ടപ്പെട്ട നിരണം ഗ്രന്ഥവരിയുടെ ഒരു പകർപ്പായിരുന്നു. *മാർ ദിവന്യാസ്യോസിന്റെ ഡയറി* എന്നു വിളിച്ച ഈ കൃതിയെ അടിസ്ഥാനമാക്കി അദ്ദേഹം മലങ്കരസഭാചരിത്ര സംബന്ധിയായ അനേകം ആഖ്യായികകൾ രചിക്കുകയുണ്ടായി.

1940 കളിൽ കണിയാന്ത്ര കുടുംബചരിത്ര രചനയോടനുബന്ധിച്ച് കുറിപ്പുകൾ എടുക്കുന്നതിനായി കണിയാന്ത്ര താളിയോല, ചിത്രമെഴുത്തിന്റെ കൈവശം എത്തി. ഇവയും മറ്റേതാനും പകർപ്പുകളും ഉപയോഗിച്ച് അദ്ദേഹം ഈ കൃതി എഡിറ്റു ചെയ്യുകയും പ്രസിദ്ധീകരണത്തിനു തയ്യാറാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

ചിത്രമെഴുത്തിന്റെ പുത്രനായ ജോർജ്ജ് വർഗീസ്, മദ്രാസ് ഈ പകർപ്പിനെക്കുറിച്ച് നടത്തിയ അന്വേഷണങ്ങളിൽ ഈ പകർപ്പ് 1959 ൽ മലയാളമനോരമ പത്രാധിപസമിതി അംഗവും *'ചർച്ച് വീക്കിലി'* എഡിറ്ററുമായിരുന്ന എൻ. എം. എബ്രഹാം നാലാത്രയ്ക്കു (1905–1980) പ്രസിദ്ധീകരണാർത്ഥം വിറ്റതായി കണ്ടെത്തി. അതിനുശേഷമുള്ള ഈ കോപ്പിയുടെ ഗതിവിഗതികൾ അജ്ഞാതമാണ്.

1997 ൽ ഈ ലേഖകൻ കോട്ടയം ഒളശ്ശയിലുള്ള എൻ. എം. എബ്രഹാമിന്റെ ഭവനത്തിൽ ഈ കോപ്പിയെപ്പറ്റി അന്വേഷണം നടത്തുകയുണ്ടായി. എന്നാൽ

www.malankaralibrary.com

ഭംഗിയായി സൂക്ഷിച്ചിരിക്കുന്ന അദ്ദേഹത്തിന്റെ ലൈബ്രററിയിൽ ഈ കോപ്പി കണ്ടെത്താനായില്ല. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്ക് ഇപ്രകാരം ഒരു പകർപ്പിനെപ്പറ്റി യാതൊരു അറിവുമില്ല.

**01. 05. 04. എം. സി. കുറിയാക്കോസ് റമ്പാന്റെ പകർപ്പ്:** 1998 ൽ കോട്ടയം പാത്താമുട്ടം സ്ലീബാ പള്ളിയിൽ നിന്നും ഫാ. ഡോ. ജേക്കബ് കുര്യൻ *നിരണം ഗ്രന്ഥവരിയുടെ* അപൂർണമായ ഒരു പകർപ്പ് കണ്ടെടുക്കുകയുണ്ടായി. അവിടെ കബറടങ്ങിയിരിക്കുന്ന *'മലങ്കരസഭാ മാസിക'*യുടെ പത്രാധിപരായിരുന്ന ഫാ. എം. സി. കുറിയാക്കോസ് റമ്പാന്റെ (1901-1958) ഫയലുകളിൽ നിന്നാണ് ഈ പകർപ്പ് കണ്ടെടുത്തത്.

ഈ പകർപ്പ് ചിത്രമെഴുത്ത് കെ. എം. വർഗീസിന്റെ കൈയക്ഷരത്തിലാണ്.. ഒന്നാം പേജിൽ പകർത്തിയെഴുതിയ തീയതി കൊ. വ. 1101 ഇടവം 6 എന്നു ചിത്രമെഴുത്തിന്റെ കൈയക്ഷരത്തിൽ തന്നെ കാണുന്നു. നാല്പതു ഫുൾസ്കാപ്പ് പേജുകളിൽ എഴുതപ്പെട്ടിരിക്കുന്ന ഈ പകർപ്പിൽ, ചിത്രമെഴുത്തിന്റെ ചില കുറിപ്പുകൾ ബ്രായ്ക്കറ്റിലും അടിക്കുറിപ്പായും ചേർത്തിട്ടുണ്ട്. ടിപ്പു സുൽത്താന്റെ ആക്രമണകാലം വിവരിക്കുന്നിടത്ത് അപൂർണമായി അവസാനിക്കുന്നു. *"അവന്റെ ആളുകൾ ആലൂബായിലോളും വന്നു പരന്നു. അതിനകമുള്ള ഇല്ലങ്ങളും ക്ഷേത്രങ്ങളും പള്ളികളും കമ്പോ...."* എന്നിങ്ങനെ അവസാനിക്കുന്നു. അതിനു താഴെ ചിത്രമെഴുത്തിന്റെ *'ഇതിന്റെ ഒന്നാം പേജും ഈ നാല്പതാം പേജും ഒരു കടലാസിന്റെ രണ്ടു ഇലകളായതിനാൽ ഒന്നാം പേജു അഴുക്കുപുരണ്ടതിനാൽ രണ്ടാമത് വീണ്ടും എഴുതി ചേർത്തതുകൊണ്ടാ......."* എന്നിങ്ങനെ ഒരു പ്രസ്താവനയും അതിനടിയിൽ ഒപ്പും ഉണ്ട്. അതിനാൽ ഈ പകർപ്പ് ഇത്ര മാത്രമേ എഴുതിയിരുന്നുള്ളു എന്നു വ്യക്തമാണ്. ഈ പകർപ്പ് കണിയാത്ര താളിയോലയുടെ ശരിപകർപ്പാണ്.

ചിത്രമെഴുത്ത് എഴുതി പൂർത്തിയാക്കി എൻ. എം. എബ്രഹാമിനു 1959 ൽ കൊടുത്ത പകർപ്പ് ഇതല്ല. കാരണം 1958 ൽ മരിച്ച കുറിയാക്കോസ് റമ്പാന്റെ ശേഖരത്തിൽ 1959 ൽ നൽകിയ പകർപ്പ് വരിക അസാദ്ധ്യമാണ്. പൂർണമാകാത്ത ഒരു പകർപ്പ് ഒരു പ്രസാധകനെ കണ്ടെത്താനുള്ള ശ്രമത്തിനിടയിൽ ചിത്രമെഴുത്ത് *മലങ്കരസഭാ മാസിക* പത്രാധിപർക്ക് നൽകിയതാകാൻ സാദ്ധ്യതയുണ്ട്. ചിത്രമെഴുത്തിന്റെ കുടുബമായ പൗവ്വത്തികുന്നേൽ ഉണ്ടായിരുന്ന അപൂർണ പകർപ്പ് ഇതാകാൻ സാദ്ധ്യതയുണ്ട്.

**01. 05. 05. കറുത്തേടത്ത് പകർപ്പ്:** ചരിത്രകാരനായ ടി. കെ. ജോസഫ്, മാവേലിക്കര കറുത്തേടത്ത് കുടുംബത്തിൽ സൂക്ഷിച്ചിരിക്കുന്ന ഒരു കൈയെഴുത്ത് ഗ്രന്ഥത്തെപ്പറ്റി *കേരളാ സൊസൈറ്റി പേപ്പേഴ്സിൽ* പ്രതിപാദിക്കുന്നുണ്ട്. 1930 ഏപ്രിൽ 26 ന് അദ്ദേഹം പരിശോധിച്ച 62 പേജുള്ള ഈ പകർപ്പിന് അന്ന് അൻപതു വർഷത്തോളം പഴക്കമുണ്ടായിരുന്നു. ഇതൊരു സ്വതന്ത്ര കൃതിയല്ലെന്നും പകർപ്പാണെന്നും ആ പകർപ്പിൽ തന്നെ പരാമർശമുണ്ട്. ഈ പകർപ്പ് ഈ ലേഖകനു കാണാൻ കഴിഞ്ഞിട്ടില്ല. ഈ പകർപ്പിൽ നിന്നും ടി. കെ. ജോസഫ് ഉദ്ധരിച്ചിരിക്കുന്ന ഭാഗങ്ങളിൽ നിന്നും ഇത് നിരണം ഗ്രന്ഥവരിയുടെ പകർപ്പാണെന്ന് വ്യക്തമാണ്. ടി. കെ. ജോസഫിന്റെ കാലഗണന ശരിയാണെങ്കിൽ 1880 നടുത്ത് ഇത് പകർത്തിയെടുത്തു.



ഇതിൽ നിന്നെല്ലാം കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കൈയെഴുത്തു രൂപത്തിൽതന്നെ നിരണം ഗ്രന്ഥവരിക്ക് സാമാന്യം നല്ല പ്രചാരം സിദ്ധിച്ചിരുന്നു എന്ന് അനുമാനിക്കാം. മുകളിൽ പറഞ്ഞ പകർപ്പുകളെല്ലാം സമാനമാണ്. അവ ഒരേ കൃതിയുടെതന്നെ വിവിധ കാലങ്ങളിൽ പകർത്തിയെടുത്ത പകർപ്പുകൾ ആണ്. എന്നാൽ ഇവയിൽ നിന്നും വ്യത്യസ്തമായ ഒരു പകർപ്പിനെ ഇനി പരിചയപ്പെടാം.

**01. 05. 06. മാർ ശീമോൻ ദിവന്യാസ്യോസിന്റെ നാളാഗമം.** കൊച്ചി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ആയിരുന്നു കരോട്ടുവീട്ടിൽ മാർ ശീമോൻ ദിവന്യാസ്യോസ് (1823-1886). എറണാകുളം ജില്ലയിലെ കണ്ടനാട് സ്വദേശിയായ ഇദ്ദേഹം 1876 ൽ മേല്പട്ട സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടു. ഇദ്ദേഹം എഴുതിയ 1577 പേജുകളുള്ള ബൃഹത്തായ ഒരു സഭാചരിത്രഗ്രന്ഥമുണ്ട്. അപ്രകാശിതമായ ഈ കൃതി അദ്ദേഹത്തെ കബറടക്കിയിരിക്കുന്ന കടുംഗമംഗലം മാർ പത്രോസ്, മാർ പൗലൂസ് പള്ളിയിൽ സൂക്ഷിച്ചിരിക്കുന്നു. പ്രസിദ്ധീകരിക്കണമെന്ന ഉദ്ദേശ്യത്തോടെ വിവിധ രേഖകൾ ചേർത്ത് കാലാനുക്രമമായി എഴുതിയ ഈ കൃതിയ്ക്ക് ഗ്രന്ഥകർത്താവ് പേരൊന്നും നൽകിയിട്ടില്ലെങ്കിലും *മാർ ശീമോൻ ദിവന്യാസ്യോസിന്റെ നാളാഗമം* എന്ന പേരാണ് ഇതിനേറ്റവും അനുയോജ്യം. ഈ കൃതിയുടെ ഒരു പകർപ്പ് അദ്ദേഹവുമായി കുടുംബബന്ധമുള്ള ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ കൈവശമുണ്ട്.

നിരണം ഗ്രന്ഥവരിയുമായി ഏതാണ്ട് എല്ലാ ഭാഗങ്ങളിലും സമാനത പുലർത്തുന്നു എങ്കിലും ശ്രദ്ധേയമായ ചില വ്യത്യാസങ്ങളും ഇവ തമ്മിലുണ്ട്. യേശുക്രിസ്തു മുതലുള്ള ഓർത്തഡോക്സ് സഭാചരിത്രം, മലങ്കര സഭാചരിത്രം എന്നീ ഭാഗങ്ങളിൽ തുല്യത പുലർത്തുന്ന ഈ രണ്ടു കൃതികൾ തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ താഴെ പറയുന്നവയാണ്.

1) ഗ്രന്ഥവരി ആരംഭിക്കുന്നത് സൃഷ്ടി (ആദാമിന്റെ കാലം) മുതലാണ്. നാളാഗമം യേശുക്രിസ്തുവിന്റെ പുനരുത്ഥാനം മുതലും.

2) 'മാർത്തോമ്മാ ശ്ലീഹായുടെ നടപടികൾ' സംഗ്രഹീത രൂപത്തിൽ നാളാഗമത്തിലുണ്ട്. ഗ്രന്ഥവരിയിലില്ല.

3) പോർട്ടുഗീസുകാരുടെ വരവിനു മുമ്പുള്ള മലങ്കര സഭാചരിത്രം ഗ്രന്ഥവരിയിൽ ഒരു ഖണ്ഡികയിലൊതുങ്ങുമ്പോൾ നാളാഗമത്തിൽ ആ ഭാഗം വളരെ ദീർഘമായി പ്രതിപാദിച്ചിരിക്കുന്നു.

4) എ. ഡി. 825 മുതൽ 1599 വരെയുള്ള കാലത്ത് മലങ്കരയിൽ വന്ന പേർഷ്യൻ മെത്രാന്മാരിൽ ചിലരെപ്പറ്റിയുള്ള വിവരം ഗ്രന്ഥവരിയിലുണ്ട്. നാളാഗമത്തിൽ ഇല്ല.

5) ഗ്രന്ഥവരിയിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്ന പുത്തൻകാവു പള്ളി സ്ഥാപനം നാളാഗമത്തിൽ ഇല്ല.

6) വലിയ മാർ ദിവന്യാസ്യോസിനെ റോമാ വഴക്കുവാൻ തച്ചിൽ മാത്തുതരകൻ നടത്തിയ പീഡനങ്ങൾ ഗ്രന്ഥവരിയിൽ വിശദമായി ഉണ്ട്. നാളാഗമത്തിൽ വളരെ ചുരുക്കത്തിൽ മാത്രം പ്രതിപാദിച്ചിരിക്കുന്നു.

www.malankaralibrary.com

7) വലിയ മാർ ദിവന്യാസ്യോസിന്റെ കാലത്തെ പല സംഭവങ്ങളും ഗ്രന്ഥവരിയേക്കാൾ കൂടുതൽ വിശദമായി നാളാഗമത്തിലുണ്ട്. ചില സംഭവങ്ങളിൽ തിരിച്ചുമുണ്ട്.

8) വലിയ മാർ ദിവന്യാസ്യോസിന്റെ കാലശേഷം 1829 വരെയുള്ള കാലത്തെ ചരിത്രം ഗ്രന്ഥവരിയിൽ വളരെ സംഗ്രഹീതമാണ്. നാളാഗമം ആ കാലത്തെപ്പറ്റി വിശദമായി വിവരം തരുന്നു.

9) നാളാഗമത്തിന്റെ കർത്താവ് കടുത്ത അന്ത്യോഖ്യൻ പക്ഷപാതിയാണെന്ന് അതിലെ പ്രസ്താവനകൾ സാക്ഷിക്കുന്നു. മലങ്കരയിൽ ശല്യമുണ്ടാക്കി നാടുകടത്തപ്പെട്ട വിഗ്രഹഭഞ്ജകനായ ഈവാനിയോസ്, ദീയസ്കോറോസ് എന്നീ അന്ത്യോഖ്യൻ മെത്രാൻമാരേപ്പറ്റി യാതൊരു പരാമർശവും നാളാഗമത്തിലില്ല. അന്ത്യോഖ്യാ പാത്രിയർക്കീസായ മാർ പത്രോസ് ത്രിതീയനിൽനിന്നും പട്ടമേറ്റ മാർ ശീമോൻ ദിവന്യാസ്യോസ് വ്യക്തമായും ആ പക്ഷപാതിയായിരുന്നുവെന്ന് ചരിത്രം രേഖപ്പെടുത്തുന്നുണ്ട്.

ഈ വൈജ്യാത്യങ്ങൾ ഉണ്ടെങ്കിലും ഇവ രണ്ടും ഒരേ മൂലത്തിൽ നിന്നും ഉള്ളവയാണെന്ന് വ്യക്തമാണ്. പദ - വാചക പ്രയോഗങ്ങൾ പോലും പലയിടത്തും ഒന്നുതന്നെയാണ്.

**01. 06. മൂലകൃതി:** ഗ്രന്ഥവരിയും നാളാഗമവും ഒന്ന് ഒന്നിന്റെ പകർപ്പ് ആവുക അസാദ്ധ്യമാണ്. കാരണം ഒന്നിലുള്ള പല വിശദാംശങ്ങളും അടുത്തതിൽ കാണുന്നില്ല. ഈ വിശദാംശങ്ങളാവട്ടെ കൃത്യമായും മറ്റൊരു കൃതിയിൽ നിന്നും പകർത്തുകയല്ലാതെ ഓർമ്മയിൽ നിന്നും എഴുതുക അസാദ്ധ്യമായ സംഗതികളുമാണ്. അതിനാൽ ഇവയ്ക്കു രണ്ടിനും പൊതുവായ ഒരു മൂലകൃതി - ഒരു ദിനവൃത്താന്ത പുസ്തകം - ഉണ്ടായിരിക്കണം.

പ്രത്യേകം ശ്രദ്ധിക്കേണ്ട വസ്തുത, ഇവിടെ *ദിനവൃത്താന്തം* എന്നു പറയുന്നത് നാളാഗമമോ, കണിയാന്ത്ര താളിയോലയോ അതിന്റെ നേർപകർപ്പുകളോ അല്ല. അത് മറ്റൊരു മൂലഗ്രന്ഥമാണ്. ഒന്നുരണ്ടു ഉദാഹരണം കൊണ്ട് ഇത് വ്യക്തമാക്കാം. കാട്ടുമങ്ങാട്ടു മെത്രാന്മാർ പട്ടം കൊടുത്ത കണിയാവള്ളി ഈവാനിയോസിന്റെ ലഘു ചരിത്രം ഗ്രന്ഥവരിയിലുണ്ട്. എന്നാൽ കുറെക്കൂടി വിശദമായ ചരിത്രം നാളാഗമത്തിലുണ്ട്. അതേപോലെ 1808 ലെ കണ്ടനാട് പടിയോലയുടെ പൂർണരൂപം നാളാഗമത്തിലുണ്ട്. എന്നാൽ അത് ഗ്രന്ഥവരിയിലില്ല.

1869 - ൽ പ്രസിദ്ധീകരിച്ച ഇട്ടൂപ്പ് റൈട്ടറുടെ ഗ്രന്ഥത്തിൽ കണ്ടനാട് പടിയോലയുടെ പൂർണരൂപം ഉണ്ട്. എന്നാൽ തന്റെ വ്യക്തിപരമായ താൽപര്യങ്ങൾക്കനുസരിച്ച് ചില ഭാഗങ്ങൾ ഒഴിവാക്കിയാണ് ഇട്ടൂപ്പ് റൈട്ടർ അവ പ്രസിദ്ധീകരിച്ചത്. ആ പുസ്തകത്തിൽ നിന്നു മാത്രമാണ് കണ്ടനാടു പടിയോലയെപ്പറ്റി ലോകം അറിഞ്ഞിരുന്നത്. ഇട്ടൂപ്പ് റൈട്ടർ വിട്ടുകളഞ്ഞ ഭാഗങ്ങൾ നാളാഗമത്തിലുണ്ട്. അതിൽ നിന്നും ഇട്ടൂപ്പ് റൈട്ടറെയല്ല മാർ ശീമോൻ ദിവന്യാസ്യോസ് ആശ്രയിച്ചത് എന്ന് വ്യക്തമാണ്. മറിച്ച് തച്ചിൽ മാത്തുതരകന്റെ പീഡനം, പുത്തൻകാവ് പള്ളി സ്ഥാപനത്തിന്റെ വിശദാംശങ്ങൾ, വലിയ മാർ ദിവന്യാസ്യോസിന്റെ അന്ത്യകാലം, കേണൽ മക്കാളെ, ഡോ. ക്ലോഡിയസ് ബുക്കാനൻ ഇവരുടെ സന്ദർശനം എന്നിവ വിശദമായി ഗ്രന്ഥവരിയിലുണ്ട്. ഇവയുടെ ഒന്നും വിശദാംശങ്ങൾ ഓർമ്മയിൽ നിന്ന് എഴുതുക അസാദ്ധ്യമാണ്.



ഇതിൽനിന്നും മനസിലാകുന്നത് കണിയാന്ത്ര താളിയോലയ്ക്കും മാർ ശീമോൻ ദിവന്യാസ്യോസിന്റെ നാളാഗമത്തിനും പൊതുവായ ഒരു മൂലകൃതി - ഒരു ദിനവൃത്താന്തം - ഉണ്ടായിരുന്നു എന്നാണ്. രണ്ടു കൃതികളുടെ കർത്താക്കളും അതിൽനിന്നു തങ്ങൾക്ക് താൽപര്യമുള്ള ഭാഗങ്ങൾ വിശദമായും, താൽപര്യമില്ലാത്ത ഭാഗങ്ങൾ ചുരുക്കിയും, പലപ്പോഴും ഉപേക്ഷിച്ചുമാണ് തങ്ങളുടെ കൃതികൾ രചിച്ചത്. ആ അർത്ഥത്തിൽ രണ്ടും മൂലകൃതികളല്ല എന്നു വരുന്നു.

മുൻപ് സൂചിപ്പിച്ചതുപോലെ, പകലോമറ്റം അർക്കദ്യക്കോന്മാരും തുടർന്ന് മാർത്തോമ്മാ മെത്രാന്മാരും തങ്ങളുടെ കാലത്തെ അവിഛിന്നമായ ഒരു ദിനവൃത്താന്തപുസ്തകം എഴുതി സൂക്ഷിച്ചിരിക്കണം. അപ്രകാരമല്ലെങ്കിൽ, ഒരു വ്യക്തിക്കും ഏതാനും വർഷങ്ങൾക്കുശേഷം ഓർക്കുക അസാദ്ധ്യമായത്ര വിശദാംശങ്ങളും തീയതികളും അസാമാന്യമായ കൃത്യതയോടെ ഗ്രന്ഥവരിയിൽ ചേർക്കുക സാധ്യമല്ല.

ഗ്രന്ഥവരിയുടെ യഥാർത്ഥ മൂലകൃതി - മാർത്തോമ്മാ മെത്രാന്മാരുടെ ദിനവൃത്താന്തം - ഇന്നെവിടെയാണ്? ഗ്രന്ഥവരിതന്നെ അതിനുത്തരം തരുന്നുണ്ടെന്നു തോന്നുന്നു. *'എന്നാൽ പാലമറ്റത്തു തറവാട്ടിലുള്ള അർക്കദ്യക്കോന്മാരുടെയും മെത്രാന്മാരുടെയും വിവരം എഴുതിയിരുന്ന കടുദാസുകളും ഗ്രന്ഥവരിയും നിരണത്തുപള്ളിയിൽ വെച്ചു പൂട്ടിയിരുന്ന പെട്ടകം ചിതലെടുത്തു കെടുകാര്യം വന്നുപോയാറെ അതിലൊരിടത്തുകണ്ടത്......"*

ദീർഘവർഷങ്ങൾ നിരണംപള്ളി മാർത്തോമ്മാ മെത്രാന്മാരുടെ ആസ്ഥാനമായിരുന്നു എന്നതും കണിയാന്ത്ര കൈയെഴുത്തുപ്രതിയുടെ പ്രയാണം ആരംഭിച്ചത് അവിടെ നിന്നാണെന്നുമുള്ള വസ്തുതകൾ ഈ പ്രസ്താവന ശരിയാണെന്ന നിഗമനത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നു. അങ്ങനെയെങ്കിൽ മൂലകൃതി എന്നന്നേയ്ക്കുമായി നഷ്ടപ്പെട്ടു എന്ന് കരുതേണ്ടിയിരിക്കുന്നു.

**01. 07. രചനാകാലം:** മൂന്നാം അദ്ധ്യായത്തിന്റെ അവസാന ഭാഗത്തു ബെഞ്ചമിൻ ബെയ്‌ലിയുടെ ബൈബിൾ പരിഭാഷയെപ്പറ്റിയുള്ള പരാമർശനം വർത്തമാനകാലത്തിലാണ് (......*അച്ചടിച്ചു വരുന്നു* എന്ന്). 1829 ൽ ബെഞ്ചമിൻ ബെയ്‌ലി തന്റെ ബൈബിൾ പരിഭാഷ പൂർത്തീകരിച്ചു. അപ്പോൾ അതിനുമുമ്പ് കണിയാന്ത്ര താളിയോലയുടെ രചന അവസാനിച്ചിരിക്കണം. ഈ നിഗമനത്തിൽ തന്നെയാണ് കറുത്തേടത്ത് പകർപ്പിനെ അടിസ്ഥാനമാക്കി ടി. കെ. ജോസഫും എത്തിയിട്ടുള്ളത്.

മൂലഗ്രന്ഥത്തിന്റെ കണിയാന്ത്ര പകർപ്പിനു അടിസ്ഥാനമായ രേഖയുടെ രചന ആരംഭിച്ച വർഷം കൃത്യമായും ഗ്രന്ഥവരിയിൽ നിന്നുതന്നെ ലഭിക്കുന്നുണ്ട്. *'എന്നാൽ 981 -ാം മാണ്ട് കടമറ്റത്തിരിക്കുമ്പോൾ....എഴുതിച്ചത്'*. ഈ പ്രസ്താവന മുകളിൽ പറഞ്ഞതുപോലെ അഞ്ച്, ആറ് മാർത്തോമ്മാ മെത്രാന്മാരുടെ ചരിത്രം എഴുതിയ കാലം മാത്രമേ സൂചിപ്പിക്കുന്നുള്ളു. ഗ്രന്ഥവരിയിലെ മലങ്കര സഭാചരിത്രം വിവരിക്കുന്ന മൂന്നാം അദ്ധ്യായം വിവിധ രീതിയിലാണ് എഴുതപ്പെട്ടിരിക്കുന്നത്. ഇതിനു രചനാകാലവുമായി ബന്ധമുണ്ട്. അത് പിന്നാലെ വിശദമാക്കാം.

മാർത്തോമ്മാ മെത്രാന്മാരുടെ ദിനവൃത്താന്തത്തിന്റെ രചനാകാലം തേടി വീണ്ടും പിറകോട്ടു പോകേണ്ടിയിരിക്കുന്നു. ഗ്രന്ഥവരിയിലെ തന്നെ ചില

www.malankaralibrary.com

ഭാഗങ്ങൾ കൂടുതൽ പൗരാണികത ഈ കൃതിക്കു നൽകുന്നുണ്ട്. 1806 ൽ എഴുതാൻ തുടങ്ങിയതായി പറയുന്ന ഗ്രന്ഥവരിയിൽ വർത്തമാനകാലത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ചില സംഭവങ്ങൾ പരിശോധിക്കാം.

1) *“പണ്ടാരി പൗലൂസ് മെത്രാൻ ഓസ്തികൂടാതെ കുറുവാനചൊല്ലി ഭ്രാന്തനായിട്ട് പുറപ്പെട്ട് തെണ്ടിത്തിന്നു നടക്കുന്നു.”* ഈ പ്രസ്താവനയ്ക്ക് ആധാരമായ സംഭവം നടക്കുന്നത് 1802–3 കാലഘട്ടത്തിലാണ്. പണ്ടാരി പൗലൂസ് മെത്രാന് 1802 ൽ അധികാരം നഷ്ടപ്പെട്ടു. തൊട്ടു മുമ്പിലത്തെ വാചകം – കട്ടക്കയത്തിൽ ഗോവർണദോരുടെ സ്ഥാനം ഉപേക്ഷിച്ച സംഭവം – വിവരിക്കുന്നത് ഭൂതകാലത്തിലാണ്. ആ സംഭവം നടന്നത് 1801 ൽ ആണ്.

2) “*വീണ്ടും അവർ എഴുത്താലെയും വചനത്താലെയും തീരുമാനിച്ച കാര്യങ്ങൾ നടത്താൻ വിചാരിച്ചുവരുന്നു.*” ഒരു സംഭവവിവരണം എന്നതിലുപരി തച്ചിൽ മാത്തുതരകനും റോമൻകത്തോലിക്കരും വലിയ മാർ ദിവന്യാസ്യോസിനെ റോമാവഴക്കാൻ നടത്തുന്ന ശ്രമങ്ങളെപ്പറ്റി ഗ്രന്ഥകാരനുണ്ടായ വിചാരം വർത്തമാനകാലത്തിൽ പ്രയോഗിച്ചിരിക്കുകയാണിവിടെ. ഈ സംഭവം നടന്നത് കൊ. വ. 967 (1791) വൃശ്ചികം 22 ന് ആണ്.

3) നാളാഗമത്തിൽ കുറേക്കൂടി പഴയ ഒരു സംഭവം വർത്തമാനകാലത്തിൽ കാണുന്നുണ്ട്. “ *മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും മാർ ഈവാനിയോസ് എപ്പിസ്കോപ്പായും മാർ ദിവന്യാസ്യോസ് മെത്രാപ്പോലീത്തായും ഒരു വിശ്വാസത്തിൽ ഇരിക്കുന്നു.*” മാർത്തോമ്മാ ആറാമനെ മാർ ദിവന്യാസ്യോസ് ഒന്നാമനായി സ്ഥാനാരോഹണം ചെയ്തത് കൊ: വ. 945 (1770) മിഥുനം 29 നും മാർ ഗ്രീഗോറിയോസ് കാലം ചെയ്തത് 1773 മിഥുനം 27 നും ആണ്. ഈ ഭാഗം പരാമർശിക്കുന്ന കാലം 1770–73 ആണെന്നു വ്യക്തമാണ്.

ഇത്തരം വർത്തമാനകാലത്തിലുള്ള പ്രസ്താവനകളെ വ്യാകരണപ്പിശകുകളായി കണക്കാക്കാനാവില്ല. അവ വർത്തമാനകാലത്തിൽ തുടർച്ചയായി എഴുതിപ്പോന്ന ഒരു ദിനവൃത്താന്തം – ഡയറി – ചരിത്രഗ്രന്ഥമാക്കാൻ ഭൂതകാല പ്രയോഗത്തിലേക്ക് മാറ്റിയപ്പോൾ സംഭവിച്ച നോട്ടപ്പിശകുകളാണ്. ഇന്നവ യഥാർത്ഥ രചനാകാലത്തിലേയ്ക്കു വെളിച്ചം വീശുന്ന അമൂല്യതെളിവുകളും.

മേൽപ്പറഞ്ഞ തെളിവുകളിൽ നിന്നും, സംഭവങ്ങളും തീയതികളും മാത്രം എഴുതുന്ന ദിനവൃത്താന്തം മാത്രമല്ല, ഗ്രന്ഥകർത്താവിന്റെ നിഗമനങ്ങളും അഭിപ്രായങ്ങളും കൂടിച്ചേർന്ന യഥാർത്ഥചരിത്രം, 1806 മുമ്പ് കുറച്ചുകൂടി കൃത്യമായി പറഞ്ഞാൽ 1773 നു മുമ്പു തന്നെ, എഴുതിത്തുടങ്ങിയിരുന്നു എന്നു വരുന്നു.

**01. 08. രചയിതാവ്:** മുമ്പ് സൂചിപ്പിച്ചതുപോലെ നിരണം ഗ്രന്ഥവരിയുടെ കണിയാന്ത്ര താളിയോല പകർപ്പിന്റെ സമ്പാദകൻ കണിയാന്ത്ര തൊമ്മി ചാണ്ടി കത്തനാരാണെന്ന് ഏതാണ്ട് തീർച്ചയാണ്. പ്രൊഫ. ജോസഫ് കെ. അലക്സാണ്ടറുടെ പഠനത്തിൽ നിന്നും (അനുബന്ധം) ആ നിഗമനത്തിലെത്തിച്ചേരാം.

*പലകൂട്ടം കാര്യങ്ങൾ* എന്ന അദ്ധ്യായത്തിലെ വൈവിധ്യമാർന്ന വിഷയങ്ങൾ പല സ്രോതസുകളിൽ നിന്നു അദ്ദേഹം സംഭരിച്ചതാണെന്നും കരുതാം. അന്ത്യോഖ്യൻ സുറിയാനി ഗ്രന്ഥങ്ങൾ, കൽദായ, ലത്തീൻ പാരമ്പര്യങ്ങൾ, സംസ്കൃത കൃതികൾ, പ്രാചീന മലയാള കൃതികൾ, പ്രാദേശിക ഐതീഹ്യങ്ങൾ ഇവ ഈ



സ്രോതസുകളിൽ ഉൾപ്പെടുന്നുണ്ട്.

ഒന്നും രണ്ടും അദ്ധ്യായങ്ങൾ അന്ത്യോഖ്യൻ പാരമ്പര്യത്തിലുള്ള സഭാ ചരിത്രവുമായി നല്ല പരിചയമുള്ളവർക്കു മാത്രമേ എഴുതുവാൻ സാധിക്കൂ. അവ അന്നു ലഭ്യമാവുക സുറിയാനി ഭാഷയിൽ മാത്രവും. സുറിയാനിയും മലയാളവും നന്നായി വഴങ്ങുന്ന വ്യക്തിക്കു മാത്രമേ, ആ ഭാഗം രചിക്കാൻ സാധിക്കൂ എന്നത് രചനാശൈലിയിൽ നിന്നും വ്യക്തമാണ്.

**01. 08. 01. പീലിപ്പോസ് റമ്പാൻ:** ഈ യോഗ്യതകളുള്ള ഒരു വ്യക്തി അന്നുണ്ടായിരുന്നു. പ്രഥമ ബൈബിൾ പരിഭാഷകനായ കായംകുളം പീലിപ്പോസ് റമ്പാൻ. അദ്ദേഹത്തിന്റെ മലയാള ഭാഷാ സ്വാധീനം ബൈബിൾ പരിഭാഷയിൽ നിന്നറിയാം. അദ്ദേഹത്തിനു സുറിയാനിയിലും അസാമാന്യ വ്യുൽപ്പത്തി ഉണ്ടായിരുന്നു. കോനാട്ട് ഗ്രന്ഥ ശേഖരത്തിൽ അദ്ദേഹത്തിന്റെ ഏതാനും സുറിയാനി കവിതകൾ സൂക്ഷിച്ചിട്ടുണ്ട് (154–ാം നമ്പർ കൈയെഴുത്തു പുസ്തകം). മാർ അപ്രേമിന്റെ രീതിയിൽ അന്ത്യാക്ഷരപ്രാസത്തിൽ എഴുതിയ ഈ കവിതകൾ അന്ത്യോഖ്യൻ വേദശാസ്ത്രത്തെക്കുറിച്ചാണ്.

പീലിപ്പോസ് റമ്പാൻ, മാർ ഈവാനിയോസ് യൂഹാനോന്റെ ശിഷ്യനായിരുന്നു എന്ന് ഗ്രന്ഥവരി തന്നെ സാക്ഷിക്കുന്നു. അതിനാൽ അദ്ദേഹത്തിനു അന്ത്യോഖ്യൻ പാരമ്പര്യത്തെപ്പറ്റി നല്ല ജ്ഞാനം ലഭിച്ചിരുന്നു. അദ്ദേഹത്തിന്റെ സുറിയാനി – മലയാളം ഭാഷകളിലും, വേദത്തിലും, വേദശാസ്ത്രത്തിലുമുള്ള കഴിവിന്റെ അംഗീകാരമായി വേണം ബൈബിൾ പരിഭാഷകനായി അദ്ദേഹത്തെ നിയമിച്ചതിനെ കണക്കാക്കാൻ.

വലിയ മാർ ദിവന്യാസ്യോസിന്റെ സന്തത സഹചാരിയും വിശ്വസ്തനുമായിരുന്നു പീലിപ്പോസ് റമ്പാനെന്ന് ഗ്രന്ഥവരിയിൽ നിന്നും വ്യക്തമാണ്. മാർ ദിവന്യാസ്യോസിന്റെ നിർദ്ദേശപ്രകാരമാണ് ഗ്രന്ഥവരി രചിച്ചത്. അതിനാൽ പണ്ഡിതനും തന്റെ വിശ്വസ്തനുമായ പീലിപ്പോസ് റമ്പാനെ ആഗോള സഭാചരിത്രം രചിക്കാനുള്ള ചുമതലയേൽപ്പിച്ചു എന്നു വിചാരിക്കുന്നതിൽ യുക്തിഭംഗമില്ല. അതു രചിക്കാനുള്ള ഭാഷ – വിഷയ സ്വാധീനം റമ്പാനുണ്ടായിരുന്നു എന്നത് അദ്ദേഹത്തിന്റെ ഇതരകൃതികളിൽ നിന്നും വ്യക്തമാണ്.

ഇതേ കാരണങ്ങൾ കൊണ്ടുതന്നെ *ചുരുക്കത്തിൽ വിശ്വാസ കാര്യങ്ങൾ, മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങൾ* എന്നിവയുടെ പരിഭാഷകനും പീലിപ്പോസ് റമ്പാൻ തന്നെയല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ മേൽ പ്രസ്താവിച്ച സുറിയാനി കവിതയ്ക്കും *ചുരുക്കത്തിൽ വിശ്വാസ കാര്യങ്ങൾ* എന്ന അദ്ധ്യായത്തിനും ആശയപ്പൊരുത്തമുണ്ട് എന്നത് ഈ നിഗമനത്തിനു ശക്തി പകരുന്നു.

ആ കാലഘട്ടത്തിലാണ് കരിയാറ്റി മൽപ്പാന്റെ *വേദതർക്കം*, ക്ലെമെന്റ് പിയാനോസ് പാതിരിയുടെ *സംക്ഷേപ വേദാർത്ഥം* മുതലായ കൃതികളുടെ രചന. ഓർത്തഡോക്സ് വിശ്വാസത്തിനെതിരായി റോമൻ കത്തോലിക്കാ വിശ്വാസം ശരിയെന്നു പഠിപ്പിക്കുന്ന രീതിയിലാണ് അവ രചിക്കപ്പെട്ടിരിക്കുന്നത്. അപ്പോൾ അവയ്ക്കെതിരായ ഈ രചനകൾക്ക് ആ കാലത്ത് പ്രസക്തിയുണ്ട്. റോമൻ കത്തോലിക്കരുമായുള്ള ബൗദ്ധിക യുദ്ധതന്ത്രത്തിന്റെ ഭാഗമായി പീലിപ്പോസ് റമ്പാൻ മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങളും മറ്റും പരിഭാഷപ്പെടുത്തി

www.malankaralibrary.com

എന്നു വിചാരിക്കാം. മാർ ഈവാനിയോസിന്റെ മെമ്രകളിൽ ചിലതും റമ്പാൻ രചിച്ചതായിക്കൂടായ്കയില്ല.

**01. 08. 02. ചരിത്രഭാഗം:** ഡോ. പി. ജെ. തോമസ്, സി. എം. ആഗൂർ, ടി. കെ. ജോസഫ്, ചിത്രമെഴുത്ത് മുതലായവർ *'മാർ ദിവന്യാസ്യോസിന്റെ ഡയറി'* എന്നു വിളിക്കുന്നുണ്ടെങ്കിലും ഇത് അദ്ദേഹത്തിന്റെ കൃതിയല്ല എന്ന് ഉറപ്പിച്ചു പറയാം. ഈ കൃതിയുടെ പ്രധാനഭാഗം അദ്ദേഹത്തിന്റെ കാലത്തെ സംഭവങ്ങളും അദ്ദേഹത്തിന്റെ സംഭാവനകളുമാണെങ്കിൽപോലും ഗ്രന്ഥകർത്താവ് മറ്റൊരാളാണ്.

ഗ്രന്ഥവരിയിൽ ചരിത്രമെഴുതണമെന്ന് മാർ ദിവന്യാസ്യോസ് ആവശ്യപ്പെട്ടു എന്നല്ലാതെ *(എന്നാൽ 981 -ാം മാണ്ട് കടമറ്റത്തിരിക്കുമ്പോൾ....എഴുതിച്ചത്)* സ്വയം എഴുതി എന്നു പറയുന്നില്ല. സംഭവങ്ങൾ രേഖപ്പെടുത്തുന്ന ഒരു ഡയറി എന്നതിലുപരി കാര്യകാരണബന്ധങ്ങളും നിരീക്ഷണങ്ങളും അടങ്ങിയ ഒരു ചരിത്രകൃതി തന്നെയാണ് നിരണം ഗ്രന്ഥവരി. ഗ്രന്ഥകർത്താവിനെപ്പറ്റി വ്യക്തമായ ഒരു പരാമർശനവും ഗ്രന്ഥവരി നൽകുന്നില്ല. എങ്കിലും ഗ്രന്ഥകർത്താവിനെപ്പറ്റി നിഗമനങ്ങളിൽ എത്താനുതകുന്ന പല സൂചനകളും ഗ്രന്ഥവരിയിലുണ്ട്.

ഗ്രന്ഥകർത്താവ് വലിയ മാർ ദിവന്യാസ്യോസിനെ *അച്ചൻ* എന്നും ഏഴാം മാർത്തോമയെ *ചെറിയച്ചൻ* എന്നുമാണ് സംബോധന ചെയ്യുന്നത്. അതേ കുടുംബത്തിൽപ്പെട്ട നാലാം മാർത്തോമയെയും എട്ടാം മാർത്തോമയെയും *മെത്രാച്ചൻ* എന്നു മാത്രവും. ആറും ഏഴും മാർത്തോമാ മെത്രാന്മാരോട് വ്യക്തിപരമായി അടുപ്പമുണ്ടായിരുന്ന ഒരാളാണ് ഗ്രന്ഥകർത്താവെന്ന് ഇതു വ്യക്തമാക്കുന്നു. എന്നാൽ ആ കുടുംബക്കാരനല്ലതാനും.

കടമറ്റത്ത് എഴുത്ത് ആരംഭിച്ചപ്പോഴും പിന്നീട് നിരണത്ത് ഏഴാം മാർത്തോമാ രചനയ്ക്ക് മേൽനോട്ടം വഹിക്കുമ്പോഴും ഗ്രന്ഥകർത്താവ് സ്ഥലത്തുണ്ട്. അതിനാൽ അദ്ദേഹം മാർ ദിവന്യാസ്യോസിന്റെ സന്തത സഹചാരിയായിരുന്നു എന്ന് അനുമാനിക്കാം.

പല സംഭവങ്ങൾ നടക്കുമ്പോഴും ഗ്രന്ഥകർത്താവ് അതിൽ ഭാഗഭാക്കായ വിധത്തിലാണ് വിവരിച്ചിരിക്കുന്നത്. ഇത് *സന്തത സഹചാരി* എന്ന ആശയത്തെ ദൃഢപ്പെടുത്തുന്നു.

ചരിത്ര ഭാഗത്തിന്റെ ഘടന പരിശോധിച്ചാൽ അഞ്ചാം മാർത്തോമയുടെ കാലത്തിന് മുമ്പും, വലിയ മാർ ദിവന്യാസ്യോസിന് ശേഷവും ഉള്ള ചരിത്രം വളരെ സംഗ്രഹീതമാണ്. ഇത് ഗ്രന്ഥവരി വിശദമായി പരാമർശിക്കുന്ന അഞ്ചും ആറും മാർത്തോമ്മാ മെത്രാന്മാരുടെ ജീവചരിത്രത്തിന് പൂരകമായി രചിച്ചതാണെന്ന് വ്യക്തമാണ്. രചനാശൈലി വെച്ച് നോക്കുമ്പോൾ വലിയ മാർ ദിവന്യാസ്യോസിന് ശേഷമുള്ള ചരിത്രത്തിന്റെ രചയിതാവ് മറ്റൊരാളാകാനും സാദ്ധ്യതയുണ്ട്.

ചരിത്രഭാഗത്തിലെ വർത്തമാനകാലത്തിലുള്ള പരാമർശങ്ങളിൽനിന്നും അത് ഒരാളുടെ ജീവിതകാലത്ത് പങ്കെടുക്കാവുന്നതിലും നീണ്ട കാലഘട്ടമാണെന്ന് ജോസി ജേക്കബ് ശെമ്മാശൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നാൽ ഗ്രന്ഥവരി ഒരു വിശദമായ നാളാഗമത്തിന്റെ സംഗ്രഹീത രൂപമാണ് എന്നതിനാൽ ഈ പ്രശ്നത്തിന് പ്രസക്തിയില്ല.

വലിയ മാർ ദിവന്യാസ്യോസിന്റെ നിർദ്ദേശാനുസരണം രചിച്ച അഞ്ചും



ആറും മാർത്തോമാമാരുടെ ചരിത്രത്തിന്റെ മുമ്പിൽ കൊ. വ. ഒന്നാം നൂറ്റാണ്ടു മുതലുള്ള ചുരുങ്ങിയ ചരിത്രവും, അതിനുമുമ്പ് സാർവ്വത്രിക സഭാ ചരിത്രവും, ശേഷം 1829 വരെയുള്ള ചരിത്രവും ചേർത്തതാണ് കണിയാന്ത്ര താളിയോല. മൂല നാളാഗമത്തിന്റെ രചയിതാവും കണിയാന്ത്ര താളിയോലയുടെ സമ്പാദകനും ആരെന്നത് ഇതര തെളിവുകൾ കിട്ടുന്നതുവരെ അജ്ഞാതമായിത്തന്നെ ഇരിക്കും. ഉള്ളടക്ക പരിശോധനയിൽനിന്നും ചരിത്രഭാഗത്തിന്റെ രചയിതാവ് പീലിപ്പോസ് റമ്പാനാകാൻ സാദ്ധ്യതയില്ലെന്നാണ് മനസ്സിലാകുന്നത്.

**01. 09. ചരിത്ര പ്രാധാന്യം:** നിരണം ഗ്രന്ഥവരിക്ക് ചരിത്രപരമായി വളരെ പ്രാധാന്യമുണ്ട്. മലയാളിയാൽ എഴുതപ്പെട്ട മലങ്കര നസ്രാണികളുടെ ആദ്യ ചരിത്രഗ്രന്ഥമാണിത്. ഇതിനു മുമ്പും പിമ്പും പല യൂറോപ്യരും നസ്രാണികളുടെ ചരിത്രമെഴുതിയെങ്കിലും അവയൊക്കെയും യൂറോപ്യൻ അധിനിവേശ - റോമൻ കത്തോലിക്കരും, പ്രൊട്ടസ്റ്റന്റുകാരും - കാഴ്ചപ്പാടോടെയാണ് രചിച്ചത്. എന്നാൽ നിരണം ഗ്രന്ഥവരിയാകട്ടെ യൂറോപ്യൻ സ്വാധീനമില്ലാതെ തികച്ചും ദേശീയമായ കാഴ്ചപ്പാടോടെ, ദേശീയമായ ഭരണസ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുന്ന ഒരു മനോഭാവം ഉള്ളവരാൽ, രചിക്കപ്പെട്ടതാണ്. ഇതാണ് രണ്ടാമത്തെ പ്രാധാന്യം.

മുകളിൽ പറഞ്ഞ രചനാകാലം നൽകുന്ന ശ്രദ്ധേയമായ മറ്റൊരു പ്രാധാന്യം നിരണം ഗ്രന്ഥവരിയുടെ ആദ്യഭാഗം 1773 നു മുമ്പുതന്നെ എഴുതപ്പെട്ടു എന്നതാണ്. അങ്ങനെയെങ്കിൽ 1781 ൽ എഴുതപ്പെട്ട *വെള്ളയുടെ ചരിത്ര*ത്തെക്കാൾ പുരാതനമാണ് നിരണം ഗ്രന്ഥവരി. അങ്ങനെ മലയാളത്തിലെ ആദ്യ ചരിത്ര ഗ്രന്ഥവും.

**01. 09. 01. ഭാഷാ പ്രാധാന്യം.** മലയാളഗദ്യത്തിന്റെ വികസനത്തിനു യൂറോപ്യൻ മിഷനറിമാരോടു കടപ്പെട്ടിരിക്കുന്നു എന്നതാണ് പൊതുവേയുള്ള വിശ്വാസം. ഈ വിശ്വാസത്തെ നിരണം ഗ്രന്ഥവരിയുടെ അടിസ്ഥാനത്തിൽ ഗൗരവമായി പുനഃപരിശോധിക്കേണ്ടിയിരിക്കുന്നു.

യൂറോപ്യൻ മിഷനറിമാരുമായിട്ടോ അവരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുമായിട്ടോ യാതൊരു ബന്ധവുമില്ലാത്ത ശുദ്ധ നാട്ടു ക്രിസ്ത്യാനികളാണ് നിരണം ഗ്രന്ഥവരിയുടെ കർത്താക്കൾ. അവർ റോമൻ കത്തോലിക്കരുമായുള്ള ബന്ധം ഒന്നര നൂറ്റാണ്ടുമുമ്പേ - 1653 ൽ - വിച്ഛേദിച്ചിരുന്നു. ആംഗ്ലിക്കൻ മിഷനറിമാരുമായിട്ടു ബന്ധത്തിലെത്തുന്നത് 1815 ൽ മാത്രമാണ്. അതിനും ശേഷമാണ് ആംഗ്ലിക്കൻ മിഷനറിമാരുടെ വിദ്യാഭ്യാസ - ഭാഷാ പ്രവർത്തനങ്ങൾ സജീവമാകുന്നതും പ്രചരിക്കുന്നതും.

നിരണം ഗ്രന്ഥവരിയുടെ മൂലഗ്രന്ഥകർത്താവും, സംശോധകനായ കണിയാന്ത്ര തൊമ്മി ചാണ്ടി കത്തനാരും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും മിഷനറി മലയാളത്തിനും ശിഷ്യപ്പെട്ടവരല്ലായിരുന്നു.

ഈ കാലഘട്ടത്തിൽ മലയാളം പഠിച്ച യൂറോപ്യർ, മലയാളികളായ റോമാ സുറിയാനിക്കാർ എന്നിവരുടെ കൃതികളുമായി നിരണം ഗ്രന്ഥവരിയെ താരതമ്യ പഠനം നടത്തുന്നത് ഭാഷാ ഗവേഷകർക്ക് അമൂല്യമായ വിവരങ്ങൾ നൽകും. അതേപോലെ തന്നെ പിൽക്കാല യൂറോപ്യൻ മിഷനറിമാരുടെ കൃതികളുമായി ഇതിനെ താരതമ്യം ചെയ്താൽ, മിഷനറി മലയാളം പോലെ തന്നെ ഒരു മിഷനറി

www.malankaralibrary.com

– ഇതര ക്രൈസ്തവ ഗദ്യശാഖയും മലയാളത്തിൽ ഉണ്ടായിരുന്നു എന്നു വ്യക്തമാകും.

നിരണം ഗ്രന്ഥവരിയിലെ ഭാഷയുടെ മറ്റൊരു പ്രത്യേകത അതിന്റെ അത്ഭുതാവഹമായ പദസ്വാധീനമാണ്. യൂറോപ്യൻ ഭാഷകളിൽ നിന്നു അപൂർവം പദങ്ങൾ മാത്രമാണ് ഇതിൽ കടന്നുകൂടിയിരിക്കുന്നത്. ഓർത്തഡോക്സ് വേദശാസ്ത്രം – അതിലും വിശിഷ്യ ക്ലിഷ്ടമായ ത്രിത്വ വിശ്വാസം, പുത്രൻ തമ്പുരാന്റെ ആളത്വം മുതലായ വിഷയങ്ങൾ – വിവരിക്കുവാൻ ഗ്രന്ഥവരിയിൽ പ്രയോഗിക്കുന്ന പദങ്ങൾ സൂക്ഷ്മപരിശോധനയ്ക്കു വിധേയമാക്കേണ്ടിയിരിക്കുന്നു. ഒരു ചെറിയ വ്യത്യാസം പോലും വേദവിപരീതത്തിനു വഴി വയ്ക്കുന്ന ഈ ഭാഗങ്ങൾ പരകീയപദങ്ങൾ കൂടാതെ തന്നെ തെറ്റില്ലാതെ പരിഭാഷപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടെന്നാണ് വേദപണ്ഡിതരുടെ അഭിപ്രായം. ഇത് മലയാള ഗദ്യത്തിന്റെ വളർച്ചയെപ്പറ്റി നിലവിലുള്ള അഭിപ്രായം തിരുത്തിക്കുറിക്കുന്നതാണ്.

**01. 10. പ്രസിദ്ധീകരണ ശ്രമങ്ങൾ:** ഗ്രന്ഥവരിയുടെ ചില ഭാഗങ്ങൾ മാത്രം മുമ്പ് ചില മാസികകളിൽ പ്രസിദ്ധീകരിച്ചിരുന്നു (1960 കളിലും, 1998–99 കാലഘട്ടത്തിലും *മലങ്കരസഭ മാസിക*യിലും 1991 ൽ *മലങ്കര ഓർത്തഡോക്സ് ഹെറാൾഡി*ലും). മുമ്പ് രേഖപ്പെടുത്തിയപോലെ ചിത്രമെഴുത്ത് കെ. എം. വർഗീസ് ഗ്രന്ഥവരി എഡിറ്റ് ചെയ്ത് പ്രസിദ്ധീകരണത്തിനേൽപ്പിച്ചെങ്കിലും അത് എന്തുകൊണ്ടോ ഫലവത്തായില്ല. അതിനുമുമ്പ് ഗ്രന്ഥവരിയുടെ കറുത്തേടത്ത് പകർപ്പ് ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കാൻ ടി. കെ. ജോസഫ് ശ്രമിച്ചിരുന്നു. ആ ശ്രമവും ഫലവത്തായില്ല. ജോസഫ് ഇടമറുക് ഗ്രന്ഥവരി എഡിറ്റ് ചെയ്യുകയും തന്റെ കൃതികളുടെ ലിസ്റ്റിൽ അതിനെക്കുറിച്ച് പരാമർശിക്കുകയും ചെയ്തെങ്കിലും പ്രസിദ്ധീകരിച്ചതായി അറിവില്ല.

1989 ൽ കണിയാന്ത്ര കുടുംബം ഗ്രന്ഥവരി പ്രസിദ്ധീകരിക്കാൻ മലങ്കര ഓർത്തഡോക്സ് ചർച്ച് പബ്ലിക്കേഷൻസിനെ ഏല്പിച്ചുവെങ്കിലും സഭാ വ്യവഹാരങ്ങളെ ദോഷകരമായി ബാധിക്കും എന്ന ഭയം മൂലം അവർ പ്രസിദ്ധീകരണ ശ്രമങ്ങൾ നീട്ടിക്കൊണ്ടുപോയി. തുടർന്ന് 1996 ൽ കണിയാന്ത്ര കുടുംബം, തങ്ങൾ നൽകിയ പ്രസിദ്ധീകരണാവകാശം പിൻവലിച്ചു.

അമൂല്യമായ ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെടണം എന്ന ആഗ്രഹത്തോടെ സഭാചരിത്ര ഗവേഷകനും പ്രസാധകനും പത്രപ്രവർത്തകനുമായ ശ്രീ. ജോയ്സ് തോട്ടയ്ക്കാട് 2000 ജൂണിൽ ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം ഏറ്റെടുക്കുകയും ഈ ലേഖകനെ ആ ദൗത്യം ഭരമേല്പിക്കുകയും ചെയ്തു. ഈ സംരംഭത്തിന്റെ സത്യസന്ധത ബോദ്ധ്യപ്പെട്ട് 2000 ജൂലൈയിൽ കണിയാന്ത്ര കുടുംബം പ്രസിദ്ധീകരണാവകാശം ഈ ലേഖകനു നല്കി.

**01. 11. പഠനങ്ങൾ:** നിരണം ഗ്രന്ഥവരിയെപ്പറ്റി സമഗ്രമായ പഠനങ്ങളൊന്നും ഇതു വരെ നടത്തിയിട്ടില്ല. 1993 ൽ ജോസി ജേക്കബ് ശെമ്മാശൻ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ സമർപ്പിച്ച *നിരണം ഗ്രന്ഥവരിയിലെ ചരിത്രദർശനം – ഒരു പഠനം* എന്ന ബി. ഡി. തിസീസാണ് ഇതിനൊരപവാദം. അതാകട്ടെ ഒരു ബി.ഡി. തിസീസിന്റെ നിലവാരത്തിൽ ഉപരിപ്ലവമായ പരാമർശനങ്ങളിൽ മാത്രം ഒതുങ്ങുന്ന ഒന്നാണ്.



## 02. 00. ചരിത്ര പശ്ചാത്തലം

**02. 01. വിവിധ പേരുകൾ.** രണ്ടു സഹസ്രാബ്ദ കാലത്തെ ചരിത്രമുണ്ട് കേരളത്തിലെ ക്രൈസ്തവർക്ക്. ക്രിസ്തുശിഷ്യനായ മാർതോമാ ശ്ലീഹാ എ. ഡി. 52 ൽ കേരളത്തിലെത്തി സഭ സ്ഥാപിച്ചു എന്നാണ് പാരമ്പര്യം. അതിനാൽ അവർ സെന്റ് തോമസ് ക്രിസ്ത്യാനികൾ അഥവാ മാർതോമാ ക്രിസ്ത്യാനികൾ എന്ന പേരിൽ പാശ്ചാത്യലോകത്ത് അറിയപ്പെടുന്നു. നസ്രാണികൾ എന്നും സുറിയാനി ക്രിസ്ത്യാനികൾ എന്നും ഇവർ അറിയപ്പെടുന്നുണ്ട്.

ക്രിസ്തുമതം സ്വീകരിച്ചവർ പൊതുവെ അറിയപ്പെടുന്നത് ക്രിസ്ത്യാനികൾ എന്നാണ്. എന്നാൽ സെമറ്റിക് (അറബി, ഹീബ്രു, സുറിയാനി) ഭാഷകളിൽ നസ്രായനായ യേശുവിന്റെ അനുഗാമികൾ എന്ന നിലയിൽ 'നസ്ര' അഥവാ 'നസ്രാണി' എന്ന പേരിലാണ് അറിയപ്പെടുന്നത്. നൂറ്റാണ്ടുകളായി കേരള ക്രൈസ്തവർ നിലനിർത്തുന്ന മദ്ധ്യപൗരസ്ത്യ ദേശവുമായുള്ള ബന്ധം മൂലം ഈ പേരാണ് അവരുടെ പൂർവിക നാമധേയമായി അറിയപ്പെടുന്നത്. ജാതിബന്ധിതമായ മുൻകാലങ്ങളിൽ അവർ നസ്രാണി ജാതിയായും വ്യക്തികൾ നസ്രാണി മാപ്പിളയായും ഔദ്യോഗിക രേഖകളിൽ അറിയപ്പെട്ടു.

സുറിയാനി ക്രിസ്ത്യാനികൾ എന്ന പേരിന് ഏതാനും നൂറ്റാണ്ടുകളുടെ പഴക്കമേയുള്ളു. ഇന്ത്യയിലെ പോർട്ടുഗീസ് അധിനിവേശത്തിനുശേഷം നടന്ന മതപരിവർത്തന പ്രക്രിയയിലൂടെ ക്രിസ്തുമതം സ്വീകരിച്ചവരെയും കേരളത്തിലെ പൂർവിക ക്രൈസ്തവരെയും തമ്മിൽ വേർതിരിച്ചറിയേണ്ടത് ഔദ്യോഗികമായും സാമൂഹികമായും ആവശ്യമായി വന്നു. ഇതിനു പ്രധാന കാരണം ജാതിവ്യവസ്ഥ തന്നെയായിരുന്നു. സവർണരായി ഗണിക്കപ്പെട്ടിരുന്ന നസ്രാണികൾക്കും സവർണ ഹിന്ദുക്കൾക്കും അവർണരിൽ നിന്നും പരിവർത്തനം ചെയ്യപ്പെട്ടവരെ തുല്യരായി പരിഗണിക്കുക അസാദ്ധ്യമായിരുന്നു. അതിനാൽ അവരെ അവരുടെ ആരാധനാ ഭാഷകളുടെ അടിസ്ഥാനത്തിൽ വേർതിരിച്ചു. നൂറ്റാണ്ടുകളായി സുറിയാനി ആരാധനാ ഭാഷയായി ഉപയോഗിച്ചിരുന്ന പൂർവിക നസ്രാണികൾ *സുറിയാനി ക്രിസ്ത്യാനികളും*, പോർട്ടുഗീസ് കാലഘട്ടത്തിലും അതിനുശേഷവും ക്രിസ്തുമതത്തിൽ ചേർന്നവർ *ലത്തീൻ ക്രിസ്ത്യാനികളും* ആയി അറിയപ്പെട്ടു.

മലങ്കര നസ്രാണികൾ നൂറ്റാണ്ടുകളോളം വൈദേശിക മേലദ്ധ്യക്ഷന്മാരുടെ (ആദ്യം പേർഷ്യൻ, പിന്നീട് ലത്തീൻ) അത്മീയ അധികാരത്തിൻ കീഴിലായിരുന്നു. 1653 –ൽ കൂനൻകുരിശു സത്യത്തെ തുടർന്ന് സ്വാതന്ത്ര്യം പ്രഖ്യാപിച്ച നസ്രാണികൾ സ്വദേശിയായ തോമാ അർക്കദ്യക്കോനെ മെത്രാനായി വാഴിച്ച് പുതിയൊരു അധികാരസ്ഥാനം – 'കൂറ്' – സ്ഥാപിച്ചു. അതിനാൽ അവർ *'പുത്തൻകൂർ സുറിയാനിക്കാർ'* എന്നറിയപ്പെട്ടു. വൈദേശിക മെത്രാന്മാരുടെ കീഴിൽ തുടർന്ന റോമാ സുറിയാനിക്കാർ *'പഴയകൂർ'* എന്നും അറിയപ്പെട്ടു.

**02. 02. പ്രാരംഭ ചരിത്രം.** മലങ്കര നസ്രാണികളുടെ ആദ്യകാല ചരിത്രത്തെപ്പറ്റി കാര്യമായ അറിവൊന്നുമില്ലെങ്കിലും 1599 ലെ ഉദയംപേരൂർ സുന്നഹദോസിനു തൊട്ടുമുമ്പുള്ള നൂറ്റാണ്ടിലെ ഭരണ – ആരാധനാ രീതികൾ വ്യക്തമാണ്. ബാബിലോണിലെ നെസ്തോറിയൻ കാതോലിക്കോസിനെ സഭ ആത്മീയ പിതാവായി അംഗീകരിച്ചിരുന്നു. അദ്ദേഹത്താൽ അയയ്ക്കപ്പെടുന്ന പേർഷ്യൻ

www.malankaralibrary.com

മെത്രാൻ *'ഇന്ത്യയൊക്കെയുടെയും വാതിൽ'* എന്ന പേരിൽ ആത്മീയാദ്ധ്യക്ഷനായിരുന്നു. പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ ആരാധനാക്രമങ്ങളും വേദശാസ്ത്രവും സഭ അംഗീകരിച്ചിരുന്നു.

അക്കാലത്ത് സഭയുടെ യഥാർത്ഥ ഭരണത്തലവൻ നാട്ടുകാരനായ അർക്കദ്യക്കോൻ എന്ന വൈദികസ്ഥാനിയായിരുന്നു. സഭയുടെ ആത്മീക - ലൗകീക ഭരണവും, മലങ്കര നസ്രാണികളുടെ സിവിൽ അധികാരവും, നസ്രാണികളുടെ ജാതിക്കുതലവൻ എന്ന സ്ഥാനവും അർക്കദ്യക്കോനായിരുന്നു. ഇടവകപ്പള്ളികളിൽ പള്ളിയോഗം, മലങ്കരസഭയിൽ മലങ്കര പള്ളിയോഗം എന്നീ പ്രതിനിധി സഭകളായിരുന്നു ഭരണം നടത്തിയിരുന്നത്. പള്ളിയോഗത്തിൽ ഇടവക പട്ടക്കാരും കുടുംബത്തലവന്മാരുമായിരുന്നു അംഗങ്ങൾ. മലങ്കര പള്ളിയോഗത്തിലാകട്ടെ ഇടവകപ്പള്ളികളിൽ നിന്നു പട്ടക്കാരും ജനങ്ങളും അടങ്ങുന്ന പ്രതിനിധികൾ അംഗങ്ങളും അർക്കദ്യക്കോൻ അദ്ധ്യക്ഷനുമായിരുന്നു.

**02. 03. റോമൻ അടിമത്വം.** 1599 ൽ ഗോവയിലെ റോമൻ കത്തോലിക്കാ ആർച്ച് ബിഷപ്പ് അലക്സിസ് ഡോം മെനസീസ് പോർട്ടുഗീസ് സൈനികശക്തിയുടെ പിൻബലത്താൽ ഉദയംപേരൂർ പള്ളിയിൽ ഒരു മലങ്കര പള്ളിയോഗം വിളിച്ചുകൂട്ടി മലങ്കരസഭയെ റോമൻ കത്തോലിക്കാ സഭയുടെ ഭാഗമാക്കി. റോമാ പാപ്പായുടെ അധികാരവും റോമൻസഭയുടെ വിശ്വാസപ്രമാണങ്ങളും ലത്തീൻ ക്രമങ്ങളും ആചാരാനുഷ്ഠാനങ്ങളും മലങ്കരസഭയുടെ മേൽ അടിച്ചേൽപ്പിച്ചു. മലങ്കരസഭയുടെ ഭരണാധികാരിയായി യൂറോപ്യൻ ബിഷപ്പുമാരെ നിയമിച്ചു. അവർ വികാരി എന്ന പേരിൽ നിയമിക്കുന്ന പട്ടക്കാരെ ഇടവകപള്ളികളുടെ ഭരണാധിപന്മാരാക്കി. അർക്കദ്യക്കോൻ സ്ഥാനവും മലങ്കര ഇടവക പള്ളിയോഗങ്ങളും ഇല്ലാതാക്കി പൂർണ്ണ വൈദിക ഭരണം സ്ഥാപിക്കാൻ പിൻവർഷങ്ങളിലും ശ്രമിച്ചെങ്കിലും അതു സഫലമായില്ല. ബലപ്രയോഗത്തിലൂടെ തങ്ങളുടെമേൽ അടിച്ചേൽപ്പിച്ച റോമൻ ഭരണത്തിൽ നസ്രാണികൾ പൂർണമായും അസംതൃപ്തരായിരുന്നു.

**02. 04. സ്വാതന്ത്ര്യ പ്രഖ്യാപനം.** അടുത്ത അര നൂറ്റാണ്ടുകാലം പോർട്ടുഗീസ് സാമ്രാജ്യശക്തിയുടെ കീഴിൽ നിസഹായമായി പുകഞ്ഞുകൊണ്ടിരുന്ന സ്വാതന്ത്ര്യവാഞ്ച 1653 ൽ പൊട്ടിത്തെറിച്ചു. മലങ്കര നസ്രാണികൾ റോമാസഭയിൽനിന്നും മട്ടാഞ്ചേരിയിലെ കൂനൻകുരിശിൽ സത്യം ചെയ്ത് ഏകപക്ഷീയമായി സ്വാതന്ത്ര്യം പ്രാപിച്ചു. അർക്കദ്യക്കോനെ മാർതോമാ മെത്രാനാക്കി ഒരു പുതിയ ഭരണക്രമം സ്ഥാപിച്ചു.

'മാർതോമ്മാ മെത്രാൻ സ്ഥാനം' രൂപീകരിച്ചത് ഒഴിവാക്കാൻ വയ്യാത്ത സാഹചര്യത്തിൽ ദീർഘമായ ആലോചനകളുടെ ഫലമായി ആയിരുന്നു. 1653 ൽ ഇടപ്പള്ളിയിലും പിന്നീട് ആലങ്ങാട്ടും കൂടിയ മലങ്കര പള്ളിയോഗങ്ങളാണ് ഈ സ്ഥാനം രൂപീകരിക്കാൻ തീരുമാനിച്ചത്. കൂട്ടത്തിൽ മാർതോമാ ഒന്നാമന്റെ വാഴ്ച ക്രമീകരിക്കാൻ ഒരു മെത്രാനെ അയച്ചുതരാൻ പൗരസ്ത്യ സിംഹാസനങ്ങളോട് അഭ്യർത്ഥിക്കുകയും ചെയ്തു.

വാസ്തവത്തിൽ ഉദയംപേരൂരിനു മുമ്പുള്ള ബാബിലോൺ ബന്ധത്തിലേയ്ക്കും നെസ്തോറിയൻ ക്രമങ്ങളിലേയ്ക്കും മടങ്ങിപ്പോകുവാനായിരുന്നു സഭയുടെ ആഗ്രഹം. പക്ഷേ ഇത് അസാദ്ധ്യമായിരുന്നു. അന്തഃഛിദ്രങ്ങളിൽപ്പെട്ടുഴലുന്ന പേർഷ്യൻ സഭയ്ക്ക് മലങ്കരസഭയെ സഹായിക്കുക അന്ന് സാദ്ധ്യമല്ലായിരുന്നു. അറബിക്കടലിന്മേൽ സർവാധിപത്യമുണ്ടായിരുന്ന പോർട്ടുഗീസുകാർ ഒരു പൗരസ്ത്യ മെത്രാനും മലങ്കരയിൽ കാൽ കുത്തുകയില്ല എന്ന് ഉറപ്പാക്കി. പൗരസ്ത്യ ആരാധനക്രമങ്ങളാകട്ടെ മെനസിസിന്റെയും പിന്നീട് അര നൂറ്റാണ്ടുകാലം റോമൻ സഭാധികൃതരുടെയും കൈയിൽപ്പെട്ടു നശിപ്പിക്കപ്പെടുകയോ തിരുത്തപ്പെടുകയോ ചെയ്തിരുന്നു



**02. 05. കൂനൻകുരിശിനു ശേഷം.** ഇതിലൊക്കെ ഉപരിയായി അര നൂറ്റാണ്ടിലധികം കാലത്തെ ക്രമാനുസൃതവും ലക്ഷ്യാധിഷ്ഠിതവുമായ റോമൻ കത്തോലിക്കാ വൈദികവിദ്യാഭ്യാസവും പ്രചരണ പരിപാടികളും ലത്തീൻക്രമങ്ങളിലും റോമൻ കത്തോലിക്കാ വിശ്വാസാചാരങ്ങളിലും ഒരു പ്രതിപത്തി സൃഷ്ടിച്ചെടുക്കുന്നതിൽ വിജയിച്ചിരുന്നു. മലങ്കരയിൽ മുമ്പ് ഇല്ലായിരുന്ന രൂപങ്ങൾ (യേശുവിന്റെയും വിശുദ്ധരുടെയും മറ്റും) പള്ളികളിൽ സ്ഥാനം പിടിച്ചത് ഇതിന് ഉദാഹരണം. ചുരുക്കത്തിൽ പുതിയ ഒരു ഭരണക്രമം മാർതോമാ മെത്രാന്റെ കീഴിൽ സ്ഥാപിച്ചു എന്നതൊഴികെ മറ്റൊരു മാറ്റവും കൂനൻകുരിശിലൂടെ സാധിച്ചില്ല.

ഈ സമയത്ത് മാർത്തോമാ മെത്രാന്റെ സ്ഥിതി പരുങ്ങലിലായിരുന്നു. കൂനൻകുരിശു സത്യത്തിൽ പങ്കാളികളായവരിൽ ഒരു നല്ല പങ്ക് റോമൻ കത്തോലിക്കാസഭയുടെ പണക്കൊഴുപ്പിലും പ്രചരണതന്ത്രങ്ങളിലും മയങ്ങി റോമാസഭയിലേയ്ക്ക് കൂറുമാറി. പോർട്ടുഗീസ് സൈനികശക്തികൊണ്ടും നാട്ടുരാജ്യങ്ങളുടെ മേൽ അവർക്കുള്ള സമ്മർദ്ദ ശക്തികൊണ്ടും അനേകം പള്ളികൾ കൈവിട്ടുപോയി. മാർത്തോമ്മാ ഒന്നാമന്റെ മച്ചുനനും അലോചനക്കാരനുമായ പറമ്പിൽ ചാണ്ടി കത്തനാർ മറുകണ്ടം ചാടി മെത്രാനായി. ഇവയ്ക്കൊക്കെ ഉപരിയായി, തന്നെയും തന്റെ പ്രധാന സഹായിയായ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരെയും പിടികൂടി വധിക്കുവാൻ നടക്കുന്ന റോമാ സഭാധികാരികളും പോർട്ടുഗീസു സേനയും അവരെ പിന്തുണയ്ക്കുന്ന ഏതാനും നാട്ടുരാജാക്കന്മാരും ചേർന്ന് മാർതോമാ മെത്രാന്, സ്വന്തം ജീവനുവേണ്ടി നിത്യേന *കാൽ വെന്ത നായയെ പോലെ* ഓടേണ്ട സാഹചര്യമുണ്ടാക്കി. ഈ പ്രതികൂല സാഹചര്യത്തിലും റോമാസഭയ്ക്കെതിരായി നിൽക്കുവാൻ യഥാർത്ഥ നസ്രാണികൾക്ക് സാധിച്ചത് അവരുടെ നിശ്ചയദാർഢ്യം ഒന്നുകൊണ്ടു മാത്രമാണ്.

**02. 06. അന്ത്യോഖ്യൻ ബന്ധം.** 1663 ൽ ഡച്ചുകാർ കൊച്ചികോട്ട പിടിച്ചതോടെ ഈ അവസ്ഥയ്ക്കു മാറ്റം വന്നു. പോർട്ടുഗീസുകാർ കെട്ടുകെട്ടിയതോടെ മാർതോമാ ഒന്നാമന്റെ ജീവനുള്ള ഭീഷണി കുറഞ്ഞു. പോർട്ടുഗീസുകാരെ പ്രീതിപ്പെടുത്താൻ പള്ളികൾ പിടിച്ചെടുക്കുന്ന പരിപാടി നാട്ടുരാജാക്കന്മാർ ഉപേക്ഷിച്ചു. പൗരസ്ത്യ മെത്രാന്മാർക്ക് മലങ്കരയിലേയ്ക്കു കടന്നുവരാം എന്ന നില സംജാതമായി. ഈ അവസ്ഥയിലാണ് 1665 ൽ അന്ത്യോഖ്യൻ സഭയിൽപ്പെട്ട യേറുശലേമിലെ മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീദ് കേരളത്തിലെത്തിയതും മാർതോമാ ഒന്നാമന്റെ സ്ഥാനം ക്രമീകരിച്ചതും.

ഇദ്ദേഹത്തിന്റെ ആഗമനം അന്ത്യോഖ്യൻ സഭയുമായുള്ള ബന്ധത്തിന്റെ ആരംഭം കുറിച്ചു. ഇദ്ദേഹത്തിന്റെ കാലത്ത് വിശ്വാസ ആചാരങ്ങളിൽ ഒരു മാറ്റവും ഉണ്ടായില്ല. എന്നാൽ തുടർന്നുവന്ന അന്ത്യോഖ്യൻ മേൽപ്പട്ടക്കാർ അന്ത്യോഖ്യൻ ആരാധനാ ക്രമവും വേദശാസ്ത്രവും മലങ്കരയിൽ നടപ്പാക്കി. ഈ പ്രക്രിയ

www.malankaralibrary.com

ഒന്നര നൂറ്റാണ്ടിലധികം കാലംകൊണ്ടാണ് പൂർത്തിയായത്. നെസ്തോറിയൻ ആരാധനാ - ആചാരങ്ങളോട് അന്ത്യോഖ്യൻ ക്രമങ്ങൾക്കുള്ള സാദൃശ്യവും, പൊതുവായ സുറിയാനി പാരമ്പര്യവും നവീനമായ ക്രമങ്ങൾ അംഗീകരിക്കാൻ നസ്രാണികളെ സഹായിച്ചു. അതിനെ നെസ്തോറിയൻ വിശ്വാസാചാരങ്ങളുമായി താരതമ്യപ്പെടുത്തുവാൻ ഇവിടെ പഴയ ആരാധനാക്രമങ്ങൾ ഒന്നും തന്നെ ശേഷിച്ചിരുന്നില്ല.

ഇതിനിടയിൽ നെസ്തോറിയൻ മെത്രാനായ മാർ ഗബ്രിയേലിന്റെ വരവ് മലങ്കരയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു. യഥാർത്ഥ നെസ്തോറിയൻ വിശ്വാസിയായ അദ്ദേഹത്തിന്റെ ദീർഘകാല പ്രവർത്തനം ഒരു അനുയായി വൃന്ദത്തെ സൃഷ്ടിച്ചെടുത്തു. മലങ്കരസഭയ്ക്ക് വേദശാസ്ത്രത്തിലുള്ള അജ്ഞത റോമൻ കത്തോലിക്കരുമായും മാർ ഗബ്രിയേലുമായും സംവദിക്കുന്നതിൽ സഭയ്ക്കു പ്രതിബന്ധമായിരുന്നു. ഇത് അന്ത്യോഖ്യൻ സഭയെ കൂടുതൽ ആശ്രയിക്കേണ്ട സ്ഥിതിയിൽ മലങ്കരയെക്കൊണ്ടെത്തിച്ചു. ഈ പശ്ചാത്തലത്തിലാണ് നിരണം ഗ്രന്ഥവരിയുടെ മലങ്കരസഭാ ചരിത്രഭാഗം ആരംഭിക്കുന്നത്.

### 03. 00. ചരിത്രധാരകൾ

**03. 01. പക്ഷപാതിത്വം.** ഈ കാലഘട്ടത്തിലെ (1708-1820) മലങ്കരസഭാ ചരിത്രരചനയ്ക്ക് ഏറ്റവും അധികം ആശ്രയിക്കുന്നത് റോമൻ കത്തോലിക്കാ സഭയിൽപ്പെട്ട ജസ്യൂട്ട്, കർമ്മലീത്താ സന്യാസ സമൂഹങ്ങളുടെ രേഖകളെയാണ്. ഇവർ രണ്ടുകൂട്ടരും മലങ്കരസഭയെ റോമൻ അധീശത്വത്തിൻ കീഴിലാക്കാനും നിലനിർത്താനും നിയോഗിക്കപ്പെട്ടവരായിരുന്നു. അതേസമയംതന്നെ ഇവർ പരസ്പര വിദ്വേഷം വെച്ചുപുലർത്തുന്നവരുമായിരുന്നു. തങ്ങളുടെ പക്ഷത്തിന്റെ പ്രവർത്തനങ്ങളെ പർവതീകരിച്ചു കാണിപ്പാനും എതിർവിഭാഗത്തിന്റെ പ്രവർത്തനങ്ങളെ ചെറുതാക്കാനും, തങ്ങളുടെ തെറ്റുകുറ്റങ്ങൾ മറച്ച്, സ്വയം ന്യായീകരണ രീതിയിൽ എഴുതപ്പെട്ട ഈ രേഖകൾ പക്ഷപാതപരമല്ലെന്ന് ആർക്കും പറയാൻ സാധിക്കുകയില്ല. ഇവയെ മാത്രം അടിസ്ഥാനമാക്കിയുള്ള മലങ്കര സഭാചരിത്ര രചന വികലമായിരിക്കുമെന്നത് തീർച്ചയാണ്.

ഈ കാലത്തിന്റെ അവസാന ഘട്ടത്തിലെ മലങ്കരസഭാ ചരിത്രരചനയ്ക്ക് മുഖ്യമായും ആശ്രയിച്ചിരുന്നത് അപ്പോഴേയ്ക്കും ഇന്ത്യയിൽ അധികാരം പ്രാപിച്ചിരുന്ന ബ്രിട്ടീഷുകാരോടൊപ്പം വന്ന ആംഗ്ലിക്കൻ പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ രേഖകളാണ്. ഫലത്തിൽ അവരുടെയും അന്തർഗതം റോമൻ കത്തോലിക്കരുടേതു തന്നെയായിരുന്നു. മലങ്കരസഭയെ പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിൻ കീഴിൽ കൊണ്ടുവരിക. അതിനായി അവർ ചെയ്ത പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾക്കും ജസ്യൂട്ട് - കർമ്മലീത്താ രേഖകളുടെ അതേ ദോഷം ഉണ്ട്. ഈ വസ്തുത ആധുനിക ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ട്.

ഈ കാരണത്താലാണ് നിരണം ഗ്രന്ഥവരിയുടെ ചരിത്രഭാഗത്തിന്റെ അടിസ്ഥാന പശ്ചാത്തല വിവരണം ചുരുക്കത്തിൽ താഴെ ചേർക്കുന്നത്. നിരണം ഗ്രന്ഥവരിക്കും അതിന് ഈ ലേഖകൻ നൽകിയിരിക്കുന്ന അടിക്കുറിപ്പുകൾക്കും ഒരു ആമുഖം മാത്രമാണ് ഈ ഭാഗം.

**03. 02. വേദശാസ്ത്രം.** മുകളിൽ സൂചിപ്പിച്ചതുപോലെ കൂനൻകുരിശു



സത്യത്തിനുശേഷം വേദശാസ്ത്രപരമായ ഒരു ശൂന്യതയായിരുന്നു സഭയ്ക്കുണ്ടായിരുന്നത്. റോമാസഭയുടെ പഠിപ്പിക്കലുകൾ തെറ്റാണെന്ന ഒരു ബോധമൊഴികെ സ്വന്തമായ ഒരു വേദശാസ്ത്രസരണി ഉണ്ടായിരുന്നില്ല. അതു വികസിപ്പിക്കാൻ കഴിവുള്ള ആളുകളും അതിനുള്ള സാമഗ്രികളും അന്ന് മലങ്കരയിൽ ഉണ്ടായിരുന്നില്ല. 1665 ൽ വന്ന മാർ ഗ്രീഗോറിയോസ് കഠിനശ്രമം നടത്തിയിട്ടും ഈ അവസ്ഥയ്ക്ക് ഒരു മാറ്റവും ഉണ്ടാക്കാൻ സാധിച്ചില്ല.

എന്നാൽ 1685 ൽ വന്ന മാർ ഈവാനിയോസ് ഹദിയള്ള പണ്ഡിതനും സമർത്ഥനും ആയിരുന്നതിനാൽ മലങ്കരസഭയെ അന്ത്യോഖ്യൻ സഭയുടെ അടിസ്ഥാന വേദശാസ്ത്രം അംഗീകരിപ്പിക്കുവാനും ഭംഗിയായി പഠിപ്പിക്കുവാനും സാധിച്ചു (ഗ്രന്ഥവരിയുടെ ഭാഗമായ *ചുരുക്കത്തിൽ വിശ്വാസകാര്യങ്ങൾ, മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങൾ* എന്നീ അദ്ധ്യായങ്ങൾ കാണുക). ഈ ലേഖനങ്ങൾ അന്ത്യോഖ്യൻ വേദശാസ്ത്രം ഭംഗിയായി വിശദീകരിക്കുന്നുണ്ടെന്നാണ് വേദശാസ്ത്ര പണ്ഡിതന്മാരുടെ അഭിപ്രായം. ഈ അടിസ്ഥാനം ശക്തമായിരുന്നു എന്നതിന്റെ പ്രത്യക്ഷ തെളിവാണ് പിന്നീടുവന്ന നെസ്തോറിയൻ മെത്രാൻ മാർ ഗബ്രിയേൽ നിരസിക്കപ്പെട്ടു എന്ന വസ്തുത.

മാർ ഈവാനിയോസ് ഹദിയള്ള അടിസ്ഥാന വിശ്വാസപ്രമാണങ്ങളിൽ ഒഴികെ ആചാരാനുഷ്ഠാനങ്ങളിൽ മാറ്റംവരുത്താൻ ശ്രമിച്ചില്ല. ഇദ്ദേഹത്തിന്റെ മാന്യമായ സമീപനം പരക്കെ അംഗീകരിക്കപ്പെട്ടിരുന്നു എന്നത്; നിരണം ഗ്രന്ഥവരിയിൽ പിൽക്കാലത്ത് അന്ത്യോഖ്യൻ മെത്രാന്മാരുടെ പ്രവർത്തനങ്ങളെ പരാമർശിക്കുമ്പോൾ ഇദ്ദേഹത്തെ ബഹുമാനപുരസരം സ്മരിക്കുകയും, ഇദ്ദേഹത്തിന്റെ മാന്യമായ സമീപനത്തിന് വിരുദ്ധമായി മറ്റു മെത്രാന്മാർ പ്രവർത്തിക്കുന്നു എന്നു പരാമർശിക്കുകയും ചെയ്യുന്നതിൽനിന്നു വ്യക്തമാണ്.

ഇദ്ദേഹം ഇട്ട അടിസ്ഥാനത്തിൽ നിന്നു വേദശാസ്ത്രപരമായി മുമ്പോട്ടു പോകുവാൻ പിന്നീടുവന്ന അന്ത്യോഖ്യൻ മെത്രാന്മാർക്കോ 19 -ാം നൂറ്റാണ്ടിൽ പോലും മലങ്കരസഭയ്ക്കോ സാധിച്ചില്ല.

**03. 03. ആരാധനക്രമം.** 1653 നു ശേഷം നാടകീയമായ മാറ്റങ്ങളൊന്നും ആരാധനക്രമങ്ങളുടെ ഉപയോഗത്തിൽ വന്നില്ല. റോമാഭരണ കാലഘട്ടത്തിൽ മലങ്കരസഭ ഉപയോഗിച്ചു വന്നിരുന്ന, ഏറിയും കുറഞ്ഞും ലത്തീൻവൽക്കരിക്കപ്പെട്ട, പേർഷ്യൻക്രമങ്ങൾ തന്നെ സ്വതന്ത്രവിഭാഗവും തുടർന്നും ഉപയോഗിച്ചുവന്നു. ഉദയംപേരൂർ - കൂനൻ കുരിശു കാലഘട്ടത്തിൽ നടപ്പാക്കിയ ലത്തീൻ ക്രമങ്ങളുടെ സുറിയാനി പരിഭാഷയും ഉപയോഗിച്ചിരിക്കാനും സാദ്ധ്യതയുണ്ട്.

മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീദ് ഇവയിൽ മാറ്റങ്ങൾ വരുത്താൻ ശ്രമിച്ചു എങ്കിലും അതിൽ അദ്ദേഹം പരാജയപ്പെട്ടു എന്നാണ് മിക്ക ചരിത്രകാരന്മാരുടെയും അഭിപ്രായം. വൈദികർക്കുണ്ടായിരുന്ന വിവാഹ വിലക്ക് നീക്കി എന്നതൊഴിച്ച് മറ്റൊന്നും അദ്ദേഹത്തിന് സാധിച്ചില്ല എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

മാർ ഗ്രിഗോറിയോസിന്റെ ആഗമന കാലത്ത് റോമൻ രീതിയിലുള്ള പുളിപ്പില്ലാത്ത അപ്പം (പത്തീറ) ആണ് വി. കുർബാനയ്ക്ക് ഉപയോഗിച്ചുവന്നത്. ഇതു മാറ്റി പൗരസ്ത്യ രീതിയിൽ പുളിപ്പുള്ള അപ്പം (അമ്മീറാ) ഉപയോഗിപ്പിക്കുന്നതിൽ വിജയിച്ചത് മാർ ഈവാനിയോസ് ഹദിയള്ളയാണ്. അദ്ദേഹത്തിന്റെ

www.malankaralibrary.com

പാണ്ഡിത്യവും പൊതുസമ്മതിയും ഇതിനു ത്വരകങ്ങളായി വർത്തിച്ചു. എങ്കിലും അന്ത്യോഖ്യൻ സഭയുടെ അടിസ്ഥാന കുർബാന തക്സയായ മാർ യാക്കോബിന്റെ ക്രമം പ്രചരിപ്പിക്കുന്നതിൽ അദ്ദേഹം വിജയിച്ചില്ല. വീണ്ടും മലങ്കരസഭ, പേർഷ്യൻ സഭയുടെ അടിസ്ഥാന കുർബാന തക്സ – മാർ ആദായിയുടെയും മാർ മാറിയുടെയും ക്രമം – തുടർന്നുവന്നു.

മലങ്കരയിൽ മാർ യാക്കോബിന്റെ തക്സ പ്രചരിപ്പിച്ചത് 1751 –ൽ വന്ന മാർ ഈവാനിയോസ് യൂഹാനോനാണ്. ഇദ്ദേഹവും വലിയ മാർ ദിവന്യാസ്യോസും തമ്മിൽ 1789 ൽ മാവേലിക്കര പുതിയകാവ് പള്ളിയിൽ കൂടിയ മലങ്കര പള്ളിയോഗത്തിൽ വെച്ച്, വിവാഹവും മാമോദീസായും ഒഴികെയുള്ള കാര്യങ്ങളിൽ അന്ത്യോഖ്യൻ ക്രമം നടപ്പാക്കാൻ ധാരണയായി. ഈ പടിയോലയിൽ നിന്നും അന്നും മലങ്കരയിൽ പേർഷ്യൻ ക്രമവും ചില ലത്തീൻ രീതികളും തുടർന്നിരുന്നു എന്നു വ്യക്തമാണ്.

എന്നാൽ 1789 –ൽ പോലും മലങ്കരസഭയിൽ എല്ലായിടത്തും ഏകതാനമായ ഒരു ആരാധനാ രീതി നിലനിന്നിരുന്നു എന്നു കരുതാൻ വയ്യ. മാർ ഈവാനിയോസ് ഹദിയള്ളയുടെ കാലം മുതൽ അന്ത്യോഖ്യൻ ക്രമം ഏറിയും കുറഞ്ഞും പ്രചരിച്ചുവന്നിരുന്നു. അന്ത്യോഖ്യൻ മെത്രാന്മാരുടെ പ്രവർത്തന മേഖലയിലും സമീപപ്രദേശങ്ങളിലും അന്ത്യോഖ്യൻ ക്രമങ്ങൾ ഭാഗികമായി നടപ്പാക്കിയിരുന്നു. അതു ക്രമേണ വർദ്ധിച്ചും വന്നു. അവസാനം 1808 ലെ കണ്ടനാട് മലങ്കര പള്ളിയോഗം അന്ത്യോഖ്യൻ ക്രമങ്ങളെ പൂർണമായും അംഗീകരിച്ചു. ഐക്യരൂപമുള്ള ആരാധനാരീതി നടപ്പിലാക്കുക എന്നത് 1814 ലെ കോട്ടയം സെമിനാരി സ്ഥാപനത്തിന്റെ ഉദ്ദേശ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു. 1876 നു ശേഷം മാത്രമാണ് മറ്റു ക്രമങ്ങൾ പൂർണമായും മലങ്കരയിൽ നിന്ന് അപ്രത്യക്ഷമായതും പകരം അന്ത്യോഖ്യൻ ക്രമങ്ങൾ സ്ഥാനം പിടിച്ചതും.

**03. 04. അചാരങ്ങൾ.** പൗരസ്ത്യ പാരമ്പര്യങ്ങളിൽ വൈദികർക്കു വിവാഹം കഴിക്കുന്നതിനു വിലക്കില്ലായിരുന്നു. എന്നാൽ മേല്പട്ടക്കാർ അവിവാഹിതരായിരുന്നു. റോമാസഭയിലാകട്ടെ വൈദികർക്ക് നിർബന്ധിത ബ്രഹ്മചര്യം കല്പിച്ചിരുന്നു. ഉദയംപേരൂർ സുന്നഹദോസ് മലങ്കരസഭയിൽ വൈദിക വിവാഹം നിരോധിക്കുകയും വിവാഹിത പട്ടക്കാരെക്കൊണ്ട് ഭാര്യമാരെ ഉപേക്ഷിപ്പിക്കുകയും ചെയ്തു. 1653 നു ശേഷം പേർഷ്യൻ – അന്ത്യോഖ്യൻ സഭകൾ അംഗീകരിക്കുന്ന വൈദിക വിവാഹം അനുവദിച്ചതിൽ എതിർപ്പുണ്ടായില്ല എങ്കിലും പെട്ടെന്ന് അത് നടപ്പായില്ല.

പിൽക്കാലത്തും അന്ത്യോഖ്യയിൽ നിന്നു വന്ന മേൽപ്പട്ടക്കാർ വൈദിക വിവാഹത്തിനു നിർബന്ധം പിടിച്ചിരുന്നു. എന്നാൽ അര നൂറ്റാണ്ടിലധികം കാലത്തെ റോമൻ അധിനിവേശം വൈദിക ബ്രഹ്മചര്യം ഒരു ശീലമാക്കിയിരുന്നതിനാൽ 20 –ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ മാത്രമാണ് വീണ്ടും വൈദിക വിവാഹം നസ്രാണികൾക്കിടയിൽ പതിവായത്. അക്കാലത്ത് അത് അത്ര അഭിലഷണീയമായി കരുതിയിരുന്നില്ല.

ഡച്ചു രേഖകൾ പ്രകാരം മാർതോമാ മെത്രാന്മാരും വിഗ്രഹഭഞ്ജകനായ ഈവാനിയോസ്, ബസേലിയോസ് ശക്രുള്ള മഫ്രിയാനാ എന്നീ അന്ത്യോഖ്യൻ മേൽപ്പട്ടക്കാരുമായുണ്ടായിരുന്ന അഭിപ്രായവ്യത്യാസം പ്രധാനമായും വൈദിക



വിവാഹത്തെ സംബന്ധിച്ചായിരുന്നു. റോമൻകത്തോലിക്കാ മിഷനറിമാർ നാട്ടുരാജാക്കന്മാർക്ക് കൈക്കൂലി കൊടുത്ത് വൈദിക വിവാഹം നിരോധിപ്പിച്ചതായി അവർ ഡച്ചുകമ്പനിയിൽ പരാതിപ്പെട്ടതായും ഡച്ചു രേഖകളിലുണ്ട്. വസ്തുത എന്തായാലും ഈ രീതി മാറ്റിയെടുക്കാൻ നൂറ്റാണ്ടുകൾ വേണ്ടിവന്നു. മാർ ഈവാനിയോസ് ഹദിയള്ളയുടെ പ്രബന്ധങ്ങളിൽ വൈദിക വിവാഹത്തെ ശക്തമായി ന്യായീകരിക്കുന്നുണ്ട്.

അന്ത്യോഖ്യൻ മെത്രാന്മാർ, കത്തനാരന്മാരെ വിവാഹം ചെയ്യാൻ പ്രേരിപ്പിക്കുകയും അവിവാഹിതർക്ക് വൈദികപട്ടം കൊടുക്കയില്ല എന്നു നിർബന്ധിക്കുകയും ചെയ്തപ്പോൾ 19 –ാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് പ്രൊട്ടസ്റ്റന്റു മിഷനറിമാർ വിവാഹിതരാകുന്ന പട്ടക്കാർക്ക് നിശ്ചിതതുക സമ്മാനം പ്രഖ്യാപിച്ചു. ഇവയ്ക്കൊന്നിനും കാര്യമായ ഫലം ലഭിച്ചില്ല. അക്കാലത്ത് മലങ്കരയിലെ വൈദികർ പട്ടത്തിന്റെ സ്ഥാനചിഹ്നമായി തലയുടെ ഉച്ചിയിൽ കുടുമിപോലെ കുറച്ചു രോമം വളർത്തുകയായിരുന്നു പതിവ് (നസ്രാണികൾ അക്കാലത്ത് പൂർണ കുടുമി വെച്ചിരുന്നു). അന്ത്യോഖ്യൻ രീതിയിലാകട്ടെ വൈദികർ തല മൊട്ടയടിക്കുകയും കറുത്ത വട്ടത്തൊപ്പി ധരിക്കുകയും വേണം. അന്ത്യോഖ്യൻ രീതിയിലേക്കു മാറണമെന്ന് പരദേശി മെത്രാന്മാർ ശാഠ്യം പിടിക്കുകയും ബലമായി നടപ്പാക്കാൻ ശ്രമിക്കുകയും ചെയ്തു. പക്ഷേ ഇതും 19 –ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലം വരെ പൂർണമായും നടപ്പായില്ല.

അക്കാലത്ത് ലത്തീൻ ക്രമങ്ങളും ഇവിടെ നിലനിന്നിരുന്നു. വലിയ മാർ ദിവന്യാസ്യോസിന്റെ മരണസമയത്തുപോലും (1807) സ്ഥിരീകരണം നടത്തിയതായി രേഖയുണ്ട്. ഇത് ലത്തീൻ ക്രമമാണ്. ചില ലത്തീൻ ക്രമങ്ങളെ പരിഷ്കരിച്ച് ഉപയോഗിച്ചിരുന്നു എന്നതിനും തെളിവുണ്ട്. ഉദാഹരണമായി 50 നോമ്പ് ലത്തീൻ രീതിയിൽ ബുധനാഴ്ചയാണ് ആരംഭിക്കുന്നത്. അന്ന് കുരുത്തോല കരിച്ച് നെറ്റിയിൽ പൂശുന്ന രീതി ലത്തീൻ പാരമ്പര്യത്തിലുണ്ട്. 18 –ാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് നസ്രാണികൾ നോമ്പ് പൗരസ്ത്യ പാരമ്പര്യപ്രകാരം തിങ്കളാഴ്ച തന്നെ ആരംഭിച്ചിരുന്നു. അതിന് ശുബ്ക്കോനൊ എന്നൊരു പ്രത്യേക ക്രമവുമുണ്ട്. എന്നാൽ വിഭൂതി ബുധനാഴ്ച എണ്ണപൂശൽ എന്നൊരു ചടങ്ങ് നടത്തിയിരുന്നു. ഈ കാലത്തു തന്നെ ഓശാനയ്ക്ക് പേർഷ്യൻ ക്രമത്തിലുള്ള *അടച്ചുതുറ* എന്ന ചടങ്ങ് നടത്തിയിരുന്നു. അങ്ങനെ പല ക്രമങ്ങളുടെ ഒരു സമ്മിശ്രരൂപം – അതും വിവിധരീതിയിൽ – ആയിരുന്നു മലങ്കരയിൽ നിലനിന്നിരുന്നത്.

റോമാക്കാർ ഭേദപ്പെടുത്തിയിരുന്ന നോമ്പ് ക്രമം മാർ ഈവാനിയോസ് ഹദിയള്ളയുടെ കാലത്തു തന്നെ പുനഃസ്ഥാപിക്കാൻ സാധിച്ചിരുന്നു. പൗരസ്ത്യ സഭകൾ അംഗീകരിക്കുന്ന അണ്ടടക്കം നോമ്പു ദിനങ്ങളായ ബുധനും വെള്ളിയും മാറ്റി റോമൻ രീതിയിൽ വെള്ളിയും ശനിയുമാക്കിയിരുന്നത് അദ്ദേഹം പുനഃസ്ഥാപിച്ചു. പേർഷ്യൻ അന്ത്യോഖ്യൻ സഭാ പാരമ്പര്യങ്ങൾക്ക് ഈ സംഗതിയിലുള്ള അഭിപ്രായഐക്യമാണ് അദ്ദേഹത്തെ അതിനു സഹായിച്ചത്.

റോമൻ പാരമ്പര്യത്തിൽ മാത്രം ഉള്ള പള്ളികളിലെ രൂപങ്ങൾ 18 –ാം നൂറ്റാണ്ടിലും തുടർന്നു. ഉദയംപേരൂർ സുന്നഹദോസ് മൂലം സ്ഥാനംപിടിച്ച രൂപങ്ങളോട് പിന്നീട് ജനങ്ങൾക്കുണ്ടായ വൈകാരികമായ അടുപ്പം അവയെ പുറം

www.malankaralibrary.com

തള്ളുക ക്ഷിപ്രസാദ്ധ്യമല്ലാതാക്കിതീർത്തു. വിഗ്രഹഭഞ്ജകനായ ഈവാനിയോസിന്റെ പ്രവർത്തനങ്ങൾ കാര്യമായ ഫലം ചെയ്തെങ്കിലും മലങ്കരയിൽ അതൊരു പാരമ്പര്യമായി തന്നെ തുടർന്നു. 19 -ാം നൂറ്റാണ്ടിൽ പ്രൊട്ടസ്റ്റന്റ് സ്വാധീനം വന്നതിൽ പിന്നെയാണ് ഇത് പൂർണമായും അവസാനിച്ചത്. പേർഷ്യൻ പാരമ്പര്യം അനുവദിക്കാത്ത ചിത്രങ്ങളുടെ ഉപയോഗം അന്ത്യോഖ്യൻ പാരമ്പര്യം അനുവദിച്ചത് എതിർപ്പിന്റെ ശക്തി കുറയ്ക്കുന്നതിന് സഹായിച്ചു.

### 04. വിദേശബന്ധങ്ങൾ

കൂനൻകുരിശിനു ശേഷമുള്ള മലങ്കര നസ്രാണികളുടെ ചരിത്രത്തിൽ എപ്പോഴും റോമൻ കത്തോലിക്കർ ഉയർത്തുന്ന മൂന്നു പ്രധാന ആശയങ്ങളുണ്ട്.

1. മാർത്തോമാ മെത്രാന്മാരുടെ പട്ടം അസാധുവോ ക്രമരഹിതമോ ആണ്.

2. എല്ലാ മാർത്തോമാ മെത്രാന്മാരും റോമാസഭയിൽ ചേരാൻ ആഗ്രഹിച്ചിരുന്നു.

3. ഭൂരിപക്ഷം വിദേശ മെത്രാന്മാരും മാർപ്പാപ്പായുടെ അനുവാദ കല്പന പ്രകാരം വന്നവരോ, അനുവാദകല്പന ഉണ്ടെന്നു നടിക്കുന്നവരോ ആയിരുന്നു.

ഈ വിഷയങ്ങളെപ്പറ്റിയുള്ള വിശദീകരണങ്ങൾ 18 -ാം നൂറ്റാണ്ടിന്റെ ചരിത്ര പഠനത്തിന് അത്യന്താപേക്ഷിതമാണ്.

**04. 01. മേല്പ്പട്ട സ്ഥാനപൂർത്തി.** 1653 മെയ് ഒന്നിന് തോമ്മാ അർക്കദ്യക്കോനെ പന്ത്രണ്ടു പട്ടക്കാർ വാഴിച്ചത് ക്രമരഹിതമായിരുന്നു. സമീപഭാവിയിൽ തന്നെ ഏതെങ്കിലും പൗരസ്ത്യ മെത്രാനെ വരുത്തി പട്ടം ക്രമീകരിച്ചു കൊള്ളാം എന്ന ആഗ്രഹത്തോടെയാണ് ഒരു താൽക്കാലിക സംവിധാനം എന്ന നിലയിൽ ഈ നടപടിക്കു മുതിർന്നത്.

എന്നാൽ ദീർഘമായ 12 വർഷക്കാലത്തേക്ക് ഒരു പൗരസ്ത്യ മെത്രാന് മലങ്കരയിൽ കാൽകുത്തുവാൻ സാധിച്ചില്ല. ഈ ശൂന്യത കൂനൻകുരിശു സത്യത്തെ തുടർന്ന് സ്വാതന്ത്ര്യം പ്രാപിച്ച നസ്രാണികളെ പിടികൂടുവാൻ ശ്രമിച്ചുകൊണ്ടിരുന്ന റോമാസഭ ശരിക്കും മുതലാക്കി. ശക്തവും ക്രമീകൃതവുമായ പരിപാടിയിലൂടെ മാർതോമാ ഒന്നാമന്റെ മേൽപ്പട്ടത്വത്തിന്റെ ക്രമരാഹിത്യം പ്രചരിപ്പിച്ചു. ഇതിനു കുറെ ഫലമുണ്ടായി.

1665 ൽ യേറുശലേമിലെ അന്ത്യോഖ്യാ പാത്രിയർക്കീസ് കേരളത്തിലെത്തുകയും മാർതോമാ ഒന്നാമന്റെ പട്ടം ക്രമീകരിക്കുകയും ചെയ്തതോടെ ഈ വാദത്തിനു പ്രസക്തിയില്ലാതായി. എങ്കിലും ഒരു നൂറ്റാണ്ടു കൂടിയെങ്കിലും ഈ വാദം റോമൻ കത്തോലിക്കർ തുടർന്നുകൊണ്ടിരുന്നു.

2 -ാം മാർത്തോമായെ ഒന്നാം മാർത്തോമായുടെ ജീവിത കാലത്തു തന്നെ വാഴിച്ചതായി ആണ് പൊതുവെ അംഗീകരിക്കപ്പെടുന്നത്. വാഴ്ച നടത്തിയത് മാർ ഗ്രീഗോറിയോസാണെങ്കിലും, മാർതോമാ ഒന്നാമൻ ആണെങ്കിലും ഈ വാഴ്ച ക്രമപ്രകാരമാണ്.

മൂന്നാം മാർതോമായെ വാഴിച്ചത് 1678 ൽ വന്ന അന്ത്രയോസ് പാത്രിയർക്കീസ് ആണെന്നും, മാർ ഈവാനിയോസ് ഹദിയള്ള ആണെന്നും രണ്ടഭിപ്രായമുണ്ട്. ഒരാൾ നെസ്തോറിയൻ മെത്രാനും മറ്റേയാൾ അന്ത്യോഖ്യൻ മെത്രാനും



ആയിരുന്നു. ഇവരിൽ ആരായിരുന്നാലും ആ സ്ഥാനാഭിഷേകവും സാധുവാണ്

നാലാം മാർത്തോമ്മായെ വാഴിച്ചത് മാർ ഈവാനിയോസ് ഹദിയള്ളയാണ്. അഞ്ചാം മാർതോമായെ വാഴിച്ചത് നാലാം മാർത്തോമായും. മേല്പ്പട്ട സ്ഥാനം നൽകുന്നതിന് വിദേശ മേല്പട്ടക്കാർ വേണമെന്ന് ഒരു സഭാനിയമവുമില്ല.

റോമൻ കത്തോലിക്കാ ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ അഞ്ചുവരെയുള്ള മാർത്തോമ്മാ മെത്രാന്മാർ പട്ടമില്ലാത്ത അയ്മേനികൾ മാത്രമാണ്. ഇതിന്, *റോമാസഭയിലൂടെയല്ലാതെ രക്ഷയില്ല* എന്നു വിശ്വസിക്കുന്ന അവർ നടത്തിയ ഒരു പ്രചരണതന്ത്രം എന്നതിലുപരി പ്രാധാന്യമൊന്നുമില്ല.

റോമൻ കത്തോലിക്കർ സ്ഥാനസാധുത്വവാദം ഏതാണ്ടവസാനിപ്പിച്ചപ്പോഴേയ്ക്കും ഇവിടെയെത്തിക്കൊണ്ടിരുന്ന അന്ത്യോഖ്യൻ മെത്രാന്മാർ ഈ വാദം ഉന്നയിച്ചുതുടങ്ങി. അവരുടെയും ഉദ്ദേശ്യം മറ്റൊന്നായിരുന്നില്ല. മലങ്കരയുടെ ഭരണാധികാരം പിടിച്ചടക്കുക എന്നതു മാത്രമായിരുന്നു.

ഒരു ഒത്തുതീർപ്പു വ്യവസ്ഥ എന്ന നിലയിൽ സഭയെ ഒന്നിപ്പിക്കുന്നതിനായി അഞ്ചാം മാർത്തോമ്മായിൽ നിന്നും എപ്പിസ്കോപ്പാ സ്ഥാനമേറ്റിരുന്ന ആറാം മാർത്തോമ്മാ വിദേശ മേല്പട്ടക്കാരായ മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് എന്നിവരിൽ നിന്നും മാർ ദിവന്യാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്താ സ്ഥാനമേറ്റു. അതോടെ സ്ഥാനസാധുത്വത്തെപ്പറ്റിയുള്ള അന്ത്യോഖ്യൻ വാദങ്ങൾക്ക് പ്രസക്തിയില്ലാതായി. ഇദ്ദേഹത്തിന്റെ പട്ടം സാധുവാണെന്ന് റോമാസഭയും തീർച്ച കൽപ്പിച്ചതോടെ റോമൻ കത്തോലിക്കർക്കും വാദമുഖമടഞ്ഞു.

എന്നാൽ വലിയ മാർ ദിവന്യാസ്യോസ് പിൻഗാമിയായി മാർതോമാ ഏഴാമനെ വാഴിച്ചതോടെ അന്ത്യോഖ്യാ, പരദേശ മേല്പട്ടക്കാർക്കു മാത്രമേ മേല്പട്ടം നൽകാൻ അധികാരമുള്ളു എന്ന പുതിയ ഒരു വാദം ഉന്നയിച്ചു. യാതൊരു വിധ കാനോൻനിയമ പിൻബലവുമില്ലാത്ത ഈ വാദത്തിനു അധീശ മനോഭാവം എന്നതിൽ കൂടുതലായി പ്രസക്തിയില്ല. എന്നാൽ അതിനേയും പിൻതുണയ്ക്കാൻ ആളുണ്ടായി.

ഈ വാദം കാനോനികമായി ദുർബലമാണെന്നു കണ്ടതോടെ മറ്റൊരു വാദം കൊണ്ടുവന്നു. മലങ്കര മെത്രാന്മാരെ വാഴിക്കുന്നത് ഒരു മേൽപ്പട്ടക്കാരൻ തന്നെയാണെന്നും കുറഞ്ഞത് മൂന്നു മെത്രാന്മാർ ചേർന്നു മാത്രമേ മേല്പട്ടവാഴ്ച നടത്താവൂ എന്ന് കാനോൻനിയമം ഉള്ളതിനാൽ ഈ വാഴ്ചകൾ അസാധുവാണെന്നും. എല്ലാ പുരാതന സഭകൾക്കും ഈ കാനോൻ ബാധകമാണ്. എന്നാൽ ഈ കാനോൻ അലംഘനീയമായ ഒന്നല്ലെന്ന് താഴെ പറയുന്ന സംഭവങ്ങൾ തെളിയിക്കുന്നു

1) കൂനൻകുരിശിനു ശേഷം ആദ്യമായി കേരളത്തിലെത്തിയ റോമൻ കത്തോലിക്കാ ബിഷപ്പ് ജോസഫ് സെബസ്ത്യാനിയെ റോമിൽ വച്ച് വാഴിച്ചത് ഒറ്റ മെത്രാൻ മാത്രമാണ്. റോമിൽ ധാരാളം മെത്രാന്മാരുണ്ടെന്ന വസ്തുത ഓർമ്മിക്കുക.

2) ജോസഫ് സെബസ്ത്യാനി പറമ്പിൽ ചാണ്ടിയെ വാഴിച്ചത് ഒറ്റയ്ക്കാണ്.

3) മാർ ശിമയോൻ എന്ന കൽദായ മെത്രാനെ ഭീഷണിപ്പെടുത്തി അഞ്ചലൂ ഫ്രാൻസിസ് എന്ന ലത്തീൻ മെത്രാനെ ആലങ്ങാടു പള്ളിയിൽ വെച്ച്

www.malankaralibrary.com

വാഴിപ്പിച്ചത് ഒറ്റയ്ക്കാണ്.

4) മാർ ഗ്രീഗോറിയോസ് അബ്ദുൽ ജലീദ്, മാർ ഈവാനിയോസ് ഹദിയള്ള, മാർ ഗ്രീഗോറിയോസ് എന്നിവർ യഥാക്രമം ഒന്നാം മാർത്തോമാ, നാലാം മാർത്തോമാ, കാട്ടുമങ്ങാട്ട് കൂറിലോസ് എന്നിവരെ വാഴിച്ചത് ഒറ്റയ്ക്കാണ്.

5) അന്ത്യോഖ്യർ പുനരഭിഷേകം എന്നു വ്യാഖ്യാനിക്കുന്ന മാർത്തോമാ ആറാമന്റെ മെത്രാപ്പോലീത്തൻ സ്ഥാനാരോഹണം നടത്തിയത് രണ്ടു മെത്രാന്മാർ മാത്രം ചേർന്നാണ്.

6) 1876 ൽ അന്ത്യോഖ്യയുടെ പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് മാർ യൂലിയോസ്, മാർ അത്താനാസ്യോസ് എന്നിവരെ വാഴിച്ചത് ഒറ്റയ്ക്കാണ്. അന്നു മറ്റു രണ്ടു മെത്രാന്മാർ സ്ഥലത്തുണ്ടായിരുന്നു.

ഈ വാഴ്ചകളെല്ലാം അംഗീകരിക്കുന്നവർ തന്നെയാണ് മാർതോമാ മെത്രാന്മാർ നടത്തിയ വാഴ്ചകൾ അസാധു എന്നു പറയുന്നത്.

**04. 02. വഞ്ചിതരായ റോമാ സുറിയാനിക്കാർ:** 1653 ലെ കൂനൻകുരിശു സത്യം മലങ്കരനസ്രാണികളിൽ ഭൂരിപക്ഷത്തിന്റെ (പാരമ്പര്യപ്രകാരം രണ്ടു ലക്ഷത്തിൽ നാനൂറു കുറയെ) സ്വാതന്ത്ര്യ പ്രഖ്യാപനമായിരുന്നു. റോമാസഭയുടെ ഇതഃപര്യന്തമുള്ള ചരിത്രത്തിലെ പ്രഥമ പരാജയം. റോം ഉണർന്ന് പ്രവർത്തിച്ചു. കർമ്മലീത്തരെ രംഗത്തിറക്കി. പണം വെള്ളം പോലെ ഒഴുകി. പോർട്ടുഗീസ് സൈനിക ശക്തിയും കേരളത്തിലെ നാട്ടുരാജ്യങ്ങളിന്മേലുള്ള സ്വാധീനവും നിർലോപം ഉപയോഗിച്ചു. സത്യം ചെയ്തവർ കുറേശെയായി റോമാസഭയിലേയ്ക്കു ചോർന്നു തുടങ്ങി.

എങ്കിലും ഈ പ്രവർത്തനം മുമ്പോട്ടു കൊണ്ടുപോകുവാൻ ഒരു നാട്ടുമെത്രാന്റെ സാന്നിദ്ധ്യം അത്യന്താപേക്ഷിതമായി. അങ്ങനെയാണ് മാർത്തോമാ ഒന്നാമന്റെ കുടുംബാംഗവും മച്ചുനനും ആലോചനക്കാരിൽ ഒരുവനുമായ പറമ്പിൽ ചാണ്ടികത്തനാരെ മെത്രാനാക്കി വാഴിച്ചത്. ഇതുകൊണ്ട് റോമാസഭയിലും അർക്കദ്യക്കോന്മാരുടെ കുടുംബവാഴ്ച തുടരുന്നു എന്നൊരു പ്രതീതി ജനിപ്പിക്കാൻ സാധിച്ചു. ഇത് റോമാസഭയിലേയ്ക്കുള്ള ഒഴുക്കിനെ ത്വരിതപ്പെടുത്തി.

നാട്ടുമെത്രാന്മാരുടെ ഒരു പരമ്പര അദ്ദേഹത്തിൽനിന്നാരംഭിക്കും എന്നു ചാണ്ടി മെത്രാനും റോമാസുറിയാനിക്കാരും കരുതി. തന്റെ അനന്തിരവനായ മത്തായി കത്തനാരെ പിൻഗാമിയായി നിയമിക്കണമെന്ന ആവശ്യം റോം തള്ളി. ചാണ്ടി മെത്രാന്റെ കാലം കഴിഞ്ഞതോടെ റോമാസുറിയാനിക്കാരെ വീണ്ടും യൂറോപ്യൻ മെത്രാന്മാരുടെ ഭരണത്തിൻകീഴിലാക്കി. അതോടെ റോമാ സുറിയാനിക്കാർ തികച്ചും വഞ്ചിതരായി.

സുറിയാനി ക്രിസ്ത്യാനികളുടെ മെസപ്പെട്ടോമ്യൻ പ്രേമം നന്നായി അറിയാമായിരുന്ന റോമാസഭ, റോമാസഭയിൽ ചേർന്ന പേർഷ്യൻ മെത്രാന്മാരെപ്പോലും ഇവർക്കു നൽകിയില്ല എന്നത് വഞ്ചനയുടെ ആഴം വ്യക്തമാക്കുന്നു. ഇവർക്ക് പിൽക്കാലത്ത് യൂറോപ്യൻ മിഷനറിമാരിൽനിന്നും മെത്രാന്മാരിൽ നിന്നും ലഭിച്ച നിന്ദയും അപമാനവും പീഢയും കൂനൻകുരിശിലെ സത്യലംഘനം ചെയ്തതിന്റെ ശിക്ഷയാണെന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല.



തുടർന്നുള്ള ദശകങ്ങൾ ഈ നിന്ദയുടെയും പീഢയുടെയും അപമാനത്തിന്റെയുമാണ്. നിസഹായരായ റോമാസുറിയാനിക്കാർ ഒരു നാട്ടുമെത്രാനു വേണ്ടിയോ, കുറഞ്ഞപക്ഷം ഒരു കൽദായ മെത്രാനുവേണ്ടിയോ ഉള്ള ശ്രമം തുടർന്നു. അതിനനുസരിച്ച് പാതിരിമാരുടെ കീഴടക്കലും വർദ്ധിച്ചുവന്നു. പാറേമ്മാക്കൽ ഗോവർണദോരുടെ *വർത്തമാനപുസ്തക*ത്തിലെ പരാമർശങ്ങൾ മാത്രം മതി അവരുടെ നിസഹായാവസ്ഥയുടെയും പീഢയുടെയും ആഴം അറിയാൻ.

ഈ പശ്ചാത്തലത്തിൽ വേണം മാർത്തോമാ മെത്രാന്മാരുമായുള്ള സന്ധി ആലോചനകളെ കാണാൻ. പക്ഷേ റോമാസുറിയാനിക്കാരുടെ അവസ്ഥ കണ്ടറിഞ്ഞ നസ്രാണികൾ അത്തരമൊരു വെട്ടിൽ ചാടാൻ തയാറായിരുന്നില്ല.

കൊച്ചിയിലെ പാദ്രുവാദോ രൂപതയുടെയും കൊടുങ്ങല്ലൂർ രൂപതയുടെയും കീഴിലായിരുന്ന റോമാസുറിയാനിക്കാർക്ക് സ്വന്ത വംശത്തിൽ നിന്നുള്ള ഒരു ജാതിക്കുതലവൻ എന്നത് അപ്രാപ്യമായ ഒരു സ്വപ്നമായി മാത്രം നിലനിൽക്കുമ്പോളാണ് തച്ചിൽ മാത്തുതരകൻ എന്ന ഉജ്വല താരത്തിന്റെ ഉദയം. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ അന്നുവരെയുള്ള ചരിത്രത്തിലെ ഏറ്റവും ധനാഢ്യനും സ്വാധീന ശക്തിയുള്ളവനുമായി വളർന്ന മാത്തുതരകൻ താനടക്കമുള്ള തന്റെ മതവിഭാഗം അനുഭവിക്കുന്ന നിന്ദയിൽ നിന്നും പരിഹാസത്തിൽ നിന്നുമുള്ള മോചനത്തിനു തന്റെ കഴിവും ധന – സ്വാധീന ശക്തിയും ഉപയോഗിച്ചു.

ഈ ശ്രമങ്ങളുടെ ആദ്യപടിയായിരുന്നു കരിയാറ്റി മല്പാനെ റോമിലയച്ചത്. ദീർഘനാളുകളിലെ ശ്രമഫലമായി അദ്ദേഹത്തിനു കൊടുങ്ങല്ലൂർ ആർച്ച്ബിഷപ്പ് എന്ന സ്ഥാനത്തിൽ മെത്രാൻപട്ടം ലഭിച്ചെങ്കിലും കേരളത്തിന്റെ മണ്ണിൽ കാൽകുത്തുവാനായില്ല. അദ്ദേഹം ഗോവയിൽവച്ച് അപമൃത്യുവടഞ്ഞു. ആകെ ലഭിച്ചത് കൂടെപോയ പാറേമ്മാക്കൽ തോമാ കത്തനാർക്ക് ഗോവാ മെത്രാന്റെ കീഴിൽ ഒരു ഗോവർണദോർ (അഡ്മിനിസ്ട്രേറ്റർ) സ്ഥാനം മാത്രം.

അക്കാലത്ത് നസ്രാണികളെ ഭരിച്ചുവന്നിരുന്ന വലിയ മാർ ദിവന്യാസ്യോസിന്റെ (മാർതോമാ ആറാമൻ ) മേല്പട്ട സ്ഥാനം സാധുവാണെന്ന് റോം അംഗീകരിച്ചതോടുകൂടി അദ്ദേഹത്തെ റോമാ വഴക്കി, മെത്രാനായി അംഗീകരിച്ച്, ഈ പ്രശ്നം പരിഹരിക്കാനുള്ള ശ്രമം മാത്തുതരകൻ ആരംഭിച്ചു. രാജകീയ വിളംബരം ലഭിക്കുകയും, അന്ത്യോഖ്യൻ മെത്രാന്മാരെ ഒതുക്കുകയും ചെയ്ത്, ഏകഛത്രാധിപതിയായി വാഴുന്ന മാർ ദിവന്യാസ്യോസിനു റോമാ സുറിയാനിക്കാരെപ്പോലെ ഒരു ലയനം അത്യന്താപേക്ഷിതമായിരുന്നില്ല. എന്നാൽ സുറിയാനി ക്രിസ്ത്യാനികളെ ഒന്നാക്കുവാനായി വിട്ടുവീഴ്ച ചെയ്യുവാൻ അദ്ദേഹം ഒരുക്കവുമായിരുന്നു. ദീർഘവർഷങ്ങളിൽ ചർച്ചകൾ നടന്നതല്ലാതെ ഒന്നും സംഭവിച്ചില്ല. തിരുവിതാംകൂർ സർക്കാരിനെക്കൊണ്ടുപോലും ശുപാർശ ചെയ്യിച്ചിട്ടും മാർത്തോമ്മാ മെത്രാനും മലങ്കര പള്ളിയോഗവും വഴങ്ങിയില്ല. കരിയാറ്റി മെത്രാന്റെ ദുർമരണത്തോടെ റോമാസുറിയാനിക്കാർ പ്രകോപിതരായി. 1787 ൽ അങ്കമാലിയിൽ കൂടിയ അവരുടെ പള്ളിപ്രതിപുരുഷയോഗം പാറേമ്മാക്കൽ ഗോവർണദോരെയല്ലാതെ മറ്റാരെയും തലവനായി അംഗീകരിക്കില്ല എന്നു പ്രഖ്യാപിച്ചു പടിയോല എഴുതി.

www.malankaralibrary.com

ഈ അവസരത്തിൽ മാത്തു തരകൻ തന്റെ സ്വാധീനശക്തി ഉപയോഗിച്ച് കൊച്ചിയിലെയും കൊടുങ്ങല്ലൂരെയും റോമൻ കത്തോലിക്കാ ബിഷപ്പുമാരെ തിരുവിതാംകൂർ രാജസന്നിധിയിലെത്തിച്ച്, റോമാസുറിയാനിക്കാരുടെ മേൽ അവർക്കുള്ള അധികാരം ഒഴിഞ്ഞതായി എഴുതിവയ്പിച്ചു. കൂടാതെ മൂന്നു വർഷത്തിനകം റോമിലേക്കെഴുതി നാട്ടുമെത്രാനെ വാഴിക്കാനുള്ള അനുവാദം വരുത്താനുള്ള ചുമതല കൊച്ചി ബിഷപ്പിനെ ഏൽപ്പിക്കുകയും ചെയ്തു. അതു നടന്നില്ലെന്നു മാത്രമല്ല, തുടർന്ന് റോമാസുറിയാനി വിഭാഗത്തിൽപെട്ടവർക്ക് ഈ കാരണത്താൽ വൈദികപട്ടം കൊടുക്കാൻ മേൽപ്പറഞ്ഞ ബിഷപ്പുമാർ വിസമ്മതിച്ചു. അതോടെ റോമാ സുറിയാനിക്കാർ തികച്ചും പ്രശ്നത്തിലായി.

ഇതിനിടയിൽ തരകന്റെ നിർദേശപ്രകാരം ബാഗ്ദാദിലെ കൽദായ (റോമൻ കത്തോലിക്കാസഭയിൽ ചേർന്ന) സുറിയാനി പാത്രിയർക്കീസിന്റെ അടുക്കൽ പോയിരുന്ന പണ്ടാരി പൗലൂസ് ശെമ്മാശൻ അവിടെനിന്നും മേല്പട്ടം സ്വീകരിച്ച് മടങ്ങിയെത്തി. കുറേകാലത്തേയ്ക്കു റോമാസുറിയാനിക്കാരുടെ പ്രതീക്ഷ അദ്ദേഹത്തിലായി. 1799 ൽ പാറേമ്മാക്കൽ ഗോവർണദോർ മരിച്ചപ്പോൾ പണ്ടാരി പൗലൂസ് മെത്രാനെക്കൊണ്ട് കട്ടക്കയത്തിൽ അവിരാ കത്തനാർക്ക് ഗോവർണദോർ സ്ഥാനം കൊടുപ്പിക്കുകയും ചെയ്തു. പക്ഷേ പണ്ടാരി പൗലൂസ് മെത്രാനെ അംഗീകരിക്കാൻ റോം വിസമ്മതിച്ചു.

1799 ൽ ധർമ്മരാജാവ് മരണമടയുകയും ദുർബലനായ ബലരാമവർമ്മ സ്ഥാനമേൽക്കുകയും ചെയ്തതോടെ തരകന്റെ പ്രതാപം അത്യുച്ചത്തിലായി. സുഹൃത്തായ ജയന്തൻ ശങ്കരൻ നമ്പൂതിരിക്ക് വലിയ സർവാധിസ്ഥാനം ലഭിച്ചതോടെ രാജഭരണം തരകന്റെ കൈയിലൊതുങ്ങി. അതോടെ തരകൻ ഏതു വിധേനയും മാർ ദിവന്യാസ്യോസിനെ റോമാ വഴക്കാനുള്ള ശ്രമവും ആരംഭിച്ചു. അക്കാലത്തെ തിരുവിതാംകൂറിന്റെ ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തരകന്റെ പ്രതാപത്തിന്റെയും രാഷ്ട്രീയ സ്വാധീനത്തിന്റെയും ആഴം മനസിലാക്കുന്നവർക്ക് റോമാ വഴക്കാൻ മാർ ദിവന്യാസ്യോസിനെയും സഹചാരികളെയും നസ്രാണി സമൂഹത്തെ മുഴുവനെയും തരകൻ പീഢിപ്പിച്ചതിന്റെ വിവരണം നിരണം ഗ്രന്ഥവരിയിൽ പറയുന്നത് അക്ഷരംപ്രതി സത്യമാണെന്ന് മനസിലാകും.

പീഢനത്തിന്റെ അവസാനം നസ്രാണിസമൂഹം മുഴുവന്റെയും രക്ഷയ്ക്കായി മാർ ദിവന്യാസ്യോസ് റോമാ വഴങ്ങി. അന്ന് തരകന്റെ കഷ്ടകാലവുമാരംഭിച്ചു. ആഴ്ചകൾക്കുള്ളിൽ മാത്തുതരകന്റെ പ്രതാപം അസ്തമിക്കുകയും മാർ ദിവന്യാസ്യോസ് സത്യവിശ്വാസത്തിലേയ്ക്ക് മടങ്ങുകയും ചെയ്തു.

മാത്തു തരകനെപ്പോലുള്ള ഒരു പ്രതാപി ഇല്ലാതായതോടെ റോമാ സുറിയാനിക്കാർ വീണ്ടും യൂറോപ്യൻ ബിഷപ്പുമാരുടെ കീഴിലായി. ഒരു സ്വദേശി മെത്രാനെ ലഭിക്കാൻ വീണ്ടും ഒരു നൂറ്റാണ്ടുകൂടി അവർ കാത്തിരിക്കേണ്ടി വന്നു.

**04. 03. റോമാ സുറിയാനിക്കാരുടെ യോജിപ്പ്.** റോമൻ കത്തോലിക്കാ ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ എല്ലാ മാർത്തോമാ മെത്രാന്മാരും റോമൻ കത്തോലിക്കാ സഭയിൽ ചേരുവാൻ ആഗ്രഹിച്ചിരുന്നു. അന്നത്തെ സഭയുടെ സാഹചര്യങ്ങൾ കണക്കിലെടുത്ത് ഈ പ്രസ്താവനയെ പരിശോധിക്കേണ്ടിയിരിക്കുന്നു.

കൂനൻകുരിശു മുതൽ 18 -ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടം വരെയും രണ്ടു



വിഭാഗവും തമ്മിലുള്ള വ്യത്യാസങ്ങൾ കേവലം അപേക്ഷികങ്ങളായിരുന്നു. മേലധികാര സ്ഥാനത്തിൽ ഒഴികെ മറ്റെല്ലാ സംഗതികളിലും ഒരേ ആചാര പാരമ്പര്യങ്ങൾ തുടർന്നിരുന്നു. ഒരു പള്ളി തന്നെ രണ്ടു കൂട്ടരും ഒരുമിച്ച് ഉപയോഗിക്കുന്നത് സാധാരണമായിരുന്നു. 18 -ാം നൂറ്റാണ്ടിന്റെ അവസാനം വരെയും കൽദായ ക്രമങ്ങളാണ് രണ്ടു കൂട്ടരും ഉപയോഗിച്ചിരുന്നത്.

എ. ഡി. 1686 – ൽ നസ്രാണികൾ അന്ത്യോഖ്യൻ വേദശാസ്ത്രം ഔദ്യോഗികമായി അംഗീകരിച്ചുവെങ്കിലും അത്തരം താത്വികമായ അംശങ്ങൾ സാധാരണ ജനങ്ങളെ സ്പർശിക്കുന്ന വിഷയമായിരുന്നില്ല. റോമാസഭ, വേദതലവൻ റോമാപാപ്പായാണെന്നു പറയുമ്പോൾ നസ്രാണികളെ സംബന്ധിച്ചും വേദതലവൻ മലയാളി ആയിരുന്നില്ല. അത് ഉദയംപേരൂരിനു മുമ്പ് ബാബിലോണിലെ നെസ്തോറിയൻ പാത്രിയർക്കീസും, കൂനൻകുരിശിനു ശേഷം അന്ത്യോഖ്യാ പാത്രിയർക്കീസും ആയിരുന്നു. ഈ സാഹചര്യത്തിൽ പ്രാദേശികമായ അധികാര കേന്ദ്രങ്ങളുടെ വ്യക്തമായ നിർവചനവും, സാമൂഹിക മതാചാരങ്ങളുടെ സുരക്ഷിതത്വവും ഉറപ്പാക്കി ഒരു തലവനും, ഒരു സമൂഹവുമായി തുടരാൻ നസ്രാണികൾ ആഗ്രഹിച്ചത് സ്വാഭാവികം മാത്രം. പ്രത്യേകിച്ചും ജാതിയും ജാതിക്കു തലവനും സുപ്രധാനമായ അന്നത്തെ കേരളീയ സമൂഹത്തിൽ.

ഈ വിഷയങ്ങളിൽ പാശ്ചാത്യ റോമൻകത്തോലിക്കാ മിഷനറിമാരുടെ കടന്നുകയറ്റമാണ് കൂനൻകുരിശു വിപ്ലവത്തിനു ത്വരകമായി വർത്തിച്ചത്. ഭൂരിപക്ഷം നസ്രാണികളും അംഗീകരിച്ച കൂനൻകുരിശു സത്യത്തിനുശേഷം പണക്കൊഴുപ്പും സ്വാധീനശക്തിയുമുപയോഗിച്ച് അവരിൽ നല്ല പങ്കിനെയും കീഴടക്കാൻ സാധിച്ച റോമൻ കത്തോലിക്കർക്ക്, മറ്റു മാർഗമില്ലാഞ്ഞതിനാൽ സ്വദേശിയായ പറമ്പിൽ ചാണ്ടിയെ മെത്രാനാക്കേണ്ടി വന്നു. അർക്കദ്യക്കോന്മാരുടെ പാരമ്പര്യ കുടുംബമായ പകലോമറ്റത്തുനിന്നും തന്ത്രപൂർവം വാഴിച്ച ചാണ്ടി മെത്രാനിൽ കൂടി നാട്ടുമെത്രാന്മാരുടെ ഒരു പരമ്പര അതേ കുടുംബത്തിൽ തന്നെ റോമാസഭയുടെ കീഴിൽ ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് ഈ ഭൂരിപക്ഷം കളം മാറ്റി ചവിട്ടിയത്. എന്നാൽ ചാണ്ടി മെത്രാന്റെ മരണശേഷം പിൻഗാമിയായി അദ്ദേഹത്തിന്റെ അനന്തരവൻ മത്തായി ആർക്കദ്യക്കോനെ വാഴിക്കാൻ വിസമ്മതിക്കുകയും അടുത്ത രണ്ടു നൂറ്റാണ്ടുകളിലധികം മറ്റൊരു നാട്ടുമെത്രാനെ ലഭിക്കാതെ റോമാസുറിയാനിക്കാർ ഭഗ്നാശരായി തീരുകയും ചെയ്തു.

മറുവശത്ത് പകലോമറ്റം അർക്കദ്യക്കോന്മാരുടെ പിന്തുടർച്ചയായ മാർതോമാ മെത്രാന്മാർ തുടർച്ചയായി ഭരിച്ചുവന്നു. എന്നാൽ റോമാ സുറിയാനിക്കാരെപ്പോലെ സാമ്പത്തികമോ വേദശാസ്ത്രപരമോ ആയ പിൻബലം ഇവർക്കില്ലായിരുന്നു. മാർ ഈവാനിയോസ് ഹദിയള്ള എന്ന ഒരു അപൂർവ്വ വ്യക്തിത്വം ഒഴികെ ഇക്കാലത്തുവന്ന സുറിയാനി മേൽപ്പട്ടക്കാർ എല്ലാവരും സഭയുടെ ഉൾഭരണത്തിൽ കൈകടത്താനും മാർതോമാ മെത്രാന്മാരുടെ അധികാരത്തെയും പട്ടത്വത്തെയും ചോദ്യം ചെയ്യുവാനുമാണ് ശ്രമിച്ചത്.

മാർതോമാ മെത്രാന്മാരുടെ അയഞ്ഞ ഭരണവ്യവസ്ഥയിൽ എന്തെങ്കിലും വ്യക്തിപരമായ കാരണങ്ങളാൽ അവരോട് എതിർത്തവർ വിദേശ മെത്രാന്മാരെ പിന്തുണച്ചു. ഇവയ്ക്കുപരി വേദശാസ്ത്രപരമായ കാരണങ്ങൾ എന്തെങ്കിലും

www.malankaralibrary.com

ഈദൃശ്യ പ്രവർത്തനങ്ങൾക്കുണ്ടായിരുന്നോ എന്നു സംശയമാണ്. പക്ഷേ ഈ സംഭവങ്ങൾ മൂലം മാർത്തോമാ മെത്രാന്മാരുടെ ഭരണം സുഗമമല്ലായിരുന്നു. ഈ സാഹചര്യത്തിൽ വിവിധ കാരണങ്ങൾകൊണ്ട് തുല്യ ദുഃഖിതരായിരുന്ന, ഒരിക്കൽ ഒരുമിച്ചുകഴിഞ്ഞിരുന്ന, നസ്രാണി – റോമാ സുറിയാനി സഹോദരങ്ങൾ ഒരുമിക്കാൻ ശ്രമിച്ചതിൽ അസ്വഭാവികമായി ഒന്നുമില്ല.

തങ്ങളുടെ വിശ്വാസം തെറ്റെന്നോ, തങ്ങളുടെ പട്ടത്വത്തിനു ന്യൂനതയുണ്ടെന്നോ ഉള്ള വിചാരമല്ല മാർതോമാ മെത്രാന്മാരെ അനുരഞ്ജന ചർച്ചകൾക്ക് നയിച്ചത്. ഒന്നര നൂറ്റാണ്ടു നീണ്ട ചർച്ചകളിൽ മാർത്തോമാ മെത്രാന്മാരെടുത്ത കർക്കശമായ നിലപാട് തന്നെ ഇതിന്റെ ഏറ്റവും മികച്ച തെളിവാണ്. അവർക്ക് തങ്ങളുടെ നിലപാടിനെപ്പറ്റി 'പാപബോധ'മുണ്ടായിരുന്നെങ്കിൽ തീർച്ചയായും ലളിതമായ വ്യവസ്ഥകളിൽ അവർ റോമാസഭയിൽ ചേരുമായിരുന്നു എന്നത് നിസ്തർക്കമാണ്. പീഡിപ്പിച്ചിട്ടും അവർ വഴങ്ങിയില്ല എന്ന വസ്തുതയും കണക്കിലെടുക്കണം. വിവിധ കാലങ്ങളിൽ വിവിധ മാർത്തോമാ മെത്രാന്മാരുമായി നടത്തിയ സന്ധി ആലോചനകളിൽ ഉയർന്നുവന്ന പ്രധാന വിഷയങ്ങൾ താഴെ പറയുന്നവയാണ്.

1) റോമാ പാപ്പായെ മേലധികാരിയായി അംഗീകരിക്കുക.

2) സത്യസഭ റോമൻകത്തോലിക്കാ സഭയെന്ന് അംഗീകരിക്കുക.

3) മാർതോമാ മെത്രാന്മാരെ മാത്രം സുറിയാനി ക്രിസ്ത്യാനികളുടെ മേൽപ്പട്ടക്കാരായി അംഗീകരിക്കുക.

4) മാർത്തോമ്മാ മെത്രാന്മാരുടെ ഭരണത്തെ പുറത്തുനിന്ന് നിയന്ത്രിക്കാതിരിക്കുക.

5) സുറിയാനി ക്രിസ്ത്യാനികളുടെ ഉൾഭരണത്തിൽ കൈകടത്താതിരിക്കുക.

6) മാർത്തോമ്മാ മെത്രാന്മാരുടെ പാരമ്പര്യവാഴ്ച ഉറപ്പാക്കുക.

7) പുളിപ്പുള്ള അപ്പവും മറ്റു പൗരസ്ത്യ സഭാപാരമ്പര്യങ്ങളും ജാത്യാചാരങ്ങളും തുടരാൻ അനുവദിക്കുക.

ഇവയിൽ 1, 2 എന്നിവ റോമൻപക്ഷത്തിന്റെ നിബന്ധനകളായിരുന്നു. 3 മുതൽ 7 വരെയുള്ളവ സുറിയാനി ക്രിസ്ത്യാനികളുടെയും. നസ്രാണികളുടെ ന്യായമായ ഈ ആവശ്യങ്ങൾക്ക് ഉറപ്പൊന്നും നൽകാൻ റോമൻ കത്തോലിക്കാ അധികാരികൾ തയാറായില്ലെന്നു മാത്രമല്ല തികച്ചും നിഷേധാത്മകമായ നിലപാടെടുക്കുകയും ചെയ്തു.

മറ്റൊരു ശ്രദ്ധേയമായ സംഗതി, ചാണ്ടി മെത്രാന്റെ മരണം മുതൽ ഇന്നുവരെയും റോമാസുറിയാനിക്കാർ ഇതേ അവശ്യങ്ങൾക്കായി റോമാസഭയുമായി പോരാടുകയാണ് എന്നതാണ്. ഇത്, സുറിയാനി ക്രിസ്ത്യാനികളുടെ യോജിപ്പ് ഒരു സാമൂഹിക ആവശ്യമായിരുന്നു എന്നതും, മാർത്തോമാ മെത്രാന്മാർ സന്ധി ചർച്ചകൾക്ക് സമ്മതിച്ചത് ഈ സമൂഹത്തെ ഒന്നിപ്പിക്കാനുള്ള ഒരു ത്യാഗപ്രവർത്തിയായിരുന്നു എന്ന വസ്തുതയും തെളിയിക്കുന്നു.

**04. 04. അന്ത്യോഖ്യൻ അധിനിവേശം.** 1653 ൽ കൂനൻകുരിശു സത്യത്തിനു ശേഷം മേൽപ്പട്ടസ്ഥാനലബ്ധിക്കായി മലങ്കര നസ്രാണികൾ സമീപിച്ച മൂന്നു



പൗരസ്ത്യ സിംഹാസനങ്ങളിൽ (നെസ്തോറിയൻ, അന്ത്യോഖ്യൻ, കോപ്റ്റിക്) ഒന്നു മാത്രമായിരുന്നു അന്ത്യോഖ്യാ. അന്ത്യോഖ്യയിൽ നിന്നും 1665 ൽ മാർ ഗ്രീഗോറിയോസ് അബ്ദുൽ ജലീദ് മലങ്കരയിലെത്തിയതോടെ അന്ത്യോഖ്യൻ ബന്ധം ആരംഭിച്ചു.

ഉദയംപേരൂരിനു മുമ്പ് നെസ്തോറിയൻ മെത്രാന്മാർ മലങ്കരയിൽ വന്നിരുന്ന കാലത്ത് അവർക്ക് *'ആത്മീയ പിതാവും ഗുരുവും ഉപദേശകനും'* എന്ന സ്ഥാനമായിരുന്നു സഭ നൽകിയിരുന്നത്. സഭയുടെ ലൗകിക – ദൈനംദിന ഭരണകാര്യങ്ങൾ പൂർണമായും സ്വദേശിയായ അർക്കദയ്ക്കോന്റെ കീഴിലായിരുന്നു.

ഇപ്രകാരം ഒരു സമീപനമാണ് അന്ത്യോഖ്യൻ മെത്രാന്മാരിൽനിന്നും മലങ്കരസഭ പ്രതീക്ഷിച്ചത്. അർക്കദയ്ക്കോന് മെത്രാനായി സ്ഥാനക്കയറ്റം കിട്ടിയിരുന്നു എങ്കിലും പരദേശി മേൽപ്പട്ടക്കാരെ ഗുരുവും ഉപദേശകനും ആത്മീയ പിതാവുമായി അംഗീകരിക്കുവാൻ തയാറായി. പ്രത്യേകിച്ചും 54 വർഷത്തെ റോമാഭരണവും പുതിയ (അന്ത്യോഖ്യൻ) വിശ്വാസപ്രമാണത്തിന്റെ സ്വീകരണവും വേദശാസ്ത്രപരമായ പാഠങ്ങൾ സഭയ്ക്ക് അത്യന്താപേക്ഷിതമാക്കിയിരുന്ന സാഹചര്യത്തിൽ. മാർ ഗ്രീഗോറിയോസും പിന്നീടു വന്ന മാർ ഈവാനിയോസ് ഹദിയള്ളയും ഈ പ്രതീക്ഷ പൂർത്തീകരിച്ചു. വിശിഷ്യാ അസാമാന്യ പണ്ഡിതനും കവിയുമായിരുന്ന മാർ ഈവാനിയോസ് ഹദിയള്ളയ്ക്ക് നസ്രാണികളുടെ ആചാരാനുഷ്ഠാനങ്ങളെ സ്പർശിച്ച് അവരുടെ എതിർപ്പു വിളിച്ചു വരുത്താതെതന്നെ അടിസ്ഥാന അന്ത്യോഖ്യൻ വിശ്വാസപ്രമാണം അംഗീകരിപ്പിക്കാൻ സാധിച്ചു. ഇദ്ദേഹത്തെ *പരിശുദ്ധൻ* എന്ന നിലയിലാണ് ഗ്രന്ഥവരിയുടെ കർത്താവ് കാണുന്നത്.

ഇദ്ദേഹത്തിന്റെ കാലശേഷം വന്ന അന്ത്യോഖ്യൻ മെത്രാന്മാരുടെ ഭാവം മാറി. മലങ്കരയുടെ മുഴുവൻ മേലധികാരി എന്ന നിലയിലായിരുന്നു പിന്നീട് വന്ന വിഗ്രഹഭഞ്ജകനായ ഈവാനിയോസിന്റെ പ്രവർത്തനം. അടുത്തപടിയായി ഒരു മഫ്രിയാനയും മെത്രാപ്പോലീത്തായും അടക്കം ഒരു സമ്പൂർണ്ണ വൈദിക ശ്രേണിയാണ് മലങ്കരയിലേയ്ക്ക് അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ അയയ്ക്കപ്പെട്ടത്. മലങ്കര വാഴുന്ന മാർത്തോമ്മാ മെത്രാൻ അന്ത്യോഖ്യയുടെ അധികാരം അംഗീകരിക്കണമെന്നും മാർ ദിവന്യാസ്യോസ് എന്ന പേരിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള ഒരു മേൽപ്പട്ടക്കാരനായി അഭിഷേകം പ്രാപിക്കണമെന്നുമായിരുന്നു അവരുടെ ആവശ്യം. ചുരുക്കത്തിൽ ഒരു സ്വതന്ത്ര സഭയായ മലങ്കരസഭയെ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള ഒരു ഭദ്രാസനമായി തരംതാഴ്ത്താനുള്ള നടപടിയായിരുന്നു ഇത്. ഇതു വകവെച്ചുകൊടുക്കാൻ മാർതോമാ മെത്രാന്മാരും സഭയും തയ്യാറായില്ല.

മാർതോമാ മെത്രാന്മാർ, അന്ത്യോഖ്യൻ മേൽപ്പട്ടക്കാരെ ഗുരുവും ഉപദേശകനും മാത്രമായി ആണ് കണ്ടിരുന്നത് എന്നുള്ളതിന്റെ ഏറ്റവും വ്യക്തമായ തെളിവ്; നാലാം മാർതോമാ അന്ത്യോഖ്യാ പാത്രിയർക്കീസിനയച്ചതും ലക്ഷ്യം തെറ്റി ആംസ്റ്റർഡാമിലും റോമിലും എത്തിച്ചേർന്നതുമായ രണ്ടു കത്തുകൾ തന്നെയാണ്. ഇവയിൽ തങ്ങൾക്കുള്ള വേദശാസ്ത്ര ശൂന്യത ചൂണ്ടിക്കാണിച്ച് പണ്ഡിതരായ പാത്രിയർക്കീസിനെയും മെത്രാപ്പോലീത്തായെയും പട്ടക്കാരെയും അയച്ചുതരാനാണ് ആവശ്യപ്പെടുന്നത്. തനിക്കു പട്ടം തരണമെന്നോ തങ്ങളെ

www.malankaralibrary.com

ഭരിക്കണമെന്നോ ആ കത്തുകളിൽ ആവശ്യപ്പെടുന്നില്ല.

അതുപോലെ തന്നെ അന്ത്യോഖ്യായുടെ ഗീവർഗീസ് പാത്രിയർക്കീസ് മാർത്തോമാ അഞ്ചാമനയച്ച കത്തിൽ തന്റെ അധികാരം അംഗീകരിക്കണമെന്നും മാർത്തോമാ അഞ്ചാമൻ മാർ ദിവന്യാസ്യോസ് എന്ന പേരിൽ അഭിഷേകം പ്രാപിക്കണമെന്നും ആവശ്യപ്പെടുന്നുണ്ട്. ഇതിന്റെ അർത്ഥം അന്നുവരെയും പാത്രിയർക്കീസിന്റെ അധീശത്വം മലങ്കര നസ്രാണികൾ അംഗീകരിച്ചിരുന്നില്ല എന്നു തന്നെയാണ്.

ഇതേസമയം വിവിധ കാരണങ്ങളാൽ മാർതോമാ മെത്രാനുമായി പ്രശ്നങ്ങളുണ്ടായിരുന്നവരെക്കൂട്ടി ഒരു സമാന്തര ഭരണം ആരംഭിക്കാനാണ് അന്ത്യോഖ്യൻ മെത്രാന്മാർ ശ്രമിച്ചത്. മാർതോമാ മെത്രാന്റെയും പള്ളിയോഗത്തിന്റെയും അനുമതി കൂടാതെ പട്ടം കൊടുക്കുക എന്നതായിരുന്നു അവയിൽ മുഖ്യം. ഇതു സഭയുടെ അച്ചടക്കത്തെ സാരമായി ബാധിച്ചു എങ്കിലും ഈദൃശ്യ പ്രവർത്തികളിലൂടെ അന്ത്യോഖ്യൻ മെത്രാന്മാർക്ക് ഒരു പറ്റം അനുയായികളെ സൃഷ്ടിക്കാൻ സാധിച്ചു.

അന്ത്യോഖ്യൻ മെത്രാന്മാരെ താൽക്കാലികമായി മെരുക്കുവാൻ 1754 ലെ മാവേലിക്കര പടിയോലയിൽ കൂടി മലങ്കരസഭയ്ക്കു സാധിച്ചു. അന്നത്തെ നിശ്ചയമനുസരിച്ച് മാർതോമാ മെത്രാന്റെ ലൗകീകാധികാരം അംഗീകരിയ്ക്കുവാൻ അന്ത്യോഖ്യർ നിർബന്ധിതരായി. പകരം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആത്മീയാധികാരം മാർതോമാ അഞ്ചാമനും അംഗീകരിച്ചു. പക്ഷേ അന്ത്യോഖ്യർ സംതൃപ്തരായില്ല. തങ്ങളുടെ വിഘടന പ്രവർത്തനങ്ങൾ അവർ ഒളിഞ്ഞും തെളിഞ്ഞും തുടർന്നുവന്നു.

1765 ൽ മാർതോമാ ആറാമൻ സ്ഥാനമേറ്റതിന്റെ ശേഷം പിളർന്നുകൊണ്ടിരിക്കുന്ന സഭയെ ഒരുമിച്ചുനിർത്താൻ ഒരു വലിയ ത്യാഗത്തിനു തയാറായി. അന്ത്യോഖ്യരുടെ പ്രധാന ആവശ്യങ്ങളിൽ ഒന്നിനു സമ്മതിച്ചു. അതനുസരിച്ച് പരദേശ മെത്രാന്മാരിൽനിന്ന് മാർതോമാ മെത്രാൻ 'മാർ ദിവന്യാസ്യോസ്' എന്ന പേരിൽ മെത്രാപ്പോലീത്താ സ്ഥാനം സ്വീകരിച്ചു. രാജകീയ പിൻബലമുണ്ടായിരുന്ന മാർതോമാ ആറാമൻ ഇപ്രകാരം വിട്ടുവീഴ്ചയ്ക്കു സമ്മതിച്ചതിനെ ത്യാഗമെന്നല്ലാതെ വിശേഷിപ്പിക്കുവാൻ വയ്യ. അന്ന് മലങ്കരയിൽ ഉണ്ടായിരുന്ന അന്ത്യോഖ്യൻ മെത്രാന്മാരിൽ ഒരാളായ മാർ ഈവാനിയോസ് യോഹന്നാനെയും ഒരു വിഭാഗം അന്ത്യോഖ്യൻ പക്ഷപാതികളെയും ഇത് തൃപ്തിപ്പെടുത്തി. അവർ സഭയോട് സർവാത്മനാ സഹകരിച്ചു. എന്നാൽ ഇതര അന്ത്യോഖ്യൻ മെത്രാനായ ഗ്രീഗോറിയോസിനെയും ഒരു വിഭാഗത്തെയും ആ നടപടി തൃപ്തരാക്കിയില്ല. പൂർണ അന്ത്യോഖ്യൻ വിധേയത്വമുള്ള ഒരു മെത്രാനെ ആയിരുന്നു അവർക്കാവശ്യം.

1772 ൽ ഗ്രീഗോറിയോസ്, കാട്ടുമങ്ങാട്ട് കുര്യൻ റമ്പാനെ ഒരു മെത്രാനാക്കി ഉയർത്തി ബദൽ ഭരണം സ്ഥാപിച്ചു. പഴയ കൊച്ചി രാജ്യത്തെ പള്ളികൾ അദ്ദേഹത്തിനു കീഴ്പ്പെട്ടു. രണ്ടു വർഷത്തോളം ഈ സമാന്തര ഭരണം നീണ്ടു. അപ്പോഴേയ്ക്കും വലിയ മാർ ദിവന്യാസ്യോസ് അന്ത്യോഖ്യൻ മെത്രാന്മാരിൽ ശേഷിച്ചിരുന്ന മാർ ഈവാനിയോസിന്റെ സഹായത്തോടെ കാട്ടുമങ്ങാട്ടു മെത്രാനെ അധികാരഭ്രഷ്ടനാക്കി. കൊച്ചിയിലും തിരുവിതാംകൂറിലും നില്ക്കുവാൻ വയ്യാതെ



അദ്ദേഹം ബ്രിട്ടീഷു മലബാറിൽപ്പെട്ട ആഞ്ഞൂരെത്തി താമസമാക്കി. അവിടെയിരുന്നുകൊണ്ട് മലങ്കരയിൽ ഒരു സമാന്തര ഭരണത്തിനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം. ശെമ്മാശന്മാരെയും വൈദികരെയും മെത്രാന്മാരെയും അഭിഷേകം ചെയ്ത് ഈ ശ്രമത്തിനു മൂർച്ചകൂട്ടി. കൊച്ചിയിലെ ശക്തൻ തമ്പുരാനോട് കൊച്ചി രാജ്യത്തെ ഒരു പള്ളിയെങ്കിലും തന്റെ ഭരണത്തിൻകീഴിലാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചെങ്കിലും ഫലമൊന്നുമുണ്ടായില്ല.

വലിയ മാർ ദിവന്യാസ്യോസിന്റെ ഭരണാധികാരത്തെ ചോദ്യം ചെയ്യാൻ സാധിക്കുമായിരുന്നില്ലെങ്കിലും അന്ത്യോഖ്യൻ പക്ഷപാതികൾ പല സ്ഥലങ്ങളിലും അന്നും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ അവസാനകാലത്ത് 1806 ൽ വന്ന, 'ഭ്രാന്തൻ' എന്നു വിശേഷിപ്പിക്കാവുന്ന, അന്ത്യോഖ്യൻ മെത്രാൻ ദീയസ്കോറോസിന് അവർ നൽകിയ സഹായംകൊണ്ടു മാത്രമാണ് ഒട്ടുവളരെ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടും, ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി ഇടപെട്ടിട്ടും, 1809 വരെ ഇവിടെ താമസിക്കാൻ സാധിച്ചത്.

പിന്നീട് 1825 ൽ വന്ന അത്താനാസ്യോസ്, ദീയസ്കോറോസിന്റെ മറ്റൊരു പതിപ്പായിരുന്നു. അന്നു വാഴുന്ന ചേപ്പാട്ടു മാർ ദിവന്യാസ്യോസും ആഞ്ഞൂരെ കിടങ്ങൻ മാർ പീലക്സിനോസും അധികാരമൊഴിഞ്ഞ് തന്നെ ഭരണം ഏൽപ്പിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആവശ്യം. അവസാനം ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി ഇടപെട്ട് അത്താനാസ്യോസിനെ നാടുകടത്തി.

1665 മുതൽ 1825 വരെയുള്ള അന്ത്യോഖ്യൻ മെത്രാന്മാരുടെ മലങ്കരയിലെ ചെയ്തികൾ സമഗ്രമായി പരിശോധിച്ചാൽ മനസ്സിലാകുന്ന ഒരു വസ്തുത അവരിൽ സൗമ്യരായ രണ്ടുപേർ – മാർ ഈവാനിയോസ് ഹദിയള്ളയും, മാർ ഈവാനിയോസ് യോഹന്നാനും – മാത്രമേ ഗുരുവും ഉപദേശകനും എന്ന നിലയിൽ പ്രവർത്തിച്ചുള്ളു എന്നാണ്. ക്രിയാത്മകമായി അന്ത്യോഖ്യൻ വേദശാസ്ത്രം അംഗീകരിപ്പിക്കാൻ ആദ്യത്തെയാൾക്കും, അന്ത്യോഖ്യൻ ആരാധനക്രമങ്ങൾ നടപ്പാക്കാൻ രണ്ടാമനും സാധിച്ചു. മറ്റുള്ളവർ എല്ലാം മലങ്കരയുടെ അധികാരം പിടിച്ചെടുക്കാനുള്ള ശ്രമം മാത്രമാണ് നടത്തിയത്. അതിലവർ വിജയിച്ചില്ല. പക്ഷേ സഭയിൽ രണ്ടു കക്ഷികൾ ഉണ്ടാക്കുവാൻ അവർക്കു സാധിച്ചു.

ഓർത്തഡോക്സ് വേദശാസ്ത്രവും തുടർന്ന് അന്ത്യോഖ്യൻ ആരാധനക്രമങ്ങളും പ്രചരിക്കുന്നതിന് അനുസൃതമായി അന്ത്യോഖ്യൻ മെത്രാന്മാരെ അനുസരിക്കുന്ന ഒരു സമൂഹം വളർന്നുവന്നു. അസംതൃപ്തരായ നസ്രാണികൾ ഈ കൊടിക്കീഴിൽ ഒന്നിച്ചുചേർന്നതും, മാർത്തോമാ മെത്രാന്മാർക്ക് ഉണ്ടായ ശക്തിക്ഷയവും, മാർത്തോമാ മെത്രാനെ പല കാരണങ്ങളാൽ എതിർത്തുവന്നിരുന്ന ഏതാനും നസ്രാണി പ്രമുഖരുടെ സഹായവും തങ്ങളുടെ അനുയായി വൃന്ദത്തെ വിപുലപ്പെടുത്തുന്നതിൽ അന്ത്യോഖ്യൻ മെത്രാന്മാരെ സഹായിച്ചു.

തങ്ങൾ പ്രചരിപ്പിച്ച ഓർത്തഡോക്സ് വേദശാസ്ത്രവും അന്ത്യോഖ്യൻ ആരാധനക്രമങ്ങളും അടിസ്ഥാനമാക്കി, അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരം ഒരാവശ്യഘടകമാണെന്ന് പ്രചരിപ്പിക്കുന്നതിൽ അന്ത്യോഖ്യൻ മെത്രാന്മാർ വ്യാപൃതരായിരുന്നു. പടിപടിയായി ഈ ശ്രമം ഫലപ്രാപ്തിയിലെത്തി. ഗ്രന്ഥവരിയുടെ അവസാനകാലമാവുമ്പോഴേക്കും അന്ത്യോഖ്യാപാത്രിയർക്കീസിന് മലങ്കരമേൽ അധികാരമുണ്ടെന്ന് വിശ്വസിക്കുന്ന വലിയ ഒരു സമൂഹത്തെ

www.malankaralibrary.com

സൃഷ്ടിച്ചെടുക്കുവാൻ സാധിച്ചിരുന്നു.

പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യമായപ്പോഴേക്കും മലങ്കര നസ്രാണികൾക്കെതിരെ മറ്റൊരു ഭീഷണി വളർന്നു വരുന്നുണ്ടായിരുന്നു. ബ്രിട്ടീഷ് സമ്രാജ്യത്വ ശക്തിയുടെ പിൻബലത്തോടെ സഭയെ വിഴുങ്ങുവാൻ തയ്യാറെടുത്തു വന്ന പ്രൊട്ടസ്റ്റന്റ് മതം ഈ ഭീഷണിയെപ്പറ്റി തന്റെ അന്ത്യകാലത്ത് വലിയ മാർ ദിവന്യാസിയോസ് ബോധവാനായിരുന്നുവെന്ന് ഗ്രന്ഥവരിയിൽ നിന്ന് മനസിലാക്കാം.

ഈ ഭീഷണിയിൽ നിന്നും രക്ഷനേടുവാൻ അന്ത്യോഖ്യാ പാത്രീയർക്കീസിനെ പരോക്ഷമായി ആശ്രയിക്കേണ്ടി വന്നു. ബ്രിട്ടീഷ് സാമ്രാജ്യ ശക്തിയുടെ അധികാരത്തിനു വിധേയനല്ലാത്ത ഒരു സ്ഥാനിയാണ് തങ്ങളുടെ മേലധികാരിയെന്നും അദ്ദേഹത്തിന്റെ അനുമതി കൂടാതെ വിശ്വാസാചാരങ്ങൾ ഭേദപ്പെടുത്തികൂടായെന്നും പ്രൊട്ടസ്റ്റന്റ് മിഷനറിമാരെ ബോധ്യപ്പെടുത്തേണ്ടിയിരുന്നു. ബ്രിട്ടീഷ് ഭരണത്തിനു വിധേയനാകാത്ത തുർക്കി സാമ്രാജ്യത്തിലെ പ്രജയായ അന്ത്യോഖ്യാ പാത്രീയർക്കീസിനെയാണ് സഭ എടുത്തുകാട്ടിയത്.

തന്റെ ദയാദാക്ഷിണ്യത്തിനു വഴങ്ങി പട്ടമേൽക്കുന്ന ഒരു നസ്രാണി മെത്രാനെ കിട്ടുവാൻ 1842 - ൽ പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസിന്റെ കാലം വരെ അന്ത്യോഖ്യാ പാത്രിയർക്കീസിനു കാത്തിരിക്കേണ്ടിവന്നു. മാർ അത്താനാസ്യോസും പിന്നീടു പാത്രിയർക്കീസിന്റെ അധികാരവാദത്തെ വകവെച്ചില്ലെന്നുള്ളതു ചരിത്രത്തിന്റെ മറുവശം.

**04. 05. പ്രൊട്ടസ്റ്റന്റു യുഗം.** 18 -ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ബ്രിട്ടീഷുകാർ മറ്റു യൂറോപ്യൻ ശക്തികളെ തുരത്തി കേരളതീരത്ത് ആധിപത്യം ഉറപ്പിച്ചതോടെ പുതിയൊരു ബന്ധം നസ്രാണി സമൂഹത്തിനുണ്ടാവുകയായിരുന്നു. ഡച്ചുകാരെപ്പോലെ പ്രൊട്ടസ്റ്റന്റു വിശ്വാസികളായ ബ്രിട്ടീഷുകാർക്കും വ്യാപാര താൽപ്പര്യങ്ങളോടൊപ്പം മതപ്രചരണ താൽപ്പര്യവും ഉണ്ടായിരുന്നു.

കേരളത്തിലെ നസ്രാണിസമൂഹത്തെ തങ്ങളുടെ മതപ്രചരണ പരിപാടികൾക്ക് ഒരു നല്ല അടിത്തറ ആക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. നസ്രാണികളുടെ പൗരസ്ത്യ ഓർത്തഡോക്സ് വിശ്വാസ ആചാരങ്ങൾ റോമൻ കത്തോലിക്കാ ബന്ധത്തിലുണ്ടായ തെറ്റുകളാണെന്നും അവ മാറ്റിയെടുത്താൽ അവർ ഉത്തമ പ്രൊട്ടസ്റ്റന്റു വിശ്വാസികളാകുമെന്നും അവർ കരുതി. പൗരസ്ത്യ ഓർത്തഡോക്സ്, റോമൻ കത്തോലിക്കാ സഭകൾക്ക് പ്രൊട്ടസ്റ്റന്റുകാർ നിരാകരിക്കുന്ന പല പൊതു വിശ്വാസഘടകങ്ങൾ ഉണ്ടെന്നുള്ള വസ്തുത അവർ മനസിലാക്കിയില്ല.

നസ്രാണികളെപ്പറ്റി പഠിക്കാനും അവരുമായി ഒരു ബന്ധം സ്ഥാപിക്കാൻ ഉള്ള വഴികൾ ആരായാനുമായി റവ. കേറിനെ കമ്മീഷനായി നിയമിച്ചത് ഇത്തരുണത്തിലാണ്. തുടർന്നാണ് കൽക്കട്ട ഫോർട്ട് വില്യം കോളജ് പ്രിൻസിപ്പലും സുറിയാനി പണ്ഡിതനുമായിരുന്ന റവ. ക്ലോഡിയസ് ബുക്കാനന്റെ സന്ദർശനം. ബൈബിൾ അച്ചടിച്ചു നൽകാമെന്ന ബുക്കാനന്റെ വാഗ്ദാനം സ്വീകരിച്ചെങ്കിലും പ്രൊട്ടസ്റ്റന്റു വിശ്വാസം സ്വീകരിക്കണമെന്ന അഭ്യർത്ഥന സഭ പൂർണമായും നിരാകരിച്ചു.

സ്വഭാവശുദ്ധിയിലും ജീവിതനിലവാരത്തിലും മുന്നിട്ടു നിൽക്കുന്ന



നസ്രാണികൾ തങ്ങളേക്കാൾ ക്രൈസ്തവ പൗരാണികത അവകാശപ്പെടുന്നു എന്നതിനാൽ അവരെ ആംഗ്ലിക്കൻ സഭയിൽ ലയിപ്പിക്കുക അസാദ്ധ്യമാണെന്നും പകരം അവരുമായി സഹവർത്തിത്വത്തിൽ കഴിയുകയാകും ഉത്തമമെന്നുമായിരുന്നു ബ്രിട്ടീഷുകാരുടെ നിഗമനം. ഉറച്ച ഒരു പ്രൊട്ടസ്റ്റന്റായ കേണൽ മെക്കാളെ തിരുവിതാംകൂറിൽ റസിഡന്റായി വന്നതോടെ നസ്രാണികളും ബ്രിട്ടീഷുകാരുമായുള്ള ബന്ധം ഊഷ്മളമായി. കഴിവുള്ള സഹായങ്ങൾ നസ്രാണികൾക്ക് ചെയ്യാൻ അദ്ദേഹം തയാറായിരുന്നു. തുടർന്നുവന്ന കേണൽ മൺട്രോയുടെ കാലത്ത് ഈ ബന്ധം കൂടുതൽ ദൃഢതരമായി. ഇതിനിടയിൽ സഭയിലെ ആഭ്യന്തര പ്രശ്നങ്ങൾ രൂക്ഷമാവുകയും ബ്രിട്ടീഷുകാർ അതിൽ ഇടപെടുകയും ചെയ്തതോടെ ഒരർത്ഥത്തിൽ സഭ ബ്രിട്ടീഷുബന്ധം അംഗീകരിക്കുകയായിരുന്നു.

സെമിനാരി സ്ഥാപനവും തുടർന്ന് പകലോമറ്റം വാഴ്ചയുടെ അവസാനം സംഭവിക്കുമ്പോഴും; എന്നെങ്കിലും നസ്രാണികൾ പ്രൊട്ടസ്റ്റന്റ് വിശ്വാസം സ്വീകരിക്കും എന്നൊരു കണക്കുകൂട്ടൽ ബ്രിട്ടീഷുകാർക്കുണ്ടായിരുന്നു. ഗ്രന്ഥവരിയിൽ പ്രതിപാദിക്കുന്ന കാലഘട്ടത്തിന്റെ അവസാനം ബ്രിട്ടീഷ് മിഷനറിമാരുമായി സഹവർത്തിത്വത്തിൽ പോകുന്ന ഒരു ചിത്രമാണ് കാണുന്നത്. എന്നാൽ അതിനുമുമ്പുതന്നെ അവർ പ്രൊട്ടസ്റ്റന്റു വിശ്വാസം സഭയിൽ നടപ്പാക്കാൻ ശ്രമിക്കുകയും മലങ്കര പള്ളിയോഗം അതു നിരാകരിക്കുകയും ചെയ്തിരുന്നു.

## 05. ഭരണരംഗം

**05. 01. പകലോമറ്റത്തിന്റെ വളർച്ചയും അസ്തമനവും.** ചില ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നതുപോലെ ലോകത്തിൽ ഏറ്റവും അധികം കാലം പാരമ്പര്യവാഴ്ച നടത്തിയ വൈദിക കുടുംബങ്ങളിലൊന്നാണ് പകലോമറ്റം. കൂനൻകുരിശു സത്യത്തോടെ മേല്പട്ടസ്ഥാനം കരഗതമായ ഈ കുടുംബത്തിന്റെ പാരമ്പര്യവാഴ്ചയാണ് കടുത്ത പ്രതിസന്ധികളിലും നസ്രാണി സമൂഹത്തെ നിലനിൽക്കാൻ സഹായിച്ചത്.

തങ്ങളുടെ പരമ്പരാഗത മേലധികാരികളോടുള്ള നസ്രാണികളുടെ വിധേയത്വവും, തങ്ങളുടെ കുടുംബത്തിൽ നിന്ന് അധികാരം പൊയ്പോകരുതെന്ന പകലോമറ്റം മെത്രാന്മാരുടെ ചിന്തയും ആ സ്ഥാനം നിലനിൽക്കുന്നതിനു ഹേതുവായി. ഒരു ബദൽ സംവിധാനം ഉണ്ടാക്കാനുള്ള റോമൻ കത്തോലിക്കരുടെ ശ്രമത്തിനുപോലും ആ കുടുംബത്തിൽ നിന്നു തന്നെ ഒരാളെ - പറമ്പിൽ ചാണ്ടിയെ - കണ്ടെത്തേണ്ടി വന്നു. ആ പരമ്പര തുടരാൻ സാധിച്ചിരുന്നെങ്കിൽ റോമാസുറിയാനിക്കാരുടെ ഭാവി മറ്റൊന്നാകുമായിരുന്നു.

ആറാം മാർത്തോമാ മുതൽ രാജകീയ ശാസനത്തിന്റെ പിൻബലം കൂടി ലഭിച്ചതോടെ ഇവരുടെ സ്ഥാനം കുറേക്കൂടി പ്രബലമായി. എട്ടാം മാർത്തോമായ്ക്ക് ശക്തമായ എതിർപ്പും എതിരാളികൾക്ക് ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ പിൻബലവും ലഭിച്ചിട്ടും അദ്ദേഹത്തിന്റെ ജീവിതകാലത്ത് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കാൻ സർക്കാർ തുനിഞ്ഞില്ല എന്നതുതന്നെ ഈ സ്ഥാനത്തിന്റെ ശക്തി വെളിവാക്കുന്നു. അവസാനത്തെ രണ്ടു മാർതോമാ മെത്രാന്മാർ പകലോമറ്റം കുടുംബത്തിൽ ദത്ത് വഴിയാണെന്നുള്ള ആരോപണമായിരുന്നു എതിർപ്പിന്റെ ഒരു കാരണം.

www.malankaralibrary.com

മലങ്കര നസ്രാണികളെ കീഴ്പ്പെടുത്താൻ ഈ കാലത്ത് ശ്രമിച്ച രണ്ടു വിദേശ ശക്തികളും - റോമൻ കത്തോലിക്കരും, അന്ത്യോഖ്യൻ സുറിയാനിക്കാരും - ഈ സ്ഥാനത്തെ ദുർബലപ്പെടുത്താനാണ് ശ്രമിച്ചത്. ഈ സ്ഥാനത്തിന്റെ നില നിൽപ്പ് തങ്ങളുടെ ശ്രമങ്ങൾക്ക് ഏറ്റവും വലിയ പ്രതിബന്ധമാണെന്ന് അവർ കണ്ടെത്തി. മാർത്തോമാ മെത്രാൻ എന്ന സ്ഥാനം ഇല്ലാതാക്കി മാർ ദിവന്യാസ്യോസ് എന്നു പേരു മാറ്റാൻ അന്ത്യോഖ്യർ ശ്രമിച്ചു. പിന്തുടർച്ച പാരമ്പര്യമായിരുന്നതിനാൽ അക്കാര്യത്തിൽ ഒരു കലഹമുണ്ടാക്കാൻ ആർക്കും സാധിച്ചില്ല.

അന്ത്യോഖ്യൻ ക്രമങ്ങളുടെ പ്രചരണവും, പക്ഷപാതികളുടെ വളർച്ചയും പകലോമറ്റം മെത്രാന്മാർക്ക് ഭീഷണിയായിരുന്നു. മറുവശത്ത് അന്ത്യോഖ്യൻ വിരുദ്ധരുടെയും കൽദായ ക്രമങ്ങളുടെയും രക്ഷാസ്ഥാനമായിരുന്നു മാർത്തോമാ മെത്രാന്മാർ. വടക്കൻ പള്ളികളിൽ അന്ത്യോഖ്യൻ സ്വാധീനം വർദ്ധിച്ചപ്പോഴും ജന്മംകൊണ്ട് വടക്കരായ മാർത്തോമാ മെത്രാന്മാരുടെ പിന്നിൽ തെക്കൻ ഇടവകക്കാർ ഉറച്ചുനിന്നു.

പകലോമറ്റം വാഴ്ച ഉച്ചകോടിയിലെത്തിയത് അഞ്ചും ആറും മാർത്തോമാമാരുടെ കാലത്താണ്. ഒരു അനുരഞ്ജനത്തിനായി മാർ ദിവന്യാസ്യോസ് എന്ന പേര് സ്വീകരിക്കാൻ മാർതോമാ ആറാമൻ സമ്മതിച്ചു എങ്കിലും പിൻഗാമിയെ മാർതോമാ മെത്രാനായി വാഴിച്ച് പേരു മാറ്റത്തിൽ തന്റെ താൽപര്യമില്ലായ്മ വെളിവാക്കി. അദ്ദേഹത്തിന്റെ കാലം മുതൽ ഈ സ്ഥാനം ദുർബലപ്പെട്ടു തുടങ്ങി.

വർദ്ധിച്ചുവന്ന അന്ത്യോഖ്യൻ സ്വാധീനമായിരുന്നു ദുർബലീകരണത്തിന്റെ ഒന്നാമത്തെ കാരണം. ആറാം മാർതോമായുടെ പിൻഗാമികളുടെ കഴിവുകുറവ് രണ്ടാമത്തെ കാരണവും. ഇവയേക്കാളുപരി കായംകുളം പീലിപ്പോസ് റമ്പാൻ, പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ മുതലായ നേതാക്കളുടെ എതിർപ്പും അവർക്കു ലഭിച്ച ബ്രിട്ടീഷ് പിന്തുണയും തകർച്ചയ്ക്ക് ആക്കം കൂട്ടി. എട്ടാം മാർത്തോമായോടെ കടമറ്റത്തെ പകലോമറ്റം കുടുംബം അന്യംനിന്നത് ഒരു മടങ്ങിവരവ് അസാധ്യമാക്കി.

മാർതോമാ മെത്രാന്മാരോടുള്ള എതിർപ്പിൽ ഭൂരിപക്ഷവും വിശ്വാസകാര്യങ്ങൾ മൂലമോ, പാരമ്പര്യഭരണത്തോടുള്ള എതിർപ്പുമൂലമോ അല്ലായിരുന്നു. വ്യക്തിപരവും പ്രാദേശികവുമായ കലഹങ്ങളിലെ പക്ഷപാതിത്വം മൂലമായിരുന്നു.

നൂറ്റാണ്ടുകളോളം നസ്രാണി സമൂഹത്തെ ഒരുമിച്ചു നിർത്തിയ പകലോമറ്റം കുടുംബവാഴ്ച അയ്പ് മെത്രാനെ (മാർത്തോമാ ഒമ്പതാമൻ) വടിയും മുടിയും വയ്പ്പിച്ചതോടെ അവസാനിച്ചു. അതിനുശേഷം മെത്രാനെ തിരഞ്ഞെടുക്കുന്ന രീതി മലങ്കര പള്ളി യോഗം ആവിഷ്ക്കരിച്ചു.

**05. 02. മലങ്കര പള്ളിയോഗം.** മുമ്പ് സൂചിപ്പിച്ചതു പോലെ മലങ്കരയുടെ ഭരണം പൂർവകാലം മുതലെ ജനങ്ങളുടെ കൈയിലായിരുന്നു. സഭയെ പൊതുവായി ബാധിക്കുന്ന തീരുമാനങ്ങൾ മലങ്കര പള്ളിയോഗത്തിന്റെ തീരുമാനമില്ലാതെ നടപ്പാവുകയില്ലായിരുന്നു. അതിനാലാണ് പോർട്ടുഗീസ് പട്ടാള പിൻബലം ഉണ്ടായിട്ടും, റോമാസഭയുടെ കാനോനാകൾക്ക് വിരുദ്ധമായി, അവൈദികർകൂടി പങ്കെടുക്കുന്ന ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി റോമാസഭയെ അംഗീകരിപ്പിക്കാൻ ആർച്ച്ബിഷപ്പ് മെനസീസ് നിർബന്ധിതനായത്.



ഇടവക പള്ളിയോഗങ്ങൾക്കും തത്തുല്യമായ അധികാരങ്ങളാണുണ്ടായിരുന്നത്. വൈദികരുടെ തിരഞ്ഞെടുപ്പ്, അംഗങ്ങളുടെ മുടക്ക് മുതലായ സുപ്രധാന തീരുമാനങ്ങൾ പോലും ഇടവക പള്ളിയോഗത്തിന്റേതായിരുന്നു. ഉദയംപേരൂർ സുന്നഹദോസും തുടർന്നുള്ള ലത്തീൻ ഭരണവും ഈ അധികാരം ഇല്ലാതാക്കാനും അധികാരം ബിഷപ്പിലും വൈദികരിലും കേന്ദ്രീകരിക്കാനും ശക്തമായി ശ്രമിച്ചെങ്കിലും അവർക്കതിൽ വിജയം കണ്ടെത്താനായില്ല.

കൂനൻകുരിശിനു ശേഷം സ്വാതന്ത്ര്യം പ്രാപിച്ചവരിൽ മലങ്കര പള്ളിയോഗത്തിന്റെ അധികാരാവകാശങ്ങൾ അഭംഗുരം തുടർന്നു. മാർതോമാ ഒന്നാമന്റെ വാഴ്ച, അന്ത്യോഖ്യൻ വേദശാസ്ത്രത്തിന്റെയും തുടർന്ന് ക്രമങ്ങളുടെയും അംഗീകാരം തുടങ്ങി ഇതര ക്രൈസ്തവ സഭകളിൽ ജനങ്ങൾക്ക് പ്രാതിനിധ്യമില്ലാത്ത ആത്മീയ - വേദശാസ്ത്ര കാര്യങ്ങൾ പോലും മലങ്കര പള്ളിയോഗത്തിന്റെ തീരുമാനങ്ങളായി ആണ് നടപ്പായത്. പകലോമറ്റം കുടുംബവാഴ്ച ദുർബലമായതോടെ മെത്രാന്മാരുടെ അംഗീകാരവും, അതവസാനിച്ചശേഷം മെത്രാന്മാരുടെ തിരഞ്ഞെടുപ്പും മലങ്കര പള്ളിയോഗത്തിന്റെ കൈയിലായി. വിവാഹ വരുമാനം, പിന്തുടർച്ചാക്രമം മുതലായ ലൗകീകവിഷയങ്ങളിലും മലങ്കര പള്ളിയോഗത്തിന്റെ തീരുമാനം അന്തിമമായിരുന്നു. പലവിധ പ്രശ്നങ്ങളിൽപ്പെട്ടപ്പോഴും മാർതോമാ മെത്രാന്മാരുടെ ശക്തി മലങ്കര പള്ളിയോഗമായിരുന്നു.

**05. 03. തൊഴിയൂർ സഭ.** എ. ഡി. 1772 -ൽ അന്ത്യോഖ്യൻ മെത്രാൻ മാർ ഗ്രീഗോറിയോസ്, കാട്ടുമങ്ങാട്ട് റമ്പാനെ 'മാർ കൂറിലോസ്' എന്ന പേരിൽ വാഴിക്കുകയും തുടർന്ന് അദ്ദേഹം തിരുവിതാംകൂർ, കൊച്ചി രാജ്യങ്ങളിൽ നിന്നും നിഷ്കാസിതനാവുകയും ചെയ്തു. മലബാറിലെ ആഞ്ഞൂരെത്തി (തൊഴിയൂർ) അദ്ദേഹം താമസമാക്കി. അന്ത്യോഖ്യൻ ആരാധനക്രമങ്ങളും അധികാരവും അംഗീകരിക്കുന്ന ഒരു മെത്രാനെയാണ് ഈ വാഴ്ചയിലൂടെ ഗ്രീഗോറിയോസ് പ്രതീക്ഷിച്ചത്. ഒന്നാം ഭാഗം പൂർണമായും ശരിയായെങ്കിലും അന്ത്യോഖ്യൻ അധികാരം തൊഴിയൂർ മെത്രാന്മാർ അംഗീകരിച്ചതായി കാണുന്നില്ല.

ഒന്നാം കൂറിലോസിന്റെ കാലത്ത് മാർ ദിവന്യാസ്യോസുമായി മത്സരിക്കാനും ബദൽ ഭരണം സൃഷ്ടിക്കാനും ശ്രമിച്ചെങ്കിലും അദ്ദേഹത്തിന്റെ മരണശേഷം സ്ഥിതിഗതികൾ മാറി. മാർ ദിവന്യാസ്യോസിന്റെ ഭരണത്തിൻകീഴുള്ള കുന്നംകുളം ആർത്താറ്റ് പള്ളിക്കാരായ ചീരൻ കത്തനാരും കിടങ്ങൻ കത്തനാരുമാണ് ഇദ്ദേഹത്തിന്റെ പിൻഗാമികളായി വന്നത്.

നസ്രാണികളുടെ ഇടയിൽ അന്ത്യോഖ്യൻ ക്രമങ്ങളോടുള്ള ആഭിമുഖ്യം വർദ്ധിക്കുകയും കൽദായ പക്ഷപാതികൾ ദുർബലമാവുകയും പകലോമറ്റത്തിന്റെ അസ്തമനത്തോടെ അസ്തശരണമാവുകയും ചെയ്തതോടെ തൊഴിയൂരുമായുള്ള വിടവ് കുറഞ്ഞുവന്നു. പകലോമറ്റത്തിനു പുറത്തെ ആദ്യ മലങ്കര മെത്രാനായി പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ തൊഴിയൂരിൽ നിന്ന് പട്ടമേറ്റതോടെ നേരിട്ടല്ലാതെ മലങ്കര സഭ തൊഴിയൂർ മെത്രാന്മാരെ അംഗീകരിച്ചു. പുലിക്കോട്ടിൽ ദിവന്യാസ്യോസ്, പുന്നത്ര ദിവന്യാസ്യോസ്, ചേപ്പാട് ദിവന്യാസ്യോസ് എന്നിവരെ വാഴിച്ചത് തൊഴിയൂർ മെത്രാനായ മാർ പീലക്സീനോസാണ്. അദ്ദേഹത്തിന്റെ പിൻഗാമിയെ വാഴിച്ചത് ചേപ്പാട് മാർ ദിവന്യാസ്യോസും. ഇതോടെ പരസ്പരം അംഗീകരിക്കുന്ന രണ്ട് മെത്രാൻ സ്ഥാനങ്ങൾ എന്ന നിലയിലേക്ക്

www.malankaralibrary.com

ഇവ മാറിയിരുന്നു. ഇതിനിടയിൽ കിടങ്ങൻ മാർ പീലക്സീനോസാവട്ടെ രണ്ടു പ്രാവശ്യം മലങ്കര മെത്രാന്റെ സ്ഥാനവും വഹിച്ചു.

ഇസ്സഡ്. എം. പാറേട്ടിന്റെ ഭാഷയിൽ *തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായ* ദൃശ്യമാണ് തൊഴിയൂരിൽ കാണുന്നത്. മലങ്കരസഭയ്ക്ക് വിദേശ സംബന്ധം കൂടാതെ മെത്രാന്മാരെ ലഭിക്കാൻ തൊഴിയൂർ പര്യാപ്തമായി. ഗ്രന്ഥവരിയുടെ അവസാന ഭാഗത്ത് മലങ്കര മെത്രാനും തൊഴിയൂർ മെത്രാനും പരസ്പര സഹവർത്തിത്വത്തിൽ കഴിയുന്ന കാഴ്ചയാണ് കാണുന്നത്.

## 06. 00. രാഷ്ട്രീയ കാലാവസ്ഥ

**06. 01. ഡച്ചുകാർ.** കൂനൻകുരിശുസത്യം പോർട്ടുഗീസ് സൈനീകശക്തിയുടെ പരമകാഷ്ഠയിൽ ധീരമായ ഒരു വിപ്ലവവും അതേസമയം അത്മഹത്യാപരമായ ഒരു എടുത്തുചാട്ടവുമായിരുന്നു. നസ്രാണികളെ റോമാസഭയിൽ പിടിച്ചുനിർത്താൻ എന്തും ചെയ്യാൻ മടിയില്ലാത്ത പോർട്ടുഗീസ് സൈനികശക്തി ഒരു വശത്തും, പൂർണമായും പോർട്ടുഗീസുകാർക്ക് വിധേയരായവരും റോമൻ പണക്കൊഴുപ്പിനു മറിയുന്നവരുമായ ചെറുകിട രാജാക്കന്മാർ മറുവശത്തും, നസ്രാണികൾക്കും മാർതോമാ മെത്രാനും നിത്യഭീഷണിയായിരുന്നു.

1663 ൽ ഡച്ചുകാർ കൊച്ചികോട്ട പിടിക്കുകയും പോർട്ടുഗീസുകാരെ തുരത്തുകയും ചെയ്തതോടെ ഒരു ഭീഷണി ഒഴിവായി. പ്രൊട്ടസ്റ്റന്റുകാരായ ഡച്ചുകാർക്ക് കച്ചവടത്തിലൊഴികെ മതകാര്യങ്ങളിൽ താൽപ്പര്യമില്ലായിരുന്നു. കൂടാതെ പോർട്ടുഗീസുകാർ പോയെങ്കിലും അവരോട് മതപരമായ വിധേയത്വം പുലർത്തിയിരുന്ന ലത്തീൻകാരെയും റോമാസുറിയാനിക്കാരെയുംകാൾ അവരെ വെറുത്തിരുന്ന നസ്രാണികൾ ഡച്ചുകാർക്ക് രാഷ്ട്രീയമായും വാണിജ്യപരമായും അഭിമതരായിരുന്നു.

പണത്തിനു മറിയുന്ന നാട്ടുരാജാക്കന്മാർ അപ്പോഴും നസ്രാണികൾക്ക് തലവേദനയായിരുന്നു. ഇവിടെ നസ്രാണിയുടെ കച്ചവടമനസ്ഥിതി ഉണർന്നു പ്രവർത്തിച്ചു. തങ്ങളുടെ സ്വാധീനത്തിലുള്ള കുരുമുളകു മുഴുവൻ ഡച്ചു കമ്പനിക്ക് ന്യായമായ വിലയ്ക്ക് നൽകിക്കൊള്ളാം എന്ന കരാറിൽ അവരിൽ കൂടി മാർതോമാ മെത്രാന്റെയും തങ്ങളുടെ പള്ളികളുടെയും സുരക്ഷിതത്വം ഉറപ്പാക്കി. കൊച്ചി രാജാവിൽ നിന്നും ക്രിസ്ത്യാനികളുടെ മേലുള്ള സിവിൽ ക്രിമിനൽ അധികാരങ്ങൾ ഡച്ചുകാർ ഏറ്റെടുത്തതോടെ നസ്രാണികളുടെ കൊച്ചി രാജ്യത്തെ സ്ഥിതി ഏതാണ്ട് ഭദ്രമായി.

**06. 02. തിരുവിതാംകൂർ.** 1750 -ൽ വേണാട്ടിലെ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മയുടെ ജൈത്രയാത്ര നാട്ടുരാജ്യങ്ങളുടെ സംയോജനത്തിലും പ്രാദേശിക മാടമ്പിമാരുടെ അടിച്ചമർത്തലിലും തിരുവിതാംകൂർ രാജ്യത്തിന്റെ സ്ഥാപനത്തിലുമാണ് കലാശിച്ചത്. നാമമാത്രമായി മാത്രം ക്രിസ്ത്യാനി പ്രജകളുണ്ടായിരുന്ന മാർത്താണ്ഡവർമ്മയ്ക്ക് തിരുവിതാംകൂർ സ്ഥാപനത്തിനു ശേഷം നസ്രാണിപരിഷയിൽ ഭൂരിഭാഗത്തിനെയും പ്രജകളായി ലഭിച്ചു.

മാർത്താണ്ഡവർമയുമായും പിൻഗാമികളുമായും വളരെ നല്ല ബന്ധത്തിൽ കഴിയാൻ മാർതോമാ മെത്രാന്മാർക്കു കഴിഞ്ഞു. അദ്ദേഹത്തിന്റെ പിൻഗാമി ധർമ്മ രാജാവ് മാർതോമാ ആറാമന് തിരുവെഴുത്തു വിളംബരം നൽകി സ്ഥാനം



ഉറപ്പിക്കുകയും ചെയ്തു. നിരണം ഗ്രന്ഥവരിയിലെങ്ങും മാർതോമാ മെത്രാന്മാരോടുള്ള തിരുവിതാംകൂർ രാജാക്കന്മാരുടെ അനുഭാവപൂർവമായ നിലപാട് പ്രതിബിംബിക്കുന്നുണ്ട്. ബാലരാമവർമ്മ മഹാരാജാവിന്റെ അടുത്ത സേവകനായ തച്ചിൽ മാത്തുതരകൻ മാർ ദിവന്യാസ്യോസിനെ പീഡിപ്പിക്കുമ്പോഴും മഹാരാജാവിൽ മെത്രാപ്പോലീത്താ പ്രതീക്ഷ അർപ്പിച്ചിരുന്നു. മഹാരാജാവിനെ കാണാനുള്ള അവസരം മാർ ദിവന്യാസ്യോസിന്റെ പ്രതിനിധികൾക്ക് ജയന്തൻ ശങ്കരൻ നമ്പൂതിരി നിഷേധിച്ചതിനാലാണ് മാർ ദിവന്യാസ്യോസ് കീഴടങ്ങാനും റോമാ വഴങ്ങാനും ഇടയായത്.

പിന്നീട് റീജന്റ് മഹാറാണിമാരായ ഗൗരി ലക്ഷ്മിഭായിയും ഗൗരി പാർവതിഭായിയും നസ്രാണികളോട് ഉദാരമായ സമീപനമാണ് കൈക്കൊണ്ടിരുന്നത്. അക്കാലമായപ്പോഴേക്കും കേണൽ മൺട്രോ തിരുവിതാംകൂർ ദിവാനായി ചുമതലയേറ്റിരുന്നു. ഇദ്ദേഹം നസ്രാണികളുടെ ഒരു ഉത്തമസുഹൃത്തുമായിരുന്നു.

**06. 03. ബ്രിട്ടീഷുകാർ.** ഡച്ചുകാരെ തുരത്തി കേരളത്തിൽ അധികാരമുറപ്പിച്ച പ്രൊട്ടസ്റ്റന്റ് മതവിശ്വാസികളായ ബ്രിട്ടീഷുകാർക്ക്, ഡച്ചുകാരെപ്പോലെ കച്ചവടത്തിൽ മാത്രമല്ല മതപ്രചരണത്തിലും താൽപ്പര്യമുണ്ടായിരുന്നു. തങ്ങളെപ്പോലെതന്നെ റോമൻ കത്തോലിക്കരെ വെറുക്കുന്നവരാണെങ്കിലും, തങ്ങളേക്കാൾ ക്രൈസ്തവികതയിൽ പുരാതനത്വം അവകാശപ്പെടുന്ന മലങ്കര നസ്രാണികളെ ആംഗ്ലിക്കൻസഭയിൽ ലയിപ്പിക്കുക അസാദ്ധ്യമാണെന്നും, പകരം അവരുമായി സൗഹാർദ്ദത്തിൽ കഴിയുന്നത് തങ്ങൾക്ക് പ്രയോജനകരമായിരിക്കും എന്നുമായിരുന്നു അവരുടെ കണ്ടെത്തൽ. ഈ കാഴ്ചപ്പാടിലാണ് നസ്രാണികൾക്ക് നിർലോപ സഹായം നൽകാൻ ബ്രിട്ടീഷുകാർ തയ്യാറായത്. വിദൂര ഭാവിയിൽ മലങ്കര നസ്രാണികൾ പ്രൊട്ടസ്റ്റന്റ് വിശ്വാസം സ്വീകരിക്കുമെന്ന പ്രതീക്ഷയും അവർക്കുണ്ടായിരുന്നു.

**06. 04. കൊച്ചി.** കൂനൻകുരിശിനു ശേഷം നസ്രാണികൾക്കു നേരെ അത്ര സൗഹാർദ്ദപരമായ സമീപനമല്ല കൊച്ചി രാജാക്കന്മാർ സ്വീകരിച്ചിരുന്നത്. ആദ്യം പോർട്ടുഗീസുകാരുടെയും പിന്നീട് റോമൻ കത്തോലിക്കാ മിഷനറിമാരുടെയും അവസാനം അന്ത്യോഖ്യൻ മെത്രാന്മാരുടെയും ആവശ്യങ്ങൾക്കനുസരിച്ച് കൊച്ചി രാജാക്കന്മാർ നസ്രാണി സമൂഹത്തിൽ കൈകടത്തിയിരുന്നു. 18 -ാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും കൊച്ചിയും തിരുവിതാംകൂറും തമ്മിൽ ഉടമ്പടി ഉണ്ടാകുകയും തിരുവിതാംകൂർ സർക്കാർ കർശനമായി ഇടപെടുകയും ചെയ്തതോടെ കൊച്ചി സർക്കാർ നിലപാടു മാറ്റുകയും നസ്രാണികൾക്ക് അനുകൂലമായ നില സ്വീകരിക്കുകയും ചെയ്തു. കൊച്ചിയിലെ വ്യക്തിമുദ്ര പതിപ്പിച്ച ഏക രാജാവായ ശക്തൻ തമ്പുരാൻ നസ്രാണികളോട് വളരെ സൗഹാർദ്ദത്തിലാണ് കഴിഞ്ഞിരുന്നത്.

സാമൂതിരിയുടെ രാജ്യമായ മലബാറിൽ മുമ്പുതന്നെ നസ്രാണികൾ ഇല്ലാഞ്ഞതിനാൽ അവിടുത്തെ രാഷ്ട്രീയ മാറ്റമൊന്നും നസ്രാണികളെ ബാധിച്ചിരുന്നില്ല.

ഇക്കാലത്ത് നസ്രാണി സമൂഹത്തെ സാരമായി ബാധിച്ച മറ്റൊരു രാഷ്ട്രീയ സംഭവം ടിപ്പുവിന്റെ പടയോട്ടമാണ്. അനേകം പള്ളികൾ അഗ്നിക്കിരയായി. അങ്ങാടികൾ കവർച്ച ചെയ്യപ്പെട്ടു. അനേകം നസ്രാണികൾ നിർബന്ധിത മത

www.malankaralibrary.com

പരിവർത്തനത്തിനു വിധേയരായി. അത്യന്തം പ്രതികൂലമായ ഒരു അവസ്ഥയാണ് ടിപ്പുവിന്റെ പടയോട്ടം നസ്രാണികൾക്ക് നൽകിയത്. റോമാ സുറിയാനിക്കാർക്കും ആലുവായ്ക്കു വടക്കുള്ള എല്ലാവർക്കും ഈ ദുരനുഭവങ്ങൾ ബാധകമായിരുന്നു എന്നതിനാൽ ഇത് ക്രിസ്ത്യാനികൾക്കെതിരായ ഒരു മതപരമായ പീഡനമായി കണക്കാക്കാനാവില്ല.

### 07. ഗ്രന്ഥസ്വരൂപം

**07. 01. ചരിത്ര ഭാഗം.** മുമ്പ് സൂചിപ്പിച്ചതുപോലെ നാലു വരെയുള്ള അദ്ധ്യായങ്ങൾ ചരിത്രമാണ്. ഒന്നും രണ്ടും അദ്ധ്യായങ്ങളിലൂടെ ആഗോള സഭാചരിത്രം പറയുന്നു (ഈ ഭാഗത്തെപ്പറ്റി അനുബന്ധം രണ്ടിലെ റവ. ഫാ. ജോസി ജേക്കബ് പൊനോടത്തിന്റെ *നിരണം ഗ്രന്ഥവരിയിലെ ആഗോള സഭാചരിത്രം* എന്ന ലേഖനം കാണുക). അടുത്ത രണ്ടദ്ധ്യായങ്ങളിൽ മലങ്കര സഭാചരിത്രവും പറയുന്നു. തുടർന്നുള്ള അദ്ധ്യായങ്ങൾ ഈ ചരിത്രവുമായി നേരിട്ടു ബന്ധമില്ലാത്ത പല വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നത്.

**07. 02. മാർത്തോമ്മാ ശ്ലീഹായും കൊടുങ്ങല്ലൂർ ദേവിയും.** മലയാളി സമൂഹത്തിന്റെ സാർവജനീനഭാവം എല്ലാ മതങ്ങളെയും വിശ്വാസങ്ങളെയും സ്വീകരിക്കുന്നതിലും ആംഗീകരിക്കുന്നതിലും സ്വാംശീകരിക്കുന്നതിലും വിജയിച്ചു. ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽ മതലഹളകൾ അരങ്ങു തകർക്കുമ്പോൾ കേരളത്തിൽ മതം ഒരു കലഹ കാരണമായിരുന്നില്ല.

വിവിധ മതവിശ്വാസങ്ങളെയും ഈശ്വരന്മാരെയും കൂട്ടിയിണക്കി ഐതീഹ്യങ്ങൾ സൃഷ്ടിച്ചതിലൂടെ മതകലഹങ്ങൾ തടയാനും സാഹോദര്യം വളർത്താനും മുൻകാല കേരളീയ സമൂഹത്തിനു സാധിച്ചു. ഹിന്ദു ക്ഷേത്രങ്ങളിൽ പ്രത്യേക അവകാശമുള്ള ക്രിസ്ത്യാനികളും മുസ്ലീങ്ങളും, പള്ളികളിൽ അപ്രകാരമുള്ള ഹിന്ദുക്കളും കേരളത്തിന്റെ മാത്രം പ്രത്യേകതയായിരുന്നു.

ഇതിലുപരിയായി ദൈവങ്ങൾ തമ്മിലുള്ള സഹോദര ബന്ധവും പ്രാദേശികമായി പ്രചരിപ്പിച്ചിരുന്നു. ഉദാഹരണമായി, കോട്ടയത്തിനടുത്തുള്ള മണർകാട് കാവിലെ ഭഗവതിയും തൊട്ടടുത്തുള്ള മണർകാട് പള്ളിയിലെ വി. കന്യക മർത്ത മറിയവും സഹോദരിമാരാണെന്നും, കോട്ടയത്തിനടുത്തുള്ള മീനടത്തു കാവിലെ ഭഗവതിയും പുതുപ്പള്ളി പള്ളിയിലെ സെന്റ് ജോർജ്ജ് പുണ്യവാളനും സഹോദരി സഹോദരന്മാരാണെന്നും, തൃപ്പൂണിത്തുറ പൂർണത്രയീശ്വരനും (വിഷ്ണു) കരിങ്ങാച്ചിറ പള്ളിയിലെ ഗീവർഗീസ് സഹദായും സഹോദരരാണെന്നും പ്രാദേശികമായ ഐതീഹ്യങ്ങൾ പ്രബല്യത്തിലുണ്ടായിരുന്നു. തങ്ങളുടെ ദൈവമായ വിഷ്ണു ദേവനും മാർതോമ്മാ ശ്ലീഹായും തമ്മിൽ സംസാരിച്ചിരുന്നു എന്ന് ഹിന്ദുക്കൾ വിശ്വസിക്കുന്നതായി സി. എം. ആഗൂർ രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീ അയ്യപ്പനും വാവരുമാണ് ഇത്തരത്തിൽ ഏറ്റവും പ്രശസ്തമായ ഐതീഹ്യം.

കൊടുങ്ങല്ലൂർ പട്ടണവും നസ്രാണികളും തമ്മിലുള്ള ബന്ധം പുരാതനവും സുദീർഘവുമാണ്. കൊടുങ്ങല്ലൂരെ മഹോദയപുരം പട്ടണം ക്നായിത്തൊമ്മന്റെ (എ. ഡി. 345) കാലത്ത് ക്രിസ്ത്യാനികൾക്കായി പണിതതാണെന്നാണ് ഐതീഹ്യം. ഈ പശ്ചാത്തലത്തിൽ ഈ അദ്ധ്യായത്തിൽ പറയുന്ന ഐതീഹ്യത്തിനു പിമ്പിൽ 'എന്തോ' ഉണ്ടന്നു കരുതാൻ ന്യായമുണ്ട്.



ഇപ്രകാരം കൊടുങ്ങല്ലൂർ ദേവിയെയും മാർതോമ്മാ ശ്ലീഹായെയും ബന്ധിക്കുന്ന ഒരു ഐതീഹ്യം പ്രചാരത്തിലുണ്ടായിരുന്നതായി ടി. കെ. ജോസഫും പറയുന്നുണ്ട്. രസകരമായ ഈ ഐതീഹ്യം മാർതോമ്മാ ശ്ലീഹാ കേരളത്തിൽ വന്നില്ലായെന്നു വാദിക്കുന്നവർക്ക് എതിരെ ഒരു തെളിവെന്ന രീതിയിലാണ് എടുത്ത് കാട്ടിയിരിക്കുന്നത്.

**07. 03. മാർ ഈവാനിയോസിന്റെ കൃതികൾ.** നിരണം ഗ്രന്ഥവരിയുടെ കണിയാന്ത്ര താളിയോല പകർപ്പിൽ മറ്റു പകർപ്പുകളിൽ കാണാത്ത ഒരു വിശ്വാസ പ്രഖ്യാപനവും ആറ് പ്രബന്ധങ്ങളും 35 കവിതകളുമുണ്ട്. ഇവ 1685 -ൽ മാർ ബസേലിയോസ് യൽദോയോടു കൂടെ മലങ്കരയിൽ വന്ന മാർ ഈവാനിയോസ് ഹദിയള്ളയുടെ (ഹിദായത്തുള്ള എന്നും ചിലർ പറയുന്നു) കൃതികളാണെന്നു വിചാരിക്കാൻ ന്യായമായ കാരണങ്ങളുണ്ട്.

1685 -ൽ വന്ന് 1694 -ൽ കാലം ചെയ്ത് മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ കബറടക്കപ്പെട്ട മാർ ഈവാനിയോസ് മികച്ച ഒരു സുറിയാനി പണ്ഡിതനും കവിയും വേദശാസ്ത്രജ്ഞനുമാണെന്ന് സമകാലീനരായ റോമൻ കത്തോലിക്കർ സാക്ഷിക്കുന്നുണ്ട്. അദ്ദേഹത്തെ ഒരു പരിശുദ്ധനായി ആണ് ഗ്രന്ഥവരിയുടെ കർത്താവ് കാണുന്നത്. മലങ്കര നസ്രാണികളുടെ ഇടയിൽ അന്ത്യോഖ്യൻ വേദശാസ്ത്രം നടപ്പാക്കിയത് ഇദ്ദഹമാണ്. മാർ ഈവാനിയോസ്, സഭ, സ്വർഗ്ഗം, പരിശുദ്ധ റൂഹാ, വി. കുർബാന, നോയമ്പ് ഈ കാര്യങ്ങളിൽ റോമൻ വിശ്വാസം മാറ്റി അന്ത്യോഖ്യൻവിശ്വാസ പ്രമാണം അംഗീകരിപ്പിച്ചു എന്ന് ഗ്രന്ഥവരി സാക്ഷിക്കുന്നു.

ഒൻപതു വർഷം മാത്രം കേരളത്തിലുണ്ടായിരുന്ന മാർ ഈവാനിയോസ് മലയാളത്തിൽ എഴുതുവാൻ സാദ്ധ്യതയില്ല. പ്രത്യേകിച്ചും വേദശാസ്ത്രപരമായ ക്ലിഷ്ട പദങ്ങൾക്ക് യുക്തമായ മലയാളം പരിഭാഷ കണ്ടെത്തുക ഇന്നും ക്ഷിപ്ര സാദ്ധ്യമല്ലാതെ ഇരിക്കുമ്പോൾ. അദ്ദേഹത്തിന്റെ രചനകൾ സുറിയാനിയിലായിരിക്കണം. നിർഭാഗ്യവശാൽ സമീപകാലത്തു കണ്ടെത്തിയ ഒരു കല്പന ഒഴികെ അവയിൽ ഒന്നുപോലും കണ്ടെടുക്കാനായിട്ടില്ല.

**07. 03. 01. വിശ്വാസപ്രഖ്യാപനം.** *ചുരുക്കത്തിൽ വിശ്വാസ കാര്യങ്ങൾ* എന്ന് ഈ കൃതിയിൽ തലക്കെട്ടുകൊടുത്തിട്ടുള്ള ഭാഗം അന്ത്യോഖ്യൻ വിശ്വാസ പ്രമാണത്തിന്റെ ഒരു വിശദീകരണമാണ്. ലേഖനകർത്താവ് ലോക സൃഷ്ടി മുതൽ യേശു ക്രിസ്തു വരെയുള്ള ചരിത്രം ആദ്യം ചുരുക്കത്തിൽ വിവരിക്കുന്നു. ദൈവം അബ്രഹാമിനു കൊടുത്ത വാഗ്ദാനം യേശുക്രിസ്തുവിൽ നിറവേറുന്നു എന്ന് തെളിയിക്കുകയാണ് ലേഖന കർത്താവിന്റെ ഉദ്ദേശ്യം.

അടുത്തതായി യേശു ക്രിസ്തുവിന്റെ മനുഷ്യാവതാരം വളരെ സംഗ്രഹിച്ച് ചേർത്തിരിക്കുന്നു. പിന്നീട് ശ്ലീഹന്മാരുടെ പ്രവർത്തനവും ആദിമ സഭയുടെ വളർച്ചയും ചുരുക്കത്തിൽ വിവരിക്കുന്നു. ദൈവം യഹൂദർക്കു കൊടുത്ത വാഗ്ദാനം ക്രൈസ്തവ സഭയിലൂടെ നിറവേറുന്നു എന്നാണ് രചയിതാവ് സമർത്ഥിക്കുന്നത്.

തുടർന്ന് ആദിമ നൂറ്റാണ്ടുകളിൽ സഭയിലുണ്ടായ വേദവിപരീതങ്ങളെ പരാമർശിക്കുന്നു. മൂന്നു പൊതു സുന്നഹദോസുകളിലൂടെ എങ്ങനെ സത്യവിശ്വാസം ഉറപ്പിച്ചു എന്നും, അന്ന് ഉറപ്പിച്ച സത്യ വിശ്വാസമാണ് അന്ത്യോഖ്യൻ സുറിയാനി

www.malankaralibrary.com

സഭ ഇന്നും പിന്തുടരുന്നതെന്നും സ്ഥാപിക്കുന്നു.

അതിനുശേഷം മറ്റു പുരാതന ക്രൈസ്തവ സഭാ വിഭാഗങ്ങളുമായി (ഗ്രീക്ക്, റോമൻ, നെസ്തോറിയൻ) അഭിപ്രായ വ്യത്യാസമുള്ള വേദശാസ്ത്ര പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനമായ വിശുദ്ധ ത്രിത്വം, പുത്രൻ തമ്പുരാന്റെ ആളത്വം, ദൈവ മാതാവായ വി. കന്യകമറിയാം എന്നിവയെപ്പറ്റി വേദതെളിവുകൾ സഹിതം ഭംഗിയായി വിവരിക്കുന്നു (ഈ ഭാഗത്തെപ്പറ്റി റവ. ഫാ. ഡോ. എം. ജോൺ പണിക്കരുടെ *ചുരുക്കത്തിൽ വിശ്വാസ കാര്യങ്ങൾ – ഒരു പഠനം* എന്ന ലേഖനം അനുബന്ധത്തിൽ കാണുക).

നല്ല വേദശാസ്ത്ര പാണ്ഡിത്യവും, അന്ത്യോഖ്യൻ പാരമ്പര്യത്തിൽ അഗാധ ജ്ഞാനവും ഉള്ള ഒരാൾക്കു മാത്രമേ ഈ ഭാഗം എഴുതാൻ കഴിയു എന്ന് ഫാ. ജോൺ പണിക്കർ അഭിപ്രായപ്പെട്ടിട്ടുണ്ട്. യഥാർത്ഥ അന്ത്യോഖ്യൻ പാരമ്പര്യത്തിലുള്ള വിശ്വാസപ്രഖ്യാപനം, ആ സഭയിൽത്തന്നെ പെട്ട ഒരാൾ എഴുതിയതാണെന്ന് ലേഖനത്തിനുള്ളിലെ തെളിവുകളിൽ നിന്നും വ്യക്തമാണ്.

വേദശാസ്ത്ര പാണ്ഡിത്യം പ്രകടിപ്പിക്കാനുള്ള ഒരു അക്കാദമിക്ക് ലേഖനമോ അന്ത്യോഖ്യൻ സഭയുടെ വേദശാസ്ത്ര ചരിത്രം വർണ്ണിക്കുന്ന ഒരു കൃതിയോ അല്ല ഇത്. അന്ത്യോഖ്യൻ സഭയുടെ വേദശാസ്ത്രം കരുപ്പിടിപ്പിച്ചതിൽ പ്രമുഖരായ അലക്സന്ത്രിയായിലെ മാർ കൂറിലോസ്, മാർ അത്താനാസ്യോസ്, മാർ സേവേറിയോസ് പാത്രിയർക്കീസ്, സഭയെ ഒരു വിഷമഘട്ടത്തിൽ നിലനിർത്തിയ മാർ യാക്കോബ് ബുർദ്ദാന ഇവരെപ്പറ്റിയുള്ള നിശബ്ദത ഇതിനു തെളിവാണ്. ഒരു നിശ്ചിത ലക്ഷ്യത്തോടെ അത്യാവശ്യ സംഗതികൾ മാത്രം ചേർത്തു രചിച്ച ഒരു ലേഖനമാണ് ഇതെന്നു വ്യക്തമാണ്.

എന്തായിരുന്നു അപ്രകാരം ഒരാവശ്യം? 1653 –ൽ റോമാ ബന്ധം ഉപേക്ഷിച്ചിട്ടും, 1665 –ൽ അന്ത്യോഖ്യൻ പാരമ്പര്യത്തിൽ മേൽപ്പട്ടസ്ഥാനം സ്വീകരിച്ചിട്ടും മലങ്കര നസ്രാണികൾ കൂനൻകുരിശിനു മുൻപുള്ള വിശ്വാസാചാരങ്ങളാണ് പിൻതുടർന്നിരുന്നത്. 1686 –ൽ മാർതോമ്മാ രണ്ടാമൻ പിൻഗാമിയെ വാഴിക്കാതെ മരണമടഞ്ഞതിന്റെ ശേഷം അന്നു മലങ്കരയിലുണ്ടായിരുന്ന മാർ ഈവാനിയോസ് ഹദിയുള്ള ഒരു മലങ്കര പള്ളിയോഗം വിളിച്ചുകൂട്ടി അടിസ്ഥാന അന്ത്യോഖ്യൻ വേദശാസ്ത്രം അംഗീകരിപ്പിച്ചതായി പറയുന്നുണ്ട്.

അക്കാലത്ത് ഭൗതീക – സാമ്പത്തിക – രാഷ്ട്രീയ രീതികളിൽ മാത്രമല്ല ബൗദ്ധിക തലത്തിലും റോമൻ കത്തോലിക്കർ നസ്രാണികൾക്കെതിരെയുള്ള യുദ്ധം കൊണ്ടുപിടിച്ചു നടത്തുകയായിരുന്നു. ഈ അവസരത്തിൽ പുതിയൊരു വിശ്വാസ പ്രമാണം അംഗീകരിച്ച പുത്തൻകൂർ നസ്രാണികൾക്ക് റോമൻ കത്തോലിക്കരുമായി പിടിച്ചു നിൽക്കുവാൻ വേദശാസ്ത്രപരമായ ഒരടിത്തറ ആവശ്യമായിരുന്നു. ഈ ശൂന്യത നികത്തുവാനാകണം മാർ ഈവാനിയോസ് ഇപ്രകാരം ഒരു ലേഖനം എഴുതിയത്.

1686 – ൽ ചെങ്ങന്നൂർ പള്ളിയിൽ നിന്ന് വിശ്വാസ കാര്യങ്ങളെ പ്രതിപാദിക്കുന്ന ദീർഘമായ ഒരു കല്പന മാർ ഈവാനിയോസ് അയച്ചതായി ചിലർ ചൂണ്ടികാട്ടുന്നുണ്ട്. സ്രോതസ് വെളിപ്പെടുത്തിയിട്ടില്ലാത്ത ആ പ്രസ്താവനയെ മുഖവിലയ്ക്കെടുത്താൽ, ഈ ലേഖനം ആ കല്പനയുടെ ഭാഗമോ സംഗ്രഹമോ അല്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു.



ഈ പശ്ചാത്തലത്തിൽ ഈ ലേഖനകർത്താവ് മാർ ഈവാനിയോസ് ഹദിയള്ള ആണന്ന് എങ്ങനെ സ്ഥാപിക്കാൻ പറ്റും എന്നു പരിശോധിക്കാം. 1. ഇത് ഒരു അന്ത്യോഖ്യൻ പണ്ഡിതൻ എഴുതിയതാണെന്നു ലേഖനത്തിൽ നിന്നും സ്പഷ്ടമാണ്. 2. 1665 –നും 1800 നും ഇടയിൽ മലങ്കരയിലെത്തിയ അന്ത്യോഖ്യൻ മേല്പട്ടക്കാരിൽ 'പണ്ഡിതൻ' എന്ന വിശേഷണം സമകാലീന ചരിത്രകാരൻമാർ മറ്റാർക്കും നൽകിയിട്ടില്ല. 3. അഗാധ പണ്ഡിതനല്ലാത്ത ഒരാൾക്ക് ഇപ്രകാരം ഒരു ലേഖനം എഴുതുവാൻ സാദ്ധ്യമല്ല. 4. മലയാളിയായ ഒരാൾക്ക് ഇപ്രകാരം ഒരു ലേഖനം എഴുതുവാൻ വേണ്ട പാണ്ഡിത്യമോ, പശ്ചാത്തല രേഖകളോ അന്നില്ലായിരുന്നു. 5. വേദശാസ്ത്ര തർക്കം കൊടുമ്പിരികൊണ്ടിരുന്ന അക്കാലത്തെ (1685–94) പോലെ ഇപ്രകാരം ഒരു ലേഖനത്തിന് അത്യാവശ്യം മറ്റൊരുകാലത്തുമുണ്ടായിരുന്നില്ല. 6. ഈ ലേഖനത്തിന്റെ ചുവടു പിടിച്ച് നാലാം മാർത്തോമ്മായുടെ കാലം മുതൽ പ്രസ്താവനകൾ കാണുന്നുണ്ട്. 7. ഇദ്ദേഹം സുറിയാനിയിലും അറബിയിലും ലേഖനങ്ങളെഴുതി പ്രചരിപ്പിച്ച് തങ്ങളുമായി വിശ്വാസ കാര്യങ്ങളിൽ തർക്കിക്കുന്നതായി അക്കാലത്തെ റോമൻ കത്തോലിക്കർ പരാതിപ്പെടുന്നുണ്ട്.

ഈ സംഗതികളിൽ നിന്നും ഈ ലേഖനകർത്താവ് മാർ ഈവാനിയോസ് ഹദിയള്ള തന്നെയാണെന്നു സ്പഷ്ടമാണ്.

**07. 03. 02. മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങൾ.** ഇതേ മാനദണ്ഡത്തിൽ തന്നെ വേണം *മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങൾ* എന്ന ശീർഷകത്തിൽ ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്ന ആറു ലേഖനങ്ങളെയും കാണാൻ. അവ ആറും റോമാസഭയും സുറിയാനിസഭയും തമ്മിൽ വ്യത്യാസമുള്ള സംഗതികളിൽ സുറിയാനി സഭയുടെ നിലപാട് ശരിവെച്ചുകൊണ്ട് എഴുതിയതാണ് (അനുബന്ധത്തിലെ ഫാ. ഡോ. ബി. വർഗീസിന്റെ *മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങൾ– ഒരു മുഖവുര* എന്ന ലേഖനം കാണുക) അവ പ്രകടമാക്കുന്ന ആശയങ്ങൾ

1) റോമാ സഭ സാർവത്രിക സഭയല്ല.

2) റോമാക്കാരെപ്പോലെ പത്തീറ (പുളിപ്പില്ലാത്ത അപ്പം) കുർബാനയ്ക്ക് ഉപയോഗിക്കുന്നത് തെറ്റാണ്.

3) പള്ളികളിൽ രൂപങ്ങൾ വയ്ക്കുന്നത് തെറ്റാണ്.

4) വൈദികർക്ക് വിവാഹം നിഷിദ്ധമല്ല.

5) വിവാഹാവസരത്തിൽ വധുവിനെ വരന്റെ വലത്തു ഭാഗത്ത് നിറുത്തണം.

6) ദിവസം കണക്കാക്കേണ്ടത് സന്ധ്യ മുതൽ സന്ധ്യവരെയാണ്.

1599 ൽ ഉദയംപേരൂർ സുന്നഹദോസുവരെ പൗരസ്ത്യ പാരമ്പര്യ പ്രകാരം നസ്രാണി വൈദികർ വിവാഹം കഴിച്ചിരുന്നു. സുന്നഹദോസ് അതു നിരോധിച്ചത് കടുത്ത സാമൂഹ്യ പ്രശ്നങ്ങൾക്ക് ഇടയാക്കി. 1653 ലെ കൂനൻ കുരിശു സത്യത്തിനു ശേഷം ആദ്യം ചെയ്ത നടപടികളിലൊന്ന് പട്ടക്കാരുടെ വിവാഹ വിലക്കു നീക്കുകയായിരുന്നു, 1665 ൽ വന്ന മാർ ഗ്രീഗോറിയോസ് അബ്ദുൽ ജലീദ് ഇത് ശരിവച്ചു.

തുടർന്ന് റോമാസുറിയാനിക്കാരും നസ്രാണികളും തമ്മിലുണ്ടായ

www.malankaralibrary.com

തർക്കങ്ങളിൽ പ്രധാന വിഷയങ്ങളിലൊന്ന് പട്ടക്കാരുടെ വിവാഹമായിരുന്നു. പട്ടക്കാരുടെ വിവാഹം നിരോധിക്കാൻ ചില നാട്ടുരാജാക്കന്മാർക്ക് റോമൻ കത്തോലിക്കർ കൈക്കൂലി കൊടുത്തതായിപോലും പരാതിയുണ്ടായിരുന്നു.

റോമൻ അധിനിവേശത്തിന്റെ അവശിഷ്ടമായി നസ്രാണികളും അന്ന് പുളിപ്പില്ലാത്ത അപ്പമാണ് (പത്തീറ) കുർബാനയ്ക്ക് ഉപയോഗിച്ചിരുന്നത്. ഈ നടപടി മാറ്റി പൗരസ്ത്യ രീതിയിലുള്ള പുളിപ്പുള്ള അപ്പം (അമ്മീറ) വീണ്ടും മലങ്കരയിൽ നടപ്പാക്കിയത് മാർ ഈവാനിയോസ് ഹദിയള്ള ആണെന്ന് രേഖകളുണ്ട്.

റോമൻ കത്തോലിക്കാ പാരമ്പര്യപ്രകാരം സ്വരൂപ വണക്കം വിശ്വാസത്തിന്റെ ഭാഗമാണ്. പൗരസ്ത്യർക്ക് ഏറ്റവും നിഷിദ്ധവും. എല്ലാ പള്ളികളിലും രൂപങ്ങൾ വയ്ക്കണമെന്ന് ഉദയംപേരൂർ സുന്നഹദോസ് കൽപ്പിച്ചു. അടുത്ത അരശതാബ്ദംകൊണ്ട് മലങ്കരയിലെ പള്ളികളിൽ രൂപങ്ങൾ നിറഞ്ഞു. എല്ലാ അന്ത്യോഖ്യൻ മേല്പട്ടക്കാരും ഇതിനെ എതിർത്തിരുന്നു.

റോമൻ കത്തോലിക്കർ ദിവസം കണക്കാക്കുന്നത് അർദ്ധരാത്രി മുതൽ അർദ്ധരാത്രി വരെയും, വിവാഹാവസരത്തിൽ വധുവിനെ നിർത്തുന്നത് വരന്റെ ഇടത്തു ഭാഗത്തുമാണ്. ഇവ രണ്ടും തെറ്റാണെന്നും, ദിവസം ആരംഭിക്കേണ്ടത് സന്ധ്യ മുതലാണെന്നും, വധുവിനെ വരന്റെ വലത്തുഭാഗത്തു നിർത്തണമെന്നും രണ്ടു ലേഖനങ്ങളിൽ സമർത്ഥിക്കുന്നു.

റോമൻ സഭയുടെ വാദഗതിപ്രകാരം കാതോലിക (സാർവത്രിക) സഭ റോമൻ കത്തോലിക്കാ സഭയാണ്. മറ്റെല്ലാ പുരാതന സഭകളും ഇതിനെ എതിർക്കുന്നു. പുരാതന സഭകളുടെ വിശ്വാസപ്രകാരം, സത്യവിശ്വാസം അനുസരിക്കുന്ന സഭകളുടെ സമൂഹമാണ് സാർവ്വത്രിക സഭ. ഈ ആശയമാണ് പ്രഥമ ലേഖനം ഉയർത്തിപ്പിടിക്കുന്നത്.

ഈ ലേഖനങ്ങളും മാർ ഈവാനിയോസിന്റേതാണെന്ന് മുമ്പു പറഞ്ഞ കാരണങ്ങളാൽത്തന്നെ സ്ഥാപിക്കാം. കൂടാതെ മാർ ഈവാനിയോസ് വരുത്തിയ പരിഷ്കാരങ്ങളെപ്പറ്റിയും അദ്ദേഹത്തിന്റെ പഠിപ്പിക്കലുകളെപ്പറ്റിയുമുള്ള ഇതര രേഖകളും ഈ നിഗമനത്തെ ശരിവയ്ക്കുന്നു.

18 -ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും മാർ ഈവാനിയോസ് അവതരിപ്പിച്ച വാദങ്ങൾ ശക്തമായി നിലനിന്നിരുന്നു എന്നതിന് തെളിവുണ്ട്. കരിയാറ്റിമൽപ്പാൻ രചിച്ച *വേദ തർക്കം* എന്ന കൃതിയിൽ (ഇത് റോമാ സുറിയാനിക്കാർക്കു വേണ്ടി രചിച്ച ഒരു മതപാഠ പുസ്തകമാണ്) മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങളിലെ ആശയങ്ങൾ ഖണ്ഡിക്കാൻ ശക്തമായ ശ്രമം നടത്തുന്നുണ്ട്. ശക്തമായ ഒരു എതിർവാദം നിലവില്ലായിരുന്നു എങ്കിൽ എന്തിന് ഇടതു വശത്ത് വധുവിനെ നിർത്തുക മുതലായ നിസാര കാര്യങ്ങൾ ഈ വേദതർക്കത്തിൽ പ്രതിപാദിക്കണം? മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങളുടെ പ്രചാരവും സ്വാധീനവുമാണ് ഇത് കാണിക്കുന്നത്.

**07. 03. 03. മാർ ഈവാനിയോസിന്റെ മെമ്രാകൾ.** ഇതേ പശ്ചാത്തലത്തിൽ വേണം മാർ ഈവാനിയോസിന്റെ മെമ്രാകൾ എന്ന കവിതാ സമാഹാരവും പരിഗണിക്കുവാൻ. ചെറുതും വലുതും, പൂർണ്ണവും അപൂർണ്ണവുമായ 35



കവിതകളുടെ ഒരു സമാഹാരമാണിത് (കണിയാന്ത്ര താളിയോലയിൽ ഇവ കൂടിക്കുഴഞ്ഞ്, ഓലമാറി, ആദിയുമന്തവുമില്ലാതെയാണ് കിടന്നിരുന്നത്. പദങ്ങൾ പോലും വേർതിരിച്ചിരുന്നില്ല. വളരെ ശ്രമകരമായ അദ്ധ്വാനം മൂലമാണ് അവയെ യഥാരൂപത്തിലാക്കാൻ സാധിച്ചത്). മാർ ഈവാനിയോസ് ഹദിയള്ള ഒരു കവിയായിരുന്നുവെന്ന് സമകാലീന രേഖകൾ സാക്ഷിക്കുന്നു. അദ്ദേഹം തന്നോട് തർക്കിച്ച പറജുള്ള എന്ന പാതിരിക്ക് (സിറിയയിലെ ആലപ്പോ സ്വദേശിയായ ബർത്തലോമ്യാ ഹന്ന എന്ന റോമൻ കത്തോലിക്കാ പുരോഹിതൻ) മുടക്കുകൽപ്പന എഴുതിയത് *അപ്രേമിന്റെ മെമ്രാ* രീതിയിൽ കവിതയിലാണെന്ന് നാളാഗമവും രേഖപ്പെടുത്തുന്നു.

ഈ കവിതകളിൽ തന്നെ വളരെ വ്യക്തമായും ഇത് മാർ ഈവാനിയോസിന്റെ കൃതിയാണെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. *സഭാ ചരിത്രം* എന്ന കവിതയിൽ *"ഇരു പേരിലെൻ ഗുരുവാം കാസോലിക്കാ"* എന്നു തുടങ്ങുന്ന ശകലത്തിൽ മാർ ഈവാനിയോസ് വന്ന തീയതിയും, അദ്ദേഹം മാർ ബസേലിയോസ് യൽദോയുടെ ശിഷ്യനാണെന്ന വസ്തുതയും, മാർതോമ്മാ നാലാമന് പട്ടമന പറവൂർ വെച്ച് പട്ടം കൊടുത്ത കാര്യവും വർണിക്കുന്നു. തന്നെയും മാർത്തോമ്മാ നസ്രാണിയായി അംഗീകരിക്കണമെന്ന അഭ്യർത്ഥന രചയിതാവ് വിദേശിയാണെന്നുള്ളതിന്റെ തെളിവാണ്.

ഒരർത്ഥത്തിൽ ഈ കവിതകളുടെ അടിസ്ഥാന ആശയങ്ങൾ *'ചുരുക്കത്തിൽ വിശ്വാസ കാര്യങ്ങൾ'*, *മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങൾ* എന്നീ അദ്ധ്യായങ്ങളിലുള്ളതാണ്. ചില പദപ്രയോഗങ്ങൾ പോലും ആവർത്തിച്ചിട്ടുണ്ട് (അനുബന്ധത്തിലെ പ്രൊഫ. മേരി മാത്യുവിന്റെ *'മാർ ഈവാനിയോസിന്റെ മെമ്രകൾ - ഒരു പുനർവായന'* എന്ന ലേഖനം കാണുക). അവയ്ക്കുപരിയായി, ഗ്രീക്ക് തത്വശാസ്ത്രത്തിലെ ചില കഥകളും, കപ്പൽ യാത്രക്കാരന്റെ മനോവിചാരവും ഒരു മലയാളിക്ക് അന്ന് എഴുതുക അസാധ്യമാണ്.

എന്നാൽ ഈ കവിതകൾ സുറിയാനിയിൽ എന്നോ എഴുതപ്പെട്ടവയല്ലെന്നു നിശ്ചയമാണ്. തെങ്ങിൻ പൂക്കുലയെ ഉപമാനമാക്കിയ പ്രയോഗവും; ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുക എന്ന യേശുവിന്റെ പ്രയോഗം, കൊതുകിന്റെ മൂക്കിൽ ആന കയറുക എന്ന രീതിയിലാക്കിയുള്ള അവതരണവും, ഇവ എഴുതിയത് കേരളത്തിൽ വെച്ചാണെന്ന് അസന്നിഗ്ദമായി തെളിയിക്കുന്നുണ്ട്.

ഈ കവിതകൾ എല്ലാം മാർ ഈവാനിയോസിന്റേതാകണമെന്ന് നിർബന്ധമില്ല. ചിലതെങ്കിലും ആ രീതിയിൽ അദ്ദേഹത്തിന്റെ ആശയങ്ങളും രീതിയും കടമെടുത്ത് പിൽക്കാലത്ത് എഴുതപ്പെട്ടവയാകാം. ചില കവിതകളിൽ മാർ ഈവാനിയോസിനെ ദ്വിതീയ പുരുഷനായി സങ്കൽപ്പിച്ചുള്ള പരാമർശനം ഇത്തരുണത്തിൽ പരിഗണനാർഹമാണ്.

ഈ കവിതാ സമാഹാരത്തിൽ വേറിട്ടുനിൽക്കുന്ന ഒന്ന് *പെരുന്നാൾ കണക്ക്* എന്ന പദ്യമാണ്. 18 -ാം നൂറ്റാണ്ടിൽ മലങ്കരയിൽ പ്രചരിപ്പിച്ച അന്ത്യോഖ്യൻ സഭാ പഞ്ചാംഗം, ചില റോമൻ, കൽദായ പെരുന്നാളും, ചില പ്രാദേശിക പെരുന്നാൾ ദിനങ്ങളും ചേർന്നാണ് നിലവിലിരുന്നത്. അതിന്റെ ഏറ്റവും വിശദമായ രൂപം 1793 -ൽ കൊല്ലം ജില്ലയിലെ ചാത്തന്നൂർ പള്ളിയുടെ ഭിത്തിയിൽ എഴുതിയിരിക്കുന്ന പഞ്ചാംഗമാണ്, 18 -ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട വേറെയും

www.malankaralibrary.com

പഞ്ചാംഗങ്ങൾ കണ്ടെത്തിയിട്ടുണ്ട് (കൂടുതൽ വിവരങ്ങൾക്ക് അനുബന്ധത്തിലെ വർഗീസ് ജോൺ, തോട്ടപ്പുഴയുടെ *നിരണം ഗ്രന്ഥവരി: കാലഗണനയും തീയതികളും* എന്ന ലേഖനം കാണുക). ഈ കവിത മാർ ഈവാനിയോസ് എഴുതിയതല്ല എന്ന് ഉറപ്പിച്ചു പറയാം. കാരണം യാഥാസ്ഥിതിക ഓർത്തഡോക്സ് വിശ്വാസിയായ അദ്ദേഹം, നാട്ടിൽ നടപ്പുള്ളതാണെങ്കിലും ലത്തീൻ സഭാ പഞ്ചാംഗത്തിലെ പെരുനാളുകൾ സ്വീകരിക്കാൻ ഇടയില്ല. ഈ കവിതയുടെ മാത്രം വൃത്തവും മറ്റുള്ളവയിൽ നിന്നും വേറിട്ടു നിൽക്കുന്നു. മൊത്തത്തിൽ മാർ ഈവാനിയോസിന്റെ മെമ്രകളിൽ കുറെ ഭാഗം അദ്ദേഹത്തിന്റെ കവിതകളുടെ പരിഭാഷയും, ബാക്കി ആ രീതിയിൽ അദ്ദേഹത്തിന്റെ പ്രബന്ധങ്ങളെ ഉപജീവിച്ച് എഴുതിയവയുമാണെന്ന് കരുതാം.

**07. 03. 04. പരിഭാഷകൻ.** മാർ ഈവാനിയോസ് തന്റെ രചനകൾ നിർവ്വഹിച്ചത് സുറിയാനിയിലാണെന്നു സ്പഷ്ടമായ സ്ഥിതിക്ക് ഇവയുടെ പരിഭാഷകൻ ആരെന്നു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഇതിനുപയുക്തമായ സൂചനകളൊന്നും അക്കാലത്തെ ചരിത്രത്തിൽ നിന്നും ലഭ്യമല്ല.

ചില കവിതകളിൽ അലക്സാണ്ടർ അഥവാ ചാണ്ടി എന്നൊരു ശിഷ്യനെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ഈ ശിഷ്യൻ ഗുരുവായ ഈവാനിയോസിൽ നിന്നും സംശയം തീർക്കുന്ന രീതിയിൽ ആണ് ചില കവിതകൾ രചിച്ചിരിക്കുന്നത്. ആ കവിതകൾ മലയാളത്തിൽ തന്നെ രചിച്ചതായി കരുതണം. അവയെപ്പറ്റി രണ്ടു നിഗമനങ്ങളിലെത്താം.

1) മാർ ഈവാനിയോസിന്റെ ശിഷ്യനായ ചാണ്ടി (അലക്സാണ്ടർ) എഴുതിയവയാണ് ഈ കവിതകൾ.

2) പിൽക്കാലത്ത് അദ്ദേഹത്തിന്റെ പ്രബന്ധങ്ങളെ അവലംബിച്ച് അലക്സാണ്ടർ (ചാണ്ടി) എന്ന കവി രചിച്ചതാണ് ഈ കവിതകൾ. ഈ പ്രബന്ധങ്ങളോടുള്ള വിധേയത്വ സൂചകമായി 'ഏകലവ്യ ന്യായേന' സ്വയം ശിഷ്യനെന്നു സംബോധന ചെയ്യുന്നതാണ്.

**07. 03. 05. തൊമ്മി ചാണ്ടി കത്തനാരോ?** ഗ്രന്ഥവരിയുടെ ക്രോഡീകരണം നിർവ്വഹിച്ച കണിയാന്ത്ര തൊമ്മി ചാണ്ടി കത്തനാരാണോ ഈ കവിതകളുടെ പരിഭാഷകൻ? ചാണ്ടി (അലക്സാണ്ടർ) എന്ന പേര് കവിതയിൽ ഉണ്ടെങ്കിലും ഇവയുടെ പരിഭാഷകൻ അദ്ദേഹമാണെന്ന് ഉറപ്പിക്കുവാൻ മറ്റു തെളിവുകളൊന്നും ഇല്ല. വിശദമായ കുടുംബ ചരിത്രമുള്ള കണിയാന്ത്ര കുടുംബത്തിൽ ഇദ്ദേഹം ഒരു കവിയായിരുന്നു എന്നു കേട്ടുകേൾവിപോലും ഇല്ല.

മെമ്രകളിലെയും പ്രബന്ധങ്ങളിലെയും പദപ്രയോഗങ്ങളുടെ സമാനത കണക്കിലെടുത്താൽ ഇവ രണ്ടും ഒരാൾ തന്നെ പരിഭാഷപ്പെടുത്തിയതാണെന്നും വാദിക്കാം. എന്നാൽ ചില കവിതകളെങ്കിലും പിൽക്കാലത്ത് അദ്ദേഹത്തിന്റെ പ്രബന്ധങ്ങളെ ഉപജീവിച്ചെഴുതിയവയാണെന്നതിനാൽ ഈ വാദത്തിനു വലിയ പ്രസക്തിയില്ല. ഒരുപക്ഷേ ഇവയുടെ പരിഭാഷയും പുതിയ കവിതകളുടെ രചനയും ഒരേ കാലത്താവാം നടന്നത്.

ഉപരിപ്ലവമായ പരിശോധനകളിൽ നിന്നും *'ചുരുക്കത്തിൽ വിശ്വാസ കാര്യങ്ങൾ'* എന്ന ഭാഗത്തിന്റെ ഭാഷയാണ് ഏറ്റവും പുരാതനം എന്നു മനസിലാക്കാം.



എന്നാൽ ഈ കാര്യത്തിൽ അവസാന വാക്കു പറയേണ്ടത് ഭാഷാ ഗവേഷകരാണ്.

**07. 04. ഒരു എഴുത്ത്.** കണിയാന്ത്ര താളിയോല ഗ്രന്ഥത്തിൽ ഉൾപ്പെട്ട അപൂർണ്ണമായ ഒരു എഴുത്തുണ്ട്. ഇത് ഒരു ചരിത്ര ഗ്രന്ഥവുമായി നേരിട്ടു ബന്ധപ്പെട്ടതല്ല. രചനാ വർഷം (1827) കൃത്യമായി രേഖപ്പെടുത്തിയ ഈ കത്ത് ഒരു പക്ഷേ ഗ്രന്ഥമാക്കിയപ്പോൾ അതിലുൾപ്പെട്ടു പോയതാവാം. അല്ലെങ്കിൽ ബോധപൂർവ്വം ചേർത്തതുമാകാം.

കത്തിന്റെ രചനാ കാലം അറിയാമെങ്കിലും രചയിതാവും സ്വീകാരകനും ആരാണെന്നതിനെപറ്റി സൂചനകൾ മാത്രമേ ഉള്ളു. ഒരേ കുടുംബത്തിനുള്ളിലാണ് ഈ കത്ത് ചംക്രമണം നടത്തിയിരിക്കുന്നത്. *താഴവൻ* എന്നയാൾക്കാണ് എഴുതുന്നത്. ഇതൊരു വീട്ടുപേരാകാനാണ് സാധ്യത. നമ്പൂതിരിമാരെപ്പോലെ വീട്ടുപേരിൽ മാത്രം നസ്രാണികൾ അറിയപ്പെട്ടിരുന്നു. കണിയാന്ത്ര കുടുംബത്തിൽ സൂക്ഷിച്ചിരുന്ന ഈ കത്തിടപാട് ആ കുടുംബാംഗങ്ങൾ തമ്മിലുണ്ടായതാണെന്ന് സങ്കൽപിക്കാം. കണിയാന്ത്ര കുടുംബത്തിൽ കോട്ടയം പുതുപ്പള്ളിയിൽ *താഴത്ത്* എന്നൊരു ശാഖയുണ്ട്. ആ ശാഖ ആരംഭിച്ചത് കണിയാന്ത്ര തൊമ്മി ചാണ്ടി കത്തനാരുടെ സഹോദര പുത്രൻ വർക്കിയിലൂടെയാണ്.

എന്നാൽ കത്തിൽ പ്രതിപാദിക്കുന്ന കൊച്ചുകോശി എന്നൊരു പേര് ആ കാലത്തെങ്ങും കണിയാന്ത്ര കുടംബത്തിൽ ഇല്ല. ഈ കത്ത് കണിയാന്ത്ര തൊമ്മി ചാണ്ടി കത്തനാർ എഴുതിയതാണെന്നു വാദിക്കുന്നതിൽ അസാംഗത്യവുമില്ല. അക്കാലത്തെ നടപ്പിന് ന്യായമായ വിദ്യാഭ്യാസവും, വൈദീക വിദ്യാഭ്യാസവും അദ്ദേഹത്തിന് ലഭിച്ചിരുന്നു. ഈ കത്തെഴുതുമ്പോൾ അദ്ദേഹത്തിന് 42 വയസ്സ് പ്രായം ഉണ്ട്. അതിനാൽ വൃദ്ധൻ, രോഗി മുതലായ വിശേഷണങ്ങൾ അദ്ദേഹത്തിന് യോജിക്കാതെ വരുന്നു. ഇവ ഒരുപക്ഷേ, ആലങ്കാരികമായി പ്രയോഗിച്ചതാവാം. അഥവാ ഈ കത്ത് മറ്റാരെങ്കിലും എഴുതിയതും ആകാം.

ഈ എഴുത്തിന് ചരിത്രപരമായും ഭാഷാപരമായും വളരെ പ്രാധാന്യം ഉണ്ട്. ഈ സ്വകാര്യ കത്തിന്റെ നിലവാരമാണ് ശ്രദ്ധേയമായ സംഗതി. വൃദ്ധനായ – കാരണവ സ്ഥാനമുള്ള – ഒരാൾ തന്റെ കുടുംബാംഗങ്ങളിൽ ചിലർ തമ്മിലുള്ള കലഹം അവസാനിപ്പിക്കണം എന്ന ഉദ്ദേശ്യത്തോടെ ഉപദേശരൂപേണ എഴുതിയ ഈ കത്ത്, സുഭാഷിതങ്ങൾ എന്നു വിശേഷിപ്പിക്കാവുന്ന വാചകങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. അതിലുപരി ഈ കത്തിൽ നിറയെ ബൈബിളിൽ നിന്നുള്ള ഉദ്ധരണികൾ ആണ്. ഈ സുഭാഷിതങ്ങളും ഉദ്ധരണികളും എഴുത്തുകാരൻ ഇവയിൽ പണ്ഡിതനായിരുന്നുവെന്ന് വ്യക്തമാക്കുന്നുണ്ട്.

ഈ കത്തിലെ ബൈബിൾ ഉദ്ധരണികളാണ് ഏറ്റവും ശ്രദ്ധേയം. ആദ്യത്തെ സമ്പൂർണ മലയാള ബൈബിൾ പരിഭാഷ പുറത്തു വന്നത് 1829 ലാണ്. അതിന് രണ്ടു വർഷം മുമ്പ് എഴുതിയ ഈ കത്തിലുദ്ധരിച്ചിരിക്കുന്ന ബൈബിൾ വാക്യങ്ങളിൽ ഒന്നുപോലും ബഞ്ചമിൻ ബെയ്ലിയുടെ പരിഭാഷയിൽ നിന്നുള്ളതല്ല. അവ സുറിയാനിയിൽ നിന്നുള്ള സ്വതന്ത്ര തർജ്ജമകളാണ് (അനുബന്ധത്തിലെ ഫാ. ജോൺ തോമസ് കരിങ്ങാട്ടിലിന്റെ *ഒരെഴുത്ത്-ഒരു മുഖവുര* എന്ന ലേഖനം കാണുക). ബ്രിട്ടീഷ് മിഷനറിമാരുടെ വരവിനുമുമ്പ് ബൈബിളിന്റെ ഭാഗിക തർജ്ജമ നസ്രാണി സമൂഹത്തിൽ നിലനിന്നിരുന്നു എന്ന് മുമ്പ് പലരും

www.malankaralibrary.com

ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവയ്ക്കുള്ള ആദ്യ തെളിവായി ഈ കത്തിനെ ചൂണ്ടിക്കാണിക്കാം.

**07. 05. വജ്രലക്ഷണം.** നിരണം ഗ്രന്ഥവരിയിലെ ശ്രദ്ധേയമായ മറ്റൊരു ഭാഗമാണ് വജ്രലക്ഷണം. ഈ ഭാഗം അപൂർണ്ണമാണ്. ലഭ്യമായ ഭാഗങ്ങൾ വിവിധതരം രത്നങ്ങളുടെ ലക്ഷണവും അവയെ തിരിച്ചറിയുന്നതിനുള്ള മാർഗ്ഗങ്ങളും അടങ്ങിയ പദ്യങ്ങളും അവയുടെ വ്യാഖ്യാനവും ആണ്.

ഈ പദ്യങ്ങൾ ഇതുവരെ സാഹിത്യ ചരിത്രകാരന്മാരുടെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ഭാഷാപരമായും, കേരളത്തിന്റെ വാണിജ്യ ചരിത്രപരമായും പ്രാധാന്യമുള്ള ഈ ഭാഗത്തെപ്പറ്റി ഉപരി ഗവേഷണം ആവശ്യമാണ്.

**07. 06. പലകൂട്ടം കാര്യങ്ങൾ.** ഈ അദ്ധ്യായത്തിൽ അനേക വിഷയങ്ങളെപ്പറ്റി പ്രതിപാദ്യമുണ്ട് ഇവയൊന്നും ഗ്രന്ഥകാരന്റെ സ്വന്തം സൃഷ്ടികളല്ല. പല കൃതികളിൽ നിന്നും പാരമ്പര്യങ്ങളിൽ നിന്നും ശേഖരിച്ചു ചേർത്തിട്ടുള്ളവയാണ്. ഇവയിൽ പേർഷ്യൻ - അന്ത്യോഖ്യൻ സഭാ പാരമ്പര്യങ്ങളുണ്ട്, ആയുർവേദമുണ്ട്, ഗണിതമുണ്ട്, ശകുന ശാസ്ത്രമുണ്ട്.

**07. 06. 01. മനുഷ്യർക്കുള്ളത്.** ഇവയിൽ പ്രത്യേക പരാമർശ വിധേയമാകേണ്ടുന്ന മൂന്നു ഭാഗങ്ങളുണ്ട്. *മനുഷ്യർക്കുള്ളത്* എന്നതാണ് അവയിൽ ഒന്നാമത്തേത്. അഷ്ടാംഗഹൃദയപ്രകാരം മനുഷ്യന്റെ വിവിധ ഭാഗങ്ങളും രോഗങ്ങളും വർണ്ണിക്കുന്നതോടൊപ്പം വിവിധ ഭാരതീയ ശാസ്ത്രങ്ങളേയും സൂചിപ്പിക്കുന്നു (അനുബന്ധത്തിലെ ഡോ. എം. എൻ. ശശിധരന്റെ *മനുഷ്യർക്കുള്ളത്- ഒരു പഠനം* എന്ന ലേഖനം കാണുക).

**07. 06. 02. മലങ്കരയിൽ നിന്നും അന്ത്യോഹ്യയ്ക്കുള്ള വഴി**. തലക്കെട്ടിൽ മലങ്കരയിൽ നിന്നും അന്ത്യോഖ്യയ്ക്കുള്ള വഴി എന്നു കാണുന്നുവെങ്കിലും യഥാർത്ഥത്തിൽ കൊച്ചി മുതൽ യെരുശലേം വരെയുള്ള വഴിയാണ് പരാമർശിക്കുന്നത്. 19 -ാം നൂറ്റാണ്ടിന്റെ മദ്ധ്യം വരെ മലങ്കര നസ്രാണികളിൽ ആരും യെരുശലേമിലേക്കോ അന്ത്യോഖ്യയ്ക്കോ പോയിട്ടില്ല. അതിനാൽ ഏതെങ്കിലും മേല്പട്ടക്കാരൻ അവിടെ നിന്നു വന്നവഴി തിരിച്ചെഴുതിയതാവാം. മിക്കവാറും 1751 - ൽ വന്ന ബസേലിയോസ് ശക്രുള്ള മഫ്രിയാനയുടെ വഴിയാകാനാണ് സാദ്ധ്യത. ഈ വഴി വിവരണത്തിൽ തെറ്റുണ്ട് എന്നത് വിഷയത്തിൽ, എഴുത്തുകാരന്റെ വ്യക്തിപരമായ അജ്ഞത വെളിവാക്കുന്നുണ്ട്

**07. 06. 03. പാൽപുസ്തകം.** *വഴി പോകുവാൻ പരുക്ഷ കാണാൻ* എന്ന ഭാഗമാണ് അടുത്തത്. *പാൽ പുസ്തകം* എന്ന് നസ്രാണികൾക്കിടയിൽ അറിയപ്പെട്ടിരുന്ന ലക്ഷണ ഗ്രന്ഥത്തിന്റെ ഒരു ഭാഗമാണിത്. നസ്രാണികൾ ലക്ഷണം നോക്കുന്നത് ഉദയംപേരൂർ സുന്നഹദോസ് നിരോധിച്ചിരുന്നു. എങ്കിലും ഈ നൂറ്റാണ്ടിന്റെ ആദ്യകാലം വരെ ലക്ഷണം നോക്കുവാൻ പള്ളികളിൽ പാൽ പുസ്തകം സൂക്ഷിച്ചിരുന്നു. വിവാഹാലോചന, യാത്രാരംഭം, ഗൃഹ നിർമ്മാണം മുതലായ അവസരങ്ങളിൽ നസ്രാണികൾ പള്ളിയിൽ ചെന്ന് പാൽ പുസ്തക പേജിലെ ഒരക്കം തൊടുന്നു. ആ അക്കത്തിന്റെ ലക്ഷണം എഴുതിയിരിക്കുന്നതനുസരിച്ച് അവരുടെ ഉദ്ദേശ്യത്തിന്റെ ഫലം വൈദികർ പറയുന്നു. ഈ ഫല പരിശോധന നടത്തുന്നതിന് മുമ്പ് നിശ്ചിത പ്രാർത്ഥനകൾ ചൊല്ലണമെന്ന് നിബന്ധനയുണ്ടായിരുന്നു. മറ്റൊരു തരത്തിലുള്ള പാൽ പുസ്തകം 1899 ൽ പാമ്പാക്കുട



നിന്നും കോനാട്ട് മാത്തൻ മല്പാൻ അച്ചടിച്ചു പ്രസിദ്ധീകരിച്ചിരുന്നു. ഇതൊരു സുറിയാനി കൃതിയുടെ തർജ്ജമയാണ്.

**07. 06. 04. പ്രാധാന്യം.** ഇപ്രകാരം പരസ്പര ബന്ധമില്ലാത്ത അനേകം വിവരങ്ങളെ ഒരുമിച്ചുശേഖരിച്ച്, പലപ്പോഴും പരിഭാഷപ്പെടുത്തി, സൂക്ഷിച്ചതിന്റെ കാരണമെന്താണ്? ഇതിനു മറുപടിയായി *വിവിധങ്ങളായ അറിവുകളെ ശേഖരിച്ച് രേഖപ്പെടുത്തി സൂക്ഷിക്കുവാനുള്ള ചരിത്രപരമായ പ്രവണതയുടെ ആരംഭമാണ് നിരണം ഗ്രന്ഥവരിയിൽ കാണുന്നത്* എന്ന് ഡോ. എം. ആർ. രാഘവ വാര്യർ പറയുന്നു.

## 08. ഉപസംഹാരം

മലങ്കര നസ്രാണികളുടെ ചരിത്രത്തിലെ ഏറ്റവും സങ്കീർണ്ണമായ കാലഘട്ടമാണ് ഗ്രന്ഥവരി അനാവരണം ചെയ്യുന്നത്. വിവിധ വിശ്വാസസംഹിതകളും, വിദേശബന്ധങ്ങളും ആഭ്യന്തര - രാഷ്ട്രീയ പ്രശ്നങ്ങളും കലുഷിതമാക്കിയ കാലഘട്ടം. ഈ സങ്കീർണ്ണതകളിലൂടെ എങ്ങനെ നസ്രാണികൾ ഒരു ഏകതാനമായ വ്യക്തിത്വത്തിലേക്ക് - അന്ത്യോഖ്യൻ ആരാധനക്രമവും, ഓർത്തഡോക്സ് വിശ്വാസപ്രമാണവും, കേരളീയ ആചാരങ്ങളും, ദേശീയ നേതൃത്വവും അടങ്ങിയ വ്യക്തിത്വത്തിലേക്ക് - നീങ്ങി എന്നതിന്റെ വാങ്മയ ചിത്രമാണ് ഗ്രന്ഥവരി കാഴ്ചവയ്ക്കുന്നത്.

❒

**കുറിപ്പ്:-** ഗ്രന്ഥവരിയിൽ അദ്ധ്യായങ്ങളോ തലക്കെട്ടുകളോ ഖണ്ഡികകളോ വിരാമ ചിഹ്നങ്ങളോ ഇല്ല. ഇവയൊക്കെയും ലേഖകൻ പഠന - പ്രസിദ്ധീകരണ സൗകര്യാർത്ഥം ചേർത്തതാണ്. മൂലകൃതിയിൽ ഉള്ള അപൂർവം തലക്കെട്ടുകൾ അടിക്കുറിപ്പിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്.

www.malankaralibrary.com

# നിരണം ഗ്രന്ഥവരി

## 01. പഴമയുടെ കാലങ്ങൾ

**01.01 ആരംഭം** വാവായും പുത്രനും റൂഹാകുദശയും മൂവരൊരുവൻ തമ്പുരാന്റെ തിരുനാമത്താലെ ആതിതൊട്ട മിശിഹായുടെ പ്രവിവരെ ഒള്ള പഴമയുടെ കാലങ്ങളും, ചുരുക്കത്തിൽ കാരണങ്ങളും, പിന്നത്തെതിൽ മിശിഹാ മുതൽ പുതുമയുടെ കാലങ്ങളും കാർയ്യങ്ങളും, മലെയാളത്തിൽ ഒണ്ടായിരിക്കുന്ന കാർയ്യങ്ങളും എഴുതുന്നു.

എന്നാൽ ലോകം സൃഷ്ടിക്കപ്പെട്ട നാൾമുതൽ പ്രളയം വരെയും ചെന്ന കാലം 239. സൃഷ്ടിപ്പു നാൾ മുതൽ മിശിഹാവരെ കാലം 5491. ആറാംദിവസം വെള്ളിയാഴ്ച ആദത്തെയും ഹാവായെയും ദൈവത്തിന്റെ സദൃശത്തിൽ സൃഷ്ടിച്ചു. 130-ാം വർഷത്തിൽ ആദത്തിന്റെ മക്കൾ കായെനും ആബെലും കർത്താവിനു കാഴ്ച വച്ചതു കാരണാൽ ആബെലിന്റെ കാഴ്ചയിൽ ഇമ്പപ്പെട്ടുയെന്നും കായെൻ അറിഞ്ഞു ആബെലിനെ കായെൻ കൊന്നു. വീണ്ടും ആദത്തിന്നു ചെത് പ്രക്കപ്പെട്ടു. കായെന്റെ സന്തതി മാനുഷ മക്കളന്നും ചെതിന്റെ സന്തതി ആലൊഹിം മക്കളെന്നും പെരിട്ടു. 930 -ാമാണ്ടു ആദം മരിച്ചു. ആദം മുതൽ നൊഹ വരെയുള്ളവർക്കു തുലാമാസം ആണ്ടു പ്രപ്പു. നൊഹ മുതൽ മിശിഹാവരെയുള്ളവർക്കു മെട മാസ ആണ്ടു പ്രപ്പു. മിശിഹാ മുതൽക്കു മകര മാസം ആണ്ടു പ്രപ്പു. യെവുനായക്കാർക്കു തുലാമാസം ആണ്ടു പ്രപ്പു. തൊള്ളായിരത്തി എൺപത്തേഴാമാണ്ട് ഹാനോക്കിന് നൂറ്റി അറുപത്തി അഞ്ച് വയസ്സായപ്പോൾ ഒടുക്കകാലങ്ങളിൽ വരുവാനിരിക്കുന്നതായ കാര്യങ്ങൾ നെവുന്നായിട്ടു പറകകൊണ്ട് മേഘത്തിൽ കൊണ്ടുപോയിരിക്കുന്നു.

**01.02 പ്രളയം** 2391 ൽ പ്രളെകം വരുന്നതിന്നു മുൻപു 1791-ൽ നോഹ പിറന്നു. അതുവരെയും ഉള്ള മനുഷ്യർക്ക് കാനായെ മാർഗം ആകകൊണ്ടും ഏറിയ കാലം ജീവിച്ചിരിക്കുന്നതിനാലും ദൈവബോധങ്ങളെക്കൊണ്ട് പാരമ്പര്യമായിട്ട് ഒരുത്തർക്കൊരുത്തരവാക്കു വിശെഷം കൊണ്ട് കയ്യാളിച്ചു നടന്നുവന്നു. ആദം മുതൽ നൊഹവരെ കരിന്തല 10. ആദം, ചെത, ആനോശ, കൈനാൻ, മഹലാലയെൽ, യാരദ്ദ, ഹാനൊക്, മക്കുശലഖെ, ലന്മാക്ക. നൊഹ[1] വിശ്വാസത്തിൽ നീതിയുള്ളവനായിട്ട് ദൈവഭക്തിയോട് നടന്ന് വന്നു. അക്കാലത്തിൽ സകല മനുഷ്യരാലും മിശിഹാ രക്ഷിപ്പാനായിട്ടു വരുന്നു എന്നു ആശയോട് നോക്കിയിരുന്നു. പിന്നത്തെതിൽ ദൈവവിരോധികളും മല്ലരും പടയാളികളുമായി അവനവന് തോന്നിയ വിധത്തിൽ നടന്നു ദോഷത്തിലായതിന്റെ ശേഷം, വെള്ളം പ്രളെകത്താലെ മനുഷ്യമക്കളിൽ നോഹ മക്കൾ മൂവരും അവരുടെ സ്ത്രീകളും കൂടെ എട്ടുപേരെ കപ്പലിൽ കരേറ്റി, ശേഷം ഒക്കെയും താൻ മുടിച്ചു. എന്നാൽ 2391 വൃശ്ചിക മാസം 17 ന് പ്രളെകം വന്നു. 2392 മാണ്ടു വൃശ്ചികമാസം 27-ാം തീയതി നൊഹ കപ്പലിൽ നിന്നും ഇറങ്ങി കർത്താവിന് പൂജ കഴിച്ചു. അക്കാലം മനുഷ്യരൊക്കെയും ദുർമാർഗ്ഗത്തെവിട്ട് ദൈവത്തെ ഭയപ്പെട്ട് നടപ്പാൻ കല്പിച്ചു.

www.malankaralibrary.com

നോഹിന്നു മൂന്നുമക്കൾ ശേമും, ഹാമും യാഫത്തും. അവരാൽ ലോകം ഒക്കെയും മനുഷ്യജന്മം പരിപാലിച്ചു വന്നു. നോഹ മൂന്നു മക്കൾക്കായിട്ട് ഭൂമി പകുത്തു കൊടുത്തു. ശേമിന്റെ സന്തതിക്ക് കിഴക്ക് ആസിയാക്കെട്ടും ഹാമിന്റെ സന്തതിക്ക് ഭൂമിയുടെ നടുവെ തെക്കു വടക്ക് ആപ്രിക്കാ, അമേരിക്കാകെട്ടും യാഫെത്തിന്ന് പടിഞ്ഞാറു റൊപ്പക്കെട്ടും.[2] 2458 മാണ്ടു ശേമിന്റെ പുത്രൻ സാലാ. സാലായുടെ പുത്രൻ യെവുറാ. അന്നു മുതൽ യെവുറായെ ജാതിയും പെച്ചും ഉണ്ടായി.[3] 2657 മാണ്ടു വെള്ളത്താലെ ഇനിയും മുടിയായ്‌വാൻ ആകാശത്തിൽ കരേറുന്നതിന് ഹാമിന്റെ മക്കൾ മുതലായിട്ടു ശേഷം പേരു ഒരു നിരുപണയും വിചാരവും ആകകൊണ്ട് ബാബെലിൽ കോട്ട പണി തുടങ്ങി. അതിന്റെ ശേഷം പെച്ചു പലതായി കോട്ടപണിയും മുടങ്ങി മനുഷ്യരു പല ദിക്കിലും ചിതറപ്പെട്ടു. ബാബെലിൽ രാജാവായിട്ട് വാണിരുന്ന നെംമ്രൊസ് നിനുവ നകര രാജധാനിയാക്കി വച്ചു. അവൻ അന്തിക്രിത്തൊസിന്ന് അടയാളമായി വന്നു.[4] അക്കാലത്തിൽ ആദിത്യനെയും ചന്ദ്രനെയും മറ്റു സൃഷ്ടിപ്പൊക്കയെയും അരുവികളെയും ആചരിച്ചു വന്നു. 2741-മാണ്ടു നോഹ മരിച്ചു

**01.03 അബ്രഹാം** 2743-മാണ്ടു അബ്രഹാം പിറന്നു. 2818-മാണ്ടു അബിറാഹത്തിനോടു അരുളിചെയ്തു. വിഗ്രഹ ആരാധന നിറഞ്ഞ കൽദായ നാട്ടിൽനിന്നും ക്നാന്റെ നാട്ടിന്ന് അയക്കപ്പെടുമ്പോൾ നിനക്കും നിന്റെ സന്തതിക്കും ക്നാന്റെ നാടു കൊടുക്കുമന്നും നിന്റെ സന്തതിയിൽ നിന്നു മിശിഹാ പ്രപ്പെടുമെന്നും കൽപിച്ചു. അതിന്റെ ശേഷം വിഗ്രഹ ആരാധന ലോകത്തിൽ നിറഞ്ഞതുകൊണ്ട്, അബിറാഹം, യിസഹാക്ക്, യാക്കൊബു ഈ മനുഷ്യരെ കർത്താവു തിരഞ്ഞെടുത്തു. 2819-മാണ്ടു അബിറാഹം മെസ്രെനിൽപ്പോയി. അബിറാഹം പ്രപ്പെട്ട നാളു തൊട്ടു എസ്രായെൽ മക്കൾ മെസ്രെനിൽ നിന്നും പ്രപ്പെട്ടതുവരെയും ചെന്നകാലം 430. 2827-മാണ്ടു സൊന്ദമിൽ ഒണ്ടായ പടയിൽ ലോത്തിനെയും അവന്റെ നേട്ടങ്ങളും കവർച്ചായായിട്ടു രാജാക്കൾ കൊണ്ടു പോയത് അബിരാഹം കേട്ടു അവന്റെ അടിയാർ 318 പേരെയും കൂട്ടിക്കൊണ്ടു ചെന്നു നാലു രാജാക്കളെ ജയിച്ച മുതല് കാര്യങ്ങളും കൊണ്ടുവരും വഴിക്ക് മൽകീസെദെക് എന്ന ആളിനെ കാൺകകൊണ്ട് അയാൾക്ക് കൊണ്ടു വന്നതിൽ പത്തിലൊന്നു പദാരം കൊടുത്തു. അയാൾ അപ്പവും വീഞ്ഞും വാഴ്ത്തി അബിരാഹത്തിനു കൊടുത്തു. 2829-മാണ്ടു അബിരാഹത്തിനു ഇശ്മായെൽ പ്രക്കപ്പെട്ടു. 2842-മാണ്ടു കർത്താവു അബിരാഹത്തിനു ബറുഗീതിന്റെ മാർഗം മുദ്രീയ ആയിട്ടു കൽപിച്ചു. സൊദൊമും ആമൊരായും മറ്റു നഗരികൾ മൂന്നും തീയും ഗന്ധകവും എറക്കി മുടിച്ചു. ലോത്തിനെയും കെട്ടിയവളെയും പെൺമക്കൾ രണ്ടു പേരെയും അവിടെനിന്ന് എറക്കി. കെട്ടിയവൾ പിറക്കോട്ടു നോക്കുകയാൽ ഉപ്പു തൂണായിട്ടു തിരിഞ്ഞു.

**01.04 ഇസഹാക്ക്** 2843-മാണ്ടു അബിരാഹത്തിനു ഇസഹാക്ക് പ്രക്കപ്പെട്ടു. 2868-മാണ്ടു ഇസഹാക്കിന്നു ഏറെക്കുറെ 25 വയസ്സായപ്പോൾ കർത്താവിന്റെ കല്പന കൊണ്ട് അറുത്തു പൂജ കഴിപ്പാൻ കൊണ്ടു പോയി. അവന്റെ വിശ്വാസത്തിന്റെ ഉറെപ്പെക്കുറിച്ച് ഇസഹാക്കിനെ അറുക്കണ്ടായെന്നും വൃക്ഷത്തിൽ നിന്നും കുഞ്ഞാടിനെ അറുത്തു പൂജ കഴിപ്പാൻ കല്പിച്ചു. അക്കാലം മുതൽക്ക് നരബെലിമുറയുണ്ടായി.[5] 2899-മാണ്ടു മെസ്രായക്കാരു മറ്റു ദൈവങ്ങളിൽ മനസ്സായി ആദിത്യനെയും ചന്ദ്രനെയും നമസ്കരിപ്പാൻ അവരു പ്രമാണിച്ചു. 2903



-മാണ്ടു ഇസഹാക്കിന്നു എസ്സൊയും യാക്കെയും രണ്ടു പുത്രരു പ്രക്കപ്പെട്ടു.

**01.05 യാക്കോബ്** 2918-മാണ്ടു അബിരാഹം മരിച്ചു. 2920-മാണ്ടു യാക്കോബ് തന്റെ ജേഷ്ഠൻ എസ്സൊയുടെ പിണക്കത്തെക്കുറിച്ച് കേട്ട 17 വയസ്സിൽ ലാബാൻ പക്കൽ പോയി. ലയ്യായെയും റാഹേലിനെയും കെട്ടി. അവർക്ക് ബെലഹായും സെൽപായും രണ്ടു വൈപ്പാട്ടികളെയും കൊടുത്തു. അവരിൽ നിന്നു 12 പുത്രരുണ്ടായി എസ്രായെൽ മക്കൾക്കു പന്ത്രണ്ടു ഗോത്രത്തലവരായി വന്നു. മുൻപു പിറന്ന രൂബെൻ തനിക്കുള്ള മൂപ്പു സ്ഥാനത്തെയും രാജസ്ഥാനത്തെയും പട്ടത്തെയും ഒഴിഞ്ഞു യൂദാവിന്നും യോസേഫിന്നും കിട്ടി. യൂദാ രാജാവായതിനാൽ അതിൽ രാജാക്കളും മിശിഹാ കർത്താവും ആ വഴിപാടിൽ പിറക്കപ്പെട്ടു. യോസേഫിന്നു ബഹുമാനവും മൂപ്പുസ്ഥാനവും കിട്ടിയതിനാൽ അവന്റെ മക്കൾ രണ്ടു പേരും മനശെയും അപ്രെന്മും പിറക്കപ്പെട്ടു. അവരെ ഗോത്ര പിതാക്കളിൽ കൂടെ എണ്ണപ്പെട്ടു. ലേബിയുടെ വഴിപാടിൽ പട്ടസുഖവും കല്പിച്ചു. എസ്സൊബ വിഗ്രഹ ആരാധനക്കാരുടെ പെണ്ണിനെ വിവാഹം ചെയ്തതു കാരണാൽ ആ വഴിപാടുകാർ ദൈവത്തെ മറന്നു മറ്റു ദേവന്മാർക്കു വേല ചെയ്തു.

3032-മാണ്ടു യൗസെപ്പിന്നു 17 വയസ്സായപ്പോൾ[6] തന്റെ മേൽ ശത്രുതയായിരുന്ന കുടെപ്പിറപ്പുകളാൽ വില്ക്കപ്പെട്ടു മെസ്രെന്റെ നാട്ടിന്നു പോയി. 3044 മാണ്ടു യിസഹാക്കു മരിച്ചു. 3045 മാണ്ടു യൌസെപ്പ് മൂന്നു സംവത്സരം കാവലിൽ പാർത്തശേഷം ഫറവോൻ കണ്ട സൊപ്നത്തെ പൊരുളു തിരിച്ച കാരണാൽ മെസ്രെന്റെ നാട്ടിന് രാജാവായി. 3054 മാണ്ടു യാക്കൊബു തനിക്കുള്ള ജനങ്ങളോടു കൂടെ 75 പേരു മെസ്രെന്നു പോയി. 3071 മാണ്ടു യാക്കൊ മരിച്ചു. 3125 മാണ്ടു യൌസെപ്പു മരിച്ചു.

**01.06 മെസ്രെയിം അടിമത്വം.** അതിന്റെ ശേഷം മെസ്രായെക്കാരു യെസ്രായേൽ മക്കളെ അടിമയാക്കി വളരെ ഉപദ്രവിച്ചു. എന്നാൽ 215 സംവത്സരം ആകയിൽ 70 ജനം വന്നതിനാൽ അറുപതിനായിരത്തിമൂവായിരത്തി അഞ്ഞുറ്റി എഴുപത് പേരു വർദ്ധിച്ചുണ്ടായി.[7] ആയത് 20-വയസ്സിന്നു കീഴുള്ളവരും അന്ന് കുല ചെയ്യപ്പെട്ട പൈതങ്ങളും 22000 എലവിയരും കൂടാതെ ആകുന്നു. അക്കാലത്തിൽ ഇയ്യോബു പിറന്നു.[8] 3286-മാണ്ടു അഹറോൻ പിറന്നു. 3289 -മാണ്ടു മോശ പിറന്നു. അവരിരുവരും മെസ്രെനിൽ ചെന്നാറെ യെന്നെസും യബിരെസും[9] ക്ഷുദ്രക്കാരുമായിട്ടു വളരെ തർക്കിച്ചു. പത്തു കൂട്ടം ബാധയാൽ കർത്താവു മെസ്രനെ ശിക്ഷിച്ചു. 3369-മാണ്ടു മേടമാസം 14-ാം തീയ്യതി മെസ്രെനിൽ നിന്നു പുറപ്പെട്ടു. അവരു മെസ്രെനിൽ നിന്നു പുറപ്പെട്ട നാൾ മുതൽ കനാന്റെ നാട്ടിനു ചെന്നതു വരെയും കാലം 46. ഒറയിത്തായിലും എകറത്തായിലും ചൊല്ലിയിരിക്കുന്ന 430 വർഷം അബിരാഹം പുറപ്പെട്ട നാൾ തൊട്ടത്രെയാകുന്നു. ഒറയിത്തായിലും പ്രക്കുസെസിലും ചൊല്ലിയിരിക്കുന്ന 400 വർഷം ഇസഹാക്കു പിറന്ന നാൾ തൊട്ടത്രെയാകുന്നു.

**01.07 പത്തു കല്പനകൾ.** മിഥുന മാസം 3-ാം തിയ്യതി പന്തെക്കുസ്തെയെന്ന അൻപതാം പെരുനാളിൽ[10] കർത്താവ് സീനായുടെ മലയിൽ വച്ച് 10 പ്രമാണങ്ങളും മാർഗ്ഗങ്ങളും കല്പലകമേൽ എഴുതിക്കൊടുത്തു. യെസ്രായേൽ മക്കളെല്ലാവരും ശുദ്ധമാകപ്പെട്ടവരെന്നും കല്പിച്ചു. മറ്റുള്ള കുലങ്ങൾ തങ്ങളുടെ മനസു പോലെ ദേവന്മാരെ വന്ദിക്കുന്നതിനും തിരിപ്പിച്ചു. എസ്രായേൽ

www.malankaralibrary.com

നടത്തേണ്ടും മര്യാദകൾക്കും മാർഗ്ഗ വിധികൾക്കും പലക എഴുതി മോശയുടെ പക്കൽ കൊടുത്തതിന്റെ വിവരങ്ങൾ ഒക്കെയും ഒറയിത്തായിൽ എഴുതപ്പെട്ടിട്ടുണ്ട്. 3408-മാണ്ടു അഹരൊന്നും അവരുടെ പെങ്ങൾ മറിയവും മരിച്ചു. അതിന്റെ ശേഷം അഹരോന്റെ പുത്രൻ എലിയാസറന്നു മേൽപട്ടം കെട്ടി. അക്കാലം ബെലയാം എന്ന കാവ്യ നിവ്യായുടെ ഉപദേശത്താൽ ബാലാക്ക് എന്ന രാജാവിന്റെ കാലത്തിൽ മൊആബായെക്കാരുടെ പെൺമക്കളോട് സുല്ലൂർത്തം ചെയ്തു. എസ്രായെൽ ദേവന്മാരെയും വന്ദിച്ചു. ഇതിൻവണ്ണം പലപ്പോഴും ചെയ്കയാൽ അവരെ താൻ മുടിച്ചു. 3409 മാണ്ടു മീനമാസം 1-ാം തീയ്യതി മൂശ മരിച്ചു. എന്നാൽ എസ്രായെൽ മക്കൾ നാല്പതുവർഷം വനവാസത്തിൽ പാർത്തതിന്റെ ശേഷം അവർക്കു മന്നായും തൽവായും എറിഞ്ഞു കൊടുത്തു.

**01.08 കനാൻ നാട്.** അതിന്റെ ശേഷം എസ്രായെൽ മക്കളെ ഈശൊവർന്നോൻ കനാന്റെ നാട്ടിന്നു കൂട്ടിക്കൊണ്ടു പോകപ്പെട്ടു. യരീഹോമിന്റെ കോട്ടയും മറ്റു രാജ്യങ്ങളും പിടിക്കപ്പെട്ടു. 3415-ാമാണ്ടു ഈശോവർന്നോൻ കനാന്റെ നാട്ടിൽ ചെന്നു എസ്രായെലിന്നു സ്വന്ത ഭൂമി ആക്കികൊടുത്തു. കനാന്റെ നാട്ടിൽ ചെന്ന നാൾ മുതൽ ശ്ലമ്മോൻ പള്ളി പണിയിച്ചതു വരെ ചെന്ന കാലം 434. 3416 മാണ്ടു എസ്രായേൽമക്കൾക്കു ശാപാതു നാളെന്ന വർഷം ആയിരുന്നു.[11] അവിടം തൊട്ട് വർഷത്തു കയേറ്റിക്കൊള്ളണം. (രണ്ടുവർഷത്തിനു മുമ്പെ പ്രക്കുസെസിൽ 13-ാം കെപ്പാലെയോനിൽ 2-ാം പാസൊക്കായിൽ ചൊല്ലിയിരിക്കുന്ന 450 വർഷം ഇസഹാക്ക് പിറന്ന നാൾ തൊട്ട് തികഞ്ഞിരിക്കുന്നു) അപ്പോൾ ശീലോഹിൽ കേവുസയെന്ന പെട്ടകവും കൊണ്ട് പോയി വൈക്കപ്പെട്ടു. 3555-ാമാണ്ടു ഈശോവർന്നോൻ മരിച്ചു.

**01.09 ന്യായാധിപൻമാർ** അതിന്റെ ശേഷം 15 ഞായക്കാരരു 339 വർഷം എസ്രായേലിനെ ഭരിച്ചു വന്നു. അവരുടെ പേരുകൾ കാനസും, ആഹോരും, ബാരാക്കും, ഗിദയോനും, തോലായും, യായീദും, യിപുത്താകും, ആബീസാനും, ആലോനും, അബ്ദോനും, ശിമിശോനും, മേല്പട്ടക്കരൻ ഏലിയും, ശ്മായൽ നിവ്യായും ഇങ്ങനെ ശ്മായേൽ നിവ്യായുടെ കാലത്തിന്നോളും എസ്രായേലിനെ ന്യായക്കാരാ ഭരിച്ചുവന്നു. 3779-ാമാണ്ടു ന്യായക്കാരുടെ മുൻപൻ കാനസ്സ ഭരിച്ചു വന്നു. 3821-മാണ്ടു ബാരെക്ക് എന്ന ന്യായക്കാരനും ദെബോരാൾ എന്ന നിവ്യാട്ടിയും കൂടെ വിചാരിച്ചു വന്നു. 3982-ാമാണ്ടു ഗിദയോന്റെ കാലത്തിൽ റാഗസ എന്ന സ്ത്രീ ഉണ്ടായിരിക്കണം. 4005 മാണ്ടു ശിംശോൻ പ്ലശ്ത്തായെക്കാരുടെ പിണക്കത്തിൽ പാടുകൾ പല കൂട്ടവും അനുഭവിച്ചു 20 വർഷം ഭരിച്ചു. ദാന്റെ വഴിപാടുകാരനാകകൊണ്ടു യാക്കോയുടെ നിവ്യുാസാ അവന്റെമേൽ വരികയും ചെയ്തു. അക്കാലത്തിൽ മീകായെന്നൊരുത്തൻ ഒരു വിഗ്രഹത്തെ ഉണ്ടാക്കി ആചരിച്ചു. അതു കാരണാൽ വിഗ്രഹാരാധന നടന്നു വന്നു. 4045-ാമാണ്ടു ശിംശോൻ മരിച്ചു. അതിന്റെ ശേഷം ഏലിയെന്ന മേൽപട്ടക്കാരൻ വിചാരിച്ചു വന്നു. എന്നാൽ ഏലിക്ക് രണ്ടു മക്ൾ അപ്പിനിയെന്നും പെനഹാസെന്നും. ഇവരു രണ്ടു പേരും തന്നിഷ്ടക്കാരായിരുന്നു.

**01.10 ശമുവേൽ** അക്കാലങ്ങളിൽ ശമുവേൽ പിറന്നു. ചെറുപ്പത്തിൽ തന്നെ ഏലിയുടെ അടുക്കൽ പാർപ്പിച്ചിരുന്നു. അപ്പോൾ കർത്താവിന്റെ സുരം ഏലിയെയും മക്കളെയും ഒരു ദിവസത്തിൽ മുടിക്കുമെന്നും ശമുവേലിനോടു



കൽപിച്ചു. ഇതിന്റെ ശേഷം പ്ളെശ്ത്തായെക്കാരു യുദ്ധത്തിനു വരികയിൽ ഇവർക്കു മൂപ്പാകകൊണ്ടു ശീലോഹിൽ ഇരുന്ന കേവുസാ എടുപ്പിച്ചു കൊണ്ടു പോയാറെ പട്ടകാകരു രണ്ടു പേരെയും കൊന്നു കേവുസായും പിടിച്ചുപറിച്ചു കൊണ്ടു പോയി. അതു കേട്ട് ഏലിയും മരിച്ചു. അതിന്റെ ശേഷം ശമുവേൽ നിവ്യാ എസ്രായേലിനെ ഭിരിച്ചു വന്നപ്പോൾ മറ്റുള്ള കുലങ്ങളെപ്പോലെ ഞങ്ങൾക്കും രാജാവുണ്ടാകണം എന്ന് ശമുവേലിനോട് എസ്രായേൽ ജനങ്ങൾ അപേക്ഷിക്കകൊണ്ട് കീശിന്റെ പുത്രൻ ശൗലിനെ രാജാവാക്കിക്കൊടുപ്പാൻ കല്പിച്ചു.

**01.11 ശൗൽ രാജാവ്**. 4074-ാമാണ്ടു ബെന്യാമീന്റെ വഴിപാടിൽ നിന്ന് ശൗലിനെ ഒന്നാമത്തെ രാജാവായിട്ട് പട്ടം കെട്ടി. ശമുവേൽ നിവ്യായോടുകൂടെ 40 വർഷം യിസ്രായേലിനെ ഭരിച്ചു വന്നു. പ്ലശ്ത്തായെക്കാര് കെവുസാ കൊണ്ടു പോയതിനെ ഒന്നു രണ്ടു ദിക്കിൽ വച്ചിരുന്നാറെ മൂലവ്യാധിയായിട്ടും എലി കടിച്ചും ഏറിയ ആളുകൾ മരിച്ചു പോകകൊണ്ട് പ്രായശ്ചിത്തവും നിശ്ചയിച്ച്, കറക്കുന്നതിൽ രണ്ടു പശുക്കളെ വാങ്ങിച്ചു കെട്ടി വണ്ടിപിറത്തു കെവുസായും വച്ചു അയയ്ക്കകൊണ്ട് തിരിച്ചു വരികയും ചെയ്തു.

**01.12 ദാവീദ്.** 4076-ാമാണ്ട് ചാഗൽരാജാവ് കർത്താവിന്റെ കൽപനക്ക് ഭേദം ചെയ്കകൊണ്ട് അവന് പകരം ഈശായുടെ പുത്രൻ ദാവീദിന് 22 വയസ്സായിരിക്കുമ്പോൾ കല്പനയോടു കൂടെ ശമുവേൽ നിവ്യ രാജപട്ടം കെട്ടി. അതിനെക്കുറിച്ച് 8 വർഷം ശൗലിന്റെ പിണക്കത്തോടു കൂടെ ദാവീദ് ബുദ്ധിമുട്ടേൽക്കേണ്ടി വന്നു. 4080-ാമാണ്ട് ശമുവേൽ നിവ്യ മരിച്ചു. 4084-ാ മാണ്ട് പ്ലശ്ത്തായുടെ യുദ്ധത്തിൽ ശൗലിനു ദൈവകോപം കൊണ്ടും യാക്കോ ചൊല്ലിയിരിക്കുന്ന നിവ്യുസാകൊണ്ടും പടയിൽ ശൗൽ തന്നെ വാളിൻമേൽവീണു മരിച്ചു. ഇതിന്റെ ശേഷം ദാവീദ് രാജാവായിട്ടു വാണു. ഈ ദാവീദ് ദൈവത്തിന്റെ കല്പനെക്ക് ഭേദം ചെയ്യാതെയും രാജകാര്യം വേണ്ടും വണ്ണം വിചാരിച്ച് 40 സംവത്സരം എസ്രായേലിനെ ഭരിച്ചു വന്നു. തന്റെ ഗോത്രത്തിൽ മിശിഹാ പിറക്കുമെന്നും ഊലാലയിൽ ചൊല്ലിയിരിക്കുന്നു. നാഥൻ നിവ്യാ ദാവീദിനു ഗുരുവായിരുന്നു. 4125 -ാമാണ്ട് ദാവീദ് മരിച്ചു.

**01.13 ശലോമോൻ.** അവന്റെ പുത്രൻ ശ്ലെമോൻ 19 വയസ്സായപ്പോൾ രാജാവായിട്ടു വാണു. ശ്ലേമോൻ പള്ളിപണി തുടങ്ങിയനാൾ മുതൽ ബാബേലിനുടെ അടിമയിൽ കൊണ്ടുപോയ നാൾ വരെയും ചെന്ന കാലം 427.[12] 4128-ാ മാണ്ട് എസ്രായേൽ മെസ്രെനിൽ നിന്ന് പുറപ്പെട്ടു. 480-ാം വർഷത്തിൽ മിശിഹാ പിറക്കുന്നതിന്ന് 1000 വർഷത്തിനുമുമ്പ് പള്ളിക്ക് അടിസ്ഥാനം വയ്ക്കപ്പെട്ടു. 4135 -ാമാണ്ടു ഒർശ്ലെം പള്ളി പണിതീർന്നു. ശ്ലെമ്മോൻ കർത്താവിൽ നിന്ന് ജ്ഞാനത്തെയും ഭാഗ്യത്തെയും വാങ്ങിച്ചു. മൂന്നു പുസ്തകം ശ്ലെമ്മോൻ എഴുതി ഒടുക്കം തനിക്കുള്ള സ്ത്രീകളാൽ ചിറ്റിമ്പത്തിന്നും വിഗ്രഹ ആരാധനയ്ക്കും വീഴുക കൊണ്ട് വീണ്ടും തംപുരാനിൽ ശരണപ്പെട്ട ഗുണത്തിന്നു തിരി ആയെന്നു കുമ്മലാ[13] ചൊല്ലിയതുകൊണ്ടു അറിയാം. 4147-ാമാണ്ടു അരമനയും വീടുകളും കെട്ടിത്തീർത്തു ഹിന്തുദേശത്തിനു[14] കപ്പൽ യാത്രാക്കിയാറെ പാമരം ഇല്ലാഴിക കൊണ്ടു മൂന്നുവർഷം താമസിച്ചു.[15] പൊൻ, വെള്ളി, രത്നം, തേക്കു, മരം ആനക്കൊമ്പ്, മതി, മയിൽ[16] ഇതൊക്കെയും തർശ്ശീശെന്ന ദീപാന്ദക്കരയിൽ നിന്നും

www.malankaralibrary.com

കൊണ്ടു വന്നു. 4164-ാമാണ്ടു ശ്ലെമ്മോൻ മരിച്ചു.

**01.14 രണ്ടു രാജ്യങ്ങൾ.** അതിന്റെ ശേഷം രണ്ടു വഴിപാടായിട്ടു രാജാക്കൾ തിരിഞ്ഞു. ശ്ലെമ്മോന്റെ പുത്രൻ രെഹെബയാം യൂദയുടെ വഴിപാട്ടിന്നും ബെന്യാമിന്റെ വഴിപാട്ടിനും രാജാവായിരുന്നു. അവരുടെ പിന്നാലെ ദാവീദിന്റെ വഴിപാട്ടിൽ നിന്നു 19 രാജാക്കൾ രാജമുടി വയ്ക്കപ്പെട്ടവരായി. അവരിൽ എട്ടുപേർ ദൈവഭക്തിയുള്ളവരായിരുന്നു. അത് യുദായുടെ രാജാക്കളെന്നു ചൊല്ലപ്പെടും. അവർ 22 രാജാക്കൾ 507 സംവത്സരം ഭരിച്ചിരുന്നു.[17] എന്നാൽ യൊരൊബയാം എന്ന ഒരുത്തനെ അവർ പത്തു വഴിപാടുകാരുടെകൂടെ രാജാവായിട്ടു പട്ടം കെട്ടി. അതിന്റെ ശേഷമായിട്ടു 18 രാജാക്കന്മാർ ശ്ത്തെമ്മിലും ചമ്രിനിലും മുതലായിട്ടു വാണു. ഇവരെ എസ്രായേലിന്റെ രാജാവെന്നു ചൊല്ലപ്പെടും. ഇപ്രകാരം രണ്ടായിട്ടു 240 വർഷം നടന്നു എന്നു ചൊല്ലിയിരിക്കുന്നു. ഇതിൻ വണ്ണം യൂദായിലും എസ്രായേലിലും രാജാക്കൾ വാണു വന്നു.

4165-ാമാണ്ടു യൊരൊബയാം എന്ന രാജാവ് ദൈവത്തെ മറന്ന് ദാനിലും ബെസ്സെലിലും രണ്ടു വിഗ്രഹങ്ങളെ പണി ചെയ്യിച്ചു അതിനെ ആചരിച്ച് അവിടെ അറുത്തു പൂജകഴിക്കണമെന്നും നിശ്ചയിച്ചു. 4190-ാമാണ്ട് ആസാ എന്ന യൂദായുടെ രാജാവ് ദുഷ്ട നിഗ്രഹക്കാരനായിരുന്നു. അക്കാലങ്ങളിൽ നിവ്യാന്മാർ പലരും ഏറിയിരുന്നു. 4230-ാമാണ്ടു ആഹാബെന്ന എസ്രായേലിന്റെ രാജാവ് മറ്റുള്ള രാജാക്കളെക്കായിലും മഹാ കാറുകൊടനായിരുന്നു. ബാലാ എന്ന ദേവനേയും വാഴിച്ച് കർത്താവിന്റെ നിവ്യാന്മാരെയും പട്ടക്കാരെയും കൊല്ലുന്നതിന്നും പ്രപ്പടിക്കുന്നതിനും പ്രെയത്നം ചെയ്തു. നാബോസെന്ന പുണ്യപ്പെട്ടവനെയും കൊല്ലിച്ചതിന്റെ ശേഷം അവന്റെ രക്തം നായ്ക്കൾ നക്കിയപോലെ രാജാവിന്റെ രക്തത്തെയും നക്കി. അവന്റെ കെട്ടിയവൾ ഇസബെൽ എന്ന അക്രമക്കാരത്തിയും ഇതൊക്കെയും ചെയ്തതുകൊണ്ടു ഇതിൻവണ്ണം തന്നെ അവൾക്കും ഭവിച്ചു.

**01.15 ഏലിയാവ്.** അവരുടെ കാലങ്ങളിൽ ഏലിയാവെന്ന വലിയ നിവ്യാ ഉണ്ടായിരുന്നു. വിഗ്രഹങ്ങളെയും ദുർമ്മാർഗ്ഗത്തെയും മറുത്ത് ബഹുകാർയ്യങ്ങളും ചെയ്തു. മൂന്നര വർഷം മഴയും മുടക്കി. വീണ്ടും അപേക്ഷിച്ച് പെയ്യിക്കയും ചെയ്തു. മഴയും പെയ്യിച്ചു. 4241-ാമാണ്ടു യൂദയുടെ രാജാവായി യഹോശാഫാത്ത് വാണു. അക്കാലത്തിൽ എലീശാ എന്ന നിവ്യാ അനേകം പുതുമകളും പ്രത്യക്ഷങ്ങളും കാണിച്ചു. 4283-ാമാണ്ടു യൂദവിന്റെ രാജാവ് യോരാം കർത്താവിന്റെ പ്രമാണം കാക്കാഴികകൊണ്ടും ദാവീദ് അവർക്കു കൽപിച്ചിരുന്ന പ്രമാണങ്ങൾ മറുക്കകൊണ്ടും മെസ്രായെക്കാർ യോരാമേൽ യുദ്ധം ചെയ്തു. 4301 -ാ മാണ്ടു എസ്രായോലിന്റെ രാജാവ് യാഹൂ 28 വർഷം ഭരിച്ചു. ആഹാബിന്റെ വീട്ടുമനുഷ്യരെ ഒക്കെയും കൊന്നു. അപ്പോൾ ഏലിയാ നിവ്യാ ചൊല്ലിയ നിവ്യുസാ തികയപ്പെട്ടു.

4329-ാമാണ്ടു യൊബാസ യൂദാവിൽ രാജാവായി. തന്റെ സ്ത്രീ അത്താലിയാൾക്കു പകരം ഏഴുവയസ്സിൽ രാജപട്ടം കെട്ടി.[18] കുറഞ്ഞൊരു കാലം ദൈവത്തെ ഭയപ്പെട്ടു നടന്നു. രണ്ടാമതും വിഗ്രഹങ്ങളെ ആചരിച്ചു. 4397-ാമാണ്ടു സക്കറിയാ എന്ന മേൽപട്ടക്കാരൻ രാജാവിനും ലോകർക്കും ബുദ്ധി ചൊല്ലിയതിനാൽ അതിനെ മറുത്ത് പള്ളിയിൽ വച്ച് കല്ലുകൊണ്ടെറിഞ്ഞു കൊന്നു. 4398-ാമാണ്ടു



ആന്മുസിയായെന്ന യൂദായുടെ രാജാവ് നീതി നെറി നടത്തി വാണു. 4429-ാമാണ്ടു യൊരൊബയാം എസ്രായേലിൽ രാജാവായി വാണു. 4455-ാമാണ്ടു യൂദായുടെ രാജാവ് യുശിയാ മെസ്രന്റെ നാടു പിടിച്ച് ഇന്ദുസ്താന വ്യാപാരത്തെ നടത്തി.[19] അവരുടെ കാലത്തിൽ യോശിയാ, യൂബെൽ, ആമ്മൊസാ ഈ മൂന്നു നിവ്യാന്മാരും ലോകർക്കു മാർഗത്തെ നടത്തിവന്നു. 4527-ാമാണ്ടു യൂദയുടെ രാജാവ് യോസാ നെറിവുകാരനായിരുന്നു.

**01.16 ഏശായാ.** അക്കാലത്തിൽ ഏശായാ, മീകായെന്ന നിവ്യാന്മാർ ഉണ്ടായിരുന്നു. എന്നാൽ ഏശയാ ചൊല്ലി മിശിഹാ ഒരു കന്യാസ്ത്രീ എടത്തിലും മീകാ ചൊല്ലി ബെസലഹേമിലും പിറക്കുമെന്നു നിവ്യൂസാ പറഞ്ഞു. 4535 -ാമാണ്ടു ആസൊറിന്റെ രാജാവ് എസ്രായേലിന്റെ രാജ്യം പിടിച്ചു. അതിനുമുമ്പ് യെബുനൻ നിവ്യാ നിനുവായെക്കാരൊടറുപിച്ച് ദേവന്മാരെ കുമ്പിടുന്നവരെ വിശ്വാസത്തിലാക്കി. 4586-ാമാണ്ടു രൊന്മായുടെ മുൻപിലത്തെ രാജാവ് ഏഴുമലകൾ മേൽ റൊമ്മാനഗരി പണിയപ്പെട്ടു.[20] 4612-ാ മാണ്ട് ആഹാസ് എന്ന യൂദായുടെ രാജാവ് 16 വർഷം ഭരിച്ചു.

**01.17 അശൂർ അടിമത്വം.** അക്കാലത്തിൽ ആസൊറിന്റെ രാജ്യത്ത് അടിമയായി കൂട്ടിക്കൊണ്ടുപോയി. 4642-ാമാണ്ട് ഹെസക്ക്യാ എന്ന യൂദായുടെ രാജാവ് ദൈവത്തെ ഭയപ്പെട്ടുനടന്നു. ദാവീദിന്റെ പ്രമാണങ്ങളും നടത്തി. നാഹോ നിവ്യായുടെ കാലത്തിൽ ഹെസക്യാ മൂശ ഉണ്ടാക്കിയ വെങ്കല സർപ്പത്തെയും ഉടച്ചു ധൂളാക്കിപ്പൊടിച്ചു കളഞ്ഞു. 4671-ാമാണ്ടു ആസൊറിന്റെ രാജാവ് സൽമ്മനാസാർ ശൽമ്രീൻ എന്ന നാടു പിടിച്ചു. 254 വർഷം ചെന്ന എസ്രായേൽ രാജ്യത്തിന്റെ രാജാവ് യോശിയായെയും എസ്രായേലിന്റെ പത്തു വഴിപാടുകാരെയും ആസോറിന്നു അടിമയായി കൊണ്ടു പോയി. 4678-ാമാണ്ടു ആസോറിന്റെ രാജാവ് സൽമ്മനാസറിന്റെ പിണക്കത്തിൽ ഹെസക്ക്യാരാജാവിനു ജയമുണ്ടായി. ഒരു രാത്രിയിൽ ഒരു മാലാഖയാൽ ഒരുനൂറായിരത്തിഎൺപത്തയ്യായിരം പേരെക്കൊന്നു. 4679—ാമാണ്ടു ബാബേലിന്റെ രാജാവ് ഹെസക്ക്യായുടെ അടുക്കൽ ആളയച്ചു സകലവും കാണിച്ചു. 4685-ാമാണ്ടു മനശ്ശെ എന്ന യൂദായുടെ രാജാവ് 55 വർഷം വാണു. കുറ്റമില്ലാത്ത രക്തത്തെ വളരെ വീഴിച്ച് ഗുണമല്ലാതെ പല കൂട്ടവും നടത്തി. ഹെസക്ക്യാ നടത്തിയതൊക്കെയും അഴിച്ച് വിഗ്രഹങ്ങളുണ്ടാക്കി ആചരിച്ചു. ഏറെക്കുറെ 120 വയസായിരുന്ന ഏശായാ നിവ്യായെയും മരവാളാൽ അറുത്തുകൊന്നു എന്നു യൂദന്മാരുടെ പൂർവ്വ പുസ്തകത്തിൽ എഴുതിയിരിക്കുന്നു.[21]

**01.18 ബാബേൽ അടിമത്വം.** 4699-ാമാണ്ടു ആസൊറിന്റെ രാജാവ് എസ്രായേലിന്റെ ജനങ്ങളെ ബാബേലിൽ കൊണ്ടുപോയി അവിടെയിരുന്നുവന്ന വിഗ്രഹഭക്തിക്കാരാകെയാലെ അവരെ ചമ്മറിന്റെ നഗരിയിൽ പാർപ്പിച്ചു. അവർ ദൈവത്തെയും വിഗ്രഹത്തെയും അനുസരിച്ചു നടന്നു. അക്കാലം തൊട്ട് ചമ്മറീത്താ മാർഗം ഉണ്ടായി.[22] 4725 -ാമാണ്ട് യൂദാവിൽ നല്ല രാജാവാകിയ യോശിയാ വാണു. അയാളുടെ 18 -ാം വർഷത്തിൽ മാർഗത്തെ പുതുമയാക്കി നടത്തി. അത് 350 സംവത്സരത്തിനു മുമ്പെ ഒരു നിവ്യാ ഇവരുടെ പേരിൽ ചൊല്ലിയിരുന്നതു തികഞ്ഞു.

4796 —ാമാണ്ടു എറമിയാ. ഊവദിയാ, ഹെവുത്തെത്ത, സ്പനിയാ എന്ന

www.malankaralibrary.com

നിവ്യന്മാരും ഉണ്ടായിരിക്കുന്നു. 4809-ാമാണ്ടു അസോറിന്റെ മന്ത്രി ബാബേലിന്റെ രാജ്യം പിടിച്ചു. അന്നാൾതൊട്ട് കൽദായക്കാരും അവരുടെ വർഷത്തുകയേറ്റി. 4823 നെഹോയെന്ന മെസ്രേന്റെ രാജാവു വാണതിന്റെ ശേഷം അവരുടെ കപ്പൽ ചെമന്ന സമുദ്രത്തിലിരുന്ന യാത്ര പ്രപ്പെട്ട മൂന്നു വർഷം കൊണ്ട് ആഫ്രിക്കാനാടു ചുറ്റിത്തിരിഞ്ഞു വന്നു.[23] അവർ യോശിയാ എന്ന യൂദായുടെ രാജാവിനെ ജയിച്ചു. 4851-ാമാണ്ടു ബാബേലിന്റെ രാജാവ് നാബുകദനാസർ ആസോരായെക്കാർക്കു വിരോധമായിട്ടു തുടങ്ങി നിനവെ നഗരിയും അഴിച്ചു. 4863—ാമാണ്ടു ബാബേലിന്റെ രാജാവ്, യൂദായുടെ രാജാവ് യൊയാക്കീം എന്നവരെ തനിക്കു വേല ചെയ്യാൻ കൊണ്ടു പോയി. ബാബേലിന്റെ അടിമയിൽ 70 വർഷം കിടന്നു. അതിന്റെ ശേഷം ഹസക്കിയേലെന്നും ദാനിയേലെന്നും രണ്ടു നിവ്യാന്മാരുണ്ടായിരുന്നു.

4867-മാണ്ടു നാബുകദനാസർ ഒരു വിഗ്രഹത്തെ സ്വപ്നത്തിൽ കാണപ്പെട്ടു. അതിന്റെ പൊരുൾ പൂർവം തൊട്ട് ഇന്നാൾ വരെയും അടങ്ങിയിരിക്കുന്ന നാലു രാജ്യങ്ങളായ ബാബേർ, പാറെസെ, യെബുനാ, റൊന്മാ ഇത് ദാനിയേൽ നിവ്യാ പൊരുളു തിരിച്ചു കൊടുത്തു. ആ രാജാവു തന്നെ ഹനനിയാ, അസ്സറിയാ, മീശായേൽ, ഈ മൂന്നു പേരെ തീച്ചൂളയിൽ ഇട്ടു. അവർ രക്ഷപ്പെട്ടു എന്നു രാജാവ് കണ്ട് ആകാശത്തിലുള്ള ദൈവത്തെ ആചരിച്ചു നടന്നു. 4872-ാമാണ്ടു യൂദയുടെ രാജാവ് യെകോനിയാവും പ്രമാണപ്പെട്ടവരെയും ബാബേലിൽ അടിമയായി രണ്ടാം പ്രാവശ്യം കൊണ്ടുപോയി. 4886-ാമാണ്ടു യൂദന്മാർ വിഗ്രഹ ആരാധന മുതലായ ചെയ്കകൊണ്ടു ഓർശ്ലോം പള്ളിയും നഗരിയും അഴിക്കുകയും ചെയ്തു. എറമിയാ നിവ്യാ യുദന്മാർക്കുവേണ്ടി 40 സംവത്സരം അറുപിച്ച കാലം അപ്പോൾ തികഞ്ഞു.

യൂദായുടെ ഒടുക്കത്തെ രാജാവ് സിദെക്ക്യാ മെസ്രേന്റെ രാജാവിനോട് ഉടമ്പടി ചെയ്തു. അതുകാരണാൽ ബാബേലിന്റെ ആണ മറുക്കകൊണ്ട് അവന്റെ കൺകൾ രണ്ടും കുരുടാക്കി അടിമയായി അവനെയും ഏതാനും പേരെയും മൂന്നാം പ്രാവശ്യം ബാബേലിൽ കൊണ്ടുപോയി. ഇപ്രകാരം 498 സംവത്സരം യൂദാവിൽ രാജാക്കൾ നിലനിന്നു. 4091 ഒറശ്ലെമിൽ ശേഷം ഉണ്ടായിരുന്ന ആളുകളെയും നാലാം പ്രാവശ്യം ബാബേലിൽ കൊണ്ടുപോയി. 4905-ാമാണ്ടു ബാബേലിന്റെ രാജാവ് ബ്രഹ്മാണ്ണമായിട്ടു ഒരു വൃക്ഷത്തെ സ്വപ്നം കണ്ടു. അതിന്റെ ശേഷം ഒരു വർഷം കഴിഞ്ഞപ്പോൾ രാജാവ് നിഗളിക്കൊണ്ടു ഏഴുവർഷം മൃഗങ്ങളോടു കൂടെ സഞ്ചരിച്ചു. വീണ്ടും രാജധാനീംകൽ വന്ന് ഏക സ്വരൂപത്തെ വണങ്ങി വിളംബരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. 4913-ാമാണ്ടു നാവുകദനാസറുമരിച്ചു. 4937-ാമാണ്ടു അവന്റെ പുത്രൻ ബാബേലിന്റെ ദേവന്റെ പെരുനാൾക്കു വലിയ വിരുന്നു കഴിച്ചു. അന്ന് ചുമരിൽ നിന്നു കൈയിറങ്ങി എഴുതപ്പെട്ടു. ഒറശ്ലെ പള്ളിയുടെ പൂജാപാത്രങ്ങൾ എടുത്തു പെരുമാറുക കൊണ്ടത്രെ ആകുന്നു. ആയതും ദാനിയേൽ പൊരുൾ തിരിച്ചു. അന്നു രാത്രിയിൽ രാജാവു മരിച്ചു.

**01.19 ദാരിയസ്.** അതിന്റെ ശേഷം മെദിയാന്റെ രാജാവ് ദറിയോസ 62 വയസ്സിൽ ബാബേലിൽ രാജാവായി. 4939-ാമാണ്ടു കോരെശ് ബാബേലിൽ വാണു അടിമയായിട്ടു കൊണ്ടുവന്നവരെയും അവർക്കുള്ള വസ്തുക്കൾ ബാബേലിൽ



എഴുതപ്പെട്ടിരുന്നപോലെ കൊടുപ്പിച്ച് യൂദന്മാർക്കു വളരെ സഹായം ചെയ്തു. അപ്പോൾ ദാവീദിന്റെ വഴിപാടുകാരായ സരുബാബേലും പട്ടക്കാരൻ യുസാദാക്കും, നെഹമിയായും, എസ്രാക്കഹനായും, മൊറദുക്കായും ഇങ്ങനെ പലരും കൂടെ പള്ളിപണിയും വീണ്ടും തീർത്ത് പൂജകർമ്മങ്ങളും തുടങ്ങി. 4940-മാണ്ടു ഒറശ്ലെംപള്ളി പണിതുടങ്ങി. വളരെ വിവാദും തർക്കവും ഉണ്ടായി 20 വർഷം കൊണ്ടു കെട്ടിത്തീർന്നു. 5011-ാം മാണ്ടു അറുത്തഹശെത്ത് രാജാവ് വാണു. യൂദൻമാർക്കു വളരെ ഉപകാരം ചെയ്തു. 5017-ാമാണ്ടു എസ്രക്കഹനാ യൂദന്മാരെ നിലനിറുത്തി മാർഗവിധിയുടെ പുസ്തകത്തെ വിസ്തരിച്ച് കെട്ടുപിഴ തീർത്തു നടത്തി ദാനിയേൽ ചൊല്ലപ്പെട്ട 70 ചാബോ ആയെന്ന് ചൊല്ലിയ 490 വർഷം തലപ്പെട്ടു.

5052-ാമാണ്ടു ദറിയോസു രാജാവു വാണശേഷം യൂദൻമാർക്കു വളരെ സന്തോഷമായിരുന്നു. 62 ചാവോ ആയെന്ന് ദാനീയേൽ ചൊല്ലിയ 434 വർഷത്തിന്നകം ഏറ്റം സങ്കടങ്ങളും അനുഭവിച്ചു. 5066-ാമാണ്ടു മലാഖി നിവ്യാ മിശിഹായുടെ വരവുൻമേലും അവരുടെ മുൻപിൽ മാറി യോഹന്നാൻ വരുമെന്നും ചൊല്ലി. 5070-ാമാണ്ടു എസ്രാക്കു പകരം നെഹെമിയാ പള്ളിയും മതിലുകളും കെട്ടിച്ചു. 5189 യവനകാലം തുടങ്ങി. യെബുനായെക്കാരുടെ ആണ്ട് 137-ൽ അന്ത്യാസ്തോസ് രാജാവ് വാണു. അയാളത്രെ ശ്മോനിയുടെ മക്കളെയും അവരുടെ മകനെയും കൊല്ലിച്ചത്.[24] എന്നാൽ പിലിപ്പോസിന്റെ പുത്രൻ അലക്കുസന്ത്രയോസ് മന്തിരിമാർ നാലുപേർക്കും രാജ്യം പകുത്തുകൊടുത്തതിൽ ഒരുത്തനത്രെ അന്ത്യാക്കോസാകുന്നത്.

**01.20 സെപ്റ്റ്വജിന്റ്.**[25] ആലക്കുസന്ത്രിയായുടെ പത്തൊലൊമുസ്[26] രാജാവിന്റെ കാലത്തിൽ ശാസ്ത്രക്കാരെ ഒക്കെയും വരുത്തി എല്ലാവരുടെ മദവും മാർഗവും അതതു വച്ചും യവനനായ ഭാഷയിൽ ആക്കുവാൻ നിശ്ചയിച്ചു. 72 കൂടാരം അടിച്ച് പുസ്തകങ്ങൾ പകർത്തി വരുമ്പോൾ അക്കാലത്തിൽ ഏശായാ നിവ്യായുടെ പുസ്തകം ശിമയോനെന്ന പുരുഷനു വരികയാൽ കന്യാസ്ത്രീ ഗർഭനിച്ച് പുത്രനെ പെറുമെന്നും ഇമ്മാനുവേലെന്ന് പേരു വിളിക്കുമെന്നും എഴുത്തുപ്പെട്ടിരിക്കുന്നതിനെ സംശയിച്ചതു കാരണാൽ പുത്രൻ തമ്പുരാനെ കാണുവളവും മരിക്കയില്ലെന്നും സുരം കേട്ടതു കൊണ്ടത്രെ ഒറശ്ലേമിൽ ചെന്നു പാർപ്പാൻ സംഗതി വന്നത്.[27] അക്കാര്യത്തെക്കുറിച്ച് അയാളുടെ വയസ്സുകൊണ്ട് മെത്രാന്മാർ തർക്കിച്ച് ഏവൻഗലിയോന്റെ നുഹവായിൽ 278 വയസ്സ് എന്നും നിശ്ചയിച്ച് എഴുതിയിരിക്കുന്നു. ആദാം മുതൽ ഉള്ള കാലസംഖ്യകളും കൂടെ എഴുതിക്കൊടുക്കണമെന്നു രാജാവിന്റെ കല്പന വന്നിരിക്കുന്നതിനു ഏറെയും കുറെയും എഴുതിക്കൊടുത്തിട്ടും ഉണ്ട്.

**01.21. സക്കറിയ.** മിശിഹായെ അന്വേഷിച്ചിട്ടു കാണാഴികകൊണ്ട് സക്കറിയാ എന്ന പട്ടക്കാരനെ മദുബഹായിൽ വച്ച് കൊല്ലുകകൊണ്ട് സക്കറിയായെ കൊന്ന്. 58-ാം ആണ്ടിൽ എപ്പസ്യാനോസിന്റെ മകൻ തേത്തോസ് വന്ന് ചോരയും സുരവും ചോദിച്ചറിഞ്ഞ് കൊല്ലിച്ചവരുടെ അനന്തിരവർ പട്ടക്കാരെ അക്കാലത്ത് വരുത്തിക്കൊല്ലിച്ചു. പകരം വീട്ടുന്നവൻ വരുമെന്നതിനോളം ചോര കഴുകരുതെന്നു ഉണ്ടായ സുരം ഇതുവരെയും നിന്നു. 5420-ാമാണ്ടു അന്തിപ്പത്തയുടെ പുത്രൻ ഹെറൊദെസു റൊമ്മായുടെ രാജാവിനെ പാട്ടിലാക്കി. അഗുസ്തൊസ്

www.malankaralibrary.com

രാജാവിന്നു വിഗ്രഹ ആരാധനെക്കു ക്ഷേത്രങ്ങളും പണിയിച്ചു കൊടുത്തു. ഓർശ്ലേമിനു പിടിച്ച് പലരെയും കൊലചെയ്ത് ഒറശ്ലേം പള്ളിയും അഴിച്ചു. അവൻ യൂദവർഗത്തിൽ ഉൾപെടുവനായിരുന്നു. കാവ്യരുടെ മാർഗത്തെ വേദത്തോടു ചേർക്കകൊണ്ടത്രേ ഹെറൊദെസിന്റെ പുളിച്ചപ്പത്തിൽ സൂക്ഷപ്പെടണമെന്നു കർത്താവരുളിചെയ്തത്. പിന്നത്തെതിൽ ഒറശ്ലേം പള്ളിയിൽ പൂജകർമ്മങ്ങൾ കഴിക്കുന്നതിനു ഒൻപതര വർഷവും നെറ്റിയായിട്ടു ഒക്കെയും കഴിക്കുന്നതിനു 46 വർഷവും കൊണ്ട് പള്ളിപണി കെട്ടിത്തീർന്നു.



# 02. പുതുമയുടെ കാലങ്ങൾ

**02.01 യേശു ക്രിസ്തു.** 5490-ാമാണ്ടു ഗൌറിയേൽ മാലാക, മിശിഹാ പിറക്കുമെന്നു കന്യാസ്ത്രീ അമ്മയോടു വന്നു വചനിച്ചു. 5491-ാമാണ്ടു ലോകത്തിന്റെ രക്ഷകൻ ആയിട്ടു നമ്മുടെ കർത്താവ് ഈശോ മിശിഹാ യെബുനായെക്കാരുടെ ആണ്ടു. 311-ൽ ബെസിലഹേമിൽ പിറക്കപ്പെട്ടു. 5521-ൽ മിശിഹാ കർത്താവ് മാമോദീസ മുഴുകി ഏഴു ആഴ്ചയുടെ പാതി മൂന്നര വർഷം അറുപിച്ച് കുരിശിൻമേൽ തൂങ്ങപ്പെട്ടു. 5528-ൽ വിശ്വാസത്തെ നിലനിർത്തി. അതിന്റെ ശേഷം റോമാക്കാർ വന്ന് യെരുശലേം പള്ളിയും നഗരിയും അഴിച്ചു. ഇതിനുമുമ്പ് ബെസിലഹേമിൽ മിശിഹാ പിറന്നൂയെന്ന് പാലെസ്തീന്റെ[1] നാട്ടിൽ മഗൂദശെ രാജാക്കൾക്കു നക്ഷത്രം കണ്ട് അവർ തന്നെക്കുമ്പിടുവാൻ കാഴ്ചയും കൊണ്ടു വന്നാറെ, ഹെറൊദെസു കണ്ട് അവരോടു പോയി വരണമെന്നു പറഞ്ഞതിനെ മറുത്തു പോകകൊണ്ടു, രണ്ടു വയസ്സിനു കീഴുള്ള പൈതങ്ങളെ ഒക്കെയും ഹേറോദേസു കൊല്ലിച്ചു.

പിറ്റെയാണ്ടു പിസായുടെ ദിവസത്തിനു കുറഞ്ഞൊരു മുമ്പെ രഹസ്യസ്ഥലത്തു കൃമിച്ച് ഹേരോദെസു മരിച്ചു. അതിന്റെ ശേഷം അവന്റെ മക്കൾ മൂന്നു പേർ അറികിലാനനും ഹെറോദെസുഅന്തിപ്പായെന്നും പീലിപ്പോസെന്നും ഇവർ മൂന്നുപേർക്കായിട്ടു റോമായുടെ രാജാവ് അഗുസ്തോസ് കൈസർ ഒറശ്ലേം നാടു പങ്കിട്ടു കൊടുത്തു. ഹേറോദെസുഅന്തിപ്പായെന്നയവൻ മാർ യോഹന്നാൻ മാവുന്ദാമ്മായുടെ തല കണ്ടിച്ച് ഹെരൊദ്യ എന്ന സ്ത്രീക്കു കൊടുത്തു. അവൻ മശിഹായെ വളരെ പരിഹസിച്ചു. 30-ാമാണ്ടു കർത്താവു മാമോദീസാ മുങ്ങി നൊൻപു നോറ്റ് പിസായും കഴിച്ചു. 31 ലും 32 ലും പിസാ കഴിച്ചു.[2] 32 ൽ മാർ യോഹന്നാൻ മാവുന്ദാ മരിച്ചു. 33 ൽ പിസാ കഴിച്ചും കൊണ്ട് അവരുടെ പിസായ്ക്കു മുമ്പ് പാടുപെട്ട് മരിച്ച് അടക്കപ്പെട്ടു. മൂന്നാം നാളുയിർത്തു. 40-ാം പക്കം ആകാശത്തിനു താൻ കരേറി. 50-ാം ദിവസം പെന്തെക്കോസ്തെന്ന പെരുനാൾക്കു മീന മാസത്തിൽ 19 നു[3] ശ്ലീഹന്മാർക്ക് റൂഹാദകുദശാ ഇറങ്ങി.

**02.02 ആദിമ സഭ.** അന്നു 3000 ജനങ്ങൾപോലെ മാമോദിസാ മുഴുകി. 34 ൽ സ്തേഫാനോസ് സഹദായെ കല്ലേറിഞ്ഞുകൊന്നു. 35 ൽ പൗലോസിന്നു വെളിപാടുണ്ടായി. 37-ൽ ഹെരോദെസു മരിച്ചു. 41-ൽ ക്ലൗദിയോർക്കസറ റോമ്മായിൽ 14 സംവത്സരം വാണു. 42-ൽ അന്ത്യോഖ്യയിൽ നസ്രാണികൾ[4] എന്നു പേരു വിളിച്ചു. 44-ൽ വല്യ യാക്കോ ശ്ലിഹായെ ഒറശ്ലെമിൽ വച്ച് ഹെരൊദെസു അന്തിപ്പാ കൊല്ലിച്ചു.47- ൽ ഏറോദോസു മരിച്ചു.[5] കർത്താവ് ആകാശത്തിന്നു കരേറിയ 15-ാം വർഷം 48-ൽ മത്തായി ഏവൻഗെലിയോൻ എഴുതി. മർക്കൊസും ലൂക്കായും ഒറശ്ലെം നഗറി അഴിക്കുന്നതിനു മുമ്പെ ഏവൻഗേലിയോനും പ്രക്കുസെദും എഴുതി. ഇവർ മൂന്നുപേരും ഒരു സംവത്സരത്തെത് എഴുതി. ആയത് എങ്ങനെയെന്നാൽ പ്രപിയിൽ നിന്നും മാമോദീസായിൽ നിന്നും പരൂക്ഷയിൽ[6]

www.malankaralibrary.com

നിന്നും മറ്റു ചിലതിൽ നിന്നും ഒഴികെ യോഹന്നാന്റെ വിലങ്ങിടംതൊട്ട് കരേറ്റത്തിന്നോളം ഒരാണ്ടിൽ നമ്മുടെ കർത്താവ് താൻ യാഭരിച്ചുയെന്ന വസ്തു മൂന്നു പേരും എഴുതി. യോഹന്നാൻ ദെയ്വസുഖത്തുന്മേലും അറിയിപ്പാൻ തുടങ്ങിയപ്പോൾ തൊട്ട് വിലങ്ങടത്തിൽ യോഹന്നാൻ വീണു എന്നതിനോളം മുൻപിലത്തെ ഇവ രണ്ടാണ്ടുകളിൽ നമ്മുടെ കർത്താവു താൻ യാഭരിച്ചുയെന്ന് അവൻമേലും അവരെഴുതി.

ശ്ലീഹന്മാർ വെറുതിരിയും മുൻപിൽ മത്തായി എഴുതി. വെറുതിരി അതിന്റെ ശേഷം മർക്കൊസും ലൂക്കായും എഴുതി. ഇതു മൂന്നും ചെന്നപ്പോൾ യോഹന്നാനെഴുതി ഒന്നിച്ച് ഒരു പുസ്തകം ആക്കി. 49-ൽ അന്ത്യോക്ക്യായിൽ പൌലോസു ചെന്ന് പത്രൊാസിനെ കണ്ടു. ആയാണ്ടിൽത്തന്നെ മാർഗം അറുവിപ്പാൻ പത്രൊാസു ശ്ലീഹാ റോമയ്ക്കു പോയി. 51-ൽ ബാബേലിൽ വച്ച് പന്ത്രണ്ട് ദർശനക്കാർക്കും പത്രൊാസ് കുറി എഴുതി. 52 ൽ മാർത്തോമാശ്ലീഹാ മലയാളത്തിൽ വന്ന് മാർഗം അറുപിച്ച ഏഴുപള്ളിയും വൈപ്പിച്ച്, മാമോദീസാ മുങ്ങിയതിൽ ചങ്കരപുരി, പകലോമറ്റം രണ്ടു തറവാട്ടിൽ പട്ടവും കൊടുത്തു.[7] 51-ാമാണ്ടു കന്യാസ്ത്രീയമ്മ മരിച്ചു. പറുദീസയ്ക്കു അവരെ കൊണ്ടുപോകപ്പെട്ടു.

**02.03 പൗലൂസിന്റെ ലേഖനങ്ങൾ.** 52 -ൽ കൂറന്തോതിലിരുന്ന് തെസലോനിക്യക്കു പൌലൊസു കുറി എഴുതി. 53-ൽ അവർക്കുതന്നെ രണ്ടാമത്തെ കുറിയും എഴുതി. ആയാണ്ടു തന്നെ പീലിപ്പോസു ശ്ലീഹായെ കുരിശിൻമേൽ തറച്ചു കൊന്നു. 56 ൽ യാക്കോ ശ്ലീഹായെ കല്ലേറിഞ്ഞു കൊന്നു. അതിനു കുറഞ്ഞൊരു മുമ്പെ കുറി എഴുതി. ആയാണ്ടിൽ തന്നെ എപ്പസ്സൊസിലിരുന്നു കൂറന്തായെക്കാർക്കും, ഗലാത്യക്കാർക്കും പൗലൂസ് കുറി എഴുതി. 57-ൽ റൊമായെക്കാർക്കും, കൂറന്തായെക്കാർക്കു രണ്ടാമത്തെ കുറിയും എഴുതി. 61-ൽ പൗലൂസ് റൊമായിൽച്ചെന്ന് രണ്ടു വർഷം കാവലിൽപ്പാർക്കുമ്പോൾ പീലിമോനും കൂലസ്സായെക്കാർക്കും ഫിലിപ്പിസായെക്കാർക്കും കുറി എഴുതി. 62-ൽ മർക്കൊസ് ഏവൻഗെലിത്താ മരിച്ചു. 63-ൽ റോമായിൽ പൌലൊസിനെ കാവലിൽ നിന്നും വിട്ടതിന്റെ ശേഷം ഇത്താലിയായിൽ നിന്ന് എവറായെക്കാർക്കു കുറി എഴുതി. 64-ൽ റോമാനഗരി ചുട്ടഴിച്ച് നേറോ കൈസർ വാണു. 65-ൽ തിമത്തയോസിനും ദേത്തോസിനും പൌലൊസ് കുറി എഴുതി. 67-ൽ പത്രൊാസ് രണ്ടാമത്തെ കുറി എഴുതി. അതിന്റെ ശേഷം യൂദായുടെ കുറിയും എഴുതി. 68-ൽ റോമായിൽ പൌലൊസ് തിരിച്ചുവന്നു പിന്നെയും കാവലിൽ ഏർപ്പിച്ചിരിക്കുമ്പോൾ എപ്പാസായെക്കാർക്കും, തിമത്തെയാസിനു രണ്ടാമത്തെ കുറിയും എഴുതി.

**02.04 ശ്ലീഹൻമാരുടെ അന്ത്യം.**[8] 64-ൽ മാർ ശിമയോനും മാർ യൂദായും മരിച്ചു. 66-ൽ അന്ദ്രെയോസ് ശ്ലീഹായെ കുരിശിൻമേൽ തറച്ചു കൊന്നു. ആയാണ്ടിൽത്തന്നെ മത്തിയാ ശ്ലീഹായുടെ തലവെട്ടി മരിച്ചു. 70-ൽ റോമാ നഗരിയിൽ വച്ച് നെറോൻ കൈസർ പത്രൊാസിനെ കുരിശിൻ മേൽ തലകീഴായി ക്രൂശിച്ചു. പൌലൊസിന്റെ തല വാളാലെ കണ്ടിച്ചു. 71-ൽ ഒറശ്ലെം നഗരിയും പള്ളിയും റോമാക്കാർ പിടിച്ചു. 72-ൽ മാർത്തോമ്മാ ശ്ലീഹാ മരിച്ചു. വർത്തുൽമ്മാ ശ്ലീഹായെ തല്ലിക്കൊന്നു. 90-ാമാണ്ടു ലൂക്കാ എവൻഗലിത്താ മരിച്ചു. ആയാണ്ടിൽ തന്നെ മത്തായി ഏവൻഗലീത്താ മരിച്ചു. 93-ൽ ഹേരോദസാ അന്തിപ്പാ മരിച്ചു. യോഹന്നാൻ ഏവൻഗലീത്തായെ റോമായുടെ രാജാവ് പിടിപ്പിച്ചുകൊണ്ടു പോയി



ഞെരുക്കം ചെയ്യിച്ച് വിട്ടതിന്റെ ശേഷം പത്തേമൂസിൽ വച്ച് ഗെലിയാനാ എഴുതി. മൂന്നു കുറിയും എഴുതി 99 ൽ യോകന്നാൻ ഏവൻഗെലിത്താ മരിച്ചു.

**02.05. ആഫ്രിക്കാ സുന്നഹദൊസ്.**[9] 253 ൽ ആപ്പ്രിക്കാ നാട്ടിൽ ചേർന്ന കടുത്താക്കോ നഗരിയിൽ 66 മെത്രാൻമാരുകൂടി ഒരു സുന്നഹദൊസു കൂടി. എട്ടാം ദിവസം വരുഗീതിടുന്നപോലെ മാമോദീസാ വേണ്ടാ എന്നും നിശ്ചയിച്ച് പിന്നെത്തെതിൽ മാമോദീസാ മുക്കിയാൽ മുടി വൈക്കപ്പെട്ടതും ശുദ്ധമാക്കപ്പെട്ടതിന്നും അടയാളമായിട്ടു വെൺമ ഉള്ള വസ്ത്രം ഭൂഷണപ്പെടണമെന്നും കൽപിച്ചു. 260-ൽ റോമായുടെ മെത്രാൻ പള്ളികളിലൊക്കെയും മരവിമ്മങ്ങൾ കിഴക്കു പിറമായിട്ടു വൈക്കണമെന്നും കൽപിച്ചു.[10] 306-ൽ മഹാ കുന്താദീനോസെന്ന് ധൈര്യം ഉള്ള രാജാവ് വാണു. 312-ൽ അദ്ദേഹം മിശിഹായുടെ മാർഗത്തെ അനുസരിച്ചു. അതുവരെയും ശുദ്ധമാക്കപ്പെട്ട യോഗത്തിന് ഉണ്ടായ സങ്കടങ്ങളും തീർത്ത് വിഗ്രഹ ആരാധനയും മുടക്കി ക്ഷേത്രങ്ങളെയും പൊളിച്ച് മാർഗക്കാർക്കു ഏറിയ ഉപകാരങ്ങൾ ചെയ്തു.

**02.06 ക്ഷുദ്രക്കാരൻ ശീമോൻ.** ഇതിനുമുമ്പ് കർത്താവ് മരിച്ച് ഉയർത്ത ഏഴാണ്ടുകളുടെ ശേഷം ശ്ലീഹന്മർ. അന്ത്യോക്യായിൽ പോകുമ്പോൾ ക്ഷുദ്രക്കാരൻ ശീമോൻ റോമായിൽ ചെന്ന് ക്ഷുദ്രങ്ങളാല മനുഷ്യരെ തട്ടിക്കുന്നു എന്നു കേൾക്കകൊണ്ട് 64 -മാണ്ടു അന്ത്യോക്യയിൽ യെബുദിയോസ് അപ്പസ്തോപ്പായെ പട്ടം കെട്ടി. 65-ാമാണ്ട് പത്രൊാസ് ശ്ലീഹാ റോമായിൽ യോലീനോസ അപ്പസ്തൊപ്പായെ പട്ടം കെട്ടി. 66 -ാമാണ്ട് അന്ത്യോക്യയിൽ യെബുദിയോസ അപ്പസ്തോപ്പാ കഴിഞ്ഞശേഷം പൈതലിനെ ഈശോ തമ്പുരാൻ എടുത്തു ശ്ലിഹന്മാരുടെ ഇടയിൽ നിർത്തിയെന്ന് ഏവൻഗെലിയോനിൽ ബഹുമാനിക്കപ്പെട്ട തീക്കടുത്ത മാറിഗ്നാത്ത്യോസിനെ മാർ യോഹന്നാൻ ഏവൻഗെലിത്ത അന്ത്യോക്യായിൽ പട്ടം കെട്ടി.[11]

**02.07 നിഖ്യാ സുന്നെദോസ്.** 325 -ാം കാലത്തിൽ ചണ്ഡാളനായ അറിയോസിന്റെ എടത്തുടെക്കുറിച്ച് നിഖ്യായിൽ സുന്നെദോസു കൂടി. അവന്റെ എടത്തൂട എന്തെന്നാൽ നമ്മുടെ കർത്താവിനു മാനുഷസുഖം ഇല്ലെന്നു അവൻ നിനച്ചു ചൊല്ലി. ഇതിനെക്കുറിച്ച് റോമായുടെ രാജാവ് കുസ്താദീനോസിന്റെ കാലങ്ങളിൽ നിഖ്യായിൽ സ്തുതി ചൊവ്വാകപ്പെട്ട 311 ബാബാമാരെ രാജാവ് കൂട്ടി.[12] മുഴുവനാകപ്പെട്ട മാനുഷൻ പുത്രനും മുഴുവനാകപ്പെട്ട തമ്പുരാനും താനാകുന്നുയെന്നും അവർ നിശ്ചയിച്ച്, നോൻപുകളും പെരുനാളുകളും പള്ളി മര്യാദകളും മേൽ ചെല്ലുന്നതിനൊക്കെയും കാനോനാകളും കൽപിച്ച് ആസിയാ, റോപ്പ, ആപ്രിക്കാ ഇങ്ങനെ അന്ത്യോക്യയിലും റോമയിലും ആലക്കുസന്ത്രിയായിലും കുസ്തംദിനോസ്പോലോസിലും നാലു പാത്രിയാർക്കമാരെയും കൽപിച്ചു.[13] അറിയോസ് വെടിപ്പിടത്തിനു അവൻ കടന്നു. അവന്റെ വയറ് ഒഴിയപ്പെട്ടതായി. അറിയോസിനെ വരുത്തുവാൻ ബാബാമാർ പ്രമാണിച്ചു. മുൻപെ നിന്ന് മരിക്കപ്പെട്ടവനായി അവനെ അവർ കണ്ടു. പട്ടികൾക്ക് അവനെ അവരിട്ടു. അവനെ തിന്നില്ല. അവനെ ചുദിപ്പാൻ അവർ പ്രമാണിച്ചു.[14]

മാറപ്രേം, മാർ യാക്കോ പെർസ്യാന്റെ നാട്ടിന്നും,[15] ഇന്ദുസ്താ നാട്ടിന്നു മെത്രാനായിരുന്ന യോഹന്നാൻ ഉണ്ടായിരുന്നു.[16] കിഴക്കിന്നടുത്തവർക്കും പടിഞ്ഞാറിന്നടുത്തവർക്കും പിസായുടെ കാര്യം കൊണ്ട് ഉണ്ടായിരുന്ന

www.malankaralibrary.com

തർക്കങ്ങളും തീർന്നു.[17]

**02.08. സിംഹാസനങ്ങൾ.** ഒന്നാമത് മാർ ശിമഓന്റെ സിംഹാസനത്തിൻമേൽ റോമയുടെ പാത്രിയാർക്കീസും 2-ാമത് മർക്കോസിന്റെ സിംഹാസനത്തിൻമേൽ ആലക്കുസന്ത്രിയായുടെ പാത്രിയർക്കീസും 3-ാമത് മാർ യോഹന്നാന്റെ സിംഹാസനത്തിൻമേൽ കുസ്തന്തീനോസിന്റെ പാത്രിയർക്കീസും[18] 4-ാമത് മാർ ശിമയോന്റെ സിംഹാസനത്തിൻമേൽ അന്ത്യോക്യായുടെ പാത്രിയർക്കീസും. ഇവർ നാലുപേർക്കു മുൻപൻ തന്റെ സിംഹാസനത്തിന്മേൽ കൽപിച്ചിരുന്ന ഒരശ്ലേമിന്റെ മെത്രാപോലിത്തായും. എന്നാൽ ഇവരുടെ മുന്നിൽ കുരിശെടുക്കപ്പെട്ടവനാകണം. ഇവർ നാലുപേർക്കും ശരിയാക്കി തർക്കിച്ചിരിക്കുന്നു.[19]

6-ാ മത്തെ പാത്രിയാക്ക് ആയ അന്ത്യോക്യായുടെ രണ്ടാമത്തെ തെഗറീസിന്റെ കാസോലിക്കാ ആകുന്നു.[20] അദ്ദേഹത്തിന്റെ വിചാരത്തിലത്രെ മലയാളം ആകുന്നത്. ഭൂമിയുടെ നാലു ഭാഗങ്ങളുടെ അറുതിക്കു കിഴക്കു മാർത്തൊമാശ്ലീഹായുടെയും പടിഞ്ഞാറു ശിമയോൻ ശ്ലീഹായുടെയും തെക്കു കുടിയിരിപ്പുകാരൻ യോഹന്നാൻ എറമ്പാനയും വടക്ക് 40 സഹദെന്മാരെയും പ്രമാണിച്ചിരിക്കുന്നു.[21] എന്നാൽ മാറപ്രേം മാർ യാക്കോയോടു കൂടെ കിഴക്കിനടുത്തു അന്ത്യോക്യക്കാർ 111-ം പടിഞ്ഞാറിനടുത്തു റോമായെക്കാർ 200-ം ഇങ്ങനെയത്രെ 311 കൂടിയത്.[22] നിഖ്യായുടെ നഗരിയിൽ കൂടിയ സുന്നെദോസിന്റെ തലവർ ആലക്കുസന്ത്രിയായുടെ ആലക്കുസന്ത്രയോസും അന്ത്യോക്യാ എസ്താത്തോസും എസ്തസ്തോസും ഇപമിത്തോസും. കർത്താവിന്റെ ആണ്ടു 330-ാമാണ്ടു കുസ്താദിനോസ് രാജാവ് റോമാനഗരിയെ വിട്ട് യവനായ നാട്ടിനു രാജാവായി. ആയത് ഒന്നാമത്തെ റോമായന്നും പിന്നത്തേതിൽ അവരുടെ പേരാലെ കുസ്താദിനോസ് പൌലോസിന്നും ചൊല്ലപ്പെട്ടു. അതിനെക്കുറിച്ച് ആ ദേശത്തിനു റോമാരാജ്യമെന്നു പേരിടപ്പെട്ടു. 337-ൽ അവരുടെ പുത്രൻ കുസ്താദിനോസ് രാജാവായി വാണു.

**02.09 ക്നായിത്തൊമ്മൻ.** 345-ൽ ഇറഹോയുടെ അപ്പസ്തോപ്പായുടെ സ്വപ്നത്തിൽ മാർത്തോമ്മാ ശ്ലീഹായെ കാണപ്പട്ടു. അതു കാരണാൽ അന്ത്യോക്യാരുടെ പാത്രിയാർക്കീസിന്റെ കൽപനയാലെ[23] മലയാളത്ത പട്ടക്കാരില്ലാത്ത മുട്ടുകൊണ്ടു പെൺകെട്ടും മാമോദീസായും[24] ചുരുക്കത്തിൽ മൂപ്പന്മാർ കഴിച്ചു വരികകൊണ്ടു കനാനിലെ തോമായോടു കൂടെ മാർ യൌസെപ്പ് അപ്പസ്തോപ്പായെയും കശീശമാരെയും ചേമാശമാരെയും ക്രിസ്ത്യാനികളെയും പൈതങ്ങളെയും സ്ത്രീകളെയും യാത്രയാക്കി. അവർ വന്ന് മലെയാളത്തിൽ കുടിയിരുന്നു. അക്കാലം നാടുവാഴുന്ന ചേരകോൻ പെരുമാളെ കണ്ടു. ഇപ്പുരുഷക്കു വേണ്ടുന്ന പദവികളും ചെപ്പെട് എഴുതിച്ച പതിനെണ്ണ് വിഷയത്തെയും[25] കൊടുത്തു. അക്കാലം മാർത്തോമാ ശ്ലീഹായുടെ വാഴുവ് എടുത്തു കൂടായെന്നും നിശ്ചയിച്ച് പാലമറ്റത്തു തറവാട്ടിൽ നിന്നും ഒരാളിന്നു അർക്കദുയാക്കോന്റെ സ്താനം കൊടുത്ത് മലയാളത്തിലുള്ള മാർഗവാസികളെ ശിക്ഷിപ്പാനും രക്ഷിപ്പാനും അവർക്കു മുഷ്കരത്തവും കൊടുത്തു.[26]

**02.10 കുസ്താന്തീനോസ് പോലീസ് സുന്നെദോസ്.** നമ്മുടെ കർത്താവിന്റെ ആണ്ടു 361-ൽ യുലിയാനെന്ന മുടി വയ്ക്കപ്പെട്ട രാജാവ് ക്രിസ്തു മാർഗമായിരുന്നു. പിന്നെത്തിതിൽ വിഗ്രഹമാർഗത്തിൽ ചേർന്ന് ക്രിസ്തു മാർഗക്കാർക്കു



വിരോധിമായിട്ടു പിശാചിന്റെ ക്ഷേത്രങ്ങളെ അവന്റെ നാട്ടിൽ പണിയിച്ചു. അവൻ പറുസായെക്കാരോടു യുദ്ധം തുടങ്ങുകയിൽ രക്തത്തെ വാരി ആകാശത്തിലെറിഞ്ഞു മേല്പോട്ടു നോക്കി ഗ്ലീലായെക്കാരാ ഏതു പ്രകാരവും നീ വേണ്ടായെന്നു അവൻ ചൊല്ലി. കർത്താവിന്റെ ആണ്ടു 379-ൽ വല്യ തെബാദോദിയോസു രാജാവു വാണു. ദൈവഭക്തിയും മിശിഹായുടെ നാമത്തിൽ വിശ്വാസവും താനൊരു രാജാവായിരിക്കുന്നകാലെ തമ്പുരാന്റെ യോഗത്തിന്റെ ചിറ്റാൺമക്കാരനെന്നും കൽപിച്ചു.

നമ്മുടെ കർത്താവിനുടെ ആണ്ടു 381-ൽ കുസ്തദീനോസിന്റെ പാത്രിയർക്കാമക്കദോനിയോസ് അവൻ പകച്ചു. ആയത് എന്തെന്നാൽ ബാബായിൽ നിന്നും പുത്രനിൽനിന്നും റൂഹാദകുദശാ പ്രപ്പെടുന്നൂയെന്നും ബാബാക്കും പുത്രനും റൂഹാദകുദശാ വരെസനാകുന്നൂയെന്നും അവൻ ചൊല്ലി. ഇതിനെക്കുറിച്ച് തെബാദോസിയോസ് രാജാവ് രണ്ടാം സുന്നെദോസു കുസ്താദീനോസ് പൌലിസിൻ ഒരു നൂറ്റൻപതു ബാബാമാരെ അവൻ കൂട്ടി. ബാവായും പുത്രനും റൂഹാ വർഗത്തലയും കാതൽസുഖത്താലയും അവരിരുവർക്കും ശരിയാകപ്പെട്ടതാകുന്നുവെന്നു ഒരു വായിൽ നിന്നു എന്നപോലെ അവർ അട്ടഹസിച്ചും കൊണ്ട് മക്കെദോനിയോസിനെ തള്ളി. ആ സിംഹാസനത്തിന്മേൽ തെബാഎലാഗോസെന്ന് വിളിക്കപ്പെടുന്ന ആ മാർ ഗ്രിഗോറിയോസിനെ അവർ കല്പിച്ചു. 409-നു റോമാനഗരി പിടിച്ചു. അതിനെ അനേകം നാൾ മുട്ടിച്ച് അതിലുള്ളവർക്കു ധാന്യങ്ങൾ മുട്ടുക കൊണ്ടു മനുഷ്യരുടെ മാംസം അവർ തിന്നു. കോട്ടയിൽ അടെക്കലമായിട്ടു വന്ന അനേകം പേർ മന്ത്രിമാരിൽ ചിലരു വിഗ്രഹ ആരാധനക്കാരാകകൊണ്ടു പൊൻ വെള്ളിയിനാൽ പണിയപ്പെട്ട വിഗ്രഹങ്ങളെയും ക്ഷേത്രങ്ങളിലുള്ള വിലയേറപ്പെട്ട തട്ടുമുട്ടുകളും എടുത്തു അതെല്ലാം ഉടമക്കാർക്കും മാർഗക്കാർക്കും ചിലവിടുകയും ചെയ്തു.[27]

**02.11 നെസ്തോറിയോസ്.** 428 ൽ കുസ്താദീനോസ്പൌലിസിന്റെ പാത്രിക്കാനെത്തോറിയോസ് അവൻ പകച്ചു. എന്തന്നാൽ തമ്പുരാനെപ്പെറ്റ കന്യാസ്ത്രീ മറിയത്തെ മിശിഹായുടെ അമ്മയെന്നല്ലാതെ തമ്പുരാനെപ്പെറ്റ അമ്മയെന്നു വിളിക്കരുതെന്നും മിശിഹായിൽ വർഗം രണ്ടാകുന്നു എന്നും ക്നോമാ രണ്ടാകുന്നു എന്നും അവൻ ചൊല്ലി. എടത്തുടായതിന്റെ ശേഷം പട്ടാങ്ങപ്പെട്ട ചെറിയ തെബാദോസിയോസു രാജാ ലോകത്തിനടുത്ത മൂന്നാം സുന്നെദോസു എപ്പസ്സോസിൽ അവൻ കൂട്ടിയത്. കൂടിയിരിപ്പിനു സ്തുതി ചൊല്പാകപ്പെട്ട[28] ബാബാമാർ 220-ം സിംഹാസനങ്ങളിൽ മുക്ഷരപ്പെട്ടവരാക പതിനായിരങ്ങളുടെ തലവരിൽ നാലുപേർ റോമായുടെ കാലത്തിനോസും ആലക്കുസന്ത്രിയായുടെ കൂറിലോസും അന്ത്യോക്യായുടെ യോഹന്നാനും പൊന്നിനുടെ നാവുകാരൻ മാറീവാനിയോസും. ഇവർ കൂടപ്പെട്ട് കന്യാസ്ത്രീ മറിയത്തെ തമ്പുരാനെപ്പെറ്റമ്മയെന്നും വിളിച്ച് മാനുഷസുഖത്തിൽ നിന്നുള്ള മാംസത്തോടു കൂടെ പുത്രൻ തമ്പുരാൻ തന്റെ ഒന്നിപ്പിനെന്നും അവരു നിശ്ചയിച്ചു. വർഗമൊന്നാകുന്നൂയെന്നും ക്നോന്മാ ഒന്നാകുന്നൂയെന്നും മുഴുവനാകപ്പെട്ട തമ്പുരാനും മുഴുവനാകപ്പെട്ട മാനുഷൻപുത്രനും താനാകുന്നയെന്നും അവരു കൊണ്ടാടി.[29]

എന്നാൽ റൂഹാദകൂദാശായാലെ നിഖ്യായിൽ 318 ബാബാമാരുകൂടി കൽപിക്കപ്പെട്ട വിശ്വാസത്തിൽ നിന്നൊഴികെ മറ്റു കൽപനയും വിശ്വാസവും

www.malankaralibrary.com

പകർത്തുന്നൂയെന്നയവൻ മഹറൊനെൽക്കപ്പെട്ടവനാകുന്നൂയെന്നും അറെപ്പുകെട്ട ഒരുത്തൻ കൽപിക്കുന്നു എങ്കിൽ മുൻപെ ചൊല്ലിയപോലെ ഇവർ ഒരു കാനോനോ കൽപിച്ചും കൊണ്ട് നെത്തോറിയോസിനെ പിരാകിയതിന്റെ ശേഷം അവന്റെ നാവ് അഴുകപ്പെട്ട് തിന്മപ്പെട്ട മരണം അലസി. പാപത്താലെ നെത്തോറിയോസു മരിച്ചു. അവന്നു പകരം നോൻപു നോക്കുന്നവനായ മസീമോസിനെ ആ സിംഹാസനത്തിൻമേൽ അവർ കൽപിച്ചു.

**02.12. ഏവുത്തിക്കൂസ്.** 440-ൽ റോമായിൽ ലെയോൻ പാപ്പായെ വൈക്കപ്പെട്ടു. പടിഞ്ഞാറുള്ള മെത്രാമാരൊക്കെയും അയാളുടെ കീഴടങ്ങണമെന്ന രാജാവിന്റെ കല്പന പ്രസിദ്ധപ്പെടുത്തി വാണു. 445-ൽ കുസ്താദീനോസ് പൌലീസിൽ കൂടിയുള്ള യെബുത്തൊക്കായെന്ന കശീശാ അവൻ പകച്ചു. ആയത് എന്തെന്നാൽ മിശിഹായുടെ തന്റെ ശരീരം കലക്കം അനുഭവിച്ചുയെന്ന് അവൻ ചൊല്ലി. ഇതിനെക്കുറിച്ച് എപ്പസ്തൊസിന്റെ ഉള്ളിൽ രണ്ടാം വട്ടം സുന്നെദോസു കൂടപ്പെട്ടു. കുസ്തംദീനോസിന്റെ അബിലാനിയോസും അലക്കുസന്ത്രിയായുടെ ദീയസ്തോറോസും അന്ത്യോഹായുടെ ദൊമ്നോസും[30] ഒറശ്ലെമിന്റെ യിബാനിയോസും എപ്പസ്സൊസിന്റെ എസ്തെപ്പാനോസും. ഈ നാലു തലവരോടു കൂടെ 130 അപ്പസ്തോപ്പൻമാരു കൂടി. റോമായുടെ ആറാം പാപ്പാ ആകുന്നൂയെന്ന ലെബോന്റെ ആയിസ്തപ്പാടുകൂടാതെ ഇവർ കൂടപ്പെട്ടു. എന്നാൽ എടത്തിന്റെ ദൂരത്തെക്കുറിച്ച് എന്ന്യേ ദ്വേഷതയിൽ നിന്നും ശത്രുതയിൽ നിന്നും അല്ലാ. അപ്പോൾ യെബുത്തോകാ പാപപ്പെട്ടു എന്നവൻ ചൊല്ലി. വീണ്ടും വെള്ളവും പോലെ കലക്കവും കലർച്ചയും താനനുഭവിച്ചില്ലന്നു അവർ നിശ്ചയിച്ചു.[31]

യെബുത്തോഹായെ തള്ളുകകൊണ്ടും ആ ഇടവയിൽ പ്രമാണപ്പെട്ട പട്ടക്കാരൻ ആകകൊണ്ടും രാജാവിന്റെ അടുക്കൽ സങ്കടം വച്ച് അവിടെ നിന്നും എഴുത്തും വാങ്ങിച്ച് നെത്തോറിയോസിന്റെ വിശ്വാസം ചിലർക്കുണ്ടെന്നും അയാൾ ബോധിപ്പിക്കകൊണ്ടു കാര്യം കേട്ടാറെ കുസ്താദീനോസ് പൌലിസിന്റെ പ്ലവിയാനോസും, ദർക്കാലിയോന്റെ യെവുസെബിയോസും, ദേവാദോറിത്തായും, ഈഹീവായും ഇവർ നാലുപേർക്കും നെത്തോറിയോസിന്റെ വിശ്വാസം ഉണ്ടെന്ന പരമാർത്ഥം ബോധിക്കകൊണ്ടും അവരുടെ പദവിയിൽ നിന്ന് അവരെ തള്ളപ്പെടുകകൊണ്ടു ഏറിയ വഴക്കുണ്ടായി.

**02.13. ലിയോ പാപ്പ.** റോമായിൽ ബോധിപ്പിക്കാതെ ഇതിൻ വണ്ണം ഒക്കെയും ചെയ്തകൊണ്ടു ഇവർ നാലു അപ്പസ്കൊപ്പമാരും റോമായ്ക്കു ലെബോൻ പാപ്പായുടെ അടുക്കൽ പോയി. പല കൂട്ടവും പറഞ്ഞ ബോധിപ്പിച്ച് പാപ്പായെ തട്ടിച്ചു. എന്നാൽ രണ്ടു വർഗമെന്നും ഒരു ക്നോന്മായെന്നും അവരുടെ വിശ്വാസം പാപ്പായും അനുസരിച്ച് ഇതിൻവണ്ണം എല്ലാ പേരും അനുസരിക്കണമെന്നു ഇവരഞ്ചുപേരും കൂടെ നിശ്ചയിച്ച് കുറി എഴുതി. റോമയിൽ നിന്ന് യൊലിയാനോസ് അപ്പസ്കോപ്പായെയും അറനാക്കശീശായെയും, ഈലെറൊസ ശെമ്മാശിനെയും കൂടെ കുറിയും കൊടുത്ത് എപ്പസ്സോസിനു യാത്രാക്കിയാറെ അവർ കൊണ്ടുവന്ന കുറി ശുദ്ധമാകപ്പെട്ട ബാബാമാർ കണ്ടപ്പോൾ നെത്തോറിയോസിന്റെ വിശ്വാസത്തിൽ പാതിയും പാപ്പായുടെ ഇഷ്ടത്തിൽ നിന്നു പാതിയും ആയി ചമച്ചെന്ന് അവർ കാൺകകൊണ്ടും മുൻപിൽ നിഖ്യായുടെ സുന്നെദോസി



നോടും നെത്തോറിയോസിന്റെ കാര്യത്തെക്കുറിച്ച് എപ്പസ്സൊസിൽ, റോമായുടെ പാത്രിയാർക്കാ മാർ കാലത്തീനീസിനോടു കൂടിയെന്ന ശുദ്ധമാകപ്പെട്ട നാലു പാത്രിയർക്കീസമാരോടും ബാബാമാരോടും മറുത്തു എന്ന് നിശ്ചയിച്ച ഉറെയ്ക്കകൊണ്ടു അവർ കൊണ്ടു വന്ന എഴുത്തു ബാബാമാർ കൈക്കൊണ്ടില്ല.

അവർ റോമയിൽ ചെന്നതിനു ശേഷം അലക്കുസന്ത്രിയായുടെ ദീയസ്ത്തോറോസുമേൽ ദ്വേഷവും ശത്രുതയും ലെബോൻ പാപ്പാ അവനുറച്ചു. ഇങ്ങനെയിരിക്കുമ്പോൾ ഈ സുന്നെദോസു കൂടിയ ചെറിയ കെബാദോസിയോസു രാജാവിന്റെ സ്ത്രീയും അവന്റെ പെങ്ങൾ വുൾകാറിയായും നമസ്ക്കരിപ്പാൻ റോമാപ്പള്ളിക്കൽ അവർ ചെന്നപ്പോൾ അവന്റെ കുറി കൈക്കൊണ്ടില്ലെന്നു സങ്കടമായിട്ടു പറകകൊണ്ടു എപ്പസ്സൊസിൽ കൂടിയ രണ്ടാം സുന്നെദോസിന്റെ കൽപന വായിപ്പാൻ രാജസ്ത്രീകൾ രാജാവിന എഴുതുക കൊണ്ടു തമ്പുരാന്റെ ആശർണ്യത്താലെ സുന്നെദോസു കൂടി കൽപിച്ചിരിക്കുന്നതാക കൊണ്ടു അതിനു ഞാൻ ഭേദം വരുത്തുകയില്ലന്നു മറുപടി ഉടൻ തന്നെ രാജാവു കൊടുത്തയയ്ക്കുകയും ചെയ്തു. ഇപ്രകാരം ലെബോൻ പാപ്പാ വിചാരിച്ചിരിക്കുന്ന കാലങ്ങളിൽ പട്ടാങ്ങപ്പെട്ട രാജാവു മരിച്ചതിന്റെശേഷം 50 ആണ്ട് കന്ന്യാവൃതം കാത്തിരുന്ന ബുർകാരി എന്ന സ്ത്രീയെ പാപ്പായുടെ അനുവാസത്താലെ മർത്ത്യാനോസെന്ന മന്ത്രിയെകൊണ്ടു കെട്ടിച്ചു രാജികം വാണൂയെന്ന ലെബോൻ കണ്ടപ്പോൾ മുൻപലത്തെ ഏഴുത്തിനെ അനുസരിപ്പിപ്പാനും സുന്നെദോസു കൂടുവാനും അവൻ അപേക്ഷിക്ക കൊണ്ടു കൽക്കിദുനായിൽ സുന്നദോസു കൂടുവാൻ രാജാവു പ്രമാണിച്ചു.

**02.14 കൽക്കിദോന്യ സുന്നഹദോസ്.** നമ്മുടെ കർത്താവിനുടെ ആണ്ടു 451-ൽ രാജാവിന്റെ കൽപനയാലെ 446 അപ്പസ്തോപ്പമാർ[32] കൾക്കിദുനായിൽ കൂടി. മൂന്നര സംവത്സരം അവിടെ പാർപ്പിച്ചാറെയും വിശ്വാസത്തിനുടെ മറുത്തു കല്പന ചമയ്ക്കയില്ലെന്നും ലെബോന്റെ പടിത്വത്തെ കൈക്കൊള്ളുകയില്ലെന്നും അവർ നിശ്ചയിച്ചു. ഇതിനെ കടക്കുന്നുവനു 36 വട്ടം മഹറൊനും അവർ കൽപിച്ചു.[33] അപ്പോൾ ലെബോന്റെ വിചാരകാരു ദിയസ്ത്തോറോസിനെ പിടിച്ച് വിലങ്ങിട്ടു മുമ്പെ മഹറൊൻ ചൊല്ലപ്പെട്ട നാലുപെരെ സുന്നെദോസിനു പൂകിപ്പിച്ചു. പുത്തൻ വിശ്വാസം അവർ ക്രമപ്പെടുത്തി എല്ലാവന്റെ മുന്നിലും വായിച്ചു. അതിലെഴുത്തിടുവാൻ ദീയസ്തോറോസിനെ അവർ വിളിച്ചു. എന്റെ കൈകൾ കണ്ടിക്കപ്പെട്ട് കടുദാസുന്മേൽ ചോര ചിന്തപ്പെട്ടു എംകിലും ഇതു വ്യാപരിക്കയില്ലെന്നും പറഞ്ഞു. ഇവയുടെ ചുറ്റും പിരാക്കുകൾ അവനെഴുതി.

രാജാവ് കോപിച്ച് അവനെ അയച്ച മർത്ത്യനോസിന്റെ കല്പന അനുസരിക്കായ്കകൊണ്ടു ഭാഗ്യക്കാരനെ വിലങ്ങിട്ടു. അന്ത്യോക്യയുടെ പാത്രിയർക്കീസു അവിടെ ഇല്ലാഞ്ഞു. അർമനായെക്കാരുടെ മെത്രാപോലീത്താ കലഹം കൊണ്ടു കൂട്ടത്തിൽ നിന്നു എഴുന്നേറ്റുപോയി. യെബുനായെക്കാരുടെ പാത്രിയാർക്കീസു കൂട്ടത്തിൽ മനസായില്ല. സുറിയാനിക്കാർ രണ്ടു അപ്പസ്കോപ്പമാർ ദീയസ്തോറോസിനോടു കൂടെ പോയി. ഈ സുന്നെദോസിൽ ലെബോൻ പാപ്പാ കൂടിയില്ല പിന്നെ ഇവർ 636 പേർ കൂടിയത് ഇതിൻ കശീശമാരും റമ്പാന്മാരും ശെമാശമാരുമാകുന്നു. നമ്മുടെ കർത്താവിന്റെ ആണ്ടു 479 ൽ[34] പത്രൊസെന്ന അന്ത്യോക്യായുടെ പാത്രിയർക്കീസ് തമ്പുരാനെപ്പെറ്റമ്മയുടെ നാമത്തെ നമസ്ക്കാരത്തിൽ

www.malankaralibrary.com

കൂടെ ചൊല്ലണമെന്നു പള്ളികളിലൊക്കെയും കൽപന കൊടുത്തയച്ചു. കൽക്കിദോന സുന്നെദോസിന്റെ തലവർ ആറിറാത്തിക്കോസും ലെബോനും കൽപ്പോസും.

**02.15 മുഹമ്മദു നബി.** യെബുനായെക്കാരുടെ ആണ്ട് 878-ൽ കർത്താവിന്റെ കാലത്തിൽ 567-ൽ അവുദള്ളായുടെ പുത്രൻ മഹമ്മദുണ്ടായി. 40 ആണ്ടു അവന്റെ നാട്ടിൽ വളർന്നു. 14 ആണ്ടു റൊപ്പയിൽ ചെന്ന് ക്ഷുദ്രം പഠിച്ചു. വീണ്ടും വന്ന് 3 ആണ്ടു വീട്ടിൽ പാർത്തു. 7 ആണ്ടു മാർഗ്ഗം അറുവിച്ചു. 63 വയസ്സിൽ മരിച്ചു. മസ്ക്കത്ത് അവനെ ആടക്കി. അവന്റെ കാലം 1200 തികയുമ്പോൾ അവന്റെ മാർഗമില്ലെന്നും അന്നിരിക്കുന്ന ജനങ്ങൾ ദുഷ്ടന്മാരെന്നും നരകവാസികളെന്നും പറയുന്നു. മഹമ്മദിന്റെ കാര്യം കൊണ്ടുതന്നെ യെവുനായെക്കാലം 913 ൽ കർത്താവിന്റെ ആണ്ടു 622-ൽ മഹമ്മദു വാണൂയെന്നു ദൂറാശ[35] യെന്ന പുസ്തകത്തിൽ ചൊല്ലിയിരിക്കുന്നു.

നമ്മുടെ കർത്താവിന്റെ ആണ്ടു 602-ൽ മാബോഗന്ന നഗരിയുടെ അപ്പസ്തോപ്പാ പീലയ്ക്കുന്തിനോസ ശുദ്ധമാന ഏവൻഗലിയോൻ നാലറിയിപ്പും യെവുനായെപ്പെച്ചിൽ നിന്നും സുറിയാനിപ്പെച്ചിൽ ആക്കി പുസ്തകം ചമച്ചു.[36] ആദത്തിന്റെ കാലം 5180 ൽ യെബുനായെക്കാരുടെ കാലം -1. യെബുനായെക്കാരുടെ ആണ്ടു 311 ൽ നമ്മുടെ കർത്താവിന്റെ കാലം -1. കർത്താവിന്റെ കാലം 825 കൊല്ലക്കാലം -1. യെവുനായക്കാരുടെ ആണ്ടു 1110 ൽ കർത്താവിന്റെ ആണ്ടു 869 ചെന്ന കൊല്ലം 44 ൽ റോമായെക്കാരും യോനായെക്കാരും കൂടെ കുസ്തം ദീനോസ് പൌലീസിൽ ഒരു സംഗതിയും ഹേതുക്കളും ആവശ്യവും ദിഷ്ടതിയും കൂടാതെ വിശ്വാസക്കാരുടെ പകെപ്പിന്നും ഉതെപ്പിന്നും ആയിട്ടു കൂടി.[37]

പട്ടക്കാർ പെണ്ണു കെട്ടരുതെന്നും പത്തിറാ കൊണ്ടു കുറുവാന അണെക്കണമെന്നും വെസ്പുർക്കാനാ എന്നൊരു സ്ഥലം ഉണ്ടെന്നും ബാബായിൽനിന്നും പുത്രനിൽ നിന്നും റൂഹാദകൂദാശ പ്രപ്പെടുന്നു എന്നും ഇങ്ങനെയുള്ള എടത്തുടുകൾ അവർ നിശ്ചയിച്ചു ക്രമപ്പെടുത്തിയത് ഇതുവരെയും നടന്നുവരുന്നു.[38]

**02.16. അർമീനിയാക്കാർ.** യൗനായെക്കാലം 1647 ൽ മിശിഹാക്കാലം 1336 ൽ കൊല്ലം 511 നു അർമ്മെനായെക്കാരുടെയും സുറിയാനിക്കാരുടേയും ഒന്നിപ്പ് ആയത് എങ്ങിനെയെന്നാൽ[39] അസ്താനാസ്യോസ് പാത്രിയാർക്കായുടേയും യീവാനിയോസ് കാസോലിക്കായുടെയും ദിവസങ്ങളിൽ സുറിയാനിക്കാരുടെ അഞ്ച അപ്പസ്തോപ്പൻമാരുടേയും അർമ്മനായെക്കാരുടെ എട്ട അപ്പസ്കോപ്പാമാരുടേയും നടുസ്താനത്തിൽ സുറിയാനിക്കാരുടെയും അർമ്മെനായെക്കാരുടേയും ഇടയിലുള്ള കൊണ്ടാട്ടത്തിനുടെ വിശേഷം തെരയപ്പെട്ടപ്പോൾ തമ്പുരാന്റെ നന്മയാലെ പട്ടാങ്ങപ്പെട്ടതാകുന്നു എന്നും കറയതിലില്ലയെന്ന വിശ്വാസം രണ്ടു കൂട്ടുക്കാർക്കും സകലത്തിലും അതാകുന്നു എന്നും കണ്ടെത്തിയതിനാൽ അതിനെക്കുറിച്ച് മേലിൽ ഉറെപ്പിന്നെന്നപോലെ പെൺമക്കളെ കൊടുപ്പാനും ശദ്ധമാന കുറുവാന കൊടുപ്പാനും സുറിയാനിക്കാരുടെ കൈവപ്പുകാർക്കു അവരെഴുതി.[40]



# 03. മലയാളത്തിൽ ഉണ്ടായ കാര്യങ്ങൾ

### 03.01. ആദ്യ ഘട്ടം

**03.01.01 മാർ സാബോർ മാർ അഫ്റോത്ത്.** എന്നാൽ മിശിഹാ കാലം 345 ൽ ക്നായിത്തൊമ്മൻ മലെയാളത്തിൽ വന്ന കാലം മുതൽ 825-ാം കാലത്തിന്നിടയിൽ 480 ആണ്ടു പരദേശത്തുനിന്നും മേൽപട്ടക്കാർ വന്ന് മലയാളത്തിൽ ഉള്ള അർക്കദുയാക്കാനു മുഷ്ക്കരത്വവും കൊടുത്ത് കാര്യങ്ങൾ നടത്തിവന്നു. കർത്താവിന്റെ കാലം 825 ൽ കൊല്ലം 1 ൽ മാർ ചാവോറും മാർ അപ്രോത്തും ഇങ്ങനെ രണ്ടു അപ്പസ്ക്കോപ്പന്മാർ സവറീശു എന്നു പേരുള്ള കച്ചവടക്കാരന്റെ കൂടെ വന്നു.[1] മിശിഹാ കാലം 905 ൽ കൊല്ലം 80 ൽ മാർ ദെനഹായെന്നു പേരുള്ള മെത്രാൻ വന്നു. അയാളുടെ കൂടെ റാബാൻ എന്നും യൌനാൻ എന്നും മാറാവാൻ എന്നും ഇങ്ങനെ നാലുപേർ മലയാളത്തു വന്നതിൽ യൌനാൻ എന്നയാൾ ഉതിയൻപേരൂർ പള്ളിയിൽ അടങ്ങി. റാബാൻ എന്ന ആൾ നിരണത്തുള്ള പള്ളി ഇടവകയിൽ ചെന്നിത്തല മുറിയിൽ തെക്കെവീട്ടിൽ കുരുവിളെ എന്നവന്റെ വീട്ടിൽ അടങ്ങി. ദെനഹാ എന്ന ആൾ കൊട്ടെക്കുപിറത്തു കൊടശെരി നാട്ടിൽ കണ്ണെംകുളം എന്ന മാപ്പിളയുടെ വീട്ടിൽ അടങ്ങി. മാറാവാൻ എന്ന ആൾ തെവലെക്കരെ പള്ളിയിൽ അടങ്ങി. ഇദ്ദേഹത്തിന്റെ കാര്യം പിന്നാലെ പറയും.[2]

**03.01.02 പേർഷ്യൻ മെത്രാന്മാർ.** മിശിഹാക്കാലം 988 ൽ കൊല്ലം 163-ൽ മാർ യൊഹന്നാൻ മെത്രാപൊലിത്താ വന്നു. മിശിഹാക്കാലം 1056 ചെന്ന കൊല്ലം 231 ൽ മാർ യൗസേപ്പു മെത്രാൻ വന്നു. മിശിഹാക്കാലം 1122 ചെന്ന കൊല്ലം 297 നു മാർ യാക്കൊ മെത്രാപൌലിത്താ വന്നു. മിശിഹാകാലം 1221 ചെന്ന കൊല്ലം 396 ൽ യൗസെപ്പു മെത്രാൻ വന്നു. മിശിഹാകാലം 1285 ചെന്ന കൊല്ലം 460 ൽ മാർ ദാവീദു മെത്രാപൌലിത്താ വന്നു. മിശിഹാകാലം 1407 ചെന്നകൊല്ലം 582 ൽ മാർ യാബാലോഹാ മെത്രാൻ വന്നു.[3]

മിശിഹാകാലം 1341 ചെന്ന കൊല്ലം 516 ൽ പുതുവെപ്പുണ്ടായി. കൊച്ചിയോടു കൊടുങ്ങല്ലൂര് ഇടയിലുള്ള വൈപ്പുനാട്. കൊല്ലം 683 ൽ പറങ്കി കൊച്ചിയിൽ വന്നു 165 ആണ്ട് വാണു. 691 ൽ കൊച്ചിയിൽ കോട്ടയിട്ടു. മിശിഹാ കാലം 1415 ചെന്ന കൊല്ലം 590 ൽ പരദേശങ്ങളിൽ പുസ്തകം അച്ചടിച്ചു തുടങ്ങി. മിശിഹാ കാലം 1437 ചെന്ന കൊല്ലം 612 ൽ പരദേശങ്ങളിൽ വെടിമരുന്നും ഉണ്ടയും ഉണ്ടായി. മിശിഹാകാലം 1514 ചെന്ന കൊല്ലം 659 നു കൊടുങ്ങല്ലൂര് മഹാദേവർ പട്ടണം അഴിഞ്ഞു. മിശിഹാകാലം 1545 ചെന്ന കൊല്ലം 720 ൽ മാർ അബ്രാഹം മെത്രാൻ വന്നു. അയാളെ പറങ്കികൾ സ്വാധീനമാക്കി

www.malankaralibrary.com

റോമായ്ക്കയച്ചു. പാപ്പായുടെ പ്രമാണത്താലെ വീണ്ടും മലയാളത്തു വന്നു. അക്കാലത്തിൽ മലംകരെ വാഴുന്നത ഗീവറുഗീസ് അർക്കദ്രുയാക്കോനത്രെ ആകുന്നു. മിശിഹാക്കാലം 1552 ചെന്ന കൊല്ലം 727 ൽ പുകയില മലയാളത്തു വന്നു.

**03.01.03. ഉദയംപേരൂർ സുന്നഹദോസ്.** മിശിഹാകാലം 1598 ചെന്ന കൊല്ലം 773 നു അല്ലെശു പറങ്കി മെത്രാൻ വന്നു. ഈ മെത്രാൻ കൊച്ചിയിൽ രാജാവിനെ സ്വാധീനമാക്കി മലയാളത്തിൽ വേദസ്തലവനായിരിക്കുന്ന ഗീവറുഗീസ് അർക്കദ്രുയാക്കൊനെയും അനുസരിപ്പിച്ച് 774-ാം മാണ്ടു മിഥുനമാസം 14 നു ഉതിയൻപേരൂർ സുന്നെദോസെന്നു പേരും വിളിച്ചു. മലയാളത്തിലുള്ള പള്ളിക്കാരെ ഒക്കെയും ഉതിയൻപേരൂർ കൂട്ടി സുറിയാനി മർയ്യാദകളൊക്കെയും നീക്കി പറങ്കി മർയ്യാദ നടത്തുകയും ചെയ്തു. തിരുവിതാംകോട്ടുക്കാരും ചാട്ടുകുളങ്കരക്കാരും കൂടിയില്ലാ.[4] മർയ്യാദകളും ക്രമങ്ങളും മാറ്റിവച്ചതിന്റെ ശേഷം അവിടെ കൂടിയ കത്തങ്ങൾ പാത കഞ്ചുകവും ഉടൽ കവചവും വിപരീതധാരണായിപ്പിരികയും ചെയ്തു.[5] അന്നത്തെ കൂട്ടത്തിൽ പ്രമാണികൾ അല്ലെശു മെത്രാനും പുത്തിക്കാരൻ പ്രൻസീസ്ക്കൊസു പാതിരിയും അന്ത്രൊസ്ക്കാനെന്ന പാതിരിയും പള്ളുരത്തിൽ യാക്കോപ്പാതിരിയും ഗീവറുഗീസ് അർക്കദ്രുയാക്കോനും അത്രെ ആകുന്നു.[6]

**03.01.04 മാർ അഹത്തുള്ള.** ഇങ്ങനെ ചൊല്ലുമ്പോൾ മിശാഹാകാലം 1604 ചെന്ന കൊല്ലം 779 ൽ ഗീവറുഗീസു അർക്കാദ്രുയാക്കോൻ കാലം ചെയ്തു. മേലെഴുതിയ പ്രകാരം 55 സംവത്സരം പറങ്കി മര്യാദ നടന്നു വന്നതിന്റെ ശേഷം മിശിഹാ കാലം 1653 ചെന്ന കൊല്ലം 828 ൽ മാർഗീനാത്തോ്യാസ് പാത്രിയർക്കീസു[7] മലയാളത്തിൽ വരുവാനായിട്ടു മയിലാപ്പു വന്നാറെ പിറങ്കായെക്കാരുടെ ശക്തികൊണ്ടു സുറിയാനിക്കാരെ കീഴടക്കി നടന്നു വരുന്നതിന്നു ഇദ്ദേഹത്തെ മലയാളത്തിന്നയച്ചാൽ മര്യാദക്കും ക്രമങ്ങൾക്കും ഭേദം വരുത്തുമെന്നും വച്ച് അവിടെ തടഞ്ഞു പാർപ്പിച്ചിരിക്കുമ്പോൾ മാർത്തൊമാശ്ലീഹായുടെ കബുറുങ്കൽ മയിലാപ്പൂർ കുംപിടുവാനായിട്ടു ചെങ്ങന്നൂരു ചെങ്കൽ ഇട്ടിച്ചെമാശുും കുറവിലങ്ങാട്ടു കിഴക്കേടത്തു കുർയ്യൻ ചെമാശും ചെന്നിരുന്നു. പാത്രിയർക്കീസിനെ അവർ കണ്ടപ്പോൾ മലയാളത്തിലെ കുഴപ്പുകൾ അവർ പറഞ്ഞിതിനെ ക്കേട്ടു രണ്ടു കുട്ടുക്കാരും സങ്കടപ്പെടുന്നതും ദുഃഖിക്കുന്നതും പ്രാകായെക്കാർ അറിഞ്ഞു. ഇവർ തമ്മിൽ കാണായ്‌വാൻ ഒരു മുറിയിലാക്കി സൂക്ഷിക്ക കൊണ്ടു പ്രാകായെക്കാർ ശതിക്കുമെന്നും നിശ്ചയിച്ച് ഒളിവാലെ ചെമ്മാശന്മാരെ വിളിപ്പിച്ച് അക്കാലത്തിൽ വാഴുന്ന തൊമ്മാ അർക്കദ്രുയാക്കോനെ അപ്പസ്കോപ്പായായിട്ടു വാഴിക്കത്തക്കവണ്ണം സൗത്താത്തിക്കോനും കൊടുത്ത് യാത്രയാക്കിയതിന്റെ ശേഷം, അവർ വന്ന് പള്ളിക്കാർക്കൊക്കെയ്ക്കും എഴുതി അയച്ച് എല്ലാപേരും കൂടിയപ്പോൾ, പാത്രിയർക്കീസിനെ കൊച്ചിയിൽ കൊണ്ടു വന്നു എന്നും കേൾക്കകൊണ്ട് അവരെല്ലാ പേരും കൂടെ കൊച്ചിയിൽച്ചെന്ന് വിചാരിച്ചപ്പോൾ, പരമാർത്ഥം അറിഞ്ഞു.

ഞങ്ങൾക്കുള്ള യജമാനനെ അയക്കണമെന്ന് പെരുമ്പടപ്പിൽ തമ്പുരാന്റെ തിരുമനസ്സു അറിയിച്ചപ്പോൾ, വരുത്തി തരാമെന്നു കൽപിച്ചതിന്റെ ശേഷം പറങ്കികൾ രാജാവിനെ സമ്മതിപ്പിച്ച് പാത്രിയർക്കീസിനെ കൊച്ചിയിൽ കടലിൽ



തുറമുഖത്തു കെട്ടിതാഴ്ത്തി അഭായം വരുത്തിയതിനാൽ[8] ആ നാഴികയിൽ തന്നെ മാളികയുടെ ഗോവണിമേൽ വീണ് തല കീറി രാജാവു തീപ്പടുകയും ചെയ്തു.

**03.01.05. കൂനൻ കുരിശു സത്യം.** ഈ ഉണ്ടായ സകലവും സുറിയാനിക്കാരായ പരുഷ ജനങ്ങൾ അറിഞ്ഞ് മട്ടാഞ്ചേരിൽ പള്ളിയിൽ കൂടി ഇപ്രകാരം പറങ്കികൾ നമ്മോടു ചെയ്ക കൊണ്ടും രാജാവ് അനുസരിച്ച് കൊലക്കു കൊടുക്ക കൊണ്ടും ഇനിയും പ്രകായെക്കാരോടു നാം ചേരരുതെന്നും നമ്മുടെ അനന്തിരവരുടെ കാലത്തിലും ഇവരെ കാണരുതെന്നും മകരമാസം 3 നു വെള്ളിയാഴ്ച കയറു പിടിച്ച് സത്യം ചെയ്തുകൊണ്ട് എല്ലാപേരും കൂടെ ആലെങ്ങാട്ടുപള്ളിയിൽ കൂടി.[9]

**03.01.06 മാർ തോമ്മ ഒന്നാമൻ.** പാത്രിയർക്കീസിന്റെ സൗത്താത്തിക്കോനിൽ ഉള്ള പ്രമാണംപോലെ തൊമ്മാ അർക്കദ്രുയാക്കോനെ മാർത്തോമാ മെത്രാനായിട്ടു വാഴിക്കയും ചെയ്തു. അന്നത്തെ വിചാരക്കാർ കടുത്തുരുത്തിൽ കടവിൽ ചാണ്ടി കത്തനാരും കുറവിലങ്ങാട്ടു പള്ളിവീട്ടിൽ ചാണ്ടി കത്തനാർ അങ്കമാലിക്കരെ വെങ്ങുര ഗീവറുഗീസു കത്തനാരും[10] കല്ലിച്ചെരിൽ ഇട്ടി ത്തൊമ്മൻ കത്തനാരും. ഈ വിചാരകർ മൂവാണ്ടിൽ കൂടിവിചാരം ഉണ്ടാകുമ്പോൾ മാറിക്കൽപിക്കയും.[11] ഇങ്ങനെ നടന്നുവരുമ്പോൾ മിശിഹാകാലം 1660 ചെന്ന കൊല്ലം 835 ൽ റോമായിൻ പാപ്പായുടെ പ്രമാണത്താലെ കർമലെത്താ ദർശനം എന്നു പേരു വിളിച്ച യൗസേപ്പു മെത്രാൻ കൊച്ചിയിൽ വന്നാറെ,[12] കടുത്തുരുത്തിൽ വല്യ പള്ളിക്കാരും കടവിൽ ചാണ്ടിക്കത്തനാരും കൂടെ മട്ടാഞ്ചേരിൽ കൂടിചെയ്ത സത്യത്തോട് മറുത്ത്, വടക്കുംകൂറ്റിൽ സ്വരൂപത്തെച്ചെന്നു കണ്ട് അവിടെ നിന്നും ആളും കൂട്ടി, കോട്ടയിൽ സമ്മതിപ്പിച്ച് യൗസേപ്പു മെത്രാനെക്കൊണ്ടുവന്നു വല്യ പള്ളിയിൽ ഇരുത്തുകയും ചെയ്ത. ശേഷം ഒരു പള്ളിക്കാരും അയാളെ അനുസരിച്ചില്ല.

അതുകൊണ്ട് മാർത്തോമാൻ മെത്രാന്റെ തറവാട്ടിലുള്ള ആളുകളെ അല്ലാതെ മറ്റൊരുത്തരെയും അനുസരിക്കയില്ലെന്നും നിശ്ചയിച്ചു. അത്തറവാട്ടിൽ നിന്നും പനകുഴെ ചാണ്ടിക്കത്തനാരെ വരുത്തി അയാൾക്കു വേണ്ടുന്ന ദ്രവ്യം കൊടുത്തു സമ്മതിപ്പിച്ച് മിശിഹാ കാലം 1663. ചെന്ന കൊല്ലം 838-മാണ്ടു കുറവലെങ്ങാട്ടു പള്ളിയിൽവച്ച് യൗസേപ്പു മെത്രാൻ ചാണ്ടിക്കത്തനാരെ മെത്രാനായിട്ടു വാഴിച്ച്.[13] അവർ രണ്ടുപേരും കൂടെ ഉത്സാഹിച്ച് ഏതാനും ജനങ്ങളെ പാട്ടിലാക്കി. ഇങ്ങനെ രണ്ടു പക്ഷമായിട്ടു കുറഞ്ഞൊരു കാലം ചെന്നപ്പോൾ, അവർ രണ്ടുപേരും കഴിഞ്ഞാറെ, അവരിൽ കൂടിയ ആളുകളും പള്ളിക്കാരും പ്രാങ്കായെക്കാർക്കു ചേരപ്പെട്ടു. അവരെ പഴെ കൂറ്റക്കാരെന്നും വേർതിരിഞ്ഞുനിന്ന് മാർത്തോമാൻ മെത്രാന്റെ വിചാരത്തിലുള്ളവരെ ഒക്കെയും പുത്തൻ കൂറ്റുകാരെന്നും വിളിച്ചു വരുന്നു.

മിശിഹാകാലം 1664 ചെന്ന കൊല്ലം 834 ൽ കർമലെത്തിയെന്നു പേരും വിളിച്ച് താടിയും നീട്ടികൊണ്ട് ഒരു മെത്രാൻ വന്നു. ഞങ്ങൾ പറങ്കികളെല്ലെന്നും ഞങ്ങളെ അനുസരിക്കുന്നതിനു വേണ്ടതില്ലെന്നും ജനങ്ങളെയും പള്ളിക്കാരെയും ഉപായം കൊണ്ടും ദ്രവ്യം കൊണ്ടും പറഞ്ഞു ബോധിപ്പിച്ച് വരാപ്പിഴ കുടുകയും ചെയ്തു.[14] മിശിഹാകാലം 1662 ചെന്ന കൊല്ലം 837-ാം മാണ്ടു മേട

www.malankaralibrary.com

മാസം 27 നു വെള്ളിയാഴ്ച ആയില്യം നാളു പ്രതി പദം പക്കവും പറങ്കി പോയി. ലെന്ത കൊച്ചിയിൽ കോട്ട പിടിച്ചു. ലെന്ത 133 കാലം വാണു. മിശിഹാ കാലം 1598 ൽ വരാപ്പിഴെ മെത്രാനുണ്ടായി. കൊല്ലം 773 മാണ്ടു സുറിയാനിക്കാരായ പുത്തൻ കുറ്റുകാർക്കു മെത്രാനുണ്ടായി.

**03.01.07. മാർ ഗ്രീഗോറിയോസ് .** മിശിഹാക്കാലം 1665 ചെന്ന കൊല്ലം 849 ഒറശ്ലെമിന്റെ അഞ്ചാമത്തെ പാത്രിയാർക്കിസ് മാർ ഗ്രീഗോറിയോസ് മെത്രാപോലീത്താ വന്നു.[15] വല്യ മാർത്തോമാ മെത്രാനെ ലോകരു കൂടി വാഴിച്ച് പന്ത്രണ്ടാം സംവത്സരം ആകകൊണ്ടു ഇദ്ദേഹത്തിന്റെ കൈകളാലെ മാർത്തോമാൻ മെത്രാനെ അപ്പസ്കോപ്പാ ആയിട്ടു വാഴ്ച്ചയും തികച്ചു. അക്കാലത്തിൽ പത്തീറാ കൊണ്ടത്രെ കുറുവാന അണെച്ചു വരുന്നത്.[16] മിശിഹാകാലം 1671 ചെന്ന കൊല്ലം 845 -മാണ്ടു മേടമാസം 12 നു ഒന്നാമത്തെ വല്യ മാർത്തോമൻ മെത്രാൻ കാലം ചെയ്തു അങ്കമാലി പള്ളിയിൽ അടങ്ങി. അദ്ദേഹത്തിന്റെ അനന്തിരവനെ അപ്പസ്ക്കോപ്പയായിട്ടു വാഴിച്ചു.[17] മിശിഹാകാലം 1671 ചെന്ന കൊല്ലം 846 മാണ്ടു മേടമാസം 14 നു മാർ ഗ്രീഗോറിയോസ് കാലം ചെയ്തു പട്ടമനപ്പറവൂര് പള്ളിയിൽ അടങ്ങി.[18] മിശിഹാകാലം 1678 ചെന്ന കൊല്ലം 853 ൽ മാർ അന്ത്രയോസ് പാത്രിയർക്കീസ് വന്നു.[19]

**03.01.08 മാർ ബെസ്സെലിയോസ് .** മിശിഹാകാലം 1685 ചെന്ന കൊല്ലം 860 ൽ മാർ വസ്സെലിയോസ് കാസോലിക്കായും മാറിവാനിയോസ് അപ്പസ്ക്കോപ്പായും കരവഴിക്കു കോതമങ്ങലത്തു വന്നു. മാർ വസ്സെലിയോസ് 13 ദിവസം ജീവിച്ചിരുന്നു. ആയാണ്ട് കന്നിമാസെ 20 നു കാലം ചെയ്ത് കോതമങ്ങലത്ത് ചെറിയ പള്ളിയിൽ അടങ്ങി.[20] മിശിഹാകാലം 1686 ൽ ചെന്ന കൊല്ലം 861-ാം മാണ്ടു മേടമാസം 3 നു രണ്ടാമത്തെ മർത്തോമാൻ മെത്രാൻ കാലം ചെയ്തു നിരണത്തുപള്ളിയിൽ തെക്കെക്കവറുങ്കൽ അടങ്ങി.[21] മിശിഹാകാലം 1688 ചെന്ന കൊല്ലം 863-ാം മാണ്ടു മേടമാസം 9 നു മൂന്നാമത്തെ മെത്രാൻ കാലം ചെയ്തു. കടമ്പനാട്ടു പള്ളിയിൽ അടങ്ങി.

**03.01.09 വേദശാസ്ത്രം.** ഇതിന്റെ ശേഷം മർത്തോമാൻ മെത്രാന്റെ അനന്തിരവനെ മാറീവാനിയോസ് വരുത്തി അപ്പസ്ക്കോപ്പായുടെ സ്ഥാനവും കൊടുത്ത്[22] മലെയാളത്തിൽ നടന്നു വരുന്ന മര്യ്യാദകളിൽ[23] ആത്മ കടം ഉള്ളതിൽ അഞ്ചുകൂട്ടം ആയത് എന്തെന്നാൽ പള്ളി, തുവർഗം,[24] റൂഹാ, കുറുവാന, നോൻപു ഇങ്ങനെ തലസ്ഥാനവും, വർഗത്തിന്റെ കാർയ്യവും, റൂഹാദകൂദാശയുടെ കാർയ്യവും,[25] നോൻപിന്റെ കാർയ്യവും ഇങ്ങനെ അഞ്ചുകൂട്ടം[26] എടുത്ത് ശേഷമുള്ള ക്രമങ്ങളും നടപ്പുകളും മുൻപിൽ നടന്നവരുംവണ്ണം തന്നെ നടന്നു കൊള്ളത്തക്കവണ്ണം ക്രമപ്പെടുത്തി മാറിവാനിയോസായിട്ടു നടത്തുകയും ചെയ്തു.[27] ഈ ശുദ്ധമാകപ്പെട്ട ആളിനെ നിരസിച്ചവർ മഹറൊനെറ്റ ദുഷ്കർമ്മങ്ങളാലെ അവർ മരിച്ചു.[28] മിശിഹാകാലം 1692 ചെന്ന കൊല്ലം 867-ാ മാണ്ടു കുംഭമാസം 16 നു മാർ അന്ത്രെയോസ് കാലം ചെയ്തു കല്ലട പള്ളിയിൽ അടങ്ങി.[29] മിശിഹാ കാലം 1694 ചെന്നകൊല്ലം 869 -ാ മാണ്ടു ചിങ്ങമാസം 3 നു മാറിവാനിയോസ് അപ്പസ്ക്കോപ്പാ കാലം ചെയ്തു. മുളംതുരുത്തി പള്ളിയിൽ തെക്കെകവുറുങ്കൽ അടങ്ങി.



**03.01.10. മാർ ഗബ്രിയേൽ.** മിശിഹാകാലം 1708 ചെന്ന കൊല്ലം 883 -ൽ നെസ്തുറിയാനിക്കാരൻ ഗൌറിയേലെന്നു പേരുള്ള മെത്രാൻ[30] മാറെലിയാക്കാസോലിക്കായുടെ പ്രമാണത്താലെ മലയാളത്തിൽ വന്നു. അയാൾക്കുള്ള വിശ്വാസം മിശിഹായിൽ രണ്ടു വർഗമെന്നും രണ്ടു ക്നോമായെന്നും. ഹമ്മീറാ കൊണ്ടും പത്തീറാകൊണ്ടും കുറുവാനയും അണെക്കും. സുറിയാനിക്കാരുടെ മര്യ്യാദപോലെ നോൻപ് കൈക്കൊള്ളും.[31] ഇക്കാര്യങ്ങളെക്കുറിച്ച് ഏറിയ തർക്കങ്ങളുണ്ടായി.[32] പുത്തൻ കുറ്റുകാരിൽ നിന്നും പഴെകുറായ പ്രങ്കായെക്കാരിൽ നിന്നും ഏതാനും പേർ അയാൾക്കു ചേരപ്പെട്ടു.[33] അയാൾ കഴിഞ്ഞാറെ അതുപോലെ മെത്രാനില്ലാത്തകൊണ്ടു കൂടിയ ആളുകൾ മുൻപിലത്തെ നിലക്കു ഇങ്ങോട്ടും അങ്ങോട്ടും തിരിഞ്ഞു.[34]

മിശിഹാ കാലം 1728 ചെന്ന കൊല്ലം 903-ാമാണ്ടു മീന മാസം 13 നു[35]നാലാമത്തെ മാർത്തോമാ മെത്രാൻ കാലം ചെയ്തു.[36] കണ്ടനാടു പള്ളിയിൽ തെക്കെക്കപുറുങ്കൽ അടങ്ങി. മിശിഹാകാലം 1731 ചെന്ന കൊല്ലം 906-ാമാണ്ടു കുംഭമാസം 8 നു ഗൗറിയോൽ മെത്രാപൌലീത്താ കാലം ചെയ്തു. കോട്ടയത്തു ചെറിയപള്ളിയിൽ തെക്കെ കപുറുങ്കൽ അടങ്ങി.

## 03.02. അഞ്ചാം മാർത്തോമ്മായുടെ കാലം.

**03.02.01. മാർ ഈവാനിയോസ്.** മിശിഹാ കാലം 1748 ചെന്ന കൊല്ലം 923-ാമാണ്ട് കച്ചവടക്കാരൻ അന്തൊനിയോസു ചെമാശിന്റെ കൂടെ മാറിവാനിയോസ് മെത്രാപോലിത്താ വന്നു.[37] അദ്ദേഹം വന്നാറെ പള്ളികളിലുള്ള രൂപങ്ങൾ വെട്ടിക്കീറി. കത്തങ്ങളുടെ തല ചിരെച്ചു തൊപ്പി ഇടുവിക്കയും മാപ്പിളക്കാരുടെ തല ചിരെപ്പിക്കയും മെത്രാന്റെയും യോഗത്തിന്റെയും അനുവാദം കൂടാതെ പൈതങ്ങൾക്കു പട്ടം കൊടുക്കയും മലയാളത്തിൽ നടപ്പില്ലാത്ത മര്യ്യാദകൾ നടത്തുകയും.[38] ഇതു കാരണത്താൽ ഏറിയ വിചാരം ആയിട്ടു മെത്രാനും ശേഷം പേരും പാർക്കുമ്പോൾ അന്തോനിയോസു ചേമ്മാശു കൊച്ചിയിൽ വന്നു എന്നു കേൾക്ക കൊണ്ടു മെത്രാച്ചൻ പള്ളിക്കര പള്ളിയിൽ ഇരിക്കുമ്പോൾ ചെമ്മാശിനെ വരുത്തി ഇദ്ദേഹം ചെയ്തതൊക്കെയും അനുസരിച്ചു ക്ഷമിച്ചു പാർക്കുന്നു എന്നും[39] ഇക്കുഴപ്പങ്ങൾ തീർത്തു നടത്തുന്നതിനു കൊള്ളാകുന്നതിൽ ഒരു മേപ്പട്ടക്കാരെ വരുത്തിത്തരുന്നതിനു എന്തെങ്കിലും ചെയ്യാമെന്നും കൽപിക്കകൊണ്ട് വെറുവായിൽ ഒരാളിരിപ്പുണ്ടെന്നും അദ്ദേഹത്തെ മലയാളത്തേക്കു യാത്രയാക്കണമെന്നും ശേഷം വേണ്ടും കാർയ്യങ്ങൾക്കു മാർഗിനാത്ത്യോസ് പാത്രിയർക്കീസിനു കടുദാസു തന്നയച്ചാൽ കൂട്ടിക്കൊണ്ടു വരാമെന്നും അറിയിക്കകൊണ്ടും കടുദാസും കൊടുത്തയച്ചാറെ അന്ത്യോക്യായിൽച്ചെന്ന് എഴുത്തുകളും കൊടുത്ത് മലയാളത്തിലെ കുഴപ്പങ്ങളൊക്കെയും തിരുമനസ്സറുപിച്ചു. അവിടെക്കും വളരെ സന്തോഷമായി.

**03.02.02. ശക്രുള്ള മഫ്രിയാന.** വെറുവായിൽ നിന്നും ചെക്രുള്ളായെന്ന ആളിനെ വരുത്തി മൽപ്പ്രിയനാ ആയിട്ടു വാഴിച്ച് അദ്ദേഹത്തിന്റെ കൂടെ അയച്ച ആളുകളുടെ വിവരം. അല്ലപ്പിനുടെ നാടെന്ന് വിളിക്കപ്പെടുന്ന വെറുവാ നഗരിയിൽ നിന്നുള്ള മാർ വസ്സെലിയോസ് കാസോലിക്കായെന്ന മൽപ്പ്രിയസ്ക്കായും, ഒറശ്ലേമിന്റെ മാർ ഗ്രിഗോറിയോസു മെത്രപോലിത്തായും, മുസൾ എന്നു പേരുള്ള

www.malankaralibrary.com

ആസോറിന്റെ നഗരിയിൽ നിന്ന് മാറിവാനിയോസ് അപ്പസ്ക്കോപ്പായും, ഒരു കൊറപ്പിസ്ക്കോപ്പായും, കത്തങ്ങളും, ശെമ്മാശമാരും, വേണ്ടുന്ന സൈത്തും, മുറോനും, പുസ്തകങ്ങളും, മലയാളത്തിൽ വാഴുന്ന മാർത്തോമ്മാൻ മെത്രാനെ മാർ ദിവന്നസ്യോസു മെത്രാപൌലിത്താ ആയിട്ടു വാഴിക്കത്തക്കവണ്ണം[40] സൌത്താത്തിക്കോനും, വടിയും, മുടിയും, സ്ലീവായും കൊടുത്ത് യാത്ര കൽപിച്ച് അവർ പ്രപ്പെട്ട് നമ്മുടെ കർത്താവിന്റെ ആണ്ട് 1751 ൽ കൊല്ലം 926-മാണ്ടു മേട മാസം 24 നു കൊച്ചിയിൽ വന്നിറങ്ങി.

അക്കാലം മെത്രാശ്ചൻ പള്ളിക്കരെ ഇരിക്കുമ്പോൾ ബാബാമാർ വന്നു എന്നു കേട്ട് എല്ലാപേർക്കും കൊച്ചിയിൽ പാർപ്പാൻ സ്ഥലം ഇല്ലായ്കകൊണ്ട് കണ്ട നാടു വേണ്ടുന്ന കോപ്പുകളും കൂട്ടി അവിടെ വരുത്തി കണ്ടുപറഞ്ഞുകൊള്ളാമെന്നും നിശ്ചയിച്ചിരിക്കുമ്പോൾ കൊച്ചിക്കു ചെല്ലണമെന്നു അവരുടെ എഴുത്തുവരികകൊണ്ടു ഇവിടെ നിശ്ചയിച്ചപ്രകാരം സാധനവും കൊടുത്ത് പള്ളിക്കാരെയുള്ള കത്തങ്ങളെയും കണ്ട മാപ്പിളമാരെയും അയച്ചാറെ അവർ ചെല്ലുന്നതിനു മുൻപ് കോതമംഗലത്തുകാരൻ നെല്ലിമറ്റത്തിക്കത്തനാർ അവിടെച്ചെന്നിരുന്നു.

അയാളെ കണ്ടയുടൻ തല ചിരെപ്പിച്ച്, പട്ടവും കൊടുത്ത്, തൊപ്പി ഇടുവിച്ചു എന്നു കേൾക്കകൊണ്ട്,[41] ചെന്ന ആളുകൾ സാധനം കൊടുക്കാതെ തിരികെ വന്ന് വർത്തമാനം അറിയിച്ചാറെ കൊച്ചിക്കു പോകയെന്നുറച്ച് അങ്കമാലിക്കാരെയും മറ്റു നാലു ഇടവകക്കാരെയും വരുത്തി പാർപ്പിച്ച് യാത്ര നിശ്ചയിച്ചപ്പോൾ, കോട്ടയിൽ ബോധിപ്പിച്ചു എന്നും,[42] പിടിച്ചുകൊണ്ട് ചെല്ലത്തക്കവണ്ണം ലെന്തെക്കുമ്പങ്ങിയുടെ ആളുകൾ ഒരു കപ്പിത്താനും തുപ്പായിയും തുളുദാസന്മാരും[43] കൂടെ അൻപതു പേരോളം വരുന്നുയെന്നും കൊച്ചിയിൽ നിന്നും രഹസ്യമായിട്ടു എഴുത്തു വരികകൊണ്ടു ഇനിയും ഇക്കാർയ്യം കൊണ്ട് ഏതുപ്രകാരം വേണ്ടു എന്നു പള്ളിക്കരെ മുത്തേടത്തു പണിക്കരെ വരുത്തി, എഴുതിവന്നതും കാണിച്ച് പള്ളിക്കാരും ആയിട്ടും കൽപിച്ചാറെ, ഒരു നാഴിക പോലും ഇവിടെ പാർക്കണ്ടായെന്നും, ഇപ്പോൾ തന്നെ യാത്ര പുറപ്പെട്ടില്ലെങ്കിൽ ഒന്നിനൊന്നായിട്ടു വരുമെന്നു പണിക്കർ പറകകൊണ്ടു അപ്പോൾത്തന്നെ യാത്ര പുറപ്പട്ടു റാക്കാട്ടു പള്ളിയിൽ ചെന്നു പാർത്തു. ആളുകളും ഏറ്റം ഉണ്ടായിരുന്നു.[44]

**03.02.03. ലെന്ത കമ്പനി.** പിറ്റെ ദിവസം അവിടെനിന്നും നാലുപേരെ പറഞ്ഞയച്ച തെച്ചെത്തു മൂന്നാംകൂറു കയിന്മളെ പള്ളിയിൽ വരുത്തി, അദ്ദേഹത്തെ ഭരമേൽപ്പിച്ചും വച്ച് മുത്തേടത്തു പണിക്കർ പോകയും ചെയ്തു. അന്നു തന്നെ ലെന്തെമ്മാർ പള്ളിക്കര വന്നാറെ ആരെയും കാണായ്ക കൊണ്ടു പള്ളിയും അങ്ങാടിയും കുത്തിവാരിക്കൊണ്ടു പോകുവാൻ ഭാവിച്ചപ്പോൾ ആ ദിക്കുകാർ ആയുധവും കൊണ്ടു ചെന്ന് മതിലിനു ചുറ്റും വളഞ്ഞാറെ, പോയ്ക്കൂടായ്ക കൊണ്ടു അവർ കോട്ടയിൽ എഴുതി അയച്ച് അവിടെ നിന്നും പെരുമ്പടപ്പിലേക്കെഴുതി അയച്ചാറെ കോട്ടയിലെ ആളാകകൊണ്ടു അവരെ വിട്ടുകിട്ടണമെന്നും എടുത്ത മുതൽ തരുവിക്കാമെന്നും തീട്ടൂരം വരിക കൊണ്ടു ഒഴിഞ്ഞു വിടുകയും ചെയ്തു. ആ മുതൽ കിട്ടിയതുമില്ല.[45]

അതിന്റെ ശേഷം മാറീവാനിയോസ് മെത്രാപോലിത്താ കൊച്ചിയിൽച്ചെന്നിരുന്നു. വല്യ ബാബായുടെ മുന്നിൽ വച്ച് മണ്ണാഞ്ചരിക്കത്തനാരെ അടിക്ക



കൊണ്ടും ഇദ്ദേഹത്തിന്റെ പ്രകൃതികൊണ്ടു ശങ്ക കൂടാതെയും വിചാരം കൂടാതെയും ഇങ്ങനെ ഓരോ കൂട്ടം ചെയ്യുന്നതിനെ അനുസരിച്ചു പാർക്കയും പാർപ്പിക്കയും ഞെരുക്കമെന്ന് നിശ്ചയിച്ച് കോട്ടയിൽ ബോധിപ്പിച്ച് ഉടൻതന്നെ കപ്പലിൽ കരേറ്റി അയക്കയും ചെയ്തു.[46]

പിന്നത്തെതിൽ കർക്കടകമാസം 3 നു എല്ലാപേരും കൂടെ യാത്ര പുറപ്പെട്ടു കണ്ടനാട്ടു പള്ളിയിൽ വന്നു. മെത്രാശ്ചൻ റാക്കാട്ടു പള്ളിയിൽ പാർക്കുമ്പോൾ പിന്നെയും ആളു വരുന്നു[47] എന്നു കേൾക്ക കൊണ്ടു ഭയപ്പെട്ട് കോതമങ്ങലത്തിന്നു പോകുവാൻ കുരിയിക്കാട്ടുതാവഴി കർത്താവിന്റെ അടുക്കൽ ആളയച്ചു പറയിച്ചാറെ കുന്നത്തു മൂന്നാംകൂറിന്നു ഏതാനും ദ്രവ്യം കൊടുത്തു എന്നും അതിൻ വണ്ണം നമുക്കും തരണമെന്നും ആയതല്ലാതെ നമ്മുടെ നാട്ടിൽ മെത്രാൻ കടന്നുകൂടാ എന്നും പല്ലക്കെലെംകിലും വള്ളത്തിൽ എങ്കിലും വരുന്ന ആളുകളെ വെടിവക്കുമെന്നും പറക കൊണ്ടു, ഇതു കേട്ടതിന്റെ ശേഷം പെരുമറ്റത്തു ദേശക്കാർ ചെന്ന് ഇവിടെ നിന്നും തന്നിരിക്കുന്ന കൂലിശ്യം വച്ചേക്കാമെന്നും നിശ്ചയിച്ച് ബോധിപ്പിക്കകൊണ്ട്,[48] മെത്രാനെ കൊണ്ടു പോരികയേ വേണ്ടൂയെന്നും വിരോധം ഇല്ലെന്നും പെരുവുംമ്പുഴിത്തൊട്ടിന്നിപ്പിറം ഒരുത്തരും കടക്കയില്ലെന്നും തികച്ചിലായിട്ടു കൽപന വരികകൊണ്ടു ഉടൻതന്നെ കോതമംഗലത്തു ചെറിയ പള്ളിയിൽ പോയിരിക്കുമ്പോൾ, ബാബാമാർ കോതമംഗലത്തു വല്യപള്ളിയിലും വന്നിരിക്കുന്നു.

അവിടെ വച്ച് തമ്മിൽക്കാണ്മാനുള്ളതിനു വിചാരിച്ചാറെ രണ്ടു പക്ഷം ആയിട്ടു വിവദിക്കകൊണ്ടു[49] കാണ്മാൻ സംഗതി വന്നില്ല. മെത്രാശ്ചൻ കുറുപ്പുംപടിക്കൽ പോയി. തെക്കെ ദിക്കിൽ ഉള്ള പള്ളിക്കാർ അവിടെച്ചെന്ന് മെത്രാച്ചനെ കൊണ്ടു വന്ന് നിരണത്തു പള്ളിയിൽ ഇരുത്തുകയും ചെയ്തു.[50] ബാബാമാർ കായംകുളത്തു പള്ളിയിലും വന്നിരുന്നു. അക്കാലം മാവേലിക്കരെ എഴുന്നള്ളിഇരിക്കകൊണ്ടു[51] ബാബാമാരും തെക്കെ ദിക്കിലുള്ള തരകന്മാരും പോക്കുമുസ മരെക്കാരെ കണ്ടു.[52] അയാള് തിരുമനസറുവിച്ച് കൽപന വരുത്തി മെത്രാശ്ചനെ മാവേലിക്കരെ കൊണ്ടുചെല്ലത്തക്കവണ്ണം വണ്ടിയും കൊണ്ട് കുഞ്ഞുനാരായണക്കുറുപ്പുകാർയ്യക്കാർ വരികകൊണ്ടു, യാത്ര പുറപ്പെട്ട് മാവേലിക്കരെ കോട്ടെക്കകത്തു ചെന്നാറെ ഒരു പിള്ളയുടെ വീട്ടിൽ ഇരുന്നു. കടുമി അവലും പഞ്ചാരയും കരിക്കും കൊണ്ടു വന്നാറെ, പള്ളിയിൽച്ചെന്ന് കർമ്മം കഴിച്ചല്ലാതെ കരിക്കുപോലും കുടിക്കയില്ലെന്നു കൽപിക്കകൊണ്ട് അന്നേദിവസം ഉപോസം പാർത്തു.

**03.02.04. ലന്തയുടെ പന്തീരായിരം.** പിറ്റെന്നാൾ ബ്രാഹ്മണരിൽ ചിലർ, ഇപ്രകാരം തിരുമനസ്സറുവിക്കകൊണ്ടു പള്ളിയിൽ പോകട്ടെ എന്നു കൽപന വന്ന് പുതിയകാവിൽ പള്ളിയിൽ വന്നിരുന്നു. അവിടെ ഇരിക്കുമ്പോൾ കുമ്പഞ്ഞി വകെക്കു മെത്രാന്മാരെ വരുത്തിയതിനു 12000 കാശ് കൊടുപ്പാനുണ്ടെന്നും[53] മെത്രാനെ ആളും കൂട്ടി കൊച്ചിക്കു അയക്കണമെന്നും കോട്ടയിൽ നിന്നും തിരുമനസറിവാൻ എഴുതി വരികകൊണ്ടു കൽപന വന്നിരിക്കുന്നു എന്നും മരെക്കാർ പറഞ്ഞു. അന്നേരം തന്നെ യാത്ര പുറപ്പെട്ടു കൊച്ചിയിൽച്ചെന്നു പാർക്കുമ്പോൾ[54] പരരാജ്യക്കാരും[55] മരെക്കാരും അതിൽ കൂടിയ മാപ്പിളമാരും കൊച്ചി

www.malankaralibrary.com

യിൽ ചെന്നു കൂടിവിചാരം ഉണ്ടായി. മെത്രാനെ കപ്പൽ കരേറ്റി അയക്കത്തക്കവണ്ണം കുമ്പഞ്ഞിയുടെ കല്പനയും വരുത്തി.[56] അതിന്മണ്ണം തികവായിട്ടു കേൾക്കകൊണ്ട് സമുചയിക്കതെ കപ്പൽ കരേറത്തക്കവണ്ണം നിശ്ചയിച്ച് കറുത്ത കുപ്പായവും തൈപ്പിച്ച് ആറുമാസം അവിടെ പാർത്തു. മലയാളത്തിലുള്ള കുഴപ്പുകളൊക്കെയും തീർന്ന് നന്മ വരുവാൻ വേല ചെയ്താറെ ബുദ്ധിമുട്ടു പലകൂട്ടവും അനുഭവിച്ചു എന്നും ഇപ്പോൾ രാജ്യം വേറുവിട്ട് കപ്പൽ കരേറണമെന്നു വന്നിരിക്കകൊണ്ടു മെത്രാശ്ചന്റെ അനന്തിരവനെക്കൊണ്ടു കടമറ്റത്തുപള്ളിയിൽ വച്ച് പുത്തൻ കുറുബാന ചൊല്ലിക്കയും ചെയ്തു.[57]

ഇങ്ങനെ കൊച്ചിയിൽ പാർത്തിരിക്കുമ്പോൾ മരെക്കാരുടെ മക്കൾക്കു ദീനം ആകകൊണ്ടു നഷ്ടന്മാരെ വരുത്തി വിചാരിച്ചാറെ ഒരു മുനിയെക്കൊണ്ടുചെന്ന്. അവജയപ്പെടുത്തിയിരിക്കുന്നു എന്നും ആയതിനു ഒഴിച്ചിലാക്കിയാൽ ദീനം ഭേദം വരുമെന്നും വിധിക്കകൊണ്ടു മരക്കാരു തന്നെ കോട്ടയിൽ ബോധിപ്പിച്ച് അനുവാസം വരുത്തി കൊച്ചിയിൽ നിന്നും മെത്രാശ്ചനെ വരുത്തി പുതിയകാവിൽ പള്ളിയിൽ കൊണ്ടുവന്നിരുത്തി. തമ്പുരാന്റെ അനുഗ്രഹത്താലെ ദീനത്തിനു ഭേദവും വന്നു. പരദേശക്കാരുമായിട്ടുള്ള കാർയ്യം കൊണ്ടു ചില കൂട്ടം നിശ്ചയിക്കയും എഴുതിപ്പിടിക്കയും ചെയ്തല്ലാതെ പുതിയ കാവിൽ വച്ചും കായംകുളത്തുവച്ചും നിരപ്പായതുമില്ല.[58]

മെത്രാശ്ചൻ പുതിയകാവിൽ വച്ച് തമ്പുരാനുമായിട്ടു[59] കൂടിക്കാഴ്ച ഉണ്ടായപ്പോൾ ആദിത്യനെക്കണ്ട താമരപോലെയും മേഘത്തെക്കണ്ട സാരംഗം പോലെയും പ്രകാശിച്ചു. അതിന്റെ ശേഷം വേണ്ടുംവണ്ണം കൽപന വരിക കൊണ്ടും കോട്ടാരക്കരെ കൊച്ചിട്ടിത്തരകൻ തിരുമുമ്പാകെവച്ചു മെത്രാശ്ചനെക്കൊണ്ടു കാരകാശ്ചിതമായ വാക്കുകൾ തരകൻ പറഞ്ഞതിനെക്കേട്ട് അതിരുകടന്ന് സംസാരിക്കരുതെന്ന് സുബയ്യൻ ദളവാ പറകകൊണ്ടും കാർയ്യങ്ങളുടെ നേരു തിരുമനസ്സറിഞ്ഞ് യാത്ര കൽപിച്ചയക്കയും ചെയ്തു. അവിടെ നിന്നും പത്തു തിയതി കഴിഞ്ഞപ്പോൾ, കൊച്ചിട്ടിത്തരകന്റെ അനുജൻ ചെമ്മാശ ഒരു മുറിക്കകത്തു കരേറി തന്നെത്താൻ ക്ഷതം വരുത്തി മരിക്കയും ചെയ്തു. പുതിയ കാവിൽ നിന്നും മെത്രാച്ചൻ നിരണത്തു വന്നു പാർക്കുമ്പോൾ അവിടത്തെ നീരസം ഒഴിപ്പാനായിട്ടു മരെക്കാർ ദിവ്യമായിട്ടുള്ള പട്ടുകളും കശവുകളും ശീലത്തരങ്ങളും കൊണ്ടുവന്നുവച്ച് കണ്ടുപറഞ്ഞുപോയ ശേഷം അയാളുടെ ഒടുക്കം ആന ചവുട്ടി കൊല്ലുകയും ചെയ്തു.

**03.02.05. ഇടത്തിലെ മര്യാദ.** എന്നാൽ മാറിവാനിയോസ് മെത്രാപൊലിത്താ വന്നാറെ[60] അദ്ദേഹം ചെയ്ത കുസുറുതികൊണ്ട് അവരു തന്നെ കപ്പൽ കരേറ്റി അയച്ചു. അതുപോലെ തന്നെ ഇവരും എടത്തിലെ മർയ്യാദ അഴിച്ച് കത്തങ്ങളുടെ തല ചിരപ്പിച്ച് പട്ടം കൊടക്കയും. കണ്ടനാട്ടു കൊമ്പനും മാമലച്ചെരി കോനാടനും മുളംതുരുത്തിൽ ചന്ദനത്തിക്കും തെക്കെദിക്കിൽ ചാത്തന്നൂക്കാരനും ഇങ്ങനെ നാലു കത്തങ്ങളെക്കൊണ്ടു പെണ്ണുകെട്ടിക്കയും, ഇതിൽ വണ്ണം കേട്ടും കേൾപിച്ചും നടത്തായ്കകൊണ്ടും,[61] മുൻപിൽ മുളംതുരുത്തിക്കാലം ചെയ്ത മാറിവാനിയോസു വന്നാറെയും ഈ എടത്തിലെ മര്യാദപോലെ നടക്കുന്നതിന്നു ആത്മകടമുള്ള വസ്തുക്കൾ മാറ്റി മർയ്യാദപോലെയും ന്യായം പോലെയും നടത്തി വന്നതിനെ പോരായെന്നു തുടങ്ങുകകൊണ്ടും,[62] അതതു ദേശങ്ങളിൽ



കൊള്ളാകുന്ന ആളുകൾ ഒരു തറവാട്ടിൽത്തന്നെ അങ്ങുമിങ്ങും നിന്നുള്ള പിണക്കങ്ങളും, രണ്ടു കൂട്ടക്കാർക്കും മറ്റുള്ള ജാതികൾ സഹായവും, ചിലവാർപ്പിന് പള്ളിവക മുതൽ കാർയ്യങ്ങളുമുണ്ടായി 19 സംവത്സരം കഴിഞ്ഞതിന്റെ അവസ്ഥ വിവരമായിട്ടു എഴുതുവാൻ ഏറ്റമുണ്ട്.

**03.02.06. കാട്ടുമങ്ങാട്ടു കുര്യൻ കത്തനാർ.** ഇപ്രകാരം നടന്നുവരുമ്പോൾ ഒന്നുകൊണ്ടും ചേർച്ചവരികയില്ലെന്നു നിശ്ചയിച്ച് കൊല്ലം 936-ാ മാണ്ടു മിഥുനമാസം 29 നു നിരണത്തു പള്ളിയിൽ വച്ച് മാർത്തോമാ അപ്പസ്ക്കോപ്പാ ആയിട്ടു ചെറിയച്ചനെ വാഴിക്കയും ചെയ്തു.[63] ഉടൻ ചെങ്ങുന്നൂക്കാരു വന്നുകൊണ്ടു പോയി. അവിടെയിരുന്നു ചെമ്മാശമാരെയും പൈതങ്ങളെയും പഠിപ്പിച്ചു വന്നു. ഇങ്ങനെ ഇരിക്കുമ്പോൾ കാട്ടുമങ്ങാട്ടു കുര്യൻ കത്തനാരു മൽപ്രിയനായെന്ന വല്യവാവായോടു കൂടെനിന്നു പഠിച്ച് വേണ്ടുന്നതൊക്കെയും വശമായി.[64] അദ്ദേഹത്തോടു റമ്പസുഖം ഏറ്റതിന്റെ ശേഷം വായനെക്കും പടാർത്ഥെക്കും വിദഗ്ധനായി വരിക കൊണ്ടും ചെമ്മാശന്മാരെയും പൈതങ്ങളെയും അദ്ദേഹവും പഠിപ്പിച്ചുവന്നു. ഇതിന്റെ ശേഷം കൊറപ്പസ്കോപ്പായും ചെക്രള്ളാക്കത്തന്മാരും പരദേശത്തിനു പോകയും ചെയ്തു.[65] മിശിഹാ കാലം 1764 ചെന്ന കൊല്ലം 939-ാമാണ്ടു തുലാമാസം 9 നു വല്യ ബാബാ മാർ വസ്സെലിയോസ് കാസോലിക്കാ കാലം ചെയ്ത് കണ്ടനാടു വടക്കെക്കപറുങ്കൽ അടങ്ങുകയും ചെയ്തു. മിശിഹാകാലം 1765 ൽ കൊല്ലം 940-ാമാണ്ടു മേട മാസം 27 നു മർത്തോമ്മൻ മെത്രാൻ കാലം ചെയ്ത നിരണത്തു വടക്കെക്കപുറുങ്കൽ അടങ്ങുകയും ചെയ്തു. ഏറെ ആളുകൾ കൂടിയിരുന്നു അന്നു മുതൽ ഒരാണ്ടു കഴിയുന്നതിനകം പുലകുളി ആദിയായിട്ടു വന്മുട്ടുകൾ എടവകക്കാരായിട്ടും പ്രമാണികളായിട്ടും ഏറ്റു കഴിക്കയും ചെയ്തു.

### 03.03. വലിയ മാർ ദീവന്യാസ്യോസിന്റെ കാലം - 1

**03.03.01. തിരുവെഴുത്തുവിളംബരം.** ആണ്ടു കഴിഞ്ഞ ശേഷം പള്ളി എടപെട്ടും ജാതി മര്യാദ എടപ്പെട്ടും ഉള്ള കാർയ്യങ്ങളൊക്കെയും കീഴെ മര്യാദ നടന്നുവന്നതിൽ വണ്ണം നടന്നുകൊള്ളത്തക്കവണ്ണം കൽപിച്ചു നീട്ടും, സുബ്ബയ്യൻ ദളവായുടെ സാധനവും വാങ്ങിച്ച്,[66] ദൈവസഹായത്താൽ ഏറിയ ബഹുമാനത്തോടു കൂടെ പള്ളികളിലൊക്കെയും ചെന്ന് വിചാരിച്ചും, സ്ഥാനികളായിട്ടും ഇടപ്രഭുക്കളായിട്ടും ഉള്ള ആളുകളെ കണ്ടുംപറഞ്ഞും നടത്തിവരുമ്പോൾ, പരരാജ്യക്കാരുമായിട്ടുള്ള പിണക്കത്തിന് നമ്മിലുള്ള ആളുകൾതന്നെ ശത്രുതയായിട്ടു തുടങ്ങിയിരിക്കയാൽ ദ്രവ്യവും ആളാണ്മയും ഉള്ളവരാകകൊണ്ട് അവരെ ജയിച്ച് ഇസ്ഥാനം നിലനിർത്തിക്കൊള്ളുവാൻ പരാദീനമെന്നും. അങ്ങും ഇങ്ങും രണ്ട് യജമാനന്മാർ കഴിവോളും നിരപ്പിന് സംഗതി വന്നില്ലെന്നും[67] പുത്തൻ കുറ്റുംപിറത്തുള്ള ആളുകൾതന്നെ രണ്ടു പകുതി ആയിട്ടുനിന്ന് തമ്പുരാന്റെ മാർഗ്ഗത്തോട് മറുത്ത് സിദ്ധാന്തമായിട്ടു നടപ്പാകകൊണ്ടും, പള്ളികളിലൊക്കെയും പല മര്യാദയും മറുകൂറ്റുകാരുടെ പരിഹാസവും, ഇങ്ങനെ ആകയാൽ മാർഗ്ഗത്തിന് അഴിവു വരുമെന്നും ബോധജ്ഞാനപ്പെട്ട് അശ്ചൻ നിശ്ചയിച്ച് ഏതുപ്രകാരമെങ്കിലും നിരപ്പായിട്ടു നടക്കണമെന്നും തമ്പുരാനിൽ ശരണപ്പെട്ട് നിരൂപണ ഉറെച്ച് സ്വഭാവക്കേടുള്ള ആളുകളെ നീക്കി,[67] മാറിവാനിയോസ് അപ്പസ്ക്കോപ്പാ കല്ലിശേരി വന്നപ്പോൾ ചെങ്ങന്നൂ നിന്നും കല്ലിച്ചേരി ചെന്ന് തമ്മിൽ കണ്ടു

www.malankaralibrary.com

പറഞ്ഞ് ശത്രുക്കളുടെ വാക്കുകൾ രണ്ടു കൂട്ടക്കാരും നീക്കി ഏകോൽഭവിച്ചു.[68] അശ്ചൻ ചെങ്ങന്നൂർക്ക് പോരികയും ചെയ്തു. ഇതിനിടയിൽ ഉണ്ടായിരിക്കുന്ന കാർയ്യങ്ങൾ ഒക്കെയും എഴുതുവാൻ പെരികെ പരപ്പാകുന്നു.

**03.03.02. മാർ ദിവന്നാസ്യോസ് മെത്രാപ്പോലിത്താ.** ബാബാമാർ വന്നപ്പോൾ അന്ത്യോക്യയിൽ നിന്നും മാർഗിനാത്ത്യോസ് പാത്രിയർക്കീസ കൊടുത്തയച്ചിരുന്ന വടിയും മുടിയും ശ്ലീവായും സൊത്താക്കിക്കോനും അച്ചനു കൊടുത്ത് ഗ്രിഗോറിയോസ് മെത്രാപോലിത്തായും മാറിവാനിയോസു അപ്പസ്ക്കോപ്പായും കൂടെ നിരണത്തു പള്ളിയിൽ വച്ച് മിശിഹാകാലം 1770-ൽ കൊല്ലം 945-മാണ്ട് മിഥുനമാസം 29 നു മാർത്തോമാ മെത്രാനെ മാർ ദിവന്നാസ്യോസ് മെത്രാപോലിത്താ ആയിട്ട് വാഴിക്കയും ചെയ്തു.[69] ഉണ്ടായിരുന്ന പിണക്കങ്ങളൊക്കെയും തമ്പുരാന്റെ തിരുമനസ്സാലെ മാർത്തോമ്മാശ്ലീഹായുടെ വാഴ്‌വാലെയും തീർന്ന് നിരപ്പായിട്ടും ഒപിയാലയും ഐമോസ്യത്താലയും നടന്നുവരുമ്പോൾ ഗ്രിഗോറിയോസ് മെത്രാപ്പോലിത്തായ്ക്ക് കണ്ണിനു ദീനമായിട്ട് കണ്ണറിവാൻ വക്യാതെയും ശുദ്ധമാന കുറുവാന അണെക്കാതെയും കായംകുളത്തു പാർത്തുവരുന്നു.[70]

മാറിവനിയോസ് അപ്പസ്ക്കോപ്പാ പുതിയകാവിലും, മാർ ദിവന്നാസ്യോസ് മെത്രാപോലിത്താ ഓമല്ലുരും ഇരിക്കുമ്പോൾ, കാട്ടുമങ്ങാട്ടു റമ്പാൻ മേല്പട്ടസുഖം ഏൽക്കണമെന്നും നിശ്ചയിച്ച്[71] കായംകുളത്ത് ചെന്ന് ഗ്രിഗോറിയോസ് മെത്രാപ്പോലിത്തായുടെ കണ്ണിന് ദീനം ഭേദം വരുത്തുവാനായിട്ട് മറ്റു ചിലരെക്കൊണ്ട് ഓമല്ലൂര് എഴുതി അയച്ച് അനുവാസം വരുത്തി. ഉടൻ വള്ളം കരേറ്റി കൊച്ചിയിൽ കൊണ്ടുപോയി മട്ടാഞ്ചേരി മുറിയിൽ ഇരുത്തി.

**03.03.03. കാട്ടുമങ്ങാട്ടു കൂറിലോസ്.** കാറ്റാടിക്കുരുവിള കത്തനാരെക്കൊണ്ട് കുറുവാനയും ചൊല്ലിച്ച് നമ്മുടെ കർത്താവിന്റെ ആണ്ട് 1772 ൽ കൊല്ലം 947-മാണ്ട് വൃശ്ചികമാസം 17ന് വെള്ളിയാഴ്ചനാൾ കൂറിലോസ് മെത്രാപൌലിത്താ ആയിട്ട് വാഴിക്കയും ചെയ്തു.[72] ഇതിന്റെ ശേഷം പെരുമ്പടപ്പിൽ തമ്പുരാന്റെ തീട്ടൂരവും, പാലിയത്തച്ചന്റെ നീട്ടും, കോട്ടയിൽ ബോധിപ്പിച്ച് കടുദാസും വാങ്ങിച്ച്[73] ഏറിയ ബഹുമാനത്തോടുകൂടെ നടക്കയും ഇതിനിടയിൽ കൊച്ചിയിൽ നിന്നും മെത്രാപോലിത്തായെ മുളംതുരുത്തിയിൽ വരുത്തി ഇരുത്തുകയും ചെയ്തു.

പിന്നെത്തെതിൽ ഇക്കാർയ്യങ്ങളൊക്കെയും മാർ ദിവന്നാസ്യോസ് മെത്രാപോലിത്തായും മാറിവാനിയോസ് എപ്പിസ്കോപ്പയും കേൾക്കകൊണ്ട് മുമ്പിലത്തെ കുഴപ്പങ്ങൾ തീർത്ത് നടന്നുവരുമ്പോൾ പിന്നെയും ഇതിൻവണ്ണം ഉണ്ടായതിന് എന്തുവേണ്ടു എന്ന് രണ്ടുപേരും കൂടെ നിരണത്തു പള്ളിയിൽച്ചെന്നു വിചാരിച്ച്[74] വടക്കോട്ട് യാത്രയെന്നു നിശ്ചയിച്ച് മിശിഹാകാലം 1772 ൽ കൊല്ലം 947 മാണ്ട് മീനമാസം 12ന് കണ്ടനാടു പള്ളിയിൽ ചെന്നിരുന്നതിന്റെ ശേഷം ഇക്കാര്യം കൊണ്ട് മാർ ഗ്രിഗോറിയോസ് മെത്രാപൌലിത്തായോട് ചോദിപ്പാനായിട്ട് കല്ലുപ്പാറെ പിറത്തേട്ട് ചാണ്ടിക്കത്തനാരെയും ചെങ്ങന്നൂർ പ്രയാറ്റിൽ തൊമ്മൻ കത്തനാരെയും അവരുടെ കൂടെ ഏതാനും കത്തങ്ങളും മാപ്പിളമാരും മുളംതുരുത്തിനു ചെന്ന് അറുവിച്ചാറെ ഞാനൊന്നും ചെയ്തില്ലന്നു കല്പിച്ചതിനെ കേട്ട് ചെന്ന ആളുകൾ പോരികയും ചെയ്തു.[75]

പിന്നത്തേതിൽ ഒരുത്തരേയും മുറിയിൽ കരേറ്റണ്ടതില്ലന്നു ചട്ടംകെട്ടി പാർക്കു



മ്പോൾ അദ്ദേഹത്തിനു ദീനമാകകൊണ്ട് കണ്ടനാട്ടേക്ക് ഒരെഴുത്തെഴുതിയാറെ കൊടുത്തയച്ചുമില്ല.[76]മിശിഹാകാലം 1773 ചെന്ന കൊല്ലം 948-ാമാണ്ട് മിഥുനമാസം 27 ന് മാർ ഗ്രിഗോറിയോസ് മെത്രാപൌലിത്താ കാലം ചെയ്തു മുളന്തുരുത്തിയിൽ വടക്കെക്കപുറുങ്കൽ അടങ്ങുകയും ചെയ്തു. കണ്ടനാടു സമീപം ആക കൊണ്ടും രണ്ടു പേർ അവിടെ ഇരിക്കകൊണ്ടും എഴുത്തും ആളും ചെന്നില്ല. കാലം ചെയ്തതിന്റെ മൂന്നാം ദിവസം അത്രെ അറിവാൻ ഇടവന്നുള്ളു. ഉടൻ തന്നെ സങ്കടമായിട്ട് മാറിവാനിയോസ് എപ്പിസ്ക്കോപ്പാ ചെന്നപ്പോൾ കബറടക്കിയിരിക്കുന്നതുകൊണ്ടും മറ്റെ ദേഹം മാളികയിൽ നിന്ന് എറങ്ങാഴിക കൊണ്ടും ഉടൻ കണ്ടനാട്ടിനു പോരികയും ചെയ്തു.

ഇപ്രകാരം കാട്ടുമങ്ങാടൻ ചെയ്ത സംകടമന്നും മുൻപിൽ മുളന്തുരുത്തിയിൽ കബറടങ്ങിയ മാറിവാനിയോസിന്റെയും മൽപ്പ്രിയാനാ മാർ ബെസെലിയോസിന്റെയും ഇപ്പോൾ ഗ്രിഗോറിയസിന്റെയും മുതൽകാര്യങ്ങളും പുസ്തകങ്ങളും അടക്കിയിരിക്കകൊണ്ടും ബോധിപ്പിക്കേണ്ടുന്ന സ്ഥലങ്ങളിൽ ബോധിപ്പിച്ച് നിലവരുത്തിയല്ലാതെ നമുക്ക് ഇവിടെനിന്നും പൊയിക്കൂടായെന്നു ബാബാ കൽപിക്കകൊണ്ടും വരുത്തേണ്ടുന്ന ആളുകളെ ഒക്കെയും വരുത്തി വിചാരിച്ച് തിരുവനന്തപുരത്തിന് കത്തങ്ങളെയും മാപ്പിളമാരെയും അയച്ച് തിരുമനസ്സ് അറുവിച്ചാരെ[77] പട്ടരുണ്ണി വല്യസർവാധികാരിക്കാർക്ക് നീട്ടു വരികകൊണ്ട് അദ്ദേഹം പെരുമ്പടപ്പിൽ ചെന്ന് തിരുമനസ് അറിയിച്ചതിന്റെ ശേഷം[78] കോട്ടയിൽ എതിരേൽകൂടെ ബോധിച്ച് ചെയ്തിരിക്കുന്നതാകകൊണ്ട് അവിടെവച്ചുതന്നെ കെട്ടുതീരുന്നയെന്ന കൽപന വന്ന് പിറത്തേട്ടു കത്തനാരും അയിപ്പുകോരത്തരകനും മുതൽപേര് കൊച്ചിയിൽ ചെന്ന് കാട്ടുമങ്ങാടനെയും വരുത്തി കുമുദസലിൽ കേട്ടാറെ കീഴ്മര്യാദ ഇല്ലാത്തതാകകൊണ്ട് കാടുമങ്ങാട്ട് റമ്പാനെ മെത്രാന്മാരുടെ അടുക്കൽ കൂട്ടി അയയ്ക്കണമെന്നും മേലിൽ ഇപ്രകാരം ഉള്ള ദുഷ്പ്രേത്നം ചെയ്യരുതെന്നും നിശ്ചയിച്ച് കോട്ടയിൽ നിന്ന് കടുദാസും വല്യതമ്പുരാന്റെ തീട്ടൂരവും പാലിയത്തച്ചന്റെ നീട്ടും വാങ്ങിച്ച് കൊല്ലം 949-ാമാണ്ടു മിഥുനമാസം 22 ന് റമ്പാനെയും കൂട്ടി അയച്ച് കണ്ടനാടു പള്ളിയിൽ വന്നാറെ ആദേഹം പ്രവർത്തിച്ചതിന് ശേഷമായിട്ടൊന്നും ചെയ്തില്ല.[79]

**03.03.04. വടിയും മുടിയും വയ്പിക്കുന്നു.** മെത്രാപോലീത്തായുടെയും എപ്പിസ്ക്കോപ്പായുടേയും മുൻപാകെ വടിയും മുടിയും ശ്ലീവായും ചുമന്ന കുപ്പായവും ഊരിവച്ച് പാർത്തുവരുമ്പോൾ ദീനമെന്നും വീട്ടിൽ പോയി ചികിത്സ ചെയ്യണമെന്നും പറഞ്ഞുംകൊണ്ട് പോയാറെ മുളംതുരുത്തിയിൽ ചെന്നതിന്റെ ശേഷം ആരും ബോധീരാതെ നെടുവിരിപ്പും നാട്ടിൽ ആഞ്ഞൂരെന്ന പ്രദേശത്തു[80] ചെന്ന് പാർത്ത് അവിടെയൊരു കുരിശു വെപ്പാൻ പറമ്പും വാങ്ങി പാർത്തുംകൊണ്ട് അദ്ദേഹത്തിന്റെ അനുജനെ വരുത്തി പട്ടവും കൊടുത്ത് മാർ ദിവന്യാസ്യോസ് മെത്രാപോലിത്താ ആയിട്ട് വാഴിച്ചു.[81] അവർ രണ്ടുപേരും കൂടെ പല കൂട്ടവും ചെയ്തു വരുന്ന പ്രകാരം കേട്ടു. മുണ്ടക്കാറ്റാടി കത്തനാർക്കു റമ്പസുഖം കൊടുത്ത് നടന്നു വരുമ്പോൾ ബുദ്ധി പകച്ച് ലേന്ത മാർഗത്തിൽ ചെന്നു കൂടി ലേന്തപ്പാതിരി ആകുവാൻ നിശ്ചയിച്ചിരിക്കുമ്പോൾ[82] അയാൾ മരിച്ചു. ശവം കടപ്പുറത്തു കൊണ്ടുചെന്ന് അടക്കിയെന്നും കേട്ടു. കണ്ടനാട്ടു നിന്നും മൂന്നാം സംവത്സരത്തിൽ അച്ചനും ബാബായും തെക്കെ ദിക്കിന്നു പോരികയും ചെയ്തു.

www.malankaralibrary.com

**03.03.05 കരിയാറ്റി മൽപ്പാൻ.** ഇതിന്റെ ശേഷം പഴയ കൂറ്റുപ്രത്തു ആലെങ്ങാട്ടു കരിയാട്ടി യൌസെപ്പെന്ന് പേരുള്ള മൽപ്പാൻ ദിവ്യനായിട്ടുണ്ടായി. അയാൾക്കു മെത്രാനാകണമെന്നും പറങ്കികളെ അനുസരിക്കരുതെന്നും വച്ച് ജനങ്ങളെ സ്വാധീനമാക്കി. ഏറിയ പണവും വാങ്ങിച്ച് റോമാക്കു പോകത്തക്കവണ്ണം നിശ്ചയിച്ചു. അച്ചൻ നിരണത്തിരിക്കുമ്പോൾ, മൽപാനും ശിഷ്യരും കൂടെ കൊല്ലം. 953-ാമാണ്ട് ചിങ്ങമാസം 30 ന് വന്നുകണ്ട്, റോമായിക്കു എഴുത്തും വാങ്ങിച്ചു കൊണ്ടുപോയതിന്റെ ശേഷം,[83] ഇടവ മാസത്തിൽ കരിയാട്ടി മൽപാനും പാറയംമാക്കൽ തൊമ്മൻ കത്തനനാരും അല്ലാതെ രണ്ട് കത്തങ്ങളും വാലിഭക്കാരും കൂടെ റോമാക്കുപോയി.[84]

പലകൂട്ടവും മാർപാപ്പയെയും പ്രത്തുക്കൽ രാജാവിനെയും ബോധിപ്പിച്ച് അതിനുണ്ടായ ശത്രുക്കളെയും ഒഴിച്ച് കരിയാട്ടിക്ക് കൊടുങ്ങല്ലൂർ മെത്രാപ്പോലിത്തായുടെ സ്ഥാനവും കൊടുത്ത്, മാസപ്പടിയും പതിച്ച് പ്രാത്തുക്കാൽ നിന്നും മലയാളത്തിലുള്ള രാജാക്കൾക്ക് വിശേഷ ദ്രവ്യങ്ങളായിട്ടുള്ള വസ്തുക്കളും കൊടുത്ത് കപ്പൽ കരേറിവരുംവഴിക്ക് ഗോവയിൽ കൊടുപ്പാനുള്ള കടുദാസുകളും കൊടുത്ത് മാസപ്പടി ഉൾപ്പെട്ട കാർയ്യങ്ങളും നിദാനം വരുത്തിക്കൊണ്ട് മലെയളത്തിൽ ഇറങ്ങാമെന്ന് വച്ച് ഗോവയിക്ക് കപ്പലോടി. കൊല്ലം 961-മാണ്ട് മേടമാസത്തി അവിടെ ചെന്നതിന്റെ ശേഷം ആറുമാസം അവിടെ പാർത്താറെ, പറങ്കികളുടെ ചതിവു കാരണാൽ 962-ാമാണ്ട് കന്നിമാസം 12 ന് മരണത്തിനു സംഗതി വരികയും ചെയ്തു.[85]

**03.03.06. പാറമ്മാക്കൽ ഗോവർണദോർ.** അതിന്റെ ശേഷം പാറെമ്മാക്കൽ തൊമ്മൻ കത്തനാർക്കു ഗോവർണദോരിന്റെ സ്ഥാനം ഗോവയിൽ ഇരിക്കുന്ന മെത്രാപൊലിത്താ കൊടുത്ത്. ആയവസ്ഥെക്കും കരിയാട്ടി മെത്രാപൊലിത്താ കഴിഞ്ഞയവെസ്ഥെക്കും മെത്രാശ്ചനു സാധനവും വാങ്ങിക്കൊണ്ട് 962-ാമാണ്ട് മകര മാസത്തിൽ തലശ്ശേരിയിൽ വന്നിറങ്ങി. അങ്കമാലിയിൽ വന്നതിന്റെ ശേഷം പഴയകൂറ്റുംപുറത്തുള്ള പാതിരിയൊക്കയും അങ്കമാലിയിൽക്കൂടി ഇനിയും വെള്ളക്കാരായിട്ടുള്ള മെത്രാൻമാരെയും പാതിരിമാരെയും നമ്മളും നമ്മുടെ അനന്തിരവരും അനുസരിക്കരുതെന്നും മലെയാളത്തേക്കു മേൽപട്ടക്കാരനായിട്ടു ഗോവർണദോരിനെ അനുസരിച്ചു കൊള്ളുകയും അല്ലാതെയും മേൽനടപ്പിനു മൂവരൊരുവൻ തമ്പുരാൻ സാക്ഷിയാകെ സത്യമായിട്ടു 84 പള്ളിക്കാരും കൂടെ പടിയോല എഴുതി ഒപ്പുകുത്തി വയ്ക്കയും ചെയ്തു. ആയത് മിശിഹാകാലം 1787 ൽ പഴയ കണക്കിൽ കുംഭമാസം 1 നു ആകുന്നു.[86]

**03.03.07. ഗോവർണദോരുടെ ഭീഷണി.** ഇതിനിടയിൽ ഗോവയിൽ നിന്നും എഴുതിയ കടുദാസും മണ്ണിൻമേൽ സുരാലിപ്പുള്ള ഒരു ചിന്ന അരളിക്കായും കണ്ണാടിവച്ചതും ഇങ്ങോട്ട് കൊടുത്തയച്ചു. ഇവിടെ കൊണ്ടുവന്നു വച്ചുപൂട്ടി സൂക്ഷിച്ച് എടുത്തു നോക്കിയാറെ പൊടിഞ്ഞു പോകയും ചെയ്തു. ഇതിന്റെ ശേഷം പാറെയംമാക്കൽ ഗോവർണദോര് തിരുവനന്തപുരത്തു ചെന്നു മുഖം കാട്ടുവാനായിട്ടു യാത്ര നിശ്ചയിച്ച് മാത്തൂത്തരകൻ മുന്നിൽ പോയി.[87] ബഹുമാനപ്പെട്ട നമുക്കുള്ള മെത്രാപോലിത്താക്കു ഒരു കടുദാസു ഗോവർണദോര് കൊടുത്തയച്ചതിൽ, ഇപ്പോൾ നാം തിരുവനന്തപുരത്തിന്നു നിശ്ചയിക്കകൊണ്ടും തത്രത്താലെയുള്ള യാത്രയാകകൊണ്ടും തമ്മിൽ കാണാനുള്ളതിന് സിംഹമാസം



30 -ാം തീയ്യതിക്കകം കായംകുളത്തു എത്തിയിരിക്കണമെന്നും അവിടെവച്ച് തമ്മിൽ കാണ്മാനുള്ളതിന്ന് സംഗതിവന്നില്ലെങ്കിൽ പിന്നെ ഏതു പ്രകാരമെന്ന് അറിഞ്ഞില്ലെന്നും എഴുതി വന്നതിന്റെ ശേഷം, മറുപടി എഴുതിയതിൽ ഈ അവധിക്ക് തമ്മിൽ കാൺമാനുള്ളതിനു സംഗതി വന്നില്ലെങ്കിൽ പിന്നെ ഏതു പ്രകാരമെന്ന് അറിഞ്ഞില്ലന്നു എഴുതി വന്നതുകണ്ടാറെ, വളരെ വിഷാദമുണ്ടെന്നും ഒവിയുണ്ടെങ്കിൽ തമ്മിൽ കാൺമാനുള്ളതിന്നു ഇപ്പോൾ തന്നെ ആയാലും രണ്ടുനാലു ദിവസം കൂടെ താമസിച്ചു പോയാല് വിഷമമുള്ളതല്ലല്ലോ എന്നും, തത്രത്താലെയുള്ള യാത്രകൊണ്ടുണ്ടായ വഴിക്കു കായംകുളത്ത് എത്തുവാൻ ഞെരുക്കമുണ്ടെന്ന് മറുപടി കൊടുത്തയയ്ക്കയും ചെയ്തു.

**03.03.08. ഗോവർണദോർക്ക് വിളംബരം.** തിരുവനന്തപുരത്തു ചെന്ന് മുഖം കാട്ടി, വരാപ്പിഴക്കാരെയും പുത്തൻചിറക്കാരെയും കൊല്ലത്തു മെത്രാനെയും വരുത്തി[88] രണ്ടു കൂട്ടക്കാരെക്കൊണ്ടും ഒഴിഞ്ഞ പ്രകാരം എഴുതിവപ്പിച്ച് ഏതാനും രൂപായും കൊടുപ്പിച്ച് കൊല്ലത്തു മെത്രാനെക്കൊണ്ടു മൂന്നു സംവത്സരത്തിനകം റോമയ്ക്കു എഴുതി അയച്ച് അനുവാസം വരുത്തി ഗോവർണദോരിനെ വാഴിക്കാമെന്ന് എഴുതിക്കൊടുപ്പിച്ച്,[89] പഴയകൂറ്റംപുറത്തുള്ള പള്ളിക്കാരെക്കൊണ്ടു രണ്ടുലക്ഷം കല്യൻ അടിയറയും തീർപ്പിച്ച്, എല്ലാപേരും പോന്നതിന്റെ ശേഷം വരാപ്പിഴയും പുത്തൻചിറയും ഉപേക്ഷിച്ചു നടന്നു വരികകൊണ്ട് പുത്തൻ കൂറ്റുകാരെ പഴയതിൽ ചേർക്കുന്നതിനു വേല ചെയ്യണമെന്നു നിശ്ചയിച്ചു. മാർ ദിവാന്നാസ്യോസ് മെത്രാപോലിത്താക്ക് വാഴ്ചയുള്ള പ്രകാരം റോമായിൽ നിന്നു എഴുതി വന്നിരിക്കകൊണ്ട് വല്ല പ്രകാരത്തിലും ശുദ്ധമാന പള്ളിക്ക് വഴക്കം ചെയ്യിച്ച് നമുക്ക് കൈക്കൊള്ളണമെന്നും, അദ്ദേഹത്തെക്കൊണ്ടു ഗോവർണദോരിനെ വാഴിച്ചു കൊള്ളാമെന്നു[90] പലരും കൂടി നിശ്ചയിച്ച് മാത്തൂത്തരകനെ പറഞ്ഞ് ബോധിപ്പിക്കകൊണ്ട്, പല്ലക്കും ബഹുമാനങ്ങളും കൽപിച്ചു കൊടുത്ത് രാജ്യത്തെ കുത്തകകളൊക്കെയും ഏറ്റ് തരകൻ തന്നെ നടത്തിവരുന്നു.

തരകനും അവരിലുള്ള പ്രമാണപ്പെട്ട കത്തങ്ങളും മാപ്പിളമാരും കൂടെക്കൂടെ വരികയും പോകയും വരാപ്പിഴെക്കാരുടെ എഴുത്തും ആളും വരികയും പാതിരിമാർ വന്നു കണ്ടുപറഞ്ഞുകൊണ്ടു പോകയും,[91] ഇങ്ങനെ ഒക്കെയും കാൺകകൊണ്ട്, പുത്തൻകൂറുംപുറത്തുള്ള കത്തങ്ങൾക്കും മാപ്പിളമാർക്കും ഏറിയ വിഷാദവും സമുചയവും തോന്നുകയും, കരിയാട്ടി മൽപാന്റെ പറ്റിൽ എഴുത്തു കൊടുത്തിട്ടുണ്ടെന്നും, അതുകാരണാലത്രെ ഇപ്രകാരം ഒക്കെയും കഴിഞ്ഞു വരുന്നതെന്നും, പലരും സംസാരിച്ചു വരുമ്പോൾ,[92] പുത്തനും പഴയതും ഒന്നായിട്ട് നടത്തണമെന്നു കൽപിച്ചു തിരുവെഴുത്തും യജമാനന്മാരുടെ സാധനങ്ങളും പലപ്പഴും വരികയും മറുപടി കൊടുത്തയയ്ക്കയും ചെയ്തുവന്നു.[93]

**03.03.09. മെത്രാനും തിരുവിതാംകൂർ രാജാവും.** 956-ാമാണ്ട് മാവേലിക്കര വച്ച് വല്യതമ്പുരാനെ[94] മുഖം കാട്ടിയപ്പോൾ ഒരു മോതിരം മെത്രാപൌലിത്താക്കു കൽപിച്ചുകൊടുത്തു. പിന്നത്തേതിൽ അരിപ്പാട്ടുവച്ച് എളയതമ്പുരാനെ[95] മുഖം കാട്ടിയപ്പോൾ ഒരു തലപ്പാവും കുപ്പായത്തിനുവേണ്ടുന്ന പട്ടുകളും കൽപിച്ചു കൊടുത്തു. അന്ന് കൊച്ചിട്ടിത്തരകൻ കൂടെ ഉണ്ടായിരിക്കകൊണ്ടു സ്ഥാനം പ്രതി ഉപകാരം ഉള്ള വചനങ്ങൾ പലതും തിരുമനസ്സറിയിക്കുകയും ചെയ്തു. മെത്രാ

www.malankaralibrary.com

പോലിത്താ പട്ടമനപ്പറവൂർ ഇരിക്കുമ്പോൾ കഴക്കരെ കുഞ്ഞുപോത്തത്തരകൻ മുഖാന്തരത്തിൽ കുമാരൻ ചെൺമ്പ്രാപ്പിള്ള വല്യസർവാധികാരെങ്ങുന്നു[96] പള്ളിയുടെ മുറിയിൽ വന്നുകണ്ട് പറഞ്ഞു പിരികയും ചെയ്തു. കൊല്ലം 964 -ാമാണ്ട് കന്നിമാസം 30 നു മാവേലിക്കരവച്ച് വല്യതമ്പുരാനെ മുഖം കാട്ടി.[97] അന്ന് മുൻപിലത്തെ പോലെ ഒരു മോതിരം കൽപിച്ചുകൊടുത്തു. കൂടിയ ദേശക്കാരെക്കൊണ്ടു 19 കൂത്തും പട്ടും അടിയറ വൈപ്പിച്ച് പുറത്തിറങ്ങി. കേശവപിള്ള സംപ്രതിപിള്ളയുമായിട്ടു കണ്ട്പറഞ്ഞുംകൊണ്ട് പുതിയകാവിൽ വന്നു.

അപ്പസ്ക്കോപ്പാ അവിടെ ഇരിക്കകൊണ്ടും.[98] ഇംഗ്രേസു കപ്പിത്താൻമാർ രണ്ടുപേരു മുറിത്തട്ടിൽ പാർക്കകൊണ്ട് പള്ളിയകത്തിരുന്നു. അന്നു രാത്രിയിൽ മാത്തൂത്തരകനും വന്നു കണ്ടു. പിറത്തേട്ടു കത്തനാരും തരകനും തമ്മിലുള്ള കാർയ്യവും പറഞ്ഞു. അന്നുതന്നെ നിരണത്തിന്നു പോരികയും ചെയ്തു. പിന്നെത്തിൽ തേവലക്കര കൊച്ചുമാമ്മൻ വൈദ്യനും പിറത്തേട്ടു കത്തനാരും കോട്ടയ്ക്കകത്തു ചെന്നാറെ പഴയ കൂറ്റുകാർ രണ്ടുലക്ഷം കല്യൻ തന്നു എന്നും നിങ്ങളും ഏതാനും തരണമെന്നും പറകകൊണ്ട്,[99] വളരെ ഒക്കെയും സങ്കടം പറഞ്ഞു. 40,000 കല്യൻ അടിയറ തീരുകയിൽ, തുലാമാസം 21 നു എല്ലാ പേരും നിരണത്തു പള്ളിയിൽ കൂടി. പണത്തിനു വരിയിട്ടു. അന്നുകൂടെ പെൺകെട്ടു വകെക്കു നൂറു പണമിട സ്ത്രീധനം കൊടുക്കുന്നതിനു ആറും നാലുമായിട്ട് ഓരോ രാശി പള്ളികളിൽ വൈപ്പിക്കയും ചെയ്തു.[100]

**03.03.10. ടിപ്പു സുൽത്താൻ.** ഇങ്ങനെയിരിക്കുമ്പോൾ 965-ാമാണ്ട് ധനുമാസം 18 ന് ടിപ്പുസുൽത്താൻ വെട്ടിയകോട്ടയിൽ കരേറി. ഉടൻതന്നെ ഇറങ്ങി. മേടമാസം ആറിന് മേലുക്കോട്ടയിൽ കരേറി. കോട്ടയും കൊത്തളും നിരത്തി. അവന്റെ ആളുകൾ ആലുവായിലോളം വന്നുപരന്നു. അതിനകമുള്ള ഇല്ലങ്ങളും, ക്ഷേത്രങ്ങളും, പള്ളികളും, കമ്പോളങ്ങളും ചുട്ട് ദ്രവ്യങ്ങളും എടുത്തും കൊണ്ട് കോട്ടക്കു പുറത്തിറങ്ങി.[101] ഇതിന്റെ ശേഷം കേശവപിള്ള ദിവാൻജി അങ്ങുന്ന് ഇംഗ്രേസു പട്ടാളത്തെക്കൂട്ടി പടവെട്ടി ശ്രീരംഗപട്ടണത്തോളം പിടിക്കയും ചെയ്തു.

**03.03.11. ഇട്ടൂപ്പ് റമ്പാൻ.** പട കേറിയാറെ ഏറിയ ആളുകളെ ചേലയിൽ കൂട്ടി. അന്നത്തെ തിടുക്കത്തിൽ അഞ്ഞൂരിരുന്ന മെത്രാപോലിത്താ കോട്ടയ്ക്കകത്ത് കരേറി മുളംതുരുത്തിയിലും കരിങ്ങാച്ചിറയും വന്നു പാർത്തിരിക്കുമ്പോൾ, ചാട്ടുകുളങ്ങരെ പുലിക്കോട്ട് ഇട്ടൂപ്പു കത്തനാരെ ചേലയിൽ കൂട്ടുക കൊണ്ട്,[102] അതിനെക്കുറിച്ച് കരിങ്ങാച്ചിറ ചെന്ന് കാട്ടുമങ്ങാട്ട് മൂപ്പിലെക്കൂടെ റമ്പസുഖം ഏൽക്കയും ചെയ്തു. ആയവസ്ഥ പെരുമ്പടപ്പിൽ അറിഞ്ഞ് റമ്പാന്റെ വസ്തുവകയും കണ്ടുകെട്ടി എടുപ്പിച്ചു കാട്ടുമങ്ങാട്ടു മൂപ്പിലെ അനുഷ ചാലിക്കോരയെക്കൊണ്ട് 7000 പുത്തൻ പ്രാച്ചിത്തയും ചെയ്യിച്ചു.[103] ഇതിനിടയിൽ അദ്ദേഹം അഞ്ഞൂക്കു പോകയും ചെയ്തു.

കൊല്ലം 966 -ാമാണ്ട് മീനമാസത്തിൽ പുലിക്കോട്ടിൽ കത്തനാര് ചങ്ങന്നൂർ ചെന്ന് അയാൾ ചെയ്ത കാര്യം പിഴ അനുസരിച്ച് കച്ചിട്ടും വച്ചു.[104] ഇതിൻവണ്ണം പലർക്കും റംപസുഖം കൊടുക്കയും പട്ടം കൊടുക്കുയും ചെയ്തു വന്നതൊക്കെയും കൂടെക്കൂടെ. വന്നാൽ ചിലതൊഴിച്ചു വിടുകയും ചിലർക്കു പട്ടം കൊടുക്കയും മനസ്സ് മുട്ടുമ്പോൾ അവർ പോകയും ഇങ്ങനെ പലതും



ചെയ്തുവന്നതൊക്കെയും എഴുതിയാലും പറഞ്ഞാലും കൂടുകയില്ല.[105] വല്ല പ്രകാരത്തിലും വരുത്തി അവിടത്തെ മനസ്സുപോലെ ഇരുന്നു കൊള്ളട്ടെ എന്നും വച്ച് പലപ്പോഴും ആളയയ്ക്കുകയും സ്നേഹമുള്ള ആളുകളെ പറഞ്ഞയയ്ക്കയും ചെയ്തിട്ട് ഇങ്ങോട്ടു വരണമെന്ന് തോന്നുകയില്ല.[106]

### 03.04. വലിയ മാർ ദീവന്യാസ്യോസിന്റെ കാലം - 2

**03.04.01. റോമ വഴക്കാനുള്ള ശ്രമം.** ഇതിന്റെ ശേഷം കൊല്ലം 966-ാമാണ്ട് കുംഭമാസം 25 ന് നാലു നാഴിക പുലർന്നപ്പോൾ പ്രക്കാട്ടു നിന്നും കൊല്ലത്ത് മാമ്പള്ളി മെത്രാനും പാറയെമ്മാക്കൻ ഗോവർണദോരും ഒരു പാതിരിയും പ്രക്കാട്ടു കൊച്ചിട്ടി കത്തനാരും കല്ലൂർക്കാടു നാരകത്ത ചാണ്ടിക്കത്തനാരും അഞ്ചു കാപ്പിരികളും 15 മാപ്പിളമാരും കൂടെ വള്ളം വഴിക്ക് മെത്രാച്ചനെ കാണ്മാൻ ചങ്ങന്നൂർ പള്ളിയിൽ വന്നു. ഇതിനുമുൻപ് പുതിയകാവിൽനിന്നും 964-ാമാണ്ട് കർക്കടമാസത്തിൽ മാറിവാനിയോസ് എപ്പിസ്ക്കോപ്പായെ ചങ്ങന്നൂർ വരുത്തി പാർപ്പിച്ചിരിക്കുന്നു. ഇവർ വന്നാറെ. ഭൂമുഖത്തിറങ്ങി മൂന്നു കസാറയും ഇട്ടിരുന്നു വർത്തമാനങ്ങളും പറഞ്ഞു. അവരെ പടിപിരമാളികയിൽ പാർപ്പിച്ചു. 26 നു ബുധനാഴ്ച കുരിശുവര പെരുനാൾക്കു[107] കുറുവാനയ്ക്ക് താഴെ ഇറങ്ങിയപ്പോൾ ഇവരുംകൂടെ വന്ന് കുറുവാന കണ്ടു. പീടികയിൽ കോശിക്കത്തനാർക്ക് വികാരിത്തം ആകകൊണ്ടു അദ്ദേഹമത്രെ ചൊല്ലിയത്.

പിറ്റെ ദിവസം എല്ലാപേരുംകൂടെ പടിഞ്ഞാറെ മാളികയിൽ ചെന്ന് എപ്പിസ്ക്കോപ്പായും ആയിട്ട് കണ്ട് യാത്ര ചൊല്ലി പള്ളിയകത്തിറങ്ങി കുമ്പിട്ട്, പടിപ്പുരയിലോളം കൂടെച്ചെന്നു പിടിച്ചുതഴുകി കല്ലൂർക്കാട്ടിനു പോകയും ചെയ്തു. പലപ്പഴും കണ്ടു പറഞ്ഞതിന്റെ ഒടുക്കം കായംകുളത്തു വച്ച് എല്ലാപേരും കൂടെ പറഞ്ഞ് ഇന്നപ്രകാരം എന്നു നിശ്ചയിച്ചുകൊള്ളാമെന്നത്രെ പറഞ്ഞു പിരിഞ്ഞത്. അതിന്റെ ശേഷം 967-ാമാണ്ട് കന്നിമാസം 20-ന് എല്ലാപേരും കായംകുളത്തു പള്ളിയിൽ കൂടി പാർത്താറെ മാത്തൂത്തരകന്റെ മകൾ മരിക്കകൊണ്ട[108] മെത്രാൻ കൊല്ലത്തിനു പോയി. അച്ചനും ഗോവർണദോരും കൂടെ നിരണത്തു വന്ന് നാലു തിയതി പാർത്ത് ഗോവർണദോര് കല്ലൂർക്കാട്ടിന്നു പോകയും ചെയ്തു. പിന്നെ പലരും വരികയും എഴുത്തു വരികയും ഉണ്ടായാറെ, വൃശ്ചികമാസം 22ന് ഞായറാഴ്ച നിരണത്തു പള്ളിയിൽ എല്ലാപേരും കൂടത്തക്കവണ്ണം അത്രെ നിശ്ചയിച്ചിരുന്നത്.

അന്ന് ചങ്ങനാശ്ശേരിക്കാരും കല്ലൂർക്കാട്ടുകാരും പ്രക്കാട്ടു കൊച്ചിട്ടിക്കത്തനാരും പെട്ടിയും കോപ്പുകളും കൊണ്ട് പഴയ ക്രമം കുറുവാന ചൊല്ലുവാനത്രെ വന്നത്.[109] അച്ചൻ കാലത്തെ കുറുവാന ചൊല്ലീയതിന്റെ ശേഷം മാത്തൂത്തരകന്റെ മകൻ ഔസേപ്പു മരിക്കകൊണ്ട് കൂടിയ ആളുകൾ പിരികെ വേണ്ടു എന്ന് തരകന്റെയും മെത്രാന്റെയും എഴുത്തു വന്നു. പിന്നെയും എഴുത്താലെയും വചനത്താലെയും നിശ്ചയിച്ചിരിക്കുന്ന കാര്യങ്ങൾ സാധിപ്പാൻ അവർ വിചാരിച്ചു വരുന്നു.

**03.04.02. പുത്തൻകാവു പള്ളി സ്ഥാപനം.** ഒരു പള്ളി വൈപ്പിക്കണമെന്ന് മുൻപിന്നാലെ നിരുപിച്ചിരിക്കുന്നത് സാധിപ്പാൻ ചെങ്ങന്നൂർ ഇടവക കിഴക്കേ മുറിയിൽ പുത്തൻകാവിൽ കമ്പോളത്തിൽ ഒരുന്നൂറ്റി ചില്വാനം വീടും പുറമെ

www.malankaralibrary.com

കുടികളിൽ ഏറ്റം മാപ്പിളമാരും ഉണ്ടായിരിക്കകൊണ്ട് പുത്തൻകാവിൽക്കാരെ വരുത്തിപ്പറഞ്ഞ് പുന്നരട്ടെ പണ്ടാരത്തിലെ ജന്മം പുത്തൻകാവിൽ കിഴക്കെ അറ്റത്ത് പുത്തൻകാലാ പറമ്പു വാങ്ങിക്കണമെന്നും നിശ്ചയിച്ച് കമ്പോളക്കാർ ചെന്ന് പണ്ടാരത്തിലെ ബോധിപ്പിച്ചാറെ, മെത്രാൻ പറഞ്ഞയച്ചതിന്ന് ഭേദം ഇല്ലെന്നും ആധാരം ചെയ്തു കൊടുക്കാമെന്നും കൽപിക്കകൊണ്ടു 968-ാമാണ്ട് മിഥുനമാസം 26 ന് ആധാരം ചെയ്യിച്ച വകെക്കു തമ്പുരാക്കൻമാർക്ക് വച്ചുതൊഴിയിലും കാണവും പിറച്ചിലവും ഉൾപെടെ ഏറ്റം ചിലവൊക്കെയും ചെയ്തു. മാത്തൂത്തരകനുമായിട്ട് സ്നേഹമായിരിക്ക കൊണ്ട് തിരുവനന്തപരുത്തു ചെന്ന് തിരുമനസ്സറുവിച്ച് 1211 കല്യൻ അടിയറയും തീർപ്പിച്ച് നീട്ടും സാധനവും വാങ്ങിച്ചുതരികയും ചെയ്തു.

ഇതിന്റെ ശേഷം ഏറിയ പണം ചിലവിടുകയും കല്ലും മരങ്ങളും വരുത്തി. 969 -ാമാണ്ട് വൃശ്ചികമാസം 17 ന് വെള്ളിയാഴ്ചനാൾ പണി തുടങ്ങി പണി ചെയ്യിച്ചുവരുമ്പോൾ ദേവസയുടെ പൈശന്ന്യത്താലെ ചെങ്ങന്നൂർ ക്ഷേത്രത്തിനു നേര് കിഴക്ക് ആകകൊണ്ട് ദേവർക്ക് ധ്യാന്ന്യസ്യം[110] കുറഞ്ഞു പോമെന്നും നിത്യകാരിയയോഗവും അടിയന്തിര യോഗവും കൂടിവിചാരിച്ച് പള്ളിപണിയിച്ച് കൂടായെന്നു ആളയച്ചു വിരോധിച്ചാറെ പണി മുടക്കുകയും ചെയ്തു. അതിന്റെ ശേഷം പണ്ടാരത്തന്മാരും പോറ്റിമാരും ഗ്രാമജനങ്ങളും കൂടെ തിരുവനന്തപരുത്തെഴുന്നള്ളിയിരിക്കുന്നിടത്ത് ചെന്ന് അറിയിക്കകൊണ്ട് കൽപിച്ചാളുവരികയിൽ, പുത്തൻകാവിൽ നിന്ന് നാലു പേരെ അയച്ചിരുന്നു. മാത്തൂത്തരകനും കൂടെ ചെന്ന് തിരുമുമ്പാകെ വച്ച് പല ദിവസവും കാര്യം കേട്ട് പള്ളിവച്ചുകൊള്ളത്തക്കവണ്ണം കൽപന വന്ന് നിത്യാരിയോഗത്തിലേക്ക് സാധനവും തന്ന് വീണ്ടും പള്ളിപണി ചെയ്തുവരുമ്പോൾ, രണ്ടാം വിരോധിച്ചു. ഉടൻതന്നെ നടക്കയും ചെയ്തു. ഇക്കാര്യത്തിന് വളരെ പ്രയത്നം മാത്തൂത്തരകൻ ചെയ്തിരുന്നു. പൊന്നരട്ട പണ്ടാരത്തിൽ ശേഷം പേരോടു കൂടിയുമില്ലാ. പലരും പറഞ്ഞിട്ടും ഇളക്കവും ഭേദവും ഉണ്ടായുമില്ല.

**03.04.03. പുതിയകാവു പടിയോല.** അച്ചനിരുപ്പാൻ പള്ളിയുടെ തെക്കു പീടികയിൽ കോശിക്കത്തനാരും കൊച്ചിട്ടിയും ലോഹന്നൻ മാപ്പിളയുംകൂടെ ചെന്ന് പാർത്ത് ഒരു മുറി പണിയിച്ചു. അപ്പസ്ക്കോപ്പായ്ക്ക് വയസ്സാകകൊണ്ടും പുതിയകാവിലിരുന്നിട്ടുള്ള ബുദ്ധിമുട്ടുകൊണ്ടും വരുത്തിയാറെ, വേണ്ടുംവണ്ണം രക്ഷിച്ച്, അസ്തമിച്ചു ഒരുനേരം രണ്ടുപേരും ഒന്നിച്ച് മേശ കഴിക്കയും ദിവസവും പകലും രാവും പുസ്തകങ്ങൾ വായിക്കയും മെത്രാപൌലിത്താ പഠിക്കയും ചെയ്തുവന്നു.[111] ഇതിനുമുമ്പ് 964-ാമാണ്ട് പുതിയകാവിൽ വച്ച് പുത്തൻ ക്രമം നമസ്ക്കാരവും പട്ടം കെട്ടുകയും കാപ്പയിട്ടു കുറുവാന ചൊല്ലുകയും പെൺകെട്ടും മാമോദിസായും പഴയക്രമം നടന്നു കൊള്ളത്തക്കവണ്ണവും ഒരു പടിയോല എഴുതി. അതിൻവണ്ണം നടന്നുവന്നു.[112]

അച്ചന്റ അനന്തിരവൻ മാത്തൻ കത്തനാർക്ക് കന്നിപ്പട്ടവും കുറുവാനപ്പട്ടവും[113] ബാവാ അത്രെ കൊടുത്ത് പഠിപ്പിച്ചുവരുന്നത്.[114] പഴയകൂറ്റുകാരുടെ കാര്യത്തിന്നും ബാബായുടെ കാര്യം പറഞ്ഞത്രെ നിലനിന്നുവന്നത്. ഇങ്ങനെയിരിക്കുമ്പോൾ മിശിഹാകാലം 1794-ൽ കൊല്ലം 969-ാമാണ്ട് മേടമാസം 7 നു മാറിവാനിയോസ് എപ്പിസ്ക്കോപ്പാ കാലം ചെയ്ത്.[115] ചെങ്ങന്നൂർ തെക്കെകപറുങ്കൽ അടങ്ങുകയും



ചെയ്തു. ഇദ്ദേഹം കാലം ചെയ്തതിന് തലേദിവസം പിസാ ആയിരുന്നു. അന്ന് അച്ചന്റെ അനന്തരവൻ മാത്തൻ കത്തനാർക്കും ബാബായുടെ കൂടെ നിന്ന പീലിപ്പോസ് കത്തനാർക്കും[116] മെത്രാപോലിത്താ കുറുവാന ചൊല്ലി റമ്പസുഖം കൊടുത്തു.[117] അവർ രണ്ടുപേരെയും നല്ലവണ്ണം ബാബാ കാൺകയും ചെയ്തു. അദ്ദേഹത്തിന്റെ കർമ്മങ്ങളും വേണ്ടും വണ്ണം കഴിച്ചു.

ആ ആണ്ടു കർക്കിടക മാസം 4 നു മെത്രാശ്ചൻ മുറിയിൽ ചെന്നു പാർത്ത് കുറുവാനയും ചൊല്ലി,[118] പണിക്കു വേണ്ടുന്നതിനെ വിചാരിച്ചു വരുമ്പോൾ ആ മാസത്തിൽ വലുതായിട്ടൊരു വെള്ളം പൊങ്ങി വേണ്ടുന്ന തടിയും കല്ലും വന്നു കൂടി. ദ്രവ്യച്ചിലവർപ്പു പിടിത്തംകൂടാതെ ചിലവിടുകകൊണ്ടും കമ്പോളക്കാരുടെ പ്രയത്നം കൊണ്ടും വേഗത്തിൽ പണി നടപ്പായി 970-ാമാണ്ട് വൃശ്ചികമാസം 18 ന് മദുബഹായ്ക്ക് വീട്ടുകോളിട്ടു.[119] മകരമാസം 29 ന് ഉത്തരപ്പൊഴുതു കഴിച്ചു. ഓരോരോ സംഗതിക്ക് പണിക്കാർക്കു സമ്മാനങ്ങളും പലരുടെ പേർക്ക് വെള്ളംകുടിയും നിരണത്തു ഇടവകക്കാരുടെപേർക്ക് വരിയിട്ടുപിരിച്ചവക 2000 പറ നെല്ലും, മറ്റുള്ള ആളുകൾ വഴിപാടായിട്ടു ചെയ്തതുമല്ലാതെ, ചെങ്ങന്നൂർ പള്ളി വകയായിട്ടും അച്ചന്റെ വകയായിട്ടും ഏറെ ചിലവിട്ട് പണിചെയ്യിച്ച മദുബഹാ കുറതീർന്ന.

ചെങ്ങന്നൂർ പള്ളിയിൽ നിന്നും കന്യാസ്ത്രീ അമ്മയുടെ രൂപവും,[120] മറ്റുള്ള മുണ്ടുമുറികളും,[121] നിരണത്തു പള്ളിയിൽ നിന്നു പൊലിയാവിളക്കും വരുത്തി 970-ാമാണ്ടു കുംഭമാസം 2 ന് പെരുനാൾക്ക്[122] തമ്പുരാനെ പെറ്റമ്മയുടെ നാമത്തെക്കുറിച്ച് മെത്രാപോലീത്തായുടെ കൈകളാലെ കുരിശും വച്ച് പള്ളികൂദാശയും കഴിച്ച് അദ്ദേഹം തന്നെ ശുദ്ധമാന കുറുവാന അണക്കുകയും ചെയ്തു. അന്നു പാച്ചോറു നേർച്ചയും കഴിച്ച് ആളുകളും വളരെക്കൂടി. വിദ്വാൻമാർക്ക് ഏറെച്ചിലവായി. ഇതിന്റെ ശേഷം അച്ചന്റെ കയ്യിൽ നിന്ന് പണം കൊടുത്ത് ഹത്താലായ്ക്കും പണി ചെയ്യിച്ചു വരുന്നു.[123]

**03.04.04. ഏഴാം മാർതോമ്മായുടെ വാഴ്ച.** മേടമാസത്തിൽ അച്ചൻ ചെങ്ങന്നൂർ വന്നു. മാത്തൂത്തരകൻ വന്നുകണ്ടു. യാത്ര പറഞ്ഞു പോകുമ്പോൾ ചെറിയച്ചനെ വാഴിക്കുന്ന കാർയ്യവും കൽപിച്ചു. അന്നുതന്നെ ഇട്ടിയവര കത്തനാരും കട്ടക്കയവും വന്നുപോയി.[124] ഇതിന്റെ ശേഷം മിശിഹാ കാലം 1796-ൽ കൊല്ലം 971-ാമാണ്ട് മേടമാസം 24 ന് പെരുനാൾക്ക് ചെങ്ങന്നൂർ പള്ളിയിൽവച്ച് റമ്പാച്ചനെ മാർത്തോമ്മാ അപ്പസ്ക്കോപ്പാ ആയിട്ടു വാഴിക്കയും ചെയ്തു. ഇതിന്റെ ശേഷം കായംകുളത്ത് എത്തണമെന്നും എല്ലാപേരും അവിടെ കൂടുമെന്നും എഴുതിവരികകൊണ്ട് കൊല്ലം 972-ാമാണ്ട ചിങ്ങമാസം 20 ന് കായംകുളത്തു ചെന്നു 22 ന് എല്ലാപേരും കൂടി. കൊല്ലത്തു മെത്രാനും ഗോവർണദോരും മാത്തൂത്തരകനും വന്നു. അച്ചൻ പാറ്റുകടവിൽ അവരുടെ പള്ളിയിൽ ചെല്ലണമെന്ന് പറകകൊണ്ട് അവിടെചെന്ന് മെത്രാനുമായിട്ടു കണ്ട് പള്ളിയിൽ കരേറി ലുത്തനിയായും കഴിച്ച് പോരികയും ചെയ്തു.

**03.04.05. വീണ്ടും റോമയിൽ ചേർക്കാൻ ശ്രമം.**പിറ്റെ ദിവസി മെത്രാനും ഇങ്ങോട്ടു വന്നു. പിന്നെയും നാലഞ്ചുദിവസം വന്ന് കാർയ്യങ്ങൾ പറഞ്ഞു പോകയും ചെയ്തു. 15 ദിവസി ഒന്നാകുന്ന കാർയ്യം കൊണ്ട് പറഞ്ഞിട്ടും ഒരു

www.malankaralibrary.com

നിലവരാതെ പിരിഞ്ഞ്. വീണ്ടും കന്നിമാസം 12 ന് വരുന്നുയെന്ന് തരകന്റെ എഴുത്തുവന്നു. 15 ന് ഇട്ടിയവിര കത്തനാരെന്ന തരകന്റെ അനുജൻ മൽപാനും കട്ടക്കയവും മാത്തൻ കത്തനാരും കാഞ്ഞുക്കാരൻ ഔസെപ്പും കൂടെ ഒരു കടുദാസും കൊണ്ടുവന്നു. അതിലെ വാചകം കാർയ്യങ്ങളൊക്കെയുംവച്ച്, ഒടുക്കം രണ്ടു കൂറ്റുകാരും കള്ളാട്ടിൽ ഉറുവാനോസെന്ന എട്ടാമത്തെ പാപ്പായുടെ[125] കാലത്തിൽ കിഴക്കിന്നടുത്ത പള്ളിക്കാർക്ക് കൽപിച്ചിരിക്കുന്ന വിശ്വാസസത്യം ചെയ്യിപ്പിന്നു തക്കവണ്ണം അനുസരിച്ച, മാർപ്പാപ്പാക്കും എഴുതി അയച്ച കൽപന വരുവോളം രണ്ടു കൂറ്റുകാരും നടന്നുവരുന്ന ക്രമം പോലെ നടന്നുകൊള്ളണമെന്നും എഴുതിയിരിക്കകൊണ്ട്, എഴുത്തിട്ട് കൊടുക്കായ്കയാൽ അവർ പോയി.

പിന്നത്തേതിൽ കാർയ്യങ്ങളൊക്കെയും എല്ലാവരും ആയിട്ട്, വിചാരിച്ച് പറയാമെന്നും മെത്രാനോട് കൽപിച്ചിരിക്കൊണ്ട്, വിചാരിച്ച് നിശ്ചയിച്ച് എങ്കിലെല്ലോ പള്ളിയിലോട്ട് വരണ്ടൂയെന്നും മെത്രാന്റെ എഴുത്തുവന്നാറെ, അതിന്റെ മറുപടി എഴുതിയത് എല്ലാപേരും കൂടിവിചാരിച്ച് മേലിൽ അന്നോന്യമായിട്ടും ആയിമോസ്യമായിട്ടും നടക്കേണ്ടുംകാർയ്യം ആകകൊണ്ടത്രെ നിരൂപിച്ചു പറയാമെന്നും പറഞ്ഞതെന്നും, ഇപ്പോൾ ഇതിൻവണ്ണം എഴുതിവന്നത് എന്തുകൊണ്ടെന്ന് അറിഞ്ഞില്ലെന്നും പലരുടെയും നിരൂപണം ഒന്നായിട്ടു വരുത്തുവാൻ ഏറിയ മനഃക്ലേശം ഉണ്ടെന്നും, വയസ്സും, ക്ഷേമസുഖമായിട്ടും ദൈവം തമ്പുരാൻ വച്ചിരിക്കുന്നത് എന്തിനായിട്ടെന്നു അറിഞ്ഞില്ലെന്നും, ഒവിയെക്കുറിച്ച് വരുവാൻ മനസ്സ് ഉണ്ടെങ്കിൽ വന്നുപറഞ്ഞുകൊണ്ട് പോകണമെന്നും മറുപടി കൊടുക്കയും ചെയ്തു. പിന്നെയും പലപ്പഴും എഴുതിവരികയും മറുപടി കൊടുത്തയക്കയും ചെയ്തു വന്നു.[126]

**03.04.06. മെത്രാന്റെ സങ്കട ഹർജി.** വീണ്ടും തരിയതു പറഞ്ഞയച്ചിട്ടു കുഞ്ഞച്ചെറിയതു തരകനും കുർയ്യൻ തരകനും വന്നു പറഞ്ഞകൊണ്ടു പോയി. ഉപായമായിട്ടും ചതിവായിട്ടും പെരുമാറുന്നതത്രെയെന്നു മാത്തുതരകനും അവരുകൂടി നിശ്ചയിച്ചു.[127] മെത്രാൻ മുതൽപേരും കൂടെ ആലപ്പിഴെ ദിവാൻജി അങ്ങത്തെ അടുക്കൽ സംകടവർയ്യോല എഴുതി വൈക്കകൊണ്ടു, കാർയ്യം കേൾക്കുന്നതിന്ന് ആലപ്പുഴെ ചെല്ലണമെന്നു കായംകുളത്തിരിക്കുമ്പോൾ തുലാമാസം 4-ന് ഒരു അരിക്കാരൻ വന്നു. പള്ളി അവിടെ ഇല്ലാഴികകൊണ്ടു സംകടം ബോധിപ്പിക്കുന്നതിന്നു തേവലക്കര വൈദ്യനേയും ചാത്തന്നൂർ കൊച്ചാക്കോ മുതൽ പേരേയും അയച്ച് അവർ ചെന്ന് 25-ാം തീയതി പാർത്തിട്ടും കാണ്മാൻ സംഗതി വന്നില്ല.[128]

ഇതിന്റെ ശേഷം മെത്രാപൌലിത്തായെ പിടിച്ചു വള്ളത്തിൽ കരേറ്റിക്കൊണ്ടു ചെല്ലത്തക്കവണ്ണം വെൺപാപട്ടാളക്കാർ വരുന്നൂയെന്നു ആലപ്പിഴെ നിന്നും ആളു വരികകൊണ്ട് 29 ന് ആലപ്പുഴ ചെന്ന് തരിയതും കുഞ്ഞച്ചെറിയ തരകനുംകൂടെ പല്ലക്കും കൊണ്ട്വന്ന് കരേറ്റി ആലപ്പിഴ പള്ളിയിൽ കരേറ്റി ലുത്തിനിയായും കഴിച്ച് തെക്കെ മാളികയിൽ ഇരുന്നു.[129]

**03.04.07. മെത്രാൻ ആലപ്പുഴയിൽ.** ആലപ്പുഴ ദേശക്കാരുടെ പേർക്ക് 14¹/4 അരിയും കോപ്പുകളും കൊണ്ടുവന്നു വച്ചു. അന്നു തന്നെ തരകനും വന്നു. വൃശ്ചികമാസം 2 ന് നീലകണ്ഠൻ ചെമ്പ്രാപ്പിള്ള കാര്യക്കാർ വന്നിരുന്നു.[130] അങ്ങാടിക്കാരെ വരുത്തി മറപ്പിരയും കുളിപ്പിരയും കെട്ടിക്കയും ചെയ്തു. 3 ന്



ഒരു കൂത്തു പട്ടു കൊടുത്തു 2 കത്തങ്ങളെയും 4 മാപ്പിളമാരെയും കച്ചേരിയിൽ അയച്ച് ദിവാൻജി അങ്ങത്തെ[131] കാൺകയും ചെയ്തു. അന്നുതന്നെ 12 പറ അരിയും ഏറിയ കോപ്പുകളും കൊണ്ട് അരിക്കാരും പാറാക്കാരുംകൂടെ പള്ളിയിൽ വന്നു. അവർക്ക് പൌപത്തു കല്ല്യനും കൊടുത്തു. 4 ന് പള്ളിയിൽ വച്ച് തരകന്റെ പേർക്ക് കൂടിയ പള്ളിക്കാർക്ക് വിരുന്നു കൊടുത്തു. തരകന്റെ വകക്കാരൊക്കെയും അരിയും കോപ്പുകളും കൊണ്ടുവന്നു. അന്ന് അസ്തമിച്ചു കച്ചേരിയിൽ ചെന്ന് 2 കസേര ഇട്ടിരുന്നു പലക്കൂട്ടം കാർയ്യങ്ങളും പറഞ്ഞതിൽ ഒടുക്കം ദൈവത്തിങ്കലും നിങ്ങൾ പലർക്കും നിരക്കുന്നതിൻവണ്ണം അല്ലാതെ നമുക്കു സിദ്ധാന്തമില്ലെന്ന് വേണ്ടും വണ്ണം പറഞ്ഞ് പള്ളിയിൽ പോരികയും ചെയ്തു. ഒന്നും വച്ചില്ലാ. തരകനും കൂടെ ഉണ്ടായിരുന്നു.

ആറിന് ചെൺപ്രാപ്പിള്ള കാര്യക്കാരുടെ പേർക്ക് അരിയും കോപ്പുകളും കൊണ്ടു വന്നു. പിന്നെയും ദിവസേന തരകനും മറ്റു പലരും വെള്ളക്കാരിൽ ഉള്ള ആളുകളും വന്ന് കാൺകയും ഒന്നാകുന്ന കാര്യംകൊണ്ട് പറഞ്ഞാറെ ഒരു നില വരാഞ്ഞിട്ട് 15 നു മെത്രാൻ[132] കലശലായിട്ടു പെത്തോറിന്റെ[133] വീട്ടിൽച്ചെന്നു പാർത്തു. 20 ന് പെത്തോറും തരകനും കൂടെ വന്നു കൊല്ലത്തു മെത്രാൻ മുൻപിൽ പറഞ്ഞതിൻവണ്ണം ഒന്നും അനുസരിക്കുന്നില്ലെന്നും ഇന്നപ്രകാരമെന്നു ഇവിടെ നിശ്ചയിക്കണമെന്നും പറഞ്ഞപ്പോൾ പറഞ്ഞതിനൊന്നും ഭേദം ഇല്ലെന്നു കൽപിച്ചതിന്റെ ശേഷം റോമ്മാ അനുസരിച്ച് സത്യം ചെയ്ത് മൂന്നു സംവത്സരം മുടങ്ങിയിരുന്നേ കഴിവു എന്നും അല്ലാതെ ഒരു പ്രകാരവും നിരപ്പു വരികയില്ലെന്നും പേത്തോരു പറകകൊണ്ട്[134] ആയത് കേട്ടാറെ കഴികയില്ലെന്ന പറഞ്ഞ.മീനമാസം 21 ന് താമസിക്കാതെ പോകേവേണ്ടു എന്നു കൽപിച്ചിയയ്ക്കയും ചെയ്തു.

അന്ന് അസ്തമിച്ച ചെമ്പ്രപ്പിള്ള കാര്യക്കാരും തരകനും കൂടെ വന്ന് ഇങ്ങനെ പറഞ്ഞു പാർത്താൽ പോരായെന്നും രണ്ടു കൂട്ടക്കാരും കൂടെ ഇന്നപ്രകാരമെന്നു നിശ്ചയിച്ച് കാലത്തു കച്ചേരി വന്നു പറയണമെന്നും പറഞ്ഞുപോയാറെ കാര്യം ഒന്നു കേൾക്കണമെന്നും കാര്യക്കാരൻ വരുത്തി പറഞ്ഞയക്കണമെന്നും തരകനോടു പറകകൊണ്ട് കാര്യക്കാരെ വീട്ടിൽ വരുത്തി പറഞ്ഞയച്ച. അതിനായിട്ട് തരിയതു മുതൽ പേര് കച്ചേരിക്ക് പോയി. ദൈവസഹായത്താൽ ഞങ്ങടെ പ്രേയത്നത്തിനു കുറവില്ലാ. അവര് അവരുടെ സിദ്ധാത്തെ അവിടെ കൈക്കൊണ്ടില്ല. കൽപ്പനയോടുകൂടെ മുട്ടുപ്പാടയിട്ടുള്ള പ്രയത്നതത്താൽ ഉടയവന്റെ തിരുമനസ്സാലെ ദിവാൻജി അങ്ങത്തിന്നും ചെമ്പ്രാപ്പിള്ള കാര്യക്കാരും യാത്ര പറഞ്ഞു.[135]

**03.04.08. ചർച്ച പൊളിയുന്നു.** 21 -ന് തരകന് വയറ്റിപ്പൊക്കായിട്ടു വളരെ കടുത്തു. 22 ന് കൊല്ലത്തു മെത്രാൻ പോയി. 28 ന് പിന്നെയും വന്നു. തരകന്റെ ദീനം ഭേദം വന്ന ഉടൻ തരിയതിന് ദീനം തുടങ്ങി. ഏറിയ ശികിത്സകൾ ചെയ്താറെയും ഭേദം വന്നില്ല. മകരമാസം 12 ന് മരിച്ചു.[136] അതിൽ പിന്നെ തരകന്റെ ബുദ്ധി കടുത്തതല്ലാതെ ഒട്ടും കുറവില്ല. മെത്രാനെ ചെന്ന് കാണണമെന്നു ദിവൻജി അങ്ങുന്ന് പറഞ്ഞിട്ടും കേട്ടില്ല. അതിൽ പിന്നെ തരകൻ വന്നുകണ്ടില്ല. ഇതു കാരണാൽ പലകൂട്ടം ചെലവും പ്രയത്നവും വേണ്ടിവന്നു. 29 ന് അസ്തമിച്ചു കാര്യക്കാർ പറകകൊണ്ട് തരിയതു പല്ലക്കു കൊണ്ടുവന്നു. 12 മണിക്ക് പഴയങ്ങാടിയിൽ വന്ന് വള്ളം കരേറി നിരണത്തിനു പോരികയും ചെയ്തു.

www.malankaralibrary.com

അവിടെ വന്ന കോപ്പുകളിൽ ഏതാനും മുറിയിലിട്ടേച്ച് പോന്നു. നിരണത്തടുത്തു. പീലിപ്പോസു റമ്പാച്ചനും മറ്റും പിന്നാലെ വന്നു.

പിറ്റെ തിയതി ധനു മാസം 1 നു നോമ്പു തുടങ്ങി. തുലാമാസം 1 നു മുതൽക്കു കായംകുളത്തു വച്ച് നൊയമ്പു തുടങ്ങിയാറെ വീടിയില്ലാ. അതുകൊണ്ട് ശത്രുക്കളുടെ ഉപദേശത്തിൽ നിന്നും ചൈത്താന്റെ പരീക്ഷയിൽ നിന്നും രക്ഷപ്പെട്ടു. കൂടിയ ദേശക്കാരൊക്കെയും ഓരോ അടിയന്തിരം പറഞ്ഞുകൊണ്ടു പോയി. ഏതാനും കത്തങ്ങളും മാപ്പിളമാരും ഉണ്ടായിരുന്നു. ഇതിനിടയിൽ ഉണ്ടായ കാര്യങ്ങൾ ഒക്കെയും എഴുതുവാൻ കഴികയില്ല.

**03.04.09. ധർമ്മ രാജാവിന്റെ അന്ത്യം.** 973-ാമാണ്ടു കന്നിമാസം 18 ന് വല്യങ്ങത്തെ[137] ദീനം കാൺമാൻ ആലപ്പുഴക്ക് കൊച്ചിട്ടി പോയാറെ പൊന്നുകെട്ടിയ പിരമ്പും ഒരു സാൽവയും സമ്മാനമായിട്ട് ഇങ്ങോട്ടു കൊടുത്തയച്ചു. ആയാണ്ട് കുംഭമാസം 6 ന് വല്യതമ്പുരാൻ നാടു നീങ്ങി.

**03.04.10. പണ്ടാരി പൗലൂസ് മെത്രാൻ.** ബഗുദാസിൽ നിന്നും കൽദായക്കാരും യോസേപ്പു കത്തനാരും ഉറുമ്മിസു കത്തനാരും മികായെൽ എന്ന മാപ്പിളയും 30 ന് വെളുത്തപ്പോൾ മാത്തൂതരകൻ പറഞ്ഞയച്ചിട്ടു പോയിരുന്ന പണ്ടാര പൌലൂസ് മെത്രാന്റെസ്ഥാനവും ഏറ്റ് അയാളും കൂടെ ആലപ്പുഴെ വന്നിറങ്ങി.[138] ബഗുദാസിലിരിക്കുന്ന പാത്രിയർക്കീസ് മെത്രാപൊലിത്താക്ക് കൊടുത്തയച്ച കടുദാസും കൊണ്ട് കത്തങ്ങൾ രണ്ടു പേരും മികായേലും അന്തോണിയും കട്ടക്കയത്തിൽ അവരാക്കത്തനാരും പ്രക്കാട്ടു കൊച്ചിട്ടി കത്തനാരും കൂടെ അശ്ചനെ കാണാൻ മിഥുന മാസം 9 ന് ചെങ്ങന്നൂർ വന്ന് 2 തിയതി പാർത്തു പോകയും ചെയ്തു.

**03.04.11. മാത്തു തരകനു ഭരണാധികാരം.** 974-ാമാണ്ട് മീനമാസത്തിൽ വല്യ ദിവാൻജി കഴിഞ്ഞു. ഇതിന്റെ ശേഷം മുൻ 72-ാ മാണ്ടു മുതൽക്ക് നീലകണ്ഠൻ ചെമ്പ്രാപ്പിള്ള കാര്യക്കാരും മാത്തൂത്തരകനും തമ്മിൽ നിരപ്പില്ലായ്കകൊണ്ട്, തരകൻ തിരുവനന്തപുരത്തു ചെന്ന് വേണ്ടുന്ന ആളുകളെയും കൂട്ടി വിചാരിച്ച് അടക്കി. വിചാരത്തിനു വടക്കുപുറത്തുള്ളതിൽ ഒരു നമ്പൂരിക്ക് വല്യസർവാധിയും[139] ചങ്കരനാരായണ ചെട്ടിക്ക് വല്യമേലെഴുത്തും കൊടുപ്പിച്ചു. ചെമ്പ്രാപ്പിള്ള കാര്യക്കാരെ വരുത്തി മുദ്രികയും വൈപ്പിച്ചു ഏറിയ ഞെരുക്കൾ ചെയ്യിച്ച് മുതൽ കാര്യങ്ങളും കണ്ടുകെട്ടി എടുപ്പിച്ചു.[140] ഇതിൻ വണ്ണം ഓരോ കൂട്ടം നടത്തി വരുമ്പോൾ, ആയാണ്ടിൽ ഗോവർണദോര് കഴിഞ്ഞുയെന്ന് കേൾക്കകൊണ്ട്, തരകൻ വന്ന് പണ്ടാരി പൌലൂസ് മെത്രാനെ ചങ്ങനാശ്ശേരിയിൽ വരുത്തി, മറ്റാരും ബോധീരാതെ കട്ടക്കയത്തിൽ അവുരാ കത്തനാർക്ക് ഗോവർണദോരിന്റെ സ്ഥാനം കൊടുപ്പിച്ചു.[141]

**03.04.12. മാത്തു തരകന്റെ പീഡനം.** മാർഗകാര്യവും രാജ്യകാര്യവും മാത്തു തരകന് ബോധിച്ചതിൻവണ്ണം നടന്നും നടത്തിയുംവരുമ്പോൾ, മുൻപിനാൽ കരുതിയിരിക്കുന്നതിനെ സാധിക്കണമെന്നു നിശ്ചയിച്ച്, ചെമ്പ്രാപ്പിള്ള കാര്യക്കാരുടെ വകയായിട്ടുള്ളതിൽ 2 പെട്ടകം മാർത്തോമൻ മെത്രാന്റെ പറ്റിൽ ഇരിപ്പുണ്ടെന്നും,[142] അതു പ്രമാണിച്ച് മുതൽ കണ്ടുകെട്ടി എടുപ്പിക്കണമെന്നും, നിരണത്തും ചെങ്ങന്നൂരും പുത്തൻകാവിലും ഏറിയ മുതൽ ഉണ്ടെന്നും, ഈ പള്ളി



മൂന്നും, മെത്രാന്റെ വകയും കണ്ടു കെട്ടി എടുപ്പിക്കണമെന്നും ബോധിപ്പിക്കകൊണ്ട്, നമ്പൂരി വല്യ സർവാധികാര്യക്കാരുടെ സാധനം,[143] മാവേലിക്കര മുഖത്തു ഈശ്വരപിള്ള സർവാധികാര്യക്കാർക്ക് എഴുതി വന്നതിനാൽ 74-ാമാണ്ടു ഇടവമാസം 3 ന് നിരണത്തു പള്ളിയും പുത്തൻകാവിൽ പള്ളിയും കണ്ടുകെട്ടി കാവലും വച്ചു.

കാര്യക്കാരുടെ വക ഏതാനും മെത്രാന്റെ പറ്റിൽ ഉണ്ടോയെന്നു ചോദിച്ചാറെ ആയതില്ലെന്നും, സംകടം ബോധിപ്പാൻ മാത്തൂത്തരകന് സാധനവും കൊടുത്ത് തിരുവനന്തപുരത്തിന് ആളയച്ചാറെ, ചെങ്ങന്നൂർ പള്ളി കണ്ടുകെട്ടിയില്ലെന്ന് അറികകൊണ്ട്, തിരുവാർപ്പിക്കാരൻ കൃഷ്ണപിള്ള സർവാധികാര്യക്കാരരെ[144] പറഞ്ഞു ചട്ടംകെട്ടി തരകന്റ മനസുപോലെ ഒക്കെയും ചെയ്യുന്നതിനു വേണ്ടുന്ന സാധനങ്ങളും കൊടുത്തതായതിന്റെ ശേഷം യോഗീശ്വരൻ വല്യമേലെഴുത്ത് പിള്ളയും കൂടി ത്രിച്ചിറ്റാറ്റു നടയിൽ വന്നിരുന്നുംകൊണ്ട് ഇടവമാസം 8 ന് വാണപ്പുള്ളിയിൽ നിന്നും 20 പേരെ ചെങ്ങന്നൂർ പള്ളിക്കു കാവലാക്കുകയും ചെയ്തു.

പുറത്തുനിന്നും പലകൂട്ടവും അകത്തോട്ടു കൊണ്ടുവന്നല്ലാതെ കഴികയില്ലെന്നു വരികകൊണ്ട്, ബുദ്ധിമുട്ടിയപ്പോൾ കാര്യക്കാരുടെ പെട്ടകം ഇരിപ്പുണ്ടെങ്കിൽ ശോധന ചെയ്യിച്ച് എടുപ്പിച്ചുകൊള്ളണമെന്നു അവരു മൂന്നുപേർക്കും സാധനം കൊണ്ടു ചെന്നു കൊടുത്താറെ, കൂടിവിചാരിച്ച് മൂന്നാം ദിവസം 11 ന് എല്ലാവരും കൂടെ പള്ളിയിൽ വന്നു. കൃഷ്ണപിള്ള സർവാധികാര്യക്കാരും, ഈശ്വരപിള്ള സർവാധികാര്യക്കാരും, ദേവൻപത്മനാഭൻ മേലെഴുത്തു പിള്ളയും മാവേലിക്കര തെക്കും വടക്കും രണ്ടു കാര്യക്കാരൻമാരും, പിള്ളമാരും മുളകുമടിശ്ശീല പിള്ളമാരും, പുള്ളിയിൽ യജമാനൻമാരും, പ്രവൃത്തിക്കാരൻമാരും, കല്പിച്ചയച്ച ജെമെതാരും, ശേഷം പേരും കൂടെ അഞ്ഞുറ്റി ചില്വാനം പേരുണ്ടായിരുന്നു. വല്യമേലെഴുത്തുപിള്ള അന്ന് കുട്ടൻപേരൂർക്കുപോയി.

**03.04.13. മെത്രാൻ തടവിൽ.** പ്രമാണികൾ മാളികയിൽ കരേറിയാറെ, കീഴുമര്യാദയും സംകടങ്ങളും വർത്തമാനം ആയിട്ട് കല്പിച്ച് നിവൃത്തിയ ഉടൻ[145] താഴത്തിറങ്ങട്ടെയെന്നു പറഞ്ഞുകൊണ്ട് കൃഷ്ണപിള്ള സർവാധിക്കാര്യക്കാരു മുതൽ പേര് ഇറങ്ങി പടിപ്പുരയിൽ ചെന്നു കൂടിവിചാരിച്ച് രണ്ടു പെട്ടകം ഇരിപ്പുള്ളതു തരണമെന്ന് ആളുപറഞ്ഞയക്കുകയും, ഉണ്ടെങ്കിൽ എടുപ്പിച്ചു കൊള്ളുന്നതിന് നമുക്ക് മറ്റൊന്നില്ലെന്ന് കൽപിക്കയും, ഇങ്ങനെ രണ്ടു മൂന്നു പ്രാവശ്യം കഴിഞ്ഞ ശേഷം, പെട്ടകത്തിന്റെ കാര്യം അല്ലെന്നും മെത്രാന്റെ വകയും, ചെങ്ങന്നൂർ പള്ളിവകയും, നിരണത്തു പള്ളിവകയും ഏറിയമുതലുള്ളത് കണ്ടുകെട്ടി എടുപ്പിച്ച് മുളകുമടിശ്ശീലയിൽ ഏൽപിക്കത്തക്കവണ്ണം കൽപന വരികകൊണ്ടത്രെ ഞങ്ങൾ എല്ലാവരുംകൂടെ വന്നതെന്നും പറഞ്ഞതിന്റെ ശേഷം, ഇതു വരെയും വേണ്ടും വണ്ണം കൽപിച്ച് രക്ഷിച്ചു വന്നു എന്നും, പെട്ടകം ഇരിപ്പുണ്ടെങ്കിൽ എടുപ്പിച്ചു കൊള്ളണമെന്നും, കണ്ടുകെട്ടി എടുപ്പിക്കുന്നതിന് നാം കാണിച്ച നേരുകേട എന്തെന്നറിഞ്ഞില്ലെന്നും, ഇന്നകാര്യമെന്ന് പറഞ്ഞാൽ അനുസരിക്കാമെന്നും, ഇപ്രകാരം കൽപന വന്നു എങ്കിൽ ഈ പള്ളി തന്നെ അല്ല മറ്റുള്ള പള്ളികളിലെയും മുതൽ കാര്യങ്ങൾ എടുപ്പിച്ചുകൊള്ളണമെന്നും, ഏതുപ്രകാരമെങ്കിലും സംകടം തിരുമനസ്സറിയിക്കുന്നതിന് ഒരു ഇട തന്നു എങ്കിൽ കൊള്ളാ

www.malankaralibrary.com

മായിരുന്നു എന്നും,[146] കൽപിക്കകൊണ്ട്, അവരു കൂടിവിചാരിച്ച് 20-ാം തിയ്യതിയോളം ഒരു അവധി വച്ച്, അതിനകം ബോധിപ്പിച്ചു കൊള്ളണമെന്നും, അത്രപ്പഴു പ്രവൃത്തിയിലുള്ള നായൻമാരും കൂടെ കാവൽ പാർക്കത്തക്കവണ്ണവും വ്യവസ്ഥ വരുത്തി എല്ലാവരും പിരികയും ചെയ്തു.

**03.04.14 മുതൽ കണ്ടുകെട്ടുന്നു.** സങ്കടം ബോധിപ്പിക്കുന്നതിന് പുതിയകാവിൽ വടക്കെത്തലക്കൽ മൂപ്പൻ കത്തനാരച്ചനെയും പുത്തൻകാവിൽ ചെറിയാൻ തരകനെയും മേപ്രാൽ കണിയാന്ത്ര കുഞ്ഞുതൊമ്മി തരകനെയും തിരുവല്ലാ കോവൂർ കുഞ്ഞുകോരുളയും 11 ന് തന്നെ തിരുവനന്തപുരത്തിന് അയച്ചാറെ 20-ാം തിയ്യതിയോളും അവരു വരാത്ത കൊണ്ടും,[147] അന്നു കാലത്ത് മേലെഴുതിയ യജമാനൻമാരും പട്ടാളക്കാരും ആരാച്ചാരും കൂന്താലിയും തൂമ്പായും ഇങ്ങനെ ഏറിയ പുരുഷാരം വന്ന് കരേറിയതിന്റെശേഷം മാളികയിൽ ചെന്ന് നീട്ടോ സാധനമോ മെത്രാൻ വരുത്തിയിട്ടുണ്ടെങ്കിൽ കാണണമെന്നു ചോദിച്ചാറെ, ഇവിടെനിന്നും അയച്ച ആളുകൾ വന്നില്ലെന്നു  കൽപിച്ചാറെ, അവരു വരികയില്ലെന്നും ഏറിയ കലശലായിട്ടു ഞങ്ങൾക്ക് എഴുതി വന്നിരിക്കുന്നു എന്നും പറകകൊണ്ട്, കൽപനപോലെ നടത്തിക്കൊള്ളണമെന്നും കല്പിച്ചാറെ അനുസരിച്ച് മുറി തുറന്ന് പട്ടകങ്ങളും മുണ്ടുമുറികളും പൂജാപാത്രം ആദിയായിട്ടുള്ള വസ്തുക്കൾ ഒക്കെയും എടുപ്പിച്ച് എണ്ണം കണ്ട്, ചെങ്ങന്നൂർകാരൻ പുവണഞ്ചാൻ തട്ടാനെ വരുത്തി പൊന്നും വെള്ളിയും കാച്ചിതൂക്കി വർയ്യോലയും എഴുതി പെട്ടകങ്ങളൊക്കെയും പൂട്ടിവച്ചുംകൊണ്ട്, മുതൽ കാർയ്യങ്ങൾ. കുഴിച്ചു വച്ചിട്ടുണ്ടെന്നും ശോധന ചെയ്യുന്നതിന് പറഞ്ഞുംകൊണ്ട്, പള്ളിയകവും കല്ലറയും കപ്യാരുടെ പറമ്പും പടിഞ്ഞാറെ പറമ്പും കിളപ്പിച്ചാറെ ഒന്നും കാണായ്കൊണ്ട് പീടികയിൽ കത്തനാരുമുതൽ പേരെയും ചേമ്മാശന്മാരെയും വാലിഭക്കാരെയും ത്രിച്ചിറ്റാറ്റു കൊണ്ടുപോയി.

**03.04.15. പീഡനം.** മേശെക്കു വയ്ക്കുന്ന വെൺമണി വർക്കിയെയും, സാധനം എഴുത്തു ശ്രാപിക്കൽ കൊച്ചുവറുക്കി മുതൽപേരെയും കൂട്ടിക്കൊണ്ടു ചെന്ന് പിടിച്ചുകെട്ടി അടിപ്പിച്ചു. പിള്ളേരെയും പുത്തൻകാവിൽ നിന്നും വന്നതിൽ രണ്ടുമൂന്നു പേരെയും വിലങ്ങിട്ടു. പിന്നെയും പലകൂട്ടം ഞെരുക്കങ്ങൾ കത്തങ്ങളോടും പിള്ളേരോടും ചെയ്വാൻ തുടങ്ങുക കൊണ്ടും പീലിപ്പോസ്റമ്പാനെ വരുത്തി ഞെരുക്കം ചെയ്യണമെന്ന് പറകകൊണ്ടും, പുത്തൻകാവിൽ 16 വീട്ടിലും ചെങ്ങന്നൂർ 4 വീട്ടിലും പൂട്ടിക്കെട്ടി കാവൽ പാർക്കകൊണ്ടും, പുറമെനിന്നു വന്നിട്ടുള്ള കത്തങ്ങളും മാപ്പിളമാരും ചെങ്ങന്നൂരുള്ള മാപ്പിളമാരും ഒളിച്ചുപോകകൊണ്ടും, മതുക്കത്തൊട്ടും മാളികയിലോട്ടും ഒരുത്തരും കടക്കരുതെന്ന് ചട്ടം കെട്ടിയിരിക്കകൊണ്ടും, ഈ ദിവസത്തിൽ കഞ്ഞി കുടിയ്ക്കാകകൊണ്ടും കറുപ്പു തിന്നായ്കയാലും പാരം വിശന്ന് മനസ്സു മുട്ടുകകൊണ്ടും, ജാതിയിലൊരുത്തരെ കാൺമാനിടവരാതെ ഏറിയ ഞെരുക്കം ചെയ്യിച്ച് നാണക്കേടു വരുത്തണമെന്നു ശത്രുക്കൾ നിശ്ചയിച്ചു തുടങ്ങിയിരിക്കകൊണ്ടും, കാരണവൻമാരുടെ കാലത്തിലും 65 വയസ്സിന്നകവും ഇതിൽ വണ്ണമുള്ള ബുദ്ധിമുട്ടിന്നു സംഗതി വന്നിട്ടില്ലെന്നും, കത്തങ്ങളെയും മാപ്പിളമാരെയും പിള്ളേരെയും മതുക്കകത്തു കരേറ്റാതെ പാർക്കയാൽ പാരം വിശപ്പും ദാഹവും ഉണ്ടായി.[148]

ഒരു കരിക്കിട്ടുകിട്ടിയെങ്കിൽ കൊള്ളാമെന്നു കൽപിക്കകൊണ്ട് കുഞ്ചുകൂട്ട



ക്കാരരിൽ ഒരുത്തൻ ഒരു നായരെ തെങ്ങിൽ കരേറ്റി കരിക്കിട്ടു പിച്ചച്ചെത്തികൊണ്ടുചെന്നു കൊടുക്കയും ചെയ്തു. ഇതിന്റെ ശേഷം ഒരു പാറാജനം തോക്കും കൊണ്ട് മാളികയിൽ കരേറി മെത്രാനെ മുട്ടുമറിപ്പായിട്ട് മറിച്ചു കൊള്ളത്തക്കവണ്ണം പറഞ്ഞയച്ചത്[149] പ്രമാണിച്ച് അവരുവന്ന് പടയണിയിട്ട് പാർക്കയാൽ, കുറഞ്ഞൊരു കഞ്ഞികുടിപ്പാൻ ഇട വന്നാൽ ഒക്കെക്കും നില വരുത്താമെന്നും, ആരോടും ഒരു ചോദ്യവും ഞെരുക്കവും ചെയ്യണ്ടായെന്നും, മുതൽ കാര്യങ്ങളും വരുത്തി കൊടുക്കാമെന്നും കൽപിച്ചതിനെ, കാവൽക്കാർ ചെന്നു പറഞ്ഞ ഉടൻ എല്ലാവരും കൂടെ മാളികയൽ കരേറി. എപ്പോൾ വരുത്തുമെന്നു ചോദിച്ചാറെ 24 ന് വരുത്തിത്തരുമെന്നും കൽപിച്ചു. കത്തങ്ങളെയും പിള്ളെരെയും മറിപ്പൊഴിഞ്ഞ് വിലങ്ങിട്ടവരെ അഴിക്കയും ചെയ്തു .

**03.04.16. മാത്തു തരകന്റെ ഒരുലക്ഷത്തിരുപത്തയ്യായിരം രൂപാ.** ഇങ്ങനെ പാർക്കുമ്പോൾ മാത്തൂത്തരകനും വടക്കെത്തലക്കത്തനാർ മുതൽപേരും ആലപ്പിഴ വന്ന പ്രകാരം കേൾക്കകൊണ്ടും, പത്മനാഭൻ  ചെമ്പ്രാപ്പിള്ള വല്യസർവാധിക്കാരരും[150] അവിടെ ഇരിക്കകൊണ്ടും, ഈ സങ്കടം ബോധിപ്പിപ്പാൻ രണ്ടു പേരെ അയയ്ക്ക എന്നും നിശ്ചയിച്ച്, വല്യപെരുമ്പിഴ മാത്തനെയും ഇട്ടിമാത്തൂത്തരകനെ ആലപ്പിഴയ്ക്കയച്ചാറെ, മാത്തൂത്തരകനെ കണ്ടു പറഞ്ഞപ്പോൾ ലക്ഷത്തിരുപത്തയ്യായിരം രൂപാ കൊടുത്താൽ മറിപ്പൊഴിക്കാമെന്നും അല്ലെങ്കിൽ നീലകണ്ഠൻ ചെമ്പ്രപ്പിള്ള കാര്യക്കാരെ ചെയ്യിച്ചവണ്ണം ഉള്ള ശിക്ഷ മെത്രാനെയും ചെയ്യിക്കുമെന്നും തരകൻ പറഞ്ഞ പ്രകാരം  കേൾക്കകൊണ്ടും[151] ചെല്ലുന്നതിൽ ഒരുത്തരും തിരിച്ചുവരായ്ക കൊണ്ടും തനതുവക മുതൽകാർയ്യങ്ങളും ചെങ്ങന്നൂർ പള്ളിവകയായിട്ടുള്ളതും 24-ന് കൊടുത്താറെ 60,000 കല്യന്റെ വക ഉണ്ടായിട്ടു പോരായെന്നും, അധിക്ഷേപമായിട്ടുള്ള വാക്കുകളും പറഞ്ഞ്, രൂപാ കെട്ടിത്തന്നില്ലെങ്കിൽ മെത്രാനെ പിടിച്ചുകൊണ്ടു ചെല്ലത്തക്കവണ്ണം ഇപ്പോൾ ആലപ്പുഴെനിന്നും എഴുതി വരികകൊണ്ട്, ഒരു പാറാജനം ഇട്ടൊരുങ്ങി മാളികയിൽചെന്ന് മെത്രാനെ പിടിച്ചിറക്കികൊണ്ടു വരണമെന്ന് പറഞ്ഞയയ്ക്കകൊണ്ട് അന്നേരം തന്നെ വേണ്ടുന്ന കോപ്പുകൾ ഒന്നും എടുക്കാതെ മാളികയിൽ നിന്നും താഴെ ഇറങ്ങി, നടപ്പാൻ വയ്യായ്കകൊണ്ട് ഡോലി മാത്രം എടുപ്പാൻ അനുവാസം കിട്ടി.[152]

**03.04.17. മെത്രാൻ തത്തംപള്ളിൽ.** മാപ്പിളമാരൊക്കെയും പുറപ്പെട്ട് പോകകൊണ്ട് യജമാനൻമാർതന്നെ തെരുവിലിറങ്ങി, നാലഞ്ചു മാപ്പിളമാരെ കൊണ്ടുവന്നു. മുതൽകാര്യങ്ങളൊക്കെയും വച്ചുപൂട്ടി, പെട്ടകവും താക്കോലും അവരുടെ പറ്റിൽതന്നെ, ഇവിടെ കണക്കുമില്ല. അഞ്ചു നാഴിക പലെ എറെപിഴക്കടവിൽ ചെന്നു വള്ളവും ഓന്നുകാരെനെയും അമ്പേഷിച്ചിട്ടില്ലാഴ്കകൊണ്ട്, എട്ടു നാഴിക രാചെല്ലുവോളം കടവിലിരുന്നു. കല്ലിച്ചേരിയിൽനിന്നും ഉപ്പു വാരിഇറക്കി വള്ളം വരുത്തി നീക്കിയപ്പോൾ, കർമ്മങ്ങളും മുടിച്ച് 30 തീയതി പാർത്തിട്ടും, ഒരു തുണ കാണായ്കകൊണ്ടും, മുതൽ കാര്യങ്ങൾ എല്ലാം കൊടുത്തിട്ടും, ആലപ്പിഴെക്കു ചെല്ലണമെന്ന് വരികകൊണ്ടും, ശത്രുക്കളുടെ വചനത്തെ ഓർക്കകൊണ്ടും, ദൈവം തമ്പുരാനല്ലാതെ ഒരു ശരണം ഇല്ലെന്നും, സങ്കടത്തോടുകൂടെ അവിടെ സാക്ഷിച്ചുംകൊണ്ട് 25-ന് തത്തംപെള്ളിൽ മാത്തുത്തരകന്റെ വീട്ടിൽ അടുത്താറെ, കരെ ഇറങ്ങിക്കൂടായെന്ന് പാറാക്കാർ പറകകൊണ്ട്, വള്ളത്തിൽ

www.malankaralibrary.com

എഴുന്നേറ്റു നിൽക്കകൊണ്ട്, ഇറങ്ങുവാൻ തരകന്റെ അനുവാസം വന്നു. അവിടെ ഇറങ്ങി പഴയ പുരയുടെ മംഗളാവിൽ പാർത്തു

തരകന്റെ അനുജൻ ഇട്ടിഉരാകത്തനാരും കട്ടക്കയത്തിൽ അവിരാകത്തനാരും[153] പ്രക്കാട്ട് കൊച്ചിട്ടിക്കത്തനാരും ശേഷം അവരിൽ വേണ്ടത്തക്ക ആളുകളൊക്കെയും അവിടെ ഉണ്ടായിരുന്നു. പണ്ടാരി പൗലൂസ് മെത്രാൻ തത്തംപള്ളിയിലും പാർക്കുന്നു. പുത്തൻകുറ്റുകാർ കത്തങ്ങളും മാപ്പിളമാരും മിക്ക ആളുകളും ഉണ്ടായിരുന്നു. തരകൻ വന്നു കണ്ടില്ല. പുത്തൻകുറ്റിൻപൊറത്തുള്ള മാപ്പിളമാരുടെ വീടുകളൊക്കെയും കണ്ടുകെട്ടി മുതൽ എടുക്കത്തക്കവണ്ണം വരിയോല എഴുതി ആളുകളെ അയച്ചിരിക്കുന്നു എന്നു കേൾക്കകൊണ്ട് എല്ലാപേരും തരകന്റെ പിന്നാലെ ചുറ്റുന്നു. എന്തെങ്കിലും അനുസരിക്കണമെന്നും അല്ലെങ്കിൽ പൊറുതി ഉണ്ടാകയില്ലെന്നും കത്തങ്ങളും മാപ്പിളമാരും കൂടെക്കൂടെ അറുവിക്കുന്നു.[154]

**03.04.18. മാത്തു തരകന്റെ പ്രതാപം.** തരകന്റെ ശക്തിയും ദ്രവ്യത്തിന്റെ അവസ്ഥയും പറവാൻ കഴികയില്ല. യജമാനൻമാരൊക്കെയും അയാളുടെ വീട്ടിൽ വന്ന് സംകടം പറഞ്ഞ് പാർക്കുന്നു. മലയാളംഅടക്കം കുത്തകയും, പരദേശങ്ങളിൽ കപ്പലോട്ടവും, ഇങ്ങനെ ബഹുമാനത്തോടു നടന്നു വരമ്പോൾ, മുൻപിൽ കരുതിയിരിക്കുന്ന നില സാധിപ്പാനായിട്ടു ഇദ്ദേഹത്തെ റോമായ്ക്ക് വഴക്കം ചെയ്യിക്കണമെന്നും പത്തീറ എടുത്ത് ചൊല്ലിക്കണമെന്നും നിശ്ചയിച്ചു. മുൻപിൽ പലപ്പോഴും പറഞ്ഞുവരുന്ന കാര്യത്തിന് ഇതുവരെയും ഒരു നില വന്നില്ലല്ലോ എന്നും ഞങ്ങൾ പറയുംവണ്ണം അനുസരിക്കുമെങ്കിൽ എല്ലാ കാര്യങ്ങൾക്കും ഗുണം വരുമെന്നും തരകനെ ഇവിടെ വരുത്താമെന്നും, മെത്രാനും കത്തങ്ങളും ചില മാപ്പിളമാരുംകൂടെ രണ്ടുമൂന്നു ദിവസം വന്നുപറകകൊണ്ടും, തരകൻ മുതലാളി പറയുംവണ്ണം അനുസരിച്ചില്ലെങ്കിൽ അയാൾ നിരൂപിക്കുംവണ്ണം ഒക്കെയും കഴിയുന്ന കാലമാകകൊണ്ട് ഞങ്ങളൊക്കെയും മുടിയുമെന്നും പുത്തൻകുറ്റുപുറത്തുള്ള മാപ്പിളമാരും കത്തങ്ങളും അറിയിക്കകൊണ്ടും അതിൽവണ്ണംതന്നെ എന്നു അനുസരിച്ചാറെ, വചനം പോരായെന്നും, ഏറിയ കാലം ഇതിന് വേല ചെയ്ത് നടക്കുന്നു എന്നും പടിയോലയായിട്ട് അങ്ങോട്ടുമിങ്ങോട്ടും എഴുത്തുവേണമെന്നും അവർ പറകകൊണ്ട്, നിങ്ങൾക്ക് ബോധിച്ചതിനുവണ്ണം ഒക്കെയും എഴുതിക്കൊണ്ടു വന്നാൽ എഴുത്തിട്ടു തരുമെന്നും കൽപിച്ചപ്പോൾ, അതിനുവണ്ണം ചെന്നുപറഞ്ഞ്, അവരു കൂടിവിചാരിച്ചതിന്റെ ശേഷം, തരകൻ കാൺമാനു വന്നു. കാര്യങ്ങളൊക്കെയും വേണ്ടും വണ്ണം നിദാനം വരുത്തി അയയ്ക്കാമെന്നും ഇനിയും ഒരു ബുദ്ധിമുട്ടിന് ഇടവരില്ലെന്നും തരകൻ പറഞ്ഞുകൊണ്ടു പോയി.

**03.04.19. മെത്രാനെ കീഴടക്കുന്നു.** എല്ലാപേരും കൂടിവിചാരിച്ച് രണ്ടു കടുദാസും എഴുതിയതിൽ, അനേകം ഒക്കെയും വാചകം വച്ച്, ഒടുക്കം മാർഗ്ഗനാത്ത്യോസിനെ കടലിൽ കെട്ടി താഴ്ക്കകൊണ്ടും അന്നു മട്ടാഞ്ചേരിക്കൂടി സത്യം ചെയ്തതിന്ന് രണ്ടു കൂറ്റുകാരും ചില വഴക്കു കൊണ്ടു വേർതിരികകൊണ്ടും, ഉദയംപേരൂർ സുനഹദോസിൽ കൽപിച്ചപോലെ റോമാവഴങ്ങി നടന്നു കൊള്ളുമാറ്, ഈ അവസ്ഥ മാർപ്പാപ്പായ്ക്ക് എഴുതി അയച്ച് കിഴക്കിനടുത്തവർക്ക് കൽപിച്ച വിശ്വാസം പോലെ സത്യം ചെയ്തു നടന്നുകൊള്ളുമാറ് സമ്മതിച്ച് ഇതിൽവണ്ണം എഴുതിക്കൊണ്ടു വന്നതിനെ വായിച്ചു കേൾക്കണ്ടായെന്നും കൽപിച്ച് എഴുത്തിട്ടു കൊടുക്കുകയും ചെയ്തു.[155] അന്നേരം കൂടിയ ആളുകളും എഴുത്തിട്ടു. അവരെഴുതിയതിനു എഴുത്തിട്ടു ഇങ്ങോട്ടും തന്നു. ഇതിന്റെ ശേഷം പത്തീറാ എടുത്ത് അടുത്തതന്നെ ഒരു കുറുവാന ചൊല്ലണമെന്നു അറിയ്ക്കകൊണ്ട്, ഇടവമാസം 29 ന് തിങ്കളാഴ്ചനാൾ തത്തംപള്ളി പള്ളിയിൽ ചെന്ന് കുറുവാന ചൊല്ലുകയും ചെയ്തു. ഏറിയ പുരുഷാരം കൂടിയിരുന്നു. എല്ലാപേരും അനുസരിച്ച് കൈയും മുത്തി മാളികയിൽ പാർത്തു. കൂടിയ ആളുകൾക്കൊക്കെയും വിരുന്നു കൊടുത്തു.



**03.04.20. മുതലും സമ്മാനവും.** പിറ്റെ ദിവസം തരകന്റെ വീട്ടിൽ വന്നപ്പോൾ, കണ്ടുകെട്ടി എടുത്തുകൊണ്ട്പോയ മുതൽകാർയ്യങ്ങളൊക്കെയും അല്ലാതെ ഒരു പെട്ടകവും തിരികെ കൊണ്ടു വന്നു. തമ്പുരാന്റെ തിരുമനസ്സറിഞ്ഞല്ലാതെ ഇനിയും ഈ മുതൽകാര്യങ്ങളൊന്നും നമുക്കു വേണ്ടായെന്നും ചെങ്ങന്നൂർ പള്ളിയുടെ മുണ്ടുമുറികൾ[156] കിട്ടുമെങ്കിൽ കൊള്ളാമെന്നും കൽപിച്ച തരകന്റെ കൂടെത്തന്നെ കൊച്ചിട്ടി മുതൽ പേരുടെ പറ്റിൽ കച്ചേരിയിൽ കൊടുത്തയച്ച പൊൻവെള്ളിനാണയം ഉൾപ്പെടെ 60,000 ചില്വാനം പണത്തിന്റെ വകയുള്ളത് ഉരുക്കി തൂക്കി അവരുടെ കണക്കും പടിക്ക് 58921/4 കല്ല്യൻ കണ്ടു ആ വക കൊണ്ട് മുളകു മടിശ്ശീലയിൽനിന്നും എഴുതിയ പറ്റു ചിട്ടി കുഞ്ഞിച്ചെറിയതു തരകന്റെ പറ്റിലാകുന്നു. പള്ളിവക വെള്ളി മുണ്ടുമുറി ഇങ്ങോട്ടും തന്നു. ലക്ഷത്തിരുപത്തയ്യായിരം രൂപായുടെ ചോദ്യവും ഒഴിഞ്ഞു.

**03.04.21. കൈച്ചീട്ട്.** കൊല്ലം മുതൽ വെട്ടിയകോട്ട വരെയുള്ള മാപ്പിളമാരെല്ലാപേരും കുടെ 30,000 രൂപായ്ക്ക് രണ്ടുകൂറ്റുംപിറത്തുള്ളതിൽ ഈരണ്ടുപേരുടെ പേരുവച്ച ഒരു കൈവച്ചിട്ട് എഴുതി കൊണ്ടുവന്ന് വായിച്ചുകേൾപ്പിച്ചുംവച്ച് തരകൻ തന്നെ കൊണ്ടുപോകയും ചെയ്തു.[157] പിന്നെത്തെതിൽ പത്മനാഭൻ ചെമ്പകരാമപ്പിള്ള വല്യ സർവാധികാര്യക്കാരുടെ പേർക്ക് സമ്മാനമായിട്ട് ഒരു സാൽവാ കൃഷ്ണപിള്ള സർവാധികാര്യക്കാരുടെ പറ്റിൽ കൊടുത്തയച്ചതു കൊണ്ട്വന്നു തന്നു. യാത്ര പറഞ്ഞു പോരുമ്പോൾ തരകന്റെ പുത്തൻവീട്ടിൽ കരേറ്റി ഇരുത്തി. തരകന്റെ കെട്ടിയവരെക്കൊണ്ട് ഒരു മോതിരവും തരുവിച്ച്, വള്ളം കരേറി കല്ലൂർക്കാട്ടു വന്നു. പിറ്റേദിവസം അവിടെ ഒരു കുറുവാന ചൊല്ലി. ദേശക്കാരുടെ പേർക്ക് വിരുന്നും കൊടുത്തു. തരകൻ ആലപ്പുഴെ താമസിക്ക കൊണ്ട്, ഇട്ടിയവിര കത്തനാര് ആളയച്ചാറെ, ഉടൻ വന്നു.

**03.04.22. മെത്രാൻ മടങ്ങുന്നു.** കല്ലൂർക്കാട്ടുനിന്നും എല്ലാപേരും വള്ളം കരേറി മിഥുനമാസം 5ന് പുതിയകാവിൽ പള്ളിയിൽ വന്നു. തരകന് തിരുവനന്തപുരത്തിന് പോകുവാൻ അടിയന്തിരം ആകകൊണ്ട് 6 ന് കാലത്തെ പോകയും ചെയ്തു.[158] അന്നുതന്നെ ചെങ്ങന്നൂർക്കും പോന്നു. രണ്ടു പല്ലക്കുകൂടെ കൊടുത്തയച്ചു ആയത് വാങ്ങിക്കാതെ തിരികെ കൊടുത്തയച്ചു.വാദ്യക്കാര്, കുഴൽക്കാര്, പാറാക്കാര് ഇങ്ങനെ വന്നവരെ ഒക്കെയും വേണ്ടുന്നതിനെ കൊടുത്ത് ബഹുമാനിച്ചയ്ക്കയും ചെയ്തു. ആലപ്പിഴ, തത്തംപള്ളി, കല്ലൂർക്കാട് ഈ മൂന്നു ഇടവക ഉൾപ്പെട്ട ആളുകൾക്കു പുതിയ കാവിലും ചെങ്ങന്നൂരും അവർ പോകും വഴി നിരണത്തും വിരുന്നു കൊടുത്തയക്കയും ചെയ്തു.

അങ്ങോട്ട് എഴുതിക്കൊടുത്ത കടുദാസു ശേഷംപേരെക്കൊണ്ട് എഴുത്തിടുവിപ്പാൻ വാങ്ങിച്ചുകൊണ്ട് പോന്നു. ക്രമങ്ങൾ തഴക്കുവാനും നിറങ്ങൾ

www.malankaralibrary.com

പഠിപ്പിപ്പാനും പ്രക്കാട്ടുകാരൻ കൊച്ചിട്ടിക്കത്തനാരെകൂടെ വ്യവസ്ഥ വരുത്തി അയച്ചിരുന്നു. ഒന്നാകുന്ന കാര്യംകൊണ്ട് പറഞ്ഞപ്പോൾ നമുക്ക് മാസപ്പടി വയ്ക്കണമെന്നും നമ്മുടെ സാധനം എല്ലായിടത്തും എഴുതണമെന്നും ഈ സാധനം എല്ലായിടത്തും എഴുതണമെന്നും, ഈവകയിലൊന്നും തന്നെ കൽപി ട്ടില്ല.[159] ഏറിയ വിഷാദത്തോടുകൂടെ ചെങ്ങന്നൂർ പാർത്തു വരുമ്പോൾ, പീടിക യിൽ കത്തനാരെകൊണ്ട് 11 ന് വ്യാഴാഴ്ച ചൊല്ലിച്ചു.

**03.04.23. തരകന്റെ ചെവി ചെത്തുന്നു.** പിറ്റേ ദിവസം മുതൽക്ക് വർത്ത മാനം കേട്ടു. യജമാനൻമാരുടെയും വിചാരിക്കുംപേരുടെയും കുടിയാനൻമാരു ടേയും കൊങ്ങിണികളുടേയും മാപ്പിളമാരുടേയും ഈഴവരുടേയും സർവസ്വവും കണ്ടുകെട്ടി എടുത്ത് അക്രമങ്ങൾ പലകൂട്ടവും ചെയ്യിച്ച കാരണാൽ, മാത്തുത്ത രകൻ അഞ്ചുതെങ്ങിനോളം ചെന്നപ്പോൾ നാട്ടുകാർ കൂട്ടംകൂടി തിരുവന്തപുര ത്തുവന്ന് ഏറിയ ചോദ്യങ്ങളൊക്കെയും ചെയ്തു. അഞ്ചുതെങ്ങിൽവച്ച് തരകനെ പിടികൂടി തിരുവനന്തപുരത്ത് കൊണ്ടുചെന്നു. മിഥുനമാസം 19 ന് രണ്ടു ചെവിയും ചെത്തി ഏറിയ ഞെരുക്കം ചെയ്തു. അടിച്ച് വിലങ്ങിടുകയും ചെയ്തു. മാനക്കേട് അനുഭവിച്ചു എന്ന് കേട്ട ഉടൻ കൊച്ചിട്ടി കത്തനാര് പോയി. ചങ്കരനാ രായണൻ വല്യ മേലെഴുത്തു പിള്ളയുടെ ചെവി ചെത്തി ഉദയഗിരി കോട്ടയി ലാക്കി. വല്യ നമ്പൂരി വല്യ സർവാധി കാര്യക്കാരെയും അല്ലാതെ രണ്ടുമൂന്നു പേരെയും തോവാളയ്ക്കു പുറത്ത് കടത്തി. തിരുവാർപ്പിക്കാരനെ അടിപ്പിച്ച് വില ങ്ങിട്ടു. അയാൾ വളരെ ദുഃഖിച്ചു.[160]

**03.04.24. റോമാക്കാരുടെ അവസ്ഥ.** ഇങ്ങനെയൊക്കെയും കഴിഞ്ഞതിന്റെ ശേഷം, അയ്യപ്പൻ ചെമ്പ്രാപ്പിള്ള വല്യസർവാധികാര്യക്കാർക്ക് അടക്കിവിചാരം കൊടുത്തു കുറെനാൾ നടന്നു വന്നു.[161] കൊല്ലത്തു മെത്രാൻ മുണ്ടൻപാതിരിയെ മുറിക്കകത്തിട്ടു കൊന്ന കാരണാൽ കുറ്റംവന്ന് കപ്പൽ കരേറി പോയി.[162] കട്ടക്ക യത്തിൽ അവിരാ കത്തനാർ ഗോവർണദോരിന്റെ സ്ഥാനം ഒഴിഞ്ഞ കുപ്പായം ഊരി മുൻപിലെപ്പോലെ പാർത്തു.[163] പൗലൂസ് മെത്രാൻ ഒസ്തി കൂടാതെ കുറ വാന ചൊല്ലി ഭ്രാന്തായിട്ടു പുറപ്പെട്ടു തെണ്ടിത്തിന്ന് പല വേഷത്തിലും നട ക്കുന്നു.[164] തരകന്റെ വകക്കാരൊക്കെയും പുറപ്പെട്ടുപോയി. പിന്നെത്തേതിൽ അയ്യപ്പൻ ചെമ്പ്രാപ്പിള്ള വല്യ സർവാധികാര്യക്കാരോടുകൂടെ ഏറിയ മുതൽ ചിലവിട്ട് തരകൻ ആലപ്പുഴ വരികയും ചെയ്തു.

**03.04.25. പ്രായശ്ചിത്തം.** ഉടൻതന്നെ പുത്തൻകുറ്റുകാർ ഏതാനും രൂപാ കൊടുക്കണമെന്നു വച്ച് ചാത്തന്നൂർ കൊച്ചാക്കോയ്ക്കും തേവലക്കര വൈദ്യനും കണ്ണംകോട്ട കൊച്ചിട്ടിച്ചാണ്ടിക്കും ഇട്ടിമാത്തുത്തരകനും ആളുവന്ന കൊണ്ടു പോയി.[165] 20,000 രൂപായ്ക്കു വരിയെടുത്തു പൂതികോട്ടു കത്തനാരു മുതൽ പേരുടെ പേർക്ക് കച്ചീട്ടെഴുതി വയ്പിക്കയും ചെയ്തു. പലതുകൊണ്ടും 41- ദിവസത്തെക്ക് പന്ത്രണ്ടീത്[166] കത്തങ്ങളെ വരുത്തി ചെങ്ങന്നൂർ വച്ച് കുറുവാന ചൊല്ലിച്ച് ഓരോ രാശി അവർക്ക് കൊടുത്ത. കത്തങ്ങൾ മാറിമാറി പാർക്കു കയും ചെയ്തു.[167]

**03.04.26. ശങ്കരപ്പിള്ള വിചാരിപ്പുകാർ.** ആവകപ്പണം 75-ാ മാണ്ടു മീനമാസം 10-ാം തീയതിയും 30-ാം തീയതിയും ആയിട്ടു പിരിച്ചുകൊണ്ടു ചെല്ലത്തക്ക



വണ്ണം സാധനവും കൊണ്ട് ചങ്കരപ്പിള്ള വിചാരിപ്പുകാരനും അരിക്കാരും കൂടെ വന്നു. ഇതിനു മുൻപ് മേപ്പടിയാണ്ട് ചിങ്ങമാസത്തിൽ വടക്കുപിറത്തുള്ള പള്ളി ക്കാരും തെക്കുപിറത്തുള്ളതിൽ ഏതാനും പള്ളിക്കാരും കൂടെ തിരുവനന്തപു രത്തു ചെന്ന്, സങ്കടം പറഞ്ഞ് കുറെ നാൾ പാർത്ത് മനസുമുട്ടി പോരികയും ചെയ്തു. ഈ വക രൂപായ്ക്കു വരിയിടുവാൻ പുത്തൻകാവിൽ പള്ളിയിൽ അച്ചൻ ഇരുന്നുകൊണ്ട് പള്ളിക്കാരെ ഒക്കെയും എഴുതിഅയച്ചു വരുത്തി വരിയിട്ടാറെ, വിചാരിപ്പുകാരും ഇട്ടിമാത്തുത്തരകനും കൂടെവിചാരിച്ച് പള്ളിയുടെ പണ്ടാര ക്കുറ്റിയും പൂജാപാത്രങ്ങളും വിറ്റ്, 25,000 കല്യൻ ആലപ്പുഴക്കു കൊടുത്തയ ച്ചാറെ, വല്യസർവാധികാര്യക്കാർക്ക് വിചാരം മാറി പറവൂർക്കു പോകകൊണ്ടും[168] 3000 ത്തി ചിലാനം കല്യൻ വിചാരിപ്പുകാരൻ മോഷ്ടിച്ചെടുക്കകൊണ്ടും, ശേഷം പണവുംകൊണ്ട് പുതിക്കോട്ടു കത്തനാര് വരികയും ചെയ്തു.

**03.04.27. മാർ ദീവന്യാസ്യോസും തിരുവതാംകൂർ രാജാവും.** അന്ന് നിര ണത്തു പള്ളിയിൽ ഇരിക്കകൊണ്ടും, പിരിഞ്ഞ പണവുംകൊണ്ട് തിരുവന്തപു രത്തു ചെല്ലത്തക്കവണ്ണം എഴുത്തു വരികകൊണ്ട്, എല്ലാ ദേശക്കാർക്കും എഴുതി അയച്ചുംവച്ച്, നിരണത്തുനിന്നും 75- മാണ്ട് മിഥുനമാസം 2 ന് തിരുവനന്തപു രത്തിന്ന് യാത്ര പുറപ്പെടുകയും ചെയ്തു. കൊല്ലത്ത് പള്ളിയിൽ 2 ദിവസം പാർത്തു. 9 ന് തിരുവനന്തപുരത്തു ചെന്ന് മുഖം കാട്ടി. സങ്കടങ്ങളൊക്കെയും തിരുമനസ്സറിയിച്ചാറെ[169] വേണ്ടും വണ്ണം കൽപന വന്ന് 4 തിയതി പാർക്കണ മെന്ന് കൽപിക്കകൊണ്ട്, ചാലയിൽ ലോകനാഥന്റെ വീട്ടിൽ പാർത്തു. 11 1/4 ഉം കോപ്പും പോരുവളവും തന്നു.

20 ന് യാത്ര കൽപിച്ചപ്പോൾ കണ്ടുകെട്ടിക്കൊണ്ടു പോയ മുതൽ അവ രുടെ കണക്കുംപടിക്ക് 5130 രൂപായ്ക്ക് നീട്ടും,[170] മുൻപിലെത്തെപ്പോലെ ഒരു മോതിരവും പൊന്നുകെട്ടിയ പുരമ്പും, ഇട്ടിയവിരായ്ക്കും കൊച്ചുവർക്കിക്കും വീരചങ്ങലയും, പിച്ചാത്തിയും, നാരായവും ആവകെക്കും, റമ്പാച്ചൻ ഡ്ഢോലി കേറുന്നതിന്നുനീട്ടും കൽപിച്ചു തന്നു.[171] പത്മനാഭൻ ചെമ്പ്രാപ്പിള്ള വല്യസർവാ ധികാര്യാരുമായിട്ട്[172] കണ്ടുപറഞ്ഞ് നമ്മുടെ വക കിട്ടിയില്ലെങ്കിലും 20,000 രൂപായ്ക്ക് സങ്കടം പറഞ്ഞാറെ, മാപ്പിളമാരെ വിളിച്ച് ചോദിച്ചതിന്റെ ശേഷം, ഒരുത്തരം പറഞ്ഞില്ല. അവിടെനിന്നും കുഞ്ചിലംപിള്ള സംമ്പ്രാതിപ്പിള്ളയുടെ വീട്ടിൽ കരേറി.[173]അദ്ദേഹം ഒരു സാൽവാ കൊടുത്തു. വച്ചുകാഴ്ചയും ചിലവും വളരെയുണ്ട്.

**03.04.28. മാർ ദീവന്യാസ്യോസും വേലുത്തമ്പിയും.** 21 ന് തിരുവനന്തപു രത്തുനിന്നും യാത്ര പുറപ്പെട്ടു. 30 ന് നിരണത്തു വരികയും ചെയ്തു. വേലി ത്തമ്പി അവിടെ ഇല്ലായ്കകൊണ്ട് യാത്ര പറഞ്ഞില്ല.[174]അക്കാരണത്താൽ അദ്ദേ ഹത്തിന് നീരസം ഉറെച്ചു. 76-ാ മാണ്ടു വൃശ്ചികമാസം 20 ന് പൂജ അടിയന്തിരം വകെക്ക് നെല്ല് ഇറക്കുവാൻ 50,000 പണം മാത്തുത്തരകന് വകവച്ച് കണ്ട്കൃഷി നിലംപിള്ള കാര്യക്കാരുടെ മറിപ്പു വന്നു കുംഭമാസം 6 ന് വരെയും ഓരോ രൂപാ ചിലവിനു പറ്റി.[175] അക്കാർയ്യം മല്ലിട്ടി പണിക്കരെ തിരുവനന്തപുരത്തിന്നു അയച്ചാറെ പണത്തിനു പെറുവിട്ടു വകകൊടുത്തു ചോദ്യം ഒഴിയത്തക്കവ ണ്ണവും, ചിലവിന്നു പറ്റിയ പണം തരത്തക്കവണ്ണവും, സാധനം തന്നു.

www.malankaralibrary.com

ഇതിന്റെ ശേഷം പണം പിരിച്ച് ഒടുക്കി വരുമ്പോൾ വേലുത്തമ്പിക്ക് വല്യ സർവാധി വച്ച് അടക്കിവിചാരം ആയാറെ,[176] കൽപിച്ചു തന്ന തിരുവെഴുത്തു കാണണമെന്നു തേവലക്കര വൈദ്യനോടു പറഞ്ഞു വാങ്ങിച്ച് കണ്ടു വലിച്ചു കീറി. കുറച്ചു പണം കൂടി കന്നാസാരം വകെക്ക് വകയിട്ട് വകക്കാരരു വന്ന് ഏറിയ ചോദ്യവും ഞെരുക്കവും ആയാറെ, കൊച്ചിട്ടിയെ തിരുവനന്തപുരത്തു അയച്ച് 6 മാസം അവിടെ പാർത്ത്, വകക്കാരുടെ അറിവു ചിട്ടി കൊടുത്ത്, നിത്യ ചിലവിൽ നിന്നും പറ്റുശിട്ട് വാങ്ങിക്കയും ചെയ്തു.[177] 1802 78-ാ മാണ്ടു വൃശ്ചികമാസം 20 ന് അച്ചൻ വടക്കു കണ്ടനാട്ടിനു പോയി. ആയാണ്ട് മേട മാസത്തിൽ വേലുത്തമ്പിക്ക് ദളവാപട്ടം കിട്ടി. അദ്ദേഹം പട്ടമനപ്പറവു വന്നു. ദളവായെ കാൺമാൺ ഇടവമാസം 7ന് പറവൂർ ചെന്നു. 2 പാറാക്കാരും 8 പൂവണ്ടൻമാരെയും കടവിൽ നിറുത്തിയിരുന്നു. പള്ളി ഇല്ലായ്കകൊണ്ട്[178] പോരുമളവും ശിപായികൾക്ക് ചിലവിന് പറവൂർക്കാരു കൊടുത്തു.

9 ന് കാലത്തെ ചെല്ലുവാൻ ഉത്തരവും വന്നു. ഘോഷത്തോടു കൂടെ ചെന്ന് പരവതാനിയിൽ ചവുക്കയിൽ രണ്ടുപേരും ഇരുന്ന് കാര്യങ്ങളൊക്കെയും പറഞ്ഞാറെ, വകവച്ച രൂപായ്ക്ക് വീണ്ടും ശോദ്യം വന്നു. ഒന്നര സംവത്സരം കാര്യം പറഞ്ഞിട്ടും തീർച്ചവന്നില്ലെന്നും ഇപ്പോൾ ഒഴിച്ചിൽ ആക്കണമെന്നും കൽപിക്കകൊണ്ട് പറ്റുശിട്ടിക്ക് കണക്കു കൊച്ചിട്ടി കൊണ്ടുവന്നു. ഇന്നു തന്നെ ഒഴിചിലാക്കി അയയ്ക്കാമെന്നും ഉത്തരവുണ്ടായി. എല്ലാപേരെയും മാറ്റി മെത്രാന്റെ വക കണ്ടുകെട്ടി എടുപ്പിച്ച് പഴയതു അനുസരിപ്പിച്ചതിന് ഒരു കച്ചീട്ട് വയ്ക്കണമെന്ന് ഉണ്ടായാറെ ചെയ്തില്ല.[179] പണത്തിന് വിലക്കു സാധനവും തന്നു. പാറാക്കാർക്ക് ഓരോ രാശീ വീതവും മറ്റു പലർക്കും വളരെ ചിലവായി. 10ന് ഞായറാഴ്ച മാത്തുത്തരകൻ വന്നുകണ്ടുപറഞ്ഞുകൊണ്ടു പോയി.[180] 11 ന് പറവു നിന്നും കണ്ടനാടു വന്നു. 77-ാം ആണ്ട് കാട്ടുമങ്ങാട്ടു ഇട്ടിയവിര കത്തനാര്[181] ചെങ്ങന്നൂര് വന്ന് അശ്ചനെ കണ്ട് പട്ടവും ഏറ്റ് ചെങ്ങന്നൂർവച്ചുതന്നെ കുറുവാനയും ചൊല്ലിച്ച് വടക്കോട്ട് പോരുമളവും ചിലവിനും കൊടുത്തുപാർപ്പിച്ച് പുത്തൻ കാവിൽ പള്ളിയിൽ രൂപങ്ങളും എഴുതിച്ച് ഒന്നിച്ചത്രെ വടക്കോട്ടു പോന്നത്.

**03.04.29. ആഞ്ഞൂർ മെത്രാന്മാർ.** കോട്ടയത്ത് കോടിമതെ കുഞ്ഞന്റെ മകൻ മത്തായിയെന്ന ആൾ കണിയാവെള്ളിയിൽ ചെന്നു പാർത്ത്, അവിടെ നിന്ന് പുറപ്പെട്ടു ആഞ്ഞൂർ ചെന്ന് പട്ടം ഏറ്റ് മാറിവാനിയോസ് എപ്പിസ്കോപ്പാ ആയിട്ട് മൂപ്പിന്നും ഇളമെന്നും കൂടെ വാഴിക്കയും ചെയ്തു.[182] 978- മാണ്ടു മിഥുന മാസം 25 ന് കൂറിലോസു മെത്രാപൊലീത്താ കാലം ചെയ്തു. അഞ്ഞൂർ പള്ളിയിൽ തന്നെ അടങ്ങി. 979-ാ മാണ്ടു കന്നി മാസം 12 ന് ഇംഗ്രീസു കുമ്പഞ്ഞി ആൾ കൊച്ചികോട്ട പൊളിപ്പിച്ചു. 81-ാ മാണ്ടു കന്നിമാസം 13 ന് പെരുമ്പടപ്പിൽ വല്യ കടുത്ത തമ്പുരാൻ തീപ്പെട്ടു.[183]ഇതിനു മുൻപ് മക്കാളിയെക്കാൺമാൻ ചെല്ലണമെന്നു ദളവാ അങ്ങത്തെ ആളുവരികകൊണ്ട്, കണ്ടനാട്ടു നിന്നും കോട്ടയത്തു വന്നു പാർത്തു. പിന്നെയും കൊച്ചിക്കു ചെല്ലണമെന്ന് വരിക കൊണ്ട്, അവിടെ ചെന്ന് മെക്കാളിയെ കണ്ട്പറഞ്ഞുപോന്നു.[184]

അന്ന് കാട്ടുമങ്ങാട്ട് ഇളയദേഹം മാർ ദിവന്നാസ്യോസ് മെത്രാപൊലീത്താ



എന്നയാളും കണിയാവെള്ളിക്കാരൻ മാറിവാനിയോസും മട്ടാഞ്ചേരി മുറിയിൽ പാർക്കകൊണ്ട്[185] യൂദഭാഗത്ത് ഏലിക്കാ വക വാർപ്പരദേശിയുടെ വീട്ടിൽ അത്രെ പാർത്തത്. 11 ദിവസം അവിടെ പാർത്ത് യൂദൻമാരുടെ പള്ളിയിൽ ചെന്ന് നാഴിക മണിയും കണ്ടു. അച്ചൻ ചെരിപ്പുരിയില്ല.

**03.04.30. ദീയസ്കോറോസ് .** അവിടെ നിന്നും വീണ്ടും കണ്ടനാട്ടു വന്നു പാർക്കുമ്പോൾ മിശിഹാകാലം 1806 ചെന്ന കൊല്ലം 981-മാണ്ടു കന്നിമാസം 18 ന് തിങ്കളാഴ്ച ദീയസ്ക്കോറോസാ മെത്രാപോലിത്തായും അന്തോനിയോസ് എന്ന ചെമ്മാശും കൂടെ കൊച്ചിയിൽ വന്നിറങ്ങി. മാത്തൂത്തരകന്റെ അനുജൻ മൽപാൻ ചെന്നു കണ്ടാറെ, അവരുടെ ആള് അല്ലാഴികകൊണ്ട്, 3 രൂപായും കൊടുത്ത് വൈപ്പിൽ കുഞ്ഞിചാക്കോയുടെ വീട്ടിൽ ഇറക്കിച്ചു.

അവിടെ നിന്നും എഴുതി വന്നാറെ പീലിപ്പോസ് റമ്പാനെയും വടക്കെത്തലയും ഏതാനുംപേരെയും അയച്ചു അവരെ കണ്ട ഉടൻ റമ്പാന്റെ തലയിൽ കിടന്ന മദൗപ്പിസ[186] എടുത്തുകൊണ്ട് സങ്കടം പറഞ്ഞ് വാങ്ങിച്ചു. റമ്പാൻ കണ്ടനാട്ടു വന്ന്. പിന്നെയും ആളയപ്പാൻ വിചാരിച്ചിരിക്കുമ്പോൾ മക്കാളിയെ കാൺമാൻ കൊല്ലത്തു ചെല്ലണമെന്നു ദളവാ അങ്ങത്തെ സാധനം വന്നു. ഇദേഹം വന്ന അവസ്ഥ അറിഞ്ഞിട്ട് പോകാമെന്നും വച്ച് വടക്കെത്തലമുതൽ പേരുടെ പറ്റിൽ തൊപ്പിയും കുപ്പായും കൊടുത്തയച്ചാറെ, അവരു ചെല്ലുംമുമ്പിൽ കരവഴിക്കു വന്ന്, തൃപ്പൂണിത്തറ പള്ളിയിലും കരിങ്ങാചിറ പള്ളിയിലും കരേറി. അവിടത്തെ കാസാ രണ്ടും എടുത്തും കൊണ്ട് കൂത്തുപറമ്പിൽ കൂടെ തുലാമാസം 7 ന് ശനിയാഴ്ച കണ്ടനാട്ടു വന്നു. സൌത്താത്തിക്കോൻ[187]ചോദിച്ചാറെ പിന്നെ കാണിക്കാമെന്നു പറഞ്ഞു. പള്ളിക്കാരുടെ കാസാ രണ്ടും കൊടുപ്പിച്ചു. കൊല്ലത്തിനു പോകുവാൻ കടമറ്റത്തു നിന്നും ചെറിയച്ചനെ വരുത്തി. ഇദേഹത്തെയും കൂട്ടിഏല്പിച്ച് വടിയും ശ്ലീവായും ഒരു മോതിരവും കൊടുത്തു.

10 ന് വള്ളം കരേറി കോട്ടയത്തിനു പോയി. മെക്കാളി കൊച്ചിക്ക് പോയെന്നു കേട്ടു. അവിടെ പാർക്കുമ്പോൾ വാവാ കോട്ടയത്തു വന്നു ഒരു കുറുവാന ചൊല്ലി. അന്നു തന്നെ കണ്ടാനാട്ടിനു പോയി. ചെറിയച്ചനുമായിട്ട് കലശൽ കൂടി. പല പള്ളിയിലും പോയി. പിന്നെയും തിരിച്ചു വന്നു. കണ്ടനാട്ടു ചെന്നു കോടാലി കൊണ്ട് വാതിൽ തല്ലിത്തുറന്ന്, കുസൃുതി പലതും കാണിച്ച് വൃശ്ചിക മാസം 9 ന് വീണ്ടും കോട്ടയത്തു വന്നു.[188] ചെങ്ങന്നൂർ നിന്ന് ഇളയ വാവായുടെ[189] അംശ വടിയും കുപ്പായും ചുങ്കാനവും വരുത്തികൊടുത്താറെ, വടി മൂന്നായിട്ടു ചവിട്ടി ഒടിച്ചു. 19 ന് കുറുവാന അദ്ദേഹം ചൊല്ലി. കൈ മുത്തിച്ചു നിൽക്കുമ്പോൾ കള്ളൻമാർ മുറിയിൽ കേറിയെന്നും പറഞ്ഞ് ഇറങ്ങി ഓടി. അന്ന് വളരെ ആളുകൾക്ക് അപജയം വന്നു.

കുപ്പായത്തിനു കൊടുത്തിരുന്ന കറുപ്പുശീല വലിച്ചുകീറി കീൽപ്പോട്ടു തൂക്കി.. 22- ന് പുന്നത്ര കുര്യൻ കത്തനാരെ അടിപ്പാൻ ഓടിച്ചു. അങ്ങാടിയെ അദ്ദേഹം തേവർവേലിക്കത്തനാരുടെ തലത്തല്ലിക്കീറി ചോരയൊഴുക്കി. ആറിൽ കൊണ്ടു പോയി ധാര കഴിച്ചു. അന്ന് വല്യ പള്ളിയിൽ ഇരുന്നു. പിറ്റെ ദിവസം ചുവന്ന കുപ്പായവും ഇടക്കെട്ടും മുദ്രികയും തീർപ്പിച്ചു കൊടുത്തു. തെക്കെ ദിക്കിലുള്ള പള്ളികളിൽ പോകണമെന്നു പറകകൊണ്ട് വടക്കെത്തലയിന്റെകൂടെ അയച്ചു. അച്ചന്റെ പൊൻ സുരാലിപ്പു കാസായും കാപ്പയും കൊടുത്തു. പലെടത്തും

www.malankaralibrary.com

പോയി. ചെന്നടത്തൊക്കെയും ഉണ്ടായത് എഴുതുവാൻ വളരെയുണ്ട്. വീണ്ടും കോട്ടയത്തു വന്നു. ധനുമാസം 19 ന് പുത്തൻകാവിന് പോയി.

പല ദിക്കിലും പോയി മെത്രാപൊലിത്താ കാലം ചെയ്തെന്ന് സ്വപ്നം കണ്ടുയെന്നും പറഞ്ഞ് ഓടി. പുത്തൻകാവിക്കാരും മറ്റു പലരും കൂടെ മകരമാസം 1-ന് രാത്രിയിൽ കോട്ടയത്തു വന്നു. സൌത്താത്തിക്കോൻ ചോദിക്കുമ്പോഴെക്കെയും കലശലുണ്ടാകുകയും പണം കൊടുക്കുന്നതൊന്നും പോരായെന്നും പറകയും. അതിന്റെ ശേഷം കണ്ടനാട്ടിനു പോയി. ചെറിയച്ചൻ കടമറ്റത്തിനും പോയി. ഇദ്ദേഹം കണ്ടനാട്ടു ചെന്ന് കരിങ്ങൊച്ചെറക്കു പോയി.

**03.04.31. മെക്കാളയും മാർ ദീവന്യാസ്യോസും.** മകരമാസം 25 –ന് മക്കാളിയെക്കാൺമാൻ കൊച്ചിക്കു ചെല്ലുവാൻ ആളു വന്നു. 30–ന് കൊച്ചിച്ചെന്നു. ബാറുസിത്തോരിന്റെ വീട്ടിൽ പാർത്തു. പോഞ്ഞിക്കരച്ചെന്നു മക്കാളിയെക്കണ്ടാറെ ഇപ്പോൾ തന്നെ പോകെ വേണ്ടു എന്നും അങ്ങെ വേലക്കാരൻ ഞാനെന്നും അങ്ങിരിക്കുന്നേടത്തു ഞാൻ വരാം എന്നും[190] പഴമയൊക്കെയും എഴുതിക്കൊടുത്തയക്കണമെന്നും സന്തോഷമായിട്ടു പറഞ്ഞ് യാത്രയും ചൊല്ലി. കുംഭ മാസം 13–ന് കണ്ടാനാട്ടു വന്നിരുന്നു. ഇതിനിടയിൽ മട്ടാഞ്ചേരി മുറിയിൽ കാട്ടുമങ്ങാട്ടു ഇളയദേഹവും കണിയാവെള്ളിക്കാരനും കൂടെ ഇരിക്കുമ്പോൾ, ബാബാ അവിടെ ചെന്നു. അവർ തമ്മിൽ പിണങ്ങി. അവർ രണ്ടു പേരും അഞ്ഞൂക്കു പോയി.[191] പിന്നാലെ ഇദ്ദേഹവും പോയി. മക്കാളിക്കു ഒരു മാനും മ്ലാവും കൊടുത്തയച്ചു. മീനമാസം 28–ന് പുസ്തകങ്ങളും പഴമ എഴുതിയതും കൊടുത്തയക്കണമെന്നു എഴുത്തു വന്നു. അന്നു പിസായും ദു:ഖവെള്ളിയാഴ്ചയും ആകകൊണ്ട് ചനിയാഴ്ച മറുപടി കൊടുത്തയച്ചു.

മേടമാസം 12–ന് ഒറയിത്തായും, ബെസമൌത്തായും, സ്പറുമൽത്തയും, നിവ്യൂസായും, ഏവൻഗെലിയും, എംകറുത്തായും, പ്രക്കുസെസും, ഗെലിയാനായും ഇങ്ങനെ എട്ടു പൊസ്തകവും,[192] പഴമ എഴുതിയതും[193] കൂടെ പീലിപ്പോസു റമ്പാനും അങ്കമാലി ഇടുപ്പു കത്തനാരും പോഞ്ഞിക്കര കൊണ്ട് ചെന്നുകൊടുത്തു. പഴയ കൂറ്റുകാരോട് വാങ്ങിച്ച പുസ്തകം ഇവരെ കാണിച്ചു. അവരു കൊടുത്തതിൽ സ്പറു മെൽക്കെ[194]എന്ന പുസ്തകം ഇല്ല. ഇതൊക്കെയും നോക്കട്ടെയെന്നും, നാലു തിയതിക്കകം ഞാൻ കണ്ടനാട്ടു മെത്രാപൌലിത്തായെക്കാൺമാൻ വരുന്നൂയെന്നും പറഞ്ഞയക്കയും ചെയ്തു.

**03.04.32. മട്ടാഞ്ചേരി മുറി.** ബാവാ ആഞ്ഞൂർ ചെന്നാറെ മട്ടാഞ്ചേരിമുറിയുടെ കാർയ്യം കൊണ്ടു അവർ തമ്മിൽ പിണങ്ങി. ബവാ കണ്ടനാട്ടുവന്ന് മുറിയുടെ കടുദാസും കണക്കുകളും കൊടുത്തു. അതുകൊണ്ട് കൊച്ചിയിൽ കോട്ടയിൽ പ്ലവർ സായിപിന്റെ അടുക്കൽ ബോധിപ്പിച്ച് കാട്ടുമങ്ങാട്ടു ഇളയ ദേഹത്തെയും വരുത്തി കാര്യംകേട്ടാറെ മാർത്തോമാൻ മെത്രാന്റെ കടുദാസു മുദ്രിയ ഇട്ടു വരണമെന്നു കൽപന വരികകൊണ്ട് കടുദാസും കൊടുത്ത് പീലിപ്പോസു റമ്പാനും കൊച്ചിട്ടിയും ഇട്ടുപ്പുകത്തനാരും കൂടെ പോയി. കൊച്ചിപ്പാർത്ത് കാർയ്യം കേട്ട് കാട്ടുമങ്ങാടനു സംഗതി ഇല്ലെന്നു വിധിച്ചു. അപ്രകാരം കടുദാസും തന്നു.[195] ഇക്കടുദാസൊക്കെയും ബാവയുടെ കൈലത്രെ ഇരിക്കുന്നത്.

അക്കാലം 8–ന് പുതു ഞായറാഴ്ച വെട്ടിക്കൽ പോയി. 9–ന് കണ്ടനാട്ടു



വന്നു. മിഥുനമാസം 14–ന് മക്കാളിവന്നു. 21 വെടിയും വെപ്പിച്ചു. ഒരു ദിവസം പാർത്ത് പറഞ്ഞുംകൊണ്ട് നമസ്ക്കാര പൊസ്തകവും, കുറുവാനത്തക്കസായും, ഊലാലയും[196] വാങ്ങിച്ചുംകൊണ്ട് മഴക്കാലം കൂടാരവുംകൊണ്ടു വരാമെന്നു പറഞ്ഞു പോകയും ചെയ്തു. മക്കാളിക്ക് ബാവായെക്കാണണമെന്നും പറഞ്ഞ് എഴുത്തുംകൊണ്ട് ആളു വന്നു. ആ എഴുത്തു കൊടുത്ത് കാട്ടുമങ്ങാട്ട് ഇട്ടിയവിരാ കത്തനാരെയും കൊച്ചിട്ടിയെയും അയച്ച് കരിങ്ങാച്ചിറ ചെന്ന് ബാവായെ കണ്ടാറെ, കലശലായിട്ട് പറഞ്ഞ്, പിന്നത്തേതിൽ കൂടെ പോയി കണ്ട്പറഞ്ഞു പോരികയും ചെയ്തു. 82–ാമാണ്ട് ചിങ്ങമാസം 12 ന് കണ്ടനാട്ട് ബാവാ വന്ന് കൊച്ചവിര കത്തനാരെ  അടിച്ചു പോയി. കന്നിമാസം 10 ന് വന്നു. പള്ളിയകത്തു കരേറി രൂപങ്ങളും കപറുങ്കലെ രൂപവും തല്ലിപ്പിളർന്നു.[197] മാളികയിൽ കരേറി അന്ന് പാർത്തു. പിറ്റെ ദിവസം കരിങ്ങാച്ചിറയ്ക്ക് പോയി. പിന്നെയും പലേടത്ത് നടന്ന് കർക്കടകമാസം 3 ന് പെരുനാൽക്കു തൃപ്പൂണിത്തുറ ചെന്നാറെ, കൊടിയും കുരിശും എടുക്കുന്നതിന്[198] പല കൂട്ടം വികൃതികളുണ്ടായി.

**03.04.33. ബുക്കാനന്റെ തന്ത്രം.** ഇതിനു മുമ്പ് 82–ാം ആണ്ടു തുലാമാസം 29–ന് ബുക്കാനാൻ സായിപ്പു വന്നു. പുതിയകാവിൽ നിന്നും വന്നുകരേറി റാന്നി വരെ ഉള്ള പള്ളികളൊക്കെയും ചെന്നു. ഓരോ പൂവിരാകനും കൊടുത്തു.[199] വൃശ്ചിക മാസം 11 ന് കണ്ടനാട്ടു വന്ന് അച്ചനെ[200] കണ്ടാറെ വളരെ സന്തോഷമായി. ഇങ്ങനെ പാർക്കുമ്പോൾ ഒരു ദിവസം ഒരു കടുദാസും എഴുതിക്കൊണ്ടു വന്ന് അച്ചന്റെ പറ്റിൽ കൊടുത്തു. ഇതിന് എഴുത്തിട്ടു തരണമെന്നും കുമ്പഞ്ഞിയിൽ നിന്നും വേണ്ടുന്നതൊക്കെയും വരുത്തിത്തരുന്നതിന് സമുചയം ഇല്ലെന്നും പറഞ്ഞ. എഴുതിയത് വായിച്ചു കണ്ടാറെ ഇംഗ്രീസു മാർഗം അനുസരിച്ച് നടക്കാമെന്ന് എഴുതിയിരിക്കകൊണ്ട് തിരുമനസ്സറിഞ്ഞല്ലാതെ എഴുത്തിട്ട് തന്നുകൂടായെന്ന് പറഞ്ഞപ്പോൾ, തമ്മിൽത്തമ്മിൽ ചീട്ടും കുറിയും എഴുതുന്നതിന് രാജാവിനെ ബോധിപ്പിച്ചിരുന്നുയെന്നും,[201]ആ കടുദാസും വാങ്ങിച്ച് കീറി അവിടെ ഇരുന്നു തന്നെ പിച്ചിപറിച്ച് ചിരിച്ചും കൊണ്ട് സന്തോഷമായിട്ട് യാത്ര ചൊല്ലി പോയതിന്റെ ശേഷം 30–ന് ബുക്കാനാൻ സായിപ്പും മക്കാളി ദുരയും കൂടെ വന്നു. അല്ലാതെ രണ്ടു വെള്ളക്കാരും കൂടെ ഉണ്ടായിരുന്നു.[202]

**03.04.34. സുറിയാനി വേദപുസ്തകങ്ങൾ.** പഴമ പുസ്തകങ്ങൾ കാണണമെന്നും പറഞ്ഞു കൊണ്ട് നമസ്ക്കാര പുസ്തകവും തക്ക്സാസും കാണണമെന്നും അതു രണ്ടും എടുത്തു കൊടുത്താറെ, പിന്നെയും ശ്ലേമ്മോന്റെ പൊസ്തകവും രണ്ടു ബെറിയാസിന്റെ പൊസ്തകവും ഇയ്യോബിന്റെ പൊസ്തകവും ഇങ്ങനെ ആറു പുസ്തകം പിന്നെയും കൊടുത്തു.[203] ബാവായുടെ കാര്യം കൊണ്ട്,[204] ഇപ്രകാരമുള്ള നാനാവിധങ്ങൾ മേപ്പട്ടക്കാർ ചെയ്യുന്നതിനെ അനുസരിച്ച് കൊള്ളുന്നത് ഞായമല്ലെന്നും, വളരെയൊക്കെയും പറഞ്ഞാറെ അദ്ദേഹത്തോട് ഒന്നും ചെയ്യരുതെന്നും,  പരദേശക്കാരുടെ ശീലം ആകുന്നു എന്നും കൽപ്പിച്ച് വേണ്ടും വണ്ണം പറഞ്ഞു പോകയും ചെയ്തു. ഇവർ വന്നാൽ പാർക്കുന്നതിന് തൃപ്പൂണിത്തുറ ഒരു മംഗളാവു പണിയിച്ച് കുറഞ്ഞൊരു ദിവസം അവിടെ പാർക്കുയും ദിവസേന വരികയും പോകുകയും ചെയ്തുവന്നു.

പിന്നത്തേതിൽ അവർ പോയി. പഴമ പുസ്തകം പള്ളികളിൽ ശോധന

www.malankaralibrary.com

ചെയ്തു വരുത്തി കൊടുത്തയയ്ക്കായ്ക കൊണ്ടും,[205] വങ്കാളത്തിനു രണ്ടു പേരെ കൂടെ അയക്കണമെന്നും അവർക്കു വേണ്ടുന്നതൊക്കെയും കൊടുത്ത് രക്ഷിക്കുമെന്നും, അവരുടെ തറവാട്ടിൽ ചിലവിന്നു കൊടുക്കുമെന്നും പറഞ്ഞിരുന്നതിനെ ആളയ്ക്കാഴിക കൊണ്ടും,[206] കലശലായിട്ടു എഴുതി വന്നു. ഇങ്ങനെയിരിക്കുമ്പോൾ ചെങ്ങന്നൂർ ഇരുന്ന തോകൽക്കടുദാസുള്ള പഴമ പുസ്തകം ആളയച്ചു വരുത്തികൊടുത്തയച്ചാറെ,[207] അറിയുന്നതിൽ ഒരു പട്ടക്കാരെ അയയ്ക്കണമെന്നും എഴുതി വരികകൊണ്ട് കാട്ടുമങ്ങാട്ട് ഇട്ടിയവിരക്കത്തനാരെ പറഞ്ഞയച്ചു. അയാൾ ചെല്ലുന്നതിന് മുമ്പ് ബാവായെക്കാണിച്ച് ബായെനെക്കു നടപ്പില്ലാഴികകൊണ്ട് ഒരു തങ്കരൂപായും കൊടുത്ത് പറഞ്ഞയച്ചു.[208]

**03.04.35. ദീയസ്കോറോസും മെക്കാളയും.** കാട്ടുമങ്ങാടാൻ ചെന്നാറെ നല്ല വണ്ണം വായിച്ചു. അയാളെക്കൂടെ വങ്കാളത്തിനു കൊണ്ടുപോകണമെന്നു സിദ്ധാന്തമായിട്ട് പറഞ്ഞപ്പോൾ,[209] ഞാൻ ചെന്ന് മെത്രാപൌലിത്തായെ ബോധിപ്പിച്ചും കൊണ്ട് കൊടങ്ങല്ലൂർ വരാമെന്നും പറഞ്ഞു പോരികയും ചെയ്തു. ഇതിന്റെ ശേഷം മെക്കാളയുടെ ആൾ വന്ന് ബാവായ കൊണ്ടു പോയി. സൌത്താത്തിക്കോൻ ചോദിച്ചാറെ, നിന്നെ കാട്ടുകയില്ലെന്നും നീയ് ഇംഗ്രീസിന്റെ ഒരു സിപ്പായി ആകുന്നു എന്നും പറഞ്ഞപ്പോൾ, താൻ വ്യാജക്കാരൻ ആകുന്നു എന്നും പള്ളികളിൽ ഒരിടത്തു പോകരുതെന്നും വിലക്കിയപ്പോൾ എനിക്ക് ചിലവിനില്ലെന്നു പറകകൊണ്ട് അപ്പോൾ തന്നെ നൂറുരൂപായും കൊടുത്ത് മട്ടാഞ്ചേരിമുറിയിൽ പാർത്തുകൊള്ളണമെന്നും ഒരിടത്തും കടപ്പാൻ ദിഷ്ടതി ഇല്ലെന്നു, പറഞ്ഞയച്ച. നാലാം പക്കം അഞ്ഞൂറു രൂപാ കൊടുത്തയ്ക്കണമെന്നു മക്കാളിക്ക് ഒരു കടുദാസെഴുതി കൊടുത്തയച്ചു. അതു കണ്ടാറെ കടുദാസ് പെട്ടകത്തിൽ വച്ച് പൂട്ടി. രൂപ കൊടുത്തില്ല. പള്ളിയിൽ ഒരിടത്തും കരേറ്റി ഒരു പ്രവൃത്തിയും ഇദേഹത്തെകൊണ്ട് ചെയ്യിക്കരുതെന്ന് മെക്കാളെയുടെ എഴുത്തു വന്നു.

മകരമാസം 28 ന് ബുക്കാനൻ കപ്പൽ കരേറി. കൊടുങ്ങല്ലൂർ ചെന്ന് ഇട്ടിയവിരാ കത്തനാരെ അയയ്ക്കണമെന്നു എഴുതി വന്നു. ആയാൾ ഒളിച്ചു പോയി എന്നും ഇനിയും പട്ടക്കാർക്കടുത്ത പ്രവൃത്തി ഒന്നും അയാളെക്കൊണ്ട് ചെയ്യിക്കയില്ലായെന്നും, നേരുകേട് അയാൾ ചെയ്തതിന്ന് അവസ്ഥ പോലെ വിചാരിക്കുമെന്നും മറുപടി കൊടുത്തയച്ചാറെ, കപ്പൽ ഇപ്പോൾ നീക്കുമെന്നും, കത്തനാരോട് ഒന്നും ചെയ്യരുതെന്നും, വിലക്കെരുതെന്നും ഏറ്റം കാര്യമായിട്ടും ഗുണദോഷമായിട്ടും കൊടുങ്ങല്ലൂർ നിന്ന് എഴുതി വന്നു.[210]

**03.04.36. മലയാളം ബൈബിൾ.** പൊസ്തകം പൊരുൾ തിരിച്ച് മലയാൺമയിൽ എഴുതിക്കണമെന്നു പലപ്പോഴും പറയുകയും എഴുത്തു വരികയും ചെയ്തതിന്ന്, തഞ്ചാവൂർ നിന്നും പഴമയും പുതുമയും തമിഴിൽ അച്ചടിച്ച പുസ്തകം വരുത്തി, ആയതും സുറിയാനിയിൽ ഇവിടെ എഴുതിയിട്ടുള്ള പുസ്തകങ്ങളും കൂട്ടിനോക്കണമെന്നും, ആയതിന് പൊരുൾ തിരിക്കുന്നവർക്കും എഴുത്തുകാർക്കും ശമ്പളം കൊടുക്കാമെന്നും പറഞ്ഞാറെ , ആയതു വേണ്ടായെന്നും ഇവിടെത്തന്നെ പൊരുൾ തിരിപ്പിച്ച് എഴുതിക്കാമെന്നും പറഞ്ഞതിന്റെശേഷം കൊച്ചിയിൽ നിന്നും തിമ്മപ്പൻ പിള്ള എന്ന ഒരു ചെട്ടിയെ ശമ്പളവും കൊടുത്ത് കണ്ടനാട്ടിന്നു പറഞ്ഞയച്ചു.[211]



റമ്പാൻ പൊരുൾ തിരിച്ചെഴുതുവാനായിട്ട് കുംഭ മാസം 18 ന് മുതൽക്ക് എഴുതിത്തുടങ്ങി.[212]ഏവൻഗേലിയോൻ പുസ്തകം മത്തായി ശ്ലീഹായുടെ അറിയിപ്പ് പൊരുൾ തിരിച്ച് എഴുതിയതിൽ പിന്നെയത്ര തമിഴ് പുസ്തകവും ആളും വന്നൊള്ളു. റമ്പാനത്രെ കടുദാസിൽ എഴുതുന്നത്. തിമ്മപ്പൻപിള്ള ഓലയിലെഴുതുകയും, തമിഴ് കൊച്ചിട്ടി നോക്കുകയും. എട്ടുനാളൊരിക്കൽ ഇത്രയെഴുതി എന്ന് കൊച്ചിയിൽ എഴുത്തു ചെല്ലത്തക്കവണ്ണം ചട്ടം കെട്ടിട്ടത്രെ ബുക്കാനാൻ പോയത്. ഏവൻഗേലിയോൻ പ്രെക്കുസെസും[213]പൊരുൾ തിരിച്ചതിന്റെ ശേഷം, ആയതു വങ്കാളത്തു കൊണ്ടുചെല്ലത്തക്കവണ്ണം എഴുതിവരികകൊണ്ടു തിമ്മപ്പൻപിള്ള കൊണ്ടുപോയി.[214]

ഇതിന്റെ ശേഷം ബാവായെ കപ്പൽ കരേറ്റി ആയക്കണമെന്നും അവർ നിശ്ചയിച്ച്, കുസ്താദീന്യോസ എന്ന വെള്ളക്കാരന്റെ പറ്റിൽ 150 രൂപാ കൊടുത്തു എന്നു പറഞ്ഞു കേട്ടു. കപ്പൽ കരേറുവാൻ തുടങ്ങുന്നൂയെന്ന് ബാവായുടെ എഴുത്തു കാൺകകൊണ്ട് എല്ലസ്ക്കോൽ എന്ന പൊസ്തകവും കാസായും കൊച്ചി മുറിയുടെ കടുദാസുകളും കൊടുത്തയക്കണമെന്നു[215] കണ്ടനാട്ടു പുന്നച്ചാലിക്കത്തനാരുടെ പറ്റിൽ എഴുത്തു കൊടുത്തയച്ചാറെ, അയാളെ വാക്കിലധിക്ഷേപം പറഞ്ഞ് അടിപ്പാൻ ചെല്ലുക കൊണ്ട്. പോണിക്കരെച്ചെന്ന് മക്കാളിയെക്കണ്ടു. മുണ്ടു മുറികൊടുക്കണമെന്നു കലശലായിട്ട് എഴുത്തും ആളും വന്നതിനെ അനുസരിച്ചില്ലാ. പുന്നച്ചാലിക്കത്തനാരു വന്ന വർത്തമാനം കേട്ടാറെ, മുണ്ടുമുറിയൊന്നും വേണ്ടായെന്നും ബാവായോടു ഒന്നും ചെയ്യരുതെന്നും, മക്കാളിക്കു എഴുത്തു കൊടുത്തയച്ചു. മക്കാളി കൊടുങ്ങല്ലൂർക്കും പോയി.

**03.04.37. ദീയസ്കോറോസിന്റെ വികൃതികൾ.** ഇങ്ങനെ ഇരിക്കുമ്പോൾ കുമ്പ മാസം 30–ന് അദ്ദേഹത്തിന്റെ ചേമ്മാശിനെ കപ്പൽകരേറ്റി പരദേശത്തിന്നയച്ചു. കോട്ടയത്തു ചെറിയ പള്ളിയിൽനിന്നു ചിലർ കൊച്ചിയിൽ ചെന്നപ്പോൾ അവരുടെ വള്ളത്തേൽ ബാവായെക്കരേറ്റി കോട്ടയത്തു കൊണ്ടുപോയി.[216]പള്ളികളിൽ കരേറ്ററുതെന്നു വിലക്കിയിരിക്കുമ്പോൾ ഇപ്രകാരം ചെയ്തത് മെത്രാപൌലിത്താ ബോധിച്ചോയെന്നു രണ്ടു എഴുത്തു വന്നതിനു വേണ്ടും വണ്ണം മറുപടിയും കൊടുത്തു. ഓശാനെക്കു കോട്ടയത്തു ചെറിയ പള്ളിയിൽ കുരുത്തോലക്കൊടുക്കുന്നതിനു നുറുക്കി ലെസിനകത്തു വാരിക്കെട്ടി.[217]പണം വച്ചാൽ ഓല തരാമെന്നും പറഞ്ഞ്, പണം വാങ്ങിച്ച് ഓല കൊടുത്തു. പിന്നെത്തെതിൽ മേടമാസം 14 –ന് നോൻപു വിടുകയും അതിനകം നമസ്ക്കാരവും കഴിച്ചത് എഴുതുവാൻ കഴികയില്ല.

പുതുഞായറാഴ്ച പുത്തനങ്ങാടിയിൽ ചെന്നാറെ[218] , വച്ചുണ്ടായ പണം എടുത്തും കൊണ്ടു 24 –ന് പെരുനാൾക്കു പുതുപ്പള്ളിച്ചെന്നു.[219]നടവരവും വാരിയെടുത്ത് പണ്ടാരക്കുറ്റിയും വെട്ടിക്കീറി. അവിടെനിന്നും പ്രപ്പെട്ടു പുതിയകാവിൽച്ചെന്നു. ഇടവമാസം 26–ന് രണ്ടു പെൺകെട്ടു ഉണ്ടായിരുന്നത് അദ്ദേഹം തന്നെ പെണ്ണുങ്ങളുടെ താലികെട്ടിയതും,[220] കായംകുളത്തുചെന്നു അൻപതാം പെരുനാൾക്കു[221] തെരുവിൽ ഓടി പിന്നെ കുറുവാന ചൊല്ലിയതും, കാർത്തികപ്പള്ളിയിൽ ചെന്നതും, വീണ്ടും പുതിയകാവിൽച്ചെന്ന് പീടികയിലെ പുലകുളിക്ക് ആ വീട്ടിൽച്ചെന്ന് മരത്തുംമൂട്ടിൽ കത്തനാരെ അടിച്ചതും, അവരുടെ ചെറു

www.malankaralibrary.com

ക്കനെ പള്ളിയിൽ കൊണ്ടുചെന്നിട്ട് കഴിഇട്ടുംകൊണ്ടു ചീലാന്തിയേൽക്കെട്ടി ത്തൂക്കിയതും, അവരുചെന്ന് അറത്തുവിട്ടതും, തീയും കൊണ്ടു പീടികയുടെ പിരെക്കു വച്ചതും, വെളിപ്പറമ്പിൽപ്പോയിരുന്ന് കരഞ്ഞതും, ഇതൊക്കെയും എഴുതുവാൻ കഴികയില്ലാ.[222]

**03.04.38. കൊച്ചി രാജാവുമായി കൂടിക്കാഴ്ച.** അശ്ചൻ കണ്ടനാട്ടിരിക്കു മ്പോൾ പെരുമ്പടപ്പിൽ തംപുരാനമായിട്ടുള്ള കൂടിക്കാഴ്ചെക്കു മുളംതുരുത്തിൽ തണംങ്ങാട്ടിൽ ചാക്കോ മുതൽപേരു ചെന്നു ബോധിപ്പിച്ചാറെ, കൽപന വരിക കൊണ്ടു കർക്കടമാസം 14-ന് കരിങ്ങാച്ചറ പള്ളിയിൽച്ചെന്നു പാർത്തു.[223]അടി യറ തീർന്നല്ലാതെ കാണുകയില്ലെന്നു, കേൾക്കകൊണ്ടു കൊച്ചിട്ടികൂടെച്ചെന്ന് നാലുദിവസത്തെ കാർയ്യം പറഞ്ഞ് വൈപ്പിൽ കുഞ്ഞിച്ചാക്കോയും തണങ്ങാ ട്ടിൽ ചാക്കോയും മാമല മത്തായും കൂടെ 1200 രൂപാ കടം വാങ്ങിച്ച് ഒടുക്കി.

18-ന് കൂടിക്കാഴ്ചയെന്നും നിശ്ചയിച്ച് രണ്ടു ശിപായികളെ കൽപിച്ചയച്ച്. അന്നേരം തന്നെ എറങ്ങി. 1000 പേരോളം ഉണ്ടായിരുന്നു. വാദ്ധ്യഘോഷത്തോ ടുകൂടെ കോട്ടക്കകത്തു ചെന്നാറെ, തമ്പുരാട്ടിമാർക്കു മെത്രാനെ കാണണമെ ന്നു പാലിയത്തച്ചന്റെ[224] കൽപന വരിക കൊണ്ടു മാളികത്താഴെ ഒരു കസാറ ഇട്ടിരുന്നു. കുറഞ്ഞൊന്നു താമസിച്ച് കൽപന വന്ന് ചെന്നാറെ രണ്ടുപേരും നിന്നത്രെ കണ്ടത്. നാലു കാശു വൈപ്പിച്ചു കല്ലു വച്ചതിൽ ഒരു മോതിരവും രണ്ടു വീരചങ്ങലയും രണ്ടു കുത്തൂപട്ടും കൽപിച്ചു തന്ന.[225] യാത്രയും ചൊല്ലി, പല്ലക്കിൽ കരേറി പാലിയത്തു ചെന്ന് ഒരു കുത്തുപട്ടു വൈപ്പിച്ചു. അവിടെ നിന്നും രൂപം കുത്തിയ വളയും, ഒരു കുത്തു പട്ടും തന്നു. യാത്ര ചൊല്ലി നട മേൽ പള്ളിയിൽക്കരേറി അന്നുതന്നെ കരിങ്ങാച്ചിറെ പള്ളിയിൽ പോന്നു. ശിപാ യികൾക്കു പവുപ്പത്തു കല്യൻ കൊടുത്തു. അല്ലാതെയും ചിലവു വളരെ ഉണ്ട്.

**03.04.39. ദളവായും മാർ ദീവന്യാസ്യോസും** 21-ന് കരിങ്ങൊച്ചിറ നിന്നും കണ്ടനാടു വന്നു. 22-ന് കൊല്ലത്തു ചെല്ലണമെന്നു ദളവാ അങ്ങത്തെ സാധ നവും കൊണ്ടു അരിക്കാരൻ വന്നു. മാമലയും മുക്കുങ്കനും ഓരോ ആടു ചെങ്ങ ന്നൂർക്കാർക്കു കൊടുത്തു.[226] അന്നുതന്നെ അവരുപോയി. മലംകര എടപെട്ടുള്ള പള്ളിക്കാർയ്യം കൊണ്ടു നിദാനം വരുത്തേണ്ടുന്നതിനു ചെല്ലണമെന്നും ദീന മെങ്കിൽ വള്ളം കരേറി അരിക്കാരനോടുകൂടെ ചെല്ലണമെന്നും എഴുതിയിരിക്ക കൊണ്ടു 29-ന് വെള്ളം കരേറി. അന്നസ്തമിച്ച് നിരണത്തു വന്നു. 30-ന് ചെങ്ങ ന്നൂക്കാരും പുത്തൻകാവിക്കാരും വന്നു.

വല്യപെരുമ്പിഴക്കൊച്ചിട്ടി കൊണ്ടുവന്ന എഴുത്തുകണ്ടാറെ, വാബായുടെ കാർയ്യം എന്നുതോന്നി.[227] പുതിയകാവിൽ വച്ച് പലകൂട്ടവും ചെയ്താറെയും വല്യവീട്ടിൽ കത്തനാരും, അങ്ങാടി കൊച്ചാക്കോ മുതൽ പേരു നാലഞ്ചു മാപ്പി ളമാരുംകൂടെ പറഞ്ഞു ബോധിപ്പിച്ച് ബാബായെ കൊല്ലത്തു കൊണ്ടു ചെന്ന് കാപ്പയിട്ടുംകൊണ്ട്, ദളവായെക്കാണിച്ച്, മക്കാളിയും മെത്രാനും ഒന്നാകുന്നൂ യെന്നും, പലകൂട്ടം ദൂഷ്ണങ്ങളും പറഞ്ഞ് വേണ്ടുംവണ്ണം ഉത്തരവു വരുത്തി കാർയ്യം കേട്ടു തീരുവോളും ചിലവിനു കൊടുത്തു പുതിയകാവിൽ പള്ളിയിൽ പാർക്ക ത്തക്കവണ്ണം സാധനം കൊടുത്തയച്ചു.[228] 83-ാമാണ്ടു ചിങ്ങമാസം 4-ന് കൊല്ലത്തു ചെന്നു വല്യപെരുമ്പിഴയും, ഇട്ടിമാത്തൂത്തരകനും, കൊല്ലക്കാരനും,



മല്ലിട്ടിപ്പണിക്കരും അവിടെ ഒണ്ടായിരുന്നു.

വാബാ പള്ളിയിൽ പാർക്കകൊണ്ട് അര രൂപയ്ക്ക് ഒരു വീടു വാങ്ങിച്ച് അവിടെ ഇരുന്നു. മൂന്നു തീയതി കഴിഞ്ഞതിന്റെ ശേഷം പെരുമ്പടപ്പിൽ ചെന്നതും കണ്ടതും വിവരം അറിഞ്ഞും കൊണ്ട്, കത്തങ്ങളും മാപ്പിളമാരും കച്ചേരിച്ചെല്ല ത്തക്കവണ്ണം ഉത്തരവാകയിൽ, പരദേശക്കാരന്റെ കാര്യത്തിന് ഇന്നപ്രകാരമെന്നു നിശ്ചയിക്കണമെന്ന് കേൾക്ക കൊണ്ട്, തേവലക്കര വൈദ്യൻ കൂടെ വന്നിട്ട് ബോധിപ്പിക്കാമെന്നു പറഞ്ഞ് പോരികയും ചെയ്തു. വൈദ്യൻ വന്ന് എല്ലാ പേരുംകൂടെ കാണാൻ ചെമ്പകരാമൻ മുളകുമടിശ്ശീല സർവാധികാര്യക്കാരുടെ അടുക്കൽ ചെന്നാറെ,[229]പരദേശക്കാരന്റെ കാര്യം വന്നനാൾമുതൽ ഇന്നുവരെയും ഒള്ളതിനെ കേൾക്കണമെന്നു പറഞ്ഞപ്പോൾ, ഞങ്ങൾക്ക് വിവരം ഇല്ലെന്നും, കൊച്ചിട്ടിയെ വരുത്തണമെന്നും പറകകൊണ്ട്, ആളുവന്നു ചെന്നാറെ, ഉണ്ടായ തൊക്കെയും പറഞ്ഞതിന്റെ ശേഷം, കച്ചേരിച്ചെല്ലുവാൻ പറഞ്ഞു. അവിടെച്ചെ ന്നാറെ അങ്ങത്തേക്കു ദീനമാകുന്നു എന്നും സർവാധികാര്യക്കാരും പത്മനാഭ പിള്ളയും കൂടെഇരുന്ന് കൊച്ചിട്ടിയെ അകത്തു വിളിച്ച്, ബാവായുടെ കാര്യം കൊണ്ട് വളരെ ഒക്കെയും പറഞ്ഞു.

വാബായുടെ കാര്യത്തിനല്ല വരുത്തിയെന്നും, മെത്രാൻ ഇപ്പോൾത്തന്നെ പോകട്ടെയെന്നും, അങ്ങുന്നുമായിട്ടു കാൺമാൻ സമയം ഇല്ലെന്നും, മാവേലി ക്കര വന്നിട്ട് കണ്ടുപറഞ്ഞുകൊള്ളാമെന്നും, താമസിച്ചാൽ നീരസം ഉണ്ടെന്നു മക്കാളിയുടെ എഴുത്തു വന്നിരിക്കുന്നുയെന്നും സ്വകാര്യമായിട്ടു പറഞ്ഞാറെ, ചിങ്ങമാസം 12 ന് വള്ളം കരേറി കായംകുളത്തു വന്നു. 15 നുയമ്പു വീടി നിര ണത്തു വന്നു.[230] ബാബാ കൊല്ലത്തു തന്നെ പാർക്കുന്നു. വല്യപെരുമ്പിഴെ ഏൽപിച്ച് പുതിയകാവിനു പറഞ്ഞയക്കയും ചെയ്തു.

പിന്നത്തേതിൽ ബാബായെ കൊച്ചിക്ക് അയക്കണമെന്നും ചിലവിനു കൊടു ക്കണ്ടായെന്നും ദളവാ അങ്ങത്തെ എഴുത്തു വരികകൊണ്ടു, വീണ്ടും കൊല്ലത്തു പോയി പാർത്ത്, കണ്ടനാടു പാർത്തിരുന്ന മെത്രാപൊലിത്തായെ കൊല്ലത്തു വരുത്തി പാർപ്പിച്ചത് ഞായമല്ലെന്നും വേഗത്തിൽ കണ്ടനാട്ടിന്നയക്കണമെന്നും മക്കാളിയുടെ എഴുത്ത് വീണ്ടും ദളവാ അങ്ങത്തേക്ക് വരികകൊണ്ട്, ദീനമെ ങ്കിലും വള്ളംകരേറ്റി അയക്കണമെന്നും, 83- മാണ്ട് കന്നിമാസം 5 ന് തിരുവല്ലാ കാര്യക്കാർക്ക് ദളവായുടെ എഴുത്തു വരികകൊണ്ട്, കാര്യക്കാരു നിരണത്തു വന്നു. ദീനമെന്ന് മറുപടി കൊടുത്തയച്ചു. വല്യവീടൻ കൊല്ലത്തു ചെന്ന് ബാബാ യെക്കൊണ്ടുവന്ന് പുതിയകാവിലിരുത്തി. ദളവാ പത്മനാപുരത്തിനു പോയി. തുലാമാസമത്രയും പുതിയകാവിൽ പാർത്തു. അവിടെ നിന്നും തുമ്പമൺകാരു കൊണ്ടുപോയി.

**03.04.40. നിരണം യോഗം.** അവിടെയിരുന്ന് ചില കടുദാസു എഴുതുകയും അവരു പൊരുളു തിരിക്കയും ഇതിൻവണ്ണം ഒക്കെയും കാൺകകൊണ്ട് പള്ളി ക്കാരല്ലാപേരും വൃശ്ചികമാസം 30 നകം നിരണത്തു കൂടണമെന്നും, വയസ്സും ദീനവും ആകകൊണ്ട് കാര്യങ്ങൾ പലത് നിശ്ചയിക്കേണ്ടുന്നതിന് സാധനം കൊടുത്തയച്ചാറെ, ധനുമാസം 5 നകം എല്ലാപേരും കൂടി. കാർയ്യങ്ങൾ അന്വേ ഷിപ്പാൻ നമ്മാൽ കഴികയില്ലെന്നും നിങ്ങൾ വിചാരിച്ചു പറയണമെന്നും കൽ പിച്ച് താഴെയിറങ്ങി വിചാരിക്കുമ്പോൾ,[231] ബാബായുടെ എഴുത്തു വാക്കിലേറ്റ

www.malankaralibrary.com

മായിട്ടു പലതുമെഴുതിയിരിക്കുന്നതു തുമ്പമൺ ഉള്ളതിൽ ഒരു മാപ്പിള കൊണ്ടു വന്നു. പീലിപ്പോസു റമ്പാൻ കണ്ടാറെ സുറിയാനി വൈപ്പിന് പോരായെന്നു പറഞ്ഞു.[232] ഇതിന് മറുപടി എഴുതുകയും, ആദേഹത്തെ അനുസരിക്കയും വേണ്ടായെന്ന് പള്ളിക്കാര നിശ്ചയിച്ചശേഷം, കാര്യങ്ങൾ വടക്കുപിറത്തുള്ള പള്ളിക്കാരുടെ കൂടെ വന്നിട്ട് അറുവിക്കാമെന്നും നിശ്ചയിച്ച് എല്ലാപേരും പിരിഞ്ഞു.

അശ്ചൻ കണ്ടനാടു ചെല്ലുവാൻ മക്കാളിയുടെ എഴുത്ത് 18 നു വന്നു. പുന്നത്രെ കത്തനാരെ ആലപ്പിഴെക്കയച്ചപ്പോൾ ബുക്കാനൻ വന്നുയെന്നും പോയി എന്നും ഇപ്പോൾ ചെല്ലേണ്ടായെന്നും എഴുതിവന്നു.[233] ഇതിന്റെശേഷം തുമ്പമൺ കത്തങ്ങളുടെ തല ചിരെപ്പിച്ചു. മകരമാസം 6 ന് മാമോദീസാ മുക്കുവാൻ സയിത്ത് ആദേഹം ഉണ്ടാക്കി.[234] ഒരു പെണ്ണുകെട്ടു കഴിച്ചു. കുംഭമാസം 14ന് കണ്ണംകോടിനു പോയി കലശലുണ്ടാക്കി. 25-ന് പുതിയകാവിൽ വന്നു. പാതി നൊയമ്പിന് പണിക്കര് കത്തനാരെ പിടിച്ചുതള്ളി. പിറ്റെ ഞായറാഴ്ച ആരും പള്ളിയിൽ ചെന്നില്ല.

**03.04.41. മാർ ദീവന്യാസ്യോസ് രോഗശയ്യയിൽ.** മീനമാസം 16-ന് മുതൽക്ക് ദീനമായി. 21-ന് ശരീരം ഒക്കെ നീരുകൊണ്ടു വായ്പുകടുക്ക[235] കൊണ്ടു ചരിവാൻ വകിയാ. 22 ന് ഞായറാഴ്ച കുര്യൻ കത്തനാര് കണ്ണമംഗലത്തിനുപോയി.[236] ഇതിനിടയിൽ ഈശ്വരപിള്ള വൈദ്യൻ വന്നു. പറപ്പള്ളി വൈദ്യൻ മുൻപിലെ പാർക്കുന്നു. 23 ന് കടമറ്റത്തിന് അവിടെനിന്നും വാശകം ചൊല്ലി സാധനം കൊടുത്തയച്ചു.[237] 26ന് കണ്ണമംഗലം വന്നു. 24-ന് കിടങ്ങൾ ഗീവറുഗീസ് കത്തനാര് പോയി. നിരണത്തു കത്തങ്ങളും ചെങ്ങന്നൂർക്കാരും ഓമല്ലൂർക്കാരും കുര്യൻ കത്തനാരും പിള്ളേരും നന്നാലുപേരു മാറിമാറി നിന്നു.

25-ന് അസ്തമിച്ച് പാതിരാ കഴിഞ്ഞശേഷം ബാബായും കരിങ്ങാട്ടിൽ ചെമ്മാശും കൂടി വന്നു. വല്യപെരുമ്പിഴെ വിളിച്ചു കൽപിച്ച് ഇപ്പോൾ കണ്ടു പറവാൻ കഴികയില്ലെന്നും, ജനങ്ങൾ കൂടി ഒരു പ്രകാരം നിശ്ചയിച്ചിരിക്ക കൊണ്ടു[238] ദൈവ സഹായം പോലെ കണ്ടുപറയാമെന്നും, ഇപ്പോൾ പോകട്ടെയെന്നും, അതുകേട്ട് കലശായിട്ടു പോകയും ചെയ്തു. ഇട്ടയവിരാക്കത്തനാരു പുത്തൻ കുറുവാന ചൊല്ലാതെ നിക്കകൊണ്ടു അനുവാസം വാങ്ങിച്ച് 25-നു പെരുനാൾക്കു[239] കുറുവാന ചൊല്ലുവാൻ കൈമുത്തുവാൻ ചെന്നാറെ, വിചാരിച്ചു പറയാമെന്നു കൽപിച്ചതല്ലാതെ അനുവസിച്ചില്ലാ. മീനമാസം. 1 ന് ഞായറാഴ്ച അശ്ചൻ കുറുവാന ചൊല്ലി. മുൻപിലത്തെ ഉപ്പ്രീശുമായും[240] കണിയാന്ത്രക്കത്തനാരു[241] മുതൽപേർക്കു പട്ടം കൊടുക്കയും ഒണ്ടായിരുന്നു. 8 നും 15 നും 22 നും കുറുവാന കണ്ടു. 25 നു പെരുന്നാൾക്കു കാണ്മാൻ വകിയാ.

**03.04.42. മാർ ദീവന്യാസ്യോസിന്റെ അന്ത്യം.** 27 ന് വെള്ളിയാഴ്ച തേവലക്കര മൂത്ത വൈദ്യൻ വന്നു. അന്നുതന്നെ ദേശക്കാരുടെ പേർക്കു എടുത്തു കൊടുത്ത് രണ്ടുപേരെ കടമറ്റത്തിന്നയച്ചു. ഇനിയും വേണ്ടുന്നത് എത്തിക്കതന്നെയെന്നുറച്ച്, പീലിപ്പോസു റംപാശ്ചൻ കുപ്പായമിട്ട് ഉപ്പ്രിശ്മാ എത്തിക്കുമ്പോൾ[242] 25 കത്തങ്ങൾകൂടെ ഒണ്ടായിരുന്നു. മിശിഹാ കാലം 1808 ൽ കൊല്ലം 983-ാ മാണ്ടു മീനമാസം 27-നു വെള്ളിയാഴ്ചനാൾ വല്യനുയമ്പിന്റെ നാല്പതാം



ദിവസം ഇരുപത്തിരണ്ടര നാഴിക പുലർന്നപ്പോൾ[243] മെഴുകുതിരികളും കത്തിച്ച് റമ്പാച്ചൻ സൈത്തും പൂശി വഴിക്കാലായും എത്തിച്ചു. കാലം ചെയ്തതിന്റെ ശേഷം ഉടൻ തന്നെ മുഖവും കൈയും കാലും കഴുകിച്ച്, കുപ്പായങ്ങളും ഇടുവിച്ച്, മുടിയും വച്ച്, സ്ലീവായും വടിയും പിടിപ്പിച്ച്, ധൂമവും വച്ച്, കസറമേൽ ഇരുത്തി.[244] റംപാനും ശേഷം പട്ടക്കാരും പൊസ്തകം ചൊല്ലിത്തുടങ്ങി. ചനിയാഴ്ച 22-ന് മാളികയിൽ നിന്നും താഴെയിറങ്ങി.

രായും പകലും ഒറക്കൊഴിച്ചാലാലയും ഉത്സാഹത്താലയും പുന്നത്ര കുർയ്യൻ കത്തനാരു[245] ഈ ശുദ്ധമാകപ്പെട്ടവനു വേണ്ടി ഏറിയ ചിറ്റാണ്മചെയ്തു. ഇതു കേട്ട് ബാബാ വല്യപെരുമ്പിഴ വന്നിരുന്നുംകൊണ്ടു ഇങ്ങോട്ടുവരെട്ടെയെന്നു ആളയച്ചാറെ, വരണ്ടായെന്നു എല്ലാപേരും കൂടെ പറഞ്ഞയച്ചു. എന്നാറെ നാലു നാഴികപ്പകലെ ബാബായും കരിങ്ങാട്ടിൽ ചെമ്മാശും കൂടെ വന്ന് മദുബഹായിൽ കരേറിയിരുന്നു. വൈദ്യനെയും വല്യപെരുമ്പിഴയും വിളിച്ച് പലതും പറകയും, തെക്കെ വാതുക്കൽ മാപ്പിളമാരു കൂട്ടംകൂടി നിക്കെയും.

ഇങ്ങനെ കാൺകകൊണ്ടും നിരണത്തു രണ്ടു കവറ് ഒണ്ടായിരിക്കകൊണ്ടും,[246] പുത്തൻകാവിനു കൊണ്ടുപോകെയെന്നുറച്ച് കവറു പണിത ആശാരിമാർക്കു മൂന്നുപേർക്കു 10-ചക്രവും സമ്മാനം 40 ചക്രവും, സ്ലീവാ മരം കൊണ്ട് തീർത്തതിനു 4 ചക്രവും, കാസായും പീലാസായും മെഴുകുകൊണ്ടു തീർത്തതിനു 4-ചക്രവും,[247] ഇതൊക്കെയും നിരണത്തുകാരു കൊടുത്ത് പുത്തൻകാവിൽ നിന്നും വള്ളം വരുത്തി. മുണ്ടുമുറികളൊക്കെയും കൂടിയ ദേശക്കാരു വച്ചു പൂട്ടി മുദ്രിയ ഇടുവിച്ചു, വള്ളം കരേറ്റുവാൻ തുടങ്ങിയപ്പോൾ കൈമുത്തിക്കുന്നതിനു ബാബാ വന്ന് സ്ലീവാ എടുക്കകൊണ്ടു കൂടിയ കത്തങ്ങൾ വാങ്ങിക്കയും ചെയ്തു അന്നേരം തന്നെ ആദേഹം പുതിയകാവിനു പോയി.

**03.04.43. കബറടക്കം.** റംപാനും കൊച്ചിട്ടിയും നാലു കത്തങ്ങളും കൂടെ വള്ളത്തിൽക്കരേറി. പുത്തൻകാവിൽച്ചെന്ന് പിറ്റെദിവസം 27-നു ഒശാന ഞായറാഴ്ച ആകകൊണ്ടു കുരുത്തോല കൊടുത്ത് അടച്ചുതുറപ്പും കഴിച്ച്[248] കുറുവാന കഴിഞ്ഞശേഷം ഇരുപത്തിരണ്ടരക്കു കപറിലിറക്കി. പുത്തൻകാവിൽക്കാരുടെ പേർക്കു കൂടിയ ആളുകൾക്കു കഞ്ഞികൊടുത്തു. 30-ന് തിങ്കളാഴ്ച പത്തു നാഴിക രാച്ചെന്നപ്പോൾ ചെറിയച്ചനും,[249] അയിപ്പു, കത്തനാരും തൊമ്മൻ കത്തനാരും വന്നു.[250] 31-ന് ചൊവ്വാഴ്ച ഇരുപത്തിരണ്ടരയ്ക്കു കവറടയ്കുകയും ചെയ്തു. അന്നു കാലത്ത് ഇട്ടിയവിരാ കത്തനാരു പുത്തൻ കുറുവാന ചൊല്ലി. തൊമ്മൻ കത്തനാർ ചൊല്ലിയത്രെ അടക്കിയത്. മേടമാസം 12-ന് പുതുഞായറാഴ്ച പുലകുളി കഴിക്കയെന്നു നിശ്ചയിച്ചു. പുത്തൻകാവിൽപ്പള്ളിക്കാർ 500 പറ അരിയും, കോട്ടയം മുതൽ ചാത്തന്നൂ വരെയുള്ള പള്ളിക്കാർക്കു അഞ്ഞൂറു രാശിക്കു കോപ്പുകൾക്കും വരിയിട്ട്[251] സാധനവും എഴുതി. ഒപ്പിട്ടില്ലാ.

പള്ളിയുടെ തെക്കുവശത്ത് മാനസം[252] കെട്ടി 400 പറ അരി വച്ചു. പാലും പഞ്ചാറയും ആദിയായിട്ടുള്ള കോപ്പുകൾ കൂട്ടി വേണ്ടുംവണ്ണം പുലകുളിയും കഴിച്ചു. റാസയും[253] കുറുവാനയും ഉണ്ടായിരുന്നു. 600 ചക്രം ദെക്ഷിണ വീണത് പള്ളിക്കാർയ്യത്തിൽ എടുത്തു. അങ്കമാലി ഇട്ടുപ്പു കത്തനാരും കൂടെ ഒണ്ട്.

**03.04.44. ഗ്രന്ഥവരി എഴുത്ത്.** നിരണത്തുവച്ച് ഉണ്ടായ കാർയ്യം[254] ആലുവാ

www.malankaralibrary.com

യിൽ മക്കാളിസായ്പു പാർക്കുമ്പോൾ കേട്ട്, ചാൽമ്മറ കർണ്ണലിന്നു[255]എഴുത്തു വരികകൊണ്ടു ബാബയെ കൊണ്ടുപോകുവാൻ കുപ്പിണി 200 പേരു പ്രപ്പെട്ടു നിരണത്തോളം വന്നു. ബാബാ ഒളിച്ചുപോയെന്ന് കേൾക്കകൊണ്ട് അവരു തിരിച്ചുപോയി. ഇതിന്റെ ശേഷം മേടമാസം 23 ന് ചെറിയച്ചൻ നിരണത്തു ചെന്നു. മുറി തുറപ്പിച്ച്, മുതൽ കാർയ്യങ്ങളും എഴുത്തു കാര്യങ്ങളും വിചാരിച്ചു വന്നു. എന്നാൽ 81-മാണ്ട് കടമറ്റത്തിരിക്കുമ്പോൾ[256] ഇപ്പോളത്തെ വർത്തമാനവും, നിരണത്തു കാലം ചെയ്ത അച്ചന്റെ കാര്യവും[257] എഴുതണമെന്നും അതുകൊണ്ടു വളരെ ഉപകാരമുണ്ടെന്നും കൽപിച്ചത്രെ എഴുതിച്ചത്.[258] നിരണത്തുവച്ച് മനുഷ്യരുടെ ചതിവും നേരുകേടും കൊണ്ടു യാക്കോബായെക്കാരന്നു[259] പേരു പറയുന്നതല്ലാതെ പ്രവൃത്തി ഇല്ലായ്കയാൽ ഏറ്റം താമസം കൂടാതെ ഇംഗ്രേസു മാർഗം ആകുവാൻ എടവരുമെന്നും കൽപിച്ചിട്ടുണ്ട്.[260]

### 03.05. പിൽക്കാല ചരിത്രം

**03.05.01. ദീയസ്കോറോസും ദളവയും.** ഇതിന്റെ ശേഷം 83-ാമാണ്ട് ഇടവമാസം മുതൽക്കു ദളവായും മക്കാളിയും തമ്മിൽ നീരസം ഉറച്ചതു കാരണാൽ ഇക്കൂട്ടത്തിന്നു വെള്ളക്കാരുമായിട്ടു ഒത്താശ ഉണ്ടെന്നും കുപ്പിണിയെ വരുത്തിയെന്നും ബാബാ ദളവായുടെ അടുക്കൽച്ചെന്ന് സങ്കടം പറകയും,[261] ചെറിയച്ചൻ പട്ടം കൊടുത്തതു കാരണാൽ കത്തങ്ങളും മാപ്പിളമാരും ഒന്നിനൊന്നായിട്ടു ദളവായെ ബോധിപ്പിക്കകൊണ്ടും,[262] റമ്പാച്ചനു പള്ളികളിൽനിന്നും വരിയിട്ടു പണം പിരിച്ചു കൊടുത്തൂയെന്നും, ഇതൊക്കെയും വല്യപെരുമ്പിഴയും കുഞ്ഞാണ്ടിത്തരകനും കൊച്ചിട്ടിയും ചെയ്തിരിക്കകൊണ്ടു എല്ലാപേരെയും വരുത്തണമെന്നും ഉത്തരവായി മാവേലിക്കര വല്യജമാനനു എഴുതിവരികകൊണ്ടു റമ്പാനും, കൊച്ചിട്ടിയും, വല്യപെരുമ്പിഴയും, നിരണം, ചെങ്ങുന്നൂര്, പുത്തൻകാവ്, പുതിയകാവ് ഇന്നാലു പള്ളിത്തലെക്കാരും ചെല്ലത്തക്കവണ്ണം ആളു വരികകൊണ്ടു 84-ാ മാണ്ടു തുലാമാസത്തിൽ ആലപ്പിഴെക്കൊണ്ടുപോയി.

**03.05.02. വട്ടിപ്പണം.** മെത്രാപൌലിത്തായോടു 3000 പുവിരാകൻ കുമ്പങ്ങി വകക്കു വായിപ്പ വാങ്ങിച്ചുയെന്നും അതിനു നൂറ്റുക്കെട്ടു പലിശ വീതം ഒള്ള പുവിരാകൻ 240, തിരുവിതാംകോട്ടുനിന്നും പള്ളിയുള്ള കാലം വരെയും കൊടുക്കത്തക്കവെണ്ണം ഒരു കടുദാസ് മക്കാളി എഴുതി ദളവായുടെ പറ്റിൽ കൊടുത്തു.[263] അതുകാരണാലും ഏറിയ ശോദ്യങ്ങളും ഞെരുക്കങ്ങളും ഒണ്ടായി. വല്യപെരുമ്പിഴയും കൊച്ചിട്ടിയെയും മറിപ്പിലാക്കി. ശേഷംപേരുടെ മറിപ്പും ഒഴിഞ്ഞ് ആലംതുരുത്തിപ്പാർക്കുന്ന മാത്തനയും വരുത്തിപ്പാർപ്പിച്ചിരിക്കുമ്പോൾ, ചെറിയച്ചനെയും വരുത്തി 10,000 കല്യൻ ആദേഹം ചിലവിട്ടു. ദളവായെകാണ്മാൻ കൂടിയില്ലാ.

**03.05.03. വേലുത്തമ്പിയുടെ അന്ത്യം.** ഇതിന്റെ ശേഷം മക്കാളി കൊച്ചിയിൽ ഇരിക്കുമ്പോൾ, സാധനം എഴുത്തു പത്മനാഭപിള്ളക്കു മുളകുമടിച്ചീല സർവാധിയുംവച്ച്,[264] ആദേഹം രഹസ്യമായിട്ടു കൊച്ചിയിൽച്ചെന്ന് മക്കാളിയെക്കൊന്നുയെന്നും പ്രസിദ്ധപ്പെടുത്തി. കൊല്ലത്ത് ചൾമ്മറ കർണ്ണേൽ മുതൽ പേരു കിഴക്കേ കൊല്ലത്തു ഒണ്ടായിരുന്നവരു കൊല്ലത്തു കച്ചേരിക്കേറി ദളവായുടെ അനുജൻ തമ്പി മുതൽപേരെ ഓടിച്ച് അപജപ്പെടുത്തി.[265] അതുകാരണാൽ



അവരുടെ ആളുകൾ കച്ചേരിലും ദളവായും, പത്മനാഭപിള്ളയും, കുതിരഭക്ഷിയും മുതൽപേരു പട്ടാളത്തെയും ശേഖരിച്ച് മകരമാസം 4-ന് ചണ്ടകഴിഞ്ഞശേഷം കുണ്ടറയും പാർത്തു.[266] 18-ാം നും 19-ാം നും യുദ്ധം തുടങ്ങി. ഏറിയ ആളുകൾക്കു അവജയം വന്നു. പിന്നത്തേതിൽ വെട്ടിയകോട്ടയിലായിട്ടും തൊബാളയിലായിട്ടും ഇംഗ്രേസുപട്ടാളം വന്നിറങ്ങി. അതു കാരണാൽ ദളവാമുതൽപേരു ഒളിച്ചുപോയി കുംഭമാസം 12-ാം തീയതിയ്ക്കകം എല്ലാപേരെയും കൊന്ന് പടയും നിറുത്തലായി.[267] ദളവായുടെ പെട്ടകങ്ങൾ മക്കാളി ശോധന ചെയ്യിച്ച് 3000 പുവിരാകന്റെ കടുദാസു എടുത്തുംകൊണ്ട് തങ്കച്ചേരി വന്ന് മെത്രാനിരിക്കുന്ന പുത്തൻകാവിൽ ആളയച്ചാറെ പീലിപ്പോസു റംപാനും കൊച്ചിട്ടിയും കൂടെ പോയി. കടുദാസും അവരുടെ പറ്റിൽ കൊടുത്ത് വർത്തമാനങ്ങളും പറഞ്ഞയക്കയും ചെയ്തു.

**03.05.04. കണ്ടനാടു പടിയോല.** ഇതിനിടയിൽ ബാബായുടെ ചെന്മാശു വന്നു സൌത്താത്തിക്കോൻ ഇവിടെ ഇരുന്നതു കണ്ട് പകർത്തി അയാൾ കൊണ്ടു വന്നൂയെന്നും പറഞ്ഞ് കൊച്ചിയിൽചെന്ന് കപ്പൽ കരേറി പരദേശത്തിനുപോകയും ചെയ്തു.[268] 84 -ാമാണ്ടു അച്ചന്റെ ഒരാണ്ടു വിടുകെക്കു[269] പുത്തൻകാവിൽ വച്ചു പീലിപ്പോസു റംപാൻ മുതൽപേരും ചെറിയച്ചനുമായിട്ടു കുറഞ്ഞൊരു വഴക്കുണ്ടായി. ഇടവമാസത്തിൽ അദേഹം കണ്ടനാട്ടിനു പോയി. ദീനംവിശ്രമിച്ച് മിഥുനമാസം 22 ന് കാലം ചെയ്തു. തൊമ്മൻ കത്തനാരെ വരുത്തി സ്ഥാനം കൊടുത്ത്[270]എല്ലാപേരും കൂടെ കാലം ചെയ്ത ദേഹത്തെ കോലഞ്ചേരിക്കൊണ്ടു ചെന്നു കവറടക്കി.[271] പുലകുളിയും കഴിച്ച്, നാൽപതാംദിവസം കണ്ടനാട്ടു വച്ച് കഴിക്കയെന്നു നിശ്ചയിച്ച്, പള്ളിക്കാരെ ഒക്കെയും അവിട വരുത്തി. കുന്നംകുളങ്ങരെ പുലിക്കോട്ടിൽ ഇട്ടൂപ്പു കത്തനാരു തൊമ്മൻ മെത്രാശ്ചനോടു റമ്പസുഖവും ഏറ്റ്[272] അയാളുടെ അനന്തിരവൻ ഇട്ടൂപ്പിനു പട്ടവും കൊടുപ്പിച്ച് യാക്കോബായെക്കാരുടെ മർയ്യാദപോലെ ഒക്കെയും നടന്നുകൊള്ളത്തക്കവണ്ണം എല്ലാ കാർയ്യങ്ങൾക്കും ഒരു പടിയോലയും[273] എഴുതിവച്ച് 85-ാമാണ്ടു ചിങ്ങമാസം മുതൽ ഒരു സംവത്സരം ഒരു വിധത്തിൽ നടന്നു.

**03.05.05. മെത്രാനും റമ്പാന്മാരും.** പിന്നത്തേതിൽ ഇട്ടൂപ്പു റമ്പാനും കിടങ്ങൻ കത്തനാരും തമ്മിലുള്ള വിപദുകൊണ്ടു,[274] ഇട്ടൂപ്പുറമ്പാൻ മെത്രാശ്ചനോടു പിണക്കമായി. കണ്ടനാട്ടു, മുളന്തുരുത്തി, കരിങ്ങൊച്ചിറ, നടമേൽ ഇങ്ങനെ നാലാറുപള്ളിക്കാരെക്കൂട്ടി ഏറിയ വഴക്കായിട്ടു രണ്ടു പക്ഷത്തിൽ ആളുകളും കൂടി. പീലിപ്പോസു റമ്പാനയും ഇട്ടൂപ്പു റമ്പാൻ കൂട്ടി.[275] പട കഴിഞ്ഞതിന്റെ ശേഷം രാജ്യവിചാരം മന്ട്രോൽ സായിപിനു ആകകൊണ്ടു,[276] രണ്ടു പക്ഷക്കാരും ആദേഹത്തിന്റെ അടുക്കൽച്ചെന്ന് ആലുവാ മുതൽ മാവേലിക്കര, നിലെക്കാമുക്കു,[277] കൊല്ലംവരയും കാർയ്യം കേൾക്കുകയും വിസ്തരിക്കയും ചെയ്തുവരുമ്പോൾ 87-ാ മാണ്ടു തുലാമാസം 28 ന് പീലിപ്പോസ് റമ്പാൻ കഴിഞ്ഞ് കണ്ണംകോട്ടു പള്ളിയിലടക്കി. ധനുമാസം 12-നു മന്ട്രോൻ സായിപു കുറ്റാലത്തിന്നു യാത്രയായപ്പോൾ പള്ളിക്കാരെ ഒക്കെയും പറഞ്ഞയച്ചു. പള്ളികൾക്കു ഏറിയ ചിലവും ജെനങ്ങൾക്കു ബുദ്ധിമുട്ടും ഏറ്റമുണ്ടായി. ഇതിന്റെശേഷം ഇട്ടൂപ്പിറമ്പാനും കിട

www.malankaralibrary.com

ങ്ങൻ കത്തനാരും തമ്മിൽ നീരസം ആയിരിക്കകൊണ്ടു, കിടങ്ങൻ കുന്നംകുളങ്ങരെ ചെന്നതിന്റെ ശേഷം,[278] ആഞ്ഞൂർ പാർത്തിരുന്ന കാട്ടുമങ്ങാട്ടു ഇളയ ദേഹവും കണിയാവെള്ളിക്കാരനും[279] കൂടെ തെക്കോട്ടുപോരുവാൻ വരുമ്പോൾ വഴിമദ്ധ്യേവച്ച് കണിയവെള്ളിക്കാരൻ കഴിഞ്ഞുപോകകൊണ്ടു, ആദേഹത്തെക്കൊണ്ടുചെന്നു ആഞ്ഞുര അടക്കി.[280] ചീരൻ കത്തനാർക്ക് മാർ ദീവാന്നസ്യോസ് മെത്രാപൌലീത്താ ആയിട്ടു വാഴിച്ച്,[281] കാട്ടുമങ്ങാട്ടു ഇളയദേഹം വെട്ടിക്കൽ വന്നുപാർത്തു അവിടക്കാലംചെയ്ത് അടങ്ങി.[282] 989-ാ മാണ്ടു ചീരനു ദീനമായപ്പോൾ കിടങ്ങൻ കത്തനാർക്കു പീലയ്ക്കുസീനോസ് മെത്രാപൌലിത്താ ആയിട്ടു വാഴിച്ച്[283] ചീരൻ കാലം ചെയ്ത് ആഞ്ഞൂർത്തന്നെ അടക്കി.

**03.05.06. സെമിനാരി സ്ഥാപനം.** പീലയ്ക്കുസീനോസ് മെത്രാപൌലീത്താ യാവനയും ചുരുക്കി[284] ആഞ്ഞൂർ പാർത്തുവരുമ്പോൾ ഇട്ടുപ്പുറമ്പാൻ അവിടെ ച്ചെന്നു പലകൂട്ടവും പറഞ്ഞു ബോധിപ്പിച്ച്, 990 മാണ്ടു മീനമാസം 9-നു മാർ ദീവന്നാസ്യോസ് മെത്രാപ്പൌലീത്തായുമായിട്ടു സ്ഥാനവും ഏറ്റ് വള്ളം കരേറി കൊല്ലത്തു ചെന്ന് മന്റ്രോൻ സായിപിന്റെ അടുക്കൽ പാർത്ത് സിമനാരി പണിവകെക്കു, നാലു കാലത്തെ പലിശപ്പണവും വാങ്ങിച്ച്, കോട്ടയത്തുവന്ന് ഗോവിന്ദപുരം എന്ന പ്രദേശത്തു സിമനാരിക്കു പണിയും തുടങ്ങി.[285]

ആദേഹത്തിന്റെ മനസു പോലെ ഒക്കെയും സായിപു ചെയ്തുവരുമ്പോൾ 991 മാണ്ടു ധനുമാസം മുതൽ മർത്തോമ്മാൻ മെത്രാന് ദീനമായി. പുത്തൻകാവിൽ പാർത്തിട്ടു ഭേദം വരുന്നില്ലന്നും വിചാരിച്ച് മകരമാസം 8-ന് നിരണത്തുകൊണ്ടുചെന്ന് മകരമാസം 10 ന് കാലംചെയ്ത് പുത്തൻകാവിൽ പള്ളിയിൽ കൊണ്ടുവന്ന് കവറടക്കി.[286]

**03.05.07. അയിപ്പു മെത്രാൻ.** ദീനം പരവെശം ആയപ്പോൾ പുത്തൻകാവിൽ വച്ചു ആദേഹത്തിന്റെ ചിറ്റപ്പൻ അയിപ്പു കത്തനാർക്കു വയസ്സാകകൊണ്ടു[287] പൈനുംമൂട്ടിൽ കത്തനാരെക്കൊണ്ടു കുറുവാനയും ചൊല്ലിച്ച് മാർത്തോമാൻ മെത്രാന്റെ സ്ഥാനം അയിപ്പു കത്തനാർക്കു കൊടുത്ത് ആ ദേഹം പുത്തൻകാവിലിരുന്ന് പുലകുളിയും കഴിച്ച്, ദ്രവ്യങ്ങളൊക്കെയും ബോധിച്ചവർക്ക് കൊടുത്ത് പാർക്കമ്പോൾ ആദേഹത്തിനു സ്ഥാനമില്ലെന്നും മുതൽക്കാര്യങ്ങളൊക്കയും കണ്ടുകെട്ടിഎടുത്ത് കോട്ടയത്തു സിമനാരിവകെക്കു ഏൽപിക്കണമെന്നും സായിപിന്റെ ഉത്തരവുവന്നു. മുതൽ കാര്യങ്ങളെടുപ്പിച്ച് ആദേഹത്തെയും കോട്ടയത്തു കൊണ്ടുപോയി, കുപ്പായവും ഊരിവച്ച് കടമറ്റത്തിനു പോകയും ചെയ്തു.[288]

തിരുവല്ലാക്കാരുടെ പള്ളി സംഗതിക്കു തിരുവല്ലാ ഗ്രാമത്തിൽ അതിനു വിരോധം തുടങ്ങിയ ആളുകളെക്കൊണ്ടു 60,000 പണം പ്രാച്ഛിത്തം ചെയ്യിപ്പിച്ച് ആവകപ്പണവും സിമനാരിവകെക്കു കൊടുപ്പിച്ച്,[289] മാപ്പിളമാർക്കു ഉദ്യോഹങ്ങളും കൊടുത്ത് നടന്നു വരുമ്പോൾ[290] 992-ാ മാണ്ടു വൃശ്ചികമാസം 12 ന് മാർ ദിവന്നസ്യോസ് മെത്രാപൌലിത്താ കാലംചെയ്ത് സിമനാരിത്തന്നെ കവറടക്കി.

**03.05.08. മാർ പീലക്സീനോസ്.** അതിന്റെ ശേഷം മാർപീലയ്ക്കുസീനോസ് മെത്രാപൌലീത്താ സിമനാരിൽ വന്ന് ആ ദേഹത്തിന്റെ പേർക്ക് വിളംബരവും പ്രസിദ്ധപ്പെടുത്തി.[291] 92 -ാം മാണ്ടു മുതൽക്ക് പാതിരി സായ്പ്പന്മാരും സിമനാ



രിൽ വന്ന് എല്ലാപേരുംകൂടെ കാര്യങ്ങന്വേഷിച്ചു വരുമ്പോൾ മെത്രാപൌലീത്തായ്ക്കു സൊസ്തത ഇല്ലാത്തതിനാൽ ആദേഹത്തിന്റെ രണ്ടാം ആളായിട്ടു കോട്ടയത്തു പുന്നത്രെ കുര്യൻ കത്തനാർക്കു വിഗാരി ജെനറാളിന്റെ സ്ഥാനവും,[292] നാട്ടു വിസ്പിന്റെ[293] പേർക്കു ഒരു മെനാവും കൊടുത്തയക്കുന്നെന്നും, മന്റ്രേൽ സായ്പിന്റെ എഴുത്തുവരികകൊണ്ടു, മെത്രാപൌലീത്തായും പുന്നത്രെ കത്തനാരും കൂടെ കൊല്ലത്തു ചെന്ന്, പല്ലക്കും കൊടുത്ത് വിചാരിച്ചു വരുമ്പോൾ, 993-ാ മാണ്ടു തുലാമാസം 8 ന്[294] മാർ പീലയ്ക്കുസിനോസ മെത്രാപൌലീത്തായുടെ കൈകളാലെ വിഗാരി ജെനരാൾക്കു മാർ ദിവന്നസ്യോസ് മെത്രാപൌലീത്തായുടെ സ്ഥാനം കോട്ടയത്തു ചെറിയ പള്ളിയിൽ വച്ച് പാതിരിമാരുടെ കൂടെ നിന്നു കൊടുപ്പിച്ച. ആദേഹം ഏഴു സംവത്സരം ഭരിച്ച് ഏറിയ മുതലും ഒണ്ടാക്കി. ചെറിയ പള്ളിയിൽ ലെക്ഷം ചക്രം ചിലവിട്ട് ഒരു മുറിയും പണിയിച്ച് ബഹുമാനമായിട്ട് നടന്നു വരുമ്പോൾ 1000-ാ മാണ്ടു ഇടവമാസം 4 ന് ആദേഹം കാലംചെയ്ത് കോട്ടെയത്തു ചെറിയ പള്ളിയിൽ അടക്കി.[295]

വീണ്ടും പീലയ്ക്കുദീനോസു മെത്രാപൌലീത്താ വന്ന്[296] പള്ളിക്കാരയും വരുത്തി പാതിരിമാരും കൂടി കോനാട്ടു മൽപാനും പള്ളിപ്പാടനും അടങ്ങപ്പ്രത്തിന്നും ചീട്ടെഴുതി നടയിൽ വച്ചാറെ[297] പള്ളിപ്പാടനു ചീട്ടുവരികകൊണ്ടു നാൽപതാം ദിവസം മിഥുനമാസം 15 -ന് ദിവന്നസ്യോസ് മെത്രാപൌലീത്താ ആയിട്ടു വാഴിച്ചു.[298] ഇതിന്റെ ശേഷം 1001-മാണ്ടു ചിങ്ങമാസത്തിൽ പരദേശത്തു നിന്നും നമുക്കു ബാബാമാരു വരുന്നൂയെന്നു പാതിരി സായിപ്പന്മാർക്കു എഴുത്തു വന്ന പ്രകാരം പറഞ്ഞ് കോനാട്ടു മൽപാനയും വെങ്കടത്തു മൂപ്പൻ കത്തനാരയും കൊച്ചിക്കു അയച്ച് അവരു 2 പേരു പോയി ഒരു മാസം പാർത്തിട്ടും വന്നില്ലാ.

**03.05.09. അത്താനാസ്യോസ്.** പിന്നത്തേതിൽ വൃശ്ചിക മാസം 3 ന് കൊച്ചിയിൽ വന്നൂയെന്നു കേൾക്കകൊണ്ടു കോനാട്ടു മൽപാനും വെങ്കടവനും സായിപ്പന്മാരും കൂടെച്ചെന്ന് വൃശ്ചിക മാസം 8 നു കോട്ടയത്തു ചെറിയ പള്ളിയിൽ കൊണ്ടുവന്നിരുത്തി. മാർ അത്താനാസ്യോസ് മെത്രാപൌലീത്തായും ഒരു റംപാനും കൂടെ അത്രെ വന്നത്.[299] ആഞ്ഞൂർ നിന്നും പീലയ്ക്ക്സീനോസ് മെത്രാപൌലീത്താ വരുവാനും പള്ളാപ്പാട്ടു മെത്രാശ്ചൻ കണ്ണംകോട്ടു തുലാമാസം 28 ന് റമ്പാന്റെ ചാത്തത്തിനു[300] പോയിരിക്കകൊണ്ടു ആദേഹം വരുവാനും ആളയച്ചു. രണ്ടുപേരും വന്നുകണ്ട് സൌത്താത്തിക്കോൻ വായിച്ചതിന്റെ ശേഷം എല്ലാപള്ളിക്കാരും ധനുമാസം 13 ന് കോട്ടയത്ത് കൂടത്തക്കവണ്ണം പീലയ്ക്കുസിനോസ് മെത്രാപൌലിത്തായുടെ സാധനം എഴുതി.[301] അത്തിയതിക്കു എല്ലാപേരും കൂടി.

അന്നു ബാബാ കുറുവാനചൊല്ലി. മദുബഹായിൽ വച്ചു സൌത്താത്തിക്കോൻ കോനാട്ടു മൽപാൻ വായിച്ചതിന്റെ ശേഷം പട്ടക്കാരു എല്ലാപേരുംകൂടെ കസകറമേൽ എടുത്ത് നഗരി കാട്ടി. പള്ളിക്കു പ്രദക്ഷണ വച്ച് തെക്കെ വശത്തു വന്നപ്പോൾ ഏവൻഗലിയോൻ വായിക്കണമെന്നു കൽപിക്കകൊണ്ടു മാർ യോഹന്നാന്റെ അറിയിപ്പ് ഏടയരുടെയും ആടുകളുടേയും കാര്യ്യം പാലക്കുന്നത്തു കത്തനാരു പൊരുൾ തിരിച്ചു വായിച്ചതിന്റെ ശേഷം,[302] ബഹുമാനത്തോടെ മുറി

www.malankaralibrary.com

യിൽ കരേറ്റി ഇരുത്തുകയും ചെയ്തു. കത്തങ്ങളിൽ ചിലരു ബാബായെ പറഞ്ഞു ബോധിപ്പിച്ച് 15 ന് ഇവിടെയുള്ള മെത്രാപൌലീത്തമാരു കാട്ടുമങ്ങാടന്റെ വഴി ക്കാരാകകൊണ്ടു ഇവർക്കു സ്ഥാനം ഇല്ലന്നും വടിയും സ്ലീവായും വൈക്കണ മെന്നും ബാബാ തുടങ്ങി.[303] അതു കാരണാൽ ഏറിയ വഴക്കുണ്ടായി. മെത്രാന്മാ രുടെ രണ്ടുപേരും സിമനാരിക്കുപോയി സായിപ്പമ്മാരെ കണ്ട്പറഞ്ഞ് പാർക്കു മ്പോൾ ഇവരു രണ്ടു പേരും വരത്തക്കവെണ്ണം ഒരു കടുദാസെഴുതി റമ്പാന്റെ പറ്റിൽ കൊടുത്ത്, പിടിച്ചു കൊണ്ടു വരത്തക്കവണ്ണം ചെന്നാറെ, കതകടച്ചിരി ക്കകൊണ്ട്,[304] ഫെൻ സായ്പു മുതൽ പേരു പറഞ്ഞയയ്ക്കയും ചെയ്തു.[305]

**03.05.10. മെത്രാൻമാർക്കു മുടക്ക്.** പിറ്റെദിവസം പള്ളിയകത്തിറങ്ങി ഏവൻഗെലിയും വച്ച് രണ്ടുപേർക്കും മഹറോൻ ചൊല്ലി.[306] ബാബാതന്നെ എറങ്ങി ഫെൻ സായിപ്പിന്റെ മങ്കളാവിൽച്ചെന്ന് കാർയ്യങ്ങൾ പുറയുന്നതിന്നു അറവിക്കാരെ ആലപ്പിഴനിന്നും വരുത്തിയിട്ടുണ്ട്.[307] അപ്പീൽ കോട്ടിൽ ചാത്തന്നൂർക്കാരൻ മൂന്നാം ജടുജിയും വൈക്കത്തുകോട്ടിൽ തുമ്പമൺകാരൻ പീലിപ്പോസു ജെടു ജിയും കണിയാവള്ളിക്കാരൻ അവിരാ ജെടുജിയും മറ്റു പലരും ഒണ്ടായിരുന്നു.[308] കാർയ്യങ്ങൾ പറഞ്ഞ് ഒടുക്കം ഇപ്പോൾ നാട്ടുകാർയ്യം വിചാരിക്കുന്ന ദുരെക്കു[309] എഴുതി അയച്ച് കൽപന വരുത്തി ഇന്നപ്രകാരം എന്നു കൽപനവരുംവണ്ണം നടന്നുകൊള്ളാമെന്നും പറഞ്ഞു പിരിഞ്ഞു. അന്നു രാത്രിയിൽ ചെറിയ പള്ളി ക്കൽ വച്ചു പള്ളിക്കാരെക്കൊണ്ടു ബാബായെ അനുസരിച്ച പ്രകാരം ഒരു കടു ദാസ് എഴുതി എഴുത്തിടുവിച്ചു.[310] പിറ്റെ ദിവസം കടമറ്റത്ത് ചെറിയ തെക്കല ക്കാടനും വടകരെ ഒണശ്ശേരിക്കും പ്രവത്ത കാരാമ്മെക്കും തലചിരെച്ച് പട്ടം കൊടുത്തു.[311]

പിന്നെയും പാലക്കുന്നനും, കരിങ്ങാടനും, കൊച്ചിട്ടിക്കുരുവിളക്കത്ത നാർക്കും, എടവഴിക്കനും, തെക്കെത്തലെക്കും, കോതമങ്ങലത്ത് പിലാമ്മുടനും തലചിരെച്ച്, കറുത്ത തൊപ്പിയും ഇട്ട് പട്ടവും കൊടുത്തു. മകരമാസം 3-ന് ഞായറാഴ്ച പുത്തൻകാവിൽ കുർയ്യൻ കത്തനാർക്കും, വഞ്ചിത്തറെക്കും, ചെറു കരെക്കും, മണർകാടനും പട്ടം കൊടുത്തു.[312]കാട്ടെയത്തു ചെറിയ പള്ളിയുടെ ചെറിയ ത്രൊണോസ് രണ്ടും പൊളിച്ച് വളവിനകത്തു വച്ചു.[313] പുതുപ്പള്ളിലും ഇപ്രകാരം ചെയ്തു. പീലയ്ക്കുസീനോസ് മെത്രാശ്ചൻ വടക്കോട്ടുപോയി. പള്ളി പ്പാട്ടു മെത്രാശ്ചൻ സിമനാരിലും ഇരുന്നു.ഫെൻസാബും വെലിസാബും കുടെ പ്രേത്നം ചെയ്തു വന്നു.[314]

**03.05.11. മെത്രാൻമാർ തിരിച്ചടിക്കുന്നു.** ഇതിനിടയിൽ മെത്രാൻമാരു രണ്ടു പേരുടയും നാമം ഓർക്കുരുതെന്നും അവർക്കു മഹെറൊൻ ചൊല്ലിയെന്നും ബാബാ പള്ളിക്കാർക്കൊക്കയും സാധനം എഴുതി.[315] പിന്നത്തെതിൽ മെത്രാ ന്മാരുടെ വകെക്കു വടക്കു നിന്നും പീലയ്ക്കുസീനോസ് മെത്രാശ്ചൻ നാൽപതാം പക്കം സിമനാരിൽ വന്നു. 92-ാ മാണ്ടു ധനുമാസം 26 ന് എഴുതിയ വിളംബര ത്തിന്റെ പെർപ്പും,[316] ദിവാൻജി അവർകളുടെ സാധനവും, മണ്ടപത്തും വാതു ക്കലും[317] പള്ളികളിലും, പട്ടമേറ്റ കത്തങ്ങൾക്ക് മുടക്കും. ഈ വകെക്കു തെക്കെ ദിക്കിൽ കണിയാന്ത്രയും[318] വടക്കെത്തലയും അയച്ചു. വടക്കെദിക്കിൽ വല്യവീ ടനയും, പനെക്കാമറ്റത്തിനെയും അയച്ചു. മീനമാസത്തിൽ ദിവാനിജിയും



ദുരയും[319] കോട്ടയത്തു തിരുനക്കരെച്ചെന്ന് ബാബായെ വരുത്തി ചീലക്കേടാ യിട്ടു തുടങ്ങിയിരിക്കകൊണ്ടു ഇപ്പോൾത്തന്നെ പോകണമെന്നു പറകകൊണ്ടു യാത്ര പറഞ്ഞ് ചെറിയപള്ളിയിൽനിന്നും എറങ്ങി. വള്ളംകരെറി കൊച്ചി യിൽച്ചെന്ന് കപ്പൽ കരേറി പോകയും ചെയ്തു.[320]

**03.05.12. ശിക്ഷ.** പട്ടമേറ്റ കത്തങ്ങളെയും കോനാട്ടു മൽപാൻ മുതൽപേ രയും വരുത്തി പാറാവുവച്ച് കൊല്ലത്തുകൊണ്ടുപോയി. ആറുമാസം പാറാവിൽ കിടന്ന് മനസുമുട്ടി.[321] എല്ലാപേരെക്കൊണ്ടും പ്രാശ്ചത്തത്തിനു തീർപ്പു ചെയ്ത് മെത്രന്മാരെ അനുസരിച്ച് നടന്നു കൊള്ളത്തക്കവെണ്ണം പറഞ്ഞയ്ക്കയും ചെയ്തു.[322] എല്ലാപേരും വന്ന് അനുസരിച്ച് നടന്നുവരുന്നു. കൊല്ലം 1004 മാണ്ടു മകരമാസം 25 ന് ആഞ്ഞൂർ പാർത്തിരുന്ന പീലയ്ക്കുദീനോസു മെത്രാ പൌലീത്താ കാലം ചെയ്ത് ആഞ്ഞൂർതന്നെ അടങ്ങി. ആദേഹം കഴിഞ്ഞ അവ സ്ഥെക്കു എഴുത്തു വരികകൊണ്ടു മാർ ദിവന്നസ്യോസ് മെത്രാപൌലീത്താ പോയി പുലകുളി ആദിയായുള്ളതൊക്കെയും കഴിച്ച് നാൽപതാം ദിവസം ആണ്ടൂർ കാലം ചെയ്ത ദേഹത്തിന്റെ കുടെപ്പാർത്തിരുന്ന കത്തനാർക്കു കുറി ലോസു മെത്രാപൌലീത്തായുടെ സ്ഥാനം കൊടുത്ത് ആഞ്ഞൂർ ഇരുത്തിയും വച്ച് പള്ളിപ്പാട്ടു മെത്രാശ്ചൻ പോരികയും ചെയ്തു.[323]

**03.05.13. മിഷനറിമാർ.** 1005 -ാ മാണ്ടു മേടമാസത്തിൽ ബെലിസായ്പു പര ദേശത്തിന്നു പോയി. അതിനുമുൻപു ഫെൻ സായ്പും പോയി. മുൻപു ഏവൻഗെ ലിയോൻ പൊരുൾ തിരിച്ചുകൊണ്ടുപോയിരുന്ന പൊസ്തകം ബുക്കാനാം ദുരെ യുടെ പേർക്കു അച്ചടിപ്പിച്ചത് കൊല്ലം 990-ാ മാണ്ടു വന്ന് പള്ളിക്കാർക്കു ഒക്കെയും കൊടുക്കുകയും ചെയ്തു.[324] ബെലിസായ്പും ശേഷം സായ്പൻമാരും വന്ന് കോട്ടയത്ത് മങ്കളാവും പണിയിപ്പിച്ച് പാർക്കുമ്പോൾ പഴമയും പുതുമയും പൊസ്തകങ്ങളൊക്കയും മലെയാണ്മയിൽ പൊരുളു തിരിപ്പിച്ച് പരദേശത്തു നിന്നും അച്ചടിപ്പാനുള്ള വസ്തുക്കൾ ഒക്കെയും വരുത്തി രണ്ടു വക അവിട നിന്നും കൊണ്ടു വന്നതു കൂടാതെ ഇവിടെ കണ്ടു പണിയിച്ച് അക്ഷരങ്ങളും ബെലി സായ്പുതന്നെ വാർപ്പിച്ച് അച്ചടിപ്പിച്ചു വരുന്നു.[325]

www.malankaralibrary.com

# 04. കടമറ്റത്ത് അച്ചന്മാർ

**04.01 മാർ ആബോ.** മിശിഹാക്കാലം 905 മാറാവാൻ എന്നയാൾ തേവലക്കരെ അടങ്ങിയെന്നും ആദേഹത്തിന്റെ കാർയ്യം പിന്നാലെ പറയുമന്നും മുൻപിൽ എഴുതിയിരിക്കുന്ന കാർയ്യം പറയുന്നു[1]. ഈ ദേഹം കടമറ്റത്ത് ആറ്റുപിറത്തു മാപ്പിളയുടെ വീട്ടിൽപ്പാർത്തു. അവിടെയത്രെ ഇന്ന് പൊഴിയെടത്തു എന്ന പേരു പറയുന്നത്. ഈ വീട്ടുകാരനത്രെ കടമറ്റത്ത് പള്ളി വൈപ്പിച്ചത്. ആറ്റുപിറത്തു മാപ്പിള മാറാബാനിൽനിന്ന് ദേവതപടിത്തം പടിച്ചു.[2] അത്തറവാട്ടിൽത്തന്നെ മൂന്നു പട്ടക്കാരുണ്ടായി. ഇതിന്മണ്ണം പടിൽപത്തോടുകൂടെ അവരു കഴിഞ്ഞശേഷം ആറ്റുപിറത്തു അന്ന്യം നിന്നു പോകകൊണ്ടു മനെയെത്തു തറവാട്ടിൽ നിന്നും, മടക്കുത്താനത്തു തറവാട്ടിൽ നിന്നും, കോട്ടൂത്തറവാട്ടിൽനിന്നും മൂന്നു മുറെക്കു പട്ടക്കാരെ ദെത്തുവച്ചിട്ടും ഒണ്ട്. അതിനു പെരുമ്പടപ്പിൽ നിന്നും പിടിപാടു നിനവും കൊടുത്ത് കടമറ്റത്തച്ചനന്നു കൽപിക്കയും വേണം.[3] ഇങ്ങനെ നടന്നു വരുമ്പോൾ മുളന്തുരുത്തിക്കാലംചെയ്ത മാറിവാനീയോസിന്റെ കാലത്തിൽ[4] കടമറ്റത്തു ചെന്ന് അവരുടെ ക്ഷുദ്രങ്ങളായിട്ടുള്ള പൊസ്തകങ്ങളും ഗ്രന്ഥങ്ങളും ചൂടിയിച്ച് മേലിൽ ഈ വക പ്രവൃത്തികൾ ചെയ്യരുതന്നും വിലക്കി.

**04. 02. പകലോമറ്റത്തു നിന്നും കടമറ്റത്ത്.** നാലാമത്തെ മാർത്തോമ്മാൻ പാലമറ്റത്തു തറവാട്ടിൽ നിന്നും ഒരാളിനെ വരുത്തി കത്തനാരാക്കി പള്ളി എടപെട്ട കാർയ്യങ്ങളൊക്കെയും വിചാരിക്കത്തക്കവെണ്ണം ആയെടവകയിൽ കാരക്കുന്നത്തു പണിക്കരും, കാരക്കുന്നത്തു കുറുപ്പും, കണ്ടമംഗലത്തു പണിക്കരും, നായരു പണിക്കരും ഇങ്ങനെ നാലാജാന്മാരു ഈരണ്ടുപേരു പ്രമാണികളായിട്ട് വിചാരിച്ചുകൊള്ളത്തക്കവെണ്ണം കൽപിച്ചാക്കുകയും ചെയ്തു.[5] 7–ാ മത്തെ മാർത്തോമാ മെത്രാൻ പാലമറ്റത്തു നിന്നും തൊമ്മൻ കത്തനാരെ വരുത്തി പള്ളി വിചാരത്തിന്നാക്കി. ആദേഹം കൊല്ലം 956–ാം മാണ്ട് മരിച്ചു. അന്നു മുതൽ പള്ളി എടപെട്ട കാർയ്യങ്ങൾ യോഗത്തെക്കൊണ്ട് വിചാരിപ്പിച്ചു നടത്തിവരുന്നു.[1]

മെലെഴുതിയ തൊമ്മൻ കത്തനാരുടെ കൂടപ്രപ്പുകൾ 7 പേരു. എന്നാൽ തൊമ്മൻ കത്തനാരും, ചാണ്ടിയും. കുർയ്യനും, ഔസേപ്പും, മാത്തുണ്ണിയും, കുർയ്യാളയും, അയിപ്പും. ഇവരിൽ കുർയ്യാളയും അയിപ്പിനെയും തൊമ്മൻ കത്തനാരു വരുത്തി കടമറ്റത്തു കുറ്റാപ്പള്ളിൽ ഒരു ഭവനം പണിയിച്ച് പാർപ്പിക്കയും ചെയ്തു. അഞ്ചാമത്തെ മാർത്തോമ്മൻ മെത്രാൻ ആറാമത്തെ മെത്രാനു 936–ാ മാണ്ടു റംപസുഖം കൊടുക്കുമ്പോൾ മേലെഴുതിയ അയിപ്പിനു കൂടെ ചെമ്മാശുപട്ടം കൊടുത്തു. ചാണ്ടി എന്ന ആളിന് മക്കളില്ലായ്കകൊണ്ട് കർയ്യാളയോടു കൂടെ പാർത്ത. ശേഷം മൂന്നുപേരും കുറവിലങ്ങാട്ടു തന്നെയാകുന്നു.[8]

**04.03. പകലോമറ്റത്തു കുടുംബം.** മാർത്തോമാ ശ്ലീഹാ മലയാളത്തിൽ വന്ന് മാർഗ്ഗം അറുവിച്ചപ്പോൾ പട്ടമനപറവുരെന്ന കോട്ടക്കായൽ ഗ്രാമത്തിൽ



മുഖ്യപ്പെട്ട ഇല്ലക്കാർ ചങ്കരപുരിയെന്നും പകലോൻമറ്റം എന്നും പള്ളിയെന്നും കാളിയാകുംകരെയെന്നും. ഇവര് നാലു തറവാട്ടുകാര് ഈ വേദം അനുസരിച്ചു. മാർത്തോമ്മാ ശ്ലീഹാ ചങ്കരപുരിയിലും പകലോൻമറ്റത്തിലും പട്ടവും കൊടുത്ത.[8] അന്നുമുതൽ 293 കാലം കർത്താവിന്റെ ആണ്ട് 345 ൽ ക്നായിത്തൊമ്മനും യൗസെപ്പ് മെത്രാനും വന്നാറെയും പകലോൻമറ്റത്ത് തറവാട്ടിൽ വെന്ധുതയുണ്ടായി.[9] അത്തറവാട്ടിൽനിന്നുംതന്നെ ഇപ്പരുഷക്ക് കർത്തെവ്യമായിട്ട് നടത്തണമെന്നും അല്ലാഞ്ഞാൽ വഴക്കുണ്ടാകുമെന്നും നിശ്ചയിച്ച് യൗസെപ്പു മെത്രാൻ പാലമറ്റത്തു തറവാട്ടിൽ അർക്കദുയാക്കോന്റെ സ്ഥാനം കൊടുത്ത് ഇപ്പരുഷക്കാരെ ഒക്കെയും വിചാരിച്ച.

ചേരകോൻ പെരുമാൾ തമ്പരാന്റെ കാലത്തിൽ ഇപ്പരുഷ ഒക്കെയും കൊടുങ്ങല്ലൂർ പാർത്ത് നാനൂറ്റിചിലാനം സംവത്സരം കഴിഞ്ഞശേഷം കൊടുങ്ങല്ലൂർ നിന്നും വാങ്ങി ചേന്നമംഗലത്ത് ചില്ലിയാർവട്ടത്തു സൊരുപത്തെക്കണ്ട്[10] കുറഞ്ഞൊരു ദിവസം കഴിഞ്ഞതിന്റെ ശേഷം, മങ്ങാട്ട് സ്വരുപത്തിന്റെ നാട് അങ്കമാലിയിൽചെന്ന് രാജാവിനെക്കണ്ട് പള്ളിയും കമ്പോളവും വൈപ്പിച്ച്, എല്ലാപേരും കൂടെ അവിടെപ്പാർത്തുവരുമ്പോൾ അങ്കമാലിയോട് തുടസ്സം ആയിട്ടു നടന്നു കൊള്ളത്തക്കവണ്ണം മുദ്രികയും കുത്തിച്ച് അന്നുമുതൽ അർക്കദ്യാക്കോന്മാരും മെത്രാൻമാരും സ്ഥാനം കൊടുക്കുന്നതിന് അങ്കമാലി എടവക വിളിച്ചത്രെ കൊടുത്തു വരുന്നത്.[11] ഇങ്ങനെ എഴുന്നൂറ്റിചില്ലാനം കാലം കഴിഞ്ഞതിന്റെ ശേഷം നാല് തറവാട്ടുകാരും കൂടെ വടക്കുംകൂറ്റി സ്വരൂപരെച്ചെന്നുകണ്ട് കുറവിലങ്ങാട്ടു പള്ളിയും തീർത്ത് അവിടെച്ചെന്ന് പാർത്തു വരുന്നു.[12]

**04.04. പകലോമറ്റത്തു കത്തനാർമാർ.** പാലമറ്റത്തു തറവാടും പള്ളിയിൽ തറവാടും തമ്മിൽ ബന്ധുക്കളായി. ഇപ്പോൾ പനംകുഴയെന്ന് പറയുന്ന തറവാടും പാലമറ്റം തന്നെയാകുന്നു.[13] ഇതിൽ പുത്തനിലും പഴയതിലും കത്തങ്ങളും ഉണ്ട്.[14] കാളികാവുംകരെതറവാട്ടിൽ നിന്നും ചുരുങ്ങിയ ആളുകൾ കുറവിലങ്ങാട്ടുണ്ട്. ചങ്കപുരയിൽ നിന്നും ഒരുത്തൻ വൈപ്പിൻ ഞാറയ്ക്കാപ്പള്ളി എടവകയിൽച്ചെന്ന് പെണ്ണകെട്ടി പാർത്തിരിക്കുന്ന പ്രകാരം കേട്ടിട്ടുണ്ട്. കാളിയാകും കരയിൽ നിന്ന് കുറവിലങ്ങാട്ടു വന്നതിൽ ചിലര് തിരുവല്ലായിലും അതിനോട് അടുത്ത മേപ്പ്രാലും ചെന്നു പാർക്കുന്നുണ്ടെന്നും കേൾവി ഉണ്ട്.[15]

കടമറ്റത്തു അച്ചന്മാരുടെ വിവരം .വല്യ ഉതുപ്പു കത്തനാര്,ചെറിയ ഉതുപ്പു കത്തനാര്, ചാണ്ടി കത്തനാര്, വല്യഅവിരാ കത്തനാരും ചെറിയ അവിരാ കത്തനാരും,[16] നിരണത്തു വടക്കെ കവറുങ്കൽ മെത്രാശ്ചന്റെ[17] ചേട്ടൻ ചെറിയ കത്തനാര്, തൊമ്മൻ കത്തനാര്, അയാളുടെ അനുജൻ അയിപ്പു കത്തനാര്. ഈ ദേഹമത്രെ പുത്തൻകാവിൽവച്ച് സ്നാനമേറ്റ് കണ്ടുകെട്ടൊടുകൂടെ കോട്ടയത്തു ചെന്നപറഞ്ഞുംകൊണ്ട് കടമറ്റത്ത് പോയി പാർത്ത് 93–ാ മാണ്ടു കഴിഞ്ഞു.[18] മേൽ പറഞ്ഞ തൊമ്മൻ കത്തനാരുടെ അനുജൻ കുറിച്ചിത്താനത്തു കണ്ണോത്തുകുന്നെൽ ഔസെപ്പിന്റെ മകൻ മാത്തൻ കത്തനാര് 971–ാ മാണ്ട് ചെങ്ങന്നൂരു വച്ച് സ്ഥാനമേറ്റു. 984–ാ മാണ്ട് കാലംചെയ്തു.[19] മേൽ പറഞ്ഞ തൊമ്മൻ കത്തനാരുടെ അനുജൻ കുർയ്യാളയുടെ മകൻ തൊമ്മൻ കത്തനാര് കണ്ടനാട്ടു വച്ച് സ്ഥാനമേറ്റു, 991–ാ മാണ്ട് കാലം ചെയ്ത് പുത്തൻകാവിൽ കവറടങ്ങി.[20]

www.malankaralibrary.com

**04.05. പകലോമറ്റത്തു അർക്കദ്യക്കോൻമാർ.** എന്നാൽ പാലമറ്റത്തു തറവാട്ടിലുള്ള അർക്കദുയാക്കോന്മാരുടെയും മെത്രാൻമാരുടെയും വിവരം എഴുതിയിരുന്ന കടുദാസുകളും ഗ്രന്ഥവരിയും നിരണത്തു പള്ളിയിൽ വച്ച് പൂട്ടിയിരുന്ന പെട്ടകം ചിതലെടുത്തു കേടുകാർയ്യം വന്നുപോയാറെ,[21] അതിൽ ഒരെടത്തു കണ്ടത് കൊല്ലം 745-ാ മാണ്ട് മിഥുനമാസം 6 ന് മാലാനാര അർക്കദുയാക്കോൻ കഴിഞ്ഞു. 768-ാ മാണ്ട് മീന മാസം 30 ന് യോഹന്നാൻ അർക്കദുയാക്കോൻ കാലം ചെയ്തു. 779-ാ മാണ്ടു കർക്കടമാസം 15 ന് ഗീവറുഗീസ് അർക്കദയാക്കോൻ കാലം ചെയ്തു. 815 -ാമാണ്ട് മീനമാസം 5 ന് ഇട്ടിക്കുരിയത് അർക്കദുയാക്കോൻ കാലം ചെയ്തു.[22]

**04.05. പകലോമറ്റത്തു മെത്രാൻമാർ.** ഇതിൽ വണ്ണം മിശിഹാ കാലം 345-ാ മാണ്ട് അർക്കദുയാക്കോന്റെ സ്ഥാനം കെട്ടിയാറെ 1653-ാം കാലത്തിന്നോളവും 1308 സംവത്സരം അർക്കദുയാക്കോന്മാര് മുടക്കം വരാതെ വേദസ്ഥലവരായിട്ട് നടത്തി വരുമ്പോൾ തോമ്മാ അർക്കദുയാക്കോന്റെ കാലത്തിൽ മാർഗിനാത്യോസ് മൈലാപ്പുവന്നു. അവിടനിന്നും കൊടുത്തയച്ച കടുദാസും പിടിച്ച്, ലോകരുകൂടി അർക്കദുയാക്കോനെ 1653-ാം കാലം മാർത്തോമാൻ മെത്രാനായിട്ടു വാഴിക്കയും ചെയ്തു. ഇതിൽ വണ്ണം അഞ്ചു മെത്രാന്മാരും കഴിഞ്ഞു.[23] 6-ാ മത്തെ മെത്രാന് മാർ ദിവാന്നസ്യോസ് മെത്രാപൌലീത്തായുടെ സ്ഥാനം കിട്ടി.[24] അദേഹത്തിന്റെ അനന്തിരവനെ അപ്പസ്ക്കോപ്പാ ആയിട്ടു വാഴിച്ചു. അദേഹം കഴിഞ്ഞാറെ പിന്നെയും മാർത്തോമൻ മെത്രാനായിട്ടു വാഴിച്ചു. ആദേഹം മരിക്കുമ്പോൾ ആദേഹത്തിന്റെ ചിറ്റപ്പനെ വാഴിച്ചു. ഇതിൽ വണ്ണം 9 മെത്രാന്മാരും 1653-ാം കാലം മുതൽ 1818-ാ മാണ്ടു വരെ 165 സംവത്സരത്തിനിടയിൽ 9 മെത്രാന്മാരും കഴിഞ്ഞിരിക്കുന്നു.

**04.05. കാട്ടുമങ്ങാട്ടു മെത്രാൻമാർ.** കാട്ടുമങ്ങാടൻമാരുടെ വിവരം. മിശിഹാ കാലം 1771 ൽ കൂറീലോസു മെത്രാപോലിത്താ വാണൂ.[25] 32 സംവത്സരം ആദേഹം ഇരുന്ന് 1803ൽ കാലം ചെയ്യുന്നതിനകം 2 മെത്രാൻമാർക്കു സ്ഥാനം കൊടുത്തു. 1-ാമത് കൂറിലോസു മെത്രാപൊലിത്താ. 2-ാമത് ആദേഹത്തിന്റെ അനുജൻ മാർ ദിവന്നസ്യോസ് മെത്രാപൊൗലിത്താ.[26] മൂന്നാമത് കണിയവള്ളിക്കാരൻ മാറിവാനിയോസ് എപ്പിസ്ക്കോപ്പാ. 4-ാ മത് ചീരൻ മാർ ദിവാന്നസ്യോസ് മെത്രാപൌലിത്താ.[27] 5-ാമത് കിടങ്ങൻ മാർ പീലിക്സിനോസ് മെത്രാപ്പോലിത്താ.[28] ആറാമത് പുലിക്കോടൻ മാർ ദിവന്നസ്യോസ് മെത്രാപൌലിത്താ.[29] 7-ാമത് പുന്നത്രെ മാർ ദിവന്നസ്യോസ് മെത്രാപൌലിത്താ.[30] 8-ാമത് പള്ളിപ്പാടൻ മാർ ദിവന്നസ്യോസ് മെത്രാപൌലിത്താ.[31] 9-ാമത് അഞ്ഞുക്കാരൻ കൂറിലോസ് മെത്രാപൌലിത്ത.[32]

ഇതിൻവണ്ണം ഒൻപത് മേൽപട്ടക്കാരുണ്ടായി. എന്നാൽ പീലക്കുസീനോസ് കൊല്ലം 1004-ാ മാണ്ടു കഴിയുന്നതിനകം മൂന്നുപേരെ വാഴിച്ചു.[33] ഇപ്പോൾ പള്ളിപ്പാട്ടു മെത്രാപൌലിത്തായും അഞ്ഞുക്കാരൻ കൂറിലോസു മെത്രാപൌലിത്തായും ഇരിപ്പോണ്ട്. എന്നാൽ കൊല്ലം 946-ാമാണ്ടു മുതൽ 1004- മാണ്ടു വരെ 58 സംവത്സരത്തിനകം ഏഴു മേൽപ്പട്ടക്കാരു കഴിഞ്ഞു. ഇപ്പോൾ രണ്ടു പേരു ഇരിപ്പുണ്ട്.[34]

# 05. ചുരുക്കത്തിൽ വിശ്വാസ കാര്യങ്ങൾ

**05.01. ആരംഭം.** എന്നാൽ മുൻപിൽ എഴുതപ്പെട്ടതും, ചുരുക്കത്തിൽ പുരാണങ്ങളും, കാര്യങ്ങളും, മലയാളത്തിൽ മാർഗം ഒണ്ടായതിന്റെ വിവരങ്ങളും എഴുതുന്നു.

എന്നാൽ ആകാശവും ഭൂമിയും കാണപ്പെടുന്നൂയെന്നവ ഒക്കെയും, കാണപ്പെടുന്നില്ലാ എന്നവ ഒക്കെയും, ഇല്യാണ്മയിൽനിന്ന് തുടക്കത്തിൽ സൃഷ്ടിച്ചു എന്ന, ആദിയുമറുതിയുമില്ലാത്ത പട്ടാങ്ങപ്പെട്ട ദൈവം തമ്പുരാന്റെ തിരുനാമത്താലെ, എന്നും എന്നന്നേക്കും തന്റെ നൻമയാലെ, തനിക്കു സ്തുതി. ആമേൻ.

**05.02. ഉല്പത്തി.** തുടക്കത്തിൽ ആകാശവും, ഭൂമിയും, കടലും ആതിൽപെട്ടതൊക്കെയും മാലാകമാരെയും സൃഷ്ടിച്ചപ്പോൾ, സൃഷ്ടിപ്പുകൾക്കൊക്കെക്കും ഒടയവനായിട്ടും മാനുഷ വർഗ്ഗത്തിനൊക്കെക്കും തലവനായിട്ടും, പിതാവായിട്ടും, ആദമെന്ന ഒരുവൻ മാനുഷനെ തമ്പുരാൻ സൃഷ്ടിച്ചു. ആദത്തിൽ നിന്ന് അസ്തി എടുത്ത് അവന് സ്ത്രീയായി ഹവ്വായെയും സൃഷ്ടിച്ചു. ആൺമക്കളെയും പെൺമക്കളെയും പ്രപ്പിച്ച് അവര് പെരുകി. മല്ലരും പടയാളികളുമായി അവനവനു തോന്നിയ വിധത്തിൽ നടന്നു ദോഷത്തിലായതിന്റെ ശേഷം, 10-ാ മത്തെ കരിന്തലെക്ക് ആദം, ചെത, ആനോശ്, കൈനാൻ, മഹലാലായിയൽ, യാറദ്, ഹാനോക്, മത്തുശലക, ലമാക്ക, നൊഹ.

എന്നാൽ നെറിവാളനായ ഈ നോഹിനെയും, അവന്റെ സ്ത്രിയെയും, മക്കൾ മൂവരെയും, അവരുടെ സ്ത്രീകളെയും ഇങ്ങനെ എട്ടു മനുഷ്യരെ തിരഞ്ഞെടുത്തു. വെള്ള പ്രളെകത്തിൽനിന്നു അവരെ താൻ രക്ഷിച്ചു. 21 കരിന്തലെക്കുശെം, അറപ്പുകസദ. കൈനാൻ, ശാലക്, ആബറ,പാലഗ, അരഗു, സാറൊഗ, നാഗൊറ, താറഹൻ, അബിരഹാം.[1] ഈ അബിരഹത്തിനെ താൻ വേറുതിരിച്ച് വറുഗീദീന്റെ മാർഗവും, ആകാശത്തിനുടെ നക്ഷത്രങ്ങൾപൊലെയും കടൽപോയ കരമേലുള്ള മണൽ പോലെയും, നിന്റെ സന്തതി അതാകുമെന്നും, നിന്റെ സന്തതിയാലെ ഭൂമിയുടെ കുലങ്ങൾ അവയൊക്കെ വാഴ്ത്തപ്പെടുമെന്നും, പറഞ്ഞൊപ്പും അവനു താൻ കൊടുത്തു. അവന്റെ പുത്രൻ ഇസഹാക്ക്. ഇസഹാക്കിന്റെ പുത്രൻ യാക്കോ. അവന്റെ കാലങ്ങളിൽ തംപുരാന്റെ മാലാക അവന്നു വെളിച്ചമാകപ്പെട്ടു എസ്രായെലന്നു നിന്റെ പേരതാകുമെന്നു അരുളിചെയ്തു.

യാക്കൊ യൌസെപ്പിനയും അവന്റെ കുടപ്പ്രപ്പുകളെയും പ്രപ്പിച്ചു. യൌസെപ്പിന്റെ കാരണമായിട്ട് എസ്രായെൽ മക്കൾ പ്രഌൻ രാജാവിന്റെ നാട് മെസ്രെനിൽ കുടിയിറിപ്പായിരിക്കുമ്പോൾ, മെസ്രെനിലുള്ള കുലങ്ങൾ വന്ദിക്കുന്ന രൂപങ്ങളെ ഇവരുകൂടെ വന്ദിക്ക ഹേദുവായിട്ടു തംപുരാന്റെ അരിശം ഒണ്ടായി.

www.malankaralibrary.com

എഴുപതിറ്റാണ്ടു സംവത്സരം പ്രഗൻ രാജാവിന്റെ അടിമയിൽ അവരെത്താനിട്ടു. ഇങ്ങനെ അടിമയിൽക്കിടന്ന് ദോഷ പ്രാശ്ചിത്തംചെയ്ത് കരഞ്ഞ് അപേക്ഷിച്ച പ്പോൾ, മനഗുണക്കാരനായ തംപുരാൻ അനുഗ്രഹിച്ച് അടിമയൊഴിച്ച് അവരെ രക്ഷിപ്പാനും, വീണ്ടുകൊള്ളുവാനും, പടിപ്പിപ്പാനും, എടയനും തലവനുമായിട്ടു 27 -ാം കരിന്തലക്കു മൂശ നിവ്യായെ തംപുരാൻ താൻ കൽപിച്ചു. ഇസഹാക്ക്, യാക്കൊ, ലെവി, കാഹാസ അന്മ, മൂശ.[2]

**05.03. പുറപ്പാട്.** ഈ മൂശ നിവ്യായുടെ കൈകളാലെ ഏറിയ പ്രത്യക്ഷങ്ങളും, പെരിമകളും മെസ്രെനിൽ പ്രവൃത്തിച്ച്, പ്രഗൻ രാജാവിന്റെ അടിമയിൽനിന്ന് എസ്രായെൽ മക്കളെ പ്രപ്പടിച്ച്, ചെപ്പന്ന കടലും കടത്തി തുറുസീനായെന്ന മലെക്ക് അവരെ കൂട്ടികൊണ്ടുവന്ന. ആവിടെവച്ച് മൂശ നാൽപതുദിവസം നൊൻപു നൊറ്റ. എസ്രായെൽ മക്കളെ പടിപ്പിപ്പാനും, അവരെ തിരിപ്പിപ്പാനും, പത്തു പ്രമാണങ്ങളും മാർഗങ്ങളും മൂശ നിവ്യായുടെ കൈകളാലെ അവർക്കു താൻ കൊടുത്ത്, അവരോടു താൻ കൽപിച്ചു. ഇങ്ങനെ നൂറ്റിരുപതു വയസ്സളവു ഈ നിവ്യാ ജീവിച്ചിരുന്ന് ഭരിക്കുന്ന ദിവസങ്ങളിൽ, അവന്റെ മരണസമയം അടുത്തപ്പോൾ അപ്പ്രോമിന്റെ വഴിപാട്ടിൽ നിന്നുള്ള ഈശോവർന്നോനെ തല വനും ഭരിക്കുന്നവനുമായി തംപുരാൻ കൽപിച്ചതിന്റെ തിരുവചനത്താലെ വന ത്തിൻ നിന്ന് ലോകരെ കൂട്ടിക്കൊണ്ടു യൊറദിനാൻ എന്ന ആറ് അക്കരക്കരേറ്റി. അബ്രഹാത്തോടും, ഇസഹാക്കോടും, യാക്കോയോടും തംപുരാൻ താൻ പറ ഞ്ഞോത്തുയെന്ന തേനും പാലും ഒഴുകുന്ന ക്നാന്റെ നാട്ടിൽ കാവ്യ രാജാ ക്കൾ കുടിയിരിക്കകൊണ്ടു, 31 രാജാക്കളെയും മുടിച്ച് അവരുടെ നാടുകളും അടക്കി എസ്രായെൽ മക്കൾക്കു സ്വന്ത ഭൂമി ആയിട്ടു കൊടുത്ത്, അവരു കുടി യിരുന്നതിനെ ശേഷം നൂറ്റിപ്പത്തു വയസിൽ ഈശോവർന്നോൻ മരിച്ചു.

**05.04. ന്യായാധിപൻമാർ.** ഇതിന്റെ ശേഷം ന്യായക്കാരരു കാനസും, ആഹൊറും, ബാറാക്കും, ഗെദഒനും, തോലായും, യായീദും, നപുത്തഹും, ആവീ സാനും, ആലൊനും അക്രൊനും, ശെമാശൊനും,[3] ഇങ്ങനെ ന്യായക്കാരരു 450 സംവത്സരം ശ്മൂയെൽ നിവ്യായുടെ കാലത്തോളം എസ്രായേൽ മക്കളെ ഭരിച്ചു വന്നതിനു ശേഷം, മറ്റുള്ള കുലങ്ങളെപോലെ ഞങ്ങൾക്കും രാജാവു ണ്ടാകണമെന്നും എസ്രായെൽ മക്കളൊക്കയും ശ്മൂയെൽ നിവ്യായോടു അപേ ക്ഷിക്കക്കൊണ്ട്, ആദേഹം തംപുരാനടറുപിച്ചാറെ, ഇക്കാലംവരയും അവർക്കു രാജാവു ഞാനായിരുന്നുയെന്നും ഇപ്പോൾ പ്രത്യേകം രാജാവുണ്ടാകണമെന്നും അവരപേക്ഷിക്കകൊണ്ടു ബെനിയാന്മിന്റെ പരിഷയിൽനിന്നു കീശിന്റെ പുത്രൻ ചാവോലിനെ പട്ടംകെട്ടി കൊടുപ്പാൻ കൽപന വന്നതിന്മണ്ണം തംപുരാന്റെ പ്രത്യേ ക്ഷത്താലെ ശ്മൂയെൽ നിവ്യായ്ക്കു കാണപ്പെട്ട ചാവൊലിനു രാജാവായിട്ടു അവനെ പട്ടം കെട്ടപ്പെട്ടു

**05.05. രാജാക്കൻമാർ.** എന്നാൽ ഈ ചവൊൽ തനിക്ക് യോഗ്യമല്ലായെന്ന പ്രവൃത്തികളായ യാഭാരങ്ങളും ചെയ്ത്, തംപുരാന്റെ പ്രമാണം കടന്ന്, കൽപന മറുക്കകൊണ്ട് നിമിഷതയാലെ അവനയും അവന്റെ സന്തതിയെയും തംപുരാൻ മുടിച്ചു. ഇതിനിടെയിൽ ശ്മൂയെൽ നിവ്യായുടെ കൈകളാലെ തന്നെ തന്റെ തിരുവചനത്താലെ, യൂദായുടെ വഴിപാട്ടിൽനിന്നുള്ള ഈശായുടെ പുത്രൻ ദാവീ ദിനെ രാജാവായിട്ടു പട്ടംകെട്ടുകയും ചെയ്തു ചാഗൽ 40 ആണ്ടു എസ്രായെ



ലിനെ ഭരിച്ചു. ദാവീദ് 40 ആണ്ട് ഒറശ്ലെമിൽ വാണ് എസ്രായെലിനെ ഭരിച്ചു. അതിന്റെ ശേഷം അവന്റെ പുത്രൻ ശ്ലെന്മോൻ 40 ആണ്ടു ഒറശ്ലെമിൽ വാണു, പള്ളിയും പണിയിച്ച്,ഏറിയ അധിശയങ്ങളും പ്രവൃത്തിച്ചു. അവന്റെ പുത്രൻ റഹെബആം 17 ആണ്ടു വാണ. റഹെബആമിന്റെ കാലത്തിൽ പത്തു വഴിപാടു രു വേറുതിരിഞ്ഞ് യൊറബആം എന്ന ഒരുത്തനെ രാജാവായിട്ടു വാഴിച്ച് എസ്രാ യേലിന്റെ രാജാവന്നു പേരുവിളിച്ച് അപ്രകാരം രാജാക്കന്മാരു നടന്നു വന്നു.[4]

രണ്ടു വഴിപാടുകാർക്കു യൂദായുടെ രാജാവന്നു പേരു വിളിച്ച് അവരിലും ഓരോരുത്തരുടെ പുത്രന്മാരു രാജികം വാണിതന്റെ വിവരം. റഹെബആമിന്റെ പുത്രൻ ആബിയാ മൂന്നാണ്ടു വാണു. ആസാ 41 ആണ്ടു വാണു. യാഹുശാ പ്പാത്ത് 45 ആണ്ടു വാണു, യൊറാം 8 ആണ്ടു വാണു. ആഹസിയാ 1 ആണ്ടു വാണു. യൂആശ 40 ആണ്ടു വാണൂ. ആന്മുസിയാൻ 20 ആണ്ടു വാണൂ. യുസിയ 52 ആണ്ടു വാണൂ. യൊസാം 16 ആണ്ടു വാണൂ. ആഹാസ് 16 ആണ്ടു വാണൂ. ഹെസക്ക്യാ 20 ആണ്ടു വാണൂ. മ്നശെ 55 ആണ്ടു വാണൂ. ആബോൻ 2 ആണ്ടു വാണൂ. യുശിയാ 31 ആണ്ടു വാണൂ. യാഹുആഹാസ് മൂന്നുമാസം വാണൂ. അവന്റെ അനുജൻ യുയാക്കീം 11 ആണ്ടു വാണൂ. അവന്റെ പുത്രൻ യുനാകീം എന്ന രാജാവിന്റെ കാലത്തിൽ സെദക്ക്യായെന്നു പേരു വിളിച്ച് 11 ആണ്ടു വാണൂ.

**05.06. പ്രവാസം.** എസ്രായെൽമക്കൾ തംപുരാനെ ഉപേക്ഷിച്ചു ബാലായെന്ന ദേവനെയും, ആദിത്യനയും, ചന്ദ്രനെയും, നക്ഷത്രങ്ങളയും, കാവ്യരുടെ ദേവൻമാ രയും അവരു വന്ദിക്കകൊണ്ട് തംപുരാന്റെ അരിശം ഒണ്ടായി. ബാബേലിന്റെ രാജാവ് നാബുഗദനാസറിന്റെ കൈയ്യിൽ അവരെ വഴങ്ങി. ഒറശ്ലെം പള്ളിയും അഴിച്ച് ബാവേലിന്റെ അടിമയിൽ ഇവരെ ഒക്കെയും കൊണ്ടുപോയാറെ ദാനി യേൽ എന്നും ഹസ്ക്കിയേൽയെന്നും, ഹന്നനിയയെന്നും, ഹസ്സറിയായെന്നും, മീശായെൽയെന്നും,[5] എസ്രായെന്നും ഏറിയ നിവ്യാന്മാരും പുണ്യവാളരും ഒണ്ടായി അവരെ ഭരിച്ച് അവരുടെ ദോഷ പ്രാച്ചിത്തത്തിന്നു തംപുരാന്റെ കൽപ നപോലെ 70 ആണ്ടു അടിമയിൽ പാർത്തതിന്റെ ശേഷം സുറുബാബേലിന്റെ കാലങ്ങളിലും പട്ടക്കാരൻ യുസാദാക്കിന്റെ കാലങ്ങളിലും ബാബേലിൽ നിന്നു തിരിഞ്ഞ് ഒറശ്ലെമിൽ വന്നു കൂടിയിരുന്നാറെ, രാജിതം അവർക്കില്ലാഴികകൊണ്ടും, രാജികവും നിവ്യുസായും പട്ടവും അവരിൽ നിന്നു എടുത്തു പോകകൊണ്ടും, എസ്രായേൽമക്കളുടെ ബാബാ യാക്കോ തന്റെ പുത്രൻ യൂദായെ വാത്തി ഒപ്പാ രിയാലെ ചൊല്ലിയത്, രാജികവും വഴിപാടും അവനുള്ളതുംകുന്നൂയെന്നും, യവൻ വരുമളവും രാജികവും, വഴിപാടും നിക്കപ്പെടുമെന്നും, ചൊല്ലിയത് തികവാനാ യിട്ടു, മാനുഷ വർഗ്ഗമൊക്കയുടെ രെക്ഷെക്കുറിച്ച് പ്രക്കപ്പെട്ടുയെന്ന് നമ്മുടെ കർത്താവീശോമിശിഹായുടെ പ്രപിക്കൊളവും ഒരുത്തന്റെ ശേഷം ഒരുത്തൻ മേൽപട്ടക്കാരായിട്ട് അവരെ ഭരിച്ചു വന്നൂ[6]

മര്യാദാ പോലെ എസ്രായെലിനെ ഭരിച്ചു വന്നവരുടെ ഒടുക്കം വന്ന്, അശ്ക്കാ ലുനായെക്കാരൻ ഹെറൊദെസു രാജാവിന്റെ കാലങ്ങളിൽ മുൻപിനാൽ അബിരാ ഹത്തിനൊടു, നിന്റെ സന്തതിയാലെ കുലങ്ങളവരെക്കയും വാഴ്ത്തപ്പെട്ടുമന്നു അരുളിച്ചെയ്തപോലെ,[7] അബിരാഹാത്തിന്റെ പുത്രൻ ഇസഹാക്ക്, യാക്കൊ, യുദാ പറസ, ഹെസറോം, ആറാം, അമ്മിനാദാവ, നെഹശ്ശൊൻ, സൽമോൻ ബാആസ,ഒവീദ്, ഈശായി, ദാവീദ്, ശെന്മോൻ, റെഹെബആം, ആബിയാ, ആസാ,

www.malankaralibrary.com

യാഹൊംശാപ്പാത്ത, യൊറആം, ഒസിയാ, യെറസാം, ആഹാസ് ,ഹെസക്ക്യാ, മ്നശ്ശെ, ആമ്മോൻ, യുശിയാ, യൊഹനിയാ, ചെല്ലസെൻ, സുറുബാബേൻ, ആബിയോദ്, ഏലിയാക്കീ, ആസോറ ,സാദേക്ക് ,ആകീം, എലിയോദ് , ഏലിയാസറ, മാസാൻ, യാക്കോബ്, യാക്കോബിന്റെ പുത്രൻ യൌസേപ്പ്.[8]

**05.07. യേശുക്രിസ്തു.** യൌസേപ്പിന്റെ പുത്രനെന്ന് നിനെക്കപ്പെട്ട ഈശോമിശിഹായുടെ പ്രവി ഈ വണ്ണമതായി. എന്നാൽ യൂദായുടെ വഴിപാട് ദാവീദിന്റെ തറവാട്ടിൽ നിന്നുള്ള യുയാക്കിമിന്റെയും അന്നായുടെയും മകൾ കന്ന്യാസ്ത്രീ മർത്തമറിയത്തുമ്മായെ യൌസെപ്പിന്നു പറഞ്ഞൊത്ത തിന്റെശേഷം അവരു രെജ്ഞിക്കപ്പെടുംമുൻപെ, തമ്പുരാൻ പക്കൽനിന്ന് ഗൌറിയേൽ മാലാഖയെ നസ്രാസെന്ന ദേശത്ത് യാത്രാക്കി അറുവിച്ചപോലെ, എന്നേക്കും കന്ന്യാസ്ത്രീ ഭാഗ്യം നിറയപ്പെട്ട് മർത്തമറിയത്തുമ്മായിൽ, റുഹാദകുദശയാലെ, പുത്രൻ തംപുരാൻ ജനിക്കപ്പെട്ട്, യൂദായുടെ ബെസിലഹമ്മേ, നീ, യൂദായുടെ രാജാക്കളിൽ കുറയപ്പെട്ടത് നീയായില്ല, നിന്നിൽ നിന്ന് രാജാവ് പ്രപ്പെട്ട്, എസ്രായേലായ തന്റെ ലോകരെ ഇവൻ മേയുമെന്നും, മീകാ നിവ്യ എഴുതിവച്ചപോലെ,[9] യെബനായക്കാരുടെ ആണ്ടു 311 ൽ ആഗുസ്തൊസ് കെസറിന്റെ ആണ്ട് 42-ൽ ധനുമാസം 25 നു ഞായറാഴ്ചയിൽ ബെതലഹെം എന്ന മലയിൽ മാനുഷനായി പിറന്ന്, മാലാഖമാരിൽ നിന്നും, മാനുഷരിൽ നിന്നും, മൃഗജാതിയിൽ നിന്നും വന്ദിക്കപ്പെട്ട്, മര്യാദപോലെ 8-ാം ദിവസം വറുഗീദും കൈക്കൊണ്ടു. ഈശോയെന്ന് പേരു വിളിച്ചു.

40 -ാം ദിവസം, ഒറശ്ലെം പള്ളിക്കൽ കൊണ്ട്ചെന്ന് ഒറയിത്തയിൽ എഴുത്തുപെട്ടപെലെ, കാഴ്ചയും വച്ച്, നസ്രാസെന്ന ദേശത്തു വളർന്ന്, 30 വയസ്സുകാരൻ താനായപ്പോൾ യൊറദിനാൻ എന്ന നദിയിൽ മാറീ യോഹന്നാൻ മാബുന്ദാനായുടെ കൈകളാലെ മാമോദീസായും മുഴുകി. വനത്തിൽ എഴുന്നള്ളി 40 രായും 40 പകലും താൻ നോൻപു നോറ്റ് തന്നെ പരുക്ഷിപ്പാൻ വന്ന ആകൽക്കറുസായെ ജയിച്ച് അവിടെനിന്ന് പ്രപ്പെട്ട് ശിഷ്യരെയുംകൂട്ടി മാർഗ്ഗമറുവിച്ച് നടക്കുമ്പോൾ കുരുടർക്ക കാഴ്ചയും, മുടന്തരെ നടത്തുകയും, വ്യാധിക്കാരെ വെടിപ്പാക്കയും, മരിച്ചവരെ ഉയിർപ്പിക്കയും, ദേവതകളെ പ്രപ്പടുവിക്കയും, അഗതികളെ സമ്പൂർണ്ണമാക്കിയതിൽ പലരും വിശ്വസിക്കുന്ന സമയത്ത് ഓറശ്ശെമിൽ നിന്ന് എഴുന്നള്ളുന്നമ്പോൾ പൈതങ്ങളും വാലിഭക്കാരും തന്നെ സ്തുതിച്ചു ഘോഷിച്ച ബെഹുമാനത്തോടു കൂടെ, പള്ളിയകം പുക്ക്. അവിടെ നിന്ന് തിരിച്ച് വെസനിയായിൽ എഴുന്നള്ളി, വ്യാധിക്കാരൻ ശിമൊന്റെ വീട്ടിൽ പുക്ക്, വിരുന്നും കഴിഞ്ഞു.

**05.08. വിശുദ്ധ കുർബാന സ്ഥാപനം.** പഴെ ശാസ്ത്രത്തിന്നുടെ ഒടുക്കത്തിനും, പുത്തൻ ശാസ്ത്രത്തിനുടെ തുടക്കത്തിനുമായിക്കൊണ്ട്, ശ്ലീഹന്മാരിൽ നിന്ന് ഇരുവരെ കൽപിച്ചയച്ച്, അരുളിചെയ്തപോലെ സെഹിയോനിൽ പിസായും അപരായിസ്തമാക്കി. അന്തിയായപ്പോൾ അവിടേക്ക് താനെഴുന്നള്ളി, പഴെ മര്യാദപോലെ നിന്ന് പത്തിറായും മ്രാറയും കുഞ്ഞാടും കൈകൊണ്ട ഉടൻ, തന്റെ ശ്ലീഹന്മാർ പന്തിരുപരെയും ഇരുത്തി തന്റെ അരയിൽ തൂവാലയും കെട്ടി, മരവിയിൽ വെള്ളവുമായിട്ട് പന്തിരുപേരുടെ കാലുകളും കഴുകി, തൂവാല കൊണ്ട് തുവർത്തി. അവരോടുകൂടെ താൻ മേശയ്ക്കിരുന്നതിനു ശേഷം, അപ്പം



താനെടുത്ത് വാഴ്ത്തി കണ്ടിച്ചു. ഇതല്ലൊ എന്റെ ശരീരം, ഇതാകുന്നു, നിങ്ങളെടുത്ത് നിങ്ങൾ തിൻമിൽ എന്നരുളിചെയ്തുകൊടുത്തു. അവരനുഭവിച്ചതിന്റെ ശേഷം കാസായും താനെടുത്തു വാഴ്ത്തിക്കൊണ്ടാടി. ഇതല്ലോ പലരുടെ ദോഷങ്ങൾക്കുവേണ്ടി ചീന്തപ്പെടുന്നുയെന്ന പുത്തൻ ശാസ്ത്രത്തിനുടെ എന്റെ ചോരയിതാകുന്നു. നിങ്ങളെടുത്ത് നിങ്ങൾ കുടിപ്പിൻ എന്നരുളിചെയ്തുകൊടുത്തതു അവരനുഭവിച്ചു. ഇതിൻവണ്ണം പ്രവർത്തിക്കുന്നവര് നിങ്ങളാകുവീനെന്ന് കൽപിച്ചതിന്റെ ശേഷം അവിടെ നിന്നും തന്റെ ശ്ലീഹന്മാരു പതിനൊന്നിനോടുകൂടെ പ്രപ്പെട്ട്, ഗെദുസമ്നോൻ എന്ന എടത്തിന്നു എഴുന്നള്ളി നമസ്ക്കരിച്ചതിന്റെ പിറകെ യൂദന്മാരുടെ കൈകളിൽ അകപ്പെട്ടു.

**05.09 ശ്ളീഹൻമാർ.** ഏറിയിരിപ്പൊരു പങ്കപ്പാടുകളും ഏറ്റ്, ഗാഗുൽത്തായിൽ കുരിശിൻമേൽ തൂങ്ങപ്പെട്ട്, മരിച്ചടക്കപ്പെട്ട്, പാതാളത്തിലിറങ്ങി, തന്റെ വരവിനെ നോക്കിപാർത്തിരുന്ന ബാബാൻമാർക്ക് പ്രത്യക്ഷമായി.[10] മൂന്നാം ദിവസം ഉയിർത്ത് മുന്നമേ മറിയം മഗദലെത്തായ്ക്കും ശ്ലീഹന്മാർക്കും തന്നിൽ വിശ്വാസകരായിരുന്നവർക്കും നാൽപതു ദിവസം ഞങ്ങളുടെ ഇടക്ക് പല ദിവസവും കാണപ്പെട്ട്. 40-ാം ദിവസം ആദത്തെയും ഔവായെയും ശേഷം പുണ്യവാളരെയും കൂട്ടിക്കൊണ്ട് ആകാശമോക്ഷത്തിനെഴുന്നള്ളി. സർവതും വശമായ ബാബാ തംപുരാന്റെ വലത്തുഭാഗത്ത് ഇരുന്നരുളിയതിന്റെ ശേഷം മുന്നമേ താൻ തന്റെ ശ്ലീഹന്മാരോട് അരുളി ചെയ്തപോലെ, തന്നിൽ വിശ്വാസകരായ അവരു കൂടപ്പെട്ട്, സെഹിയോനിൽ ഞായറാഴ്ചയിൽ പെന്തെക്കുസ്തേവെന്ന ദിവസത്തിൽ പെട്ടമെ റൂഹാദകുദാശായിറങ്ങി. തീയുടെ നാമ്പുപോലെ ജ്വലിച്ച് ഓരോരുത്തരൊക്കെയുംമേൽ ഇരുന്നതിന്റെ പിറകെ അവരൊക്കെയും റൂഹാദകൂദശാ നിറയപ്പെട്ട്, പറയുന്ന വചനങ്ങൾ കേൾക്കുന്ന ജനങ്ങൾക്കൊക്കെയും, എന്റെ എന്റെ പേച്ചിൽ പറയുന്നുയെന്നപോലെ തിരിച്ചറിഞ്ഞ് ബോധിക്കുന്നതിനാൽ, അന്ന് ക്ഷീണം ഒഴിഞ്ഞ് ശിമഒൻ പറഞ്ഞതു കേട്ട് 3000 ജനങ്ങൾ പോലെ മാമോദിസാ മുഴുകി.

**05.10. സഭയുടെ ആരംഭം.** തിങ്കളാഴ്ചയിൽ പള്ളി അവരു പണിതു. ചൊവ്വാഴ്ചയിൽ മൂറൊനും മദുബഹായും അവരു കൂദാശ ചെയ്തു. ബുധനാഴ്ചയിൽ നമ്മുടെ കർത്താവിന്റെ കൂടെപ്രപ്പു മാർ യാക്കൊയെ അപ്പസ്ക്കൊപ്പായുടെ സ്ഥാനത്തിൽ അവിടെയവരു കൽപിച്ചു. ആദേഹം ശുദ്ധമാന കുറുവാന അവനണച്ചു. തംപുരാന്റെ വായിൽനിന്ന് അതിനെ അവൻ കേട്ടുപഠിച്ചുയെന്നും, ഒരു വചനം അതിൽ അവൻ ഏറ്റിയുമില്ല, കുറച്ചുമില്ല എന്നവൻ ചൊല്ലി. വ്യാഴാഴ്ചയിൽ മാർ പത്രൊസ് ശ്ലീഹാ കുറുവാന അവൻ അണച്ചു. മാർ യൊഹന്നാൻ ഏവൻഗെലിത്താ തംപുരാനപ്പെറ്റ മറിയത്തമ്മയെ അവൻ മാമോദിസാ മുക്കി. ലാസറിന്റെ അവന്റെ പെങ്ങൾ മറിയം അവൾ തലതൊട്ടു. ആ ദിവസത്തിൽത്തന്നെ 82 കാനോനായും അവരു കൽപിച്ചു. വെള്ളിയാഴ്ച 9-ാം നാഴികയിൽ മാർ ശിമഒനും മാർ യോഹന്നാനും നമസ്കരിപ്പാൻ ഹയിക്കലായ്ക്കു അവരു കരെറി. സന്തു തളരപ്പെട്ടവനു സ്വസ്ഥത അവരു കൊടുത്തു. ചനിയാഴ്ചയുടെ ദിവസത്തിൽ അവന്നടുത്തു എന്ന ദിക്കിനു ഓരോരുത്തനൊക്കെ അവരെ യാത്രാക്കപ്പെട്ടു.[11]

**05.11 മാർ പത്രോസ്.** ശ്ലീഹന്മാരുടെ തലവൻ,പത്രൊസ്, നപുത്താലിയുടെ വഴിപാട്, വെസുസൈയാഓയിൽ നിന്ന് അവനാകുന്നു. ഏഴാണ്ടുകൾ

www.malankaralibrary.com

അന്തെക്യായിൽ അവൻ പടിപ്പിച്ചു. പള്ളി അവിടെ അവൻ പണിതു. എബുദി
യോസ് എപ്പിസ്കോപ്പായെയും അവിടെ വാഴിച്ചു. ക്ഷുദ്രക്കാരൻ സീമ്മോൻ റോമാ
യിൽ ചെന്നു. അവന്റെ ക്ഷുദ്രങ്ങളാലെ ലോകരെ തട്ടിക്കുന്നുയെന്ന് കേൾക്ക
കൊണ്ട് റോമായ്ക്കു പോയി. 25 സംവത്സരം അവിടെ അറുവിച്ച് പള്ളിയും
പണിത്, യോലീനോസു അപ്പസ്കോപ്പായെ അവിടെ വാഴിച്ചു. ഈ വണ്ണം റോമാ
യിൽ പത്രൊസ് ശ്ലീഹാ അറുവിക്കുന്നപ്പോൾ പൗലൊസ് കൂടെച്ചെന്ന്, അവരി
രുവരും കൂടെ അറുവിക്കകൊണ്ട്, ദേവസുയുടെ പൈശന്യത്താലെ അവര് കൊല്ല
പ്പെടുവാൻ കെസറിന്റെ സന്തതിയിൽ നിന്നുള്ള നെറോൻ രാജാവ് പ്രമാണിച്ചു.
എന്നാൽ കർത്താവിന്റെ പാദം മുത്തുന്നവനാകുവാൻ അവന്റെ തലകീയായി
തൂക്കപ്പെടണമെന്ന് പത്രൊസ് അവനപേക്ഷിച്ചു. ഇതിൽവണ്ണം അവനെയും
തൂക്കി. പൗലൂസിന്റെ തല വാളാലെ കണ്ടിക്കപ്പെട്ടു.

**05.12. അപ്പോസ്തോലൻമാരുടെ അന്ത്യം.** ശിമോന്റെ കുടപ്രപ്പ് അന്ത്രയോസ്
കുസ്താദീനോപൌലീസിൽ അറുവിച്ച് പള്ളി പണിത് അവിടെ അവൻ മരിച്ച്
അടക്കപ്പെട്ടു. സൌദി മകൻ യാക്കൊയും അവന്റെ കൂടപ്രപ്പ് യോഹന്നാനും.
സ്ബലോന്റെ വഴിപാട്. വെദുസയിദായിൽ നിന്ന് അവരാകുന്നു. യാക്കൊയെ
ഹെറൊദെസു രാജാവിൽനിന്ന് ഒറശ്ലെമിൽ അവനെക്കൊന്നു. അവിടെ അടങ്ങ
പ്പെട്ടു. അവന്റെ കൂടപ്രപ്പു യോഹന്നാൻ ഏവൻഗെലിത്താ. ഓശ്ലെമിൽ നിന്ന്
അവൻ പ്രപ്പെട്ട്, ആസിയാൽ അവനറുവിച്ച്, എപ്പസ്സൊസ്സിൽ പള്ളി പണിത് 73
വയസ്സളവും ജീവിച്ചിരുന്നു. ശ്ലീഹന്മാരൊക്കയുടെ ശേഷം അവൻ മരിച്ച് എപ്പ
സ്സൊദിൽ അവനെ അടക്കപ്പെട്ടു. പീലിപ്പോസ് അശ്ശീറിന്റെ വഴിപാട്. വെസ
സൈയ്യാദിയിൽനിന്ന് അവനാകുന്നു. പീസിദിയായിൽ പള്ളി പണിത് അവിടെ
അവൻ മരിച്ച് അടങ്ങപ്പെട്ടു.

വർത്തുത്മായി 30 ആണ്ടുകൾ അർമ്മനായിൽ അവനുറവിച്ചു. ഹെറസ്കി
രാജാവ് അവനെക്കൊന്നു. അവൻ പണിതെന്ന പള്ളിയിൽ അടക്കപ്പെട്ടു. തൊമ്മാ
യൂദായുടെ വഴിപാട്ടിൽനിന്നാകുന്നു. പറസുപായെക്കാരൊടും, മാദായെക്കാ
രോടും, ഹെന്ദുവായെക്കാരോടും അവനുറവിച്ച്, മൈലാപ്പൂര് അവൻ കൊല്ലപ്പെട്ട്,
അവിടെ അടക്കി. മാലാകെമാരാലെ ഉറഹായ്ക്കു അവന്റെ ശരീരം കൊണ്ടുപോ
കപ്പെട്ടു.[12] മത്തായി ഏവൻഗെലീത്ത ഈസംകാറിന്റെ വഴിപാട്ടിൽ നിന്നവനാ
കുന്നു. പില്ലസ്സീസിൽ അവനറുപിച്ചു. ഗലീലായിൽ അവൻ മരിച്ച് അന്ത്യോ
ക്യായിൽ അവനെ അടക്കപ്പെട്ടു. റഹൽപ്പായുടെ പുത്രൻ യാക്കൊ മ്നശെയുടെ
വഴിപാട്ടിൽ നിന്നാകുന്നു. സ്രൊഗിന്റെ പത്തിനാനിൽ പള്ളി പണിത്, അവിടെ
മരിച്ച് അടക്കപ്പെട്ടു. താതിയെന്ന് ഇല്ലപ്പേരു വിളിക്കപ്പെട്ടുയെന്ന ലാബി, ലെബു
ദിക്കിയായിൽ അറുവിച്ച് ആറൊസിൻ അവനെ എറിയപ്പെട്ട. അവിടെ മരിച്ച്
അടക്കപ്പെട്ടു. എരിവുകാരൻ ശിമഒൻ അപ്രൊന്മിന്റെ വഴിപാട്ടിൽ നിന്ന
വനാകുന്നു. സുറിയായിൽ അറുവിച്ച്. കുറൊസിൽ പള്ളി പണിത് അവിടെ മരി
ച്ചടക്കപ്പെട്ടു. യുദസ്കറിയോത്തായ്ക്കു പകരം നിന്നൂയെന്ന മത്തിയാ റുബെ
ലിന്റെ വഴിപാട്ടിൽ നിന്നാകുന്നു. സെലൊക്ക്യായിൽ പള്ളി പണിത് അവിടെ
മരിച്ചടങ്ങപ്പെട്ടു.

**05.13. ക്രിസ്ത്യാനികൾ എന്ന പേര്.** എന്നാൽ ഹെറൊദെസു രാജാവിന്റെ
സന്തതി ആഗർപ്പൊസു രാജാവിന്റെ വിലങ്ങടത്തുനിന്നും പത്രൊസു ശ്ലീഹാ



രെക്ഷപെട്ടുയെന്നശേഷം അന്ത്യോക്യക്കു അവൻ കരേറി. ആയാണ്ടിൽത്തന്നെ
പള്ളി അവിടെ പണിത്, കിഴക്കിന്നവരു നമസ്കരിക്കണമെന്നു, ഞായറാഴ്ച
യിൽ കന്ന്യാസ്ത്രിയിൽ നമ്മുടെ കർത്താവു പെറുത്തുയെന്നും, ആ ദിവസ
ത്തിൽത്തെന്നെ ഒടുക്കത്തിൽ ഉയിർപ്പൊണ്ടാകുന്നുയെന്നും പത്രൊസു ശ്ലീഹാ
പഠിപ്പിച്ചു. നമ്മുടെ കർത്താവിന്നു ഏറിയ ലോകരെ ഏറ്റിക്കപ്പെട്ടുയെന്നും, പ്രക്കു
സെസിന്റെ പൊസ്തകം 11 -ാം സഹായിൽ എഴുത്തു പെട്ടപോലെ ശിഷ്യരു
നമ്മുട കർത്താവിൽ വിശ്വസിച്ചുയെന്ന വിശ്വാസകാറരെ ക്രിസ്യാനികളെന്ന
നാമം അന്തൊക്യയുടെ യൊഗത്തിൽ ഒണ്ടായിരുന്ന ശ്ലീഹമാരിൽനിന്നും, നിവ്യ
ന്മാരിൽ നിന്നും മൽപാന്മാരിൽനിന്നും അവരെ വിളിക്കപ്പെട്ടു.

വീണ്ടും 13 -ാം സഹായിൽ എഴുത്തു പെട്ടതാകുന്നു അവരു തികച്ചൂയെന്ന്
അപ്പ്രവൃത്തിക്കു തംപുരാന്റെ തന്റെ നന്മയെ അവിടനിന്നും അവരു പരമേൾപ്പി
ക്കുന്നുയെന്നതുകൊണ്ടു അന്ത്യോക്യായക്കു അവരു വന്നൂയെന്നും യോഗമ
തൊക്കെ കൂടിയപ്പോൾ, തംപുരാൻ അവരുടെ കൂടെ പ്രവൃത്തിച്ചെന്ന് സകലവും
അവരറുവിക്കപ്പെടുന്നു. വീണ്ടും ഇതിൽത്തന്നെ ചൊല്ലപ്പട്ടതാകുന്നു. തംപുരാന്റെ
തന്റെ അറിയിപ്പു അറിയിക്കപ്പെടുന്നു. അതു വളരുന്ന ഈവണ്ണം വർണ്ണവായും,
ചാഒലും അവരു ചിറ്റാണ്മ അവരു തികച്ചുയെന്ന ശേഷത്തിൽ ഒറെശ്ലെമിൽനിന്ന്
അന്തൊക്യാക്കു അവരു തിരിഞ്ഞു. മർക്കൊസെന്ന ഇല്ലപ്പേരു വിളിക്കപ്പെട്ടു
യെന്ന് ആ യോഹന്നാനെ അവരുടെ കൂടെ അവരു കൂട്ടിക്കൊണ്ടുപോയി.

**05.14 മാർ പൗലൂസ്.** അന്തൊക്യയുടെ പള്ളിയിൽ നിവ്യാന്മാരും മൽപാന്മാ
രും ഒണ്ടായിരുന്നു. വർണ്ണവായും ചാഒലും, നീഗാറെന്ന് വിളിക്കപ്പെട്ടുയെന്ന്
ശിമൊനും, നഗരി കെബുറീനായിൽ നിന്നുള്ള ലുക്ക്യൊസും, നാലാംകൂറ് ഹെറൊ
ദെസിന്റെ വളർത്തുന്നവരുടെ പുത്രൻ മാനാനായെലും ഇവരു നോൻപു നോറ്റും
കൊണ്ട് തംപുരാനോടപേക്ഷിക്കുന്നപ്പോൾ റൂഹാദകുദശാ അവരോടതു ചൊല്ലി.
ഞാൻ വിളിച്ചൂയെന്ന ആപ്രവൃത്തിക്കു ചാഒലിനയും വർണ്ണവായെയും ഇനിക്കു
നിങ്ങൾ വേറുതിരിപ്പീനെന്നും അവരു നോൻപു നോറ്റ് നമസ്കരിച്ചുയെന്ന
ശേഷം തൂണുകൾ അവരാകുന്നൂയെന്ന് നിനെക്കപ്പെടുന്നൂയെന്ന് യാക്കൊയും
കെപ്പായും യൊഹന്നാനും കൈ അവരുടെ മേലവരുവച്ച് അവരെ അവരു
യാത്രാക്കി.

ഈവണ്ണം അന്തൊക്യയിൽ തംപുരാന്റെ തന്റെ മാർഗം അറുവിച്ച് അവരു
പടിപ്പിക്കുന്നപ്പോൾ, ഏഴാണ്ടുകളുടെ ശേഷം ക്ഷുദ്രക്കാരൻ സിമ്മൊൻ
റൊമായ്ക്കു ചെന്ന്, വിടെയുള്ള ലോകരെ ക്ഷുദ്രത്താലെ പല കൂട്ടവും ചെയ്തു
തട്ടിക്കുന്നൂയെന്നും, മാർ പത്രൊസു ശ്ലീഹാ കേട്ടപ്പോൾ, തന്റെ സിംഹാസ
നത്തുംമ്മേൽ വാണ്, എന്നേക്കും തംപുരാന്റെ മാർഗവും വിശ്വാസവും നടത്തി
ക്കൊള്ളുവാനായിട്ടു, മാർ യെബുദിയോസ് അപ്പസ്കോപ്പായെ അന്തൊക്യയിൽപ്പ
ട്ടംകെട്ടി തംപുരാന്റെ യോഗത്തെ പരമേൾപ്പിച്ചുംവച്ച് റൊമ്മായ്ക്കു പോയി. എട
ത്തുട്ടീൽ നിന്ന് അവരെ തിരിപ്പിച്ചു. അന്ത്യോക്യായുടെ അപ്പസ്കൊപ്പാ 25 സംവ
ത്സരം വാണിരിന്നൂ.

**05.15. മാർ ഇഗ്നാത്തിയോസ്.** രണ്ടാമത് നമ്മുടെ കർത്താവ് മാർഗം അറു
വിച്ചു നടക്കുന്ന കാലത്തിൽ ഒരു ദിവസം ഒരു പൈതലിനെത്താൻ എടുത്തു
ശ്ലീഹാമാരുടെ എടയിൽ ഇരുത്തി, താനരുളിച്ചെയ്തു. നിങ്ങൾ തിരിയപ്പെട്ട് ഇപ്പൈ

www.malankaralibrary.com

തലിനെപോലെ നിങ്ങളാകയില്ലായെങ്കിൽ ആകാശമോക്ഷത്തിന്നു നിങ്ങൾ പോകയില്ലായെന്ന്. ശുദ്ധമാകപ്പെട്ട ഏവൻഗെലിയൊനിൽ നമ്മുടെ കർത്താവിൽനിന്നു ബെഹുമാനിക്കപ്പെട്ടുയെന്ന തീയ്ക്കടുത്ത മാർഗിനാത്ത്യോസിനെ അന്ത്യോക്യായുടെ സിംഹാസനത്തുമേൽ രണ്ടാമത്തെ അപ്പസ്കൊപ്പാ ആയിട്ടു മാർ യൊഹന്നാൻ ഏവൻഗെലിത്താ പട്ടംകെട്ടി വാഴിച്ച് ഇരുത്തിയതിന്റെ ശേഷം, ഈ മാർഗിനാത്ത്യോസ് തംപുരാനോട് അവൻ നമസ്കരികുന്നപ്പോൾ, തുറക്കപ്പെട്ടുംകൊണ്ട് ആകാശവും, രണ്ടു കൂട്ടമായി നിന്ന് തംപുരാനെ സ്തുതിക്കുന്നൂയെന്ന മാലാകമാരെയും അവൻ കണ്ടു. അതിൽ വണ്ണം ശുദ്ധമാന പള്ളിയിൽ അതിനെ അവൻ ക്രമപ്പെടുത്തി.[13]

**05.16 അറിയോസ്.** ഇങ്ങനെ അന്തൊക്യയിലും റോമായിലും ശുദ്ധമാകപ്പെട്ട ശ്ലീഹന്മാരു അറുവിച്ച ഇടങ്ങൾ ഒക്കെയിലും ഏക വിശ്വാസത്താലെ എപ്പസ്കൊപ്പാമാര് തംപുരാന്റെ യോഗത്തെ ഭരിച്ചുവരുന്ന കാലങ്ങളിൽ നമ്മുട കർത്താവിന്റെ ആണ്ട് 325 ൽ ശണ്ഡാളനായ അറിയോസിന്റെ എടത്തുടെക്കുറിച്ച്. ആയത് എന്തെന്നാൽ നമ്മുടെ കർത്താവിന് മാനുഷസുഖം ഇല്ലെന്ന് അവൻ നിനച്ചു. എന്നതുകൊണ്ട് റൊമായുടെ രാജാവ് കുസ്തന്തീനോസിന്റെ കാലങ്ങളിൽ നിക്യായുടെ നഗരിയിൽ സ്തൂദിചോവ്വാകപ്പെട്ട 318 ബാബാമാരെ രാജാവു കൂട്ടി. മുഴുവനാകപ്പെട്ട മാനുഷൻ പുത്രനും, മുഴുവനാകപ്പെട്ട തംപുരാനും താനാകുന്നൂയെന്നു ഒരു സുരത്താലെ ശുദ്ധമാന പൊസ്തകങ്ങളുടെ സാക്ഷികൊണ്ട് അവര് നിശ്ചയിക്കയും ചെയ്തു. അറിയോസിനെ അവര് പിരാകി. അവന്റെ വയറ് ഒഴിക്കപ്പെട്ടതായി വെടിപ്പടത്തിന്നു അവൻ കടന്നു. അവനെ വരുത്തുവാൻ ബാബാന്മാർ അവർ പ്രമാണിച്ചു. മുൻപെനിന്ന് മരിക്കപ്പെട്ടവനായി അവനെ അവരു കണ്ട് പട്ടികൾക്കു അവനെ അവരിട്ടു. അവ തിന്നില്ല അവനെ മുടിപ്പാൻ ബാബാമാര് അവരു പ്രമാണിച്ചു.

**05.17. നിഖ്യാ സുന്നഹദോസ്.** ഇതിന്റെ ശേഷം നോൻപുകളും, നമസ്കാരങ്ങളും, പെരുനാളുകളും, പള്ളിമര്യ്യാദകളും, കാനോനാകളും അവരു കൽപിച്ചു. എന്തെന്നാൽ ആസിയാ, റൊപ്പ, ആപ്പ്രിക്കാ ഇങ്ങനെ ഭൂമിയുടെ എല്ലാ ഭാഗങ്ങൾക്കും തംപുരാന്റെ യോഗത്തെ ഒക്കത്തളവും ഭരിപ്പാൻ, നാലു ഭൂദിയങ്ങളെപ്പോലയും, പറുദീസായുടെ നാലു ആറുകളെപ്പോലെയും, ഭൂമിയുടെ നാലു കോണുകളിൽ കൽപിക്കപ്പെട്ടുയെന്ന നാലു മാലാകമാരെപ്പോലെയും, സ്ലീവായുടെ 4 ശിഖരം പോലെയും, ശുദ്ധമാകപ്പെട്ട 4 ഏവൻഗെലിസ്തൻമാരെ പോലെയും, 4 സിംഹാസനങ്ങൾ അവരു കൽപിച്ചു. ഒന്നാമത് രാജികത്തിനുടെ ശക്തിയെക്കുറിച്ചും ബഹുമാനത്തെക്കുറിച്ചും എടവകയുടെ വലിപ്പത്തെക്കുറിച്ചും അവരൊക്കെയുടെ മുൻപൻ റോമായുടെ പാത്രിയർക്കീസും, 2-ാമത്തെത് ആലക്കുസന്ത്രിയായുടെ പാത്രിയർക്കീസും, മൂന്നാമത്തേത് കുസ്തദീനോസിന്റെ പാത്രിയർക്കീസൂം, 4-ാമത്തെത് കിഴക്കൊക്കെയുടെയും മേൽ മുഷ്കരപ്പെട്ടവനും തലവനും ആയി മാർ പത്രൊശ്ലീഹായുടെ അനന്തിരസുഖം വാഴുന്നൂയെന്ന് അന്ത്യോക്യയുടെ മാർഗിനാത്യോസ് പാത്രിയർക്കീസും. ഇതിൽ വണ്ണം കിഴക്കും, പടിഞ്ഞാറും, തെക്കും, വടക്കും 4 പാത്രിയർക്കീസുമാരെ അവരു കൽപിച്ചു.[14]

**05.18. 318 ബാവാമാർ.** എന്നാൽ നിഖ്യായിൽ റുഹാദകുദാശായാലെ കൂടപ്പെട്ടുയെന്ന പ്രത്യക്ഷങ്ങൾ പ്രവർത്തിക്കുന്നവരായ 318 ബാബാമാര് എണ്ണമൊത്തു കൂടിയതിന്റെ അവകാശം എന്തെന്നാൽ, ദാവീദു നിവ്യായുടെ 2-ാം മസുമൂറിൽ എഴുത്തുപെട്ടപോലെ ഇരുമ്പിനുടെ വടിയാലെ അവരെ നീ മേയുമന്നും, കുശപ്പാത്രം പോലെ അവരെ നീ തട്ടി ഉറപ്പിക്കുമെന്നും, റൂഹാദകുദശയാലെ മുതൃന്ന ചൊല്ലപ്പെട്ടുയെന്ന ശുദ്ധമാനപള്ളിയുടെ സഭക്കൂട്ടമായ ഈ ശുദ്ധമാകപ്പെട്ട ബാബാൻമാര് ഇരുമ്പിനുടെ വടിക്ക് സദൃശമാകകൊണ്ടും, ഇരുമ്പ് അഴിവില്ലാത്തതാകകൊണ്ടും, ഇച്ചൊന്ന മൊഴി സുറിയാനിയിൽ പറസലാ എന്നാകുന്നു. ഇതിന് 5 അക്ഷരമുണ്ട് പെ 80, റെസ 200, സൈൻ 7, ലാന്മദ 30, ആലപ്പു 1, ആക 318.[15] ഇങ്ങനെയല്ലോ നമ്മുടെ കർത്താവിന്റെ പ്രവിക്കു മുമ്പ് നിവ്യായിൽ എഴുത്തുപെട്ട പൊസ്തകം തികവാനായിട്ട് നിഖ്യായിൽ കൂടി ബാബാന്മാരെ 318 കൂടെ കല്പിച്ച പ്രമാണങ്ങളും, ക്രമങ്ങളും, മര്യാദകളും, കാനോനാകളും അത്രെ ശുദ്ധമാന പള്ളിയുടെ കൽപനയാകുന്നത്.

ഇക്കൽപനെക്കും മര്യ്യാദകൾക്കും അഴിവില്ലാത്തതാകകൊണ്ടും, കറയതിലില്ലായെന്ന, സ്തുദി ചൊല്ലാകപ്പെട്ട വിശ്വാസം നമ്മെ അവരു പടിപ്പിച്ചൂയെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇക്കൽപനെക്കും ക്രമങ്ങൾക്കും മര്യ്യാദകൾക്കും ഭേദം വരുത്തി നടക്കുന്നവനൊക്കെ മഹറൊ നൽകപ്പെട്ടവനാകുന്നു എന്നും, അറെപ്പുകെട്ട് മറ്റൊരു വിശ്വാസം കൽപിക്കുന്നവൻ, പാത്രിയാർക്കായെങ്കിലും, അപ്പസ്കൊപ്പായെങ്കിലും, കാശീശന്മാർ എങ്കിലും, മശമിശാനമാർ എങ്കിലും, അവരുടെ പട്ടസുഖത്തിൽനിന്നും ഉരിയപ്പെട്ടവരും ശുദ്ധമാന പള്ളിക്ക് അടുക്കരുതാത്തവരും അവരാകുമെന്നും, അന്മേനികൾ അവരാകുന്നു എങ്കിൽ, അവരും കൈക്കൊണ്ടുഎന്ന കൂദാശയിൽനിന്ന് ഉരിയപ്പെട്ടവരാകുമെന്നും മഹറോനും അവർ കൽപ്പിച്ചിട്ടുണ്ട്. ഇപ്രകാരം ഒക്കെയും നിശ്ചയിച്ച് കാനോന എഴുതിയതിന്റെ ശേഷം 56 ആണ്ടുകൾ പോകെ പിശകിൽനിന്നും, കലക്കത്തിൽ നിന്നും, ഏടാകുടിൽനിന്നും തമ്പുരാൻതന്റെ യോഗം നിരപ്പായിട്ടു നടന്നു.

**05.19. മക്കദോന്യോസ്.** അതിന്റെ ശേഷം നമ്മുടെ കർത്താവിന്നുടെ ആണ്ട് 381 ൽ കുസ്തന്തീനോസ് പൌലീസിന്റെ പാത്രിയാർക്കാ മക്കെദോന്യോസ് അവൻ പകച്ചു. ബാബായിൽനിന്നും പുത്രനിൽ നിന്നും റൂഹാകുദാശാ പുറപ്പെടുന്നൂയെന്നും, ബാബാക്കും പുത്രനും റൂഹാകുദാശ വരസനാകുന്നൂയെന്നും ചൊല്ലി. ഇവയുടെ ശേഷം തേബാദോസിയോസു രാജാവ് രണ്ടാം സുന്നദോസ് കുസ്തംദീനോസ്പൌലീസീൽ 150 ബാബാമാരെ അവൻ കൂട്ടി. ബാബായ്ക്കും പുത്രനും റൂഹാകുദാശ വർഗത്താലയും കാതൽസുഖത്താലെയും ശരിയാകപ്പെട്ടതാകുന്നു എന്നു ഒരു വായിൽനിന്നെന്നപോലെ അവരൊക്കെ അട്ടഹസിച്ചുംകൊണ്ട് മക്കെദോന്യോസിനെ തള്ളി. ആ സിംഹാസനത്തുംമേൽ തേബാലൊഗോസെന്നു വിളിക്കപ്പെടുന്ന ആ മാർ ഗ്രിഗോറിയോസിനെ അവരു കൽപിച്ചു.

**05.20. നെസ്തോറയോസ്.** ഇങ്ങനെ ഏക വിശ്വാസത്താലെ 47 ആണ്ട് കഴിഞ്ഞ ശേഷം വീണ്ടും നമ്മുടെ കർത്താവിനുടെ ആണ്ട് 428 ൽ കുസ്തംദീനോസിന്റെ പാത്രിയർക്കാവാകപ്പെട്ട നെത്തോറിയോസു അവൻ പകച്ചു. തംപുരാനെപ്പെറ്റ കന്യാസ്ത്രീ മറിയത്തെ മിശിഹായുടെ അമ്മയെന്നയെന്യെ തംപുരാനെപ്പെറ്റമ്മെയെന്നു വിളിക്കരുതെന്നും, മിശിഹായിൽ വർഗം രണ്ടാകുന്നുയെന്നും ക്നോന്മാ രണ്ടാകുന്നുയെന്നും അവൻ ചൊല്ലി എടത്തുടായതിന്റെ ശേഷം ഇതിനെക്കുറിച്ച് പട്ടാഴങ്ങപ്പെട്ട ചെറിയ തേബാദോസിയോസ് രാജാവ്



www.malankaralibrary.com

മൂന്നാം സുന്നഹദോസ് എപ്പസോസിൽ അവൻ കൂട്ടിയത്. കൂടിയിരിപ്പിനുടെ സ്തുദി ചൊവ്വാകപ്പെട്ട ബാബാമാര് 220. സിംഹാസനങ്ങളിൽ മുഷ്കരപ്പെട്ടവരായ 10000 ങ്ങളുടെ തലവരിൽ നാലെ. റൊമ്മായുടെ കാലത്തീനോസും, ആലക്കുസന്ത്രി യായുടെ കുറിലോസും, അന്ത്യോക്യായുടെ യോഹന്നാനും, പൊന്നിനുടെ നാവു കാരനായ മാറിവാനിയോസും,

ഇവരു കൂടപ്പെട്ടു തംപുരനപ്പെറ്റമ്മയെന്നു വിളിച്ച് മാനുഷസുഖത്തിൽ നിന്നുള്ള മാംസത്തോടുകൂടെ പുത്രൻ തമ്പുരാൻതന്റെ ഒന്നിപ്പിനെ അവരു നിശ്ച യിച്ച്, വർഗം ഒന്നാകുന്നൂയെന്നും, കൊന്മാ ഒന്നാകുന്നുയെന്നും, മുഴുവനാക പ്പെട്ട തംപുരാനും മുഴുവനാകപ്പെട്ട മാനുഷ്യൻ പുത്രനും താനാകുന്നൂയെന്നും അവരു കൊണ്ടാടി സ്തുദിച്ചു. പിന്ന്യൊ റുഹാദകുദാശയാലെ മാർ അപ്രെം മാർ യാക്കോയോടു[16] കൂടെ നിഖ്യായിൽ കൂടപ്പെട്ട 318 ബാബാന്മാരുകൂടി കൽപി ച്ചുയെന്ന വിശ്വാസത്തിൽ നിന്നൊഴികെ മറ്റു കൽപനയും വിശ്വാസവും ക്രമ പ്പെടുത്തുവാൻ ഒരുത്തനും ന്യായമില്ലെന്നും, അറപ്പുകെട്ട ഒരുത്തൻ കൽപി ക്കുന്നൂ എങ്കിൽ മുമ്പേ ചൊല്ലിയപോലെ ഇവരും. ഒരു കാനോനാ കൽപിച്ചു കൊണ്ട് നെത്തോറിയോസിനെ പിരാകി തള്ളിയതിന്റെ ശേഷം ദുഷിപറഞ്ഞു യെന്ന അവന്റെ നാവ് അഴുകപ്പെട്ടുകൊണ്ട്, തിന്മപ്പെട്ട മരണം അലസി പറക ത്താലെ നെത്തോറിയോസ് മരിച്ചു.[17] ആ സിംഹാസനത്തിൽമേൽ നോമ്പു നോക്കുന്നവനായ മക്കസിമ്മോസിനെ അവർ കൽപിച്ചു.

**05.21. എവുത്തിക്കൂസ്.** ഇതിന്റെ ശേഷം 17 ആണ്ടു കഴിഞ്ഞതിന്റെ പിറക് നമ്മുടെ കർത്താവിന്റെ ആണ്ട് 445 ൽ കുസ്തംദീനോസ്പൌലോസിൽ കൂടി യുള്ള എബുത്തോകായെന്ന കശീശാ മശിഹായുടെ തന്റെ ശരീരം കലക്കം അനു ഭവിച്ചൂയെന്ന് എടത്തുടവൻ ചൊല്ലി. ഇക്കാർയ്യത്തെക്കുറിച്ച് എപ്പസൊസിന്റെ ഉള്ളിൽ രണ്ടാം വട്ടം സുന്നെദോസു കൂടപ്പെടുവാൻ രാജാവു പ്രമാണിച്ചു. കുസ്തംദീനോസിന്റെ അബിലാനിയോസും ആലക്കുസന്ത്രിയായുടെ ദീയസ്കോ റോസും, ഒറശ്ലെമിന്റെ ഈബാനിയോസും, എപ്പസോസിന്റെ എസ്തെപ്പാ നോസും, ഈ നാലു തലവരോടുകൂടെ 130 അപ്പസ്തോപ്പാമാരു അവരു കൂടി. ക്ഷെയിക്കപ്പെട്ടവന്റെ പക്ഷത്തെക്കുറിച്ച് എവുത്തൊഹാ, അവൻ പകപ്പട്ടു.

**05.22. ലിയോ പാപ്പ.** റൊന്മായുടെ ആറാം പാപ്പാ അവാനാകൂയെന്ന ലെബോന്റെ അനുവാസം കൂടാതെ ഇവരു കൂടപ്പെട്ടു. എന്നാൽ എടത്തിന്റെ ദൂര ത്തെക്കുറിച്ച് എന്ന്യെ, ദ്വേഷതയിൽ നിന്നും, ശത്രുതയിൽ നിന്നുമല്ലാ. എവുത്തൊഹായെന്ന പട്ടക്കാരൻ എടവകയിൽ പ്രമാണിയും മൽപാനും ആക കൊണ്ടു, അയാളെ തള്ളിയെന്നും വച്ച്, രാജാവിന്റെ അടുക്കൽ സംകടം ബോധി പ്പിച്ചതിൽ, നെത്തോറിയോസിന്റെ വിശ്വാസം. ചിലർക്കുണ്ടെന്നും, അക്കാർയ്യം വിസ്തരിക്കണമെന്നും എഴുത്തും കൊണ്ടു വന്നു. എല്ലപെരയും വരുത്തി ശുദ്ധ മാകപ്പെട്ടവരു കേട്ടാറെ, കുസ്തംദീനോസിന്റെ സിംഹാനത്തുംന്മേൽ വാണൂ യെന്ന് പ്ലവിയാനോസും, ദർക്കാലിയോന്റെ എബുസെവിയോസും, ദോവാദോ റീത്തായും, ഈഹീബായും,[18] ഇവരു നാലുപേർക്കു നെത്തോറിയോസിന്റെ വിശ്വാസം ഒണ്ടെന്നു ബോധിക്ക കൊണ്ടു, അപ്പോൾ അവരുടെ പദവിയിൽ നിന്നു അവരു തള്ളപ്പെട്ടു. ആതിനക്കുറിച്ച് ആ അപ്പസ്ക്കോപ്പന്മാരു നാലു പേരും റൊമ്മായ്ക്കു ലെബോൻ പാപ്പായുടെ പക്കൽ പോയി പല കൂട്ടവും



പറഞ്ഞു തട്ടിച്ച് അവരുടെ വിശ്വാസം പാപ്പായുടെ അനുസരിച്ചു.

ഇതിന്മണ്ണം എല്ലാപേരും അനുസരിക്കണമെന്നും കുറി അവിരെഴുതി. എന്നാൽ രണ്ടു വർഗമന്നും, ഒരു ക്നൊന്മായെന്നും ഇവ രണ്ടുപേരും കൂടി നിശ്ച യിച്ച് എഴുതിയ കുറിയെ, ബാബാന്മാരു കണ്ടപ്പോൾ, നെത്തോറിന്റെ വിശ്വാസ ത്തിൽ പാതിയും, പാപ്പായുടെ ഇഷ്ടത്തിൽ നിന്നു പാതിയും ആയിട്ടു അവരു ചെമെച്ചെന്ന് കാൺകകൊണ്ടും, മുൻപിൽ നിഖ്യാ സൂന്നെദോസിനോടു നെത്തൊറിയോസിന്റെ കാർയ്യത്തെക്കുറിച്ച് എപ്പസ്സൊസിൽ റൊമ്മായുടെ പാത്രി യർക്ക മാർ കാലത്തീനോസിനോടു കൂടെകൂടിയ ശുദ്ധമാകപ്പെട്ട നാലു പാത്രി യർക്കാമാരോടും ബാബാമരോടും മറുതലിച്ചുയെന്നു കാൺകകൊണ്ടും, അവ രുടെ എഴുത്തു ഇവരു കൈക്കൊണ്ടില്ല. ഇതിനാലെ ആലക്കുസന്ത്രിയായുടെ ദീയക്കൊറോസുംമേൽ ശത്രുതയും വഴക്കും ലൊബോൻ പാപ്പാ അവനുറെച്ചു.

അക്കാലത്തിൽ ഈ സുന്നെദോസു കൂടിയെന്ന് ചെറിയ തെബാദൊസി യോസു രാജാവിന്റെ സ്ത്രീയും, അവന്റെ പെങ്ങൾ ബുൾകാറിയായും നമസ്ക്ക രിപ്പാൻ റൊമ്മാ പള്ളിയിൽ ചെന്നപ്പോൾ, രാജസ്ത്രീകൾ വന്നാൽ ഹയ്ക്കലാ യുടെ വാതിലിന്റെ മറ നീക്കുവാൻ മര്യാദ ഒണ്ടാകകൊണ്ടും, മറ നീക്കരു തെന്നു ലേബോൻ പ്രമാണിച്ചതിനെക്കുറിച്ച്, ഹയ്ക്കലായ്ക്കു അവരു കടന്ന പ്പോൾ, കരഞ്ഞ് അഷ്ടഹസിക്കുന്നു എന്ന് ലെബോൻ പാപ്പായുടെ സുരം അവരു കേട്ട് എന്തുകൊണ്ടെന്ന് അന്വേഷിപ്പാൻ ചെന്നതിന്റെ ശേഷം , എപ്പസ്സോസിന്റെ ഉള്ളിൽ, ദീയസ്കോറോസിന്റെ കൂടെ രണ്ടാം സൂന്നദോസ് കൂടിയെന്നും പാപ്പാ യുടെ കുറി അവരു കൈക്കൊണ്ടില്ലെന്നും പറകകൊണ്ട്, രണ്ടാം സൂന്നദോ സിന്റെ കൽപന മായിപ്പാൻ രാജസ്ത്രീകൾ സംകടമായിട്ട് രാജാവിനെഴുതി. അതിനെ അവൻ കണ്ടാറെ, എപ്പസ്സോസിന്റെ രണ്ടാം സൂന്നഹദോസു, തംപു രാന്റെ ആശണ്യത്താലെ കൂടി പെരുമാറപ്പെട്ടുയെന്നും, അതിന്നു ഞാൻ ഭേദം വരുത്തുകയില്ലെന്നും മറുപടി അവനെഴുതി.

**05.23. കൽക്കിദൂന്യ സുന്നഹദോസ്.** ഇങ്ങനെ ലെബോൻ പിടിപ്പാൻ വിചാ രിച്ചിരിക്കുന്ന കാലങ്ങളിൽ, പട്ടാങ്ങപ്പെട്ട രാജാവു മരിച്ചതിന്റെ ശേഷം, അവന്റെ പെങ്ങൾ ബുൾകാറിയായെ പറഞ്ഞു ബോധിപ്പിച്ച്, 50 ആണ്ട് കന്ന്യാവൃതം കാത്തിരുന്നവളെ രാജാവിന്റെ മന്ത്രി മർക്ക്യാനോസിനെക്കൊണ്ട് ലെബോന്റെ അനുവാസത്താലെ അവളെ കെട്ടിച്ച് രാജികം വാണൂയെന്ന് ലെബോൻ കണ്ടപ്പോൾ, മുൻപിലത്തെ അവന്റെ എഴുത്തിനെ അനുസരിപ്പാനും സൂന്നെ ദോസു കൂട്ടുവാനും മർക്ക്യാനോസിനോടവനപേക്ഷിച്ചു. എന്നാൽ നെത്തോറി യോസിന്റെ വിശ്വാസത്തെ പൂകിപ്പാൻ യെബുത്തൊക്കൊസിനെ കൈക്കൊള്ള പ്പെട്ടുയെന്ന ശോദ്യം ചെദിച്ചുകൊണ്ട് കൽക്കീദൂനായെ സൂന്നെദോസ് അവൻ കൂട്ടി. രാജാവിന്റെ ശക്തിയാലെ 446 അപ്പസ്ക്കോപ്പാന്മാര് റോമ്മായ്ക്ക് കൾക്കീ ദൂനായിൽച്ചെന്നു. മൂന്നര സംവത്സരം അവിടെ അവര് പാർത്താറെ, വിശ്വാസ ത്തിനുടെ പകർച്ച ആയിട്ടു മറ്റു കൽപനകൾ ഒന്നും ഞങ്ങൾ ചമയ്ക്കയില്ലാ യെന്നും, ലെബോന്റെ പടിത്ത്വത്തെ ഞങ്ങൾ കൈക്കൊള്ളുകയില്ലെന്ന് അവരു നിശ്ചയിച്ച്. ഇതിൻമേൽ കടക്കുന്നവർക്ക് 36 വട്ടം മഹറൊനും അവരു കൽപിച്ചു.

**05.24. മാർ ദീയസ്കോറോസ്.** ഇതിനെക്കുറിച്ച് വല്യ വഴക്കായിട്ടു ലെബോന്റെ വിചാരക്കാരു ദീയസ്ക്കോറോസിനെ പിടിച്ച് വിലങ്ങടത്തിൽ അവരു

www.malankaralibrary.com

കൊണ്ടു പോയി. മുൻപെ ചൊല്ലിയ മഹറൊനെൾക്കപ്പെട്ട നാലു പേരെയും ഈ സുന്നെദോസിനു അവരെ പൂകിപ്പിച്ചു. പുത്തൻ വിശ്വാസം അവരു ക്രമപ്പെടുത്തി. എല്ലാവന്റെ മുന്നാലും അവരു വായിച്ചു. അതിലെഴുത്തിടുവാൻ ദീയസ്ക്കോറൊസിനെ അവരു വിളിപ്പിച്ചു. എന്റെ കൈകൾ കണ്ടിക്കപ്പെട്ട് ഇക്കടുദാസിൻമേൽ ചോര ചിന്തപ്പെടുമെങ്കിലും ഇതിനെ ഞാൻ വ്യാഭരിക്കുന്നില്ലായെന്നു അവൻ പറഞ്ഞു കടുദാസു വാങ്ങിച്ച് ഇവയുടെ ചുറ്റും പിരാക്കുകൾ അവനെഴുതി. അപ്പോൾ രാജാവു കോപിച്ച് അവനെ അയച്ചു. മർത്ത്യാനോസ് രാജാവിന്റെ ഉഭായങ്ങൾക്കും വചനങ്ങൾക്കും വചനങ്ങൾക്കും അവൻ അനുസരിക്കാഴികകൊണ്ടു ഭാഗ്യക്കാരൻ ദീയസ്കൊറൊസിനെ അവരു വിലങ്ങിട്ടു.

ഈ സുന്നെദോസിൽ ലെബോൻ പാപ്പാ ആയിസ്തപ്പെട്ടില്ലാ. അന്ത്യോക്യായുടെ പാത്രിയർക്കീസ് അവിടെ ഇല്ലാഞ്ഞു. അർമ്മനായക്കാരുടെ മെത്രാപൌലിത്താ കൂട്ടത്തിൽ നിന്നും എഴുന്നേറ്റു പ്രപ്പെട്ടു. സുറിയാനിക്കാരു രണ്ട് അപ്പസ്കൊപ്പന്മാരു ദീയസ്ക്കോറൊസിനോടുകൂടപ്പോയി. യെബനായെക്കാരുടെ പാത്രിയർക്കീസു കൂട്ടത്തിൽ മനസായില്ലാ. പിന്ന്യെം 636 എണ്ണം[18] അവരു തികച്ചു. നിഖ്യായുടെ സുന്നെദോസിനു എരട്ടിയായിട്ടു. എന്നാൽ ഇവരിൽ റമ്പാന്മാരും കശീശന്മാരു ശെമിശാനെന്മാരും അവരാകുന്നു. ഈ സുന്നെദോസു നമ്മുടെ കർത്താവിനുടെ ആണ്ടു 451-ാം കാലം അതായി.

**05.24. കിഴക്കും പടിഞ്ഞാറും പിരിയുന്നു.** എന്നാൽ മുൻപിലത്തെ സുന്നെദോസു എപ്പസ്സൊസിൽ കൂടപ്പെട്ട് റൊന്മായുടെ പാത്രിയർക്കീസു മാർ കാലത്തീനോസും, മാർ കൂറിലോസും, അന്ത്യോക്യയുടെ യോഹന്നാൻ പാത്രിയർക്കീസും, പൊന്നിനുടെ നാവുകാരൻ മാറിവാനിയോസും. ഈ നാലു പാത്രിയർക്കീസുമാരും അവരുടെ കൂട്ടവും കൽപിച്ച പ്രമാണവും ലെബോൻ കടക്കകൊണ്ടു നിഖ്യായിൽ കൂടപ്പെട്ട ബാബാന്മാരുടെ കൽപനമേൽ ഏറ്റുന്നവനും കുറെക്കുന്നവനും, പാത്രിയക്കായെംകിലും, മെത്രാപൌലിത്തായെംകിലും, അപ്പസ്കൊപ്പായെംകിലും, കശീശന്മാരു എംകിലും, ശെമിശാനെന്മാരു എംകിലും, കൃസ്യാനികളെങ്കിലും മഹറൊനെൾക്കപ്പെടുമന്നു ശുദ്ധമാകപ്പെട്ടവരു കൽപിച്ച പിരാക്കുകളു ലെബോൻ കൈക്കൊള്ളുകകൊണ്ടും, ശേഷം സുന്നെദോസൊക്കയും, ഒരോരോ ഹെദുക്കളെക്കുറിച്ച് കൂടപ്പെട്ടു, കൽക്കീദുനായുടെ സുന്നെദോസ് വിശ്വാസത്തിന്റെ പകെപ്പിന്നും എടത്തൂട്ടിന്നും അല്ലാതെ ഒരു ഹേദുവും കൂടാതെ കൂടുകകൊണ്ടും, അക്കാലം തൊട്ട് റൊമ്മാക്കാരും കിഴക്കിന്നടുത്ത സുറിയാനിക്കാരും തമ്മിൽ വേർതിരിഞ്ഞു.

സുറിയാനിക്കാരായ ഞങ്ങൾ, വിശ്വാസത്തെ ഞങ്ങൾ കലക്കിയില്ലാ. സുന്നെദോസിനെ ഞങ്ങൾ കൂട്ടിയുമില്ലാ. പിന്ന്യെം സുന്നെദോസിനെ കൂട്ടിയത് റൊമ്മായെക്കാരും യെബുനായെക്കാരും ആകുന്നൂ. സുറിയാനിക്കാരായ ഞങ്ങൾ ശ്ലീഹാന്മാരുടെ കാലം തൊട്ട് ഇന്നയോളും ചൊല്പാകപ്പെട്ട വിശ്വാസം കുറ്റം കൂടാതെയും, കറ കൂടാതെയും, ഭദം കൂടാതെയും ഞങ്ങൾ കാത്തുവരുന്നു. സുറിയാനിക്കാരായ ഞങ്ങൾക്കുള്ള വിശ്വാസത്തെ ചുരുക്കത്തിൽ ഞങ്ങൾ അറുവിക്കുന്നു.

**05.25 സുറിയാനി സഭയുടെ വിശ്വാസം.**[20] എന്നാൽ ശുദ്ധമാകപ്പെട്ടതും സൃഷ്ടിക്കപ്പെടാത്തതും കാതലിന്നടുത്തതും കാതൽത്വത്തിലും വർഗത്തിലും



ബെഹുമാനത്തിലും മുഷ്കരത്തിലും ഇഷ്ടത്തിലും കർത്തെവ്യത്തിലും ശരിയാകപ്പെട്ടതാകൂന്നൂയെന്ന് ആദിയുമറുതിയുമില്ലാത്തതായ ഏകമായ ദെയ്വസുഖമാകൂന്നൂയെന്ന് ആ മുന്മസുഖമായ ബാബയിലും, പുത്രനിലും, ശുദ്ധമാകപ്പെട്ട റൂഹായിലും, സ്തുദി ചൊല്ലാകപ്പെട്ട സുറിയാനിക്കാരായ ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ മൂന്നു ക്നെന്മാകളും മൂന്നു വടിവുകളും ഇവയുടെ രൂപമാക്കുന്നതായ സുകാർയ്യങ്ങൾ കൊണ്ടു അവെ അറിയപ്പെട്ട ക്നെന്മാകൾക്കു കൊടുക്കപ്പെടുന്നത് എന്തന്നാൽ, അവകാശിളുടെ അവകാശിയായ ആ ബബായ്ക്കു പ്രപ്പിക്കുന്നതുതന്നെ. പ്രവിസുഖവും ഇല്ല. അതിന്മണ്ണം പ്രപ്പാട്ടുമില്ലാ. അവകാശിയിൽ നിന്നുള്ള അവകാശക്കാരനായ, പുത്രന്നു പ്രവി സുഖം. പിന്ന്യെം പ്രാപ്പിക്കുന്നതല്ലാ. ഈ വണ്ണം പ്രപ്പട്ടതില്ലാ. വീണ്ടും അവകാശിയിൽ നിന്നു അവകാശക്കാരനായ റൂഹായ്ക്കു പ്രപ്പാട്ടു. പിന്ന്യെം പ്രവിസുഖം പ്രപ്പിക്കുന്നതുമല്ലാ.

കാതലിന്നടുത്തതും വർഗത്തിനടുത്തതും ആതിയുമറുതിയുമില്ലാത്തതും, പകരപ്പെടുന്നില്ലാത്തതുമായ സുകാർയ്യങ്ങൾ എന്തെന്നാൽ, കാരണസുഖത്തിൽ നിന്നൊഴികെ വാബായ്ക്കുള്ള അവയൊക്കയും പുത്രനുടെതും, റൂഹായുടെതും ആകുന്നൂ. പ്രവിസുഖത്തിൽ നിന്നും പുത്രസുഖത്തിൽ നിന്നും ഉടംപെടുക്കപ്പെട്ടതിൽനിന്നും ഒഴികെ, പുത്രനുള്ള അവയൊക്കയും ബാബായുടെതും റൂഹായുടെതുമാകുന്നൂ. പ്രപ്പാട്ടിൽ നിന്നൊഴികെ റൂഹായ്ക്കുള്ള അവയൊക്കെയും ബാബായുടെതും പുത്രനുടേതുമാകുന്നു. ബാബാ ഉയിർപ്പുകളുടെ വൃക്ഷം താനാകുന്നു. പുത്രൻ ചില്ലിയും, റൂഹാ അതിന്റെ ഫലങ്ങളുമാകുന്നൂ. എന്നാൽ ബാബാ അവകാശം താനാകുന്നൂ. പുത്രനും റൂഹായും അവകാശികൾ. ബാബാ ആദിതൃവിംബംപോലെ താനാകുന്നൂ. പുത്രൻ വെളിച്ചമാകപ്പെട്ട കതിരും, റൂഹാ അതിന്റെ ഊഷ്മാവുമാകുന്നു. വീണ്ടും ബാബാ ബോധം, പുത്രൻ വചനം, റൂഹാ ജീവൻ. എന്നാൽ ഒരു വർഗവും ഒരു കാതലും ഒരു ചുവടും അവരാകുന്നൂ.

ക്നൊന്മാകൾ മൂന്ന്. എന്നാൽ നമ്മുടെ നാവു പറയുന്നൂയെന്നപോലെ ഒരുത്തന്റെ ശേഷം ഒരുത്തനല്ലാ. പിന്ന്യെം ശക്തിയിലും പ്രവൃത്തിയിലും ശരിയാകപ്പെട്ട ബഹുമാനത്തിലും, സ്വൊതെയുള്ള കർത്താവിന്നടുത്ത മുഷ്കരത്ത്വത്തിലും തമ്മിൽത്തമ്മിൽ ശരിയാകപ്പെട്ടവരാകുന്നൂയെന്ന് ഒന്നും മൂന്നും മൂന്നൊന്നും താനാകുന്നൂ

അപ്പോഴൊ ഒരുവൻതംപുരാനെത്തന്നെ നാം വന്ദിപ്പാനും, ബാബയും പുത്രനും ശുദ്ധമാകപ്പെട്ട റൂഹായുമായ മൂന്നു ക്നൊന്മാകളാലെ, ഏകമായ ദൈയ്വസുഖത്തെ നാം കുമ്പിടുവാനും ഈ വണ്ണം ഞങ്ങളോടറുവിക്കപ്പെട്ട് ഞങ്ങൾ കൈക്കൊണ്ടപ്പോൾ, നെത്തൊറിയന്മാരു അവരു ചൊല്ലുന്നൂയെന്ന വസ്തുപോലെ ശുദ്ധമാകപ്പെട്ട മുന്മസുഖത്തിനുടെ മൂന്നു ക്നൊന്മാകളിൽ അടുക്കരുതാത്ത മൂന്നു കാതൽത്വങ്ങളെന്നും, മൂന്നു ദൈയ്വ സുഖങ്ങളന്നും ഒരു പ്രകാരവും ഞങ്ങൾ കൊണ്ടാടുന്നില്ല. അതിന്മണ്ണം ആറിയൊസിന്നും എബുനൊന്മിയൊസിന്നും അഴകാതാകുന്നെന്നപോലെ മൂന്നു ക്നൊന്മാകൾ കൂടപ്പെട്ടതാകുന്നുമില്ല കലങ്ങപ്പെട്ടതാകുന്നുമില്ല.

പിന്ന്യെം ക്നൊന്മാകളിൽ നിന്നും ഓരോന്നൊക്കെ അതിൽ നിന്നും, അതിന്നും ഒള്ള വസ്തുവായി അറിയപ്പെടുന്നൂ. മൂന്നു ക്നൊന്മാകളാലെ

www.malankaralibrary.com

ഏകസുഖത്താലെ അറിയപ്പെടുന്നൂയെന്ന ആ ഏകമായ ദൈയ്വസുഖത്തുമേലും കാതൽസുഖത്തിൽമേലും ശുദ്ധമാകപ്പെട്ട മൽപാന്മാരിൽ നിന്നു ചൊല്ലപ്പെട്ടാതാകുന്നൂയെന്ന വസ്തുപോലെ തംപുരാനന്നും വെളിവെന്നും ഉയിർപ്പുകളെന്നും നല്ലവനന്നും തന്നെ വിളിക്കപ്പെട്ടു. ഇവക്ക് സദൃശമാകുന്നൂയെന്ന സകലവും ശുദ്ധമാകപ്പെട്ട മുമ്പ് സുവശീന്റെ ക്നൊന്മാകളിൽ നിന്ന് തന്യ പുത്രനും തിരുവചനവുമായ ഒരുവൻതന്റെ തിരുമനസാലെയും, ശുദ്ധമാകപ്പെട്ട തന്റെ റൂഹായുടെ തിരുമനസ്സാലെയും തന്റെ ബാബയുടെ മടിയിൽ നിന്നു താൻ വാങ്ങി, ഇല്ലാതെ കണ്ട് ആകാശത്തിൽ നിന്നു താനിറങ്ങി, ശുദ്ധമാകപ്പെട്ട കന്യസ്ത്രീ മറിയത്തിന്റെ ഗെർഭ പാത്രത്തിൽ താനാവസിച്ച്, ശുദ്ധമാകപ്പെട്ട റൂഹായിൽ നിന്നും തംമ്പുരാനെപ്പെറ്റ കന്ന്യാസ്ത്രീ മറിയത്തിൽനിന്നും, താൻ ഉടംപെടുക്കപ്പെട്ടു എന്നും ദെയ്വമായിത്താൻ പാർത്തും കൊണ്ട് മാനുഷൻ പുത്രൻ താനായി എന്നും, ഉയിരപെട്ടതും ദൃഡമാകപ്പെട്ടതുമായ ആത്മത്താലെ, ആത്മമാകപ്പെട്ടതാകുന്നതായ കാതലിൽ നമുക്കു ശരിയാകപ്പെട്ടതാകുന്നൂയെന്ന മാംസത്തിന്നു താനൊന്നിക്കപ്പെട്ടു എന്നും, വീണ്ടും ഞങ്ങൾ വിശ്വസിക്കുന്നു.

നെത്തോറിയോസു ചൊല്ലുന്നൂയെന്നപോലെ മുത്തുന്ന ഹയ്ക്കല ആയ ശരീരം മനയപ്പെട്ടു ഏന്നിട്ട് പുത്രൻ തംപുരാൻ അതിൽ കുടിയിരുന്നതല്ലാ. എവുത്തൊഹാ അവൻ ചൊല്ലിയെന്നപോലെ അവൻ വീഞ്ഞും വെള്ളവും പോലെ കലക്കവും കലർച്ചയും താൻ അനുഭവിച്ചുമില്ലാ. മാനിയും മർക്ക്യാനും ചൊല്ലിയെന്നപോലെ ആകാശത്തിൽ നിന്നും ശരീരത്തെ അതിനെ താനിറക്കിയുമില്ല. യുലിയാനെ ചൊല്ലിയെന്നപോലെ കംകെട്ടാലും മായാകാഴ്ചയാലയും ലോകത്തിൽ തന്നെ കാണപ്പെട്ടുമില്ല. കൽക്കീദുനായെക്കാരുടെ സുന്നദോസു ചൊല്ലിയെന്ന വസ്തു പോലെ, പറയപ്പെടാത്തതായ ഒന്നിപ്പിൻ ശേഷം രണ്ടു വർഗങ്ങൾ താനാകുന്നുമില്ലാ.

രണ്ടു വർഗങ്ങൾ ഒന്നിപ്പിന്നു അവ വന്ന്, ഒന്നിപ്പിൻ ശേഷം വീണ്ടും രണ്ടായി അവ പാർത്തുയെംകിൽ, അപ്പൊഴൊ ഒന്നിപ്പെന്നു അതിനെ ചൊല്ലുവാൻ ഒരു പ്രകാരവും ഞായമാകുന്നില്ല. എന്നാൽ രണ്ടിനെ കൈകൊണ്ട് തിരിഞ്ഞ് രണ്ടായി കൊടുക്കുന്നൂയെന്ന ഒന്നിപ്പ് ഔവണ്ണം ഒന്നിപ്പെന്നു അതിനെ വിളിക്കപ്പെടുന്നില്ല. അതായില്ലാ, അതിൻ വണ്ണം അതാകുന്നുമില്ലാ. പിന്ന്യെം വല്യവനായ അത്താനാസ്യോസും അതിന്റെ ശേഷം അവന്റെ എഴുത്തകളവയൊക്കയിൽ വെളിച്ചമാകപ്പെട്ട കൂറിലോസും, ചൊല്ലിയെന്നപോലെ ഒരുവൻ കർത്താവും ഒരുവനായ മിശിഹായും, ചേർക്കപ്പെട്ട ഒരു ക്നൊന്മായും താനാകൂന്നൂയെന്നും മാംസമാകപ്പെട്ടു മനുഷ്യമാകപ്പെട്ടവനാകുന്നൂയെന്ന പുത്രൻ തംപുരാന്റെ തനിക്കുള്ള വർഗം കൂടാതെയും, പകർച്ച കൂടാതയും, പ്രഭേദം കൂടാതയും ഒന്നെന്ന് ഞങ്ങൾ കൊണ്ടാടുന്നു.

എന്നാൽ ഒന്നിപ്പന്ന വചനം എണ്ണത്തെ അതു തള്ളുന്നൂ. പകർച്ചയെ അതയർക്കുന്നില്ലായെന്നു ശുദ്ധമാകപ്പെട്ടവൻ അവൻ ചൊല്ലി. ആത്മാവും ശരീരവും ആയ പ്രതിമകളായ രണ്ടു വശങ്ങളിൽ നിന്ന് ചേർക്കപ്പെട്ടവനാകുന്നൂയെന്ന, നമുക്കുള്ള മാനുഷൻപുത്രൻ എന്ന തരംപോലെ അവന്റെ ആത്മത്താലെ ശേഷമുള്ള ആത്മങ്ങൾക്കും ശരിയാകപ്പെട്ടവനാകുന്നൂ. അവന്റെ ശരീരത്താലെ



മൃഗങ്ങൾക്കവൻ സദൃശമാകുന്നൂ. വർഗ്ഗത്തിനടുത്ത പകർച്ചയുടെ അറിയിപ്പ് കലക്കം കൂടാതെ പിറക്കപ്പെട്ടതാകുന്നപ്പോൾ ഒരു ക്നൊന്മായും ചേർക്കപ്പെട്ട് ഒരു വർഗവും എന്ന് എന്ന്യെ ഒന്നിപ്പിൻ ശേഷം രണ്ടു വർഗങ്ങളന്നും മാനുഷൻ പുത്രനെ വിളിക്കപ്പെടുന്നില്ല. പിറത്തിന്നടുത്ത മാനുഷൻപുത്രൻ ക്ഷെയിക്കപ്പെടുമെങ്കിലും, ഉള്ളിന്നടുത്ത മാനുഷൻപുത്രൻ പുതുമയാകപ്പെട്ടുന്നൂയെന്ന് പള്ളിയുടെ നാവുകാരൻ മാർ പൌലൊസു ശ്ലീഹാ ചൊല്ലി.

മാനുഷൻപുത്രനന്നു ശരീരത്തയും, മാനുഷൻപുത്രെനന്നു ആത്മത്തയും വിളിച്ചുയെങ്കിലും പിന്ന്യെം ഈ മാർ പൌലൊസു ശ്ലീഹായും മൽപാന്മാർ അവരൊക്കെയും നമ്മിൽ നിന്ന് ഓരോരുത്തനൊക്കെ ഒരു മാനുഷൻ പുത്രൻ എന്നറിഞ്ഞ് അവരുകൊണ്ടാടുന്നൂ. ഇക്കാർയ്യത്തെ ദൈയ്വ ശാസ്ത്രകാരൻ മാർ ഗ്രിഗോറിയോസ് അവനുറെപ്പിക്കുന്നൂ. മാർ കുറിലോസ് അവൻ ചൊല്ലുന്നു, ഒന്നിപ്പെന്ന വചനം കാതലിൽ ശരിയാകപ്പെട്ടതിൽമേൽത്തന്നെ ചൊല്ലപ്പെട്ടതല്ലാ പിന്ന്യോ കാതലിൽ അടുക്കരുതാത്തതിൽമേലും ചൊല്ലപ്പെടുന്നു. വർഗത്തിലും കാതലിലും തമ്മിത്തമ്മിൽ ശരിയാകപ്പെട്ടതാകുന്നില്ലായെന്ന ആത്മത്തിൽനിന്നും, ശരീരത്തിൽ നിന്നും ചേർക്കപ്പെട്ടവനാകുന്നൂയെന്ന് മാനുഷ്യൻപുത്രനെ ഒരു കൊനാമ്നായും, ചേർക്കപ്പെട്ട ഒരു വർഗവും ആയ മാനുഷ്യൻപുത്രനന്നു അവനെ വിളിക്കപ്പെടുന്നൂയെന്ന തരംപോലെ കാതലിൽ തമ്മിത്തമ്മിൽ അടുക്കരുതാത്തതാകുന്നൂയെന്ന ഇരുമ്പും തീയും അവ ഒന്നിക്കപ്പെടുമ്പോൾ കായപ്പെട്ടതും എരിയപ്പെട്ടതുമായ ഒരു ഇരിമ്പെന്ന് അതിനെ വിളിക്കപ്പെടുന്നു. വീണ്ടും വെറകും തീയും, അവയൊന്നിക്കപ്പെടുന്നില്ലായെന്നയത്ര അടുക്കരുതാത്തതും വേറുതിരയപ്പെട്ടതും പൊക്കപ്പെട്ടതുമായ രണ്ടു വർഗങ്ങളെന്നു അവയെ വിളിക്കപ്പെടുന്നു.

എന്നാൽ വിറകിൽ തീയതു കത്തി, അതിനു അതൊന്നിക്കപ്പെടുന്നുയെന്നും പിന്നെ രണ്ടു വർഗങ്ങളെന്ന് അവയെ വിളിക്കപ്പെടുന്നില്ല. പിന്ന്യൊ ഒരു തീക്കിനലന്നു വിളിക്കപ്പെടുന്നു. രണ്ടു തീക്കനലന്നല്ലാ, പിന്ന്യൊ നെസ്തറിയാക്കാരന്ന് അവരെ ഞങ്ങൾ വിളിക്കുന്നുയെന്നപോലെ തംപുരാനെ പങ്കപ്പെടുത്തുന്നുവെന്ന് ഞങ്ങളെ അവരു വിളിക്കുന്നുയെന്ന് കൽക്കീദുനായെക്കാരിൽ നിന്നു ജെനങ്ങളുണ്ട്. എന്നാൽ തന്റെ വർഗത്താലെ തംപുരാൻ ദീനസപ്പെട്ടുയെന്നു ചൊല്ലുവാൻ ഞങ്ങൾക്കു ചേർച്ചയല്ലാ. പിന്ന്യൊ തന്റെ ദെയ്വസുഖത്താലെ ദീനസപ്പാട്ടിൽ നിന്നും മരണത്തിൽ നിന്നും, ഒരയപ്പെട്ടവനും, പൊങ്ങപ്പെട്ടവനും താനാകകൊണ്ട്, മാംസത്താലെ തംപുരാൻ ദീനസപ്പെട്ടുയെന്നും, മാംസത്താലെ താൻ മരിച്ചുയെന്നും മൽപാന്മാരു ചൊല്ലിയെന്നവസ്തുപോലെ, ഞങ്ങൾ ചൊല്ലുന്നൂ.

അവൻ മരിച്ചുയെന്ന് പത്രൊസുമ്മേൽ നാം ചൊല്ലൂന്നു. മരണത്തിൽ നിന്ന് ആത്മാവ് പൊങ്ങപ്പെട്ടതാകുന്നുയെന്നതു കൊണ്ട് അവന്റെ ശരീരത്തോടുകൂടെ ആത്മാവു മരിച്ചുയെന്നു ചൊല്ലൂവാൻ ഒരുത്തനും വശമാകപ്പെട്ടവനാകുന്നില്ലാ. പിന്ന്യോ ഒന്നിപ്പെക്കുറിച്ച് ഒരു ഉപകരിയിൽനിന്ന് മനുഷ്യൻപുത്രൻ അവനൊക്കയുംമേൽ മരണമതു കടക്കുന്നൂയെന്നപോലെ, ഈവണ്ണം തന്നെ താൻ ദീനസപ്പെട്ടുയെന്നും, താൻ മരിച്ചുയെന്നും, മിശിഹാമേൽ നാം ചൊല്ലുമ്പോൾ, മാംസത്തിലെ ദീനസപ്പെട്ടു താൻ മരിച്ചു തന്റെ ദെയവസുഖത്താലെ അല്ലായെന്ന് മൽപാ

www.malankaralibrary.com

ന്മാരു ഞങ്ങളെ പടിപ്പിച്ചുയെന്നപോലെ ഞങ്ങളെറിയുന്നു.

എന്നാൽ പട്ടങ്ങപ്പെട്ടതും വേറുതിരിയപ്പെടുന്നില്ലാത്തതുമായ ഒന്നിപ്പെക്കുറിച്ച്, ശരീരത്തിന്റെ ദീനസപ്പാടുകളെ തനിക്കുള്ളതാക്കിതാൻ ചമച്ചു. വീണ്ടും ആത്മം സൃഷ്ടിപ്പതാകുന്നുയെന്നതു കൊണ്ടും, ശരീരത്തോടുകൂടെ അതു ദീനസപ്പെട്ട് ആവലാധിപ്പെടുന്നു. പുത്രൻ തമ്പുരാൻ ആത്മമാകപ്പെട്ടതും, ബോധമാകപ്പെട്ടതുമായ മാംസത്തിന്നു താനൊന്നിക്കപ്പെട്ടു എങ്കിലും, അതിന്റെ രെജ്ഞിപ്പുകാരനായ ശരീരത്തോടു കൂടെ, ആത്മം ദീനസപ്പെടുന്നൂയെന്നപോലെ താൻ ദീനസപ്പെട്ടുയെന്ന് ഞങ്ങൾ ചൊല്ലുന്നില്ലാ. പിന്ന്യ്യാം ഒട്ടേറെയും മാംസത്താലെയുള്ള തന്റെ ദീനസപ്പാടാലെ, ദീനസപ്പാടുകളെ ദീനസപ്പെടുത്തുന്നവൻ താനായി.

വീണ്ടും തംപുരാന്റെ തിരുവചനം അതിൽ എഴുത്തുപെട്ടതാകുന്നുയെന്ന കടുദാസിനെ ഒരുത്തൻ മായ്ക്കുന്നൂയെങ്കിൽ, കടുദാസിന്റെ ദീനസപ്പാടിനെ, വചനം അതിനുള്ളതാക്കിയെന്നതുകൊണ്ടു, കടുദാസോടുകൂടെ അതിൻവണ്ണം വചനത്തെയും, ക്ഷെയിപ്പിച്ചുയെന്നു ചൊല്ലപ്പെടുന്നു. എന്നാൽ വചനം ഒടമ്പുകുടാത്തതും മായപ്പെടുന്നില്ലാത്തതും, ക്ഷെയിക്കപ്പെടുന്നില്ലാത്തതും, ദീനസപ്പെടുന്നില്ലാത്തതും, അതിന്മണ്ണം കൈകൾകൊണ്ടും പിടിക്കപ്പെടുന്നില്ലാത്തതു ആകുന്നുയെന്ന് അറിയപ്പെട്ടതാകുന്നു. സൃഷ്ടിക്കുന്നവനാകുന്നൂ, മാനുഷന്നടുത്ത വചനം പോലെ സൃഷ്ടിപ്പല്ലായെന്നതുകൊണ്ട്, പുത്രൻ തംമ്പുരാൻ ഇതിനെക്കായിലേറ്റം ദീനസപ്പാടുകളിൽ നിന്ന് മേലിന്നു താനാകുന്നു. വീണ്ടും മാർ പത്രൊാസു ശ്ലീഹാ ചൊല്ലൂന്നു, ശരീരത്താലെ താൻ മരിച്ചുയെന്നും, അരൂപിയാലെ താൻ ജീവിച്ചുയെന്നും, പാതാളത്തിൽ പിടിക്കപ്പെട്ടതാകുന്നുയെന്നും, ആത്മങ്ങളോടു താൻ അറുവിച്ചുയെന്നും ചൊല്ലി. മാനുഷ സുഖത്താലെ തന്നെ മരിച്ചുയെങ്കിൽ, മാനുഷ്യൻ മാംസം ആകകൊണ്ട് ശരീരത്താലെ മരിച്ചുയെന്നു ചൊല്ലുവാൻ ദിഷ്ടിതിയില്ലല്ലൊ.

തന്റെ പുത്രനെ തംപുരാൻ താൻ യാത്രാക്കിയെന്നും, സ്ത്രീയിൽ നിന്ന് താനായീയെന്നും, ഗാലാത്തായെക്കാരുടെ പക്കലുള്ള കുറിയിൽ മാർ പൌലൂസ് ശ്ലീഹാ ചൊല്ലി. ദാവീദിടത്തുള്ള സന്തതിയിൽ നിന്ന് മാംസത്തിലെ താൻ പ്രക്കപ്പെട്ടുയെന്ന് അത്തന്റെ പുത്രൻമേൽ, ശുദ്ധനമാകപ്പെട്ട തന്റെ നിവ്യാന്മാരിൽ മുൻപിനാൽനിന്നു പറഞ്ഞൊാത്തുയെന്ന്, തംമ്പുരാന്റെ ഏവൻഗെലിയോന്നു വെറുതിരിയപ്പെട്ടുയെന്ന്, വിളിക്കപ്പെട്ടവനും ശ്ലീഹായുമായ ഈശോമിശിഹായുടെ അടിയന്നു, പൌലൊസെന്ന റൊമായെക്കാരുടെ പക്കലുള്ള കുറിയുടെ തുടക്കത്തിലും ചൊല്ലി. പിന്നെയും ഇത്തമ്പുരാൻ തന്റെ നന്മയാലെ എല്ലാവന്നു വേണ്ടിയും മരണം താൻ രെസിച്ചുയെന്ന്, എബുറായെക്കാരുടെ പക്കലുള്ള കുറിയിലും ചൊല്ലി.

ആകാശത്തിൽ നിന്നു താനിറങ്ങി ശുദ്ധമാകപ്പെട്ട റൂഹായിൽ നിന്നും, തമ്പുരാനെപ്പെറ്റ കന്ന്യാസ്ത്രീ മറിയത്തിൽനിന്നും, താനുടംപെടുക്കപ്പെട്ടൂയെന്നും, പന്ത്യൊാസ് പീലാത്തോസിന്റെ ദിവസങ്ങളിൽ നമുക്കുവേണ്ടി താൻ തൂങ്ങപ്പെട്ടൂയെന്നും, താൻ ദീനസപ്പെട്ടു, താൻ മരിച്ചു, തന്നെ അടക്കപ്പെട്ടു, താൻ തിരുമനസായിയെന്നപോലെ, മൂന്നാം ദിവസങ്ങൾക്കു താൻ ഉയിർത്തുയെന്നും, നിഖ്യായിലുള്ള ശുദ്ധമാകപ്പെട്ട 318 ബാബാമാരും ചൊല്ലി. തുങ്ങപ്പെട്ടുയെന്ന നമ്മുടെ



കർത്താവിനെ നിങ്ങൾ അന്വേഷിക്കുന്നുയെന്ന് ഞങ്ങളറിയുന്നുയെന്നൂ സ്ത്രീകളോടു മാലാകെമാരും ചൊല്ലി. അപ്പൊഴോ ശുദ്ധമാകപ്പെട്ട ശ്ലീഹന്മാരും, ബാബാമാരും, മാലാകമാരും, മിശിഹായിൽ വർഗങ്ങൾ വേറുതിരിച്ചില്ലായെന്ന് ഇതുകൊണ്ടറിയാമല്ലൊ.

കന്ന്യാവൃതം അഴിഞ്ഞില്ലാതെകണ്ട വയറ്റിനിന്നു താൻ പ്രപ്പെട്ടു. മുദ്രിയകുത്തപ്പെട്ടതാകുന്നപ്പോൾ കബറിൽ നിന്നു താൻ പ്രപ്പെട്ടു. വാതിലുകളും കിളിവാതിലുകളും അടെക്കപ്പെട്ടതാകുന്നപ്പോൾ മാളികയുടെ ഉള്ളിന്നു താൻ പുക്കു എന്നതുകൊണ്ടും, ഭാഗ്യക്കാരൻ മാർത്തൊാമാശ്ലീഹാ തന്റെ വിലാവിൽ കൈയവൻവച്ച് തന്റെ മാംസത്തിൽ മുറിവുകളും, തന്റെ തൃക്കൈകളിൽ ആണിപ്പഴതുകളും അവൻ കണ്ട്, ഇനിക്കുള്ള കർത്താവും, ഇനിക്കുള്ള തംമ്പുരാനും എന്ന് അവനട്ടഹസിച്ചു എന്നതുകൊണ്ടും, മുഴുവനാകപ്പെട്ട തംപുരാനും, മുഴുവനാകപ്പെട്ട മാനുഷൻ പുത്രനും താനാകുന്നൂയെന്ന് എല്ലാപേരും തിരിച്ചറിയപ്പെടണം. എന്നാൽ തന്റെ ദൈയ്വസുഖത്തിൽ തുടക്കം ഇല്ലായെന്നപോലെ, ഈവണ്ണം തന്നെ തന്റെ മാനുഷസുഖത്തിന് തികവുമില്ലാ. ദൈയ്വസുഖത്തിൽ നിന്നും മാനുഷസുഖത്തിൽനിന്നും ചേർക്കപ്പെട്ട്, ഒരു ക്യാനായും ഒരു കൊന്മ്മായും ഒരു താനാകുന്നുയെന്നും, മുഴുവനാകപ്പെട്ട തംപുരാനും മുഴുവനാകപ്പെട്ട മാനുഷൻപുത്രനും താനാകുന്നയെന്ന് ബാബായിൽ നിന്ന് തള്ള കൂടാതെയും കന്ന്യാസ്ത്രിമറിയത്തിൽ നിന്ന് ബാബാ കൂടാതെയും പ്രക്കപ്പെട്ടുയെന്ന മിശിഹാ തംപുരാൻ ഒരുവൻ എന്നും, അടയാളങ്ങളിലും, പ്രത്യക്ഷങ്ങളിലും, ദീനസപ്പാടുകളിലും, മരണത്തിലും, കബറടക്കിലും, പാതാളത്തിലും ,വ്യാപരിച്ചൂയെന്ന് മാംസമാകപ്പെട്ട തംമ്പുരാൻ ഒരുവനെന്നും പകപ്പു കൂടാതെ ഞങ്ങൾ വിശ്വസിക്കുന്നു - ആമ്മീൻ.

www.malankaralibrary.com

# 06. മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങൾ

### 06.01.കാതോലിക്കാപ്പള്ളി[1] റോമാപ്പള്ളിയെന്നു പറയുന്നതിനെക്കുറിച്ച്

കാതോലിക്കാപ്പള്ളി ശ്ലീഹന്മാരുടെ സഭക്കൂട്ടം ആകുന്നു. അല്ലാതെ സൊർണ്ണം കൊണ്ടും കല്ലുകൊണ്ടും മരംകൊണ്ടും ഒള്ളത് കാതോലിക്കാപ്പള്ളിയെന്നു വിളിക്കുന്നില്ലാ. എന്നാൽ ചേർച്ചയാകപ്പെട്ട വിശ്വാസവും, വിശ്വാസം അവർക്കുള്ളയവരും, ശ്ലീഹന്മാർക്കടുത്ത കൽപനകളും, കംനോനാകളും ഭേദം കൂടാതെ കാക്കുന്നവരും, ഏറെഎങ്കിലും കുറെഎങ്കിലും യോഗമെന്ന് അവരെ പേരു വിളിക്കുന്നു. ദിക്കൊക്കെയിൽ നിറയപ്പെട്ടതാകുന്നുയെന്ന് തംമ്പുരാൻ ഗുണമാകപ്പെട്ടവരുടെ മനസ്സുകളിലും, അനുഗ്രഹക്കാരുടെ നിരൂപണയിലും, തന്റെ ഇഷ്ടം പ്രവർത്തിക്കുന്നവരുടെ ആത്മാവിലും താൻ കുടിയിരിക്കുന്നു. ശദ്ധമാക്കപ്പെട്ടതും ദെയ്‌വീകത്തിനടുത്തതുമായ പുസ്തകങ്ങൾ ഒറയിത്തായും, നിവ്യായും മുതലായ പഴമയുടെ പുസ്തകങ്ങളിലും, ശുദ്ധമാകപ്പെട്ട ഏവൻഗെലിയോനും, പ്രക്കുസെസും, എംകർത്തായും, ഗെലിയാനായും[2] ആയ പുതുമയുടെ പുസ്തകങ്ങളിലും റോമാപള്ളിയുടെ നാമമില്ലാ.[3]

അവ്വണ്ണം കർത്താവിന്റെ അടുത്തതും പട്ടസുഖത്തിന്നടുത്തതുമായ പുസ്തകങ്ങളിലും റോമാപള്ളിയുടെ നാമമില്ലാ. റൂഹാദകുദാശായാലെ നിഖ്യായിൽ കുടപ്പെട്ടു നാലു പാത്രിയർക്കീസുമാരെ കൽപിച്ചൂയെന്ന 318 ബാബാമാരു, ശുദ്ധമാകപ്പെട്ട കാതോലിക്കാപ്പള്ളി ഒന്നിലും ഞങ്ങൾ വിശ്വസിക്കുന്നു, എന്ന് അവരുചൊല്ലി അതാകുന്നു ശ്ലീഹായ്ക്കടുത്തതെ. അല്ലാതെ റോമാപള്ളി ഒന്നിലും ഞങ്ങൾ വിശ്വസിക്കുന്നു എന്ന് അവർ ചൊല്ലിയില്ല. കുറുവാനത്തക്കുസ്തായുടെ പുസ്തകത്തിൽ ചൊല്ലുന്നു, ബിലവാനായ ദൈവം തമ്പുരാനെ, ശുദ്ധമാകപ്പെട്ട കാതോലിക്കാപ്പള്ളി നിനക്കുള്ളാകുന്നു, എന്നും ചൊല്ലിയിരിക്കകൊണ്ട് കാതോലിക്കാപള്ളിയെന്ന് ചൊല്ലുന്നത് റോമാപ്പള്ളി അല്ലന്ന് ഇതുകൊണ്ടറിയാമല്ലോ.

ഏശയ്യാ നിവ്യായുടെ പുസ്തകം രണ്ടാം കെപ്പാലെഒനിൽ ചൊല്ലൂന്നു, ഒടുക്കകാലങ്ങളിൽ ഏറിയ ജനങ്ങൾ  യാക്കോബിന്റെ ദൈവംതമ്പുരാന്റെ വീട്ടിന്നു നാം പോയി, അവരുടെ വഴികളെ നമുക്ക് ബോധിപ്പിക്കയും അവരുടെ വഴികളിൽ നാം നടക്കണമെന്നും, അവിടെ കരേറുവാൻ നിങ്ങൾ വരുവിനെന്ന് ചൊല്ലുമെന്നും, വേദം സെഹിയോന്നിലും, കർത്താവിന്റെ തിരുവചനം ഒറശ്ലേമിലും, ഇരുന്ന് പ്രപ്പെടുമെന്നും താൻ അരുളിചെയ്തു.[4]  9-ാം കെപ്പാലെഒനിൽ[5] യാക്കൊയുടെ വീടുമേൽ താൻ വാഴുമെന്നും ദാവിദിന്റെ സിംഹാസനം അവനു താൻ



കൊടുക്കുമെന്നും കർത്താവരുളിചെയ്യുന്നു.[6] സ്കറിയാ നിവ്യായുടെ പുസ്തകത്തിൽ ചൊല്ലുന്നു, സെഹ്യോന്റെ മകളെ, ഒറശ്ലെം മകളെ നീ പേടിക്കേണ്ടാ കഴുതമേലും കഴുതക്കിടാവിൻമേലും കരേറപ്പെട്ട് മിശിഹാകർത്താവ് നിനക്കവൻ വരുന്നുയെന്നും.[7]

ആദിത്യൻ ഉതിച്ച എടം തുടങ്ങി അസ്തമിക്കുന്നിടത്തോളം ഒള്ള മനുഷ്യർ ഒറശ്ലെമിൽ കുടുമെന്നും, ഒറശ്ലെമിൽ എന്റെ നാമം ഞാൻ വച്ചുയെന്ന് ദാവിദിനോടും ശ്ലെമ്മോനോടും താൻ അരുളിചെയ്തു.[8] ദാവിദു നിവ്യായുടെ മസുമൂറിൽ ചൊല്ലുന്ന പരിഷകളുടെ പരിഷയ്ക്ക്, നിന്റെ ഓർമ്മയും അതിന്മേൽ സ്നേഹിപ്പാൻ കാലമതടുത്തുയെന്നതുകൊണ്ട്, നീ നിന്ന് സെഹിയോൻമേൽ നീ സ്നേഹിക്കാ. അതിന്റെ കല്ലുകളിൽ നിന്റെ അടിയാരവരു മനസ്സായി അതിന്റെ മണ്ണിനെ അവരു സ്നേഹിച്ചുയെന്നതു കൊണ്ട്, തമ്പുരാനെ നിന്റെ തിരുനാമത്തെ കുലങ്ങളവരു പേടിക്കും. നിന്റെ ബഹുമാനത്തിനു ഭൂമിയിലെ രാജാക്കളവരൊക്കെയും സെഹിയോനെ തമ്പുരാൻതാൻ പണിയുന്നു എന്നതുകൊണ്ട്, അതിന്റെ സ്തുതിയിൽതന്നെ കാണപ്പെടുന്നുയെന്നും.[9]

വീണ്ടും ചൊല്ലുന്നു, സെഹിയോനെ, തമ്പുരാന്റെ തന്റെ തിരുനാമ അറുവിക്കപ്പെടുമെന്നും, ഒറശ്ലൊമിൽ തന്റെ സ്തുതികളെ ഒന്നിച്ച് കുലങ്ങളവരു കൂടപ്പെടുമെന്നും പോൽ തമ്പുരാന് വേല ചെയ്യുവാൻ രാജാക്കളും.[10] വീണ്ടും ചൊല്ലി നിന്റെ തിരുമനസ്സാലെ സെഹിയോനെ നീ നന്നാക്കണമേ. ഒറശ്ലേമിന്റെ അതിന്റെ കോട്ടകൾ നീ പണി ചെയ്തു. അപ്പോൾ നെറിവിനുടെ പൂജകളിലും, ഹോമപൂജകളിലും നീ ഇമ്പപ്പെടും. അപ്പോൾ നിന്റെ മദുബഹാമേൽ കാഴ്ചകൾ നിനക്ക് അവര് കരേറ്റുമെന്നും ചൊല്ലൂന്നു.[11] ലുക്കായുടെ അറിയിപ്പിൽ 24-ാം കെപ്പാലെഒനിൽ കർത്താവരുളിചെയ്യുന്നു, കുലങ്ങളവരൊക്കെയിൽ ദോഷങ്ങളുടെ പൊറുതിക്ക് തന്റെ തിരുനാമത്താലെ തെവാ അറുവിക്കപ്പെടുവാനും ഒറശ്ലേമിൽനിന്ന് തുടക്കമതാകുവാനും ഈവണ്ണം ഞായമാകുന്നുയെന്നും അവരോടു താനരുളിചെയ്തു. ഇവയുടെ സാക്ഷിക്കാററു നിങ്ങളാകുന്നു. എന്റെ ബാബായുടെ പറഞ്ഞൊപ്പു നിങ്ങളുടേമേൽ ഞാൻ യാത്രാക്കുവേൽ ഒയരത്തിൽനിന്ന് ശക്തി നിങ്ങൾ പ്രപിക്കുമെന്നതിനോളം നഗരി ഒറശ്ലേമിൽ നിങ്ങൾ പാർപ്പിൽ. ബെസാഅനിയായിക്കോളം അവരെത്താൻ പ്രപ്പിച്ച് തന്റെ തൃക്കൈകൾ താനുയർത്തി അവരെത്താൻ വാഴ്ത്തി. അവരിൽ നിന്നു താൻ വേറിതിരിയപ്പെട്ടു.  ആകാശത്തിന്നു താൻ കരേറി. എന്നാൽ ഇവരു, തന്നെയവരു കുമ്പിട്ടു വല്യതെളിവാറെ ഒറശ്ലേമിന്ന് അവരു തിരിഞ്ഞ, നേരമൊക്കെയിൽ തമ്പുരാനെ സ്തുതിച്ച് അവരു വാഴ്ത്തിയുംകൊണ്ട് ഹയ്ക്കലായിൽ അവരായി.[12]

വീണ്ടും, ഗെലിയാന 100-ാം കെപ്പാലെഒനിൽ ചൊല്ലുന്നു ജെയിക്കുന്നവനെ തന്റെ ദൈവാലയത്തിൻ പിറമെ തള്ളാതെ നോക്കുമെന്നും, അവൻമേൽ ദൈവം തമ്പുരാന്റെ നാമത്തെയും, ദൈവം തമ്പുരാനാൽ ആകാശത്തിൽനിന്ന് ഇറങ്ങുന്നുയെന്നു ഒറശ്ലേം ആകിയ ദൈവം തമ്പുരാന്റെ നഗരിയുടെ നാമത്തെയും പുതുനാമത്തെയും എഴുതുമെന്നും താനരുളിചെയ്യുന്നു.[13] എറമ്മിയ നിവ്യായുടെ പൊസ്തകത്തിൽ 70-ാം കെപ്പലെഒനിൽ 2-ാം പാസൊക്കാ മുതൽ 18-ാം പാസൊക്കാവരെ ചൊല്ലുന്നു, കർത്താവിന്റെ വീട്ടുവാതിലിൽ നിന്ന് സുരമുയർത്തി ചൊല്ലേണ്ടുന്ന വചനം എന്തെന്നാൽ,  കർത്താവിനെ സ്തുതിപ്പാൻ ഈ

www.malankaralibrary.com

വാതിലിന്റെ ഉള്ളിൽ കടക്കുന്നു. നിങ്ങളെല്ലാവരും കർത്താവിന്റെ കല്പനയെ കേൾപ്പിൻ. നിങ്ങളുടെ വഴികളെയും നിങ്ങളുടെ പ്രവൃത്തികളെയും നിങ്ങൾ നല്ലതാക്കുവിൻ. എന്നാൽ ദൈവത്തിൽ നിങ്ങളെ ഞാൻ കുടിയിരുത്തും. ഇത് കർത്താവിന്റെ ദേവാലയം. ഇത് കർത്താവിന്റെ ദേവാലയം. ഇത് കർത്താവിന്റെ ദേവാലയം എന്നു ചൊല്ലി.[14]

കള്ളമായ വചനങ്ങളിൽ ശരണപ്പെടാതെ, നിങ്ങടെ വഴികളെയും നിങ്ങടെ പ്രവൃത്തികളെയും ആകവെ നന്നാക്കി, നിങ്ങൾ മനുഷ്യർക്കും തനിക്കടുത്ത വനും ന്യായം തീർത്ത് പരദേശിയെയും, ആരോരുമില്ലാത്തവനെയും, വെദവെയെയും മുടിക്കാതെയും, കുറ്റമില്ലാത്ത ചോര ഇത്തലത്തിൽ ചിന്താതെയുമിരുന്നാൽ നിങ്ങലുടെ ബാബാമാർക്ക് കൊടുത്ത ദേശമാക്കിയ ഇത്തലത്തിൽ നിങ്ങളെ എപ്പോഴും എന്നേക്കും കുടിയിരിത്തുകയും ചെയ്യും. ഒന്നുകൊണ്ടും ഉപകാരം ഇല്ലാത്ത കപ്പൃത്തെ നിങ്ങൾ സ്നേഹിക്കുന്നു. നിങ്ങൾ കക്കുന്നു. നിങ്ങൾ കുലചെയ്യുന്നു. നിങ്ങൾ സുലുർത്തം ചെയ്യുന്നു. നിങ്ങൾ പൊയ്യാണയിടുന്നൂ. ബാഗാലിന്നു ധൂമം കാട്ടി, അറിയാത്ത മറ്റു ദൈവങ്ങളെ വന്ദിച്ച് അതിന്റെ ശേഷം, നമ്മുടെയാനാമം ധരിയ്ക്കപ്പെട്ട് ഈ വീട്ടിൽ വന്ന് കരേറി, നമുക്കു മുമ്പാകെ നിന്നു എല്ലാ അക്രമങ്ങളെയും ചെയ്യുന്നു. നമ്മുടെയാനാമം ധരിയ്ക്കപ്പെട്ട് ഈ വീട് ഞങ്ങടെ കൺകളിൽ കള്ളന്മാരുടെ വീടാക്കിയോ എന്നും കർത്താവരുളി ചെയ്യുന്നു.[15]

പിന്ന്യെം ഈ ജനത്തിന്നു വേണ്ടി നീ നമസ്കരിച്ചാലും, അവർക്കു വേണ്ടി നീ നിലവിളിച്ചാലും, എരന്നാലും ഞാൻ കൈക്കൊള്ളുകയില്ല ഞാൻ കേൾക്കുന്നുമില്ലായെന്നും കർത്താവരുളി ചെയ്യുന്നു.[16] വീണ്ടും മത്തായി ശ്ലീഹായുടെ അവിയിപ്പ് 16-ാം കെപ്പാലെഒനിൽ നമ്മുടെ കർത്താവരുളിചെയ്യുന്നു, അവനാരാകുന്നൂയെന്ന് ശിഷ്യരോടു താൻ കൽപിച്ചപ്പോൾ, തമ്പുരാൻതന്റെ പുത്രൻ മിശിഹാ നീയാകുന്നൂയെന്ന് ശിമഒൻ കെപ്പാ അറുവിക്കകൊണ്ടു അപ്പോൾ കൽപിച്ചതു, ആകാശത്തിലുള്ള എന്റെ ബാബാ എന്ന്യെ മാംസവും ചോരയും നിനക്കു വെളിച്ചമാക്കിയില്ലായെന്ന്. യോനായുടെ പുത്രൻ ശിമഒനെ നിനക്കു ഭാഗ്യം. കല്ലു നീയാകുന്നൂ. ഇക്കല്ലുന്മേൽ എന്റെ പള്ളിയെ അതിനെ ഞാൻ പണി ചെയ്യുമെന്നും, നരകത്തിന്റെ വാതിലുകൾ അതിനെ ഉപദ്രവിക്കയില്ലെന്നും, ആകാശമോക്ഷത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരുമെന്നും, ഭൂമിയിൽ നീ കെട്ടുന്ന സകലവും ആകാശത്തിലും നീ കെട്ടപ്പെടുമെന്നും, ഭൂമിയിൽ നീ അഴിക്കുമെന്ന സകലവും ആകാശത്തിലും അഴിയപ്പെടുമെന്നും, കൽപിച്ചിരിക്കുന്നത് നാം വിശ്വസിച്ച് കാത്തു വരുന്നുവല്ലൊ.[17]

മിശിഹാ ഞാനാകുന്നൂയെന്ന് ഒരുത്തനോടും ചൊല്ലരുതെന്ന ഒറശ്ലെമിന്ന് താൻ പോകുവാനും മൂപ്പന്മാരിൽ നിന്നും, മേൽപട്ടക്കാരിൽ നിന്നും, സപ്രെന്മാരിൽ നിന്നും, പെരിക താൻ നീരസപ്പെടുവാനും, തന്നെ കൊല്ലപ്പെടുവാനും, മൂന്നാം ദിവസത്തിന് താൻ ഉയിർപ്പാനും ആയി സ്തുദിപ്പെട്ടവനാകുന്നൂ എന്നും, കൽപിച്ചപ്പൊൾ, ശിമഒൻ കേപ്പാ തന്നെക്കൂട്ടികൊണ്ടുപോയി, ഇതു നിനക്കു ചേർച്ചയല്ലെന്നു തന്നോടു വിലക്കുവാൻ തുടങ്ങുക കൊണ്ട് താൻ, തിരിയപ്പെട്ട ചെയ്ത്താനെ എന്റെ പിറകോട്ടേക്കു നിനക്കു നീ പോകായെന്നും, ഉതപ്പിനിക്കു നീയോയെന്നു മാനുഷമക്കളുടേത് എന്ന്യെ തമ്പുരാനുടെത് നീ നിരുവിക്കപ്പെ



ടുന്നില്ലായെന്നും, ശിമഒൻ കെപ്പായോട് താനരുളിചെയ്തു.[18] യോഹന്നാന്റെ അറിയിപ്പ് 21-ാം കെപ്പാലെഒനിൽ കർത്താവരുളി ചെയ്യുന്നു. എന്റെ കുഞ്ഞാടുകളെയും, എന്റെ പള്ളാടുകളെയും, എന്റെ പെണ്ണാടുകളെയും മേയുക എന്ന് ശിമഒൻ കെപ്പായോട് താനരുളിചെയ്തു.[19] ഇതൊക്കെയും മറ്റു പലതും ശിഷ്യരോടു കൽപിച്ചതിനെ ഞങ്ങൾ വിശ്വസിക്കുന്നു.

അന്ത്യോക്യായിൽ ശിഷ്യർ അറുവിച്ചപ്പോൾ കാലിലെ പൊടി തട്ടിക്കളഞ്ഞു എന്ന് നിങ്ങൾ പറയുന്നതിന്, പ്രക്കുസെസു 13-ാം കെൽപ്പാലെഒനിൽ പീസിദിയാലുള്ള അന്ത്യോക്യാക്കു ചെന്ന് ചനിയാഴ്ചയിൽ അറുവിച്ചതുകൊണ്ടു വെഗുജനം വിസ്വസിച്ചു. പിന്നെയും അറുവിക്കണമെന്നു പറകകൊണ്ട്, അവിടെയുള്ള ആളുകളിൽ ചിലർ പൌലുസിനെ അതിർത്തിക്കു പിറത്തു ആക്കുകയാൽ കാൽപാദത്തിലെ പൊടി കളഞ്ഞുവെന്നും,[20] പിന്നെയും പല ദിക്കിലും അറുവിച്ച് പീസിദിയായിൽ കൂടെ പലടത്തും ചെന്ന് അറുവിച്ച് കപ്പൽ കരേറി അന്ത്യോക്യാക്കു ചെന്നൂയെന്നും 14-ാം കെപ്പാലെഒനിലും ചൊല്ലിയിരിക്കുന്നു.[21] റൊമ്മായ്ക്കാരുടെ കുറി 15-ാം കെപ്പാലെഒനിൽ ചൊല്ലുന്നു, നിങ്ങൾ ഒരു മനസാലയും ഒരു വായാലയും നമ്മുടെ കർത്താവിനെ നിങ്ങൾ സ്തുതിക്കണമെന്നും, നിങ്ങളുടെ പക്കൽ വരുവാൻ ഏറിയ കാലങ്ങളുടെ മുന്നിൽ നിന്ന് ശ്രദ്ധപ്പെട്ടവൻ ഞാനായി എന്നതുകൊണ്ടും, ഈ പ്രദേശങ്ങളിൽ ഇനിയും സ്ഥലം ഇല്ലാഴികകൊണ്ടും, എസ്പാനിയായിക്കു ഞാൻ പോകുന്നൂയെന്നും, അപ്പോൾ വന്നു നിങ്ങളെ കാണാമെന്നും, നിങ്ങളെ കണ്ട് സൊർയ്യപ്പെട്ടു എന്നും, അപ്പോൾ അവിടേക്ക് എന്നെ നിങ്ങൾ കൊണ്ടുചെന്നു വിടണമെന്നും, അപ്പോൾ ശുദ്ധമാകപ്പെട്ടവർക്ക് ശുശ്രൂഷ ചെയ്യുവാനായിട്ട് ഒർശ്ലേമിന്ന് ഞാൻ പോകുന്നൂയെന്നുയെല്ലോ പൌലൊസു ശ്ലീഹാ ചൊല്ലിയിരിക്കുന്നത്.[22]

പൊസ്തകങ്ങളിലൊക്കെയും ഇപ്രകാരം എഴുത്തുപെട്ടിരിക്കകൊണ്ട്, ദാവീദ് നിവ്യുസായാലെ ചൊല്ലിയപോലെ, എല്ലാ ദിക്കിലും എപ്പിസ്കോപ്പന്മാരു വിചാരിച്ചു വരുമ്പോൾ, 325-ാം കാലത്തിൽ, 318 ബാബാമാരുകൂടി നാലു പാത്രിയർക്കീസുമാരെയും കൽപിച്ച്, അവർക്ക് എടവകകളും തിരിച്ച്, പിന്നെത്തെതിൽ വിശ്വാസത്തിന്റെ പകെപ്പെക്കുറിച്ച് സുന്നെദോസ് മൂന്നുവട്ടം കൂടി.[23] മുൻപലത്തെപോലെ പകർച്ച വരുത്താതെ നിശ്ചയിച്ച് ഒരു വിശ്വാസമായിട്ട് നടന്നുവരുമ്പോൾ, 451-ാം കാലത്തിൽ കൽക്കീദുന സുന്നെദോസു കൂടിയത് വിശ്വാസമെന്നും, പാത്രിയർക്കീസന്മാരെ കൽപിച്ച സുന്നെദോസും അവരുടെ പ്രമാണവും, കാര്യമല്ലെന്നും നിങ്ങൾ പറയുന്നതു വിചാരിച്ചാറെ, യുയെൽ നിവ്യായുടെ പൊസ്തകത്തിൽ കർത്താവരുളിചെയ്യുന്നു, പൂജകളും കർമ്മങ്ങളും കർത്താവിന്റെ വീട്ടിൽ നിന്നും മുടങ്ങുമെന്നും, ഒടുക്കകാലങ്ങളിലൊണ്ടാകുന്ന കാർയ്യങ്ങളും, യാഹൂസാഫെത്തെന്ന പറമ്പിൽ എറങ്ങുമന്നും കൽപിച്ചിരിക്കകൊണ്ടും,[24] അതു തന്നെയുമല്ല, ഏശായാ നിവ്യായുടെ പൊസ്തകത്തിൽ 51-ാം കെപ്പാലെഒനിൽ ചെല്ലുന്നൂ, നമ്മുടെ വേദത്തെ ഹൃദയങ്ങളിൽ ധരിപ്പിച്ചിരിക്കുന്ന ജനങ്ങൾ മനുഷ്യരുടെ നിന്ദക്കും പരിഹാസത്തിനും ഭയപ്പെടുകയും, അവരുടെ ദൂഷണങ്ങളാൽ കലങ്ങാതെയും ഇരിക്കണമെന്നും കർത്താവരുളിചെയ്യുന്നു.[25]

പിന്ന്യൊ മിശിഹാ തമ്പുരാന്റെ പിറവിയും, വളർച്ചയും, അറിയിപ്പും, തന്റെ കെബറും, തന്റെ ഉയിർപ്പും മുൻപിനാലുള്ളവരും മൂശ മുതലായുള്ള നിവ്യമാരും,

www.malankaralibrary.com

ഞായക്കാറയും, രാജാക്കളും ഒറശ്ലെമിലാകകൊണ്ടും, കർത്താവിന് വീടുപണിവാൻ ദാവീദ് അപേക്ഷിച്ചാറെ നിന്റെ പുത്രൻ എനിക്കു വീടു പണിയുമെന്നും കൽപിച്ചപോലെ, ഒറശ്ലേമിൽ ശ്ലെമ്മോൻ വീടു പണിയിച്ചതും, അവിടെ താനടങ്ങിയും, റൂഹാദകുദശാ ഇറങ്ങിയതും, ഇതൊക്കെയും അവിടെ ആകകൊണ്ടു, നിങ്ങൾ പറയുന്ന പോലെ ഞങ്ങളും പറഞ്ഞുനടക്കുന്നൂ എങ്കിൽ, നിങ്ങളെക്കായിൽ എത്ര ഏറ്റം ഞങ്ങൾക്കുണ്ടെന്നു പൊസ്തക സാക്ഷികൊണ്ടു നിങ്ങൾക്കറിയാമല്ലൊ.[26]

ഇതിൻവണ്ണം പഴമയിലും പുതുമയിലും  ചൊല്ലിയിരിക്കുമ്പോൾ, റൊമാ പള്ളി തലയന്നും, മോക്ഷത്തിന്റെ താക്കോൽ പാപ്പായുടെ കയ്യിലെന്നും, റോമാ അനുസരിച്ച് അവിടത്തെ കൽപന പോലെ നടക്കാത്തവർക്ക് മോക്ഷം കിട്ടുകയില്ലെന്നും, പുത്തൻകൂറ്റുകാരും കാവ്യരും  ഒന്നുപോലെയെന്നും നിങ്ങൾ പറയുന്നതു വിചാരിച്ചാറെ, പട്ടാഴിങ്ങയെന്ന് അറിഞ്ഞുകൊണ്ട് തർക്കിക്കുന്നത് റൂഹാദകുദശയോട് മറുത്തിട്ടുള്ള ദോഷം ആകകൊണ്ട് ,ശുദ്ധമാന പൊസ്തകത്തോട്, ശ്ലീഹന്മാരുടെ കൽപനയോട്, ബാവാൻമാരുടെ പ്രാമാണത്തോടും, മറുതർക്കിപ്പായിട്ടു പറയുന്ന വചനങ്ങൾക്ക്, അവനവന്റെ പ്രവൃത്തിപോലെ, എല്ലാവരോടും താൻ പകരം വീട്ടുകയും ചെയ്യും.

യവനക്കാരുടെ 1180-ൽ, നമ്മുടെ കർത്താവിന്റെ ആണ്ട് 869-ൽ റോമായെക്കാരും യെബുനായെക്കാരുംകൂടെ പറഞ്ഞൊത്ത് ഒരു സംഗതി കൂടാതെ, വിശ്വാസക്കാററുടെ പകെപ്പിന്നും, ഒതെപ്പിനും പട്ടക്കാർ പെൺകെട്ടരുതെന്നും, പത്തീറാ കൊണ്ട് കുറുവാന അണക്കണമെന്നും, വെസ്പുറുക്കാനാ എന്നൊരു സ്തലം ഒണ്ടെന്നും, ബാവായിൽ നിന്നും പുത്രനിൽനിന്നും റൂഹാദകുദശാ പുറപ്പെടുന്നൂ എന്നും, ഇങ്ങനെയുള്ള എടത്തൂടുകൾ ക്രമപ്പെടുത്തി ഇന്നളവും നിങ്ങൾ നടന്നുവരുന്നു. ബുൾക്കാറിയായെന്ന രാജസ്ത്രീയുടെ ഗുണദോഷത്താലെ വിശ്വാസത്തെ കലക്കിയ റൊമാക്കാരെ, നിങ്ങൾക്ക് യവനായെക്കാർ അവരു ചേർന്നു. നിങ്ങളെ രണ്ടു കൂട്ടക്കാരും തമ്മിൽ മര്യാദകളിൽ ഒന്നു പോലെയല്ല. എന്തെന്നാൽ റോമയെക്കാർ സ്ലീബാ വരച്ച് വലത്തെതിൽ നിർത്തുന്നു. യവനായെക്കാർ സ്ലീബാ വരച്ച് എടത്തേതിൽ നിറുത്തുന്നു. റൊമായക്കാർ പത്തീറ അണക്കുന്നു. യബുനായെക്കാർ അമ്മീറായും അണക്കുന്നു. ഒരു കൂട്ടത്തിന്ന്  ഇവ രണ്ടു പ്രകാരത്തിൽ എന്തുകൊണ്ടന്നു ഞങ്ങൾ അറിയുന്നല്ലാ.

നിങ്ങളുടെ സിദ്ധാന്തം നിങ്ങൾ അനുസരിക്കാഴിക കൊണ്ട്, ഒരു വിശ്വാസം ആയിട്ടു നടക്കുന്ന സുറിയാനിക്കാരെയും, ആലക്കുസന്ത്രിയായുടെ ഇടവകയിലുള്ള വിശ്വാസക്കാരെയും ഏറിയ ദുഷ്കർമ്മങ്ങൾ നിങ്ങൾ അനുഭവിപ്പിച്ചു. സുറിയാനിക്കാരായ യാക്കോപായെക്കാരു ഞങ്ങൾ, ഞങ്ങൾക്കുള്ള വിശ്വാസവും നാമവും ഒന്നാകുന്നു. തുറഅബദീനിലെംകിലും, കിഴക്കിൽ എങ്കിലും, കറഭൂവുടെ ദീപിലെങ്കിലും, മാർദീനിലെങ്കിലും, ആന്മീറിലെങ്കിലും, ഉറഹായിലെങ്കിലും, വെസീനഹറീമിലെങ്കിലും, മെസ്രെമിലെങ്കിലും, ധർമ്മസൊകിലെങ്കിലും, കൽദായനാട് കിഴക്കിൽ എങ്കിലും, മലയാളത്തുമേൽ അവന്റെ മുഷ്കരത്വം ആകുന്നുയെന്ന് തേകറീസിന്റെ[27]കാതോലിക്കായുടെ എടവകയിലുള്ളവരെങ്കിലും, ഇങ്ങനെ അന്ത്യോക്യായുടെ സിംഹാസനത്തിൽമേൽ വാഴുന്ന ബാബാൻമാരുടെ



ബാബാആയ ഞങ്ങളടെ ബാബാമാർഗിനാത്യോസ് പാത്രിയർക്കായുടെ കൈവാഴ്ചയിലുള്ള വിശ്വാസക്കാരൊക്കെയും യാക്കൊബായെക്കാരായ സുറിയാനിക്കാരെന്നു അവരെ പേരു വിളിക്കപ്പെടുന്നൂ.

വഴിപാടുകാരുടെ ബാബാ മാർ യാക്കോയുടെ നാമത്തുംമേലും, ഒറശ്ലെമിന്റെ മുൻപിലത്തെ അപ്പസ്ക്കോപ്പാ അവനായിയെന്ന് നമ്മുടെ കർത്താവിന്റെ കുടപ്രപ്പു മാർ യാക്കോയുടെ നാമത്തെക്കുറിച്ചും, ഉറഹായെക്കാരൻ മല്പാൻ മാർ യാക്കോയുടെ നാമത്തെക്കുറിച്ചും, നിഖ്യായുടെ ശുദ്ധമാകപ്പെട്ട സുന്നഹദോസിൽ മാർ അപ്രെമിനോടു കൂടെ അവനായിരുന്ന പത്തിനാ സദമാറിന്റെ മൽപാൻ മാർ യാക്കോയുടെ നാമത്തെക്കുറിച്ചും, യാക്കോബായെക്കാരന്നു പേരുവിളിക്കപ്പെടുന്നു.[28] ഇവരൊക്കെയും പത്രെസിന്റെ സിംഹാസനത്തിൻമേൽ വാണിരിക്കുന്ന അന്ത്യോക്യായുടെ മാർഗിനാത്യോസ് പാത്രിയർക്കീസിനെ അനുസരിച്ച് ശ്ലീഹന്മാരിൽ നിന്നും സ്തുതി ചൊവ്വാകപ്പെട്ട് ബാബാമാരിൽ നിന്നും പ്രമാണിക്കപ്പെട്ടപോലെ ഒള്ള കൽപനയും വിശ്വാസവും കാത്തു നടന്നു വരുന്നൂ. ആമേൻ.

## 06.02 റോമാക്കാർ പത്തീറാ എടുക്കുന്ന കാര്യങ്ങളെക്കുറിച്ച്[1]

എന്നാൽ വറുഗീദില്ലാത്തവൻ[2] പത്തീറാ തിന്നിടുകിൽ ന്യായപ്രമാണത്തോടു മറുത്തു എന്നു മൂശയുടെ വിധിയാകുന്നു. പ്രഗന്റ പടകൊണ്ട് തിടുക്കം വന്ന ദിവസം, നിമിഷത്തിൽ വെള്ളവും പൊടിയും കൊണ്ട് അവനപ്പം തീർത്ത് പൂജിച്ചുസേവിച്ചത് പത്തീറാ ആകുന്നു. പെന്തെക്കുസ്തയുടെ ദിവസത്തിൽ ഹമ്മീറാകൊണ്ട് മൂശ പൂജിക്കപ്പെട്ടുവെന്ന് നമ്മുടെ മുന്നലുള്ള കഹനെൻമാരുടെ സെപ്പ്രായിൽ എഴുതിയിരിക്കുന്നൂ.[3] അപ്രകാരം തന്നെ നെറിവാളനായ ഈയൊ ചൊല്ലുന്നൂ, മണുമണുക്കപ്പെട്ട അപ്പം ഏവൻഗെലിയോൻ വരുന്ന നാളിൽ അതു മായുന്നു. അന്നുമിന്നും തിന്നുന്നില്ലെന്നും അവൻ ചൊല്ലി.[4] അതൊക്കെ പുളിച്ചു എന്നതിനാലും, പൊടിയുടെ മൂന്നു പറയിൽ നിന്ന് സ്ത്രീ അവളെടുത്ത് ഒളിച്ചുയെന്ന ആ ഹമ്മിറായ്ക്കു ആകാശമോക്ഷം സദൃശ്യമാകുന്നൂ എന്ന് ശുദ്ധമാകപ്പെട്ട  ഏവൻഗെലിയോനിൽ  ചൊല്ലിയിരിക്കുന്നു.[5]

ഹമ്മീറായ്ക്കു പുളിച്ചത് കൂട്ടിയേ മതിയാവൂ. തമ്പുരാന്റെ വീട്ടിൽ സ്തുതിക്കപ്പെട്ട സൈത്ത് ഞാനെന്ന് ദീവീദു ചൊല്ലിയപോലെ[6] ഹമ്മീറായിൽ സൈത്തു കൂട്ടണമെന്ന് മാർഗ്ഗവിധിയാകുന്നു. ഉപ്പാലെ പൂജയൊക്കെയും രസിക്കപ്പെടുന്നെന്ന്[7] മർക്കൊസു ചൊല്ലിയതു പോലെ, ഹമ്മീറായ്ക്ക ഉപ്പു കൂട്ടണമെന്ന് വിധിയാകുന്നൂ. മൂശയും അഹരോനും അഹറോന്റെ മക്കളും ഇപ്രകാരമെത്രെ പൂജയൊക്കെയും കഴിച്ചിരിക്കുന്നത്. കൽപയുടെയും തിന്മയുടെയും  ഹമ്മീറാ പ്രതിയാദം പുളിച്ചു. പിന്നെ അവൻ നൻമയുടെയും വെടിപ്പിന്റെയും ഹമ്മീരാ ആകകൊണ്ടു അവന്റെ നാമവും അതാകുന്നു. ഭാഗ്യക്കാരൻ മാർ പൌലൊസ് ശ്ലീഹായുടെ എക്രത്തായിൽ ചൊല്ലി, വാഴ്ത്തപ്പെട്ടത് അവക്ക് അവ കടന്നൂ, കൈപ്പയുടെയും തിന്മയുടെയും ഹമ്മീറായാലെ അല്ല, നന്മയുടെയും വെടിപ്പിനുടെയും ഹമ്മീറയാലെ അത്രെ.[8]  പഴയ മനുഷനായി എന്നയവൻ ക്ഷെയത്തിനു അണപ്പെട്ടവെന്നു എബ്രായക്കാരുടെ പക്കലുള്ള കുറിയിലും ചൊല്ലി.[9]

മൽക്കസെദെക്കിനും, നോഹിന്നും, ആദത്തിന്നും ഹമ്മീറായെന്ന നാമം ആകുന്നൂ. മാർ അപ്രെമിന്റെ മെമ്രായിൽ ചൊല്ലി, ശുദ്ധമാകപ്പെട്ട മദുബഹായിൽ

www.malankaralibrary.com

പത്തീറാ കരേറ്റുന്നവൻ സിദ്ധാന്തിയും, കർത്താവിനെ വിധിച്ച കൈയപ്പായുടെ സോദരനായ രണ്ടാമത്തെ കൈയപ്പായെന്നും ചൊല്ലുന്നൂ. കോറൽ എന്നൊരു ഖലൻ പത്തീറാ എടുപ്പിച്ച് ലെബോൻ മുതലായ റോമാക്കാരു നടന്നു വരികയാൽ, അക്കാലം റൊമായിൽ മൽപനായിട്ട് പത്രോസുക്കുമ്മെന്ന ഒരുത്തൻ വിശ്വാസത്തെ പകർത്തി, കൂദാശ കൽപിച്ചു. കോറഹിന്റെ ദുഷിച്ച യുക്തി വിചാരിച്ച് കൂദാശയ്ക്കു ചൊല്ലി.[10] റൊമായുടെ പട്ടക്കാരു ഹമ്മീറായെ .........(*അപൂർണം*)........പത്തീറാ സുറിയാനിക്കാർ എടുത്തീടുകിൽ മഹാദോഷമെന്നും, വെള്ളിയും ബുധനും ഭക്തിയോടെ നോക്കണമെന്നും അയാളുടെ കൂദാശയിൽ പറയുന്നു. ആയതും പറങ്കികൾ മറന്ന്, ബുധനാഴ്ചയെക്കായിൽ ശനിയാഴ്ച നല്ലയെന്നും, കർത്താവിന്റെ പുത്തൻ ശാസ്ത്രത്തിൽ പത്തീറായും ശനിയാഴ്ചയും കൽപിച്ചിട്ടില്ലെന്നും, ആയത് നീക്കിയെന്നും, നിങ്ങൾ ബോധിച്ചല്ലോ ഇരിക്കുന്നു.

കൽപിച്ച[28] വിരോധിച്ചതിനെ എടുക്കരുതെന്ന് മൂഢൻമാർക്കും അറിവില്ല, അവർക്കും അറിയാവുന്നതാകയാൽ, കഷ്ടം, കഷ്ടം എന്നേ പറയാവൂ. എന്നാൽ താൻ ദീനസപ്പെടുംമുമ്പിൽ പിസാ ആയിസ്തമാക്കുവാൻ ശിഷ്യരെ കൽപിച്ചയച്ച്, ആയിസ്തമാക്കിയതിന്റേശേഷം അന്തിയായപ്പോൾ അവിടെയ്ക്കു താനെഴുന്നള്ളി. നെഹിയാകുന്നപോലെ പത്തീറായും വ്രാറയും കുഞ്ഞാടും താൻ കൈക്കൊണ്ട്, പഴെ മാർഗവും തികച്ച്, അറുതിക്ക് അരയിൽ തൂവാലയും ചുറ്റി മരവിയിൽ വെള്ളവും ആയിട്ട്, തന്റെ ശിഷ്യരുടെ കാലുകൾ കഴുകി.[11] അവരോടു കൂടെ താൻ മേശയ്ക്കിരുന്ന്, അപ്പം താനെടുത്ത് വാഴ്ത്തി കണ്ടിച്ച്, തന്റെ ശിഷ്യർക്ക് കൊടുത്തു. ഇതെല്ലാ എന്റെ ശരീരമെന്നും. അവ്വണ്ണം തന്നെ കാസായും താനെടുത്ത് വാഴ്ത്തിക്കൊണ്ടാടി. പുത്തൻ ശാസ്ത്രത്തിനുടെ എന്റെ ചോരയുടെ കാസാ ഇതാകുന്നുയെന്നും, നിങ്ങളെടുത്ത് നിങ്ങൾ കുടിപ്പിനെന്നും, എന്റെ ഓർമ്മെക്കു ഈവണ്ണം പ്രവൃത്തിക്കുന്നവരു നിങ്ങളാകണമെന്നും കൽപിച്ചതും, അപ്രകാരം കാത്ത് നടപ്പാനല്ലെ നാം ഒക്കെയും സംഗതിയാകുന്നത്.[12]

യെബുനായെക്കാരും, യെബറായെക്കാരും, നിനുവായെക്കാരും, അറുമ്മനായെക്കാരും, മറിയാനൊസന്മാരും, എപ്പസ്സൊസിൽ ഒള്ളവരും, ഈഗുപത്തായെക്കാരും, കൂശായെക്കാരും, യാക്കോവായെക്കാരായ സുറിയാനിക്കാരും, മലയാളത്തിലുള്ളവരും, മറ്റും പല ദെർശനക്കാരും ഹമ്മീറാ അല്ലാതെ പത്തീറായെ എടുത്തില്ലാ.[13] റൊമ്മായെക്കാരല്ലാതെ ഒരുത്തരും യൂദന്റെ പത്തീറായെ എടുത്തില്ലാ.[14] പത്തീറാക്കാരെപ്പോലെ ഭക്തികൂടാതെ ഹമ്മീറാ തിന്നീടുകിൽ അവന്റെ ആത്മത്തിനു കടമാകുന്നൂയെന്നും ചൊല്ലിയിരിക്കുന്നു. മൽപാന്മാരുടെ മൽപാനായ മാറപ്രെം ഒരിക്കൽ ഹമ്മീറായെന്ന ശുദ്ധമാന കുറുവാന കൈക്കൊണ്ടതല്ലാതെ പിന്നെ കൈക്കൊണ്ടില്ലാ.

ഹമ്മീറായ്ക്ക് കോതമ്പുപൊടിയും, വെള്ളവും, പുളിച്ചതും, ഉപ്പും, സൈത്തും. ഇങ്ങനെ അഞ്ചു വസ്തുക്കൾ കൂടിയേ മതിയാവൂ. ഇതിൻവണ്ണം കൽപിച്ചിരിക്കുമ്പോൾ പത്തീറാ നിങ്ങൾ എടുക്കുന്നത് എന്തുകൊണ്ടെന്ന് ഞങ്ങളെറിയുന്നില്ല. ഒറയിത്താക്കു പകരം ഏവൻഗേലിയോനും, നിവ്യയ്ക്കു പകരം ശ്ലീഹന്മാരും, വറുഗീതിനു പകരം മാമോദീസായും, പത്തീറായ്ക്കു പകരം ഹമ്മീറായും, ചനിയാഴ്ചക്കു പകരം ഞായറാഴ്ചയും. ഇങ്ങനെ പലതും മാറ്റി പകർത്തി



പുത്തൻശാസ്ത്രത്തിൽ കൽപിച്ചിരിക്കകൊണ്ട് അതിനെ മറുത്ത് നടന്നുകൊള്ളുന്നത് മാർഗ്ഗഗതിക്കു ചേരാത്തതും തന്നിഷ്ടവും സിദ്ധന്താവും എന്നത്രെ ഞങ്ങൾക്കു തോന്നുന്നത്. ആമീൻ.

### 06.03 രൂപത്തിന്റെ കാര്യത്തെക്കുറിച്ച്[1]

ശുദ്ധമാകപ്പെട്ടവരുടെ രൂപങ്ങൾ മണ്ണുകൊണ്ടും, മരംകൊണ്ടും കല്ലുകൊണ്ടും, വെള്ളികൊണ്ടും, പൊന്നുകൊണ്ടും തീർത്തുവച്ചു, അതിനെ ആശ്രയിക്കയും, കുമ്പിടുകയും, നമസ്ക്കരിക്കുകയും, അവരുടെ പെരുന്നാൾ കൈക്കൊള്ളുന്ന ദിവസം അതിനെ കൊണ്ടുനടക്കുകയും, കുളിരും, അനലും, ഉഷ്ണവും, തണുപ്പിമില്ലാത്ത വസ്തുക്കളെ വിശർപ്പിക്കയും, ആലവട്ടം വീശുകയും, ഇങ്ങനെയുള്ള പ്രവൃത്തികൾ നിങ്ങൾ ചെയ്യുന്നത് കണ്ടാറെ,[2] ആ രൂപത്തിൽ നിന്നും ഒരുപകാരവും നിങ്ങൾക്കു ഗുണം വരികയില്ലെന്ന് വിശ്വസിക്കാതെ, വിശ്വാസത്തിനു പകെപ്പായിട്ടും, എടത്തുടക്കാരരു ചെയ്യുന്ന പ്രവൃത്തിപോലെ വിശ്വാസമുള്ള നിങ്ങളും ചെയ്യുന്നത് യോഗ്യമല്ലാത്തതെല്ലൊ ആകുന്നു.

മൂശയുടെ 2-ാം സെപ്രാ 20-ാം കെപ്പാലെഒനിൽ ചൊല്ലുന്നത് എന്തെന്നാൽ മേൽ ആകാശത്തിലും, കീഴെ ഭൂമിയിലും, ഭൂമിയിൻ കീഴെ വെള്ളത്തിലും ഉണ്ടായിരിക്കുന്നതൊന്നിന്റെയും സ്വരൂപത്തെ എങ്കിലും, യാതൊരു വിഗ്രഹത്തെ എങ്കിലും നീ ഉണ്ടാക്കണ്ടായെന്നും, നീയതിനെ നമസ്ക്കരിക്കയും അതിനെ സേവിക്കയും വേണ്ടായെന്നും കൽപിച്ചിരിക്കുന്നു.[3] പിന്നത്തെതിൽ 25-ാം കെപ്പാലെഒനിൽ സാക്ഷിയുടെ പെട്ടകവും, മേശയും, കുത്തുവിളക്കും, കൂടാരങ്ങളും ഉണ്ടാക്കുവാൻ കൽപിച്ചപ്പോൾ, പെട്ടകത്തിന്റേമേൽ തങ്കപ്പൊന്നുകൊണ്ട് രണ്ടു ക്രോപെന്മാരുടെ സദൃശ്യത്തിൽ തീർപ്പിച്ചു പെട്ടിയും മൂടിയിരിക്കണമെന്നും, അതിന്റെ നടുവിൽ നിന്ന് നിങ്ങൾക്കു ഞാൻ കൽപിക്കുമെന്നും അരുളിചെയ്തതല്ലാതെ,[4] ആ രൂപത്തെയും, പെട്ടിയെയും, മേശയെയും, കുത്തുവിളക്കു മുതലായതും വന്ദിക്കണമെന്ന് കല്പിച്ചിട്ടില്ലെല്ലൊ.

പത്തു പ്രമാണം കൽപിച്ചപ്പോൾ ഒരു രൂപത്തെയും വച്ചു വന്ദിക്കണ്ടായെന്ന് കൽപിച്ചാൽ പിന്നെത്തെതിൽ പെട്ടിയിൽ തീർത്തിരിക്കുന്ന രൂപത്തെ വന്ദിക്കണമെന്ന് കൽപിക്കയില്ലെന്ന് അറിയാമല്ലോ. 26-ാം കെപ്പാലെഒനിലും രൂപത്തിന്റെ കാര്യം വിരോധമായിട്ടു കൽപിക്കുന്നു.[5] മൂന്നാം സെപ്പ്രായിൽ 19-ാം കെപ്പാലെഒനിൽ രൂപം വയ്ക്കണ്ടായെന്നും, വാർപ്പിക്കപ്പെട്ട ദൈവങ്ങളെ ഉണ്ടാക്കണ്ടായെന്നും കൽപിച്ചിരിക്കുന്നു.[6] 4-ാം സെപ്പ്രാ 21-ാം കെപ്പാലെഒനിൽ തമ്പുരാന്റെ കല്പന മറുക്കകൊണ്ട് പാമ്പുകടിച്ചു ജനങ്ങൾ ചാകുന്നത് കാരണാൽ, സർപ്പം കടിച്ചിട്ടുള്ള വിഷം തീരുന്നതിന് മൂശ അപേക്ഷിച്ചാറെ, ചെമ്പുകൊണ്ട് ഒരു പാമ്പുണ്ടാക്കി പാളയത്തിന്റെ നടുക്ക് ഉയർത്തി നിറുത്തണമെന്നും, അതിനെക്കണ്ടാൽ വിഷം ഉണ്ടാകയില്ലെന്നും, കൽപിച്ചിരിക്കകൊണ്ട്[7] അപ്രകാരം ചെയ്തത് [7] മിശിഹായുടെ കാര്യത്തെക്കുറിച്ച് കൽപിച്ചുയെന്ന് നിങ്ങളെറിയാത്തത് എന്തകൊണ്ടെന്നറിഞ്ഞില്ല.

പിന്നത്തെതിൽ അതിനെ ജനങ്ങൾ വന്ദിക്ക കാരണാൽ ചെമ്പു കൊണ്ടുണ്ടാക്കിയ പാമ്പു രൂപത്തെ തകർത്തിപ്പൊടിച്ചുയെന്നു രാജാക്കളുടെ പൊസ്തകത്തിൽ നിങ്ങൾ സൂക്ഷിച്ചാലറിയാമല്ലൊ.[8] പ്രമാണം വാങ്ങിപ്പാൻ മൂശ പോയിട്ട് താമസിക്കകൊണ്ട് കാളക്കൂറ്റനെ ഉണ്ടാക്കിയതും തകർത്തിപ്പൊടിച്ച പ്രകാരവും

www.malankaralibrary.com

നിങ്ങൾ ബോധിച്ചിരിക്കുന്നതല്ലോ ആകുന്നു.[9] 5-ാം സെപ്പ്രായിൽ 4-ാം കെപ്പാലെഒനിൽ ചൊല്ലുന്നൂ, കർത്താവ് അഗ്നിയുടെ നടുവിലിരുന്ന് നിങ്ങളോടരുളി ചെയ്യുമ്പോൾ, നിങ്ങൾ ഒരു രൂപത്തെയും കണ്ടില്ലെന്നും, ആണു രൂപവും, പെണ്ണുരൂപവും, മൃഗത്തിന്റെ രൂപവും, പക്ഷികളുടെ രൂപവും, ജീവജന്തുക്കളുടെ രൂപവും, വെള്ളത്തിലുള്ള യാതൊരു മത്സ്യത്തിന്റെ രൂപവും ഇതിൻവണ്ണം ഒരു രൂപത്തെയും നിങ്ങളുണ്ടാക്കണ്ടായെന്നും, ആദിത്യനെയും, ചന്ദ്രനെയും, നക്ഷത്രങ്ങളെയും നോക്കി അതിനെ സേവിക്കയും വേണ്ടായെന്നും, ഏതുവിധൽ ച്ഛായലായിട്ടും സ്വരൂപത്തെ ഉണ്ടാക്കണ്ടായെന്നും കൽപിച്ചിട്ടുണ്ടല്ലൊ.[10]

5-ാം സെപ്പ്രായിൽത്തന്നെ 16 ഉം 15 ഉം കെപ്പാലെഒനിൽ ചൊല്ലുന്നൂ പള്ളി മറക്കകത്തു സോപ്പും കർത്താവു പകെക്കുന്ന യാതൊരു രൂപത്തെയും നീ നിറുത്തരുതെന്നും, രൂപങ്ങളെയും ആദിത്യചന്ദ്രൻ മുതലായുള്ളതൊന്നും ആണായാലും പെണ്ണായാലും ചെയ്യരുതെന്നും കൽപിച്ചിരിക്കുന്നു.[11] 27-ാം കെപ്പാലെഒനിൽ ചൊല്ലുന്നു, തൊഴിലാളികളുടെ കൈകൾ പ്രവത്തിയാൽപെടുന്നതും, പണിയുന്നതും, വാർപ്പിക്കുന്ന യാതൊരു രൂപത്തെയും ദൈവാലയത്തിൽ വയ്ക്കുന്നവൻ, പിരാക്കുപെട്ടവനാകുന്നൂയെന്നും ശപിച്ചിരിക്കുന്നു.[12] 3-ാം സെപ്പ്രായിൽ 26-ാം കെപ്പാലെഒനിൽ ചൊല്ലുന്നൂ, വിഗ്രഹങ്ങളെയും രൂപങ്ങളെയും ഉണ്ടാക്കാതെയും, നിങ്ങൾ കല്ലു നാട്ടുകയും, ചിത്രം കുത്തിയ കല്ലും രൂപവും ഉണ്ടാക്കി അതിനെ നിങ്ങളുടെ ദേശത്തിൽ വയ്ക്കാതെ ഇരിക്കണമെന്നും, പുതിയതു വന്നതിനാൽ പഴയതു വിലക്കണമെന്നും, എന്റെ കൽപന കേൾക്കാതെ ഇരുന്നാൽ നിങ്ങടെ വീടുകളഴിച്ച്, വിഗ്രഹങ്ങളെയും സ്വരൂപങ്ങളെയും നീർധൂളി ആക്കി, നിങ്ങടെ ഉടലുകളെ നരകത്തിന്റെ ദൈവസയുടെ ഉടലുകളിൽ മേൽ ആക്കുമെന്നും, നമ്മുടെ ആത്മം വെറുത്ത് നിങ്ങടെ ദേശങ്ങൾ വനവാസവും, നിങ്ങളെ ദൈവാലയങ്ങൾ പാഴാക്കുമെന്നും കൽപിക്കുന്നു.[13]

ഏശായാ നിവ്യായുടെ 40 -ാം കെപ്പാലെഒനിലും 41-ാം കെപ്പാലെഒനിലും രൂപത്തിന്റെ കാര്യം കൊണ്ട് കർത്തവരുളി ചെയ്യുന്നു. കന്നൻ ഒരു രൂപത്തെ വാർക്കുന്നൂ. തട്ടാൻ പൊൻ തകട്ടാലെ അതിനെ മൂടുന്നു. വെള്ളിത്തുടലുകൊണ്ട് അതിനെ ഇണക്കുന്നു. അതിനു വശമില്ലാത്തവർ കേടു കാര്യം വരാത്ത മരത്തെ അന്വേഷിക്കുന്നു. തച്ചൻ അതിനെ പണിചെയ്യുന്നു. ഇതൊക്കെയും കാറ്റും വെറുതെ ഉള്ള കാര്യവും ആകുന്നൂയെന്ന് കൽപിക്കുന്നു.[14] 30 -ാം കെപ്പായിലെഒനിൽ അരുളിചെയ്യുന്നു, നിന്റെ വെള്ളി രൂപങ്ങളും, പൂച്ചുകളും, പൊന്നാൽ വാർക്കപ്പെട്ട രൂപങ്ങളും, അതിന്റെ ആട ആഭരണങ്ങളും, അശുദ്ധപ്പെട്ടതെന്നും മെള്ശതപ്പെട്ടതെന്നും, ചീ പോയെന്ന് എറിഞ്ഞുകളയണമെന്നു കൽപിക്കുന്നു.[15] 44-ാം കെപ്പാലെഒനിൽ രൂപത്തിന്റെ കാര്യം വന്നുകൂടെയെന്നും, വിസ്തരിച്ചു കൂടായെന്നും തന്നെ കർത്താവരുളിചെയ്യുന്നു.[16]

ആത്മൊസു നിവ്യായുടെ പൊസ്തകത്തിൽ കർത്താവരുളിചെയ്യുന്നു,, നാൽപതാണ്ട് വനവാസത്തിൽ നിങ്ങളെ ഞാൻ രക്ഷിച്ചുയെന്നും, അന്ന് നിങ്ങൾക്ക് ദൈവമായിട്ട് ഒരു രൂപത്തെയും വച്ചില്ലായെന്നും, ഇപ്പോൾ രൂപങ്ങളെ നിങ്ങൾ വയ്ക്കുന്നല്ലോ എന്നും, കൽ മലയിൽ കുതിരകൾ ഓടുമോയെന്നും, അവിടെ ഒരുത്തൻ മാട്ടിനെ ഉഴുമോയെന്നും. ഇതുപോലെ ന്യായത്തെ പോക്കി നീതിയെ മാറ്റിക്കളഞ്ഞൂയെന്ന് കർത്താവരുളി ചെയ്യുന്നു.[17] ഇപ്രകാരം തന്നെ



നിങ്ങളും തുടങ്ങിയിരിക്കുന്നൂയെന്ന് ഞങ്ങൾക്കു തോന്നുന്നു. ഹസ്ക്കീയേൽ നിവ്യായുടെ പൊസ്തകത്തിൽ 5-ാം കെപ്പാലെഒനിൽ ദൈവങ്ങളായിട്ട് രൂപങ്ങൾ വയ്ക്കുന്നവരുടെ മേൽ തന്റെ കോപത്തെ യാത്രയാക്കി മുടിക്കുമെന്നും കർത്താവരുളിചെയ്യുന്നു.[18]

രാജാക്കളുടെ രണ്ടാം പൊത്തകം 72 -ാം കെപ്പാലെഒനിൽ 17 -ാം പാസോക്കായിൽ ചൊല്ലുന്നൂ, എന്നെ അവർ ഉപേക്ഷിച്ചു. അവരുടെ കൈകൾ പ്രവൃത്തിയാലെ എന്നെ അരിശപ്പെടുത്തി, മറ്റു രൂപങ്ങൾക്കു അവർ ധൂപം വച്ചു എന്നതിൻമേൽ ഈ എടത്തിൽ എന്റെ അരിശം പറ്റി അതെരിയുമെന്നും, നിങ്ങളെ ഞാൻ മുടിപ്പെനെന്നും കർത്താവരുളി ചെയ്യുന്നു.[19] 23 -ാം കെപ്പാലെഒനിൽ 6 -ഉം 7 -ഉം പാസൊക്കായിൽ ചൊല്ലുന്നൂ, യൂദായുടെ യുശിയാ രാജാവിന്റെ കാലത്തിൽ രൂപങ്ങൾ ഒക്കെയും എടുപ്പിച്ച് കെദറൊന്റെ തൊട്ടരികിൽ ചുട്ടെരിച്ച്, ആരണ്യ രൂപങ്ങൾക്ക് ശീലത്തരം നെയ്യുന്ന സ്ത്രീകളുടെ വീടുകളും പൊളിച്ചൂയെന്നും യൊരെബെ ബേസേലിൽ പണിയിച്ചിരുന്ന കല്ലും മരവും രൂപങ്ങളൊക്കെയും ചുട്ടെരിച്ചൂയെന്നും, കബറുകൾ പൊളിച്ച് അസ്ഥിയെടുത്ത് ബെലിപീഠത്തിൻമേൽ ചുട്ടെരിച്ചുയെന്നും, വെസ്സിലിൽ വിളിച്ചു ചൊല്ലിയ നിവ്യായുടെ കബറ് പൊളിച്ചില്ലായെന്നും ഇതൊക്കെ നിങ്ങൾ വായിച്ചറിഞ്ഞിട്ടുണ്ടല്ലോ.[20]

റോമായെക്കാരുടെ കുറി ഒന്നാം കെപ്പാലെഒനിൽ മാർ പൌലൊസു ശ്ലീഹാ ചൊല്ലുന്നൂ, ബോധജ്ഞാനപ്പെട്ടവരാകുന്നൂയെന്ന് അവരുടെ ഉള്ളിൽ അവരു നിനച്ചും കൊണ്ട്, അവർക്കവരു ഭോഷരായിയെന്നും, ക്ഷേപിക്കപ്പെടുന്നില്ലായെന്ന് തമ്പുരാന്റെ സ്തുതിയെ ക്ഷെപിക്കപ്പെടുന്ന മനുഷ്യന്റെ സദൃശത്തിലും, പറവകളുടെയും, നാൽക്കാലി മൃഗങ്ങളുടെയും, ഭൂമിയുടെ ഉറവകളുടെയും സദൃശത്തിൽ അവരുണ്ടാക്കി പകർത്തിയതു കൊണ്ട് ദൈവവും അവരുടെ ഹൃദയങ്ങളിലെ മോഹങ്ങളാൽ അവരെ മേള്ശകപ്പെട്ട അപേക്ഷകൾക്ക് അവരുടെ ശരീരങ്ങളെ തമ്മിൽത്തന്നെ അപമാനിപ്പാനായിട്ട് ഏൽപിച്ചു. ഇവരുടെ ദൈവത്തിന്റെ പട്ടാങ്ങയെ കപ്പ്യമായി പകർത്തി, സൃഷ്ടിക്കുന്നവനെക്കായിൽ എത്രയും അധികം സൃഷ്ടിപ്പുകളെ ആശ്രയിക്കയും, സേവിക്കയും, വന്ദിക്കയും, ചിറ്റാണ്മ ചെയ്കയും, ചെയ്തുയെന്നും മാർ പൌലൊസു ശ്ലീഹാ ചൊല്ലിയത്,[21] നിങ്ങളുടെമേൽത്തന്നെ ആകുന്നൂയെന്ന് ഞങ്ങൾ നിശ്ചയിക്കുന്നു.

നമ്മുടെ കർത്താവ് ഈശോമിശിഹാ മാർഗ്ഗം അറുവിച്ചു നടക്കുന്ന കാലങ്ങളിൽ ഉയിർപ്പുകൾക്കു പോകുവാനും മോക്ഷം നേടുവനും എന്തു പ്രവർത്തിക്കണമെന്ന് ചിലർ തന്നോടറുവിച്ചാറെ, നിന്റെ മനസ്സതൊക്കെയിൽനിന്നും, നിന്റെ ആത്മം അതൊക്കെയിൽനിന്നും, നിന്റെ നിരൂപണം അതൊക്കെയിൽനിന്നും നിന്റെ ശക്തി അതൊക്കെയിൽനിന്നും, നിന്റെ ദൈവം തമ്പുരാനെ നീ സ്നേഹിക്കണമെന്നും, നിന്റെ അണയപ്പെട്ടവനെയും നീ സ്നേഹിക്കണമെന്ന് കൽപിച്ചതല്ലാതെ ഒരു രൂപം വച്ചുവന്ദിക്കണമെന്നും കൽപിച്ചിട്ടില്ലല്ലോ.[22] ന്യായക്കാരുടെ കാലത്തിലും, രാജാക്കളുടെ കാലത്തിലും ചിലരൊക്കെയും രൂപം വച്ച് വന്ദിക്കകാരണാൽ തന്റെ അരിശമുണ്ടായി. ബാബേലിന്റെ നാവുകദനാസറ രാജാവിന്റെ കാലത്തിൽ 70 ആണ്ടു സംവത്സരം അടിമയിൽ കൊണ്ടുപോയി പാർപ്പിച്ച പ്രകാരവും, അന്ന് രാജിതവും, നിവ്യൂസായും, പട്ടവും അവരിൽ നിന്നും എടുത്തു പോയെന്ന് നിങ്ങറഞ്ഞിട്ടുണ്ടല്ലോ.

www.malankaralibrary.com

പിന്നത്തെതിൽ ഓരോ മേൽപട്ടക്കാരയായിട്ട് അത്രെ കർത്താവിന്റെ വരവിനോളവും ഇസ്രായേലിനെ ഭരിച്ചുവന്നത്. ഇതിനിടയിൽ ഒരുത്തരും രൂപം വച്ച പ്രകാരം കേട്ടിട്ടില്ല. മാർ ശിമഒൻ കെപ്പാ 25 സംവത്സരം റോമായിൽ അറുവിച്ചാറെയും രൂപം വച്ചു വന്ദിക്കണമെന്ന് ആ ദേഹവും കൽപിച്ചിട്ടില്ല. ആ സിംഹാസനത്തിൽമേൽ പാപ്പാ വാഴുന്നൂയെങ്കിൽ അദേഹം കല്പിച്ചിരിക്കുന്നതല്ലാതെ സിദ്ധാന്തമായിട്ടു ഓരോ കാര്യം നടത്തുന്നതു സംഗതിയുള്ളതല്ലല്ലോ. ശുദ്ധമാന പൊസ്തകത്തോട് മറുതലിപ്പായിട്ടു നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾക്കു ഉത്തരം പറവാൻ കാണുന്നില്ല. ആമേൻ.

### 06.04. പട്ടക്കാരുടെ പെൺകെട്ടു കാര്യം കൊണ്ട് [1]

പട്ടക്കാരുടെ പെൺകെട്ടു കാര്യം കൊണ്ട് റോമാക്കാർ പരിഹസിക്കുന്നതിനെക്കുറിച്ച്. പെൺകെട്ടു വേണമെന്ന് വേദപുസ്തകത്തിൽ ചൊല്ലിയിരിക്കുന്നതിനെക്കുറിച്ചെഴുതുന്നത്.

മൂശയുടെ ഒന്നാം സെപ്രായിൽ ചൊല്ലുന്നൂ, തന്റെ സദൃശത്തിൽ മനുഷ്യനെ സൃഷ്ടിച്ചെന്നു.[2] ആണും പെണ്ണുമായിട്ട് സൃഷ്ടിച്ചു എന്നു 5-ാം സെപ്രായിൽ 24-ാം കെപ്പാലെഒനിൽ ചൊല്ലുന്നൂ. ഒരുത്തൻ പെൺകെട്ടി വേഴ്ചയായിട്ടുള്ള കാര്യങ്ങൾ ഇവൻ കണ്ടു. അവളുടെമേൽ ദേവുകൂടാതെ ഇരുന്നാൽ, അവൾക്ക് തീറുവിനുടെ ചീട്ടു എഴുതിക്കൊടുത്ത്, അവിടെ നിന്ന് പ്രപ്പെട്ടു പോയി മറ്റൊരുത്തന് സ്ത്രീ ആയാൽ അവനും  അവളെ വെറുത്തു തള്ളിയപ്രകാരം ചീട്ടു കൊടുത്ത്, അവിടെ നിന്നും അയയ്ക്കയെങ്കിലും, രണ്ടാമത്തവൻ മരിച്ചു പോകിലും ചെയ്താൽ, മുൻപിലത്തെ അവൻ ഇവളെ കെട്ടിക്കൂടായെന്നും, അതു കർത്താവിന് വെറുപ്പായിട്ടുള്ള കാര്യമെന്നും കൽപിക്കുന്നു.[3] ഒരുത്തൻ പെണ്ണുകെട്ടി കുറഞ്ഞൊരു നാളായിരുന്നാൽ അവൻ യുദ്ധത്തിന്നു പുറപ്പെടണ്ടായെന്നും, അവന്റെമേൽ ഒരു കാര്യവും ചുമത്തണ്ടായെന്നും, ഒരു സംവത്സരം മുഴുവനും അവന്റെ വീട്ടിൽ തന്നെ പാർത്ത് അവന്റെ കെട്ടിയവളെ സന്തോഷിപ്പിക്കണമെന്നും ചൊല്ലുന്നു.[4]

മർക്കൊസിന്റെ അറിയിപ്പ് 10-ാം കെപ്പാലെഒനിൽ പെൺകെട്ടുകാര്യം കൽപിക്കുന്നു. പ്രീശെന്മാർ അവർ അണെഞ്ഞ്, അവന്റെ സ്ത്രീയെ ഒഴിപ്പാൻ പക്ഷെ പുരുഷന് ഞായമാകുന്നോയെന്ന് തന്നെ അവരു പരൂക്ഷിച്ച് അവരു ചോദിച്ചപ്പോൾ, അവരോടു താനരുളി ചെയ്തു. മൂശ എന്തു നിങ്ങളോടവൻ പ്രമാണിച്ചു. തീർപ്പിനുടെ കടുദാസെഴുതി ഒഴിക്കാമെന്ന് മൂശ ഞങ്ങളോടനുവസിച്ചുയെന്ന് അവരു ചൊല്ലി. അവരോടു താൻ അരുളിചെയ്തു. നിങ്ങടെ മനസ്സിനുടെ കടുമയെക്കുറിച്ച് ഇപ്രമാണം നിങ്ങൾക്കവനെഴുതി. എന്നാൽ പൂർവത്തുംകൽ ആണും പെണ്ണുമായി തമ്പുരാൻ അവരെ താൻ ചമച്ചു. ഇതിനെക്കൊണ്ട് അവന്റെ വാവായെയും അവന്റെ ഉമ്മായെയും പിരിഞ്ഞ്, അവന്റെ സ്ത്രീയ്ക്കവൻ ചേരണം. അവരിരുവരും ഒരു മാംസം അവരാകും. ഇനിയും ഒരു മാംസം എന്ന്യെ രണ്ടവരായില്ലാ. അപ്പോഴോ തമ്പുരാൻ താൻതന്നെ ചേർത്തൂയെന്ന വസ്തു മാനുഷൻപുത്രൻ  വേറുതിരിക്കരുതെന്നും.[5]

വീണ്ടും ഇക്കാര്യത്തിൻമേൽ വീട്ടിൽ വച്ച് തന്റെ ശിഷ്യരു തന്നോടറുവിച്ചു. അവരോടു താൻ അരുളിചെയ്തു. അവന്റെ സ്ത്രീ ഒഴിച്ച് മറ്റൊരു സ്ത്രീയെ കെട്ടുമെന്നയവനൊക്കെ അവരാധിക്കുയെന്നും, അവടെ ഭർത്താവിനെ പിരിഞ്ഞ്



മറ്റൊരുത്തന്ന് അവളാകുമെങ്കിൽ അവളും അവരാധിക്കുന്നൂ എന്നും, താനരുളിചെയ്തു.[6]

കുറന്തായെക്കാരുടെ കുറി 6 -ാം കെപ്പാലെഒനിൽ ചൊല്ലുന്നൂ, നിങ്ങടെ ശരീരങ്ങൾ മിശിഹാതമ്പുരാന്റെ സന്തുവാകുന്നൂയെന്ന് നിങ്ങളറിയുന്നില്ലയോയെന്നു, തമ്പുരാന്റെ സന്തുവെടുത്ത് വെശ്യസ്ത്രീയുടെ സന്തുവായിച്ചമക്കുമോ. അതരുത്. എന്തെന്നാൽ വേശ്യസ്ത്രീയോട് ചേർന്നിരിക്കുന്നവൻ ഒരു ശരീരമാകുന്നൂയെന്ന് നിങ്ങളറിയുന്നില്ലയോ എന്നും, അവരിരുവരും ഒരു ശരീരമായിത്തീരുമെന്നും അവൻ ചൊല്ലുന്നൂ. എന്നാൽ കർത്താവിനോട് ചേർന്നിരിക്കുന്നവൻ ഒരു അരുവിയാകുന്നൂ. വേശ്യാദോഷത്തിൽ നിന്ന് നിങ്ങൾ ഓടിഒളിപ്പിൻ എന്നും മനുഷ്യനിൽ ചെയ്യുന്ന എല്ലാ ദോഷങ്ങളും ശരീരത്തിനു പുറമെ ആകുന്നൂയെന്നും, അവരാധദോഷം ചെയ്യുന്നവൻ തന്റെ ശരീരത്തിനു വിരോധമായി ദോഷം ചെയ്യുന്നൂയെന്നും ചൊല്ലുന്നൂ.[7]

7-ാം കെപ്പാലെഒനിൽ സ്ത്രീയെ തൊടാതെ ഇരിക്കുന്നത് നല്ലതാകുന്നൂയെന്നും അവരാധത്തെ ഒഴിഞ്ഞിരിപ്പാനായിട്ടു ഓരോർത്തർക്കും തന്റെ തന്റെ ഭാര്യ ഉണ്ടാകണമെന്നും, ഓരോരോ സ്ത്രീക്ക് അവരുടെ ഭർത്താക്കന്മാരുണ്ടാകമമെന്നും, എല്ലാ  മനുഷ്യരും എന്നെപ്പോലെ ആകുവാൻ ഞാൻ മനസ്സാകുന്നൂയെന്നും, അപേക്ഷയിൽ എണ്ണി എരിയുന്നതിനെക്കാൾ പെണ്ണുകെട്ടുവാൻ നല്ലതാകുന്നൂയെന്നും ചൊല്ലിയിരിക്കുന്നു.[8] തിമൊഥ്യോസിന്റെ കുറി 3-ാം കെപ്പാലെഒനിൽ ഒരുത്തൻ പട്ടക്കാരനാകുവാൻ അപേക്ഷിക്കുന്നു എങ്കിൽ നല്ല പ്രവൃത്തി അവനാഗ്രഹിച്ചുയെന്നും, വിശ്വാസമുള്ള വാക്കാകുന്നൂയെന്നും, ആയതുകൊണ്ട് കുറ്റമില്ലാത്തവനും ഒരു സ്ത്രീയുടെ ഭർത്താവായി എന്നയവനും, പിന്നെ പലതും ചൊല്ലിയിരിക്കുന്നതിൽവണ്ണം ഒള്ളയവരു പട്ടക്കാരൻ ആകുവാൻ ന്യായമാകുന്നൂയെന്നും, ശുദ്ധമാന പള്ളിയുടെ ചിറ്റാൺമക്കരായ ശെമ്മാശന്മാർ പെൺകെട്ടു കഴിക്കണമെന്നും ചൊല്ലുന്നൂ.[9]

ദെത്തൂസിന്റെ കുറി 1 -ാം കെപ്പാലെഒനിൽ പട്ടക്കാരുടെ പെൺകെട്ടുകാര്യം ചെയ്തു കൊള്ളണമെന്നും ചൊല്ലിയിരിക്കുന്നു.[10] ലേബായക്കാരൊക്കെയും പട്ടക്കാരാകക്കൊണ്ടും കെട്ടിപുലർച്ചയിൽ മക്കൾ അവർക്കുണ്ടാകകൊണ്ടും, അഹറൊനും അദ്ദേഹത്തിന്റെ മക്കളും മേൽപട്ടക്കാരായിട്ടും പട്ടക്കാരായിട്ടും സന്തതിയുടെ സന്തതിക്കും നടന്നിരിക്കുന്നതും നിങ്ങൾ അറിഞ്ഞിരിക്കുന്നല്ലൊ. പിന്നത്തെതിൽ പത്രൊസ് ശ്ലീഹായുടെ മകനെത്രെ മർക്കൊസ് ഏവൻഗെലിത്തായെന്നും, ശ്ലീഹുസാ അവരു കൈക്കൊണ്ടാറെ അവരുടെ സ്ത്രീകളെ പെങ്ങന്മാരെപ്പോലെ അവരു കൊണ്ടു നടന്നത് അറിഞ്ഞിട്ടുണ്ടല്ലോ.[11] ശുദ്ധമാകപ്പെട്ട ബാബാൻമാർ കൂടി 4 പാത്രിയർക്കീസുമാരെ കൽപിച്ചപ്പോൾ അവരെക്കൊണ്ട് പെണ്ണുകെട്ടിച്ചില്ല. പാത്രിയർക്കീസുമാരും, മെത്രാപൌലീത്തൻമാരും, എപ്പസ്ക്കൊപ്പൻമാരും ഏറ്റമില്ലെന്നും, തിരുമനസ്സുപോലെ കൊള്ളാകുന്ന ആളുകളെ തിരഞ്ഞെടുത്ത് കൽപിച്ചു വരുന്നു.

പള്ളികളൊക്കെയിലും പട്ടക്കാർ ബഹുജനമായിരിക്കകൊണ്ട് ചേർച്ചയാകപ്പെട്ടതായി അവന്റ വീടവരു പാലിപ്പാൻ വശം ആകുന്നില്ലായെന്നഅവൻ തമ്പുരാൻതന്റെ യോഗത്തെ എങ്ങനെ അവൻ ഭരിക്കുന്നൂയെന്നും മാർ പൌലൊസ് ശ്ലീഹാ ചൊല്ലിയിരിക്കകൊണ്ടും,[12] ആത്മകടം കൂടാതെ തന്റെ പ്രമാണത്തോടും

www.malankaralibrary.com

കൽപനയോടും നടന്ന് കൂദാശ പ്രവൃത്തികൾ ചെയ്യേണ്ടുന്നതിനും, നമ്മുടെ കർത്താവിന് പൂജ അണയ്ക്കേണ്ടതിനും, നല്ല വെടിപ്പോടും ഭക്തിയോടും കാനോന പ്രകാരം ഇരിക്കണമെന്നും കൽപിച്ചിട്ടുണ്ടല്ലോ.

അഹറോന്റെ മക്കൾ നാസാഹൂദവും ആബീഹോയും കൽപന മറുത്ത് അന്യതിനെ കൊണ്ടുവന്ന് പൂജ കഴിച്ചതിനാൽ അത്തീകൊണ്ടു അപ്പോൾത്തന്നെ അവരു ചത്തുപോയപ്രകാരവും,[13] മൂശയുടെ 3-ാം സെപ്പ്രാ എട്ടാം കെപ്പാലെഒനിൽ, നിങ്ങൾ ചാകാതെയിരിപ്പാൻ ഏഴുദിവസത്തേക്ക് മുറപ്രകാരം രായും പകലും ശുദ്ധമാന പള്ളിയിൽ പാർത്തുകൊള്ളണമെന്നും,[14] പട്ടക്കാരുടെ പെൺ കെട്ടുകാര്യത്തിന് നിന്ദയായിട്ടും പരിഹാസമായിട്ടും നിങ്ങൾ പറയുന്നത് വിചാരിച്ചാറെ, ഉതിയൻപേരൂർ സുന്നഹദോസ് കൂടിയപ്പോൾ, പട്ടക്കാരുടെ പെൺകെട്ടു ബലത്താലെ മുടക്കുകകൊണ്ടും, പാതരിമർയ്യാദ കുറെക്കാലം നടക്കകൊണ്ടും,[15] അതിൽ പിന്നെ മലയാളത്തിൽ പട്ടക്കാരുടെ പെൺകെട്ടുകാര്യം നിർബന്ധിച്ചു തുടങ്ങിയില്ല. പഴമയും പുതുമയും പൊസ്തകങ്ങളൊക്കെയും നിങ്ങളറികയും നിങ്ങളോടറുവിക്കയും ചെയിതിരുന്നുവെങ്കിൽ, പരിഹാസത്തിനിടവരാതെ നിങ്ങടെ പട്ടക്കാരും പെൺകെട്ടുവാനും, താടി നീട്ടുവാനും സംഗതി വരും.

പട്ടക്കാർ താടി ചിരെക്കുന്നതു ഞങ്ങൾ കണ്ടാറെ,[16] ഒറെയിത്തായിലും, നിവ്യാകളിലും, പുതുമയിലുള്ള പൊസ്തകങ്ങളിലും താടി ചിരെക്കണമെന്ന് കണ്ടിട്ടില്ലാത്തതിനാൽ, എന്തിനെക്കുറിച്ച് ഇപ്രകാരം ചെയ്യുന്നുവെന്ന് വിചാരിച്ചപ്പോൾ, സ്ത്രീകൾക്ക് വെറുപ്പുകേടു വരുമെന്നും നിരുപിച്ച് ചെയ്യുന്നതല്ലാതെ, പെൺകെട്ടുവേണ്ടാ എന്നും ഇതുപോലെ പല കൂട്ടം കാര്യങ്ങളും സിദ്ധാന്തമായിട്ടും തന്നിഷ്ടമായിട്ടും ഒരു പ്രണാമവും കൂടാതെ നിങ്ങൾ നടത്തുന്നതിൽ, വെസ്പുറുക്കാനായെന്ന ഒരു സ്ഥലം ഉണ്ടെന്നും,[17] മരിച്ചാൽ അവിടെച്ചെന്നു പാർത്ത് തേറിക്കൊള്ളാമെന്നും, വെന്തിങ്ങയെന്നു ഒരു വസ്തു കഴുത്തിലിട്ടാൽ ദോഷപ്പൊറുതി ഒണ്ടാമെന്നും,[18] ഇങ്ങനെയുള്ള ഭോഷ്ക്കുകൾ പലതും പറഞ്ഞു നടത്തി, ആയതിനെ നിങ്ങളും നിങ്ങടെ പട്ടക്കാരും അനുസരിച്ചുവരുന്നതും വിചാരിച്ചാറെ എത്രയും അശൈക്യം ഞങ്ങൾക്കു തോന്നുന്നു. ആമ്മീൻ.

### 06.05. പെണ്ണിനെ വലത്തുഭാഗത്തു നിറുത്തി കെട്ടിക്കുന്നതനെക്കുറിച്ച്[1]

ആദമസായെന്ന[2] മണ്ണെടുത്ത് ആദത്തെ സൃഷ്ടിച്ചതിന്റെ ശേഷം തന്റെ ശ്വാസം താനിട്ട്, പിന്നത്തേതിൽ അവനു തുണെപ്പാൻ ആദത്തിൽ നിന്ന് അസ്തിയെടുത്ത് ഹവ്വായെ സൃഷ്ടിച്ചതല്ലാതെ,[3] ഇന്നവശത്തെ അസ്തി എടുത്തെന്ന്, ഒറെയിത്തായിലും മറ്റു പൊസ്തകങ്ങളിലും പറഞ്ഞിട്ടില്ല. ബാബാ തമ്പുരാന്റെ വലതുഭാഗത്ത് താനിരിക്കുന്നൂയെന്നു നാം വിശ്വസിച്ചിരിക്കുന്നു. നിന്റെ ശത്രുക്കളെ നിന്റെ കാൽക്കീഴ് മെതിപടിയായി ഞാൻ വയ്ക്കും എന്നതിനോളം, നിന്റെ വലത്തേതിൽ നിന്ന് നിനക്കു നീ ഇരിക്കായെന്ന്, എന്റെ കർത്താവിനോട് കർത്താവ് താനരുളിചെയ്തു, എന്ന് ദാവീദു ചൊല്ലി.[4] ആകാശത്തിനു താൻ കരേറി, തന്റെ ബാബായുടെ വലത്തേതിൽ നിന്ന് താനിരിക്കുന്നൂയെന്നു എപ്പഴും വിശ്വസിക്കുന്ന നമസ്ക്കാരത്തിൽ നാം ചൊല്ലിവരുന്നു.

ഇവപോലെ മിശിഹായ്ക്ക് ശുദ്ധമാന പള്ളി മണവാട്ടി ആകകൊണ്ടു,[5] തന്റെ വലത്തേതിൽ കീഴടങ്ങുന്നു. ഇതിൻവണ്ണം തന്നെ പുരുഷന്മാർക്ക് സ്ത്രീകൾ



കീഴടങ്ങപ്പെടണമെന്നും, സ്ത്രീകളുടെ തല പുരുഷനാകുന്നുയെന്നും, പുരുഷന്റെ തല മിശിഹാ ആകുന്നൂയെന്നും മാർ പൌലൊസു ശ്ലീഹാ ചൊല്ലുന്നൂ.[6] ശുദ്ധമാന ഏവൻഗെലിയോനിൽ, എന്റെ ബാബായുടെ തന്റെ വാഴ്വ് ഏൽക്കപ്പെട്ടവരെ, നിങ്ങൾ വന്ന് ലോകത്തിന്റെ അതിന്റെ തുടർമാനങ്ങളുടെ മുന്നിൽ നിന്ന്, നിങ്ങൾക്കായിസ്തമാക്കിയെന്ന ആ വസ്തു നിങ്ങൾ നേടുവീനെന്ന്, വലത്തേതിന്നടുത്ത മക്കളോടും, ആകൽക്കറുസായിക്കും അവന്റെ മനുക്ഷങ്ങൾക്കും എന്നേക്കുമുള്ള തീനരകത്തിന് നിങ്ങൾ പോകുവീനെന്ന്, എടത്തേതിന്നടുത്ത മക്കളോടും, നമ്മുടെ കർത്താവ് ഈശോമിശിഹാ താനരുളിചെയ്യുന്നൂയെന്നും,[7] ഇതുപോലെ വേദപുസ്തകങ്ങളിലൊക്കെയും വലത്തേതു പ്രമാണമായിട്ട് ചൊല്ലിയിരിക്കകൊണ്ടും, നാമൊക്കെയും നമ്മുടെ പരിഷ മർയ്യാദ പോലെ പള്ളിയിലും മറ്റും തിന്നു കുടിക്കുന്നിടത്തൊക്കെയും പട്ടക്കാരുടെ വലതുവശത്ത് ശേഷം പേരെ ഇരുത്തിയല്ലോ കഴിച്ചു വരുന്നത്. പിന്നെ ഏകരു പ്രണാമം പെണ്ണിനെ എടുത്തു വശത്തു നിറുത്തി കെട്ടിക്കുന്നതെന്ന് ഞങ്ങളറിയുന്നില്ല.

### 06.06. ദിവസത്തിന്റെ പകർച്ചയുടെ കാര്യത്തെക്കുറിച്ച്[1]

മൂശയുടെ പൊസ്തകത്തിൽ തുടക്കത്തിൽത്തന്നെ ചൊല്ലുന്നൂ. ആകാശവും ഭൂമിയും കടലും അതിൽപ്പെട്ട വസ്തുക്കളും സൃഷ്ടിച്ചതിന്റെ ശേഷം, ഇരുളിൽ നിന്ന് വെളിവിനെ വേറുതിരിച്ച് , വെളിവിനെ പകലെന്നും ഇരുളിനെ രായെന്നും താൻ വിളിച്ചു. അന്തിയും ഒണ്ടായി, മൈയ്യലും ഒണ്ടായി. ഒന്നാം ദിവസം.[2] മൂശയുടെ 4-ാം പുസ്തകം 9-ാം കെപ്പാലെഒനിൽ ചൊല്ലുന്നൂ, മെസ്രെയിൽ നിന്ന് പ്രപ്പെട്ട് 2-ാം വർഷം മുതൽ .മേടമാസം 14-ാം തിയതി അന്തിയുടെ നേരത്തിൽ പിസഹാ കഴിച്ചു.[3] അതിൻ വണ്ണം കർത്താവും അന്തിയുടെ നേരത്തിൽ പിസഹാ കഴിച്ചു. ഉടൻ മേശയ്ക്കിരുന്നു. അപ്പം താനെടുത്ത് വാഴ്ത്തിക്കണ്ടിച്ച് തന്റെ ശിഷ്യർക്കു കൊടുത്തു.[4] ഔവണ്ണം കാസായും താനെടുത്ത് പുത്തൻ ശാസ്ത്രത്തിനുടെ എന്റെ ചോരയുടെ കാസാ ഇതാകുന്നുയെന്നും, എന്റെ ഓർമ്മെയ്ക്ക് ഈവണ്ണം പ്രവർത്തിക്കുന്നവർ നിങ്ങളാകണമെന്നും കൽപിച്ചു.

ദിവസത്തിന്റെ പകർച്ച പിറ്റെദിവസത്തിന്റെ അന്തിയാകകൊണ്ട് അന്നു കർത്താവു കഴിച്ചപോലെ പത്തീറാ എന്ന ആത്താഴം ഞങ്ങൾ കൈക്കൊണ്ട് കൽപിച്ചപോലെ ഒറങ്ങി, കാലത്ത് കർത്താവിന് പൂജ കഴിച്ചുവരുന്നു. ഇതിൻവണ്ണം പഴമയിലും പുതുമയിലും പൂജയൊക്കെയും മൈയ്യിലിൽ അത്രെ കഴിച്ചുവരുന്നത്. മൂശയുടെ 2-ാം പൊസ്തകം 24-ാം കെപ്പാലെഒനിൽ പ്രമാണം കൊടുക്കുന്നതിന് എല്ലാവരും ചെന്നാറെ, ദൈവത്തെ കണ്ട് കൽപന കേട്ടതിന്റെ ശേഷം പിന്നെ അവരു ചെന്ന് തിന്നുകുടിച്ചുയെന്നും ചൊല്ലുന്നൂ.[5] 3-ാം സെപ്പ്രായിൽ 6-ാം കെപ്പാലെഒനിൽ അന്തിയുടെ നേരത്തിലും, കാലത്തും കാഴ്ചയണപ്പാൻ കൽപിച്ചിരിക്കുന്നു.[6]

8-ാം കെപ്പാലെഒനിൽ നിങ്ങൾ ചാകാതെയിരിപ്പാൻ ഏഴുനാൾ രായും പകലും ശുദ്ധമാന പള്ളിയിൽ പാർക്കണമെന്നും,[7] 23-ാം കെപ്പാലെഒനിൽ 7-ാം മാസം 9 ന് അസ്തമിച്ചു തുടങ്ങി പിറ്റെന്നാൾ വെളുപ്പോളം ചനിയാഴ്ച കൈക്കൊള്ളണം എന്ന് ചൊല്ലിയിരിക്കുന്നു.[8] എറമ്യാ നിവ്യായുടെ പൊസ്തകത്തിൽ 33-ാം കെപ്പാലെഒനിൽ കർത്താവരുളിചെയ്യുന്നത് എന്തെന്നാൽ, കുറിച്ച നേരങ്ങൾ

www.malankaralibrary.com

പകൽക്കാലവും ഒണ്ടാകാത്തവണ്ണം നിങ്ങൾ പകൽക്കാലത്തെക്കുറിച്ച് നാം കൽപിച്ചതിനായും, രാക്കാലത്തെക്കുറിച്ചു നാം കൽപിച്ചതിനായും പകർത്തി അവദ്ധമാക്കിയാൽ, നമ്മുടെ അടിയാനാകിയ ദാവീദിനോടു നാം കൽപിച്ച പ്രമാണവും, നമ്മുടെ ചിറ്റാണ്മക്കാരായ ലെബായെക്കാരോടു നാം കൽപിച്ച പ്രാമാണവും അവദ്ധമാകുമല്ലായെന്നു കർത്താവരുളിചെയ്യുന്നു.[9]

ഇതിൻവണ്ണം കൽപിച്ചിരിക്കുമ്പോൾ നിങ്ങൾക്കു ദിവസത്തിന്റെ പകർച്ച പാതിരായോടു പാതിരായെന്നു നിശ്ചയിച്ചതു എന്തെന്നു ഞങ്ങൾ അറിയുന്നില്ലാ. നമ്മുടെ കർത്താവീശോ മിശിഹാ താനറുവിക്കുന്നപ്പോൾ, അടയാളം എന്തു കാണിക്കുന്നുയെന്ന് തന്നോടറുവിച്ചാറെ, ഇപ്പരുഷ എന്ത്യെ അടയാളം അമ്പേഷിക്കുന്നൂയെന്നും, എവനൻ നിവ്യായുടെ അടയാളം എന്ന്യെ അവരു കണ്ടെത്തുകയില്ലെന്നും, മൂന്നുരായും മൂന്നു പകലും മീനിനുടെ വയറ്റിൽ യൌനാൻ ആയിയെന്ന കണക്കെ മൂന്നുരായും മൂന്നു പകലും ഭൂമിയുടെ അതിന്റെ ഉള്ളിൽ മാനുഷൻപുത്രൻ അവനാകുമെന്നും, അരുളി ചെയ്ത തിരുവചനം[10] നിങ്ങടെ ദിവസ പകർച്ചെക്കു ഒക്കയില്ലെന്നത്രെ ഞങ്ങൾ തോന്നിയത്.

അതു തന്നെയുമല്ലാ. നിങ്ങൾ നെറിയായിട്ടു നമസ്ക്കരിക്കുന്നൂയെന്ന നമസ്ക്കാരവും നിങ്ങൾ സൂക്ഷിപ്പാനും വിചാരിപ്പാനും ആവശ്യമുണ്ട്. നിങ്ങൾ നമസ്ക്കരിക്കുന്നൂയെന്ന നമസ്ക്കാരത്തിന്റെ പകർച്ച അന്തീലും മൈയ്യലിലും ഏതുപ്രകാരം ചെയ്തുവരുത്തന്നൂയെന്നു നിങ്ങടെമേൽ പ്രമാണിക്കപ്പെട്ടവരോടു ചോദിപ്പാൻ ആവശ്യം ഉണ്ടെന്നത്രെ ഞങ്ങൾക്കു തോന്നുന്നത്. അസാരമായ ഈ പ്രമാണങ്ങളിൽ നിന്ന് ഒന്ന് അഴിച്ച് ഔവണ്ണം മാനുഷമക്കളെ പഠിപ്പിക്കുന്നവനൊക്കെ ആകാശമോക്ഷത്തിൽ കുറയപ്പെട്ടവനായി അവനെ വിളിക്കപ്പെടുമെന്നും, പ്രവർത്തിച്ചു പഠിപ്പിക്കുമെന്നൂയെന്നയവനൊക്കെ ആകാശമോക്ഷത്തിൽ വല്യവനായി വിളിക്കപ്പെടുമെന്നും, ഏവൻഗെലിയോനിൽ താൻ അരുളിചെയ്തു.[11]



# 07. മാർത്തൊമ്മാശ്ലീഹായും കൊടുങ്ങല്ലൂർ ദേവിയും

**വേ**റെ ഒരു കാര്യം പറയുന്നു. എന്നാൽ മാർത്തൊമാശ്ലീഹാ മലയാളത്തിൽ വന്നില്ലന്നും നാഗപട്ടണത്തേ വന്നൊള്ളൂയെന്നും, അവിടെ മാർഗം അറുവിച്ചതിന്റെ ശേഷം വിശ്വസിച്ചതിൽ ചിലരു മലെയാളത്തു വന്നു മാർഗം നടത്തിയെന്നും പറയുന്നതിന്നു, ശ്ലീഹാ തന്നെവന്ന് മാർഗം അറുവിച്ച് മാമോദിസാ മുക്കിയെന്നും നിശ്ചയിച്ചു വിശ്വസിക്കാം. എന്തന്നാൽ ഒരു സാക്ഷി പറയുന്നു, ശ്ലീഹാ കൊടുങ്ങല്ലൂരോളം വന്നപ്പോൾ അവിടവച്ചു ഏറിയ പൊന്നാഭരണങ്ങൾ ചമഞ്ഞും കൊണ്ടു ഒരു പുലയി ശ്ലീഹായുടെ യാത്ര മുടക്കുവാനായിട്ടു, സ്ത്രീകളുടെ വഴിക്കുള്ള പുരാണങ്ങൾ കൊണ്ടു മുൻപാക വന്നൂ. ആദേഹത്തിനു അരിശം കലർന്നു ഇവളെ പിരാകി. ഇരി കുറുമ്പെയന്നു തനിക്കുള്ള മുക്ഷരത്ത്വം കൊണ്ട് കൽപിച്ചതിനാൽ, അപ്പിരാക്കാലെ ഒരു കല്ലുരൂപം ആയിട്ടു തിരികയും ചെയ്തു.

ഇന്നയൊളും കൊടുങ്ങല്ലൂർ മുക്കാൽവട്ടത്തു ആ രൂപത്തെ വച്ചു വരുന്നു.. ഈയവസ്ഥ കൊണ്ടു മലെയാളികൾ പറയുന്ന വചനങ്ങൾ വിചാരിച്ചാൽ ഒരു സാക്ഷിയായിട്ടു തിരികയും ചെയ്യും. അതായത് കൊടുങ്ങല്ലൂരു രാജ്യം പണ്ടു പുരാണെ ഒരു ചുള്ളിക്കാടായിരുന്നുയെന്നും, മനുഷ്യരില്ലാതെ കിടന്നൂയെന്നും, അതിന്റെ നടുവിൽക്കൂടെ വഴിനടയായിരുന്നൂയെന്നും, അവിടെ മനുഷ്യരുടെ കുടി ഒണ്ടാകുന്നതിനു മുൻപിൽ ഒരു പരദേശി അവിടെ വന്നൂയെന്നും, അയാളോടു കൂടെ അവരുടെ ദൈവമായ കുറുമ്പകൂടെ വന്നൂയെന്നും, ഇപ്പോൾ മുക്കാൻവട്ടം തീർത്തിരിക്കുന്ന എടത്തിൽ അവളെ ഇരുത്തിക്കൊണ്ടു, നിനക്കു ഞാനൊണ്ടാക്കിയെന്ന എടം ഇതാകുന്നൂയെന്നു കൽപിച്ചുംവച്ചു പോയിയെന്നും പറയുന്നല്ലൊ.

ഇക്കാഴ്ചയുണ്ടായി ശ്ലീഹാ ഇങ്ങോട്ടു പോന്നതിന്റെ ശേഷം അസ്തമിച്ചപ്പോൾ ഒരു നായരു കൊടയും കൊണ്ട് ആ വഴിമദ്ധ്യേ കടന്നു പോകുമ്പോൾ, ഒരു പെണ്ണു അവിടെ ഇരിക്കുന്നതു അയാൾ കണ്ടാറെ, അങ്ങോട്ടെക്കടുത്തു കൂടി ചെന്നപ്പോൾ, ഈ നായരോടെ അവളപേഷിച്ചു നീയായിട്ടു ഇനിക്കൊരു പുര കെട്ടിച്ചു തരണമെന്നും പറഞ്ഞാറെ, അവന്റെ വീട്ടിലോട്ടു കൊണ്ടു പോകുവാനായിട്ടു ശ്രമിച്ചപ്പോൾ ആയതു അനുസരിക്കാഴിക കൊണ്ടു, മഞ്ഞു തട്ടാതെ ഇരിപ്പാൻ തക്കവണ്ണം അവന്റെ കയ്യിലിരുന്ന കുടയും കൊടുത്തും വച്ച് നായരു പോയി.

പിറ്റെ ദവസി കാലത്തെ വന്ന് വേണ്ടുന്ന കോപ്പുകളും വരുത്തി പുരകെട്ടി കൊടുക്കുകയും ചെയ്തു. അന്നേരം നിങ്ങളാരെന്നും എവിടെ നിന്ന് വരുന്നൂ

www.malankaralibrary.com

യെന്നും ചോദിച്ചാറെ, നിമിഷം നിങ്ങൾക്ക് അറിവാൻ സംഗതി ഒണ്ടാകുമെന്നും പറഞ്ഞതല്ലാതെ ഇന്നാരെന്നും ഇന്നപ്രകാരമെന്നും ഇവിടെ വന്നൂയെന്നും തിരിച്ചുവന്നില്ലാ. എന്നിട്ടും ഇന്നായരു അവളുടെ സമദ്രിയം കൊണ്ട് അവളെ മോഹിച്ച്, അവളുമായിട്ട് വിശ്വാസം വേണമെന്നു വിചാരിച്ച്, നിന്നും പിരിയാതെ ഒത്തിരി നാൾ കൂടെ പാർത്തു. ആ നാളിലൊക്കെയും ഇവൾ തിന്നാതെയും കുടിക്കാതെയും ഇരിക്കുന്നതു കണ്ടാറെ ഈ നായർക്കു അശൈക്ക്യം തോന്നി, പരകന്യാ ആക്കി തുടങ്ങി. അതു കാരണാൽ ദിവസേന അവളെ കാണ്മാനായിട്ട് ഓരോരു വന്നുകൂടി. എല്ലാപേരും നോക്കി നിക്കുമ്പോൾ കരിംകല്ലിന്റെ രൂപമായിട്ടു തിരിഞ്ഞതുകണ്ടു.

അന്നേരം കൂടിയ ആളുകളിലൊരുത്തൻ തുള്ളിക്കൊണ്ടു പറകയായി. അയൊദ്ധ്യ രാജ്യത്തിൽ നിന്നും ഞാൻ തിരിച്ചുയെന്നും, മലയാളത്തിലിരിക്കുന്ന ലോകരുടെമേൽ ഉണ്ടാകുന്ന ഉപദ്രവങ്ങളിൽ നിന്നു രക്ഷിപ്പാനത്രെ ഞാൻ വന്നൂയെന്നും, നിങ്ങളെന്നെ കൈക്കൊള്ളുകയില്ലയോയെന്നും ചോദിച്ചാറെ, അവരുടെ രക്ഷിതാവായിട്ടു അവളെ കൈക്കൊള്ളത്തക്കവണ്ണം എല്ലാപേരും കൂടെ ഏറ്റ്, അവിടെയൊരു മുക്കാൽവട്ടവും തീർത്തു. ഇന്നയോളം അവളെ വന്ദിച്ചു വരുന്നൂ.

ഇക്കൊട കൊടുത്ത നായുരുടെ ഒടുക്കം കൊടുങ്ങല്ലൂർ നാടുവാഴി ആകയും ചെയ്തു. അയാളെ വിളിച്ചു വരുന്നതു കൊടൈക്കാട്ടു നായരെന്ന്. ഇങ്ങനെ ഒത്തിരിക്കാലം ചെന്നതിന്റെ ശേഷം അയാൾക്ക് അനന്തിരവരില്ലാതെ മരിച്ചപ്പോൾ ആയിരു സൊരൂപത്തിന്റെ വകയിൽനിന്നുണ്ടായ പടിഞ്ഞാറൊടത്തു സ്വരൂപത്തിന്ന് ആ രാജ്യം അഭിഷേകം ചെയ്തു.

അതുകൊണ്ട് ഇന്നയോളം കൊടുങ്ങല്ലൂർ മുക്കാൽവട്ടത്തുവച്ച് കാവ്യരുടെ തിരുനാൾ കഴിച്ച് വരുമ്പോൾ, ഒരു നെടിയ കുടയും പിടിപ്പിച്ച് കൊടൈക്കാട്ട് നായരായിട്ട് ഒരുത്തൻ അവിടെ പുറപ്പെടുകയും വേണം. ഇക്കാവ്യരുടെ വാക്കു ഭോഷ്കെങ്കിലും അതൊക്കെയും ഒരു ഭാഗത്തുവച്ചുംകൊണ്ട് ഞങ്ങളുടെ ബോധജ്ഞാനത്താലെയും, ഉണ്ടാക്കുന്ന അറിവിനാലെയും, നസ്രാണികൾ പറയും വണ്ണം മർത്തൊമ്മാശ്ലീഹാ മലയാളത്തിൽ വന്നതും മാർഗം അറുവിച്ചതും പള്ളി വച്ചതും, മാർഗം അറുവിക്കേണ്ടിട്ട് ഏറിയ പ്രത്യക്ഷങ്ങൾ കാട്ടിയെന്നും നിശ്ചയിക്കാമല്ലൊ. ഇതിനെ വിചാരിച്ചാൽ ക്രിസ്ത്യാനി മാർഗം ഉണ്ടായത് പ്രത്യക്ഷത്തിന്റെ ശക്തി കൊണ്ടത്രെ ആകുന്നൂ. അതുകൊണ്ട് നമ്മുടെ കർത്താവീശോ മിശിഹായും അടയാളങ്ങളും പ്രത്യക്ഷങ്ങളും ഏറ്റം പ്രവർത്തിച്ച് മാർഗം നടത്തിയതിൽ വണ്ണം തന്നെ തന്റെ ശിഷ്യർക്കും ആ മുഷ്കരത്വം കൊടുത്ത്, ലോകമതൊക്കയിലും അവരറുവിച്ചുവെന്ന് നിശ്ചയിച്ച് വിശ്വസിക്കണം.[1]



# 08. പലകൂട്ടം കാര്യങ്ങൾ

### 08.01 റൂഹാദകൂദശായോട് മറുത്ത പിഴകൾ[1]

റൂഹാദകുദശായോട് മറുത്ത പിഴകൾ ആറാകുന്നു.[2] എന്നാൽ

1-ാ മത് പട്ടാങ്ങയെന്നറിഞ്ഞും കൊണ്ട് തർക്കിക്കുന്നത്[3]

2-ാ മത് മറ്റൊരുത്തനു ചെയ്ത മനോഗുണത്തുംമേൽ പൈശനിക്കുന്നത്.

3-ാ മത് ഇതറിക്കൊള്ളാമെന്ന് നിശ്ചയിച്ച് പിഴെക്കുന്നത്

4-ാ മത് പിഴച്ചതിൻമേൽ വീണ്ടും ഇതറ്റം കൂടാതെ പാർക്കുന്നത്.

5-ാ മത് മോക്ഷം തരണമെന്നു നിശ്ചയിച്ച് ഒടുക്കത്തോളം പിഴെക്കുന്നത്

6-ാമത് ദോഷത്തിൽ മേൽ കേറിയാലും മോക്ഷം കിട്ടുകയില്ലെന്നുറയ്ക്കുന്നത്.

### 08.02. മസിലാലുദാ ശിലെമ്മോൻ[1]

മസിലാലുദാ ശിലെമ്മോൻ, ചതിവു വിതെക്കുന്നവൻ നങ്ങാണി അവൻ കൊയ്യും. അവന്റെ മനസ്സ് വെടിപ്പാകപ്പെട്ടതാകുന്നുയെന്നയവനെ തമ്പുരാൻ താൻ സ്നേഹിക്കുന്നു. അവന്റെ മാർഗങ്ങളിൽ നിന്ന് നീ പഠിക്കായ്‌വാനും, നിന്റെ ആത്മത്തിനു ഉതെപ്പ് നീ കണ്ടെത്തായ്‌വാനും, ഈ കാവൽക്കാരൻ പുരുഷന്ന് സ്നേഹക്കാരൻ നീ ആകരുതെന്നും, അരിശം നിറയപ്പെട്ടതാകുന്ന പുരുഷനോടുകൂടെ നീ പോകയും അരുത് എന്നും, അവന്റെ ചുണ്ടകളിൽ തത്രപ്പെട്ടവനാകുന്നവനോടുകൂടെ നീ കലരപ്പെടരുതെന്നും, പൊന്നെക്കായിലും വെള്ളിയെക്കായിലും സ്നേഹം നല്ലതാകുന്നുയെന്നും,

അവന്റെ മനസ് വിഷമിക്കപ്പെട്ടവനാകുന്നന്ന് അവൻ നന്മയവൻ കണ്ടെത്തുന്നില്ലെന്നും, അവന്റെ വചനങ്ങൾ മുടക്കുന്നെന്നയവൻ,അറിവ് അവൻ അറിയുന്നും ക്ഷെമിക്കുന്നൂംയെന്നയവൻ ബോധജ്ഞാനപ്പെട്ട പുരുഷനാകുന്നൂ. ഭോഷന്റെ അവന്റെ ചുണ്ടുകൾ ശൊദ്യത്താലവ പൂകുന്നൂ.[2]

### 08.03. പുത്തൻ ശാസ്ത്രം[1]

കെറ്റത്തിനു യോഹന്നാന്റെ മാമോദീസാ, തികവിന്നു കർത്താവിന്റെ മാമോദിസാ. ചോരയാലെ സഹദെന്മാരുടെ മാമോദിസാ, കരച്ചിലാലെ കണ്ണുനീരുകളുടെ മാമോദിസാ. തീയാലെ മറ്റു മാമോദീസാ.

മൂശെക്കു പകരം മിശിഹാ. ഒരയിത്തായ്ക്കു പകരം ഏവൻഗെലിയോൻ. ചനിയാഴ്ചക്കുപകരം ഞായറാഴ്ച. വറുഗീതിന്നു പകരം മാമോദീസാ. നിവ്യാൻമാർക്കു പകരം ശ്ലീഹന്മാർ. വിഹഗങ്ങൾക്കും ആടുകൾക്കും പകരം തമ്പുരാൻതന്റെ കുഞ്ഞാട്. മന്നായിക്കും പത്തീറായ്ക്കും പകരം ആകാശത്തിൽ

www.malankaralibrary.com

നിന്നിറങ്ങിയെന്ന ഉയിർപ്പുകളുടെ അപ്പം. ഒറെശ്ലെമിന്നു പകരം തന്റെ പ്രമാണങ്ങളുടെ മാർഗമായി അതിനു നാം പാർക്കുന്നൂയെന്ന മേലിന്നുള്ള ഒറശ്ലെം. കൂട്ടത്തിനു പകരം പള്ളി. യൂദിനുടെ നാട്ടിനു പകരം അറആദഹായെ എന്നാൽ ഉയിർപ്പുകളുടെ ഭൂമി.[2]

**08.04. പൊസ്തകത്തിന്റെ മെമ്പിറാ എഴുതുന്നു[1]**

ബഗിൽ ഉദറാന്മാർക്ക് ആലൊഹാ ബിസ്ലാസ കെൽകെനെന്മശമഹാബെന്മക്റാന്മസ ചുന്മാഹാമൻ സെവിനാ മെന്മറത്തൂമിഹാ വെക്കുസാവെ ആലൊഹായെ കുല്സ്യന്മെ ഏത്താനായെ കോൽക്കദുന്മായെ ബഹറായെ സെദറിനാക്ദ കാറോയെ മക്കസ്ബാനെ മദുകറിനാ ദെലെയീൻ അക്സെബന്മാ ബാദെക്കിനാകുദ അൽ ആലൊഹാത്തതിൽ നാമിൻ മുശ ഗാന്ശാറെനാ ഒറയിത്താ ഹമിശാ സെപ്പ്രെ ബ്രിസാ ബസ്പാ മപ്പുക്കാനാ ബസ്പറക്കഹനെ മെനിയാനം ഉസെപ്രതെനിയൻ നാന്മൊസാ ഉകെന്റെ കസാബാദീശൊവർന്നൊൻ പാസറ ഗാദെ അംശവത്ത ബശ്മുയെൽ ബസ്പറുമൽക്കെ ബസ്പറദബറിയാന്മീന്റം ഒസമസുമുറെ ദദാവിത്മൽക്കാ ഉമസിലാവു ദശിലെന്മോൻ കുശലം സശീറ സുശീറിൻ വറുസീറാ ഉഹെക് മസാറവുസാ ഈയൊബ ഏശായാ ഒശായുയെൽ ആന്മൊസു ഊപദിയായൌനാൻ മീകാ നാഹൊ അംഗെപുക്കൊ കുസ്പനിയാ ഹംഗിവസ്ക്കറിയാ ഉമാലാതിഅം എറമിയാ ഉഹസ്ക്കിയേൽ അപ്പുദാനിയേൽ ഈ ഹൂദീയ  ഉപെസ്തീറ ശോശാൻ എസറാ ദാനിയേൽ സഒറാ എൽ സെദുബാറെൽ സപ്പ്രാമശ്ശൽ മാനസ്സക്കശ്ലീശെ ബദയൊസിപ്പൊ സമക്കുസ്ബാ നാമസലെ ഉത്തശയി സബനൈശ്മൊനി. ബക്കുസ്ബാത്തൂബദ മക്കുബായെ ഉത്തശയി സഹെറൊദെസ മൽക്കാബക്കു സാബാദ ഹൂദ ബാഹറായാ ഒറശ്ലെം ദബീ ദൈത്തെത്തസ ബക്കുസാബദയിയാസ അത്താസ യൌസെപ്പുക്കെനാ ബറു യാക്കൊ ബക്കുസാബാദ ക്രുബാനാ ക്രൂബീസാ സാദീക്കാ ഈസർല്ലായൊ.[2]

ഒറെയിത്താ അഞ്ചു സെപ്പ്രാ. 1-ാമത് സൃഷ്ടിപ്പിനുടെ പുസ്തകം. 2-ാമത് പ്രപ്പാടിനുടെ പുസ്തകം. 3-ാമത് പട്ടക്കാരുടെ പുസ്തകം. 4-ാമത് വഴിപാടുകളുടെ പുസ്തകം. 5-ാമത് വീണ്ടും മാർഗം കൽപിച്ച പുസ്തകം.[3]

ഈശൊവർന്നൊന്റെ പുസ്തകം.[4] ഞായക്കാരുടെ പുസ്തകം,[5] ശമുയേലിന്റെ പുസ്തകം 2.[6] രാജാക്കളുടെ പുസ്തകം 2.[7] ബെറിയാമിന്റെ പുസ്തകം 2.[8] ഹഒസെന്ന സ്ത്രീയുടെ പുസ്തകം.[9] ദാവീദിന്റെ മസുമുറാ പുസ്തകം.[10] മസ്ലാവുദസ്ലെന്മോന്റെ പുസ്തകം.[11] ശ്ലെന്മോന്റെ ഒപ്പാരികളാകുന്ന കൂഹലാസെന്ന പൊസ്തകം.[12] എസ്രാക്കഹനായുടെ പുസ്തകം.[13] ചെറിയ ദാനിയേലിന്റെ പുസ്തകം.[14] ബാറൊക് നിവ്യായുടെ പുസ്തകം.[15] മൂപ്പൻമാരുടെ പുസ്തകം.[16] എഴുത്തുകാരൻ യൗസെപ്പിന്റെ പുസ്തകം.[17] ശ്മൂനിയുടെ മക്കളുടെ വിശേഷ പുസ്തകം.[18]

മക്കബായെക്കാരുടെ പുസ്തകം.[19] ഹൊരൊദാ രാജാവിന്റെ വിശേഷ പുസ്തകം.[20] തൈത്തൊസിന്റെ കൈകളാലെ എഴുതപ്പെട്ട ഒറശ്ലെമിന്റെ നശിപ്പിനുടെ പുസ്തകം.[21] യാക്കൊയുടെ പുത്രൻ യൗസെപ്പിന്റെ സ്ത്രീ അബിയാസിന്റെ പുസ്തകം.[22]

ദാവീദിന്റെ പുസ്തകം. 6-ാം മസുമൂറാ ഒന്നമത്തേത്.  32-ാമത്തേത്



രണ്ടാമത്തേത്. 38-ാമത്തേത് മൂന്നാമത്തേത്. 31-ാമത്തേത് നാലാമത്തേത്. 102-ാമത്തേത് 5-ാമത്തേത് 139-ാമത്തേത് ആറാമത്തേത് 143-ാമത്തേത് 7-ാമത്തേത്.[23]

ശ്ലെന്മൊന്റെ ബോധജ്ഞാനവും പ്രത്യക്ഷങ്ങളായ അതിശയപ്പെട്ട മൊഴികളും. ശിറസുശീറിൽ എന്ന പുസ്തകം സ്തുതികളുടെ സ്തുതിയാകുന്നു.[24] ശ്ലെന്മോന്റെ ഒപ്പാരിയും മൊഴികൾ മറവും ആകുന്നൂ. ഈശൊവറുസീറാ പുസ്തകം തമ്പുരാന്റെ ബോധജ്ഞാനം.[25] ഹെക്മസാറവുസാ എന്ന പുസ്തകം ശ്ലെന്മോന്റെ വല്യ ബോധജ്ഞാനങ്ങൾ.[26] .ഇയ്യോബിന്റെ പുസ്തകം.

നിവീയുസാ[27] ഏശായുടെ പുസ്തകം. ഹോശായുടെ പുസ്തകം. യൂയേലിന്റെ പുസ്തകം. ആന്മൊസിന്റെ പുസ്തകം. ഉവദിയായുടെ പുസ്തകം. യൗനാൻ നിവ്യായുടെ പുസ്തകം. മീകാ നിവ്യായുടെ പുസ്തകം. നാഹോന്മിന്റെ പുസ്തകം. ഹെബ്ക്കൂക്കിന്റെ പുസ്തകം. സ്പനിയായുടെ പുസ്തകം. ഹസ്കിനിവ്യായുടെ പുസ്തകം. സുഹിയാ നിവ്യായുടെ പുസ്തകം. മാലാഖി നിവ്യായുടെ പുസ്തകം. ഇറമ്യായുടെ പുസ്തകം.  ഹസ്ക്കീയേലിന്റെ പുസ്തകം. ദാനിയേലിന്റെ പുസ്തകം. ആക നിവ്യസാ 16.[28]

യിഹൂസിന്റെ പുസ്തകം,[29] എസ്ഥീറിന്റെ പുസ്തകം,[30] ശൂശാന്റെ പുസ്തകം.[31] ഇതു മൂന്നു സ്ത്രീകൾ.[31]

**08.05 പതവികളുടെ അവകാശം[1]**

കാറൊയാ[2] - പുസ്തകം തനിക്കു കിട്ടപ്പെട്ടു.

ഗൂപ്പദൂയക്കിനാ[3] - പൊൻ വാണിഭക്കാരെ ചമ്മട്ടികളാലെ പുറപ്പെടിച്ചു

മശമിനാ[4] - ശിഷ്യരുടെ കാലുകൾ താൻ കഴുകി.

കശീശാ[5] - അപ്പം താൻ വാഴ്ത്തി.

വികാരി[6] - പ്രദക്ഷിണം വയ്ക്കപ്പെടുന്നു. നൊമ്പരങ്ങളും രോഗങ്ങളും താൻ പൊറുപ്പിക്കുന്നു.

കോറപ്പസ്ക്കോപ്പാ[7] - തന്റെ തിരുമുന്നിൽ ഈരണ്ടീരണ്ടുപേരെ താൻ യാത്രാക്കി.

അപ്പസ്ക്കോപ്പാ[8] - അവരിൽ താൻ ശ്വാസമിട്ടു.

മെത്രാപൊലിത്താ[9] - നേരത്തിൽ നീ തിരിയപ്പെട്ട നിന്റെ കൂടപ്രപ്പുകളെ നീ ഉറപ്പിക്ക

പാത്രിയർക്കാ[10] - താൻ പറന്നും കൊണ്ട് ബസുദുസൈത്തെയെന്ന് വിളിക്കപ്പെടുന്നുയെന്ന മലയിൽ താൻ പോയി.

ആകാശത്തിലുള്ള പതവികൾക്ക് പകരം ഭൂമിയിൽ കൽപിച്ച 9 പതവിക്കു വിവരം.[11]

മാലാകെ, റെശൈ മാലാകെ, റെശിനുവാസാ -  കാറൊയാ. ഹൂപ്പദുയാക്കിനാ. മശമിശാനാ.

ശൂൽത്താനെ, മവുത്തുവെ, മറാവാസ, - കഹനാ, സഒറാ, കോറപ്പസ്കോപ്പാ,

ഹയിലാവാസ, ക്രൊവെ, സ്രാപ്പെ- അപ്പിസ്ക്കൊപ്പ, മെത്രാപൌലിത്താ

www.malankaralibrary.com

കാസൊലിക്കാ.

ഇങ്ങനെ 9 പതവി.

സൽത്തൊനാ, തോശാ - ഇത രണ്ടും മണി കൊട്ടുന്നവൻ[12]

മസമറാനാ - മദുബഹായുടെ ചിറ്റായ്മക്കാരൻ[13]

മബുന്മിയാനാ - ഹയ്കലായുടെ താക്കൊക്കാരൻ.[14]

### 08.06. അനുബന്ധ കാര്യങ്ങൾ

#### 08.06.01. നമ്മുടെ കർത്താവിനെ കൊണ്ടുപോയ ഇടങ്ങൾ.[1]

മുന്നമേ ഹന്നാനിടത്ത്, കയ്യാപ്പായേടത്ത്, അവരുടെ കൂട്ടങ്ങൾക്ക്, പീലാത്തോസു പക്കൽ, ഹെരൊദെസു പക്കൽ, ന്യായ സ്ഥലത്തിന്, പീലാത്തോസു പക്കൽ, ഗോഗുൽത്തായിലും

#### 08.06.02. നമ്മുടെ കർത്താവിന്റെ പീഡനങ്ങൾ.[1]

ദീനസപ്പാട്ടിനുടെ രാത്രിയിൽ 40 വട്ടം അടികൾ. 37500 ചോരത്തുള്ളി. 5475 വീഴ്ച. 222 തുപ്പിയത്. 73 വട്ടം അവരുടെ കൈകളാലെ തന്നെ അവരു പിടിച്ചും കൊണ്ട് തന്റെ വാമേലവരടിച്ചു. 6666 വലികളവരു വലിച്ചു. സ്ലീവായുടെ നീളം 15 അളവ്. ചുമന്നുകൊണ്ട് 5 വട്ടം വീണു.[2]

#### 08.06.03. ചില സ്ത്രീകൾ[1]

പീലാത്തോസിന്റെ സ്ത്രീയുടെ പേര് പ്രൊക്കലീസ്.

ചമ്രായെക്കാരത്തിയുടെ പേരു പൊത്തീനാ.

അവിടെ ചോരയൊഴുകുന്നൂ ചെന്നവളുടെ പേര് പേർനീക്കോയോ.

ആനാശിന്റെ മക്കൾ ബാബുസ്താ.[2]

#### 08.06.04 ഉയിർപ്പിനു ശേഷം പ്രത്യക്ഷപ്പെട്ടത്.[1]

മരിക്കപ്പെട്ടവരുടെ എടത്തിൽനിന്നും താനുയർത്തതിന്റെ ശേഷം പത്തുവട്ടം തന്നെ കാണപ്പെട്ടത്

ഒന്നാമതു മറിയം മഗ്ദലത്താക്ക്. 2-ാമത് ശ്ലീലായിൽ. 3-ാമത് അവരു കൂട പ്പെട്ടവരാകുന്നപ്പോൾ 10 നും. 4-ാമത് ശിമഒന്ന്. 5-ാമത് കലിയോപ്പായ്ക്ക്. 6-ാമത് അവരു കൂടപ്പെട്ടവരാകുന്നപ്പോൾ പതിനൊന്നിനും. 7-ാമത് മഗ്ദലത്തായ്ക്ക്. 8-ാമത് മാളികയിൽ. 9-ാമത് മാളികയിൽ അതിൽത്തന്നെ. 10-ാമത് തെവെറി യോസിന്റെ കടലരികത്തുംമേൽ ശിമഒൻ മുതൽ പേർക്കു കണ്ടു.[2]

#### 08.06.05. മലങ്കര നിന്നു അന്ത്യോഹ്യക്കുള്ള വഴി[1]

മലംകരെ നിന്ന അന്ത്യോഹയ്ക്കു പോകുവാൻ ഒള്ള വഴിയുടെ വിവരം എഴുതുന്നു.[2] കൊച്ചിയിൽ നിന്ന് വഗുദംസിന്നു[3] രണ്ടു മാസത്തെ ഒട്ടും വട ക്കൊട്ടു ഒടിയാൽ വഗദംസിന്നു ചെല്ലും. ഇതിന്നു ആൾ ഒന്നുക്കു കപ്പക്കൂലി അറുപതു രൂപാ ചെല്ലും. യാവന കപ്പക്കാരൻ തന്നെ കൊടുക്കുന്നു എങ്കിൽ നാൽപതു രൂപാകൂടി കൊടുക്കുകയും വേണം. വഗദംസിൽ നിന്ന വടക്കൊട്ടു നിനവെക്കു[4] പത്തു ദിവസത്തെ വഴി കരെക്കു നടക്കണം. എന്നാൽ നിനവെക്കു എത്തും. നിനവെയിൽ നിന്നു വടക്കോട്ട അന്ത്യോഹയ്ക്കു[5] ഏഴുദിവസത്തെ



വഴി കരെയ്ക്കു നടന്നാൽ അന്ത്യോഹയ്ക്കു എത്തും. അന്ത്യോഹയിൽ നിന്നു പടിഞ്ഞാട്ടു ആറുദിവസത്തെ വഴി കരെയ്ക്കു നടന്നാൽ ബൂർപ്പ്[6] നഗരിക്കു ചെല്ലും. അവിടെ നിന്നു പടിഞ്ഞാട്ടു ആറുദിവസത്തെ വഴി കരെയ്ക്കു നട ന്നാൽ ഹാലവനു[7] ചെല്ലും. അവിടെ നിന്ന പടിഞ്ഞാട്ട അഞ്ചുദിവസം കൊണ്ട പെറുവായ്ക്കു ചെല്ലും.[8] പെറിവായിൽ നിന്ന പടിഞ്ഞാട്ട കപ്പൽ കരെറിയാൽ പത്തു ദിവസം കൊണ്ട ഓർശ്ലാവിന്നു എത്തും.[9]

#### 08.06.06. ഒരു പരൂക്ഷ കാൺമാൻ[1]

ദൂതൻ ചൊന്ന നാൾതൊട്ട് ആദ്രാന്തം എണ്ണി ക്രമാൽ. നാലിൽ പെരുക്കീട്ട ങ്ങതിനെ ഏഴിൽ കിഴിച്ചീടിനാൽ ശിഷ്ടം വരുന്നത് ഒന്നുമുതൽ ഏഴുവരെയും എണ്ണണം. ആദ്രാന്തം എന്നു ചൊല്ലിയതു തിരുവാതിര അഞ്ചാം നാളോളം കാണു ന്നതിന് അങ്ങുനിളകീല്ല. വന്നിതുടനെ ചെമ്മെ വഴികൂടിനാൻ ബെദ്ധപ്പാടഥ രോഗം അൻപൊടു വരും വന്നീടുകില്ലവൻ.[2]

ആടു, പാമ്പ്, മകയിരം, തൃക്കേട്ട, തിരുവാതിര, മൂലം, പൂരം, പൂരാടം, പൂരുരു ട്ടാതി, അവിട്ടം, ചതയം ഇന്നാൾക്കു മരണം വന്നാൽ ആണ്ടിനകം അനന്തിര വർക്കു നാശം.[3]

#### 08.06.07. മനുഷർക്കുള്ളത്[1].

(12)[2]കോടിരോമം(3)കോടി നാടി (108)ശ്വാസം (360)അസ്തി. 6 വിരൽ ശ്വാസം അകത്തു, നാലു വിരൽ ശ്വാസം പിറത്ത്. ഇങ്ങനെ ശരീരം ഇരിപ്പ്.

ശരീരം 96 വിരൽ. മാംസം 110 പലം. കണ്ണു രണ്ടും ഓരോ കഴഞ്ച്. നാക്കു നാലു കഴഞ്ച്. മൂക്കു മുക്കഴഞ്ച്. ചെറുകുടൽ (18)മുളം. കരളും നൈവലയും കൂടെ 10 പലം. തലച്ചോറു 3 പലം. ചോര 12 കഴഞ്ച്. സ്ത്രീകൾക്ക് യോനി 8 വിരൽ. പുരുഷന് ലിങ്ഗം 4 വിരൽ

കഴുത്തിനുമേൽ 307 വ്യാധി. ചെവി രണ്ടിലും 56 വ്യാധി. വായിൽ 188 വ്യാധി. കണ്ണിൽ 96 വ്യാധി. കഴുത്തിൽ 6 വ്യാധി. മൂക്കിൽ 27 വ്യാധി. കവിളു രണ്ടിലും 30 വ്യാധി. നെറ്റിമേൽ 8 വ്യാധി. പിലടക്ക് 10 വ്യാധി.

മുഖത്ത് ബ്രാഹ്മണൻ. കൈ ക്ഷത്രിയൻ. ഉദരം വൈശ്യൻ. പാദം ശൂദ്രൻ. ഇങ്ങനെ ജാതിവംശം.

പഞ്ചേന്ദ്രിയം. ശ്രോത്ര, ചക്ഷു, ജിഹ്വ ഘ്രാണ, ചർമ്മ ഇങ്ങനെ.

പ്രാണവായു, അപാനവായു, സമാനവായു, ഉദാനവായു, വ്യാനവായു. ഇങ്ങനെ അഞ്ചുവായു.

തൊക്ക്, രുധിരം, മാസം, വസ, മേദസ്സ, മജ്ജ, അസ്തി, ശുക്ലം, ധാധുക്കൾ ഇങ്ങനെ ഏഴ്.

വേദ ശാസ്ത്രം, പുരാണ ശാസ്ത്രം, കാവ്യ ശാസ്ത്രം, ശബ്ദ ശാസ്ത്രം, ശിൽപ്പി ശാസ്ത്രം, ഭരണ ശാസ്ത്രം ഇങ്ങനെ ആറ് ശാസ്ത്രം.

ആയുർ ശാസ്ത്രം, നാടക ശാസ്ത്രം, തർക്ക ശാസ്ത്രം, ബൗദ്ധ ശാസ്ത്രം, വ്യാകരണ ശാസ്ത്രം, മാലിമ ശാസ്ത്രം[3], മദന ശാസ്ത്രം,

അയനയം, അഭിനയം, വ്യയനയം, സ്തുദിനയം, വചനയം[4]. ഇങ്ങനെ ആറ് നയം.

www.malankaralibrary.com

സാമം, ദാനം, ഭേദം, ദെണ്ഡം, ഇങ്ങനെ നാലുപായം

തത്ത്വഗുണം, തപോഗുണം, തേജോഗുണം. ഇങ്ങനെ മൂന്നു ഗുണം.[5]

**08.06.08. വഴിപോകുവാൻ പരൂക്ഷ കാണുന്നതിന്[1]**

| | | | | |
|---|---|---|---|---|
| 3 | 20 | 9 | 14 | 1 |
| 10 | 15 | 2 | 19 | 24 |
| 21 | 4 | 25 | 8 | 13 |
| 16 | 11 | 6 | 23 | 18 |
| 5 | 22 | 17 | 12 | 7 |

ഈ അക്കം തൊട്ടുകണ്ടാൽ കാണുന്നതിനു വിവരം[2]

1. നല്ല വടിവു കാണും
2. മരണം വരും
3. ഇരുട്ടില്ലായെന്ന് വെളിവുണ്ടാകും
4. കടുമപ്പെട്ട ശോദ്യമുണ്ടാകും.
5. ഉടൻ മന്ദമായിട്ടുള്ള ഉറക്കമുണ്ടാകും
6. മരണം ഒണ്ടാകും
7. അന്വേഷിക്കുന്നുയെന്ന വസ്തു കണ്ടെത്തുകയില്ല
8. വല്യ അനുകൂലം ഒണ്ടാകും
9. ഏറിയ വഴി നടക്കും
10. പാലാലെയും നെയ്യാലെയും അപ്പം നീ തിന്നും
11. ദ്രവ്യം എടുത്ത് പെരികെ കൊടുക്കും
12. വഴിയിൽ നടക്കും
13. നീ നടന്ന വഴിയിൽ നീ ചുറ്റും
14. വെള്ളത്തിലും കുഴിയിലും നീ വീഴും
15. നിന്റെ അണയപ്പെട്ടവൻ നിന്റെമേൽ അവൻ അനുകൂലപ്പെടും
16. ഒരു വീട്ടുംമേൽ ക്ഷീണതയാലെ നീ ചിറ്റാണ്മ ചെയ്യപ്പെടും
17. ദേവതകളെയും ചതിക്കാരെയും നീ കാണും
18. പെണ്ണു നീ കെട്ടും
19. തെളിവാലെ പൊന്നു നീ എടുക്കും
20. കാര്യം നല്ലത് അതാകും
21. സുഗന്ധാദികൾ നീ പൂശും
22. വെള്ളിയുടെ വെഞ്ചനാദികൾ നീ ഭൂഷ്യം
23. വാളാലെ ചോര ചിന്തുന്നവർ അവരാകും



24. വല്യദോഷം അതാകും
25. കടുമപ്പെട്ട മരണം അവ വരും[3]

**08.06.09. ശോദ്യക്കണക്കു.[1]**

ശ്രീരാമൻ രാവണവധം ചെയ്വാനായിട്ട് അലയാഴിയിൽ കെട്ടിയ ചെറ 400 കാതം നീളം, 40 കാതം വീതി. മഴ പെയ്തപ്പോൾ ചാൺ ചതിരത്തിൽ 1000 തുള്ളി വീണു. എന്നാൽ എത്ര തള്ളിയെന്നും എത്ര പറയെന്നും ചൊല്ലുക.

ഇതിന്നുവഴി കാതത്തിന്റെ കോൽ 8000 ത്തെ വീതി 40 ൽ പെരുകിയത് 3,20,000 എന്നു നിറുത്തി. ഇനീം നീളം 400 കാതവും കോലളവു 8,000 ത്തിൽ പെരുക്കിയത് 32,00,000 ഇതിനെ മുൻനിറുത്തിയത് 3,20,000 ത്തിൽ പെരുക്കുക. അത് 10,24,00,00,00,000 ചതിരം. ഇതിനെ 16 (?) ൽ പെരുക്കി 16,38,40,00,00,00,000 ചാൺ ചതിരം. ഇതിനെ പെയ്യുന്ന തുള്ളി 1,000 ത്തിൽ പെരുക്കിയത് 16,38,40,00,00,00,00,000 തുള്ളിയെന്നറിക. ഇതിനെ 64,000 ത്തിൽ കഴിക്കാ. 2,56,00,00,00,000 പറയുണ്ടെന്നുമറികാ.[2]

**08.06.10. പട്ടിക.[1]**

ഒരു കോൽക്ക് മൂന്നു ചുവട്.
ഒരുകോൽ വട്ടത്തിന് 7/22(?) കോൽ നീട്ടം.
ഒരു കോൽ നീട്ടത്തിന് 3 1/7 (?) കോൽ വട്ടം.
ഒരു കോൽക്ക് രണ്ടു മുഴം ചാൺ നാല്.
ഒരു കാതത്തിന് കൂവിടു നാല്.
ദണ്ഡ് – 2,000 കോൽ 8,000 ഒരു കാതത്തിനെന്നറിക.
ഒരു കാതത്തിന് ചുവട് 24,000.
മുഴം – 16,000 ചാൺ 32,000.
വിരൽ – 1,92,000.
തോര – 15,36,000 (15,00,000 (?)).
നെല്ല് – 36,000 (?).
എള്ള് – കോടി 22,88,000(?).
കടുകൻ – കോടി 8,03,40,000 (?).[2]

www.malankaralibrary.com

# 09. വജ്രലക്ഷണം'

*.........വ്യാഴത്തിന്റെ പ്രഭപോലയും, ആദിത്ത്യന്റെ കതിർകൾപോലെയും ചേർന്ന മേനി പാൽവർണ്ണം ............ മേലെ നീർക്കൊള്ളി പോലെയും ധവള മേനിപോലെയും തോന്നിയിരിക്കും.*

ഇതിനു ലക്ഷണം, ആറുകോണും, എട്ടു ലെകപ്പാടും, പന്ത്രണ്ടു താരയും, ഉരയിട്ടു കണ്ടാൽ ഉരകല്ലു തേഞ്ഞും, മണലിട്ടു തേച്ചാൽ മണൽ പൊടിയായ്പൊഴിഞ്ഞും. ഇതു ജാതി. വർണ്ണം ഇതിനു കീഴെത്തരമായിരിക്കും. കുന്തക്കല വൈരം ഇതിന്നു ലക്ഷണം. വെൺനിറത്തിലൊളിവും പുളുങ്കുമേനിയും തോന്നിയിരിക്കും. കോണു നാലും, പാടു രണ്ടുമായിരിക്കും. അന്തര ജാതിയായിരിക്കുന്നതിൽ ചെതി വൈരം വെൺപാടു രേഖയും,

*കോൺകാരൊളി ഇന്ദ്രനീലമതിൽത്തെളിഞ്ഞിരുനാലുവർക്കരിതര മേനി കൊണ്ടിരുപാടുമാറിയ പുവികായുംതാകിയകൊണ്ട്, ചിമതിലൊന്നു ചംകീരിൽ നീലമൊന്നു പണ്ടമോഴിഞ്ഞു. പലനിറം കലർന്നതും മണ്ടരേഖം.*

ഇതിൻ പൊരുൾ നീലം ജാതിയാകുന്നത് ഇട ചീർത്തിരിക്കും. ഇതിനുവർണ്ണം തെളിവുപോലയും, നീലവണ്ടിൻ നിറം പോലയും തോന്നിയിരിക്കും. ഇരുനീലം ചേർന്ന മേനി എളനിയും മുണ്ടിൽ നിറം കൊണ്ടിരിക്കും.അതിന് പിറമാരിയിരിക്കും പുക്കുനീലം. കായാമ്പു മേനിയായിരിക്കും. നീർപുക്കു നീലവും, കരപ്പുക്കനീരവും, കറുത്ത ശംഖുപുഷ്പം മേനിയായിരിക്കുമെന്നറികാ. അതിനുകീഴെ മാറിയായിരിക്കും പുവിതായും കരിവിതായും പുത്തെന്നിയെന്ന ദേശത്തുണ്ടായതിൽ പൂവിതായിരിക്കും. വിലപേറും കാണും. പുക്കു നീലം മുന്നിലും, നീർപുക്കു നീലത്തിലും, വെലപെറും കാണും. കൊംകനീലവും, കെടശത്തു നീലവും കൊങ്കണരാജ്യത്തും, കോഴിക്കോട്ടും ഉണ്ടായതിൽ ചേർന്നുള്ള രേഖയായിരിപ്പു നീലമെന്നറിക.

*ആസുരാതിയോ പയോന്നിദാ മതാനങ്കകാലെ ആത്മീകരതാരിൽമേവ്യ ചക്രമേറ്റൊരു രാക്ഷസന്റെ നിറമഴകൊടു തേനുവിലോച്ചെന്നത്തിരി മിന്നൽ പോലെ തിറമതിലേവന്ന തീരെപ്പുമേനി അറിഞ്ഞു ചൊൽക.*

ഇതിൻപൊരുൾ ഗോമേതകം ജാതിയാകുന്നത്..............പത്മരാഗം, കിലിഞ്ചിമാണികം, പുതുക്കോമാണിക്യം, ചിവന്തിമാണിക്യം, എറമാണിക്കം, ഇത് ക്രമാൽ അന്തരം ജാതിയെന്ന് അറിക. നിറമൊത്ത മുത്തിലൊരാണിവർഗം.

*അശമേകയിൽ അന്തരം ചി തെളിഞ്ഞതു രണ്ടോടു രണ്ടു വർഗം. നേശമോടു തേപ്പുംമേൽ കരടും തെളിഞ്ഞൊരു പാണി ചേരും നിശിതെളിവോടിരുന്ന മതിക്കുറുതിയിലുള്ളതാം.*

ഇതിൻ പൊരുൾ. മുത്തിന്നു വർഗമേറിയേണ്ടുകിൽ ആണിമുത്തും ഇതിന്നു



ലക്ഷണം. മേഘവർണത്തിൽ ധവളമേനിയായിരിക്കും ചെന്നീർക്കിളമയും കൽപത്തിയും ശുക്ലമേനിയായിരിക്കും. ഇടിമയും എടയാടിയും കായപ്പാണിയും ആകാശമേനിയായിരിക്കും. പൊടിയും മേൽ കരടും, തെപ്പും അന്തരജാതി ധൂപരേഖയായിരിക്കും എന്നറികാ.

*ചാരുതരത്തിലാരനതുല്യമായതു താമ്രവർണ്ണം നേരൊരുപാടടുത്തതിനോടുചേർന്നു വരണ്ടു രേഖ ചാരുതയുള്ള പിവിലിന്തേപ്പിരുപാടു.......... രുപാടു പൂശിയ മൺ പിടിച്ചതു രേഖയൊന്ന്.*

ഇതിന്റെ പൊരുൾ...........മുത്തുനിറം ശശിക്കു, അർക്കനിറം കറുത്തിരുൾകൊണ്ട് വജ്രനിറം മുനിക്കു, തർക്കമൊഴിഞ്ഞു പുഷ്പനിറം തെളിഞ്ഞത് ശീഷ്പതിക്ക.

*പിമ രേഖയൊത്തത് ഭൗമിചന്ദ്രിചൂഢം കിരമിരിൾകൊണ്ടു നെരൊളിവോടു കണ്ടതു മന്ദശ്രഗാ കരുണ കിരണങ്ങളാഴികയിൽ മാറി വന്ന നിറം ശിഖിക്ക്.*

ഇതിൻ പൊരുൾ. നവ രത്നം മൂലമറിയേണ്ടുകിൽ.ആദിതൃരേഖയിൽ ആറു വഴി രത്നങ്ങൾ. ചന്ദ്രൻ രേഖയിൽ പന്ത്രണ്ടുവഴിരത്നങ്ങൾ. ചൊവ്വാ രേഖയിൽ അഞ്ചുവഴി രത്നങ്ങൾ. ബുധ രേഖയിൽ എട്ടുവഴി രത്നങ്ങൾ. വ്യാഴ രേഖയിൽ നാലുവഴി രത്നങ്ങൾ. ചുക്ര രേഖയിൽ ആറുവഴി രത്നങ്ങൾ. ചനി രേഖയിൽ 8 വഴിരത്നങ്ങൾ. രാഗുരേഖയിൽ 4 വഴി രത്നങ്ങൾ. കേതു രേഖയിൽ 4 വഴി രത്നങ്ങൾ. ഇതു നവരത്മ മേനിയെന്നറികാ.

*ദിനകരനോട് നേരൊളിവായിരുന്നതു പത്മരാഗം. കനമിയലുമിറവാ പുതുക്കൊടിയും ചിവന്തിയും മർക്ക മേഘതനമിയലും കിലിഞ്ചിപ്പലിഞ്ചിക്കണ്ടതു സൂര്യകാന്തം. കനിവോടു കണ്ട രേഖയിൽ അന്തരാശി അറിഞ്ഞു ചൊൽക.*

ഇതിൻ പൊരുൾ സൂർയ്യനു മുഖമായിരിക്കും..........തിനുമെന്യെ വെണ്മയിൽ മിഴിനിറം കൊണ്ടിരിക്കുമെന്നറികാ.

*.......... നിറമിയലുന്ന പുഷ്കരമാംദളം പ്രതിപുഷ്ഷ്യരാഗം. പുറമിറമായിതൂവിതു രേഖയും. അരന്തരാശി നിറമിയലുന്ന മേനിയിൽ വെറുവേറെ തിരിച്ചു ചൊന്ന പുഷ്യരാഗ ജാതിതിരിച്ചു ചൊൽക.*

ഇതിൻ പൊരുൾ. പുഷ്യരാഗം ജാതിയാകുന്നത്, ഇട വീർത്തിരിക്കും. നിറമൊത്തു കണ്ടാൽ ചുഴിതാരി വർണ്ണം രണ്ടാം തരം. ഇയെറ്റൊടിർത്തിരിക്കും. നിറമൊത്തു കണ്ടാൽ കൊന്നപ്പൂ പൊടിപോലെയും. അന്തരാ ജാദി രണ്ടു ഇട നെർത്തിരിക്കും. നിറമോ കണ്ടാൽ ചിത പുഷ്പ മേനിയെന്നുമറികാ.

*മൈതമവനതിന്നെതിരായ വൈരമതിന്നു രേഖാ പൈത പൈയോ നിറം പേറുമെന്ന് മാക്ഷിക മേനിയൊന്നു കൈതമുത്തു നാലൊരുപാടിരുന്നതു മേനിയൊന്ന് ചേതിലിരുന്ന കോണിടെയും പൊടി കരടും ക്രമത്താൽ.*

ഇതിന്റെ പൊരുൾ. വൈര ജാതിയാകുന്നത് തേൻവർണ്ണം.ഇതിന്നു ലക്ഷണം ഇതിന്നു ലക്ഷണമാകുന്നത് താമ്ര വർണ്ണം . ഇതിന്നു ലക്ഷണം. കോവെക്കാ നിറമൊത്തിരിക്കും. ഉരയിട്ടു കണ്ടാൽ വെള്ളി മാറ്റൊത്തിരിക്കും. രണ്ടാം തരം വരട്ടു പവിഴം കണിപ്പു നിറമൊത്തിരിക്കും. ഉരയിട്ടു കണ്ടാൽ വെണ്ണീർ കൊണ്ടിരിക്കും. മക്കത്തു തേപ്പും, കോഴിക്കോട്ടു തേപ്പും, മൺകൊണ്ടു പിടിച്ചതും, അന്തര ജാതിയെന്നും അറിക.

www.malankaralibrary.com

*മരതകമേനി കണ്ടത് പച്ച വിദ്രുമ രേഖ മാറ്റും കരുതിയ കുപ്പി കുത്തു വരിക്കമ്പതി മാരെതയോടും വരമൊരുപാടു വിദ്രുമമെന്നുരപ്പതു മേനി രണ്ടുതരമുരചെയ്കര.......ടു രണ്ടു മേനിയിൽ വേറുവേറെ.*

ഇതിൻ പൊരുൾ. പച്ചക്കല്ലു ജാതിയാകുന്നത് മരതകം. ഇതിന്നു ലക്ഷണം. ഇട നേർന്നിരിക്കും. ഉരയിട്ടു കണ്ടാൽ പവിഴ മേനി തോന്നിയിരിക്കും. രണ്ടാം തരം പവിഴ പച്ചെക്കു ലക്ഷണം. ഇടയൊത്തിരിക്കും. ഉരയിട്ടു കണ്ടാൽ ചെന്നിറം കൊണ്ടിരിക്കും. മൂന്നാം തരം പുതു പച്ച. ഉരയിട്ടു കണ്ടാൽ പൊൻ മുറിച്ച വണ്ടോടുപോലെയും. ഇതിന് കീഴത്തരമായിരിക്കും താമ്പ്ര പച്ച. മാന്തോടു പച്ച. ഉരയിട്ടു കണ്ടാൽ വെൺനിറം കൊണ്ടിരിക്കും. തോന്നിരിക്കും. അന്തര ജാതി .......ണം. തിമിര കാലത്ത് ഗോനയെനത്തിൽ കണ്ട മിന്നൽപോലെ തോന്നിയിരിക്കും. രണ്ടാം തരം വജ്രം രേഖാ. ഇതിനു ലക്ഷണം ഇയൊറ്റൊത്തിരിക്കും. പിലിപ്പുറ മേനിയിൽ പീത രേഖ തോന്നിയിരിക്കും. അന്തര ജാദികൾ രണ്ടും ഇട നെർത്തിരിക്കും. ധൂമരേഖയിൽ വെൺമേഘ നിറമായിരിക്കുമെന്നറികാ.

*പട്ടതിലൊന്ന് ചട്ടമാറുവന്ന ശിഖലു രേഖ തിമതിയിലൊന്നു മാറിയ പുത്തിറത്തിലുമൊന്നു രേഖാ പിമതിനമായിരുന്നതിൽ മാറി വന്നതു ദണ്ഡ രക്ഷ നിറമതിൽ മാറിവന്നതറിഞ്ഞു നേരുമ ചെയ്വിനെന്നെ.*

ഇതിൽ പൊരുൾ. വൈഡൂർയ്യം ജാതിയാകുന്നത് വർണ്ണമറിയേണ്ടുകിൽ. കനക പുഷ്യരാഗത്തിലും തുവർഢില്ലിയിലും തിരിവറ്റിരിക്കും. രണ്ടാം തരം കിമ വൈഢൂർയ്യം. മതിരത്തു വർജല്ലിയിലും തെളിവായിരിക്കും. അതിനു കീഴെത്തതമായിരിക്കും. പുത്താകാരാചവതുവവർല്ലിയിലും തിരിവായിരിക്കും. അന്തര ജാതിയായിരിക്കും. ഗോദണ്ഡകപ്പടിപാഴാത്തിൻ തെളിവായിരിക്കുമെന്നുമറികാ ഇതിൻവഴി നവരത്ന മേനിയെന്നറികാ. ഇനി ഏക നിറമായിരിക്കും.

രത്നങ്ങൾ അറിയേണ്ടുകിൽ. പത്മരാഗവും, കിലിഞ്ചിമാണിക്യവും, ഇന്ദ്രനീലവും, ഇളനീലവും, ജാതി വൈഡൂര്യവും, ജാതി പുഷ്യരാഗവും, ജാതി ഇരപ്പു ഗൊമേതകവും, ഇച്ചൊല്ലിയ രത്നങ്ങളകനിറമായിരിക്കും. ഇതിന്നധികം പിലെ ആയിരിക്കും. രത്നങ്ങൾ പത്മരാഗവും, കിലിഞ്ചി മാണിക്യവും, ജാതി വൈരങ്ങൾ രണ്ടും, ജാതി വൈഡൂര്യവും, ........ജാതി പുഷ്യരാഗവും, ഇന്ദ്രനീലവും അതിനു കീഴായിരിക്കും. ആണിമുത്തും, ജാതി കോമേദകവും, ഇന്ദ്രനീലവും, പവിഴപ്പച്ചയും അതിനു കീഴുമാറിയായിരിക്കും. ഇക്കഴിഞ്ഞ രത്നങ്ങളും, പവിഴവും ക്രമനെ കൊൾകാ.

മുത്തിന്നും പവിഴത്തിന്നും ആണി വെള്ളിയെന്നും, മരതകപ്പച്ചെക്കു ആണി ചെമ്പെന്നും അറികാ. ഇനി നക്ഷത്രാദി പൊടിയറിയേണ്ടുകിൽ സുരനാൾപ്പെട്ടത് പച്ച നിറം, പവിഴത്തിന്നും ആണി വെള്ളിയെന്നും കൊണ്ടിരിക്കും. നരനാധ കൊണ്ടത് വനന്ദിക്കകൊണ്ടിരിക്കും. ദൈത്ത്യനാൾ കൊണ്ടത് മുകിൽ നിറമായിരിക്കും. ഇവ മൂന്നിനും കൊടിക്ക് വെലപേറുമെന്നു ചൊൽക.

# 10. ഒരു എഴുത്ത്[1]

**താ**ഴവനെഴ്തു...... കൊച്ചു കോശിയെ, വല്ലതും ഒരു കാർയ്യം ഉണ്ടായാൽ പറഞ്ഞു തീരുവാനും നേരറിയുന്നതിനും ഇടവരാതെ ഇരുപംകിലും.........അപ്പനും തമ്മിൽ മുൻ 1000-ാം മാണ്ടു ശത്രുക്കളുണ്ടായി. അവരുടെ വാക്കിനെ പ്രമാണിച്ചു കാർയ്യാദികൾക്കു ചൈതന്ന്യം തോന്നി. ഒരു പിണക്കം കൊണ്ടു കാലം പോകുന്നതല്ലാതെ നിരപ്പായിട്ടിരിപ്പാൻ ഇടവരാത്തതു വിചാരിച്ചാറെ ഇപ്പിറത്തെമേൽ നല്ല മനസ്സോടിരിക്കേണ്ടു ബുദ്ധിക്കും വന്നുതന്നെ തോന്നിയിരിക്കുന്നു.

ഭക്ഷിപ്പാൻ ഒരു ആഹാരവും ഇഛരിച്ചിരുന്നതിനു ഇങ്ങോട്ടു ഒരെഴുത്തു ഏഴു മുതൽ ഫലങ്ങളും ലഭിച്ചില്ലായെന്ന രാജ്യങ്ങളിൽ സൽമാർഗരു അറ്റുപോയിരിക്കുന്നു. തീയതും ആയതിന്റെ മറുപടി അങ്ങോയെന്നും മനുഷ്യരിൽ നല്ലവരില്ലായെന്നും അറുകുലെക്കു ആഗ്രഹമായി നോക്കിപ്പാർക്കുന്നൂവെന്നും എഴുതിയതിന്റെ നക്കലും എഴുതുന്നു.

*അവനവൻ തന്റെ കുടപ്രപ്പുകൾക്കു വെല തൂക്കി അപജയപ്പെടുത്തുവാൻ ഭാവിച്ചിരിക്കുന്നു. വായിച്ചറിവാൻ കൊള്ളാം എന്നും പൊല്ലാപ്പുകൾ സംശയിക്കാതെ ചെയ്യുന്നതിനും രണ്ടു കയ്യും വിദയമായും, പ്രഭുക്കൻമാരു ശരണമെന്നു ചോദിക്കയും, ന്യായശാസ്ത്രികൾക്കു കൈക്കൂലിക്കു തക്ക ന്യായം തീർക്കുന്നൂയെന്നും, വല്യവരു തന്റെ ആത്മത്തെക്കെടുക്കത്തക്ക വചനങ്ങൾ പറയൂന്നൂയെന്നും, ഇപ്രകാരമുള്ള ജനങ്ങളിൽ നല്ലവരെന്നും നാമപ്പെട്ടവരും, മുള്ളുമരം പോലെയും സൽമാർഗരു എരിഞ്ഞിൽ മുള്ളിനെക്കായിൽ കേടുള്ളവരും ആയിരിക്കുന്നൂവെന്നും, ഇതുപോലെ ഒക്കെയും ഒടുക്ക കാലങ്ങളിൽ മനുഷ്യരു വ്യാപരിച്ചിരിക്കുന്നൂയെന്നും* ചൊല്ലിയിരിക്കുമ്പോൾ, ബോധവും തിരിച്ചറിവും ദൈവം കൊടുത്തിട്ടുള്ളു മനുഷ്യ നേരറിഞ്ഞു വിചാരിച്ചു കാർയ്യത്തിന്റെ സത്യം ഗ്രഹിച്ചു പറവാനും പ്രവർത്തിപ്പാനും ഇടവരാത്തതു സങ്കടം തന്നെ ആകുന്നു.

*അക്രമങ്ങളെ നീക്കി നിന്റെ പുത്രനായിരിക്കുന്നവർക്കു നീതിയും നൻമയും തന്നു രക്ഷിക്കുന്ന കർത്താവേ നിന്റെ കോപം ഞങ്ങടെമേൽ വൈക്കല്ലെയെന്നു* അപേക്ഷിച്ചാൽ, എരക്കവും ഉരക്കവുമുള്ള കർത്താവു ക്ഷമിച്ച് പിന്നെയും *നൻമയാലെയും സന്തോഷത്താലെയും നടത്തി രക്ഷിച്ചു വരുന്നുവല്ലൊ. നീതിയും ന്യായവും അറിഞ്ഞു തങ്ങൾ ഏർപ്പെട്ടിരിക്കുന്ന ശുദ്ധമുള്ള കൽപനകളെ വിട്ടു തള്ളുന്നതിനേക്കാൾ അറിയാതിരിക്കുന്നൂയെന്നവർക്കു വാശിയെന്ന്* ചൊല്ലിയിട്ടുണ്ടല്ലോ.

*കർത്താവിന്റെ കൺകൾ നീതിമാൻമാരുടെ മേൽ വൈക്കൂന്നൂ എങ്കിലും തന്റെ ചെവി അവരുടെ അപേക്ഷയെ ഓർക്കുന്നുയെന്നും, തന്റെ മുഖം ആകാത്ത*

www.malankaralibrary.com

*പ്രവൃത്തികാർക്കു വിരോധമായിരിക്കുന്നൂയെന്നും നിങ്ങൾ നന്മയിൽ ഏർപ്പെട്ടിരുന്നാൽ നിങ്ങളോടു പൊല്ലാപ്പു ചെയ്യുന്നവനാരാകുന്നൂയെന്നും* കൽപിച്ചിട്ടുണ്ടല്ലോ. ദുഷ്ടമായിട്ടുള്ളതൊക്കെ അഴിഞ്ഞു മായുന്നൂവെന്നുള്ളതു യാതൊരു സംശയവും ഇല്ലാത്താകകൊണ്ടും, *ഒരുത്തനെ ഒരുത്തൻ ശുദ്ധമുള്ള ഹൃദയത്താലും മായമില്ലാത്ത സ്നേഹത്താലെയും ഭാഗമില്ലാസ്തിരത്താലെയും സ്നേഹിച്ചിരിക്കണമെന്നുള്ള* പ്രമാണം എത്രയും വലിപ്പമുള്ളതാകയാലും, ആയതിന്നും അവധി കുറിച്ചിരുന്നാൽ താമസത്തിന്റെ നിശ്ചയം അറിവാൻ വഹിയാത്തതുകൊണ്ട്, ദീർഘത്തീന്ന് വച്ചെക്കരുതന്നെള്ളതല്ലെന്നും ആകുന്നു.

കഴിഞ്ഞ കാര്യങ്ങൾക്കു മേൻമയില്ലാതെയും, വരുവാനുള്ള കാര്യങ്ങൾ അറിഞ്ഞുകൂടാതെ ഇരിക്കകൊണ്ടും, അറിവില്ലാത്തവൻ ചെയ്യുന്നതിനെ ക്ഷമിച്ച്, ബുദ്ധിയും ഗുണദോഷവും ചൊല്ലിക്കൊടുത്തു നടത്തിയാൽ അവയ്ക്ക് ഇപ്പോഴും പിന്നീടും ദൈവം എല്ലാറ്റിലും ഭാഗ്യസന്തോഷം വരുത്തുന്നത് ആകകൊണ്ടും, എനിക്കു ബുദ്ധിവിസ്താരം ചുരുക്കമാകകൊണ്ട് കാര്യകാര്യം അറിഞ്ഞു പറവാനും, ദൃഢതയില്ലായ്കകൊണ്ടു മൂന്നുപ്രകാരം ഒണ്ടാകുന്ന കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് ഞാൻ ചെയ്തിരിക്കുന്ന പ്രകാരം മനസ്സിൽ തോന്നിയിട്ടുണ്ടെങ്കിലും, എന്റെ ഗുണം കൊണ്ട് നിരുവിച്ചു വേണ്ടാ, കർത്താവിന്റെ കൽപനയും നമുക്കു വേണ്ടുന്ന നീതിയും ഓർത്ത് ക്ഷമിച്ച്, ഇനിമേൽ നല്ല മനസ്സോടിരിക്കണമെന്നും, പക്ഷഭേദം കൂടാതെ വിചാരിച്ചുകൊള്ളണമെന്ന് എനിക്ക് അങ്ങോട്ടും, ആയതിനിടവരുത്തി നടത്തുവാൻ ദൈവത്തോടും അപേക്ഷയായിരിക്കുന്നു.

ഈ എഴുത്തു അവിടെ വായിച്ച് കട്ട് വാശകക്കുറവും പഴുതും ഒണ്ടായിരുന്നാൽ പറഞ്ഞു തരുവാനും അറിവാനും എടവരുമെന്നു നിശ്ചയിച്ചത്രെ എഴുതുന്നത്. ഇക്കാർയ്യത്തിന്ന് മറുപടി എഴുതികൊടുത്തയക്കുന്നതു കാണണമെന്നും പിറന്മാരിക്കുന്നപോലെ ആഗ്രഹിച്ചിരിക്കുന്നു. സമീപെയുള്ളപ്പോൾ എഴുതുന്നത് എന്റെ മനസ്സും കയ്യാൽ ഓലയിലു............ക്കുന്നതത്രെ ആകുന്നു.

ഇതു കൊച്ചു കോശി. 1002-മാണ്ടു മിഥുന മാസം 1 ന് ചിറ്റുരാൻ കൊണ്ടുവന്നു. മറുപടി അവന്റെ പറ്റിൽതന്നെ കൊടുത്തയച്ചു.

സ്നേഹിച്ചിരിക്കുന്ന ആളുകൾ തമ്മിൽ വല്ലതും ഒരു കാര്യം ഉണ്ടായാൽ പറഞ്ഞു തീരാതെ ഇരുപാട്ടിയിലും ശത്രുക്കളുണ്ടായി അവരുടെ വാക്കിനെ പ്രമാണിച്ച് കാര്യങ്ങൾക്കു വാശിതോന്നി കാലം പോകുന്നതല്ലാതെ നിരപ്പിനു ഇടവരാത്തതു വിചാരിച്ചാറെ, അപ്പിറത്തെ ബുദ്ധിക്കും വന്നുതോന്നിയിരിക്കുന്നയെന്നും, ഒടുക്കകാലങ്ങളിൽ ഉള്ള സാക്ഷികളും ശേഷം കാര്യങ്ങൾക്കും വിവരമായിട്ടു എഴുതിവന്നതു കണ്ടാറെ, തുറമുഖത്ത് കപ്പൽ അടുക്കുമ്പോൾ കച്ചവടക്കാരന്റെ തെളിവുപോലെ ഏറ്റം സന്തോഷമാകയും ചെയ്തു. ഇരുപേര് കൂടപ്രപ്പുകൾ തമ്മിൽ ഐമോദ്യമെന്നും നിരപ്പെന്നും കാണുമ്പോൾ ഏതു പ്രകാരത്തിൽ നീരസം വരുത്തേണ്ടു എന്ന ദിവസം അവൻ നിരുപിക്കപ്പെടുന്നു. അവന്റെ പരുക്ഷപെടുവാൻ പ്രയാസമുള്ളതാകയാൽ ശത്രുക്കളുടെ ഭള്ളും ചതിവും കണ്ടറിവാൻ ദൃഢം ഇല്ലാത്തതിനാലും തമ്മിലുള്ള നിരപ്പിന്നും സ്നേഹത്തിന്നും എളുപ്പത്തിൽ ഭേദം വന്നുപോകുന്നതല്ലോ ആകുന്നൂ.



*എന്റെ വന്നുകൂടിയിരിപ്പതു താമസിച്ച് കേദാറിന്റെ വനത്തിൽ ഞാൻ പൊറുത്തത് എനിക്ക് ദുരിതം സൊത്വം ദ്വേഷിക്കുന്നവരോട് കൂടെ എന്റെ ആത്മം പെരികെ അതു കൂടിയിരിക്കുന്നു. സ്വത്വം പറയുന്നവൻ ഞാനായി ഇവര് എന്റെ കൂടെ അവര് പിണങ്ങപ്പെടുന്നു.*എന്ന് ഭാഗ്യക്കാരൻ ദാവീദ് ചൊല്ലീയെന്നപോലെ എനിക്കത് ഭവിച്ചു. മേൽ നല്ല മനസോടിരിക്കേണ്ടുന്നതിന്നു ദൈവത്തോട് അപേക്ഷിക്കുന്നുയെന്നും മൂന്നു പ്രകാരത്തിൽ ഉണ്ടാകുന്ന കാര്യങ്ങൾ ഉൾപെട്ട് എന്തെല്ലാം എങ്കിലും ഉടയവനെക്കുറിച്ച് അവൻ ക്ഷമിക്കുന്നതല്ലാതെ, ഗുണത്തിന്നു പ്രാപ്തി ഇല്ലാ എങ്കിലും, മറുപാടായിട്ടു ദോഷങ്ങൾക്കു വേല ചെയ്യരുതെന്നും, പ്രവൃത്തി എന്നിലുണ്ടാകുവാൻ മനസുറപ്പു വരുത്തല്ലയെന്നും, അവൻ മനസറിയാത്ത കാര്യങ്ങൾക്കു സംശയം തോന്നിക്കല്ലയെന്നും, നിനക്കും നിന്റെ വീട്ടു ജനങ്ങൾക്കും കർത്താവേ ഒരു ദോഷവും ചെയ്യല്ലേയെന്നും, നേരമൊക്കെയിൽ അപേക്ഷിക്കുന്നതല്ലാതെ ഒരു പ്രകാരത്തിലും മറ്റൊന്നും തോന്നുമെന്ന് സംശയിക്കയും വേണ്ട.

കവ്യക്കാരനായ തണ്യ മാനുഷരുടെ വാക്കിന്നു ഇരുപംകിലും ചെവികൊടുത്ത് രസിച്ചു കെൾക്കുന്നൂ എംകിലും അണയപ്പെട്ട് പാർക്കുന്നവർ നാം ആകുമ്പോൾ തന്റെ കൽപനയും പ്രമാണവും ഓർത്ത് നല്ല നിരുപണയാലെയും വഴക്കില്ലാത്ത മനസാലെയും കണ്ട് പറയുമ്പോൾ തീരുന്നതല്ലോ ആകുന്നു. പക്ഷെ *നാം ഒക്കെക്ക് ഒരു ബാബാ ആയില്ലയോ. നന്മ സൃഷ്ടിച്ചതു ഒരുവൻ തമ്പുരാനായില്ലയോ എന്ന്യെ അവന്റെ കൂടപ്രപ്പുകളോടുകൂടെ ഓരോരുത്തരു തമ്മിത്തമ്മിൽ നാം കാർയ്യം പറയുന്നൂയെന്നും,* കർത്താവരുളിചെയ്യുന്നു. കലർച്ചയുടെ കലക്കുന്നതുമായ ആവലാധിയെ വിചാരങ്ങളുടെ നിരപ്പാലെയും, മനസ്സിൽ നിന്നുള്ള ഒവിയാലയും അതു ജയിക്കുന്നൂ.

*തർക്കങ്ങളും പിശക്കുകളും ഒക്കെ ആയ ഒറവയുടെ പൈശന്ന്യത്തെ പകെക്കപ്പെട്ടവരുടെ എമോദ്യമാക്കുന്നതായ സൊത്വത്തെ അതു ജയിക്കുന്നൂ.* മാർ പൊലൊസു ശ്ലീഹാ ഒവിയുടെ കാർയ്യത്തെക്കുറിച്ചും ചൊല്ലിയിരിക്കുന്നതും വായിച്ചറിഞ്ഞിട്ടുണ്ടല്ലോ. ചാഓലും ദാവീദും തമ്മിലുള്ള പിണക്കത്തിൽ വഴിപോക്കുമ്പോൾ പട്ടക്കാരൻ നാബീസാറു അപ്പവും വാളും ദാവീദിന്നു കൊടുക്കകൊണ്ട് അവന്റെ തറവാട്ടുകാരു 85 ആളുകൾ ചുവന്ന കുപ്പായമിട്ട മേൽപട്ടക്കാരെ ചാഓൽ കൊല്ലിച്ചു. അവരുടെ നേട്ടങ്ങളും അവനെടുത്തു. ഇക്കാലത്തിലുള്ള മനുഷ്യര് ഇവയൊന്നും കൂടാതെ ഒന്നിനൊന്നായിട്ടു പറഞ്ഞ് പിണക്കവും കലക്കവും ചമക്കുന്നതല്ലാതെ, ആത്മശുദ്ധമുള്ളവർ ചുരുക്കമത്രെ ആകൂന്നൂ.

*മണ്ണു കൂടാതെ മെനയുന്നൂയെന്നൂം, വീഞ്ഞു കുടിക്കാതെ മതൃക്കുന്നൂയെന്നും* ചൊല്ലിയിരിക്കുന്ന കാലം ഇപ്പോൾത്തന്നെയോ താമസിച്ചിട്ടോയെന്നും അറിഞ്ഞില്ല. ഒടുക്കത്തെ കാലങ്ങളിൽ ഭൂമിക്ക് ദുരിതം ചതിവാലെയും, ശണ്ഡാണ്മയാലെയും, മ്ലേഛതയാലെയും, അതിന്നത് ക്ഷയിക്കപ്പെടുന്നൂ.

*പ്രസവത്തിനുടെ നേരത്തിൽ സ്ത്രീയുടെ രോദനം പോലെ ഭൂമിയത് മുറയിടുന്നുയെന്നും, ആഗ്രഹവും ദ്രവ്യത്തിനുടെ സ്നേവും അതു ജയിക്കുന്നൂയെന്നും, ലോകരോടു മറുത്ത്, ലോകരു മറുത്ത് നിൽക്കുന്നുയെന്നും, ഞായത്തെ ഉപേക്ഷിക്കുന്നവരു അവരുടെ കുടപ്രപ്പുകളെ കൊല്ലുന്നവരും കവ്യക്കാരും,* ഇതു

www.malankaralibrary.com

പോലെ മറ്റു പലതും ഉണ്ടാകുവാനിരിക്കുന്ന കാർയ്യങ്ങളും ചൊല്ലുന്നു. വീണ്ടും മറ്റേടത്തിൽ ചൊല്ലുന്നു. *കറകൂടാതെ നടക്കുന്നവനും, പുണ്യ സുഖം പ്രവർത്തിക്കുന്നവനും, അവന്റെ മനസ്സിൽ നെറിവു പറയുന്നവും, അവന്റെ നാവാലെ ചതിക്കുന്നില്ലാത്തവനും, അവന്റെ ചങ്ങാതിയോടു തിൻമ പ്രവർത്തിക്കുന്നില്ലാത്തവനും, അരിശപ്പെടത്തുന്നവനെ അതിന്റെ കൺകളിൽ നിരാസിക്കുന്നവനും, തമ്പുരാന്റെ ആശണ്യക്കാരെ ബഹുമാനിക്കുന്നവനും, അവൻന്റെ ചങ്ങാതിയോടു ആണയിട്ടു സത്യം പറയുന്നില്ലാത്തവനും, പൊലിശയിൽ അവന്റെ ദ്രവ്യം കൊടുക്കുന്നില്ലാത്തവനും, കുറ്റമില്ലാത്തവനുമേൽ കൈക്കൂലി കൊടുക്കുന്നില്ലാത്തവനും, ഇവ പ്രവർത്തിക്കുന്നയെന്നവൻ നെറിവാളനാകുന്നു. എന്നേക്കും അവൻ ഇളകപ്പെടുന്നില്ല.*

ഏശായ നിവ്യാ ചൊല്ലുന്നൂ, *അറിവില്ലാഴികയിൽ എന്റെ ലോകരു, അടിമപ്പെട്ടവ ആയതിൽനിന്നും, അവരു മരിച്ചവരു പെരുകി, ദാഹത്തിൽ നിന്ന് അവരുറെച്ചു. ഇതിനെക്കൊണ്ട് പാതാളം അതിന്റെ ഉള്ളു വിസ്താരമാക്കി, അറുതി കൂടാതെ അതിന്റെ വാ പൊളിച്ചു. പൗരുഷപ്പെട്ടവരും ബഹുമാനപ്പെട്ടവരും വിലവാന്മാരും അതിനെറങ്ങുമെന്നും, അഹംഭാവികൾ ക്ഷീണിക്കപ്പെടുമെന്നും* ചൊല്ലി. കൃഷി ചെയ്യപ്പെടുന്നില്ലായെന്ന നിലങ്ങളിൽ മുള്ളുകൾ മുളക്കുന്നപോലെ കർത്താവിന്റെ പടിത്ത്വത്തിന്റെ തിരുവചനം കൊണ്ട് വേല ചെയ്യപ്പെടുന്നില്ലായെന്ന കൃസ്ത്യാനികളുടെ ഹൃദയങ്ങളിൽ ദോഷങ്ങൾ മുളയ്ക്കുന്നൂ. അതുതന്നെയുമല്ലാ, വളർന്ന കൊമ്പുകളും ശിഖരങ്ങളും ഉണ്ടായി പിശാചുക്കൾ കുടിയിരിക്കുന്നു.

എത്രയും നമ്മുടെ ശരീരത്തെയും സമ്പത്തുകളെയും ഓർത്ത് നമ്മുടെ ആത്മത്തെയും തമ്പുരാന്റെ മാർഗ്ഗത്തെയും നാം മറക്കുന്നു. കാണപ്പെടുന്നവരും കാണപ്പെടുന്നില്ലാത്തവരും ആയ ശത്രുക്കളിൽനിന്ന് രക്ഷപ്പെടുവാൻ നമുക്ക് മനസുണ്ടെങ്കിൽ നമ്മുടെ രക്ഷക്കു വേണ്ടുന്ന കാര്യങ്ങളെ നാം ഓർക്കണം. ഇടിമുഴക്കങ്ങളുടെ ഇടയിൽപെട്ടവരെപ്പോലെയും, തീന്റെ വസ്തുക്കൾ നമ്മുടെ മുന്നിൽ നിരത്തി വച്ചിരിക്കുമ്പോൾ പട്ടിണിക്കാരെപോലെയും, വല്യതായ ഇത്തീയുടെ നടുവിൽ കുളിരുള്ളവരെപ്പോലെയും നാം ആകുന്നു. കർത്താവിന്റെ മാർഗം കുറ്റം കൂടാത്തതും ആത്മത്തിരിപ്പിപ്പിക്കുന്നതുമാകുന്നു. കാണപ്പെടുന്നില്ലായെന്ന അവ കാര്യങ്ങൾമേൽ കാണപ്പെടുന്നൂയെന്നും, അവമേലുള്ള ബോധിപ്പു വിശ്വാസമാകുന്നൂ. പട്ടാങ്ങയാ ലെയും പ്രവൃത്തിയാലെയും എന്ന്യേ, നാവാലെയും വചനത്താലെയും നിങ്ങൾ പ്രിയപ്പെടണ്ടാ. പ്രവൃത്തി കൂടാത്ത വിശ്വാസവും, ആത്മമില്ലാത്ത ശരീരം പോലെയും, ചുക്കാനില്ലാത്ത കപ്പൽ പോലെയും, വേരു കൂടാത്ത വൃക്ഷം പോലെയും ആകുന്നൂ.

ദാവീദ് ചൊല്ലൂന്നു, *ആപത്തിനുടെ കാലത്തിൽ അഗതിയിൽ നോക്കുന്നവനു ഭാഗ്യമെന്നും, കർത്താവ് അവനെ രക്ഷിച്ച് ജീവിപ്പിക്കുമെന്നും, ഭൂമിയിലും അവനു നല്ലതായിരിക്കുമെന്നും* ചൊല്ലി. *ആകാശത്തിലുള്ള നമ്മുടെ ബാവ അനുഗ്രഹക്കാരനാകുന്നപോല അനുഗ്രഹം ചെയ്യുന്നവരു നാമാകണം* എന്നും ചൊല്ലിയിട്ടുണ്ടല്ലോ. ദിക്കൊക്കെയിൽ നിറയപ്പെട്ടതാകുന്നുയെന്ന തമ്പുരാൻ *ഗുണമാകപ്പെട്ടവരുടെ മനസ്സുകളിലും അനുഗ്രഹക്കാരുടെ നിരൂപണകളിലും തന്റെ ഇഷ്ടം പ്രവർത്തുക്കുന്നവരുടെമേലും ആത്മാവിലും താൻ കുടിയിരിക്കുന്ന*



*മാനുഷ്യൻ പുത്രനു ചെങ്ങാതി നീ ആയിയെന്നുംപോൽ, അവന്റെ ദ്രവ്യത്തുംമേൽ നീയാഗ്രഹിക്കപ്പെടരുതെന്നും, നിന്നെയവരു വാഴ്ത്തുവാൻ നിന്നെപ്പോലെ നിന്റെ അയൽപക്കക്കാരെ നീ നന്നാക്കണമെന്നും, ഇരിക്കയിൽനിന്നു പുല്ലുപോലെ വാടുന്നൂയെന്ന ഒരുത്തന്റെ ശരണത്തുംമേൽ നീ ശരണപ്പെടണ്ടായെന്നും, തന്റെമേൽ ശരണപ്പെട്ടവരാകുന്നവർക്കു രണ്ടു ലോകങ്ങളിലും അവർക്കു ഭാഗ്യ*മെന്ന് എഴുത്തു പെട്ടതാകുന്നപോലെ ലോകമതു കടക്കൂന്നു.

*മുദ്രകുത്തപ്പെട്ടതാകുന്നപോലെ ശോദ്യമതു പാർക്കുന്നൂയെന്നും, നിന്റെ ബാബാമാരെയും നിന്റെ മൽപമാരെയും നിന്റെ ശക്തിപോലെ നീ ബഹുമാനിക്കണമെന്നും, നിന്റെ നന്മയതു പൊറുപ്പാനും ഞായക്കാരന്റെ മുന്നൽ നീ നാണിക്കായ്‌വാനും, ചതിവിൽ നിന്നു അകലുന്നവൻ നീയാകണമെന്നും, എല്ലാവനും നിന്നെ സ്നേഹിപ്പാൻ ഒന്നിച്ചു ദ്വേഷതകാറനും, സ്നേഹക്കാറനും, കൂടപ്രിപ്പിന്നും അണയപ്പെട്ടവനും, ശരിയാലെ സൊത്വം പ്രവർത്തിക്കുന്നവനും നീയാകണമെന്നും, മൂന്നു തരത്തിലുള്ള കാർയ്യങ്ങൾ യാതൊന്നാതിലും നിങ്ങൾ വിരോധമായിട്ടു പറഞ്ഞിട്ടൊണ്ടെങ്കിലും, മനസറിയുന്ന ദൈയ്‌വത്തിന്റെ കൽപനപോലെ, നിന്റെ ശത്രുക്കാരൻ പശിച്ചെങ്കിൽ അവനെ നീ തീറ്റുകായെന്നും, ദാഹിച്ചെങ്കിൽ അവനെ നീ കുടിപ്പിക്കായെന്നും ചൊല്ലിയിരിക്കുന്നതിനെ ഓർത്ത് ക്ഷമിച്ചു കൊള്ളണമെന്നും,* എന്റെ ബോധത്തിന്റെ ചുരുക്കത്താലെ നിങ്ങൾക്കുള്ള ഒവിയോടു ഞാനപേക്ഷിക്കുന്നു.

ശരീര സ്വസ്തത ഇല്ലാത്തവനും രോഗിയും വയസുകാരനും ഞാനാകകൊണ്ടു ഇനിക്കുള്ളതും മേലാൽ വേണ്ടുന്ന ഉപകാര സഹായങ്ങളും ചെയ്തു നടന്നു കൊള്ളണമെന്നും എന്റെ മനസു സന്തോഷത്താലെ നിന്നോടതു ശാസിക്കുന്നു. തെളിവുകളുടെ ആയിസുകളായി നീ ജീവിപ്പാൻ നല്ല മരയ്യാദകൾ നിന്റെ ആത്മത്തിനു നേടണമെന്നും..........*(അപൂർണം)*

www.malankaralibrary.com

# 11. മാർ ഈവാനിയോസിന്റെ മെമ്രകൾ

### 11.01. പന്ത്രണ്ടു ശ്ലീഹന്മാർ

ദ്വാദശോ ലഗ്നം മാസം നാഴികയിവ സമം
ദ്വാദശാ ശിശികളും ചൊല്ലുന്നൂ വിചക്ഷണർ
ഇക്കണക്കിനെ പുനർ യാക്കോബിനുളവായ
മക്കളും ദശ ദ്വയ പങ്കികളിനിയും കേൾ.
മൂശതൻ വടികൊണ്ട് താഡിച്ചു ജലധിയിൽ
മോചിച്ചൂ പന്ത്രണ്ടായി വാങ്ങിപ്പോയി സമുദ്രവും.
പാറമേലടിച്ചവൻ........
......വൻ മാറു കുപ്പായത്തിനാൽ പാരാതെ ശിലാ
പിളർന്നൊഴുകി പന്ത്രണ്ടായി
യൊർദിനാൻ തന്നിൽ നിന്നിങ്ങീരാറു ചിലകളെ
കൂറോടെ ഈശൊവർന്നോനെടുത്തു
സൂക്ഷിച്ചു ഹൂശരാജാക്കൾ ദേശ ദ്വയമതമാമതിൽ
മൂവർ ഈശോതന്റെ പാദെ അവർ നാമനം
ചെയ്തു മുദാ.
തൽപരനീശോ തന്റെ ശിഷ്യരിരാറു പേരും
തൽപരൻ അദ്വാരം പന്ത്രണ്ടിൽ വസി ക്കുന്നു.
ഹസന്മിയ പ്രതിഹാരെ യോഹന്നാൻ വസിക്കുന്നു.
അവൻ പൂർവജൻ യാക്കോ ദ്വാരത്തെ ഇരിക്കുന്നു
ശ്ലീഹന്മാരുടെ നാമം ചൊല്ലുവാൻ തുനിയുന്നെൻ
മോഹമുണ്ടെങ്കിൽക്കേട്ടു ധരിച്ചുകൊൾകാവേണം.
മുൻപനാം ശിമഒന്റെ തന്റെ അഗ്രജനന്ത്രയോസും
പിൻപു യാക്കോയെ യോഹന്നാൻ പീലിപ്പോസും
മർത്തൊമായും മത്തായി
അൽപ്പാന തനെയൻ യാക്കോയെന്നായി
സെമഒൻ ക്നാന മത്ത്യായുടമിവർ നാമം.
ഏക വിശ്വാസമവർക്കതു കൊണ്ടൊരു വനോ
ടെക നായകനരുൾ ചെയ്തു നീ കെപ്പായെന്നും
പത്രൊസും ശിമഒൻ കെപ്പായക്കുള്ള നാമാർത്ഥ
ങ്ങളത്രയും സാരം മൃതസാരമെന്നറിക നീ
എന്റെ കുഞ്ഞാടുമപ്പള്ളാടും മുട്ടാടുകൾ നിന്റെ
മേലന്നു തന്റെ വചനം തികെപ്പാ നായി
എന്റെതിങ്ങൊരൊശിലം ശ്ലീഹായ്ക്കു സെഹി
യോനും
നിന്റതു കാസൊലിക്കായ്ക്കടുത്താരന്ത്യോ
ഹായും.
ബാബായും പുത്രൻ റൂഹാ ഒന്നന്നു ധരിപ്പവ
രെല്ലാമീപ്പള്ളി എല്ലാം ഒന്നെന്നു ധരിക്കണം.

### 11.02. സഭ

സന്തതി ശിമഒൻ തന്റെ കടിഞ്ഞൂൽ
അന്ത്യോഗ്യായിൽ അന്ത്രെയോസാദിയായിട്ടി
രുത്തി യോഗത്തെയും
ഇരുന്നു സിംഹാസനെ വചിച്ച് നിയമതി നാൽ
നെരതിന്നടുത്തപോൽ ചൊല്ലിനാൽ ശേഷം
പേരും
ആരതിലൊരുപാശ മഴിക്കുന്നവനെങ്കിൽ
ദൂരവെ അകലെണം പിതാവെന്നിരിക്കിലും.
ഞാൻ തന്നെ എങ്കിലും മാലാകാ താനാകിലും
ഏതുമെ ചിന്തവേണ്ടാ മഹറൊനിന്നു ചൊല്ലി.
ഈ മൊഴി മറക്കാതെ വാണിതു റൊമാതന്നിൽ
ക്ലെമീസു മുതൽ ദീയ്ക്കൊറൊസു കഴിവോളും
ലെവോനെന്നോരു ഖലൻ മുതലായി വരികയാൽ
അവന്നുമവനുടെ കൂട്ടരും പ്രാകായെക്കാർ
ക്രാസെസെന്നൊരു ചോരൻ മാസങ്ങൾ
പിണക്കിനാൻ പായസം നുയമ്പിനും നീങ്ങിപ്പോ
യവൻ മൂലം
കൊല്ലമെന്നറു നൂറും തൊണ്ണൂറു മേഴുമതിൽ
നാലു ദിക്കിലും പുത്തൻ കണക്കെന്നൊരു വിധി
ഈ വക പറഞ്ഞന്നാൽ ദൂഷണമെന്നു തോന്നും
ആവോളം വിചാരിപ്പു പൂർവ പുസ്തകസാരം
എന്നതു മലയാളം ഞങ്ങടെ ഇടവക
എന്നു ചൊല്ലുവാൻ സുറിയാനികൾക്കത്രെ
യോഗ്യം



### 11.03. വേദ വിപരീതികൾ

ആലൊഹ തന്റെ തൊഴിലീലോകെ മത ഭേദം
ഏറ്റവും വിരോധമാം........................
പ്രകൃതി വിലാസത്തെ പ്രാകൃതൻ നിരൂപിച്ചാൽ
വികൃതിയെന്നേ വരൂ പ്രകൃതി സൂക്ഷ്മം പരം
എന്നതാൽ സാക്ഷി വിധിക്കൊത്ത പോല
നുകൂലാ
ഒന്നിനെ ശരണമായി ഖണ്ണിച്ചാലേറും ഫലം
കുരുടൻ തന്റെ കൺകൾ തെളിപ്പാനുണ്ടു മൂലം
അരുളപ്പാട്ടിൻ വിധിയഴിച്ചാ ചതിയന്റെ
മാറു വിടാത
കർത്താവിലെന്നുടെ നയനങ്ങൾ സർവേശൻ
തെളിക്കുമെന്നോർത്തവൻ തർക്കാൽ
സർവേശൻ താനാകയാൽ മുറിവിൽ നിന്നൂ
ചെന്നാൻ
സർവേശൻ പ്രസാദത്താൽ തെളിഞ്ഞ കണ്ണു
കളും
അവന്റെ വിശ്വാസം പോലേവനും ലഭിക്കയാൽ
അവനും ദൈവമെന്നും തേറിയായറിവില്ലാ
ശാപ ദൂഷണമുള്ളോർ നരകം പ്രാപിക്കുന്നൂ

### 11.04. അറിയോസ്

കാലശതം മുന്നൂറുമാഅഞ്ചഞ്ചിതിൽ വല്ലാതെ
അറിയോസാം പാത്രിയാർക്കീസവൻ
കർത്താവിനു മാനുഷസുഖം വിനാ ന്യായത്തെ
വീട്ടു നടത്തീടുവാൻ മുതൃന്നവർ
അക്കാലം റോമായുടെ രാജനാം എസ്തന്തീ
നോസ്
നിഖ്യായിൽ സുന്നെദോസു കൂടിനാൽ ദയാ
ലെന്നും
റോമാക്കാരിരുന്നൂറുംമുവഞ്ചുമന്ത്യോഹായിൽ
ഇമ്മനുസുഖം പ്രതികൂടിനാൽ നൂറ്റു മൂന്നു .
മരണമില്ലാത്തവൻ വന്നിങ്ങ് മനുസുഖാൽ
മരണം പ്രാപിച്ചന്നതോർക്കാതെ ജളപ്രഭു
എൺധീശ പ്രഭുക്കളോടെതിർത്തു നടക്കയാൽ
കുണ്ഡിതം ന്യായത്തിന് വശായ്വൻ ശാപിച്ചവർ
ശാപസ്ത്രമഗ്നിപോൽ തറെച്ചു ശങ്കിൽ
ചെന്ന്
പാപിതൻ പറമ്പതിൽ ബാഹ്യത്തിന്നിന്നി
രുന്നപ്പോൾ
കരളും ചങ്കുംകൂടെ ഒന്നിച്ച് വിരചിച്ച്
ധരണി തന്നിൽ ചത്ത് വീണവൻ കഴിഞ്ഞ ഹോ.

### 11.05. മക്കദോന്യോസ്

ബാവായിൽന്നിന്ന് പുത്രൻ തനെന്നും
ദ്വയാ വഴിക്കായവരുമെന്നു റൂഹാ.
ഒരു പാത്രിയർക്കാ മർക്കെദോനി
*(മക്കദോന്യോസിന്റെ വേദവിപരീതത്തെപ്പറ്റിയുള്ള ഈ ഭാഗം അപൂർണമാണ്.)*

### 11.06. നെസ്തോറിയൊസ്

നാന്നൂറുമിരുപതുമെട്ടതിൽ നെത്തോറിയോ
സൂനം കൂടാതെ പകച്ച് വന്നൂ മന്തനായി ഇളയ
തെവോദോസിയോസവനുമപ്പസ്സോസിൽ
ഏളക്കം വിശ്വാസത്തിനുണ്ടാക നിമിത്തമായി
രണ്ടു നൂറിരുപതു ബാബാമാർ സിംഹാസനേ
എണ്ടിശതന്നിൽ പുക്കോരവിൽ ശ്രേഷ്ഠ
രിവർ
റോമാടെ കാലത്തിനോസാലക്കുസന്ത്രിയായുടെ
കൂരിലോസുന്മായിൽ ഭക്തനവൻ
പൊന്നിനുടെ ജിഹ്വാനാം മാർ യാവാന്നീസ
ന്തൊതിൻ
പാത്രിയർക്കീസാകിയ യോഹന്നാനും അന്നതിൽ
പ്രധാനമൻമാർ.
തമ്പുരാൻ തന്റെ അമ്മയെല്ലെന്ന് മിശിഹായുടെ
അമ്മയെന്നല്ലാതാരും ചൊല്ലരുതെന്നായവൻ
ചൊല്ലിയ നെസ്തോറിനെ പിരാകിനാൻ താപ
സൻമാർ
വല്ലാതെ മനംചത്തു ചത്തു നെത്തോറിയോസും

### 11.07. എവുത്തുക്കോസ്

എവുത്തൊ തന്നൊരു നാമമുള്ളൊരു പുമാ
നോർത്തൂ
പവുത്തീടരുതയ്യാ സുഖങ്ങൾ രണ്ടും കൂടി
കലങ്ങി വിലസീന്നലിഞ്ഞങ്ങോന്നായെന്നും
കുലുങ്ങീട്ടവനെയുംതള്ളിനാരെന്നെവേണ്ടു
ബാവാടെ തനയൻവന്നിവിടെ മനുഷ്യനായി
അബ്രഹാം തന്റെ പുത്രൻ ദാവീദിന്റെ പുത്ര
നെന്നും.
ബാവടെ തന്റെ മൂലമറിവാൻ മനുഷർക്കും
മാലാഖമാർക്കും ഫണി

www.malankaralibrary.com

## 11.08. കർത്താവിന്റെ ജനനം

ആദത്തിൽ ഖേദം തീർപ്പാനാഗമാ
ചെയ്തനാളിൽ
പാദത്തിൽ വീണ തന്റെ ഭൃത്യനോടരുൾ ചെയ്തു
ഖേദിക്കവേണ്ടാ ഞാനിസ്സങ്കടം പുത്രൻ വന്നാ
ആദമേ നാശം തീർത്തു മോദിപ്പിച്ചിടാം നിന്നെ
എന്നരുൾ ചെയ്താ മൊഴി രൂപമായി ശിശു പു
ത്രൻ
അന്നാടെ മകളായ കന്നിയും വ്യോമസ്ഥലെ
വാണതിൽ കന്നി പിറന്നീടിനാൽ യോനാകേറിൻ
പാണി സമ്മന്ധി ആയ അന്ന തന്നുദരത്തിൽ
വാണിത് മാലാഖ തൻ വശനാൽ നവ മാസം
ക്ഷോണിയിൽ പിറന്നിതു ദോഷത്തിലണയാതെ
ക്രോപേലും എലീശ്വയുദരേ വന്ന നാളിൽ
അമ്പരാധീശൻ വേല ചെയ്തിലാ ഗിരമെന്നിയെ
പിന്നെ
വന്നിച്ചുതാനും മറിയാ ഉദരത്തിൽ ചെന്നിതു
റൂഹായു മാരുവരായിച്ചേർന്ന്
വന്നുര ചെയ്തു നിന്നുടൻ സ്തോത്രം ചൊല്ലി
നിന്നുടെ ഉദരത്തിൽ കർത്താവെന്നറുവിച്ചു
പുക്കുലാ തൻമേൽ കരിക്കതിന്റെ ഉള്ളിൽ ജലം
പുക്കപോൽ ജനിച്ചിതു തൻ പുത്രനെന്നു വേണ്ടു
മുക്തി തന്നുള്ളിൽ ശക്തി ഭക്തി കൊണ്ടുള
വാകും
വ്യക്തമല്ലെന്നു തന്റെ ഭൃത്യനുമറുവിച്ചു നിഷ്ക്ര
യേനത്രെ നിരുവേനന്നും ചൊല്ലി
ഉൽകൃഷ്ട ചിത്ത വാസമല്ലാതില്ലൊരു ക്രിയ
സൃഷ്ടിച്ചു ലോകങ്ങളെ വചനം കൊണ്ടു
തന്നെ
ത്തന്നെ ശ്രേഷ്ഠരാം മാലാകമാരവയുമതുപോലെ
സൃഷ്ടിക്കും മുന്നിൽ ഗിര സൃഷ്ടിയും ഗിര
തന്നാൽ
ദുഷ്ടരെ ശിക്ഷ ഗിരാൽ ശിഷ്ട്രർക്കു
മുക്തിഗിരാൽ
വചനം മാംസമായി നമ്മിലാവാസിച്ചെന്നും
വിചലം നിരം വ്രതൻ യോഹന്നാനുരം ചെയ്തു
അരുളപ്പാടിൻ മൊഴി അരുളിചെയ്യും തോറും
ഉരുളി തന്നിൽ ഘൃതം തീമേൽനിന്നുരുകുമ്പോൾ
ഇരുളു ദെഹിക്കയും ശരണം നമക്കയും
പരനെ ധ്യാനിച്ചെറ്റം നേരിനെ സ്മരിക്കയും

ആരൊള്ളിതുപോലെ നേരതുമുര
ചെയ്വാൻ
കെരുളെ ഗമിച്ചതിലാരെയും കണ്ടില്ല ഞാൻ
എന്നതു ഗ്രഹിക്കയാലിനിയും ഒന്നൊണ്ടു ചോദി
ക്കുന്നൂ.

## 11.09. ഒരു കിളിപ്പാട്ട്

തമ്പുരാൻ തുണയ്ക്ക തന്റെ പുത്രനും റൂഹാ
താനും
ഒൻപതു കൂട്ടമായ മാലാകെമാരും തുണാ
ബാബാന്മാർ തുണയ്ക്കണം നിവ്യൻമാരു
മെന്നീ
ലാവോളും തുണയ്ക്കണം ശ്ലീഹൻമാരും മുദാ
ദൈവമാതാവേ തുണാ ദൈവഭക്തരേ തുണാ.
ദൈവസഞ്ചയേ തുണ ദൈവത്തെ സ്തുതിച്ച്
ഉയരുന്നൊരു കപോതമേ ദൈവത്തെ
ക്കുറിച്ചെന്റെ അരുകിൽ വരിക നീ
ദൈവകൽപിതമെല്ലാം ദൈവതമാക്കിത്തീർത്തു
ദൈവമാതിലേഖാരേഖയിൽ വാഴുന്നവൻ
ആരുമേ കാണാത്തവനെല്ലാമെല്ലാവർക്കും
കാണാകുന്നോൻ ദൂരവേ വസിപ്പവന
രികേഎല്ലായ്പോഴും വാഴുന്നു ലോകമൊക്കെ
വ്യാപിച്ചു സർവേശ്വരൻ കേഴുന്നാ സൃഷ്ടികളെ
പാലിപ്പാനനുരാഗാൽ ഇങ്ങനെയല്ലായാകിൽ
പാരമാം ദൈവ സത്യമിങ്ങെഴുന്നള്ളി യുദിപ്പി
ച്ചൊരു വേദത്തിനെ ദൈവജ്ഞാനത്തിലുള്ള
നസ്രാണിപ്പരുഷകൾ ദൈവത്തെ പകുത്തതതിൽ
കാരണാൽ ചിത്തം ആർത്തരിഞ്ഞഗ്നി പിടിച്ചെ
രിഞ്ഞു
കരിഞ്ഞപോലൊത്തിട്ടിരിങ്ങാരുമുരാചെയ്യാഞ്ഞു
നിനക്കു ഞാൻ വെള്ളവും പാലും തേനും
നെല്ലെരി ചൂർണ്ണ ഗുളം
ദുർല്ലഭം നൽകുന്നത് സല്ലഭമാക്കി ഭുജി
ച്ചില്ലൊരുദാഹം വിശപ്പടക്കി ചൊല്ലു തവാ
നല്ലൊരു ജ്ഞനമാതമിനിക്കു തെളിവാനായി
മെല്ലവേ താണൂ വന്നിങ്ങിരുന്നു ഭൂജിച്ചാർത്തി
തെല്ലുമില്ലാതെ തൃപ്തിയടക്കി പറഞ്ഞവൾ
ചൊല്ലുള്ള സത്യ വേദം വേദങ്ങൾക്കെല്ലാം രക്തം
ചൊല്ലിയാൽ ദുർബോധികൾക്കില്ലല്ലോ ബഹു
മാനം
മൂർഖൻമാരുടെ കർണ്ണേ സുജ്ഞാനം പൂകുന്നതി



ലൂക്കേറും മഹാ ഗജം കടക്കും കൊതുകിന്റെ
മുക്കിലേക്കത്രെ ക്ഷണം മറ്റേതിന്നസാദ്ധ്യമാം
വാക്കിനാലറുതിയും വരികയില്ലാ ജ്ഞാനം
ജ്ഞാനികൾക്കടയാളവും മുന്നമേ ഒന്നിങ്കലു
മാനസത്തിങ്കലൊരു കാംക്ഷയില്ലെന്നു വരും
കാക്ഷിതം ബോധത്തിന് കളങ്കമായി തീരും
കാക്ഷിതം ക്ഷയിപ്പിച്ചാലുദിക്കുവേനുള്ളിൽ
ഘോര രാത്രിയും സുര്യനുദയാ അനാടുപോൽ
വരാതെ രശ്മി കൊണ്ടു കാണാകും ദിക്കു
പത്തും
കാണുമ്പോൾ ഗ്രഹിച്ചീടാമേവനുംഗുണദേഷം
കാണയാ കിണേറതിൽ ചാടുമോ ഒരുവനും
ചാടുമാറില്ലാ വഴി നോക്കുമേ എല്ലാവനും
ആടയുണ്ടാകയില്ല വഴിയും പ്രകാശിക്കും
കാണാകും നല്ലാ വഴി പിണക്കവനില്ലാ
തുണയ്ക്കും ദൈവമവനില്ലാ സംശയമേതും

## 11.10. സഭ

എന്നാലും മാർയാവനീസാലക്കുസന്ത്രയോസോ
ടൊന്നവൻ പറഞ്ഞതു പറയാമറിഞ്ഞിടെ
വസൂലങ്ങൾ സൂക്ഷ്മങ്ങളും കാരണമിവ മൂന്നും
മാലാഖ തോന്നിക്കയാലദ്ദേഹം പറഞ്ഞ വസൂല
ങ്ങൾ
സൂക്ഷ്മത്തുംകേലടഞ്ഞുമതുപോലെ കാരണം
സൂക്ഷ്മത്തേയും അടക്കി പറഞ്ഞ പോൽ
ആലാഹ ഗഗനവും പുത്രനും പട്ടക്കാരൻ
ആലസ്യമില്ലതുള്ള മണാളെനെന്നു നൂനം
പള്ളിയും മറിയവും ഭൂമിയും ദൈവസുഖം
എള്ളിലെ തൈലം പോലുള്ളൊരു മണാട്ടിയും
ദൈവവും ദൈവസുഖം ആകാശം ഭൂമിതാനും
ദൈവ പുത്രനുമാവും കഹനാ പള്ളി താനും
റൂഹായും ആദിത്യനു മോർവിയും കീഴടക്കും
വിഹാര ജ്ഞാനം കർമ്മമിളകാതിരിപ്പാനും
മണവാളൻ മണാട്ടിയും യോജിച്ച് സ്തുതിക്കുന്ന
മണാട്ടിയത്രെയേകം പള്ളിയെന്നുറപ്പാനും
ശ്ലീഹാ കാസോലിക്കേക പ്രത്യേക വിശുദ്ധമാം
വിഹാര മോഹം തന്നിൽ വിശ്വസിക്കുന്നു.
ഞങ്ങൾ
എന്നേവാമുരാ ചെയ്ത ദിവ്യന്മാരുടെ വാക്യം
ഇന്നു ലേഖനം ചെയ്ത നിമിത്തമതുകൊണ്ട്
അവനീലഹമിസപ്പെടുന്നാമമസുത

നിവനാകുന്നൂയെന്നു ചൊല്ലുന്ന മൊഴിയതും
കപോതാവതാരസാദമതിന്നു റൂഹായ
രൂപം തൻ പിതൃു പുത്രൻമാരിൽ നിന്നതു കൊണ്ട്
റൂഹാടെ ക്രിയ കൊണ്ടും മറിയം തന്നിൽ ശുദ്ധ
വിഹാര കർത്താവിന്റെ ജനനം രക്തം തന്നാൽ
നിർമ്മിച്ചുണ്ടാക്കി ജീവേനതിങ്കൽ പൂകിച്ചെന്നും
പുത്രനാം പുമാനത് രണ്ടുമങ്ങെടുത്തെന്ന്
എത്രയും പ്രസിദ്ധമായി പറയുന്നതു കൊണ്ടും
.................................
*(ഇവിടെ കുറെ ഭാഗം നഷ്ടപ്പെട്ടിട്ടുണ്ട്)......*
............ കുഞ്ഞാടും പത്തീറായും മ്രാറയും
................. കുഞ്ഞാടിനെ
തൃജിച്ചു പത്തീറായെ നിറഞ്ഞാ ഭക്തി മുഴു
ത്തെടുത്തെന്നതുകൊണ്ടും സൗരവത്സരം തന്നി
ലെകാദേശമാം ദിനത്തിനെ ആരോടും ബോദ്ധീ
രാതെ കടന്നെന്നതു കൊണ്ടും
മരിച്ചാൽ തേറീടുമ്പാനൊണ്ടുപോലൊരു സ്ഥലം
തിരിച്ചിങ്ങറിവാനായി ശ്രവണാ കൃസ്യാനിയും
ചോദിച്ചാ ശോദ്യത്തിന്നങ്ങുത്തരം ചൊന്ന മൊഴി
വേദജ്ഞനോരോതയും നിവിയാ ഏവൻഗേലി
ഏംഗർത്താ പ്രക്കുസീലും മറ്റുള്ള സാക്ഷികളും
പങ്കമാന്മാവിൽ നിന്നിങ്ങോടുവാൻ തക്കവണ്ണം
തങ്കത്തേൽ രത്നം പതിച്ചെന്നപോൽ
പറഞ്ഞതും
ബോധിപ്പിച്ചങ്ങന്ത്യോഹ്യയ്ക്ക്വഴങ്ങി മഹാ ദി
വ്യൻ
വാദിച്ചാ മൊഴിയതുംഎഴുതി യാത്രാക്കുന്നു

## 11.11. സിംഹാസനം

വാവായും പുത്തീരനും റൂഹാദകുദശായും
അവരെയൊരു കാതലെന്ന സങ്കല്പിച്ചൊരു
മാസസോത്തമൻ വേദ ശാസ്ത്രജ്ഞൻ തപോ
നിധി
ദീനപാലനം സേവിച്ചിരിക്കും ദിശാന്തരേ സത്യ
വേദാർത്ഥ രൂപമറിവാനൊരു ദിനം
കൃസ്യാനി മിനിഷിയാലക്കുസന്ത്രെസന്നവൻ
ആദരവേറും മഹാ താപസൻ തന്നെ
കാൺമാൻ
ആഗമം ചെയ്തതു പ്രീത്യാ താപസാന്തികേയു
ടൻ
കണ്ടു മോദിച്ചു ചരിത്രങ്ങളും ചൊല്ലി പുന

www.malankaralibrary.com

രാണ്ടവൻ തന്റെ കാര്യം പ്രശ്ചിയുച്ചു വിളമ്പിതം
ഉപലം നീയാകുന്നു  ഇക്കല്ലേലന്റെ പള്ളി താൻ
പണി ചെയ്‌വാനതിനെന്നെല്ലോ തിരുവാശം
നരക ദ്വാരമതിനോടുപദ്രവം നാസ്തി നാക മോ
ക്ഷത്തിൽ താക്കോൽ നിനക്കു തരുവേൻ ഞാൻ
ധരിത്രൗ കെടുന്നനിമിളിതം വ്യോമസ്ഥലേ
ധരിണിയിലഴിപ്പതും ആകാശേ അപത്രിമാം
പ്രേമകാരുണ്യം തിരുവാശകം നിരുവിച്ചാൽ
റോമായല്ലയോ തലസ്ഥാമായ്‌വരേണ്ടതും
കേട്ടുടൻ മന്ദഹാസം പൂണ്ട് സാരജ്ഞൻ പ്രതി
കേവലം പരമാർത്ഥം ഗ്രഹിപ്പാൻ കൽപിച്ചിദം
കേട്ടു കൊണ്ടാലുംമെങ്കിലക്ഷോഭ്യം തന്റെ വിധി
കേട്ട ഞാൻ വിശ്വസിച്ചപോലഹം പറഞ്ഞീടാം.
തൊടക്കം ആകാശരാജൻ തന്നുടെ സിംഹാസനം
തുടങ്ങിപ്പറയുന്നൂ പഠിച്ചു കൊൾകാ നീയും.
തന്നുടെ സിംഹാസനസ്യങ്ങളും ചക്ര മുഖം
മുന്നലും പ്രഷ്ടഭാഗെം ഇടത്തു വലത്തെവം
മീകായേൽ ഗൗരിയേലും റപ്പായേൽ എസ്രാ
യേലും
ആകാശ ദിക്കു നാലുമവരാൽ ഭരിക്കുന്നു.
വാസ്തക തല പൂർവ വിശേഷം ഇവനാലും
പാസ്തവൻ കൽപിച്ചീലേ ആത്മരക്ഷാർത്ഥമായി
യുർവിയിൽ നാലു ദിക്കു പാലനം താപസന്മാർ
പുർവ ദെക്ഷിണം മുതൽ വടക്കു പടിഞ്ഞാറു
പൂർവദിക്കതിൽ നിന്ന് വിധിപ്പാൻ വരും ഏകൻ
സർവരും വഴുങ്ങുന്ന ദിക്കുമാ പൂർവമതിൽ ആര്യ
മെൻ കിഴക്കു ദിക്കെന്നതും സിദ്ധ മല്ലൊ
മര്യാദയ്ക്കന്തോയഹിന്നും വേണമേ കീഴടക്കം.

### 11.12. യേറുശലേം

അടക്കം ലോകങ്ങളെ പാലനം ചെയ്യും നാഥൻ
തുടക്കമോറശലം തന്നിൽ നിന്നന്നും വിധി
അത്യന്തമോരോ ശില രമ്യമാം പുരങ്ങളിൽ
കൃസ്ത്യാനി നന്നാ വേല ചെയ്‌വാൻ ഞാൻ
പോകുന്നെന്നും
മിശിഹാ പൌലൊസിന്റെ വാശകമല്ലെ രണ്ടും
അശുഭമാക്കീടല്ലേ പുസ്തക സാക്ഷികളെ
പഴമെക്കോറെത്തായും നിവീകളുടെ ചൊല്ലും
അഴിപ്പാനല്ലാ വന്നൂ തികെപ്പാനന്നൂ ചൊന്നാൻ
വാശകമോർക്കുവനാകിൽ യാക്കോവിൻ നിദ്രാ
യിങ്കൽ ഈശോ മുന്മായെയും കാണായൊരിടം
മൂലം
മൂശയുമവനുടെ ലോകരും കൂടി വാണി
ട്ടാജനമന്ന് തന്നാലവിടം മൂലമല്ലെ
കണ്ടു കാമരത്തിൽ മേൽകണ്ടു തീ മൂശാവിധി
എണ്ടിശെയ്ക്കടിസ്ഥാനമവിടം മൂലമല്ലെ
സാക്ഷിത്വപ്പെട്ടകത്താൽ പീഷ്ടദ പത്തീറായാൽ
സംരജ്ഞൻ മൂശ പുജിച്ചിടിനാനൊറൊശിലെ
ബോധമിങ്ങനവധി ശെൻമോനന്നല്ലേ വിധി
ബോധിച്ചിടല്ലെ പള്ളി വച്ചിതങ്ങൊറൊ ശലെ
പതാര പിതാവിന്റെ സുതനെ മീകാവു താൻ
താതന്റെ നികതനെ മാതാവും നൽകീലയോ
പിതാവിൻ സമം പുത്രനെന്നപോലുരചെയ്യും
സാദൃശമൊറൊശലെ മാബരെക്ഷാ
വിറകലും
സ്ഥാപിച്ചു തിരുമേനി അവിടെ ശ്ലീഹൻമാരും
എവിടം തലെയന്നു ചിന്തിപ്പാനുണ്ടെമുറ കത്തൈ്യ
നവ്യാ നിജാമ്പനിൽ ഭൃത്യരെ നന്നില്ലാ ദൃഢം
കർത്തൈ്യൗവ്യരായി വരുമോ ശ്ലീഹൻമാരും
അമലമേവാൻഗെലിലരുളി ചെയ്ത മൊഴി
അപക്ഷ്യ പാദമെന്നും വരികയില്ലെന്ന് കേൾ
പുണ്യമാ സ്തലങ്ങളുമവിടെ പലതുണ്ട്
നിർണ്ണയം ബോധിച്ചെന്നാൽ ബോധിക്കാപിന്നെ
നല്ല
ആദസാവെ മലയും താവൊറും കദുസെന്മും
യൂർദ്ദിനാൻ ഗാഗുൽത്തായും നെസാരാ ഗിലീ
ലായും
ആദം നട്ടൊരു വൃക്ഷം സെഹിയോൻ നടയിലും
ആദരിക്കണമല്ലൊ ശീലോഹാ അന്ത്യോഹായും
അറ്റമില്ലാതെ തന്റെ സംഗതി നടത്തിനാൽ
ഉറ്റു തൻ പാദാ ഭക്ത്യാ പാഠൻമാരെല്ലാ
അവർ

### 11.13. ഒൻപത്

ചുറ്റുന്നൂ ഗ്രഹങ്ങളിതൊൻപതും ചൊന്നപോലെ
മറ്റുള്ള താരങ്ങൾക്കുമില്ലല്ലേ ഭേദാഭേതം ചിറ്റുമീ
ഭേദമില്ലാതറ്റമില്ലാതബോധ
മറ്റു പോയെന്നു വന്നാലൊട്ടുമേ നന്നാ
യ്‌വരാ
ഒൻപതു കൂട്ടങ്ങൾക്കുമംബയാം സെഹിയോനിൽ
മുൻപരാം കൃസ്ത്യാനികൾക്കന്ത്യോഹാ അടി
സ്ഥാനം



ഒൻപതു കൂട്ടം നമ്മെ ചമച്ചാ സുതമ്പുരാൻ
അൻപേറും നന്മീരെകം പള്ളിയിലൊരുവരായി
മാലാകെമാരപ്പോലെ മാനുഷ വൃന്ദത്തെയും
ആലാഹാ സുതൻ ചമച്ചീലോകേ അതിൽ ചിലർ
പാമ്പു രണ്ടൊണ്ടു മുന്നമംഗദീനാനെ പോലെ
...................................

### 11.14. പ്രാർത്ഥന

തന്റെ പിത്രൗ ജനിക്കുമ്പോൾ മാതാവും പിറ
ക്കുമ്പോൾ മേദിനി നവ ഖണ്ഡമെന്നതിൽ വാഴു
വോരെ
മോദിച്ചു കൂടി നൃപ നെവ്യായിൽ വിധിപോലെ
അടുത്താ വലത്തേതിൽ പടിത്വമോടു കൂടി
വിധത്തെരായുള്ളവർ മുന്നൂറ്റും പതിനെട്ടും
പുകഴ്ചയേറും നിവി പാഠവം തന്നിൽ ചൊല്ലി
പിടിച്ചാ വടിയിരുമ്പതിനാലവരെത്താൻ
അടക്കം മേയുമെന്ന് ദാവീദല്ലയോ ചൊല്ലി
എടഞ്ഞീടാമോ അവരോടു നാം നിരുവിച്ചാൽ
വാബായോടെന്ന പിന്നെ തൃജിക്കിൽ
പൊറുത്തീടും
ആവതില്ലേതും റൂഹാ തന്നോടു പിഴച്ചെന്നാൽ
റൂഹായല്ലയോ ചൊല്ലി ദാവീദിൻ നാവു തന്നാൽ
ആ ഗാനം മറക്കാമോ ഒട്ടുമേ ഒരു നാളും
സലില തീരെ നട്ട വൃക്ഷമെന്നതു പോലെ
നില നിന്നീട വെണമെന്നല്ലൊ നിബി വിധി
തന്നുടെ ഗ്രഹം പുക്കു കപാടമടച്ചുടൻ നിന്നു
നീ സ്തുതിക്കണമെന്നല്ലോ കൽപിച്ചത്.

### 11.15. കാണാത പോയ ആട്

ഒരുത്തനജം നൂറുണ്ടായതിലൊരു ശിശു
വയർത്തു വനത്തിലായിക്കാണാണ്ടുടെയവൻ
പേരുത്തൊരജങ്ങളെ വച്ചുടെനൊരു പാളി
കൊടുത്തൂ മാർഗേണ പുംപിത മരുതാൻ
പോയജമെന്നും നിനെച്ചേറിയ താപം പൂണ്ടു
പാരാതെ കണ്ടുങ്ങവനെത്രയും പ്രസാദിച്ചൂ
ഭൂജത്താലെടുത്തവൻ തോളിൽ വച്ചാനന്ദമായി
അജത്തിൽ സദെനത്തിലാക്കി താനുടെയവൻ
ഇക്കണെക്കരുൾ തൃക്കൺ പാർത്തനുഗ്രഹിച്ചീടു
മെൻ തനയർക്കതിനെ

### 11.16. കർത്തൃ പ്രാർത്ഥന

ത്വൽത്തിരുനാമം പവിത്രാകണമന്നുള്ളതും
തന്റെ തിരു വചമോ നിന്റെ വചനമേ നിരൂപിക്കാ
രാജിതം വരെണമന്നെവിടം ധ്യാനിക്കും
നിർവ്യാജമെന്നിയെ നിന്റെ ചേതസേ ചരിക്കണം
സർവേശൻ തിരുമനസ്സാകാശെയുള്ളപോലെ
ഉറുവിലോകത്തിങ്കലുമാകണമെന്നല്ലോയോ
ദിഷ്ടദിയുടെ അപ്പമിന്നു നീ തരികകെന്ന്
വീട്ടിനു ചേരും വ്യോമ ഒറശ്ലെം നാമാർത്ഥവും
കടക്കാരോടുപായം പൊറുക്കുന്നതു പോലെ
കടങ്ങൾ ദോഷങ്ങളും പൊറുക്ക ഞങ്ങൾക്കു
നീ.
പയത്തേൽ പരീക്ഷയിൽ പൂകിക്കല്ലെന്നും ശശ്വൽ
നായകാ സ്തുതി ശക്തി നിനക്കുണ്ടാകകൊണ്ട്
തിന്മപ്പെട്ടവനിൽ നിന്നെങ്ങളെ രക്ഷിച്ചുകൊൾ
ആമ്മീനെന്നുള്ള മൊഴി സത്യമന്നറിയണം

### 11.17. കുരിശു വര

കടത്തി മുശാ കടൽ കൊടുത്താ വടി തന്നാൽ
എടുത്താ ശ്ലീവാ കൊണ്ടു കടത്തി പാതാളം
താൻ
ശിരസ്സിൽക്കരം വച്ചു പിതാവെ വിളിക്കുന്നൂ
കരത്താൽ ജടരത്തെ തൊട്ടല്ലോ പുത്രനെയും
ഉരത്തേൽ കരം വച്ചു ചൊല്ലുന്നു റൂഹാ
യെയും
ഇരുത്തി വലത്തെതിൽ നാമത്താൽ സത്യ
മെന്നും
സ്ലീവായിൽ ചക്ര ഭാഗമേതമേ ചക്രൗ ഭാഗ
മേവമിങ്ങടങ്ങീടു മാവിടമായ സ്ഥലെ സർവേശൻ
വ്യോമസ്ഥലെ ഇരുന്നെത്തീടുന്നതിൻ
സാദൃശ്യം ശിരമന്നു തൊടുന്നൂ ലടാടത്തേൽ
അമ്മരെയുള്ള ദൈവമല്ലയോ തലയാളി അമ്മര
ത്തിനു സമംഗളത്തിൻമീതാകുന്നൂ

### 11.18 നാല്

സർപ്പത്തിൻ ചമത്തു നാലുപായം നാലാകുന്നൂ.
ദുർപ്പടം നീക്കുമവനോസിക്കും നാൽപതു നാൾ
പകരുന്നവൻ ഘോര ഞെരുക്കം തീർന്നാലുട
നാകവേ ഭോജിക്കും ഗരളം തൃജിയാതെ ദുരവേ
കാണുന്നേരമറിയുമാരീകളെ

www.malankaralibrary.com

ധീരതയോടെ ഗമിച്ചീടുന്നു നാഗാലയും നാലു
പായത്താലത്രെ മോക്ഷത്തെ സിദ്ധിപ്പതും
സുലോകരേതി പട്ടം പെൺകെട്ടും കുമ്പസാരം
വിശുദ്ധകർമ്മം കൊണ്ടും മരണം ദിനെ ദിനെ
അശുദ്ധിനീക്കിടുന്നൂ നമ്മെത്താൻ മുന്നെപ്പോലെ
മന്നിടം തണുപ്പിപ്പാൻ പറുദീസായിൽ നിന്ന്
തന്നുടെ നിയോഗത്താൽ ഒഴുകും നദി നാല്.
ആനദി നാലിൽ സറുവാഭവിയന്മാരൊന്നതിൽ
ഒന്നല്ലൊ പിശാശുക്കൾക്കടിമയായിപ്പോയി.

## 11.19. ശുദ്ധി

മണാളനായ പട്ടക്കാരനും സമൂഹവും
മണവാട്ടിയായ പള്ളിയകത്തു കൂടീടുവാൻ
ഒരുത്തനിരുവരു കൂടുന്ന യോഗമതിൽ
വരുവോൻ ഞാന്നരുൾ ചെയ്തതു കാരണത്താൽ
വരുമേ ദൈവ പുത്രൻ മാതാവുമതു നേരം.
വചനം കൊണ്ടുണ്ടായ ഭൂമിയുമാകാശവും അശ
നാ പാനം മൃഷ്ടരായ പോലിമ്പപ്പെടും
പള്ളിയിൽ പോവാനുള്ള ദിനത്തിൻ തലെദിനം
വെള്ളത്തിൽ കുളിച്ചഴുക്കൊക്കെ നീക്കവേ
നീക്കിടേണം
പിറ്റെന്നാളുഷസ്സിന്നു ബെന്ധ ശോധന ചെയ്ത്
ചുറ്റുന്ന വസ്ത്രമൊക്കെ വെടിപ്പുള്ളതെയാകാവൂ
ഏറ്റവും ഭയം വേണം നികളം ചരസത്തെ മറ്റുള്ള
മോഹത്തെയുമരിശം കോതീകളും
ചെറ്റുമേ തോന്നീടല്ലേ പൈശന്യമൊരിക്കലും
തോറ്റവനുടെ ഗൃഹം മടിയാതെത്തീടെണം
എത്രയും ശത്രുക്കളായുള്ളവരത്രെ ഇവ
രത്ര ഏറ്റത്താൽ ഭയം സപ്താരികളെ വേണം
എളിമാ അഴിവടക്കം ക്ഷേമാവാദാ
സ്നേഹമുള്ളതിൽപ്പാരാമുത്സാഹമിവരത്രെ
സപ്താരികളെ വെല്ലും സപ്ത മിത്രൻ മാരിവർ
വ്യാപ്തനെ ജയിപ്പാനും സപ്താദികളാൽ വേണം
പള്ളിയിലകം പുവാൻ പുരുഷർ മുടികളും
എള്ളോളുമറക്കരുതെന്നപോൽ വധുക്കളും
എള്ളോളം കാണാതെ കണ്ടടയാൽ മുടീടെണം.
ഒൻപതിനൊൽപതു കൊണ്ടിൻപത്താൽ തമ്പു
രാനെ
കമ്പമെന്ന്യേ നില നിന്നുടൻ സ്തുതിക്കേണം.

## 11.20. ആത്മ ശുദ്ധി

തീണ്ടിയാൽ കുളിക്കുന്ന കുളിക്കും തൊട്ടീ
ടുകിൽ
വേണ്ടായെന്നുണ്ടോ നമുക്കങ്ങനെ മര്യാദ
പിറന്ന പിറക്കാത്ത ജനത്തെ തൊട്ടീടുകിൽ
പിറന്നാൽ പിറന്നവരൊക്കെയും കുളിക്കണം
തീണ്ടലാത്മാവിനത്രെ കണ്ടത് മോഹിക്കെന്നാൽ
വേണ്ടാ കേൾ സംസർഗ്ഗവും ദുർജനൻമാരി
ലൊന്നും
മിണ്ടാത ഇരിക്കിലോ ഉണ്ടാകയില്ലാ ദോഷം
കണ്ടവർ ചിരിക്കിലും വേണ്ടാ ദുസ്സംഗ മൊന്നും
മങ്കമാരുടെ കൊഞ്ചൽ പുഞ്ചിരി വല്ലികൊണ്ടും
കൊങ്കകൾ കൊണ്ടുമവരാത്മാവേ വഞ്ചിക്കുന്നു
പൊൻകൊണ്ടും രാഗം കൊണ്ടുംപൗരഷം
കൊണ്ടും വധു
തങ്കലുള്ളൊരുചിത്തം വഞ്ചിക്കും പുരുഷൻമാർ
തീണ്ടാതെ ഓടിടേണം പണ്ഡിതരായ ജനം
കണ്ടതിന്റെ പാവം തീർപ്പാൻ കണ്ണുകൾ കഴു
കേണം
ദേഹത്തെ ദേഹം തൊട്ടാൽ വെള്ളത്താൽ വരും
ശുദ്ധി
ദേഹിയിൽ തീണ്ടിടുകിൽ അഗ്നിയിൽ കുളിക്കണം
ഭക്ഷണം വർജ്യം വേണ്ട കർമ്മം കർമ്മങ്ങളൊ
ക്കിൽ
ഭക്ഷിച്ചാ ദ്രവ്യമല്ലാം ദെഹിപ്പിച്ചിടുമഗ്നി എങ്കിലും
വർജ്യമത്രെ ഉത്തമം ധരിക്ക നീ
ചങ്കയുണ്ടാവനതുനല്ലിതജ്ഞാനികൾക്കും
ദുർഭക്ഷ്യം ലഭിച്ചെന്നാൽ തന്നുടെ പുണ്യം
വൃത്തി
സുഭക്ഷ്യെമാക്കിടുവാനുണ്ടെങ്കിൽ വർജ്യം
വേണ്ടാ
മാനുഷ സുതൻതന്റെ മാനസത്തുങ്കൽ നിന്ന്
ജ്ഞാനത്തെ വെടിഞ്ഞുള്ള നിനവും വചനവും
കർമ്മത്തെക്കൊണ്ടല്ലാതെ ഭക്ഷണാലാത്മാവിനു
കൻമഷമില്ലാ ഉള്ളിൽ പൂകുന്ന വസ്തുക്കളാൽ
ആരാന്റെ കുറ്റം ചിലരാരാഞ്ഞു പറയായ്ക
പോരാത്ത കൃത്യം തനിക്കുണ്ടാവാൻ ശ്രമിക്കണം
തന്നുടെ വചം വൃത്തി വർദ്ധിപ്പിക്കണം നിത്യം
എന്നാലായതു കണ്ട് നാണിക്കുമജ്ഞാനികൾ
പറഞ്ഞു ഗ്രഹിപ്പിക്കുന്നവനെക്കായിലേറ്റം
അറിഞ്ഞുചെയ്യും കർമ്മാൽ പഠിപ്പിച്ചെന്നാൽ
ഗുണം



അറ്റമില്ലാതെ മേഘ വൃഷ്ടികൊണ്ടുള്ളാ ജലം
തേറ്റുന്നൂ സമുദ്രത്തിലാറ്റീലും ചെല്ലു ം ജലം
പരാത്മാവുകളിലുള്ള നരൻമാരെന്നു വേണം
തിരഞ്ഞിങ്ങറിയേണം മൃഗങ്ങൾ പക്ഷികളെ
ആരാഞ്ഞാൽ മാടപ്രാവും ചെങ്ങാലികളെ
ക്കാണാം
നേരുള്ള പക്ഷികൾക്കിങ്ങണ്ണങ്ങളീരണ്ടത്രെ
പുവനൊടിങ്ങു പെടാമഹെ തന്നറക നീ ജീവനെ
ദിനമെല്ലാം ഒന്നിച്ചു രമിച്ചീടും ഓളം ബ്രഹ്മമൊ
ന്നിന്നന്തരം വന്നാൽ പിന്നെ
മറ്റൊന്നിനെയും ഒന്നുകൊണ്ടുമേ കാംക്ഷ വന്നു
പോകാതെ ജീവൻ
ഒടുങ്ങുവോളം ബ്രഹ്മചാരിയായിരുന്നീടും
കടുവയാം ദുഷ്ടനീവണ്ണമിരുന്നീടും
ജീവാത്മാവിനു മീതെ പരാത്മാവിരിക്കുമ്പോൾ
കവർന്ന് കാമം കൊണ്ട് കാമനീമാരെ പിടി
ച്ചവരെ ക്രീഡിക്കുന്ന ജനത്തെ തീണ്ടീടല്ലേ
ജനിച്ച ദിനം മുതൽ മരിക്കും ദിനം വരെ തനി
ക്കിങ്ങുള്ളം ബ്രഹ്മചാരിത്വമറിയാതെ
മരിച്ചങ്ങവർ ചൊന്നാൽ
ഇരുത്തും സിംഹാസനപ്രത്തുമീശൻ കോപി
ച്ചെന്നാൽ മൃത്യു അല്ലാതെ ഒരു കർത്തവ്യം അവ
നില്ലെന്നോർത്താലിങ്ങറിഞ്ഞിടാം
രാജധർമ്മത്തെ വെടിഞ്ഞജ്ജനങ്ങളെ
ഒരു രാജാവ് വധിക്കിലും അർത്ഥത്തെ പറി
ക്കിലും
കർത്താവങ്ങവനുടെ ഗാത്രവും ഗോത്രങ്ങളെ
ചീർത്ത കോപത്താൽ ക്ഷയിപ്പിച്ചൊടുക്ക മാത്മാ
വിനെ
വറത്തീടുവാൻ നിയോഗിക്കുമേ നരകത്തിൽ
അറുത്തീടിലും മൃത്യു വരാതെ വലഞ്ഞിടും

## 11.21. അനുതാപം

പാമ്പിനാൽ ഭവിച്ചോരു പാവങ്ങളശേഷവും
പാമ്പിനെപ്പോലെ പ്രെത്നം ചെയ്തവനഴിപ്പിച്ചാൽ
പാപനാശ ദേഹം മൃതായവരുമഹോ
പാവത്തെവീണ്ടും ചെയ്തീലാപത്തന്നറിയേണം.
പാപ കർമ്മത്തെച്ചെയ്ത നാരിയെ യൂദൻമാരു
വ്യാഭാരം കണ്ടു പോയ കാരണാലവളെ ലേവ്യരു
കൂടി പിടിപ്പെട്ടുടൻ തിരുമുൻപിൽ
ഇവളെ വദിക്കയോ വധിയായികയോ ചൊൽക
വധത്തെ വിരോധിച്ച വിധിയെന്നരുൾ ചെയ്തു
വിധിപ്പാൻ വിധി കടക്കാത്തവനിവളയും വിധി
ച്ചവണ്ണം എറിഞ്ഞവളെ വധിക്കണം
എന്നൊരു ന്യായം കേട്ടു ചിന്തിച്ചു പോയി
തന്നുടെ തിരുമുമ്പിലവളെ ശേഷിച്ചൊള്ളു.
ഇങ്ങനെയിനിമേലിൽ ചെയ്യുമോ ചൊൽക
പെണ്ണെ
തിൽങ്ങിനാഭ്രമാൽ സത്യ വാശകം കേട്ടു നാഥൻ
ചെയ്തോരു ദോഷമെല്ലാം പൊറുത്തു
പോയ്കൊള്ളു നീ
ചെയ്യല്ലേ ശ്വാക്കൾ വീണ്ടും തിരിയും കഷ്ടം
പോലെ
അരുതായിപ്പോയി എങ്കിലുമതു കൊണ്ടിങ്ങാ
കവേ തേറീടുവാനാളല്ലന്ന ആകിൽ
ദോഷത്തോളും ദോഷമില്ലെന്നും പെണ്ണെ ആയ
പോലെ നഷ്ടിച്ചാൽ നായകൻ സഖിച്ചിടും
നായകാ മൊഴികേട്ടിട്ടവളു മതിൽവണ്ണം
കായത്തെ വെടിഞ്ഞർദ്ധിച്ചാകാശമോക്ഷം
പുക്കാൻ
എന്ന പോലെന്റെ ദോഷമശേഷം പൊറുത്തെന്നു
തോന്നിയാൽ
പിന്നെച്ചെന്ന് കൈക്കൊള്ളാമൻമീറായെ

## 11.22. പുത്തൻ ശാസ്ത്രം

ചരമ കഴിഞ്ഞതിനൊപ്പം താൻ ചമച്ചതും പരമാ
ദര തിരുവുള്ളത്താലറിക നീ.
ഒറൊത്തായതിൽ പരമല്ലയോ ഏവൻഗേലി
വറുഗീദിനെകായിൽ വലുതു മാമോദീസാ
നിവ്യമാർക്കുപരി ശ്ലീഹൻമാരത്രെ എന്ന്
മൂശയെക്കായിൽ വലുതല്ലയോ മിശിഹായും.
പത്തീറായെക്കായിൽ വലുതാമൻമീറായും.
ശൈശവമജത്തെക്കാൾ വലുതാം കുറുവാന.
രുദ്ദു രാജന്റെ നാമമായുള്ളോരോറൊശിലാ സ
ത്യമി നാമാ കൊണ്ടു ചെയ്യരുതൊരിക്കലും
എന്നരുൾ ചെയ്ത പുരിക്കുപരി ഒറൊശിലാ
വന്ദനം ചെയ്തും പുരിക്കൊക്കുമീ കാതൊ
ലിക്കാ...................

## 11.23. സ്തുതി

നമ്മുടെ കർത്താവിന്റെ അമ്മയും താനും കൂടി
നമുക്കുവേണ്ടി ചെയ്തതോരൻപുകളെ ന്തല്ലാം

www.malankaralibrary.com

എന്നോർത്തുടൻ ഭക്തിയോടെ
സർവേശാസർവ മാതാവാകുന്ന മറിയവും
സർവ സങ്കടമേറ്റു സർവദോഷത്തെ നീക്കി
സർവേശപുരം നമുക്കായ കാരണമെല്ലാം
സർവതും ധ്യാനിച്ചുള്ളിൽ മാതാവും മകനെയും
സർവതുമുപേക്ഷിച്ചും സർവരുമെന്നപോലെ
സർവേശൻ തന്നെ ഭക്തികൊണ്ടുടൻ ബന്ധിച്ചിങ്ങു
സർവാത്മാവിങ്കേലിട്ടു പൂട്ടിയാൽ തീർന്നിടുവാൻ
സർവ കൽപന വേണം നൽകുവാൻ എല്ലായ്പോഴും
സർവേശൻ പ്രസാദിച്ചാൽ സർവലോകവുമപ്പോൾ
സർവ നേരവും നമുക്കാർത്തിടും പിരിയാതെ
സർവ ഭക്തിയിൽ വീണു വലയും സുതതമ്പുരാൻ
സർവശേനൊരു നേരമില്ലങ്ങു പോയീടുവാൻ
സർവേശാനാമം ചിന്തിച്ചാദരമടയാതെ
സർവ വാതിലും തുറന്നീടുമെ ഒരുപോലെ
സർവസ്ധ്യാനത്താൽ സർവ മന്ത്രങ്ങൾ
സർവ വൃത്തി സർവ്വേശൻ
മുന്നിൽ ചെന്ന് തിങ്ങിയതാ സ്ഥലമെല്ലാം മറ്റുമ്പോൾക്കണ്ണുമെല്ലെത്തുറക്കും ബാബാ താനും
മറ്റൊരു സുതൻ തനിക്കില്ലാത്ത താതനപ്പോൾ
ഉറ്റുടൻ വലത്തേതിലിരിക്കും തനയനും
ഉറ്റുതന്നുടെ ഭക്തകൂട്ടത്തിൽ റൂഹായുമായി
മറ്റുള്ള സമൂഹവും ഒക്കവെ ഭൂമണ്ഡലെ
കാണാകും  നേരം തന്റെ കുതുകം ചിത്തത്തിനാൽ
ക്ഷോണിയിലായ്വരും മംബരെയുള്ളതും
പോലെ  അല്ലാഞ്ഞാൽ..............................

### 11.24. ജീവിതം

ഇരു പേരൊരു മാർഗ്ഗേ ഗമിപ്പാൻ തുടർന്നപ്പോൾ
വരുന്നാ സിംഹത്തിനെക്കണ്ടുടനോടിപ്പോന്നു.
പെരുത്താ കിണെറ്റിൽ വീഴുമ്പോളൊരു കരത്തിൽപ്പിടിയെത്തിട്ടിരുന്നു പാർക്കുന്നേരം.
വരുന്നു വിഴുങ്ങുവാൻ പെരിയ പാമ്പും വക്ത്രം
ചുരുക്കീടാതെ പിളർന്നുയന്നു വരുന്നതും.
കരത്താലടിച്ചിഹ മുസ ചെയ്വാനായി സിംഹം ചെന്നു.
വരവിൽ ദംഷ്ട്രങ്ങളിളകുന്നതു കൊണ്ട് ഭയപ്പെട്ടിരുപേരും വൃക്ഷ ശക്തിയെ പാർത്തിട്ടുയർത്തീടാതെ.
എലി രണ്ടിനാൽ വൃക്ഷംമൂലം രാപകൽ കരണ്ടങ്ങു വീഴാറായതും കണ്ട.
വായി മദു കൂടതിലെത്രവിധത്തിലന്തമില്ലാതധർമ്മ പാശത്തിലായി.
ആധിയും ഭവിപ്പിക്കും അതിനെ പാനഞ്ചനെ
മതിദുഷണം ദോഷം ചതിയെൻ വിഴുങ്ങീടുമതിനില്ലൊരു വിഘ്നം.

### 11.25. ധർമ്മം

ധർമ്മത്തെ വഴിപോലെ ചെയ്കിലോ കൃപയുടെ
നൻമ നൽകിടും പരെനൊടുക്കമതിൻമുൻപേ
രാജരാജനാകുന്നു ധർമ്മമെന്നറിഞ്ഞാലും.
രാജകോപവും വ്യാജന്മാരുടെ കവ ർച്ചയും
ജാതവേതസു തന്നാൽ ദെഹിക്കപ്പെടുന്നതും
ജാതമാകയുമില്ലാ ധർമ്മതൽപരക്കെന്നും.
ധർമ്മികൻ മാർക്കികലോകത്തുങ്കലും ലഭിച്ചീടും
കാർമ്മിഹമായിട്ടിഹ പത്തൊണ്ട് പറവാൻ.
ഞാൻ കീർത്തി കൊണ്ടുള്ള പരിപൂർത്തിയും ആതിതാനും
ഭക്ഷവ്യമായിടുന്ന പുഷ്ടിയും തുഷ്ടിതാനും.
ശുദ്ധിയേറീടുന്നൊരു മതിലും.......*(അപൂർണം)*...
ലെജ്ഞം താനും സിസ്നിഗ്ധമായിരിപ്പോരു മേധൃതി.
പിന്നെ അക്ഷീണയായീടുന്ന ലക്ഷ്മീയുമിവപത്തും.
ലക്ഷണമേറും ധർമ്മപംക്തികൾ വിവക്ഷണം
ധർമ്മത്തെ വിചാരിച്ചാൽ നൻമ കേളതിൻസമം
എൻമനം തന്നിലൊന്നും കാൺമാനില്ലതിൽ പരം.

### 11.26. ദാനധർമ്മം

ദാന ധർമ്മാദി സത്യവും കൂടാതെ മാനുഷൻമാരാലതു മാനമോടനു കൃത്യം.
ലോകമൊക്കെയും മഹാരാജരാജനാം ന്യായ
വൃതം വ്യാകുലം പ്രജാകൾക്കുവരാതയിരിപ്പാൻ
ആയി ദിക്കുകളൊക്കെ പരിപാലിപ്പാനായി
പ്രഭുക്കളും മിക്കതുമവരാലെ ശിഷ്യകൾ



രെക്ഷ ചെയ്താർ.
അക്കാലം ദളാകർത്തംവാനൊരത്തനൊക്കെയുമവനാക്കികൊടുത്തൂമഹാരാജൻ.
പൊക്കത്തീലൊരു ഗ്രഹമേഴോണ്ടു നിലാകളും
തക്കത്തിലതീലവെനിരുന്നൂ വാഴും കാലം.
കാംക്ഷിതം മുത്രുക്കുവാനൊള്ളി ക്ഷതിയിങ്കൽ
അക്ഷീണം രാജനീതിപോരാഞ്ഞു കൽപിച്ചവൻ
മൂന്നു സ്നേഹിതൻമാരണ്ടൊന്നതിലൊരു
വനെ
എന്നുമേ അകലാതെ കൂടവേ വസിപ്പിച്ചിട്ടശനാനെരാ  ചാരമവൻ കൂടാ
തീശനെ  ധ്യാനിക്കുമ്പോളാശയുമവൻ...........
*(അപൂർണം)*

### 11.27. ആദി പാപം

ഹാബായോടവൻ ചൊന്നപോലവളാദത്തോടും
പാപ പുണ്യങ്ങൾ രണ്ടും അറിയും ഫലം തിന്നു.
ശ്ക്കീൻ തൃഗറായിക്കു മുന്നം പിണഞ്ഞ് സമുന്നതം ശ്ക്കീൽനൂറാ ഗിരം കേട്ടു കൽപനകടന്നവൻ ആഴവേ വീണു കേണൂ പാണി  പാണികളാലെ പിഴച്ചതെല്ലാം പൊറുക്കണമേ സമസ്സേശാ
മരണമില്ലാത്തവൻ ജനിച്ചു മരിപ്പോളം
കരുണാലയം പ്രതി കരെഞ്ഞാരിരുവരും
അഴുതാ മൂലം അഴിഞ്ഞഖിലാ ജഗൽ പ്രഭു
പൊഴിഞ്ഞ കരുണയാൽ മരിച്ചു ജീവിപ്പിച്ചു
മുക്തി ലോകത്തിങ്കലെത്തീടുവാനുപായവും
യുക്ത മാർഗന ചെൽവാനരുളി മുക്തി പതി
നുഗറാ തന്റെ ഹെവായെവിടെയെന്നു ശ്രബ്വാ
അബുറാമ്മിന്റെ മേലെ പതിച്ചു സർവേശ്വരൻ............

### 11.28. മനോവിചാരം

കപ്പലിൽ ചരക്കുകളെപ്പേരും കേറ്റിപ്പിന്നെ
കപ്പക്കാരനുമതിലുൾപ്പുക്കു സമുദ്രത്തിൽ
ഓടിച്ചു  ലഭാമെടുത്തിടുവാനെവിടമെത്തുടെ
ചിന്തിച്ചു കടൽ നടുവിൽ ചെല്ലുന്നേരം വായുവും
കോപിച്ചു ജല
മുയർന്നാതരങ്ങളാൽ കയറും പിരിഞ്ഞു പോം.
വായുവിന്റെ വികാരത്താൽ മറിയും കപ്പൽ
തന്നിലിരിക്കും മുതലാളി അറിഞ്ഞു
ശുക്കാനത്തെ ധരിച്ചു ജലധിയിൽ എളകി മറിയുന്നൊരോളത്തിൻമീതെ ചിത്തമിളകാ
തൊരു കര കുളിച്ചു കേറീടുവാൻ.
ഉത്സാഹം മനസ്സുംകൽ വത്സലൻ തന്നപ്രതി മത്സര വിരോധിയെ തൽസ്സുണ്ടാ ജെയിക്കണം.

### 11.29. എന്തു ചെയ്യും?

കുരുടൻ ചടന്തനുമൊരുപിച്ചൊരു വൃക്ഷം അരികത്തടുത്തപ്പൾ മരത്തേൻപ്പലം കണ്ടു. ശടന്തെനെറിക്കൂടാ. കുരുടെനറിവില്ലാ.
എടുത്തിടെണം ഫലമാകിലോ ധരിക്ക നീ
കരുടെനെടുക്കണം ചടന്തെൻ തന്നത്തൊളിൽ
ഇരുന്നൂ ചൊല്ലീടുന്നതൊക്കയും കേട്ടാൽ ഫലം
കൈക്കൊള്ളാമിരുപേർക്കുമൊന്നിച്ചു  ഭോജിച്ചാർത്തി ഒക്കവെ ശമപ്പിച്ചു പൊക്കത്തിൽ പാഴാം സമം.

### 11.30. ഏഴ്

നേരെയും സ്നേഹവും മസുമൂറേഴാകുന്നു
അന്തിയാക്കോസാ രാജൻ കൊല്ലിച്ചു ശ്മൊനിയുടെ സന്തിയേഴുപേരെ.
ദിവ്യ ദുഷ്ടനാം വലൻ പ്രത്വവീയുമേഴു ദിവിസാഗരം വഴി ...........സപ്താ ധാതുക്കളന്നും
ചൊല്ലുന്നൂ മഹത്തുകൾ
പഞ്ചമദ്വയ നാമുള്ളവനേഴു തന്നാൽ
പഞ്ചമി ദ്വയം പട്ടം തികെഞ്ഞിട്ടൊന്നെകാലും.
ഇങ്ങനെ  പറയുന്നൂ.ചിലരെന്നറിഞ്ഞാലും
അങ്ങനെ തന്നെ പോരാ ചൊല്ലുവേനധ വിധി.

### 11.31. അന്മീറ

പിന്നെയും താപസനോടീവണ്ണം ക്രിസ്ത്യാനിതാൻ
ഒന്നൊണ്ടു ചോദിക്കുന്നു ഗ്രഹിപ്പാനിയിയിന്ന്.
മൂന്നം അന്മീറായെന്നും പദാ പത്തീറാ യെന്നുള്ളതും നർമ്മലൊക്തികളാലെ വഹിപ്പിച്ചീടുകമാം
അന്നേരം താപസിയാവാന്നീസു പ്രാശമുചിച്ച്
ഇന്നല്ലാ നിന്നോടു ഞാൻ ചൊല്ലുന്നേൻ അടുത്തെന്നാൽ
വറുഗീതില്ലാത്തവൻ പത്തീറാ തിന്നീടുകിൽ
മറുത്ത് ന്യായാ വിധിയിൽ നിന്നീവണ്ണം മൂശാ

www.malankaralibrary.com

വിധി
പ്രഭന്റെ പടകൊണ്ട് തിടുക്കം വന്ന ദിനം
നിമിഷം പൊടി വെള്ളം കൊണ്ട് അവനപ്പം
തീർത്തു പൂജിച്ചു സേവിച്ചത് പത്തീറായാകുന്നത്
വ്യാജമില്ലിനിയുംകേൾ
പന്തെക്കുസ്തെയാം നാളിൽ അന്മീറാകൊണ്ട് മൂശ
പൂജിക്കപ്പെട്ടു എന്ന് നമ്മുടെ മുന്നിൽ ഉള്ള
കഹനെൻമാരുടെ സെപ്രായിലീവണ്ണം ചൊല്ലീ
ടുന്നു അപ്രകാരത്തെ ഗ്രഹിച്ചീടിന താപസൻ
നെറിവാളൻ ഉപ്പു കൂടാതെ മണുമണുക്കപ്പെ
ട്ടുള്ളോ
രപ്പമീതേവൻഗെലീ വരുന്ന നാളി പിന്നെ
മായുന്നു തിന്നുന്നില്ല നീയേതാൻ ചൊന്നതത്രെ
അതൊക്കെ പുളിച്ചെന്നതിനോളും പൊടിയുടെ
സ്ത്രീ പറയതിൽ നിന്നു സ്ത്രീയവളെടുത്തൊളി
ച്ചിട്ടിയോരന്മാറായ്ക്ക് വീണ്ടാകാശ മോക്ഷം
സദൃശ്യമെന്നേവൻഗേലി തന്നുടെ അവകാശാൽ
ആകയാലൻമീറായെന്നല്ലയോതിരുനാമം
ആകയാൽ പുളിച്ചതു കൂട്ടിയേ മതിയാവൂ തമ്പു
രാൻ തന്റെ വീട്ടിൽ സ്തുതിക്കപ്പെട്ട സൈത്തെ
ന്നപോൽ ഞാനായെന്ന് ദാവീദ് ചൊൽകയാലേ
സൈത്തുമൻമീറായിൽ കൂട്ടണമെന്ന് വിധി
ഉപ്പാലെ പൂജയൊക്കെ രസിക്കപ്പെടുന്നെന്ന്
കൽപനയെന്ന് മർക്കൊസ് ചൊൽകാലുപ്പം
വേണം
കയ്പയും തിൻമയുടെ ഹൻമീറാ മേലിലാദം
പുളിച്ചു നൻമയുടെയും വെടിപ്പിന്റെയും ഹൻമീറാ
ആക കൊണ്ടും നാമവുമവനത് എന്നതിനാലെ
മാർ പൗലൂസിന്റെ എങ്കർത്തായിൽ പഴ
താകപ്പെട്ടതും അവയ്ക്കവ കടന്നു കയ്പയും
തിൻമയുടെ അൻമീറായാലെ അല്ല നൻമയും
വെടിപ്പിന്റെ അൻമീറായാലെ അത്രെ എന്ന മപ്പി
ഴതായി
ക്ഷേപനായന്നയവൻ ക്ഷെയത്തിന്നണയപ്പെടു
ന്നവവെനെന്നും എബ്രായക്കാരുടെ കുറിയില
ത്രെയതും മൾക്കെദെക്കിന്നും നൂഹ് തനിക്കും
ആദത്തിന്നും നീക്കമില്ലൻമീറായെന്നാകുന്നൂ
നാമമതച്ചാരമാ
ചർമ്മഘടം തന്നിലപ്പുത്തൻ വീണ്ട് ചൊരി
ഞ്ഞാൽ
കുടം പൊളിഞ്ഞ് ഘഡം വീണ്ടും പോപ്പോം
ചാരമാകവ ചത്തെൻ നുക്കണ്ടിയിട്ട് നേരിയാ
തൂശികൊണ്ട് തൈക്കിലുമേറ്റം കീറ്റം
എന്നപോൽ വരായ്‌വതിനായിക്കൊണ്ട്
മറപ്രേം തന്നുടെ മെൻമ്രാ തന്നിൽ ചൊന്നതു
മിതിൻവണ്ണം ശുദ്ധമാം മദുബഹായിൽ
പത്തീറാ
കേറ്റുന്നവൻ സിദ്ദാന്തി അവരുടെ പാതാരശ്രദ്ധ
കൊണ്ടു
വെന്ധ രോഷത്താലവൻ തന്നുടെ കർത്താവനെ
വിധിച്ചാ കയ്യപ്പാടെ സോദരെനായുള്ളൊരു
രണ്ടാമനാകുന്നൊരു കയ്യപ്പാ എന്നതത്രെ
കൊറവന്നൊരു ഖലൻ പത്തീറായെടുപ്പിച്ച
മാർപ്പാപ്പായല്ലാ ലെബൊനായതു റോമാക്കാരൻ
വാക്കിനാൽവശത്താക്കി നടന്നു വരികയാൽ
അക്കാലം റോമാ തന്നിൽ മൽപാനാം പത്രൊ
സ്ക്കൂന്നും
വിശ്വാസം ..............................................
മാർ യാക്കോ വിശ്വാസം പകെപ്പിച്ചാൽ പട്ടാങ്ങ
പിരാക്കു പെടും
വാച്ചു പോയി കോരഖിന്റെ ദുരിയുക്തി ശിഷ്യ
ങ്ങളും.
ആയതു വിചാരിച്ച് കുദാശയാക്കി ചൊന്നാൻ
റോമ്മാടെ പട്ടക്കാരൊരുമേ.
ഹൻമീറായെ സംശയിച്ചെടുത്തീടിലവർക്കു ദോ
ഷം വരും
പത്തീറാ സുറിയാനിക്കാരെടുക്കിൽ മഹാ
ദോഷം
ചിത്തത്തിൽ വെള്ളി ബുധൻ ഭക്തിയാൽ നോറ്റീ
ടേണം
എന്നവൻ പറഞ്ഞത് മറന്ന് പറങ്കികൾ മന്നന്റെ
............
കഷ്ടം പാരം നല്ല ബുധ വാരത്തെക്കായിൽ
പത്തീറാ ശനി വാരം എടുക്ക നിമിത്തത്താൽ
കർത്താവിന്റെ പുത്തൻ ശാസ്ത്രം വെടിഞ്ഞു
പഴേതായി
എത്രയും മൂഢന്മാർക്കീങ്ങറിയാമോർത്തീടുകിൽ
ചിത്രമെത്രയുമതു ബോധിച്ചതെത്ര കഷ്ടം
കഷ്ടമെന്നറിഞ്ഞാലുമവരാരല്ലാമതും കെൽ നീ.
ശ്രേഷ്ടരായ ബുധനായെൽ എബുറായെൽ നിനു
വായെൽ



സുറിയാനിക്കാരായ ഹെന്ദുവിലുള്ള പേരും
അറികപ്പെടാകൂ അപ്പസ്സോസിലുള്ളവരും
ഈഗുപാതയെക്കാരൻ കൂശായെക്കാർ യാക്കോ
ബായൊ കുഹര അറുമ്മീസു നാസു
നീടിത്തരും മരിയാനോസേന്മാരും വിറുതുത
ന്മാരും മറ്റും
പറകിൽ റോമാക്കാരല്ലാതെ ഒരുത്തരും.
ആരുമേ എടുത്തീലാ യൂദന്റെ പത്തീ
റായെ..............*(ഇവിടെ കുറെഭാഗം വിട്ടുപോയി
ട്ടുണ്ടാവാൻ സാദ്ധ്യതയുണ്ട്).*
ചോരരു കൊന്നു കൊണ്ടു റൊമായ്ക്കന്നറിക നീ
സാരനാം നിബി മൂശ വചനം മുതൽ റോമാ
ധീരനാം പത്രൊസക്കൂമ്മാവന്റെ മൊഴിവരെ
ധിക്കരിച്ചെന്നാലവരെന്നാ കാലമതിൽ
ധിക്കാരിയെന്നു വരു തള്ളിപ്പൊമാം സമുശയം
പത്തീറാക്കാരെപ്പോലെ ഒത്തുപോലമ്മീറായെ
ഭക്തികൂടാതെ തിന്നാൽ പിളർക്കുമാത്മാവിനെ
മൽപാന്റെ മൽപാൻ മാറപ്രേം ഭയപ്പെട്ടിടുമപ്പ
മിതൊന്നല്ലാതെയപ്പുമാൻ തിന്നില്ലാ കേൾ

## 10.32. സഭാ ചരിത്രം

*(ആദ്യം കുറെ വിട്ടുപോയിട്ടുണ്ട്)*
..........................................
പുത്തൻ ശാസ്ത്രത്തിനുടെ രക്തകാസായുമിതാ
അത്താഴം സമയത്ത് നൽകിയാ ദൈവത്തിന്റെ
കാലമിതേഴുപത്തു രണ്ടതിൽ മർത്തൊമായും
കാലവും കഴിഞ്ഞിതു മൈലപ്പുരടങ്ങിയാൽ
മുന്നൂറ്റു നാൽപത്തഞ്ചിൽ വന്നിതു ക്നായിത്തൊ
മ്മൻ
അന്നവനോടുകൂടെ സുറിയാനിക്കാരൻ വന്നൂ
പട്ടക്കാർ മേൽപട്ടക്കാർ ക്രിസ്ത്യാനികളും മറ്റും
കൂട്ടമേ കൊടുങ്ങല്ലൂരിൽ വാണില്ലെയോ.
കൊല്ലമിങ്ങേഴു ശതാവിംശതിചെന്ന
കാലം കൊലത്തെ മാറ്റി വന്നു. കൊച്ചിയിൽ മാർ
അബുറാഹം 53 കാലം ഭരിച്ചു
മലെയാളം തമ്പുരാൻ പക്കലായി അബുറാ
ഹംനിവ്യൻ ചെന്നു
അക്കാലം പ്രാകാമേലും മേൽപട്ടം കെട്ടിവന്നൂ
ഒക്കവെ വഴക്കി പോൽ പ്രത്തക്കാൽ ശക്തി
കൊണ്ട്
എണ്ണൂറ്റേഴുംകൽ വന്നൂ. ഹെന്ദുവിൽ മുതലാളി
എത്തിലാ മലയാളം മാർഗവാസിക റൊമ്മികള
ക്കാലം..............................
.....*(ഇവിടെ കുറെഭാഗം വിട്ടുപോയിട്ടുണ്ട്).*
............................മാർഗിനാത്യോസ് താൻ
ദീയസ്ക്കോറോസിനോടാ റോമാക്കാർ ചെയ്ത
പോലെ
കായത്തേൽ പാശാൽ ബന്ധിച്ച ബ്ധിയിൽ
താഴ്ത്തിനോൻ
ആയതു നിമിത്തമായടുത്തു മട്ടാഞ്ചേരിൽ
ആയത്തിന്നേഴുപത്തൂ രണ്ടു പള്ളിയുമന്നു
ഏവരും കൂടി സത്യം ചെയ്തത് സ്ലീവാതൊട്ട
ഈവണ്ണം ചെയ്ത ഈ ശാപ വംശത്തെ ഇനി
മേലിൽ കാണായ്‌വൻ ചെയ്ത സത്യം മറന്ന
തോർക്കും തോറും കാണുമെന്നുമില്ലാ കണ്ണിന്
ആകാംഷ എടോ.
എണ്ണൂറ്റിൽ പത്തൊൻപതിൽ ഉണ്ണികൾ തന്നെ
കാൺമാൻ
തൂർണ്ണം വന്നിതു സത്യം ചെയ്തതു കേൾക്ക
കൊണ്ടും
ഭക്തിക്കുശക്തിയേറുംമുക്തിമാൻ വരും കാലം
ശക്തികൊണ്ടാകെ അടക്കീടിനാൻ പ്രാകായെ
ക്കാർ
മാർ ഗ്രിഗോറിയോസാദി നിന്റെ ബോധ വി
ജ്ഞാനം
കൊണ്ട് ഇറങ്ങി കെരുളത്തീലതിനാൽ
വധിച്ചീലാ
എണ്ണൂറ്റു മുപ്പത്തൂ രണ്ടിൽ മാറന്ത്രയോസും
പോന്നൂ.
എണ്ണപ്പെട്ടവർക്കത്രെ ഹെന്ദുവിന്നവകാശം
ഇരുപത്തെട്ടു കൂടെ ചെന്നപ്പോൾ ഞങ്ങൾ വന്നു.
ഇരുപേരതിലെന്റെ ഗുരുവാം കാസൊലിക്കാ
ഒരുവൻ കടാക്ഷത്താൽ കരത്തെ മമാ ശിരെ
എരന്നിടാതെ വച്ചൂ വാഴ്ത്തിയ കരുണയാൽ
ഇരുന്നീടുന്നൂ ഞാനും പകലോമറ്റത്തിന്ന
പരുഷാ കോട്ടക്കാലിൽ വച്ചു താൻ മർത്തൊ
മാനും
കൊടുത്തപോലെ നടത്തീടു നീ ചൊന്നപോലെ
അടങ്ങിടുന്ന ഞാനും തോന്മാടെ ഗാത്രം എടോ.
മാർത്തൊമാൻ നസ്രാണികളായവരായ നിങ്ങൾ
ക്കാർത്തികളമർത്തുവാനവനെ നിയോഗിപ്പാൻ
അടുത്തൂ വിഹാരത്തിലേവരും വഴക്കത്താൽ

www.malankaralibrary.com

### 10.33. ഒരു തർക്കം

*(ഇതിന്റെ ആദ്യഭാഗം സാമാന്യം ദീർഘമായി നഷ്ടപ്പെട്ടിട്ടുണ്ട്)*

പാപ ദോഷത്താലെകിലേത്തുമേ
വെസ്പുർക്കാനാ
അസ്തലം ലഭിയാഞ്ഞാൽ മോക്ഷ പ്രാപ്തിയി
ല്ലെന്നും
പുസ്തകം സാക്ഷിയായി ചൊല്ലുന്നൂ പ്രസിദ്ധ
മായി
എന്നാഥാനായീവാന്നീസും കൽപിച്ചങ്ങവനോടു
നന്നല്ലാ ദൈവം പക്ഷവാസിയോ നിനെക്കല്ലെ
ദോഷത്തെ ബോധം കൊണ്ടിങ്ങറിയാതൊരു
വസ്തു
ശേഷത്തിന്നാളല്ലടോ ആത്മാവെന്നറിക നീ
ദേഹി വിഗ്രഹം സഹാവാസിയാം ദിനം ചെയ്ത
ദോഷങ്ങൾ ദേഹ സുഖാൽ വിയോഗാൽ ത്യജി
ച്ചീട.

.....*(ഇവിടെ കുറെഭാഗം വിട്ടുപോയിട്ടുണ്ട്).*

അരൂപി ദുഃഖിച്ചെന്നാൽ ക്ഷമിക്കും പുരേനേതിൽ
ശരീരാൽ നരകത്തിൽ കൂടവേ സഹിച്ചെന്നാൽ
യാതൊരു ദോഷമെന്നാലായതു പൊറുക്കാ
ഞ്ഞാൻ
വേദാന്ത വേദ്യൻ പക്ഷവാസിയെന്നതും വരും.
ഒടുക്കമതിൻ കാശു കൊടുക്കുമതിനോളം
കടക്കയില്ലാ നീയെന്നു പസ്യാപദമി ഞാൻ
പഠിക്കാ കൊണ്ടു നിങ്ങൾ നടിച്ചു പറയുന്നൂ
കടക്കുന്നില്ലായെന്റെ ബോധത്തിലതുപോലെ
അടുത്താ മൊഴിയോണ്ടങ്ങതിനെ കേട്ടുകൊൾക
തടുത്തു പറെകല്ലാ പഠിക്കാ വേണം പക്ഷെ
സുനുവേയവൾ പ്രസവിക്കുമെന്നതിനോളം
താനൊരു പുരുഷനെ അറിഞ്ഞില്ലെന്നുമിന്നൊ
ന്നോളോമോരാളും തന്നെ നാളെക്കു കോളല്ല
കേൾ
നാള മാതാള പൃതനാശു താൻ കൽപിച്ചതു
അന്നേരം നിജാ ശിഷ്യാ കൃസ്ത്യാനിയുമി വാ
ക്ക്യങ്ങൾ
സന്ദേഹം വിഹീന വിശ്വാസ ചിത്താനന്ദമായി
ഇപ്രകാരങ്ങൾ ഗ്രഹിച്ചപ്പോഴേ കൃസ്ത്യാനിയും
നൽ പ്രസാദെനാ കരം ചുംബിച്ചു തപസ്സിതൻ
പാദപത്മങ്ങൾ ചെതോ ദർപ്പണംതന്നിൽ ചെന്നൂ
മോദ മാനസാലനുഗ്രഹിക്കെന്നിരന്നവൻ.

### 11.34. പലവക

*(ഇതു അപൂർണമായ പല ഭാഗങ്ങൾ ചേർന്ന താണ്)*

ദശസു നവ ദർശന രസത്രയ
ദിനനുയമ്പവർ ദേശങ്ങൾ തോറും
നിയോഗി മാറ്റിനാൽ ഗഗനഭൂവി
യഴിച്ചു മവ തിരു ഗിര മൊർയ്യൊ
ദുതാൻ ഗോത്രാവിനാശം വരുകി മാമതൊ
അനക വിധി മൂലകളതിലു
മനുൽമിതു ചൊന്നവെനാരടെം
മുന്നൊന്നു നേരു മൂടിച്ചവൻ.....................
ദശമിയതിൽ മിശിഹ പരൻ കഴുത കെറിപോൽ
ഒശാന മുന്നമെന്നെന്നുടെ ചൊല്ലുവാൻ ശ്രവണ
രുടെ പിസയതിൽ കൃപയൊടു മടുത്തതും
സാഹസാൽ സൂഷ്മം വെടിഞ്ഞതുമൽഭുതം പുരു
ഷര പുതുചവളം പുതിയൊരു വിവാഹവും
പുർവംദിനെ കഴിച്ചാനന്ദമൂർദ്ധമായി കഹനലളി
ലരിശമൊടു കലഹമതി വൃദ്ധരും കാരണ
സൂഷ്മം ........................................
വിരോധികൾ നമ്മുടെ പദവികളെ പരവശത
പരഗുണിത നിഷ്ഫലാത് പാരിൽ പരിഹാസ
രായി നാം
നിശ്ചലാൽ പലരുമവർ പലവകയും
പരംകികളെ ധിക്കരിപ്പാനൊരു കാരണം പാതി
രി മൂപ്പനാർ...............

### 11.35. പെരുന്നാൾ കണക്ക്

ആദത്ത രക്ഷിച്ചു നീതി വളർത്തുവാൻ
ആദിയിൽ കണ്ടുള്ള വേദാസാരം.
ഭൂതലെ മാനുഷർ ചേതസൗ തങ്ങുവാൻ
കംതൽത്വം മാനുഷ രൂപമായി
താനരുൾ ചെയ്തുള്ള സാരം രഹസ്യത്തി
ലാന്ദചിത്തരായി വിശ്വസിച്ചു
ശുദ്ധമാകപ്പെട്ട കർത്താവിൻ സേവകർ
ഭക്തൻമാർ തങ്ങടെ ഓർമ്മകളും
ഭൂലോക സന്താപം തീർപ്പാനയാലോകം
ഭൂലോകേചെയ്തുള്ളധിശെയവും
കാതൽത്ത്വമായതിനാലെമാകിയ വേദപതിരൂപി
കന്ന്യക താൻ



ഹേതുക്കളായിഹലോഹത്തിനുണ്ടായ മോദത്വ
മായ ബിശേഷദിനമൊക്കെയും
ശുദ്ധമാകപ്പെട്ടയി ഭക്തിയായി കൃസ്തു തൻ
മുഖ്യമായി കൊള്ളേണ്ടും പെരുനാളുകൾ
പാവസംഹാരവും കോപത്തിൽ ശാന്തിയും ദേവ
പ്രസാദവും രൂപമാവാൻ
കൽപിച്ചു വച്ചുള്ള മുഖ്യം ദിവസത്തെ
കേൾപ്പൊരു വിശ്വാസർ കേട്ടുകൊൾവിൻ.
മത്സ്യ മാംസാദിയിൽ മാറാൻ തൻ കാലത്തിൽ
വത്സരാ സംഖ്യയും വരുഗീതു താൻ
കൽപിച്ചിതഷ്ടാ ദിനത്തിലീശോയെന്ന രെക്ഷയു
ടയതിരുനാമവും
മാർ വസ്സെലിയോസും മാർ ഗ്രീഗോറിയോസും
മഹാൻ സമീപം പ്രവേശിച്ചന്നാൾ
അദ്ദിനം മുഖ്യം പരമ തിരുനാളായി ശുദ്ധതയോ
ടഥ കൈക്കൊള്ളുവിൻ.
ആറാം ദിനമതിൽ മറാനീശോ താനും മാർ
യൊഹന്നാൻ കയ്യാൽ മാമോദീസാ
ദുരിതം ശാന്തിക്കാ ഭൂലോകെർക്കൊഴിവാനായി
കൽപിച്ച പരമിതിരുനാളിതെന്ന് അറിവിൽ.
ഏഴിൽ മാർയോഹന്നാൻ തന്റെ പുകഴ്ച്ചയും
ദോഷമണയാതെ കൈക്കൊള്ളുവിൻ.
വേദസാക്ഷികാരിൽ മുൻപനായുള്ളൊരു വേദി
യിൽ മാറെസ്തപ്പാനോസു താൻ
ഭക്തിവിടാതവനേറുകൾ കൊണ്ടിങ്ങു മൃത്യു ഭ
വിച്ചതുമെട്ടാംദിനം.
മുഖ ഫലാദി ശല്ല്യമെന്നിങ്ങനെ ഭൂലോക മാനു
ഷ്യൻ യാചിച്ചീടും
വസ്തുക്കളൊക്കെയും വർദ്ധിപ്പാനായമ്മാ
സ്തുത്ത്യം ചെയ്ത്യ്തുന്നിലായ ദിനം
എത്രയും സ്തുത്യേണ ശുദ്ധമായി മാനുഷർ
ഭക്തിയായി മാറാൻ പെരുനാൾകൾ
റമ്പാൻമാർക്കെല്ലാവർക്കും മുൻപനായുള്ളൊരു
അൻപൻ മാറന്തൊനിലോസുടെയാ
ഇമ്പം കലർന്നുള്ള നാളതു മുവാറിൽ അൻപി
നോടായതു കൈക്കൊണ്ടീടുവിൻ.
കുംഭമൊരു രണ്ടിൽ അൻപൻ മിശിഹായെ ഇമ്പ
മൊടൊറോജിലം പള്ളിയിൽ
തമ്പുരാൻ തന്റെ തിരുമുൻപാകെ കന്യകാ
അൻപോടു കാഴ്ച കൽപിച്ച ദിനം.
അദ്ദിനമെത്രയും ഭക്തിക്കായി മാനുഷർ ശുദ്ധ
മായി മാറാൻ പെരുനാൾ കൊൾവിൻ.
മൂന്നാം ദിനമതിൽ നോൻപിൻ സുതനെന്നു
ചേർന്ന നാമമുള്ളോൻ തൻ പെരുനാൾ.
നിനുവായെക്കാരനുയമ്പിന്റെവസാനെ കനിവിൽ
വ്യാഴാഴ്ചയിൽ സൊർണ്ണവായെൻ
മാറീവാനിയോസും തന്റെ പെരുനാളും തേറി
വഴിപോലെ കൈക്കൊള്ളുവിൻ.
ഏവൻഗേലിസ്തൻമ്മാർ നാൽപേരിൽ മുൻപനാ
താപസൻ മാർ മത്തായി ശ്ലീഹാ
തന്റെ മൃത്യു നാലാറിലായി മുക്തി ഭവിച്ചതും
ഭക്തിയോടദ്ദിനം കൈക്കൊള്ളുവിൻ.
വല്യ നുയമ്പിൻ തലെയാം ചനിയാഴ്ച തുലിത
മായി മൽപാൻ മാർപ്രെയത്തിന്റെ
ഓർമ്മയും തേവസോറോസിന്റെ ഓർമ്മയും
കുർമ്മയോടായതും കൈക്കൊള്ളേണം.
മീനമതൊൻപതിൽ ഞാനം നിറുത്തുവാൻ ദീന
ങ്ങളെറ്റു മൃത്യുഭവിച്ച
നാൽപതു സാക്ഷിക്കാരാവർ തങ്ങടെ താൽപര്യ
ദിനം കൈക്കൊള്ളുവിൻ.
അഞ്ചാതെ ലോകത്തെ രെക്ഷിപ്പാനാലോഗ
അഞ്ചു പഞ്ച മാസതിൻ ഗൗറിയേൽ
ദാവീദിൻ പുത്രി മറിയത്തിനോടവൻ കേവലം
വന്നു വചനിച്ചതും.
അദ്ദിനം രെക്ഷക്കായിസ്തമതാകെയാൽ മർത്യൻ
പരമ തിരുനാൾ കൊൾവിൻ.
സാക്ഷികൾ നക്ഷത്രമെന്നരുൾ ചെയ്തൊരു
സാക്ഷിക്കാരൻ മാർ ഗീവറുഗീസു
താൻ മെഷ ത്രിവിംശതൌ മൃത്യു ഭവിച്ചതും
ശേഷം ശത്രന വിംശതേന സംഹാരവും
അദ്ദിനം രണ്ടുമഴകോടെ വിശ്വാസർ ഭക്തിയായി
ഘോഷിച്ചു കൈക്കൊള്ളുവിൻ.
ഇടവമതൊന്നിൽ മാർ പീലിപ്പോസും തത്രാ
ഷ്ടതി മാർ യാക്കോ ശ്ലീഹായുടെ യാപെരുനാ
ളിതാദരാവോടിതു കൊള്ളുവിൻ ദുരിത ശാന്തി
ക്കായി കൃസ്ത്യാനികൾ ഭൂവിയിൽ
മുളകൾ ചിതകൾ നന്നാവാനായി മൂവ
ഞ്ചിലെശെനോടമ്മെയപേക്ഷിച്ചതും
അദ്ദിനമെത്രയും ഭക്തിയായി മാനുഷർ ശുദ്ധമായി
മാറാൻ പെരുനാൾ കൊൾവിൻ.
ഏവൻഗെലിസ്തന്മാർ നാൽ പേരിൽ യോഹ
ന്നാൻ ശ്ലീഹായും താപമൊഴിഞ്ഞു ഭൂവി

www.malankaralibrary.com

വേർവിട്ടു പതിനാറിലർദ്ധവും മിധുനത്തിൽ
ചെന്നിതും സ്തുദിയോടെ അദ്ദിനം കൈക്കൊ
ള്ളുവിൻ.
കാസൊലിക്കായുടെ നൽ സഭയിൽ നിന്നൂ വേദ
ജ്ഞാനക്കതിർ ശോഭയാവാൻ
പതിനഞ്ചിലെകേനോടന്മയപെക്ഷിച്ചു ആദിനമത്
കൈക്കൊള്ളൂവിൻ.
നാലാറിൽ മാർയോഹന്നാൻ മാബുന്ദാനായും
ഭൂലോക ജാതമായ ദിനം.
കുരിരുൾ  തിങ്ങിന റോമായിൽ ജ്ഞാനത്തിൽ
സൂര്യക്കതിരത് വീശിപ്പാനായി
ചെന്നറുവിച്ച മാർ പത്രൊസ് പൗലോസിനെ
ദുർന്നയർ കൊന്നൂ നവ വിംശതൗ ഒക്കെയു
ടെയും ജീവിതാന്തരൂപമാം മുഖ്യേന റൂഹാകുദാ
ശായുടെ സ്തോത്രമതങ്കവേ
ആദിനം ഭക്തിയായി ക്രിസ്തുമക്കൾ മാറാൻ
പെരുനാൾ കൊൾവിൻ.
ഭക്തേരതാകിയ ശ്ലീഹൻമാർ തങ്ങളെ മുഖ്യന്തെ
ളിവതയ്യാറിൽക്കോൾവിൻ.
കർക്കടമാസെ മൂന്നാം ദിനമതിൽ മൽക്കതുകമ
തിൽ മാർത്തൊമ്മാ താൻ
ഇണ്ടൽ തീർന്നള്ളോരു നൽദിനമാകയാൽ
കൊണ്ടാടി വാഴ്ത്തി സ്തുതിച്ചുകൊൾവിൻ.
മൂവഞ്ചിൽ മാർ കുറിയാക്കോസ് സഹദായുടെ
പെരുനാളിതെന്നറിഞ്ഞു കൊള്ളുവിൻ.
നാലഞ്ചിലായിതു ദീർഘദെർശിയെന്ന മാറേ
ലിയാ നിവ്യാ തൻ പെരുന്നാൾ.
അയ്യഞ്ചിൽ മാർ യാക്കോ ശ്ലീഹാടെ ഓർമ്മ
ദൈവീകമോടത് കൈക്കൊൾവിൻ.
ചിങ്ങമതൊന്നിലായി മർതു ശിമോനിയും മംഗ
ലമോടവൾ പുത്രരോഴും
തൽപരമായ വഴി ധരിപ്പിച്ചവൻ മൽപാൻ ഏലി
യാസാറും പെരുന്നാൾ കൊൾവിൻ.
ഷഷ്ട ദിനമതിൽ താവറേറി നാഥൻ ദൃഷ്ടമതായി
ഹതൽ
സ്വരൂപം കണ്ടു മയങ്ങി ശ്ലീഹൻമാർ മൂവരും
കൊണ്ടാടി മൂശയും എലിയായും.
മൂവഞ്ചിലഖില മാതാവായ രാജശ്രീ ആകാശമോ
ക്ഷത്തിൽ പ്രാപിച്ചെന്നാൾ
അന്നത്രെ മാറാൻ പെരുനാളായതും തെളിവോടെ
അദ്ദിനം കൈക്കൊള്ളുവിൻ.

ഇരുപതെംട്ടു നാലിൽ വർത്തുത്മാശ്ലീഹായുടെ
പെരുനാളായത് കൈക്കൊള്ളുവിൻ.
വിംശതി ഒൻപതും ചെന്ന ദിവസത്തിൽ മാർ
യോഹന്നാൻ മാവുന്ദാനായുടെ പെരുനാൾ.
ശിരമതു കണ്ഠത്തിൽ ചേസെനം ചെയ്തൊരു
ദുരിത പരൻമാരു സരസമോടെ
അരുളി ചെയ്ത നാൾ ദുരിത ഹരത്തിനായി വിര
വിനോടദ്ദിനം കൈക്കൊള്ളുവീൻ.
കന്നിയിരുനാലിൽ മന്നവൻ പുത്രിയാം അന്ന
യിൽ നിന്ന് പിറന്നിത
മുന്നിരുൾ നീക്കി പിന്നിലും നൻമകൾ ഉന്നതി
മന്നിലുളവായിടു
കന്നിമറിയത്തിൻ മാറാൻ പെരുനാളും കനി
വോടെ അദ്ദിനം കൈക്കൊള്ളുവിൻ.
പത്തോടു മൂന്നിലും പത്തോടു നാലിലും മലി
നങ്ങളെകലുവാൻ
അലിവിനോടദ്ദിനം രണ്ടിലും സ്ലീവാപെരുനാള
ശുദ്ധമായി ഘോഷിച്ചുകൈക്കൊള്ളുവിൻ.
ഇരുപതോടൊൻപതിൽ മൽത്യാ ശ്ലീഹാതാനും
മിഖായേൽ മാലാഖ തന്നുടെയും
പെരുനാളിതോവിയോടദ്ദിനം കൈക്കൊള്ളുവിൻ.
ദുരിതമകലുവാൻ വിരവിനോട സർക്കീസും
വാക്കൊസും സഹദെൻമാർ അവരുടെ പെരു
നാൾ തുലാമാസം ഏഴിൽ കൊള്ളുവിൻ.
അത്തിയായും ഏശായും നിവ്യാന്മാരവരുടെ
പെരുനാളിതൊരുപതോടഞ്ചിൽ കൊള്ളുവിൻ.
നാലേഴിൽ മാർ യൂദായുടെ പെരുനാളിതെന്ന
റിഞ്ഞു കൊൾവിൻ.
തേള മാസാദിയിൽ ശുദ്ധമായുള്ളവരൊക്കെയു
ടെയും പെരുനാളിതും
രണ്ടാം ദിനമതിൽ വിശ്വാസകരായി മരിച്ചവർ
തങ്ങടെ പെരുനാളതും
എട്ടിൽ മാർ ഗൌറിയേൽ മാർ മികായേലിന്
മാലാഖമാരുടെ പെരുനാൾകൾ.
കന്യാസ്ത്രീയെ കാഴ്ചവച്ച പെരുനാളും ഇരു
പതോടൊന്നിലും കൈക്കൊള്ളുവിൻ.
മാർ യാക്കോ ബുദാനാ പെരുനാളതും മാർ
യാക്കോ മൽപാനാ തന്റെ പെരുനാൾ
അന്ത്രയോസ് ശ്ലീഹായുടെ പെരുനാളതും ഇരു
പത്തേഴു മുതൽ മുപ്പതിനോളവും ക്രമാൽ ചത്രു
ദിനം കൈക്കൊള്ളുവിൻ.





മറുത്തായും ബറുബാറാ തന്റെ പെരുനാളും
ധനു മാസമതു നാലിലാകും.
ആറാംദിനമതിൽ നീക്കാലെയോസും തത്രാ
ബാബാന്മാർ മൂന്നൂറ്റൊരുപത്തെട്ടു
കൻമഷം നീക്കുന്ന ചിൻമയൻമാരുടെ ഓർമ്മ ദി
നമതു കൈക്കൊള്ളണം.
നൽമ നിറഞ്ഞുള്ള വെൺമയാം കന്യാസ്ത്രീ
അമ്മ മറിയമാം കന്നി യുമ്മാ
അന്നയുദരത്തിൽ നന്ദെനിയായവൾ ഉൽഭവമാ
യതുമെട്ടാം ദിനം
അദ്ദിനമെത്രെയും മുഖ്യമായിട്ടു നാം കൈക്കൊ
ള്ളണം.
ഭക്തിയോടെ പത്തിൽ മാർ ബെഹനാസഹദാ
പെരുനാളും ഓർത്തു നാം എല്ലാപേരും
കൈക്കോള്ളേണം.
പതിനെട്ടിലാദംബാഗിരിതാൻ മുകളതിൽ സ്ലീവാ
വിശർത്ത പെരുനാളതും.
കലഹങ്ങൾ നീക്കി നൽഫലമതു വിലസുവാൻ

അലിവിനോടെ അദ്ദിനം കൈക്കൊള്ളണം.
തൽപരൻ തന്നുടെ കൽപനകേട്ടുടൻ അൽപവും
നീങ്ങാതെ കെൽപിനോടെ.
തൽപരം കെരുള താൽപര്യങ്ങളും ചിൽപമായി
കൽപിച്ച തൊമ്മാശ്ലീഹാ.
ആശെയാ തന്നിലെ ആശയും ക്ലേശവും
നാശവും മോശവും ഉണ്ടാകായ്വാൻ
ആശു നാം ദേശികതൾ തന്നുടെ നാളതു ഇരു
പതോടൊന്നിലും കൈക്കൊള്ളണം.
ആലമുടയവനാലാഹപുത്തിരൻ വേദ ചാകാലി
ളാലയത്തിൽ
ധാത്രിയിലാത്രികൾ തീർത്തിട്ടും പാർത്തലെ
കീർത്തിയും പുത്രിയും ചെയ്തീടുവാൻ
കന്നിമറിയത്തിൽ നിന്നു പിറന്നിത്. രാജരാജനാ
മീശോമിശിഹാ
ത്രിലോക്യാ കർത്ത്യോവ്യൻ തന്റെ തിരുനാളും
അയ്യഞ്ചിൽ അദ്ദിനം കൈക്കൊള്ളണം. ആമീൻ.
....... മാണ്ട് വൃശ്ചിക മാസം 5 നു എഴുതിയത്.

www.malankaralibrary.com

# കുറിപ്പുകൾ

**01. പഴമയുടെ കാലങ്ങൾ**

1. ആദം, ശേത്ത്, ഏനോശ്, കയിനാൻ, മലെല്യേൽ, യാരെദ്, ഹാനോക്ക്, മെഥുശലേഹ്, ലാമേക്ക്, നോഹ (ലൂക്കോ. 3:36-38).
2. ഇതിന് ബൈബിളിൽ തെളിവുകളൊന്നുമില്ല. എങ്കിലും ഇതൊരു പിൽക്കാല പാരമ്പര്യമായി അറിയപ്പെടുന്നു. ഈ പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിൽ *ശപിക്കപ്പെട്ട ഹാമിന്റെ* (ഉല്പത്തി 10: 25-26) സന്തതികളായ ആഫ്രിക്കക്കാർക്ക് അടിമത്തം ദൈവദത്തമാണെന്ന് കഴിഞ്ഞ നൂറ്റാണ്ടുകളിൽ വെള്ളക്കാരായ അടിമ വ്യാപാരികൾ പ്രചരിപ്പിച്ചിരുന്നു.
3. ഇതു പൊതുവെ അംഗീകരിച്ചിരിക്കുന്ന ചരിത്രത്തിനു വിരുദ്ധമാണ്. അബ്രഹാമിൽ നിന്നാണ് എബ്രായ ജാതിയ്ക്കും ഭാഷയ്ക്കും ആ പേര് ലഭിച്ചതെന്നാണ് അംഗീകൃത പാരമ്പര്യം.
4. നിമ്രോദ്, ആശൂർ രാജ്യ സ്ഥാപകനാണെന്നു മാത്രമാണ് ബൈബിൾ പരാമർശം (ഉല്പത്തി 10:8). അന്തിക്രിസ്തുവിനെപ്പറ്റിയുള്ള പരാമർശനം ഏതോ പിൽക്കാല പാരമ്പര്യമാണ് (അന്തിക്രിസ്തുവിനെപ്പറ്റിയുള്ള ഭാഗം അക്കര, ചിത്രമെഴുത്ത് പകർപ്പുകളിൽ ഇല്ല).
5. അക്കാലം മുതൽ നരബലി ഇസ്രായേലിൽ അവസാനിച്ചു എന്നു വ്യാഖ്യാനിക്കുന്നവരുമുണ്ട്.
6. ഈ അദ്ധ്യായത്തിൽ പറയുന്ന വർഷക്കണക്ക്, വ്യക്തികളുടെ പ്രായം ഇവയിൽ ഭൂരിപക്ഷവും ബൈബിളിലുള്ളതല്ല. മറ്റേതോ പാരമ്പര്യപ്രകാരമുള്ളതാണ്.
7. 6,03,550 (അക്കര), 6,03,577 (ചിത്രമെഴുത്ത്).
8. ഇയ്യോബിന്റെ കാലം മോശയ്ക്കു മുമ്പാണെന്നും ഇയ്യോബിന്റെ പുസ്തകം എഴുതിയത് മോശയാണെന്നും സുറിയാനി സഭയ്ക്ക് ഒരു പാരമ്പര്യം ഉണ്ട് (അബ്ദുൽ ആഹാദ് റമ്പാൻ, *സുറിയാനി സഭാചരിത്രം*, Vol. I, കോട്ടയം, 1948, pp. 29-32).
9. ഇവർ രണ്ടുപേരും മോശയോട് എതിർത്തുനിന്ന ക്ഷുദ്രക്കാരാണെന്നു പറയുന്നു. ഈ പേരുകൾ പഴയനിയമത്തിൽ ഇല്ല. എന്നാൽ വി. പൗലോസ് ഈ പേരുകൾ പറയുന്നുണ്ട് (2. തീമോ. 3:8). ഇവരെക്കുറിച്ച് വിവിധ യഹൂദ പാരമ്പര്യങ്ങളുണ്ട്.
10. ഇത് യിസ്രായേല്യർ മിസ്രയിമിൽ നിന്നു പുറപ്പെട്ട ദിനം മുതൽ ബൈബിളിൽ നൽകിയിരിക്കുന്ന സൂചനകൾ വെച്ചുള്ള കണക്കുകൂട്ടലാണ്.
11. ഏഴാം വർഷം.
12. 527 എന്ന് *അക്കര, ചിത്രമെഴുത്ത്* പകർപ്പുകളിൽ.
13. കുലിലാധ എന്ന് *അക്കര, ചിത്രമെഴുത്ത്* പകർപ്പുകളിൽ. ബൈബിളിലുള്ള കൊഹ്‌ലസ് (സഭാ പ്രസംഗി) എന്ന ഗ്രന്ഥമാവണം. ഇതു ശലോമോൻ എഴുതിയതാണ്.
14. ബൈബിളിൽ ഇന്ത്യ അഥവാ ഹിന്തുദേശത്തെപ്പറ്റി എസ്ഥേർ, മക്കാബിയർ എന്നീ പുസ്തകങ്ങളിൽ മാത്രമേ പരാമർശമുള്ളു. ഇവ രണ്ടും ശലോമോന്റെ കാലത്തിനു ശേഷമുള്ള കാലമാണ് വിവരിക്കുന്നത്.
15. സാമന്തനായ ഹീരാമിന്റെ കപ്പലുകളും തർശീശ് കപ്പലുകളും മൂന്നു വർഷത്തിലൊരിക്കൽ ശലോമോന് ആനക്കൊമ്പ്, വെള്ളി, കുരങ്ങ്, മയിൽ, ഇവ കൊണ്ടുവന്നു എന്നു മാത്രമേ ബൈബിൾ പരാമർശമുള്ളു (2 രാജ. 10-22). ഇവ ഇന്ത്യയിൽ നിന്നാവാൻ



സാധ്യതയുണ്ടെന്നു മാത്രം.
16. തേക്കുമരം *അക്കര, ചിത്രമെഴുത്ത്* പകർപ്പുകളിൽ ഇല്ല.
17. ഈ വാചകം *കണിയാന്ത്ര* താളിയോലയിൽ ഇല്ല. *അക്കര, ചിത്രമെഴുത്ത്* പകർപ്പുകളിൽ ഉണ്ട്.
18. യാവാശിന്റെ പിതാമഹിയായിരുന്നു അഥല്യ (2 രാജാ. 11-ാം അദ്ധ്യായം).
19. ഇത് ബൈബിളിലുള്ള പരാമർശനമല്ല. എന്നാൽ ഈജിപ്റ്റുകാർ ഇന്ത്യയുടെ പടിഞ്ഞാറെ തീരവുമായി വ്യാപാരം നടത്തിയിരുന്നു എന്നറിയാമായിരുന്ന ഏതോ പാരമ്പര്യത്തിൽനിന്നും ഉൽഭവിച്ചതാണ്. 'ഇന്തുസ്താന വ്യാപാരത്തെ അടക്കി' എന്ന് *അക്കര* പകർപ്പിൽ ഇല്ല.
20. ഇത് ബൈബിളിലുള്ള പരാമർശനമല്ല.
21. മൂലഗ്രന്ഥകർത്താവിന് യഹൂദരുടെ ബൈബിളിതര പാരമ്പര്യത്തിലുള്ള പരിചയമാണ് ഈ ഭാഗം കാണിക്കുന്നത്.
22. ശമര്യർ യഹോവയെ ആരാധിക്കുന്നു എങ്കിലും യഹൂദർക്ക് ഇവരെ വെറുപ്പായിരുന്നു.
23. ഇത് ബൈബിളിലുള്ള പരാമർശനമല്ല.
24. മർത്തശ്മൂനി, 7 മക്കൾ, ഗുരുവായ ഏലയാസർ എന്നിവർ പൗരസ്ത്യ സഭാപാരമ്പര്യത്തിൽ പരിശുദ്ധന്മാരുടെ ഗണത്തിലാണ്. ഇവരെക്കുറിച്ച് 2 മക്കാബിയർ 7 -ാം അദ്ധ്യായത്തിൽ പരാമർശനമുണ്ട്.
25. സെപ്റ്റ്വജിന്റ് - ബി. സി. 3 -ാം നൂറ്റാണ്ടിൽ ഈജിപ്റ്റിൽ വച്ച് ഗ്രീക്കിലേക്ക് പരിഭാഷപ്പെടുത്തിയ പഴയനിയമം. ഇതാണ് ഔദ്യോഗിക പരിഭാഷയായി യഹൂദരും ക്രൈസ്തവരും അംഗീകരിക്കുന്നത്. 72 പേർ ചേർന്നു പരിഭാഷപ്പെടുത്തിയതിനാലാണത്രെ ഈ പേര് ലഭിച്ചത്.
26. ബത്തിലിമോസ് ഫിലാദിൽഫോസ്.
27. യേശുക്രിസ്തുവിനെ യേരുശലേം ദേവാലയത്തിൽ കാഴ്ചവയ്ക്കാൻ കൊണ്ടുചെന്നപ്പോൾ എടുത്തു കണ്ട വൃദ്ധനായ ശീമോനെപ്പറ്റിയുള്ള പാരമ്പര്യം.

**02. പുതുമയുടെ കാലങ്ങൾ**

1. പാരമ്പര്യങ്ങൾ പറയുന്നത് പേർഷ്യയിൽ നിന്നു (ഇന്ത്യയിൽ നിന്നും?) വിദ്വാന്മാർ എത്തി എന്നാണ്. പേർഷ്യയിൽ കൽദായ സഭയുടെ ഒരു പള്ളിയിൽ അതിലൊരു മാഗിയുടെ കബർ ഇന്നുമുണ്ട്. പാലസ്തീനിൽനിന്നും എത്തി എന്നത് അക്ഷരത്തെറ്റാവാം. 'പാറേസിൽ നിന്ന്' എന്ന് *അക്കര, ചിത്രമെഴുത്ത്* പകർപ്പുകളിൽ കാണുന്നതാകണം ശരി.
2. തന്റെ അന്ത്യഅത്താഴത്തിനു മുമ്പുള്ള വർഷങ്ങളിൽ ക്രിസ്തു പെസഹാ കഴിച്ചതായി ബൈബിളിൽ പരാമർശനമില്ല. എന്നാൽ യേശുക്രിസ്തു തന്റെ ജീവിതകാലത്ത് യഹൂദ നിയമമനുസരിച്ച് ജീവിച്ചു എന്ന പാരമ്പര്യത്തിൽനിന്നും നിർവചിച്ചതാകണം ഇത്.
3. ഈ തീയതി ക്രിസ്തുവിന്റെ മരണദിവസമായി ആണ് *അക്കര, ചിത്രമെഴുത്ത്* പകർപ്പുകളിൽ കാണുന്നത്.
4. അന്ത്യോക്യായിൽ വച്ച് *ക്രിസ്ത്യാനികൾ* എന്ന പേരു വിളിക്കപ്പെട്ടു എന്നാണ് ബൈബിൾ പരാമർശനം (അപ്പോ. പ്രവ. 11:26). 'ക്രിസ്ത്യാനി' എന്നത് റോമൻ പേരാണ്. *'നസ്രാണി'* എന്നത് സെമിറ്റിക് (അറബി, സുറിയാനി) നാമവും. സുറിയാനി പ്ശീത്താ ബൈബിളിലും *ക്രിസ്ത്യാനി* എന്നാണെങ്കിലും ഈ ഗ്രന്ഥകാരൻ സെമിറ്റിക് നാമമാണ് ഉപയോഗിച്ചിരിക്കുന്നത്.
5. ഈ തീയതി *കണിയാന്ത്ര, ചിത്രമെഴുത്ത്* പകർപ്പുകളിൽ ഇല്ല.
6. 'പരൂക്ഷ' *അക്കര* പകർപ്പിൽ ഇല്ല.
7. മലങ്കരയിൽ ചിരപുരാതനമായി പ്രാബല്യത്തിലിരിക്കുന്ന ഈ ഐതിഹ്യം അവലംബ ഗ്രന്ഥത്തിലുള്ളതാവാൻ വഴിയില്ല. മലയാള ഗ്രന്ഥകാരൻ കൂട്ടിച്ചേർത്തതാവണം. എന്നാൽ മൂന്നാം നൂറ്റാണ്ടിലെ സുറിയാനി അപ്പോക്രിഫൽ കൃതിയായ *ആക്ടാ തോമാ*യുടെ അതേ

www.malankaralibrary.com

നൂറ്റാണ്ടിൽ തന്നെയുള്ള ഗ്രീക്ക് പരിഭാഷയിൽ "പകലോമറ്റം" എന്ന് പരിഭാഷപ്പെടുത്താവുന്ന ഒരു കുടുംബപ്പേര് ഉള്ളതായി ഫാ. ഡോ. തോമസ് കൂനമ്മാക്കൽ പറയുന്നു.

8. ശ്ലീഹന്മാരുടെ അന്ത്യത്തെപ്പറ്റി ബൈബിളിൽ പരാമർശമില്ല. എന്നാൽ ശക്തമായ സഭാപാരമ്പര്യങ്ങൾ ഉണ്ട്. അപ്പോസ്തോലന്മാരുടെ മരണ വർഷങ്ങളെപ്പറ്റി ബൈബിൾ പണ്ഡിതന്മാർക്ക് ചില അഭിപ്രായഭേദങ്ങളുണ്ട്.

9. യഹൂദർ ജനനത്തിന്റെ എട്ടാം ദിവസം പരിച്ഛേദന നടത്തുന്നതുപോലെ ക്രൈസ്തവ സഭയുടെ ആദ്യകാലഘട്ടത്തിൽ 8 -ാം ദിവസം മാമോദീസാ മുക്കുന്ന പതിവുണ്ടായിരുന്നു. ആ പതിവാണ് നിർത്തൽ ചെയ്തത്. എന്നാൽ റോമാ സഭ പിന്നീടും ഈ പതിവു തുടർന്നു (*'മലംകരെ നസ്രാണികളുടെ എടയിൽ കിടാങ്ങൾ പെറന്ന ഉണ്ടായാൽ എട്ടാംപക്കം പള്ളികളിൽ കൊണ്ടുവന്ന മാമോദീസാ മുക്കിപ്പാൻ ഉത്സാഹം ......... എട്ടാം പക്കം തന്നെ കിടാങ്ങളെ കൊണ്ടുവന്ന മാമോദീസാ മുക്കണം.' ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകൾ*, മൂന്നാം യോഗവിജാരം, ഒന്നാം കാനോന). പൗരസ്ത്യ സഭകളിൽ അപ്രകാരം ഒരു നിബന്ധനയില്ല. 40 – 60 ദിവസങ്ങൾക്കുശേഷം മാമോദീസാ മുക്കുക എന്നതാണ് മലങ്കരയിലെ പാരമ്പര്യം.

10. ഈ പ്രസ്താവന ശരിയല്ല. 11 -ാം ശതകത്തിനു ശേഷം മാത്രമാണ് റോമ്മാസഭ രൂപങ്ങളുടെ ഉപയോഗം ആരംഭിച്ചത്.

11. മാർ ഇഗ്നാത്തിയോസ് നൂറോനൊയെപ്പറ്റിയുള്ള പുരാതന പാരമ്പര്യമാണിത്. വി. മത്തായി 18:2–5 ൽ പറയുന്ന പൈതൽ ഇദ്ദേഹമാണെന്നാണ് പാരമ്പര്യം.

12. 318 ആണ് ശരി. *അക്കര, ചിത്രമെഴുത്ത്* പകർപ്പുകളിൽ 318. *കണിയാന്ത്ര* പകർപ്പിലെ തെറ്റ് ലിപിമാറ്റത്തിൽ പറ്റിയതാകാം. 318 എന്ന സംഖ്യ പോലും പിൽക്കാലത്ത് നിർവചിച്ചതാണെന്നു പണ്ഡിതർ പറയുന്നു (*സഭാവിജ്ഞാനകോശം*, പുറം 432–3). 318 ന്റെ അക്ഷര സംഖ്യയ്ക്ക് *ചുരുക്കത്തിൽ വിശ്വാസകാര്യങ്ങൾ* എന്ന അദ്ധ്യായം കാണുക.

13. സിംഹാസനങ്ങൾ സംബന്ധിച്ച കാനോനാകൾ നിഖ്യയുടെ യഥാർത്ഥമായ 20 കാനോനാകളിൽ പെട്ടതല്ല എന്നാണ് പണ്ഡിതമതം. ഇതൊരു പിൽക്കാല കൂട്ടിച്ചേർപ്പാണത്രെ. റോമാ സാമ്രാജ്യത്തിലെ നാല് സിവിൽ ഭരണ കേന്ദ്രങ്ങളെ അധിഷ്ഠിതമാക്കിയാണ് ഈ വിഭജനം നടത്തിയത്. യഥാർത്ഥത്തിൽ റോം, അലക്സാൻഡ്രിയ, അന്ത്യോഖ്യാ, എഫേസൂസ് എന്നിവയായിരുന്നു ആദ്യം ഉണ്ടായ സഭാ ഭരണകേന്ദ്രങ്ങൾ. നിഖ്യാസുന്നഹദോസിന്റെ കാലത്ത് (എ. ഡി. 325) കുസ്തന്തീനോസ്പോലീസ് നഗരം പോലും ഉണ്ടായിരുന്നില്ല. പിന്നീട് എ. ഡി. 330 ൽ ഈ നഗരം സ്ഥാപിക്കുകയും റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനം അങ്ങോട്ടു മാറ്റുകയും ചെയ്തപ്പോൾ ആ നഗരത്തിനു ലഭിച്ച പ്രാധാന്യം മൂലം എഫേസൂസിലെ സിംഹാസനം അങ്ങോട്ടു മാറ്റുകയായിരുന്നു.

14. അറിയോസിന്റെ അന്ത്യത്തെപ്പറ്റിയുള്ള ഐതീഹ്യം.

15. *പരിശുദ്ധാത്മാവിന്റെ കിന്നരം* എന്നറിയപ്പെടുന്ന മാർ അപ്രേം, നിസിബിസിലെ മെത്രാനും മഹാ പണ്ഡിതനുമായിരുന്ന മാർ യാക്കോബിന്റെ അന്തേവാസിയായിരുന്നു.

16. നിഖ്യാ സുന്നഹദോസിൽ സംബന്ധിച്ച 'ഇന്ത്യയുടെ യോഹന്നാൻ' മലങ്കര സഭയെ ആണ് പ്രതിനിധീകരിച്ചിരുന്നതെന്ന് ഒരു വാദം ഉണ്ട്. ഇതു തെറ്റാണെന്നു സയുക്തികം വാദിക്കുന്നവരുമുണ്ട്.

17. ഈ ഖണ്ഡിക മുതൽ 02.08 - ൽ 2-ാം ഖണ്ഡികയിൽ ഇപമത്തിയോസു വരെ *അക്കര* പകർപ്പിൽ ഇല്ല (പിൽക്കാലത്തു നഷ്ടപ്പെട്ടതാകാം).

18. മുൻ കുറിപ്പ് 13 കാണുക.

19. *'തർക്കിച്ചിരിക്കുന്ന'* എന്നതിനു പകരം *'കൽപ്പിച്ചിരിക്കുന്ന'* എന്ന് *ചിത്രമെഴുത്ത്* പകർപ്പിൽ. യേറുശലേമിലെ പാത്രിയർക്കീസ് ഭരണപരമായി കൈസര്യയിലെ മെത്രാപ്പോലീത്തായുടെ കീഴിലുള്ള ഒരു എപ്പിസ്കോപ്പാ മാത്രമാണ്. എന്നാൽ യേറുശലേം നഗരത്തിനു ക്രൈസ്തവ സഭയിലുള്ള സ്ഥാനം മൂലം അവിടുത്തെ മേൽപ്പട്ടക്കാരന് 'പാത്രിയർക്കീസ്' എന്ന സ്ഥാനനാമം കൊടുത്തിരുന്നു (ഹൂദായ കാനോൻ 7.1). ഇന്ന് അന്ത്യോഖ്യൻ സഭയുടെ യേറുശലേമിലെ മെത്രാനു പാത്രിയർക്കീസ് എന്ന സ്ഥാനനാമമില്ല.



20. സെലൂഷ്യാ - ടെസ്റ്റിഫോൺ ആസ്ഥാനമാക്കി ഭരിച്ചിരുന്ന പൗരസ്ത്യ സഭയ്ക്ക് ഈ തീരുമാനങ്ങളിൽ പങ്കില്ലായിരുന്നു. രാഷ്ട്രീയമായി റോമാ സാമ്രാജ്യവുമായി ശത്രുതയിലിരുന്ന പേർഷ്യൻ സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന പൗരസ്ത്യ ക്രൈസ്തവർക്ക് റോമാ സാമ്രാജ്യത്തിലെ സഭയുമായി ഒരു ബന്ധവുമുണ്ടായിരുന്നില്ല. പിൽക്കാലത്ത് പേർഷ്യൻസഭ നെസ്തോറിയോസിന്റെ വിശ്വാസം അംഗീകരിച്ചതോടെ റോമാസാമ്രാജ്യത്തിന്റെ കിഴക്കുഭാഗത്തും പേർഷ്യൻ സാമ്രാജ്യത്തിന്റെ പടിഞ്ഞാറുഭാഗത്തും അലക്സാൻഡ്രിയൻ വേദശാസ്ത്രം അംഗീകരിച്ചിരിക്കുന്നവരായി അവശേഷിച്ച ചുരുക്കം ആളുകൾക്കായി എ. ഡി. 629 ൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിൽ തിഗ്രീസ് കേന്ദ്രമാക്കി ഒരു മഫ്രിയാനേറ്റ് സ്ഥാപിച്ചു. പിൽക്കാലത്ത് ഈ മഫ്രിയാന പൗരസ്ത്യ സഭമേൽ മുഴുവൻ അധികാരമുള്ള കാതോലിക്കാ എന്ന് അവകാശവാദം ഉന്നയിച്ചു. എങ്കിലും ഇതിനു ചരിത്രപരമായി സാധൂകരണമൊന്നുമില്ല. 1665 -ൽ മലങ്കരസഭ അന്ത്യോഖ്യൻ സഭയുമായി സംസർഗത്തിൽ വന്നപ്പോൾ മുതൽ മലങ്കരസഭ തിഗ്രീസിന്റെ മഫ്രിയാനയുടെ (കാതോലിക്കായുടെ) കീഴിലാണെന്നാണ് വിചാരിച്ചുവന്നത്. മുമ്പ് പേർഷ്യൻ കാതോലിക്കേറ്റുമായി ബന്ധപ്പെട്ടിരുന്ന മലങ്കര നസ്രാണികൾക്ക് ഇവ തമ്മിൽ തിരിച്ചറിയാൻ വയ്യാഞ്ഞതുകൊണ്ടും അന്ത്യോഖ്യർ അപ്രകാരം ബോധപൂർവം പ്രചരിപ്പിച്ചതുകൊണ്ടും സംഭവിച്ചതാണിത്.

21. മുൻകുറിപ്പ് 20 കാണുക. നിഖ്യാ കാനോനാകളിലെ അധികാരവിഭജനം റോമാ സാമ്രാജ്യത്തിൽ ഒതുങ്ങിനിന്ന ഒന്നാണെന്ന് ഈ ഭാഗം തെളിയിക്കുന്നുണ്ട്. റോമാസാമ്രാജ്യത്തെപ്പറ്റി "ലോകമൊക്കെയും" എന്ന പരാമർശനം ബൈബിളിലും ഉണ്ട്. *ഭൂമിയുടെ നാലു ഭാഗങ്ങളുടെ അറുതിക്ക്* എന്ന പദപ്രയോഗത്തിൽ നിന്നും ഈ നിഖ്യാ കാനോൻ റോമാ സാമ്രാജ്യത്തെ ആണ് ഭൂമി ആയി അന്ന് കണ്ടിരുന്നതെന്ന് മനസ്സിലാക്കാം.

22. 118 എന്ന് *ചിത്രമെഴുത്ത്* പകർപ്പിൽ. മുൻ കുറിപ്പ് 12 കാണുക.

23. മലങ്കരയിലെ *പുരാതന പാട്ടുകൾ* പ്രകാരം കാതോലിക്കോസ് ആണ് ക്നായിത്തൊമ്മനെയും കൂട്ടരെയും അയച്ചത്. ഈ പ്രസ്താവനയെയും ചോദ്യം ചെയ്യുന്ന ചരിത്രകാരന്മാരുണ്ട്. പേർഷ്യൻ രാജാവായ സാപ്പൂർ ദ്വിതീയൻ എ. ഡി. 343 മുതൽ 35 വർഷക്കാലം നടത്തിയ ഘോരമായ ക്രൈസ്തവ പീഡനത്തിൽ നിന്ന് രക്ഷപെട്ടു വന്നവരാണ് ക്നായിത്തൊമ്മനും കൂട്ടരും എന്നാണ് അഭിജ്ഞമതം. കൂടുതൽ വിവരങ്ങൾക്ക് *പാറേട്ട്* , Vol. II കാണുക.

24. '294 വർഷം' എന്നു കൂടെ *അക്കര, ചിത്രമെഴുത്ത്* പകർപ്പുകളിൽ.

25. 'പതിനെൺപിഴ' എന്നു *അക്കര, ചിത്രമെഴുത്ത്* പകർപ്പുകളിൽ. 17 ജാതികളുടെമേൽ നസ്രാണികൾക്ക് അധികാരം നൽകിയെന്ന് പാരമ്പര്യം. ഇവരെ മൊത്തത്തിൽ പതിനെൺപിഴ എന്നു പറഞ്ഞിരുന്നു. പെരുമാൾ നൽകിയത് 72 പദവികൾ ആയിരുന്നു എന്നാണു പാരമ്പര്യം.

26. പകലോമറ്റം കുടുംബത്തിൽ നിന്നും അർക്കദ്യക്കോൻ (പേർഷ്യൻ പാരമ്പര്യത്തിൽ കശീശാ സ്ഥാനത്തിൽ ഏറ്റവും ഉയർന്ന പടി) സ്ഥാനിയെ നിയമിച്ചാക്കി എന്നത് മലങ്കരയിലെ പാരമ്പര്യമാണ്. ക്നായിത്തൊമ്മന്റെ (എ. ഡി. 345) കാലത്തോ മാർ സാബോർ, മാർ അപ്രോത്ത് എന്നിവരുടെ (എ. ഡി. 825) കാലത്തോ ആരംഭിച്ച പേർഷ്യൻ മെത്രാന്മാരുടെ ഭരണകാലത്ത് പേർഷ്യൻ കാനോനുകൾ പ്രകാരം മെത്രാനു തൊട്ടുതാഴെ അധികാരവും സ്ഥാനവുമുള്ള അർക്കദ്യക്കോൻ പദവി പാരമ്പര്യമായി കൊടുത്തു. പേർഷ്യൻ പാത്രിയർക്കീസായ തീമോത്തി (780–823) എ. ഡി. 800 ന് അടുത്ത് *ഇന്ത്യയിലെ വിശ്വാസികളുടെ തലവനായ അർക്കന്* എഴുതിയ കല്പന മലങ്കരയിലെ അർക്കദ്യക്കോനാണെന്നു ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നു (Kollamparambil, J., *Archdeacon of all India,* Kottayam, 1972, p. 80).

27. വിസിഗോത്ത് വർഗ്ഗക്കാരുടെ രാജാവായ അലാറിക്ക് എ. ഡി. 409 ൽ റോമ്മാ നഗരം ഉപരോധിച്ചു. നഗരത്തിൽ കടുത്ത ക്ഷാമം ഉണ്ടായി. 410 -ൽ റോമ്മാ നഗരം പിടിച്ചെടുക്കുകയും ചക്രവർത്തിയായിരുന്ന പ്രിസ്ക്കസ് അത്തലക്കസിന്റെ സഹോദരിയെ

www.malankaralibrary.com

തടവുകാരിയാക്കി കൊണ്ടുപോകുകയും ചെയ്തു.

28. 'ചൊവ്വാകപ്പെട്ട' എന്നു *അക്കര, ചിത്രമെഴുത്ത്* പകർപ്പുകളിൽ. ഇതാണു ശരി.

29. നെസ്തോറിയോസ് വിശുദ്ധ കന്യകമറിയാമിനെ *ദൈവമാതാവ്* എന്ന് വിളിക്കരുതെന്നും *ക്രിസ്തുവിന്റെ മാതാവ്* എന്നു വിളിക്കണമെന്നും പഠിപ്പിച്ചു. ഇത് വേദവിപരീതമാണെന്ന് കുസ്തന്തീനോസ്പോലീസ് സുന്നഹദോസ് തീരുമാനിച്ചു. നെസ്തോറിയോസിന്റെ വേദ ശാസ്ത്രത്തെപ്പറ്റി അന്നുണ്ടായിരുന്ന കാഴ്ചപ്പാടല്ല ഇന്ന് വേദശാസ്ത്രജ്ഞന്മാർക്കുള്ളത്.

30. *അന്ത്യോഹായുടെ ദൌമ്നസും.* ഈ പേര് *അക്കര* പകർപ്പിൽ മാത്രം.

31. നെസ്തോറിയോസിന്റെ വേദശാസ്ത്രത്തെ അതിരുകടന്ന് എതിർത്തിരുന്ന എവുത്തി ക്കോസ്, നല്ല ഒരു വേദശാസ്ത്രജ്ഞൻ അല്ലായിരുന്നു. അതിനാൽ തന്റെ വാദങ്ങൾ വ്യക്ത മാക്കാൻ കഴിഞ്ഞില്ല. കൂടുതൽ വിവരങ്ങൾക്ക് *സഭാവിജ്ഞാനകോശം,* പേജ് 151-2 കാണുക.

32. 634 എന്നു *അക്കര* പകർപ്പിൽ. 636 ആണ് ശരി.

33. ക്രൈസ്തവസഭയുടെ ആദ്യ പ്രധാന വിഭജനം നടന്നത് ഈ സുന്നഹദോസിനെ തുടർന്നാണ്. റോമൻ, ഗ്രീക്കു സഭകൾ ഒരു വശത്തും ഓറിയന്റൽ സഭകൾ മറുവശത്തു മായി സഭ രണ്ടായി പിളർന്നു. റോമൻ, ഗ്രീക്കു സഭകൾ കൽക്കദൂന്യ സുന്നഹദോസിനെ നാലാം സാർവ്വത്രിക സുന്നഹദോസായി കണക്കാക്കുന്നു. എന്നാൽ പൗരസ്ത്യർ ഇത് അംഗീകരിക്കുന്നില്ല.

34. 470 എന്നു *അക്കര* പകർപ്പിൽ.

35. ദൂറാശാ - മാർ ദിവന്യാസ്യോസ് (?) എഴുതിയ സുറിയാനി ഗ്രന്ഥം. അർമ്മീനിയാ ക്കാർക്ക് എതിരായ വാദങ്ങളും പന്ത്രണ്ട് ദീർഘദർശനങ്ങളുമാണ് വിഷയം.

36. അന്ത്യോക്യൻ സഭയിലെ ഏറ്റവും വലിയ വേദശാസ്ത്രജ്ഞന്മാരിൽ ഒരാളായിരുന്നു മാബൂഗിലെ മാർ പീലക്സിനോസ് (430-523). അദ്ദേഹത്തിന്റേതായി 51 സുറിയാനി കൃതി കളുണ്ട്. ഇദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ പോളിക്കർപ്പോസ് എന്ന കോർഎപ്പിസ്കോപ്പാ ആണ് സുവിശേഷ പരിഭാഷ നിർവഹിച്ചത്. "ഹെറാക്ലീഷൻ വേർഷൻ" എന്നാണ് ഈ പരിഭാഷ അറിയപ്പെടുന്നത്.

37. കൽക്കദൂന്യ സുന്നഹദോസ് അംഗീകരിക്കുന്ന സഭകൾ എ. ഡി. 680-ൽ കുസ്തന്തീ നോസ്പോലീസിൽ ഒരു സുന്നഹദോസ് കൂടി. റോമാ, ഗ്രീക്ക് സഭകൾ ഇതിനെ സാർവ ത്രിക സുന്നഹദോസ് ആയി കരുതുന്നു. ഈ സുന്നഹദോസായിരിക്കും പരാമർശിതം. വർഷം തെറ്റിയതാവാനാണ് സാദ്ധ്യത. കൂടുതൽ വിവരങ്ങൾക്ക് കാണുക *സഭാവി ജ്ഞാനകോശം,* പുറം 243.

38. ഈ ഖണ്ഡികയിൽ പറയുന്ന വിഷയങ്ങൾ എ. ഡി. 680 ലെ കുസ്തന്തീനോസ്പോലീസ് സുന്നഹദോസിന്റെ നിശ്ചയങ്ങൾ അല്ല. അവ റോമൻ സഭയുടെ മാത്രം വിശ്വാസാചാരങ്ങ ളാണ്. ബൈസന്റിയൻ (ഗ്രീക്ക്) സഭകൾ അവ അംഗീകരിക്കുന്നില്ല

39. ഓറിയന്റൽ ഓർത്തഡോക്സ് സഭാ ഗണത്തിൽപ്പെടുന്ന അർമ്മീനിയൻ സഭയുടെ കൽക്കദോന്യ സുന്നഹദോസിനെപ്പറ്റിയുള്ള അഭിപ്രായം മറ്റ് ഓറിയന്റൽ സഭകളുടേത് തന്നെയാണെങ്കിലും അർമ്മീനിയക്കാരും സുറിയാനിക്കാരും തമ്മിൽ ദീർഘകാലം സംഘർഷത്തിലായിരുന്നു. ഇത് വിശ്വാസകാര്യങ്ങളേക്കാളുപരി വംശീയ പ്രശ്നങ്ങൾ കൊണ്ടായിരുന്നു.

40. *കണിയാന്ത്ര, അക്കര. ചിത്രമെഴുത്ത്* പകർപ്പുകളിൽ ഈ അദ്ധ്യായത്തിന് സമാന പാ ഠമാണ്. എന്നാൽ *നാളാഗമത്തിൽ* ഇതിന്റെ കുറച്ചു വ്യത്യാസമുള്ള പാഠമാണ് ചേർത്തിരിക്കു ന്നത്. പ്രധാന വ്യത്യാസങ്ങൾ ഇവയാണ്.

1) നാളാഗമത്തിൽ ഈ ഭാഗം മൊത്തം 7 അദ്ധ്യായങ്ങളായും ഓരോ അദ്ധ്യായവും വാക്യങ്ങളായും തിരിച്ചിട്ടുണ്ട്.

2) യേശു ക്രിസ്തുവിന്റെ മരണം മുതൽ മാത്രമാണ് നാളാഗമം ആരംഭിക്കുന്നത്.

3) ശ്ലീഹന്മാരുടെ മരണം മുതലായവയുടെ ആണ്ടുകൾ നൽകിയിട്ടില്ല.

4) തീയ്ക്കടുത്ത മാർ ഇഗ്നാത്തിയോസിനെപ്പറ്റി കൂടുതൽ വിവരങ്ങളുണ്ട്.

5) നിഖ്യാ സുന്നഹദോസിൽ സംബന്ധിച്ച 318 പിതാക്കന്മാരുടെ അക്ഷരസംഖ്യ



നൽകിയിട്ടുണ്ട് ( ഈ കൃതിയിലെ *ചുരുക്കത്തിൽ വിശ്വാസകാര്യങ്ങൾ* എന്ന അദ്ധ്യായം കാണുക.)

6. നിഖ്യാ സുന്നഹദോസിൽ പാത്രിയർക്കേറ്റുകൾ സ്ഥാപിച്ച സംഗതി പറയുമ്പോൾ യേരുശലേം പാത്രിയർക്കീസ്, തിഗ്രീസിലെ കാതോലിക്കാ എന്നീ ഭാഗങ്ങൾ ഇല്ല.

7. മാർ അപ്രേം, നിസിബിസിലെ മാർ യാക്കോബ്, ഇന്ത്യയുടെ മാർ യോഹന്നാൽ എന്നിവരെപ്പറ്റിയുള്ള ഭാഗമില്ല.

8. ലിയോ പാപ്പയുടെ കാലത്ത് ചെറിയ തേവോദോസ്യാസു രാജാവിന്റെ ഭാര്യയും സഹോദരി ബുൽക്കാറിയായും റോമിലെ പള്ളിയിൽ ചെന്നതിനെപ്പറ്റി കൂടുതൽ വിവരങ്ങ ളുണ്ട്.

9. ഈ കൃതിയിലെ *മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങൾ* എന്ന ഭാഗത്തെ *1. കാസോ ലിക്കാപള്ളി റോമാപ്പള്ളി എന്നു പറയുന്നതിനെപ്പറ്റി, 2. റോമാക്കാർ പത്തീറ എടുക്കുന്ന കാര്യത്തെപ്പറ്റി, 3. ചുരുക്കത്തിൽ വിശ്വാസകാര്യങ്ങൾ* എന്നീ അദ്ധ്യായങ്ങളുടെ ഏതാനും ഭാഗങ്ങൾ ചേർത്തിട്ടുണ്ട്.

10. മുഹമ്മദു നബിയെപ്പറ്റിയും, അർമ്മീനിയാക്കാരെപ്പറ്റിയുമുള്ള ഭാഗങ്ങൾ ഇല്ല.

11. ക്നായിത്തൊമ്മന്റെ വരവ് ഇല്ല.

### 03. മലയാളത്തിൽ ഉണ്ടായ കാര്യങ്ങൾ

1. AD 825 ൽ മരുവാൻ സപ്പീർ ഈശോയോടു കൂടെ വന്ന മേല്പ്പട്ടക്കാരാണ് മാർ സ ബോർ, മാർ അപ്രോത്ത് എന്നിവർ. ഇവരെ പരിശുദ്ധന്മാരായിട്ടാണ് സഭ ഗണിക്കുന്നത്. *കാദീശന്മാർ* എന്നാണ് ഇവർ അറിയപ്പെടുന്നത്. ഉദയംപേരൂർ സുന്നഹദോസ് ഇവരുടെ പേരിൽ സ്ഥാപിച്ചിരുന്ന പള്ളികളൊക്കെയും സകല പരിശുദ്ധന്മാരുടെയും പേരിലേക്കു മാറ്റുകയും ഇവരെ പാഷാണ്ഡരായി മുദ്ര കുത്തുകയും ചെയ്തു (ഏഴാം മൗത്വ, ഏഴാം കൂടിവിചാരം. 19 -ാം കാനോന). 1653 ലെ കൂനൻകുരിശിനു ശേഷം മലങ്കര നസ്രാണി കൾക്ക് തിരിച്ചുകിട്ടിയ പള്ളികൾ വീണ്ടും കാദീശാ പള്ളികളായിമാറി. എറണാകുളം ജില്ല യിലെ അകപ്പറമ്പ് പള്ളി മാർ സാബോർ, മാർ അപ്രോത്ത് ഇവരുടെ നാമത്തിലാണ്. കാദീ ശന്മാരുടെ നാമത്തിൽ അനേകം പള്ളികളുണ്ട്.

2. ഈ പുസ്തകത്തിലെ *04. കടമറ്റത്ത് അച്ചന്മാർ* എന്ന അദ്ധ്യായം കാണുക.

3. 9 മുതൽ 15 വരെയുള്ള നൂറ്റാണ്ടുകളിൽ വന്ന കൽദായ മെത്രാന്മാരെപ്പറ്റി പല രേഖക ളിൽ നിന്നും ഇന്ന് വിവരം ലഭിക്കുന്നുണ്ട്. ഈ ലിസ്റ്റിലുള്ള പല പേരുകളും മറ്റൊരിടത്തും ലഭ്യമല്ല. മറ്റു രീതിയിൽ തെളിയിക്കപ്പെട്ട പല പേരുകളും ഈ ലിസ്റ്റിലില്ല താനും. എ. ഡി. 825 നും 1751 നും ഇടയിൽ മലങ്കരയിൽ വന്ന സുറിയാനി മെത്രാൻ, മെത്രാപ്പോലീത്താ, പാത്രിയർക്കീസ് എന്നിവരുടെ ലിസ്റ്റ് എഴുതിയ ഒരു സുറിയാനിരേഖ അടൂർ കണ്ണംകോട്ടു പള്ളിയിൽ ഉണ്ടായിരുന്നതായി Rev. S. Hosten S. J. പറയുന്നു (Kerala Society Papers, Series V, p. 237). ആ ലിസ്റ്റ് ഗ്രന്ഥവരിയുമായി ഒത്തിരിക്കുന്നു.

4. തിരുവിതാംകോട് കന്യാകുമാരി ജില്ലയിൽ തക്കലക്കു സമീപമാണ്. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ഏഴര പള്ളികളിലെ 'അര' പള്ളി ഇതാണെന്നാണ് വിശ്വാസം. 20 -ാം നൂറ്റാണ്ടു വരെ കൊല്ലത്തിനു തെക്കുള്ള ഏക നസ്രാണി പള്ളിയും ഇതായിരുന്നു. ചാട്ടുകുളങ്ങര ഇന്ന് അറിയപ്പെടുന്നത് ആർത്താറ്റ് കുന്നംകുളം പള്ളി എന്നാണ് (തൃശൂർ ജില്ല). അന്ന് ഏറ്റവും വടക്കുള്ള പള്ളി അതായിരുന്നു.

5. ഉദയംപേരൂർ സുന്നഹദോസിൽ മലങ്കര നസ്രാണികളുടെ വിശ്വാസവും ആചാരങ്ങളും മാറ്റിമറിച്ചതിനെപ്പറ്റി അന്നത്തെ സരസനായ ഒരു പട്ടക്കാരന്റെ പ്രതികരണം എന്ന നില യിൽ വാമൊഴിയായി പ്രചരിച്ചിരുന്ന ഒരു കഥയാണിത്. സുന്നഹദോസ് കഴിഞ്ഞ് മടങ്ങി ച്ചെന്ന പുരോഹിതനോട് അവിടെ എന്തു സംഭവിച്ചു എന്ന ചോദ്യത്തിനുത്തരമായി പുരോ ഹിതരുടെ സാധാരണ വസ്ത്രമായ കമ്മീശ് (കുപ്പായം) കാലിലും, കാൽകുപ്പായം തലവ ഴിയും ഇട്ടിട്ട് 'ഇങ്ങനെയായെന്ന്' പറഞ്ഞത്രെ (എല്ലാം തലതിരിഞ്ഞെന്ന്).

www.malankaralibrary.com

6. അല്ലേശു മെത്രാൻ – ഗോവയിലെ റോമൻ കത്തോലിക്കാ ആർച്ച് ബിഷപ്പ് അലക്സിസ് ഡോം മെനസീസ്. ഉദയംപേരൂർ സുന്നഹദോസിന്റെ ശില്പി.
പ്രാൻസിസുകോസുപാദ്രി – ഫ്രാൻസിസ്കോ റോസ് – മലങ്കരയുടെ ആദ്യത്തെ റോമൻ കത്തോലിക്കാ ബിഷപ്പ്. സുന്നഹദോസിന്റെ കാലത്ത് വൈദികനായിരുന്നു.
അന്ത്രോസ്കാൻ പാദ്രി – ജെസ്യൂട്ട് വൈദികൻ
പള്ളുരുത്തി യാക്കോ പാതിരി – ഇദ്ദേഹമാണ് കാനോനകളുടെ മലയാള പരിഭാഷ നിർവ്വഹിച്ചത്.
ഗീവർഗീസ് അർക്കദ്യക്കോൻ – മലങ്കര നസ്രാണികളുടെ ജാതിക്കുകർത്തവ്യൻ. റോമൻ അധിനിവേശത്തിന്റെ നിസഹായനായ ബലിയാട് (കൂടുതൽ വിവരങ്ങൾക്ക് പ്രൊഫ. സ്കറിയ സക്കറിയ രചിച്ച *ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകൾ* എന്ന ഗ്രന്ഥം കാണുക).
7. ബലപ്രയോഗത്തിലൂടെ കീഴടക്കിയ മലങ്കര നസ്രാണികൾ ഒരു പേർഷ്യൻ മെത്രാനെ ലഭിച്ചാൽ സ്വാതന്ത്ര്യം പ്രാപിക്കുമെന്ന് റോമ്മാക്കാർ ഭയപ്പെട്ടിരുന്നു. അതിനാൽ അറബിക്കടലിന്മേൽ സർവാധീശത്വമുണ്ടായിരുന്ന പോർട്ടുഗീസുകാർ പൗരസ്ത്യ മെത്രാന്മാരുടെ വരവ് തടയാൻ സദാ ജാഗരൂകരായിരുന്നു. അവരുടെ പിടിയിൽപ്പെട്ട ഒരു ഹതഭാഗ്യനായിരുന്നു മാർ അഹത്തുള്ള എന്ന പൗരസ്ത്യ മെത്രാൻ. ഇദ്ദേഹം കൽദായ/അന്ത്യോഖ്യൻ/കോപ്റ്റിക് സഭയിൽപ്പെട്ട ആളായിരുന്നു എന്നു പല ഭാഷ്യങ്ങളുണ്ടെങ്കിലും കൽദായ മെത്രാനാകാനാണ് സാദ്ധ്യത.
മലങ്കരയും അന്ത്യോഖ്യയും തമ്മിൽ ബന്ധം ആരംഭിച്ച ശേഷം മാർ അഹത്തുള്ള അന്ത്യോഖ്യയുടെ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ആയിരുന്നു എന്ന ഒരു വാദഗതി ഉണ്ടായി. ഇതിന്റെ ബഹിർസ്ഫുരണമാണ് മാർ ഇഗ്നാത്തിയോസ് എന്ന പേര് ഇവിടെ ഉപയോഗിച്ചിരിക്കുന്നതിനു കാരണം. എന്നാൽ അക്കാലത്ത് അന്ത്യോഖ്യാ സിംഹാസനം ഭരിച്ചിരുന്നത് മാർ ശെമഓൻ ആയിരുന്നു. അദ്ദേഹം 1640 ൽ സ്ഥാനമേറ്റു, 1659 ൽ മരിച്ചു. അതിനാൽ അഹത്തുള്ള അന്ത്യോഖ്യാ പാത്രിയർക്കീസ് ആയിരുന്നില്ല എന്നു വ്യക്തമാണ്.
8. 54 വർഷത്തെ റോമാ ഭരണത്തിൽ നസ്രാണികൾ പൂർണമായും അസംതൃപ്തരായിരുന്നു. മാർ അഹത്തുള്ളയെ ഗോവയിലെ ഇൻക്വസിഷൻ കോടതിയിൽ കൊണ്ടുപോകും വഴി കൊച്ചിയിൽ കൊണ്ടുവന്നു. വിട്ടുതരുവാൻ നസ്രാണികൾ ആവശ്യപ്പെട്ടപ്പോൾ കടലിൽ കെട്ടി താഴ്ത്തി എന്നതായിരുന്നു കൂനൻ കുരിശു സത്യത്തിനു പെട്ടെന്നുണ്ടായ കാരണം. റോമാസഭയുടെ കീഴിൽ വീർപ്പുമുട്ടി കഴിഞ്ഞിരുന്ന നസ്രാണികൾക്ക് ഈ കൊലപാതകം ഒരു ഹേതു ആയി എന്നു മാത്രം.
9. 1653 ൽ മകരം മൂന്നിനാണ് കൂനൻകുരിശു സത്യം നടന്നത്. ആലങ്ങാട്ടു യോഗം 1653 ജൂൺ 1 ന് ആണ് കൂടിയത്. ഇതിനിടയിൽ 1653 ഫെബ്രുവരിയിൽ മൂന്നു നോമ്പു കാലത്ത് ഇടപ്പള്ളിയിൽ മലങ്കര പള്ളിയോഗം കൂടി തോമാ അർക്കദ്യക്കോനെ വേദതലവനായി തിരഞ്ഞെടുത്തിരുന്നു.
10. വേങ്ങൂർ ഗീവർഗീസു കത്തനാർ *അക്കര* പതിപ്പിൽ ഇല്ല.
11. മലങ്കരസഭയിൽ മലങ്കര പള്ളിയോഗത്തിന്റെ സ്ഥാനവും ശക്തിയും എന്നും വളരെ വലുതായിരുന്നു. കൂനൻകുരിശു സത്യവും മാർത്തോമ്മാ ഒന്നാമന്റെ വാഴ്ചയും മലങ്കര പള്ളിയോഗത്തിന്റെ തീരുമാനമായിരുന്നു. മലങ്കര പള്ളിയോഗം നിശ്ചിത കാലയളവിൽ ക്രമമായി കൂടിക്കൊണ്ടിരുന്ന ഒരു സംഘമാണെന്നുള്ളതിന്റെ തെളിവാണീ ഭാഗം. മൂന്നു വർഷത്തിലൊരിക്കലെങ്കിലും യോഗം കൂടിയിരുന്നു. പിൽക്കാലത്തും മലങ്കര നസ്രാണികളുടെ സഭാപരമായ സുപ്രധാന തീരുമാനങ്ങൾ എല്ലാം എടുക്കുന്നത് മലങ്കര പള്ളിയോഗം കൂടിയാണ്.
12. റോമാസഭയ്ക്കുവേണ്ടി മലങ്കര നസ്രാണികളെ കീഴടക്കി ഭരിച്ചിരുന്നത് ജെസ്യൂട്ട് മിഷനറിമാരായിരുന്നു. കൂനൻകുരിശു വിപ്ലവത്തെ തുടർന്ന് ജസ്യൂട്ടുകളെ മാറ്റി കർമ്മലീത്താ മിഷനറിമാരെ റോം നിയമിച്ചു. ഇതുമൂലം നസ്രാണികളെ വീണ്ടും കീഴടക്കാമെന്നായിരുന്നു റോമിലെ പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ കണക്കുകൂട്ടൽ. അതിനായി കർമ്മലീത്താ മിഷനറിയായ ജോസഫ് സെബസ്ത്യാനിക്ക് റോമിൽ അതീവ രഹസ്യമായി പട്ടം കൊടുത്ത് കേരളത്തിലേക്കയച്ചു. നസ്രാണികളുടെ എതിർപ്പ് ജെസ്യൂട്ടുകളോടു മാത്രമാണെന്നും റോമാസഭയോട് ആയിരുന്നില്ല എന്നുമാണ് റോമാ സഭയിൽപ്പെട്ട ചരിത്രകാരന്മാരുടെ ഭാഷ്യം.



13. പറമ്പിൽ ചാണ്ടികത്തനാരെ മെത്രാനായി *അലക്സാണ്ടർ ദ് കാമ്പോ* എന്ന പേരിൽ വാഴിച്ചത് കടുത്തുരുത്തി പള്ളിയിൽ വെച്ചാണ്. കുറവിലങ്ങാട്ടു വെച്ചല്ല. കടുത്തുരുത്തി പള്ളി വികാരി കടവിൽ ചാണ്ടി കത്തനാരായിരുന്നു ഈ വാഴ്ചയുടെ സൂത്രധാരൻ. അതിനാലാണത്രെ മെത്രാൻ പട്ടമേറ്റത് പള്ളിവീട്ടിൽ ചാണ്ടികത്തനാർ ആയിട്ടും *'കടവി മുടി വെച്ച് മലയാൺമ മുടിച്ചു'* എന്ന ചൊല്ലുണ്ടായത്. 1663 ജനുവരി 31 ആയിരുന്നു വാഴ്ച.
14. ഡച്ചു ഗവർണർ ഹെന്റിക്കം വാൻറീഡിനെ *ഹോർത്തൂസ് ഇന്തിക്കൂസ് മലബാറിക്കൂസ്* രചിക്കാൻ സഹായിച്ച ഫാ. മാത്യു ഓഫ് സെന്റ് ജോസഫ് എന്ന കർമ്മലീത്താ വൈദികനാകണം പരാമർശ വിധേയൻ. 1673 ലാണ് അദ്ദേഹം വാരാപ്പുഴ പള്ളിവച്ചത്. പക്ഷേ ഇദ്ദേഹം മെത്രാനായിരുന്നില്ല (*ബർണാഡ്*, 566–7). 1597 ൽ യൗസേപ്പ് ഡി. സാന്താമരിയായെ വരാപ്പുഴ മെത്രാനായി മാർപ്പാപ്പാ നിയമിച്ചു.
15. തന്റെ മേല്പട്ട വാഴ്ച ക്രമീകരിക്കുന്നതിന് ഒരു മേല്പ്പട്ടക്കാരനെ അയച്ചു തരണമെന്ന് മാർതോമ്മാ ഒന്നാമൻ കൽദായ, അന്ത്യോഖ്യൻ, കോപ്റ്റിക് പാത്രിയർക്കീസുമാരോട് അഭ്യർത്ഥിച്ചിരുന്നു. അറബിക്കടലിലെ പോർട്ടുഗീസ് അധിനിവേശം അവസാനിച്ച അനുകൂല സാഹചര്യത്തിൽ എത്തിയ മേല്പട്ടക്കാരനായിരുന്നു ഇദ്ദേഹം (മുൻകുറിപ്പ് 02. 19 കാണുക).
16. റോമൻസഭ വി. കുർബാനയ്ക്ക് പുളിപ്പില്ലാത്ത അപ്പം (പത്തീറ) യാണ് ഉപയോഗിക്കുന്നത്. എന്നാൽ പൗരസ്ത്യസഭകൾ പുളിപ്പുള്ള അപ്പം (അമ്മീറ) ആണ് ഉപയോഗിക്കുന്നത്. 54 വർഷത്തെ റോമൻ അധിനിവേശ കാലത്ത് മലങ്കരസഭ ഉപയോഗിച്ചു തുടങ്ങിയ പത്തീറ, സ്വാതന്ത്ര്യം പ്രാപിച്ചിട്ടും തുടർന്നു. മാർ ഗ്രിഗോറിയോസ് അമ്മീറ ഉപയോഗിക്കാൻ പ്രേരിപ്പിച്ചെങ്കിലും നടപ്പായില്ല എന്നു ചരിത്രകാരന്മാർ പറയുന്നു. രണ്ടു ദശവത്സരം കൂടി കഴിഞ്ഞാണ് ഈ പതിവ് അവസാനിച്ചത്.
17. രണ്ടാം മാർത്തോമായുടെ വാഴ്ചയെപ്പറ്റി വിവിധ അഭിപ്രായങ്ങളുണ്ട്. ഒന്നാം മാർത്തോമായുടെ ജീവിതകാലത്തു തന്നെ പിൻഗാമിയെ വാഴിച്ചു എന്ന അഭിപ്രായമാണ് പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നത് (*മലങ്കര നസ്രാണികൾ* Vol. III, p. 4-6). 1678 ൽ വന്ന അന്ത്രയോസ് പാത്രിയർക്കീസ് എന്ന പരദേശ മെത്രാനും മാർത്തോമ്മാ ഒന്നാമനും ചേർന്ന് രണ്ട് മാർത്തോമാ മെത്രാന്മാരെ വാഴിച്ചു എന്ന് ഒരു വ്യത്യസ്ത പാഠമുണ്ട് (നാളാഗമം, p. 131). ഇത് ശരിയല്ല. കാരണം മാർത്തോമാ ഒന്നാമൻ 1670 –ൽ കാലം ചെയ്തു.
18. വടക്കൻപറവൂർ മാർത്തോമൻ പള്ളിയാണ് പട്ടമന പറവൂർ പള്ളിയെന്ന് അറിയപ്പെടുന്നത്.
19. അന്ത്രയോസ് പാത്രിയർക്കീസിനെപ്പറ്റി വിവിധ അഭിപ്രായങ്ങളുണ്ട്. അദ്ദേഹം ഒരു പുരോഹിതൻ പോലുമല്ലായിരുന്നു എന്നു ചിലർ പറയുന്നു. ഒരു യാക്കോബായ പട്ടക്കാരൻ ആയിരുന്നു (പൗലിനോസ്, p. 112), ഏതു സഭക്കാരൻ ആയിരുന്നു എന്നു നിശ്ചയമില്ല (ഇ. എം. ഫിലിപ്പ്, pp. 154–5). അനേകർ ഇന്നും ഇദ്ദേഹത്തെ വളരെയധികം ബഹുമാനിക്കുന്നു. മണർകാട്, പുത്തൻകാവ്, കല്ലട പള്ളികളിൽ ഇദ്ദേഹത്തിന്റെ *ചാത്തം* ആഘോഷപൂർവം നടത്തുന്നുണ്ട്. നാലാം മാർത്തോമ്മാ 1720 –ൽ അന്ത്യോഖ്യാ പാത്രിയർക്കീസിനയച്ച കത്തിൽ ഇദ്ദേഹം ഒരു മെത്രാനായിരുന്നു എന്ന് പറയുന്നുണ്ട്.
കുണ്ടറ പള്ളിയിലെ ഒരു പുരാതന കൊത്തുപണിയിൽ ഇദ്ദേഹത്തെ കൽദായ മെത്രാന്റെ തൊപ്പിയണിഞ്ഞ രീതിയിലാണ് കാണുന്നത്. അന്ത്രയോസ് എന്ന പേരും (അന്ത്യോഖ്യൻ മെത്രാന്മാർ മാർ ഗ്രിഗോറിയോസ്, മാർ ഈവാനിയോസ് മുതലായി അവരുടെ ഗ്രീക്കു സ്ഥാനപ്പേരുകളിലാണ് അറിയപ്പെടുന്നത്), *പാത്രിയർക്കീസ്* എന്ന സ്ഥാനവും ഇദ്ദേഹം ഒരു കൽദായ മെത്രാനാകാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.
മൂന്നാം മാർത്തോമ്മായെ വാഴിച്ചതാരാണെന്ന് തെളിവില്ല. നാളാഗമത്തിലെ പരാമർശ

www.malankaralibrary.com

പ്രകാരം രണ്ടും മൂന്നും മാർത്തോമാമാരെ വാഴിച്ചത് അന്ത്രയോസ് പാത്രിയർക്കീസാണ് (മുൻ കുറിപ്പ് 15 കാണുക). അന്ത്യോഖ്യൻ പക്ഷപാതിയായ ഇ. എം. ഫിലിപ്പിന്റെ 'അജ്ഞതയും' അന്ത്യോഖ്യൻ ബന്ധം ഉറച്ചശേഷം രചിച്ച ഗ്രന്ഥവരിയിലെ നിശബ്ദതയും ഇദ്ദേഹം കൽദായ മെത്രാൻ ആണെന്ന വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.
അന്ത്രയോസ് പാത്രിയർക്കീസ് നെസ്തോറിയൻ ആയിരുന്നുവെന്ന് പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് പ്രഖ്യാപിച്ചു (വെട്ടിക്കുന്നേൽ കുടുംബചരിത്രം, മണർകാട്, 1993, p. 37–8). ഇദ്ദേഹം നെസ്തോറിയൻ ആയിരുന്നുവെന്ന് ഫ്രഞ്ച് സഞ്ചാരിയായ അകിട്ടിൽ ഡ്യൂ പെറോൺ പറയുന്നു. അന്ത്യോഖ്യൻ ബന്ധം ദൃഢമായശേഷവും കൽദായ മെത്രാന്മാർക്ക് മലങ്കരയിൽ ബഹുമാനം ലഭിച്ചിരുന്നു. നെസ്തോറിയൻ ആയ മാർ ഗബ്രിയേലിന്റെ ശ്രാദ്ധം 1820 കളിൽ പോലും അദ്ദേഹത്തെ കബറടക്കിയിരിക്കുന്ന കോട്ടയം ചെറിയപള്ളിയിൽ ആഘോഷപൂർവ്വം ആചരിച്ചിരുന്നു.

20. ഇദ്ദേഹത്തെ മലങ്കരസഭ 1947 ൽ പരിശുദ്ധനായി പ്രഖ്യാപിച്ചു.

21. മുൻ കുറിപ്പ് 19 കാണുക. മാർത്തോമ്മാ മൂന്നാമനെ ആര്, എന്ന് വാഴിച്ചു എന്ന് ഗ്രന്ഥവരിയിൽ ഇല്ല. മാർത്തോമ്മാ മൂന്നാമനെ വാഴിച്ചത് മണർകാട്ടു പള്ളിയിൽ വച്ചാണെന്ന് ഒരു പാരമ്പര്യമുണ്ട്. അന്ത്രയോസ് പാത്രിയർക്കീസിന്റെ മണർകാട് ബന്ധവും, കാലവും ഇതിനോട് യോജിക്കുന്നുണ്ട്. മൂന്നാം മാർത്തോമ്മായെ വാഴിച്ചത് മാർ ഈവാനിയോസ് ഹദിയള്ളാ ആണെന്ന് ചില ചരിത്രകാരന്മാർ പറയുന്നുവെങ്കിലും അദ്ദേഹം നാലാം മാർത്തോമായെ പട്ടമന പറവൂർ വച്ച് വാഴിച്ചതായി മാത്രമേ ഈ കൃതിയിൽ ചേർത്തിട്ടുള്ള *മാർ ഈവാനിയോസിന്റെ മെമ്രായിൽ* കാണുന്നുള്ളു.
ഇതിൽനിന്നെല്ലാം മാർ അന്ത്രയോസ് എന്ന കൽദായ (നെസ്തോറിയൻ) മെത്രാനായിരുന്നു മൂന്നാം മാർത്തോമ്മായെ വാഴിച്ചത് എന്ന നിഗമനത്തിൽ എത്താം.

22. നാലാം മാർത്തോമ്മായ്ക്ക് പട്ടമന പറവൂർ വച്ച് പട്ടം കൊടുത്തു എന്ന് മാർ ഈവാനിയോസിന്റെ മെമ്രായിൽ. എവിടെ വച്ച് പട്ടം കൊടുത്തു എന്ന് മറ്റൊരു രേഖയും കാണുന്നില്ല.

23. കൂനൻകുരിശു സത്യത്തിനു ശേഷം റോമൻ ആധിപത്യം ഉപേക്ഷിച്ച മലങ്കരസഭയുടെ വിശ്വാസാചാരങ്ങളിൽ കാര്യമായ ഒരു മാറ്റവും പെട്ടെന്നുണ്ടായില്ല. വൈദികർക്ക് വിവാഹം ചെയ്യുന്നതിനുള്ള വിലക്ക് നീക്കി എന്നതൊഴിച്ച് മറ്റൊരു മാറ്റവും ഉണ്ടായില്ല (കാർഡിനൽ ടിസറന്റ്, op. cit., p. 88). വി. കുർബാനയ്ക്ക് പുളിപ്പുള്ള അപ്പം ഉപയോഗിക്കണമെന്ന മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീദിന്റെ ഉപദേശത്തിനു ശക്തമായ എതിർപ്പ് നേരിടേണ്ടിവന്നു (മാർ അപ്രേം, *പൗരസ്ത്യ സഭാചരിത്ര പ്രവേശിക*, തിരുവല്ല, 1976, p. 95). ചുരുക്കത്തിൽ ഭരണം നാട്ടുമെത്രാന് എന്നതൊഴികെ റോമാ സുറിയാനിക്കാരും മലങ്കര നസ്രാണികളും തമ്മിൽ ഇക്കാലത്ത് യാതൊരു വ്യത്യാസവും ഇല്ലായിരുന്നു.

24. 'ദ്വിവർഗം' എന്നു *അക്കര കൈയെഴുത്ത്.*

25. ഹമ്മീറയുടെ കാര്യവും - *ചിത്രമെഴുത്ത്*, കുറുവാനയുടെ കാര്യവും - *അക്കര കൈയെഴുത്ത്*. രണ്ടിന്റെയും അർത്ഥം ഒന്നു തന്നെ. ഇതുകൂടി ഉണ്ടെങ്കിലേ അഞ്ചു കൂട്ടം തികയൂ.

26. (1) പള്ളി (സഭ) - സാർവത്രിക (കാതോലിക) സഭ റോമാസഭയല്ല. മൂന്നു പൊതു സുന്നഹദോസുകൾ ക്രമപ്പെടുത്തിയ വിശ്വാസത്തിൽ അധിഷ്ഠിതമായ പൊതുസഭയാണ്.
(2) തുവർഗം - ഇതിനു രണ്ടു വ്യാഖ്യാനം ഉണ്ട്. (a) ദ്വിവർഗം - കലർപ്പും കുഴച്ചിലും അവിഭാജ്യതയുമില്ലാത്ത ക്രിസ്തുവിന്റെ ഏകസ്വഭാവവും രണ്ടു ക്നൂമ്മായും. (b) സ്വർഗം - റോമൻകത്തോലിക്കർ പഠിപ്പിക്കുന്ന ബസ്പുർക്കാന (ശുദ്ധീകരണ സ്ഥലം) എന്നൊന്നില്ല.
(3) റൂഹാദക്കുദിശ - പരിശുദ്ധറൂഹാ പിതാവിൽ നിന്നു പുറപ്പെടുന്നു. റോമാസഭയുടെ *'പിതാവിൽ നിന്നും പുത്രനിൽ നിന്നും'* എന്ന പഠിപ്പിക്കൽ തെറ്റാണ്.
(4) കുറുവാന (അമ്മീറ) - വി. കുർബാനയ്ക്ക് പുളിപ്പുള്ള അപ്പം ഉപയോഗിക്കണം.
(5) നോയമ്പ് - പൗരസ്ത്യ പാരമ്പര്യപ്രകാരമുള്ള ബുധൻ, വെള്ളി ദിവസങ്ങളാണ് നോമ്പായി ആചരിക്കേണ്ടത്. റോമാക്കാർ പറയുന്ന ശനിയാഴ്ചയല്ല.



മാർ ഈവാനിയോസിന്റെ പരിഷ്ക്കാരങ്ങളെപ്പറ്റിയുള്ള സമകാലീന പഠനങ്ങൾ പ്രകാരം തുവർഗം എന്നതിന് സ്വർഗം എന്ന അർത്ഥമാണ് കൂടുതൽ യോജിക്കുക. ദ്വിവർഗത്തിനും പ്രസക്തി ഉണ്ട്.

27. ഇദ്ദേഹം 1686 -ൽ ചെങ്ങന്നൂർ പള്ളിയിൽവച്ച് തെക്കുള്ള പള്ളികളുടെ ഒരു സുന്നഹദോസു കൂടി വിശ്വാസപ്രഖ്യാപനം നടത്തി (കുര്യൻ കോർഎപ്പിസ്കോപ്പാ, കണിയാംപറമ്പിൽ, *സുറിയാനിസഭ*, തിരുവല്ല, 1982, p. 155). കോനാട്ട് ഗ്രന്ഥശേഖരത്തിലുള്ള ഒരു സുറിയാനി കൈയെഴുത്തു കൃതിയിൽ (No.154) *യഥാർത്ഥ ക്രിസ്ത്യാനികളായ ഇന്ത്യയിലെ സുറിയാനിക്കാരുടെ എപ്പിസ്കോപ്പ ആയ ഈവാനിയോസ്* എഴുതിയ ഒരു കൽപ്പന ചേർത്തിട്ടുണ്ട്. അമ്മീറ, നോമ്പ് ഈ വിഷയങ്ങളാണ് പരാമർശിക്കുന്നത്. ഈ കല്പന അദ്ദേഹത്തിന്റേതാവാൻ സാദ്ധ്യതയുണ്ട്. മാർ ഈവാനിയോസ് ഹദിയള്ള ഒരു പ്രശസ്ത സുറിയാനി കവിയും വേദപണ്ഡിതനുമായിരുന്നു (പൗളിനാസ് പാദ്രി, p 113, ഇം. എം. ഫിലിപ്പ്, pp. 155–6). അദ്ദേഹം സുറിയാനിയിലും അറബിയിലും ലേഖനങ്ങൾ എഴുതിയിരുന്നു (*ചുരുക്കത്തിൽ വിശ്വാസകാര്യങ്ങൾ, മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങൾ, മാർ ഈവാനിയോസിന്റെ മെമ്രാകൾ* എന്നീ അദ്ധ്യായങ്ങൾ കാണുക). 1686 -ൽ നാലാം മാർത്തോമ്മായുടെ വാഴ്ചയ്ക്കു മുമ്പാകണം ഈ വിശ്വാസപ്രഖ്യാപനം നടത്തിയത്.

28. .....*സുറിയാനിക്കാരുടെ മര്യാദപോലെ ഞങ്ങളെ നടത്തിവരുന്ന കാലങ്ങളിൽ പറജള്ള എന്ന ബുദ്ധിക്കാരൻ പാദ്രിയും അയാളുടെ ശിഷ്യൻ മാത്തുള്ള ശെമ്മാശനും ഈ ശുദ്ധമാകപ്പെട്ടവനെ നിരസിച്ചു മറുത്തുനിക്കകൊണ്ട് മഹറോൻ അവർക്കു ചൊല്ലി, മാർ അപ്രേമിന്റെ നിറത്തിൽ മിമ്ര പോലെ എഴുതി അവർക്കു അയച്ചു. ഇതിന്റെ ശേഷം ഈ ലോകത്തിൽ വെച്ചു തന്നെ അതിനടുത്ത ദുഷ്കർമ്മങ്ങളും ഉടൻ അനുഭവിച്ചു അവരു രണ്ടു പേരും മരിക്കുകയും ചെയ്തു* (നാളാഗമം 132–3).
റോമിൽ വിദ്യാഭ്യാസം നടത്തിയ സിറിയയിലെ ആലപ്പോ സ്വദേശിയായ ഫാ. ബർത്തലോമ്യ ഹന്ന എന്ന പാതിരി മാർ ഈവാനിയോസുമായി തർക്കങ്ങൾ നടത്തിയിരുന്നു (ബർണാദ്, pp. 616–7). ഈ പറജുള്ള ഇദ്ദേഹമാണോ? ഫാ. ബർത്തലോമ്യയുടേത് ദുർമരണമെന്ന് പൗളിനോസ് പാദ്രി.

29. മുൻകുറിപ്പ് 19 കാണുക. ഇന്നും ഈ ചാത്തം വിപുലമായി ആചരിക്കുന്നുണ്ട്.

30. ഉദയംപേരൂർ സുന്നഹദോസിനു ശേഷം മലങ്കരയിൽ സ്വതന്ത്രമായി പ്രവർത്തിക്കാൻ സാധിച്ച ആദ്യത്തെ കൽദായ മെത്രാനായിരുന്നു മാർ ഗബ്രിയേൽ. മാർ ഈവാനിയോസ് ഹദിയള്ളയുടെ പ്രവർത്തനഫലമായി അന്ത്യോഖ്യൻ വേദശാസ്ത്രം അംഗീകരിച്ച മലങ്കര നസ്രാണികൾക്ക് ഇദ്ദേഹത്തിന്റെ വേദശാസ്ത്രം അംഗീകരിക്കാൻ പ്രയാസമായി.

31. മാർ ഗബ്രിയേൽ ഒരു നെസ്തോറിയൻ ആയിരുന്നു. അദ്ദേഹത്തിന്റെ വിശ്വാസങ്ങളിൽ 1) മശിഹായിൽ രണ്ടു വർഗമെന്നും രണ്ടു ക്നൂമായെന്നും ഉള്ളത് നെസ്തോറിയൻ വിശ്വാസമാണ്. 2) കൽദായ സഭ അമ്മീറയാണ് വി. കുർബാനയ്ക്ക് ഉപയോഗിക്കുന്നത്. 3) കൽദായക്കാരുടെ നോമ്പ് അന്ത്യോഖ്യൻ സുറിയാനിക്കാരെ പോലെയാണ്.
റോമാക്കാരെ പ്രീതിപ്പെടുത്താൻ മാർ ഗബ്രിയേൽ ശ്രമം നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമാകും കുറച്ചു റോമൻ വിശ്വാസം.

32. മാർ ഈവാനിയോസ് ഹദിയള്ളയിൽ നിന്നും റോമൻ കത്തോലിക്കരുമായി പിടിച്ചു നിൽക്കുവാനുള്ള അന്ത്യോഖ്യൻ വേദശാസ്ത്രം ലഭിച്ചു എങ്കിലും (*ചുരുക്കത്തിൽ വിശ്വാസകാര്യങ്ങൾ, മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങൾ* ഇവ കാണുക) പെട്ടെന്നുണ്ടായ ഗബ്രിയേലിന്റെ ആഗമനവും അദ്ദേഹം പ്രചരിപ്പിച്ച നെസ്തോറിയൻ വേദശാസ്ത്രവും മാർതോമാ നാലാമനെ ശരിക്കും പ്രശ്നത്തിലാക്കി. ഈ സാഹചര്യത്തിലാണ് പുതിയ വേദശാസ്ത്ര ഭീഷണിയെ നേരിടാൻ പാണ്ഡിത്യമുള്ള പാത്രിയർക്കീസിനെയും മെത്രാപ്പോലീത്തായേയും കശീശന്മാരെയും അയച്ചുതരാൻ 1709 ലും 1720 ലും അന്ത്യോഖ്യാ പാത്രിയർക്കീസിനോട് ഇദ്ദേഹം അഭ്യർത്ഥിക്കുന്നത്.

33. പറമ്പിൽ ചാണ്ടി മെത്രാന്റെ കാലശേഷം നാട്ടുമെത്രാന്മാരെ ലഭിക്കാതെ വഞ്ചിതരായിതീർന്ന റോമാസുറിയാനിക്കാരിൽ ഒരു നല്ല പങ്ക് ഇദ്ദേഹത്തെ സ്വീകരിച്ചു.

www.malankaralibrary.com

ഇദ്ദേഹത്തിന്റെ മരണശേഷവും ആളുകൾ ഇദ്ദേഹത്തെ ബഹുമാനിച്ചിരുന്നു. 1821 ൽ പോലും അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ വൻതോതിൽ ആഘോഷിച്ചിരുന്നു (പാറേട്ട്, Vol. III, p.11).

34. മാർ ഗബ്രിയേലിന്റെ പിൻഗാമിയായി ഒരു നെസ്തോറിയൻ മെത്രാനെ ലഭിച്ചില്ല. മാർ തോമ്മാ അഞ്ചാമനുമായി അനുരഞ്ജനപ്പെടുവാനുള്ള ശ്രമം വിജയിച്ചുമില്ല.

35. മീനം 1 ന് എന്ന് *അക്കര* കൈയെഴുത്തിൽ.

36. ന്യായമായ വിലയ്ക്ക് കുരുമുളക് കൊടുക്കാം എന്ന നിബന്ധനയിൽ റോമൻ കത്തോലിക്കരുടെ പീഡയിൽ നിന്നും ഡച്ച് കമ്പനിയുടെ സംരക്ഷണം 1704 ൽ മാർതോമ്മാ നാലാമൻ ഉറപ്പാക്കി (Dutch Hegemony, p. 205).

മാർതോമാ നാലാമനെപ്പറ്റി ജേക്കബ് കാന്റർ വിഷറുടെ *Letter from Malabar* ൽ ചേർത്തിരിക്കുന്നത് ഇപ്രകാരമാണ്. *"Mar Thomas, the other Bishop, is a native of Malabar, He is dull and slow of understanding. He lives in great state and when he come into the city to visit the commander, he was attend by a number of soldiers bearing swords and shields; in imitation of princess of Malabar. He wears on his head a silk cowl, embroidered with Cross, in form much resembling that of Carmalities. He is a weak minded hodomontader, and boasted greatly to us of being a Eutichian in his creed, accusing the rival Bishop (Mar Gabriel) of heresy. According to his own account, he has 45 Churches under his authority; the remainder adhering to Bishop Gabrial"* (quoted by D. Ferroli, S. J, p. 144). ഈ പ്രസ്താവനയിൽ നിന്നും തെളിയുന്ന പ്രധാന സംഗതികൾ: 1) മാർതോമ്മാ നാലാമൻ അത്ര നിറപ്പകിട്ടാർന്ന വ്യക്തിത്വത്തിന്റെ ഉടമ അല്ലായിരുന്നു. 2) കൂനൻ കുരിശിന് മുമ്പ് അർക്കദ്യക്കോന്മാർക്ക് *ജാതിക്കുതലവൻ* എന്ന നിലയിൽ ഉണ്ടായിരുന്ന പ്രത്യേക അവകാശങ്ങൾ, അകമ്പടി മുതലായവ ഇദ്ദേഹത്തിനും ഉണ്ടായിരുന്നു. 3) അന്ത്യോഖ്യൻ സഭാപാരമ്പര്യപ്രകാരമുള്ള മസ്നപ്സ മുതലായ അംശവസ്ത്രങ്ങൾ ധരിച്ചിരുന്നു. 4) അന്ത്യോഖ്യൻ സഭയുടെ വേദശാസ്ത്രം അംഗീകരിച്ചിരുന്നു (ഇതിനെ യൂത്തിക്കേറിയൻ എന്നു പാശ്ചാത്യലോകം തെറ്റിദ്ധരിച്ചിരുന്നു). 5) മാർ ഗബ്രിയേലിന്റെ നെസ്തോറിയൻ വേദശാസ്ത്രത്തെ പാഷാണ്ഡത എന്നു വിശേഷിപ്പിക്കുന്നു. 6) പുത്തൻകൂർ പള്ളികളിൽ കുറെ അദ്ദേഹത്തിന്റെ ഭരണത്തിന്റെ കീഴിൽ നിന്നും മാർ ഗബ്രിയേലിന്റെ കീഴിലേക്കു മാറിയിരുന്നു.

37. ഇദ്ദേഹം 1747 ൽ വന്നു. റോമൻ കത്തോലിക്കാ രേഖകളിൽ ഇദ്ദേഹം വിഗ്രഹ ഭഞ്ജകനായ ഈവാനിയോസ് എന്നാണ് അറിയപ്പെടുന്നത്. ഡച്ചുകാർ ഇദ്ദേഹത്തെ സർവാത്മനാ പിന്തുണച്ചു. റോമൻ ഭരണകാലത്തു മലങ്കരയിലെ പള്ളികളിൽ സ്ഥാനംപിടിച്ച രൂപങ്ങളും ചിത്രങ്ങളും ഇദ്ദേഹം നശിപ്പിച്ചു. കുരിശുമാത്രം അനുവദിച്ചു. ഇദ്ദേഹം ആരാധനാസമയത്ത്, പൗരസ്ത്യ രീതിയിലുള്ള തൊപ്പി അണിഞ്ഞിരുന്നു. മെത്രാനടുത്ത മോതിരമോ കുരിശുമാലയോ ധരിച്ചിരുന്നില്ല. ചൂടുവെള്ളവും തണുത്തവെള്ളവും ചേർത്ത് (ഇത് അന്ത്യോഖ്യൻ രീതിയാണ്) മാമോദീസാ നടത്തിയിരുന്നു. വി. കുർബാനയ്ക്ക് മൂന്നു മണിക്കൂർ എടുത്തിരുന്നു. വി. കുർബാനയ്ക്ക് പുളിപ്പുള്ള അപ്പം മാത്രം ഉപയോഗിച്ചിരുന്നു (Joseph Perumthottam, *A Period of Decline of the Marthoma Christians*, Kottayam, 1994, p. 195-7).

ഇദ്ദേഹം 1747 ൽ വന്നു. കൊച്ചിയിലെ വർത്തകപ്രമാണിയായ എസക്കിയേൽ റാബി എന്ന യഹൂദൻ ആണ് കൊണ്ടുവന്നത്. ബസ്രയിൽ നിന്നും വന്നു. ഇദ്ദേഹം ഒരു യഹൂദനായിരുന്നു (പൗളിനോസ്, Pp. 118-9).

ഈവാനിയോസ് ഒരു അന്ത്യോഖ്യൻ മേൽപ്പട്ടക്കാരനായിരുന്നു എന്നും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ മലങ്കരയിൽ നടന്നുവന്നതെല്ലാം അബദ്ധമാണെന്നു തോന്നിയെന്നും. വേദാദ്ധ്യാപകരായി കൂടുതൽ വൈദികരെ അന്ത്യോഖ്യയിൽ നിന്നു കൊണ്ടുവരാൻ ഡച്ച് ഈസ്റ്റിന്ത്യാ കമ്പനിയോട് പണം ആവശ്യപ്പെട്ടു എന്നും ഡച്ചു രേഖകൾ.



(Dutch Hegemony, Pp. 212 - 4).

ഇദ്ദേഹവും മാർതോമ്മാ അഞ്ചാമനും തമ്മിൽ ഉണ്ടായിരുന്ന പ്രധാന അഭിപ്രായവ്യത്യാസം പട്ടക്കാരുടെ വിവാഹം സംബന്ധിച്ചായിരുന്നു. മൂന്നു നാലു പള്ളികളിലെ പണം മോഷ്ടിച്ചതിന് കൊച്ചി രാജാവ് ഇദ്ദേഹത്തെ അറസ്റ്റു ചെയ്തു. റോമൻ കത്തോലിക്കരാണ് മലങ്കരസഭയിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതെന്നായിരുന്നു ഇദ്ദേഹത്തിന്റെ വാദം (Dutch Hegemony, pp. 210-1). ഇദ്ദേഹം ഒരു അന്ത്യോഖ്യൻ മെത്രാനായിരുന്നു എന്നത് വാസ്തവമാണ്.

38. മലങ്കരയിൽ പട്ടക്കാരും സാധാരണ പുരുഷന്മാരും കുടുമ്മി വളർത്തിയിരുന്നു. പട്ടക്കാരുടെ പട്ടവും കുടുമ്മി ആയിരുന്നു. അന്ത്യോഖ്യൻ ക്രമത്തിൽ പട്ടക്കാർ തല പറ്റെ ക്ഷൗരം ചെയ്യുകയും, കറുത്ത തൊപ്പി ധരിക്കുകയും ചെയ്യണം. ഈ ഈവാനിയോസ് അവ നടപ്പിലാക്കാൻ ശ്രമിച്ചു.

മലങ്കരസഭയിൽ പട്ടക്കാരെ തിരഞ്ഞെടുക്കുന്നത് അതാത് പള്ളിയോഗവും, ആ തിരഞ്ഞെടുപ്പ് അംഗീകരിക്കുന്നത് അർക്കദ്യക്കോനുമായിരുന്നു. അർക്കദ്യക്കോൻ മാർത്തോമ്മാ മെത്രാനായെങ്കിലും ഈ അധികാരം അദ്ദേഹത്തിൽ തുടർന്നു. പള്ളിയോഗത്തിന്റെ അനുമതി കൂടാതെ പട്ടം നൽകിയാൽ അതു വൻ കലഹത്തിനു വഴിതെളിച്ചിരുന്നു (Perumthottam, Op. Cit., p. 194). മാർ ഈവാനിയോസ് ഹദിയള്ള അന്ത്യോഖ്യൻ വിശ്വാസപ്രമാണം നടപ്പിൽ വരുത്തിയെങ്കിലും ആചാരാനുഷ്ടാനങ്ങളിൽ മാറ്റം വരുത്തിയില്ല. വിഗ്രഹഭഞ്ജകനായ ഈവാനിയോസ് നടപ്പിലാക്കിയതും അളുകൾക്ക് പെട്ടെന്ന് അനുഭവവേദ്യമാകുന്നതുമായ ആചാരാനുഷ്ഠാനങ്ങളിലുള്ള മാറ്റം പ്രകോപനം ഉണ്ടാക്കി.

39. പല കാരണങ്ങളാൽ മാർതോമ്മാ മെത്രാനോട് എതിർപ്പുണ്ടായ ആളുകൾ വിദേശമേൽപ്പട്ടക്കാരോട് ചേർന്ന് പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു. ഇതു വിശ്വാസപരമോ ആചാരപരമോ എന്നതിലധികം വ്യക്തിതാൽപ്പര്യത്തിൽ അധിഷ്ഠിതമായിരുന്നു (P. Cherian, p. 52). മാർ ഗബ്രിയേലിന്റെ കാലത്താരംഭിച്ച ഈ പ്രവണത ഈവാനിയോസിന്റെ കാലത്തും പിന്നീടും തുടർന്നു. മാർ ഈവാനിയോസ് ഹദിയള്ളയെപ്പോലെ പണ്ഡിതനും, സൗമ്യനും, ഭരണത്തിൽ പ്രവേശിക്കത്തക്കതുമായ ഒരു മെത്രാനെയാണ് അന്ത്യോഖ്യയിൽ നിന്ന് സഭ പ്രതീക്ഷിച്ചത്.

40. മാർതോമ്മാ മെത്രാന്മാർക്ക് സാധുവായ മേല്പട്ടമില്ലെന്നും പിൻഗാമികളെ വാഴിക്കാൻ അർഹതയില്ലെന്നും ഉള്ള റോമൻ കത്തോലിക്കാ പ്രചരണം അന്ത്യോഖ്യരും ഏറ്റുപിടിച്ചതിന്റെ ഉദ്ദേശ്യം അവർക്ക് മലങ്കരയെ ഭരിക്കണം എന്നതുതന്നെ ആയിരുന്നു. മാർതോമ്മാ മെത്രാൻ എന്ന ദേശീയ സ്ഥാനനാമം മാറ്റി അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള ഒരു മെത്രാൻ മാത്രമായി മാർ ദിവന്യാസ്യോസ് എന്ന പേരിൽ വാഴിക്കുക എന്നതായിരുന്നു പുതുതായി വന്ന മെത്രാന്മാരുടെ ഉദ്ദേശ്യം.

അന്ത്യോഖ്യയുടെ ഗീവർഗീസ് പാത്രിയർക്കീസ്, അഞ്ചാം മാർത്തോമ്മായ്ക്ക് 1752 ചിങ്ങം 25 ന് അയച്ച കത്തിൽ ദിവന്യാസ്യോസ് എന്ന പേരിൽ പുനരഭിഷേകം പ്രാപിക്കണമെന്നും അന്ത്യോഖ്യയുടെ അധികാരം സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നത് ഈ വസ്തുത വെളിവാക്കുന്നു (പാറേട്ട്, Vol. III, pp. 24- 5).

അഞ്ചാം മാർതോമ്മാ 1728 ൽ സ്ഥാനമേറ്റു എന്നല്ലാതെ അദ്ദേഹത്തിന് ആര്, എവിടെവച്ച് പട്ടം കൊടുത്തു എന്ന് ഒരു ചരിത്രകാരനും പറയുന്നില്ല. മാർതോമ്മാ നാലാമന്റെ മരണശേഷം മെത്രാൻ, മുടി തലയിൽ വയ്ക്കുക മാത്രമായിരുന്നു എന്ന് റോമൻ കത്തോലിക്കാ ചരിത്രകാരന്മാർ (Perumthottam, Op. Cit., p. 183). മാർത്തോമ്മാ നാലാമൻ ഗബ്രിയേലിനെ കൂടാതെ അഞ്ചാമനെ വാഴിച്ചു (ഇട്ടൂപ്പ്, p. 123). അഞ്ചാം മാർത്തോമ്മായെ നാലാമൻ നിയമിച്ചു (ജി. കുര്യൻ പാദ്രി, *ഒരു പ്രകരണം*, കോട്ടയം, 1872, p. 57). 1728 മുമ്പ് നാലാം മാർത്തോമ്മാ അഞ്ചാമനെ വാഴിച്ചു (P. Cherian, p. 52). മാർത്തോമ്മാ നാലാമൻ പിൻഗാമിയെ തനിച്ചു വാഴിച്ചതു ശരിയല്ല എന്നു ചിലർ വാദിക്കുകയും കുറേക്കാലം കൈക്കൊള്ളാതെ ഇരിക്കുകയും ചെയ്തു (ഇട്ടൂപ്പ്, p. 123). ഏതായാലും മാർതോമ്മാ അഞ്ചാമൻ മരണംവരെയും മാറി പട്ടം ഏറ്റില്ല.

www.malankaralibrary.com

41. മുൻ കുറിപ്പ് 38 കാണുക.

42. മാർത്തോമ്മാ അഞ്ചാമൻ ഡച്ചുകാരുമായി ഉടമ്പടി ചെയ്തിരുന്നപ്രകാരം വിദേശ മെത്രാന്മാരുടെ കേവുകൂലി കൊടുത്തുതീർക്കാനായി വിദേശ മെത്രാന്മാരെ തടഞ്ഞുവച്ചു എന്ന് ചില ചരിത്രകാരന്മാർ പറയുന്നു.

വിഗ്രഹഭഞ്ജകനായ ഈവാനിയോസിന്റെ ശല്യം സഹിക്കാൻ വയ്യാതെയാണ് മറ്റൊരു മെത്രാനെ അയച്ചുതരുവാൻ പാത്രിയർക്കീസിനോട് മാർതോമ്മാ അഞ്ചാമൻ ആവശ്യപ്പെട്ടത്. എന്നാൽ പുതിയ മെത്രാന്മാരും അതേമാർഗംതന്നെ പിന്തുടരുന്നു എന്നു കണ്ടതോടെ അവരെ സ്വീകരിക്കാനും, കേവുകൂലി കൊടുക്കുവാനും മാർതോമ്മാ അഞ്ചാമൻ വിസമ്മതിച്ചത് സ്വാഭാവികം. തങ്ങളുടെ കപ്പൽ കൂലി മുതലാക്കാൻ ഡച്ചുകാർ ശ്രമിച്ചതും സ്വാഭാവികം.

43. ക്യാപ്റ്റൻ, ദ്വിഭാഷി, സോൾജിയേഴ്സ് (പട്ടാളക്കാർ).

44. റാക്കാട്ടു പള്ളി കൊച്ചി തുറമുഖത്തുനിന്നും വളരെ ഉൾനാട്ടിലാണ്. അതിനാൽ അവിടെ നിന്നു മെത്രാനെ പിടികൂടുക ഡച്ചുകാർക്ക് ക്ഷിപ്രസാധ്യമായിരുന്നില്ല.

45. ഡച്ചുകാരുടെ മേൽ സമ്മർദ്ദം ചെലുത്തുവാൻ അവരുടെ ആശ്രിതരായി കഴിഞ്ഞിരുന്ന കൊച്ചിരാജ്യത്തിനാവുകയില്ലായിരുന്നു.

46. പുതിയ മെത്രാന്മാരാണ് ഇദ്ദേഹത്തെ നാടുകടത്താൻ മുൻകൈ എടുത്തത്. ഇതിനു മുമ്പ് പലപ്പോഴും നാടുവിടാൻ ശ്രമിച്ച ഇദ്ദേഹത്തെ റോമൻ കത്തോലിക്കർക്കെതിരായ ആയുധമായി നാട്ടിൽ നിലനിർത്തിയത് ഡച്ചുകാരാണ് (Dutch Hegemony, p. 212).

47. ഡച്ചുകാരെ സംബന്ധിച്ചിടത്തോളം അന്ത്യോഖ്യൻ മെത്രാന്മാർ റോമൻ കത്തോലിക്കർക്കെതിരെയുള്ള ഉത്തമമായ പ്രതിരോധ - പ്രചരണ ആയുധമായിരുന്നു എന്ന് ഡച്ചുരേഖകൾ വെളിവാക്കുന്നു (Dutch Hegemony, p.210-13).

48. കൂലിശ്യത്തിന് (കൂലിച്ചം, കൂലിച്ചേകം) *the honorable service of Nayers. espacially their war - duty* എന്ന് ഗുണ്ടർട്ട് അർത്ഥം നൽകുന്നു. സഹോദരതുല്യരായ നസ്രാണികളുടെ ജാതിക്കുതലവനെ ഭീഷണിപ്പെടുത്തിയതിൽ ക്ഷുഭിതരായ പെരുമിറ്റത്തു ദേശക്കാരായ നായന്മാർ (പെരുമിറ്റം മൂവാറ്റുപുഴയിൽ നിന്നും മൂന്നു കി. മി. കിഴക്കുമാറിയാണ്) തങ്ങളുടെ സൈനിക സേവനം ഒഴിയുമെന്നു ഭീഷണിപ്പെടുത്തി. അതോടെ തന്റെ ബലം ചോർന്നു പോയി എന്നു മനസ്സിലാക്കിയ കുരിയിക്കാടു താവഴി കർത്താവ് തന്റെ നിബന്ധന പിൻവലിച്ച് മെത്രാനു സംരക്ഷണം നൽകാൻ നിർബന്ധിതനായി. തങ്ങളുടെ കീഴിലുള്ള നായന്മാരുടെ സൈനികസേവനം മാത്രമായിരുന്നു അക്കാലത്തെ ഇടപ്രഭുക്കളുടെ ശക്തി. ഈ സംഭവവും മുമ്പു ഡച്ചുകാർക്കെതിരെ പള്ളിക്കര നടന്ന ഉപരോധവും അന്നും സജീവമായിരുന്ന നായർ - നസ്രാണി സഹോദരഭാവത്തിന്റെ സൂചനകളാണ്.

49. കൂനൻകുരിശിനു ശേഷമുള്ള അയഞ്ഞ ഒരു ഭരണവ്യവസ്ഥയിൽ മാർതോമ്മാ മെത്രാന്മാർക്ക് അധികാരം നടത്തുന്നതിനു പരിമിതികളുണ്ടായിരുന്നു. വ്യക്തിപരമായ താൽപ്പര്യങ്ങളുടെ സംരക്ഷണാർത്ഥം മെത്രാനോടൊപ്പവും മെത്രാനെതിരായും ആളുകൾ കൂടുക സാധാരണമായി. അത്തരമൊരവസ്ഥയിൽ വിദേശ മെത്രാന്മാർക്ക് അനുകൂലികളെ കിട്ടിയതിൽ അത്ഭുതമില്ല.

50. നിരണം സ്വദേശികളായ കണിയാന്ത്ര നൈനാ തരകൻ, പണിക്കരുവീട്ടിൽ മൂത്ത പണിക്കർ, കോലത്തു കുഞ്ഞാണ്ടി മാപ്പിള, കോവൂർ കുഞ്ഞാണ്ടി മുതലായവർ ചേർന്നാണ് പല്ലക്കുമായി ചെന്ന് ഇദ്ദേഹത്തെ നിരണത്തിനു കൊണ്ടുവന്നതെന്ന് കണിയാന്ത്ര കുടുംബചരിത്രം (p. 103).

51. ആധുനിക തിരുവിതാംകൂറിന്റെ സ്ഥാപകനായ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് 1753 നടുത്ത കാലത്ത് ഡച്ചുകാരുമായുള്ള ഉടമ്പടി ആലോചനകൾക്ക് മാവേലിക്കര താമസമായിരുന്നു (*തിരുവിതാംകൂർ ചരിത്രം*, p. 127).

52. ഈ പോക്കുമൂസാ മരക്കാർ ആരാണെന്നു തെളിവില്ല. എന്നാൽ തിരുവിതാംകൂറിലെ വർത്തക പ്രമാണിയും രാജാവിന്റെ അടുക്കൽ നിർണായക സ്വാധീനമുള്ള വ്യക്തിയുമായ ഒരു പോക്കുമൂസ മരക്കാരെപ്പറ്റിയുള്ള ചില പരാമർശനങ്ങൾ തിരുവിതാംകൂർ



ചരിത്രത്തിൽ കാണുന്നുണ്ട്. ഇദ്ദേഹമാണ് രാജാ കേശവദാസിനെ തിരുവിതാംകൂർ രാജാവിന് പരിചയപ്പെടുത്തിയത്.

53. ഈ തുകയെപ്പറ്റി വിവിധ അഭിപ്രായങ്ങൾ ഉണ്ട്. 12,000 രൂപയെന്ന് ഇ. എം. ഫിലിപ്പ്. 12,000 എന്ന് റോയൽ കോടതി വിധി (Para 91-98). തുക 4,000 എന്ന് ഫെറോളിയും (p.109) പി. ചെറിയാനും (p. 150). ഗ്രന്ഥവരിയിലെ തന്നെ കണക്കനുസരിച്ച് ഇവിടെ വരാൻ ഒരാൾക്ക് പരമാവധി ചെലവ് 100 രൂപയാണ് (*പലകൂട്ടം കാര്യങ്ങൾ - മലങ്കരയിൽ നിന്ന് അന്ത്യോഹയിലേയ്ക്കുള്ള വഴി* എന്ന ഭാഗം കാണുക). 12 പേർക്ക് പരമാവധി 1,200 രൂപയാണ് ഈ കണക്കനുസരിച്ച് ചെലവ് വരിക. ഈ തുകയോടൊപ്പം പലിശയും, വിഗ്രഹഭഞ്ജകനായ ഈവാനിയോസ് ഡച്ചുകമ്പനിയിൽ നിന്ന് കൂടുതൽ പണ്ഡിതരെ വരുത്താൻ വാങ്ങിയ തുകയും ചേർത്ത് 4,000 രൂപ ആവശ്യപ്പെട്ടു എന്നു ചിന്തിക്കുന്നതാകും യുക്തി. 4,000 രൂപയ്ക്ക് മാർത്തോമ്മാ മെത്രാൻ ഡച്ചു കമ്പനിയുമായി കേവുകൂലിക്ക് കരാർ ചെയ്തിരുന്നു (Agur, p.71). പുതിയ മെത്രാന്മാർ വന്നയുടൻ തന്നെ ഈവാനിയോസിന്റെ അതേ പ്രവർത്തനങ്ങൾ തുടരാനും ഭരണത്തിൽ കൈകടത്താനും ശ്രമിക്കുന്നതായി ബോധ്യപ്പെട്ടതിനാൽ മാർത്തോമ്മാ മെത്രാൻ കേവുകൂലി കൊടുക്കാനും ഇവരെ സ്വീകരിക്കാനും വിസമ്മതിച്ചു. അവസാനം 12000 രൂപ തിരുവിതാംകൂർ സർക്കാർ ഈടാക്കി കമ്പനിക്ക് നൽകി (P. Cherian, p. 33).

54. 1743 മെയ് 22 ന് തിരുവിതാംകൂറും ഡച്ച് കമ്പനിയുമായി ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ പ്രകാരം രണ്ടു കൂട്ടരും തടവുകാരെ പരസ്പരം കൈമാറണമായിരുന്നു. ഡച്ചു കമ്പനിക്ക് അധമർണ്ണനായി സിവിൾ വ്യവഹാരത്തിൽ പെട്ടതിനാൽ മാർതോമ്മാ അഞ്ചാമനെ കൊച്ചിക്കയയ്ക്കാൻ മഹാരാജാവ് ബാദ്ധ്യസ്ഥനായിരുന്നു.

55. പരരാജ്യക്കാർ - പരദേശത്തുനിന്നു വന്ന മേൽപ്പട്ടക്കാർ മുതലായവർ.

56. ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഏഷ്യൻ തലസ്ഥാനമായ ഇന്തോനേഷ്യയിലെ ബട്ടേവ്യയിലേക്ക് നാടുകടത്തുമെന്നായിരുന്നു ഭീഷണി. പക്ഷേ അങ്ങനെ ചെയ്യാൻ ഡച്ചു കമ്പനിക്ക് ഉദ്ദേശ്യമുണ്ടായിരുന്നോ എന്നു സംശയമാണ്.

57. ആറാം മാർത്തോമ്മാ കത്തനാരായി പട്ടമേറ്റ് പുത്തൻ കുർബാന ചൊല്ലിയ കാര്യം സൂചിതം. ഈ പട്ടംകൊട നടത്താൻ മാർതോമ്മാ അഞ്ചാമന് അന്ന് സാധിച്ചെങ്കിൽ അദ്ദേഹം തുറുങ്കിലടയ്ക്കപ്പെട്ടിരുന്നില്ല എന്നു വ്യക്തം.

58. മാർതോമ്മാ അഞ്ചാമൻ തങ്ങളിൽ നിന്ന് പുനരഭിഷേകം പ്രാപിക്കണമെന്നായിരുന്നു വിദേശ മെത്രാന്മാരുടെ ആവശ്യം. മെത്രാൻ ഉറച്ചു നിന്നതിനാൽ ആ ആവശ്യം നടപ്പായില്ല (P. Cherian, p. 53).

1754 ധനു 18 ന് നടന്ന മലങ്കര പള്ളിയോഗത്തിൽ വച്ച് മാർതോമ്മാ മെത്രാനും പരദേശ മേൽപ്പട്ടക്കാരും തമ്മിലുണ്ടാക്കിയ ഉടമ്പടിയിലൂടെ വിദേശ മെത്രാന്മാരുടെ കൈകടത്തൽ തടയാൻ മാർതോമ്മാ മെത്രാനു കഴിഞ്ഞു. ഈ സന്ധിയിലെ പ്രധാന വ്യവസ്ഥകൾ: a) മാർതോമ്മാ മെത്രാന്റെ അനുമതി കൂടാതെ ബസേലിയോസ് പട്ടക്കാരെയും ശെമ്മാശന്മാരെയും വാഴിച്ചുകൂട. b) മാർതോമ്മാ എപ്പിസ്കോപ്പയുടെ പട്ടക്കടലാസ് കൂടാതെ ഒരാൾക്കും പട്ടം കൊടുത്തുകൂടാ. c) പട്ടം വെട്ടുകയും (മലങ്കരയിലെ നടപ്പ്) തൊപ്പിയിടുകയും (അന്ത്യോഖ്യൻ രീതി) ചെയ്യുന്നവർക്ക് ആ രീതികൾ തുടരാവുന്നതാണ്. d) മാർതോമ്മാ നാലാമൻ സ്വീകരിച്ചിരിക്കുന്ന വിശ്വാസാചാരങ്ങൾ (മാർ ഈവാനിയോസ് ഹദിയള്ള നടപ്പാക്കിയത്) തുടരണം. പകരം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആത്മീയ അധികാരം മാർത്തോമ്മാ അഞ്ചാമൻ അംഗീകരിച്ചു.

59. ഇവിടെ പരാമർശിക്കപ്പെടുന്നത് കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവാണ് (ധർമ്മരാജാവ്). ഈ സംഭവം നടന്നത് 1764 നു ശേഷമാണ്. ആ വർഷമാണ് വർക്കല സുബ്ബയ്യൻ ദളവാ സ്ഥാനം ഏറ്റത്. 1768 നു മുമ്പുമാണ്. ആ വർഷം സുബ്ബയ്യൻ ദളവ അന്തരിച്ചു.

60. ഈവാനിയോസിനെപ്പറ്റി *നാളാഗമത്തിൽ* യാതൊരു പരാമർശവുമില്ല.

61. താഴെ പറയുന്ന സംഗതികളാണ് ഈ ഭാഗത്ത് സൂചിപ്പിക്കുന്നത്. 1. മലങ്കരയിലെ പട്ടക്കാർ

www.malankaralibrary.com

സ്ഥാനചിഹ്നമായി ഉച്ചിയിൽ തലമുടി വളർത്തുന്ന പതിവുമാറ്റി അന്ത്യോഖ്യൻ രീതിയിൽ തലമുടി പറ്റെവെട്ടി. 2. പള്ളിയോഗത്തിന്റെയും മാർതോമ്മാ മെത്രാന്റെയും അനുമതി കൂടാതെ പട്ടം കൊടുത്തു. 3. മാർതോമ്മാ മെത്രാൻ പട്ടം കൊടുത്തവർക്ക് വീണ്ടും പട്ടം കൊടുത്തു. 4. റോമാ ഭരണകാലത്ത് ആരംഭിച്ച വൈദിക ബ്രഹ്മചര്യം നിർത്തലാക്കാൻ ശ്രമിച്ചു. ചില പട്ടക്കാരെ വിവാഹം ചെയ്യിച്ചു. 5. യഥാർത്ഥ ഭരണാധികാരിയായ മാർതോമ്മാ മെത്രാന്റെ അധികാരത്തിൽ കൈകടത്തി.

അന്ത്യോഖ്യൻ മെത്രാന്മാരും മാർതോമ്മാ മെത്രാനും തമ്മിലുള്ള പ്രധാന വിയോജിപ്പ് പട്ടക്കാരുടെ വിവാഹകാര്യത്തിലാണെന്ന് ഡച്ച് രേഖകൾ (Dutch Hegemony, p. 212).

62. അടിസ്ഥാന വിശ്വാസപ്രമാണങ്ങൾ അന്ത്യോഖ്യൻ രീതിയിലാക്കുകയും, ജനങ്ങളെ നേരിട്ടു ബാധിക്കുന്ന ആചാരപരമായ വിഷയങ്ങളിൽ തൽസ്ഥിതി തുടരാൻ അനുവദിക്കുകയും ചെയ്യുക എന്ന തന്ത്രപൂർവമായ നിലപാടാണ് മാർ ഈവാനിയോസ് ഹദിയള്ള സ്വീകരിച്ചത്. പിൽക്കാല അന്ത്യോഖ്യൻ മെത്രാന്മാർ പൂർണ അന്ത്യോഖ്യൻവൽക്കരണത്തിനായി ശഠിച്ചു. പക്ഷേ പരസ്പര കലഹത്തിന്റെ മുഖ്യ കാരണം തികച്ചും വ്യക്തിഗതമായിരുന്നു. ഓരോ കാര്യലാഭത്തിനായി ഒരു കൂട്ടം ആളുകൾ പരദേശികളുടെ പക്ഷം പിടിച്ചു എന്നതിലുപരി അവരിൽ എത്രപേർക്ക് തങ്ങളുടെ ആവശ്യങ്ങളുടെ വേദശാസ്ത്രപരവും കാനോനികവുമായ അടിസ്ഥാനം അറിയാമായിരുന്നു എന്ന് സംശയമാണ്.

63. പരദേശ മെത്രാന്മാരെ കൂട്ടാതെ മാർതോമ്മാ അഞ്ചാമൻ ഒറ്റയ്ക്കാണ് ഈ വാഴ്ച നടത്തിയത്.

64. ഇദ്ദേഹം വിഗ്രഹഭഞ്ജകനായ ഈവാനിയോസിന്റെ ശിഷ്യനെന്ന് ഇട്ടൂപ്പ് (p. 129). അതു ശരിയാവാനിടയില്ല.

65. അതുവരെ പിരിഞ്ഞുകിട്ടിയ തുകയുമായി ആണ് അവർ പോയത്. ഈ കോറെപ്പിസ്കോപ്പായ്ക്ക് ആത്മീയ കാര്യങ്ങളിലധികം വ്യാപാരത്തിലായിരുന്നു താല്പര്യമെന്ന് ചില രേഖകളിൽ കാണുന്നു.

66. തിരുവിതാംകൂർ സർക്കാരിന്റെ ഔദ്യോഗിക അംഗീകാരം വാങ്ങിയതായി അറിയപ്പെടുന്ന ആദ്യത്തെ മാർതോമ്മാ മെത്രാൻ ഇദ്ദേഹമാണ്. അതുമൂലം അദ്ദേഹത്തിന്റെ സ്ഥാനവും അധികാരവും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതായി.

67. 17 -ാം നൂറ്റാണ്ടിൽ തന്നെ പ്രായേണ തെക്കൻ പള്ളികൾ മാർതോമ്മാ മെത്രാനെയും വടക്കൻപള്ളികൾ പരദേശി മെത്രാനെയും പിന്തുണയ്ക്കുന്ന രീതിയാണ് കാണുന്നത്. പരദേശി മെത്രാന്മാരുടെ പ്രവർത്തനമേഖല പ്രധാനമായും വടക്കൻ പള്ളികൾ ആയിരുന്നു എന്നതും, തിരുവിതാംകൂർ - കൊച്ചി കൂറുമത്സരവും ഇതിനു കാരണമായിരുന്നു. ഈ കാലത്ത് കൊച്ചി രാജ്യത്തെ പള്ളികളിൽ മാർതോമ്മാ മെത്രാന്റെ അധികാരം ദുർബലമായിരുന്നു. മറിച്ച് തിരുവിതാംകൂറിൽ രാജകീയ പിൻബലമുണ്ടായിരുന്നതിനാൽ ഇദ്ദേഹത്തിനെതിരെ പ്രവർത്തിക്കുക പരദേശി മെത്രാന്മാർക്ക് അസാദ്ധ്യമായിരുന്നു.

68. തുടർന്നു ജീവിതകാലം മുഴുവൻ മാർ ഈവാനിയോസ് യൂഹാനോൻ വാക്കു പാലിച്ചു. പിന്നീടൊരിക്കലും മാർതോമ്മാ മെത്രാന്റെ അധികാരത്തെ ചോദ്യം ചെയ്യാനോ ഭരണത്തിൽ കൈ കടത്താനോ അദ്ദേഹം ശ്രമിച്ചില്ല. മാർതോമ്മാ മെത്രാൻ അദ്ദേഹത്തെ ഗുരുവും ഉപദേശകനുമായി സ്വീകരിച്ചു.

ഒന്നു മുതൽ അഞ്ചു വരെയുള്ള മാർതോമ്മാ മെത്രാന്മാർ സത്യവിശ്വാസവും സ്വാതന്ത്ര്യവും നിലനിർത്താൻ കഠിനമായി ശ്രമിക്കുകയും ത്യാഗങ്ങൾ അനുഭവിക്കുകയും ചെയ്തു. എങ്കിലും അവരാരും മികച്ച പണ്ഡിതന്മാരായി കണക്കാക്കപ്പെടുന്നില്ല. അക്കാലത്ത് അവർക്ക് മതിയായ വൈദിക വിദ്യാഭ്യാസം ലഭിക്കാനുള്ള സൗകര്യമോ ഗുരുക്കന്മാരോ ഇല്ലായിരുന്നു. മാർതോമാ മെത്രാന്മാരുടെ കൂട്ടത്തിൽ ഏറ്റവും പണ്ഡിതനും ബുദ്ധിമാനും മാർതോമ്മാ ആറാമനായിരുന്നു.

69. ഇതു പുനർസ്ഥാനാഭിഷേകമാണെന്നാണ് അന്ത്യോഖ്യൻ പക്ഷപാതികളായ ചരിത്രകാരന്മാരുടെ ഭാഷ്യം. എന്നാൽ എപ്പിസ്കോപ്പയെ മെത്രാപ്പോലീത്താ ആക്കുന്ന സ്ഥാനാരോഹണ ശുശ്രൂഷ മാത്രമായിരുന്നു എന്നാണ് ഇന്ന് ചരിത്രകാരന്മാരുടെ പൊതുവെയുള്ള



അഭിപ്രായം. തിരുവിതാംകൂർ സർക്കാർ മെത്രാനായി അംഗീകരിച്ചു വിളംബരം പ്രസിദ്ധപ്പെടുത്തിയ ആളെ വീണ്ടും തിരുവിതാംകൂറിൽ വച്ചുതന്നെ മെത്രാനായി വാഴിക്കാൻ അന്നു സാദ്ധ്യമായിരുന്നോ എന്ന വസ്തുതയും ചിന്തിക്കണം.

70. ഇദ്ദേഹത്തെ പ്രശസ്തരായ തേവലക്കര കണ്ണു വൈദ്യന്മാരെക്കൊണ്ടു ചികിത്സിപ്പിക്കാനാണ് കായംകുളത്തു താമസിപ്പിച്ചതെന്ന് ചിലർ പറയുന്നു.

71. ഇത് കാട്ടുമങ്ങാട്ട് റമ്പാന്റെ മാത്രം തീരുമാനമല്ലെന്നും കൊച്ചി രാജ്യത്തെ ചില പള്ളികളുടെ കൂട്ടായ തീരുമാനമാണെന്നും സംശയിക്കേണ്ടിയിരിക്കുന്നു. വാഴ്ച മുതൽ ഏതാണ്ടു രണ്ടു വർഷക്കാലം ഈ പള്ളികൾ കാട്ടുമങ്ങാട്ടു മെത്രാന്റെ ഭരണത്തിൻ കീഴിലായിരുന്നു എന്നതും, അതിനെതിരെ അവർ ആരും ശബ്ദിച്ചില്ല എന്നതും, മേൽപ്പറഞ്ഞ വസ്തുതയ്ക്ക് തെളിവാണ്. ഗ്രിഗോറിയോസിന്റെ സ്വാധീനവും ഇതിനു പുറകിൽ ഉണ്ടായിരുന്നു.

72. ഈ തീയതിയെപ്പറ്റി തർക്കമുണ്ട്. 1767 നു മുമ്പ് വാഴിച്ചതായി അദ്ദേഹം സ്ഥാപിച്ച ആഞ്ഞൂർ സഭക്കാർ (തൊഴിയൂർ - അഥവാ മലബാർ സ്വതന്ത്ര സുറിയാനി സഭ) അവകാശപ്പെടുന്നു.

73. മുൻ കുറിപ്പ് 68 കാണുക. പാലിയത്തച്ചൻ കൊച്ചി രാജാവിന്റെ പാരമ്പര്യ മന്ത്രിയാണ്. കൊച്ചി കോട്ടയിൽ ഡച്ചു ഗവർണരുടെ അംഗീകാരവും നേടി.

74. മുൻ കുറിപ്പ് 68 കാണുക. ഗ്രിഗോറിയോസിന്റെ ഏകപക്ഷീയമായ നടപടിക്ക് ഇദ്ദേഹം എതിരായിരുന്നു.

75. ഈ പ്രസ്താവന തികച്ചും വ്യാജമാണ്. കാട്ടുമങ്ങാടനു മെത്രാൻ സ്ഥാനം ഗ്രിഗോറിയോസ് മനസോടെ നൽകിയതാണ്. ചിലർ രേഖപ്പെടുത്തുന്നതുപോലെ വഞ്ചിച്ച് എടുത്തതല്ല. മട്ടാഞ്ചേരി പള്ളിയിൽ വച്ച് 1772 മകരം 23 നു ഗ്രിഗോറിയോസ് ഡച്ച് ഈസ്റ്റിന്ത്യാ കമ്പനി മുമ്പാകെ രജിസ്റ്റർ ചെയ്ത വിൽപത്രത്തിലൂടെ തന്റെ ഭൗതിക സ്വത്തുക്കൾ മുഴുവൻ കാടുമങ്ങാട്ട് ഗീവർഗീസ് മാർ കൂറിലോസിനു ദാനം ചെയ്തു (ഇട്ടൂപ്പ്, pp. 131-2). ഇതിൽ നിന്നും കാട്ടുമങ്ങാടന്റെ മെത്രാൻസ്ഥാനം സാധുവും ഗ്രിഗോറിയോസ് മനസോടെ നൽകിയതുമാണെന്നു തെളിയുന്നു.

76. കാട്ടുമങ്ങാടൻ കൊടുത്തയച്ചില്ല.

77. തിരുവിതാംകൂർ സർക്കാരിന്റെ തിരുവെഴുത്തു വിളംബരം ലഭിച്ചിരുന്ന വലിയ മാർ ദിവന്യാസ്യോസിന് എതിരെ പ്രവർത്തിക്കുന്നവരെ ശിക്ഷിക്കാൻ സർക്കാർ ബാദ്ധ്യസ്ഥരായിരുന്നു.

78. മുൻ കുറിപ്പ് 73 കാണുക. കാട്ടുമങ്ങാട്ട് മെത്രാൻ അധികാരം നടത്തിയിരുന്നത് കൊച്ചി രാജ്യത്തെ പള്ളികളിൽ മാത്രമായിരുന്നു.

79. ഈ പ്രസ്താവന പൂർണമായും ശരിയാണെന്നു തോന്നുന്നില്ല. കാട്ടുമങ്ങാടനു തടവു ശിക്ഷ വിധിച്ചു എന്നും മാർ ദിവന്യാസ്യോസിന് ചില സമ്മാനങ്ങൾ നൽകി തടവ് ഒഴിവാക്കി എന്നും അദ്ദേഹം 1795 ൽ ശക്തൻ തമ്പുരാനയച്ച അപേക്ഷയിൽ കാണാം (പുത്തേഴത്ത് രാമ മേനോൻ, *ശക്തൻതമ്പുരാൻ*, കോഴിക്കോട്, p. 289).

80. ആഞ്ഞൂർ (തൊഴിയൂർ) എന്ന സ്ഥലം കൊച്ചി രാജ്യത്തിൽപ്പെട്ട നസ്രാണി ഭൂരിപക്ഷ പ്രദേശമായ കുന്നംകുളവുമായി തൊട്ടാണു കിടക്കുന്നതെങ്കിലും, സാമൂതിരിയുടെ രാജ്യത്ത് (നെടിയിരുപ്പ്) ഉൾപ്പെട്ടതായിരുന്നു.

81. എല്ലാ ചരിത്രകാരന്മാരും കാട്ടുമങ്ങാട്ടു മാർ കൂറിലോസിന്റെ അനുജനും പിൻഗാമിയുമായ മെത്രാന്റെ സ്ഥാനപ്പേര് കൂറിലോസ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രന്ഥവരിയും നാളാഗമവും മാത്രം ദിവന്യാസ്യോസ് എന്നും. ഇതു തെറ്റാണെന്നു തീർത്തു പറയാനാവില്ല. ഈ വിഷയത്തെക്കുറിച്ച് ഉപരിഗവേഷണം ആവശ്യമാണ്.

82. കാട്ടുമങ്ങാട്ടു മെത്രാനു സ്ഥാനം കൊടുക്കാൻ സഹായിച്ച കാറ്റാടി കുരുവിള കത്തനാരെപ്പറ്റിയുള്ള ഈ പ്രസ്താവന ഡച്ചു രേഖകൾ ശരിവയ്ക്കുന്നു (Dutch Hegemony, p. 214). ഇദ്ദേഹം കണ്ടനാട് സ്വദേശിയായിരുന്നു.

83. ഈ കൃതിയിലെ 'നിരണം ഗ്രന്ഥവരി - ഉപോദ്ഘാതം എന്ന ലേഖനത്തിലെ ചരിത്രമാനങ്ങൾ' എന്ന ഭാഗം കാണുക. മാർ ദിവന്യാസ്യോസ് നസ്രാണി പരിഷയുടെ

www.malankaralibrary.com

ഏകീകരണത്തിനായി വ്യക്തമായ നിബന്ധനകളിൽ റോമാ സുറിയാനിക്കാരുമായി യോജിക്കാൻ സമ്മതിച്ചു. അദ്ദേഹം റോമായിലേയ്ക്കയച്ചതായി ചില ചരിത്രകാരന്മാർ എടുത്തുകാണിക്കുന്ന എഴുത്ത് വ്യാജസൃഷ്ടിയാവാനാണ് സാധ്യത.

84. കരിയാറ്റി മല്പാനെ കൂടാതെ, പാറേമ്മാക്കൽ തൊമ്മൻ കത്തനാർ, കടനാട്ടുകാരൻ മാത്തൻ കത്തനാർ, ചാക്കോ കത്തനാർ തുടങ്ങി മൊത്തം 22 പേരാണ് റോമായ്ക്ക് യാത്ര പുറപ്പെട്ടത്.

85. 1786 സെപ്റ്റംബർ 10 നാണ് കരിയാറ്റി അന്തരിച്ചത്.

86. 48 പള്ളികളാണ് പടിയോലയിൽ ഒപ്പു വച്ചത് (*വർത്തമാന പുസ്തകം*, p. 383). 84 എന്നത് പകർത്തെഴുത്തു തെറ്റാകാം. എന്നാൽ 81 പള്ളികൾ യോഗത്തിൽ സംബന്ധിച്ചതായും വർത്തമാന പുസ്തകത്തിലുണ്ട് (p. 381).

87. തിരുവിതാംകൂർ സർക്കാർ അറിയാതെ അങ്കമാലി യോഗം കൂടിയതായി കർമ്മലീത്തർ പരാതിപ്പെട്ടതിനാലാണ് ഇദ്ദേഹം തിരുവനന്തപുരത്തിനു പോയതെന്ന് ചില ചരിത്രകാരന്മാർ (*തച്ചിൽ മാത്തു തരകൻ*, p. 89).

88. മൂന്നു റോമൻ മെത്രാസനങ്ങൾ അന്നു കേരളത്തിലുണ്ടായിരുന്നു. (1) കൊച്ചി, (2) കൊടുങ്ങല്ലൂർ, (3) വരാപ്പുഴ. പോർട്ടുഗീസ് മെത്രാന്മാരെ ഡച്ചുകാരുടെ അധികാര പരിധിയിൽ താമസിക്കാൻ അനുവദിക്കാതിരുന്നതിനാൽ കൊച്ചി മെത്രാൻ കൊല്ലത്തും, കൊടുങ്ങല്ലൂർ മെത്രാൻ പുത്തൻചിറയുമാണ് താമസിച്ചിരുന്നത്.

89. അപ്പോഴേക്കും തിരുവിതാംകൂർ രാജസന്നിധിയിൽ നിർണായക സ്വാധീനം ഉറപ്പിച്ചിരുന്ന തച്ചിൽ മാത്തു തരകന്റെ സ്വാധീനം മൂലം കൊച്ചി, കൊടുങ്ങല്ലൂർ, വരാപ്പുഴ രൂപതകൾ റോമാ സുറിയാനിക്കാരുടെമേലുള്ള തങ്ങളുടെ അധികാരം ഒഴിഞ്ഞ് ഉടമ്പടി കൊടുക്കുവാൻ നിർബന്ധിതരായി. തോമ്മാ ഗോവർണദോരെ മെത്രാനാക്കാൻ റോമിൽ നിന്നു അനുവാദം വാങ്ങാൻ കൊല്ലം മെത്രാനെ ചുമതലപ്പെടുത്തുകയും ചെയ്തു (1787 ചിങ്ങം 28 നു എഴുതിയ ഉടമ്പടിയുടെ പകർപ്പിന് - *തച്ചിൽ മാത്തു തരകൻ*, pp. 91-3).

90. മുൻ കുറിപ്പുകൾ 88, 89 കാണുക. മുകളിൽ പറഞ്ഞ ഉടമ്പടിക്കുശേഷം ഈ മെത്രാന്മാർ ഗോവർണദോരിനെ മെത്രാനാക്കാൻ നടപടി എടുത്തില്ലെന്നു മാത്രമല്ല, റോമാ സുറിയാനിക്കാർക്കു വൈദികപട്ടം കൊടുക്കാൻ വിസമ്മതിക്കുകയും ചെയ്തു. ഇത് അവരെ ശരിക്കും വിഷമത്തിലാക്കി. ഈ സംഭവമായിരിക്കാം ഈ വഴിക്കു ചിന്തിക്കാൻ അവരെ പ്രേരിപ്പിച്ചത് (*തച്ചിൽ മാത്തു തരകൻ*, pp. 95-6). ഈ വിവരം സംബന്ധിച്ച് 1796 മേടം 8 നു കൊച്ചി മെത്രാന് റോമാ സുറിയാനിക്കാർ അയച്ച ഹർജിയിൽ വിശദവിവരങ്ങൾ ഉണ്ട്.

91. ഇപ്രകാരം മാർ ദിവന്യാസ്യോസിനെ വന്നു കണ്ട പാതിരിമാരിൽ ഒരാളായിരുന്നു പണ്ഡിതനായ പൗളിനോസ് പാദ്രി. 1785 ഡിസംബർ 22 ന് നിരണത്തുവെച്ച് അദ്ദേഹത്തെ സന്ദർശിച്ച പൗളിനോസ് പാദ്രിക്ക്, *സൂക്ഷ്മ ബുദ്ധിയും ദീർഘ ദൃഷ്ടിയും കുലീനനും ബഹുമാന്യനുമായ* മെത്രാപ്പോലീത്താ; മുഖ്യ സംഭാഷണ വിഷയം (റോമാ വഴങ്ങൽ) മറ്റൊരവസരത്തിലേക്കു മാറ്റിവച്ചുകൊണ്ട് സംഭാഷണം അവസാനിപ്പിച്ചതിൽനിന്നും അദ്ദേഹത്തിനു റോമാവഴങ്ങാൻ താൽപര്യമില്ലെന്നു മനസ്സിലായി. ''*കൊമ്പുകണ്ടാൽ വന്യമൃഗം ഏതിനത്തിൽ പെടുമെന്ന് അനുമാനിക്കാൻ കഴിയുമായിരുന്നതിനാൽ ഉടനെതന്നെ ആ ഭവനം വിട്ടു ഞാൻ കല്ലുർക്കാട്ട് മടങ്ങിയെത്തി*" (പൗളിനാസ്, pp. 117-8).

92. മുൻ കുറിപ്പ് 83 കാണുക. സ്വന്ത കാര്യസാദ്ധ്യത്തിനായി കരിയാറ്റി മല്പാൻ വാങ്ങിക്കൊണ്ടുപോയ എഴുത്തിന്റെ പേരുപറഞ്ഞ് മെത്രാപ്പോലീത്തായെ 'ബ്ലാക്ക്മെയിൽ' ചെയ്തു എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

93. മാത്തു തരകന്റെ സ്വാധീനം മൂലം നസ്രാണികളും റോമാ സുറിയാനിക്കാരും ഒന്നിക്കണമെന്ന് ധർമ്മരാജാവും, കേശവദാസനും മാർ ദിവന്യാസ്യോസിനോട് ആവശ്യപ്പെട്ടു.

94. കാർത്തിക തിരുനാൾ ധർമ്മരാജാവ്.

95. ധർമ്മരാജാവിന്റെ അനന്തരാവകാശി. കൊ. വ. 973 ൽ ബാലരാമവർമ്മ ധർമ്മരാജാവിന്റെ പിൻഗാമിയായി സ്ഥാനമേൽക്കുമ്പോൾ 16 വയസ് മാത്രമേ പ്രായം ഉണ്ടായിരുന്നുള്ളു. അതിനാൽ ഈ പ്രസ്താവന ധർമ്മരാജാവിനേക്കാൾ മുമ്പു മരിച്ച മകയിരം തിരുനാൾ, അശ്വതി തിരുനാൾ എന്നീ രണ്ടു ഇളമുറക്കാരിൽ ഒരാളെപ്പറ്റിയാണ്.



96. ചെമ്പകരാമൻ പിള്ള എന്ന സ്ഥാനപ്പേരാണ് ചെമ്പ്രാപ്പിള്ള എന്ന് ഗ്രന്ഥവരിയിൽ ഉപയോഗിക്കുന്നത്. ഇവിടെ പ്രസ്താവിച്ചിരിക്കുന്നത് രാജാ കേശവദാസിന്റെ സഹോദരൻ ജനറൽ കുമാരൻ തമ്പിയെപ്പറ്റിയാണ്.

97. അന്നും ധർമ്മരാജാവാണ് തിരുവിതാംകൂർ ഭരിച്ചിരുന്നത്.

98. മാർ ഈവാനിയോസ് യൂഹാനോൻ.

99. അക്കാലത്ത് തിരുവിതാംകൂറിന്റെ സാമ്പത്തിക സ്ഥിതി വളരെ മോശമായിരുന്നു. കിട്ടുന്ന എവിടെനിന്നും പണം വാങ്ങുക എന്നതായിരുന്നു അന്നത്തെ രീതി.

100. ഇത് അന്നു കൂടിയ മലങ്കര പള്ളിയോഗത്തിന്റെ ഒരു തീരുമാനമാണ്. നസ്രാണികൾ വിവാഹത്തിനു പള്ളിക്കു കൊടുക്കുന്ന വരുമാനം സ്ത്രീധനവുമായി ബന്ധിച്ചാണ് കണക്കാക്കിയിരുന്നത്. അതിൽ ഈ പരിഷ്കാരം - 100 പണമിട സ്ത്രീധനത്തിന് 6 ഭാഗം വരന്റെ പക്ഷത്തും 4 ഭാഗം വധുവിന്റെ പക്ഷത്തും ആയി - ഓരോ രാശി വീതം പസാരം നിശ്ചയിച്ചു.

101. അന്നു പള്ളികൾക്കും അങ്ങാടികൾക്കുമുണ്ടായ നാശത്തെപ്പറ്റി പൗളിനാസ് പാദ്രി വിവരിക്കുന്നുണ്ട്.

102. ടിപ്പുവിന്റെ പടയോട്ടകാലത്ത് കുന്നംകുളം ഭാഗത്ത് ധാരാളം പേരെ നിർബന്ധിച്ച് ചേലയിൽ കൂട്ടി (സുന്നത്ത് ചെയ്ത്) മതം മാറ്റി (ശങ്കരൻ നമ്പൂതിരിപ്പാട്, കാണിപ്പയ്യൂർ, *ആര്യന്മാരുടെ കുടിയേറ്റം കേരളത്തിൽ,* Vol. III, കുന്നംകുളം).

103. മുൻ കുറിപ്പുകൾ 78, 79 കാണുക. അന്നത്തെ തീരുമാനത്തിനു വിരുദ്ധമായി കൊച്ചി രാജ്യത്തു വച്ച് വൈദിക കർമ്മങ്ങൾ നടത്തിയതിനാണ് കാട്ടുമങ്ങാട്ടു മെത്രാന്റെ സഹോദരനും കൊച്ചി രാജ്യത്തെ പ്രജയുമായ ചാലിക്കോര പിഴകെട്ടേണ്ടിവന്നത്.

104. ചിലർ വിവരിക്കുന്നതുപോലെ ചേലയിൽ (ഇസ്ലാം മതത്തിൽ) ബലമായി ചേർക്കപ്പെട്ടതിനല്ല ഇട്ടൂപ്പ് കത്തനാർക്ക് ശിക്ഷ വിധിച്ചത്. നിയമാനുസൃത മെത്രാനായ മാർ ദിവന്യാസ്യോസിനെ ധിക്കരിച്ച് ബഹിഷ്കൃതനായ കാട്ടുമങ്ങാട്ടു മെത്രാനോട് റമ്പാൻ സ്ഥാനം വാങ്ങിയതിനാണ്. 1808 ൽ എട്ടാം മാർതോമ്മാ ഇട്ടൂപ്പ് കത്തനാർക്ക് വീണ്ടും റമ്പാൻ സ്ഥാനം നൽകി.

105. ഇതേക്കുറിച്ച് കൂടുതൽ വിവരങ്ങൾ നാളാഗമത്തിലുണ്ട്. ബഹിഷ്കൃതനായെങ്കിലും സ്ഥാനമാനങ്ങൾ നൽകി ഒരു സമാന്തര ഭരണം സൃഷ്ടിക്കാൻ കാട്ടുമങ്ങാട്ടു മെത്രാൻ ശ്രമിച്ചിരുന്നു.

106. കാട്ടുമങ്ങാട്ടു മെത്രാനുമായി ഒരു ധാരണയ്ക്കു മാർ ദിവന്യാസ്യോസ് ശ്രമിച്ചതായി മറ്റൊരു ചരിത്രത്തിലുമില്ല.

107. റോമൻ കത്തോലിക്കർ വലിയ നോമ്പ് ആരംഭിക്കുന്ന ചടങ്ങ്. നസ്രാണികൾ പൗരസ്ത്യ രീതിയിൽ തലേ തിങ്കളാഴ്ച നോമ്പ് ആരംഭിക്കും. എങ്കിലും റോമാ ബന്ധത്തിൽ നിന്നു കിട്ടിയ കുരിശുവര പെരുന്നാൾ കൂടെ (Ash Wedensday) ആചരിച്ചിരുന്നു.

108. തരകന്റെ അമ്മ മരിച്ചെന്ന് പാറേട്ട് (Vol. III, p. 68). അതാണ് ശരി.

109. ഇത്തവണ, സന്ധിയാലോചന പൂർത്തിയാക്കി മെത്രാനെ റോമാ വഴക്കി കുർബാന ചൊല്ലിക്കുക എന്ന സ്പഷ്ടമായ ഉദ്ദേശ്യവും അതിനുള്ള തയാറെടുപ്പുമായിട്ടാണ് റോമാ സുറിയാനിക്കാർ എത്തിയത്.

110. പ്രതിഷ്ഠയുടെ ശക്തി (ദേവന്റെ സാന്നിദ്ധ്യം).

111. വേദശാസ്ത്രത്തിലും അന്ത്യോഖ്യൻ ക്രമങ്ങളിലും യാതൊരു ഉപരി വിദ്യാഭ്യാസവും വലിയ മാർ ദിവന്യാസ്യോസിനു മുമ്പു ലഭിച്ചിരിക്കാൻ ഇടയില്ല. അതിനാൽ കിട്ടിയ അവസരത്തിൽ അതിനു ശ്രമിച്ചു എന്നു വേണം കരുതാൻ. ഇവർ തമ്മിൽ സ്നേഹത്തിലുമായിരുന്നു.

112. നസ്രാണികളുടെ അന്ത്യോഖ്യൻവൽക്കരണത്തിന്റെ രണ്ടാം ഘട്ടമാണിത്. ഈ മലങ്കര പള്ളിയോഗ നിശ്ചയപ്രകാരം നസ്രാണികൾ അനുവർത്തിച്ചുവന്നിരുന്ന താഴെ പറയുന്ന പേർഷ്യൻ/ലത്തീൻ ക്രമങ്ങൾ അന്ത്യോഖ്യൻ രീതിയിലേക്കു ഭേദപ്പെടുത്തി. 1) നിത്യ

www.malankaralibrary.com

പ്രാർത്ഥന, 2) പട്ടംകൊട ശുശ്രൂഷ, 3) വി. കുർബാന അണയ്ക്കുവാൻ പേർഷ്യൻ സഭയിൽ കാപ്പയ്ക്കു പകരം *മാപ്ര* എന്ന കുട്ടിക്കാപ്പ മതിയായിരുന്നു. മാപ്രയുടെ ഉപയോഗം നിർത്തലാക്കി.

എന്നാൽ വിവാഹം, മാമോദീസാ ഇവയ്ക്ക് പേർഷ്യൻ ക്രമങ്ങൾ തന്നെ തുടരാൻ നിശ്ചയിച്ചു. 1808 ലെ കണ്ടനാട് മലങ്കര പള്ളിയോഗമാണ് ഇവയും അന്ത്യോഖ്യൻ ക്രമങ്ങളാക്കിയത്.

113. ശെമ്മാശൻ, കശ്ശീശാ (കത്തനാർ) സ്ഥാനങ്ങൾ.

114. റോമാ വഴക്കാനുള്ള ശ്രമം തടയാൻ എന്ത് ഒഴിവുകഴിവും പറയാൻ മാർ ദിവന്യാസ്യോസ് തയ്യാറായിരുന്നു. താനും മാർ ഈവാനിയോസും തമ്മിൽ മുമ്പുണ്ടാക്കിയ ഉടമ്പടി അദ്ദേഹത്തിന്റെ ജീവിതകാലത്ത് ലംഘിക്കാനാവില്ല എന്ന കാരണം അവതരിപ്പിച്ച് അദ്ദേഹം തൽക്കാലം രക്ഷപ്പെട്ടു നിന്നു.

115. 1796 മേടം 24 ന് പെസഹായ്ക്കു തലേദിവസം മരിച്ചെന്ന് ഇട്ടൂപ്പ് (p. 143).

116. പ്രഥമ മലയാളം ബൈബിൾ പരിഭാഷകനായ കായംകുളം പീലിപ്പോസ് റമ്പാൻ.

117. ഇവർക്ക് റമ്പാൻ സ്ഥാനം കൊടുത്തത് മാർ ഈവാനിയോസ് ആണെന്ന് ഇട്ടൂപ്പ് (p. 143). മരണ ദിവസവും, സ്ഥാനദാനവും ഗ്രന്ഥവരി പരാമർശമാണ് ശരി.

118. പുത്തൻകാവിൽ പള്ളി പണിയുന്നതിനുമുമ്പ് പണിത പള്ളിമാളികയിൽ ഒരു ചെറിയ ചാപ്പൽ ഉണ്ടായിരുന്നു. ഈ കെട്ടിടം സമീപകാലത്താണ് പൊളിച്ചുപണിതത്.

119. ഓരോ വീട്ടുകാർക്കും നിശ്ചിത സംഖ്യ സംഭാവന വരിയിട്ടു.

120. റോമൻ വാഴ്ച കാലത്ത് ലഭിച്ച രൂപങ്ങളോടുള്ള പ്രതിപത്തി അന്നും പ്രബലമായിരുന്നു. ഒരു നൂറ്റാണ്ടു കൂടി കഴിഞ്ഞാണ് അത് പൂർണമായും അവസാനിച്ചത്.

121. പള്ളികളിലെ നിത്യോപയോഗ വസ്തുക്കൾക്ക് *'മുണ്ടുമുറിശീലവ്യഞ്ജനാദികൾ'* എന്നാണ് പറഞ്ഞുവന്നത്.

122. മായൽത്തോ – കർത്താവിന്റെ ദേവാലയപ്രവേശനം.

123. ഹൈക്കല – പള്ളിയുടെ മദ്ബഹ (Sanctum Sanctiorium) ഒഴികെയുള്ള ഭാഗം.

124. മാത്തു തരകന്റെ സഹോദരൻ തച്ചിൽ ഇട്ടിയവിര മല്പാനും കട്ടക്കയത്തിൽ അബ്രഹാം കത്തനാരും.

125. ഉർബൻ എട്ടാമൻ മാർപ്പാപ്പാ.

126. മാർ ഈവാനിയോസ് കാലം ചെയ്തതോടെ റോമാവഴക്ക ശ്രമത്തിനെതിരെ തന്റെ പ്രതിരോധനിര തകർന്ന മാർ ദിവന്യാസ്യോസ് കണ്ടെത്തിയ പുതിയ തടസവാദമാണ് മലങ്കര പള്ളിയോഗത്തിന്റെ അഭിപ്രായ ഐക്യം. വമ്പിച്ച സ്വാധീന ശക്തിയുണ്ടായിരുന്ന മാത്തു തരകനെ പിണക്കാൻ മാർ ദിവന്യാസ്യോസിനു ഭയമായിരുന്നു.

127. മെത്രാപ്പോലീത്താ ഒഴിഞ്ഞു മാറുകയാണെന്നും റോമാ വഴങ്ങാൻ താൽപ്പര്യമില്ലെന്നും അവർക്ക് മനസിലായി.

128. മാത്തു തരകനും വലിയ ദിവാൻജി കേശവദാസനും സുഹൃത്തുക്കളായിരുന്നെന്ന് ചരിത്രകാരന്മാർ.

129. ആലപ്പുഴയിൽ അന്ന് നസ്രാണികൾക്ക് പള്ളിയില്ല. റോമാ സുറിയാനിക്കാരുടെ പള്ളിയിലാണ് താമസിച്ചിരുന്നത്.

130. രാജാ കേശവദാസന്റെ സെക്രട്ടറിയായിരുന്ന നീലകണ്ഠൻ ചെമ്പകരാമൻ അന്നു തന്നെ തരകന്റെ സഹായി ആയിരുന്നു.

131. രാജാ കേശവദാസൻ.

132. കൊല്ലത്തു താമസിച്ചിരുന്ന കൊച്ചിയിലെ ലത്തീൻ മെത്രാൻ ഡോം. ജോസഫ് അ. സൊളിത്തൂദ്.

133. ഫ്രയോർ – ആശ്രമാധിപൻ.

134. ഇത് റോമൻ കത്തോലിക്കരുടെ ഒരു പിടിവാശിയായിരുന്നു. മാർ ദിവന്യാസ്യോസ് റോമാസഭയിൽ ചേർന്നാൽ മൂന്നു സംവത്സരം മെത്രാനടുത്ത കർമ്മങ്ങൾ ചെയ്യാതെയും അധികാരം നടത്താതെയും സ്വസ്ഥമായിട്ടിരിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. മുൻപ്



വരാപ്പുഴ മെത്രാൻ ഫ്രാൻഞ്ചിക്കോസ് സാലസ് *"മാർത്തോമ്മാ മെത്രാനു പഴേതിൽ വഴങ്ങുവാൻ മനസുണ്ടാകിൽ മെത്രാനായി മലങ്കര വാഴുവാൻ സമ്മതിക്കയില്ലെന്നും ആയതുകൊണ്ട് മെത്രാൻ സ്ഥാനം ഒഴികെ മറ്റെതാനും സ്ഥാനം അയാൾക്കു വരുത്തുവാൻ ശ്രമിക്കാമെന്നും ആയതല്ലാതെ മെത്രാന്റെ സ്ഥാനം കൂടിയേ മതിയാവു എന്നു അയാൾക്കുണ്ടെങ്കിൽ അയാളെ എവുറൊപ്പെയ്ക്കു അയപ്പാൻ ഞാൻ പ്രയത്നം ചെയ്യാമെന്നും"* പറഞ്ഞതുമായി (*വർത്തമാനപുസ്തകം*, p. 59) കൂട്ടി വായിക്കുക.

135. തന്റെ സുഹൃത്തായ രാജാ കേശവദാസനെ സ്വാധീനിച്ച് മാർ ദിവന്യാസ്യോസിനെ അടിയറവു പറയിക്കാനായിരുന്നു മാത്തു തരകന്റെ ശ്രമം. ധർമ്മരാജാവും റോമൻ കത്തോലിക്കരോട് ഒരു ചായ്വു കാണിച്ചിരുന്നു എന്ന് ചില ചരിത്രകാരന്മാർ ചൂണ്ടിക്കാട്ടുന്നുണ്ട്. പക്ഷേ ബലം പ്രയോഗിപ്പാൻ രാജാ കേശവദാസൻ തയാറല്ലായിരുന്നു.

136. മാർ ദിവന്യാസ്യോസിനെ അടിപ്പെടുത്താനുള്ള ഓരോ കാൽവയ്പിലും മാത്തു തരകന് സ്വന്തക്കാർ ഓരോരുത്തരായി നഷ്ടപ്പെട്ടു. മിസ്രേമിൽ ഫറവോന് ഉണ്ടായ പീഡകളുമായി ആണ് ഇതിനെ ചിലർ താരതമ്യം ചെയ്യുന്നത്. തരകന്റെ മകനായ തരിയതിന് മെത്രാപ്പോലീത്തായോട് അനുകമ്പയുണ്ടായിരുന്നതായി ചിലർ രേഖപ്പെടുത്തിയിട്ടുണ്ട്.

137. രാജാ കേശവദാസ്.

138. പാറേമ്മാക്കൽ ഗോവർണദോർക്കുവേണ്ടി ഭരണം ഒഴിഞ്ഞതായി കച്ചീട്ടു വച്ചതിനെ തുടർന്ന് റോമാസുറിയാനിക്കാർക്കു പട്ടം കൊടുക്കാൻ ലത്തീൻ മെത്രാന്മാർ വിസമ്മതിച്ചു. ഈ അവസ്ഥയ്ക്കു പരിഹാരം കാണാൻ തരകൻ മുൻകൈയെടുത്ത് റോമാസഭയുടെ കീഴിലുള്ള ബാഗ്ദാദിലെ (കൽദായ) പാത്രിയർക്കീസിന് ഒരപേക്ഷ അയച്ചു. വൈദിക വിദ്യാർത്ഥിയായിരുന്ന പണ്ടാരി പൗലൂസ് ശെമ്മാശനാണ് കത്തുമായി പോയത്. പാത്രിയർക്കീസ് സ്ഥലത്തില്ലായിരുന്നതിനാൽ പകരം ഭരിച്ചിരുന്ന മാർ യോഹന്നാൻ ഓർമസ് എന്ന മെത്രാപ്പോലീത്താ പൗലൂസിനെ മാർ അബ്രഹാം എപ്പിസ്കോപ്പാ ആയി വാഴിച്ചു. രണ്ടു കൽദായ പട്ടക്കാരെ കൂട്ടി നാട്ടിലയയ്ക്കുകയും ചെയ്തു. ഇദ്ദേഹത്തെ മെത്രാനാക്കാൻ റോമാസുറിയാനിക്കാർ ആവശ്യപ്പെട്ടിരുന്നില്ല (*തച്ചിൽ മാത്തു തരകൻ*, pp. 106-8). ഇദ്ദേഹം വന്നത് മീനം 17 നു എന്നും മീനം 30 ന് എന്നും പാഠാന്തരമുണ്ട്. ഇദ്ദേഹത്തെ മെത്രാനടുത്ത കർമ്മങ്ങൾ നടത്താൻ അനുവദിച്ചില്ല.

139. ദുർബലനായ ബാലരാമവർമ്മയുടെ മുഖസ്തുതിക്കാരനായ ജയന്തൻ ശങ്കരൻ നമ്പൂതിരിയെ കൊ. വ. 974 മേടം 19 ന് വല്യസർവാധികാരിയായി നിയമിച്ചു. അദ്ദേഹവും ശങ്കരനാരായൺ ചെട്ടി, തച്ചിൽ മാത്തു തരകൻ എന്നീ കുത്തകക്കാരും ചേർന്നാണ് പിന്നീട് കുറേക്കാലം തിരുവിതാംകൂർ ഭരിച്ചത്.

140. *വലിയ ദിവാൻജി ജീവിച്ചിരിക്കെ അദ്ദേഹത്തിന്റെ സെക്രട്ടറിയായിരുന്ന നീലകണ്ഠൻ ചെമ്പകരാമൻ, തരകന്റെ സഹായിയായിരുന്നു. എന്നാൽ നമ്പൂതിരി അധികാരത്തിൽ വന്നപ്പോൾ പുത്തൻകൂറു മെത്രാനായിരുന്ന മാർ ദിവന്യാസ്യോസിനെ സ്വന്തം ബംഗ്ലാവിൽ തരകൻ തടഞ്ഞുവച്ചത് ഒരുപക്ഷേ നീലകണ്ഠൻ ചെമ്പകരാമൻ എതിർത്തിരിക്കാം. അതേതുടർന്നാണ് അദ്ദേഹത്തെ മുക്കാലിയിൽ കെട്ടിവച്ചു പരസ്യമായി അടിച്ചത്* (കെ. ശിവശങ്കരൻ നായർ, p. 116).

141. 1799 മീനം 20 നു പാറേമ്മാക്കൽ തോമ്മാ ഗോവർണദോർ മരിച്ചു. കട്ടക്കയത്തിൽ അബ്രഹാം കത്തനാരെ ഗോവർണദോരാക്കിയ കല്പന പുറപ്പെടുവിച്ചിരിക്കുന്നത് 1799 മേടം 10 -ാം തീയതി ചങ്ങനാശേരി പള്ളിയിൽ നിന്നാണ് (*തച്ചിൽ മാത്തു തരകൻ*, pp. 108-11). കൊച്ചി രൂപതയിൽ നിന്നു മാത്തു തരകന്റെ സഹോദരൻ അബ്രഹാം മൽപ്പാനെയും, അദ്ദേഹം സ്വീകരിക്കാഞ്ഞതിനാൽ ശംകുരീക്കൽ ഗീവർഗീസു മല്പാനെയും ഗോവർണദോരായി നിയമിച്ചു.

142. ഇത് സർക്കാർ നടപടി എടുക്കാനുള്ള ഒരു വ്യാജ ആരോപണമായിരുന്നു. നീലകണ്ഠൻ ചെമ്പകരാമന്റെ മുതൽ മുഴുവൻ സർക്കാർ കണ്ടു കെട്ടിയതിനാൽ അതിൽ നിന്നും ഒളിപ്പിക്കുന്നത് കുറ്റകരമായിരുന്നു.

143. അക്കാലത്തു തിരുവിതാംകൂറിന്റെ കടം ഭീമമായിരുന്നു. ഇതു വീട്ടാൻ ഭരിക്കുന്ന

www.malankaralibrary.com

ത്രിമൂർത്തികൾ കണ്ടുപിടിച്ച എളുപ്പമാർഗമായിരുന്നു നിർബന്ധിത പിരിവ്. നാട്ടിലെ പ്രമാണികളോടും സ്ഥാനികളോടും ഉദ്യോഗസ്ഥരോടും ഭീമമായ സംഖ്യ ആവശ്യപ്പെടുകയും നൽകാത്തവരെ അപമാനിക്കുകയും മർദ്ദിക്കുകയും മുതൽ കണ്ടുകെട്ടുകയുമായിരുന്നു പതിവ് *(തിരുവിതാംകൂർ ചരിത്രം,* pp. 245-6). *ശ്രീപണ്ടാരവക വെച്ചെഴുത്തുകാര്യപ്രവർത്തി* ഉദ്യോഗത്തിലിരുന്ന വേലുത്തമ്പിയോട് 20,000 പണം ആവശ്യപ്പെട്ടതിനെ തുടർന്നുള്ള കലാപത്തിലാണ് ഇവർക്ക് അധികാരം നഷ്ടപ്പെട്ടതു തന്നെ. മാത്തു തരകൻ ഈ നടപടിക്രമം തന്റെ ചിരകാല അഭിലാഷ പൂർത്തിക്ക് ഉപയോഗിച്ചു എന്നു മാത്രം.

144. തിരുവിതാംകൂർ ഉദ്യോഗസ്ഥരായിരുന്ന തിരുവാർപ്പു കൃഷ്ണപിള്ള സർവാധികാര്യക്കാർ, ചാലയിൽ പത്മനാഭനണ്ണാവി സർവാധികാര്യക്കാർ, കിഴക്കുംമുഖം വലിയ മേലെഴുത്തു പിള്ളയായ യോഗീശ്വരൻ രാമൻ എന്നിവർ തരകന്റെ ശിങ്കിടികളായിരുന്നു (കെ. ശിവശങ്കരൻനായർ, p. 113).

145. നസ്രാണി പരിഷയുടെ *ജാതിക്കുതലവനായ* മെത്രാന് പ്രത്യേക പദവികളും അവകാശങ്ങളും ഉണ്ടായിരുന്നു.

146. മാർത്താണ്ഡവർമ്മ മുതലുള്ള തിരുവിതാംകൂർ രാജാക്കന്മാരെ മാർത്തോമ്മാ മെത്രാന്മാർ രക്ഷകരായി ആണ് കണ്ടിരുന്നത് എന്ന് ഗ്രന്ഥവരിയിൽ പലയിടത്തും സൂചനയുണ്ട്.

147. അക്കാലത്ത് മഹാരാജാവിനെ കാണണമെങ്കിൽ വലിയ കൊട്ടാരം വിചാരിപ്പുകാരനും, വലിയസർവാധി ജയന്തൻ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ സഹോദരനുമായിരുന്ന ജയന്തൻ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാടിന്റെ അനുവാദം വേണ്ടിയിരുന്നു. ജയന്തൻ ശങ്കരൻ കൂടി ഉൾപ്പെട്ട ഗൂഡാലോചന പൊളിക്കാൻ സഹോദരൻ കൂട്ടുനിന്നില്ല. അതിനാൽ പോയവർക്കു മഹാരാജാവിനെ കാണാൻ സാധിച്ചുമില്ല.

148. പണം പിരിക്കാൻ അന്ന് തിരുവിതാംകൂറിലെ പ്രമാണികളോട് ത്രിമൂർത്തികൾ നടത്തിയ ദ്രോഹപ്രവർത്തികളിൽ മുക്കാലിയിൽ കെട്ടി അടി ഒഴികെ എല്ലാം മെത്രാപ്പോലീത്തായോടു പ്രയോഗിച്ചു.

149. മറിപ്പ് – അക്കാലത്തെ ഒരിനം വീട്ടുതടങ്കൽ. അധമർണൻ പണം കൊടുത്തു തീർക്കുന്നതുവരെ അധമർണനെ നേരിട്ടോ ആളെവെച്ചോ വീട്ടു തടങ്കലിലാക്കും. അവരുടെ ചിലവ് അധമർണൻ വഹിക്കണം. എന്നാൽ അധമർണന് ഭക്ഷണ പാനീയങ്ങൾ നിഷേധിച്ചിരുന്നു. *മുട്ടു മറിപ്പ്* ഇതിന്റെ തന്നെ കുറേക്കൂടി രൂക്ഷമായ രൂപമായിരുന്നു.

150. വലിയ യജമാനൻ പത്മനാഭൻ ചെമ്പകരാമൻ. ഇദ്ദേഹമാണ് തരക പ്രഭൃതികളുടെ ധനസമ്പാദന പ്രക്രിയയ്ക്ക് വേണ്ട സൈനിക സഹായം നൽകിയിരുന്നത്.

151. മുൻ കുറിപ്പ് 140 കാണുക. *"അദ്ദേഹത്തെയും അനുജൻ അയ്യപ്പൻ തമ്പിയെയും 'പരുന്തു റാഞ്ചിക്കെട്ടെ'ന്നു പറഞ്ഞുവന്ന മുക്കാലിയിൽ കെട്ടി വച്ച് രണ്ടുമൂന്ന് ദിവസം തുടർച്ചയായി കുതിരക്കവഞ്ചി കൊണ്ടടിച്ചു"* (കെ. ശിവശങ്കരൻ നായർ, p. 112). മെത്രാപ്പോലീത്തായ്ക്ക് അപ്രാപ്യമായ ഒരു തുക ആവശ്യപ്പെടുക, (തുക 25,000 രൂപയെന്നും പാഠാന്തരം) അതു സാധിക്കാത്ത മെത്രാനെ ഭീഷണിപ്പെടുത്തി റോമാ വഴക്കുക. ഇതായിരുന്നു തരകന്റെ തന്ത്രം.

152. 65 വയസായ മെത്രാപ്പോലീത്താ ദിവസങ്ങളായി പട്ടിണിയായിരുന്നു.

153. മുൻ കുറിപ്പ് 141 കാണുക. ഇദ്ദേഹത്തെയാണ് ഗോവർണദോരായി വാഴിച്ചത്.

154. മാത്തു തരകന്റെ അന്നത്തെ നിലയ്ക്ക് പുത്തൻകൂറ്റുകാരനായ മാപ്പിളമാരെ മുഴുവൻ മുടിക്കാൻ സാധിക്കുമായിരുന്നു. കോട്ടയംകാരായ ചില പ്രമാണിമാർ തരകനെ ധിക്കരിച്ച് ഇറങ്ങിപ്പോന്നു എന്ന് (ഇട്ടൂപ്പ്, p. 144) പറയുന്നത് അസംഭാവ്യമാണ്. കോട്ടയംകാരനായ ഇട്ടൂപ്പ് ആരെയോ പ്രീണിപ്പിക്കാൻ എഴുതിയതാണ്. ഗ്രന്ഥവരിയിലെ പ്രസ്താവനയാണ് യുക്തിക്കു നിരക്കുന്നത്.

155. മുൻപ് പലപ്പോഴും ശ്രമിച്ചിട്ടും വിസമ്മതിച്ച വ്യവസ്ഥകൾ തരകന്റെ ഭീഷണികൊണ്ടു മാത്രമാണ് മെത്രാപ്പോലീത്തായും മലങ്കര പള്ളിയോഗവും സമ്മതിച്ചത്.

156. മുൻ കുറിപ്പ് 121 കാണുക.

157. അതായത്, മേൽ ചെയ്ത ഉടമ്പടി ലംഘിച്ചാൽ 30,000 രൂപ പിഴ കെട്ടിക്കൊള്ളാമെന്ന്.



ഈ ഉടമ്പടിയിൽ മാത്തു തരകനോ റോമാ സുറിയാനിക്കാർക്കോ ഒന്നും നഷ്ടപ്പെടുവാനില്ലായിരുന്നു. മാർ ദിവന്യാസ്യോസ് സത്യവിശ്വാസത്തിലേക്ക് മടങ്ങിപ്പോകും എന്ന ഭയം അവർക്ക് ഉണ്ടായിരുന്നു.

158. ഈ സമയത്ത് വേലുത്തമ്പിയുടെ നേതൃത്വത്തിൽ നാഞ്ചിനാട്ടുകൂട്ടം തിരുവനന്തപുരത്ത് ഭരണമാറ്റം നടത്തുകയായിരുന്നു. ജയന്തൻ ശങ്കരൻ നമ്പൂതിരി പ്രഭൃതികൾ പുറത്തായി. തരകനെ കൂട്ടിക്കൊണ്ടുവരാൻ ആളയച്ചു. ഇടവം 27 ന് ആണ് നാഞ്ചിനാടുകൂട്ടം തിരുവനന്തപുരത്തേക്കു തിരിച്ചത്. *"വേലുത്തമ്പിയുടെ നേതൃത്വത്തിൽ ജനം തിരുവനന്തപുരത്തു സംഘടിച്ചിരിക്കവെ ആലപ്പുഴ വിശുദ്ധ മീഖായേൽ പള്ളിയിൽ വച്ച് മാർ ദിവന്യാസ്യോസിനെ ബലമായി റോമാസഭയിലേക്കു മാറ്റുന്ന ചടങ്ങു നടക്കുകയായിരുന്നു"* (കെ. ശിവശങ്കരൻ നായർ, p. 116). ഈ പ്രസ്താവന കൃത്യമാണെന്നു ചരിത്രം തെളിയിക്കുന്നു.

159. ഇത് മാർ ദിവന്യാസ്യോസിനെപ്പറ്റി ഉന്നയിച്ച ആരോപണങ്ങളാണ്. ആരോപണം ഉന്നയിച്ചവരിൽ നസ്രാണികളും റോമാ സുറിയാനിക്കാരും പെടും. ഇദ്ദേഹത്തിനു റോമാസുറിയാനിക്കാരുടെമേൽ കൂടെ അധികാരം വേണമെന്നുണ്ടെന്നു ലത്തീൻ ബിഷപ്പുമാർ വിശ്വസിച്ചിരുന്നു.

160. തരകൻ പ്രഭൃതികൾക്ക് ലഭിച്ചതായി ഗ്രന്ഥവരി രേഖപ്പെടുത്തിയിരിക്കുന്ന ശിക്ഷകൾ അക്ഷരംപ്രതി ശരിയാണെന്നു തിരുവിതാംകൂർ ചരിത്രം തെളിവു നൽകുന്നു.

161. നാഞ്ചിനാട്ടു ലഹളയുടെ നേതാക്കളിലൊരാളും പടിഞ്ഞാറേമുഖം വലിയ സർവാധികാര്യക്കാരുമായിരുന്ന ചിറയിൻകീഴ് അയ്യപ്പൻ ചെമ്പകരാമൻ പിള്ള. ഇദ്ദേഹം കഴിവുള്ള ഒരു ഭരണാധികാരി ആയിരുന്നു. പക്ഷേ 14 മാസത്തിനു ശേഷം അദ്ദേഹം അന്തരിച്ചു.

162. 1783 മുതൽ കൊച്ചി രൂപത (കൊല്ലം ആസ്ഥാനമാക്കി) ഭരിച്ചിരുന്ന ബിഷപ്പ് ജോസഫ് ആ. സൊളിത്തൂദ് മുൻകോപിയും പരുക്കൻ പ്രകൃതക്കാരനുമായിരുന്നു (പൗളിനോസ് പാദ്രി, pp. 135-6).

163. ഇദ്ദേഹം പിന്നീട് കുമരകത്ത് പള്ളി സ്ഥാപിച്ച് അവിടെ താമസിച്ചിരുന്നു. തുടർന്ന് കൊ. വ. 990 നുശേഷം തൃശൂരിൽ പൗരസ്ത്യ കൽദായ സുറിയാനി സഭ പുനഃസ്ഥാപിച്ചപ്പോൾ ആ പള്ളി വികാരിയായി പോയി (മാർ അപ്രേം, *പൗരസ്ത്യ സഭാചരിത്ര പ്രവേശിക*, തിരുവല്ല, 1976, p. 135-6).

164. *ഇദ്ദേഹത്തിനു വരാപ്പുഴക്കാരൻ ഒരു വാലിഭക്കാരൻ കൈവിഷം കൊടുത്ത് ഭ്രാന്തു വരുത്തിയതായി* 1877 ൽ പ്രസിദ്ധീകരിച്ച ഒരു ഗ്രന്ഥത്തെ ഉദ്ധരിച്ച് ഫാ. ബർണാഡ് പറയുന്നു (*ബർണാഡ്*, p. 689).

165. മുൻ കുറിപ്പ് 157 കാണുക. തത്തംപള്ളിയിൽ വച്ചുണ്ടായ ഉടമ്പടിക്കു വിരുദ്ധമായി മാർ ദിവന്യാസ്യോസ് റോമാസഭയിൽ നിന്നും വിട്ടുപോന്നതിനാൽ മേല്പടി കച്ചീട്ടിൻ പ്രകാരമുള്ള പണം ഈടാക്കാൻ ഉള്ള നടപടി. കച്ചീട്ട് മലങ്കര പള്ളിയോഗ പ്രതിനിധികളുടെ പേരിലായതിനാലാകണം അവർക്ക് കല്പന വന്നത്.

166. കണിയാന്ത്ര താളിയോലയിൽ ഈ ഭാഗം വ്യക്തമല്ല. *അക്കര* പകർപ്പിൽ *പന്ത്രണ്ടീത്* എന്ന് ചേർത്തിട്ടുണ്ട്.

167. മാർ ദിവന്യാസ്യോസ് പത്തീറാ വച്ച് കുർബാന ചൊല്ലിയതിന് പ്രായശ്ചിത്തമായി ആണ് ഇപ്രകാരം 41 ദിവസം കുർബാന ചൊല്ലിച്ചതെന്നാണ് പറയുന്നത്. പീഡയിൽ നിന്നു രക്ഷപെട്ടതിന്റെ നന്ദി സൂചകമായി വേണമെങ്കിലും ആകാം. തരകന്റെ പീഡയുടെ കാലത്ത് പ്രത്യേക നോമ്പ് എടുത്ത കാര്യം ശ്രദ്ധിക്കുക.

168. ബ്രിട്ടീഷു കമ്പനിയുടെ റിക്കാർഡുകൾ പ്രകാരം കൊ. വ. 975 ധനു മാസത്തിൽ അയ്യപ്പൻ ചെമ്പകരാമൻ പിള്ള ആലപ്പുഴ വച്ച് ബന്ധനസ്ഥനാവുകയും പറവൂർ കോട്ടയിൽ തടവിലാക്കപ്പെടുകയും ചെയ്തു. ആറു ലക്ഷം രൂപയുടെ പണാപഹരണം നടത്തിയതായി ആരോപണം ഉണ്ടായിരുന്നു ( കെ. ശിവശങ്കരൻ നായർ, pp. 118-9).

169. ബാലരാമവർമ്മ.

170. മാത്തു തരകന്റെ റോമാ പീഡകാലത്ത് ചെങ്ങന്നൂർ, പുത്തൻകാവ് മുതലായ പള്ളികൾ കണ്ടുകെട്ടിക്കൊണ്ടുപോയവക.

www.malankaralibrary.com

171. ഈ സമ്മാനങ്ങൾ കിട്ടിയവരൊക്കെയും മാത്തു തരകന്റെ റോമാ പീഡയിൽ വിവിധ തരത്തിൽ ഉപദ്രവിക്കപ്പെട്ടവരാണെന്നു ശ്രദ്ധിക്കുക.

172. അയ്യപ്പൻ ചെമ്പകരാമൻ പിള്ളയുടെ പിൻഗാമിയായി കിഴക്കുംമുഖം സർവാധികാര്യക്കാർ പാറശാല പത്മനാഭൻ ചെമ്പകരാമനെ 975 മകരത്തിനു ശേഷം ദിവാനായി നിയമിച്ചിരുന്നു.

173. സമ്പ്രാതി കുഞ്ചു നീലൻപിള്ള ബാലരാമവർമ്മയുടെ പ്രധാന ഉപദേശകരിലൊരാളായിരുന്നു.

174. രണ്ടു ദിവാന്മാരുടെ കാലത്തും യഥാർത്ഥ ഭരണം മാവേലിക്കര മുളകുമടിശീല കാര്യക്കാരായിരുന്ന വേലുത്തമ്പിയിലായിരുന്നു (കെ. ശിവശങ്കരൻ നായർ, p. 118).

175. മുൻ കുറിപ്പ് 165 കാണുക. മാത്തു തരകൻ നൽകേണ്ടുന്ന പണം ഈ കച്ചീട്ടിൻപടി ചെല്ലാനുള്ളതിൽ കണക്കാക്കി മാർ ദിവന്യാസ്യോസിൽ നിന്നും ഈടാക്കാനായിരുന്നു ശ്രമം.

176. കൊ. വ. 976 മീനം 13 ന് വേലുത്തമ്പി ദിവാനായി നിയമിക്കപ്പെട്ടു.

177. *കന്നാസാരം* എന്ന വാക്കിന്റെ അർത്ഥം മനസിലാകുന്നില്ല. എങ്കിലും ഇത് തിരുവതാംകൂർ സർക്കാരിന്റെ ഏതോ നികുതിയോ പിഴയോ ആണെന്നു വ്യക്തമാണ്. *വകക്കാരരും വന്നു* എന്ന പരാമർശനത്തിൽനിന്നും ഇത് ഒരു നികുതിയാവാനാണ് കൂടുതൽ സാദ്ധ്യത. മുൻകുറിപ്പ് 175 ൽ പറയും പോലെ മാത്തുതരകനുമായി ബന്ധപ്പെട്ടതാകാനും ഇടയുണ്ട്.

178. പട്ടമന പറവൂർ പള്ളി ടിപ്പുവിന്റെ പടയോട്ട കാലത്ത് തീവച്ചു നശിപ്പിച്ച നിലയിൽ കിടക്കുകയായിരുന്നു. പുതുക്കി പണിതിരുന്നില്ല.

179. ഈ ഭാഗത്തെപ്പറ്റി അക്കര കൈയെഴുത്തിന്റെ പകർപ്പിൽ ഇടമറുക് ഇപ്രകാരം രേഖപ്പെടുത്തുന്നു: *"ഇക്കാലത്ത് വേലുത്തമ്പി മാത്തു തരകനെ പല തരത്തിൽ ദ്രോഹിപ്പാൻ പുറപ്പെട്ടിരുന്നു. തിരുവിതാംകൂർ മഹാരാജാവ് മാത്തു തരകന് പല ഇനങ്ങളിൽ കൊടുത്തുവീട്ടേണ്ടിയിരുന്ന 18 ലക്ഷം രൂപ കൊടുക്കാതെ കഴിച്ചു കൂട്ടുവാൻ വേലുത്തമ്പി പല കൃത്രിമങ്ങളും ആരംഭിച്ചിരുന്നു. ..... മെത്രാപ്പോലീത്തായെ മാത്തു തരകൻ ദ്രോഹിച്ച്, അദ്ദേഹത്തിന്റെ വക കണ്ടുകെട്ടി എടുപ്പിച്ച്, സഭാ പരിവർത്തനം ചെയ്യിച്ചതിനെ മുൻനിർത്തി മെത്രാപ്പോലീത്താ വാദിയായി ഒരു ഹർജി തരണമെന്നാണ് വേലുത്തമ്പി മെത്രാപ്പോലീത്തായോട് ഗൂഢമായി ആവശ്യപ്പെടുന്നത്. പ്രതികാരത്തിന് പറ്റിയ ഒരു പ്രസ്ഥാനമാണെന്ന് അറിഞ്ഞിട്ടും മെത്രാപ്പോലീത്താ ആയതിന് വഴിപ്പെടുകയോ ആ വിധത്തിൽ ദളവായുടെ പ്രീതി സമ്പാദിപ്പാൻ ശ്രദ്ധിക്കുകയോ ചെയ്യുന്നില്ല. ഇത് അദ്ദേഹത്തിന്റെ ക്രിസ്തീയ ജീവിത വൈശിഷ്ട്യത്തെയും മനോമഹത്വത്തേയും സ്പഷ്ടമായി വെളിപ്പെടുത്തുന്നു."* ഇടമറുകിന്റെ നിഗമനം ശരിയാകാനാണ് സാദ്ധ്യത.

180. കൊ. വ. 976 വൃശ്ചിക മാസത്തിൽ തരകന് ബാലരാമവർമ്മ വീണ്ടും ചില സ്ഥാനമാനങ്ങൾ കല്പിച്ചു കൊടുത്തിരുന്നു. അദ്ദേഹം കുത്തിയതോട്ടിൽ തിരിച്ചെത്തി താമസം തുടങ്ങിയിരുന്നു (*തച്ചിൽ മാത്തു തരകൻ*, p. 26).

181. മാർ ദിവന്യാസ്യോസിന്റെ റിബൽ ആയി വാഴിക്കപ്പെട്ട കാട്ടുമങ്ങാട്ട് മാർ കൂറിലോസിന്റെ സഹോദരൻ യോഹന്നാന്റെ മകനായിരുന്നു ഈ ഇട്ടിയവിര കത്തനാര്  (കുരുവിള, എസ്. പി., *ശ്രാംമ്പിക്കൽ – തണങ്ങാട്ട് – കാട്ടുമങ്ങാട്ട് കുടുംബചരിത്രം*, മുളന്തുരുത്തി, 1969). ഇദ്ദേഹം ആദ്യം കൂറിലോസിൽ നിന്നും പട്ടം ഏറ്റിരുന്നു (*നാളാഗമം*, pp. 149-50).

182. ഇദ്ദേഹം പുകയില കള്ളക്കടത്തിൽ തിരുവിതാംകൂറിൽ ശിക്ഷ ഭയന്ന് കൊച്ചി രാജ്യത്ത് ഒളിച്ചുപാർത്തു. അവിടെയും ചില പ്രശ്നങ്ങൾ ഉണ്ടാക്കിയതിനാൽ ബ്രിട്ടീഷ് മലബാറിലേക്കു കടന്നു. അവിടെ വച്ചാണ് പട്ടം നൽകിയത്. ഇദ്ദേഹത്തെപ്പറ്റി വിശദമായ പ്രതിപാദനം നാളാഗമത്തിലുണ്ട് (pp. 150-1). *"മലങ്കര ഇടവകയുടെ മാർ ദീവന്ന്യാസ്യോസ് മെത്രാപ്പൊലീത്തായോടെ ആഞ്ഞൂരു മെത്രാന്മാർക്കു രസക്കട മുമ്പെ തന്നെ ഉണ്ടായിരിക്കയാൽ മെത്രാൻ കളി കാണിപ്പാൻ വേണ്ടിയും. മാർ ദീവന്നാസ്യോസിനു അപമാനം ഭവിപ്പാൻ വേണ്ടിയും"* മാണ് കണിയവള്ളിക്കു പട്ടം കൊടുത്തതെന്ന് ഇട്ടൂപ്പ് (p. 153) പറയുന്നത് ശരിയാകാനാണ് സാദ്ധ്യത.

183. ശക്തൻ തമ്പുരാൻ.



184. *"ഒരു പുരോഹിതന്റെ മകനായ മക്കാള ഒരു തികഞ്ഞ മതവിശ്വാസിയായതിൽ അത്ഭുതമില്ല. പക്ഷേ അദ്ദേഹം ഒരു മതവെറിയൻ ആയിരുന്നില്ല. ക്രിസ്തു മത വിശ്വാസികൾക്കു നേരെ അദ്ദേഹം അതിയായ മമത പുലർത്തിയിരുന്നുവെങ്കിൽ അതു മതവൈരാഗ്യം കൊണ്ടായിരുന്നില്ല. അധികാരത്തിന്റെ വേരുകൾ നാട്ടിലുറപ്പിക്കാനുള്ള രാജ്യതന്ത്രത്തിന്റെ ഭാഗമായിരുന്നു അത്"* (പി. ശിവശങ്കരൻ നായർ, p. 144). ആദ്യം മക്കാളയുടെ സുഹൃത്തും പിന്നീട് ശത്രുവുമായി മാറിയ വേലുത്തമ്പി ക്രിസ്ത്യൻ വിരോധിയായി മാറാനുള്ള കാരണം ഈ മമതയായിരുന്നു.

185. ഗ്രിഗോറിയോസിന്റെ വിൽപ്പത്ര പ്രകാരം തങ്ങളുടെ കൈവശമായിരുന്ന മട്ടാഞ്ചേരി മുറിയിൽ ഒന്നാം കാട്ടുമങ്ങാട് മെത്രാന്റെ മരണശേഷം കൊ. വ. 982 വരെ രണ്ടാം കാട്ടുമങ്ങാട്ട് മെത്രാനും, കണിയാവള്ളി മെത്രാനും പാർത്തിരുന്നു (*നാളാഗമം*, p. 152).

186. മസ്നപ്സ – പൗരസ്ത്യ ക്രൈസ്തവ സന്യാസികൾ (റമ്പാന്മാർ) ഉപയോഗിക്കുന്ന പതിമൂന്ന് വെളുത്ത കുരിശുകൾ തയ്ച്ച കറുത്ത ശിരോവസ്ത്രം.

187. അധികാരപത്രം.

188. ഇദ്ദേഹം ഒരു ഭ്രാന്തൻ ആയിരുന്നു എന്നു വിശ്വസിക്കത്തക്ക രീതിയിൽ പല സംഗതികൾ തുടർന്നും ചെയ്തിരുന്നു.

189. ചെങ്ങന്നൂർ കബറടങ്ങിയ മാർ ഈവാനിയോസ് യൂഹാനോൻ.

190. മുൻ കുറിപ്പ് 184 കാണുക.

191. ദീയസ്കോറോസ് കച്ചേരിയിൽ കേസു കൊടുത്ത് അവരെ പുറത്താക്കിയെന്ന് *നാളാഗമം* (pp. 152-3).

192. കൽക്കട്ട ഫോർട്ട് വില്യം കോളജ് വൈസ് പ്രിൻസിപ്പാളും, സുറിയാനി പണ്ഡിതനുമായ ഡോ. ക്ലോഡിയസ് ബുക്കാനനുവേണ്ടിയാണ് സുറിയാനി ഗ്രന്ഥങ്ങൾ ശേഖരിച്ചത്. അവ യഥാക്രമം മോശയുടെ പുസ്തകങ്ങൾ (ഉല്പത്തി,  പുറപ്പാട് ), രാജാക്കന്മാർ, പ്രവചനങ്ങൾ, സുവിശേഷം, ലേഖനങ്ങൾ, അപ്പോസ്തോല പ്രവൃത്തികൾ, വെളിപാടു പുസ്തകം എന്നിവയാണ്.

193. നസ്രാണികളുടെ ചരിത്രം. ഈ ആവശ്യത്തിനായി ഗ്രന്ഥവരി ക്രോഡീകരിച്ചെഴുതിയിരുന്നില്ലേ എന്നു സംശയിക്കണം.

194. രാജാക്കൻമാരുടെ പുസ്തകം.

195. മുൻ കുറിപ്പ് 191 കാണുക. *നാളാഗമ*പ്രകാരം മട്ടാഞ്ചേരിമുറി മാർ ദിവന്യാസ്യോസിന് അവകാശപ്പെട്ടതാണെന്നു വിധിച്ചു. ഇന്ന് മട്ടാഞ്ചേരി ഓർത്തഡോക്സ് പള്ളിയിരിക്കുന്നത് ഈ സ്ഥലത്താണ്.

196. സങ്കീർത്തനം.

197. കണ്ടനാട്ടു പള്ളിയിൽ റോമാ ആധിപത്യകാലത്ത് വച്ച രൂപങ്ങളും, ബസേലിയോസ് ശക്രുള്ള മഫ്രിയാനയുടെ കബറിലെ കൊത്തുപണികളും.

198. പ്രദക്ഷിണം.

199 ഡോ. ക്ലോഡിയസ് ബുക്കാനൻ നൽകിയ പത്താക്ക് (ഒരു സ്വർണമെഡൽ) ആർത്താറ്റ് പള്ളിയിൽ സൂക്ഷിച്ചിട്ടുണ്ട്. മറ്റു പള്ളികൾക്ക് കൊടുത്തതായി രേഖയൊന്നുമില്ല. കൊടുത്തിരിക്കാൻ സാദ്ധ്യതയുണ്ട്.

200. വലിയ മാർ ദിവന്യാസ്യോസ്.

201. *'രാജാവിനേ ബോധിപ്പിച്ചേ ആവോ എന്നും ചൊല്ലി....'* – അക്കര കൈയെഴുത്ത്. രണ്ടായാലും ശരിയാണ്. ബുക്കാനൻ 1806 ഒക്ടോബർ 19 ന് തിരുവിതാംകൂർ രാജാവിനെ കണ്ടശേഷമാണ് പര്യടനം ആരംഭിച്ചത്. ആംഗ്ലിക്കൻ സഭയും മലങ്കരസഭയും തമ്മിൽ യോജിപ്പിക്കുന്നതിന് ബുക്കാനൻ ശ്രമിച്ചു. ഇതിനായി കണ്ടനാട്ട് ദീർഘമായ ചർച്ചകളും നടന്നു. ബുക്കാനന്റെ യാത്രാവിവരണം വരികൾക്കിടയിൽ വായിച്ചാൽ ഈ യോജിപ്പിൽ നസ്രാണി വൈദികർ സംശയാലുക്കളും താൽപര്യമില്ലാത്തവരുമായിരുന്നു എന്നു കാണാം. ബുക്കാനന്റെ ആവശ്യപ്രകാരം മാർ ദിവന്യാസ്യോസ് യോജിപ്പിനെ അഥവാ സഹകരണത്തെപ്പറ്റി നൽകിയ മറുപടി: "That an union with the English Church, or, at least, such a

www.malankaralibrary.com

connection as should appear to both churches practicable and expedient; would be a happy event, and favorable to the advancement of Religion in India" (Buchanan, Rev. Cladius, *Christian Researches in Asia*, London, 1814, p. 133). ബ്രിട്ടീഷ് സാമ്രാജ്യ ശക്തിയെ പിണക്കാതിരിക്കാനാവും ഇപ്രകാരം എങ്ങും തൊടാതെ ഒരു മറുപടി കൊടുത്തത്.

202. ബുക്കാനന്റെ കണ്ടനാടു സന്ദർശനം സംബന്ധിച്ച് ഗ്രന്ഥവരി നൽകുന്ന തീയതികൾ ബുക്കാനന്റെ ഗ്രന്ഥത്തിലെ തീയതികളുമായി ചേരുന്നുണ്ട്.

203. മുൻ കുറിപ്പ് 192 കാണുക.

204. പരദേശി ദീയസ്കോറോസ്.

205. പല പ്രാവശ്യമായി കൊടുത്ത പുസ്തകങ്ങളിൽ വേദപുസ്തകത്തിലെ എല്ലാ പുസ്തകങ്ങളും ഇല്ലായിരുന്നു. ബുക്കാനന്റെ വരവിന്റെ ഉദ്ദേശ്യങ്ങളിൽ പ്രധാനം സുറിയാനി പുസ്തകങ്ങളുടെ ശേഖരണമായിരുന്നു.

206. "I asked the bishop if he would permit two of the young cassanars to go to England to finish their education, and then return to India. He said he should be very happy to give his permission if any should be found who were willing to go" (Buchanan, Op. Cit. pp. 133-4).

207. ഇപ്പോൾ ഇംഗ്ലണ്ടിലെ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ സൂക്ഷിക്കുന്നതും 'ബുക്കാനൻ ബൈബിൾ' എന്നറിയപ്പെടുന്നതുമായ പ്രശസ്ത ഗ്രന്ഥം. ബസേലിയോസ് ശക്രള്ള മഫ്രിയാന മദ്ധ്യപൗരസ്ത്യ ദേശത്തുനിന്നും കൊണ്ടുവന്ന ഈ ഗ്രന്ഥം 12 -ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ പകർത്തി എഴുതപ്പെട്ടതാണ്. ഇതിൽ പ്ശീത്തോ ബൈബിൾ ഗ്രന്ഥങ്ങൾ പൂർണമായും അടങ്ങിയിരിക്കുന്നു (Van Der Poleg, O. P., J. P. M., *The Syriac Manucripts of St. Thomas Christians*, Bangalore, 1983, pp. 46-7, 204).

208. സുറിയാനി ഭാഷ എഴുതാനുപയോഗിക്കുന്ന എസ്ത്രംഗലി എന്ന ആലങ്കാരിക അക്ഷരങ്ങൾ ഉപയോഗിച്ചാണ് ഈ കൃതി എഴുതിയിട്ടുള്ളത്. പരദേശി മെത്രാൻ ദീയസ്കോറോസിന് പാശ്ചാത്യ സുറിയാനി അക്ഷരങ്ങളും അറബി അക്ഷരങ്ങളും മാത്രമേ അറിയാൻ ഇടയുള്ളു.

209. മുൻ കുറിപ്പ് 206 കാണുക. സുറിയാനി ബൈബിൾ അച്ചടിപ്പിച്ചുകൊടുക്കാമെന്നത് ബുക്കാനന്റെ വാഗ്ദാനമായിരുന്നു. അതിനു വേണ്ടി ആയിരിക്കാം കാട്ടുമങ്ങാട്ടു കത്തനാരെ ആവശ്യപ്പെട്ടത്.

210. മുൻ കുറിപ്പ് 209 കാണുക. കൽക്കട്ടയ്ക്കു പോകുവാൻ മനസില്ലാതെ കാട്ടുമങ്ങാട്ടു കത്തനാർ ഒഴിഞ്ഞുമാറി.

211. ആംഗ്ലിക്കൻ സഭയുടെ വിശ്വാസത്തെപ്പറ്റി മെത്രാപ്പോലീത്താ സംശയാലു ആയിരുന്നു. അതിനാലാവണം ബൈബിൾ പരിഭാഷയ്ക്ക് അവർ നിർദ്ദേശിച്ച തമിഴ് പരിഭാഷയും ധനസഹായവും നിരസിച്ചത്. എങ്കിലും പിന്നീട് തിമ്മപ്പൻപിള്ള എന്ന ചെട്ടിയാരെ ബുക്കാനൻ നിയമിച്ചത് അംഗീകരിച്ചു. ബുക്കാനൻ കൊച്ചിയിൽ 1807 ജനുവരി 29 ന് അയച്ച ഒരു കത്തിൽ "The Tamil Copy of the Scriptures(complete) is only arrived today from Carnatic. I Proceed with it tomorrow to the Syrian Bishop; who is now engaged with three Syrian & Malayalam scholars in the translation into the language of Malabar. The bishop longed to see the Tamil, he, being a good Malayalam scholar himself" (quoted by Agur, p. 104).

212. അക്കാലത്തെ ഏറ്റവും മികച്ച പണ്ഡിതൻ കായംകുളം പീലിപ്പോസ് റമ്പാൻ ആണ് പരിഭാഷപ്പെടുത്തിയത്. പരിഭാഷയ്ക്ക് മെത്രാപ്പോലീത്താ നേരിട്ട് മേൽനോട്ടം വഹിച്ചിരുന്നു (P. Cherian, p. 176).

213. അപ്പോസ്തോല പ്രവർത്തികൾ.

214. 1807 ൽ ബുക്കാനൻ ഇംഗ്ലണ്ടിലേയ്ക്കുള്ള യാത്രാമദ്ധ്യേ വീണ്ടും കേരളത്തിൽ വന്നപ്പോൾ പുസ്തകം കൊണ്ടുപോയി (P. Cherian, p. 176).



215. മുൻ കുറിപ്പുകൾ 191,195 കാണുക. എലാസ്കൂൽ എന്നത് മാർ യാക്കോബ് ഉറഹായോ എഴുതിയ ഒരു സുറിയാനി പുസ്തകമാണ്. വേദസാക്ഷി കൂടാതെ യുക്തി കൊണ്ട് പല സംഗതികൾ തെളിയിക്കുന്ന ഒരു ഗ്രന്ഥമാണിത്.

216. വർദ്ധിച്ചുവന്ന അന്ത്യോഖ്യൻ പക്ഷപാതികൾ മെത്രാപ്പോലീത്തായ്ക്കെതിരായി ദീയസ്കോറോസിനെ ഉയർത്തിക്കാട്ടി. ഇതിനു മുമ്പും പിമ്പും ഇത്തരം സംഭവങ്ങളുണ്ടായിട്ടുണ്ട്.

217. അന്ത്യോഖ്യൻ സുറിയാനി സഭയുടെ പാരമ്പര്യപ്രകാരം ഓശാനയ്ക്ക് വാഴ്ത്തിയ കുരുത്തോലകൾ മുറിക്കാതെയും സൗജന്യമായും ആണ് നൽകുന്നത്.

218. ഈസ്റ്റർ കഴിഞ്ഞുള്ള ആദ്യ ഞായറാഴ്ച. അന്നാണ് കോട്ടയം പുത്തനങ്ങാടി കുരിശുപള്ളി പെരുന്നാൾ.

219. മേടം 24 ന് പുതുപ്പള്ളിപ്പള്ളിയിൽ വി. ഗീവർഗീസ് സഹദായുടെ പെരുന്നാൾ.

220. നസ്രാണികളുടെ വിവാഹത്തിന് വരനാണ് താലി കെട്ടുക. കാർമ്മികനല്ല.

221. പെന്തിക്കോസ്തി പെരുന്നാൾ.

222. മുൻകുറിപ്പ് 188 കാണുക. ഇദ്ദേഹം ഒരു ഭ്രാന്തൻ ആയിരുന്നു എന്ന സംശയം ഈ ഭാഗങ്ങൾ ഒന്നുകൂടി ഉറപ്പിക്കുന്നു. കടുത്ത അന്ത്യോഖ്യാ ഭക്തനായ ഇ. എം. ഫിലിപ്പ് *"ഇദ്ദേഹം ഒരു ശൂര സ്വഭാവക്കാരനാകയാൽ സുറിയാനിക്കാർക്ക് അദ്ദേഹത്തെ സസന്തോഷം സ്വീകരിക്കുന്നതിനു നിവൃത്തിയില്ലാതെ വരികയും........"* എന്നെഴുതി (ഇ. എം. ഫിലിപ്പ്, p. 176). ഇവിടെ വിവരിച്ചിരിക്കുന്ന സംഭവങ്ങളിൽ ശൂരസ്വഭാവമല്ല ഭ്രാന്തിന്റെ ലക്ഷണങ്ങളാണ് കാണുന്നത്.

223. ഗ്രന്ഥവരിയിൽ ഇതിനുമുമ്പ് ഒരിടത്തും മാർത്തോമ്മൻ മെത്രാന്മാർ കൊച്ചി രാജാക്കന്മാരെ സന്ധിച്ചതായി രേഖയില്ല. കൂനൻകുരിശിനു ശേഷമുള്ള കാലത്ത് പോർട്ടുഗീസുകാരോടും റോമാ സുറിയാനിക്കാരോടും കൈക്കൂലിക്കും ഭീഷണിക്കും വഴങ്ങി കാണിച്ച ചായ്വ് നസ്രാണികളും അവരും തമ്മിൽ മാനസിക അകൽച്ച സൃഷ്ടിച്ചു. ഡച്ചുകാർ ക്രിസ്ത്യാനികളുടെ സംരക്ഷണം കൊച്ചി സർക്കാരിൽനിന്നും ഏറ്റെടുത്തതോടെ കൊച്ചി രാജാവ് പ്രസക്തമല്ലാതായി. ശക്തൻ തമ്പുരാനാകട്ടെ നസ്രാണികളോട് വളരെ അനുഭാവപൂർണമായ നില സ്വീകരിച്ചിരുന്നു. അതിന്റെ പ്രതിഫലനമായിരുന്നു പിൻഗാമിയുമായി ഒരു കൂടിക്കാഴ്ചയ്ക്ക് മാർ ദിവന്യാസ്യോസിനെ പ്രേരിപ്പിച്ചത്.

224. കൊച്ചി രാജ്യത്തിന്റെ പാരമ്പര്യ മന്ത്രി.

225. കൊച്ചി രാജാവും വലിയ മാർ ദിവന്യാസ്യോസും.

226. ആട് അന്ന് ദുർലഭവസ്തു ആയിരുന്നോ?

227. മുൻ ഖണ്ഡികയിൽ പറയുന്ന എഴുത്ത്. ദിയസ്കോറോസിനെ സംബന്ധിച്ച വിഷയം.

228. മുൻ കുറിപ്പ് 216 കാണുക. മാർ ദിവന്യാസ്യോസിനോട് എതിർപ്പുള്ളവർ ദിയസ്കോറോസിനെ ഉയർത്തിപ്പിടിച്ചു. ഇക്കാലമായപ്പോഴേയ്ക്കും (1807–08) മക്കാളയും വേലുത്തമ്പിയും തമ്മിൽ മാനസികമായി വളരെ അകന്നിരുന്നു. മക്കാളയും മാർ ദിവന്യാസ്യോസും സുഹൃത്തുക്കളാകയാൽ അവരുടെ ശത്രുവിനെ വേലുത്തമ്പിയുടെ മിത്രമാക്കി അവതരിപ്പിച്ചു.

229. മുളകുമടിശീല സർവാധികാര്യക്കാർ വൈക്കം പത്മനാഭപിള്ള.

230. ചിങ്ങം 1 മുതൽ 15 വരെ ശൂനോയോ നോമ്പ്.

231. അപ്പോഴേയ്ക്കും വൃദ്ധനും രോഗിയുമായിരുന്ന മാർ ദിവന്യാസ്യോസ് ദീയസ്കോറോസിനെ തന്നോട് എതിർപ്പുള്ളവർ ഉപകരണമാക്കുന്നതു കണ്ടപ്പോൾ വിഷയം മലങ്കര പള്ളിയോഗത്തിന്റെ തീരുമാനത്തിനു വിട്ടു.

232. മുൻ കുറിപ്പ് 208 കാണുക. അക്കാലത്തെ പ്രമുഖ സുറിയാനി പണ്ഡിതനായിരുന്ന പീലിപ്പോസ് റമ്പാൻ ദീയസ്കോറോസിന്റെ എഴുത്ത് വായിച്ച് അതിലെ സുറിയാനി ഭാഷ (ഉള്ളടക്കവും?) മോശം എന്നു യോഗത്തെ അറിയിച്ചു.

233. 1807 ഡിസംബർ 24 ന് ബുക്കാനന്റെ രണ്ടാം കേരള സന്ദർശനം.

234. ദീയസ്കോറോസ്.

www.malankaralibrary.com

235 *'വായു കടുക്കകൊണ്ട്'* എന്ന് *അക്കര* കൈയെഴുത്തിൽ.

236. *'കണ്ണമംഗലത്തിന് അറക്കൽ വൈദ്യനെ കൂട്ടിക്കൊണ്ടുവരുവാൻ പോയി'* *അക്കര* കൈയെഴുത്ത്.

237. മാർ ദിവന്യാസ്യോസിന്റെ സഹോദരങ്ങൾ കടമറ്റത്തായിരുന്നു താമസം. പിൻഗാമി മാത്തൻ മാർത്തോമ്മാ മെത്രാനും അക്കാലത്ത് അവിടെയായിരുന്നു.

238. ധനു 5 ലെ മലങ്കര പള്ളിയോഗ നിശ്ചയം. ദീയസ്കോറോസിനെ മലങ്കര പള്ളിയോഗം നിരസിച്ചിരുന്നതിനാൽ മാർ ദിവന്യാസ്യോസ് കാണാൻ വിസമ്മതിച്ചു.

239. ദൈവമാതാവിനോടുള്ള ഗബ്രിയേൽ മാലാഖയുടെ വചനിപ്പിന്റെ പെരുന്നാൾ (പഴയ കണക്ക് മീനം 25, പുതിയ കണക്കിന് മാർച്ച് 25).

240. സ്ഥിരീകരണം അഥവാ മുൻപിലത്തെ ഒപ്രിശ്മ – ഇത് റോമൻ കത്തോലിക്കാ ആചാരമാണ്. മലങ്കരയിൽ ഉദയംപേരൂർ സുന്നഹദോസ് മുതൽ നടപ്പായി. കൂനൻകുരിശിനു ശേഷവും തുടർന്നു.

241. കണിയാന്ത്ര തൊമ്മി ചാണ്ടി കത്തനാർ. ഇദ്ദേഹമാണ് ഇന്നു കാണുന്ന *നിരണം ഗ്രന്ഥവരി* ക്രോഡീകരിച്ചത്.

242. അന്ത്യകൂദാശ എന്നു തെറ്റായി വിളിക്കപ്പെടുന്ന രോഗശാന്തിക്കുള്ള തൈലാഭിഷേക ശുശ്രൂഷ.

243. ഉച്ച കഴിഞ്ഞ് 3 മണി.

244. പൗരസ്ത്യ പാരമ്പര്യപ്രകാരമാണ് മാർ ദിവന്യാസ്യോസ് മരിച്ച ഉടനുള്ള കാര്യങ്ങൾ നടത്തിയത് (കാലും കൈയും മുഖവും കഴുകിക്കുക, പൂർണ അംശവസ്ത്രങ്ങൾ ധരിപ്പിക്കുക, കസേരമേൽ ഇരുത്തുക എന്നിവ). മേൽപ്പട്ടക്കാരുടെ കബറടക്കത്തിനുള്ള അന്ത്യോഖ്യൻ പാരമ്പര്യമാണിത് (മാർ യൂലിയോസ് പ്രസ് (പ്രസാ:), *വൈദികരുടെ ശവസംസ്കാര ശുശ്രൂഷാക്രമം,* പാമ്പാക്കുട, 1982, pp. 19–20 ; യൂഹാനോൻ മാർ സേവേറിയോസ്, *ശുശ്രൂഷാ സംവിധാനം*, കോട്ടയം, 1983, p. 114).

245. ഇദ്ദേഹം 1818 ൽ മാർ ദിവന്യാസ്യോസ് മൂന്നാമനായി മലങ്കര മെത്രാൻ സ്ഥാനത്ത് അഭിഷിക്തനായി.

246. മാർതോമ്മാ രണ്ടാമൻ, മാർത്തോമ്മാ അഞ്ചാമൻ ഇവരെ നിരണത്തു പള്ളിയുടെ മദ്ബഹായിൽ തെക്കും വടക്കും കബറടക്കിയിരുന്നു.

247. പൗരസ്ത്യ പാരമ്പര്യപ്രകാരം ദ്രവിച്ചു പോകുന്ന വസ്തുക്കൾ മാത്രമാണ് കബറടക്കത്തിന് ഉപയോഗിക്കുക. തടി, മെഴുക് മുതലായവ കൊണ്ട് ഉണ്ടാക്കിയ സ്ലീബാ, വടി, മാല മുതലായവയാണ് ഇന്നും മേല്പട്ടക്കാരുടെ കബറടക്കത്തിന് ഉപയോഗിക്കുന്നത്.

248. ഓശാന ഞായറാഴ്ച *അടച്ചുതുറപ്പ്* എന്നൊരു ശുശ്രൂഷ അന്ത്യോഖ്യൻ ക്രമത്തിലില്ല. എന്നാൽ പേർഷ്യൻ ക്രമത്തിൽ ഉണ്ട് (വി. റ്റി. റപ്പായി കോർ എപ്പിസ്കോപ്പാ, *വി. കുർബാനാ മിത്രം*, തൃശൂർ 1978, pp. 88-9). അക്കാലത്തും മലങ്കരയിൽ പേർഷ്യൻ ക്രമം നിലനിന്നിരുന്നു എന്നതിന്റെ തെളിവാണീ ഭാഗം.

249. മാർ ദിവന്യാസ്യോസിന്റെ പിൻഗാമി മാർത്തോമ്മാ ഏഴാമൻ എന്ന മാത്തൻ മാർത്തോമ്മാ എപ്പിസ്കോപ്പാ.

250. ഇവർ മാർ ദിവന്യാസ്യോസിന്റെ കുടുംബക്കാരും കടമറ്റം നിവാസികളുമായിരുന്നു. കൂടുതൽ വിവരങ്ങൾക്ക് *കടമറ്റത്ത് അച്ചന്മാർ* എന്ന അദ്ധ്യായം കാണുക.

251. അക്കാലത്ത് മലങ്കരനസ്രാണികളുടെ ഏറ്റവും തെക്കുള്ള പള്ളി ചാത്തന്നൂർ ആയിരുന്നു.

252. മഹാനസം – വലിയ (രാജകീയമായ) അടുക്കള.

253. റാസ എന്നത് സുറിയാനി വാക്കാണ്. രഹസ്യം എന്നാണ് അർത്ഥം. മലങ്കരയിൽ ആഘോഷമായ പ്രദക്ഷിണത്തിനാണ് ഈ പദം ഉപയോഗിക്കുന്നത്.

254. മാർ ദിവന്യാസ്യോസ് മരിച്ചശേഷം ദീയസ്കോറോസ് നിരണത്തു പള്ളിയിൽ ബലമായി കയറിയതും, അദ്ദേഹത്തിന്റെ സ്ലീബാ എടുത്തതും ആദിയായ സംഗതികൾ.

255. കൊല്ലത്തെ ബ്രിട്ടീഷ് സൈന്യമേധാവിയായിരുന്ന ലഫ്: കേണൽ ചാമേഴ്സ്.



256. വലിയ മാർ ദിവന്യാസ്യോസ്.

257. അഞ്ചാം മാർത്തോമ്മാ. നിരണത്തുവെച്ചു കാലം ചെയ്തു.

258. *നിരണം ഗ്രന്ഥവരി* ക്രോഡീകരിച്ച് എഴുതുന്നതാണ് പ്രതിപാദ്യ വിഷയം. ഇതിൽ നിന്ന് 1806 ൽ ഗ്രന്ഥവരി ഇന്നത്തെ രീതിയിൽ ക്രോഡീകരിച്ച് എഴുത്താരംഭിച്ചു എന്ന് മനസിലാക്കാം. മാർത്തോമ്മാ ഏഴാമൻ എഴുത്തിന് മേൽനോട്ടം വഹിച്ചു എന്ന് മുകളിലത്തെ വരികളിൽ നിന്ന് അനുമാനിക്കാം.

259. അന്ത്യോഖ്യൻ സുറിയാനിക്കാരുടെ മറ്റൊരു പേര്.

260. മുൻ കുറിപ്പുകൾ. 184, 201 ഇവ കാണുക. ബ്രിട്ടീഷുകാരുടെ വർദ്ധിച്ചുവരുന്ന രാഷ്ട്രീയ സ്വാധീനവും നസ്രാണികളുടെ മേൽ അവർക്കുള്ള പരിവർത്തന ലക്ഷ്യങ്ങളും മാർ ദിവന്യാസ്യോസിനെ ആശങ്കാകുലനാക്കി. വ്യക്തി വിരോധം തീർക്കാൻ ആരോടും കൂട്ടുചേരുന്ന ചില സഭാംഗങ്ങളുടെ സ്വഭാവം, ഭാവിയിൽ പ്രൊട്ടസ്റ്റന്റു വിശ്വാസം സഭയിൽ കടക്കാനും ഇടയാക്കുമെന്ന് അദ്ദേഹം ഭയപ്പെട്ടു. ഈ ഭയം അക്ഷരംപ്രതി ശരിയായി. പിൽക്കാലത്ത് പാലക്കുന്നത്ത് അബ്രഹാം മൽപ്പാൻ മുതലായവർക്ക് ചേപ്പാട്ട് മാർ ദിവന്യാസ്യോസിനോടുള്ള വിരോധം തീർക്കാനുള്ള നടപടികളുടെ ഭാഗമായി പ്രൊട്ടസ്റ്റന്റ് വിശ്വാസം സഭയിൽ കൊണ്ടുവന്നു.

261. തന്റെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് പിന്തുണ വർദ്ധിപ്പിക്കാൻ വേലുത്തമ്പി ക്രിസ്തുമത വിരോധം ഉപയോഗിച്ചു. 1808 ൽ അദ്ദേഹം പിന്തുണ തേടി സാമൂതിരിക്കയച്ച കത്തിൽനിന്നും ഇതു വ്യക്തമാണ് (പി. ശിവശങ്കരൻ നായർ, p.154).

262. നിയമാനുസൃതം എപ്പിസ്കോപ്പയായി വാഴിക്കപ്പെട്ട മാർത്തോമ്മാ ഏഴാമന് പട്ടം കൊടുക്കുന്നതിന് തടസങ്ങളൊന്നും ഇല്ലായിരുന്നു. പക്ഷേ മാർത്തോമ്മാ മെത്രാന്മാരോട് എതിർത്തുനിന്ന വിഭാഗം അദ്ദേഹത്തിന്റെ സ്ഥാന സാധുതയെ ചോദ്യം ചെയ്തു. പരദേശി മെത്രാന്മാരുടെ സഹകരണം കൂടാതെ മാർ ദിവന്യാസ്യോസ് വാഴിച്ച ഇദ്ദേഹത്തിന്റെ സ്ഥാനം പൂർണ്ണമല്ല എന്ന് ദീയസ്കോറോസും കൂട്ടരും വാദിച്ചു.

263. തിരുവിതാംകൂറും കൊച്ചിയും കപ്പം കൃത്യമായി അടയ്ക്കാഞ്ഞതിനാൽ റസിഡൻസിയിലെ നിത്യ ചിലവു പോലും ബുദ്ധിമുട്ടിലായെന്നും അതിനാലാണ് മെത്രാപ്പോലീത്തായോട് മെക്കാള കടം വാങ്ങിയതെന്നും ചില ചരിത്രകാരന്മാർ പറയുന്നു. ഈ തുകയാണ് വട്ടിപ്പണം എന്ന പേരിൽ ഇന്നും അറിയപ്പെടുന്നത്. തന്റെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് ക്രിസ്ത്യാനികളെയും ക്രിസ്തുമതത്തെയും എതിർക്കുക എന്ന നയം അന്നു സ്വീകരിച്ചിരുന്ന വേലുത്തമ്പി, മാർ ദിവന്യാസ്യോസിനു തന്റെ ശത്രുവായ മക്കാളിയുമായുള്ള സുഹൃത്ബന്ധം നസ്രാണികൾക്കെതിരെ ഒരായുധമായി ഉപയോഗിച്ചുകൂടായ്കയില്ല.

264. തിരുവിതാംകൂറിലെ മുളകുമടിശീല സർവാധികാരി വൈക്കം പത്മനാഭപിള്ളയാണ് പാലിയത്തച്ചനോടു ചേർന്ന് കൊച്ചിയിലെ റസിഡൻസി ആക്രമിച്ചത്. വേലുത്തമ്പിയുടെ സെക്രട്ടറിയായി മറ്റൊരു പത്മനാഭപിള്ള ഉണ്ടായിരുന്നു. ഗ്രന്ഥവരിയിൽ ഈ ഭാഗത്ത് ഇവരെത്തമ്മിൽ കൂട്ടിക്കുഴച്ച രീതിയിലാണ് കാണുന്നത്.

265. കൊ. വ. 984 ഡിസംബർ 30 ന് ആണ് കൊല്ലത്തെ ബ്രിട്ടീഷ് സൈന്യത്തെ അക്രമിച്ചത്.

266. കൊ. വ. 984 മകരം 1 ന് ആണ് പ്രസിദ്ധമായ കുണ്ടറ വിളംബരം വേലുത്തമ്പി പുറപ്പെടുവിച്ചത്.

267. വേലുത്തമ്പിയുടെ കലാപം കഴിഞ്ഞ് തിരുവിതാംകൂർ പട്ടാളത്തെ പൂർണമായും പിരിച്ചുവിട്ടു. 500 പേരുള്ള ഒരു അംഗരക്ഷകസേനയെ മാത്രം നിലനിർത്തി (പി. ശിവശങ്കരൻനായർ, p. 167).

268. ദീയസ്കോറോസിനോട് പലപ്പോഴും പലരും ആവശ്യപ്പെട്ടിട്ടും സ്ഥാത്തിക്കോൻ (അധികാരപത്രം) കാണിച്ചിരുന്നില്ല. അദ്ദേഹത്തിന് അങ്ങനെയൊന്ന് ഇല്ലായിരുന്നു എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കുന്നത് (ഇട്ടൂപ്പ്, p.152). നിരണത്തുവച്ച് അറസ്റ്റു ചെയ്ത്, ആലപ്പുഴയിൽ തടവിൽ പാർപ്പിച്ച ശേഷം കപ്പൽകയറ്റി അയച്ചു.

269. വലിയ മാർ ദിവന്യാസ്യോസിന്റെ.

www.malankaralibrary.com

270. ഈ മേല്പട്ട സ്ഥാനദാനത്തെപ്പറ്റി വളരെ വിവാദം ഉണ്ടായി. ഏഴാം മാർത്തോമ്മാ പെട്ടെന്നു മരണാസന്നനായപ്പോൾ അനന്തരവൻ തൊമ്മൻ കത്തനാരുടെ തലയിൽ മെത്രാന്റെ കൈവയ്ക്കുകയും ചില പട്ടക്കാർ പ്രാർത്ഥന ചൊല്ലി മെത്രാന്റെ മുടി വയ്ക്കുകയുമായിരുന്നു എന്ന് എതിർപക്ഷം വാദിച്ചു. മാർത്തോമ്മാ എട്ടാമൻ പകലോമറ്റം തറവാട്ടിലെ പെൺവഴിക്കാരനായിരുന്നു എന്നും ആരോപണം ഉണ്ടായിരുന്നു (ഇട്ടൂപ്പ്, p.154). പക്ഷേ ഇദ്ദേഹം പകലോമറ്റം കുടുംബത്തിൽ പെട്ട ആളായിരുന്നു എന്ന് ഗ്രന്ഥവരി തന്നെ സാക്ഷിക്കുന്നു (*കടമറ്റത്ത് അച്ചന്മാർ* എന്ന അദ്ധ്യായം കാണുക).

271. മാർത്തോമ്മാ നാലാമൻ മെത്രാൻ, ബസേലിയോസ് ശക്രള്ള മഫ്രിയാന എന്നിവരെ കണ്ടനാട്ടു പള്ളിയിലാണ് കബറടക്കിയിരിക്കുന്നത്.

272. 1800 ചിങ്ങം 1 ന് കണ്ടനാട്ടു കൂടിയ മലങ്കര പള്ളിയോഗം മാർത്തോമ്മാ എട്ടാമന്റെ മെത്രാൻ സ്ഥാനം അംഗീകരിച്ചു. കായംകുളം ഫീലിപ്പോസ് റമ്പാനെയും പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർക്ക് റമ്പാൻ സ്ഥാനം നൽകി അദ്ദേഹത്തെയും മെത്രാന്റെ കാര്യവിചാരകരായി നിയമിച്ചു. 1800 ചിങ്ങം 15 ന് ഇട്ടൂപ്പ് കത്തനാരെ മാർത്തോമ്മാ എട്ടാമൻ റമ്പാനാക്കി.

273. 11 നിശ്ചയങ്ങളുള്ളതും മലങ്കര നസ്രാണികളുടെ ആത്മീകവും ലൗകീകവുമായ വിഷയങ്ങളെ സ്പർശിക്കുന്നതുമായ ഈ പടിയോലയുടെ പൂർണരൂപം *നാളാഗമ*ത്തിലുണ്ട് (pp.158-65). ഈ പടിയോലയിലൂടെ അവശേഷിച്ച കൽദായ ക്രമങ്ങളെയും പുറംതള്ളുകയും പകരം അന്ത്യോഖ്യൻ ക്രമം പൂർണമായും ഔദ്യോഗികമായും അംഗീകരിക്കുകയും ചെയ്തു.

274. ഇട്ടൂപ്പ് റമ്പാനും കിടങ്ങൻ ഗീവർഗീസ് കത്തനാരും ആർത്താറ്റു പള്ളി വികാരിമാരായിരുന്നു. ഇവർ തമ്മിൽ എന്തോ പ്രശ്നമുണ്ടായിരുന്നു. ഇത് ആർത്താറ്റു പള്ളി ഭരണം സംബന്ധിച്ചാകാനാണ് സാദ്ധ്യത. മാർത്തോമ്മാ എട്ടാമനെ അനുകൂലിക്കുന്ന പള്ളിക്കാർ റസിഡന്റ് കേണൽ മൺട്രോയ്ക്ക് കൊടുത്ത പരാതിയിൽ *"യൗസേപ്പ് റംമ്പാൻ ആർത്താറ്റു പള്ളിയിലെ വരവ എടുത്തു ബോധിച്ചതുപോലെ ചിലവിട്ടു വരികയും, മെത്രാനെ കണക്കു കേൾപ്പിക്കാതെ ഇരിക്കുകയും ചെയ്കയാൽ റംമ്പാന്മാർക്കു പള്ളി ഭരിപ്പാനും പള്ളിമുതൽ ചിലവിടുവാനും സംഗതിയില്ലെന്നു മെത്രാൻ സാധനം അയച്ചതിൽ ...............'* എന്നു കാണുന്നു (ഇട്ടൂപ്പ്, p.170).

275. റമ്പാന്മാരുടെ നേതൃത്വത്തിൽ കേണൽ മൺട്രോയ്ക്ക് ആ പക്ഷത്തിൽപ്പെട്ട പള്ളിക്കാർ നൽകിയ ഹർജിയിലെ പ്രധാന ആരോപണം അദ്ദേഹത്തിനു സ്ഥാനതികവില്ല എന്നതായിരുന്നു (ഇട്ടൂപ്പ്, pp.167-9). എന്നാൽ 1810 ലെ കണ്ടനാടു യോഗം സ്ഥാനം അംഗീകരിച്ച ശേഷം അദ്ദേഹത്തിൽ നിന്നും റമ്പാൻ സ്ഥാനം ഏറ്റപ്പോഴോ തന്റെ അനന്തരവന് ശെമ്മാശുപട്ടം കൊടുപ്പിച്ചപ്പോഴോ ഇട്ടൂപ്പ് റമ്പാന് ഇദ്ദേഹത്തിന്റെ സ്ഥാനത്തിൽ സംശയമില്ലായിരുന്നു (ഇട്ടൂപ്പ്, p.157). പിന്നീടുണ്ടായ എന്തോ സംഭവമാണ് ഇവരെ ശത്രുക്കളാക്കിയത്. മലങ്കരയിൽ ആൺമക്കൾ ഇല്ലെങ്കിൽ പെൺമക്കൾക്കായിരുന്നു പിതൃസ്വത്തിനവകാശം. ഇട്ടൂപ്പ് റമ്പാൻ മുതൽപേർ അതിനുപകരം ആൺമക്കൾ ഇല്ലെങ്കിൽ പരേതന്റെ ജ്യേഷ്ഠാനുജന്മാരുടെ ആൺമക്കൾക്ക് സ്വത്തവകാശം നൽകുന്ന രീതിയിൽ തീരുമാനിക്കണമെന്നു നിർബന്ധിച്ചു. മെത്രാൻ ഇതിനെ എതിർത്തതിനാലാണ് ആ വിഷയത്തിൽ അനുഭാവികളായ ഏതാനും പേർ മെത്രാനെതിരെ തിരിഞ്ഞതെന്ന് മെത്രാന്റെ പക്ഷക്കാർ ആരോപിച്ചിരുന്നു (ഇട്ടൂപ്പ്, pp. 170-1).

ഇപ്രകാരം ഒരു വിവാദം അന്ന് നിലനിന്നിരുന്നു എന്നു തെളിയിക്കുന്ന ഒരു രേഖ കണിയാന്ത്ര കുടുംബചരിത്രത്തിലുണ്ട്. കണിയാന്ത്ര കുടുംബത്തിൽ സൂക്ഷിച്ചിരിക്കുന്നതും, പുത്തൻകാവിൽ പള്ളിക്ക് അയച്ചതും, തീയതി നഷ്ടപ്പെട്ടതുമായ മാർത്തോമ്മാ മെത്രാന്റെ ഒരു കല്പനയിൽ, ചിലയിടങ്ങളിൽ ഇപ്രകാരം ഒരു നടപ്പുണ്ടെന്നും ഇത് നസ്രാണികളുടെ പാരമ്പര്യത്തിനു വിരുദ്ധമാണെന്നും *"ആണെങ്കിലും പെണ്ണെങ്കിലും തന്റെ മക്കൾക്കത്രെ ശേഷക്രിയയ്ക്കും ദ്രവ്യത്തിനും സംഗതിയാകുന്നത്'* എന്നും കാണുന്നു (ജോസഫ് കെ. അലക്സാണ്ടർ, പ്രൊഫ., *കണിയാന്ത്ര കുടുംബചരിത്രം*, തിരുവനന്തപുരം, 1991, pp.127-8).



276. കേണൽ മൺട്രോ, 1810 ൽ തിരുവിതാംകൂറിലെ ബ്രിട്ടീഷ് റസിഡന്റായി ചാർജ്ജെടുത്തു.1811 ൽ ദിവാൻ സ്ഥാനവും ഏറ്റെടുത്തു.

277. കേണൽ മൺട്രോ, തിരുവിതാംകൂറിലെ ബ്രിട്ടീഷ് റസിഡൻസി ആറ്റിങ്ങലിനു സമീപമുള്ള നിലക്കാമുക്കിലേയ്ക്കു മാറ്റിയിരുന്നു. മെത്രാന്റെ എതിർപക്ഷത്തോട് അനുഭാവമുണ്ടായിരുന്നെങ്കിലും മാർത്തോമ്മാ എട്ടാമന്റെ അന്ത്യം വരെ വിഷയത്തിൽ തീരുമാനമെടുക്കാതെ നീട്ടിക്കൊണ്ടുപോയി.

278. *"ഇതുവരെ ആർത്താറ്റുപള്ളിയിൽ കിടങ്ങൻ വർഗീസ് കത്തനാര് മെത്രാന്റെ പക്ഷത്തിൽ നിന്നിരുന്നു. എന്നാൽ ഇട്ടൂപ്പ് റമ്പാന്റെ കൈ കയറുന്നതുകണ്ട അയാൾ മെത്രാനോട് പിണങ്ങി വടക്കുചെന്ന ആഞ്ഞൂർപള്ളിയി......"* എന്ന പ്രസ്താവന (ഇട്ടൂപ്പ്, p.175) ഈ ഭാഗം ശരിവയ്ക്കുന്നു.

279. മുൻ കുറിപ്പുകൾ 182,185 കാണുക.

280. 'മെത്രാൻകളി കാണിപ്പാനായി' ആണ് അയോഗ്യനായ കണിയാവള്ളി ഈവാനിയോസിനു മേൽപ്പട്ടം കൊടുത്തതെന്ന വാദം ശരിവെയ്ക്കുന്ന രീതിയിലാണ് അദ്ദേഹത്തെ കബറടക്കിയത്. മറ്റ് ആഞ്ഞൂർ മെത്രാന്മാരോടൊപ്പം അടക്കാതെ ഹൈയ്ക്കലയിലാണ് അദ്ദേഹത്തെ അടക്കിയത്.

281. ചീരൻ സ്കറിയ കത്തനാർ. ആർത്താറ്റ്പള്ളി വികാരിയായിരുന്ന അദ്ദേഹത്തെ പീലക്സിനോസ് എന്ന പേരിൽ 1807 ൽ വാഴിച്ചു. സ്ഥാനനാമം ദിവന്യാസ്യോസ് എന്നു ഗ്രന്ഥവരിയിൽ കാണുന്നത് തെറ്റാകാനാണ് സാദ്ധ്യത.

282. ഇദ്ദേഹം മുളന്തുരുത്തി പള്ളിയിലായിരുന്നു താമസിച്ചിരുന്നത്. അവിടെവച്ച് 1809 മെയ് 28 ന് കാലം ചെയ്തു. മുളന്തുരുത്തി പള്ളിയുടെ കുരിശുപള്ളിയായ വെട്ടിക്കൽ ദയറായിൽ കബറടക്കി.

283. കിടങ്ങൻ ഗീവറുഗീസ് കത്തനാരും ആർത്താറ്റു പള്ളിയിൽ വികാരിയായിരുന്നു. ഇദ്ദേഹവും ഇട്ടൂപ്പ് റമ്പാനും എതിരാളികളായിരുന്നു. കാട്ടുമങ്ങാട്ട് രണ്ടാമൻ കൂറിലോസ്, ചീരൻ കത്തനാരെ മെത്രാനായി വാഴിച്ച സമയം കിടങ്ങൻ കത്തനാരും ഉണ്ടായിരുന്നെന്നും അന്നവർ തമ്മിൽ ഉണ്ടാക്കിയ ഉടമ്പടി പ്രകാരമാണ് കിടങ്ങൻ കത്തനാരെ പിൻഗാമിയായി വാഴിച്ചതെന്നും ഇട്ടൂപ്പ് (p. 154). 1811 ൽ നടന്ന ഈ മെത്രാൻ വാഴ്ച്ചയെപ്പറ്റി തർക്കങ്ങൾ ഉണ്ടായെന്നും പോഞ്ഞിക്കര വച്ചു റസിഡന്റിന്റെ സാന്നിദ്ധ്യത്തിലാണ് പ്രശ്നം കേട്ടു തീർന്നതെന്നും അദ്ദേഹം പറയുന്നു. അപ്പോഴേയ്ക്കും ആഞ്ഞൂർ മെത്രാന്മാർ ഒരു പിന്തുടർച്ചാക്രമമായി മാറിയിരുന്നു.

284. മാർ പീലക്സീനോസ് ശുദ്ധനും പ്രാർത്ഥനാ മനുഷ്യനുമായിരുന്നെന്ന് സമകാലീന രേഖകൾ.

285. ഈ ഭാഗത്ത് കുറെ പ്രമാദങ്ങൾ പറ്റിയിട്ടുണ്ട്. 1815 മാർച്ച് 21 ന് ആണ് ഇട്ടൂപ്പ് റമ്പാൻ മെത്രാൻ സ്ഥാനമേറ്റത്. ഇത് ഒരു പ്രത്യേക സാഹചര്യത്തിലായിരുന്നു. 1810 ചിങ്ങം 1 ലെ കണ്ടനാട് പടിയോല രണ്ടു പഠിത്തവീടുകൾ (സെമിനാരി) സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു. മാർത്തോമ്മാ എട്ടാമൻ ഇക്കാര്യത്തിൽ ഒന്നും ചെയ്തില്ല. മുൻ കുറിപ്പ് 278 ൽ പറയുന്ന വിചാരണക്കാലത്ത് കേണൽ മൺട്രോയും ഇട്ടൂപ്പ് റമ്പാനുമായി അടുക്കുകയും തിരുവിതാംകൂർ റീജന്റ് മഹാറാണി സംഭാവന നൽകിയ സ്ഥലത്ത് റമ്പാന് പഠിത്തവീട് കെട്ടുന്നതിന് വട്ടിപ്പണത്തിന്റെ നാലു വർഷത്തെ പലിശ നൽകുകയും ചെയ്തു.

എന്നാൽ വട്ടിപ്പണപലിശ മലങ്കര മെത്രാപ്പോലീത്തായുടെ രസീതിൻമേൽ നൽകണമെന്നായിരുന്നു ചട്ടം. അതിനാൽ മദ്രാസ് ഗവർണ്മെന്റ് റമ്പാനു പലിശ കൊടുത്ത നടപടിയുടെ ക്രമരാഹിത്യത്തെ ചോദ്യം ചെയ്തു. ഈ പ്രതിസന്ധിയിൽ നിന്നു തലയൂരാൻ ഇട്ടൂപ്പ് റമ്പാനോട് മെത്രാൻ സ്ഥാനം ഏൽക്കാൻ കേണൽ മൺട്രോ ആവശ്യപ്പെട്ടു. അതനുസരിച്ചാണ് അദ്ദേഹം മേല്പട്ടസ്ഥാനം സ്വീകരിച്ചത്. 1813 കുംഭം 3 ന് ആണ് സെമിനാരിക്കു തറക്കല്ലിട്ടത്. അതിനുമുമ്പു തന്നെ കേണൽ മൺട്രോയും ഇട്ടൂപ്പ് റമ്പാനും സ്നേഹിതരായി മാറിയിരുന്നു.

www.malankaralibrary.com

കണ്ടനാട് പടിയോല *തെക്കും വടക്കും ഓരോ പഠിത്തവീടുകൾ* എന്നു നിശ്ചയിച്ചിരുന്നെങ്കിലും കോട്ടയം കരയിൽ ഗോവിന്ദപുരം പ്രവൃത്തിയിൽ മീനച്ചിലാറിന്റെ തീരത്താണ് സെമിനാരി സ്ഥാപിച്ചത്. ഇത് കേണൽ മൺട്രോയുടെ ഉപദേശപ്രകാരമാണെന്നു പറയപ്പെടുന്നു.

286. മാർത്തോമ്മാ എട്ടാമന്റെ ജീവിതകാലത്ത് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയോ അധികാരരഹിതനാക്കുകയോ ചെയ്തില്ലെങ്കിലും അദ്ദേഹത്തിന്റെ അവസാന കാലമായപ്പോഴേയ്ക്കും ജനങ്ങളിൽ ഭൂരിഭാഗവും ഇദ്ദേഹത്തിന്റെ മറുകക്ഷിയിലായിരുന്നു.

287. മാർത്തോമ്മാ എട്ടാമനോടുകൂടി കടമറ്റത്തെ പകലോമറ്റം കുടുംബശാഖ അന്യം നിന്നു. അപ്പോഴേയ്ക്കും റോമാ സുറിയാനിക്കാരും നസ്രാണികളും തമ്മിലുള്ള അകൽച്ച വർദ്ധിച്ചിരുന്നതിനാലും, പകലോമറ്റം കുടുംബവാഴ്ചയുടെ ജനപിന്തുണ ഏതാണ്ട് അസ്തമിച്ചിരുന്നതിനാലും റോമാ വിഭാഗത്തിൽപ്പെട്ട പകലോമറ്റം കുടുംബശാഖയിൽനിന്ന് ഒരാളെ കൊണ്ടുവരിക അസാദ്ധ്യമായിരുന്നു. അതിനാലാണ് പിതൃസഹോദരനായ അയിപ്പു കത്തനാരെ പിൻഗാമി ആക്കേണ്ടിവന്നത് (*കടമറ്റത്ത് അച്ചന്മാർ* എന്ന അദ്ധ്യായം കാണുക). കടമറ്റത്ത് പകലോമറ്റം മെത്രാന്മാരുടേതായി ശേഷിച്ചിരുന്ന വസ്തുവകകൾ പിന്നീട് മലങ്കര മെത്രാപ്പോലീത്തായുടെ അവകാശത്തിലായി (1840 ഏപ്രിൽ 4 ലെ കൊച്ചി പഞ്ചായത്തു വിധി Quoted by പാറേട്ട്, Vol. III, pp. 204 - 5).

288. ഇദ്ദേഹം വെട്ടിക്കൽ ഒരു കുരിശു വാഴ്ത്തിയതൊഴികെ മെത്രാനടുത്ത ഒരു കർമ്മവും ചെയ്തില്ല. അതിനു മുമ്പുതന്നെ കേണൽ മൺട്രോയുടെ സ്വാധീനത്താൽ ഇദ്ദേഹം അറസ്റ്റു ചെയ്യപ്പെട്ടു. വടിയും മുടിയും വെയ്പ്പിച്ചു. *ഇദ്ദേഹം ഒരു സാധുശീലനും പഠിത്തവും സാമർത്ഥ്യവും അധികം ഇല്ലാത്ത ആളുമായിരുന്നു* (ഇട്ടൂപ്പ്, p. 191). ഇദ്ദേഹത്തോടു കൂടി പകലോമറ്റം കുടുംബവാഴ്ച അന്യം നിന്നു. ഇദ്ദേഹം കാലംചെയ്ത തീയതി പോലും അറിയില്ല. 1818 ൽ ആണെന്നു പറയപ്പെടുന്നു.

*'കടമറ്റത്തുപോയി മൂപ്പൻ കത്തനാരായിട്ടു പാർത്തു'* (ഇട്ടൂപ്പ്, p.191). ഏതാനും വർഷം മുമ്പ് കടമറ്റത്തു പള്ളിയുടെ വടക്കേ ത്രോണോസിനു മുമ്പിൽ തറപൊളിച്ചു പണിതപ്പോൾ കണ്ടതും കടമറ്റത്ത് അച്ചന്റേത് എന്ന് പ്രചരിപ്പിച്ചതുമായ കബർ അയ്പ്പ് മെത്രാന്റേതല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ കബറിൽ പൗരസ്ത്യ മെത്രാന്മാരെ അടക്കുന്ന രീതിയിൽ ഇരുത്തിയാണ് കബറടക്കിയിരുന്നത്. കസേരയുടെ അംശവും കണ്ടെത്തി.

കടമറ്റത്ത് അച്ചനെയോ മറ്റേതൊരു കത്തനാരെയോ ഇരുത്തി അടക്കാൻ സാദ്ധ്യത ഇല്ലാത്തതിനാലും കടമറ്റത്തുപള്ളിയിൽ മറ്റു മേല്പട്ടക്കാരെ ആരെയും അടക്കിയതായി തെളിവോ പാരമ്പര്യമോ ഇല്ലാത്തതിനാലും ഇത് ഐപ്പ് മെത്രാന്റെ കബറാകാനാണ് സാധ്യത.

ബ്രിട്ടീഷ് രാജശക്തിയുടെ മുമ്പിൽ അധികാരം ഒഴിയേണ്ടിവന്നു എങ്കിലും ഐപ്പ് മെത്രാനെ മെത്രാനായിതന്നെ ബഹുമാനിക്കുകയും അന്ത്യകർമ്മങ്ങൾ നടത്തുകയും ചെയ്തു എന്നാണ് ഇതിൽ നിന്നു മനസിലാകുന്നത്.

289. തിരുവല്ല പാലിയേക്കര പള്ളി അവിടുത്തെ പോറ്റിമാരും പട്ടന്മാരും തീവെച്ചു നശിപ്പിച്ചു. അത് കേസാവുകയും കേസിൽ പ്രതികൾ ഏകദേശം 8000 രൂപ (60,000 കലിപണം) നഷ്ടപരിഹാരം നൽകണമെന്നു വിധിക്കുകയും ചെയ്തു. ഈ പണം ഈടാക്കി കേണൽ മൺട്രോ പകുതി സെമിനാരി പണിക്കു നൽകി (പാറേട്ട്, Vol. III, p.199).

290. തിരുവിതാംകൂറിലെ റസിഡന്റും ദിവാനുമായ കേണൽ മൺട്രോ രൂപം കൊടുത്ത നിയമങ്ങൾ റീജന്റ് ഗൗരി ലക്ഷ്മിഭായി മഹാറാണി 1812 ചിങ്ങം 30 നു ചട്ടവര്യോലകളായി വിളംബരം ചെയ്തു. അതിൻപ്രകാരം സ്ഥാപിതമായ കോടതികളിൽ യോഗ്യരായ നസ്രാണികളെ ജഡ്ജിമാരായി നിയമിച്ചു (*തിരുവിതാംകൂർ ചരിത്രം*, pp. 310-13). കൂടാതെ തഹസീൽദാർമാരായിട്ടും മുതൽപിടിമാരായിട്ടും നസ്രാണികളെ നിയമിച്ചിരുന്നു.

291. മാർ ദിവന്യാസ്യോസ് ദ്വിതീയൻ (പുലിക്കോട്ടിൽ), പിൻഗാമിയെ വാഴിക്കാതെയാണ് മരിച്ചത്. അദ്ദേഹത്തിനു പട്ടം കൊടുത്ത കിടങ്ങൻ മാർ പീലക്സിനോസ് അന്നും ജീവിച്ചിരിപ്പുണ്ടായിരുന്നു. കോട്ടയം സെമിനാരി സ്ഥാപിച്ചപ്പോൾ മാർ പീലക്സിനോസിനെ വരുത്തി സെമിനാരിയിൽ താമസിപ്പിക്കണമെന്ന് ഇട്ടൂപ്പ് റമ്പാൻ (മാർ ദിവന്യാസ്യോസ്)



ആഗ്രഹിച്ചെങ്കിലും അന്നു ഭരിച്ചിരുന്ന എട്ടാം മാർത്തോമ്മാ എതിർത്തതിനാൽ നടന്നില്ല (ഇട്ടൂപ്പ്, p.188). മാർ ദിവന്യാസ്യോസിന്റെ കാലശേഷം മാർ പീലക്സിനോസിനെ വരുത്തി മലങ്കര മെത്രാനായി നിയമിച്ചു. കോട്ടയത്തുണ്ടായിരുന്ന ബ്രിട്ടീഷ് മിഷനറിമാരാണ് ഇതിനു മുൻകൈ എടുത്തത്. കൊ. വ. 992 ധനു 26 നു ആണ് തിരുവിതാംകൂർ സർക്കാർ വിളംബരം പുറപ്പെടുവിച്ചത്.

292. വൃദ്ധനായ മാർ പീലക്സിനോസിനു ഭരണപ്രാപ്തി പോരാ എന്നു സ്വയം തോന്നിയതിനാലാകണം, യോഗ്യനും ചെറുപ്പക്കാരനുമായ പുന്നത്ര കുര്യൻ കത്തനാരെ തന്റെ അർക്കദ്യക്കോനായി നിയമിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു (പാറേട്ട്, Vol. III, p. 140). കൊ. വ. 992 മകരം 10 നു കോട്ടയം ചെറിയപള്ളിയിൽ കൂടിയ മലങ്കര പള്ളിയോഗം 32 വയസു മാത്രം പ്രായമുണ്ടായിരുന്ന പുന്നത്ര കുര്യൻ കത്തനാരെ തിരഞ്ഞെടുത്ത് വികാരി ജനറാളായി നിയമിച്ചു. നൂതനമായ 'വികാരി ജനറൽ' എന്ന സ്ഥാനനാമത്തിനു പിമ്പിൽ ആംഗ്ലിക്കൻ മിഷനറിമാരുടെ സ്വാധീനം കാണാം.

293. നാട്ടുകാരനായ ബിഷപ്പ്. ഇവിടെ മാർ പീലക്സിനോസ്.

294. വാഴ്ച നടന്നത് കൊ. വ. 993 തുലാം 26 നു എന്ന് പാഠാന്തരം (ഇട്ടൂപ്പ്, p. 194). അദ്ദേഹത്തെ അംഗീകരിച്ചുകൊണ്ടുള്ള രാജകീയ വിളംബരം പുറപ്പെടുവിച്ചത് കൊ. വ. 993 ധനു 18 ന് ആണ് (പാറേട്ട്, Vol. III, p. 142).

295. പരിഷ്കൃതാശയനും, ചെറുപ്പക്കാരനും, മിഷനറിമാരുമായി സൗഹൃദത്തിലുമായിരുന്ന ഇദ്ദേഹം പ്രൊട്ടസ്റ്റന്റു നവീകരണത്തിനു കൂട്ടുനിൽക്കുമെന്ന് മിഷനറിമാർ കരുതിയിരിക്കണം. സെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ മാർ ദിവന്യാസ്യോസ് മിഷനറിമാരുടെ സഹായം സ്വീകരിച്ചെങ്കിലും അവർ സെമിനാരിയിൽ താമസിക്കാൻ അനുവദിച്ചില്ല. അദ്ദേഹത്തിന്റെ കാലശേഷം 1817 മുതൽ ബ്രിട്ടീഷ് മിഷനറിമാർ സെമിനാരിയിൽ താമസമുറപ്പിച്ചെങ്കിലും പുന്നത്ര മാർ ദിവന്യാസ്യോസ് പ്രൊട്ടസ്റ്റന്റ് നവീകരണത്തിന് എതിരായിരുന്നു. 1818 ഡിസം. മൂന്നിന് മാവേലിക്കരയിൽ ഇദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന മലങ്കര പള്ളിയോഗം ബ്രിട്ടീഷ് മിഷനറിമാരുടെ പ്രൊട്ടസ്റ്റന്റ് പരിഷ്കരണ ശ്രമങ്ങൾ തള്ളിക്കളഞ്ഞു (പാറേട്ട്, Vol. III, p. 94).

296. പുന്നത്ര മാർ ദിവന്യാസ്യോസിനെ വാഴിച്ചെങ്കിലും കിടങ്ങൻ മാർ പീലക്സീനോസ് മലങ്കര മെത്രാപ്പോലീത്ത എന്ന സ്ഥാനം ഉപേക്ഷിച്ചിരുന്നില്ല. പുന്നത്ര മാർ ദിവന്യാസ്യോസിനെ അദ്ദേഹത്തിന്റെ സഹായി ആയിയാണ് നിയമിച്ചത് (ഇ. എം. ഫിലിപ്പ്, p. 193). അതിനാൽ മാർ പീലക്സീനോസ് ഈ അവസ്ഥയിൽ സ്വയം അധികാരം പ്രാപിച്ചു.

297. തങ്ങളോട് അനുഭാവമുള്ള ഒരു മെത്രാൻ വേണമെന്ന് മിഷനറിമാർ ആഗ്രഹിച്ചു. വടക്കരും തെക്കരും ഓരോരുത്തരുടെ പേർ നിർദ്ദേശിച്ചു. അപ്രകാരം തർക്കം ഉണ്ടായതിനാൽ ചീട്ടിടുവാൻ മലങ്കര പള്ളിയോഗം തീരുമാനിച്ചു. കോനാട്ട് ഏബ്രഹാം മല്പാൻ, കല്ലൂപ്പാറ അടങ്ങപ്രത്ത് യൗസേഫ് കത്തനാർ, കോട്ടയം എരുത്തിക്കൽ മർക്കോസ് കത്തനാർ, ചേപ്പാട് ആഞ്ഞിലിമൂട്ടിൽ പീലിപ്പോസു കത്തനാർ എന്നിങ്ങനെ നാലുസ്ഥാനാർത്ഥികൾ ഉണ്ടായിരുന്നതായും പറയുന്നു (ഉമ്മൻ, പി. എ., *ചേപ്പാട് മാർ ദിവന്യാസ്യോസ്*, ചേപ്പാട്, 1956, p.19)

298. പുന്നത്ര മാർ ദിവന്യാസ്യോസിന്റെ 40-ാം ദിവസം അടിയന്തരം നടന്ന 1825 മിഥുനം 15 ന് ആണ് മലങ്കര പള്ളിയോഗം കൂടിയത്. 1825 ചിങ്ങം 25-ന് ആണ് പള്ളിപ്പാട് മാർ ദിവന്യാസ്യോസിനെ (പിൽക്കാലത്ത് ഇദ്ദേഹം മാർ ദിവന്യാസ്യോസ് നാലാമൻ, ചേപ്പാട്, എന്നറിയപ്പെട്ടു) വാഴിച്ചത് (ഉമ്മൻ പി. എ., *Op. cit.*, pp. 21-2). കിടങ്ങൻ മാർ പീലക്സീനോസ് 1829 ൽ കാലം ചെയ്യുന്നതുവരെ ഇദ്ദേഹത്തിനു മലങ്കര മെത്രാനായി രാജകീയ വിളംബരം കൊടുത്തില്ല. കൊ. വ. 1004 (1829) കുംഭം 30-നു മാത്രമാണ് വിളംബരം പ്രസിദ്ധപ്പെടുത്തിയത്.

299. ഈ റമ്പാന്റെ പേർ സൂബോറ എന്നായിരുന്നു. കോട്ടയത്തേയ്ക്കു പോരുന്നതിനു മുമ്പ് വൃശ്ചികം 9-നു അത്താനാസ്യോസ് ബ്രിട്ടീഷ് റസിഡന്റ് കേണൽ ന്യൂവാളിനെ സന്ദർശിച്ച്, നാട്ടു മെത്രാൻമാരെ സസ്പെന്റ് ചെയ്ത്, തന്നെ മലങ്കരയുടെ ഭരണാധികാരം

www.malankaralibrary.com

ഏൽപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. ന്യൂവാൾ ഈ ആവശ്യം നിരസിച്ചു. എന്നാൽ പള്ളികൾ സന്ദർശിക്കുന്നതിനുള്ള അനുവാദം നൽകി. വൃശ്ചികം 10-ന് കോട്ടയത്തെത്തി (ഉമ്മൻ പി. എ. *Op. cit*, p. 24)

300. കായംകുളം പീലിപ്പോസ് റമ്പാന്റെ.

301. മുൻകുറിപ്പ് 296 കാണുക. അന്ന് യഥാർത്ഥ ഭരണാധികാരി കിടങ്ങൻ മാർ പീലക്സീനോസ് തന്നെ ആയിരുന്നു.

302. ഇവ അന്ത്യോഖ്യൻ പാരമ്പര്യത്തിൽ മേൽപ്പട്ടക്കാരുടെ സിംഹാസനാരോഹണത്തിനുള്ള ക്രമത്തിലെ കർമ്മങ്ങളാണ്.

303. കാട്ടുമങ്ങാട്ടു കൂറിലോസിനെ വലിയ മാർ ദിവന്യാസ്യോസ് വടിയും മുടിയും വെയ്പ്പിച്ചതിനാൽ അദ്ദേഹത്തിന്റെ  മേല്പട്ടസ്ഥാനം പൊയ്പ്പോയി എന്നായിരുന്നു അന്നത്തെ അന്ത്യോഖ്യൻ പക്ഷപാതികളുടെ വാദം. അന്ത്യോഖ്യൻ മേല്പട്ടക്കാർ സമീപകാലം വരെയും മുടക്കപ്പെട്ട മേല്പട്ടക്കാരെപ്പറ്റി ഇപ്രകാരം കരുതിയിരുന്നു. സ്വന്തം സഭാനിയമങ്ങളിലെ അജ്ഞതമൂലമാണ് അവർ അങ്ങനെ കരുതിയിരുന്നത്. മുടക്കുമൂലം പട്ടത്വം ഇല്ലാതാകുന്നില്ല എന്നാണ് പുരാതന സഭകളുടെ വിശ്വാസം.

മുഷ്കനായ അത്താനാസ്യോസ് *'മെത്രാൻമാരുടെ ചുവന്ന കുപ്പായം ഇനി ചുമപ്പിക്കാതെ കീറിക്കളയുമെന്നും മറ്റും പറഞ്ഞതിൽ വെച്ച് ...."* (ഇട്ടൂപ്പ്, p. 202). നാട്ടുകാരായ *സിദ്ധാന്ത ഗുരുദ്രോഹികളാണ്* അത്താനാസ്യോസിനെ പറഞ്ഞു തിരിപ്പിച്ചതെന്നും ഇട്ടൂപ്പ് പറയുന്നു. കോനാട്ടു മല്പാനും ഇടവഴിക്കൽ പീലിപ്പോസു കത്തനാരുമായിരുന്നു വിരുദ്ധരുടെ നേതാക്കളെന്ന് ബിഷപ്പ് ബ്രൗൺ. പക്ഷേ കൊച്ചിയിൽ വന്നിറങ്ങിയ അത്താനാസ്യോസ് റെസിഡന്റിനെ കണ്ടപ്പോഴെ നാട്ടു മെത്രാൻമാർക്ക് സ്ഥാനമില്ലെന്നും തനിക്ക് അധികാരം തരണമെന്നും വാദിച്ചു. റസിഡന്റ് ആ വാദം നിരസിച്ചു. "The metropolitan you thus praise is an imposter, not fit to wipe my shoes and if  I can meet him, I will make him to kiss my feet" എന്നായിരുന്നു അത്താനാസ്യോസിന്റെ മറുപടി. (Augur, p.117).

304. അത്താനാസ്യോസ് മെത്രാൻമാർക്കു കൊടുത്ത കത്തിൽ അവരെ കത്തനാർമാർ എന്ന നിലയിൽ മാത്രമാണ് സംബോധന ചെയ്തിരുന്നത്. അപ്രകാരം ഒരു കത്ത് സ്വീകരിച്ചാൽ തങ്ങൾക്ക്  മെത്രാൻ സ്ഥാനമില്ലെന്നു സ്വയം അംഗീകരിക്കുന്നതിനു തുല്യമാവും എന്നതിനാൽ അവർ നിരസിച്ചു (Howard, G. B, Rev., *The Christians of St. Thomas and their Liturgies*, London, 1864, p. 69).

305.  ബ്രിട്ടീഷ് മിഷിനറിയായിരുന്ന റവ. ജോസഫ് ഫെൻ അന്ന് സെമിനാരി അദ്ധ്യാപകനായി സെമിനാരിയിൽ താമസമായിരുന്നു.

306. ധനു 13 ന് ആരംഭിച്ച  മലങ്കര പള്ളിയോഗം പിരിഞ്ഞിരുന്നില്ല അവരുടെ സാന്നിദ്ധ്യത്തിലാണ് മുടക്ക് പ്രഖ്യാപിച്ചത്.

307.  നാട്ടുമെത്രാൻമാരെ സഹായിച്ചിരുന്ന റവ. ജോസഫ് ഫെന്നിനെ തന്റെ വാദം അറബിയിൽ നിന്നും നേരിട്ട് പരിഭാഷപ്പെടുത്തി ബോദ്ധ്യപ്പെടുത്താൻ ആലപ്പുഴ നിന്നും അറബിദ്വിഭാഷികളെ അത്താനാസ്യോസ് വരുത്തി.

308. മുൻകുറിപ്പ് 290 കാണുക. കേണൽ മൺട്രോ തിരുവിതാംകൂറിൽ കോടതികൾ ഏർപ്പെടുത്തിയതിനെ തുടർന്ന് ധാരാളം സുറിയാനി ക്രിസ്ത്യാനികളെ ജഡ്ജിമാരായി നിയമിച്ചിരുന്നു. കൊച്ചിയിലും അദ്ദേഹത്തിന്റെ ഭരണ പരിഷ്കാരത്തെ തുടർന്ന് ക്രിസ്ത്യൻ ജഡ്ജിമാരെ നിയമിച്ചു. 1836-ൽ മാവേലിക്കര കൂടിയ മലങ്കര പള്ളിയോഗം പ്രൊട്ടസ്റ്റന്റ് വിശ്വാസം സ്വീകരിക്കുവാനുള്ള മിഷനറിമാരുടെ അന്ത്യശാസനം തള്ളുകയും അവരുമായുള്ള ബന്ധം അവസാനിപ്പിക്കുകയും ചെയ്തതിന്റെ പ്രതികാരമായി തിരുവിതാംകൂറിലെയും കൊച്ചിയിലെയും മുഴുവൻ ക്രിസ്ത്യാനി ജഡ്ജിമാരെയും ഒറ്റദിവസം പിരിച്ചുവിട്ടു.

309. ബ്രിട്ടീഷ് റസിഡന്റ് കേണൽ ന്യൂവാൾ.

310. ഇതിനേപ്പറ്റി ഹോവാർഡിന്റെ വിവരണം ഇപ്രകാരമാണ്. *"കോട്ടയം ചെറിയപള്ളിയിൽ കൂടിയിരുന്ന മലങ്കര പള്ളിയോഗത്തോട് തന്നെ അനുസരിക്കുന്നതായും നാട്ടുമെത്രാൻമാരെ തിരസ്ക്കരിക്കുന്നതായും ഒരു പടിയോല നൽകണമെന്ന് ആവശ്യപ്പെട്ടു. യോഗം വഴങ്ങാഞ്ഞതിൽ പള്ളി പുറത്തുനിന്നും പൂട്ടി ഒപ്പിടാതെ തുറന്നു വിടില്ലെന്നു ശഠിച്ചു. അവസാനം ഒരു അനുരഞ്ജനമെന്ന നിലയിൽ അത്താനാസ്യോസ് നാട്ടുമെത്രാൻമാരുടെ സഹായിയായി അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ അയക്കപ്പെട്ടതാണെന്നും ആ രീതിയിൽ അനുസരിച്ചു കൊള്ളാമെന്നും മാത്രം സമ്മതിച്ച് പടിയോല എഴുതിക്കൊടുത്ത് യോഗം രക്ഷപെട്ടു* (Howard, G. B., Op. Cit., p. 69). നാട്ടുകാരായ *സിദ്ധാന്ത ഗുരുദ്രോഹികളുടെ* സഹായമില്ലാതെ ഇത്തരം ഒരു നടപടി അസാധ്യമായിരുന്നു.



311. അന്ത്യോഖ്യൻ മെത്രാൻമാർ മെത്രാപ്പോലീത്താ സ്ഥാനത്തേക്കുയർത്തിയ വലിയ മാർ ദിവന്യാസ്യോസിന്റെ കാലശേഷം മലങ്കരയിൽ നൽകിയിട്ടുള്ള പട്ടമെല്ലാം അസാധുവാണെന്ന് അത്താനാസ്യോസ് പ്രഖ്യാപിച്ചു. 20 വർഷത്തിലധികം പട്ടക്കാരായിരുന്നവർക്കുപോലും അഴിച്ചു പട്ടംകൊടുത്തു.

312. അന്ത്യോഖ്യൻ രീതിയിൽ ഉള്ള സ്ഥാനവസ്ത്രങ്ങളാണ് ഇവിടെ പ്രതിപാദ്യം.

313. മലങ്കരയിലെ പഴയ പള്ളികളിൽ മൂന്നു ബലിപീഠങ്ങൾ (ത്രോണോസ്) ഉണ്ടായിരുന്നു. പ്രധാന ത്രോണോസ് മദ്ബഹയ്ക്കുള്ളിലും ചെറിയവ രണ്ടും മദ്ബഹയ്ക്കു താഴെ തെക്കും വടക്കും  ആയിരുന്നു. ഇവ പൊളിച്ച് പ്രധാന മദ്ബഹയ്ക്കകത്തു വച്ചു. അന്ത്യോഖ്യൻ സഭയിൽ 3 ത്രോണോസ് എന്ന പതിവില്ല.

314. റവ. ജോസഫ് ഫെന്നും, റവ. ബെഞ്ചമിൻ ബെയ്ലിയും. ഇവരുടെ അക്കാലത്തെ നിലപാട് *"their (the missionaries) influence appears to have been used, as would be most natural, in favour of the native metropolitans; and they may have carried their interference rather too far"* (Howard, G. B, *Op.Cit*. p. 70).

315. കല്പന എഴുതുക മാത്രമല്ല, പുതുപ്പള്ളിപള്ളിയിൽ വെച്ച് കുർബാനയ്ക്ക് ഇടയിൽ നാട്ടുമെത്രാൻമാരുടെ പേരുകൾ അനുസ്മരിച്ച ഒരു ബാലനെ തള്ളി മറിച്ചിടുകയും ചെയ്തു (ഉമ്മൻ, പി. എ., *op. cit*. p. 26).

316. മുൻകുറിപ്പ് 291 കാണുക.

317. സർക്കാർ അംഗീകരിച്ച മെത്രാന്മാരെ എതിർത്തവർക്കെതിരെ സർക്കാർ കേസെടുത്തു. തങ്ങളോടു  സ്വീകരിച്ച അതേ നയം നാട്ടു മെത്രാൻമാരും സ്വീകരിച്ചു. എതിർത്തു നിന്നവരെ മുടക്കി. വിളംബരമുള്ള മെത്രാനെ എതിർത്തവർ സർക്കാർ ശിക്ഷയ്ക്കു വിധേയരായി.

318. കണിയാന്ത്ര തൊമ്മി ചാണ്ടി കത്തനാർ. ഇദ്ദേഹം മെത്രാൻമാരുടെ പക്ഷത്തായിരുന്നു.

319. തിരുവിതാംകൂർ ദിവാൻ വെങ്കിട്ടറാവുവും, റസിഡന്റ് കേണൽ ന്യൂവാളും.

320. കുംഭം 28-നു കോട്ടയത്തുനിന്നും പുറപ്പെട്ടു. 1825 മീനമാസം 4 നു കൊച്ചിയിൽ നിന്നും കപ്പൽ കയറി (*നാളാഗമം*, pp. 183-4). മീനം 20-നു കോട്ടയം ചെറിയ പള്ളിയിൽ നിന്നും ഇറക്കി. 1000 കലിപണം സർക്കാരിൽ നിന്നു യാത്രചിലവു കൊടുത്തു (ഇട്ടൂപ്പ്, p. 203). *ഇപ്പോൾ തന്നെ.......* എന്നു തുടങ്ങുന്ന വാചകത്തിൽ കുറച്ചു ഭാഗം *അക്കര കൈയെഴുത്തിൽ* ഇല്ല.

321. നാളാഗമത്തിലെ പരാമർശം അനുസരിച്ച് അത്താനാസ്യോസിനെ  നാടുകടത്തുന്നതിനു മുമ്പുതന്നെ കോനാട്ടു മല്പാൻ മുതൽ പേർ തടവിലായിരുന്നു.

322. പിഴശിക്ഷ ലഭിച്ച ഇടവഴിക്കൽ ഫീലിപ്പോസു കത്തനാരുടെ ഡയറിയിൽ ഇപ്രകാരം കാണുന്നു. *''കോനാട്ടു മല്പാന് കലിപണം 540, ഞാൻ കലിപണം 540, കോട്ടയത്ത് തെക്കെതലയ്ക്കൽ കത്തനാർ പണം 250, പാലക്കുന്നത്ത് അബ്രഹാം കത്തനാർ പണം 250"* (മലങ്കര ഇടവക പത്രിക, 1075, മേടം. പുസ്തകം 9, ലക്കം 4).

323. തൊഴിയൂർ യോഗത്തിന്റെ അപേക്ഷ പ്രകാരവും മാർ പീലക്സീനോസ് നിർദ്ദേശിച്ചതനുസരിച്ചുമാണ് കുത്തൂർ ഗീവർഗീസ് കത്തനാരെ മാർ കൂറിലോസ് എന്ന പേരിൽ അവിടെ മെത്രാനായി വാഴിച്ചത്. അദ്ദേഹത്തെ 1836-ലെ മാവേലിക്കര പടിയോലയിൽ മാർ ദിവന്യാസ്യോസിന്റെ അനന്തരവൻ എന്നാണ് വിശേഷിപ്പിക്കുന്നത്. രണ്ടു മെത്രാസനങ്ങളും തമ്മിലുള്ള ബന്ധം അപ്പോഴേക്കും അത്ര സഹോദര നിർവിശേഷം ആയിരുന്നു (വർഗീസ് കശീശ, കെ. സി., *മലബാർ സ്വതന്ത്ര സുറിയാനി സഭാചരിത്രം*, കുന്നംകുളം, pp. 70-1).

www.malankaralibrary.com

324. 1811 ൽ ബോംബെയിലെ കൂറിയർ പ്രസിലാണ് അച്ചടിച്ചത്. ഇന്നു *റമ്പാൻ ബൈബിൾ* എന്നറിയപ്പെടുന്ന ഈ ബൈബിൾ 1815 ൽ കേരളത്തിൽ കൊണ്ടുവന്ന് പള്ളികൾക്ക് വിതരണം ചെയ്തു.

325. ഇംഗ്ലണ്ടിൽ നിന്നും കൊണ്ടുവന്ന ഒരു പ്രസ്സ് ആവശ്യത്തിനു മതിയാകാതെ വന്നതിനാൽ ബെഞ്ചമിൻ ബെയ്‌ലി മറ്റൊരു പ്രസ്സ് ഉണ്ടാക്കി. കോട്ടയം സി. എം. എസ്സ്. പ്രസ്സിൽ അതിന്നും സൂക്ഷിക്കുന്നുണ്ട്. പുതിയ മലയാളം അക്ഷരങ്ങളും അദ്ദേഹം രൂപകല്പന ചെയ്ത് വാർപ്പിച്ചെടുത്തു (Kerala Society Papers, Series. IV, pp. 214-6).

മലയാളം പുതിയ നിയമം പ്രസിദ്ധീകരിച്ചത് 1829 ലാണ്. അതിനുമുമ്പ് ഗ്രന്ഥവരിയുടെ ഈ ഭാഗം എഴുതി പൂർത്തിയായി.

## 04. കടമറ്റത്ത് അച്ചന്മാർ

1. മുൻ കുറിപ്പ് 03.01. *മാർ സാബോർ മാർ അഫ്രോത്ത്* കാണുക.

2. ദേവത പിടിത്തം – മന്ത്രവാദം. മാറാവാൻ, മാർ ആബോ എന്നതിന്റെ ദുഷിത രൂപമാകണം. മന്ത്രവാദം, കണ്ണുചികിത്സ ഇവയിൽ മാറാവാൻ പ്രഗൽഭനായിരുന്നുവത്രെ. ഇദ്ദേഹത്തിൽ നിന്നും ആദ്യത്തെ കടമറ്റത്തു കത്തനാർ മന്ത്രവാദം പഠിച്ചു. തേവലക്കര വൈദ്യൻവീട്ടുകാർ കണ്ണു ചികിത്സയും. പിൽക്കാലത്ത് തേവലക്കര വൈദ്യൻമാർ തിരുവിതാംകൂർ രാജാവിന്റെ ഔദ്യോഗിക കണ്ണു വൈദ്യന്മാരായി.

3. വിലമംഗലത്തു സ്വാമിയാർമാരുടെ കാര്യം പോലെ കടമറ്റത്തച്ചനും ഒരാളല്ല. ഒരു പരമ്പരയാണെന്നു ഈ ഭാഗം വെളിവാക്കുന്നു. മന്ത്രവാദത്തിൽ *കടമറ്റം രീതി* എന്നൊരു ഇനം തന്നെയുണ്ട്. കടമറ്റത്തച്ചനെപ്പറ്റിയുള്ള ഐതീഹ്യങ്ങൾ ഈ പരമ്പരയിലെ പല വൈദികരുടെ കർമ്മങ്ങളാകണം.

4. മാർ ഈവാനിയോസ് ഹദിയള്ള (1785-94).

5. പണ്ട് മലങ്കര നസ്രാണികളുടെ പള്ളിയോഗങ്ങൾ ഒരിനം നിയന്ത്രിത ജനാധിപത്യമായിരുന്നു. ഒരു ഇടവകയിലെ പ്രമുഖ കുടുംബങ്ങൾക്കു മാത്രമായിരുന്നു കൈക്കാരസ്ഥാന അവകാശം. ഇത് പള്ളി സ്ഥാപിച്ച കുടുംബങ്ങളോ പിൽക്കാലത്ത് പ്രമുഖരായ കുടുംബങ്ങളോ ആകാം. അവരിൽ നിന്നു മാത്രം രണ്ടോ നാലോ പേരെ നിശ്ചിത കാലത്തേയ്ക്കു കൈക്കാരൻമാരായി തിരഞ്ഞെടുക്കുകയായിരുന്നു പതിവ്. എല്ലാ കുടുംബങ്ങൾക്കും തുല്യ അവകാശമുള്ള പള്ളികളും ഉണ്ടായിരുന്നു. ഇവിടെ നാലു കുടുംബങ്ങളിൽ നിന്നും ഈരണ്ടു പേരെയാണ് കൈക്കാരൻമാരായി തിരഞ്ഞെടുക്കുന്നത്.

6. മുൻ കുറിപ്പ് (5) കാണുക. പള്ളിഭരണം എല്ലാ കുടുംബങ്ങൾക്കുമായി മാറി.

7. പകലോമറ്റം കുടുംബത്തിന്റെ മൂലസ്ഥാനം ഏതാനും നൂറ്റാണ്ടുകളായി കുറവിലങ്ങാട് ആയിരുന്നു. അവിടെ നിന്നും ഒരു ശാഖ 1783-ൽ പാലായ്ക്കടുത്ത് കുറിച്ചിത്താനത്തേയ്ക്കു മാറി താമസിച്ചു. കുറവിലങ്ങാടാകട്ടെ പകലോമറ്റം കുടുംബം ഇക്കാലത്ത് അന്യം നിന്നു. തുടർന്ന് കുറിച്ചിത്താനത്തുനിന്നും തിരിച്ച് ദത്തു കയറ്റുകയായിരുന്നു (കൂടുതൽ വിവരങ്ങൾക്ക് *സെന്റ് തോമസും പകലോമറ്റം കുടുംബവും (കുറിച്ചിത്താനം)* എന്ന ഗ്രന്ഥം കാണുക)

8. മലങ്കര നസ്രാണികളുടെ ഇടയിൽ പ്രബലമായ ഐതീഹ്യമനുസരിച്ച് മാർതോമാ ശ്ലീഹാ പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയാങ്കൽ എന്നീ നമ്പൂതിരി കുടുംബങ്ങളെ ക്രൈസ്തവരാക്കിയെന്നും അവർക്ക് പൗരോഹിത്യം (ചിലർ രണ്ടു കുടുംബത്തിനെന്നും ചിലർ നാലു കുടുംബത്തിനെന്നും) നൽകിയെന്നും പറയുന്നു. എന്നാൽ ക്രിസ്തു വർഷം ഒന്നാം ശതകത്തിൽ കേരളത്തിൽ ബ്രാഹ്മണരോ ഹിന്ദു മതമോ ഇല്ലായിരുന്നു എന്നതിനാൽ ഈ ഐതീഹ്യം കപടമാണെന്നു ചിലർ ചൂണ്ടിക്കാണിക്കുന്നു. അക്കാലത്ത് മതപരിവർത്തനം ചെയ്ത പ്രബല കുടുംബങ്ങൾ, പിന്നീട് കേരളത്തിന്റെ ഹൈന്ദവവൽക്കരണ കാലത്ത് തങ്ങൾ മുമ്പ് ബ്രാഹ്മണരായിരുന്നു എന്ന് അവകാശപ്പെട്ടതാവണം.

9. എ. ഡി. 345 ലെ ക്നായിത്തൊമ്മൻ കുടിയേറ്റകാലത്ത് കുടിയേറിയവരിൽ പ്രമാണികൾ നാട്ടിലുണ്ടായിരുന്നവരിൽ പ്രമുഖരുമായും വന്നവരിൽ പര്യപ്പെട്ടവർ ഉണ്ടായിരുന്നവരിൽ അടിമകളുമായും ബന്ധുത കൂടിയെന്നും പ്രമാണികൾ വടക്കും ഭാഗരെന്നും പര്യപ്പെട്ടവർ തെക്കും ഭാഗരെന്നും അറിയപ്പെടുന്നുയെന്നും *നാളാഗമം*. ക്നാനായക്കാർ കൂടിക്കലർപ്പില്ലാത്ത വിദേശികളാണെന്ന നവീനവാദത്തിനു വിരുദ്ധമാണിത്.



10. വില്യാർ വട്ടം – ഒരിക്കൽ നില നിന്നിരുന്നതും പോർട്ടുഗീസുകാരുടെ വരവിനു മുമ്പ് അസ്തമിച്ചു പോയതായും ചിലർ വിശ്വസിക്കുന്ന ഒരു ക്രൈസ്തവ രാജവംശം. ഇപ്രകാരം ഒരു ഇടപ്രഭു ഉണ്ടായിരുന്നു എന്നതിനും അതു ക്രൈസ്തവമായിരുന്നു എന്നതിനും ഇനിയും മതിയായ തെളിവുകൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

11. 20 -ാം നൂറ്റാണ്ടിന്റെ ആദ്യ കാലത്തു വരെയും മലങ്കര മെത്രാൻമാരുടെ പൊതു കല്പന ആരംഭിക്കുന്നത് *മലംകരെ, അങ്കമാലി നിരണം മുതലായ പള്ളിക്കാർക്ക്* എന്നായിരുന്നു. സഭയെ പൊതുവായി പറഞ്ഞു വന്നതും *അങ്കമാലി നിരണം മുതലായ ഇടവകകൾ* എന്നാണ്. നിരണം മാർത്തോമ്മാ മെത്രാൻമാരുടെ ആസ്ഥാനമായതോടെയാവണം രണ്ടാം സ്ഥാനം ലഭിച്ചത്.

12. എ. ഡി. 4-ാം നൂറ്റാണ്ടിൽ ആ പള്ളി സ്ഥാപിച്ചു എന്നാണ് കുറവിലങ്ങാട് പള്ളി ചരിത്രത്തിൽ പറയുന്നത് (ഫാ. തോമസ് മണർകാട്ട്, *പുരാതന പ്രസിദ്ധമായ പുണ്യതീർത്ഥം*, കുറവിലങ്ങാട്). ഗ്രന്ഥവരിയിലെ കാലഗണന പരിഗണിച്ചാൽ 11-ാം നൂറ്റാണ്ടിനു ശേഷമാണ് കുറവിലങ്ങാടു പള്ളിവെച്ചത്. കുറവിലങ്ങാട് പകലോമറ്റം കുടുംബത്തിൽ നിന്നു പരമ്പരയാ വന്ന അർക്കദ്യക്കോന്മാർ നൂറ്റാണ്ടുകളോളം ഭരിച്ചിട്ടും, 17-ാം നൂറ്റാണ്ടിൽ കൂനൻകുരിശു സത്യത്തിനു ശേഷവും, അങ്കമാലിയായിരുന്നു അവരുടെ തലസ്ഥാനം. ഇതിൽ നിന്നും കുറവിലങ്ങാടിനേക്കാൾ പുരാതനമായ കുടിയിരിപ്പ് അങ്കമാലി ആണെന്നു സിദ്ധിക്കുന്നു. കൊല്ലവർഷം 4-ാം നൂറ്റാണ്ടിൽ (1125-1225) കുറവിലങ്ങാടു പള്ളി സ്ഥാപിച്ചു എന്നു വിചാരിക്കുന്നതാവും കൂടുതൽ യുക്തി.

13. പ്രഥമ റോമാ സുറിയാനി മെത്രാനും മാർതോമ്മാ ഒന്നാമൻ മെത്രാന്റെ മച്ചുനനുമായ പറമ്പിൽ ചാണ്ടി, പനംകുഴെ ശാഖയിൽപ്പെട്ട ആളായിരുന്നു.

14. 18-ാം നൂറ്റാണ്ടിന്റെ അന്ത്യ പാദത്തിൽപോലും നസ്രാണികളും റോമാ സുറിയാനിക്കാരും തമ്മിൽ കാര്യമായ വൈജാത്യങ്ങളില്ലായിരുന്നു. രണ്ടു കൂട്ടരും തവണ വെച്ചു നടത്തുന്ന പള്ളികളും അനേകമായിരുന്നു. റോമാ സുറിയാനിക്കാർ ലത്തീനിലേയ്ക്കും, നസ്രാണികൾ അന്ത്യോഖ്യൻ ക്രമങ്ങളിലേക്കും കൂടുതൽ ചാഞ്ഞതോടെയാണ് അകൽച്ച വർദ്ധിച്ചു വന്നത്.

15. ഈ വാചകം *അക്കര കൈയെഴുത്തിൽ* ഇല്ല. ഈ ഭാഗത്തിന്റെ രചയിതാവ് മേപ്രാൽ കണിയാത്ര തൊമ്മി ചാണ്ടി കത്തനാരാണെന്നുള്ളതിന്റെ സൂചനയാവാം. കണിയാന്ത്ര കുടുംബക്കാർ കുറവിലങ്ങാട്ടുനിന്നു കുടിയേറിയതായി അവർ അവകാശപ്പെടുന്നില്ല. അതിനാൽ ഈ പ്രസ്താവന അവിടുത്തെ മറ്റേതെങ്കിലും കുടുംബത്തെപ്പറ്റിയാകണം.

16. ഇവർ പകലോമറ്റം കുടുംബത്തിൽപ്പെട്ടവരാണോ എന്നു വ്യക്തമല്ല. ഇവരുടെ പേരുകൾ പരാമർശിക്കുന്നതിന്റെ കാരണവും വ്യക്തമല്ല.

17. അഞ്ചാം മാർത്തോമ്മാ മെത്രാൻ.

18. മാർതോമ്മാ ഒമ്പതാമൻ അഥവാ അയ്പ് മെത്രാൻ. ഇദ്ദേഹത്തെ പുലിക്കോട്ടിൽ മാർ ദിവന്യാസ്യോസ് രണ്ടാമൻ സർക്കാർ സഹായത്തോടെ സ്ഥാനഭ്രഷ്ടനാക്കി. അദ്ദേഹം മരിച്ചതോടെ കടമറ്റം പകലോമറ്റം കുടുംബം അന്യം നിന്നു. പകലോമറ്റത്തു മെത്രാൻമാരുടേതായി കടമറ്റത്തു ശേഷിച്ചിരുന്ന വസ്തുക്കൾ വിറ്റ് മുതൽ കോട്ടയത്തു സെമ്മിനാരിയിൽ ഇരിക്കുന്ന മലങ്കര മെത്രാനു ചേർത്തു.

19. ഏഴാം മാർത്തോമ്മാ.

20. എട്ടാം മാർത്തോമ്മാ.

21. കണിയാന്ത്ര താളിയോലയുടെ മൂല കൃതിയായ യഥാർത്ഥ നിരണം ഗ്രന്ഥവരി ഇതല്ലേയെന്നു സംശയിക്കണം.

22. ഈ കാലഘട്ടത്തിലെ അർക്കദ്യക്കോൻമാരുടെ ലിസ്റ്റ് സംബന്ധിച്ച് അവ്യക്തത ഉണ്ട്.

www.malankaralibrary.com

ഉദയംപേരൂർ സുന്നഹദോസിന്റെ കാലത്തെ ഗീവർഗീസ് അർക്കദ്യക്കോൻ, പിൻഗാമി ചെറിയ ഗീവർഗീസ് അർക്കദ്യക്കോൻ, പിൻഗാമി മാർതോമ്മാ ഒന്നാമനായി വാഴിക്കപ്പെട്ട തോമ്മാ അർക്കദ്യക്കോൻ എന്നിവരെപ്പറ്റി മാത്രമായിരുന്നു സമീപകാലം വരെ അറിവുണ്ടായിരുന്നത്. എന്നാൽ മറ്റു ചില അർക്കദ്യക്കോൻമാരുടെ പേരുകളും ഇന്നു ലഭ്യമാണ് (Kollamparampil, Jacob. *Arch Deacon of all India*, Kottayam, 1972). എന്നാൽ ഈ ലിസ്റ്റുകൾ തമ്മിൽ പലയിടത്തും ചേരുന്നില്ല. ഇക്കാര്യത്തിൽ ഉപരി ഗവേഷണം ആവശ്യമുണ്ട്.

23. മാർത്തോമ്മാ മെത്രാൻമാരെ വാഴിച്ചിരുന്നത് എപ്പിസ്കോപ്പാ (ബിഷപ്പ്) എന്ന സ്ഥാനത്താണ്. ഈ സ്ഥാനിക്കു നസ്രാണികൾ നൽകിയ സംജ്ഞാനാമമാണ് *മെത്രാൻ*. ആർച്ച് ബിഷപ്പ് എന്നർത്ഥമുള്ള മെത്രാപ്പോലീത്തായുടെ ചുരുക്കരൂപമെന്ന് പറയാം. മാർത്തോമ്മാ മെത്രാൻമാരിൽ മെത്രാപ്പോലീത്താ സ്ഥാനത്തേക്കുയർന്ന ഏക വ്യക്തിയായ വലിയ മാർ ദിവന്യാസ്യോസിനെ മെത്രാപ്പോലീത്താ എന്നു തന്നെയാണ് സൂചിപ്പിക്കുന്നത്.

24. മുൻകുറിപ്പ് 23 കാണുക. 1770 മിഥുനം 29-ന് മാർത്തോമ്മാ ആറാമൻ മെത്രാനെ മാർ ദിവന്യാസ്യോസ് മെത്രാപ്പോലീത്തായായി സ്ഥാനാരോഹണം നടത്തി.

25. അദ്ധ്യായം 03.19 -ൽ 1772 ൽ എന്നാണ് കാണുന്നത്. കൊ. വ. 947 എന്നത് ക്രിസ്തുവർഷത്തിലേയ്ക്കു മാറ്റിയപ്പോൾ വന്ന പിഴവാകാം.

26. ഗ്രന്ഥവരിയിലും നാളാഗമത്തിലും ഒഴികെ മറ്റെല്ലായിടത്തും ഇദ്ദേഹം കൂറിലോസ് രണ്ടാമൻ എന്നാണ് അറിയപ്പെടുന്നത്. 1809 ൽ മുളന്തുരുത്തി പള്ളിയിൽ വെച്ച് കാലം ചെയ്തു. വെട്ടിക്കൽ ദയറയിൽ കബറടക്കി.

27. കുന്നകുളം ആർത്താറ്റ് പള്ളി വികാരിയായിരുന്ന ഇദ്ദേഹത്തിന്റെ മെത്രാൻ സ്ഥാനനാമം പീലക്സീനോസ് എന്നാണ് മറ്റ് കൃതികളിലെല്ലാം.

28. തൊഴിയൂർ മെത്രാൻമാരിൽ ഏറ്റവും പ്രശസ്തൻ. മുമ്പ് ആർത്താറ്റ് പള്ളി വികാരിയായിരുന്നു. മൂന്നു മലങ്കര മെത്രാൻമാരെ വാഴിക്കുകയും രണ്ടു പ്രാവശ്യം മലങ്കര മെത്രാൻ സ്ഥാനം വഹിക്കുകയും ചെയ്തു. ഇദ്ദേഹത്തെ കോട്ടയത്തു സെമിനാരിയുടെ പ്രിൻസിപ്പാളാക്കണമെന്നായിരുന്നു സ്ഥാപകൻ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാന്റെ ആഗ്രഹം.

29. പഴയസെമിനാരി സ്ഥാപകൻ. സെമിനാരി സ്ഥാപിക്കാൻ വട്ടിപ്പണ പലിശ വാങ്ങിയതിന്റെ ക്രമരാഹിത്യം തീർക്കാൻ കേണൽ മെൺട്രോയുടെ നിർദേശപ്രകാരം മെത്രാൻ സ്ഥാനമേറ്റു. തുടർന്ന് പകലോമറ്റം തറവാട്ടിലെ അവസാന മെത്രാനായ ഒമ്പതാം മാർത്തോമ്മയെ വടിയും മുടിയും വയ്പിച്ച് മലങ്കര മെത്രാനായി. 1816 ൽ കാലം ചെയ്തു. പഴയസെമിനാരിയിൽ കബറടക്കി.

30. പുലിക്കോട്ടിൽ മാർ ദിവന്യാസ്യോസിന്റെ പിൻഗാമി. കോട്ടയം സ്വദേശി. ബ്രിട്ടീഷ് മിഷിനറിമാരുമായി സൗഹാർദ്ദത്തിലായിരുന്നു. 1825 ൽ കാലം ചെയ്തു. കോട്ടയം ചെറിയപള്ളിയിൽ കബറടക്കി.

31. 1825 ൽ മലങ്കര പള്ളിയോഗം തിരഞ്ഞെടുത്തു വാഴിച്ചു. ചേപ്പാട് മാർ ദിവന്യാസ്യോസ് എന്നാണ് അറിയപ്പെടുന്നത്. ഇദ്ദേഹത്തിന്റെ കാലത്ത് ബ്രിട്ടീഷ് മിഷനറിമാരുമായുള്ള ബന്ധം അവസാനിപ്പിച്ചു. 1855 ൽ കാലം ചെയ്തു. ചേപ്പാടു പള്ളിയിൽ കബറടക്കി.

32. കിടങ്ങൻ മാർ പീലക്സീനോസിന്റെ പിൻഗാമി. കുത്തൂർ കുടുംബാംഗം. ഇദ്ദേഹത്തെ 1825 ൽ ചേപ്പാട് മാർ ദിവന്യാസ്യോസ് വാഴിച്ചു.

33. പുലിക്കോട്ടിൽ, പുന്നത്ര, ചേപ്പാട്, മെത്രാപ്പോലീത്താമാരെ.

34. പുലിക്കോട്ടിൽ മെത്രാപ്പോലീത്താ മുതൽ പകലോമറ്റം കുടുംബത്തിനു പുറത്തുനിന്നു മലങ്കര മെത്രാൻ സ്ഥാനത്തെത്തിയ മെത്രാൻമാരെ ഗ്രന്ഥവരിയുടെ കർത്താവ് കാട്ടുമങ്ങാടൻ വഴിയുള്ള മെത്രാൻമാരായി ആണ് കാണുന്നത്. മാർതോമ്മാ മെത്രാൻമാരുടെ തായ്‌വഴിയിൽ കൂട്ടുന്നില്ല. ഇത് ഗ്രന്ഥകർത്താവിന്റെ ചരിത്ര ദർശനത്തിന്റെ ചൂണ്ടു പലകയാണ്. ദുർബലമായെങ്കിലും, കാട്ടുമങ്ങാടൻ വഴിയെയും അതു പ്രതിനിധാനം ചെയ്യുന്ന അന്ത്യോഖ്യൻ ക്രമങ്ങളെയും മനസു കൊണ്ടെങ്കിലും അംഗീകരിക്കാത്ത ഒരു വിഭാഗം 1829 ൽ പോലും സഭയിൽ ഉണ്ടായിരുന്നു എന്ന വാദത്തെ ഈ ഭാഗം ഉറപ്പിക്കുന്നു.



**05. ചുരുക്കത്തിൽ വിശ്വാസ കാര്യങ്ങൾ**

1. ലൂക്കോസ് 3: 34 – 37.
2. മുൻ കുറിപ്പ് 01– 1 കാണുക.
3. രാജവാഴ്ച ആരംഭിക്കുന്നതിനു മുമ്പ് യിസ്രായേലിനെ നയിച്ചിരുന്ന പരാക്രമികളും ബുദ്ധിമാന്മാരുമായ ആളുകൾ. കൂടുതൽ വിവരങ്ങൾക്ക് ബൈബിളിലെ *ന്യായാധിപന്മാർ* കാണുക
4. മുൻകുറിപ്പു 01. 17. കാണുക.ശലോമോന്റെ പുത്രന്റെ കാലത്ത് യിസ്രായേൽ രണ്ടായി പിരിഞ്ഞു 10 ഗോത്രങ്ങൾ ചേർന്ന് യഹൂദ എന്ന രാജ്യം സ്ഥാപിച്ചു. 2 ഗോത്രങ്ങൾ യിസ്രായേൽ ആയി തുടർന്നു.
5. കൂടുതൽ വിവരങ്ങൾക്ക് ബൈബിളിലെ *ദാനിയേൽ 3-ാം അദ്ധ്യായം* കാണുക.
6. ക്രിസ്തുവിനുമുമ്പ് 722 ൽ അശൂർ രാജാവായ സർഗ്ഗോൻ യിസ്രായേലിനെ കീഴടക്കിയതോടെ രാജത്വം അവസാനിച്ചു. പിന്നീട് അവരെ നയിച്ചത് പുരോഹിതന്മാരായിരുന്നു.
7. ഉല്പത്തി. 12: 3.
8. ലൂക്കോസ് 3 -ാം അദ്ധ്യായം കാണുക.
9. മീഖ 5: 2.
10. യേശുക്രിസ്തുവിന്റെ വരവിനു മുമ്പ് മരിച്ചവരുടെ ആത്മാക്കൾ പാതാളത്തിൽ തടവിലായിരുന്നു എന്നും യേശുക്രിസ്തു മരിച്ചശേഷം ഉയർപ്പിനുമുമ്പായി അവരോട് സുവിശേഷം പ്രസംഗിച്ചു എന്നുമാണ് വിശ്വാസം. 1 പത്രോസ് 3:19 കാണുക.
11. ഈ സംഭവങ്ങൾ സുറിയാനിസഭയുടെ പാരമ്പര്യ പ്രകാരമാണ്.
12. മാർതോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പുകൾ ഹാബാൻ എന്ന പേർഷ്യൻ വർത്തകൻ ഉറഹയിലെത്തിച്ചു എന്ന് പാരമ്പര്യം.
13. *ഇഗ്നാത്തിയോസിന്റെ സപ്ത ലേഖനങ്ങൾ* (പ്രസാ. സോഫിയാ ബുക്സ്, കോട്ടയം,1990) കാണുക
14. മുൻ കുറിപ്പുകൾ 02-13, 02-19, 02-21 കാണുക.
15. മുൻ കുറിപ്പ് 02 - 12 കാണുക.
16. മുൻ കുറിപ്പ് 02- 15 കാണുക.
17. മുൻ കുറിപ്പ് 02- 29 കാണുക.
18. ഇവർ അന്നത്തെ അന്ത്യോഖ്യൻ വേദശാസ്ത്രത്തിന്റെ വക്താക്കളായിരുന്നു. ഇവരെ വേദവിപരീതികളായി കണക്കാക്കണമോ എന്ന കാര്യത്തിൽ ഇന്ന് രണ്ടു പക്ഷമുണ്ട്.
19. മുൻ കുറിപ്പ് 15 കാണുക.
20. ഈ ഭാഗത്തെപ്പറ്റിയുള്ള വിശദ വിവരങ്ങൾക്ക് അനുബന്ധത്തിലെ ഫാ. ഡോ. എം. ജോൺ പണിക്കരുടെ ലേഖനം കാണുക.

**06. മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങൾ**

1. ഈ തലക്കെട്ട് മൂലകൃതിയിൽ ഉള്ളതാണ്. കാതോലിക സഭ = സാർവത്രിക സഭ.
2. സുവിശേഷങ്ങൾ, അപ്പോ. പ്രവർത്തികൾ, ലേഖനങ്ങൾ, വെളിപാട്.
3. സാർവത്രിക സഭ, റോമൻ കത്തോലിക്കാ സഭയാണെന്ന് അവർ അവകാശപ്പെടുന്നു. മറ്റു സഭകൾ ഇത് അംഗീകരിക്കുന്നില്ല.
4. യശയ്യാവ് 2:3.
5. അദ്ധ്യായം.
6. യശയ്യാവ് 9:7.
7. സഖറിയ 9:9, മത്തായി 21:5.
8. 2. ശമുവേൽ 12: 31.
9. സങ്കീർത്തനം 102: 17.
10. സങ്കീർത്തനം 102: 15.
11. സങ്കീർത്തനം 51: 19.

www.malankaralibrary.com

12. ലൂക്കോസ് 24: 46 – 53.
13. ഗലിയാസ = വെളിപാട്. ഇവിടെ വാക്യസൂചന തെറ്റുണ്ട്. ശരിയായത് വെളിപാട് 3 : 12.
14. ഇവിടെ വാക്യസൂചന തെറ്റുണ്ട്. ശരിയായത് യെരമ്യാവ് 36 : 4 – 8.
15. യെരമ്യാവ് 7 : 6 – 11.
16. യെരമ്യാവ് 7: 16.
17. മത്തായി 16: 13 – 19.
18. മത്തായി 16: 20 – 23.
19. യോഹന്നാൻ 21: 15 – 17.
20. അപ്പോ. പ്രവ. 13: 42 – 52.
21. അപ്പോ. പ്രവ. 14: 26.
22. റോമർ 15: 30 – 31.
23. നിഖ്യ, കുസ്തന്തീനോസ്പോലീസ്, എഫേസൂസ്.
24. യോവേൽ 1: 13.
25. യെശയ്യാവ് 51 : 7.
26. 1. രാജാക്കൻമാർ 8.
27. തുറബ്ദീൻ, കുർദു ദ്വീപ്, മർദ്ദീൻ, ആമീദ്, ഉറഹ, ബസ്നഹേർ, മെസ്രയിം (ഈജിപ്റ്റ്), ധർമ്മശൂക്ക്, പേർഷ്യ, തിഗ്രീസ്.
28. കൽക്കിദോൻ അനുകൂലികളുടെ മുന്നേറ്റത്തിൽ അന്ത്യോഖ്യയിൽ തകർന്ന ഓർത്തഡോക്സ് വിശ്വാസം പുനരുദ്ധരിച്ചത് മാർ യാക്കോബ് ബുർദ്ദാനയാണ് (6 –ാം നൂറ്റാണ്ട്). അതിനാൽ കല്ക്കിദൂൻ വിരുദ്ധർക്ക് *യാക്കോബായക്കാർ* എന്ന പരിഹാസപ്പേരു ലഭിച്ചു. പിന്നീട് ഇത് ഔദ്യോഗിക നാമമായി. ഈ പേരിന് വേദശാസ്ത്രപരമായ ന്യായീകരണം കണ്ടെത്താൻ ശ്രമിക്കുകയാണിവിടെ.

**06.02 റോമാക്കാർ പത്തീറാ എടുക്കുന്ന കാര്യങ്ങളെക്കുറിച്ച്**

1. ഈ തലക്കെട്ട് മൂലകൃതിയിൽ ഉള്ളതാണ്. പത്തീറാ – പുളിപ്പില്ലാത്ത അപ്പം.
2. പരിഛേദന = Circumcision.
3. ലേവ്യ പുസ്തകം.
4. ഈ വാക്യം കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല.
5. മത്തായി. 13: 33.
6. സങ്കീർത്തനം. 52 : 8.
7. മർക്കോസ് 9 : 49.
8. 1 കോരിന്ത്യർ 5 : 7– 8 നോട് സാമ്യമുണ്ട്.
9. എബ്രായർ 8: 13.
10. സംഖ്യ 16: 6, 32.
11. യോഹന്നാൻ 13: 4 –12.
12. മത്താ 26: 26 – 28, മർക്കോസ് 14: 22 – 25, ലൂക്കോസ് 22: 19 – 21.
13. ഇത് പൂർണമായും ശരിയല്ല. അർമ്മീനിയൻ ഓർത്തഡോക്സ് സഭ പത്തീറയാണ് ഉപയോഗിക്കുന്നത്.
14. യേശുക്രിസ്തുവിന്റെ പുതിയനിയമം അനുസരിക്കാതെ യഹൂദ മര്യാദ പിൻതുടരുന്നവരാണ് റോമൻ കത്തോലിക്കർ എന്നാണ് ലേഖകൻ സമർത്ഥിക്കുന്നത്.

**06.03 രൂപത്തിന്റെ കാർയ്യത്തെക്കുറിച്ച്**

1. ഈ തലക്കെട്ട് മൂലകൃതിയിൽ ഉള്ളതാണ്. ക്രൈസ്തവ സഭകളിൽ റോമൻ കത്തോലിക്കർ മാത്രമേ രൂപങ്ങൾ ഉപയോഗിക്കുന്നുള്ളു.
2. പോർട്ടുഗീസ് അധിനിവേശത്തിനു ശേഷം മലങ്കരയിലെ പള്ളികളിൽ രൂപങ്ങൾ സ്ഥാനം



പിടിച്ചു. ഇവയിൽ പലതും അൽഭുതങ്ങൾ പ്രവർത്തിക്കുന്നതായി അവർ പ്രചരിപ്പിച്ചിരുന്നു
3. പുറപ്പാട് 20: 4,5.
4. പുറപ്പാട് 25: 10,12.
5. പുറപ്പാട് 26.
6. ലേവ്യ 19: 4.
7. സംഖ്യ 21: 8,9.
8. 2 രാജാക്കൻമാർ 18: 4.
9. പുറപ്പാട് 32: 4,20.
10. ആവർത്തനം 4:15.
11. ആവർത്തന പുസ്തകം 15,16 അദ്ധ്യായങ്ങളെക്കുറിച്ചാണ് സൂചനയെങ്കിലും ഈ ഭാഗം അവിടില്ല. മറ്റേതെങ്കിലും അദ്ധ്യായത്തിൽ കാണാൻ സാദ്ധ്യതയുണ്ട്.
12. ആവർത്തനം 27:15.
13. ലേവ്യ 26.
14. ഏശായ 40: 19, 49: 7.
15. ഏശായ 30: 22.
16. ഏശായ 44: 12 –20.
17. ആമോസ് 6: 12 – 13.
18. യെഹസ്ക്കിയേൽ 5.
19. 2 രാജാക്കൻമാർ 21: 11,12.
20. 2 രാജാക്കൻമാർ 23: 6,7.
21. റോമർ 1: 21,22.
22. ആവർത്തനം 6:4, ലേവ്യ 19: 18 ഇവയുടെ കൂടെ *ഇവയിൽ വലുതായി മറ്റൊരു കല്പനയില്ല* എന്ന് കൂട്ടിച്ചേർത്തു.

**06.04. പട്ടക്കാരുടെ പെൺകെട്ടു കാര്യം കൊണ്ട്**

1. ഈ തലക്കെട്ട് മൂലകൃതിയിൽ ഉള്ളതാണ്. വൈദീക വിവാഹം നിഷിദ്ധമാണെന്ന് റോമൻ കത്തോലിക്കർ പഠിപ്പിക്കുന്നു.
2. ഉല്പത്തി 1: 27.
3. ആവർത്തനം 24: 1 – 4.
4. ആവർത്തനം 24: 5.
5. മർക്കോസ് 10: 2 – 10.
6. മർക്കോസ് 10: 11,12.
7. 1 കോരിന്ത്യർ 6: 15 – 19.
8. 1 കോരിന്ത്യർ 7: 1,2,8,9.
9. 1 തീമോത്തിയോസ് 3: 1,12.
10. തീത്തോസ് 1: 6.
11. 1 കോരിന്ത്യർ 9: 5.
12. 1 തീമോത്തിയോസ് 3: 5.
13. നാദാബും, അബിഹുവും. ലേവ്യ 10: 1,2.
14. ലേവ്യ 8: 35.
15. ഉദയംപേരൂർ സുന്നഹദോസ് മലങ്കരയിലെ വൈദികരുടെ വിവാഹം നിരോധിച്ചു.
16. റോമൻ കത്തോലിക്കാ വൈദികർക്ക് താടി നീട്ടുന്നത് നിഷിദ്ധമാണ്. പൗരസ്ത്യർക്ക് നിർബന്ധിതവും.
17. വിശ്വാസികൾ മരണശേഷം തങ്ങളുടെ പാപത്തിന്റെ തീവ്രത അനുസരിച്ച് ബെസ്ഫുർക്കാന (രക്ഷയുടെ ഭവനം) ശുദ്ധീകരണത്തിന് വിധേയരാകുന്നു എന്ന് റോമൻ കത്തോലിക്കാ സഭ പഠിപ്പിക്കുന്നു. മറ്റൊരു സഭയും ഇതംഗീകരിക്കുന്നില്ല.

www.malankaralibrary.com

18 (= ഉത്തരീയം) ഇത് പോർട്ടുഗീസുകാർ പ്രചരിപ്പിച്ചതാണ്.

**06.05. പെണ്ണിനെ വലത്തുഭാഗത്തു നിറുത്തി കെട്ടിക്കുന്നതനെക്കുറിച്ച്**

1. ഈ തലക്കെട്ട് മൂലകൃതിയിൽ ഉള്ളതാണ്. പൗരസ്ത്യ പാരമ്പര്യത്തിൽ വധുവിനെ വരന്റെ വലത്തുവശത്താണ് നിർത്തുക. പാശ്ചാത്യർ തിരിച്ചും.
2. ഏദൻ തോട്ടം.
3. ഉല്പത്തി 2:21.
4. സങ്കീർത്തനം 110: 1.
5. സഭ ക്രിസ്തുവിന്റെ മണവാട്ടിയാണെന്നാണ് ക്രൈസ്തവ വിശ്വാസം. എഫേസ്യർ 5: 26–27, വെളിപാട് 21: 2, ഹോശയ 2: 19 – 21.
6. എഫേസ്യർ 5: 23.
7. മത്തായി 25: 34,41.

**06.06. ദിവസത്തിന്റെ പകർച്ചയുടെ കാര്യത്തെക്കുറിച്ച്**

1. ഈ തലക്കെട്ട് മൂലകൃതിയിൽ ഉള്ളതാണ്. പാശ്ചാത്യർക്ക് ദിവസം പാതിര മുതൽ പാതിര വരെയും പൗരസ്ത്യർക്ക് സന്ധ്യ മുതൽ സന്ധ്യ വരെയുമാണ്.
2. ഉല്പത്തി 1: 5.
3. സംഖ്യ 9:5.
4. മുൻ കുറിപ്പ് 06.02.12 കാണുക.
5. പുറപ്പാട് 24: 4.
6. ലേവ്യ 6: 20.
7. മുൻ കുറിപ്പ് 06.04.14 കാണുക.
8. ലേവ്യ 23: 32.
9. യിരമ്യാവ് 33: 20–21.
10. മത്തായി 12: 39 – 40.
11. മത്തായി 5: 19.

**07. മാർത്തൊമ്മാശ്ലീഹായും കൊടുങ്ങല്ലൂർ ദേവിയും**

1. കൂടുതൽ വിവരങ്ങൾക്ക് ഉപോദ്ഘാതത്തിലെ *07.02. മാർത്തോമ്മാ ശ്ലീഹായും കൊടുങ്ങല്ലൂർ ദേവിയും* എന്ന ഭാഗം കാണുക.

**08. പലകൂട്ടം കാര്യങ്ങൾ**

**08.01 റൂഹാദകൂദശായോട് മറുത്ത പിഴകൾ**

1. ഈ തലക്കെട്ട് മൂലകൃതിയിൽ ഉള്ളതാണ്.
2. യേശു ക്രിസ്തുവിന്റെ പ്രഭാഷണത്തിൽ കാണുന്ന ഒരു പ്രയോഗമാണിത്. ഈ പാപങ്ങൾക്ക് ഇഹലോകത്തിലും പരലോകത്തിലും മോചനമില്ല (മത്താ. 12: 31 – 32).
3. ഈ പാപങ്ങൾ ഏതൊക്കെയെന്ന് ബൈബിൾ നിർവചിച്ചിട്ടില്ല. ഓർത്തഡോക്സ് പാരമ്പര്യമനുസരിച്ചുള്ള പട്ടികയാണ് ഇവിടെ ചേർത്തിരിക്കുന്നത്.

**08.02. മസിലാലുദാ ശിലെമ്മോൻ**

1. ഈ തലക്കെട്ട് മൂലകൃതിയിൽ ഉള്ളതാണ്. അർത്ഥം ശലോമോന്റെ സുഭാഷിതങ്ങൾ.
2. ശലോമോന്റെ 4 പുസ്തകങ്ങൾ ബൈബിളിലുണ്ട്. അവയിൽ രണ്ടെണ്ണം ജ്ഞാന സൂക്തങ്ങളാണ്. നൂറുകണക്കിനു വാക്യങ്ങളിൽ നിന്നും ഏതാനും മാത്രമാണ് ഉദ്ധരിച്ചിരിക്കുന്നത്.



**08.03. പുത്തൻ ശാസ്ത്രം.**

1. ഈ തലക്കെട്ട് മൂലകൃതിയിൽ ഉള്ളതാണ്.
2. ഈ ഭാഗത്ത് രണ്ടു സംഗതികളാണ് പറയുന്നത്. ആദ്യഭാഗത്ത് വിവിധ തരം മാമോദീസായെപ്പറ്റി വിവരിക്കുന്നു. ക്രിസ്തുവിനു മുമ്പ് യോഹന്നാൻ സ്നാപകൻ മാമോദീസ മുക്കിയിരുന്നു. ക്രിസ്തുവും ഈ മാമോദീസ മുങ്ങിയിരുന്നു (യോഹ. 1:29–34). ആ മാമോദീസ മാനസാന്തര സ്നാനം എന്നാണ് കരുതിയിരുന്നത് (അപ്പോ. പ്രവ. 19: 3– 4). ഇതാണ് *തേറ്റത്തിനുടെ മാമോദീസ*. യേശു ക്രിസ്തു *അഗ്നികൊണ്ടും ആത്മാവുകൊണ്ടും* സ്നാനം കഴിപ്പിച്ചു (ലൂക്കോ. 3: 16).
രക്തസാക്ഷികളുടെ സാക്ഷിമരണത്തെ രക്തം കൊണ്ടുള്ള മാമോദീസയായി ആണ് സഭ കണ്ടിരുന്നത്. സത്യ അനുതാപമാണ് *കണ്ണീരുകളുടെ മാമോദീസ.*
രണ്ടാം ഭാഗത്തിൽ പഴയ നിയമത്തിൽ കല്പിച്ചിരുന്നതും യഹൂദർ ആചരിച്ചിരുന്നതുമായ സംഗതികൾക്കു പകരം യേശു ക്രിസ്തു ഏർപ്പെടുത്തിയ പുതിയ നിയമമാണ് സൂചിപ്പിക്കുന്നത്. പഴയതിനെ ഇല്ലാതാക്കുകയല്ല, പുതുക്കുകയാണ് യേശു ക്രിസ്തു ചെയ്തതെന്നാണ് സഭയുടെ വിശ്വാസം.

**08.04. പൊസ്തകത്തിന്റെ മെമ്മിറാ എഴുതുന്നു**

1. ഈ തലക്കെട്ട് മൂലകൃതിയിൽ ഉള്ളതാണ്.
2. മെമ്രാ എന്നാൽ പാട്ട് എന്നാണ് സുറിയാനിയിൽ. പഴയനിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പുസ്തകങ്ങളുടെ ലിസ്റ്റാണ് സുറിയാനി പദ്യ രൂപത്തിൽ ചേർത്തിരിക്കുന്നത്. ഭാഷാപരമായി ഈ ഗീതം പാശ്ചാത്യ-പൗരസ്ത്യ സുറിയാനികൾ, എബ്രായ, ലത്തീൻ ഭാഷകളുടെ ഒരു സങ്കരമാണെന്ന് ഈ ഭാഗം പരിശോധിച്ച സുറിയാനി പണ്ഡിതനായ റവ. ഡീ. ഡോ. കെ. എ. ജോർജ്ജ് പറയുന്നു. അന്ത്യോക്യൻ സഭ അംഗീകരിച്ച കാനോനിക ഗ്രന്ഥങ്ങളുടെ ലിസ്റ്റ് ബാർ എബ്രായയുടെ ഹൂദായ കാനോനിലുണ്ട്. ഭാഷയുടെയും പകർപ്പെഴുത്തിന്റെയും പ്രശ്നംമൂലം പൂർണമായി പരിഭാഷപ്പെടുത്താൻ സാധിച്ചിട്ടില്ല.
സുറിയാനി ഗീതത്തിൽ പറയുന്ന പുസ്തകങ്ങൾ തന്നെയാണ് താഴെ മലയാളത്തിൽ കൊടുത്തിരിക്കുന്നത്. സുറിയാനി സഭാ പാരമ്പര്യത്തിലുള്ള ഗ്രന്ഥങ്ങളുടെ ലിസ്റ്റാണിത്. പക്ഷേ അംഗീകൃത ലിസ്റ്റുമായി ചില മാറ്റങ്ങളുണ്ട്. പ്രൊട്ടസ്റ്റന്റ് സഭകൾ ഇവയിൽ പല ഗ്രന്ഥങ്ങളും അംഗീകരിക്കാത്തതിനാൽ ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിക്കുന്ന വേദപുസ്തകത്തിൽ ചേർത്തിട്ടില്ല. ചില ഗ്രന്ഥങ്ങളെ ഉത്തര കാനോനിക ഗ്രന്ഥങ്ങൾ എന്നാണ് റോമൻ കത്തോലിക്കാസഭ വിശേഷിപ്പിക്കുന്നത്.
3. മോശയുടെ പഞ്ച ഗ്രന്ഥങ്ങൾ ( ഉൽപ്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യ, ആവർത്തനം).
4. യോശുവ (യോശുവ ബർ നൂൻ).
5. ന്യായാധിപൻമാർ.
6. ശമുവേൽ ( 2 പുസ്തകങ്ങൾ).
7. രാജാക്കൻമാർ ( 2 പുസ്തകങ്ങൾ).
8. ദിനവൃത്താന്തം ( 2 പുസ്തകങ്ങൾ).
9. സൂസന്ന. ഈ പുസ്തകം പ്രൊട്ടസ്റ്റന്റ് ബൈബിളിൽ ഇല്ല. റോമൻ കത്തോലിക്കാ – ഉത്തര കാനോനികം.
10. സങ്കീർത്തനങ്ങൾ.
11. മത്ലേ ദ്ശ്ലേമൂൻ – സദൃശ്യ വാക്യങ്ങൾ.
12. കൊഹ്ലസ് – സഭാപ്രസംഗി.
13. എസ്രാ ( എസ്രാ കഹന – വൈദികനായ എസ്രാ).
14. ദാനിയേലിന്റെ അനുബന്ധം. പ്രൊട്ട. ഇല്ല. റോമൻ – ഉത്തര കാനോനികം.
15. ബാറൂക്ക്. പ്രൊട്ട. ഇല്ല. റോമൻ – ഉത്തര കാനോനികം.
16. അകാനോനിക ഗ്രന്ഥം. ഇത്തരം അനേകം ഗ്രന്ഥങ്ങൾ പ്രചാരത്തിലുണ്ട്.

www.malankaralibrary.com

17. അകാനോനിക ഗ്രന്ഥം.
18. അകാനോനിക ഗ്രന്ഥം.
19. മക്കാബിയർ ( 2 പുസ്തകങ്ങൾ). പ്രൊട്ട. ഇല്ല. റോമൻ – ഉത്തര കാനോനികം.
20. അകാനോനിക ഗ്രന്ഥം.
21. അകാനോനിക ഗ്രന്ഥം.
22. അകാനോനിക ഗ്രന്ഥം.
23. ഇവ അനുതാപത്തിന്റെ സങ്കീർത്തനങ്ങൾ എന്നറിയപ്പെടുന്നു.
24. ഉത്തമഗീതം.
25. ബാറാസീറാ. പ്രൊട്ട. ഇല്ല. റോമൻ – ഉത്തര കാനോനികം.
26. ശലോമോന്റെ മഹാജ്ഞാനം. പ്രൊട്ട. ഇല്ല. റോമൻ – ഉത്തര കാനോനികം.
27. പ്രവചനങ്ങൾ.
28. ഇവ യെശയ്യാവ്, ഹോശായ, യോവേൽ, ആമോസ്, ഒബേദ്യാവ്, യോനാ, മീഖ, നാഹും, ഹബക്കൂബ്, സെഫന്യാവ്, ഹഗ്ഗായി, മാലാഖി, യെരമ്യാവ്, യെഹസ്കിയേൽ, ദാനിയേൽ എന്നിവയാണ്. സഖറിയ, ഹഗ്ഗായി പ്രവചനങ്ങൾ വിട്ടുപോയിട്ടുണ്ട്. ഹസ്കി, സുഹിയ തിരിച്ചറിഞ്ഞിട്ടില്ല.
29. യൂദിത്ത്.
30. എസ്ഥേർ.
31. സൂസന്ന.
32. കാനോനിക ബൈബിളിലെ രൂത്ത്, നെഹമ്യാവ്, വിലാപങ്ങൾ എന്നീ ഗ്രന്ഥങ്ങൾ ഇല്ല. പേരുമാറിയതും ആകാം.

**08.05 പതവികളുടെ അവകാശം**

1. ഈ തലക്കെട്ട് മൂലകൃതിയിൽ ഉള്ളതാണ്. ക്രൈസ്തവ മത നിയമമനുസരിച്ച് പൗരോഹിത്യത്തിനു ശെമ്മാശ്, കശീശ, എപ്പിസ്ക്കോപ്പാ എന്നീ മൂന്നു സ്ഥാനങ്ങളുണ്ട്. സുറിയാനി സഭാ പാരമ്പര്യപ്രകാരം ഓരോ സ്ഥാനത്തിനും മൂന്ന് ഉപവിഭാഗങ്ങളും ഉണ്ട്. ഓർത്തഡോക്സ് പാരമ്പര്യത്തിലുള്ള വൈദിക പദവിയുടെ എല്ലാ പടികളും യേശു ക്രിസ്തു തന്റെ മനുഷ്യാവതാര കാലത്ത് പൂർത്തീകരിച്ചതായി വിശ്വസിക്കുന്നു. അവയ്ക്കു വേദ സൂചികകളും നിർവചിച്ചിട്ടുണ്ട്.
2. കോറൂയോ : ലൂക്കോസ് 4:17.
3. യൗപ്പദിയക്കിനോ : യോഹന്നാൻ 2: 15.
4. മ്ശംശോനോ : മത്തായി 14; 15 യോഹ. 13:14.
5. കശീശ : ലൂക്കോസ് 22:19.
6. വികാരി : മത്തായി 14 : 34. വികാരി എന്ന സ്ഥാനം റോമൻ പാരമ്പര്യത്തിലുള്ളതാണ്. ഇവിടെ വരേണ്ടുന്ന അന്ത്യോഖ്യൻ സ്ഥാനം 'സൗറ' എന്നതാണ്. മലങ്കരയിൽ നടപ്പില്ലായിരുന്ന ഈ സ്ഥാനം അന്നു പരിചിതമായ വികാരിയായി ഗ്രന്ഥകാരൻ തെറ്റിദ്ധരിച്ചതാകാം.
7. കോർ എപ്പിസ്കോപ്പാ : ലൂക്കോസ് 10:1.
8. എപ്പിസ്ക്കോപ്പാ: യോഹ. 20:22.
9. മെത്രാപ്പോലീത്താ : മത്തായി 28 : 10.
10. പാത്രിയർക്കീസ് : ലൂക്കോസ് 24: 50.
11. ഓർത്തഡോക്സ് പാരമ്പര്യപ്രകാരം സ്വർഗത്തിൽ ഒൻപതു വൃന്ദം മാലാഖാമാരുണ്ട്. അവയ്ക്കു സമാനമാണ് പൗരോഹിത്യത്തിന്റെ ഒൻപതു പടികൾ. അവ കോറൂയോ – മാലാഖാ, യൗപ്പദ്യക്കിനോ – റീശ് മാലാഖ, മ്ശംശോനോ – റീശൻവോസോ, കശീശാ – ശുൽത്തോനെ, സൗറാ–മൗത്വേ, കോർഎപ്പിസ്ക്കോപ്പാ – മോറോവോസേ, എപ്പിസ്ക്കോപ്പ – ഹൈലാവോസേ, മെത്രാപ്പോലീത്താ–ക്രോബേ, പാത്രിയർക്കീസ് (കാതോലിക്ക) – സ്രോപ്പേ.



12. ഇവ വൈദിക പടിയിലെ ഏറ്റവും താഴ്ന്ന സ്ഥാനങ്ങളാണ്.
13. മുൻകുറിപ്പ് 12 കാണുക. ഈ സ്ഥാനം സമീപകാലം വരെ മലങ്കര സഭയിൽ നടപ്പുണ്ടായിരുന്നു.
14. മുൻകുറിപ്പ് 12 കാണുക. 12,13,14, ഇവയിൽ പറയുന്നവ ഒന്നും യഥാർത്ഥ പൗരോഹിത്യ സ്ഥാനങ്ങളല്ല. ഇവയെപ്പറ്റി അന്ത്യോക്യൻ സഭയുടെ നിയമ ഗ്രന്ഥമായ ഹൂദായ കാനോനിൽ പരാമർശനമുണ്ട്.

**08.06. അനുബന്ധ കാര്യങ്ങൾ**

**08.06.01. നമ്മുടെ കർത്താവിനെ കൊണ്ടുപോയ ഇടങ്ങൾ.**

1. ഈ തലക്കെട്ട് മൂലകൃതിയിൽ ഉള്ളതാണ്.

**08.06.02. നമ്മുടെ കർത്താവിന്റെ പീഡനങ്ങൾ**

1. യേശുക്രിസ്തുവിനെ ക്രൂശിക്കുന്നതിനുമുമ്പ് വിവിധ തരത്തിൽ പീഡിപ്പിച്ചു എന്ന് സുവിശേഷങ്ങളിലുണ്ട്. അവയുടെ എണ്ണവും മറ്റും പിൽക്കാല പാരമ്പര്യങ്ങളാണ്.
2. ഇത്തരം ഒരു കണക്ക് 18–ാം നൂറ്റാണ്ടിൽ ഇവിടെ പ്രചാരത്തിലുണ്ടായിരുന്നു. 1734 ൽ കേരളത്തിൽ പകർത്തിയെഴുതിയ ഒരു കൽദായ സുറിയാനി ഗ്രന്ഥത്തിൽ ഈ കണക്കുകൾ ചേർത്തിട്ടുണ്ട് (പ്ളാസിഡ്. സി. എം. ഐ., ഡോ., *നമ്മുടെ റീത്ത്,* മാന്നാനം, 1997, pp. 250 –8)

**08.06.03. ചില സ്ത്രീകൾ**

1. സുവിശേഷങ്ങളിൽ പരാമശിക്കുന്നതും പേരു പറയാത്തവരുമായ സ്ത്രീകൾ.
2. മുൻ കുറിപ്പ് 08.06.03.– 02 കാണുക. ഈ പേരുകളും ആ സുറിയാനി ഗ്രന്ഥത്തിലുണ്ട്.

**08.06.04. ഉയിർപ്പിനു ശേഷം പ്രത്യക്ഷപ്പെട്ടത്**

1. ഉയിർപ്പു മുതൽ സ്വർഗാരോഹണം വരെയുള്ള കാലം.
2. യേശുക്രിസ്തു ഈ കാലഘട്ടത്തിൽ വിവിധ സ്ഥലങ്ങളിൽ പ്രത്യക്ഷനായി എന്ന് സുവിശേഷങ്ങളിലുണ്ട്.

**08.06.05. മലങ്കര നിന്നു അന്തോഹ്യക്കുള്ള വഴി**

1. ഈ തലക്കെട്ട് മൂലകൃതിയിൽ ഉള്ളതാണ്.
2. മലങ്കര നിന്നു അന്തോക്യക്കുള്ള വഴി എന്നാണെങ്കിലും കൊച്ചി മുതൽ യെരുശലേം വരെയുള്ള വഴിയാണ് പരാമർശിക്കുന്നത്. ഈ വഴി വിവരണത്തിൽ പല തെറ്റുകളുണ്ട്.
3. ബാഗ്ദാദ്.
4. നിനുവ.
5. അന്തോക്യ.
6. ഈ സ്ഥലം തിരിച്ചറിയാൻ സാധിച്ചിട്ടില്ല.
7. ഈ സ്ഥലം തിരിച്ചറിയാൻ സാധിച്ചിട്ടില്ല.
8. ഈ സ്ഥലം തിരിച്ചറിയാൻ സാധിച്ചിട്ടില്ല.
9. യേറുശലേം. കപ്പലിൽ യേരുശലേമിലെത്താൻ മാർഗ്ഗമില്ല.

**08.06.06. ഒരു പരൂക്ഷ കാൺമാൻ**

1. ഈ തലക്കെട്ട് മൂലകൃതിയിൽ ഉള്ളതാണ്.
2. ഇത് ഏതോ ലക്ഷണ ശാസ്ത്രത്തിന്റെ ഭാഗമാണ്. ഈ ഭാഗം പൂർണമല്ല. തിരിച്ചറിയാനും സാധിച്ചിട്ടില്ല.

www.malankaralibrary.com

3. മുൻകുറിപ്പു 2 കാണുക. ഇത് മറ്റൊരു ലക്ഷണ ശാസ്ത്രത്തിന്റെ ഭാഗമാണ്.

**08.06.07. മനുഷർക്കുള്ളത്**

1. ഈ തലക്കെട്ട് മൂലകൃതിയിൽ ഉള്ളതാണ്.
2. ബ്രായ്ക്കറ്റിൽ കൊടുത്തിട്ടുള്ള സംഖ്യകൾ ഓറിയന്റൽ മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ പകർത്തി എഴുതിയപ്പോൾ വിട്ടുപോയിട്ടുള്ളവയാണ്. അവ ഡോ. എം. എൻ. ശശിധരൻ പൂരിപ്പിച്ചു.
3. *മാലുമി ശാസ്ത്രം* - കപ്പൽയാത്ര സംബന്ധിച്ച ശാസ്ത്രം.
4. *മൗനനയം* എന്ന നയം കൂടി ഉണ്ടെങ്കിലേ ആറെണ്ണം പൂർത്തിയാവൂ.
5. കൂടുതൽ വിവരങ്ങൾക്ക് അനബന്ധത്തിലെ ഡോ. എം. എൻ. ശശിധരന്റെ *'മനുഷ്യർക്കുള്ളത് - ഒരു പഠനം'* എന്ന ലേഖനം കാണുക.

**08.06.08. വഴിപോകുവാൻ പരൂക്ഷ കാണുന്നതിന്**

1. ഈ തലക്കെട്ട് മൂലകൃതിയിൽ ഉള്ളതാണ്.
2. മുകളിലുള്ള ചാർട്ട് ഓറിയന്റൽ മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ പകർത്തി എഴുതിയപ്പോൾ വിട്ടുപോയിട്ടുള്ളവയാണ്. മൂല ഗ്രന്ഥത്തിൽ നിന്നും നേരിട്ടു പകർത്തി.
3. കൂടുതൽ വിവരങ്ങൾക്ക് എം. കുര്യൻ തോമസിന്റെ *നിരണം ഗ്രന്ഥവരി ഉപോദ്ഘാതം* എന്ന ലേഖനത്തിലെ *07.06.02. പാൽ പുസ്തകം.* എന്ന ഭാഗം കാണുക.

**08.06.09. ശോദ്യക്കണക്കു**

1. ഈ തലക്കെട്ട് മൂലകൃതിയിൽ ഉള്ളതാണ്.
2. ഇതിലെ കഥാംശം ഒഴിവാക്കിയാൽ ഇതൊരു ഗണിതശാസ്ത്ര പ്രശ്നം മാത്രമാണ്. സൗകര്യാർത്ഥം സംഖ്യകൾ ആധുനിക അക്കങ്ങളിലേയ്ക്കു മാറ്റിയിട്ടുണ്ട്.

**08.06.10. പട്ടിക**

1. പഴയ അളവുകളുടെ ഈ പട്ടിക *08.06.09. ശോദ്യക്കണക്കു* ക്രിയചെയ്യുവാൻ ചേർത്തതാവാം.

2. മുകളിലുള്ള പട്ടിക ഓറിയന്റൽ മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ പകർത്തി എഴുതിയപ്പോൾ അക്കങ്ങൾ മുഴുവൻ തന്നെ വിട്ടുപോയിട്ടുള്ളവയാണ്. മൂല ഗ്രന്ഥത്തിൽ നിന്നും നേരിട്ടു പകർത്തി.

**09. വജ്രലക്ഷണം**

1. ഈ ഭാഗത്തേപ്പറ്റി പഠനം നടന്നിട്ടില്ല.

**10. ഒരു എഴുത്ത്**

1. ഈ ഭാഗത്തേപ്പറ്റി ഉപോദ്ഘാതത്തിലെ *07.04. ഒരു എഴുത്ത്* എന്ന ഭാഗം കാണുക.

# അനുബന്ധങ്ങൾ

**1**

# കണിയാന്ത്ര താളിയോല ഗ്രന്ഥം

**പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ**

**മേ**പ്രാൽ കണിയാന്ത്ര കുടുംബശേഖരത്തിൽ ഉള്ള നിരണം ഗ്രന്ഥവരി എന്ന താളിയോലഗ്രന്ഥം 6-ാം മാർത്തോമായുടെ ഡയറിക്കുറിപ്പുകളായി ഓലയിൽ എഴുതിയ മലങ്കര സുറിയാനി സഭയുടെ ചരിത്രമാണ്.

ഈ താളിയോല ഗ്രന്ഥം കുടുംബാംഗമായ ശ്രീ. കെ. എൻ. കോശിയുടെ സൂക്ഷിപ്പിൽ ഇപ്പോൾ ഇരിക്കുന്നു. ഇത് അദ്ദേഹത്തിൽ നിന്നും വാങ്ങി പകർത്തിച്ചെടുത്തത് ഈ ലേഖകനാണ്. പകർത്തി എഴുതിയത് തിരുവനന്തപുരം മാനുസ്ക്രിപ്റ്റ് ലൈബ്രറി ഉദ്യോഗസ്ഥരായ ശ്രീമതിമാർ സുഭദ്രാമ്മ, ഡോക്ടർ കുഞ്ഞമ്മ, ഇന്ദിര എന്നിവരാണ്. പകർത്തിതീർന്ന തീയതി 19-4-1988.

ഈ താളിയോല ഗ്രന്ഥത്തിന്റെ ആൾ കൈവശക്കാരൻ കണിയാന്ത്ര പരേതനായ ശ്രീ. കെ. ജെ. നൈനാൻ, തന്റെ കുടുംബചരിത്ര പുനർരചനയ്ക്കായി ശ്രീ. ജോസഫ് ഇടമറുക്, ചിത്രമെഴുത്ത് കെ. എം. വർഗീസ് എന്നിവരെ ഈ ഗ്രന്ഥം മാറിമാറി ഏല്പിക്കുകയും അവരെ കൊണ്ട് തനിക്കാവശ്യമുള്ള ഭാഗങ്ങൾ 1940 കളിൽ പകർപ്പ് എടുപ്പിച്ച് കണിയാന്ത്ര കുടുംബചരിത്രത്തിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്.

ഈ ഗ്രന്ഥമെഴുതുന്ന കാലങ്ങളിൽ സെന്റ് തോമസ് ക്രിസ്ത്യാനികളുടെ പ്രധാന ആസ്ഥാനങ്ങൾക്ക് തെക്ക് നിരണവും വടക്ക് കണ്ടനാടും ആയിരുന്നു. മാർത്തോമാമാരുടെ ആസ്ഥാനം നിരണം പള്ളിയിലായിരുന്നു.

കോനാട്ട് മല്പാന്മാരുടെ ശിക്ഷണത്തിൽ സുറിയാനി ഭാഷയിലും സഭാകാര്യങ്ങളിലും പണ്ഡിതനായി തീർന്ന കണിയാന്ത്ര തൊമ്മി ചാണ്ടി കത്തനാർ 6-ാം മാർതോമ്മായിൽ നിന്നും 1808 ൽ പട്ടം ഏറ്റ്, കുടുംബ പാരമ്പര്യാവകാശമായി നിരണം പള്ളിയുടെ വികാരി സ്ഥാനം ഏറ്റു. നിരണം പള്ളിയിൽ താമസിച്ച് ശെമ്മാശ്ശന്മാരേയും മറ്റും സുറിയാനിയും സഭാചരിത്രവും പഠിപ്പിച്ചു പോന്നു. ഭരണനിപുണനായിരുന്ന ഇദ്ദേഹം പള്ളിയുടെ പ്രധാന വികാരി

---

**പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ:** വിദ്യാഭ്യാസ വിചക്ഷണനും സാമ്പത്തിക വിദഗ്ദനും. മുൻ കേരള കോളജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ. കണിയാന്ത്ര കുടുംബാംഗവും കുടുംബചരിത്ര കർത്താവും. ഇദ്ദേഹത്തിന്റെ ശ്രമഫലമായാണ് നിരണം ഗ്രന്ഥവരി ഓറിയന്റൽ മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ ലിപി മാറ്റം നടത്തിയത്. ഈ ലേഖനത്തിന്റെ ആദ്യഭാഗം കൈയെഴുത്ത് പകർപ്പിന് 1989 -ൽ എഴുതിയ മുഖവുരയാണ്.

www.malankaralibrary.com

– റെക്ടർ – എന്ന നിലയിൽ "മെത്രാനെപ്പോലെ" ഭരണം നിർവ്വഹിച്ചിരുന്നു. ഈ ഘട്ടത്തിൽ പള്ളിയിലെ സകല റിക്കാർഡുകളും സ്വാഭാവികമായി ഇദ്ദേഹത്തിന്റെ സൂക്ഷിപ്പിലായിരുന്നു. ഈ ഗ്രന്ഥവും അങ്ങനെ അദ്ദേഹത്തിന്റെ കൈവശം എത്തിയിരിക്കണം. കത്തനാർ 1847-ൽ നിര്യാതനായി. ഇദ്ദേഹത്തിന്റെ പിൻഗാമി കണിയാന്ത്ര നൈനാൻ കത്തനാർ വിവാഹിതനായിരുന്നതുകൊണ്ടു മേപ്രയിലായിരുന്നു താമസം. അദ്ദേഹത്തിന്റെ പിൻഗാമി കണിയാന്ത്ര കിഴക്കേ വീട്ടിൽ നൈനാ കത്തനാർ അവിവാഹിതനായിരുന്നു. നിരണം പള്ളിയിലായിരുന്നു താമസം (1842-1917). ഇദ്ദേഹത്തിന്റെ കാലത്താണ് പള്ളി പൊളിച്ചു പണിയിപ്പിച്ചത്. ഇദ്ദേഹത്തിന്റെ അന്തിമകാലങ്ങളിൽ നിരണം പള്ളിയുടെ വികാരി സ്ഥാനം ഒഴിഞ്ഞ് മേപ്രാൽ സെന്റ് ജോൺസ് പള്ളിയുടെ വികാരിയായി 1910 ൽ മേപ്രാൽ എത്തി. മേപ്രാൽ പള്ളിക്ക് കണിയാന്ത്ര കുടുംബപട്ടക്കാരൻ ഉണ്ടായിരിക്കേണ്ട അവസ്ഥ സംജാതമായതിനാലാണ് മേപ്രായിലേക്ക് പോകേണ്ടി വന്നത്. ഈ വരവിൽ തന്റെ ഗ്രന്ഥശേഖരങ്ങളും ആയി എത്തിയ കത്തനാർ കണിയാന്ത്ര വാതപ്പള്ളിൽ താമസിച്ച് 1917-ൽ നിര്യാതനായി. ഈ താളിയോല ഗ്രന്ഥം അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരത്തിൽ പെട്ടാണ് കണിയാന്ത്ര കുടുംബത്തിൽ എത്തിയതെന്ന് തോന്നുന്നു.

ഈ താളിയോല ഗ്രന്ഥത്തിന്റെ പ്രധാന ഭാഗങ്ങളെല്ലാം തന്നെ 6-ാം മാർത്തോമ്മായുടെ കാലത്ത് എഴുതപ്പെട്ടു. എന്നാൽ അദ്ദേഹത്തിന്റെ കാലശേഷം (1808 ൽ) 1829 – വരെയുള്ള ചരിത്രം ഗ്രന്ഥകാരൻ എഴുതിയിട്ടുണ്ട്. അതുകൊണ്ട് ഇത് മെത്രാപ്പോലീത്തായുടെ കൈയക്ഷരം അല്ല എന്നനുമാനിക്കാം. മെത്രാപ്പോലീത്തായുടെ കൂടെയുള്ള ആശ്രിതരിൽ ആരോ, മെത്രാപ്പോലീത്താ കല്പിച്ചിട്ടോ അഥവാ പറഞ്ഞുകൊടുത്തിട്ടോ എഴുതിയതായിരിക്കണം. പകർപ്പിൽ 106-ാം പേജിലെ "ദൈവ സഹായത്താൽ ഞങ്ങളുടെ പ്രയത്നത്തിന് കുറവില്ല" എന്ന പ്രസ്താവന, മെത്രാപ്പോലീത്തായുടെ സന്തതസഹചാരികളിൽ ആരോ ആണ് ഈ താളിയോലകൾ എഴുതിയത് എന്ന് തെളിയിക്കുന്നു. 6-ാം മാർത്തോമ്മായെപ്പറ്റി "അച്ചൻ" എന്നാണ് ചില ഇടങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നത്. അതുകൊണ്ട് മെത്രാപ്പോലീത്തായുടെ സ്വന്തത്തിൽ ആരോ, അല്ലെങ്കിൽ അനന്തിരവനോ ആയിരിക്കാം ഈ ചരിത്രത്തിന്റെ ഗ്രന്ഥകാരൻ. കട്ടക്കയത്തിൽ അവിരാ കത്തനാരുടെ ഗോവർണദോർ സ്ഥാനം നഷ്ടപ്പെട്ട് തെണ്ടിതിന്ന് "നടക്കുന്നു" എന്ന വർത്തമാനകാല പ്രസ്താവന, ഈ ഗ്രന്ഥം നാളാഗമം പോലെ എഴുതികൊണ്ടിരുന്നു എന്നും തെളിയിക്കുന്നുണ്ട്.

ഈ താളിയോല ഗ്രന്ഥത്തിന് രണ്ടു വശവും നാരായം കൊണ്ടെഴുതിയ 179 ഓലകൾ ഉണ്ട്. ആദ്യത്തെ 83 ഓലകൾ സഭാചരിത്രമാണ്. 6-ാം മാർത്തോമായുടെ കാലത്തെ ചരിത്രം സാമാന്യം വിസ്തരിച്ചു രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റൊരിടത്തും കാണാൻ കിട്ടാത്ത പല വിശദവിവരങ്ങളും ഇതിൽ ഉണ്ട്. അദ്ദേഹത്തിന് മുൻപും പിൻപും ഉള്ള സഭാചരിത്രം ഹ്രസ്വമായി കൊടുത്തിരിക്കുന്നു.

84-ാം ഓല മുതൽ 19 ഓലകൾ ക്രിസ്തുസഭയുടെ ചരിത്രം രത്നചുരുക്കമായി വിവരിക്കുന്നു. പിന്നീടുള്ള 35 ഓലകൾ 7 ഉപന്യാസങ്ങളാണ്. കത്തോലിക്കാ സഭയുടെ ചില രീതികളെ വിമർശിക്കുന്നവയാണ് ഈ ഉപന്യാസങ്ങൾ.

138-ാം ഓല മുതലുള്ള 27 ഓലകൾ സഭാചരിത്രം പാട്ടുകളായി വിവരിക്കുന്നു.



ഈ ഭാഗം പരിശോധിച്ച ഡോക്ടർ സാമുവൽ ചന്ദനപ്പള്ളി അതിന്റെ കാവ്യഭംഗിയെ പുകഴ്ത്തി പറയുകയുണ്ടായി.

അടുത്ത 15 ഓലകൾ പരസ്പരബന്ധമില്ലാത്ത അപ്രസക്ത രചനകളാണ്. അവയിലെ ഉള്ളടക്കം ഈ ഓലകൾ എല്ലാം എഴുതിയത് ഒരാളല്ല എന്ന് തോന്നിപ്പിക്കുന്ന തരത്തിലാണ്. ഒരാളാണെങ്കിൽ ഗ്രന്ഥകാരന്റെ പ്രായാധിക്യത്തെയും ബുദ്ധിമാന്ദ്യത്തെയും സൂചിപ്പിക്കുന്നില്ലേ എന്ന് സന്ദേഹിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ ഒന്നുരണ്ടു പകർപ്പുകളും മൈക്രോഫിലിമും ശ്രീ. കെ. ജെ. നൈനാന്റെ കൈവശകാലത്തിൽ ഉണ്ടായിട്ടുണ്ട്. ഇസഡ്. എം. പാറേട്ട് "മലങ്കര നസ്രാണികൾ" എന്ന ഗ്രന്ഥപരമ്പര എഴുതിയിരുന്ന കാലങ്ങളിൽ ഈ സഭാചരിത്രം പരിശോധിച്ചുവെങ്കിലും ഇതിന് അർഹിക്കുന്ന പ്രാധാന്യം അദ്ദേഹം കൊടുത്തില്ല. അതുകൊണ്ട് 6-ാം മാർത്തോമ്മായുടെ കാലത്തെപ്പറ്റിയുള്ള വിവരണങ്ങളിൽ നിസ്സാരമായ ചില കുറവുകൾ ഉണ്ടായിട്ടുണ്ട്. ചിത്രമെഴുത്ത് ശ്രീ. കെ. എം. വറുഗീസ് "ഡച്ചുകാരുടെ പന്തീരായിരം", "മാത്തൂതരകന്റെ തങ്കകൊമ്പൻ" ആദിയായ ചരിത്രകഥകൾ 1940 കളിൽ എഴുതിയപ്പോൾ ഈ താളിയോല ഗ്രന്ഥത്തിന്റെ പകർപ്പിൽ നിന്നും ധാരാളം ഉദ്ധരണികൾ ചേർക്കുക ഉണ്ടായിട്ടുണ്ട്.

മലങ്കര നസ്രാണികളുടെ സഭാചരിത്രം, പഴയ മലയാള ഭാഷ, നസ്രാണി സംസ്ക്കാരം, രാഷ്ട്രീയ ചരിത്രം എന്നിവയെ പഠിക്കാൻ ആഗ്രഹിക്കുന്നവർക്കും ഗവേഷകർക്കും ഈ ഗ്രന്ഥത്തിന്റെ പ്രസാധനം ഒരു വലിയ മുതൽ കൂട്ടായിരിക്കും.

### നിരണം ഗ്രന്ഥവരിയും മലങ്കരസഭാചരിത്രവും

പതിനെട്ട് പത്തൊമ്പത് നൂറ്റാണ്ടുകളിലെ മലങ്കരസഭയുടെ ചരിത്രം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന ഒരു ഗ്രന്ഥമാണ് "*നിരണം ഗ്രന്ഥവരി.*"

ഈ ഗ്രന്ഥത്തിൽ വി. തോമ്മാശ്ലീഹാ മലങ്കരയിൽ വന്നതു മുതലുള്ള ചരിത്രം സംക്ഷിപ്തമായുണ്ട്. മാർത്തോമ്മാ മെത്രാന്മാരുടെ ഭരണകാലം, പ്രത്യേകിച്ചും അഞ്ചും ആറും മെത്രാന്മാർ (1748 - 1808) അഭിമുഖീകരിച്ച പ്രശ്നങ്ങൾ എന്നിവ വിശദമായി നാളാഗമമായി വിവരിക്കുന്നുണ്ട്. അവർക്ക് ശേഷം ഉണ്ടായ 9-ാം മാർതോമാ വരെ ഉള്ളവരെ കൂടാതെ പുലിക്കോട്ടിൽ ദീവന്നാസിയോസ്, പുന്നത്ര ദീവന്നാസിയോസ്, ചേപ്പാട്ട് ദീവന്നാസിയോസ്, എന്നിവരുടെ ഭരണവും ഹ്രസ്വമായി വിവരിക്കുന്നു. 1829 വരെയുള്ള ചരിത്രം ഗ്രന്ഥവരിയിൽ ഉണ്ട്.

മാർത്തോമാ ശ്ലീഹായാൽ സ്ഥാപിതമായ മലങ്കരസഭ ഒരു സ്വതന്ത്രസഭയാണ് എന്നതാണ് ഈ ഗ്രന്ഥത്തിന്റെ പ്രധാന സന്ദേശം. എന്നാൽ AD 325 ലെ നിഖ്യാ സുന്നഹദോസ് കാലം മുതൽ ഈ സഭ അന്ത്യോഖ്യൻ പാത്രിയർക്കീസിന്റേയും അദ്ദേഹം അയച്ച പരദേശി മെത്രാന്മാരുടേയും ഭരണത്തിലായിരുന്നു. ഉൾഭരണത്തിലെ വിദേശ ഇടപെടലുകളിൽ നാട്ടുമെത്രാന്മാർക്ക് അതൃപ്തി ഉണ്ടായിരുന്നു. സഭയുടെ സ്വയംഭരണാവകാശം സംരക്ഷിക്കുവാൻ അവരും ജനങ്ങളും ജാഗരൂകരായിരുന്നു.

ക്നായിതൊമ്മനും കൂട്ടരും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കല്പനയാലാണ് കേരളത്തിലേക്ക് കുടിയേറിയത്. അവരാണ് പകലോമറ്റം തറവാട്ടിൽ

www.malankaralibrary.com

നിന്നും അർക്കദ്യക്കോന്മാരെ തെരഞ്ഞെടുത്ത് സ്ഥാനവും ഭരണവും കൊടുത്തത്; 825 ൽ മാർ സാബോറും മാർ അപ്രോത്തും അന്ത്യോഖ്യയിൽ നിന്നാണ് വന്നത്, എന്നിങ്ങനെയുള്ള ചരിത്രപരമായ അബദ്ധങ്ങൾ ധാരാളം ഇതിൽ ഉണ്ട്.

1056 നും 1825 നും ഇടയ്ക്കുള്ള എട്ടു നൂറ്റാണ്ടിനിടയിൽ അന്ത്യോഖ്യയിൽ നിന്നും 13 മെത്രാന്മാർ വന്ന വിവരവും കൊടുക്കുന്നുണ്ട്. അവരിൽ ചിലർ എന്നു മരിച്ചു എവിടെ കബറടക്കി എന്നീ വിശദാംശങ്ങളും ഉണ്ട്. 5 ഉം 6 ഉം മാർത്തോമ്മാമാരുടെ ഭരണകാലം വിശദമായി തന്നെ ഉണ്ട്. അന്നത്തെ, പ്രത്യേകിച്ചും നിരണം ഉൾക്കൊള്ളുന്ന തെക്കൻ മലങ്കരയിലെ (അന്നത്തെ മദ്ധ്യതിരുവിതാംകൂറിലെ) മലയാളഭാഷയുടെ ഗ്രാമ്യ ശൈലി, സുറിയാനി പദങ്ങളുടെ സന്നിവേശം, സുറിയാനി ക്രിസ്ത്യാനികളുടെ ആചാരമര്യാദകൾ എന്നിവ മനസ്സിലാക്കുന്നതിന് ഈ ഗ്രന്ഥം ഉപകരിക്കും.

മലങ്കരസഭയുടെ യഥാർത്ഥ ചരിത്രത്തിനും നിലവിലുള്ള അറിവിനും വിപരീതമായി, പൂർവ്വികകാലം മുതൽ അന്ത്യോഖ്യയുടെ ഭരണത്തിൽ ഈ സഭ ഇരുന്നു എന്ന് സ്ഥാപിക്കാൻ നിരണം ഗ്രന്ഥവരി എന്തിന് തത്രപ്പെട്ടു എന്ന് ചിന്തിക്കേണ്ടതാണ്. അന്നത്തെ പ്രശ്നപശ്ചാത്തലങ്ങളാണ് സഭാചരിത്രത്തെ അങ്ങനെ വളച്ചൊടിക്കാൻ പ്രേരിപ്പിച്ചത് എന്നു കാണാം.

വി. തോമാശ്ലീഹാ മുതൽ 1599 -ലെ ഉദയംപേരൂർ സുന്നഹദോസ് വരെ മലങ്കരസഭ ഒറ്റ സഭയായിരുന്നു. 1599 ൽ റോമൻ കത്തോലിക്കാധിപത്യം വന്നു. 1653 ൽ കൂനൻകുരിശു സത്യത്തിൽ കൂടി സഭ മുക്തി നേടി. അന്നത്തെ നാട്ടുകൂട്ടം അർക്കദ്യക്കോനെ സഭയ്ക്ക് അധിപനാക്കി ഒന്നാം മാർതോമ്മാ മെത്രാനായി വാഴിച്ചു. മാർതോമ്മായ്ക്കും കൂട്ടർക്കും കൈവെയ്പ്പിന്റെ പിൻതുടർച്ച കൂടെ വേണമെന്നു തോന്നി. അവർ ബാബിലോൺ, അലക്സാന്ത്രിയ, അന്ത്യോഖ്യാ എന്നീ വിദേശങ്ങളിലേക്ക് അപേക്ഷ അയച്ചു. അന്ത്യോഖ്യാ പാത്രിയർക്കീസ്, മാർ ഗ്രീഗോറിയോസിനെ അയച്ചു (അന്ത്യോഖ്യയുമായി മലങ്കരസഭയ്ക്ക് ഉണ്ടാകുന്ന ആദ്യബന്ധമാണിത്). അദ്ദേഹം മാർതോമ്മാ മെത്രാനു കൈവയ്പ്പും പിൻതുടർച്ചയും കൊടുത്തു. അക്കാലത്ത് 1661 ൽ റോമൻ പാപ്പാ അയച്ച സെബസ്ത്യാനി എന്ന കർമ്മലിത്ത സന്യാസി മലങ്കരസഭയിലെ കുറെ പേരേ തിരികെ അടർത്തി എടുത്ത് സുറിയാനി കത്തോലിക്കാ വിഭാഗം ഉണ്ടാക്കി. പറമ്പിൽ ചാണ്ടി കത്തനാരെ അവരുടെ നാട്ടുമെത്രാനും ആക്കി അവരോധിച്ചു. അങ്ങനെ സഭ രണ്ടു ഭാഗമായി. തുടർന്ന് മാർതോമ്മാക്കാർ, യാക്കോബായക്കാർ, കൽദായസുറിയാനിക്കാർ എന്നിങ്ങനെ പിരിച്ചിലുകളും ഉണ്ടായി.

4-ാം മാർത്തോമ്മാ 5 - ാമനെ വാഴിച്ചശേഷം 1728 ൽ കാലം ചെയ്തു. 1748 ൽ വന്ന മാർ ഈവാനിയോസ് എന്ന പരദേശി മെത്രാന്റെ കൊള്ളരുതായ്മകൾ അസഹനീയമായി. 5-ാം മാർത്തോമ്മാ അതുകൊണ്ട് "കൊള്ളാവുന്ന ഒരു മേല്പട്ടക്കാരനെ" അയച്ചുതരണമെന്ന് അന്ത്യോഖ്യയിലേക്ക് അപേക്ഷ അയച്ചു. ഇതുതന്നെ തക്കം എന്നു കരുതി മലങ്കരയെ പിടിച്ചടക്കാനായി ഗ്രീഗോറിയോസ്, ഈവാനിയോസ് മെത്രാപ്പോലീത്താമാരും, ബസേലിയോസ് കാസോലിക്ക എന്ന മഫ്രിയാനായും കത്തങ്ങളും മറ്റും 1751 ൽ കപ്പലിൽ എത്തി. കപ്പൽക്കൂലി 12000 കല്യൻ പണം പോക്കു മൂസാമരയ്ക്കാർ എന്ന കപ്പലുടമയ്ക്കുവേണ്ടി ഡച്ചു കമ്പനിക്ക് മലങ്കരസഭ കൊടുക്കണമെന്ന് കമ്പനിയുടെ കല്പന വന്നു.



അല്ലെങ്കിൽ മെത്രാച്ചനെ നാടുകടത്തുമെന്ന ഭീഷണിയും. പണം കിട്ടാൻ താമസിച്ചപ്പോൾ ഡച്ചു പടയാളികൾ പള്ളിക്കരപള്ളി കുത്തികവർന്ന് തുക ഈടാക്കാൻ എത്തി. നാട്ടുകാർ കൂട്ടമായി എതിർത്തു. കവർച്ച നടന്നില്ല. ഇതിനിടയിൽ നിരണം പള്ളി ഇടവകക്കാർ പണിക്കരുവീട്ടിൽ മൂത്ത പണിക്കരും കണിയാന്ത്ര നൈനാതരകനും, കോവൂർ കുഞ്ഞാണ്ടി മാപ്പിളയും മറ്റും ചെന്ന് കുറുപ്പുംപടി പള്ളിയിൽ ഉണ്ടായിരുന്ന 5-ാം മാർത്തോമ്മായെ നിരണത്തേക്ക് കൊണ്ടുപോന്നു.

കൊള്ളാവുന്ന പരദേശി മെത്രാൻ കൂടെ ഭരണ സഹായി ആയി വേണമെന്ന് 5-ാം മാർത്തോമ്മായും ജനങ്ങളും അന്ന് വിശ്വസിച്ചിരുന്നു എന്നു ചൂണ്ടിക്കാണിക്കാനാണ് ഈ സംഭവം വിവരിച്ചത്.

ഏതായാലും പുതുതായി വന്ന പരദേശി മെത്രാന്മാരുടെ രീതികളും ഭരണത്തിലെ ഇടപെടലുകളും, മാർത്തോമ്മായുടെ മേല്പട്ടം സാധുവല്ല എന്ന വാദവും 5-ാം മാർത്തോമ്മാ അംഗീകരിച്ചില്ല. പിണക്കം നീണ്ടുനിന്നു. അവരാൽ പുനർവാഴിപ്പിക്കപ്പെടാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. 1761 ൽ അദ്ദേഹം 6-ാം മാർത്തോമ്മായെ വാഴിച്ചു. 1765 ൽ നിരണത്തു കബറടങ്ങി.

"അവരെ (പരദേശികളെ) ജയിച്ചു ഈ സ്ഥാനം (മെത്രാൻ) നിലനിർത്തിക്കൊള്ളുവാൻ പരാദീനമെന്നും ജനങ്ങൾ മറ്റു സഭാ വിഭാഗങ്ങളിലേക്ക് മാറിപോകും എന്ന് ഭയന്നും" 6-ാം മാർത്തോമ്മാ പരദേശികളുമായി രമ്യതപ്പെട്ടു. അവർ അദ്ദേഹത്തെ ദീവന്നാസിയോസ് ഒന്നാമൻ എന്ന് അഭിഷേകം ചെയ്തു. ചുരുക്കത്തിൽ, നാട്ടുമെത്രാൻമാർ പരദേശി മെത്രാന്മാരെ ഗതികെട്ടിട്ട് സ്വീകരിച്ച് സഹായമെത്രാന്മാരായി പരിഗണിച്ച് ഭരണം നടത്തിയിരുന്നു.

1800 ന് മുമ്പും പിമ്പും ഉള്ള ദശകങ്ങൾ 5 ഉം, 6 ഉം മാർത്തോമ്മാ മെത്രാന്മാരുടെ കാലമാണ്. നിരണം ഗ്രന്ഥവരി നാളാഗമം അന്നാണ് എഴുതപ്പെട്ടത്. നിലവിലുള്ള അന്ത്യോഖ്യൻ ബന്ധവും കൂട്ടുഭരണവും ആവശ്യമാണെന്ന് അന്ന് മലങ്കരസഭ ധരിച്ചിരുന്നു. കാരണങ്ങൾ.

1. നാട്ടുമെത്രാനെ വാഴിക്കുമ്പോൾ പരദേശി മെത്രാന്റെ കൈവയ്പും കൂടെ വേണം എന്ന ചിന്തയാണ് ഒന്നാം മാർത്തോമ്മാ പരദേശികളെ എഴുതി വരുത്താൻ കാരണം.

2. കൂട്ടുമെത്രാനായ പരദേശി "കൊള്ളാവുന്നവനായിരിക്കണം." മാർ ഈവാനിയോസിനെ പോലെയാവരുത്. 5-ാം മാർത്തോമ്മാ പരദേശികളെ വരുത്തിയതിനു കാരണം അതായിരുന്നു.

3. നാട്ടു മെത്രാനും പരദേശി മെത്രാനും ഒന്നിച്ചു നിന്നില്ലെങ്കിൽ ജനം മറ്റ് സഭാവിഭാഗങ്ങളിലേക്ക് (കത്തോലിക്കാ, ഇംഗ്ലീഷ് സഭ) മാറി പോകുമെന്ന ഭയം.

4. മലങ്കരയുള്ള ക്രിസ്ത്യാനികളെ പുനർഐക്യതപ്പെടുത്തി ഭരിക്കണമെന്ന 6-ാം മാർത്തോമ്മായുടെ ആഗ്രഹം സഫലീകരിച്ചില്ല. അപ്പോൾ റോമാക്കാരുമായി ഒരു ബന്ധവുമില്ല, അന്ത്യോഖ്യായുമായാണ് പൂർവ്വികകാലം മുതൽ സുദൃഢബന്ധം ഉണ്ടായിരുന്നത് എന്ന് സ്ഥാപിച്ചെടുക്കാനുള്ള വ്യഗ്രത. സംഭവം ഇപ്രകാരമാണ്.

സുറിയാനി കത്തോലിക്കാ വിഭാഗം ഉണ്ടായതോടുകൂടി മലങ്കരസഭ രണ്ടായി

www.malankaralibrary.com

പിളർന്നു. എന്നാൽ രണ്ടു കൂട്ടരുടേയും കുടുംബങ്ങൾ തമ്മിൽ സഹോദരൻ എന്നതു കൊണ്ടോ വിവാഹം കാരണമോ സുദൃഢബന്ധം ഉണ്ടായിരുന്നു. അതു കൊണ്ട് ജനങ്ങൾ പുനർഏകീകരണം ആഗ്രഹിച്ചിരുന്നു. അതുപോലെ തന്നെ റോം അയയ്ക്കുന്ന പരദേശി മെത്രാന്മാരിൽ നിന്നും വിടുതൽ വേണമെന്ന് കത്തോലിക്കാ മതനേതാക്കളും, അന്ത്യോഖ്യൻ മെത്രാന്മാരിൽ നിന്നും മുക്തി നേടുന്നതിന് 6–ാം മാർത്തോമ്മായും കൂട്ടരും ആഗ്രഹിച്ചിരുന്നു.

ഇതേപ്പറ്റി രണ്ടു കൂട്ടരും കൂട്ടായി ചിന്തിച്ചു. തച്ചിൽ മാത്തുതരകൻ, കരിയാറ്റിൽ ജോസഫ് മല്പാൻ, പാറേമാക്കൽ തോമാ കത്തനാർ എന്നിത്യാദി നേതാക്കൾ കത്തോലിക്കർക്കിടയിലും 6–ാം മാർത്തോമ്മാ, കണിയാന്ത്ര നൈനാചാണ്ടി തരകൻ മുതൽപേർ ഈ ഭാഗത്തും നേതൃത്വം കൊടുത്തു. 6–ാം മാർത്തോമ്മായെ പുനരൈക്യപ്പെട്ട സഭയുടെ അധിപനാക്കണം, അദ്ദേഹം റോമാപാപ്പായ്ക്ക് അധീനപ്പെടണം, കരിയാറ്റിലിനെ മെത്രാനാക്കണം എന്നിത്യാദി വ്യവസ്ഥകൾ അംഗീകരിക്കുന്ന കത്ത് 6–ാം മാർത്തോമ്മായിൽ നിന്നും വാങ്ങാൻ മാത്തുതരകൻ ശ്രമിച്ചു. കിട്ടിയില്ല. ഒടുവിൽ കരിയാറ്റിലിന്റെ നിർബന്ധപ്രകാരം നൈനാചാണ്ടിതരകൻ അതു വാങ്ങി 1775 ചിങ്ങം 30 ന് കരിയാറ്റിലിനെ ഏല്പിച്ചു. കരിയാറ്റിലും പാറേമാക്കലും റോമിലേക്ക് പോയി. എന്നാൽ ദൗത്യം വിജയിച്ചില്ല, മാത്തു തരകന് ഇതിൽ വലിയ നീരസം ഉണ്ടായി. അദ്ദേഹം ജയന്തൻ നമ്പൂതിരി ദളവയെ സ്വാധീനിച്ച് 6–ാം മാർത്തോമ്മായേയും സഭയേയും വളരെ പീഢിപ്പിച്ചു. തത്തംപള്ളി പള്ളിയിൽ വച്ച് അദ്ദേഹം 6–ാം മാർത്തോമ്മായെ കൊണ്ടു പത്തീറ ഉപയോഗിച്ചു കത്തോലിക്കാ രീതിയിൽ കുർബ്ബാന ചൊല്ലിച്ചു. അതുപോലെ കണിയാന്ത്ര നൈനാ ചാണ്ടി തരകനെയും മകൻ കുഞ്ഞുതൊമ്മി തരകനെയും അവരുടെ വസ്തുക്കൾ കൈവശപ്പെടുത്തിയും മറ്റും ഉപദ്രവിച്ചു.

5. ഈ കാലത്ത് ഇംഗ്ലീഷുകാരുമായി സഭയ്ക്കും മതനേതാക്കൾക്കും മമത ഉണ്ടായി. ഇംഗ്ലീഷുകാരുടെ സുറിയാനി സഭയോടുള്ള പ്രത്യേക താല്പര്യം ക്രമേണ ജനത്തെ അവരുടെ സഭയിലേക്ക് ആകർഷിക്കുമെന്ന ഭീതി.

അന്ത്യോഖ്യാസഭയുടെ ഭാഗമാണ് മലങ്കരസഭ; അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അനുവാദം ഇല്ലാതെ നിലവിലിരിക്കുന്ന രീതികൾ മാറ്റാൻ സാദ്ധ്യമല്ല എന്നും മറ്റും മാവേലിക്കര പടിയോലയിൽ എഴുതി ചേർത്തു. മലങ്കരയിലെ പല ദേവാലയങ്ങളും അന്ത്യോഖ്യക്കാരുടെ പ്രയത്നത്താലും ധനത്താലും ആണ് പണിതതെന്നെ അബദ്ധ പ്രസ്താവന വരെയുണ്ട് ഈ പടിയോലയിൽ.

6. അന്ത്യോഖ്യൻ പരദേശി മെത്രാന്മാരുമായി നാട്ടു മെത്രാന്മാർ കൂട്ടുഭരണമാണ് നടത്തിയിരുന്നത്. കത്തോലിക്കരുടെയോ ഇംഗ്ലീഷ് സഭയുടെയോ ആധിപത്യം വന്നാൽ നാട്ടുമെത്രാന്റെ ഉള്ള അധികാരം പോലും നഷ്ടപ്പെടാം എന്ന ഭയം.

7. മലങ്കരയിൽ നിലവിലുള്ളത് നെസ്തോറിയ മതമാണെന്നും അത് പൂർവ്വിക ക്രിസ്തുമത ചിന്തകൾക്കനുസരണമല്ലെന്നുമുള്ള പോർട്ടുഗീസ് ആധിപത്യ കാലത്തെ കത്തോലിക്കരുടെ വാദം. ആ വ്യത്യാസങ്ങളെ ഉൾക്കൊള്ളാതെ നെസ്തോറിയരെ സ്വീകരിച്ചിരുന്ന, പൂർവ്വിക മലങ്കരസഭയ്ക്ക് ആ വാദം വളരെ സ്വീകാര്യമായി. തങ്ങളുടെ ബന്ധം നെസ്തോറിയരുമായിട്ടല്ല, പൂർവ്വിക കാലം മുതൽ അന്ത്യോഖ്യയുമായിട്ടായിരുന്നു എന്ന് സ്ഥാപിക്കാനുള്ള ഈ



വ്യഗ്രതയാണു ഒരു കാരണം.

8. ഇതിലൊക്കെ ഉപരിയായി 1751 നു ശേഷം മലങ്കരയിൽ വന്ന അന്ത്യോഖ്യൻ മെത്രാന്മാർ ഈ ചിന്താഗതിയെ ഊട്ടി ഉറപ്പിച്ചു. മലങ്കരയിലെ സുറിയാനി ക്രിസ്ത്യാനികളെ യാക്കോബായക്കാർ എന്ന് വിശേഷിപ്പിച്ചു തുടങ്ങി.

മുകളിൽ വിവരിച്ച കാരണങ്ങളാൽ നിരണം ഗ്രന്ഥവരി രചിച്ചപ്പോൾ വി. തോമാ ശ്ലീഹായുടെ മലങ്കരസഭ സ്വതന്ത്രസഭയാണെങ്കിലും പൂർവ്വിക കാലം മുതൽ അന്ത്യോഖ്യയുമായി ബന്ധപ്പെട്ട്, പരദേശി നാട്ടുമെത്രാന്മാരുടെ കൂട്ടുഭരണത്തിലാണ് എന്ന വിശ്വാസം പ്രബലമായിരുന്നു. അതുകൊണ്ട് നിരണം ഗ്രന്ഥവരിക്കുശേഷം രചിക്കപ്പെട്ട ആബ്രഹാം കശീശായുടെ 1821 ലെ "മലങ്കര ചരിതം", 1836 ലെ മാവേലിക്കരപടിയോല, ഇ. എം. ഫിലിപ്പിന്റെ സഭാചരിത്രം, 1869 ൽ പുകടിയിൽ ഇട്ടൂപ്പ് റൈട്ടർ എഴുതിയ "മലങ്കരസഭാചരിത്രം" എന്നിവയിലെല്ലാം ഈ ചിന്താഗതിയാണുള്ളത്. ഇത് സ്വാഭാവികമായി 1876 ലെ മുളന്തുരുത്തി സുന്നഹദോസിലേക്കും അന്ത്യോഖ്യാധിപത്യത്തിലേക്കും നയിച്ചു. 1889 വരെയുള്ള സഭാകേസിലും സഭാചരിത്രത്തെപ്പറ്റിയുള്ള നിലപാട് ഇതുതന്നെ ആയിരുന്നു.

സഭാചരിത്രത്തെപ്പറ്റി ഇന്നത്തെ നിലപാട് ഇതല്ല. മലങ്കരസഭ ആദിമുതൽ തന്നെ അർക്കദ്യക്കോന്മാർ ഭരിച്ചിരുന്ന ഒരു സ്വതന്ത്രസഭയാണ്. ഇവിടേക്ക് കാലാകാലങ്ങളിൽ വിദേശി യാത്രക്കാരും മെത്രാന്മാരും സന്ദർശകരായും ഭരണത്തിനും വന്നിട്ടുണ്ട്. അതിൽ റോമാക്കാരും, നെസ്തോറിയരും, പാശ്ചാത്യ – പൗരസ്ത്യ പേർഷ്യൻ സഭക്കാരും ഉണ്ടായിരുന്നു. മലങ്കരസഭ ഭരിക്കാൻ എത്തിയ പരദേശി മെത്രാന്മാരുമായി നാട്ടുമെത്രാന്മാർ കൂട്ടുഭരണം നടത്തിയിരുന്നു. മുളന്തുരുത്തി സുന്നഹദോസിനു ശേഷംപോലും ഈ കൂട്ടുഭരണമാണ് ഉണ്ടായിരുന്നത്.

ഫാ. ഡോ. വി. സി. സാമുവേൽ, ഫാ. ഡോ. ടി. ഐ വർഗീസ് എന്നിവർ ഇപ്പോൾ ഈ നിലപാടിനെ ഒരുപാടു തെളിവുകളുടെ അടിസ്ഥാനത്തിൽ ചോദ്യം ചെയ്യുന്നു. ഇവരുടെ പഠനങ്ങൾ ശ്രദ്ധേയമാണ്. നെസ്തോറിയൻ സഭ 486 ലാണുണ്ടാകുന്നത്. അന്നു മുതൽ മുളന്തുരുത്തി സുന്നഹദോസ് വരെ മലങ്കരസഭയുടെ പേർഷ്യൻ ബന്ധം നെസ്തോറിയൻ സഭയുമായി ആയിരുന്നു. അവരുടെ സ്വാധീനം 19–ാം നൂറ്റാണ്ടിന്റെ അന്ത്യം വരെ ഉണ്ടായിരുന്നു.

5–ാം നൂറ്റാണ്ടു മുതൽ നെസ്തോറിയൻ സഭയ്ക്ക് വമ്പിച്ച വളർച്ച ഉണ്ടായി. അതിന്റെ Nisibis School (സെമിനാരി) ലെ പണ്ഡിതന്മാർ നൂറുകണക്കിന് ഇന്ത്യ, ചൈനാ, ടിബറ്റ് എന്നിത്യാദി ദേശങ്ങളിലേക്ക് പ്രവഹിച്ചു. നെസ്തോറിയൻ രീതികൾ ഇന്ത്യയിലും അങ്ങനെ പ്രചരിച്ചു.

486 നു ശേഷം 1665 വരെ മലങ്കരയിലേക്ക് വന്ന വിദേശി മെത്രാന്മാർ നെസ്തോറിയൻ സഭ അയച്ചവരായിരുന്നു. അവരിൽ ചിലരുടെ പേരുകളും സാമുവേലച്ചൻ കൊടുക്കുന്നുണ്ട്. വളരെയധികം തെളിവുകളുടെ വെളിച്ചത്തിൽ ഈ പുതിയ നിലപാട് സ്വീകാര്യമാണ്.

വി. തോമാശ്ലീഹായാൽ സ്ഥാപിതമായ മലങ്കരസഭ ഒരു സ്വതന്ത്രസഭയാണെന്ന പാരമ്പര്യം ആദികാലം മുതലെ ഉൾക്കൊണ്ടിരുന്ന ഇവിടുത്തെ ജനങ്ങളും

www.malankaralibrary.com

അർക്കദ്യക്കോന്മാരും മാർത്തോമ്മാ മെത്രാന്മാരും നെസ്തോറിയൻ പരദേശി മെത്രാന്മാരെ എത്രമാത്രം ഉൾക്കൊണ്ടിരുന്നു എന്നത് പഠനം അർഹിക്കുന്നു. ഫാർസിലെ റിവാർഡഷീർ മെത്രാപ്പോലീത്തായ്ക്ക് ഇന്ത്യൻ സഭയുടെ ചുമതല ഉണ്ടായിരുന്നു എന്നു പറയുമ്പോൾ അവരുടെ ആധിപത്യത്തെ സൂചിപ്പിക്കുന്നു. പൗരസ്ത്യ സഭാബന്ധം വെറും സൗഹൃദമല്ല, ഒന്നുകിൽ കൂട്ടുഭരണം അല്ലെങ്കിൽ നെസ്തോറിയൻ ഭരണം എന്ന നിഗമനത്തിലാണ് നാം എത്തുന്നത്. ഇതിൽ ഏതായിരുന്നു എന്നു നെസ്തോറിയൻ മെത്രാന്മാരുടെ ഭരണരീതികളെപ്പറ്റി കൂടുതൽ ഗവേഷണം കൊണ്ടു സ്ഥാപിക്കേണ്ടിയിരിക്കുന്നു.

ഏതായാലും നിരണം ഗ്രന്ഥവരി അന്നത്തെ ഭാഷ, സംസ്ക്കാരം എന്നിത്യാദികൾ പഠിക്കാൻ ഉതകും. എങ്കിലും, അതിന്റെ സഭാചരിത്ര നിലപാട് ഇന്ന് മലങ്കരസഭ അംഗീകരിക്കുന്നില്ല. അത് വികലവുമാണ്. അന്നത്തെ ചരിത്രപരമായ ഗതികേടിനെ നേരിടാൻ തയ്യാറാക്കിയ ഒരു നാളാഗമം മാത്രമാണിത്.

❒

**2**

# നിരണം ഗ്രന്ഥവരിയിലെ ആഗോളസഭാചരിത്രം

## (1, 2 അദ്ധ്യായങ്ങളെപ്പറ്റിയുള്ള പഠനം)

**ഫാ. ജോസി ജേക്കബ് പൊനോടത്ത്**

**നി**രണം ഗ്രന്ഥവരിയുടെ ഒന്നും രണ്ടും അദ്ധ്യായങ്ങൾ പരിശോധിക്കുമ്പോൾ പ്രഥമദൃഷ്ട്യാ വ്യക്തമാകുന്ന ഒരു വസ്തുത ഇത് ഒരു വിശ്വാസ പഠനരേഖ ആണെന്നുള്ളതാകുന്നു. രണ്ടാം അദ്ധ്യായത്തിലെ വേദശാസ്ത്ര വിശകലനങ്ങളിൽ നിന്ന് ഈ രേഖയുടെ കർത്താവ് ഏ. ഡി. 451 – ലെ കൽക്കീദോൻ സുന്നഹദോസ് (Council of Chalcedon) അംഗീകരിക്കാത്ത വേദശാസ്ത്ര നിലപാടിനെ പ്രതിനിധാനം ചെയ്യുന്ന വ്യക്തിയാണെന്ന് സ്പഷ്ടമാകുന്നു. അലക്സാന്ത്രിയൻ വേദശാസ്ത്ര പാരമ്പര്യമാണ് സത്യവിശ്വാസമെന്ന് സ്ഥാപിക്കാനുള്ള തീവ്രമായ ശ്രമം ഇതിൽ കാണാം. ഇന്ന് മലങ്കര ഓർത്തഡോക്സ് സഭയുൾപ്പെടെ ഓറിയന്റൽ ഓർത്തഡോക്സ് സഭകളെല്ലാം ഈ വേദശാസ്ത്ര നിലപാട് സ്വീകരിച്ചിരിക്കുന്നു.

അന്ത്യോക്യയിലെ സുറിയാനി ഓർത്തഡോക്സ് സഭ മലങ്കരസഭയുമായി 1665 ൽ ബന്ധം സ്ഥാപിച്ചതിനു ശേഷം അന്ത്യോക്യൻ വിശ്വാസ പ്രചരണത്തിനായി എഴുതപ്പെട്ട ഒരു രേഖയായി ഇതിനെ കണക്കാക്കാവുന്നതാണ്. ഇത് സുറിയാനിയിൽ നിന്നുള്ള ഒരു സ്വതന്ത്ര പരിഭാഷയാണെന്ന് എം. കുര്യൻ തോമസ് അഭിപ്രായപ്പെട്ടിട്ടുണ്ട് ( ഉപോദ്ഘാതം കാണുക ). മലയാളഭാഷയിൽ കാണപ്പെടുന്നതായ ഈ രേഖ സുറിയാനിഭാഷയിലും അന്ത്യോക്യൻ സഭയുടെ ദൈവശാസ്ത്രത്തിലും അഗാധ പാണ്ഡിത്യമുള്ള വ്യക്തിയാൽ എഴുതപ്പെട്ടതാണ് എന്നതിന് സംശയമില്ല. എന്നാൽ മലങ്കരയിലെ സുറിയാനി ക്രിസ്ത്യാനികളെ സംബന്ധിയ്ക്കുന്നതും അന്ത്യോക്യൻ സഭ താത്പര്യം കാണിക്കാനിടയില്ലാത്തതുമായ ചില പ്രതിപാദനങ്ങൾ ഈ രേഖയിൽ കാണാം (ഉദാ: കൊല്ല വർഷവും ക്രിസ്തുവർഷവും തമ്മിലുള്ള വ്യത്യാസം, ക്നായിത്തൊമ്മന്റെ വരവ്, മാർത്തോമ്മാശ്ലീഹായുടെ ചരമവർഷം). ഇത് പാശ്ചാത്യ സുറിയാനി

**ഫാ. ജോസി ജേക്കബ് പൊനോടത്ത്.** കോട്ടയം വടവാതൂർ Pontifical Oriental Institute of Religious Studies – ൽ ഡോക്ടറൽ ഗവേഷണ വിദ്യാർത്ഥി. *'നിരണം ഗ്രന്ഥവരിയിലെ ചരിത്ര ദർശനം'* എന്ന ഗവേഷണ പ്രബന്ധം B. D. ബിരുദ പഠനത്തിന്റെ ഭാഗമായി 1993–ൽ ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ സമർപ്പിച്ചു. നിരണം ഗ്രന്ഥവരിയെക്കുറിച്ചുള്ള പ്രഥമ ഗവേഷണ പഠനമാണത്.

www.malankaralibrary.com

ഭാഷയിലുള്ള വിശ്വാസ പഠനരേഖയുടെ മലങ്കരസഭയ്ക്കുവേണ്ടി തയ്യാറാക്കപ്പെട്ട മലയാളം പതിപ്പായിരിക്കുവാൻ ഏറെ സാധ്യതയുണ്ട്.

ഒന്നാം അദ്ധ്യായം പഴയനിയമത്തെ അടിസ്ഥാനമാക്കി എഴുതപ്പെട്ട ഇസ്രായേൽ ജനതയുടെ ചരിത്രമാണ്. പഴയനിയമ സംഭവങ്ങൾ കാലക്രമം അനുസരിച്ച് അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ഈ ഭാഗത്ത് ചില അപ്പോക്രിഫൽ പാരമ്പര്യങ്ങളുടെ സ്വാധീനം നിഴലിക്കുന്നുണ്ട്. ഏ. ഡി. 70-ൽ യരുശലേം ദേവാലയം നശിപ്പിക്കപ്പെട്ടതിനുശേഷം പ്രബലപ്പെട്ട റാബിനിക്ക് യഹൂദമതത്തിന്റെ സ്വാധീനവും കാണാം. പെന്തിക്കോസ്തി പെരുനാളിനെ സീനായ്മലയിൽ വച്ച് നിയമകല്പനകൾ ലഭിച്ച സംഭവവുമായി ചേർത്ത് അവതരിപ്പിച്ചിരിക്കുന്നത് അതിന്റെ തെളിവാണ്. പഴയനിയമത്തിൽ നല്ല വ്യുല്പത്തിയുള്ള ഒരാൾക്കു മാത്രമേ ഇത്ര സമഗ്രമായ ഒരു സംക്ഷിപ്തരൂപം തയ്യാറാക്കുവാൻ സാധിക്കുകയുള്ളു.

പഴയനിയമ സംഭവങ്ങൾ വിവരിക്കുന്നിടത്ത് ഉപയോഗിച്ചിരിക്കുന്ന വർഷക്കണക്ക് ഏത് കലണ്ടറിലേതാണെന്ന് വ്യക്തമല്ല. യേശുക്രിസ്തുവിന്റെ മരണം വരെയുള്ള സംഭവങ്ങൾ പഴയ വർഷക്കണക്കിനാണ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. അവതരിപ്പിക്കപ്പെടുന്ന വിവരങ്ങളുടെ ആധികാരികതയ്ക്കു വേണ്ടിയായിരിക്കാം വർഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ വർഷക്കണക്കുകൾക്ക് പിന്നിലും യഹൂദ റാബിമാരുടെ കൃതികളുടെ സ്വാധീനം സംശയിക്കേണ്ടിയിരിക്കുന്നു. ഒന്നാം അദ്ധ്യായത്തിന്റെ അവസാന ഭാഗത്ത് സെപ്റ്റ്വജിന്റിനെക്കുറിച്ചും അതിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട ഐതിഹ്യത്തെക്കുറിച്ചും പ്രതിപാദിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. പഴയനിയമത്തിന്റെ ഏറ്റവും പ്രസിദ്ധമായ ഗ്രീക്ക് പരിഭാഷയായ സെപ്റ്റ്വജിന്റ് (LXX) അലക്സാന്ത്രിയായിലെ Pholomy Philadelphus (285-246 ബി. സി) ന്റെ കാലത്ത് ഭാഷാന്തരം ചെയ്യപ്പെട്ടു എന്നാണ് യഹൂദപാരമ്പര്യം. ഈ വിവരം ഗ്രന്ഥവരിയിൽ തെറ്റുകൂടാതെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. യഹൂദ പാരമ്പര്യത്തിൽനിന്ന് സുറിയാനി പാരമ്പര്യത്തിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട ഒരു അറിവാണിത്.

*'പുതുമയുടെ കാലങ്ങൾ'* എന്ന രണ്ടാം അദ്ധ്യായത്തിൽ ഉപയോഗിച്ചിരിക്കുന്നത് ക്രിസ്തുവിന്റെ ജനനം മുതൽ ആരംഭിക്കുന്ന വർഷക്കണക്കാണ്. വേദപുസ്തകത്തിൽ വിവരിച്ചിട്ടില്ലാത്ത ചില ചരിത്രസംഭവങ്ങൾ അവിടെ കാണാം. സംഭവങ്ങൾ നടന്ന കാലം യഹൂദ പെരുനാളുകളോട് ബന്ധിപ്പിച്ച് അവതരിപ്പിച്ചിരിക്കുന്നത് യഹൂദ കൃതികളുടെ സ്വാധീനം വിളിച്ചോതുന്നു. സഭാചരിത്രഭാഗത്ത് 'അന്ത്യോക്യയിൽ നസ്രാണികൾ എന്ന് പേര് വിളിച്ചു' എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് വി. വേദപുസ്തകത്തിൽ കാണുന്ന വസ്തുതകൾക്ക് വിരുദ്ധമാണ്. അന്ത്യോക്യായിൽ വച്ച് യേശുവിന്റെ ശിഷ്യന്മാർക്ക് 'ക്രിസ്ത്യാനികൾ' എന്ന് പേരായി എന്നാണ് പുതിയനിയമം സാക്ഷിക്കുന്നത് (അപ്പോ. പ്രവർത്തികൾ 11:26). ഗ്രീക്ക് മൂലത്തിൽ നിന്നുളവായ 'ക്രിസ്ത്യാനി' എന്ന പേര് മലങ്കരയിലെ സുറിയാനി ക്രിസ്ത്യാനികൾക്ക് പരിചിതമായ വിധത്തിൽ 'നസ്രാണികൾ' എന്ന് ഉപയോഗിച്ചതാകാം. സുവിശേഷങ്ങളുടെ രൂപീകരണത്തെക്കുറിച്ചുള്ള പ്രതിപാദനത്തിൽ ആദ്യമായി രൂപപ്പെട്ട സുവിശേഷം വി. മത്തായിയുടേതാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഈ ആശയം ആധുനിക വേദപുസ്തക പണ്ഡിതന്മാരുടെ അഭിപ്രായത്തിന് വിരുദ്ധമാണ്.



ഏ. ഡി. 253 – ൽ ആഫ്രിക്കയിലെ 'കടുത്താക്കോ' നഗരിയിൽ ചേർന്ന സുന്നഹദോസിനെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. വി. സിപ്രിയന്റെ കാലത്ത് ഏ. ഡി. 251, 252, 254, 255, 256 എന്നീ വർഷങ്ങളിൽ ആഫ്രിക്കയിലെ കാർത്തേജിൽ പ്രാദേശിക സുന്നഹദോസുകൾ നടന്നിട്ടുണ്ട്. അവയിൽ സഭയിൽനിന്ന് വിട്ടുപോയവർ തിരികെവരുമ്പോൾ വീണ്ടും മാമോദീസാ നല്കുന്ന കാര്യത്തെക്കുറിച്ച് ചർച്ചകൾ നടന്നിരുന്നു. അവയിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ചുള്ള തെറ്റായ പ്രതിപാദനമായിരിക്കാം ഇവിടെ കാണുന്നത്. 260-ാം ആണ്ടിൽ പള്ളികളിൽ മരബിംബങ്ങൾ സ്ഥാപിക്കാൻ റോമയിലെ മെത്രാൻ ആവശ്യപ്പെട്ടതായി പറയുന്നു. അങ്ങനെ ഒരു സംഗതി സഭാചരിത്രത്തിൽ കാണപ്പെടുന്നില്ല. ബിംബങ്ങൾ കത്തോലിക്കാ സഭയിൽ പ്രചാരത്തിൽ വന്നത് ഏ. ഡി. 11-ാം നൂറ്റാണ്ടിന് ശേഷമാണ്.

നിഖ്യാസുന്നഹദോസിനെക്കുറിച്ചുള്ള ഭാഗത്ത് അറിയോസിന്റെ വേദവിപരീതം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. പല പിൽക്കാല സുറിയാനി സഭാപിതാക്കന്മാർക്കും ഈ തെറ്റ് പറ്റിയിട്ടുണ്ടെന്ന് ഫാ. ഡോ. ജോൺ പണിക്കർ അഭിപ്രായപ്പെടുന്നു (ഫാ. ഡോ. ജോൺ പണിക്കരുടെ *'സുറിയാനി സഭയുടെ വിശ്വാസം നിരണം ഗ്രന്ഥവരിയിൽ'* എന്ന ലേഖനം കാണുക). അറിയോസിന്റെ വേദവിപരീതം സഭയിൽ നിലനിന്നിരുന്ന കാലത്തെ സഭാപിതാക്കന്മാർ അതിനെക്കുറിച്ച് വ്യക്തമായി ഒന്നും രേഖപ്പെടുത്തിയിട്ടില്ല. അതിനാലായിരിക്കാം പിൽക്കാല സുറിയാനി പാരമ്പര്യത്തിൽ അതു സംബന്ധിച്ച് തെറ്റിദ്ധാരണ ഉണ്ടായത്. വേദവിപരീതത്തെക്കുറിച്ച് പറയുമ്പോൾ തെറ്റുണ്ടായെങ്കിലും സുന്നഹദോസ് നിശ്ചയങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ക്നായിത്തൊമ്മന്റെ വരവ് സംബന്ധിച്ചുള്ള വിവരങ്ങൾ നിഖ്യാസുന്നഹദോസിനെക്കുറിച്ചുള്ള പ്രതിപാദനങ്ങൾക്ക് പിന്നാലെ ചേർത്തിരിക്കുന്നത് ആശയപരമായി അസ്ഥാനത്താണെന്ന് പറയാതെ വയ്യ. എന്നാൽ കാലക്രമം അനുസരിച്ചാണ് ആ സംഭവങ്ങൾ ഒരുമിച്ച് അവതരിപ്പിച്ചിരിക്കുന്നത്. സുറിയാനി രേഖയെ ആസ്പദമാക്കി മലയാളപതിപ്പ് തയ്യാറാക്കിയപ്പോൾ കൂട്ടിച്ചേർക്കപ്പെട്ട ഭാഗമായി ഇതിനെ കരുതാം.

കുസ്തന്തീനോപോലീസ് സുന്നഹദോസിനെകുറിച്ച് പ്രതിപാദിക്കുന്നിടത്ത് മക്കദോന്യാ വേദവിപരീതമായി അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് റോമൻ കത്തോലിക്കാ സഭയിൽ നൂറ്റാണ്ടുകൾക്ക് ശേഷം നിലവിൽവന്ന വിശ്വാസമാണ്. പരിശുദ്ധാത്മാവിനെ സൃഷ്ടിയായി ചിത്രീകരിക്കുകയും ദൈവത്വം നിഷേധിക്കുകയും ചെയ്തതാണ് മക്കദോനിയസിന്റെ വേദവിപരീതം. നെസ്തോറിയസിന്റെ വേദവിപരീതത്തെക്കുറിച്ചുള്ള പ്രതിപാദനത്തിൽ തെറ്റുകൾ കടന്നുകൂടിയിട്ടില്ല. യൂത്തിക്കോസിന്റെ വേദവിപരീതത്തെക്കുറിച്ചുള്ള വിവരണം അവ്യക്തമെങ്കിലും കാര്യമായ തെറ്റുകൾ വന്നിട്ടില്ല.

കല്കിദോൻ സുന്നഹദോസിനെക്കുറിച്ചും അവിടെ അംഗീകരിക്കപ്പെട്ട വിശ്വാസ പ്രഖ്യാപനത്തെക്കുറിച്ചും അത് അംഗീകരിക്കാത്തവരുടെ വേദശാസ്ത്ര നിലപാടിനെക്കുറിച്ചും വ്യക്തവും വിശദവുമായ വിവരണം കാണാം. കൽക്കീദോൻ വിരുദ്ധ നിലപാടിനെ സത്യവിശ്വാസമായി അവതരിപ്പിക്കുന്നതിൽ നിന്ന് ഈ രേഖയുടെ കർത്താവിന്റെ വേദശാസ്ത്രപരമായ നിലപാട് വ്യക്തമാകുന്നു.

രണ്ടാം കുസ്തന്തീനോപോലീസ് സുന്നഹദോസിനെക്കുറിച്ചുള്ള

www.malankaralibrary.com

വിവരണങ്ങളിൽ സാരമായ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട്. റോമൻ സഭയിൽ നിലനിന്നിരുന്ന ആചാരാനുഷ്ഠാനങ്ങൾ രണ്ടാം കുസ്തന്തീനോസ്പോലീസ് സുന്നഹദോസിൽ ആരോപിക്കുന്നതായി കാണാം. അന്ത്യോക്യൻ സഭയും അർമ്മേനിയൻ സഭയും തമ്മിലുണ്ടായ വിശ്വാസപരമായ ഉടമ്പടിയെക്കുറിച്ചുള്ള പരാമർശനം പ്രാധാന്യത്തോടെ പരിഗണിക്കപ്പെടേണ്ടതാണ്.

നിരണം ഗ്രന്ഥവരിയുടെ ഒന്നും രണ്ടും അദ്ധ്യായങ്ങൾ അടങ്ങുന്നതായ ഈ രേഖ വിശ്വാസം പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ക്രമീകരിച്ചിരിക്കുന്ന ഒന്നാണെന്ന് നിസ്സംശയം പറയാം. പോർച്ചുഗീസുകാരുടെ സ്വാധീനത്തിൽ റോമൻ കത്തോലിക്കാ വിശ്വാസത്തിലേക്ക് പോയിരുന്ന മലങ്കരയിലെ സഭയിൽ അന്ത്യോക്യൻ സുറിയാനി സഭയുടെ കൽക്കീദോൻ വിരുദ്ധ നിലപാട് പ്രചരിപ്പിക്കുക എന്നതായിരുന്നു ഈ രേഖയുടെ രൂപീകരണത്തിന് പിന്നിലെ പ്രധാന ലക്ഷ്യം. പഴയനിയമകാലം മുതലുള്ള സത്യവിശ്വാസത്തിന്റെ പിൻതുടർച്ച ഈ വിശ്വാസ സംഹിതയിലാണെന്ന് വരുത്തിതീർക്കുവാനുള്ള ശ്രമം ഈ രേഖയിൽ കാണാം. വേദവിപരീതങ്ങൾ വിവരിക്കുന്നിടത്ത് തെറ്റുകൾ വന്നു ഭവിച്ചിട്ടുണ്ടെങ്കിലും സത്യവിശ്വാസം അവതരിപ്പിക്കുന്നതിൽ കൃത്യത പാലിക്കപ്പെട്ടിരിക്കുന്നു. വി. വേദപുസ്തകത്തെക്കുറിച്ചും സഭയുടെ വേദശാസ്ത്രപരമായ നിലപാടിനെക്കുറിച്ചും വ്യക്തമായ ബോധ്യമുള്ള ആളാണ് ഇതിന്റെ കർത്താവ്. വളരെ ആഴത്തിലുള്ള ഒരു വേദശാസ്ത്ര പ്രബന്ധം എന്ന വിധത്തിലല്ല നേരെമറിച്ച് സാധാരണക്കാരായ വിശ്വാസികളെ സത്യവിശ്വാസത്തിൽ ഉറപ്പിക്കുക എന്ന ലക്ഷ്യത്തിലാണ് ഈ രേഖ എഴുതപ്പെട്ടിരിക്കുന്നത്.

❐

**3**

# സുറിയാനി സഭാവിശ്വാസം നിരണം ഗ്രന്ഥവരിയിൽ

## (‘ചുരുക്കത്തിൽ വിശ്വാസകാര്യങ്ങൾ’ എന്ന അദ്ധ്യായത്തിന്റെ പഠനം)

**ഫാ. ഡോ. എം. ജോൺ പണിക്കർ**

**വി.** ത്രിത്വവിശ്വാസവും വചനമാം ദൈവത്തിന്റെ മനുഷ്യാവതാരത്തിലുള്ള വിശ്വാസവും സുറിയാനി സഭയുടെ അടിസ്ഥാന വിശ്വാസപ്രമാണങ്ങളാണ്. ഇവയുടെ നിഴലിലാണ് സഭയുടെ മറ്റു വിശ്വാസപ്രമാണങ്ങളും ആരാധനകളും ആചാരാനുഷ്ഠാനങ്ങളും നിലകൊള്ളുന്നത്. ഈ അടിസ്ഥാന വിശ്വാസങ്ങളെക്കുറിച്ചുള്ള ഒരു വിശദീകരണം മലയാളഭാഷയിൽ അധികമുണ്ടായിരുന്നതായി കാണുന്നില്ല. നിരണം ഗ്രന്ഥവരി മലങ്കരസഭയിലെ പഴക്കമുള്ള ഒരു രേഖയാണ്. വി. ത്രിത്വവിശ്വാസവും മനുഷ്യാവതാരത്തിലുള്ള വിശ്വാസവും നിരണം ഗ്രന്ഥവരിയിൽ വിശദീകരിച്ചിരിക്കുന്നതിനെ പരിശോധിച്ചു വെളിപ്പെടുത്തുകയാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്.

### അവതരണരീതി

വി. ത്രിത്വവിശ്വാസവും ക്രിസ്തുവിജ്ഞാനീയവും നിരണം ഗ്രന്ഥവരിയിൽ ചിത്രീകരിച്ചിരിക്കുന്നത് അവയുടെ ചരിത്രപരവും വേദശാസ്ത്രപരവുമായ പശ്ചാത്തലത്തോടു കൂടിയാണ്. ആകാശവും ഭൂമിയും കാണപ്പെടുന്നതും കാണപ്പെടാത്തതും ഒക്കെ ആരംഭത്തിൽ ഇല്ലായ്മയിൽ നിന്നു സൃഷ്ടിച്ച അനാദിയും സർവ്വശക്തനുമായ ദൈവത്തിനു സ്തുതി കരേറ്റിക്കൊണ്ടു നിരണം ഗ്രന്ഥവരി വിശ്വാസസത്യങ്ങളുടെ വിശദീകരണം ആരംഭിച്ചിരിക്കുന്നു. മനുഷ്യന്റെ ഉല്പത്തിയും ഇസ്രായേൽ മക്കളുടെ ജീവചരിത്രവും അല്പമായി പ്രതിപാദിച്ചുകൊണ്ട് കർത്താവായ യേശുക്രിസ്തുവിലും അവന്റെ അപ്പോസ്തോലന്മാരിലും എത്തി അവിടെ നിന്നു ചരിത്രപരമായി വളരുന്ന പൗരാണികവും കാതോലികവും ശ്ലൈഹികവുമായ സഭയാണ് സുറിയാനി സഭയെന്നു നിരണം ഗ്രന്ഥവരി വിശേഷിപ്പിക്കുന്നു. കർത്താവായ യേശുക്രിസ്തു സ്ഥാപിച്ച സഭയിൽ പിൽകാലത്തു രൂപംകൊണ്ട വേദവിപരീതങ്ങളും ഭിന്നതകളും മൂലം സഭ

---

**ഫാ. ഡോ. എം. ജോൺ പണിക്കർ:** പൗരസ്ത്യ പിതാക്കന്മാരെപ്പറ്റിയുള്ള പഠനത്തിന് റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഡോക്ടറേറ്റ് (1995). ഇപ്പോൾ കോട്ടയം ഓർത്തഡോക്സ് വൈദീക സെമിനാരി അദ്ധ്യാപകൻ.

www.malankaralibrary.com

പലതായി മുറിഞ്ഞു മാറുകയും കാതോലിക സഭയായ സുറിയാനിസഭ അപ്പോസ്തോലിക വിശ്വാസം ഭംഗം കൂടാതെ പാലിച്ചു മുന്നോട്ടു പോകുകയും ചെയ്യുന്നു എന്നാണ് നിരണം ഗ്രന്ഥവരിയുടെ സാക്ഷ്യം. വി. ത്രിത്വത്തെക്കുറിച്ചും യേശുക്രിസ്തുവിന്റെ ആളത്വത്തെക്കുറിച്ചുമുള്ള സുറിയാനിസഭയുടെ വിശ്വാസ സംഹിതകളെയും പഠിപ്പിക്കലുകളെയും വ്യക്തമാക്കിക്കൊണ്ട് അവയെല്ലാം അവിഭജിതവും പുരാതനവുമായ സഭയുടെ വിശ്വാസപ്രമാണങ്ങളായിരുന്നു എന്നും ഇവിടെ സ്ഥാപിക്കുന്നു.

### വേദവിപരീതങ്ങളും അവയോടുള്ള സഭയുടെ പ്രതികരണവും

നിരണം ഗ്രന്ഥവരി, സുറിയാനി സഭ എതിർക്കുകയും ത്യജിക്കുകയും ചെയ്യുന്ന വേദവിപരീതങ്ങളെയും അവയുടെ ഉപജ്ഞാതാക്കളെയും എടുത്തു കാട്ടുന്നുണ്ട്. പ്രധാനമായും ചൂണ്ടിക്കാണിച്ചിരിക്കുന്ന വേദവിപരീതങ്ങൾ ഇവിടെ രേഖപ്പെടുത്താം.

### 1) അറിയൂസിന്റെ വാദം

നാലാം നൂറ്റാണ്ടിന്റെ ആദ്യകാലഘട്ടത്തിൽ പൗരസ്ത്യദേശത്തു രൂപംകൊണ്ട അറിയൂസിന്റെ പഠിപ്പിക്കൽ പുത്രനാം ദൈവം പിതാവാം ദൈവത്തിന്റെ സൃഷ്ടിയാണെന്നാണ്. പിതാവും പുത്രനും സാരാംശത്തിൽ ഒന്നല്ല എന്നും അതുകൊണ്ട് പുത്രനെ ദൈവമെന്നു വിളിയ്ക്കാതെ അർദ്ധദൈവം എന്നു വിളിച്ചാൽ മതിയെന്നും അറിയൂസ് പഠിപ്പിച്ചു. നിരണം ഗ്രന്ഥവരി ഈ വിവരം വ്യക്തമായി സൂചിപ്പിക്കാതെ നമ്മുടെ കർത്താവിന്റെ മനുഷ്യത്വം പൂർണ്ണമല്ല എന്നു അറിയൂസ് പഠിപ്പിച്ചു എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. യേശുക്രിസ്തുവിന്റെ മനുഷ്യസ്വഭാവത്തെക്കുറിച്ചുള്ള വികലമായ പഠിപ്പിക്കൽ വാസ്തവത്തിൽ നാലാം നൂറ്റാണ്ടിൽ തന്നെ ജീവിച്ചിരുന്ന ലവോദിക്യായിലെ അപ്പോള്ളിനാറിയൂസിന്റേതായിരുന്നു. നിരണം ഗ്രന്ഥവരിയിലുള്ള അറിയൂസിന്റെ പഠിപ്പിക്കൽ, അറിയൂസിന്റെയും അപ്പോള്ളിനാറിയൂസിന്റെയും പഠിപ്പിക്കലുകളുടെ ഒരു ഇടകലർന്ന രൂപമാണെന്നു പറയാവുന്നതാണ്. ഈ രീതിയിലുള്ള അവതരണം സഭയുടെ മദ്ധ്യകാലഘട്ടങ്ങളിൽ ജീവിച്ചിരുന്ന സഭാപിതാക്കന്മാരുടെ എഴുത്തുകളിലും ദൃശ്യമാകുന്നതാണ്. ഉദാഹരണമായി, 13-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബാർ എബ്രായ വേദവിപരീതങ്ങളെ പരാമർശിച്ചിരിക്കുന്ന കൂട്ടത്തിൽ അറിയൂസിന്റെ പഠിപ്പിക്കലിനെ അപ്പോള്ളിനാറിയൂസിന്റെ പഠിപ്പിക്കലുമായി ബന്ധപ്പെടുത്തി ചിത്രീകരിച്ചിരിക്കുന്നു. അറിയൂസിന്റെയും അപ്പോള്ളിനാറിയൂസിന്റെയും പഠിപ്പിക്കലുകളെ സഭ തള്ളിക്കളഞ്ഞവയാണ്.

### ii) മക്കദോനിയൂസിന്റെ വാദം:

മക്കദോനിയൂസിന്റെ വാദം ഏ. ഡി. 381-നു മുമ്പു കുസ്തന്തീനോസ്പോലിസിൽ ഉണ്ടായതാണ്. പരിശുദ്ധ റൂഹാ ദൈവസൃഷ്ടിയാണെന്നും അതുകൊണ്ട് ദൈവമല്ലെന്നും മക്കദോനിയൂസ് പഠിപ്പിച്ചു. നിരണം ഗ്രന്ഥവരിയുടെ സൂചന അനുസരിച്ച് പരിശുദ്ധ റൂഹാ പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു എന്നു മക്കദോനിയൂസ് പഠിപ്പിച്ചു എന്നാണ്. ഇതു പിൽക്കാലത്തു റോമൻ കത്തോലിക്കാ സഭയിൽ രൂപം കൊണ്ട 'ഫിലിയോക്വേ' എന്ന പേരിൽ അറിയപ്പെടുന്ന വാദമാണ്. നിരണം ഗ്രന്ഥവരി ഇതിനെ മക്കദോനിയൂസിന്റെ വാദമായി ചിത്രീകരിച്ചിരിക്കുന്നതിന്റെ ആധാരമോ കാരണമോ മനസ്സിലാക്കുവാൻ കഴിയുന്നില്ല. അറിയൂസിന്റെ വാദത്തെ നിഖ്യാ (325) സുന്നഹദോസും അപ്പോള്ളിനാറിയൂസിന്റെയും മക്കദോനിയൂസിന്റെയും വാദങ്ങളെ കുസ്തന്തീനോസ്പോലീസിലെ (381) സുന്നഹദോസും തള്ളിക്കളഞ്ഞ വിവരവും നിരണം ഗ്രന്ഥവരി നൽകുന്നുണ്ട്.



### iii) നെസ്തോറിയസിന്റെ വാദം

ഏ. ഡി. 428-ൽ കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസായി അവരോധിക്കപ്പെട്ട നെസ്തോറിയസ്, വി. കന്യകമറിയാമിനെ ദൈവമാതാവെന്നു വിളിക്കുവാൻ പാടില്ല എന്നും മശിഹായുടെ അമ്മ എന്നു വിളിച്ചാൽ മതിയെന്നും മശിഹായിൽ രണ്ടു സ്വഭാവങ്ങളും രണ്ടു ആളത്വങ്ങളും ഉണ്ടെന്നും പഠിപ്പിച്ചു. മനുഷ്യാവതാര സമയത്തു കന്യകമറിയാമിന്റെ ഉദരത്തിൽ ആദ്യം യേശുവിന്റെ ശരീരം മനയപ്പെട്ടുവെന്നും അതിന്മേൽ വചനമാം ദൈവം തന്റെ ഇച്ഛയാൽ ഇറങ്ങി വസിച്ചു എന്നും ദൈവത്വം മനുഷ്യത്വവുമായി യോജിച്ചതിനു ശേഷവും രണ്ടു സ്വഭാവങ്ങളായി നിലനിൽക്കുന്നു എന്നും നെസ്തോറിയൂസ് പഠിപ്പിച്ചതായി നിരണം ഗ്രന്ഥവരി വെളിപ്പെടുത്തുന്നു. നെസ്തോറിയാ വാദത്തെ ഏ. ഡി. 431-ൽ കൂടിയ എഫേസൂസ് സുന്നഹദോസ് തള്ളിക്കളഞ്ഞു.

### iv) എവുത്തിക്കോസിന്റെ വാദം

ഏ. ഡി. 445-നു ശേഷം കുസ്തന്തീനോസ്പോലീസിലെ സന്യാസിമാരുടെ തലവനും വൈദികനുമായിരുന്ന എവുത്തിക്കോസിന്റെ പേരിൽ അറിയപ്പെടുന്ന ഒരു പഠിപ്പിക്കലാണിത്. യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും തമ്മിൽ ഐക്യപ്പെട്ടപ്പോൾ മനുഷ്യത്വം ദൈവത്വത്തിൽ കലർന്ന് ഇല്ലാതായി എന്നും അതിനുശേഷം ദൈവത്വമെന്ന ഏകസ്വഭാവം മാത്രമേ ക്രിസ്തുവിനുള്ളു എന്നുമാണീ പഠിപ്പിക്കൽ. കടലിലെ വെള്ളത്തിൽ ഒരു തുള്ളി വീഞ്ഞൊഴിച്ചാൽ വീഞ്ഞു വെള്ളത്തിൽ കലർന്ന് ഇല്ലാതാകുന്ന രീതിയാണ് ഇവിടെ ഉദാഹരണമായി കൊടുത്തിരിക്കുന്നത്. സുറിയാനിസഭ ഈ വാദത്തെ വളരെ ശക്തമായി നിഷേധിക്കുന്നുണ്ട്. ഏ. ഡി. 448-ൽ കുസ്തന്തീനോസ്പോലീസിലെ ഫ്ളാവിയോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സുന്നഹദോസ് (Home Synod) എവുത്തിക്കൂസിനെ പുറത്താക്കി. ഏ. ഡി. 449-ൽ അലക്സാന്ത്രിയായിലെ മാർ ദീയസ്കോറോസിന്റെ അദ്ധ്യക്ഷതയിൽ എഫേസൂസിൽ കൂടിയ സുന്നഹദോസ് എവുത്തിക്കോസിനെ തിരിച്ചെടുക്കുകയും ഫ്ളാവിയാനോസിനെയും മറ്റും പുറത്താക്കുകയും ചെയ്തു. എവുത്തിക്കോസിന്റെ പേരിലുള്ള പഠിപ്പിക്കൽ വേദവിപരീതമാണെന്നു മനസ്സിലാക്കുകയും അതിനെ തള്ളിക്കളയുകയും ചെയ്തിട്ടുള്ള പിതാവാണ് മാർ ദീയസ്കോറോസ്. എന്നാൽ അദ്ദേഹം എവുത്തിക്കോസിനെ തിരിച്ചെടുക്കുവാനുള്ള കാരണം ഫ്ളാവിയാനോസും കൂട്ടരും രാജസദസ്സിൽ സ്വാധീനമുള്ള എവുത്തിക്കോസിനെ ശിക്ഷിക്കുവാൻ വേണ്ടി ആ കാലത്തു രൂപംകൊണ്ട ഈ വേദവിപരീതത്തെ അദ്ദേഹത്തിന്റെ ചുമലിൽ കെട്ടിവച്ചതാണെന്നും ഫ്ളാവിയാനോസിന്റെ ചിന്താഗതികൾ നെസ്തോറിയാ വാദത്തിനു തുല്യമായതാണെന്നും മനസ്സിലാക്കിയതുകൊണ്ടാണ്.

www.malankaralibrary.com

### v) റോമിലെ ലിയോ പാപ്പായും കൽക്കദോന്യാ സുന്നഹദോസും

താനാണ് ആഗോളസഭയുടെ അദ്ധ്യക്ഷൻ എന്നു ധരിച്ചിരുന്ന റോമിലെ ലിയോ പാപ്പാ ഏ. ഡി. 450–ൽ ഒരു വിശ്വാസസംഹിത തയ്യാറാക്കി, അതെല്ലാവരും അംഗീകരിക്കണമെന്ന ശാഠ്യത്താൽ പൗരസ്ത്യ ദേശത്തേക്ക് അയച്ചുകൊടുത്തു. മാർ ദീയസ്കോറോസും അദ്ദേഹത്തിന്റെ അനുയായികളായ ഭൂരിപക്ഷം പൗരസ്ത്യരും രണ്ടു കാരണങ്ങളാൽ അതു സ്വീകരിച്ചില്ല. ഒന്ന്, റോമാപാപ്പായുടെ അധികാര ദുർവിനിയോഗവും മറ്റൊന്ന്, തന്റെ വിശ്വാസസംഹിതയിലെ നെസ്തോറിയാ ഉപദേശങ്ങളും. എന്നാൽ മാർ ദീയസ്കോറോസിനെയും കൂട്ടരെയും വെറുത്തിരുന്ന ഒരു ന്യൂനപക്ഷം അതിനെ സ്വീകരിക്കുകയും സാമ്രാജ്യാധിപതിയായിരുന്ന മാർസിയാനോസിന്റെയും രാജ്ഞിയായ പുൽക്കേറിയായുടെയും ഒത്താശയോടുകൂടി ഏ. ഡി. 451–ൽ കൽക്കദൂന്യായിൽ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി റോമാപാപ്പായുടെ വിശ്വാസ സംഹിത അംഗീകരിച്ചുകൊണ്ട് നെസ്തോറിയാ വിശ്വാസത്തിനു അനുരൂപമായ ഒരു പുതിയ ക്രിസ്തുവിജ്ഞാനീയ ഫോർമുലയ്ക്ക് രൂപംകൊടുക്കുകയും ചെയ്തു. ആ സുന്നഹദോസിൽ വച്ചു മാർ ദീയസ്കോറോസിനെ സ്ഥാനഭ്രഷ്ഠനാക്കുകയും നാടുകടത്തുകയും ചെയ്തു. സുറിയാനിസഭ നെസ്തോറിയസിനേയോ, റോമിലെ ലിയോ പാപ്പായെയോ കൽക്കദൂന്യ സുന്നഹദോസിനെയോ അംഗീകരിക്കുന്നില്ല എന്നു നിരണം ഗ്രന്ഥവരി വ്യക്തമാക്കുന്നു. യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും തമ്മിൽ യോജിച്ചതിനുശേഷവും തന്നിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നും ആ രണ്ടു സ്വഭാവങ്ങളും ഒരു ക്നൂമായിൽ അറിയപ്പെടുന്നു എന്നുമാണ് കൽക്കദൂന്യാ ഫോർമുലായുടെ രത്നചുരുക്കം. ഈ ഫോർമുല യേശുക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളും രണ്ടു ക്നൂമാകളും ഉണ്ടെന്നു പഠിപ്പിക്കുന്ന നെസ്തോറിയാ വാദത്തിനു പിൻതാങ്ങൽ നൽകുന്നതാകയാൽ സുറിയാനിസഭ ഇതിനെ അംഗീകരിക്കുകയില്ല. അതോടൊപ്പം തന്നെ എവുത്തിക്കോസിന്റെ പേരിൽ അറിയപ്പെടാൻ തുടങ്ങിയ ഏകസ്വഭാവവാദത്തെയും മറ്റെല്ലാ വേദവിപരീതങ്ങളെയും സഭ എതിർക്കുന്നു. ഏ. ഡി. 451–നു ശേഷം ജീവിച്ചിരുന്ന എല്ലാ സഭാപിതാക്കന്മാരുടെ എഴുത്തുകളിലും ഈ കാര്യം വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്.

### വിശ്വാസ സത്യങ്ങൾ

നിരണം ഗ്രന്ഥവരി രണ്ടു വിശ്വാസസത്യങ്ങളെ ഊന്നൽ നൽകി പ്രതിപാദിക്കുന്നു. അവയുടെ വിശദീകരണത്തിലാണ് മറ്റു പല വിശ്വാസ പ്രഖ്യാപനങ്ങളും വെളിപ്പെടുത്തിയിരിക്കുന്നത്.

**i) വി. ത്രിത്വവിശ്വാസം:** ത്രിത്വവിശ്വാസം ക്രൈസ്തവ സഭയുടെ അടിസ്ഥാന പ്രമാണമാണ്. ദൈവം ഏകനാണ്. ഏകനായ ദൈവം ത്രിത്വവുമാണ്. ഇതാണ് നിരണം ഗ്രന്ഥവരിയുടെ ത്രിത്വശാസ്ത്രം.

സുറിയാനി സഭയുടെ വിശ്വാസം, പരിശുദ്ധനും സ്വയംഭൂവും സൃഷ്ടിയല്ലാത്തവനും ഉണ്മയിലും ബഹുമാനത്തിലും ബലത്തിലും ഇച്ഛയിലും കർത്തവ്യത്തിലും ശരിയാകപ്പെട്ടവനും ആദിയുമന്തവുമില്ലാത്തവനുമായ സത്യഏക ദൈവത്തിലുള്ളതാണ്. ഈ ദൈവം പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ മൂന്നു ക്നൂമാകളാകുന്നു. ശ്രേഷ്ടമായ ഏക സാരംശത്തോടും അനാദ്യന്തമായ ഏക സ്വഭാവത്തോടും കൂടി പിതാവ്, പുത്രൻ, പരിശുദ്ധ റൂഹാ എന്ന മൂന്നു ക്നൂമാകളടങ്ങിയ പരിപൂർണ്ണ ത്രിത്വമാണ് അവൻ. ക്നൂമാ കൂടാതെ അവന് ഒരു നാമമില്ല. ഒരു ക്നൂമാ മറ്റൊരു ക്നൂമായേക്കാൾ ചെറുതോ പ്രായം കൂടിയതോ അല്ല. വലിപ്പത്തിലോ ചെറുപ്പത്തിലോ ക്നൂമാകൾക്ക് അന്തരമോ വ്യത്യാസമോ ഇല്ല. യാതൊരു ക്നൂമായും നാമവും അവന്റെ നിത്യതയിൽ നിന്ന് ചെറുതോ അന്യമോ അല്ല. പിതാവെന്നു പറഞ്ഞാൽ ജനകനാകുന്നു. ജനിച്ചവനല്ല. പുത്രനും റൂഹായും അവനിൽ നിന്നുള്ളവരാകുന്നു. പുത്രനെന്നു പറഞ്ഞാൽ ജനിച്ചവനാകുന്നു. ജനകനല്ല. പിതാവും റൂഹായും അവൻ മൂലമാണ് അറിയപ്പെടുന്നത്. റൂഹായെന്നു പറഞ്ഞാൽ പിതാവിൽ നിന്നു പുറപ്പെടുന്നവനും പുത്രനിൽ നിന്ന് എടുക്കുന്നവനും പിതാവിനു സമസ്വഭാവിയും തുല്യ നിത്യതയുള്ളവനുമാകുന്നു. പിതാവും പുത്രനും അവനിൽ പൂർത്തിയായിരിക്കുന്നു. ജനകൻ എന്നതൊഴികെ പിതാവിനുള്ളതെല്ലാം പുത്രനും പരിശുദ്ധ റൂഹായ്ക്കുമുണ്ട്. ജനിച്ചതൊഴികെ പുത്രനുള്ളതെല്ലാം പിതാവിനും പരിശുദ്ധ റൂഹായ്ക്കുമുണ്ട്. പുറപ്പെടുക എന്നതൊഴികെ പരിശുദ്ധ റൂഹായ്ക്കുള്ളതെല്ലാം പിതാവിനും പുത്രനും ഉണ്ട്. മൂന്നു ദൈവങ്ങളില്ല. മൂന്നു ക്നൂമാകളിൽ അറിയപ്പെടുന്ന ഒരു ദൈവം മാത്രമാണുള്ളത്.

നിരണം ഗ്രന്ഥവരി സൂചിപ്പിച്ചിരിക്കുന്ന രഹസ്യാത്മകവും സ്തുതി ചൊവ്വാക്കപ്പെട്ടതുമായ ഈ വിശ്വാസസംഹിത സുറിയാനി സഭയുടേതാണെന്നതിൽ തർക്കമില്ല. സുറിയാനിസഭയിൽ പിതാക്കന്മാരും വിശ്വാസസംരക്ഷകരും സമർത്ഥകരും ധാരാളമായി ഉണ്ടായിട്ടുണ്ട്. ത്രിത്വത്തെക്കുറിച്ചു സ്തുതിചൊവ്വാക്കപ്പെട്ടതായ വിശ്വാസസംഹിത തയ്യാറാക്കുന്നതിൽ മുഖ്യപങ്കു വഹിച്ചവർ നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അലക്സാന്ത്രിയായിലെ മാർ അത്താനാസ്യോസും കപ്പദോക്യൻ പിതാക്കന്മാരായ കൈസറിയായിലെ വലിയ മാർ ബസേലിയോസും നാസിയാൻസിലെ മാർ ഗ്രിഗോറിയോസും നിസ്സായിലെ മാർ ഗ്രിഗോറിയോസും അന്ത്യോഖ്യായിലെ സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസും ഒക്കെയാണ്. നിഖ്യായിലെയും (325) കുസ്തന്തീനോസ്പോലീസിലെയും (381) എഫേസൂസിലെയും (431) സുന്നഹദോസുകൾ ഇവരുടെ ഒക്കെ വിശ്വാസസത്യങ്ങളെ ഉറപ്പിച്ചു പ്രഖ്യാപിക്കുക മാത്രമാണ് ചെയ്തത്. ഈ വിശ്വാസ സത്യമാണ് സുറിയാനി സഭ ഇന്നുവരെ ഭംഗം കൂടാതെ പാലിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തുവരുന്നത്.

നിരണം ഗ്രന്ഥവരിയിൽ രേഖപ്പെടുത്തിയിരിക്കുന്ന ത്രിത്വദർശനം സഭയുടെ മദ്ധ്യകാലഘട്ടത്തിൽ ജീവിച്ചിരുന്ന പിതാക്കന്മാരുടെ എഴുത്തുകളിൽ നിന്നു പ്രത്യക്ഷമായോ പരോക്ഷമായോ പകർത്തിയെടുത്തതാകാനാണ് സാദ്ധ്യത. കാരണം ആ കാലഘട്ടത്തിൽ ജീവിച്ചിരുന്ന പിതാക്കന്മാർ പലരും ഉപയോഗിച്ചിരുന്ന രൂപകങ്ങളാണ് നിരണം ഗ്രന്ഥവരിയിലെ ത്രിത്വദർശനത്തിന്റെ വിശദീകരണത്തിനു വേണ്ടി ഉപയോഗിച്ചിരിക്കുന്നത്. പിതാവിനെ ഉയിർപ്പുകളുടെ വൃക്ഷമായിട്ടും പുത്രനെ വൃക്ഷത്തിന്റെ ചില്ലയായിട്ടും പരിശുദ്ധ റൂഹായെ അതിന്റെ ഫലങ്ങളായിട്ടും ഉപമിച്ചിരിക്കുന്നത് പത്തും പതിനൊന്നും നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന അബുറൈത്താ, അബുഖുറാ എന്നിവരുടെ കൃതികളിൽ

www.malankaralibrary.com

ദൃശ്യമാണ്. അതുപോലെ പിതാവിനെ സൂര്യനായും പുത്രനെ അതിന്റെ രശ്മിയായും റൂഹായെ അതിന്റെ ചൂടായും ഉപമിച്ചിരിക്കുന്നതും പിതാവിനെ ബോധമായും പുത്രനെ വചനമായും പരിശുദ്ധ റൂഹായെ ജീവനായും ഉപമിച്ചിരിക്കുന്നതും നാലും അഞ്ചും നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന കപ്പദോക്യൻ പിതാക്കന്മാർ ഉൾപ്പെടെയുള്ള പിതാക്കന്മാരുടെ കൃതികളിൽ കാണാമെങ്കിലും അവയുടെ ആവർത്തനം ബാർ എബ്രായ, യാഹ്യാഇബിൻ അദി തുടങ്ങിയവരുടെ കൃതികളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സുറിയാനി സഭയുടെ ത്രിത്വദർശനത്തെ വിശദീകരിച്ചതിനു ശേഷം ത്രിത്വദർശനത്തെ ചോദ്യം ചെയ്തിട്ടുള്ള വേദവിപരീതങ്ങളെ നിരണം ഗ്രന്ഥവരി വിമർശിക്കുന്നു. അറിയൂസിനെയും നെസ്തോറിയസിനെയും പ്രത്യേകമായി മുന്നമേ വിമർശിച്ചിട്ടുണ്ടെങ്കിലും അവരോടൊപ്പം ത്രിത്വദർശനത്തിന്റെ വിരോധികളായ യൗനാമിയോസ്, 'മൂന്നു ദൈവവിശ്വാസികൾ' എന്നിവരെ കൂടി ഉൾപ്പെടുത്തി തള്ളിക്കളഞ്ഞുകൊണ്ടു സുറിയാനി സഭയുടെ വിശ്വാസം ഉറപ്പിക്കുവാൻ നിരണം ഗ്രന്ഥവരി ശ്രമിക്കുന്നു. അറിയൂസും യൗനാമിയോസും പരിശുദ്ധ ത്രിത്വദർശനത്തെ വികലമായി വ്യഖ്യാനിച്ചവരാണെന്നുള്ളതിൽ തർക്കമില്ല. എന്നാൽ "മൂന്നുദൈവ വിശ്വാസികളുടെ" കൂട്ടത്തിൽ നെസ്തോറിയസിന്റെ പേരു ഉൾപ്പെടുത്തി തള്ളിക്കളഞ്ഞിരിക്കുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. മൂന്നു ക്നൂമാകൾ വേർപ്പെട്ടു നിൽക്കുവാൻ കഴിയുന്ന മൂന്നു ഉണ്മകളും മൂന്നു ദൈവങ്ങളുമാണെന്നു നെസ്തോറിയസ് പഠിപ്പിച്ചു എന്നാണ് നിരണം ഗ്രന്ഥവരി സൂചിപ്പിച്ചിരിക്കുന്നത്. അങ്ങനെയൊരു വേദവിപരീതം (മൂന്നു ദൈവങ്ങൾ ഉണ്ടെന്ന വിശ്വാസം) ആറാം നൂറ്റാണ്ടിൽ സഭയിൽ ഉണ്ടായിട്ടുണ്ടെന്നുള്ളത് ഒരു ചരിത്ര വസ്തുതയാണെങ്കിലും അതിനെ നെസ്തോറിയസുമായി ബന്ധപ്പെടുത്തിയിരിക്കുന്നതിന്റെ കാരണം വ്യക്തമാകുന്നില്ല. നെസ്തോറിയസിന്റെ ക്രിസ്തുവിജ്ഞാനീയത്തിൽ യേശുക്രിസ്തുവിലുള്ള രണ്ടു സ്വഭാവങ്ങളെ ഊന്നൽ നൽകി വ്യഖ്യാനിക്കുന്നതു കൊണ്ടായിരിക്കാം തന്റെ ത്രിത്വ ദർശനത്തിലും മൂന്നു ക്നൂമാകളെന്നതു മൂന്നു ഉണ്മകൾക്കു തുല്യമായി നെസ്തോറിയസ് പഠിപ്പിച്ചു എന്ന വ്യാഖ്യാനം ഉണ്ടായത് എന്നു കരുതാവുന്നതാണ്.

### ii) ക്രിസ്തു വിജ്ഞാനീയം

വി. ത്രിത്വദർശനം പോലെ നിരണം ഗ്രന്ഥവരിയിലെ ക്രിസ്തുവിജ്ഞാനീയവും അവിഭജിതസഭയുടെ പഠിപ്പിക്കലിന്റെ അടിസ്ഥാനത്തിൽ സുറിയാനി സഭാപിതാക്കന്മാർ രൂപംകൊടുത്തിട്ടുള്ളതാണ്. നിഖ്യാ – കുസ്തന്തീനോസ് പോലീസ് വിശ്വാസപ്രഖ്യാപനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ക്രിസ്തുവിജ്ഞാനീയ വിശ്വാസസത്യങ്ങളെ അതുപോലെ തന്നെ വെളിപ്പെടുത്തിയ ശേഷം വി. യോഹന്നാൻ ശ്ലീഹായും വി. പൗലോസ് ശ്ലീഹായും പിൽക്കാലത്തു അലക്സന്ത്രിയായിലെ മാർ അത്താനാസ്യോസും (+373) നാസിയാൻസിലെ മാർ ഗ്രിഗോറിയോസ് (+390) അലക്സന്ത്രിയായിലെ മാർ കൂറിലോസും (+444) അവയെ വ്യാഖ്യാനിച്ചു നൽകിയിരിക്കുന്ന യഥാർത്ഥമായതും, കാതലായതും സ്തുതി ചൊവ്വാക്കപ്പെട്ടതുമായ ക്രിസ്തുവിജ്ഞാനീയ ദർശനമാണ് സുറിയാനി സഭയുടേതെന്ന് നിരണം ഗ്രന്ഥവരി സാക്ഷിക്കുന്നു.

സുറിയാനി സഭയുടെ ക്രിസ്തുവിജ്ഞാനീയ സൂത്രവാക്യം കർത്താവായ



യേശുക്രിസ്തു "മനുഷ്യാവതാരം ചെയ്യപ്പെട്ട വചനമാം ദൈവത്തിന്റെ ഏക ഐക്യസ്വഭാവമാകുന്നു" എന്നതാണ് (One Incarnate Nature of God the Word). ഇതു മാർ അത്താനാസ്യോസും മാർ കൂറിലോസും അന്ത്യോഖ്യായിലെ മാർ സേവേറിയോസും മാബൂഗിലെ മാർ പീലക്സിനോസുമൊക്കെ ശരിയായ രീതിയിൽ വിശദീകരിച്ചു നൽകിയിരിക്കുന്ന വാക്യമാണ്.

യേശുക്രിസ്തു ഒരു കർത്താവും ഒരു ദൈവവും, ഒരു മശിഹായും ചേർക്കപ്പെട്ട ഒരു ക്നൂമായും മനുഷ്യാവതാരം ചെയ്യപ്പെട്ട വചനമാം ദൈവവുമായിരിക്കുന്ന ദൈവപുത്രനാകുന്നു. അവനിൽ ദൈവത്വവും മനുഷ്യത്വവും കലർപ്പു കൂടാതെയോ പകർച്ച കൂടാതെയോ, വ്യത്യാസം കൂടാതെയോ പ്രഭേദം കൂടാതെയോ സത്യമായും പൂർണമായും ഐക്യപ്പെട്ടിരിക്കുന്നു. മനുഷ്യാവതാരം ചെയ്യപ്പെട്ട യേശുക്രിസ്തു ദൈവത്വവും മനുഷ്യത്വവുമെന്ന രണ്ടു സ്വഭാവങ്ങളിൽ നിന്നുള്ള ഏക സ്വഭാവമാണ്. ഇതിന്റെ അർത്ഥം കന്യകമറിയാമിന്റെ ഉദരത്തിൽ ആദ്യം ശിശു ഉരുവായി എന്നും ആ ശിശുവിന്മേൽ പിന്നീടു ദൈവത്വം യോജിച്ചു എന്നുമല്ല; പിന്നെയോ, വി. കന്യകമറിയാം പരിശുദ്ധാത്മാവിനാൽ ഗർഭിണിയാകുന്ന അതേ സമയത്തു തന്നെ സമയവ്യത്യാസം ലേശം പോലുമില്ലാതെ ദൈവത്വവും മനുഷ്യത്വവുമായി ഐക്യപ്പെട്ട് ഒരു ഐക്യ സ്വഭാവമായി എന്നാണ്. ഇതു പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും ഗ്രഹണാതീതവും പരമരഹസ്യവുമായ ഒരു യാഥാർത്ഥ്യമാണ്. ഇവിടെ നെസ്തോറിയസിന്റെ പഠിപ്പിക്കലോ എവുത്തിക്കാ വാദമോ ഒട്ടും തന്നെയില്ല എന്നതും നിരണം ഗ്രന്ഥവരി ഊന്നിപ്പറയുന്ന കാര്യമാണ്. കൂടാതെ യേശുക്രിസ്തുവിന്റെ ശരീരം സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നതാണെന്ന മാണിയുടെയും മാർസിയന്റെയും വാദങ്ങളും അതൊരു മായയാണെന്ന് പിന്നീടു ഹാലിക്കർണാസിസിലെ യൂലിയാനോസു പഠിപ്പിച്ചു എന്ന വാദവും നിരണം ഗ്രന്ഥവരി മറ്റു വേദവിപരീതങ്ങളെ തള്ളിക്കളഞ്ഞ അതേ ശക്തിയോടെ തള്ളിക്കളയുന്നുണ്ട്.

സുറിയാനിക്കാർ ദൈവത്തെ "കഷ്ടപ്പെടുത്തുന്നവർ" (Theopaschists) ആണെന്നു കൽക്കദൂന്യരും നെസ്തോറിയരും പരിഹസിക്കാറുണ്ടായിരുന്നു. ഇത് അറിയാവുന്നതു കൊണ്ടായിരിക്കാം സുറിയാനി സഭാപിതാക്കന്മാർ ചെയ്തിട്ടുള്ളതു പോലെ യേശുക്രിസ്തുവിന്റെ കഷ്ടതയും മരണവും വിവരിക്കാൻ നിരണം ഗ്രന്ഥവരി ശ്രമിച്ചത്. യേശുക്രിസ്തു മനുഷ്യാവതാരം ചെയ്ത ദൈവമാണ്. അവന്റെ ദൈവത്വവും മനുഷ്യത്വവും തമ്മിൽ ഒരു കാരണവശാലും വേർപാടു സാദ്ധ്യമല്ല. കഷ്ടതയും മരണവും ഒന്നും ദൈവസ്വഭാവത്തിന്റേതല്ല. മനുഷ്യസ്വഭാവത്തിന്റേതാണ്. എന്നാൽ മനുഷ്യാവതാരത്തോടുകൂടി, കഷ്ടതയും മരണവും ദൈവസ്വഭാവത്തിന്റേതല്ലെങ്കിൽ പോലും മനുഷ്യസ്വഭാവം (ശരീരം) മനുഷ്യാവതാരം ചെയ്ത ദൈവത്തിന്റേതാകയാൽ അവൻ ജഡത്തിൽ കഷ്ടതയനുഭവിച്ചു എന്നു പറയുന്നതിൽ തെറ്റില്ല; ദൈവത്വവും മനുഷ്യത്വവും തമ്മിൽ വേർപെടുത്തി ചിന്തിക്കുന്നതാണ് വേദവിപരീതമെന്നു സുറിയാനിസഭ വിശ്വസിക്കുന്നുവെന്ന് നിരണം ഗ്രന്ഥവരി സൂചിപ്പിക്കുന്നു. ദൈവം തന്റെ സ്വഭാവത്തിൽ (Nature) കഷ്ടതയനുഭവിച്ചു എന്നു സുറിയാനിസഭ ഒരിയ്ക്കലും പഠിപ്പിക്കുന്നില്ല. അതുകൊണ്ട് "ദൈവത്തെ കഷ്ടപ്പെടുത്തുന്നവർ" എന്നു പരിഹസിക്കുന്നതിൽ അർത്ഥമില്ല എന്നും നിരണം ഗ്രന്ഥവരി ഊന്നിപ്പറയുന്നു.

www.malankaralibrary.com

**ദൈവമാതാവായ മറിയാം**

പരിശുദ്ധ കന്യകമറിയാം ദൈവമാതാവെന്നു വിളിയ്ക്കപ്പെടണമെന്നു നിരണം ഗ്രന്ഥവരി അനുശാസിക്കുന്നു. യേശുക്രിസ്തുവിന്റെ ദൈവത്വം പ. കന്യകമറിയാമിൽ ആരംഭിച്ചു എന്ന് ഇവിടെ അർത്ഥമില്ല; പിന്നെയോ അനാദിയായി പിതാവിൽ നിന്നു ജനിച്ചവൻ കാലത്തികവിൽ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി കന്യകയുടെ ഉദരത്തിൽ ഇറങ്ങി വ്യത്യാസമോ, കലർപ്പോ കൂടാതെ ജഡം ധരിച്ചു എന്നും ജഡം ധരിച്ച ദൈവത്തെ കന്യകമറിയാം പ്രസവിച്ചു എന്നതുകൊണ്ട് അവൾ ദൈവമാതാവാണെന്നും നിരണം ഗ്രന്ഥവരി ഊന്നിപ്പറയുന്നു.

കന്യക പ്രസവിച്ചതു ഒരു സാധാരണ മനുഷ്യനെയല്ല; പിന്നെയോ മനുഷ്യനായി അവതരിച്ച ദൈവത്തെയാണ്. സ്വർഗ്ഗത്തിൽ നിന്നു ഒരു ശരീരം ഇറങ്ങി വന്നു ഒരു കനാലിൽ വെള്ളം ഒഴുകുന്നതുപോലെ കന്യകമറിയാമിലൂടെ കടന്നുപോയതല്ല; പിന്നെയോ സാരാംശത്തിൽ നമ്മോടൊന്നായിരിക്കുന്ന മറിയാമിൽ നിന്ന് യഥാർത്ഥമായും ശരീരം ധരിച്ചാണ് ദൈവം മനുഷ്യനായത്. കന്യക മറിയാമിൽ നിന്നു സ്വീകരിച്ച ശരീരം ആത്മാവും ശരീരവും ചേർന്ന പൂർണ മനുഷ്യനാണ്.

കന്യകമറിയാം ഒരു ചെറിയ നിമിഷത്തിൽ പോലും ഒരു മനുഷ്യന്റെ മാത്രം അമ്മയായിരുന്നില്ല. ഗർഭധാരണത്തിന്റെ അതേ സമയത്തു തന്നെ യാതൊരു സമയ വ്യത്യാസവും കൂടാതെ വചനമാം ദൈവം ശരീരം ധരിക്കുകയാണ് ചെയ്തത്. ഈ അർത്ഥത്തിൽ മാത്രമാണ് കന്യകമറിയാമിനെ മനുഷ്യാവതാരം ചെയ്ത ദൈവത്തിന്റെ അമ്മ എന്നു വിളിക്കണമെന്നു നിരണം ഗ്രന്ഥവരി സൂചിപ്പിക്കുന്നത്. ചുരുക്കത്തിൽ കന്യകമറിയാമിനെ ദൈവമാതാവ് എന്നു വിളിക്കുന്നത് ദൈവത്തിന്റെ മനുഷ്യാവതാരം എന്ന യാഥാർത്ഥ്യത്തെ ഉറപ്പിക്കുകയാണ്. ഈ ആശയങ്ങൾ നാസിയാൻസിലെ മാർ ഗ്രിഗോറിയോസ് ക്ലീഡോണിയസിനയച്ച ലേഖനങ്ങളിലും അലക്സാന്ത്രിയായിലെ മാർ കൂറിലോസിന്റെ എഴുത്തുകളിലും തുടർന്നുവന്ന സുറിയാനി സഭാപിതാക്കന്മാരുടെ എഴുത്തുകളിലും വ്യക്തമായും പ്രതിപാദിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ സുറിയാനി സഭയുടെ അടിസ്ഥാന വിശ്വാസസത്യങ്ങളുടെ മലയാളത്തിലുള്ള ഒരു വിശദീകരണം നൽകിയ നിരണം ഗ്രന്ഥവരിയുടെ അതുല്യ സ്ഥാനം ഇന്നും നിലനിൽക്കുന്നു.

❐

**4**

# മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങൾ: ഒരു മുഖവുര

**ഫാ. ഡോ. ബി. വർഗീസ്**

**ഓർ**ത്തഡോക്സ് സുറിയാനി സഭയുടെ വിശ്വാസത്തെ സംബന്ധിച്ച് മലയാളത്തിൽ ഉണ്ടായ ആദ്യത്തെ വേദശാസ്ത്ര കൃതിയാണ് *'മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങൾ'*. സുറിയാനിയിൽ രചിച്ച ഈ കൃതി മലയാളത്തിൽ വിവർത്തനം ചെയ്തത് ആരാണെന്ന് ഇതുവരെ അറിയുവാൻ സാധിച്ചിട്ടില്ല. അക്കാലത്ത് മലയാളം, സുറിയാനി എന്നീ ഭാഷകളിൽ സാമാന്യം നല്ല വ്യുൽപ്പത്തി ഉണ്ടായിരുന്ന കായംകുളത്തു പീലിപ്പോസ് റമ്പാൻ ഇക്കാര്യത്തിൽ എന്തെങ്കിലും പങ്കുവഹിച്ചുവോ എന്ന് അന്വേഷിക്കുന്നത് നന്നായിരിക്കും. മലയാള ഗദ്യത്തിന്റെ ആദ്യ മാതൃകകളിൽ ഒന്നായി ഈ പ്രബന്ധങ്ങളെ കണക്കാക്കാവുന്നതാണ്.

എഴുത്തുകാരന്റെ സാംസ്ക്കാരിക പശ്ചാത്തലം, വേദശാസ്ത്ര പാണ്ഡിത്യം എന്നിവയിലേക്ക് വെളിച്ചം വീശുന്നതാണ് ഈ കൃതി. റോമൻ കത്തോലിക്കാ വിശ്വാസാചാരങ്ങളുടെ സ്വാധീനത്തിൽനിന്നും മലങ്കരസഭയെ മോചിപ്പിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമാണ് മാർ ഈവാനിയോസിന്റെ ഈ കൃതി. ആറു വിഷയങ്ങളാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്.

1. കാതോലിക സഭ റോമൻ സഭയാണോ?
2. പത്തീറാ (പുളിപ്പില്ലാത്ത അപ്പം) വി. കുർബ്ബാനയ്ക്ക് ഉപയോഗിക്കുന്നതിനെ വിമർശിക്കുന്നു.
3. രൂപങ്ങളും മറ്റും പള്ളികളിൽ ഉപയോഗിക്കുന്നതിനെ ഖണ്ഡിക്കുന്നു.
4. പട്ടക്കാർ വിവാഹം കഴിക്കുന്നത് കാനോനികമാണോ?
5. വിവാഹസമയത്ത് മണവാട്ടി മണവാളന്റെ വലതുഭാഗത്തു നിൽക്കുന്നതിന്റെ കാരണം.
6. ദിവസം ആരംഭിക്കുന്നത് സന്ധ്യയ്ക്കോ അതോ പാതിരാത്രിയ്ക്കോ?

ഓരോ വിഷയവും യുക്തിസഹമായി, ആവശ്യമായ വേദഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് മാർ ഈവാനിയോസ് പ്രതിപാദിക്കുന്നത്. എഴുത്തുകാരന്

---

**ഫാ. ഡോ. ബി. വർഗീസ്:** പാരീസിലെ സൊർബോൺ യൂണിവേഴ്സിറ്റിയിൽനിന്നും ആരാധനാ ശാസ്ത്രത്തിൽ ഡോക്ടറേറ്റ്. ഇപ്പോൾ കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി അദ്ധ്യാപകൻ.

www.malankaralibrary.com

സാമാന്യം നല്ല വേദപുസ്തക പരിചയവും വേദശാസ്ത്ര പരിശീലനവും സിദ്ധിച്ചിരുന്നു എന്ന് കൃതിയിൽ നിന്നും വ്യക്തമാണ്. പതിനെട്ടാം നൂറ്റാണ്ടിലെ അന്ത്യോക്യൻ സുറിയാനി മെത്രാന്മാരിൽ അപൂർവ്വമായി മാത്രം കാണുന്ന കഴിവുകളാണിവ.

സുറിയാനി കത്തോലിക്കാ റീത്ത് അന്ത്യോക്യയിൽ സജീവമായി പ്രവർത്തിച്ചിരുന്ന കാലമായിരുന്നതിനാൽ ഈ വിഷയത്തിലുള്ള കൃതികൾ സുറിയാനിയിൽ പ്രചരിച്ചിരുന്നിരിക്കണം. അത്തരം കൃതികൾ മാർ ഈവാനിയോസ് ഉപയോഗിച്ചിരുന്നതായി തോന്നുന്നു.

ഒന്നാമത്തെ വിഷയം ചർച്ച ചെയ്യുമ്പോൾ മലയാളത്തുള്ളവർ അന്ത്യോക്യായുടെ കീഴിലാണെന്ന് മാർ ഈവാനിയോസ് അവകാശപ്പെടുന്നു. തെഗ്രീസിലെ കാതോലിക്കേറ്റുമായി മലങ്കരസഭയെ ബന്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു. അന്ത്യോക്യാ ബന്ധത്തെപ്പറ്റിയുള്ള ആദ്യത്തെ അവകാശവാദങ്ങളിലൊന്നാണ് ഈ രേഖ.

'യാക്കോബായക്കാർ' എന്ന പേര് ഉപയോഗിച്ചിരിക്കുന്നതും ശ്രദ്ധേയമാണ്. 18, 19 നൂറ്റാണ്ടുകളിൽ അന്ത്യോക്യയിൽ സാധാരണ ഉപയോഗിച്ചിരുന്ന പേരാണിത്. 'യാക്കോബായക്കാർ' എന്ന പേര് ഉപയോഗിക്കുന്നതിന്റെ വിശദീകരണം നൽകിയിരിക്കുന്നത് രസാവഹമാണ്.

“കർത്താവിന്റെ സഹോദരനായ മാർ യാക്കോബ്, നിഖ്യാ സുന്നഹദോസിൽ സംബന്ധിച്ച നിസിബിസിലെ മെത്രാനായ യാക്കോബ്, ഉറഹാ (എഡേസാ)യിലെ യാക്കോബ്” എന്നിവരുടെ അനുയായികൾ എന്നും ഈ പേരിന് അർത്ഥമുണ്ടെന്ന് എഴുത്തുകാരൻ ചൂണ്ടിക്കാണിക്കുന്നു.

പത്തീറാ (പുളിപ്പില്ലാത്ത അപ്പം) യെപ്പറ്റി എഴുതുമ്പോൾ 'അർമ്മീനിയക്കാർ' പുളിപ്പുള്ള അപ്പമാണ് ഉപയോഗിക്കുന്നതെന്ന് അസന്നിഗ്ദ്ധമായി പറയുന്നു. അർമ്മീനിയൻ രീതിയെപ്പറ്റിയുള്ള അജ്ഞത കൊണ്ടാണോ അതോ, വാദത്തിനുവേണ്ടി പറയുന്നതാണോ എന്ന് വ്യക്തമല്ല.

റോമൻ ആചാരങ്ങളെ വിമർശിക്കുമ്പോഴും എഴുത്തുകാരൻ പ്രതിപക്ഷ ബഹുമാനം വിട്ടുകളഞ്ഞിട്ടില്ല. നിലവാരം കുറഞ്ഞ രീതിയിൽ എതിരാളികളെ പരിഹസിക്കുന്നുമില്ല.

18-ാം നൂറ്റാണ്ടിലെ സുറിയാനി രേഖകളുടെ പശ്ചാത്തലത്തിൽ ശ്രദ്ധേയമായ പഠനം ആവശ്യമായ ഒരു കൃതിയാണ് ഈ പ്രബന്ധങ്ങൾ.

❐

# 5

# 'മനുഷ്യർക്കുള്ളത്' ഒരു പഠനം

**ഡോ. എം. എൻ. ശശിധരൻ**

**ലോ**കോൽപത്തിയ്ക്ക് ശേഷം അനേകലക്ഷം വർഷങ്ങളിലൂടെയും പരിണാമ ദിശകളിലൂടെയും കടന്നുണ്ടായതാണ് ഇന്നത്തെ ജീവശാസ്ത്രം. മനുഷ്യനുൾപ്പെടെ ഇന്നീ പ്രപഞ്ചത്തിൽ അവശേഷിക്കുന്ന അനേകം ജീവജാലങ്ങളുടെ പരിണാമ ചരിത്രത്തെക്കുറിച്ച് അന്വേഷണങ്ങളുടേയും നിഗമനങ്ങളുടേയും അടിസ്ഥാനത്തിൽ വളരെയേറെ ഗ്രന്ഥങ്ങൾ ഓരോ കാലഘട്ടങ്ങളിലും അതാതു കാലത്തെ ശാസ്ത്രാന്വേഷകർ രചിച്ചിട്ടുണ്ട്. അവയിൽ പലതും പിൽക്കാലത്ത് ശരിയല്ലെന്നും തെളിയിക്കപ്പെട്ടിട്ടുമുണ്ട്. ഓരോരോ കാലഘട്ടങ്ങളിലും വളർച്ചയുടെ പല ദിശകളിലൂടെയും കടന്നുപോകുമ്പോൾ ഇത്തരത്തിൽ പല വസ്തുതകളുടേയും യാഥാർത്ഥ്യം നമുക്ക് മുൻപിൽ അനാവരണം ചെയ്യപ്പെടാറുമുണ്ട്. ''മനുഷ്യർക്കുള്ളത്'' എന്ന ഉപശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ അക്കാലത്തെ സാഹചര്യങ്ങൾക്കനുസരണമായി അന്വേഷകർ കണ്ടെത്തിയിട്ടുള്ളതാണെന്ന് വേണം അനുമാനിക്കാൻ.

എ. ഡി. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വാഗ്ഭടാചാര്യൻ എന്ന ആയുർവ്വേദശാസ്ത്ര പണ്ഡിതൻ രചിച്ചിട്ടുള്ള “അഷ്ടാംഗസംഗ്രഹം” എന്ന ഗ്രന്ഥത്തിലെ 'ശരീരസ്ഥാനം' എന്ന അദ്ധ്യായത്തിൽ മനുഷ്യശരീരത്തിന്റെ സമഗ്രമായ പഠനം നിർവഹിച്ചിരിക്കുന്നതായി കാണാൻ കഴിയും. അതിപ്രകാരമാണ് ആരംഭിക്കുന്നത്.

“ശരീരത്തിന്റെ ജ്ഞാനമാണ് ശാരീരം. അതു ക്രിയാത്മകം (Functonal) എന്നും രചനാത്മകം (Structural) എന്നും രണ്ടു തരത്തിലാണ്. ലക്ഷണങ്ങൾ കൊണ്ട് വിവരിക്കപ്പെടുന്നത് ക്രിയാത്മക ശാരീരവും, ബാഹ്യാഭ്യന്തരാവയവങ്ങളുടെ ഘടനയേയും സന്നിവേശത്തേയും കുറിച്ച് പറയുന്നത് രചനാത്മകശാരീരവും ആണ്.”

മൂലം: 'സകലമപി ശാരീരമംഗമിത്യുച്യതേ'

അർത്ഥം: മുഴുവനായ നമ്മുടെ ശരീരം (Whole body) തന്നെ അംഗമെന്നു പറയപ്പെടുന്നു.

മൂലം: “തത്ര പുനഃ അംഗവും ഷഡംഗം.”

---

**ഡോ. എം. എൻ. ശശിധരൻ** BAM, DSM. CNT: ആയുർവ്വേദ ഭിഷഗ്വരനും ഗ്രന്ഥകാരനും. കേരളാ ആയുർവ്വേദ മണ്ഡലത്തിന്റെ മുഖപ്പത്രമായ *ആയുർവ്വേദ ചന്ദ്രിക* മാസികയുടെ ചീഫ് എഡിറ്റർ. ഡി. സി. ബുക്സ് പ്രസിദ്ധീകരിച്ച *ആയുർവ്വേദ തരംഗം,* കേരള സാക്ഷരതാ മിഷൻ പ്രസിദ്ധീകരിച്ച *മഞ്ഞപ്പിത്തം, പ്രമേഹം, മൂലക്കുരുക്കൾ, രക്തസമ്മർദ്ദം* തുടങ്ങിയ ഗ്രന്ഥങ്ങളുടെ രചയിതാവ്.

www.malankaralibrary.com

അർത്ഥം: അതിൽത്തന്നെ (ശരീരത്തിൽതന്നെ) അംഗം ആറ് അംഗങ്ങളോട് കൂടിയതാണ്.

മൂലം: "ശിരഃ അന്തരാധിഃ ദ്വൌ ബാഹു ദ്വേ സക്ഥിനീ" ച

അർത്ഥം: അവ "ശിരസ്സും" "ഉടലും" "രണ്ട് കയ്യും" "രണ്ട് കാലുകളും" ആകുന്നു.

മൂലം: 'നേത്ര നാഭി പാണി പാദാ ദീനിതു അസ്യ പ്രത്യംഗാനി'

അർത്ഥം: നേത്രം, നാഭി, പാണി, പാദം തുടങ്ങിയവ പ്രത്യംഗങ്ങളാകുന്നു.

ഇനി ശരീരത്തിന്റെ നിഷ്പത്തിയെക്കുറിച്ച് വിവരിക്കുന്നു.

മൂലം: "മഹാഗുണ മയേഭ്യഃ ചേതനാധിഷ്ടിതേഭ്യഃ ഖ പവനതേജോ ജലഭ്രൂമ്യാഖ്യേ ഭ്യഃ അംഗസ്യ നിർവൃത്തിഃ"

മഹാഗുണങ്ങളുടെ പരിണാമങ്ങളും ചേതനയാൽ അധിഷ്ടിതങ്ങളായ ആകാശം, വായു, അഗ്നി, ജലം, ഭൂമി എന്നീ പഞ്ചമഹാഭൂതങ്ങളിൽ നിന്നുമാണ് ശരീരത്തിന്റെ നിഷ്പത്തി.

**മാതാവിൽനിന്നും ലഭിക്കുന്നവ**

മൂലം: 'തേഷു മൃദൂനി ത്വഗ് രക്ത മാംസ മേദോ മജ്ജ നാഭി ഹൃദയമാശയ ഗർഭാശയ യകൃൽ പ്ലീഹാ ക്ലോമാന്ത്രഗുദാനി മാതൃജാനി'

അർത്ഥം: അവയിൽ മാർദവമുള്ളവയായ ത്വക്, രക്തം, മാംസം, മേദസ്സ്, മജ്ജ, നാഭി, ഹൃദയം, ആമാശയം, ഗർഭാശയം, കരൾ, പ്ലീഹ, ക്ലോമം, ആന്ത്രം, ഗുദം തുടങ്ങിയ അവയവങ്ങൾ മാതാവിൽ നിന്നും ലഭിക്കുന്നു.

**പിതാവിൽനിന്നു ലഭിക്കുന്നവ**

മൂലം: 'സ്ഥിരാണി കേശനഖാസ്ഥി ശുക്ല സിരാസ്നായ്വാദീനി പിതൃജാനി"

അർത്ഥം: സ്ഥിരങ്ങളായ തലമുടി, നഖം, അസ്ഥി, ശുക്ലം, സിരാ, സ്നായു തുടങ്ങിയവ പിതാവിൽനിന്നും ലഭിക്കുന്നു.

ശരീരത്തിന്റെ ഓരോ ഭാവവും അതിന്റെ സൂഷ്മരൂപത്തിൽ (ഭാവത്തിൽ) മാതാപിതാക്കന്മാരുടെ ബീജങ്ങളിൽ അടങ്ങിയിരിക്കുന്നു. മൃദുക്കളായ ഭാവങ്ങൾ മാതൃബീജത്തിലും കഠിനഭാവങ്ങൾ പിതൃബീജത്തിലും അതാതിന്റെ മൂലങ്ങളിൽ നിന്നും വികസിച്ചുണ്ടാകുന്നു എന്നു സാരം.

**തൊലികൾ (ത്വക്കുകൾ)**

മൂലം: 'തത്ര പച്യമാനസ്യ അസൃജ ക്ഷീരസ്യ സന്താനികാഃ - ഇവ ഷട് ത്വച: ഭവന്തി'

അർത്ഥം: ധാതൂഷ്മാവുകൊണ്ട് പചിക്കപ്പെടുന്ന രക്തത്തിൽ നിന്നു പാലിൽ പാടകൾ എന്നപോലെ ആറ് ത്വക്കുകൾ ഉണ്ടാകുന്നു.

അസ്ഥികൾ 360

മൂലം: "ഷഷ്ട്യധികാനി ത്രീണി അസ്ഥിശതാനി"

അർത്ഥം: മുന്നൂറ്റിഅറുപത് അസ്ഥികളാണുള്ളത്.

മൂലം: നേഷാം ച ശാഖാസു ചത്വാരിംശൽ ശതം



അർത്ഥം: അവയിൽ കൈകാലുകളിൽ നൂറ്റിനാല്പത്.

മൂലം: "അന്തരാധൌ സവിംശൽ ശതം"

അർത്ഥം: ഉടലിൽ നൂറ്റി ഇരുപത്.

മൂലം: ഊർദ്ധ്വം ശതം ഇതി.

അർത്ഥം: ഉടലിനു മുകളിൽ നൂറ് എന്നും കണക്കാക്കുന്നു.

ഇപ്രകാരമാണ് 360 അസ്ഥികളേക്കുറിച്ച് വാഗ്ഭടാചാര്യൻ വിശദീകരിക്കുന്നത്.

**സ്നായുക്കൾ**

മൂലം: 'നവസ്നായു ശതാനി'

അർത്ഥം: മനുഷ്യശരീരത്തിൽ തൊള്ളായിരം സ്നായുക്കൾ ഉള്ളതായി പറയുന്നു.

**പേശികൾ**

മൂലം: പേശീ ശതാനി പഞ്ച പേശികൾ അഞ്ഞൂറാകുന്നു.

**സിരകളും ധമനികളും**

മൂലം: "അണുശഃ വിഭജ്യമാനാനാം സിരാ ധമനീമുഖാനാംതു."

അർത്ഥം: അനേകം വലുതും ചെറുതുമായ ശാഖകളായി വിഭജിക്കപ്പെടുന്ന സിരകളുടെയും ധമനികളുടെയും മുഖങ്ങളാകട്ടെ.

മൂലം: "ഏകോന ത്രംശച്ഛത സഹസ്രാണി നവ ശതാനിഷട്പഞ്ചാശാനി ഭവന്തി"

അർത്ഥം: ഇരുപത്തൊൻപതു നൂറായിരവും ഒൻപതും നൂറും അമ്പത്താറും ഇരുപത്തൊൻപതു ലക്ഷത്തിതൊള്ളായിരത്തി അമ്പത്താറ് എണ്ണമുണ്ട് സിരകളും ധമനികളും.

മൂലം: താഭി ഇദം ശരീരം ഗവാക്ഷിതം പിനദ്ധം ആതതംച."

അർത്ഥം: ഇവയാൽ ഈ ശരീരം വലയിട്ടതായും കെട്ടപ്പെട്ടതായും വ്യാപ്തമായും ഇരിക്കുന്നു.

**രോമങ്ങൾ**

മൂലം: "കേശ ശ്മശ്രുലോമാനി ച താവന്തി."

അർത്ഥം: തലമുടി, മീശ, രോമം എന്നിവയുടെയെല്ലാം കൂടിയുള്ള എണ്ണവും മേൽപ്പറയപ്പെട്ട സിരാധമനികളുടെ എണ്ണത്തിന് തുല്യമാകുന്നു. അതായത് 29 ലക്ഷത്തിതൊള്ളായിരത്തി അമ്പത്തിയാറ്.

**ലിംഗം, വൃഷണം**

മൂലം: "മുഷ്ക്കമേ ഢ്രൗഷഢായാ മൗ."

അർത്ഥം: വൃഷണത്തിനും ലിംഗത്തിനും 6 അംഗുലം വീതം നീളമുണ്ടാകും.

മൂലം: "അഷ്ടപഞ്ചപരിണാഹൌ."

വൃഷണത്തിന് 8 അംഗുലവും ലിംഗത്തിന് 5 അംഗുലവും വട്ടം ഉണ്ടാകും.

www.malankaralibrary.com

**ജംഘ, ഊരു**

മൂലം: “ജംഘാ ഊരു ച അഷ്ടാദശായാമാ.”

അർത്ഥം: കാൽവണ്ണയും തുടയും പതിനെട്ടംഗുലം നീളമുള്ളതാകുന്നു.

മൂലം: “ജാനു ചതുരംഗുലം ഊരു ത്രംശദംഗുല പരിണാഹാ.”

അർത്ഥം: മുട്ട് നാലംഗുലം വട്ടം, തുട മുപ്പതംഗുലം വട്ടം.

ഇപ്രകാരം മനുഷ്യശരീരത്തിന്റെ ഓരോ അംശങ്ങളേയും കുറിച്ച് വളരെ സൂഷ്മമായ പഠനങ്ങൾ വളരെക്കാലം മുമ്പ് തന്നെ നടത്തി രേഖപ്പെടുത്തിയിട്ടുള്ള ഗ്രന്ഥങ്ങൾ അനവധിയുണ്ട്. ഭാഷയും പ്രയോഗരീതികളുമൊക്കെ അതാതു കാലഘട്ടങ്ങളുടെ പ്രത്യേകതയനുസരിച്ച് വ്യത്യാസപ്പെട്ടു എന്നു വരാം. രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾക്ക് കൃത്യത ഉണ്ടാകണമെന്നും ഇല്ല. അങ്ങിനെയുള്ള രേഖകൾ ഒരുപക്ഷേ താളിയോലകളിലോ, മറ്റേതെങ്കിലും തരത്തിലുള്ളതും അക്കാലത്തു നിലവിലിരുന്നതുമായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചോ രേഖപ്പെടുത്തിയതുമായിരിക്കാം. പിന്നീട് അതിൽ നിന്നും തന്നെ ഓരോരോ കാലഘട്ടത്തിൽ ജീവിച്ചിരുന്ന അന്വേഷകർ മൊഴിമാറ്റം നടത്തി രൂപപ്പെടുത്തിയിരിക്കാം.

പഞ്ചേന്ദ്രിയങ്ങളെക്കുറിച്ചും സപ്തധാതുക്കളെക്കുറിച്ചും പഞ്ചവായുക്കളെക്കുറിച്ചുമെല്ലാം പൗരാണികമായ ഭാഷാ പ്രയോഗങ്ങളിലൂടെ ‘മനുഷ്യർക്കുള്ളത്’ എന്ന ഉപശീർഷകത്തിൻ കീഴിൽ പരാമർശിക്കപ്പെടുന്നത് ശ്രദ്ധേയമാണ്, എന്നു മാത്രമല്ല ദേവനാഗരഭാഷയുടെ ശക്തമായ സ്വാധീനവും അതിൽ ദൃശ്യമാണ് എന്നത് ഈ രചനയുടെ പഴക്കത്തെ ദ്യോതിപ്പിക്കുന്നു. മനുഷ്യശരീരത്തിന്റെ അംഗപ്രത്യംഗം സംഭവിക്കാവുന്ന രോഗങ്ങളുടെ ഗണനം അക്കാലഘട്ടങ്ങളിൽ അതേക്കുറിച്ച് നടന്ന സൂക്ഷ്മമായ പഠനങ്ങളെയാണ് വെളിവാക്കുന്നത്. പിൽക്കാലത്ത് ഇതേ കാര്യങ്ങളൊക്കെ തന്നെ കൂടുതൽ സൂക്ഷ്മമായി പഠിക്കാനും അപഗ്രഥിക്കാനും അന്വേഷകർക്ക് കഴിഞ്ഞത് ഇത്തരം സൂഷ്മവും അവ്യക്തവും ആയ പഠനങ്ങളെ അടിസ്ഥാനപ്പെടുത്തിയാണെന്നത് നിസ്തർക്കമാണ്. ഇവയെല്ലാം തന്നെ ആയുസ്സിന്റെ വേദമായ ആയുർവ്വേദവുമായി ബന്ധിപ്പിച്ചിരിക്കുകയുമാണ്.

‘ആയുസ്സ്’ എന്ന ശബ്ദത്തിനർത്ഥം തന്നെ “സദാ സ്വാഭാവികമായി കുറഞ്ഞുകൊണ്ടിരിക്കുക” എന്നതാണ്. ശരീരം മനസ്സ് ഇന്ദ്രിയങ്ങൾ ആത്മാവ് എന്നീ ഘടകങ്ങൾ ചേർന്ന ജീവരാശിയുടെ ഏറ്റവും ചേതോഹരമെന്നു നമ്മൾതന്നെ അവകാശപ്പെടുന്ന-വിശേഷിപ്പിക്കുന്ന-മനുഷ്യനിൽ ലീനമായിരിക്കുന്ന സത്വരജതമോഹങ്ങളെ കുറിച്ചും, ഈ ഗ്രന്ഥഭാഗങ്ങളിൽ പരാമർശങ്ങൾ കാണാം. ഈ ഗുണങ്ങളുടെ ഏറ്റക്കുറച്ചിലുകൾ മനുഷ്യസ്വഭാവങ്ങളിൽ വരുത്തുന്ന വ്യതിയാനങ്ങളും പ്രത്യേകതകളും പണ്ടേ പഠനവിഷയമായിരുന്നു.

അതുപോലെ വേദശാസ്ത്ര പുരാണാദികളായ ശാസ്ത്രങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളും ഗണനവും സമ്മിശ്രമായ രീതിയിലാണ് കാണപ്പെടുന്നത്. ആധുനികമായ കാഴ്ചപ്പാടിൽ അതിന് വ്യക്തമായ തരംതിരിക്കൽ (Catagarisation) തന്നെ ഉണ്ടായിട്ടുണ്ട്.

6 നയങ്ങളെക്കുറിച്ച് പരാമർശിക്കുന്നിടത്ത് അഞ്ച് നയങ്ങൾ മാത്രമാണ് കാണുന്നത്. ഇതൊരുപക്ഷേ ഗ്രന്ഥത്തിന്റെ പകർപ്പെഴുത്തിൽ സംഭവിച്ച പിഴവാകാം. *‘മൗന നയം’* എന്ന നയമാണ് അവിടെ അപ്രത്യക്ഷമായിരിക്കുന്നത്.



ഇത്തരം ഗ്രന്ഥങ്ങളിലൂടെ നടത്തുന്ന അന്വേഷണയാത്രകൾ മൺമറഞ്ഞുപോയ ഭൂതകാലത്തിന്റെ ശാസ്ത്രസാംസ്കാരിക രേഖകൾ കണ്ടെത്താനും, അവയുടെ ചുവട് പിടിച്ചുകൊണ്ട് അന്വേഷണങ്ങളും ഗ്രന്ഥരചനയും നടത്തുവാനും സഹായിക്കും.

എന്തായാലും ഇന്നത്തെപ്പോലെ അച്ചടിയും മറ്റും പുരോഗമിച്ചിട്ടില്ലാതിരുന്ന ഒരു കാലത്തെ കണ്ടെത്തലുകൾ എന്ന നിലയിൽ ഇവയൊക്കെത്തന്നെ അറിവിന്റെ ആദ്യപ്രകാശങ്ങളായി കാണേണ്ടതും കണക്കാക്കേണ്ടതുമാണെന്നതിന് സംശയമില്ല.

❐

www.malankaralibrary.com

# 6

# ഒരു എഴുത്ത് – മുഖവുര

### ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

**നി**രണം ഗ്രന്ഥവരിയിലെ അവസാന ഭാഗത്തുള്ള എഴുത്തുകളുടെ അപൂർണ്ണ രൂപമാണ് 'ഒരു എഴുത്ത്'. ബൈബിളിലെ പഴയ – പുതിയ നിയമ സംഗ്രഹങ്ങൾ ആഗോള സഭാചരിത്രം, മലങ്കര സഭാചരിത്രം എന്നിവ പ്രതിപാദിച്ചിരിക്കുന്ന നിരണം ഗ്രന്ഥവരിയിൽ കടമറ്റത്തു കത്തനാർ, അർക്കദിയാക്കോന്മാർ, മാർത്തോമ്മാ മെത്രാന്മാർ, തൊഴിയൂർ മെത്രാന്മാർ, എന്നിവരെക്കുറിച്ചുള്ള പരാമർശനങ്ങൾക്ക് ശേഷമാണ് കുടുംബപരമായ പ്രബോധനങ്ങൾ ഉൾക്കൊള്ളുന്ന ഈ കത്ത് ചേർത്തിരിക്കുന്നത്. വ്യക്തിപരമായ പരാമർശങ്ങളും വിശദീകരണങ്ങളും പ്രബോധനങ്ങളുമുള്ള ഈ കത്ത് ഗ്രന്ഥവരിയുടെ അവസാന ഭാഗമാണ്. ഇതൊരു അനുബന്ധ ലേഖനമാകാം.

**ആദ്യകാല ഗദ്യരചനകൾ**

കത്തിന്റെ സ്ഥലമോ സാഹചര്യമോ വ്യക്തമല്ല. എവിടെനിന്നു എവിടേക്ക് അയച്ചു എന്നതിന് രേഖയില്ല. ഒരു കത്തിന് ഉണ്ടായിരിക്കേണ്ട ലക്ഷണങ്ങൾ പൂർണ്ണമായും ഇതിൽ തെളി ഞ്ഞു കാണുന്നുമില്ല. എന്നാൽ കത്തിലെ ഗദ്യ ശൈലിയും അവതരണവും ഒരു കത്തിന്റെ ഘടനയാണ് പ്രകടിപ്പിക്കുന്നത്.

ആദ്യകാല ഗദ്യരചനകളിൽ കത്തുകൾക്ക് മുഖ്യസ്ഥാനം ഉണ്ടായിരുന്നു. ബൈബിളിൽ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ എല്ലാം തന്നെ കത്തിന്റെ രൂപത്തിലുള്ളതാണ്. പറയുവാനുള്ള കാര്യങ്ങൾ വിശദമായി വിനിമയം ചെയ്യുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗമായിട്ടാണ് കത്തുകളെ വിശുദ്ധ പൗലോസ് കണ്ടിരുന്നത്. ഗ്രീക്ക് – എബ്രായ പാരമ്പര്യങ്ങളിൽ നിലവിലിരുന്ന ഒരു പ്രധാന രചനാശൈലിയാണ് കത്തുരൂപത്തിലുള്ള പ്രബോധനപരമായ ലേഖനങ്ങൾ. ആദിമ സഭാപിതാക്കന്മാരുടെ നിരവധി രചനകൾ കത്തുകളുടെ രൂപത്തിൽ ലഭ്യമായിട്ടുണ്ട്.

മലയാള ഗദ്യത്തിൽ എഴുത്തുരൂപത്തിലുള്ള ആദ്യരചനയാണിത്. ഇതിന് ചില രൂപവൈകല്യം വരുത്തിയിട്ടുണ്ട്. വ്യക്തിപരമായ പരാമർശനങ്ങളും കുടുംബ സ്വകാര്യതകളും ഗ്രന്ഥവരി പകർത്തിയെഴുതിയവർ തമസ്ക്കരിച്ചതാകാം. അതിനാൽ ഇത് കത്തിന്റെ പൂർണ്ണരൂപം പ്രാപിച്ചിട്ടില്ല. പല ഭാഗങ്ങളിലും പരസ്പരബന്ധം വിട്ടുപോയിട്ടുണ്ട്.

കത്തിന്റെ ഉള്ളടക്കം, തകർന്നുവീണ കുടുംബബന്ധത്തെ പുനഃരുദ്ധരി

**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ:** എഴുത്തുകാരനും പത്രപ്രവർത്തകനും. ഇപ്പോൾ ഓർത്തഡോക്സ് സെമിനാരി അദ്ധ്യാപകൻ.



ക്കുന്നതിനുള്ള പ്രബോധനാത്മകമായ സന്ദേശമാണ്. ബൈബിൾ ഉദ്ധരണികളും സന്മാർഗ്ഗോപദേശങ്ങളും കല്പിച്ചു നൽകുന്ന ഒരു 'മുതിർന്ന പിതാവിന്റെ' സ്വരമാണിതിൽ പ്രതിധ്വനിക്കുന്നത്.

പ്രകാശം നിറഞ്ഞ ജീവിതം ലഭ്യമാകുന്നതിന് നല്ല മര്യാദകൾ പാലിക്കപ്പെടണമെന്ന് ശാസനാ രൂപത്തിൽ പറഞ്ഞ് കത്ത് അവസാനിപ്പിക്കുന്നു.

'ശരീര സ്വസ്തത ഇല്ലാത്തവനും രോഗിയും വയസുകാരനും ഞാനാക കൊണ്ടു ഇനിക്കുള്ളതു മേലാൽ വേണ്ടുന്ന ഉപകാര സഹായങ്ങളും ചെയ്തു നടന്നു കൊള്ളണമെന്നു എന്റെ മനസു സന്തോഷത്താലെ നിന്നോടതു ശാസിക്കുന്നു.'

ഇതിൽ നിന്നു ശാരീരിക ക്ലേശം അനുഭവിക്കുന്ന രോഗിയായ വൃദ്ധനാണ് എഴുത്തുകാരനെന്ന് വ്യക്തം.

**ബൈബിൾ ഉദ്ധരണികൾ**

നിരണം ഗ്രന്ഥവരിയിൽ പ്രതിപാദിക്കുന്ന ചരിത്രത്തിന്റെ മുഖ്യ കാലയളവ് 1708 മുതൽ 1829 വരെയുള്ള 125 ലധികം വർഷങ്ങൾ ദൈർഘ്യമുള്ളതാണ്. ഇത് പല വ്യക്തികൾ ചേർന്ന് വിവിധ കാലത്ത് ക്രോഡീകരിച്ചിട്ടുള്ളതാവാം. ഇതിൽ ആറാം മാർത്തോമ്മായുടെ (1761–1808) കാലത്തെ ചരിത്ര സംഭവങ്ങൾക്കാണ് മുഖ്യപ്രാധാന്യം നൽകിയിട്ടുള്ളത്. എന്നാൽ ഈ കത്ത് ആറാം മാർതോമ്മായുടേതല്ല. കാരണം ഇതിൽ പറയുന്ന തീയതി 1826 മിഥുന മാസമാണ്. നിരണം ഗ്രന്ഥവരിയിൽ 1829 വരെയുള്ള ചരിത്രവിവരണങ്ങൾ വിശദമായി നൽകിയിട്ടുള്ളതിനാൽ ആറാം മാർത്തോമ്മായ്ക്ക് ശേഷമുള്ള ആരുടെയോ രചനയാകാം ഇത്.

കത്തിന്റെ ഉള്ളടക്കത്തിന്റെ മുഖ്യവിഷയം സഹോദര സ്നേഹവും പരസ്പര ക്ഷമയുമാണ്. സൗന്ദര്യം, സമ്പത്ത്, അധികാരം എന്നിവയിൽ അതീവ താല്പര്യം പ്രകടിപ്പിക്കുന്നവർ ദൈവമാർഗ്ഗത്തിൽ നിന്നും അകലുന്നു. ദൈവമാർഗ്ഗം കുറ്റം കൂടാത്തതും ആത്മാവിനെ തിരിപ്പിക്കുന്നതുമാണ്. എന്നാൽ 'ക്രിസ്ത്യാനികളുടെ ഹൃദയങ്ങളിൽ ദോഷങ്ങൾ മുളക്കുകയും അവ വളർന്നു കൊമ്പുകളും ശിഖരങ്ങളുമായി തീരുന്നു. അതിൽ പിശാചുകൾ കുടിയിരിക്കുന്നു' എന്ന് ഈ കത്തിൽ ആകർഷകമായ ശൈലിയിൽ എഴുതിയിരിക്കുന്നു.

ദൈവ സ്നേഹത്തിൽ നിറയുമ്പോൾ ശത്രുവിനെ പൂർണ്ണമായും സ്നേഹിക്കുവാൻ കഴിയുമെന്ന് ഈ കത്തിൽ നിരവധി ബൈബിൾ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിച്ചിരിക്കുന്നു. ഇതിനായി സങ്കീർത്തനങ്ങൾ, യെശയ്യാവ്, യിരമ്യാവ്, പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ നിന്നുള്ള വാക്യങ്ങൾ എന്നിവയാണ് ഉദ്ധരിച്ചിട്ടുള്ളത്.

**ബൈബിൾ വിവർത്തനങ്ങൾ**

ആദ്യകാല മലയാള ബൈബിൾ വിവർത്തന ചരിത്രം പരിശോധിക്കുമ്പോൾ നിരണം ഗ്രന്ഥവരി എഴുതിയ കാലഘട്ടത്തിൽ (1708–1829) ബൈബിളിന്റെ സമ്പൂർണ്ണമായ മലയാള വിവർത്തനങ്ങൾ ലഭ്യമായിരുന്നില്ല. നിരണം ഗ്രന്ഥവരിയിൽ കായംകുളം ഫീലിപ്പോസ് റമ്പാന്റെ ബൈബിൾ വിവർത്തനത്തെപ്പറ്റി പറയുന്നുണ്ട് (പുറം 145, 146). എന്നാൽ അതിൽ സുവിശേഷങ്ങളും

www.malankaralibrary.com

അപ്പോസ്തോല പ്രവൃത്തികളുമേ ഉണ്ടായിരുന്നുള്ളു. അത് 1811– ലാണ് പ്രിന്റു ചെയ്തു പ്രസിദ്ധീകരിച്ചതും.

നിരണം ഗ്രന്ഥവരിയുടെ അവസാനഭാഗത്ത് ബെഞ്ചമിൻ ബെയ്‌ലിയുടെ (1795–1871) ബൈബിൾ വിവർത്തനത്തെക്കുറിച്ചുള്ള വിവരണങ്ങളുമുണ്ട്. എന്നാൽ ബെയ്‌ലി നടത്തിയ ബൈ ബിൾ വിവർത്തനം 1829 ലാണ് പ്രസിദ്ധീകരണം പൂർത്തിയായത്. ഹെർമ്മൻ ഗുണ്ടർട്ടിന്റെ (1814–1893) ബൈബിൾ വിവർത്തനം 1857 ലുമാണ് ലഭ്യമാകുന്നത്. അപ്പോൾ ഈ കത്തിൽ ഉദ്ധരിച്ചിരിക്കുന്ന മലയാള ബൈബിൾ വിവർത്തനഭാഗങ്ങൾ എവിടെ നിന്നും ലഭ്യമായി?

മിഷനറിമാർ ബൈബിൾ മലയാളത്തിലേക്ക് വ്യവസ്ഥാപിതമായി വിവർത്തനം ചെയ്യുന്നതിനുമുമ്പേ (1821– 1857) കേരളത്തിൽ ബൈബിൾ വിവർ ത്തനങ്ങൾ നിലനിന്നിരുന്നു എന്നതിന്റെ തെളിവാണ് ഈ കത്തിൽ ഉദ്ധരിച്ചിരിക്കുന്ന ബൈബിൾ വിവർത്തനങ്ങൾ.

കേരളത്തിലെ വൈദികരായ മല്പാന്മാർ സുറിയാനിയിൽ നിന്നും ബൈബിൾ ഭാഗങ്ങൾ തത്സമയം മലയാളത്തിലേക്ക് വിവർത്തനം ചെയ്തു വായിക്കുന്ന രീതി നിലവിലിരുന്നു. ആരാധനാ സമയത്ത് മല്പാന്മാരായ വൈദികർ സുറിയാനി ബൈബിൾ മലയാളത്തിൽ വിവർത്തനം ചെയ്തു വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തിരുന്നു. സാധാരണ ജനങ്ങൾക്ക് ബൈബിൾ വായിച്ചു കേൾക്കുന്നതിനും പഠിക്കുന്നതിനുമുള്ള അവസരം കൂടിയായിരുന്നു ക്രിസ്തീയ ആരാധന.

ആദ്യകാല പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ ബൈബിൾ വിവർത്തന ശ്രമങ്ങൾക്കു മുമ്പേ കേരളത്തിൽ ബൈ ബിൾ വിവർത്തനങ്ങൾ ഭാഗികമായി നിലനിന്നിരുന്നു എന്നതിന്റെ തെളിവാണ് നിരണം ഗ്രന്ഥവരിയിൽ ഉദ്ധരിച്ചിരിക്കുന്ന ബൈബിളിലെ പഴയ – പുതിയ നിയമ ഭാഗങ്ങളിലെ ഉദ്ധരണികൾ.

**മലയാളത്തിലെ മല്പാൻ ഗദ്യം**

മലയാളത്തിൽ ആദ്യമായി ബൈ ബിൾ വിവർത്തനം ചെയ്ത കായംകുളം ഫീലിപ്പോസ് റമ്പാന്റെ ( –1812) തർജ്ജമ ആയിരിക്കും നിരണം ഗ്രന്ഥവരിയിലുള്ളത്. കായംകുളം ഫീലി പ്പോസ് റമ്പാന്റെ ശിഷ്യന്മാർ സൂക്ഷിച്ചിരുന്ന വിവർത്തനഭാഗങ്ങളായിരിക്കും കത്തിൽ ഉദ്ധരിച്ചിരിക്കുന്നത്. അക്കാലത്ത് കായംകുളം ഫീലിപ്പോസ് റമ്പാനെപ്പോലെ ബൈബിൾ വിവർത്തനത്തിന് പ്രാഗൽഭ്യം തെളിയിച്ചവർ കേരളത്തിൽ ആരും ഉണ്ടായിരുന്നില്ല. മല്പാൻ ഭവനങ്ങളിൽ നിലവിലിരുന്ന ഭാഗികമായ ബൈബിൾ വിവർത്തനങ്ങൾ മലയാളത്തിലെ 'മല്പാൻ ഗദ്യം' എന്ന് അറിയപ്പെട്ടു. മല്പാന്മാരുടെ കീഴിൽ ബൈബിൾ പഠനം നടത്തിയ ശിഷ്യന്മാർ ബൈബിൾ വിവർത്തന ത്തിൽകൂടി രൂപപ്പെടുത്തിയ ഗദ്യ ശൈലിയാണിത്.

മല്പാൻ ഭവനങ്ങളിൽ ഭാഗിക ബൈബിൾ വിവർത്തനങ്ങൾ നിലനിന്നിരുന്നുവെന്ന് പറയുമെങ്കിലും ഈ വാദത്തിനു ആധികാരികമായി യാതൊരു ചരിത്രരേഖകളും ഇല്ലായിരുന്നു. എന്നാൽ നിരണം ഗ്രന്ഥവരിയിലെ ബൈബിൾ ഉദ്ധരണികൾ കേരളത്തിൽ ബൈബിളിന്റെ ഭാഗിക വിവർത്തനങ്ങൾ ഉണ്ടായിരുന്നു എന്നതിന്റെ തെളിവാണ്. അതിനാൽ മലയാള ഭാഷാചരിത്രത്തിൽ



ഇവയ്ക്ക് വളരെ പ്രാധാന്യം ലഭിക്കുന്നു.

നിരണം ഗ്രന്ഥവരിയിൽ ഉദ്ധരിച്ചിരിക്കുന്ന ബൈബിൾ വിവർത്തനങ്ങളിലെ ഒരു ഭാഗമായ 15–ാം സങ്കീർ ത്തനം ശ്രദ്ധിക്കുക:

'കറ കൂടാതെ നടക്കുന്നവനും, പുണ്യസുഖം പ്രവർത്തിക്കുന്നവനും, അവന്റെ മനസ്സിൽ നെറിവു പറയുന്നവനും, അവന്റെ നാവാലെ ചതിക്കുന്നില്ലാത്തവനും, അവന്റെ ചങ്ങാതിയോടു തിന്മ പ്രവർത്തിക്കുന്നില്ലാത്തവനും, അരിശപ്പെടുത്തുന്നവനെ, അതിന്റെ കൺകളിൽ നിരാസിക്കുന്നവനും....' എന്നിങ്ങനെ വിവർത്തനം ചെയ്തിരിക്കുന്നു. ഈ ഭാഗം 1863 – ലെ ബൈബിൾ സൊസൈറ്റിയുടെ പരിഭാഷ ഇപ്രകാരമാണ്:

'നിഷ്കളങ്കനായി നടന്നു നീതി പ്രവർത്തിക്കുകയും ഹൃദയപൂർവ്വം സത്യം സംസാരിക്കുകയും ചെയ്യുന്ന വൻ നാവു കൊണ്ടു കുരള പറയാതെയും തന്റെ കൂട്ടുകാരനോടു ദോഷം ചെയ്യാതെയും കൂട്ടുകാരനു അപമാനം വരുത്താതെയും ഇരിക്കുന്നവൻ; വഷളനെ നിന്ദ്യനായി എണ്ണുകയും......'

ഈ രണ്ട് വിവർത്തനങ്ങളും മലയാള പദാവലികളിൽ ഗദ്യത്തിന്റെ വളർച്ച കുറിക്കുന്നു. മലയാള ഗദ്യപദങ്ങൾക്ക് ലഭ്യമായ രൂപവ്യത്യാസങ്ങൾ ശ്രദ്ധേയമത്രേ.

**പഴയ പദാവലികൾ**

നിരണം ഗ്രന്ഥവരിയിലെ വിവർത്തനത്തിൽ കറകൂടാതെ (നിഷ്കളങ്കൻ) പുണ്യസുഖം (നീതി പ്രവർത്തിക്കുന്നവൻ) നെറിവ് (സത്യം) ചങ്ങാതി (കൂട്ടുകാരൻ) അരിശം (ദോഷം) തമ്പുരാൻ (യഹോവ) ആണ (ചേതം) പൊലിശ (പലിശ) എന്നിങ്ങനെയുള്ള പഴയ പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്.

ഇംപപ്പെടുക (ഇഷ്ടപ്പെടുക) ഉടുംപു (ശരീരം) എരക്കുന്നു (യാചിക്കുന്നു) കാവ്യർ (അവിശ്വാസികൾ) നെറിവാളൻ (നന്ദിയുള്ളവൻ) പട്ടാങ്ങ (സത്യം) സൊത്വം (സമാധാനം) തണ്യ (താണ) എരക്കം (ദയവ്) ഭള്ള് (കള്ളം) എന്നിങ്ങനെയുള്ള മലയാള ഗദ്യത്തിലെ അനവധി ആദ്യകാല പദാവലികളും ഇതിൽ കാണുന്നു.

'ബോധവും തിരിച്ചറിവും, കാര്യകാര്യം, നീതിയും ന്യായവും, ഭള്ളും ചതിയും, എരക്കവും ഉരക്കവും, തമ്മിത്തമ്മിൽ തുടങ്ങിയ നല്ല ശൈലികളും ഇതിലുണ്ട്.

മലയാള ഗദ്യത്തിന്റെ വികാസ പരിണാമങ്ങൾ അന്വേഷിക്കുന്നവർക്ക് നിരണം ഗ്രന്ഥവരിയിലെ ഭാഷാശൈലി അക്ഷയഖനിയാണ്. മലയാള ബൈബിൾ വിവർത്തനങ്ങളുടെ ഭാഷയും അവയുടെ പ്രാഗ്‌രൂപങ്ങളും മനസ്സിലാക്കുവാൻ നിരണം ഗ്രന്ഥവരിയിലെ ഈ കത്തിലെ ബൈബിൾ ഉദ്ധരണികൾ സഹായകമാകും. ബൈബിൾ സംസ്കാരത്തിന്റെയും മലയാള ഗദ്യത്തിന്റെയും വേരുകൾ ഇതിലുൾപ്പെടുന്നു. മിഷനറി ഗദ്യത്തിന്റെ പരിധിയിൽപ്പെടുത്തി നിരണം ഗ്രന്ഥാവലിയുടെ ഗദ്യശൈലിയുടെ വിവിധതലങ്ങൾ ഗവേഷണ പഠനത്തിന് വിധേയമാക്കാവുന്നതാണ്.

www.malankaralibrary.com

**ഉപസംഹാരം**

നിരണം ഗ്രന്ഥവരിയിലെ ഈ കത്തിൽ നിന്നും, അജപാലന ദൗത്യത്തിന്റെ ഭാഗമായി കുടുംബ പ്രശ്നങ്ങളും സാമൂഹ്യ അപജയങ്ങളും സംഭവിക്കുമ്പോൾ പിതാക്കന്മാർ വേദപുസ്തകാധിഷ്ഠിത പ്രഭാഷണങ്ങളും ഉപദേശങ്ങളും കത്തു രൂപത്തിൽ ബന്ധപ്പെട്ടവർക്ക് അയച്ചിരുന്നു എന്ന് വ്യക്തമാകുന്നു. ശാസിക്കുവാനും ഉപദേശിക്കുവാനും ചിലപ്പോൾ കർക്കശമായ ഭാഷയിൽ നിർദ്ദേശങ്ങൾ നൽകുവാനും ശ്രദ്ധിച്ചിരുന്നു.

നിരണം ഗ്രന്ഥവരിയിലെ കത്ത് വേദശാസ്ത്രപരവും സന്മാർഗ്ഗീകവുമായ ഉപദേശം ബൈബിൾ ഉദ്ധരണികളോടെ നൽകുന്ന ഒരു മികവുറ്റ ആദ്യകാല ഗദ്യശില്പമാണ്. ആദ്യകാല മലയാള ഗദ്യവും ബൈബിൾ വിവർത്തന ഗദ്യവും അന്വേഷിക്കുന്നവർക്ക് ഇത് പുതിയ വെളിച്ചം പകരുന്നു.

❐

7

# മാർ ഈവാനിയോസിന്റെ മെമ്രാകൾ: ഒരു പുനർവായന

**പ്രൊഫ. മേരി മാത്യു**

**നി**രണം ഗ്രന്ഥവരിയുടെ കണിയാന്ത്ര കുടുംബത്തിൽ സൂക്ഷിച്ചിരിക്കുന്ന ഓലകളിൽ നിന്നും മനോഹരമായ ഗീതങ്ങൾ *മാർ ഈവാനിയോസിന്റെ മെമ്രകൾ* എന്ന പേരിൽ സമാഹരിച്ച് എന്റെ ആദ്യകാല വിദ്യാർത്ഥികളിൽ ഒരാളും ഗവേഷണ തല്പരനുമായ എം. കുര്യൻ തോമസ് പഠനത്തിനായി നൽകിയപ്പോൾ കൗതുകം തോന്നി.

അന്ത്യോഖ്യൻ മെത്രാപ്പോലീത്തായായിരുന്ന മാർ ഈവാനിയോസ് ഹദിയള്ള, മാർ ബസേലിയസ് യൽദോയൊടൊപ്പം ദക്ഷിണ ഭാരതത്തിൽ വന്ന് ഈ നാട്ടിൽ പ്രവർത്തിച്ചു. 1786 ൽ ഇവിടെ വന്നുചേർന്ന മാർ ഈവാനിയോസ് 1795 ൽ കാലം ചെയ്തു മുളന്തുരുത്തി പള്ളിയിൽ കബറടക്കി എന്നാണല്ലോ ചരിത്രം സൂചിപ്പിക്കുന്നത്.

കണിയാന്ത്ര മാനുസ്ക്രിപ്റ്റ് 1829 നു മുമ്പ് ക്രോഡീകരിച്ചു എന്നും ആ ശ്രേഷ്ഠ ദൗത്യം ചെയ്തത് കണിയാന്ത്ര തൊമ്മി ചാണ്ടി കത്തനാർ ആണെന്നും പരാമർശമുണ്ടല്ലൊ (ഈ കൃതിയിലെ എം. കുര്യൻ തോമസിന്റെ ഉപോദ്ഘാതം നോക്കുക) മാർ ഈവാനിയോസിന്റെ മെമ്രകളിൽ സൂചിപ്പിക്കുന്ന അലക്സന്ത്രയോസ് ഇദ്ദേഹമാണോ എന്ന് സംശയിക്കുന്നു.

മാർ ഈവാനിയോസിന്റെ കാലം 17-ാം നൂറ്റാണ്ടിന്റെ അന്ത്യകാലഘട്ടത്തിലും കണിയാന്ത്ര തൊമ്മി ചാണ്ടി കത്തനാരുടെ കാലം 19-ാം നൂറ്റാണ്ടിന്റെ ആദ്യകാലത്തുമാണ്. അതിനാൽ ഇവർ നേർക്കുനേർ ഗുരുശിഷ്യരല്ല. മാർ ഈവാനിയോസ് മലയാളത്തിൽ കവിത രചിക്കുവാൻ സാദ്ധ്യതയില്ല. എന്നാൽ അദ്ദേഹം സുറിയാനിയിൽ കവിതകൾ രചിച്ചതിനു തെളിവുമുണ്ട്.

ഈ മെമ്രകളിൽ രണ്ടു രീതിയിലുള്ള പരാമർശനങ്ങളുണ്ട്. ഒന്ന് മാർ ഈവാനിയോസിനെ പ്രഥമ പുരുഷനായി സങ്കൽപിച്ചുള്ള വരികൾ (*'ഞാനും മാർത്തോമൻ തൻ ഗാത്രം എടോ'*, *'ഇരുവരിലെൻ ഗുരുവാം കാസോലിക്കാ...'* മുതലായവ). രണ്ടാമതായി അദ്ദേഹത്തെ ദ്വിതീയ പുരുഷനായി സങ്കൽപിച്ചു കൊണ്ടുള്ളവയും (*'താപസനുരചെയ്തു'*, *'എൻഗുരുവാം മുനിയൊടു ചോദിച്ചു'*

**പ്രൊഫ. മേരി മാത്യു:** കോട്ടയം ബസേലിയോസ് കോളജ് മലയാള വിഭാഗം മേധാവി. ഇപ്പോൾ മഹാത്മാഗാന്ധി സർവകലാശാലയിൽ ഗവേഷണം നടത്തുന്നു.

www.malankaralibrary.com

മുതലായവ). ഇവയിൽ ആദ്യത്തെ രീതിയിലുള്ളവ മാർ ഈവാനിയോസിന്റെ സ്വന്തം കൃതികളുടെ പരിഭാഷയെന്നും രണ്ടാമത്തേത് അവയുടെ രീതിയിൽ ഒരു മലയാളി (അലക്സാണ്ടർ അഥവാ ചാണ്ടി?) രചിച്ചതുമാണെന്നും വിചാരിക്കുന്നതാണ് യുക്തി. ഗ്രന്ഥവരിയുടെ ഭാഗമായ മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങളിലെ ആശയങ്ങളും ചില പദപ്രയോഗങ്ങൾ പോലും (ഉദാ. മണുമണുക്കപ്പെട്ട അപ്പം) ഈ പദ്യങ്ങളിൽ കാണുന്നത് ഈ അനുമാനത്തെ പ്രബലപ്പെടുത്തുന്നു.

ഒരു കാര്യം വ്യക്തമാണ്. ഗ്രീക്ക് തത്വചിന്തയിൽ നിന്നു കടമെടുത്ത ആശയങ്ങളും കടംകഥകളും (ഉദാ: *ഇരുപേരൊരുവഴി*) പതിനെട്ടാം നൂറ്റാണ്ടിലെയോ 19-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലെയോ ഒരു മലയാളിക്ക് സുറിയാനി വഴിയല്ലാതെ ലഭിക്കുക അസാദ്ധ്യമായിരുന്നു. അവ ലഭിക്കാനുള്ള സാദ്ധ്യത സുറിയാനി സഭയിൽ നിന്നു വന്ന പിതാക്കന്മാരിൽ നിന്നും മാത്രവും. 1665 മുതൽ 1876 വരെയുള്ള കാലത്ത് കേരളത്തിൽ വന്നവരിൽ അപ്രകാരം തത്വശാസ്ത്രവും വേദശാസ്ത്രവും പഠിപ്പിക്കാൻ മാത്രം പാണ്ഡിത്യമുള്ള ഏക സുറിയാനി മേൽപ്പട്ടക്കാരൻ മാർ ഈവാനിയോസ് മാത്രമായിരുന്നു എന്ന് കുര്യൻ തോമസ് തെളിയിച്ചിട്ടുള്ളതിനാൽ ഈ മെമ്രകളുടെ മൂലഗ്രന്ഥകർത്താവ് മാർ ഈവാനിയോസ് ഹദിയള്ള തന്നെയെന്ന് നിസംശയം പറയാം. അവയെ മലയാളത്തിൽ മനോഹരമായി സ്വാംശീകരിച്ച് ദ്രാവിഡ വൃത്തങ്ങളിൽ പുനരവതരിപ്പിച്ച മലയാളി ആരാണെന്നു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

18-ാം നൂറ്റാണ്ടിൽ ഏതെങ്കിലും അജ്ഞാത കവിയോ അല്ലെങ്കിൽ കണിയാന്ത്ര തൊമ്മി ചാണ്ടി കത്തനാർ തന്നെയോ സുറിയാനിയിലുള്ള മാർ ഈവാനിയോസിന്റെ മെമ്രകളെയും അദ്ദേഹത്തിന്റെ പ്രബന്ധങ്ങളെയും ഉപജീവിച്ച് മലയാളത്തിൽ രചിച്ചവയാകാനാണ് സാദ്ധ്യത.

*'മാർ ഈവാനിയോസിന്റെ മെമ്രകൾ'* കാവ്യഭാവനയുള്ള ഒരു വ്യക്തിയുടെ രചനയാണ് എന്നതിനു സാക്ഷ്യം വഹിക്കുന്ന അനേകം ഭാഗങ്ങളുണ്ട്. കവിക്ക് പദക്രമത്തിന്റെ സംലയനം കൊണ്ട് താളക്രമം സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്.

*"ദൈവമാതാവേ തുണ ദൈവഭക്തരേ തുണ ദൈവസഞ്ചയേ*
*തുണ ദൈവത്തെ സ്തുതിച്ച് ഉയരുന്നൊരു കപോതമേ*
*ദൈവത്തെ കുറിച്ചെന്റെ അരുകിൽ വരിക നീ"*

എന്നിങ്ങനെയുള്ള വരികളിൽ ഈ നാട്ടിൽ അക്കാലത്ത് പ്രചരിച്ചിരുന്ന കിളിപ്പാട്ട് രീതിയുടെ സ്വാധീനം കാണാം. 'കപോതം' (പ്രാവ്) എന്നത് പരിശുദ്ധാത്മാവിന്റെ പ്രതീകമായി കണ്ടിരിക്കുകയാവാം. "18-ാം ശതകത്തിൽ ജീവിച്ച കേരള നസ്രാണി കവികളിൽ പ്രധാനിയായ ചാക്കോ മാപ്പിളയുടെ *'ഹൂശ രാജാക്കന്മാരുടെ വഞ്ചിപ്പാട്ട്'* എന്ന കൃതി പ്രാവിനെക്കൊണ്ടാണ് പാടിച്ചിരിക്കുന്നത്." (*സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*, പുറം 431).

സുറിയാനി പണ്ഡിതനായ മാർ ഈവാനിയോസ്, അന്ത്യോഖ്യയുടെ ആധിപത്യ സൂചന അവസരത്തിലും അനവസരത്തിലും ഈ ഗീതത്തിൽ ആവർത്തിച്ചിട്ടുണ്ട്.

അറിയോസ്, മക്കദോന്യോസ്, നെസ്തോറിയോസ്, ഏവുത്തുക്കോസ് എന്നീ



വേദവിപരീതികളെക്കുറിച്ചും ഗീതങ്ങളിൽ വിവരിച്ചിട്ടുണ്ട്. *''ശാപദൂഷണമുള്ളോർ നരകം പ്രാപിക്കുന്നു"* എന്ന ആശയമാണ് മെമ്രയിലുള്ളത്.

കേരളീയമായ പല സൂചനകളും ഗീതത്തിലുണ്ട്. ഒട്ടകം സൂചിക്കുഴയിലൂടെ എന്ന പ്രസിദ്ധമായ ബൈബിൾ ഉപമയ്ക്കു പകരമായി തദ്ദേശീയമായ ആശയങ്ങൾ സ്വീകരിച്ച് വർണ്ണിച്ചിരിക്കുന്നു.

*"മൂർഖന്മാരുടെ കർണ്ണേ സുജ്ഞാനം പൂകുന്നതി*
*ലൂക്കേറും മഹാഗജം കടക്കും കൊതുകിന്റെ*
*മൂക്കിലേക്കത്രെ ക്ഷണം മറ്റേതിന്നസാദ്ധ്യമാം."*

ദൈവമാതാവിന്റെ ഉദരത്തിൽ യേശു ഉരുവായതിന്റെ ദൈവികമായ ഔന്നത്യവും വിശുദ്ധിയും ആവിഷ്ക്കരിക്കുന്നതിന്

*"പുക്കുലാ തൻമേൽ കരിക്കതിന്റെ ഉള്ളിൽ ജലം*
*പുക്ക പോൽ ജനിച്ചിതു തൻ പുത്രനെന്നു വേണ്ടു"*

കേരവൃക്ഷ സമൃദ്ധമായ ഈ നാടിന്റെ പ്രകൃതി സ്വാംശീകരിച്ച് ആ പ്രകൃത്യംശവിശുദ്ധിയിൽ ദൈവമകന്റെ പിറവിയുടെ ഉദാത്തത സമന്വയിപ്പിച്ചിരിക്കുന്നു. ക്രൈസ്തവമതാനുസാരിയുടെ ജീവിതം വിശുദ്ധമായിരിക്കണമെന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ട്. 'എളിമാ അഴിവടക്കം' തുടങ്ങിയ ഗുണനിഷ്ഠമായ ജീവിതവും സഹോദരങ്ങളോടു ആത്മാർത്ഥമായ സ്നേഹവും ക്രിസ്ത്യാനികൾക്ക് ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ധാർമ്മികതയുടെയും സദാചാരബോധത്തിന്റെയും അറിവുകൾ പകരുന്നതാണ് മെമ്രയിലെ വരികൾ.

സഭയെ വർണ്ണിക്കുമ്പോൾ *"എള്ളിലെ തൈലം പോലുള്ളൊരു മണാട്ടിയും"* എന്ന വരിയും ഭാവനാ സമ്പൂർണ്ണമാണ്.

അന്യനാടുകളിൽ പ്രചരിച്ചിരിക്കുന്ന പൗരാണിക കഥാസൂചനകൾ ഈ മെമ്രയിലുണ്ട്. പുരാതന കാലത്ത് ദാക്ഷിണാത്യ ഭാരതവുമായുണ്ടായിരുന്ന വിദേശ വാണിജ്യ ബന്ധത്തെക്കുറിച്ചുള്ള പരാമർശങ്ങളും ഈ ഗീതത്തിൽ കാണാം. കപ്പൽയാത്ര അനുഭവവേദ്യമാക്കുന്ന വരികൾ മെമ്രയിൽ ഉണ്ട്. സ്വയം അനുഭവിച്ച യാത്ര വായനക്കാർക്കു അനുഭവവേദ്യമാക്കുവാൻ മാർ ഈവാനിയോസിന് സാധിച്ചിട്ടുണ്ട് (*''കപ്പലിൽ"* എന്ന കവിത കാണുക).

തീണ്ടൽ, തൊടീൽ തുടങ്ങിയ അനാചാരങ്ങൾ നിലനിന്നിരുന്ന ഈ നാട്ടിലെ അന്ധവിശ്വാസത്തിനു നേരെ പ്രതികരിക്കുന്ന വരികളും ഈ മെമ്രയിലുണ്ട്. സാമൂഹിക പ്രതിബദ്ധതയുള്ള മനസ്സും വിവേകത്തോടെ സമൂഹത്തിന്റെ പരിഷ്കരണത്തിനായി ചിന്തിക്കുന്ന ഉയർന്ന വ്യക്തിത്വവും മാർ ഈവാനിയോസിന് ഉണ്ടായിരുന്നു.

ആത്മശുദ്ധിയാണ് ശുദ്ധിയെന്ന് ഈ മെമ്രയിൽ ശക്തമായി പറഞ്ഞിട്ടുണ്ട്. ബാഹ്യമായ സങ്കുചിത ചിന്തകൾക്കെതിരെ പ്രതികരിച്ച മാറ്റത്തിന്റെ ശബ്ദമായി പല വരികളും അർത്ഥം ധ്വനിപ്പിക്കുന്നുണ്ട്.

*"തീണ്ടിയാൽ കുളിക്കുന്ന കുളിക്കും തൊട്ടീടുകിൽ*
*വേണ്ടായെന്നുണ്ടോ നമുക്കങ്ങനെ മര്യാദ*
...................................................................................."*

www.malankaralibrary.com

*തീണ്ടലാത്മാവിനത്രെ കണ്ടത് മോഹിക്കെന്നാൽ*
*വേണ്ടാ കേൾ സംസർഗ്ഗവും ദുർജനൻമാരിലെന്നും"*
*"ജീവാത്മാവിനു മീതെ പരമാത്മാവിരിക്കുമ്പോൾ*
*കവർന്ന് കാമം കൊണ്ട് കാമനീമാരെ പിടി-*
*ച്ചവരെ ക്രീഢിക്കുന്ന ജനത്തെ തീണ്ടിടല്ലെ"*

ഭാഷാപരമായി ആ കാലഘട്ടത്തിൽ നിലനിന്ന പല പ്രത്യേകതകളും ഈ മെമ്രയിൽ കാണാം. അതിഖരം ഉപയോഗിക്കുന്ന ആധുനിക രീതിക്കു പകരമായി തമിഴ് രീതി സ്വീകരിച്ചുകൊണ്ട് ഖരാക്ഷരങ്ങൾ എഴുതിയതിന് ഉദാഹരണങ്ങളുണ്ട്. ഉദാ: മാലാകാ, മീകായേൽ, പലം, വിളമ്പിതം.

ഒ കാരത്തിന് എ കാരം സ്വീകരിച്ചിരിക്കുന്ന പദങ്ങൾ മെമ്രയിൽ ഉണ്ട്. ഉദാ: എസ്തന്തീനോസ്.

ഉപവസിക്കുക എന്നതിന് 'ഓസിക്കുക' എന്നും, 'അന്നാടെ' (ഹന്നായുടെ) നിവ്യർ (നിബ്യർ) മാവുന്ദാന (മാംദാന) ശ്ലീവാ (ശ്ലീബാ) ഉറുവി (ഉർവ്വി) ഗൗരിയേൽ (ഗബ്രിയേൽ) ശങ്കിൽ (ചങ്കിൽ) പ്രശ്ചിയിച്ചു (പ്രവചിച്ചു) കാസൊലിക്ക (കാതോലിക്ക) പിരികിനാൽ (പ്രാകിനാൽ) ഇത്യാദി ഉദാഹരണങ്ങൾ ഈ മെമ്രായുടെ പഴക്കം സൂചിപ്പിക്കുന്നു.

ഈ മെമ്രായുടെ അവസാന ഭാഗത്തുള്ള പെരുനാൾ കണക്കും ചാത്തന്നൂർ പള്ളിയുടെ ഭിത്തിയിൽ എഴുതിയിരിക്കുന്ന പഞ്ചാംഗവുമായി സാമ്യമുണ്ട് (ഈ കൃതിയിലെ വർഗീസ് ജോൺ തോട്ടപ്പുഴയുടെ *നിരണം ഗ്രന്ഥവരി: കാലഗണനയും തീയതികളും* എന്ന ലേഖനം കാണുക).

ലൗകിക പ്രതിസന്ധികളെ ദൈവവിശ്വാസത്തോടെ അഭിമുഖീകരിച്ച് നവ പദ്ധതികളാക്കുവാൻ നിർദ്ദേശിക്കുന്നതും ജീവിതത്തിനു ധൈര്യം നൽകുന്നതുമായ വിവരങ്ങൾ ഈ മെമ്രയിൽ ഉണ്ട്.

അചഞ്ചലമായ ദൈവവിശ്വാസവും ബഹുഭാഷാ പാണ്ഡിത്യവും വന്നു ചേർന്ന നാടിന്റെ പൈതൃകവും പ്രകൃതിയും ഉൾക്കൊള്ളുവാനുള്ള താല്പര്യവുമുള്ള കവിമനസ്സാണ് മാർ ഈവാനിയോസിന്റേത്.

*'ഞാനും മാർത്തോമ്മൻ തൻ ഗാത്രം എടോ'* എന്ന് മെമ്രയിൽ പരാമർശിച്ചിരിക്കുന്നത് മാർതോമ്മാ ശ്ലീഹായിലുള്ള ഈ നാടിന്റെ പാരമ്പര്യം ഉൾക്കൊള്ളുന്നതിനു തയാറാണെന്ന പ്രസ്താവനയും ഒരു പരദേശിയായ തന്നെയും ഈ സമൂഹത്തിലംഗീകരിക്കണമെന്ന അഭ്യർത്ഥനയും ഇതിലുണ്ട്. നിരണം ഗ്രന്ഥവരിയിൽ ഓലകളുടെ സ്ഥലംമാറ്റം കൊണ്ട് കുഴഞ്ഞുമറിഞ്ഞു കിടന്ന ഈ കവിതാശകലങ്ങളെ ക്രമാനുസൃതമാക്കി വരികൾ ക്രമപ്പെടുത്തി സഹൃദയ ഗവേഷക ശ്രദ്ധയിൽ കൊണ്ടുവന്ന കുര്യൻ തോമസിന്റെ പ്രവർത്തനം അഭിനന്ദനാർഹമാണ്.

കാവ്യഭംഗികൊണ്ടും ഭാഷാപരമായ പ്രത്യേകതകൾ കൊണ്ടും അലങ്കാര പ്രയോഗങ്ങൾ കൊണ്ടും ജീവിതത്തിന്റെ നാനാകാര്യങ്ങൾ ഉൾക്കൊണ്ടിരിക്കുന്നതിലും സൗന്ദര്യവും വൈവിധ്യവും പുലർത്തുന്ന മാർ ഈവാനിയോസിന്റെ മെമ്രകൾ സൂക്ഷ്മമായ പുനർവായനകൾ അർഹിക്കുന്നതാണ്.

❒

**8**

# നിരണം ഗ്രന്ഥവരി: കാലഗണനയും തീയതികളും

## വർഗീസ് ജോൺ, തോട്ടപ്പുഴ

**1. കാലഗണന.** ഈ ഗ്രന്ഥത്തിൽ ആദ്യഭാഗത്ത് കാണുന്ന വർഷങ്ങൾ ഏതു അബ്ദത്തിലേതാണെന്നു നിശ്ചയമില്ല. യഹൂദ പഞ്ചാംഗം (Hebrew Era) യിലേതല്ലെന്നു ഉറപ്പായി പറയാം. സൃഷ്ടി യുഗവുമായി ഏകദേശം ചേർന്നുവരുന്നുണ്ട്.

യവനായ അബ്ദവും (Grecian Era / Seleucidae Era) ചിലയിടത്ത് ഉപയോഗിച്ചിട്ടുണ്ട്. 312 BCയിലാണ് ഈ അബ്ദം ആരംഭിച്ചത്. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ ഒരു കാലത്ത് (പ്രത്യേകിച്ച് 17, 18 ശതകങ്ങളിൽ) ഇത് ഉപയോഗിച്ചിരുന്നു. ബൈബിളിലെ മക്കാബിയരുടെ പുസ്തകത്തിൽ ഇതിന്റെ ഉപയോഗം കാണാം. യവനായ വർഷം ക്രിസ്ത്വബ്ദം ആക്കുന്നതിന് സെപ്റ്റംബർ വരെ 311 ഉം ഒക്ടോബർ മുതൽ 312 ഉം കുറയ്ക്കണം.

മലങ്കര സഭാചരിത്രം പറയുന്ന ഭാഗത്ത് മലയാള അബ്ദവും (കൊല്ലവർഷം) സുറിയാനിക്കണക്കുമാണ് കാലഗണനയ്ക്കായി ഉപയോഗിച്ചിരിക്കുന്നത്. മിക്കയിടത്തും സമാനമായ ക്രിസ്ത്വബ്ദം നൽകിയിട്ടുണ്ട്. പക്ഷേ പലപ്പോഴും ക്രിസ്ത്വബ്ദവും (A D) മലയാള അബ്ദവും (M E) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

AD 825 ലാണ് കൊല്ലവർഷാരംഭം. ധനു പകുതിവരെ 824 ഉം അതിനു ശേഷം 825 -ഉം കൊല്ലവർഷത്തോടു കൂട്ടിയാൽ ക്രിസ്തുവർഷം കിട്ടും. ഓഗസ്റ്റ് പകുതി വരെ 825 -ഉം അതിനുശേഷം 824 -ഉം ക്രിസ്തുവർഷത്തിൽ നിന്നു കുറച്ചാൽ കൊല്ലവർഷം കിട്ടും. എന്നാൽ ഇവിടെ പലപ്പോഴും ധനു പകുതി വരെയുള്ള തീയതികളോടും 825 ആണ് കൂട്ടിയിരിക്കുന്നത്.

കേരളത്തിലെ സുറിയാനി സഭകൾ ഗ്രിഗോറിയൻ കലണ്ടർ സ്വീകരിക്കുന്നതു (1953) വരെ (1950 വരെയെങ്കിലും) തീയതികൾ രേഖപ്പെടുത്തിയിരിക്കുന്നത് 'സുറിയാനി കണക്ക്' എന്നൊരു പ്രത്യേക രീതിയിലാണ്. വർഷം ക്രിസ്ത്വബ്ദം (A D) ആയും മലയാള അബ്ദം (M E) ആയും ചേർക്കും. മാസം മലയാള അബ്ദത്തിലേതും തീയതി ജൂലിയൻ കലണ്ടറിലേതും ആയിരിക്കും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ജൂലിയൻ കലണ്ടറിലെ ജനുവരിയ്ക്ക് 'മകരം' എന്നും

**വർഗീസ് ജോൺ, തോട്ടപ്പുഴ:** ഗവേഷകൻ. ഗണിതശാസ്ത്രത്തിൽ ബിരുദവും അദ്ധ്യാപക ബിരുദവും ഗാന്ധിയൻ സ്റ്റഡീസിൽ ബിരുദാനന്തര ബിരുദവും ജേർണലിസത്തിൽ പി. ജി. ഡിപ്ലോമായും.

www.malankaralibrary.com

ഫെബ്രുവരിക്ക് 'കുംഭം' എന്നും അങ്ങനെ ഡിസംബറിന് 'ധനു' എന്നും പേരു പറയുന്നു. സുറിയാനി പഞ്ചാംഗത്തിലെ മാസങ്ങളും (കോനൂൻഹ്രോയ് മുതൽ കോനൂൻക്ദിം വരെ) ഇതിനോടു ചേർന്നുവരും. സുറിയാനി കണക്കും മലയാള കണക്കും തമ്മിൽ തിരിച്ചറിയാൻ പ്രയാസമാണ്. ഇവ അപൂർവ്വമായി ഒരു മിച്ചുവരുമെങ്കിലും മിക്കവാറും വ്യത്യാസപ്പെട്ടാണിരിക്കുന്നത്.

സുറിയാനി കണക്കിലെ തീയതി ഇംഗ്ലീഷ് തീയതി (Gregorian Calander) ആക്കുന്നതിന് 1583 – 1700 കാലത്ത് പത്തും 1700 – 1800 കാലത്ത് പതിനൊന്നും 1800 – 1900 കാലത്ത് പന്ത്രണ്ടും 1900 – 2100 കാലത്ത് പതിമൂന്നും 2100 – 2200 കാലത്ത് പതിനാലും കൂട്ടണം.

പഴയരീതിയിൽ (സു.ക. / മ.ക.) രേഖപ്പെടുത്തിയിട്ടുള്ള തീയതികളോടൊപ്പം ദിവസമോ (Day of the week) വിശേഷ ദിവസമോ സൂചിപ്പിച്ചിട്ടുണ്ടെങ്കിൽ ശാശ്വത പഞ്ചാംഗം (Perpetual Calendar), ഈസ്റ്റർ പട്ടിക (Easter Table) തുടങ്ങിയവ ഉപയോഗിച്ച് വളരെ കൃത്യമായി ഇംഗ്ലീഷ് തീയതി കണ്ടുപിടിക്കാൻ കഴിയും.

സുറിയാനി കണക്കിൽ 1912 കന്നി 2 എന്നത് ജൂലിയൻ കലണ്ടറിൽ 1912 സെപ്റ്റംബർ 2 -ഉം ഗ്രിഗോറിയൻ കലണ്ടറിൽ 1912 സെപ്റ്റംബർ 15 -ഉം ആണ് (13 ദിവസം വ്യത്യാസം). ഇതു മലയാള അബ്ദത്തിൽ 1088 ചിങ്ങം 31 ആണ്. അതുപോലെ 1876 ആഗസ്റ്റ് 27, 1876 ചിങ്ങം 15 (സു.ക.), 1052 ചിങ്ങം 13 (ME) എന്നിവ ഒരേ ദിവസമാണ് (ഇവിടെ വ്യത്യാസം 12 ദിവസം). 1953 -നു മുമ്പ് ചില സഭകൾ ജനുവരി ഏഴിന് ക്രിസ്മസ് ആഘോഷിച്ചിരുന്നത് അന്ന് സുറിയാനി കണക്കിലെ ധനു 25 ആയതുകൊണ്ടാണ്.

**2. തീയതികൾ.**

നിരണം ഗ്രന്ഥവരിയിൽ മലങ്കര സഭാചരിത്രം വിവരിച്ചിരിക്കുന്ന ഭാഗത്ത് കൊടുത്തിരിക്കുന്ന പഴയരീതി തീയതികളിൽ പ്രധാനപ്പെട്ടവ പുതിയരീതി തീയതിയായി വിശദീകരണ സഹിതം താഴെ കൊടുക്കുന്നു. വിവിധ ഗ്രന്ഥങ്ങളിലും രേഖകളിലും വ്യത്യസ്തമായി കാണുന്ന തീയതികളെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്.

1. പേജ് 83 – ഉദയംപേരൂർ സുന്നഹദോസ് കൂടിയതായി പറയുന്ന തീയതി ME 774 മിഥുനം 14, AD 1599 ജൂൺ മൂന്നാമത്തെ ആഴ്ച വരും. 1599 ജൂൺ 20 ഞായറാഴ്ച മുതൽ 26 ശനിയാഴ്ച വരെ സുന്നഹദോസ് കൂടിയതായാണ് മിക്ക സഭാചരിത്രഗ്രന്ഥങ്ങളും പറയുന്നത്. ഇവിടെ തീയതികൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്.

2. പേജ് 84 – കൂനൻകുരിശുസത്യം 1653 ജനുവരി 3 വെള്ളിയാഴ്ച നടന്നുവന്നാണ് മിക്ക ചരിത്രഗ്രന്ഥങ്ങളിലും കാണുന്നത്. ഇവിടെ പറയുന്ന 828 മകരം 3, ഒരുപക്ഷേ 1653 ജനുവരി 3 തന്നെയാകാം.

3. പേജ് 84 – *മശിഹാ കാലം 1662 ചെന്ന കൊല്ലം 837 മേടം 27 വെള്ളിയാഴ്ച ആയില്യം നാളും പ്രതിപദംപക്കവും പറങ്കി പോയി* എന്നു കാണുന്നു. ഇത് AD 1662 മെയ് 5 ആകാം.

4. പേജ് 85 – ഒന്നാം മാർതോമ്മാ മെത്രാൻ കാലം ചെയ്ത തീയതി AD യും ME യും തമ്മിൽ പൊരുത്തമില്ല. AD അനുസരിച്ച് 1671 ഏപ്രിൽ 24 ഉം ME (845 മേടം 12) അനുസരിച്ച് 1670 ഏപ്രിൽ 24 -ഉം ആണ് വരുന്നത്.



5. പേജ് 85 – യറുശലേമിലെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കാലം ചെയ്ത തീയതി ME 846 മേടം 14, AD 1671 ഏപ്രിൽ 24 ആണ്. മറ്റു ചരിത്രഗ്രന്ഥങ്ങളിൽ കാണുന്ന പ്രകാരം ഇതൊരു വെള്ളിയാഴ്ചയാണ്.

6. പേജ് 85 – മാർ ബസേലിയോസ് യൽദോ, ME 860 കന്നി 20 – ന് കാലം ചെയ്തതായി കാണുന്നു. ഇതു 1684 ആണ്. ഇവിടെ AD - ME പൊരുത്തമില്ല. അദ്ദേഹം സുറിയാനി കണക്കിന് 1685 കന്നി 19 ശനിയാഴ്ച കാലം ചെയ്തുവെന്നാണ് ജീവചരിത്രഗ്രന്ഥങ്ങളിൽ കാണുന്നത്. ഇത് 1685 സെപ്റ്റംബർ 29 ആകും.

7. പേജ് 85 – രണ്ടാം മാർതോമ്മാ മെത്രാൻ കാലം ചെയ്ത തീയതി ME 861 മേടം 3, AD 1686 ഏപ്രിൽ 13 ആണ്.

8. പേജ് 85 – മൂന്നാം മാർതോമ്മാ മെത്രാൻ കാലം ചെയ്ത തീയതി ME 863 മേടം 9, AD 1688 ഏപ്രിൽ 19 ആണ്.

9. പേജ് 85 – മാർ അന്ത്രയോസ് 1692 -ന് 867 കുംഭം 16 -ന് കാലം ചെയ്തതായി കാണുന്നത് 1692 ഫെബ്രുവരി 26 ആണ്. എന്നാൽ ഇട്ടൂപ്പിന്റെ ചരിത്രമുൾപ്പെടെ മറ്റു ഗ്രന്ഥങ്ങളിൽ കാണുന്നത് 867 കുംഭം 19 ആണ്. ഇത് 1692 ഫെബ്രുവരി 29 ആണ്.

10. പേജ് 85 – മാർ ഈവാനിയോസ് കാലം ചെയ്തതായി പറയുന്ന AD - ME തീയതികൾ പൊരുത്തപ്പെടുന്നില്ല. ME 869 ചിങ്ങം 3, 1693 ആഗസ്റ്റ് 13 ആണ് വരേണ്ടത്. 1694 ചിങ്ങം 3 ആണെങ്കിൽ കൃത്യം ഒരു വർഷം കഴിഞ്ഞു വരും.

11. പേജ് 86 – നാലാം മാർതോമ്മാ മെത്രാൻ കാലം ചെയ്തതായി പറയുന്ന തീയതി ME 903 മീനം 13, AD 1728 മാർച്ച് 24 ആണ്.

12. പേജ് 86 – മാർ ഗബ്രിയേൽ കാലം ചെയ്തതായി പറയുന്ന തീയതി ME 906 കുംഭം 8, AD 1731 ഫെബ്രുവരി 19 ആണ്.

13. പേജ് 87 – മാർ ബസേലിയോസ് ശക്രുള്ള, മാർ ഗ്രിഗോറിയോസ്, മാർ ഈവാനിയോസ് എന്നിവർ വന്നത് 926 മേടം 24 എന്നത് 1751 മെയ് 5 ആണ്.

14. പേജ് 90 – അഞ്ചാം മാർതോമ്മാ മെത്രാൻ, ആറാം മാർതോമ്മാ മെത്രാനെ വാഴിച്ചതായി പറയുന്ന തീയതി 936 മിഥുനം 29, AD 1761 ജൂലൈ 10 ആണ്. വി. പത്രോസ് – പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മദിനമാകാം.

15. പേജ് 90 – മാർ ബസേലിയോസ് ശക്രുള്ളാ മഫ്രിയാന കാലം ചെയ്തതായി പറയുന്ന AD - ME തീയതികൾ പൊരുത്തപ്പെടുന്നില്ല. ME 939 തുലാം 9, AD 1763 ഒക്ടോബർ 20 ആണ്. 1764 തുലാം 9 ആണെങ്കിൽ 1764 ഒക്ടോബർ 20 വരും.

16. പേജ് 90 – അഞ്ചാം മാർതോമ്മാ മെത്രാൻ കാലം ചെയ്തതായി പറയുന്ന തീയതി ME 940 മേടം 27, AD 1765 മെയ് 8 ആണ്.

17. പേജ് 91 – ആറാം മാർതോമ്മാ മെത്രാനെ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായായി ഉയർത്തിയത് 945 മിഥുനം 29 -നാണ്. ഇത് AD 1770 ജൂലൈ 10 ആണ്. വി. പത്രോസ് – പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മദിനമാകാം.

www.malankaralibrary.com

18. പേജ് 91 – മാർ ഗ്രിഗോറിയോസ് യൂഹാനോൻ, കാട്ടുമങ്ങാട്ടു മാർ കൂറിലോസിനെ വാഴിച്ച തീയതി 1772 – നു കൊല്ലം 947 വൃശ്ചികം 17 വെള്ളിയാഴ്ച യെന്നു കാണുന്നു. ഇവിടെ AD - ME പൊരുത്തമില്ല. ME അനുസരിച്ച് 1771 നവംബർ 28 -ഉം AD അനുസരിച്ച് 1772 നവംബർ 28 -ഉം വരും. എന്നാൽ ഇവ രണ്ടും വെള്ളിയാഴ്ചയല്ല. ഈ സംഭവം 1766 നവംബർ 28 വെള്ളിയാഴ്ചയാകാനും നേരിയ സാധ്യതയുണ്ട്. ഏതായാലും തീയതിയെ സംബന്ധിച്ച് ഏകാഭിപ്രായമില്ല.

19. പേജ് 91 – മാർ ഗ്രിഗോറിയോസ് യൂഹാനോൻ കാലം ചെയ്തതായി കാണുന്ന തീയതി ME 948 മിഥുനം 27, AD 1773 ജൂലൈ 8 ആണ്.

20. പേജ് 93 – മാർ ജോസഫ് കരിയാറ്റി മെത്രാൻ ME 962 കന്നി 12 -ന് കാലം ചെയ്തതായി കാണുന്നു. ഇത് AD 1786 സെപ്റ്റംബർ 23 വരും. മറ്റു ചില ഗ്രന്ഥങ്ങളിൽ കാണുന്നത് 1786 സെപ്റ്റംബർ 9 ആണ്.

21. പേജ് 93 – അങ്കമാലി പടിയോലയുടെ തീയതി 1787 പഴയ കണക്കിൽ കുംഭം 1 എന്നു കാണുന്നത് 1787 ഫെബ്രുവരി 12 ആകാം.

22. പേജ് 96 – 966 കുംഭം 26 ബുധനാഴ്ച കുരിശുവര പെരുന്നാൾ കുർബാന എന്നു കാണുന്നത് റോമാസഭയിൽ ആചരിച്ചു വരുന്ന വലിയ നോമ്പാരംഭം – വിഭൂതി ബുധനാഴ്ച (Ash Wednesday) ആണ്. ഇത് അന്ന് മലങ്കരസഭയിലും ആചരിച്ചിരുന്നുവെന്ന് ഈ സംഭവം തെളിയിക്കുന്നു. 1791 -ൽ ഈസ്റ്റർ (പഴയ രീതി) ഏപ്രിൽ 24 (സുറിയാനി കണക്കിന് മേടം 13) നായിരുന്നതിനാൽ മാർച്ച് 9 (കുംഭം 26) വിഭൂതി ബുധനാഴ്ചയായി വരുന്നുണ്ട്.

23. പേജ് 97 – പുത്തൻകാവു പള്ളി പണി തുടങ്ങിയതായി കാണുന്ന തീയതി ME 969 വൃശ്ചികം 17 വെള്ളിയാഴ്ച AD 1793 നവംബർ 29 ആകാം.

24. പേജ് 97 – മാർ ഈവാനിയോസ് എപ്പിസ്കോപ്പാ കാലം ചെയ്തത് ME 969 മേടം 7 ദുഃഖവെള്ളിയാഴ്ചയാണ്. ഇത് AD 1794 ഏപ്രിൽ 18 ആണ്. മാത്തൻ, ഫീലിപ്പോസ് എന്നീ കത്തനാർമാർക്ക് റമ്പാൻ സ്ഥാനം കൊടുത്തത് തലേ ദിവസം പെസഹാ വ്യാഴാഴ്ചയാണ്.

25. പേജ് 98 – പുത്തൻകാവ് പള്ളി കൂദാശ നടത്തിയത് ME 970 കുംഭം 2 പെരുന്നാൾ ദിവസമാണ്. ഇത് AD 1795 ഫെബ്രുവരി 13 മായൽത്തോ (കർത്താവിന്റെ ദേവാലയ പ്രവേശനം) പെരുന്നാളാണ്.

26. പേജ് 98 – ഏഴാം മാർത്തോമ്മാ മെത്രാനെ വാഴിച്ച തീയതി ME 971 മേടം 24, AD 1796 മെയ് 5 വിശുദ്ധ ഗീവർഗീസ് സഹദായുടെ പെരുന്നാൾ ദിവസമാണ്. ആ കാലത്ത് പൗരസ്ത്യ സുറിയാനി (കൽദായ) പാരമ്പര്യമനുസരിച്ച് വി. ഗീവർഗീസ് സഹദായുടെ പെരുന്നാൾ മേടം 24 നും സ്ലീബാ പെരുന്നാൾ കന്നി 13 -നും ആഘോഷിക്കുന്ന രീതിയുണ്ടായിരുന്നു. പാശ്ചാത്യ സുറിയാനി (അന്ത്യോഖ്യൻ) പാരമ്പര്യത്തിൽ ഇവ യഥാക്രമം മേടം 23, കന്നി 14 വരും.

27. പേജ് 102 – നിരണം, പുത്തൻകാവ് പള്ളികൾ കണ്ടുകെട്ടിയത് ME 974 ഇടവം 3, AD 1799 മെയ് മാസത്തിലാണ്.



28. പേജ് 106 – മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ പത്തീറാ വച്ച് വിശുദ്ധ കുർബ്ബാന അർപ്പിച്ചത് ME 974 ഇടവം 29 തിങ്കളാഴ്ച എന്നു കാണുന്നത് AD 1799 ജൂൺ 10 ആണ്.

29. പേജ് 109 – മാർ കൂറിലോസ് മെത്രാപ്പോലീത്താ ME 978 മിഥുനം 25 -നു കാലം ചെയ്തതായി കാണുന്നു. ഇത് AD 1803 ജൂലൈ 6 ആണ്.

30. പേജ് 110 – മാർ ദീയസ്കോറോസ് വന്നതായി പറയുന്ന തീയതി ME - AD പൊരുത്തമില്ല. ME 981 കന്നി 18 തിങ്കളാഴ്ച, AD 1805 സെപ്റ്റംബർ 30 ആണ്. '1806' എന്ന് ഇവിടെ കൊടുത്തിരിക്കുന്നത് ശരിയല്ല.

31. പേജ് 111 – 1806 ഏപ്രിൽ 13 (സുറിയാനി കണക്കിന് മേടം 1) നായിരുന്നു ഈസ്റ്റർ (പഴയരീതി). ഇവിടെ പറയുന്ന തീയതികളുമായി പൊരുത്തപ്പെടുന്നുണ്ട്.

32. പേജ് 112 – ക്ലോഡിയസ് ബുക്കാനൻ മാർ ദിവന്നാസിയോസ് ഒന്നാമനെ സന്ദർശിച്ച തീയതികൾ 'Christian Researches in Asia' എന്ന ഗ്രന്ഥത്തിൽ പറയുന്ന തീയതികളുമായി ചേർന്നുവരുന്നുണ്ട്. ഉദാ:- 982 വൃശ്ചികം 12 -ന് ഇവർ കണ്ടനാട്ടു വച്ചു കണ്ടതായി പറയുന്നു. ഈ സംഭവം 1806 നവംബർ 23 -നു നടന്നതായി ടി ഗ്രന്ഥത്തിൽ പറയുന്നു.

33. പേജ് 114 – 1807 ഏപ്രിൽ 26 (സുറിയാനി കണക്കിന് മേടം 14) നായിരുന്നു ഈസ്റ്റർ (പഴയരീതി).

34. പേജ് 117 – മാർ ദിവന്നാസിയോസ് ME 983 മീനം 27 നാല്പതാം വെള്ളിയാഴ്ച 22 1/2 നാഴിക പുലർന്നപ്പോൾ കാലം ചെയ്തതായി കാണുന്നു. ഇത് 1808 ഏപ്രിൽ 8 ഉച്ചകഴിഞ്ഞ് മൂന്നു മണിയാണ്. കാലം ചെയ്ത തീയതി '983 മീനം 25' (1808 ഏപ്രിൽ 7) എന്നു ചില ഗ്രന്ഥങ്ങളിൽ കാണുന്നതു ശരിയല്ല. ഓശാന ഞായറാഴ്ച (1808 ഏപ്രിൽ 10) കബറിലിറക്കി. ഹാശായുടെ (പീഡാനുഭവവാരം) ചൊവ്വാഴ്ച (ഏപ്രിൽ 12) രാവിലെ വിശുദ്ധ കുർബ്ബാന കഴിഞ്ഞ് മൂന്നു മണിക്ക് കബറടക്കി. ഇന്ന് വചനിപ്പ് പെരുന്നാൾ (മാർച്ച് 25 / ഓദോർ 25) വന്നാലല്ലാതെ ഹാശാ ചൊവ്വാഴ്ച വി. കുർബ്ബാന അർപ്പിക്കാറില്ല. 1808 ഏപ്രിൽ 12 -ന് വചനിപ്പു പെരുന്നാളല്ല. ലത്തീൻ – കൽദായ പാരമ്പര്യങ്ങളിൽ ഹാശാ ആഴ്ചയിൽ വി. കുർബ്ബാന അർപ്പിക്കാമത്രെ.

35. പേജ് 120 – ഏഴാം മാർത്തോമ്മാ മെത്രാൻ കാലം ചെയ്തതായി കാണുന്ന തീയതി ME 984 മിഥുനം 22, AD 1809 ജൂലൈ 4 ചൊവ്വാഴ്ചയാണ്.

36. പേജ് 120 – ഫീലിപ്പോസ് റമ്പാൻ മരിച്ച തീയതി AD 987 തുലാം 28, AD 1811 നവംബർ 9 ആണ്.

37. പേജ് 121 – പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ മേല്പട്ട സ്ഥാനമേറ്റത് ME 990 മീനം 9 -നാണ്. ഇത് 1815 മാർച്ച് 21 വരും. കൂടാതെ വലിയനോമ്പിലെ രണ്ടാം ചൊവ്വാഴ്ചയും 40 സഹദേന്മാരുടെ ഓർമ്മദിവസവുമാണ്. മുൻകാലങ്ങളിൽ 40 സഹദേന്മാരുടെ ഓർമ്മ വലിയനോമ്പിൽ ഏതു ദിവസം വന്നാലും അന്ന് വിശുദ്ധ കുർബാന അർപ്പിക്കുമായിരുന്നത്രേ. 1877 മാർച്ച് 21 (സു.ക. മീനം 9) ന് 40 സഹദേന്മാരുടെ ഓർമ്മ വലിയനോമ്പിലെ അഞ്ചാം ബുധനാഴ്ച (പാതിനോമ്പു ബുധനാഴ്ചയല്ല) വന്നപ്പോൾ പരിശുദ്ധ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ

www.malankaralibrary.com

പാത്രിയർക്കീസ് ബാവായുടെ കൽപന പ്രകാരം പരിശുദ്ധ പരുമല തിരുമേനി വി. കുർബ്ബാന അർപ്പിച്ചതായി രേഖയുണ്ട് (*മാർ ശീമോൻ ദിവന്യാസ്യോസിന്റെ നാളാഗമം*).

38. പേജ് 121 – എട്ടാം മാർത്തോമ്മാ മെത്രാൻ കാലം ചെയ്തതായി പറയുന്ന തീയതി ME 991 മകരം 10 ആണ്. ഇത് AD 1816 ജനുവരി 23 ആണ്. 1815 തുലാം 12, 1816 ജനുവരി 10, 1816 മീനം 12, 1816 തുലാം 12 തുടങ്ങിയ തീയതികളും വിവിധ ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്.

39. പേജ് 121 – പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തതായി പറയുന്ന തീയതി ME 992 വൃശ്ചികം 12, AD 1816 നവംബർ 24 ആണ്.

40. പേജ് 122 – പുന്നത്ര മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ സ്ഥാനമേറ്റതായി പറയുന്ന തീയതി ME 993 തുലാം 7, AD 1817 ഒക്ടോബർ 19 ഞായറാഴ്ചയാണ്. 993 തുലാം 6, 8, 26, 1817 ഒക്ടോബർ 29 തുടങ്ങിയ തീയതികളും വിവിധ ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്.

41. പേജ് 122 – പുന്നത്ര മാർ ദിവന്നാസിയോസ് കാലം ചെയ്തതായി പറയുന്ന തീയതി ME 1000 ഇടവം 4, AD 1825 മെയ് 16 ആണ്. 1000 ഇടവം 5 എന്ന തീയതിയും ചില ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്.

42. പേജ് 122 – ചേപ്പാട്ടു മാർ ദിവന്നാസിയോസ് 1000 മിഥുനം 15 –ന് മേല്പട്ട സ്ഥാനമേറ്റതായി കാണുന്നു. ഇത് 1825 ജൂൺ 27 ആണ്. 1001 ചിങ്ങം 15, 1825 ചിങ്ങം 21, 1825 ജൂൺ 26, 1825 ആഗസ്റ്റ് 27, 29 തുടങ്ങിയ തീയതികളും വിവിധ ഗ്രന്ഥങ്ങളിൽ കാണുന്നു.

43. പേജ് 122 – കിടങ്ങൻ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ കോട്ടയത്തു യോഗം വിളിച്ചുകൂട്ടിയതായി പറയുന്ന തീയതി ME 1001 ധനു 13, AD 1825 ഡിസംബർ 25 ആണ്.

44. പേജ് 124 – കിടങ്ങൻ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ കാലം ചെയ്തതായി പറയുന്ന തീയതി ME 1004 മകരം 25, 1829 ഫെബ്രുവരി 6 ആണ്.

### 3. പെരുന്നാൾ കണക്ക്

*മാർ ഈവാനിയോസിന്റെ മെമ്രകൾ* എന്ന ഭാഗത്തെ *പെരുന്നാൾ കണക്ക്* എന്ന പദ്യത്തിൽ പറയുന്ന പെരുന്നാളുകളുടെ പട്ടിക അത് രചിക്കപ്പെട്ട കാലത്തെ മറ്റു മൂന്നു പഞ്ചാംഗങ്ങളുമായി (ചാത്തന്നൂർ, പിറവം, കണ്ടനാട്) സാമ്യമുണ്ട്.

18 –ാം ശതകത്തിന്റെ അവസാന ദശകത്തിലാണ് ചാത്തന്നൂർ സെന്റ് ജോർജ്ജ് പള്ളിയിലെ പഞ്ചാംഗം രചിച്ചതെന്നു സൂചനയുണ്ട്. പിറവം വലിയ പള്ളിയിലെ പഞ്ചാംഗത്തിന് അതിലും പഴക്കമുള്ളതായി കരുതപ്പെടുന്നു. കണ്ടനാട് പഞ്ചാംഗവും ഇതേ കാലത്തുള്ളതാണന്നു കരുതുന്നു. ഇവയിൽ വിശദമായിട്ടുള്ളതും വലുതും ചാത്തന്നൂർ പഞ്ചാംഗമാണ്.

പിറവം പഞ്ചാംഗത്തിലെ എല്ലാ വിശേഷ ദിവസങ്ങളും ചാത്തന്നൂർ പഞ്ചാംഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. കണ്ടനാട് പഞ്ചാംഗത്തിലെ രണ്ട് പെരുന്നാളുകൾ



(ഇടവം 8, വൃശ്ചികം 8) ഒഴികെ എല്ലാം ചാത്തന്നൂർ പഞ്ചാംഗത്തിലുണ്ട്. പിറവം പഞ്ചാംഗത്തിലെ ഒരു പെരുന്നാൾ (മീനം 9) കണ്ടനാടു പഞ്ചാംഗത്തിലില്ല.

നിരണം ഗ്രന്ഥവരിയിലെ പെരുന്നാൾ കണക്കിന് ചാത്തന്നൂർ പഞ്ചാംഗവുമായി ഏകദേശം സാമ്യമുണ്ട്. യോഹന്നാൻ ശ്ലീഹായുടെ പെരുന്നാൾ (മിഥുനം 8), മാർ ഗബ്രിയേൽ, മീഖായേൽ മാലാഖമാരുടെ പെരുന്നാൾ (വൃശ്ചികം 8) എന്നിവ ചാത്തന്നൂർ പഞ്ചാംഗത്തിൽ കാണുന്നില്ല. യോഹന്നാൻ ശ്ലീഹായുടെ പെരുന്നാൾ ഇടവം എട്ടിനാണെന്നാണ് പിൽക്കാല പഞ്ചാംഗങ്ങളിൽ കാണുന്നത് (ഇപ്പോൾ മെയ് 8). ചാത്തന്നൂർ പഞ്ചാംഗത്തിൽ പറയുന്ന യാക്കോബ് ശ്ലീഹാ ആദ്യം കുർബാന ചൊല്ലിയതിന്റെ പെരുന്നാളും, സ്വർണ്ണവെള്ളിയാഴ്ചയും (യഥാക്രമം പെന്തിക്കോസ്തിയ്ക്കു ശേഷം വരുന്ന ബുധനും വെള്ളിയും), ദൈവമാതാവിന്റെ പുകഴ്ച (ധനു 26), ശിശുവധപ്പെരുന്നാൾ (ധനു 27) എന്നിവയും ഗ്രന്ഥവരിയിൽ കാണുന്നില്ല.

പിറവം പഞ്ചാംഗത്തിൽ കാണുന്ന ധനു 26, 27 പെരുന്നാളുകൾ ഒഴികെ എല്ലാം ഇതിലുണ്ട്. പിറവം പഞ്ചാംഗത്തിൽ ഇല്ലാത്ത മകരം 8, 18, കുംഭം 3, കർക്കടകം 20, 25, ചിങ്ങം 1, 24, തുലാം 15, വൃശ്ചികം 27, 28, 29, ധനു 4, 6, 10 എന്നീ തീയതികളിലെ പെരുന്നാളുകളും, തീയതി പ്രകാരം വരാത്ത രണ്ടു പെരുന്നാളുകളും (മൂന്നു നോമ്പ് വീടുന്ന വ്യാഴം, വലിയ നോമ്പിലെ ഒന്നാം ശനി) ഇവയും ഈ പെരുന്നാൾ കണക്കിലുണ്ട്.

കണ്ടനാട് പഞ്ചാഗത്തിൽ കാണുന്ന ഇടവം 8, കന്നി 21, ധനു 26, 27 പെരുന്നാളുകൾ ഒഴികെ എല്ലാം ഗ്രന്ഥവരിയിലുണ്ട്. കണ്ടനാട് പഞ്ചാംഗത്തിലില്ലാത്ത മകരം 18, കുംഭം 3, ധനു 4 പെരുന്നാളുകൾ ഗ്രന്ഥവരിയിലുണ്ട്.

മത്തായി (?) ശ്ലീഹായുടെ പെരുന്നാൾ ഇവിടെ കന്നി 29 എന്നു കൊടുക്കുമ്പോൾ കന്നി 21 എന്നാണ് ചാത്തന്നൂർ, പിറവം, കണ്ടനാട് പഞ്ചാംഗങ്ങളിലും പിൽക്കാല പഞ്ചാംഗങ്ങളിലും കാണുന്നത്.

നാലു പഞ്ചാംഗങ്ങളിലും വി. ഗീവർഗീസ് സഹദായുടെ പെരുന്നാളും (മേടം 23, 24), സ്ലീബാ പെരുന്നാളും (കന്നി 13, 14) രണ്ടു ദിവസം വീതം ഉണ്ട്. ഇത് പേർഷ്യൻ പാരമ്പര്യം വ്യക്തമാക്കുന്നു. ധനു 8 ന് സൂചിപ്പിച്ചിരിക്കുന്ന പെരുന്നാൾ ലത്തീൻ സ്വാധീനവും വ്യക്തമാക്കുന്നുണ്ട്.

ഈ പദ്യത്തിൽ ചില വരികൾ വിട്ടു പോയതായി തോന്നുന്നുണ്ട്.

❐

www.malankaralibrary.com

# Select Bibliography

## English

1. Agur, C. M., ***Church History of Travancore***, Madras, 1903.

2. Buchanen, Dr. Cladius, ***Christian Researches in Asia***, London, 1864.

3. Cherian, P., ***The Malabar Syrians and Church Missionary Society 1816 - 1849***, Kottayam, 1935.

4. Feroli S. J., D., ***The Jesuits in Malabar, Vol II***, Bangalore, 1951.

5. Govt. of Kerala, ***Kerala Society Papers, Vol. I & II***, Trivandrum, 1997.

6. Howard, Rev. G. B., ***The Christians of St. Thomas and their Liturgies***, London, 1864.

7. Judgement of ***the Royal Court of Final Appeal Travancore*, 1889**, Kottayam, 1975.

8. Kollaparambil, Jacob, ***The Archdeacon of All India***, Kottayam, 1972.

9. Muses, C. A., ***The Septuagint Bible***, Colorado,1960.

10. Pallipurathukunnel, ***A Double Regime in the Malabar Church, (1663 - 1716)***, Alwaye, 1982.

11. Perumthottam, Joseph, ***A Period of Decline of the Mar Thoma Christians (1712 - 1752)***, Vadavathoor, 1994.

11. Podipara C.M.I., Placid J., ***The Canonical Sources of the Syro-Malabar Church***, Vadavathoor, 1998.

12. Poonen, Dr. T. I., ***Dutch Hegemony in Malabar and its Collapse***, Trivandrum, 1948.

13. Thaliath, T.O.C.D., Jonas, ***The Synod of Diamper***, Bangalore, 1979.

14. Thonipparra, C.M.I., Francis, ***Saint Thomas Christians of India: A Period of Struggle for Unity and Self Rule (1775 - 1787)***, Bangalore, 1999.

15.Velu Pillai, T. K., ***The Travancore State Manual, Vol. I***, Trivandrum, 1940.

16. Van Der Ploeg, O.P., J.P.M., ***The Syriac Manuscripts of St. Thomas Christians***, Bangalore, 1983.

## മലയാളം

1. അബ്ദൾ ആഹാദ് റമ്പാൻ, ***സുറിയാനി സഭാചരിത്രം,*** ചിങ്ങവനം, 1948.

2. അബ്രഹാം കത്തനാർ, കോനാട്ട്, ***ഹൂദായ കാനോൻ***, പാമ്പാക്കുട, 1952.

3. ഇമ്മാനുവേൽ വെട്ടുവഴിയിൽ, ഫാ., ***സെന്റ് തോമസും പകലോമറ്റം കുടുംബവും (കുറിച്ചിത്താനം)***, കുറിച്ചിത്താനം.

4. ഇട്ടിയേര ഈപ്പൻ, റവ., ***ഒരു വിരുതു പ്രകരണം***, കോട്ടയം, 1871.



5. ഇട്ടൂപ്പ് റൈറ്റർ, ***മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം,*** കോട്ടയം, 1869.

6. ഉമ്മൻ, പി. എ., ***ചേപ്പാട്ട് മാർ ദീവന്യാസ്യോസ് (1825 - 1855)***, ചേപ്പാട്, 1956.

7. ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, ***മലങ്കര ഓർത്തഡോക്സ് സഭാ വിജ്ഞാന കോശം,*** കോട്ടയം, 1993.

8. കുര്യൻ കോർഎപ്പിസ്കോപ്പാ, കണിയാമ്പറമ്പിൽ, ***വിശുദ്ധ ഗ്രന്ഥം***, തിരുവല്ല, 1994.

9. കുര്യൻ കോർഎപ്പിസ്കോപ്പാ, കണിയാമ്പറമ്പിൽ, ***സുറിയാനി സഭ***, തിരുവല്ല, 1982.

10. കുര്യൻ, റവറണ്ട്. ജി., ***ഒരു പ്രകരണം***, കോട്ടയം, 1872.

11. കുഞ്ഞാത്തു, പനക്കൽ പി. സി., ***ആർത്താറ്റു പള്ളി ചരിത്രം,*** കുന്നംകുളം, 1945.

12. കുരുവിള, റവറണ്ട്, കെ., ***പ്രകരണം***, കോട്ടയം, 1872.

13. ജോസഫ്, ഡോ. പി. എം., ***മലയാളത്തിലെ പരകീയ പദങ്ങൾ***, തിരുവനന്തപുരം, 1985.

14. ജോസഫ് കെ. അലക്സാണ്ടർ, പ്രൊഫ:, ***കണിയാന്ത്ര കുടുംബം***, തിരുവനന്തപുരം, 1991.

15. ജോസി ജേക്കബ് ശെമ്മാശൻ, ***നിരണം ഗ്രന്ഥവരിയിലെ ചരിത്ര ദർശനം - ഒരു പഠനം, ബി. ഡി. തിസീസ്,*** ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം, 1993.

16. തിസരാങ്, കാർഡിനൽ, ***ഇന്ത്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ*, (Tr. of *Eastern Chritstianity In India*),** കോട്ടയം.

17. തോമസ്, ഡോ. പി. ജെ., ***മലയാള സാഹിത്യവും ക്രിസ്ത്യാനികളും,*** കോട്ടയം, 1989.

18. തൊമ്മൻ കത്തനാർ, പാറേമ്മാക്കൽ, ***വർത്തമാന പുസ്തകം***, തേവര, 1977.

19. ദാനിയേൽ, കെ. എൻ., ***ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകൾ,*** തിരുവല്ല, 1952.

20. നമ്പൂതിരി, ഡോ. എൻ. എം., ***സാമൂതിരി ചരിത്രത്തിലെ കാണാപ്പുറങ്ങൾ,*** ശുകപുരം, 1987.

21. നമ്പൂതിരി, ഡോ. എൻ. എം**.,** ***വെള്ളയുടെ ചരിത്രം,*** ശുകപുരം, 1998.

22. പുത്തേഴത്ത് രാമ മേനോൻ, ***ശക്തൻ തമ്പുരാൻ***, മാതൃഭൂമി, കോഴിക്കോട്.

23. പൗളിനാസ്, എ., എസ്., ബർത്തലോമ്യാ റവ. ഫാ., ***പൗരസ്ത്യ ഭാരതത്തിലെ ക്രിസ്തുമതം* (Tr. of *India Orientalis Christiana*)**, കളമശ്ശേരി, 1988.

24. പ്ലാസിഡ് സി. എം. ഐ., ഡോ., ***നമ്മുടെ റീത്ത്,*** മാന്നാനം, 1997.

25. പാറേട്ട്, ഇസഡ്. എം., ***മലങ്കര നസ്രാണികൾ Vol. II***, പുതുപ്പള്ളി, 1966.

26. പാറേട്ട്, ഇസഡ്. എം., ***മലങ്കര നസ്രാണികൾ Vol III***, കോട്ടയം, 1967.

27. ഫിലിപ്പ്, ഇ. എം., ***മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സഭ***, ചിങ്ങവനം, 1977.

www.malankaralibrary.com

28. ബർണാഡ് തോമ്മാ ക.നി.മു.സ., ഫാ., ***മാർത്തോമ്മാ ക്രിസ്ത്യാനികൾ,*** കോട്ടയം, 1992.

29. ബാലകൃഷ്ണൻ, പി. കെ., ***ജാതി വ്യവസ്ഥയും കേരളചരിത്രവും,*** കോട്ടയം, 1987.

30. മാർ അപ്രേം, ***പൗരസ്ത്യ സഭാചരിത്ര പ്രവേശിക***, തിരുവല്ല, 1976.

31. യോഹന്നാൻ കത്തനാർ, പി. ജെ., ***പറവൂർ മാർത്തോമ്മൻ പള്ളി ചരിത്രം***, പറവൂർ, 1919.

32. ലോനപ്പൻ, സി. സി., ***തച്ചിൽ മാത്തു തരകൻ,*** ഇരിഞ്ഞാലക്കുട, 1966.

33. വെട്ടിക്കുന്നേൽ കുടുംബം, ***സുവർണ്ണ പൈതൃകം, വെട്ടിക്കുന്നേൽ കുടുംബചരിത്രം,*** കോട്ടയം, 1993.

34. വർഗീസ് കശീശ, കെ. സി., ***മലബാർ സ്വതന്ത്ര സുറിയാനി സഭാ ചരിത്രം***, കുന്നംകുളം.

35. ശങ്കുണ്ണി മേനോൻ, പി., ***തിരുവിതാംകൂർ ചരിത്രം***, തിരുവനന്തപുരം, 1988.

36. ശിവശങ്കരൻ നായർ, കെ., ***മാർത്താണ്ഡവർമ്മ മുതൽ മൺറോ വരെ,*** കോട്ടയം, 1996.

37. ശിവശങ്കരൻ നായർ, കെ., ***ന്യൂഹാഫ് കണ്ട കേരളം***, തിരുവനന്തപുരം, 1996.

38. ശങ്കരൻ നമ്പൂതിരിപ്പാട്, കാണിപ്പയ്യൂർ, ***ആര്യൻമാരുടെ കുടിയേറ്റം കേരളത്തിൽ Vol. 3,*** കുന്നംകുളം.

39. ശാമുവേൽ, റവ. ഡോ. വി. സി., ***സഭ വളരുന്നു***, കോട്ടയം, 1984

40. സ്കറിയ സക്കറിയ, ***ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകൾ***, ഇടമറ്റം, 1994.

41. റപ്പായി, കോർഎപ്പിസ്കോപ്പാ വി. റ്റി., ***വി. കുർബാനാ മിത്രം***, തൃശൂർ, 1990.

# Glossary

**നി**രവധി പ്രാചീന പദങ്ങളും അന്യഭാഷാപദങ്ങളും നിരണം ഗ്രന്ഥവരിയിൽ കാണുന്നുണ്ട്. അവയിൽ ചുരുക്കം ചിലവ മാത്രമാണ് ഈ ഗ്ലോസറിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അത്തരം പദങ്ങളുടെ തന്നെ എല്ലാ അർത്ഥങ്ങളും കാണിച്ചിട്ടില്ല. പൊതുവെ പറഞ്ഞാൽ, സാധാരണ നിഘണ്ടുക്കളിൽ കാണാത്തതും നിരണം ഗ്രന്ഥവരിയിൽ കാണുന്നതുമായ ചില പദങ്ങളും അവയുടെ പ്രയോഗാർത്ഥങ്ങളും മാത്രമേ ഈ ഗ്ലോസറിയിലുള്ളു.

| | | |
|---|---|---|
| **അർക്കദുയാക്കോൻ** *(ഗ്രീക്ക്)* | - | ആർച്ച് ഡീക്കൺ |
| **അപ്പസ്തോപ്പാ** *(സുറി.)* | - | ബിഷപ്പ് |
| **അനന്തിരസുഖം** | - | പിൻഗാമിത്വം |
| **അവരാധിക്കുക** | - | വ്യഭിചരിക്കുക |
| **അരളിക്ക** | - | തിരുശേഷിപ്പു പേടകം |
| **ആയിസ്തപ്പെടുക** | - | സഹകരിക്കുക, സംബന്ധിക്കുക |
| **ഇംഗ്രേസ്** | - | ഇംഗ്ലീഷ് |
| **ഇളമീന്ന്** | - | സഹായകൻ, പിൻഗാമി |
| **ഊലാല** *(സുറി.)* | - | സങ്കീർത്തനം |
| **എലവിയർ** | - | ലേവ്യർ |
| **ഏവൻഗെലിത്ത** *(സുറി.)* | - | സുവിശേഷകൻ |
| **ഏവൻഗെലിയോൻ** *(സുറി.)* | - | സുവിശേഷം |
| **എപ്പിസ്ക്കോപ്പ** (സുറി.) | - | ബിഷപ്പ് |
| **എടത്തിലെ മര്യാദ** | - | നാട്ടുനടപ്പ് |
| **എടത്തുട്** | - | വേദ വിപരീതം |
| **എഴുത്തിട്ട് കൊടുക്കുക** | - | ഒപ്പിടുക |
| **ഏകോൽഭവിച്ചു** | - | ഐക്യപ്പെട്ടു |
| **ഐമോസ്യം** | - | ഐക്യം |
| **ഒപി** | - | സ്നേഹം |
| **ഒപ്പാരി** | - | സദൃശ്യ വാക്യങ്ങൾ |
| **ഓസ്തി** (ലത്തീൻ) | - | പത്തീറ |
| **കത്തനാർ** | - | നാട്ടുകാരനായ ക്രിസ്ത്യൻ പുരോഹിതൻ |
| **കശ്ശീശ** | - | Priest |
| **കത്തങ്ങളുടെ** | - | കത്തനാർമാരുടെ |
| **കടുദാസു** | - | കടലാസ്, എഴുത്ത് |
| **കരിന്തല** | - | തലമുറ |
| **കഹനെ** *(സുറി.)* | - | വൈദികൻ |

www.malankaralibrary.com

**കുറി** - ലേഖനം
**കാരകാശ്ശിതമായ** - കടുത്ത
**കല്യൻ** - കലി പണം
**കയ്യാളിച്ചു** - തോന്ന്യാസമായിട്ട്
**കന്നിപ്പട്ടം** - ശെമ്മാശ് സ്ഥാനം
**കാറുകൊടൻ** - ദുഷ്ടൻ
**കാവ്യർ** - പുറജാതിക്കാർ
**കാപ്പ** *(സുറി.)* - വൈദികരുടെ നീണ്ട പുറം കുപ്പായം
**കാനോനാ** *(ഗ്രീക്ക്)* - നിയമം
**കാസോലിക്കാ (കാതോലിക്ക)***(ഗ്രീക്ക്)*- പ്രധാന മേലദ്ധ്യക്ഷൻ (റോമാ സാമ്രാജ്യത്തിനു വെളിയിൽ)
**കാതോലിക്കാപ്പള്ളി** - സാർവത്രിക സഭ
**കാതൽസുഖം** - കാതൽത്വം
**കുറുവാന(കുർബാന)** *(സുറി.)* - വിശുദ്ധ ബലി
**കുറുവാനപ്പട്ടം** - കശ്ശീശ സ്ഥാനം
**കുമ്പഞ്ഞി** - കമ്പനി
**കൂടിവിചാരം** - കൂടിയാലോചന
**കെവുസാ** *(സുറി.)* - സാക്ഷി പെട്ടകം
**കെപ്പാലെഓൻ** *(സുറി.)* - അദ്ധ്യായം
**കൈവപ്പുകാർ** - പട്ടക്കാർ
**കൊറപ്പിസ്ക്കോപ്പ** - Arch Priest
**ചിറ്റാൺമക്കാർ** - സേവകർ
**ചിറ്റിനം** - വ്യഭിചാരം
**ചിലവാർപ്പ്** - ചിലവഴിക്കൽ
**ചെമാശ്** (ശെമ്മാശ്) *(സുറി.)* - ഡീക്കൺ
**തക്സ** *(സുറി.)* - ക്രമം
**തണ്യ** - മോശം
**തീട്ടൂരം** - രാജ കല്പന
**ദർശനം** - Order
**ദെയ്‌വസുഖം** - ദൈവത്വം
**ദേവസയുടെ പൈശന്ന്യം** - പിശാചിന്റെ അസൂയ
**ദേവതപിടിത്തം** - മന്ത്രവാദം
**നിവ്യാ** *(സുറി.)* - ദീർഘദർശി
**നിവ്യൂസ** *(സുറി.)* - പ്രവചനം
**നീട്ട്** - കല്പന
**നെറിവുകാരൻ** - നീതിമാൻ



**നെറ്റിയായിട്ടു** - നിത്യനിദാനമായിട്ടു
**പകച്ചു** - തെറ്റി
**പട്ടാങ്ങ** - സത്യം
**പട്ടസുഖം** - പട്ടത്വം
**പട്ടംകെട്ടുക** - സ്ഥാനദാനം
**പറങ്കി** (അറബി) - പോർട്ടുഗീസുകാർ
**പള്ളിത്തലെക്കാർ** - കൈക്കാരന്മാർ
**പത്തീറാ** *(സുറി.)* - പുളിപ്പില്ലാത്ത അപ്പം
**പടാർത്ഥ** - പ്രസംഗം
**പറ്റിൽ** - കൈയ്യിൽ
**പറ്റുശിട്ട്** - രസീത്
**പടിയോല** - Minutes, യോഗനിശ്ചയം
**പത്തിനാ** - നഗരം
**പാതിരി** - നാട്ടുകാരനല്ലാത്ത ക്രിസ്ത്യൻ പുരോഹിതൻ
**പാത്രിയർക്ക(ക്കീസ്)** *(ഗ്രീക്ക്)* - പ്രധാന മേലദ്ധ്യക്ഷൻ (റോമാ സാമ്രാജ്യത്തിനുള്ളിൽ)
**പിസാ** - പെസഹാ(Passover)
**പ്രപ്പു** - പിറവി
**പ്രാങ്കായെർ** - പറങ്കികൾ
**പ്രമാണത്താലെ** - കല്പനയാലെ
**ബാബാ (ബാവാ)** *(സുറി.)* - പിതാവ്
**മദുബഹാ** *(സുറി.)* - ശുദ്ധസ്ഥലം
**മൽപാൻ** *(സുറി.)* - ഗുരു
**മഗൂദശെ** *(സുറി.)* - മൃഗ്ശേന്മാർ - പേഷ്യൻ ജ്ഞാനികൾ
**മഫ്രിയാന** *(സുറി.)* - കാതോലിക്കായ്ക്കു സമാനമായി അന്ത്യോക്യൻ സഭയിലെ സ്ഥാനി
**മഹറൊൻ** *(സുറി.)* - മുടക്ക്
**മാവുന്ദാ** *(സുറി.)* - മാംദാനാ - സ്നാപകൻ
**മാമോദിസാ** *(സുറി.)* - ജ്ഞാനസ്നാനം
**മാനുഷസുഖം** - മനുഷത്വം
**മെത്രാപോലിത്താ** *(സുറി.)* - ആർച്ച് ബിഷപ്പ്
**മുഷ്ക്കരത്വം** - അധികാരം
**മുദ്രീയ** - അടയാളം
**മുളകുമടിശ്ശീല** - ഖജനാവ്

www.malankaralibrary.com

 നിരണം ഗ്രന്ഥവരി

| | | |
|---|---|---|
| **മൂന്നസുഖം** | - | ത്രിത്വം |
| **മുക്കാൽവട്ടം** | - | ക്ഷേത്രം |
| **മൂറോൻ** *(സുറി.)* | - | വിശുദ്ധ തൈലം |
| **മെസ്രേൻ** | - | ഈജിപ്ത് |
| **മെമ്രാ** *(സുറി.)* | - | പാട്ട് |
| **മേല്പട്ടസുഖം** | - | മെത്രാൻ സ്ഥാനം |
| **യവനായ** | - | ഗ്രീക്ക് |
| **യാവന** | - | ഭക്ഷണം |
| **യാഭരിച്ചു** | - | പ്രവർത്തിച്ചു |
| **യോഗം** | - | സഭ |
| **രാജികം** | - | രാജത്വം |
| **ലുത്തിനിയാ** | - | Litany, ഒരു പ്രാർത്ഥന |
| **വന്മുട്ടുകൾ** | - | വലിയ അടിയന്തിരങ്ങൾ |
| **വറുഗീദ്** | - | പരിശ്ച്ഛേദന |
| **വഴിപാട്** | - | വംശം |
| **വഴിക്കാല** | - | മരണസമയത്തെ പ്രാർത്ഥന |
| **വിവദിക്ക** | - | തർക്കിക്കുക |
| **വിപദു** | - | തർക്കം |
| **വിചാരിച്ച്** | - | ഭരിച്ച് |
| **വെള്ളംകുടി** | - | പ്രാതൽ |
| **ശ്ലീവാ (ശ്ലീബ.)** *(സുറി.)* | - | കുരിശ് |
| **ശ്ലീഹാ** *(സുറി.)* | - | അപ്പോസ്തോലൻ |
| **സന്തു** | - | അവയവം |
| **സാധനം** | - | കല്പന |
| **സിമനാരി** *(സുറി.)* | - | വൈദിക വിദ്യാലയം |
| **സുന്നെദോസ്** *(ഗ്രീക്ക്)* | - | മത നേതാക്കളുടെ സംഘം |
| **സുല്ലൂർത്തം** | - | വ്യഭിചാരം |
| **സുരാലിപ്പ്** | - | ചിത്രപ്പണി |
| **സൈത്ത്** *(സുറി.)* | - | ഒലിവെണ്ണ |
| **സെപ്രാ** *(സുറി.)* | - | പുസ്തകം |
| **സൗത്താത്തിക്കോൻ (സ്ഥാത്തിക്കോൻ)** *(സുറി.)* | - | അധികാരപത്രം |
| **ഹയ്ക്കല** *(സുറി.)* | - | ദേവാലയം |
| **ഹമ്മീറാ** *(സുറി.)* | - | പുളിപ്പുള്ള അപ്പം |
| **റമ്പസുഖം** | - | റമ്പാൻ (സന്യാസ) സ്ഥാനം |
| **റംപാശ്ചൻ** | - | റമ്പാൻ |
| **റൂഹാദകുദശാ** *(സുറി.)* | - | പരിശുദ്ധാത്മാവ് |

www.malankaralibrary.com